വള്ളത്തോളിന്റെ പദ്യകൃതികൾ

SAHITYA PRAVARTHAKA C.S. LTD.
KOTTAYAM

Digitized By Kerala Sahitya Akademi

വള്ളത്തോളിന്റെ പദ്യകൃതികൾ

Digitized By Kerala Sahitya Akademi

(Malayalam)

VALLATHOLINTE PADYAKRITHIKAL—Vol. I

By VALLATHOL NARAYANA MENON

First Published June 1975

PRINTED AT INDIA PRESS, KOTTAYAM

Price Rs. 37·50

Rights Reserved

Publishers:

Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department:

NATIONAL BOOK STALL

KOTTAYAM - TRIVANDRUM - ERNAKULAM - CANNANORE
TRICHUR - PALGHAT - QUILON - KOZHIKODE - ALLEPPEY

Digitized By Kerala Sahitya Akademi

വള്ളത്തോളിന്റെ പദ്യകൃതികൾ

(ഭാഗം ഒന്ന്)

വള്ളത്തോൾ നാരായണമേനോൻ

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം
വില ക. 37.50

Digitized By Kerala Sahitya Akademi

S3096 B2019 140/74_75 1-5500 MF 16

Digitized By Kerala Sahitya Akademi

വള്ളത്തോളിന്റെ കൃതികൾ

വ്യാസാവതാരം മണിപ്രവാളം	1066—1067
കിരാതശതകം	1066—1067
സല്ലാപപുരം (കൂട്ടുകൃതി)	1066—1067
ത്രിയാമാ (സംസ്കൃതം)	1069—1072
പൊംഷ്യാവിവാഹം	1069—1072
കീചകവധം	1070—1071
ശിശുപാലവധം	1072
ഋതുവിലാസം	1075
ആരോഗ്യചിന്താമണി	1076
പഞ്ചതന്ത്രം (കൂട്ടുകൃതി)	1076
ഗർഭരക്ഷാക്രമം	1077
വൈദ്യഭൂഷണം	1078
ചന്ദ്രികാസ്വയംവരം	1078
ഭാരതമഞ്ജരി (വിവർത്തനം-കൂട്ടുസംരംഭം)	1079
നേത്രാമൃതം	1079
കാശിമാഹാത്മ്യം കിളിപ്പാട്ട്	1079
ഒരു രാക്ഷസകൃത്യം	1079
അർജ്ജുനവിജയം (സംസ്കൃതനാടകം)	1080
വാല്മീകിരാമായണം (വിവർത്തനം)	1080—1082
ഉന്മത്തരാഘവം	1080
ഭഗവത്സ്തോത്രമാല	1080—1090
തപതീസംവരണം	1081
മാതംഗലീല (വിവർത്തനം)	1084
ബധിരവിലാപം	1085
ദണ്ഡകാരണ്യം	1085
ചിത്രയോഗം മഹാകാവ്യം	1086—1089
ഗണപതി	1088
വിലാസലതിക	1088
അനിരുദ്ധൻ	1089
ഒരു കത്ത്	1089
മാർക്കണ്ഡേയപുരാണം (വിവർത്തനം)	1090—1092
പത്മപുരാണം ,,	1090—1092
വാമനപുരാണം ,,	1090—1092
മത്സ്യപുരാണം ,,	1090—1092
സാഹിത്യമഞ്ജരി (ഒന്നാംഭാഗം)	1092
ശിഷ്യനും മകനും	1093
ഊരുഭംഗം (വിവർത്തനം)	1094
സാഹിത്യമഞ്ജരി (രണ്ടാംഭാഗം)	1094
ഔഷധാഹരണം ആട്ടക്കഥ	1094
മധ്യമവ്യായോഗം (വിവർത്തനം)	1095
അഭിഷേകനാടകം (വിവർത്തനം)	1095
ഭദ്രാവതാരം പാന ,,	1095
മഗ്ദലനമറിയം	1096
സാഹിത്യമഞ്ജരി (മൂന്നാംഭാഗം)	1097
പഞ്ചരാത്രം നാടകം (വിവർത്തനം)	1098

Digitized By Kerala Sahitya Akademi

പുരാണകാവ്യമഞ്ജരി (ഒന്നാംഭാഗം—വിവർത്തനം)	1099
സാഹിത്യമഞ്ജരി (നാലാംഭാഗം)	1099
സ്വപ്നവാസവദത്തം (വിവർത്തനം)	1100
സാഹിത്യമഞ്ജരി (അഞ്ചാംഭാഗം)	1100
പുരാണകാവ്യമഞ്ജരി (രണ്ടാംഭാഗം)	1101
പുരാണകാവ്യമഞ്ജരി (ആറാംഭാഗം)	1102
കൊച്ചുസീത	1102
ഗ്രന്ഥവിചാരം	1103
സാഹിത്യമഞ്ജരി (ഏഴാംഭാഗം)	1105
കാവ്യാമൃതം	1106
കൈരളീകങ്കണം	1106
ശരണമയ്യപ്പാ!	1108
അച്ഛനും മകളും	1111
അഭിജ്ഞാനശാകുന്തളം (വിവർത്തനം)	1112
ഇന്ത്യയുടെ കരച്ചിൽ	1119
വിഷുക്കണി	1119
സ്ത്രീ	1119
ദിവാസ്വപ്നം	1120
വീരശൃംഖല	1120
എന്റെ ഗുരുനാഥൻ	1120
പരലോകം	1120
കപടകേളി (വിവർത്തനം)	1120
കർപ്പൂരചരിതം (വിവർത്തനം)	1121
രുഗ്മിണീഹരണം (വിവർത്തനം)	1123
ത്രിപുരദഹനം (വിവർത്തനം)	1123
രണ്ടു താരങ്ങൾ	1123
കോമളശിശുക്കൾ	1124
പത്മദളം (വിവർത്തനം)	1124
ഓണപ്പുടവ	1125
ബാപ്പുജി	1126
റഷ്യയിൽ	1126
സാഹിത്യമഞ്ജരി (എട്ടാംഭാഗം)	1126
ബോധിസത്വാപദാനകല്പലത (വിവർത്തനം)	1126—1130
ഗ്രാമസൗഭാഗ്യം	1127
ഋഗ്വേദസംഹിത	1130—1133
അഭിവാദ്യം	1131
അല്ലാഹ്	1133
വള്ളത്തോൾ സുധ	1137
നാഗില	1137
പ്രസംഗവേദിയിൽ	1139
സാഹിത്യമഞ്ജരി (ഒൻപതാംഭാഗം)	1134
സാഹിത്യമഞ്ജരി (പത്താംഭാഗം)	1139
സാഹിത്യമഞ്ജരി (പതിനൊന്നാംഭാഗം)	1145

(എഴുതിയതോ പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടതോ ഗ്രന്ഥരൂപത്തിൽ ഇറങ്ങിയതോ ആയ കാലമാണു കൊടുത്തിട്ടുള്ളതു്.)

Digitized By Kerala Sahitya Akademi

വള്ളത്തോൾ പഠനം: സഹായകഗ്രന്ഥങ്ങൾ

(സാഹിത്യചരിത്രങ്ങൾക്ക പുറമേ—ലിസ്റ്റ് അപൂർണ്ണം)

അന്തരീക്ഷം —മുണ്ടശ്ശേരി
ആശാൻ, ഉള്ളൂർ, വള്ളത്തോൾ —പട്ടം ജി. രാമചന്ദ്രൻനായർ
ഇങ്ങനിന്നങ്ങോളം —കുട്ടികൃഷ്ണമാരാര്
ഇരുങ്ങൾക്കപ്പുറം —എസ്. ഗുപ്തൻനായർ
ഉതിർമണികൾ —കെ. കെ. രാജാ
കാവ്യാസ്വാദനം —ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ
കാറ്റും വെളിച്ചവും —എം. കെ. സാനു
ത്രിവേണി —കെ. വാസുദേവൻ മൂസ്സത്
ധന്യവാദം —ഡോ. കെ. ഭാസ്കരൻനായർ
നിരൂപണങ്ങൾ —കുമാരനാശാൻ
നിരൂപണസാഹിത്യം —സി. കെ. മററം
പതിനഞ്ചുപന്യാസം —കുട്ടികൃഷ്ണമാരാര്
മഗ്ദലനമറിയവും വള്ളത്തോൾക്കവിതയും —ജോർജ്ജ് ഇരുമ്പയം
മനുഷ്യകഥാനുഗായികൾ —മുണ്ടശ്ശേരി
മഹാകവി വള്ളത്തോൾ —കുററിപ്പുറത്തു കിട്ടുണ്ണിനായർ
മഹാകവി വള്ളത്തോൾ —ജഗതി വേലായുധൻനായർ
മഹാകവി വള്ളത്തോളും
അഭിജ്ഞാനശാകുന്തളവും—ചങ്ങരംകുമരത്തു് ശങ്കരൻ
മാതൃഭൂമി വള്ളത്തോൾ പതിപ്പ് (1958)
മാറ്റൊലി —മുണ്ടശ്ശേരി
വള്ളത്തോൾ —മാടശ്ശേരി മാധവവാരിയർ
വള്ളത്തോൾ —വി. ഉണ്ണിക്കൃഷ്ണൻനായർ
വള്ളത്തോൾ കവിത —കവിതാസമിതി
വള്ളത്തോൾ കവിത—ഒരു പഠനം —മുണ്ടശ്ശേരി
വള്ളത്തോൾ ഗ്രന്ഥവിഹാരനിരൂപണം —ഡി. പി. ഉണ്ണി
വള്ളത്തോൾ നാരായണമേനോൻ —നാലപ്പാട്ട നാരായണമേനോൻ
വള്ളത്തോൾ സപ്തതി —ജനതാ പ്രസ്സ്, മദ്രാസ്
വള്ളത്തോൾ സപ്തതി സ്മാരകോപഹാരം
—വള്ളത്തോൾ ഗ്രന്ഥാലയം
വള്ളത്തോൾ സാഹിത്യം —ചങ്ങരംകുമരത്തു് ശങ്കരൻ
വള്ളത്തോൾ സ്മാരകോപഹാരങ്ങൾ —വള്ളത്തോൾ ഗ്രന്ഥാലയം
സാഹിത്യാസ്വാദനം —കെ. എസ്. എഴുത്തച്ഛൻ
കവിത —സി. ജെ. സ്മാരകപ്രസംഗങ്ങൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

പ്രസാധകക്കുറിപ്പ്

മഹാകവി വള്ളത്തോളിന്റെ ജന്മശതാബ്ദി 1978–ൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കുവാനുള്ള സന്നാഹങ്ങൾ നടന്നുവരികയാണ്. അതിന്റെ ഭാഗമായാണ് സാഹിത്യപ്രവർത്തക സഹകരണസംഘം ഇപ്പോൾ മഹാകവിയുടെ പദ്യകൃതികൾ പൂർണ്ണമായി സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുന്നത്.

ഇതിന്റെ ഒന്നാംഭാഗത്തിൽ ചിത്രയോഗം മഹാകാവ്യവും ഭഗവൽസ്തോത്രമാലയും എല്ലാ ഖണ്ഡകാവ്യങ്ങളും, രണ്ടാംഭാഗത്തിൽ സാഹിത്യമഞ്ജരി പതിനൊന്നു ഭാഗങ്ങളിലേയും മററു സമാഹാരങ്ങളിലേയും കവിതകളും ഉൾപ്പെടുത്തിയിരിക്കുന്നു. പാഠപുസ്തകങ്ങൾക്കുവേണ്ടി ഇതരസമാഹാരങ്ങളിൽനിന്നു സമാഹരിച്ച് പ്രത്യേകമായി പ്രസിദ്ധപ്പെടുത്തിയ കൃതികൾ ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല. അതിലെ കവിതകൾ ഇതിൽ ചേർത്തിട്ടുള്ള മററു കൃതികളിൽ ഉണ്ട്. തർജ്ജമകൾ ഒഴിവാക്കിയിരിക്കുകയാണ്. എങ്കിലും സൗകര്യത്തിനുവേണ്ടി ഗ്രാമസൗഭാഗ്യം മാത്രം ഒന്നാംഭാഗത്തിൽ ചേർത്തിട്ടുണ്ട്. പുസ്തകരൂപത്തിൽ വന്നിട്ടില്ലാത്ത ചില കവിതകളും ഇതിൽ കാണാം. അങ്ങിങ്ങു ചിതറിക്കിടക്കുന്ന ചില ഒററക്കവിതകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

സംഘത്തിന്റെ മറ്റു ബൃഹദ്ഗ്രന്ഥങ്ങളുടെ കാര്യത്തിലെന്നപോലെ ഇതിനും പ്രിപബ്ലിക്കേഷൻ സൗജന്യം ഏർപ്പെടുത്തിയിരുന്നു. അച്ചടിച്ചെലവു കണക്കിലെടുക്കുമ്പോൾ താരതമ്യേന കുറഞ്ഞവിലയാണ് ഇതിനു വച്ചിരിക്കുന്നത്. പുസ്തകപ്രേമികൾ അതേററവും പ്രയോജനപ്പെടുത്തിയെന്ന കാര്യവും സന്തോഷകരമാണ്.

Digitized By Kerala Sahitya Akademi

ഓരോ കൃതിയിലും അതതുകാലത്തു ചേർത്തിരുന്ന അവതാരിക, ആമുഖം, ടിപ്പണി എന്നിവയ്ക്കുപുറമേ മഹാകവിയുടെ കൃതികളുടെ പൂർണ്ണമായ പട്ടികയും, രചനാകാലവും പഠനാർഹമായ ജീവചരിത്രവും ഇതിൽ ചേർത്തിരിക്കുന്നു. ഇവയൊക്കെ വള്ളത്തോൾകൃതികളെപ്പറ്റി പഠിക്കാനാഗ്രഹിക്കുന്നവർക്ക് അത്യന്തം പ്രയോജനകരമായിരിക്കും.

കോട്ടയം
1975 ജൂൺ 15

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഉള്ളടക്കം

മഹാകവിയുടെ ജീവിതം	15
ഭഗവൽസ്തോത്രമാല	33
ഋതുവിലാസം	75
തപതീസംവരണം	91
ബധിരവിലാപം	103
ദണ്ഡകാരണ്യം	113
ഗണപതി	129
വിലാസലതിക	147
ബന്ധനസ്ഥനായ അനിരുദ്ധൻ	183
ഒരു കത്ത്	197
ശിഷ്യനും മകനും	205
ഔഷധാഹരണം	233
മഗ്ദലനമറിയം	249
കൊച്ചുസീത	275
ശരണമയ്യപ്പാ!	295
അച്ഛനും മകളും	309
ബാപ്പുജി	335
ചിത്രയോഗം	367
ഗ്രാമസൗഭാഗ്യം	631

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മഹാകവിയുടെ ജീവിതം

മലയാളകവിതയുടെ സുവർണ്ണയുഗമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഒരു കാലഘട്ടത്തിന്റെ വിധാതാക്കളിൽ അദ്വിതീയനായും, മഹാകവിത്രയത്തിലെ നടുനായകമായും നിത്യസ്മരണാർഹനായ വള്ളത്തോൾ നാരായണമേനോൻ ആധുനികകേരളത്തിന്റെ മുഖ്യശില്പികളിലൊരാളാണ്. ബഹുമുഖവും സംഭവബഹുലവുമാണ് അദ്ദേഹത്തിന്റെ ജീവിതം. ഇരുപതാംനൂററാണ്ടിന്റെ കേരളചരിത്രം വള്ളത്തോളിന്റെ ജീവിതവുമായി പല നിലകളിലും ബന്ധപ്പെട്ടിരിക്കുന്നു. ആജാനുബാഹുവായ ആ ദീർഘകായൻ കേരളത്തിന്റെ വീരപൗരുഷത്തെ മുഴുവൻ പ്രതിഫലിപ്പിക്കുകയും മലനാടിന്റെ അഭിമാനമൂർത്തിയായി വിരാജിക്കുകയും ചെയ്തു. മലയാളസാഹിത്യത്തിനും സംസ്കാരത്തിനും സാർവ്വദേശീയമായ അംഗീകാരവും ആദരവും നേടിത്തന്ന ആദ്യത്തെ മഹാകവിയും മററാരുമല്ല.

ജനനവും ബാല്യവും

തുഞ്ചത്തെഴുത്തച്ഛൻ, മേല്പത്തൂർ നാരായണഭട്ടതിരി തുടങ്ങിയ ഒട്ടനേകം മഹാപുരുഷന്മാർക്കു ജന്മംനൽകിയ വെട്ടത്തുനാട്ടിൽപ്പെട്ട (പഴയ മലബാർജില്ലയിലെ പൊന്നാനിത്താലൂക്കിൽ—ഇപ്പോഴത്തെ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ) ചേന്നരഅംശത്തിൽ വള്ളത്തോൾതറവാടിന്റെ ഒരു ശാഖയുണ്ട്. വെട്ടത്തു രാജാക്കന്മാരിൽ അവസാനത്തെ രാജാവിന്റെ മന്ത്രിയായിരുന്ന വള്ളത്തോൾ കോന്തിമേനോൻ കാര്യക്കാർ ആ കുടുംബത്തിലെ അംഗമായിരുന്നു. കൊണ്ടയൂർ വീടെന്നറിയപ്പെടുന്ന ആ വള്ളത്തോൾശാഖയിലെ കുട്ടിപ്പാറു എന്ന പാർവതിയമ്മയുടെയും, കടുങ്ങോട്ടു മല്ലിശ്ശേരി ദാമോദരനെളയതിന്റെയും പുത്രനായി 16–10–1878 (1054 തുലാം ഒന്നിനു്) മകയിരം നക്ഷത്രത്തിലാണ് നാരായണമേനോന്റെ ജനനം. സന്തതികളിൽ ഏററവും ഇളയ ആളായതുകൊണ്ടും, പതിനൊന്നു പ്രസവിച്ചുവെങ്കിലും മൂന്നുപേർ മാത്രമേ അവശേഷിച്ചുള്ളു എന്നതിനാലും നാരായണനോടു് അമ്മയ്ക്കുണ്ടായ പ്രത്യേക വാത്സല്യത്തിന്നതിരുണ്ടായിരുന്നില്ല. മററു രണ്ടു

Digitized By Kerala Sahitya Akademi

പേർ പെൺകുട്ടികളായിരുന്നതാനും. നാരായണനെ ബാധിച്ച ഗ്രഹണി അച്ഛനമ്മമാരുടെ പുത്രവാത്സല്യത്തെ കൂടുതൽ ശക്തമാക്കി.

വിദ്യാഭ്യാസം

കുട്ടൻ എന്ന ഓമനപ്പേരുചൊല്ലി വിളിക്കപ്പെട്ട നാരായണനെ അഞ്ചാം വയസ്സിൽ വാരിയംപറമ്പിൽ കുഞ്ഞൻനായർ എന്ന നാട്ടെഴുത്തച്ഛന്റെ അടുത്തു് എഴുത്തിനിരുത്തി. അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം മുതലായ അന്നത്തെ പ്രാഥമികവിദ്യാഭ്യാസ ഗ്രന്ഥങ്ങൾ അദ്ദേഹമാണു് പഠിപ്പിച്ചതു്.

ഋഷിതുല്യനായ ആചാര്യനും പ്രശസ്ത വൈദ്യനുമായ രാമുണ്ണിമേനോൻ എന്ന മാതുലനായിരുന്നു അടുത്ത ഗുരു. കാവ്യനാടകങ്ങൾ പഠിച്ചു സംസ്കൃതഗ്രന്ഥങ്ങൾ സ്വയം ഗ്രഹിക്കാനുള്ള കഴിവു് ആറേഴുവർഷംകൊണ്ടു നേടി. അതിനിടയ്ക്കുതന്നെ ശ്ലോകരചനയിൽ വാസനകാണിച്ചു. പന്ത്രണ്ടും പതിമൂന്നും വയസ്സു പ്രായമായപ്പോൾത്തന്നെ വ്യാസാവതാരം മണിപ്രവാളം, കിരാതശതകം മുതലായ ചില പദ്യകൃതികൾ രചിച്ചിരുന്നു. സംസ്കൃതത്തിലും മലയാളത്തിലും ഒട്ടേറെ ശ്ലോകങ്ങൾ ഇക്കാലത്തെഴുതുകയുണ്ടായി.

പതിനഞ്ചാംവയസ്സിൽ മാതുലന്റെ അടുത്തുതന്നെ വൈദ്യപഠനം ആരംഭിച്ചു. കുററിപ്പുറത്തു കേശവൻനായർ, കിട്ടുണ്ണിനായർ, വള്ളത്തോൾ ഗോപാലമേനോൻ എന്നിവരും അവിടെ പഠിക്കാൻ ചേർന്നിരുന്നു. കൂട്ടത്തിൽ പ്രായംകൊണ്ടും പഠിപ്പുകൊണ്ടും മുമ്പനായ നാരായണമേനോൻ മററുപലരേയും എന്നപോലെ ഇവരേയും സംസ്കൃതം പഠിപ്പിക്കുകയും ചെയ്തു. 'വള്ളത്തോൾ കമ്പനി'യെന്ന പേരിൽ പിന്നീടറിയപ്പെട്ട സാഹിത്യസഖ്യത്തിന്റെ ആരംഭവും ഈ സാഹചര്യത്തിന്റെ ഫലമാണു്. കൈക്കുളങ്ങര രാമവാര്യരുടെ അടുത്തും പാറക്കുളം സുബ്രഹ്മണ്യശാസ്ത്രിയുടെ അടുത്തും പിന്നീടു കുറച്ചുകാലം തർക്കശാസ്ത്രം പഠിക്കാനും നാരായണമേനോനു് ഭാഗ്യം സിദ്ധിച്ചു.

വിജ്ഞാനചിന്താമണിയെന്ന സംസ്കൃതപത്രത്തിലും കേരളസഞ്ചാരി, ഭാഷാപോഷിണി മുതലായ മലയാളപത്രമാസികകളിലും സംസ്കൃതത്തിലും മലയാളത്തിലും കവിതകൾ പ്രസിദ്ധീകരിക്കാൻ പഠിക്കുന്നകാലത്തുതന്നെ അദ്ദേഹത്തിനു സാധി

Digitized By Kerala Sahitya Akademi

ച്ചിരുന്നു. വി. കെ. നാരായണമേനോൻ തുടങ്ങിയ പല പേരു കളിലുമാണു് ആദ്യകാലത്തെഴുതിയതു്. പിൽക്കാലത്തു കലാ മണ്ഡലത്തിന്റെ സ്ഥാപകനെന്നനിലയിൽ കഥകളിക്കു വി ശപ്രസിദ്ധിനേടിക്കൊടുത്ത നാരായണമേനോന്നു് കഥകളി ക്കമ്പം പിടിപെട്ടതും അതേകാലത്തുതന്നെ. പിതാവായ ദാമോദരനെളയതു് കലാരസികനും കഥകളിവിദഗ്ദ്ധനുമായി രുന്നു. കഥകളി കാണുവാൻ ഏകപുത്രനേയും കൂട്ടിയാണത്രേ പിതാവു പോയിരുന്നതു്. കഥകളിമർമ്മങ്ങൾ വിവരിക്കുന്ന തിലും, സുഹൃത്തുക്കളുമായി വിമർശനംനടത്തുന്നതിലും തൽപര നായ എളയതു് പുത്രനു് കഥകളിയുടെ സൂക്ഷ്മരഹസ്യങ്ങൾ മന സ്സിലാക്കിക്കൊടുക്കുന്നതിൽ പ്രത്യേകിച്ചും ശ്രദ്ധിച്ചു. പിതാ വിൽനിന്നു കിട്ടിയ ശാശ്വതസമ്പാദ്യമാണു് കഥകളിഭ്രമമെ ന്നു വള്ളത്തോൾതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. 1894–ൽ കോഴിക്കോട്ടു നടന്ന ഭാഷാപോഷിണി സഭ സംഘടിപ്പിച്ച കവിതാമത്സരത്തിൽ വള്ളത്തോളിനായിരുന്നു ഒന്നാം സമ്മാ നം. അതോടെ വൻകിടക്കാരായ കവികളുടെ പരിചയം നേടാൻ സാധിച്ചു.

പുതിയ സൗഹൃദം

കവിയും കലാമർമ്മജ്ഞനുമായ കറുത്തപാറ ദാമോദരൻ നമ്പൂതിരിയുടേയും, നമ്പൂതിരിവഴി വെള്ളാനശ്ശേരി വാസുണ്ണി മൂസ്സിന്റേയും സൗഹൃദം നേടാനും അക്കാലത്തു സൗകര്യം ലഭി ച്ചു. നാടകാഭിനയത്തിലും, കവിതാനിർമ്മാണത്തിലും അവ രോടൊപ്പം പങ്കുചേരുന്നതിനുണ്ടായ ഭാഗ്യം അഭിനയകല യിലും കവിതാരചനയിലും കൂടുതൽ നൈപുണ്യംനേടാൻ വഴിതെളിച്ചു. സല്ലാപപുരം എന്ന പേരിൽ മലയാളത്തിലും ത്രിയാമ എന്ന പേരിൽ സംസ്കൃതത്തിലും വാസുണ്ണിമൂസ്സുമായി ചേർന്നു്, കൂട്ടുകവിതകൾ (1070—1071) രചിച്ചിട്ടുണ്ടു്. പിതൃ സുഹൃത്തും പണ്ഡിതരാജനുമായ പുന്നശ്ശേരി നീലകണ്ഠശർമ്മയു മായുള്ള പരിചയം സംസ്കൃതത്തിൽ അഗാധവിസ്തൃതമായ പാണ്ഡിത്യമാർജ്ജിക്കാൻ ഒരാവേശമുണ്ടാക്കി. മാങ്കാവിൽ വിദ്വാൻ ഏട്ടൻതമ്പുരാന്റെ കോവിലകത്തു നടന്ന വിദ്വൽ സമാജങ്ങളിൽ പങ്കെടുത്ത വള്ളത്തോളിനു് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തുടങ്ങിയ മഹാകവികളുമായും പരി ചയമാർജ്ജിക്കാൻ സൗകര്യംകിട്ടി. പതിനെട്ടു വയസ്സാകുന്ന

Digitized By Kerala Sahitya Akademi

തിനു മുൻപുതന്നെ വള്ളത്തോറം പണ്ഡിതപ്രകാണ്ഡങ്ങളുടെയും മഹാകവികളുടെയും ശ്രദ്ധയാകർഷിച്ചുകഴിഞ്ഞിരുന്നു. ഷെക്സ്പിയറുടെ മർച്ചൻറ് ഓഫ് വെനീസിനെ ആസ്പദമാക്കിയുള്ള പോഷ്യാവിവാഹം എന്ന നാടകവും, അർജ്ജുനവിജയം എന്ന മറെറാരു നാടകവും തപതീസംവരണം എന്ന സംസ്കൃതകാവ്യവും (അപൂർണ്ണം), കീചകവധം കൈകൊട്ടിക്കളിപ്പാട്ടു മൊക്കെ ഏതാണ്ടക്കാലത്തെ രചനകളാണ്. ഇവ പുസ്തകരൂപത്തിലിറങ്ങിയതായറിവില്ല. സംസ്കൃതകവിതാരചനയിൽ നിന്നു മലയാളകവിതാരചനയിലേക്കും, ശബ്ദാഡംബരത്തിൽ നിന്നു് ശബ്ദാർത്ഥസൗകുമാര്യപ്പൊരുത്തമുള്ള ശൈലിയിലേക്കും വള്ളത്തോറംപ്രതിഭ ചുവടുമാറിക്കൊണ്ടിരുന്നതിൻെറ ലക്ഷണങ്ങറം അന്നേ ദൃശ്യമായിരുന്നു.

സമൂഹബന്ധം

പതിനെട്ടാംവയസ്സിൽ (1072) വള്ളത്തോളിൻെറ മാതാവു് അന്തരിച്ചു. മാതൃവിയോഗത്തെ അടിസ്ഥാനമാക്കി സംസ്കൃതത്തിൽ ഏതാനും ശ്ലോകങ്ങറം വിജ്ഞാനചിന്താമണിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. മാതൃവിയോഗത്തോടെ സ്വാശ്രയജീവിതത്തിനുത്സാഹിച്ച വള്ളത്തോറം വൈദ്യവൃത്തി കുറച്ചൊക്കെ സ്വീകരിച്ചിരുന്നു. അതോടെ താല്പര്യങ്ങറം പലതായി. സമൂഹജീവിതവുമായി ബന്ധപ്പെട്ടു. ലോകത്തിൻെറ പല ഭാഗങ്ങളിലും ഇന്ത്യയിലും ഉയർന്നു വളർന്നുകൊണ്ടിരുന്ന പല പ്രസ്ഥാനങ്ങളുടെയും അലകറം അദ്ദേഹത്തിൻെറ ചെവിയിലുമെത്തിച്ചേർന്നു. മാതൃഭാഷാസ്നേഹവും, സമുദായോദ്ധാരണതൃഷ്ണയും, സാമൂഹ്യപരിഷ്കാരതപരയും വളർത്തിയെടുക്കാനുള്ള ആഗ്രഹത്തോടെ പിതാവിൻെറ സഹായസഹകരണങ്ങളോടുകൂടിത്തന്നെ സ്വന്തം ഗ്രാമത്തിൽ പരിഷ്കാരാഭിവർദ്ധിനിസഭ ഉണ്ടാക്കിയതു് ചിന്താർഹമാണു്. സമസ്യാപൂരണം, ശ്ലോകവിവർത്തനം, പ്രസംഗപരിശീലനം തുടങ്ങിയ പലതും നടത്തുന്നതിനു് ഒരു വേദിയായി ആരംഭിച്ച പ്രസ്തുത സഭ സമകാലികസാമൂഹ്യസാഹിത്യപ്രശ്നങ്ങളെക്കുറിച്ചുള്ള ഒരു ചർച്ചാവേദികൂടിയായിരുന്നു. ഇന്ത്യൻദേശീയപ്രസ്ഥാനത്തിൻെറ ചൈതന്യം തൻെറ നാട്ടിലേക്കും കവിതയിലേക്കും ആവാഹിച്ചെടുക്കാനുള്ള ഒരു സംരംഭംകൂടിയായിരുന്നില്ലേ പ്രസ്തുത സഭയെന്നു വള്ളത്തോറം അന്നെഴുതിവായിച്ച പല ശ്ലോകങ്ങളും വായിക്കു

Digitized By Kerala Sahitya Akademi

മ്പോൾ സംശയിച്ചുപോകാം. ഏതായാലും വള്ളത്തോളിന്റെ പുരോഗമനപരവും സാമൂഹ്യപരിഷ്കരണാത്മകവും ദേശീയ ബോധോത്തേജകവുമായ പിൽക്കാലകവിതകളിലേക്കുള്ള ഒരു ചുവടുമാററമായി ആ സന്ദർഭത്തെ പരിഗണിക്കുന്നതിൽ തെററില്ല.

വള്ളത്തോളിന്റെ സുകീർത്തിതമായ ശൈലി ഏതാണ്ടുറച്ചുകഴിഞ്ഞുവെന്നു വിളിച്ചറിയിക്കുന്ന ഒരു കൃതിയും അക്കാലത്തു പ്രകാശിതമായി. ഋതുവിലാസം (1075). 'കവനോദയ'ത്തിലാണു് അതു് പ്രസിദ്ധീകരിക്കപ്പെട്ടതു്. അടുത്ത വർഷം കൈക്കുളങ്ങര രാമവാരിയരുടെ ആരോഗ്യകല്പദ്രുമത്തെ മാതൃകയാക്കി ആരോഗ്യചിന്താമണി എന്ന വൈദ്യഗ്രന്ഥം പ്രസിദ്ധീകരിച്ചു. മൂവായിരത്തോളം ശ്ലോകങ്ങളുള്ള ആ കൃതിയും കവിതാരചനയിൽ കൈത്തഴക്കം നേടാൻ സഹായിച്ചു. (വൈദ്യജീവനം എന്ന മററൊരു വൈദ്യഗ്രന്ഥം വിവർത്തനംചെയ്തിട്ടുമുണ്ടു്.) പരിഷ്കാരാഭിവർദ്ധിനീസഭയ്ക്കുവേണ്ടി പഞ്ചതന്ത്രം ഒന്നാം തന്ത്രം വിവർത്തനംചെയ്തതും ആ വർഷത്തിലാണു്. മററു തന്ത്രങ്ങൾ വള്ളത്തോൾകമ്പനിയിലെ ഇതര കവികളും വിവർത്തനംചെയ്തു.

വിവാഹം

ഒരമ്മാമന്റെ മകളായ ചിററഴി മാധവിയമ്മയെ വിവാഹംകഴിക്കണമെന്നായിരുന്നു വള്ളത്തോളിന്റെ ആഗ്രഹം. അതിനു് ഒട്ടൊക്കെ പ്രതിബന്ധങ്ങളുണ്ടായെങ്കിലും 1077 വൃശ്ചികം 14-ാംതീയതി ആ വിവാഹം നടന്നു. (അതിൽ അഞ്ചു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടു്.) അടുത്ത വർഷം അച്ഛനുമൊത്തു രാമേശ്വരത്തു തീർത്ഥാടനത്തിനു പോയി. കണ്ടത്തിൽ വർഗ്ഗീസുമാപ്പിളയുമായും ഭാഷാപോഷിണിസഭയുമായും ബന്ധം സ്ഥാപിച്ചതും ഈ സമയത്താണു്. വള്ളത്തോളിന്റെ കാവ്യജീവിതത്തിൽ മററൊരു ഘട്ടത്തെയാണു് അതു കുറിക്കുന്നതു്. ഭാര്യ ആദ്യത്തെ ഗർഭംധരിച്ചപ്പോൾ എഴുതിയ ഗർഭരക്ഷാക്രമം, വൈദ്യഭൂഷണം തുടങ്ങിയ വൈദ്യഗ്രന്ഥങ്ങളും ചന്ദ്രികാസ്വയംവരം എന്നൊരു കൈകൊട്ടിക്കളിപ്പാട്ടുമാണു് ആ വർഷത്തിലെ സാഹിത്യസംഭാവനകൾ. തലശ്ശേരിയിൽവച്ചു നടന്ന ഭാഷാപോഷിണിസഭയിൽ സന്നിഹിതനായി 'നമ്മുടെ ഭാഷ'യെക്കുറിച്ചൊരു പ്രഭാഷണംചെയ്തതും ആ വർഷംതന്നെ.

Digitized By Kerala Sahitya Akademi

അച്ഛനും ഗുരുവായ അമ്മാമനും അടുത്തവർഷം മരണമടഞ്ഞു. നേത്രാമൃതം എന്നൊരു ചികിത്സാഗ്രന്ഥവും, കാശിമാഹാത്മ്യം കിളിപ്പാട്ടും, കൂടാതെ പലതുംകൂടി വിവർത്തനം ചെയ്ത ഭാരതമഞ്ജരിയിലെ അവസാനത്തെ 709 ശ്ലോകങ്ങളുടെ വിവർത്തനവും മാത്രമാണ് ആ വർഷത്തിലെ എടുത്തുപറയാവുന്ന സാഹിത്യയത്നം. സ്വന്തം കുടുംബത്തിന്റെ സംരക്ഷണത്തിനു സ്വതന്ത്രമായൊരു ജീവിതം ആരംഭിക്കുക എന്ന പ്രശ്നം വള്ളത്തോളിനെ നേരിട്ടു. തൃശ്ശൂരിലാരംഭിച്ചിരുന്ന കേരളകല്പദ്രുമം പ്രസ്സിന്റെ മാനേജരായി 1080 ചിങ്ങത്തിൽ വള്ളത്തോളിനെ നിയമിച്ചു. അതോടെ താമസം തൃശ്ശൂരിലായി. വിപുലമായ സാഹചര്യസൗകര്യങ്ങളും പ്രോത്സാഹകമായ അന്തരീക്ഷവും അതോടെ കൈവന്നു. വള്ളത്തോൾകവിതയുടെ വഴിത്തിരിവു കുറിച്ച ഒരു സംഭവമായി 'കല്പദ്രുമ'ജോലിയെ കണക്കാക്കണം. വാല്മീകിരാമായണം വിവർത്തനംചെയ്ത് 1082 മകരത്തോടുകൂടി പൂർത്തിയാക്കി. അതിനിടയിൽ ഉത്തരാഘവവിവർത്തനവും തപതീസംവരണം വഞ്ചിപ്പാട്ടും പുറത്തു വന്നിരുന്നു. കല്പദ്രുമം മാനേജരായിരിക്കെത്തന്നെ 'രാമാനുജൻ' എന്ന മാസികയുടെ പത്രാധിപത്യവും (1082) ഏറ്റെടുത്തു. 1084-ൽ മാതംഗലീല എന്നൊരു ഗജരക്ഷാതന്ത്രഗ്രന്ഥം വിവർത്തനം ചെയ്തു. അടുത്ത വർഷം 'കല്പദ്രുമം' മാനേജരുടെ ജോലി ഒഴിഞ്ഞു. വള്ളത്തോളിനു ബാധിര്യം വ്യാപിച്ചതും, നീണ്ടുനിന്ന നാനാചികിത്സകൾക്കുമിടയിൽ കർണ്ണരോഗത്തെക്കുറിച്ച് ഒട്ടേറെ കവിതകളെഴുതിയതും ശ്രദ്ധിക്കപ്പെടേണ്ട സംഭവങ്ങളത്രേ. ബധിരവിലാപമാണ് ഇക്കാലത്തെ മുഖ്യകൃതി.

വള്ളത്തോൾശൈലി

വള്ളത്തോൾക്കവിതയുടെ മുഖമുദ്രയായ രചനാപരമായ സുകുമാരതയും, വെണ്മണിശൈലിയുടെ ലാവണ്യപ്പൊലിമയിൽ ആശയസൗന്ദര്യം പൊതിഞ്ഞുവെച്ചുകൊണ്ടുള്ള സർവതോഭദ്രമായ ശില്പചാരുതയുമൊക്കെ വാല്മീകിരാമായണവിവർത്തനത്തോടെ പൂർണ്ണതയിലേക്കടുത്തുകഴിഞ്ഞിരുന്നു. അതേപോലെ സംസ്കൃതഭാഷയിൽനിന്നു മലയാളത്തിലേക്കുള്ള മാറ്റം, സംസ്കൃതവൃത്തത്തിൽനിന്നു നാടൻവൃത്തങ്ങളിലേക്കുള്ള മാറ്റ

Digitized By Kerala Sahitya Akademi

വും കുറിച്ചു. പുരാണത്തിൽനിന്നു വർത്തമാനത്തിലേക്കും, ബഹിർമ്മുഖതയിൽനിന്നു് അന്തർമ്മുഖതയിലേക്കുമുള്ള മാറ്റം ഇതിനിടയിൽ നിപുണദൃഷ്ടികൾക്കു കണ്ടെത്താൻ പ്രയാസമില്ല. 1086–ൽ തുടങ്ങി 1088–ൽ പൂർത്തിയാക്കിയ ചിത്രയോഗം മഹാകാവ്യത്തിനു് മഹാകവി കുമാരനാശാൻ എഴുതിയ നിരൂപണമാണു് വള്ളത്തോളിനെ റൊമാൻറിക് കാവ്യമാർഗ്ഗത്തിലേക്കു തിരിച്ചതെന്ന ഒരഭിപ്രായഗതിയുണ്ടല്ലോ. ആ നിരൂപണം വള്ളത്തോളിനെ ഇതത്തിച്ചിന്തിപ്പിച്ചിട്ടുണ്ടാവാമെങ്കിലും വള്ളത്തോളിൻെറ കവിതാരംഗത്തിലുണ്ടായ പരിവർത്തനം അതിനുമുമ്പേ ആരംഭിച്ചിരുന്നുവെന്നു് മുൻചൊന്ന കൃതികൾ തെളിയിക്കുന്നു. കണ്ണുരോഗം ബാധിച്ചകാലത്തെഴുതിയ ഒട്ടേറെ ശ്ലോകങ്ങളും, ബധിരവിലാപവും കാല്പനിക കവിതയുടെ അടിസ്ഥാനലക്ഷണങ്ങൾ പലതുമുൾക്കൊള്ളുന്നു. മാതുലനിര്യാണവിലാപമെന്ന ഭാഷാവിലാപകാവ്യം കണ്ടുകിട്ടിയിരുന്നുവെങ്കിൽ സാഹിത്യചരിത്രത്തിലെ ഒരു പ്രധാന രേഖയാകുമായിരുന്നു. മലയാളഭാഷയുടെ 'ജീനിയസ്' കണ്ടെത്തുവാനും സ്വന്തം ആത്മാവിൻെറ ശോകഹർഷാദികൾ വികാരതീക്ഷ്ണമായും ആവേശോഷ്മളമായും ആവിഷ്കരിക്കുവാനും ഭാവനയെ അചുംബിതമേഖലകളിലേക്കു് അയച്ചുവിടുവാനും കഴിവുനേടിയ ഒരു കാല്പനികകവിയുടെ കൗമാരത്തെയാണു് നാം ചിത്രയോഗമെഴുതുവാൻ തൂലികയെടുത്ത കവിയിൽ കണ്ടുമുട്ടുക.

പ്രൊഫസർ മുണ്ടശ്ശേരി ഈ ഘട്ടത്തെക്കുറിച്ചഭിപ്രായപ്പെട്ട ചില വാക്യങ്ങൾ ശ്രദ്ധേയമാണു്: ''പഴയ സമ്പ്രദായത്തിൽ സംസ്കൃതത്തിലെ കാവ്യനാടകാദികളും പുരാണങ്ങളും പഠിച്ചു കവിയാകാൻ വേണ്ട വ്യുത്പത്തിയും സംസ്കാരവും കൈവന്നതോടെ പണ്ഡിതമ്പേരും ചെയ്യാറുള്ളതുപോലെ, തജ്ജ്ഞയായും അല്ലാതെയും ശ്ലോകങ്ങളങ്ങനെ എഴുതിശ്ശീലിക്കുകയാണു് വള്ളത്തോളുമുണ്ടായതു്. അങ്ങനെയെഴുതിയെഴുതി വാല്മീകിരാമായണം വിവർത്തനംചെയ്തുതീർക്കാൻവരെ അദ്ദേഹത്തിനൊരു പ്രയാസവുമുണ്ടായില്ല. അതിനിടയ്ക്കു് കവനകൗമുദിയിൽ മിക്കവാറും വസ്തുസ്ഥിതികഥനാത്മകങ്ങളായ ഏതാനും ഖണ്ഡകൃതികൾ പ്രസിദ്ധീകരിക്കയുംചെയ്തു. കഷ്ടിച്ചു് യൗവനത്തിലേക്കു കാലൂന്നിയപ്പോഴേക്കും അദ്ദേഹം പരസഹ

Digitized By Kerala Sahitya Akademi

സ്ത്രം പദ്യങ്ങളെഴുതിക്കഴിഞ്ഞതായി കാണാം. പ്രായപൂർത്തിക്കു ള്ളിൽ അത്രയേറെ ശ്ലോകമെഴുതി രചനാകൗശലം സമ്പാദിച്ച വർ അന്നു കുറവായിരുന്നു... ഒരു തപ്പുംതടവുമില്ലാതെ ശബ്ദ ഝംകൃതിയോടുകൂടി ശ്ലോകങ്ങളെഴുതിക്കേറി സകലമാനപേ രെയും അത്ഭുതപ്പെടുത്തിയ പന്തളത്തെപ്പോലുള്ള കവികൾ വള്ളത്തോളിനെപ്പോലെ വളരുകയുണ്ടായില്ല. വള്ളത്തോളാ കട്ടെ, വാഗർത്ഥങ്ങളെ സമരസപ്പെടുത്തി രചനയെ ഭാവസ്ഫുരി തമാക്കുന്നതിൽ ജാഗരൂകനായി. ഈ ജാഗ്രത നാലപ്പാട്ടു നാരായണമേനോൻതൊട്ടനേകംപേരുടെ കവിതകൾ തിരു ത്തിക്കൊടുക്കുന്നതിലും അദ്ദേഹം കാണിച്ചുപോന്നുവെന്ന് അവരിൽത്തന്നെ പലരും നേരിട്ടെന്നോടു സമ്മതിച്ചിട്ടുണ്ട്. ആ ജാഗ്രതതന്നെയല്ലേ, പതുക്കെപ്പതുക്കെ അദ്ദേഹത്തെ കവി തയിൽ ചതുരശ്രശോഭമായ രൂപത്തെക്കുറിച്ചു വേണ്ടത്ര ബോ ധവാനാക്കിയതു്.'' അതോടൊപ്പം വൈകാരികാസ്വാസ്ഥ്യ ങ്ങളെ ചുട്ടുപൊള്ളുന്ന ഹൃദയം ഭാവനാവിലാസത്തോടെ രൂപ പ്പെടുത്തുവാൻ വെമ്പിത്തുടങ്ങിയ ചിത്രം വിലാപകൃതിക ളിൽ കാണുന്നു. കാല്പനികതയുടെ കാലൊച്ച ആ കവിതക ളിൽ മുഴങ്ങാൻ കാരണവും മറ്റൊന്നല്ല. ചിത്രയോഗം നിരൂ പണം വരുന്നതിനു് (1091) ആറുവർഷം മുമ്പുതന്നെ രചിക്ക പ്പെട്ട ദണ്ഡകാരണ്യവും (1085) ഗണപതിയും വിലാസലതി കയും (1088) ബന്ധനസ്ഥനായ അനിരുദ്ധനും (1089) ഒരു കത്തും വള്ളത്തോൾകവിതയുടെ വ്യതിയാനഘട്ടത്തിന്റെ കൊടിക്കൂറകളായി വിലസുന്നു. വള്ളത്തോളിന്റെ വളർച്ചയും വികാസവും ഒരു സ്വാഭാവികപരിണതി(organic growth)യാ യേ നമുക്കു കാണാൻ കഴിഞ്ഞുള്ളൂ. സമൂഹത്തിന്റെ നാനാതല ങ്ങളിലും അന്നന്നുണ്ടായിക്കൊണ്ടിരുന്ന ചലനപ്രതിചലനങ്ങ ളെ കണ്ടറിയാനും ഭാവിസമൂഹത്തിന്റെ ദർശനമുൾക്കൊള്ളാനും പ്രേരിപ്പിച്ച സഹജശക്തി ആ പരിണാമത്തിനു സഹായക മായും പോഷകമായും ഭവിച്ചുവെന്നു സമ്മതിക്കാം.

പത്രാധിപത്യം

തൃശ്ശൂരിൽനിന്നു പുറപ്പെട്ട 'കേരളോദയ'ത്തിന്റെ സാഹി ത്യവിഭാഗം പത്രാധിപരായി 1090–ൽ വള്ളത്തോൾ ചാർജെ ടുത്തു. പത്രപ്രവർത്തനത്തിൽ മുമ്പേ നേടിയ പരിചയവും

Digitized By Kerala Sahitya Akademi

ദേശീയവും സാവ്ദേശീയവുമായ സംഭവങ്ങളിലുണ്ടായ താൽപര്യവും സമർത്ഥമായി നിവ്ഹിക്കാൻ സഹായകമായി. 'ഗ്രന്ഥവിഹാര'ത്തിൽക്കൂടി അറിയപ്പെട്ടന്ന വള്ളത്തോളെന്ന നിരൂപകനെ അരങ്ങേററിയതും 'കേരളോദയം'തന്നെ. കുമാരനാശാന്റെ ലീലയെക്കുറിച്ചുള്ള നിരൂപണമായിരിക്കണം ആദ്യം പ്രത്യക്ഷപ്പെട്ടതു്. അതദ്ദേഹത്തെ ഒരു വിവാദപുരുഷനാക്കി. ഏതായാലും അടുത്തവഷം കുട്ടികളുടെ പഠനസൗകര്യം കരുതി കുന്നംകുളത്തേക്കു മാറിത്താമസിക്കേണ്ടിവന്നതോടെ ആ പത്രാധിപത്യം ഉപേക്ഷിച്ചുവെങ്കിലും, കുന്നംകുളത്തുനിന്നു പ്രസിദ്ധീകൃതമായ 'ആത്മപോഷിണി'യുടെ പത്രാധിപത്യം ഏറെറടുക്കേണ്ടിവന്നു. വള്ളത്തോളിന്റെ നിരൂപണങ്ങളധികവും ആത്മപോഷിണിയിലാണു പ്രത്യക്ഷപ്പെട്ടതു്. അതിനിടയ്ക്കു് കമലാലയ ബുക്ക്ഡിപ്പോക്കാരുടെ ആവശ്യാത്ഥം മാക്കണ്ഡേയപുരാണം, പത്മപുരാണം, വാമനപുരാണം, മത്സ്യപുരാണം, തുടങ്ങിയ പുരാണങ്ങാം അദ്ദേഹം വിവത്തനം ചെയ്തു. രാമായണപുരാണങ്ങാം, സംസ്കൃതനാടകങ്ങാം, വൈദ്യഗ്രന്ഥങ്ങാം തുടങ്ങിയവയുടെ വിവത്തനം വള്ളത്തോളിനു രണ്ടുതരത്തിൽ ഉത്തേജകവും പോഷകവുമായി. സമകാലികസംഭവങ്ങളിൽനിന്നു ദേശാഭിമാനത്തിന്റെ സ്ഫുലിംഗസ്ഫുരണങ്ങാം ഉാംക്കൊണ്ടു വളന്ന വള്ളത്തോാംപ്രതിഭയെ മാതൃഭൂമിയുടെ പൗരാണികമഹത്വത്തെയും സംസ്കാരപൈതൃകത്തെയും മനസ്സിലാക്കാൻ അതു സഹായിച്ചു. അതോടെ, മാതൃഭൂമിക്കും സംസ്കാരപാരമ്പര്യത്തിനും നേരിട്ട അധഃപതനത്തിന്റെയും ജീണ്ണതയുടെയും ആഴം ഗ്രഹിക്കാൻ കഴിഞ്ഞു. ഈ വൈരുദ്ധ്യസ്ഥിതി കണ്ടു മനംനൊന്ത കവിയുടെ ധർമ്മരോഷം ആളിക്കത്തി. പൗരാണികഭാരതത്തിന്റെ മഹത്വാതിരേകത്തെക്കുറിച്ചുള്ള വീരസ്മരണകളുയത്തിയും, സമകാലികജീവിതത്തിനു സംഭവിച്ച ധർമ്മച്യുതിയുടെ ഗൗരവസ്വഭാവം മനസ്സിലാക്കിയും ആസ്വാദകഹൃദയത്തിൽ ദേശഭക്തിയുടെ തീപ്പന്തം കൊളുത്താൻ അദ്ദേഹത്തിനു സാധിച്ചു. പിൽക്കാലത്തു് സാഹിത്യമഞ്ജരിക്കവിതകളിലെ ഒട്ടേറെ ഇതിവൃത്തങ്ങാം പുരാണപ്രപഞ്ചത്തിൽ നിന്നുരിയെടുത്തവയാണെന്ന കാര്യം എടുത്തുപറയേണ്ടതില്ലല്ലോ. വഗ്ഗസ്മൃതിയുണത്തി ജനസമൂഹത്തെ തട്ടിയുണ

Digitized By Kerala Sahitya Akademi

ത്തുന്നതിനു പുരാണപരിചയം സഹായിച്ചതോടൊപ്പംതന്നെ കാവ്യജീവിതത്തിനു കൂടുതൽ വ്യാപ്തിയുണ്ടാക്കാനും കഴിഞ്ഞു.

ദേശീയപ്രസ്ഥാനത്തിൽ

കേരളത്തിൽ കോൺഗ്രസ്സ് പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പുതന്നെ വള്ളത്തോളിനെ കോൺഗ്രസ്സാകർഷിച്ചിരുന്നുവെന്നു പരിഷ്കാരാഭിവദ്ധിനിസഭയുടെ പ്രവർത്തനം തെളിയിക്കുന്നു. ഏതായാലും ശ്രീ കെ. പി. കേശവമേനോൻെറയും മററും നേതൃത്വത്തിൽ ഈ നൂററാണ്ടിൻെറ ആദ്യം മലബാറിൽ കോൺഗ്രസ്സ് പ്രവർത്തനം തുടങ്ങിയതോടെ വള്ളത്തോൾ ദേശീയപ്രസ്ഥാനത്തിലേക്കു കൂടുതൽ കൂടുതൽ ആകർഷിക്കപ്പെട്ടു. ഗാന്ധിജി കോൺഗ്രസ്സ്നേതൃത്വമേറെറടുത്തു് ബഹുജനമുന്നേററത്തിനു കളമൊരുക്കിയതോടെ ഗാന്ധിയും കോൺഗ്രസ്സും കവിയെ രോമാഞ്ചംകൊള്ളിച്ച മഹാശക്തികളായി മാറി. വള്ളത്തോൾക്കവിത ദേശാഭിമാനത്തിൻെറയും സ്വാതന്ത്ര്യവാഞ്ഛയുടെയും വാഗ്ജ്വാലയായി. 1927 ആദ്യം ഇടപ്പള്ളിയിൽ ചേർന്ന സാഹിത്യപരിഷത്തിന്റെ ആദ്യസമ്മേളനങ്ങളിലൊന്നിൽ അദ്ധ്യക്ഷതവഹിച്ച വള്ളത്തോൾ പരിഷത്തിന്റെ നേതാക്കളിലൊരാളായിരുന്നു. എന്നാൽ ആ വർഷം ഡിസംബറിൽ പരിഷത്തു് നടന്നുകൊണ്ടിരുന്നപ്പോഴാണ് മദ്രാസിൽ കോൺഗ്രസ്സ്സമ്മേളനവും നടന്നതു്. മഹാകവി വള്ളത്തോൾ മദ്രാസ്കോൺഗ്രസ്സിൽ ഒരു പ്രതിനിധിയായി സംബന്ധിച്ചു. പരിഷത്ത്സമ്മേളനത്തിനെത്തിച്ചേർന്നില്ല. 1928—ലും സാഹിത്യപരിഷത്തിൽ സംബന്ധിക്കുന്നതിനു പകരം കല്ക്കത്താസമ്മേളനത്തിൽ പങ്കെടുക്കുന്നതിനാണു് അദ്ദേഹം ശ്രദ്ധിച്ചതു്. ഇതു സാഹിത്യകാരന്മാരുടെ വിമർശനത്തിനു വിഷയമായി. അതിനു മറുപടിയായി വള്ളത്തോൾ ചെയ്ത പ്രസ്താവനകൾ ദേശീയപ്രസ്ഥാനത്തോടുള്ള വള്ളത്തോളിൻെറ തീവ്രമായ ആഭിമുഖ്യത്തെ വിളിച്ചുപറയുന്നു. മലയാളികളെ പൊതുവിലും സ്വാതന്ത്ര്യപ്രേമികളെ പ്രത്യേകിച്ചും ആവേശഭരിതരാക്കിയ മറെറാരു സംഭവം അതിനുമുമ്പുതന്നെ വള്ളത്തോളിന്റെ ദേശഭക്തിയെ വിളംബരംചെയ്തിരുന്നു. 1922—ൽ ഇന്ത്യ സന്ദർശിച്ച വെയിൽസ്രാജകുമാരൻ മദ്രാസ് സന്ദർശിച്ചപ്പോൾ ഭാഷയ്ക്കും സാഹിത്യത്തിനും പ്രശസ്തസേവനംചെയ്ത മഹാകവി

Digitized By Kerala Sahitya Akademi

കാംകഥ പട്ടും വളയും നല്കി ആദരിക്കാൻ നിശ്ചയിച്ചിരുന്നു. കുമാരനാശാനും, വള്ളത്തോളുമാണ് മലയാളഭാഷയിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടവർ. ദേശീയപ്രസ്ഥാനം ആരംഭിച്ചിട്ടില്ലാത്ത തിരുവിതാംകൂറിൽ ജാതിവിരുദ്ധസാമൂഹ്യപരിഷ്കരണപ്രസ്ഥാനം ശ്രീനാരായണഗുരുവിൻെറ നേതൃത്വത്തിൽ നടന്നുവരികയായിരുന്നു. അവശജനങ്ങൾക്ക് ജാതിമേധാവിത്വത്തിൽനിന്ന് അല്പം ആശ്വാസം കിട്ടുന്നതിനു ബ്രിട്ടീഷ്ഭരണം സഹായകമായ നിലപാട് സ്വീകരിച്ചതുകൊണ്ടാകണം, തിരുവിതാംകൂറിലെ സാമൂഹ്യപരിഷ്കരണപ്രസ്ഥാനം ബ്രിട്ടീഷ് വിരുദ്ധനിലപാടു കൈക്കൊണ്ടിരുന്നില്ല. കുമാരനാശാൻ ആ പ്രസ്ഥാനത്തിൻെറ മുഖ്യനേതാക്കളിലൊരാളായിരുന്നു. വള്ളത്തോളാകട്ടെ ഭിന്നമായ സാഹചര്യത്തിൽ മലബാറിലെ ദേശീയപ്രസ്ഥാനത്തിൻെറ പ്രചോദകശക്തികളിലൊരാളായിരുന്നതിനാൽ രാജകുമാരൻെറ പട്ടും വളയും നിർഭയം നിരാകരിച്ചു. അതിനുശേഷം വൈക്കം സത്യഗ്രഹകാലത്തു ഗാന്ധിജിയെ കാണാൻ ആവേശപൂർവം ചെന്ന വള്ളത്തോൾ, ആദ്യത്തെ മുഖദർശനത്തിൽ 'പാപമോചനം' എന്നൊരു ഹൃദയസ്പൃക്കായ കവിതയെഴുതി. 1928—ൽ പയ്യന്നൂർവെച്ച് ജവഹർലാൽ നെഹ്റുവിൻെറ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട കേരളരാഷ്ട്രീയസമ്മേളനത്തിലെ സാഹിത്യസദസ്സിൽ വള്ളത്തോളായിരുന്നു അദ്ധ്യക്ഷൻ. ഗുരുവായൂർ സത്യഗ്രഹകാലത്തും ഹരിജനോദ്ധാരണ—ഖാദിപ്രചാരണപരിപാടികളിലും സ്വാതന്ത്ര്യസമരത്തിൻെറ വിവിധഘട്ടങ്ങളിലും വള്ളത്തോളിൽനിന്നുണ്ടായ സഹായം നമ്മുടെ ദേശീയമഹാകവിയെന്ന വിശേഷണത്തിന്ന് അദ്ദേഹത്തെ അർഹനാക്കി.

കവിതയുടെ വസന്തം

സാഹിത്യമഞ്ജരിക്കവിതകളോടുകൂടിയാണ് യഥാർത്ഥ വള്ളത്തോൾക്കവിതയുടെ വസന്തം ആരംഭിക്കുന്നത്. 1917-ൽ മദിരാശി മലയാളി ക്ലബ്ബുകാർ സംഘടിപ്പിച്ച ഓണാഘോഷവേളയിൽ പാരായണം ചെയ്യാൻ അയച്ചുകൊടുത്ത 'മാതൃവന്ദന'ത്തോടുകൂടിയാണല്ലോ സാഹിത്യമഞ്ജരി ഒന്നാംഭാഗത്തിൻെറ ആരംഭം. ബങ്കിംചന്ദ്രൻെറ 'വന്ദേമാതര'ഗാനത്തെ മുന്നിൽക്കണ്ടു രചിച്ച ദേശാഭിമാനതരംഗിതമായൊരു കവിതയാണത്.

Digitized By Kerala Sahitya Akademi

മലയാളത്തിന്റെ 'ദേശീയഗാന'മെന്ന നിലയിൽ കൊണ്ടാടപ്പെട്ട ആ കവിത ഐക്യകേരളത്തെ അമ്പതേഴുവർഷം മുൻപു തന്നെ മലയാളികളുടെ മനസ്സിൽ സ്ഥാപിച്ചുകഴിഞ്ഞിരുന്നു. 1091–ൽ സാഹിത്യമഞ്ജരി ഒന്നാംഭാഗം പുസ്തകരൂപത്തിൽ ഇറങ്ങി.

ഒന്നാംഭാഗം പുറത്തിറങ്ങിയപ്പോഴും അതിനു മുൻപുതന്നെയും നവീനമുഖശോഭയും അപൂർവ്വരചനാശൈലിയുംകൊണ്ടു ശ്രദ്ധേയമായ വള്ളത്തോൾക്കവിത വിമർശനവിഷയമായിരുന്നു. പലരും അതിനെ ഉത്തമകവിതയായി കണക്കാക്കിയില്ല; ലളിതസുന്ദരമായ ആ കവിതകൾ പലർക്കും മനസ്സിലായില്ല. ആ സാഹചര്യമാണ് സാഹിത്യമഞ്ജരി രണ്ടാംഭാഗംമുതൽ ടിപ്പണികൂടി ചേർക്കാൻ കാരണം. എന്നിട്ടും വള്ളത്തോൾക്കവിത ഭാരതീയകാവ്യപാരമ്പര്യത്തിനു നിരക്കാത്തതാണെന്നു വാദിക്കുകയും വിശ്വസിക്കുകയും ചെയ്യുവരുണ്ട്. മഹാകവിതന്നെ അവർക്ക് മറുപടിയായിട്ടാകണം ചേർത്തലവെച്ചു നല്കപ്പെട്ട ഒരു മംഗളപത്രത്തിനു മറുപടിയായി 1926-ൽ ഇപ്രകാരം പ്രസ്താവിച്ചു: ''വള്ളത്തോൾപ്രസ്ഥാനം എന്നിപ്പോൾ പലരും പറയാറുണ്ട്. അതു് ഒരു പുതിയ പ്രസ്ഥാനമല്ല, പഴയതുതന്നെയാണ്. ഭാരതത്തിൽത്തന്നെ ആദികവികളായ വാല്മീകി, കാളിദാസൻ ഇവരുടെ ഛായപിടിച്ചായിരുന്നു ആദ്യകവിതകളുണ്ടായതു്. അതിന്റെ ശേഷം അത്യുക്തി, അതിശയോക്തി മുതലായ അലങ്കാരങ്ങൾക്കു കവിതകളിൽ പ്രാബല്യം ലഭിച്ചുതുടങ്ങി... ഈവക അലങ്കാരങ്ങളെല്ലാം കവിതയ്ക്കു മോടിയാണെന്നു് അന്നു പലർക്കും തോന്നിയിരുന്നു. ഇപ്പോൾ ആ കാലമെല്ലാം കഴിഞ്ഞു. ഇപ്പോൾ നമ്മളെ ഇതൊക്കെ ഉപേക്ഷിച്ച് പഴയതിലേക്കു ക്ഷണിക്കുന്നു. നമ്മെ പുരാതന ഋഷിമാരുടെ മാർഗ്ഗത്തിലേക്കു വിളിക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ടു നമ്മുടെ ഋഷികളുടെ പിന്നാലെ പോകണമെന്നാണു ഞാൻ പറയുന്നതു്.''

വള്ളത്തോൾപ്രതിഭയുടെ മദ്ധ്യാഹ്നദശ 1917–നും 1928–നുമിടയ്ക്കുള്ള ഒരു വ്യാഴവട്ടമാണെന്നു വേണമെങ്കിൽ പറയാം. ശിഷ്യനും മകനും, സാഹിത്യമഞ്ജരി രണ്ടാംഭാഗം, ഔഷധാഹരണം ആട്ടക്കഥ, ഊരുഭംഗവിവർത്തനം എന്നിവ 1093–ലും, (1095–ൽ മദ്ധ്യമവ്യായോഗം, അഭിഷേകനാടകം, ഭദ്രാവ

താരം എന്നിവ വിവർത്തനംചെയ്തു.) മദ്ദളനമറിയം 1096-ലും, സാഹിത്യമഞ്ജരി മൂന്നാംഭാഗം 1097-ലും, സാഹിത്യമഞ്ജരി നാലാംഭാഗം 1099-ലും, അഞ്ചാംഭാഗം 1100-ലും, ആറാംഭാഗം 1102-ലും, പ്രകാശിതമായി. പഞ്ചതന്ത്രം (1098), സ്വപ്നവാസവദത്തം (1100) എന്നിവയുടെ വിവർത്തനങ്ങളും അതിനിടയിൽ പുറത്തുവന്നു.

പുതിയ വികാസം

കഥകളിയുടെ പുനരുദ്ധാരണത്തിൽ സമർപ്പിതമനസ്കനായതുകൊണ്ടോ, മററുതരത്തിൽ വ്യാപൃതനായതുകൊണ്ടോ എന്താണെന്നു നിശ്ചയമില്ല, 1103-ൽ കൊച്ചുസീതയും, (ഗ്രന്ഥവിഹാരവും ആ വർഷംതന്നെയാണ് പുസ്തകരൂപത്തിലിറങ്ങിയതു്.) 1105-ൽ സാഹിത്യമഞ്ജരി ഏഴാംഭാഗവും മാത്രമേ ഇറങ്ങിയുള്ളു. 1108—ൽ 'ശരണമയ്യപ്പ' രചിച്ചു. 1116-ൽ അച്ഛനും മകളും പ്രകാശിതമാകുന്നതുവരെ പുസ്തകരൂപത്തിൽ ഒററ സ്വതന്ത്രകൃതിയും ഇറങ്ങിയില്ല. 111?-ൽ ഇറങ്ങിയ അഭിജ്ഞാനശാകുന്തളം വിവർത്തനം മാത്രമേ ഗണ്യമായൊരു സാഹിത്യസംഭാവനയായി ഇക്കാലത്തു സ്മരിക്കാനുള്ളു.

വള്ളത്തോളിന്റെ കവിതാരചനയുടെ മറെറാരു വ്യതിയാനമോ ചുവടുവെപ്പോ സൂചിപ്പിക്കുന്നതാണ് ഇന്ത്യയുടെ കരച്ചിൽ (1119). പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സ്വാധീനമോ, മാർക്സിസ്റ്റാശയങ്ങളുടെ പ്രചാരണമോ, നാസിസ്റ്റ് ശക്തികളെ പരാജയപ്പെടുത്തിയ റഷ്യയ്ക്കു് അന്താരാഷ്ട്രരംഗത്തുണ്ടായ പ്രശസ്തിയോ ഒക്കെച്ചേർന്ന് വള്ളത്തോളിന്റെ കവിതയുടെ ഉള്ളടക്കത്തെ കൂടുതൽ ഉദാരമാക്കി. പുതിയ കാഴ്ചപ്പാടുകളെയല്ല, പുതിയ ചലനങ്ങളെയാണ് അദ്ദേഹം സ്വീകരിച്ചതു്. ഗാന്ധിജിയുടെ അടിസ്ഥാനദർശനത്തിലൂന്നിനിന്നും, ഭാരതീയസംസ്കാരത്തിന്റെ ആധാരശിലയിലുറച്ചുനിന്നുംകൊണ്ടുതന്നെ സാർവ്വദേശീയമായ വീക്ഷണവിശാലതയും നൂതനാശയങ്ങളെ സ്വാംശീകരിക്കാനുള്ള വ്യഗ്രതയും കാണിച്ചുവെന്നേ ഇതിനർത്ഥമുള്ളു. വിഷുക്കണി, സ്ത്രീ (1119) ദിവാസ്വപ്നം, വീരശൃംഖല, എന്റെ ഗുരുനാഥൻ, പരലോകം, കപടകേളി (1120), സാഹിത്യമഞ്ജരി 8—ാംഭാഗം (1126) എന്നീ കൃതികൾ സാഹിത്യമഞ്ജരിയുടെ തുടർച്ചയാണെന്നതു സത്യംതന്നെ.

Digitized By Kerala Sahitya Akademi

ളതിൽ പലതും സാഹിത്യമഞ്ജരിക്കവിതകളെടുത്തു പാഠപുസ്ത കത്തിനും മററുമായി സമാഹരിച്ചതുമാണ്. എന്നാൽ അവ യിലെ പുതിയ കവിതകളിൽ പലതിലും വള്ളത്തോളിൻെറ പുതിയ മനസ്സിൻെറ ധ്വനികൾ കണ്ടെത്താം. വള്ളത്തോളി നെ കമ്മ്യൂണിസ്റ്റായി ചിത്രീകരിക്കാനുള്ള ചില ശ്രമങ്ങൾ നട ന്നതും അതുകൊണ്ടാണ്. ഗാന്ധിജിയെക്കുറിച്ച് എഴുതിയ 'ബാപ്പുജി' എന്ന കാവ്യവും (11 6), 'റഷ്യയിൽനിന്ന്' എന്ന കവിതാസമാഹാരവും മാത്രമേ പിന്നീട് സ്വതന്ത്രകൃതികളെന്ന നിലയിൽ പ്രസിദ്ധീകരിച്ചുള്ളൂ. സാഹിത്യമഞ്ജരി ഒമ്പതും പത്തും ഭാഗങ്ങൾ മരണാനന്തരപ്രസിദ്ധീകരണങ്ങളത്രേ. കർ പ്പൂരചരിതം ഭാണം, രുഗ്മിണീസ്വയംവരം, ബോധിസത്വാപ ദാനകല്പലത, ത്രിപുരദഹനം എന്നിവ (1121—ൽ) വിവർത്ത നംചെയ്തതുകൂടി നമുക്കീ സന്ദർഭത്തിൽ സ്മരിക്കാനുണ്ട്.

കലാമണ്ഡലം

വള്ളത്തോളിൻെറ ജീവിതത്തിലെന്നപോലെ കേരള ത്തിൻെറയും ഇന്ത്യയുടെയും സാംസ്കാരികജീവിതത്തിലെയും പ്രധാനസംഭവമാണ് കലാമണ്ഡലസ്ഥാപനം. പിതാവിൽ നിന്നു കിട്ടിയ കഥകളിക്കമ്പത്തെക്കുറിച്ചു മുമ്പു സൂചിപ്പിച്ചി രുന്നുവല്ലോ. കഥകളിയെവിടെയുണ്ടായാലും ചെന്നു കാണുന്ന തിനു കഴിയുന്നത്ര ശ്രമിച്ച വള്ളത്തോളിനെ, കഥകളിക്കുണ്ടാ യ ക്ഷയവും പ്രതികൂലവിമർശനങ്ങളും അസ്വസ്ഥനാക്കി. ആ കലയെ പുനരുദ്ധരിക്കാൻ പ്രേരിപ്പിച്ചതിൽ അദ്ദേഹത്തെ ബാധിച്ച ബാധിര്യംകൂടി മുഖ്യഘടകമാണെന്നു് ഒരിക്കൽ പനമ്പിള്ളി ഗോവിന്ദമേനോൻ സൂചിപ്പിച്ചതായി ഓക്കുന്നു. വള്ളത്തോൾക്കവിതയിൽ പലയിടത്തും കഥകളിമുദ്രയുടെ സങ്കേതങ്ങൾകൊണ്ടുള്ള തന്ത്രങ്ങളും കണ്ടെത്താം. അതൊക്കെ എന്തായാലും 1096—ൽ കലാമണ്ഡലം സ്ഥാപിക്കാനുള്ള പ്രാ ഥമികശ്രമം തുടങ്ങി. മണക്കുളം മുകുന്ദരാജാവ്, കണ്ണന്തൊ ത്ത് രാമൻമേനോൻ തുടങ്ങിയവരുടെ സഹായസഹകരണങ്ങ ളോടെ തൃശ്ശൂരിൽ നടന്ന നാലുദിവസത്തെ കഥകളിയാണ് അതിനു വിത്തിട്ടതെന്നു പറയാം. കഥകളിയഭ്യസനത്തിനാ യി ഒരു സ്ഥാപനമുണ്ടാക്കുവാൻ ധനശേഖരണം നടത്തുന്നതി നും, അതിന്നു ഭാഗ്യക്കുറി ടിക്കററുകൾ വില്ക്കാനും നിശ്ചയിച്ചു.

Digitized By Kerala Sahitya Akademi

വള്ളത്തോൾതന്നെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു ടിക്കററു കൾ വിററു. രണ്ടുകൊല്ലത്തോളം നടത്തിയ തീവ്രയത്നത്തിന്റെ ഫലമായി മുക്കാൽലക്ഷം രൂപ മിച്ചമുണ്ടാക്കാൻ സാധിച്ചു. മുകുന്ദരാജാവിന്റെ ഔദാര്യത്തോടുകൂടി 1930 നവംബറിൽ മഹാകവിയുടെ അന്വതാംജന്മദിനത്തിൽ കുന്നംകുളത്തു സ്ഥാപിച്ച കഥകളിവിദ്യാലയമാണു് കലാമണ്ഡലമായി മാറിയതു്. പിന്നീടു് കലാമണ്ഡലം ചെറുതുരുത്തിയിലേക്കു മാറി. വള്ളത്തോളിന്റെ താമസവും അങ്ങോട്ടു മാറി. 1109-ൽ കലാമണ്ഡലത്തിന്റെ ധനശേഖരാത്ഥം മഹാകവി മലേഷ്യയിൽ പര്യടനംനടത്തുകയുണ്ടായി. അടുത്തവഷം കഥകളി യോഗവുമായി ബർമ്മയിലും, 1111—ൽ കഥകളി സംഘവുമായി ഇന്ത്യയുടെ നാനാഭാഗങ്ങളിലും മഹാകവി സഞ്ചരിച്ചു. 1120—ൽ സിലോണും സന്ദശിച്ചു.

ബഹുമതികൾ

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം മഹാകവി വള്ളത്തോളിനു പല നിലകളിലും ദേശീയമായ അംഗീകാരം ലഭിച്ചു. 1946-ൽ മദ്രാസിൽ അധികാരത്തിൽവന്ന കോൺഗ്രസ്സ്മന്ത്രിസഭ വള്ളത്തോളിനെ ആസ്ഥാനമഹാകവിയായി തെരഞ്ഞെടുത്തു. പ്രതിവഷം ആയിരം രൂപ അടുത്തുൺ അഞ്ചുവഷത്തേക്കു് ഇതു കാരണം ലഭിക്കുകയുണ്ടായി. ബഹുമതികൾ ഇതിനു മുമ്പേ വള്ളത്തോളിനെ ആദരിച്ചു ചെന്നിരുന്നു. 1919—ൽ വാഴ്ചയൊഴിഞ്ഞ കൊച്ചി മഹാരാജാവു് കവിതിലകൻ എന്ന ബിരുദം നൽകിയിട്ടുണ്ടു്. 1098—ൽ തിരുവാതാംകൂർ മഹാരാജാവു് തൃശ്ശൂർ സന്ദശിച്ചപ്പോൾ മഹാകവിക്കു് ഒരു വീരശൃംഖലയും കവിസാവ്വഭൗമസ്ഥാനവും നല്കിയിരുന്നു. 1929-ൽ കൊച്ചിമഹാരാജാവു് കവിസാവ്വഭൗമസ്ഥാനവും പ്രതിമാസം 15 രൂപ അടുത്തുണും നല്കി. പല ബഹുമതികളും തുടന്നുലഭിച്ചിരുന്നുവെങ്കിലും അതിനെ കവച്ചുവെയ്ക്കുന്ന കവിത്വവും വ്യക്തിത്വവും അദ്ദേഹത്തിനുണ്ടായിരുന്നു. 1955-ൽ രാഷ്ട്രപതി പത്മഭൂഷണബിരുദം നല്കി ആദരിക്കുകയും ചെയ്തു. അങ്ങനെ ബഹുമാനിതനായ ആദ്യത്തെ മലയാളസാഹിത്യകാരനാണു് വള്ളത്തോൾ. 1954—ൽ കേന്ദ്ര സാഹിത്യഅക്കാദമി സംഘടിപ്പിച്ചപ്പോൾ മലയാളത്തിന്റെ പ്രതിനിധിയായിരുന്നു വള്ള

Digitized By Kerala Sahitya Akademi

ത്തോാം. വള്ളത്തോളും അക്കാദമി ചെയർമാൻ നെഹ്റുവും തമ്മിലുള്ള സൗഹൃദബന്ധം അതോടെ ഉറച്ചു. കലാമണ്ഡലത്തിൻെറ രജതജൂബിലിയാഘോഷം ഉദ്ഘാടനംചെയ്യാൻ 1955-ൽ നെഹ്റു സന്നിഹിതനായതും കലാമണ്ഡലത്തിനു അമ്പതിനായിരം രൂപ കേന്ദ്രസൎക്കാരിൽനിന്നു ധനസഹായം ലഭിച്ചതും പ്രധാനമന്ത്രിക്കു വള്ളത്തോളിനോടുണ്ടായിരുന്ന ആദരത്തിനു തെളിവത്രേ.

1956—ൽ കേരള സാഹിത്യഅക്കാദമി സംഘടിപ്പിച്ചപ്പോാം വള്ളത്തോളായിരുന്നു അതിന്റെ ഉപാദ്ധ്യക്ഷൻ. അദ്ധ്യക്ഷൻ സർദാർ കെ.എം. പണിക്കരും. സമസ്തകേരള സാഹിത്യപരിഷത്തിന്റെ പ്രശസ്തി വൎദ്ധിപ്പിച്ച നേതാക്കളിൽ ഒരാളെന്ന നിലയിലും വള്ളത്തോളിനെ സ്മരിക്കേണ്ടതുണ്ടു്. ആദ്യസമ്മേളനംമുതൽ പല വാൎഷികസമ്മേളനങ്ങളിലും അദ്ധ്യക്ഷനായും ഉദ്ഘാടകനായും സജീവപങ്കുവഹിച്ച വള്ളത്തോാം 1946—ൽ ഉള്ളൂർ പരിഷത്തിൻെറ സ്ഥിരാദ്ധ്യക്ഷസ്ഥാനം ഉപേക്ഷിച്ചപ്പോാം സ്ഥിരാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു. 1956 വരെ അദ്ദേഹം സ്ഥിരാദ്ധ്യക്ഷനെന്ന നിലയിൽ പരിഷത്തിൻെറ പ്രശസ്തി വൎദ്ധിപ്പിച്ചു.

മഹാകവി വള്ളത്തോളിൻെറ പ്രശസ്തി ഇതിനകം ഇന്ത്യയ്ക്കു പുറത്തും വ്യാപിച്ചു. ഇന്ത്യയ്ക്കു പുറത്തു സഞ്ചരിക്കുകയും മലയാളഭാഷയ്ക്കും സാഹിത്യത്തിനും ലോകസാഹിത്യത്തിൽ അംഗീകാരവും പ്രശസ്തിയും നേടിക്കൊടുക്കുകയുംചെയ്ത ആദ്യത്തെ മലയാളസാഹിത്യകാരൻ വള്ളത്തോാംതന്നെ. 1950-ൽ ലോകസമാധാനസമ്മേളനത്തിൽ സംബന്ധിക്കുവാൻ പോളണ്ടിലേക്കു പോയി. ഇംഗ്ലണ്ടു്, ഫ്രാൻസ്, ഇററലി എന്നീ പല രാജ്യങ്ങളും ആ ഘട്ടത്തിൽ സന്ദൎശിച്ചു. 1951-ലാണു് റഷ്യൻസന്ദൎശനം. വള്ളത്തോാംക്കവിതകാം പലതും റഷ്യനിലേക്കും മററുപല വിദേശീയഭാഷകളിലേക്കും വിവൎത്തനം ചെയ്യപ്പെട്ടു. 1953—ൽ സമാധാനക്കമ്മിററിയുടെ ക്ഷണമനുസരിച്ചു ചൈനയും സന്ദൎശിച്ചിട്ടുണ്ടു്. ഒരു വൎഷത്തിനുശേഷം കഥകളിയോഗവുമായി സിങ്കപ്പൂരും മലയയും സന്ദൎശിച്ചു.

Digitized By Kerala Sahitya Akademi

കേരളത്തിൻെറ അഭിമാനവും മലയാളസാഹിത്യത്തിന്റെ പ്രശസ്തിയുയർത്തിയ വള്ളത്തോൾ, 1958 മാർച്ചിൽ എറണാകുളത്തു ചെന്നു ചികിത്സ നടത്തിക്കൊണ്ടിരിക്കേ മാർച്ച് 13-നു രാത്രി അന്തരിച്ചു.

സി. പി. ശ്രീധരൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഭഗവൽസ്തോത്രമാല

1905—1915

Digitized By Kerala Sahitya Akademi

ഉള്ളടക്കം

ശ്രീവാസുദേവാഷ്ടകം
നാരായണാഷ്ടകം
ശ്രീഹനൂമദഷ്ടകം
ശൃംഗാരശിവാഭ്യുദയം
അംബാസ്തവം
ശ്രീപാർവ്വതീദശകം
ഭദ്രകാളീസ്തവം
ദേവീസ്തവം
വടക്കിൻനാഥൻ

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിൻെറ

മുഖവുര

മഹാകവി വള്ളത്തോളിനെ ആരുമാക്കും പരിചയപ്പെടുത്തേണ്ടാത്ത നിലയിലായിട്ടുണ്ടല്ലോ. അദ്ദേഹത്തിൻെറ സാഹിത്യവൈഭവവും കവിതാശക്തിയും കലാപ്രചരണപരിശ്രമവും എല്ലാം, അദ്ദേഹത്തെപ്പോലെതന്നെ സർവലോകപ്രസിദ്ധി നേടിക്കഴിഞ്ഞിട്ടുമുണ്ട്. എങ്കിലും പുസ്തകാകൃതിയിൽ വരാത്ത അസംഖ്യം കൃതികൾ ഇനിയും മാസികാദികളിൽ കിടപ്പാണ്. ആരോ പറഞ്ഞപോലെ, അതിമനോഹരങ്ങളായ മംഗളശ്ലോകങ്ങളും ചരമകാവ്യങ്ങളും ഗാനകാവ്യങ്ങളും സ്തോത്രകാവ്യങ്ങളും മററും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. പ്രസാധകന്മാരുടെയും പ്രകാശകന്മാരുടെയും ഗവേഷകന്മാരുടെയും മററും ദൃഷ്ടി ആ കൃതിമണ്ഡലത്തിലേക്ക് എത്താൻ വൈകിയിരിക്കുന്നു; വളരെ വൈകിയിരിക്കുന്നു. അവയിൽ സ്തോത്രശാഖയിൽ ഉൾപ്പെട്ടിരിക്കുന്ന ഏതാനും കൃതികളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം.

ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള ദേവീസ്തവം മാത്രമാണ് വള്ളത്തോൾ അയച്ചുതന്നിട്ടുള്ളതു്. മററുള്ളവ മാസികാദികളിൽനിന്നു തിരഞ്ഞെടുത്തു മഹാകവിയുടെ അനുവാദത്തോടെ ചേർത്തിരിക്കുകയാണ്. 1080 മുതൽ ഒരു ദശാബ്ദക്കാലത്തെ കൃതികളാണ് ഇതിൽ ഏറിയകൂറും. പല കാലത്തെ പല നിലവാരങ്ങൾ അനുസരിച്ച് പല സന്ദർഭങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന ഈ കൃതികൾക്കു സ്വാദുതയും പല തരത്തിൽത്തന്നെയാണ്. പുതുരീതികളേക്കാൾ പഴമ പഥ്യമായിരിക്കുന്നവർക്കു് ഇതു് അധികം രസാവഹവും ആയിരിക്കും. പരിശീലിച്ചാൽ പുതുമക്കാർക്കും രസിക്കാൻ കഴിയുംതാനും!

ദേവീസ്തവംമാത്രം അദ്ദേഹം സൂക്ഷിക്കാനും അയച്ചുതരാനും കാരണമെന്താണ്? ഉണ്ട്, തക്ക കാരണമുണ്ട്. അതേ മഹാകവി സൂക്ഷിച്ചിട്ടുള്ളൂ; അതേ മനസ്സുവെച്ച് എഴുതിയിട്ടുമുള്ളൂ. വള്ളത്തോളിനെ മഹാകവിയാക്കിത്തീർത്തതു് ഇതിലെ ദേവീസ്തവംതന്നെയാണെന്നു പറയാം.

''വള്ളത്തോളിൻെറ ദേവീസ്തവതതി വെറുതേ മല്ലടിക്കട്ടെ'' എന്നു് ഒരു കവി, മറെറാരു കവിയുടെ കൃതിക്കു പ്രശംസാപത്രം നല്കിക്കാണുന്നതു്, വസ്തുതയിൽ വള്ളത്തോൾ കൃതിയുടെ പ്രശംസതന്നെയാണല്ലോ. വള്ളത്തോൾകൃതി മല്ലടിക്കാറുമില്ല, അടിച്ചാൽ വെറുതെയാവാറുമില്ല. നല്ലൊരു

Digitized By Kerala Sahitya Akademi

വ്യാഖ്യാനംകൂടി അതിന്നു വേണ്ടതായിരുന്നു. കൃത്യാന്തരപാരതന്ത്ര്യത്താൽ എഴുതാൻ സംഗതിയായില്ല. മിക്കതും 'വിലാസലതിക'യുടെ സൗന്ദര്യവും സാരസ്യവും സൗഭാഗ്യവും ഒട്ട് ഗ്രന്ഥരേണു തിങ്ങിനില്ക്കുന്നതാണ് ഈ കൃതി. ദേവീസ്തവത്തിൽ 'ഒറവങ്കരരാജ'ന്റെ കൃതികൾക്ക് ഒരനന്യാദൃശതയും അഭൗമതയും പറഞ്ഞുവരാറുണ്ട്. അതല്ലാതെ മറെറാന്നുംതന്നെ ഇതിലെ ദേവീസ്തവത്തിന്നു കിടനില്ക്കാൻ ഭാഷയിലില്ല എന്നാണു പറയേണ്ടതു്. എന്താണതിനു ഹേതു? വാഗ്ദാസോപനാമകന്റെ ശിഷ്യനും — വള്ളത്തോളും — വാസ്തവത്തിൽ ഒരു ശാക്തോപാസകനാണ്. ആ രഹസ്യം അനന്തരകവികൾ അറിഞ്ഞിരിക്കേണ്ടതുമാണ്. മററുള്ളവർ എത്രയൊക്കെ, എങ്ങനെയൊക്കെ എഴുതിയാലും, ''അതിനുമിതിനുമെത്രയുണ്ടു വൈജാത്യം''—എന്നായിപ്പോകുന്നതിനും ആ രഹസ്യംതന്നെ കാരണം. ആരുമെന്തും പറഞ്ഞുകൊള്ളട്ടെ, വള്ളത്തോളും അദ്ദേഹത്തിന്റെ മഹാകവിത്വവും കയറിക്കയറിത്തന്നെ വരും. നിരൂപകന്മാരും വിമർശകന്മാരുംകൂടി കവിവേഷം കെട്ടിച്ചതല്ല വള്ളത്തോളിനെ. ''പൂർവ്വവാസനാഗുണാനുബന്ധിപ്രതിഭാന''ത്തോടുകൂടിയ ഉപാസനയുടെ അത്ഭുതസിദ്ധി ''വിരിഞ്ചിപ്രേയസ്യാസ്തരുണവരശൃംഗാരലഹരീഗഭീരാഭിർവ്വാഗ്ഭിഃ'' 'സതാം രഞ്ജനം'സാധിച്ചിരിക്കുന്നതാണ് നാം വള്ളത്തോൾസാഹിത്യത്തിൽ കണ്ടുമുട്ടുന്നതു്. അതാണ് ആ സാഹിത്യം കൈകാര്യംചെയ്യുമ്പോൾ ''പ്രതീയമാനം പുനരന്യദേവ വസ്ത്വസ്തി വാണീഷു മഹാകവീനാം'' എന്നു നമ്മെക്കൊണ്ടു സമ്മതിപ്പിച്ചുകളയുന്നതും. അത്തരം വള്ളത്തോൾസാഹിത്യത്തിൽ അഗ്രഗണ്യതവഹിക്കുന്നതും അത്ഭുതവൈഭവം വിളങ്ങുന്നതുമായ ഇതിലെ ദേവീസ്തവാദികൾ, കവികൾക്കും സഹൃദയന്മാർക്കും ഭക്തന്മാർക്കും വ്യുൽപിൽസുക്കൾക്കും പലതരത്തിൽ പരമോപയോഗിയാണെന്നു വീണ്ടും വീണ്ടും ഊന്നിപ്പറയേണ്ടിയിരിക്കുന്നു. പരീക്ഷിച്ചു നോക്കുവിൻ!

ഒരുപുരുഷാന്തരത്തിലധികം കാലമായിട്ടും, ഇതെല്ലാം ചേർത്തു പുസ്തകരൂപത്തിലാക്കാൻ ആളുണ്ടായില്ലല്ലോ എന്നോർക്കുമ്പോൾ എനിക്കു് അത്ഭുതവും വ്യസനവും ഉളവാവുന്നുണ്ടു്. അത്രമാത്രം അന്തരിച്ചുപോയോ കേരളക്കരയുടെ ആസ്തിക്യം! അഥവാ, എനിക്കുവേണ്ടി, കെട്ടിക്കിടന്നതാവാം എന്നു സമാധാനിക്കട്ടെ!

ബ്രഹ്മവിലാസംമഠം
23-7-1126

പണ്ഡിതർ, ഇ. വി. രാമൻനമ്പൂതിരി

Digitized By Kerala Sahitya Akademi

ശുഭാശംസ

കരിമ്പുവില്ലന്റെ ലസത്കളേബരം
കരിച്ച നെഞ്ഞൂക്കു പറിച്ചെടുത്തുടൻ
കരിപ്രമാഥിപ്രഭുവെസ്സ്വയം വശീ-
കരിച്ച കാർവേണി കനിഞ്ഞു കാക്കണം!

പുരുമാധുരികൊണ്ടു പൂർണ്ണമോദം
വരുമാറുള്ളധരാമൃതത്തെ നിത്യം
പെരുമാറി വിഷാശിയെസ്സുധാശ-
പ്പെരുമാളാക്കിയ പെണ്ണു കണ്ണിടട്ടെ!

ത്രുക്ഷാമയപ്പട്ടപിശാചിനു സിദ്ധമന്ത്രം
സാക്ഷാൽ മഹേശനുടെ ധൈര്യവിഭേദയന്ത്രം
ദാക്ഷായണീഭഗവതിക്കെഴുമാക്കടാക്ഷ-
വീക്ഷാലവം വിപുലനന്മ വിതച്ചിടട്ടെ!

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ശ്രീവാസുദേവാഷ്ടകം

'ശ്രീ'വാസുദേവ, ഗുരുവായുപുരേശ, നിന്റെ
സേവാരസത്തിലധികം സുഖമെന്തിരിപ്പൂ?
ആ വാസവാദിസുരരും പണിയുന്നു, മുക്തി—
ക്കാവാസമാം തവ കഴല്ക്കു, വഴക്കു തീരാൻ! 1

'വാ'മാക്ഷിമാരിടയനാരികളോമനിച്ച
കാമാവമാനകരമാം തവ ദിവ്യരൂപം,
പൂമാനിനീശ, പുരുകൗതുകമോടുദഞ്ച—
ദ്രോമാഞ്ചകഞ്ചുകമണിഞ്ഞിവനെന്നു കാണും? 2

'സു'വ്യക്തമായ്സ്സുരവരാനുജ, സൂക്ഷ്മമാം നിൻ—
ദിവ്യസ്വരൂപമിതുദിക്കണമെൻമനസ്സിൽ;
ഭവ്യം ഭവിക്കുവതിനങ്ങതുതന്നെ പോരും;
ദ്രവ്യം തുടങ്ങിയതനർത്ഥനിമിത്തമത്രേ! 3

'ദേ'വത്വമെന്തിന,തുമസ്ഥിരമാണു, വാസു—
ദേവ, ത്വദംഘ്രിപരിചാരകനാകമെങ്കൽ,
കൈവല്യലക്ഷ്മി കളിയാടുവതിന്നു ചെന്തൃ—
ക്കൈവെല്ലികൊണ്ടുടനനുഗ്രഹമേകണം നീ! 4

'വാ'താലയേശ, വസുദേവകുമാര, മാര—
ജേതാവിനും ജയദമാകിയ നിൻപദാബ്ജം,
പ്രേതാധിപൻ പ്രകടകോപമൊടാഞ്ഞടുക്കും—
പോതാസ്ഥയോടു മമ ചേതസി തോന്നിടേണം! 5

'യ'ന്താവുതൻവടിവെടുത്തടരിങ്കൽ നീ, കാൽ—
ച്ചെന്താരണഞ്ഞ വിജയന്നു ജയം വരുത്തി;
എന്താചരിച്ചുമൊരു നന്മ നിജാശ്രിതന്മാ—
ക്കെന്താമരേക്ഷണ, ഭവാനുളവാക്കുമല്ലോ! 6

'ന'ന്ദന്റെ നന്ദന, നവാംബുദവർണ്ണ, പൂർണ്ണാ—
നന്ദസ്വരൂപ, തവ നാമജപത്തൊടെന്നും,

Digitized By Kerala Sahitya Akademi

മന്ദസ്മിതാമൃതമൊലിപ്പൊരു നിന്മുഖാര—
വിന്ദം നിനച്ചു മരുവാനിടയാകണം മേ! 7

'മ'സ്താധിരോപിതകരാഞ്ജലി ഞാനിതൊന്നി—
ന്നസ്താവലേപമവിടത്തൊടുണർത്തിടുന്നു:
വിസ്താരമുള്ള വിഷയക്കുഴി വിട്ടുപോരാൻ
ഹസ്താവലംബമരുൾകെൻ 'ഗുരുഗേഹനാഥ!' 8

നാരായണാഷ്ടകം

'ഓ'ങ്കാരാബ്ജമരന്ദമേ, മുനിമനോ—
ഭൃംഗവ്രജങ്ങൾക്കു നൽ—
പ്പൂങ്കാവേ, പുരുഷാശനപ്പരിഷയാം
വേനല്ക്കു കാലാഭ്രമേ!
തേൻകാൽ കൂപ്പിന വാണിമാർക്കൊരു
മുടിക്കല്ലായ പൂമങ്കയാൾ
താൻ കാമിച്ചു വളർത്ത പുണ്യതരുവിൻ—
കായേ, വണങ്ങുന്നു ഞാൻ. 1

'ന'ന്നായിട്ടു ഭജിക്കിലൈഹികസുഖം
നിസ്സാരമെന്നെങ്കിലും
തന്നാൽ തന്നു—ജഗത്തിലീയൊരു നില—
യ്ക്കുണ്ടീശ്വരന്മാർ പലർ;
എന്നാലെൻതിരുമേനിയോ, പടുദയാ—
വേശാൽ പരാനന്ദമാ—
കുന്നാത്മാവിനെയും സ്വഭക്തനു കൊടു—
ത്തീടുന്നവല്ലോ ഹരേ! 2

'മോ'ഹം ചേതസി വിശ്വമോഹനതനോ,
നിൻമായ നിർമ്മിക്കയാൽ
ദേഹം നിത്യമിതെന്നുറച്ചു, ദയിതാ—
പുത്രാദിവസ്തുക്കളിൽ
സ്നേഹം മൂത്തനിശം കിടന്നുഴലുമീ
മട്ടൊക്കെ മാറി ക്രമാൽ
സോഹംബുദ്ധി ഭവിക്കണം മമ ഭവൽ—
ക്കാരുണ്യപൂരത്തിനാൽ! 3

Digitized By Kerala Sahitya Akademi

'നാ'ൾതോറും, നാളിനാക്ഷ, നാന്മറ മുറ-
ള്ളോതുന്ന ധാതാവിനും
നേർതോന്നും മുനികൾക്കു മുഖ്യഗുരുവായ്'
മേവുന്ന സർവ്വജ്ഞനും
ചേതോമോഹമിടങ്ങിടങ്ങുളവതാ-
യാരും ഗ്രഹിക്കാത്തതാ-
മേതോ നിൻമറിമായമാണുലകിലി-
ക്കാണുന്ന കോപ്പൊക്കെയും. 4

'രാ'ജാവിന്നുമകിഞ്ചനന്നുമറിവു-
ള്ളാൾക്കും മഹാമൂഢനും
പൂജാർഹദ്വിജനും വെറും പറയനും
സ്വസ്ഥന്നുമസ്വസ്ഥനും,
ശ്രീജാനേ, ദൃഢമൈഹികേച്ഛയാരുപോ-
ലുന്നിച്ചുകാണുന്നു—നി-
ർവ്യാജാശ്ചര്യവിധായകം, ഹഹഹ, നിൻ-
മായാവിലാസോദയം! 5

'യ'ന്താവാണുലകത്തിനാസകലമെ-
ന്നാലും കിരീടിക്കു നീ
യന്താവായി; യമാത്മജൻ പറകയാൽ
കൈക്കൊണ്ടു ഭൃത്യത്തെയും;
ചെന്താർമാനിനിതൻവിലാസനിലയമേ,
ഭക്തർക്കു ഭൃത്യത്തിനാ-
യെന്താണാചരിയാത്തതാത്തകരുണൻ
ഭക്താനുരക്തൻ ഭവാൻ? 6

'ണാ'ന്നും നിൻതിരുനാമമൊന്നു തനയ-
പ്പേരാക്കി നാരായണ!
സ്വാന്തത്തിൽ ഭയമോടുരച്ചതുവശാൽ
പാപം നശിച്ചാ ദ്വിജൻ,
ശാന്തന്മാരണയുന്ന ശാശ്വതപദം
പ്രാപിച്ചുപോൽ പണ്ടി,ത-
ശ്ശ്രാന്തശ്രദ്ധമുരുക്കഴിക്കുമവനോ
പിന്നെക്കഥിക്കേണമോ? 7

"യ'ക്ഷാധീശ്വരപട്ടമോ മഹിതമാം
സ്വാരാജ്യസാമ്രാജ്യമോ
ത്ര്യക്ഷാദിത്രിദശാധികാരനിലയോ
വേണ്ടാ നമുക്കെൻവിഭോ!

Digitized By Kerala Sahitya Akademi

ലക്ഷാദിത്യസമാനമായൊരനഘ-
　　ജ്യോതിസ്സുചിന്നുന്ന നി-
ന്നക്ഷാമാദ്ഭുതചിൽസ്വരൂപമകമേ
　　കാണായ്‌വരേണം സദാ! 8

ശ്രീഹനൂമദഷ്ടകം

സാമർത്ഥ്യം മന്ത്രതന്ത്രങ്ങളിലുടയ മഹാ-
　　ബ്രാഹ്മണാഗ്രേസരന്മാ,-
രാമട്ടിൽ പണ്ഡിതന്മാർ, കവികൾ, കരളറ-
　　പ്പുള്ള കയ്യാങ്കളിക്കാർ,
കേമന്മാരാം നടന്മാരിവരുടെ ജനിഭൂ-
　　വാക'മാലത്തിയൂരേ'
ഗ്രാമം രക്ഷിച്ചുകൊണ്ടങ്ങനിശമരുളിടും
　　ശ്രീഹനൂമാൻ സഹായം! 1

വള്ളത്തോൾക്കോന്തുമേനോനവർകൾ സചിവനായ്-
　　നിന്ന വെട്ടത്തു രാജാ-
വുള്ളത്തിൽ പ്രീതി നാട്ടാക്കിയ ലിന നിലയിൽ
　　കാത്ത കാലം വിശേഷാൽ,
വെള്ളത്താർമങ്ക കൂത്താടിന ധരയിലക-
　　പ്പെട്ടൊരാലത്തിയൂരെ-
ന്നുള്ളസ്സദ്ഗ്രാമമാണ്ടോരഗണിതഗുണനാം
　　ശ്രീഹനൂമാൻ സഹായം! 2

കാലേ കാകുൽസ്ഥദേവന്നിയലിന കനിവാ-
　　ലാശു തെക്കേസ്സമുദ്രം-
പോലേ സംസാരമെന്നുള്ളൊരു നെടുകടലും
　　ഹന്ത! പിന്നിട്ടു കേറി
മാലേകീടുന്ന നക്തഞ്ചരപടലിയെയും
　　കാമലോഭാദിയേയും
ചാലേ വെന്നൊന്നടങ്ങീടിന ചതുരതരൻ
　　ശ്രീഹനൂമാൻ സഹായം! 3

വൃക്ഷംതോറും മദംപൂണ്ടളികളിളകുമാ
　　രാവണേന്ദ്രൻതൻകളിത്തോ-
പ്പക്ഷയ്യാടോപമോടേ ഝടിതി പൊടിപെട്ടു-
　　ത്തിട്ടതിൽ പുഷ്ടരോഷം

Digitized By Kerala Sahitya Akademi

രക്ഷസ്സൈന്യത്തോടൊത്തേററൊരു പടയടവിൽ
ദക്ഷനാമക്ഷനെത്തൻ–
കക്ഷത്താക്കിക്കശക്കീടിന കടുബലനാം
ശ്രീഹനൂമാൻ സഹായം! 4

ആ ലങ്കാതോരണത്തിൻമുകളിലുമവനീ–
മങ്കതൻകാല്ക്കലും ഭൂ–
പാലപ്പൂൺപാം കിരീടിക്കുടയ കൊടിമര–
ത്തിങ്കലും വാണപോലെ,
കാലൻപിൽ കൈതൊഴുന്നോരുടെ കരളിലുമാ–
ക്കാദളത്തോപ്പിലും ന–
ല്ലാലത്തൂരഗ്രഹാരത്തിലുമടിയരുളും
ശ്രീഹനൂമാൻ സഹായം! 5

സീതയ്ക്കുണ്ടായിരുന്നാക്കദനദഹനനെ–
ത്താനെടുത്താകെ വീശി
സ്വാതന്ത്ര്യത്തോടു ലങ്കാപുരി മുഴുവനെയും
ചുട്ടുപൊട്ടിച്ചു ഭസ്മം
മൈതങ്കം തൻഭുജാവിക്രമവിപുലയശോ–
രാശിയാണെന്നമർത്ത്യ–
വ്രാതത്താലേറെ വാഴ്ത്തപ്പെട്ടുമനിലസുതൻ
ശ്രീഹനൂമാൻ സഹായം! 6

ശ്രീമൽസൂര്യന്നു ശിഷ്യൻ, പവനനു തനയൻ,
സൂര്യപുത്രന്നമാത്യൻ,
രാമസ്വാമിക്കു ദൂതൻ, ജനകതനുജയാരം–
ക്കാമയം തീർത്ത വൈദ്യൻ,
ഭീമന്നണ്ണൻ, നിശാടക്കെതൃണതരനാം
കാല,നാലത്തിയൂരെ–
ഗ്രാമത്തിന്നുററദൈവം, ശ്രിതസുരതരുവാ
ശ്രീഹനൂമാൻ സഹായം! 7

ആരും വാഴ്ത്തുന്ന മേധാബല,മതുലവചോ–
ഭംഗി, വിത്തേശനുററം–
തീരും സമ്പത്തു മുമ്പായവ തടവിന നൽ–
ക്കേരളബ്രാഹ്മണന്മാർ
ചാരുത്വം ചേർത്തു കാലോചിതമിഹ നിജസ–
ത്ത്വോന്നതിക്കായ് നടത്തി–
പ്പോരും കർമ്മാവലിക്കും പെരിയ സുകൃതിയാം
ശ്രീഹനൂമാൻ സഹായം! 8

Digitized By Kerala Sahitya Akademi

ശൃംഗാരശിവാഭ്യുദയം

വിജയിച്ചരുൾവൂ പ്രിയാപദാന്തേ
വിഷകണ്ഠാഭരണൻ മനോജവൈരി;
ഗളബദ്ധകൃപാണനായ് സ്മരങ്കൽ—
ശ്ശരണംകൊൾവവനെന്നു തോന്നുമാറേ! 1

പ്രിയാപ്രണാമേ ശശിശേഖരന്റെ
സ്വപക്ഷ്മഘാലേക്ഷണകോണനോട്ടം,
പ്രസൂനബാണൻ ചിലമേൽത്തൊടുത്ത
മുൾക്കേതകപ്പൂങ്കുലപോലെ വെൽവൂ! 2

ജടയല്ലികൾ, ഗംഗയാം മരന്ദം,
വലയാകാരകപാലബീജകോശം,
ഇവയൊത്തു ജയിപ്പിതീശവക്ത്രം,
ഗളനഞ്ഞാം ചളിയിൽപ്പിറന്ന പദ്മം! 3

ഊക്കാനെടുത്തോരു കുടന്നവെള്ളമാ—
ക്കാപ്പായിടും പാമ്പു കടിച്ചു തീർപ്പതും
കാണാതെ വെൽവൂ വിജയാവിഹാസമേ—
റ്റാ,ര്യാമുഖൈകാർപ്പിതചിത്തനാം ശിവൻ! 4

ശിവാമുഖാബ്ജപ്രതിബിംബദർശനാൽ
വിറച്ചഴഞ്ഞീടിന കയ്യിൽനിന്നുടൻ
ഗളിച്ചുപോയ് വേർപ്പുകളാൽനിറഞ്ഞതാം
ശിവന്റെ തോയാഞ്ജലി വെൽവു നിർല്ലയം! 5

പ്രണയേർഷ്യകളിൽ പ്രിയാംഘ്രിലാക്ഷാ—
രസസന്ധ്യാഞ്ചിതമൗലിചന്ദ്രനീശൻ,
അവൾതൻവളയായ കാഞ്ചനത്തി—
ന്നുരകല്ലായ കഴുത്തുമായ്ജ്ജയിപ്പൂ! 6

ഉമയുടെ കഴൽവിരൽ—നടു ഞെരി—
യാണിയിൽ വെൽവൂ, നഖേന്ദുവെ വളർത്തും,
തളയെയിരട്ടിപ്പിച്ചും,
പ്രണയത്തുടരായു,മൈശശശിഖണ്ഡം! 7

ഋജുവാം മലമങ്കതൻ കണങ്കാൽ
വിജയിപ്പൂ. പതി കാല്ക്കൽ വീണിടുമ്പോൾ,
ഗിരിശൻവരെയും ജയിച്ച പൊല്ത്താർ—
വിശിഖൻതൻ വിജയധ്വജംകണക്കേ! 8

Digitized By Kerala Sahitya Akademi

'മടിതന്നിലൊളിച്ചിരിക്കയാണോ
പടു നാഗാനന'നെന്നു ബാഹുലേയൻ
പുട നീക്കിയപോതു സസ്മിതം ധൂ-
ർജ്ജടി കൈവെച്ച ശിവാകുചം ജയിപ്പൂ! 9

അംബാസ്തവം

ഒരു മദനവിരോധിയോഗിയാർതൻ-
തിരുവുടൽ പാതി പകുത്തെടുത്ത മങ്കേ!
നിരുപമരുചി നിന്നപാംഗലീലാ-
വിരുതിനു വീണു വണങ്ങിടുന്നു വീണ്ടും! 1

കളിർമലയിലുദിച്ചുവന്നു നാനാ-
ലളിതമനോഹരകല്പവല്ലിയാളേ!
ഒളിചിതറിന നിന്റെ തൃക്കരച്ചെ-
ന്തളിരിണ ഞാൻ തലതന്നിലെന്നു ചാർത്തും? 2

ഇളമതിയണിമൗലിതൊട്ടു തങ്ക-
ത്തളകരം കിലുങ്ങിന തൃപ്പദംവരെയ്ക്കും
കളമൃദുളമൃണാളനാളകേളീ-
വിളനിലമാം തവ മെയ്യ് നിനപ്പനമ്മേ! 3

വലമഥനവധൂടിമാർകളോമൽ-
ത്തലമുടിതന്നിലണിഞ്ഞ പൂക്കളാലേ,
പലവുരു പരിപൂജചെയ്ത തൃക്കാ-
ലലരടിയന്റെ മുടിക്കു വയ്ക്ക ദുർഗ്ഗേ! 4

പനിമലയുടെ പൈതലെങ്കിലും നീ
കനിവിടചേരുമൊരൊററ നോക്കിനാലേ
ജനിമൃതിമയമാം മഹാപ്രപഞ്ച-
പ്പനിയിതു മാററി പലക്കുമെന്നു കേൾപ്പൂ. 5

തവ വരുതിയിൽ നില്ക്കുവോർകളല്ലോ
ശിവദയിതേ, വിധിവിഷ്ണുമുഖ്യരെല്ലാം;
അവരെയനിശമെന്തിനാശ്രയിപ്പൂ?
ഭവതിയെമാത്രമിവൻ ഭജിച്ചുകൂടാം! 6

മലരണിമൃദുവേണി, മഞ്ഞുതിങ്ങും
മലയുടെ മങ്ഗളമംഗളക്കരുന്നേ!
മലയജമഹനീയമന്ദഹാസാ-
മലവദനേ, ജയ, മാമറക്കഴമ്പേ! 7

Digitized By Kerala Sahitya Akademi

തിരുകരത്തിലിളങ്കിളി, തിങ്കളേ—
ത്തിരുകിവെച്ച കരിങ്കുഴലീവിധം
വിരുതെഴും ഗിരിശാങ്കശരീരമാ—
മൊരു ചുകപ്പു സുഖപ്പൊടി പോടണം! 8

കാദംബിനീസമകളേബരകാന്തികൊണ്ടു
കാദംബവാടി സതതം കമനീയമാക്കി,
കാദംബരീസുരഭിലാനനയായി മേവും
കാദംബഗാമിനി കനിഞ്ഞു ശുഭം തരട്ടേ! 9

ഇമ്പം നല്കിന ശംഭുവിൻതിരുമുടി—
പ്പൈന്തിങ്കൾ, പാൽവെൺകതിർ—
ത്തുമ്പപ്പൂക്കൾ ചൊരിഞ്ഞു, പൂർണ്ണകലനായ്—
ത്തീരുന്നതിന്നാംവിധം,
ചെമ്പട്ടിൻമയമേന്തുമേതിനെ യഥാ—
കാലം ഭജിപ്പൂ, കലാ—
സമ്പത്തിന്നു നിധാനമാഗ്ഗിരിസുതാ—
പാദം തരട്ടേ ശുഭം! 10

ശ്രീപാർവ്വതീദശകം

വന്നിട്ടു നിന്നരികിലേറെ വിനീതനായി
നിന്നിട്ടു നിന്നൊടു, മൃഡാനി, 'നിദാന'മീ ഞാൻ
എൻ നിഷ്ഠുരാർത്തികളശേഷമുണർത്തുമാറു—
ണ്ടെന്നിട്ടുമെന്തു തിരുവുള്ളമലിഞ്ഞിടാത്തു? 1

ഓരോ വിചാരമകമേ വളരുന്നു; കയ്യിൽ,
നേരോർത്തിടുമ്പൊ,ഴൊരു ദമ്പടിപോലുമില്ല;
ആരോടു ഞാൻ പറയുമീയഴലൊ,ന്നു നീട്ടു—
കാരോമലാം തിരുമിഴിക്കടയദ്രികന്യേ! 2

ഇന്നേരമൊന്നുകിലകത്തഭിലാഷമേതും
വന്നേറിടാത്തവിധമാകണ,മല്ലയെങ്കിൽ
തന്നേക്കണം മുതലസാരമെനിക്കു, രണ്ടി—
ലൊന്നേററിടായ്കിൽ വിഷമം, വിഷകണ്ഠകാന്തേ! 3

പുള്ളിക്കുരംഗനയനേ, നെറികെട്ട പാപ്പർ—
പ്പുള്ളിക്കുമേ പുതിയ വൈശ്രവണത്വമേകാൻ
തുള്ളിക്കളിച്ച തവ കൺമുന പോരു,മൊന്നു
കൊള്ളിക്കുകായതിവനിൽ, കുളിർകുന്നിൽമാതേ! 4

Digitized By Kerala Sahitya Akademi

വേറിട്ടിടാതരിയ പിച്ചപിടിച്ചു പായ—
മാറിട്ടനേകനിനവെന്നെയലട്ടിടുന്നു;
വേറിട്ടൊരാളുമിഹ പിൻതുണയില്ല; തെല്ലു
കൂറിട്ടു ദൃഷ്ടി വിടുകെൻകുലശൈലകന്യേ! 5

എന്നെബ്ഭരിച്ചിടുകതന്നെയെനിക്കസാദ്ധ്യം;
പിന്നൊക്കഴക്കിനൊരു 'ഭാണ്ഡ'വുമുണ്ടു തോളിൽ;
ഇന്നെൻറയീ സ്ഥിതിയറിഞ്ഞൊരു തൃക്കടാക്ഷം
തന്നെങ്കിൽ നന്നു, തരുണേന്ദുകലാപകാന്തേ! 6

വയ്യിക്കഴക്കു പറവാൻ, പുരവൈരിവാമ—
മെയ്യിൽപ്പതിഞ്ഞ മലരമ്പമണിത്തിടമ്പേ!
നിയ്യിന്നു ചെററു മുതലെന്നിലണയ്ക്കു; തൻറെ
കയ്യിൽപ്പണം കരുതിടാത്തവനെന്തു സൗഖ്യം? 7

ദാരിദ്ര്യദാരിണി, ശിവേ, തവ സുപ്രസാദ—
നീരിൽക്കുളിച്ച തിരുനീലകടാക്ഷനോട്ടം
ആരിൽപ്പതിക്കുമവർതൻ തറവാട്ടിൽനിന്നു
പോരില്ല പൂമകളൊരിക്കലുമെന്നു കേൾപ്പൂ! 8

നിൻപത്തിലേതൊരു നരൻ പണിയുന്നു, വേണ്ട
സമ്പത്തവൻറെ തറവാട്ടിലടിച്ചുകേറും;
ഇമ്പത്തിലിങ്ങനെ നിനച്ചേഴയെൻറെ കാര്യം
'കമ്പ'ത്തിലാക്കരുതു കാലകൃതാന്തകാന്തേ! 9

ഗൗരീ, ത്വദീയചരണസ്മരണാലെനിക്കു
നേരിട്ടതില്ലിതുവരെയ്ക്കൊരു നന്മപോലും;
ഭൂരിപ്രസാദമിനിയെങ്കിലുമെങ്കലുള്ള
ദാരിദ്ര്യസങ്കടമൊഴിക്ക ദയാപയോധേ! 10

ഭദ്രകാളീസ്തവം

ഉങ്കാളമൂർഖടെമൊടീ,യുലകിന്നൊരുത്രന്നാം
നിങ്കാലിണയ്ക്കു പണിയാതെ, ഞെളിഞ്ഞിരുന്നാൽ,
തങ്കാ സുഖസ്ഥിതി തരിമ്പുമൊരാൾക്കു,മെന്നോ—
ത്തങ്കാളി, നിൻറെ ഭജനത്തിനു ഞാൻ തുനിഞ്ഞേൻ. 1

വൻകാളകൂടവിഷനീ'രമരേത്തു' ചെയ്തോ—
രെൻകാളകണ്ഠനുടെ കണ്ണിലുദിച്ച കന്യേ!
ശങ്കാലവം തടവിടാതൊരു ശാന്തിയേന്തി
നിങ്കാലകത്തു കരുതുന്നിതു ഞാൻ 'നിദാനം'. 2

Digitized By Kerala Sahitya Akademi

ടങ്കം തുടർന്നവ ധരിച്ച ഹരന്റെ കട്ട—
പ്പൊങ്കന്യകേ, പെരുത്ത ശാന്തരസത്തെ വീഴ്ത്തി
പങ്കംപെടും മമ മനം കഴുകിത്തുടച്ചു—
തിങ്കൽ സദാ കുടിയിരിക്കുക; കുമ്പിടാം ഞാൻ! 3

തിങ്കൾക്കിരീടനുടെ നന്മടിയംബരാന്ത—
ത്തിങ്കൽക്കിടന്നു കളിയാടിന കാളി, നീതാൻ,
എങ്കൽ പെരുത്ത പരിതാപമൊഴിക്കുവാൻ; നി—
ശ്ശങ്കം ദയാമഴ പൊഴിക്കണമാവതോളം. 4

അങ്കത്തിലന്തകനെ വെന്നെഴുമീശ്വരന്റെ—
യങ്കത്തിനാഭരണമായരുളുന്ന തായേ!
വങ്കത്തമേറുമടിയന്റെ മനസ്സിലുള്ള
വങ്കത്തലാററി വരമേകുക; വന്ദനം തേ! 5

കങ്കേളിബാണനുടെ മേനി കരിച്ചവന്റെ
മങ്കേ, മദീയപരദൈവതമേ, 'നിദാനം'
കെങ്കേമരാം മുനികൾ വാഞ്ഛിന മോക്ഷലക്ഷ്മീ—
സങ്കേതമാം തവ പദദ്വയമാശ്രയം മേ. 6

ഹുങ്കാരമിട്ടണയുമാശരർതൻദുരന്താ—
ഹങ്കാരമാകുമടവിക്കൊരു കാട്ടുതീയേ!
തങ്കാതെയായ്‌വരണമീശ്വരി, ജാഡ്യമെന്നാ—
ണെങ്കാമ,മായതിനു നിൻഭജനം പ്രധാനം. 7

എൻകാലദോഷമൊഴിവാൻ തൊഴുതേൻ പദം തേ;
വൻകാലമല്ലനെ വധിച്ചവനുള്ള കുഞ്ഞേ!
ഹുങ്കാശയേ തടവി നിന്നുടെ കല്പവൃക്ഷ—
സങ്കാശമാം കഴൽ തൊഴാത്തവനെന്തു സൗഖ്യം? 8

തങ്കക്ഷമാധരനെടുംപടവില്ലെടുത്താൾ—
തങ്കണ്ണുകൾക്കൊരു രസായനമായ തായേ!
തങ്കൽ സദാ തടവുമീ വികടപ്രപഞ്ചാ—
തങ്കം വിടാൻ തവ നിഷേവണമാചരിപ്പൻ. 9

സങ്കല്പജപ്രതിഭടസ്ഫുടപുണ്യരാശേ!
സങ്കല്പവേളയിൽ മഹർഷികൾ കാണുമമ്മേ!
വങ്കല്പവൃക്ഷനവപല്ലവതല്ലജൗഘ—
ത്തിങ്കൽ പരാജയമണച്ച പദം തൊഴാം തേ. 10

ഓങ്കാരസാരമയി, കമ്പിതഖഡ്ഗവല്ലീ—
ഝാങ്കാരഭീഷിതസമസ്തസുരാരിവർഗ്ഗേ!
ഞാൻ കാളി, നിന്നുടയ കൺമുനവണ്ടുകൾക്കു
പൂങ്കാവതായിവരണം, കരുണാപയോധേ! 11

Digitized By Kerala Sahitya Akademi

മാങ്കയ്യൂർതൻമിഴിമഹോത്സവമാം ശിവേ, നീ
മാങ്കയ്യൊഴിക്കരു,തിവൻ തവ ദാസനല്ലേ?
ഞാൻ കഷ്ടദോഷമികവാർന്നുഴലുന്നു; ക്ഷേതി—
ത്തേൻ കല്മഷങ്ങളി, ചൊരികെൻകരതാരിലെന്നും. 12

ദേവീസ്തവം

സൗന്ദര്യപ്രശംസ:

ലാവണ്യാവാസഭൂവാം കടലുടെ മകളും
കാണുകിൽ കാല്ക്കൽ വീഴും
ലാവണ്യാഡംബരത്താൽ സ്മരനുടെ കഥ തീ—
ർത്തോരു സന്ന്യാസിയേയും
പൂവമ്പഭ്രാന്തിൽ നീന്തിച്ചു,വനുടെയുടലും—
കൂടി വീതിച്ചുമേടി—
ച്ചേവം പാരാളുമമ്മേ, തവ വിശദവിലാ—
സങ്ങളും വിശേഷാത്തരങ്ങളും! 1

പാലാഴിപ്പെണ്ണുമാ വാണിയുമണിവലയ—
ക്വാണമോലും കരത്താൽ
ചേലായ് വീശുന്ന വെൺചാമരമിരുവശവും
ചേർന്ന നിൻചാരുവക്ത്രം,
ലീലാകുഞ്ജമരാളദ്വയനടുവിൽ വിള—
ങ്ങുന്ന ചെന്താമരപ്പൂ—
പോലായ്ക്കാമേശി, കാമേശ്വരമധുപനമ—
ന്ദോത്സവം നല്കിടുന്നു! 2

കുന്തൽക്കൊപ്പം സുവർണ്ണപ്രചുരനവകലാ—
പാഞ്ചിതം നിൻകഴുത്തും;
കാന്തപ്പോർകൊങ്ക മുക്താവലിപരിലസിതം
തുപ്പദംപോലെതന്നെ;
സ്വാന്തം കക്കുന്ന കൈത്താരിനുമണിവളവ—
മ്പുറ ചില്ലിക്കുമില്ലേ?
ശാന്തന്നും മാരമാലേകിയ രമണി, മഹാ—
വിസ്മയം ത്വത്സ്വരൂപം! 3

അന്നാളീകാസ്ത്രനെത്തൻ കനലെരിമിഴിയിൽ
പാററയാക്കാൻ മിടുക്കു—
ണ്ടെ,ന്നാലും നിൻവിയോഗാൽ സ്മരദഹനശിഖാ—
ദഗ്ദ്ധനായ് രുദ്രദേവൻ;

Digitized By Kerala Sahitya Akademi

ചെന്നാത്താപം കെടുപ്പാൻ തപനതനുജയാ—
മാററിൽ മുങ്ങിക്കിടന്നാ;—
നന്നാൾതൊട്ടാണു ദാക്ഷായണി, പുകനിറമീ
വൻനദിക്കെന്നു കേൾപ്പൂ! 4

വിക്രമപ്രശംസ:

തുള്ളിച്ചാടുന്ന കണ്ഠീരവനുടെ മുതുക—
ത്തേറി വാൾമിന്നലോട്ടും,
വെള്ളിക്കുന്നിൻമുടിക്കമ്പിന കരിമുകിലിൻ—
കാന്തി കാണിച്ചുകൊണ്ടേ,
തള്ളിക്കേറും ജഗദ്ദ്രോഹികളുടെ കടുചെ—
ഞ്ചോര വർഷിച്ചു പാരി—
ന്നുള്ളിൽ താപം കെടുത്തീടിന തവ കനിവേ
താങ്ങെനിക്കുള്ള തായേ! 5

താളാരാൽക്കണ്ടു തായാടിടുമൊരു ശിശു പോയ്—
ക്കൊഞ്ചീടുംപോലെ, തൃക്കൈ—
വാളാലഞ്ഞുന്നരിഞ്ഞാക്കറിനദിതിജർതൻ—
കണ്ഠരക്തക്കളത്തിൽ
ക്ഷ്വേളാഘോഷത്തൊടത്യുൽക്കടനടനരസം
പൂണ്ടു നൃത്തം ചവിട്ടും
കാളാംഭോദാഭയാം നിൻകഴലഹിതഭയാൽ
കാളി, കാക്കേണമെന്നെ! 6

ആട്ടം സന്ധ്യയ്ക്കനുഷ്ഠിപ്പവനുടെ ദയിതേ,
പണ്ടു നിൻപൊന്നുഴിഞ്ഞാ—
ലാട്ടത്തിൽ സംഭ്രമം തത്സഹജനമകതാ—
രാട്ടുമുണ്ടായി, കൊള്ളാം;
കൂട്ടററെപ്പേക്കുമൂന്നാകിയ ഭവതി കനി—
ഞ്ഞാടിയുംകൊണ്ടിരിക്കെ—
ക്കോട്ടം തീർന്നാടലില്ലാത്തൊരു നിലയുലകി—
ന്നൊത്തതാശ്ചര്യമല്ലോ! 7

മോദംപൂണ്ടാദിതേയോത്തമരസുരപരാ—
ഭൂതിസംഭൃതമാകും
സാദം സർവ്വത്ര നീങ്ങുംസമയമറിയുമാ—
റുച്ചലിച്ചുച്ചഘോഷം
നാദബ്രഹ്മോപദേശം നിയമികളിൽ നട—
ത്തുന്ന നിൻചാരുഘണ്ടാ—
നാദം തെല്ലൊന്നു കേട്ടാലിവനിഹ കൃതികൾ—
ക്കിന്ദ്രനെൻചന്ദ്രഘണ്ടേ! 8

Digitized By Kerala Sahitya Akademi

സന്നാഹം പൂണ്ടെതിർത്തെത്തിയ ദിതിജരുമായ്—
പ്പോരിടുംനാളിലെന്തോ
നിന്നാസ്യത്താരിലും വിണ്ണിലുമലഘു സുരാ—
മോദമൊപ്പം വളർന്നു;
ചൊന്നാൽത്തീരില്ല നിൻപ്രാഭവമഹഹ, മഹാ—
ദേവി, പോത്തായ ദൈത്യൻ
നിന്നാലാക്രാന്തനായപ്പൊഴുതസുരഹിതാ—
വസ്ഥ വീണ്ടും വഹിച്ചു. 9

വീതാബാധം വിരോധിവ്രജഗളമരിയും
പള്ളിവാളിന്നുമുള്ളിൽ
സ്ഫീതാനന്ദത്തൊടാട്ടം തുടരുമനിമിഷ—
സ്ത്രീകരംതൻകാൽത്തളിക്കും
മാതാവേ, ശീഘ്ര സേവിപ്പൊരു തിരുവദന—
ത്തിന്നുമൊന്നിച്ചു താമ്ര—
ശ്രീ താമ്രധ്വംസനാനന്തരമരുളിയ നിൻ—
യുദ്ധലീലക്കു കൂപ്പാം! 10

പാദപ്രശംസ:

നാലാമ്നായപ്പെരുംപൊയ്കയിലരുണനറും—
താരണച്ചും സ്വതേജ—
സ്സാലം യോഗീന്ദ്രചിത്താബ്ധിയിലൊരു പവിഴ—
പ്പുററിനെപ്പെററുവെച്ചും
ലീലാകോപങ്ങളിൽ ധൂർജ്ജടിയുടെ ജടയാം
വല്ലിയിൽ പല്ലവശ്രീ
ചേലായ്ച്ചേർത്തും ജയിക്കുന്നിതു പരമശിവേ,
ഹന്ത, നിൻതൃപ്പദാന്തം! 11

ലീലാപൂർവ്വം, ''ലുലായാഭിധഭുവനമഹാ—
കണ്ടകാഘാതകർമ്മ—
ത്താലാര്യസ്ത്രീ ചോരച്ചിതു പദതല''മെ—
ന്നാളിമാർ ചൊല്ലിടുമ്പോൾ,
കാലാരിസ്വാമി സംഭ്രാന്തിയൊടുപഗതനായ്,—
ക്കണ്ടകം പൂണ്ട തൃക്ക—
യ്യാലാമ്മാറങ്കമേററീടിന തവ ചരണം
ദേവി, സേവിപ്പനെന്നും! 12

ആരക്താഭം രജസ്സാകിയ ഗുണമിയലും
ബ്രഹ്മദേവൻെറ തേജ—
സ്സാരംതാനാകയാലോ തവ പദയുഗളി—
ക്കിത്ര പാടല്യമമ്മേ?

Digitized By Kerala Sahitya Akademi

ദൂരം ലാക്ഷാനുലേപദ്വിഗുണിതരുചിയാ–
മായതിൽ പററിനില്ക്കും
ധീരസ്വാന്തത്തി,നെന്തത്ഭുത,മൊരുപൊഴുതും
രാഗസംയോഗമില്ല! 13

ശ്രീലാക്ഷാലിപ്തമാം നിൻകഴലിനുടെ ചവു–
ട്ടേററശോകീഭവിക്കും
ഫാലാക്ഷൻ തത്പദാങ്കാരുണകുസുമലസ–
ന്മൗലിയായ് മേവിടുമ്പോൾ,
കൈലാസാരാമദേശ,"ത്തിവിടെയൊരു വസ–
ന്തം നടന്നു ശിവേ നിൻ–
ലീലാകോപത്തിനാലെ"ന്നയി തവ സഖിമാർ
ചൊന്ന സൂക്തം ജയിപ്പൂ! 14

സൗരഭ്യപ്രൗഢി നേടാൻ സുരഭിസഹജയാം
ദിവ്യവൃക്ഷാളി പെററു–
ള്ളോരപ്പൂവും സുരപ്പെൺപുരികുഴൽവഴിയായ്–
വന്നു സേവിപ്പതായി,
നീരന്ധ്രാമോദസമ്പത്തിനു വിളനിലമാം
നിൻപദാംഭോജമല്ലം
നേരം ശർവാണി, ദുർവാസന കളവതിനെ–
ന്നുള്ളിലർപ്പിച്ചിടേണം! 15

അല്ലൽപ്പാടാളുകൾക്കേകിയ മഹിഷമഹാ–
ദൈത്യമൂർഖന്റെ ശീർഷ്–
ക്കല്ലെമ്പമ്പോ, ചവുട്ടിജ്ഝടിതി പൊടിപെട്ടു–
ത്തിട്ടൊത്രുക്കള്ളതായി,
കില്ലററുൽകൃഷ്ടഹംസാളികൾ തിരയുവതായ്,–
ച്ചണ്ഡികേ, രണ്ടുമട്ടും
മല്ലശ്രീപൂണ്ട തൃക്കാലടിയടിയനുദി–
ക്കേണമുൾക്കാമ്പിലെന്നും! 16

ഭീമപ്രോദ്യത്തമോബാധകളഖിലമൊഴി–
പ്പിച്ചു, ലോകത്തിനേററം
വൈമല്യം ചേർത്തു, ബോധോദയമരുളുവതാ–
യുള്ള നിൻതൃപ്പദാന്തം,
ആമട്ടാപൂർണ്ണമായോരരുണഗുണമിയ–
ന്നിട്ടു,മിന്ദ്രാദിദേവ–
സ്തോമത്തിൻപാണിപദ്മങ്ങളെ മുകുളിതമാ–
ക്കുന്നതെ,ന്താദിമായേ? 17

Digitized By Kerala Sahitya Akademi

സ്വാരാജ്യശ്രീജനത്തിൻസുരുചിരതരസീ--
    മന്തവീഥിക്കു യത്നം
ചേരാതേ സാന്ദ്രസിന്ദൂരരചന പെട്ടു—
    ത്തുന്ന നിൻതൃപ്പദത്തിൽ
ആരാജിക്കുന്ന രാഗപ്രചുരിമ, ഹരചി—
    ത്തേശി, വൈരാഗ്യപുണ്യ—
ന്മാരായിത്തീർന്ന ഭക്തക്കുടയ കരളിൽനി—
    ന്നാഹരിച്ചുള്ളതാണോ? 18

കാമക്ഷേമോദയാഡംബരവിളനിലമായ്,—
    ക്കാമകോടിസ്ഥമായി,
പ്രേമം കൈക്കൊണ്ടു കാമേശ്വരനണിമടിയിൽ
    ചേർപ്പതാം ത്വൽപദത്തെ
കാമം കാമാക്ഷി, ഭക്തിസ്ഥിരതപെടുമക—
    ക്കാമ്പൊടനന്യനമാം നി—
ഷ്കാമത്വത്തിന്നുവേണ്ടിസ്സുകൃതികളുപസേ—
    വിച്ചുപോരുന്നു, ചിത്രം! 19

മഹിമാതിശയം:

പാരെല്ലാററിന്നുമുൽപാദനഭരണവിനാ—
    ശങ്ങൾ നിത്യം നടത്തു—
ന്നോരെന്നാരും പുകഴ്ത്തും കമലജകമലാ—
    കാന്തകാലാന്തകന്മാർ
നേരെന്തോ കണ്ടുവെയ്പ്പാൻ നിജനികടമണ—
    ഞ്ഞപ്പൊഴാ,ധീരരേയും
തീരെപ്പെണ്ണുങ്ങളാക്കീടിന തവ മഹിമ—
    യ്ക്കുററമെങ്ങാദിമായേ? 20

പീനാമോദേന വാണീഭഗവതി നടമാ—
    ടുന്ന വൈരിഞ്ചവക്ത്ര—
സ്ഥാനാൽ താനേ പുറപ്പെട്ടുലകിനു വെളിവുൾ—
    ച്ചേർത്ത വാക്യങ്ങൾപോലും,
മാനാതീതങ്ങളാം നിന്നുടെ മഹിതവിലാ—
    സങ്ങൾ വർണ്ണിച്ചു തീർപ്പാൻ
മാനാലേർപ്പെട്ട മായാശബരി, തവ കളി—
    ശ്വാക്കളായ്ത്തീർന്നുവല്ലോ! 21

ദാരിദ്ര്യം പ്രാജ്ഞനേകുന്നിതു; പശുസമനോ
    സർവ്വസമ്പൽസമൃദ്ധൻ;
പോരിൽ തോല്ക്കുന്നു ശൂരൻ; ജയമൊരു ഭയശീ—
    ലന്നു കൈവന്നിടുന്നു;

Digitized By Kerala Sahitya Akademi

ഭൂരിക്ലേശം ബലാഢ്യന്നനുഭവ;—മബല—
ന്നെപ്പൊഴും സൗഖ്യമത്രേ—
പാരിൽ ശ്രീയോഗമായേ, തവ കളികളിലെ—
സ്സാരമൊന്നാരറിഞ്ഞു? 22

പാരം പാരാകെ വേണ്ടുംപരിചിനു കടലാ—
സ്സാക്കി, നീരാഴമേറും
പാരാവാരത്തെയെല്ലാം പരശിവദയിതേ,
നന്മഷിപ്പാത്രമാക്കി,
പോരാ, നിശ്ശേഷപക്ഷിപ്പരിഷകളുടെയും
തൂവലും പൂണ്ടതന്ത്ര—
ന്മാരായ്ബ്ബാണാസുരന്മാർ പലരെഴുതുകിലും
തീരുമോ നിൻഗുണങ്ങൾ? 23

നാനാസൃഷ്ടികൾ കല്പിപ്പിതു നളിനഭവൻ
ദേവി, നിൻചോദനത്താൽ;
മീനായും കൂർമ്മമായും മുഹുരപി വിഷമി—
ക്കുന്നു ദൈത്യാരിദേവൻ;
കീനാശദ്വേഷി ലോകക്ഷപണവിവശ,നീ
മൂന്നുപേക്കും നിവർത്തി—
പ്പാനാകുന്നീല സാംസാരികസരണിയിൽനി,—
ന്നീ നരക്കെന്തു പിന്നെ? 24

നേരായിത്തത്ത്വമസ്യാദിമനിഗമവച—
സ്തത്ത്വമോക്കും മുനീന്ദ്ര—
ന്മാരാവോളം സമാധിസ്ഥിരതപെടുമക—
ക്കണ്ണിനാൽ കാണ്മതായി,
ആരാലും വേർതിരിച്ചോതിടുവതിനെളുതാ—
കാത്തതായ്, നിത്യമാകും
സാരാനന്ദപ്രകാശാത്മകവിമലപര—
ബ്രഹ്മമാണംബികേ, നീ. 25

മന്ത്രമാഹാത്മ്യം:

എല്ലാ ലോകങ്ങളും തീർത്തതുളുമൊതു പെരും—
തച്ചനേറ്റെപ്പുകഴ്ത്തി—
ച്ചൊല്ലാവുംമട്ടിലുണ്ടാക്കിയ തവ 'കവചം'
ദേവി, നെഞ്ചിൽ ധരിച്ചാൽ
നില്ലാതായാൾക്കു നാനാമുറിവുതകുമന—
ർത്ഥായുധവ്രാതപാതം
പുല്ലാക്കിജ്ജീവിതായോധനവിരുതിലണി—
പ്പൊൻജയത്തൂണു നാട്ടാം! 26

Digitized By Kerala Sahitya Akademi

ശോകാലമ്പേററ പന്നിത്തടിയനണയവേ,
ബിന്ദുകൂടാതെതാൻ ര—
ണ്ടേകാരം ലോകസാധാരണനിലയിലുര—
ച്ചോരു മൂഢദ്വിജന്നും
വൈകാതെൻവാണിമാതേ, വരകവിത വശ—
പ്പെട്ടു വാല്മീകിതൻമ—
ട്ടേകാന്തഖ്യാതി കിട്ടീ; മഹിതമഹഹ! നിൻ—
മന്ത്രബീജപ്രഭാവം! 27

സ്വാലോകാലോകഖലത്വം പെരുകിന ജലവൃ—
ന്ദത്തിനും ശുദ്ധിചേർപ്പോ—
നാ ലോപാമുദ്രതൻവല്ലഭനൃഷിവരനും
സ്വാത്മശുദ്ധിക്കവേണ്ടി,
മൂലോകാധീശി, മുമ്പാണ്ടിട ഭ്രതപദതാ—
രാശ്രയിച്ചുഗ്രഭക്തി—
ച്ചേലോടാർജ്ജിച്ച നാമത്രിശതി തവ ജപി—
ക്കുന്നവനെന്തസാധ്യം?! 28

വ്യോമം കുത്തിത്തുളയ്ക്കും മുടിയൊടുയരുമോ
വിന്ധ്യനെപ്പണ്ടു, പഞ്ചി—
സ്തോമത്തെപ്പോലെപ്പസ്ഥിതിയിലൊരടിയാൽ
കീഴമർത്തുന്നതിനും
സാമർത്ഥ്യം നേടിയല്ലോ, ശിവ ശിവ! ലളിതേ,
നിന്റെ *'ഘുന്നൂറുപേരെ'—
ന്നാ മന്ത്രത്തിൻജപത്താലതികൃശതനുവാം
കുംഭജന്മാവുപോലും! 29

സ്ഫീതാഭോഗാലസംഖ്യം കലശശതസഹ—
സ്രങ്ങളും മുട്ടാതെ പാനം—
ചെയ്യാലും, ഹാനിതട്ടാത്തൊരു ജലധിജലം
കൈക്കൊള്ളുട്ടത്താക്കെയൊപ്പം
ഹാ, താൻതാനാചമിച്ചാൻ ദ്രുതമൊരു കലശ—
ത്തിങ്കൽനിന്നുദ്ഭവിച്ചോൻ;
മാതാവേ, നിന്റെ നാമത്രിശതിയുടെ ജപം
സർവസംസിദ്ധിമൂലം. 30

* ലളിതാസഹസ്രനാമം.

Digitized By Kerala Sahitya Akademi

സേവനപ്രശംസ:

ബ്രഹ്മാദിത്രീശ്വരർക്കും ജനനി, മുനിമനോ—
ലക്ഷിതേ, ലക്ഷലക്ഷ—
ബ്രഹ്മാണ്ഡൈകാധിനാഥേ, ബഹുലഖലകലോ—
ന്മൂലനോദാരശീലേ!
ബ്രഹ്മാധിഷ്ഠാനഭൂതേ, ഭഗവതി, ഭവതാ—
പാപഹേ, നിത്യപൂർണ്ണ—
ബ്രഹ്മാനന്ദാത്മികേ, നിൻഭജനരതി ഭവി—
ക്കുന്നതേ ഭാഗ്യമാക്കും! 31

മുക്കണ്ണൊത്തഞ്ചുമട്ടാകിയ നിറമുടയോ—
രഞ്ചുവക്ത്രങ്ങളൊന്നും,
തൃക്കയ്യീരഞ്ചിലമ്പ്ജാങ്കുശകമലകപാ—
ലാദിവസ്തുക്കളും പൂണ്ടും,
സൽകമ്രാർദ്ധേന്ദുചൂഡം വിലസിന തവ് ത—
ത്ത്വാത്മവർണ്ണസ്വരൂപം
ഹൃൽകഞ്ജത്തിൽ പതിഞ്ഞാൽ ശ്വപചനുമചല—
ബ്രഹ്മമേ, ബ്രഹ്മതുല്യൻ! 32

ശ്രീമത്തൃപ്പാദവും നിന്നുടെ സഹഭവനും
മല്ലവിദ്വേഷിയല്ലോ;
ഭീമൻ പഞ്ചാസ്യനല്ലേ ഭഗവതി, പകുതി—
ദ്ദേഹവും വാഹവും തേ?
കാർമട്ടും നിൻമുടിക്കും ശുഭമതി വിലസീ—
ടുന്നു നിൻഭക്തനും; പേ—
ർത്താമട്ടിൽ താതനും തേ ഭജനവിമു—
ഖനും ശുദ്ധമാടെന്നു കേൾപ്പൂ! 33

ശോണാകാരം നറുംതൃച്ചോടി, കുചയുഗളം
തുംഗഭദ്രാത്മകം, പൂ—
ബാണാരിക്കൊപ്പൊഴും നർമ്മദ ഭുജലത; നിൻ
വേണിയോ കൃഷ്ണതന്നെ;
ചേണാർന്നോരദ്രിജാതേ, പ്രഥിതനദനദീ—
രൂപമായുള്ള നിങ്കൽ—
ത്താണാരാപൂർണ്ണഭക്ത്യാ മുഴുക,മവനപ—
കാന്ദവിദ്ധൻ വിശുദ്ധൻ! 34

ശ്രേയസ്സിൻജന്മഭൂമേ, ജഡത, ഗുരുകള—
ത്തിലാസക്തി, മിത്രാ—
പായത്തിൽ സ്പഷ്ടമാകും രുചി, വളവിവ ചേ—
ർന്നോരു ദോഷാകരന്നും

Digitized By Kerala Sahitya Akademi

നീയൻപോടൊത്തു കൈക്കൊള്ളുകിലമൃതമയാ—
വസ്ഥ സിദ്ധിപ്പതാണെ—
ന്നീയർത്ഥം ബോധ്യമാകുന്നിതു തവ മകുട—
ത്തിങ്കൽ മിന്നും മൃഗാങ്കൻ! 35

കച്ചക്കില്ലാഞ്ഞു തോലാമുടപ്പുടവയുമായ്—
പ്പാഴ്ത്തലക്കിണ്ണമേന്തി—
പ്പിച്ചക്കായുഴന്നതെണ്ണും വിഷധരധരനെ—
പ്പിൻതുടർന്നീടുമമ്മേ,
ഇച്ചക്രം ചുററൽ നിന്നിങ്ങൊരു പൊഴുതുളവാം
കേവലാനന്ദമെന്നും
വെച്ചല്ലോ സേവ ചെയ്യുന്നിതു തിരുവടിയെ—
സ്സർവ്വസന്ന്യാസമേററോർ. 36

ആനത്തോൽമുണ്ടുടുക്കുന്നവനുടെ ഹൃദയ—
ത്തിങ്കലും, വാമദേഹ—
സ്ഥാനത്തും രാഗമേററീടുമൊരിളവെയിലിൻ
കാന്തലാം നിൻെറ ഗാത്രം,
ധ്യാനംചെയ്യുന്ന യോഗിപ്രവരനുടെ കരാം—
ത്താമരത്താർ വിടുത്തി
ജ്ഞാനത്തേനിട്ടൊഴുക്കുന്നിതു ജനനി, ജഗദ്—
ബോധദാനൈകതാനേ! 37

പ്രേമത്താൽ നീലകണ്ഠോത്സവമരുളിടുമെൻ—
കാളി, കാളായസൂന—
ശ്രീമത്തായ് നീപവാടിക്കൊരു നിബിഡനിറം
ചേർത്ത നിൻചാരുരൂപം
ക്ഷേമത്തോടൊന്നു കാണ്മാൻ പകലിരവിയലും
തൃഷ്ണയാലഗ്ര്യഹംസ—
സ്തോമംപോലും വഹിക്കുന്നിതു ശിവ! ശിവനേ!
ചാതകവ്രാതധർമ്മം. 38

യാദസ്തോമം തിമിക്കും കടൽ മണിയറയാം;
യോഗവിദ്യേ, വിഷാഗ്നി—
ക്ഷോദം പാടേ പൊഴിക്കും ഫണി പരിചിയലും
മെത്തയാം, മത്രയല്ല,
മോദത്താൽ ദാസിയാം പൂമക, ളധിഗതമാം
വിശ്വരക്ഷാധികാരം;
സാദം പററാതെ സർവ്വോത്തരമഹിമ ഭവ—
ത്സേവകന്നേവമുണ്ടാം. 39

Digitized By Kerala Sahitya Akademi

ആതങ്കം കൈവളത്തും കടുവിഷമമൃതായ്—
ത്തീർന്നിടും; പന്നഗേന്ദ്ര—
പ്രാതം മെയ്യുണ്ടമാകും; ഭഗവതി, ചുടല—
ക്കാടൊരുദ്യാനമാകും;
ഭൂതപ്രേതാദിവർഗ്ഗം പുനരടിമകളാ;—
മുജ്ജ്വലാപാംഗനോട്ടം
നീ തട്ടിക്കുന്ന ധന്യന്നൊരു ഭയലവമെ;—
ങ്ങായവൻ പാരിനീശൻ. 40

മൈനാകം കൃഷ്ണനെന്നീത്തവ സഹജരുമായ്—
ച്ചേർച്ചപൂണ്ടും, ത്വദംഘ്രി—
സ്ഥാനാന്തേ സേവചെയ്‌വാൻ നിജമകളെ മുദാ
നിർത്തിയും, നിൻപ്രസാദം
താനാർജ്ജിച്ചാഴി രത്നാകരതയൊടനിശം
പൂർണ്ണമായ് വാണിടുന്നു;
നാനാശ്രേയസ്കരം നിൻകനിവിഹ ജലരാ—
ശിക്കുമദ്രീന്ദ്രകന്യേ! 41

സാരഗ്രന്ഥാക്ഷമാലാഭയവരധരമാം
നാലു കൈയൊത്ത ലീലാ—
കാരത്തോടേ വിളങ്ങും ഭവതിയുടെ കൃപാ—
മന്ദഹാസാംശുലേശം,
സ്വൈരം സേവിച്ചു നേടിച്ചില സുകൃതിജനം,
സ്വച്ഛവർണ്ണസ്വരൂപേ,
പാരമ്പെർഗ്ഗൗരമാക്കീ പെരിയ കവിയശ—
സ്സായ പൂവെണ്ണിലാവാൽ. 42

സാരം കണ്ടെത്തി മെല്ലെപ്പുതുവിസനിഭയാം
നിന്നുറക്കം വിലക്കി—
പ്പാരം മേല്പോട്ടുയർത്തിദ്ദശശതദളമാം
താരിലാമ്മാറിരുത്തി,
സ്വൈരം വിശ്വേശി, നിന്നെത്തവ പരിജനമാം
ലക്ഷ്മിയെപ്പോലെ കാണും
ധീരൻ, ഹാ, നിൻപ്രസാദാമൃതലഹരിയിൽ
കേളിയാടുന്നിതെന്നും! 43

ലാളിത്യം, ഹന്ത, ലോകോത്തരമിയലുകിലും
ദുർഗ്രഹോദഗ്രഭാവം
മേളിച്ചും, പാർത്തറിഞ്ഞുള്ളവനൊരു പരമാ—
നന്ദസന്ദാത്രിയായും,

Digitized By Kerala Sahitya Akademi

കേളിക്കൊത്തുല്ലസിക്കും ശുഭകവിത, സദാ
ഭക്തർതൻദാസിയാകും
കാളി, ത്വദ്ദാസനല്ലാതെവനു വശഗയാ—
മങ്ങയെപ്പോലെതന്നെ! 44

നേരെത്താത്താണ്ഡവത്താൽ കലകളറുപത്തും
നാലുമൊപ്പം ചമച്ചോൻ
തീരെ പ്രേമാന്ധനായ്ക്കീഴ്പ്പെട്ടമമലകലേ—
ശോല്ലസന്മൗലിയാം നീ,
പാരെല്ലാം തീർത്തഴിക്കും പുരികലത കറ—
ഞ്ഞൊന്നിളക്കുന്നതായാ,—
ലാരെസ്സേവിക്കുകില്ലാ സകലകലകളും
ദാസിമാരെന്നപോലെ.* 45

ഉല്ലാസം നിൻവലങ്കണ്ണുരുളുമൊരിഷ്ടവും,
ത്ര്യംബകേ, നിന്മൊഴിക്കൊ—
ട്ടെല്ലാമൊക്കും രസം ചേർന്നൊരു ചിലയ്മെട്ട—
ത്തൊരു നിൻചാരുനോട്ടം
തെല്ലാരിൽത്തട്ടു,മപ്പൂരുഷനൊരു വികൃതാ—
കാരനായാലു,മെന്തോ—
ന്നില്ലാതോടിക്കിതച്ചെത്തിടുമവനിലനം—
ഗാർത്തിപൂണ്ടംഗനൗഘം. 46

ധീരം പോരാട്ടമാ വന്മഹിഷനുടെ തല—
ത്തട്ടടച്ചിട്ടതിന്മേൽ
നേരംപോക്കായി നൃത്തോത്സവകലവി തുട—
ർന്നോരു നിൻതൃപ്പദാന്തം
ആരൻപോടാശയത്തിൽക്കരുതുമനിശമാ—
പ്പുണ്യവാൻതന്നടുക്കൽ
സൈരം പോത്തിൻപുറത്തേറിടുമവനണയി—
ല്ലെന്നതാശ്ചര്യമാണോ? 47

അനുകമ്പാതിശയപ്രശംസ:

വേദം നാലും കവർന്നീടിന ദുരിതപരൻ
ദുർഗ്ഗമൻതന്റെ മുഷ്ടാൽ
സാദം ധർമ്മത്തിനേററീട്ടുലകഖിലമനാ—
വൃഷ്ടിയാൽ ചുട്ടെരിക്കേ,

* ''നർത്തനാഢ്യേ പരേശസ്യ ചതുഃഷഷ്ടികലാജനിഃ''
—പ്രദോഷസ്തോത്രം.

Digitized By Kerala Sahitya Akademi

ഭേദംകൂടാതെ നീയൊമ്പതുദിനമൊരുപോ-
ലക്ഷിനീർപെയ്തു പാരിൻ-
ഖേദം തീർത്തു; ശതാക്ഷി, വ്യഥിതരിലലിവി-
ത്രുജ്ജ മററാക്ക കാണം! 48

ജ്ഞാനപ്രശംസ:

വല്ലാതജ്ഞാനമെന്നുള്ളൊരു കടുതിമിരം
വാച്ചുയാൽ കാഴ്ച കുണ്ഠി-
ന്നില്ലാഞ്ഞിട്ടെങ്ങുമെത്തുംപിടിയുമിഹ കിട-
ച്ചാതെ ഞാൻ തപ്പിടുന്നു;
നില്ലാതീ നീണ്ട രോഗം നിഖിലമകലുവാൻ
നിൻകടാക്ഷാഞ്ജനക്കോ-
ലല്ലാതുണ്ടോ മരുന്നൊന്ന,ു തരിക കനി-
ഞ്ഞോഷധീശാവതംസേ! 49

കാമക്രോധാദിയാദോഗണപരിചിതമാ,-
യററമില്ലാത്തതായി,-
ബദ്ധീമത്വംപൂണ്ടിരിക്കും ഭവജലനിധിയിൽ
താണു കേണീടുമെന്നെ
ശ്രീമൽക്കൂർമ്മത്തിനൊത്തുള്ളൊരു പുറവടിയാ-
ലൊന്നു നീ പൊക്കിയെന്നാ-
ലീ മന്ദൻ മന്ദരാഗത്വമൊടമൃതരസം
നേടുവൻ വിഘ്നമായേ! 50

സൗഭാഗ്യപ്രശംസ:

ആകമ്രം മധ്യമുദ്യന്മണിഗുണനികരം,
നീലനീരന്ധ്രമേഘ-
ശ്രീകക്കും വേണി നൽസ്രഗ്ദ്ധര, പരിചിയലും
ശ്രോണിയോ പൃഥ്വിതന്നെ;
ശ്രീകണ്ഠങ്കൽ പ്രഹർഷിണ്യയി ഭഗവതി, നിൻ
ദൃഷ്ടി ഹാഹന്ത, ചിത്രം!
നൈകച്ഛന്ദോവിശേഷാകൃതിയിലമരുവോ-
ളാര്യയാണെങ്കിലും നീ! 51

ഐശ്വര്യദാതൃത്വം:

ഭീമാഭോഗം വിഷം കൊററിനു, കരിയുടെ തോ-
ലാട, കൂട്ടാളിമാരോ
കോമാളിപ്രേതഭൂതാദികഠം, ചുടല കളി-
ത്തോപ്പു, മെയ്ക്കോപ്പു സർപ്പം—

Digitized By Kerala Sahitya Akademi

സാമാന്യംപോലെയെന്താണയി, തവ കണവ—
ന്നുള്ളതെ,ന്നിട്ടമമ്മേ,
സീമാവില്ലാത്തൊരൈശ്വര്യമിതവന വരാൻ
കാരണം നിൻപ്രസാദം! 52

പാലാഴിപ്പെണ്മണാളൻ, പരമസുഭഗമാം
നിൻെറ പൂമേനി പുല്കും
കാലാരിത്തമ്പുരാനെച്ചിരമതിബഹുമാ—
നത്തൊടച്ചിച്ചൊട്ടക്കം,
ചേലാളം നിൻനിതംബത്തൊട്ട സമവടിവാം
ചക്രവും കൈക്കലാക്കി
സ്ഥൂലാനന്ദേന മേവുന്നിതു സകലരിലും
മേലെയായ്ശൈലകന്യേ! 53

പട്ടിന്നും തോലിപററുംപടി പരിമൃദുവാം
നിൻപദം മന്മനസ്സിൽ
തട്ടിക്കായ്വാനിതിന്നുള്ളൊരു കഠിനതയോ
കാരണം? കഷ്ടമോർത്താൽ;
കട്ടിപ്പാറസ്സുനേരാം മഹിഷനുടെ തല—
ത്തട്ട തീരെച്ചവുട്ടി—
പ്പൊട്ടിക്കാമെങ്കിലിസ്സാധുവിനുടെ മതികാ—
ക്ശ്യമിങ്ങെന്തു സാരം? 54

അനുഗ്രഹാശംസ:

കൂത്താടിക്കാസരത്തിൻമുടിയിലരുളിയോ—
രംബികേ, ഹന്ത ശുദ്ധം—
പോത്താണല്ലോ ദൃഢം ഞാനനവരതജലോ—
പാശ്രയപ്രാപ്തപങ്കൻ;
ഓത്താകും പാരിജാതക്കൊടിയുടെ മുകളിൽ
ചേർന്ന മിന്നുന്ന ചെന്തൃ—
ക്കാൽത്താരെൻമൂദ്ധ്നി വെയ്ക്കാനൊരു രസമവിട—
ത്തേക്കു തോന്നാത്തതെന്തോ? 55

വാനത്തെഗ്ഗംഗയെത്തൻനെറുകയിലണിയു
ന്നോനു കാമപ്പനിപ്പി—
ച്ചുനംകൂടാതണയ്ക്കും പണിയുടയ പനി—
പ്പർവ്വതപ്പൈതലാളേ,
നൂനം സംസാരഘോരപ്പനിയെഴുമവരെ
സ്വാനുകമ്പാരസത്തിൽ
സ്നാനംചെയ്യിച്ച സൗഖ്യസ്ഥിതിയരുളിവിടും
നിൻെറ വൈദ്യം വിചിത്രം! 56

Digitized By Kerala Sahitya Akademi

ശ്രീവിദ്യാമുക്തിദാതൃത്വം:

ശ്രീവിദ്യാമുക്തിനല്ലാർകളിലധികതരം
കാമമോലും പുമാന്മാ—
രാവിസ്സന്താപരായ് നിൻനഖകിരണനറും—
ചന്ദനം പൂശി മെയ്യിൽ
ദേവി, ത്വൽപാദരക്തോൽപലരുചിനിരയാം
പല്ലവൗഘം വരിക്കും
ഭൂവിൽത്തന്നേ കിടക്കുന്നിതു തവ കൃപയാം
തോഴിയെക്കാത്തജസ്രം. 57

പാപനിവേദനം:

ലോകാഭിവ്യാപ്തയാം നീ ഹരമഹിഷി, മണാ—
ളന്റെ മെയ്ക്കോപ്പിനൊക്കു—
ന്നാകാരം പൂണ്ടകത്തിങ്ങനെ കതകുമട—
ച്ചിട്ടറങ്ങിക്കിടക്കേ,
ശോകാവേഗാത്തനാമെൻമുറവിളി വെറുതേ—
തന്നെ; നിൻനിദ്ര നീങ്ങി—
പ്പോകാനോ, പുഷ്പവാന്മാരൊട്ടു പൊരുതു ജയി—
ക്കേണെ;—മെന്നാലതാമോ? 58

മാലന്നന്നേറുമാറിങ്ങതു മിതുമപരാ—
ധങ്ങളജ്ഞാനബന്ധ—
ത്താലയ്യോ, ചെയ്തിരിക്കാമിവ,നലിവൊടവ—
യ്യൊക്കെ മാപ്പേകണം നീ;
നീലഗ്രീവാത്മനാഥേ, നിഖിലജനനിയാം
നിൻകിടാവല്ലി ഞാനും?
ബാലന്മാർ 'കാട്ടുകാട്ടും' പൊഴുതിലതു പൊറു—
ക്കാത്ത മാതാക്കളുണ്ടോ? 59

രക്ഷണപ്രാർത്ഥന:

ഇല്ലാ മേ വേർതിരിച്ചുള്ളറിവൊരുതരിയും.
ഹന്ത, തോന്നുന്നതെന്തും
നില്ലാതേകണ്ടു ചെയ്യും ദൃഢതരഭവപാ—
ശത്തിനാൽ ബദ്ധനീ ഞാൻ;
എല്ലാംകൊണ്ടും നിനച്ചീടുകിലൊരു പശുവാ—
മെന്നെ രക്ഷിക്കുവാൻ നീ—
യല്ലാതേ തക്കൊരാളാരിഹ പശുപതിയാം
പോററിതൻ പാതിമെയ്യേ! 60

Digitized By Kerala Sahitya Akademi

*കില്ലെന്യേ നിന്റെ സംസേവയിലമരുമെനി–
ക്കൊന്നുമെൻദേവി, തന്നി–
ട്ടില്ലെന്നിക്കാരണത്താൽ സ്ഫുടമിവനു കട–
പ്പെട്ടിരിക്കുന്നു നീതാൻ!
വല്ലെന്നാലും വഴിപ്പെട്ടൊരു വരമരുളി–
ത്തീർത്തുകൊള്ളുകിക്കടപ്പാ–
ടല്ലെന്നാൽ നിന്നപർണ്ണാഹ്വയമിതു ശരിയ–
ല്ലെന്നു സംസാരമാകും! 61

വൈമുഖ്യം സത്കൃത്യത്തിലുമുതകിടുമീ
രോഗമൊന്നേല്ക്കയാലും,
മാൽ മുറ്റും മാനസത്തിൽ പകലിരവുളവായ്–
വന്നു വർദ്ധിക്കയാലും,
ഹാ, മുഗ്ദ്ധൻ ഞാൻ മരിക്കായ്കിലുമൊരു ശവമായ്–
ത്തീർന്നി,തെന്നിട്ടുമെന്തെൻ–
ചാമുണ്ഡേ, ചാരുവാം ത്വത്പദമിവനിലണ–
യ്ക്കാത്തതാത്താനുകമ്പം? 62

നേരമ്പോക്കിന്നുവേണ്ടിപ്പല വടിവിലുമി–
പ്പാരശേഷം ചമച്ചു–
ന്നോരങ്ങയ്ക്കീശ്ശരീരിപ്പരിഷകൾ മുഴുവൻ
ക്രീഡാലീലാമൃഗങ്ങൾ;
പാരം തേ കൗതുകത്തിന്നുതകുമവയിലൊ–
ന്നായ ഞാൻ ചെയ്വതെന്തും;
സാരസ്യത്തി,ന്നിതോർത്താലിവനെ നിയതമായ്
ദ്ദേവി, രക്ഷിക്കവേണം. 63

കൗമാരിപ്പേരൊടോമന്മയിലിനുടെ കഴ–
ത്തേറി മിന്നുന്നൊരങ്ങു–
ന്നീ മാറ്റം കൗതുകാൽ തന്മകനെയനുകരി–
ക്കുന്നതിന്നാർന്നതെങ്കിൽ,
സാമാന്യം ചൂർണ്ണമാക്കാ,നിവനുടെ ദുരിത–
ക്രൗഞ്ചശൈലം, കുമാര–
ശ്രീമാതാവേ, പിളർത്തീടുക നിജകരസം–
സക്തയാം ശക്തിയാലേ! 64

വൃത്താന്തരം:

* കില്ലെന്യേ ബദ്ധനാമീ ജനിക്കിലുമിതുന്നായൊന്നുമേ നല്കിയി
ട്ടില്ലെന്നുള്ളതുകൊണ്ടെനിക്കൊരു കടക്കാരത്തിയായ്ത്തീർന്നു നീ;
വല്ലെന്നാലുമകം കനിഞ്ഞൊരു വരം തന്നിക്കടപ്പാടു തീ–
ർക്കില്ലെന്നാകിലപർണ്ണയെന്ന തവ പേരീശാനി, മോശപ്പെടും. 61

Digitized By Kerala Sahitya Akademi

ഇപ്പാരാം നാട്യരങ്ഗത്തറയിലിവനിതാ,
　　വേഷവും കെട്ടി, നൃത്തം—
വെപ്പാനെത്തേണ്ടിവന്നു, ചെറുതൊഴികഴിവി—
　　ല്ലാത്ത നിന്നാജ്ഞമൂലം;
തപ്പാതെൻചൊല്ലിയാട്ടം ജനരസകരമാ—
　　യിട്ടു തീരേണമെങ്കിൽ
തൃപ്പാദം പിൻതുണച്ചീടണമിവിടെ നട—
　　സ്വാമിതൻവാമമെയ്യേ! 65

ശിഷ്യന്മാരെൻകിരാതേശ്വരി, സഹജകൃപാ—
　　ശക്തിയാലാത്മഭക്ത—
ന്നിഷ്ടം നല്കുന്നതിങ്കൽ 'ത്വരിത' ഭവതിയെ—
　　ന്നോർത്തുപോരുന്നു പണ്ടേ;
കഷ്ടം! നീയാ നിലയ്ക്കല്ലിതുപൊഴുതു; ഭവൽ—
　　സേവ ചെയ്യുന്നൊരീയെൻ—
കഷ്ടപ്പാടൊന്നകററാൻ ത്വര മനസി നിന—
　　ക്കില്ലയല്ലോ തരിമ്പും! 66

താപശമനപ്രാർത്ഥന:

കുന്നായപ്പോരിട്ട പോർകൊങ്കകളുപരി വഹി—
　　ച്ചീടുവാൻ തക്ക കെല്പു—
ണ്ടെന്നാലും ദേവി, നിൻനെഞ്ചഹഹ! പുതുനറും—
　　*വെണ്ണയാണെന്നു കോംപ്പു;
എന്നാൽ, വാവിട്ടുകേഴും മമ കടുകദന—
　　ത്തീയതിൽ തട്ടിയിട്ടി—
ല്ലെന്നാണെൻപക്ഷ,മുണ്ടെങ്കിലതുരുകിയലി—
　　ഞ്ഞീടുവാൻ ഞായമില്ലേ? 67

പായൽക്കൂട്ടം പണിഞ്ഞീടിന തലമുടിയിൽ
　　തിങ്കളിൻകീറു ചാർത്തി—
ത്തോയം ചൂടുന്ന പോററിക്കുടയ തിരുവുടൽ—
　　പ്പാതിയായപ്പാക്കവോളേ!
നീയല്പനേരമുള്ളിൽ കുടിയരുളുകിലാ—
　　ത്താപമെല്ലാമടങ്ങി—
പ്പോയത്യന്തം തണുപ്പാമടിയനു കുളിർകു—
　　ന്നിൻെറ കുഞ്ഞോമലാളേ! 68

* 'ഹൈയംഗവീനഹൃദയാ'—ലളിതാത്രിശതി

Digitized By Kerala Sahitya Akademi

പാമ്പാമാഹാരമേന്തീടിന തരുണകലാ—
പാഞ്ചിതൻ നീലകണ്ഠൻ
താൻ പാർത്ഥൻപോട്ട തണ്ണുമ്പടി വടിവിലെഴും
കാളി, കാളായവണ്ണേ,
''ഞാൻ പാരം ചുററി മററില്ലൊരു ശരണവു''മെ—
ന്നുഗ്രതാപത്തൊടെന്നാ—
ക്കാമ്പാം വേഴാമ്പലെന്നും തവ പുതുകരുണാ—
വൃഷ്ടിയെക്കാത്തിരിപ്പൂ! 69

കാരുണ്യാശംസ:

ഒന്നിൽ ചിലപാനമാണ്ടുഗ്രതയുടയ തപം
ചെയ്യൊരസ്സാംബതാത—
ന്നന്നിഷ്ടപ്പെട്ടതൊട്ടക്കമിതകരുണനാം
നിൻപ്രിയൻ നല്കിയല്ലോ;
എന്നിട്ടും തൃപ്തിയാകാഞ്ഞവനു പല വരം
വീണ്ടുമേകീടിനാരാം നീ;—
യൊന്നിയ്യെങ്കൽ പ്രയോഗിച്ചരുളുക പെരിയൊരാ—
ബ്ഭക്തവാത്സല്യമമ്മേ! 70

ബാണൻതൻകോട്ട കാത്തു ഭഗവതി, ഭുവനാ—
ധീശനാം നിൻമണാളൻ;
ബാണം വർഷിച്ചു മെയ്മൂടിയ രണപടുവാം
ഫല്ഗുനന്നിഷ്ടമേകീ;
വേണം തൻഭക്തരോടിത്രയുമകമലിവ—
ങ്ങെങ്കിൽ, നിൻഭക്തനാമെൻ—
ത്രാണത്തിന്നെന്തമാന്തം തവ? സതി പതിസാ—
ധർമ്മ്യമേല്ക്കേണ്ടതല്ലോ! 71

ഭുവിൽ കഷ്ടപ്പെടാൻ മേ തലയിൽ വിധി വര—
ച്ചിട്ട വര്ണ്ണങ്ങളാം മാച്ചാ—
നാവില്ലങ്ങോക്കിലെന്നിങ്ങനെ ഭവതി നടി—
ച്ചീടിലാർ വിശ്വസിക്കും?
ദേവി, ത്വദ്യോഗമാത്രാൽ പ്രഭുതകലരുമാ—
ശ്ശുംഭുതാനല്ലയോ, പ—
ണ്ടാ വിധാൻതൻശിരസ്സും കരനഖശിഖരം—
കൊണ്ടു നുള്ളിക്കളഞ്ഞു! 72

Digitized By Kerala Sahitya Akademi

രോഗശമനപ്രാർത്ഥനം:

മാലയ്യയ്യോ, സഹിക്കാഞ്ഞുടലറുതിപെട്ടു-
ത്തുന്ന നഞ്ഞുണ്ട സാക്ഷാൽ
ശൂലക്കാരന്നു ഘോരാതനരുജയകലെ-
പ്പോക്കിയോഷാമൃതത്താൽ,
കാലധ്വംസത്തിനും കെല്പരുളിയ വിളികൊ-
ണ്ടോരു വൈദ്യത്തിയാം നീ
മൂലത്തോടേ മുടിക്കെന്റെഗദനിര മുഴുവൻ
മുഖ്യയോഗാധിനാഥേ! 73

ആലംബം വൻപനിക്കെപ്പൊഴുതിലുമയി നിൻ-
താത;—നാമട്ടു കാന്തൻ
ശൂലക്കാരൻ; കിടാവാം കരിമുഖനു തല-
യ്ക്കുണ്ടു നീരാവതോളം;
കാലംതോറും ഭവത്സേവനകരനിവനോ,
കണ്ഠരോഗാർത്ത,നെന്താ-
ണാലസ്യം തീർക്കുമമ്മേ, ഫലമിഹ? ഭവതീ-
യർക്കു രോഗാപ്തിയെന്നോ? 74

പണ്ടെന്നോ 'കാളി'യെന്നായ്പ്രതി കളിയിൽ വിളി-
ച്ചോരു നീ വാച്ച നാണം-
കൊണ്ടങ്ങോ പോയ്ത്തപംചെയ്തുടലിനുടെ നിറം
മാററിനാളെന്നു കേൾപ്പൂ;
കണ്ടന്നേക്കാര്യമായ്ത്താ''നൊരു ചെകിടനിതെ''-
ന്നേവരും ഗൗരി, ചൊല്ലാ-
റുണ്ടെ,ന്തിക്കഷ്ടമോർക്കാത്തതു? തവ പദസം-
സേവി നിർല്ലജ്ജനാണോ? 75

സമ്പൽപ്രാർത്ഥനം:

പള്ളിക്കൈവില്ലു പൊൻകു,ന്നലർമകൾപതിയാ-
മമ്പു, തോഴൻ ധനേശൻ,
വെള്ളിക്കുന്നായ വീ,ടിപ്പെരുമകളകലരും
പോററിതൻകെട്ടിലമ്മേ!
കൊള്ളിച്ചാലെന്തു തൃക്കണ്ണിടിയനി,ലവിടെ-
ക്കിഷ്ടയാം ദാസിയായ്പ്പാ--
ർത്തുള്ളി ശ്രീദേവി പോന്നെൻപുരിയിലധിവസി-
ക്കേണ്ടിവന്നേക്കുമെന്നോ? 76

Digitized By Kerala Sahitya Akademi

പാരാം പാരിങ്കലെല്ലാം പരമചപലയാ—
ണെന്നു നിൻതോഴിയാകും
താരാർമാതിന്നു ദുഷ്ടേരിളകിയതവിടേ—
ക്കൊട്ടു പോരായ്കയെങ്കിൽ,
മാരാരാതിപ്രിയേ, ഞാനൊരു വഴി പറയാം:
എങ്കലെന്നും വസിപ്പാ—
നാരാൽ കല്പിക്ക തൃക്കണ്മുനയുടെ കളിയാ—
ലാളിയെക്കാളി,യെന്നും. 77

കവിതാശംസ:

നല്പന്തസ്സോടു വെള്ളിത്തിരുമലയിലെഴും
രാജമൗലിപ്രിയേ, നിൻ—
ചെല്പത്തൃക്കാല്ക്കലീയെൻചെറുകവിത കറ—
ച്ചല്ല സേവിച്ചുനില്പൂ;
ഇല്ലല്ലോ വൃത്തഭംഗാദികളിതി,നന്നതാ—
നോർത്തു വല്ലെങ്കിലും നീ
തെല്ലത്ഥാലങ്കൃതിക്കോപ്പുകളിതിനു കൊടു—
ത്തേക്ക സമ്മാനമായി! 78

സൗമംഗല്യാഭിവൃദ്ധിക്കമരസുമുഖിമാർ,
തന്മുടിക്കെട്ടിൽ മിന്നും
ശ്രീമന്ദാരപ്രസൂനാവലിയുടെ പുതുതേൻ—
കൊണ്ടു പുണ്യാഭിഷേകം
നേമം തെറ്റാതെ ചെയ്യും പ്രകൃതിമധുരമാം
നിൻപദത്തോടു ചേർത്തി—
ട്ടീ മദ്വാക്കിന്നിണക്കീടണമമൃതതനോ,
മഞ്ജുമാധുര്യസാരം! 79

മൃത്യുഭയനിവേദനം:

(വൈഷ്ണവി)

കയ്യിൽ, കല്പാന്തകാലോദിതദിനകരരെ—
ക്കൊണ്ടു പാദപ്രണാമം
ചെയ്യിക്കും രശ്മിയാൽ ദുരിതദിതിജതമ—
ശ്ചക്രമാം ചക്രമേന്തി,
മെയ്യിൽ ചേർത്തൊരുദാരദ്യുതിയൊടു ഗരുഡൻ—
തൻപുറത്തേറി മേവും
നീയിന്നൻപോടു നാരായണി, നരകഭയം
നീക്കി രക്ഷിക്കകെന്നെ! 80

Digitized By Kerala Sahitya Akademi

കാലപ്രദ്വേഷിയെത്തൃക്കഴടമിഴിയടിയാ—
ലുരം പകപ്പിച്ച,വൻതൻ—
കോലം വീതിച്ചെട്ടത്തീടിന വിരുതിയലു—
ന്നോഷധീശാവതംസേ!
ആലസ്യക്കാരനാമെൻമരണഭയമൊഴി—
ഞ്ഞീടുവാനങ്ങൊഴിഞ്ഞി—
ല്ലാലംബം ഭൂരിദിവ്യൗഷധിനിരയിടതി—
ങ്ങുന്ന കുന്നിൻെറ കുഞ്ഞേ! 81

കാലൻ കാലായസാത്യുൽക്കടമുസലവുമായ്—
ക്കാണികാംക്ഷരാംനടുങ്ങും
കോലം കോലുന്ന കൂട്ടാളികളൊടുമൊരുമി—
ച്ചാൽത്തുടുത്തെത്തിടുമ്പോൾ,
കാലച്ചെന്തീക്കനൽച്ചാർത്തതിർമുനയൊടു നിൻ-
കൈത്തലത്തിൽത്തിളങ്ങും
ശൂലംതാനാണു മാഹേശ്വരി, ശരണമെനി—
ക്കബ്ഭയപ്പാടൊഴിപ്പാൻ. 82

വൈരാഗ്യാശംസ:

ഏതിൻബിന്ദുക്കളേററിട്ടരഞ്ഞൊടിയിടയാൽ,
പാരിനാംത്താപമേകം
ഹേതിവ്രാതം വഹിച്ചാളിന ഖഗപടലു—
ക്കാട്ടുതീ കെട്ടടങ്ങീ
ഖ്യാതിപ്പെട്ടാശ്ശുഭാംഭസ്സിയലിന കനക—
ക്കിണ്ടി കൈക്കൊണ്ടെഴും നീ
മാൽതിങ്ങും തൃഷ്ണ മാററിത്തരണ;—മതിനിതാ,
ബ്രാഹ്മി, മേന്മേൽ തൊഴുന്നേൻ! 83

വാടാതിന്ദ്രാണി, വെള്ളിഗ്ഗിരിയൊടു പടവെ—
ട്ടുന്ന വെള്ളാനതന്മേ—
ലിടാളും വജ്രമേന്തിത്തെളിവൊടരുളിടും
നീ മനസ്സൊന്നു വെച്ചാൽ,
മാടായുള്ളോരെനിക്കും ദൃഢമൊരു വിഷയ—
ത്തിങ്കലും പക്ഷപാതം
തേടാതിങ്ങപ്രകമ്പസ്ഥിതിയിലമരുവാൻ
കൈവരും ദൈവയോഗം. 84

ഘോരാപന്മൂലമാമീ വിഷയവിഷമക—
ത്താകയാലേ, പറഞ്ഞാൽ—
ത്തീരാത്താതങ്കമാളുന്നിവനു ശരണമാ—
യിട്ടു മററില്ലൊരാളും;

Digitized By Kerala Sahitya Akademi

നീ രാജൽപ്പുഞ്ചിരിപ്പാലൊടുമരിയ നിജാ—
പാങ്ഗജീമൂത*മേകി—
പ്പാരാതെന്നെപ്പൊറുപ്പിക്കുക പരുഷവിഷ—
പ്രാശനപ്രാണനാഥേ! 85

വേഗം വാരാഹി, സന്മാർഗ്ഗഗരഖിലരുമേ
വൻവെറുപ്പാർന്നിടുംമാ—
റാഗസ്സാംവോളമാർജ്ജിച്ചൂരപെരിയ ഹിര—
ണ്യാക്ഷദൈത്യൻകണക്കേ,
പ്രാഗല്ഭ്യാലെൻമനോഭൂമിയെ വിപുലവിഷാ—
ദാബ്ധിയിൽ താഴ്ത്തി മുക്കും
രാഗത്തെ ധ്വംസനംചെയ്തലിവൊടിതിനെയൊ—
ന്നുദ്ധരിക്കേണമേ നീ! 86

താരാളിപ്പൊൻമണിക്കോപ്പുടയ ഗഗനമാം
നീലമേലാപ്പിണങ്ങും
പാരാം കേളീഗൃഹത്തിൽ, പ്രകൃതിയുടെ യഥാ—
യോഗ്യശുശ്രൂഷയേററും,
സ്സാരാനന്ദേന മെയ്യിൽ പുളകമിളകിയും
നിൻപ്രസാദോദയത്താൽ
വൈരാഗ്യശ്രീവിഹാരോത്സവമൊടു വിളയാ-
ടുന്നതെന്നംബികേ, ഞാൻ? 87

മനസ്സാന്നിധ്യാശംസ:

പാലിൻമട്ടാം ചിലപ്പോൾ, പടുപവിഴനിറം
പൂണ്ടിരിക്കും ചിലപ്പോൾ,
നീലിച്ചാകും ചിലപ്പോൾ ത്രിഗുണമയി, ഭവ—
ദ്രൂപമെന്നുണ്ടു കേൾപ്പൂ;
ചേലിൽ ജ്ഞാനോന്നതിക്കോ, ധനദനില വരാൻ—
വേണ്ടിയോ, വൈരിബാധാ—
മാലിന്യം മാറുവാനോ മമ മനമതിലൊ—
ന്നോക്കമൊററാക്കുമോ നീ? 88

ഇല്ലല്ലോ ദാസനാമെങ്കലൊരലിവവിടേ,—
ക്കാകയാലെന്നകക്കാ—
മ്പല്ലൽത്തീയേററരക്കിൻകിടയിലുരുകുമാ—
റുള്ള ഘട്ടത്തിലെല്ലാം,

* ജീമൂതം=മേഘം, ദേവതാളിയെന്നും. ''ജീമൂതമൂലം ക്ഷീരേണ പാതവ്യം ദാരുണേ വിഷേ''—ഗാരുഡസിദ്ധാന്തം.

Digitized By Kerala Sahitya Akademi

തെല്ല,ല്ലാവുന്നമട്ടൊക്കയുമടിയനതിൽ
ചേർത്തമർത്തീട്ടമമ്മേ,
ഫുല്ലശ്രീപൂണ്ട നിൻതൃപ്പദമിവിടെയുറ-
യ്ക്കുന്നതി,ല്ലെന്തു ചെയ്യാം? 89

അച്ഛൻ നിശ്ശേഷരത്നോൽകരവിളനിലമാം
മാമലത്തമ്പുരാനാ,—
ണച്ഛന്നസ്നേഹസമ്പത്തുടയ സഹജനോ
ലക്ഷ്മിതൻപ്രാണനാഥൻ;
സ്വച്ഛൻ ഭർത്താവു വിത്താധിപസഖ;—നിതുമ-
ട്ടുള്ളോരങ്ങയ്ക്കു ഞാനെ—
ന്തിച്ഛയ്ക്കൊത്തൊന്നു നല്കേണ്ടതു? മമ കരംതാൻ
ദേവി, നിൻകാല്ക്കൽ വെയ്ക്കാം. 90

ദേവി, ത്വൽപ്രാഭവത്തെസ്സുരയുവതികളം—
ബങ്ങൾ പാടും കദംബ—
ക്കാവിൽ, കാദംബരീനിർമ്മിതമധുരമദാ—
രഞ്ജിതാപാംഗിയായി,
സേവിപ്പോർക്കു കളിക്കേട്ടിശിദിശി മുഖക-
പ്പൂരതാംബൂലഗന്ധം
തൂവിബ്ഭംഗ്യാ വിളങ്ങും തവ തിരുവുടലെ-
ന്നെന്നുമോർക്കുന്നവൻ ഞാൻ. 91

പാശം പദ്മം കരിമ്പങ്കുശമിവയണിയും
നാലു തൃക്കൈകളെന്നാ—
ലാശയ്ക്കൊത്താശ്രിതന്മാർക്കുലുഷപുരുഷാ—
ർത്ഥങ്ങൾ നാലും കൊടുത്തും,
കാശശ്രീപൂണ്ട കാമേശ്വരനിരുവിധമാം
രാഗമാരക്തകാന്തി—
പ്രാശസ്ത്യത്താലണച്ചും വിലസിന തിരുമെ—
യ്യെന്മനം വാഴ്കമ്മേ! 92

വൻപാളും തൃഷ്ണയോടേ മദലഹരിപിടി—
ച്ചിങ്ങു മേല്ക്കീഴു നോക്കാ—
തെമ്പാടും പായുമെന്മാനസകരിയെ നിരോ—
ധിച്ചുനിർത്തി, ക്രമത്താൽ
നൻപാട്ടിൽത്താൻ തളച്ചാ മധുരരസമശി—
പ്പിച്ചു തുഷ്ടിപ്പെടുത്താ—
നൻപാർന്നീടേണമല്പം, കരധൃതസൃണിപാ—
ശേക്ഷുപാഥോരുഹേ, നീ. 93

Digitized By Kerala Sahitya Akademi

ധ്യാനപ്രാർത്ഥന:

നന്ദദ്ഭൃംഗൗഘങ്ങളും തിങ്ങും നവപരിമളമാ—
മാല തൃക്കയ്യിൽ വെച്ചും,
മന്ദസ്മേരാനനോദ്യദ്ദ്യുതിയിൽ മുഴുകിടും
മഞ്ജുമന്ദാക്ഷമാർന്നും,
കന്ദർപ്പാരാതിതന്നെസ്സുരസദസി വരി—
ച്ചീടുവാ,നങ്ങു മന്ദം
മന്ദം ചെന്നെത്തിടും നിൻമധുരതനു മറ—
ക്കാശ്ശു, മന്ത്രാത്മികേ, ഞാൻ! 94

ആനന്ദനൃത്തപ്രാർത്ഥനം:

എൻനാവുച്ചത്തിലങ്ങേക്കുടയൊരു തിരുനാ—
മങ്ങളും പാടും പിഴയ്ക്കാ;—
തെൻനാനാദുഃഖജാലം സപദി പൊറുതി മു—
ട്ടാകയാൽ 'ചെണ്ടകൊട്ടും';
എന്നാൽ, മായത്തിരശ്ശീലയിഹ മറയാ—
തെൻമനസ്സാമരങ്ങ—
ത്തിന്നാനന്ദത്തൊടാട്ടം തുടരുക, ചുടല—
ക്കൂത്തുകാരന്റെ ഭാര്യേ! 95

കേറാനെന്തേ മടിക്കുന്നിതു മമ കരളിൽ?
കാമലോഭാദിയാകും
ചേറാണി,ങ്ങൂന്നി വെച്ചീടിലുമടി വഴുതി—
ത്തെറ്റി വീണേക്കുമെന്നോ?
കൂറാളും നീ വിചാരിക്കുകിലിഹ ചളികൊ—
ണ്ടുള്ള കേടാകമാനം
മാറാനുണ്ടോ ഞെരുക്കം? മകുടജിതലസൽ—
കോടിസൂര്യപ്രകാശേ! 96

കാടാണെന്നന്തരംഗം, കറ ദുര മുതലാം
ദുഷ്ടജന്തുക്കളെന്തം—
കൂടാതിങ്ങുണ്ടു കൂട്ടം കുതുകമൊടു കളി—
ത്താർത്തു കൂത്താടിടുന്നു;
വാടാതിങ്ങോട്ടു വന്നാൽ പകലിരവിവിടെ—
പ്പുള്ളിനായാട്ടുമായി—
ക്കൂടാമങ്ങേക്കു, കൂടാദിമശബരശരീ—
രാഢ്യമാം കുന്നിൽമാതേ! 97

Digitized By Kerala Sahitya Akademi

ഭക്ത്യാശംസ:

ഹ്രീങ്കാരക്ഷീരവാരാന്നിധിപരമസുധേ,
പാണിചഞ്ചൽകൃപാണീ–
ഭാങ്കാരത്രാസിതാഖണ്ഡലവിമതകുലേ,
വിശ്വവല്ലിക്കു വേരേ!
ഞാൻ കാലിൽ കൂപ്പിടുന്നേൻ, യതിഹൃദയമിളി–
ന്ദാളി മേളിക്കുമോമൽ–
പ്പൂങ്കാവേ, നിന്റെപേരിൽബ്ഭഗവതി, ലളിതേ,
ഭക്തി സിദ്ധിക്കണം മേ! 98

ഊനംകൂടാതെ ഗോത്രാധിപകുലകലികേ,
നിൻപദപ്പൊൻതൊഴുത്താ–
ന്നാനന്ദപ്പാൽ ചുരത്തുമ്പടി മരുവിടുമെൻ–
ഭക്തിയാം ഗോവുതന്നെ,
നൂനം പാലിച്ചിടേണ്ടും ചുമതലയിവിടേ–
ക്കുള്ളതാ,–ണീ പ്രപഞ്ച–
സ്ഥാനം പുല്ലാണെനിക്കെന്നൊരു നില വരികിൽ,–
പ്പിന്നെ ഞാൻ ധന്യനായി! 99

അച്ഛൻ തൂമഞ്ഞണിക്കു,ന്നഹഹ സഹജനോ
കാലിമേയ്ക്കുന്ന വിദ്വാ,–
നച്ഛന്നം പിച്ചതെണ്ടും വിഗുണനൊരു പുമാ–
നല്ലയോ വല്ലഭൻ തേ?
സ്വച്ഛന്ദം സേവചെയ്യുന്നടിയനു കനിവോ–
ടെന്തു തന്നീടുമങ്ങു,–
ന്നിച്ഛയ്ക്കൊക്കുംപ്രകാരം? മമ തരിക ഭവദ്–
ഭക്തിതാനത്യുദാരേ! 100

ജ്ഞാനം ധാരാളമാർജ്ജിക്കിലു,മഘഹരമാം
സത്തീർത്ഥത്തിലും പോയ്
സ്നാനംചെയ്താലു,മയ്യായിരമഗതികളെ
പ്രത്യഹം പോററിയാലും,
ധ്യാനം മുട്ടാതനുഷ്ഠിക്കിലു,മരിയ ഭവദ്–
ഭക്തിയൊന്നില്ലയെന്നാൽ
സാനന്ദം സാധ്യമാമോ ദ്രവിഡശിശുവര–
സ്തന്യദേ, ധന്യഭാവം? 101

ചാരം, വെള്ളം, കരിത്തോൽ, മഴു,വെരുതിവയു–
ണ്ടെപ്പൊഴും ഭൂതജാലം
ചാരത്തുണ്ടീനിലയ്ക്കുള്ളൊരു പടുമലയൻ
കെട്ടിയോളായ തായേ!

Digitized By Kerala Sahitya Akademi

സ്വൈരം ത്രൈലോക്യവിത്താം തിരുമിഴിയെ വിത—
ച്ചെന്മനസ്സാം നിലത്തി—
ന്നേരം ഭക്തിക്കപ്പെഷിക്കായ് ത്തുടരുകി,തതിനി—
ജ്ജന്മി ചാർത്തിത്തരുന്നു! 102

കാടാണെന്നുള്ളിതെന്നാകിലുമരിയ ഭവദ്—
ഭക്തിയാം വല്ലി തെല്ലും
വാടാതേ നില്ക്കുവാനും, പുനരൊരുപൊഴുതിൽ—
പ്പൂത്തു കായ്ച്ചീടുവാനും,
ചൂടാറ്റും നിൻകൃപാനീർനനയരുളി നറും—
പുഞ്ചിരിച്ചാരമല്പം
പോടാതൊക്കുന്നതല്ലെന്നടിയനനുഭവം
വന്നു കുന്നിൻകിടാവേ! 103

ആനന്ദക്കണ്ണുനീരിൽ കനിവിനൊടു കുളി—
പ്പിച്ചു,മിച്ചാനകൂലം
ദാനംചെയ്തും ഭുജിപ്പാൻ ഭുവനമധുരമാം
നിൻചരിത്രാമൃതത്തെ,
ജ്ഞാനം വെല്ലാത്തൊരിമ്പാലനെ മഹിമയെഴും
ഭക്തി താൻതന്നെ മാതൃ—
സ്ഥാനം കൈക്കൊണ്ടു നിന്നെൻ ഗുഹജനനി, സദാ
പോററി രക്ഷിച്ചിടട്ടേ! 104

നിത്യനമസ്കാരം:

ഓമൽക്കൊങ്കക്കളിർപ്പൂങ്കുലകളുടെ കനം—
കൊണ്ടു തെല്ലൊന്നു ചാഞ്ഞും,
ശ്രീ മഞ്ഞാത്തുള്ള ശാഖാഭുജകളൊടധര—
ച്ചെന്തളിർച്ചന്തമാർന്നും,
കാമം ഭക്തർക്കു നല്കാൻ തുഹിനഗിരിജയായ്,
സ്ഥാണുവിൽ ചുററി, മിന്നു—
ന്നാ മന്ദാരക്കൊടിക്കക്ഷയസുകൃതഫല—
പ്രേപ്സു ഞാൻ കുപ്പിടുന്നേൻ! 105

വടക്കിൻനാഥൻ

കടല്ക്കാററാൽപ്പാറും തരിമണലുമക്ഷോഭ്യഗിരിയും
നടക്കാവും കാടും തരിശുനിലവും നെല്ലുവയലും
വടക്കും തെക്കും വേർതിരിവൊടറിയാത്തോരഗതി ഞാൻ—
വടക്കിൻനാഥൻ മേ വരമരുളണം, കാഴ്ച തെളിവാൻ! 1

Digitized By Kerala Sahitya Akademi

മടക്കംകൂടാതേ വിഷയസുഖസൗധത്തിലണയാൻ
നടക്കുന്നുണ്ടാവാം, കെട്ടവഴിയിലെന്മുഗ്ദ്ധഹൃദയം—
കിടക്കട്ടേ പാപം പലത;—ഇതു പൊറുത്താർദ്രകൃപനായ്
വടക്കിൻനാഥൻ മേ വരമരുളണം, ശാന്തി വരുവാൻ! ൨

അടക്കം ശീലിക്കും മുനിമതിയിലും ചത്തവരെയി—
ട്ടടക്കും കാന്താരത്തിലുമരിയ വിട്ടിൻതെരുവിലും
നടക്കും, കൂത്താടും സമരസാമോടാരം,പ്രതിമനാ
വടക്കിൻനാഥൻ മേ വരമരുളണം, ദ്വൈതമൊഴിയാൻ! ൩

ഇടയ്ക്കക്കൊട്ടോടും തകിലടിയൊടും പാട്ടൊടിടചേ—
ന്നിടയ്ക്കോലുന്നോടക്കുഴൽവിളിയൊടും ശംഖൊലിയൊടും
നടക്കൊക്കും കൃത്യം നിശി നിശി നടത്തും രസികനാം
വടക്കിൻനാഥൻ മേ വരമരുളണം, മാന്ദ്യമൊഴിയാൻ! 4

കടല്ക്കന്യാഭർത്തൃപ്രിയഭഗിനിയാം കാന്തയുടെ ന—
ല്ലടക്കണ്ണേറ്റാലേ തനതുരുതപസ്സിന്നിനിയുമേ
മുടക്കം പറ്റായ്‌വാൻ നിയതമവരുംതൻപിന്നിൽ മരുവും
വടക്കിൻനാഥൻ മേ വരമരുളണം, കാമമകലാൻ! 5

കിടക്കും പച്ചപ്പുൽത്തകിടിയിൽ; വെറും കാട്ടുകനിയാ—
ലടക്കും ക്ഷുത്തെല്ലാം; തെളിയരുവിനീർകൊണ്ടു തൃഷയും—
ചടക്കം വിട്ടേവം പുലരുമൃഷിമാർക്കാദ്യഗുരുവാം
വടക്കിൻനാഥൻ മേ വരമരുളണം, ജ്ഞാനമുണരാൻ! 6

ചിടക്കെട്ടാം ചെമ്പൊന്നൊളിമകുടവും ചീറ്റുമഹിയാ—
മുടക്കോപ്പും തോലാം തുണിയുമെരുതാം വാഹനവുമായ്
ഇടക്കൊള്ളാതൈശ്വര്യമൊടരുളുമാശ്ചര്യമയനാം
വടക്കിൻനാഥൻ മേ വരമരുളണം, ശാന്തത വരാൻ! 7

നടക്കാത്തോരോടിച്ചിട്ടവതിനൊരോതിക്കനെ വിളി—
ച്ചുടക്കെത്തി,ക്കുന്നാം തനതുചിലമേലച്യുതശരം
ഉടക്കി,ത്തേജസ്സാൽ ത്രിപുരികൾ ദഹിപ്പിച്ച പടുവാം
വടക്കിൻനാഥൻ മേ വരമരുളണം, ഭീരുത വിടാൻ! 8

വടക്കാറ്റാൽത്താപപ്രസരമൊഴിവാക്കി,ച്ചുഴലവും
നടക്കാവൊത്തുച്ചെവ്വിലസുമൃഷഭാദ്രിക്കു സുചിരാൽ
വടക്കൻവെൺകുന്നിൻമഹിമ നിജവാസാലരുളുമീ
വടക്കിൻനാഥൻ മേ വരമരുളണം, മേധ വളരാൻ! 9

Digitized By Kerala Sahitya Akademi

ഋതുവിലാസം

മണിപ്രവാളകാവ്യം

1891

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാംസർഗ്ഗം
ഗ്രീഷ്മവർണ്ണനം

''നൂനമിന്നു കുളിർനീററിലെപ്പൊഴം
സ്നാനമാണു രസ''മെന്നു വന്നുപോയ്;
വേനലിൻമഹിമയാണിതൊക്കെടോ
തേനലിഞ്ഞമൊഴി! ഞുകിടും പ്രിയേ! 1

ഇപ്പകൽക്കുടയവൻ കടുത്ത തീ
കപ്പമേകിന കരോൽക്കരങ്ങളെ
ഒപ്പമിന്നലക വെന്തടിക്കുമാ–
റുൽപ്പലാക്ഷി, ചൊരിയുന്നിതെങ്ങുമേ. 2

മേനി കേററിടുകയല്ല തമ്പി, നിൻ–
മേനിപോലെ മൃദുലങ്ങളാകയാൽ
മേ നിശം പ്രമദമേകിടുന്നു നെ–
ന്മേനിവാകയുടെ പൂക്കളിന്നെടോ. 3

''മാട്ടപോലെ രവിയസ്തപർവ്വത–
ക്കാട്ട കേറി മറിയട്ടെയീശ്വരാ!''
ചൂടുതട്ടിയ ജനങ്ങൾ കയ്യു മാ–
റോടു ചേർത്തു മൊഴിയുന്നിതിത്തരം. 4

ആററിലാടിമറിയുന്നു തെല്ലു ചൂ–
ടാററി വെള്ളവതിനിന്നു കാമികൾ;
ഏററിടുന്നു കുളിർകാററു; മേനിയിൽ–
പ്പാററിടുന്നു നവചന്ദനദ്രവം. 5

ഇന്നു കാമിനി, കനത്ത മുണ്ടു വേ–
ണ്ടെന്നുവെച്ചുടൽ വിയർത്ത തമ്പിമാർ
കുന്നുതോററ കുളിർകൊങ്കമൊട്ടു മൂ–
ടുന്നു നന്മയിൽ നനുത്ത പട്ടിനാൽ. 6

നേർത്ത പട്ടരയിൽ, നല്ല നൂലതിൽ–
ക്കോർത്ത മുത്തുകൾ മുലത്തടത്തിലും
പേർത്തണിഞ്ഞബലമാരഭീഷ്ടരിൽ–
ച്ചീർത്ത ചൂടടനകററിടുന്നുതേ. 7

സന്നതാംഗികൾ സചന്ദനസ്തന–
ക്കുന്നണച്ചു മുറുകെപ്പുണർന്നുടൻ
ഇന്നയേ, കണവരിൽക്കിടന്നുറ–
ങ്ങുന്ന കാമനെയുണർത്തിടുന്നിതേ! 8

Digitized By Kerala Sahitya Akademi

കേടറും നിശി നിലാവണിഞ്ഞ പൂ—
മേട കേറി മരുവും മഹാജനം
പാടലപ്പുതുമണം പുലർന്ന കാ—
ററാ,ടലമ്പുവതിനേററിടുന്നിതേ. 9

കോട്ടമററ വിരഹാഗ്നിയാൽ കരൾ—
ക്കോട്ട വെന്തു, വെയിലാളുമൂഴിയിൽ
വാട്ടമാർന്ന നടകൊള്ളുമധ്വഗ—
ക്കൂട്ടർതൻകഥ കഥിച്ചിടാവതോ! 10

ദേഹം തുലോം വെയിലിൽ വെന്ത മൃഗങ്ങൾ തണ്ണീർ—
ദ്ദാഹം തുടങ്ങിയഥ തൊണ്ട വരണ്ടു കാട്ടിൽ
ഹാഹന്ത ഹന്ത, മൃഗതൃഷ്ണിക കണ്ടൊരന്ത—
ർമ്മോഹം തഴച്ചുടനെയോടിയലഞ്ഞിടുന്നു. 11

ശ്രീമച്ചന്ദനനീരണിസ്തനികളാം
തന്വംഗിമാരെപ്പരം
പ്രേമച്ചിന്തൊടണച്ചു പുല്കി വെയിലിൻ
ചൂടേതുമോരാതിതാ,
രാമച്ചക്കളിർവാരിശീകരമുതി—
ർത്തീടുന്ന യന്ത്രംപെടും
പൂമച്ചിങ്കലുറങ്ങിടുന്നു, ചിലരീ
നട്ടുച്ചനേരത്തെടോ. 12

രംഭോരുത്തയ്യലാളേ, രവിപദവിമറ—
യ്ക്കുന്ന വൃക്ഷൗഘലക്ഷ്മീ—
ഡംഭോലും കാട്ടിലാററിൻകരനിര പൊഴിയും
പട്ടണിപ്പന്തലിങ്കൽ
അംഭോജപ്പൂ മൃണാളം തളിർ ദളമിവയാൽ—
ത്തീർത്ത തല്പത്തിൽ നിദ്രാ—
സംഭോഗക്കൈ നടത്തുന്നിതു ചില സുകൃതി—
ക്കൂട്ടരിന്നുച്ചനേരം. 13

പരമെരിവെയിൽ തട്ടിച്ചുട്ടുണങ്ങുന്ന വല്ലീ—
മരനിരകൾ നിറഞ്ഞുള്ളോരു കാന്താരഭാഗം
അരണൊടിയിടകൊണ്ടിന്നാളിടും കാട്ടുതീ കാ—
തരമിഴി, പൊടിവെണ്ണീറാക്കിവെയ്ക്കുന്നു കഷ്ടം! 14

കാർവണ്ടിൻ നൽക്കളകളകലാമോടിക്കൂടുന്ന മുല്ല—
പ്പൂവർഗ്ഗത്തിൻ പുതുമണമണിഞ്ഞെത്തിടും മന്ദവാതം

12–ം 13–ം ശ്ലോകത്തിൽ വർണ്ണിക്കപ്പെട്ട മദ്ധ്യാഹ്നയാപനം വൈദ്യശാസ്ത്രത്തിൽ പ്രത്യേകം വിധിക്കപ്പെട്ടതാണു്.

Digitized By Kerala Sahitya Akademi

ഭ്രുവമെത്തിങ്ങിന കളിർനിലാവിൻ തഴപ്പന്തിനേര—
ത്തേവം കേടെന്നിയെ വിലസുമീ വേനൽ മാനം തരട്ടെ. 15

രണ്ടാംസർഗ്ഗം

വർഷവർണ്ണനം

ഇരുളോടുമിടഞ്ഞതട്ടു കൂടി—
പ്പൊരുതും നിന്നുടെ കുന്തളമെന്നപോലെ
പെരുതായ കറുപ്പിയന്ന കാർപൂ—
ണ്ടൊരുകാലം കളവാണി, കാൺകെടോ നീ. 1

ചലമീനമിഴി, ചന്തമുള്ള പൊൻച—
ങ്ങലയിട്ടാനകൾപോലെ, വാനിലെങ്ങും
വിലസുന്നൊരു മിന്നൽപൂണ്ട പുത്തൻ—
ജലവാഹങ്ങൾ നിരന്നു നിന്നിടുന്നു. 2

അഴകോടിഹ ചാതകാവലിക്ക—
ള്ളഴൽ നീങ്ങുംവിധമംബുക്കൾ മേന്മേൽ
കഴലായിടപെട്ടിടുന്ന വാർപ്പൂ—
ങ്കുഴലാളേ, കളിർനീരതിർത്തിടുന്നു. 3

പെരുകുംമഴകൊണ്ടു ചൂടകന്നി—
ന്നരുണാബ്ജാക്ഷി, തണുത്തിടുന്നു ലോകം,
പുരചിദ്രസധാരകൊണ്ടു മാല—
റ്റൊരു യോഗീന്ദ്രമനസ്സതെന്നപോലെ. 4

മനതാരലിയും മണം കലർന്നീ—
ടിന നൽപ്പിച്ഛകമാല മെച്ചമോടേ
വനമാം വരനിൽപ്പയോദവേളാം—
ഗനയാളങ്ങനെ ചേർത്തുവെച്ചിടുന്നു. 5

ഭടനെന്നകണക്കെ മിന്നലാം ഞാ—
ണുടയോരിന്ദ്രധനുസ്സെടുത്തു മേഘം
ഉടനേ വഴിപോക്കരെക്കുറിച്ചൽ—
ക്കടമായിശ്ശരധാര തൂകിടുന്നു. 6

പുതുതാം ഘനവാദ്യഘോഷസമ്പ—
ത്തിതു പത്താശയിലും പരന്നിടുന്നു;
കുതുകേന മയിൽക്കുലങ്ങളാട്ട—
ന്നിതു, കേകാമൃദുഗീതകേളിയോടേ. 7

5 പിച്ഛകമാല = പിച്ഛകസമൂഹം; പിച്ഛകംകൊണ്ടുള്ള മാലയെന്നും.
6 ശരധാര = ജലധാര; അസ്ത്രധാരയെന്നും.

Digitized By Kerala Sahitya Akademi

അടികൂപ്പി വണങ്ങിയാലുമേ കൈ-
വെടിയാത്തുള്ളൊരിടച്ചിലോടിരിക്കേ,
ഇടി കേട്ടു പരിഭ്രമിച്ചുടൻ പെൺ-
കൊടിമാർ കാമുകരെപ്പുണർന്നിടുന്നു. 8

മലതൻ മുകളിൽക്കടമ്പു കാറേ-
റ്റലർ വീഴുംപടിയാടിടുന്നനേരം
കലശസ്വനി, ഹന്ത, കാമുകന്മാർ
നിലവിട്ടൊന്നിളകിച്ചമഞ്ഞിടുന്നു. 9

ഉടനഭ്രകുലത്തിൽനിന്നുദിച്ചി-
ക്കടജപ്പൂമണമേറ്റ കാറ്റടിക്കേ,
അടവല്ല; വിയോഗികൾക്കകത്തുൽ-
ക്കടകാമാഗ്നി പടർന്നു കത്തിടുന്നു. 10

കാർ കന്നിക്കകയാൽക്കറുത്ത നിശയിൽ-
ക്കാന്തന്റെ വീട്ടിൽ സ്വയം
പോകും പെൺകൊടിയാൾക്കകമ്പടിയതായ്-
ച്ചെല്ലുന്ന മുല്ലായുധൻ
ആകുംവണ്ണമിടയ്ക്കു മിന്നി വെളിവായ്-
ക്കാട്ടുന്ന ചൂട്ടാണിതെ-
ന്നേകും, സംശയമേവനും വിലസുമി-
ത്തൂമിന്നലെന്നോമലേ! 11

നിശ്ശങ്കം ഭുവനങ്ങൾ വെന്ന മദനൻ-
തന്നെജ്ജനിപ്പിച്ചുവെ-
ച്ചി,ശ്ശക്രാദിമഹാമരപ്പരിഷകൾ-
ക്കാമോദമേകിസ്സ്വയം,
ശശ്വത്തോദയലക്ഷ്മിപൂണ്ടു, നിതരാം
നീലാംബരോപേതമായ്
വിശ്വത്തിങ്കൽ വിളങ്ങുമിപ്പുതുമഴ-
ക്കാലം ഹരിക്കൊക്കുമേ. 12

അറ്റംവിട്ടോരനംഗോത്സവവിളനിലമേ,
കാൺക, വൻകുന്നുകൂടി-
ച്ചെറ്റമ്പുംമട്ടിടിക്ഷ്വേളിതമൊടുടനുടൻ
മിന്നലാം വാളിളക്കി

12 ശക്രാദിമഹാമരപ്പരിഷകൾ=കടകപ്പാല മുതലായ വലിയ മരങ്ങളുടെ പരിഷകൾ; ഇന്ദ്രാദികളായ വലിയ അമരന്മാരുടെ പരിഷകളെന്നും. നീലാംബരോപേതം=നീലമായ ആകാശത്തോടുകൂടിയതു്; നീലാംബരനോടു (ബലഭദ്രനോടു)കൂടിയവനെന്നും.

Digitized By Kerala Sahitya Akademi

ഉററയ്യമ്പാ, പരം പാന്ഥരെയൊരുപടിയാ—
പത്തിലാക്കുന്നതുണ്ടി—
ക്കാററക്കാറാം കരിഞ്ചേലയുടയ മഴ—
ക്കാലമാം കാലദേവൻ. 13

പരക്കെ മലവെള്ളവും പല ച്ചുഴിപ്പിലുരംപ്പെട്ടു പ—
മ്പരക്കളിയെടുത്തിടും പെരിയ വെണ്ണുരക്കട്ടയും
തിരക്കൊട്ടയരും പടുത്തിരയുമൊത്തു, തീരത്തെഴും
മരക്കടെ പുഴക്കിടും പുഴകളാർത്താലിക്കുന്നിതേ. 14

പേർത്തും പുണ്യകദംബവാടിയിലഠി—
പ്രദ്ധ്യാനവീണാരവം
ചേർത്തും, നൽസുമനസ്സകൾക്കൊരു സുഖോ—
ല്ലാസത്തെയുണ്ടാക്കിയും,
ചേർത്തും ചേലൊടു നീലകണ്ഠഹൃദയാ—
നന്ദം, കരിങ്കാർനിറം
ചീർത്തും താപമകററിവെച്ചമെഴമീ
വർഷാംബികയ്ക്കായ് ത്തൊഴാം! 15

മൂന്നാംസർഗ്ഗം

ശരദ്വർണ്ണനം

ഇന്നുല്ലസിച്ച ശതപത്രസിതാതപത്രം,
ചിന്നുന്ന കാശമയചാമരസഞ്ചയങ്ങൾ
എന്നുള്ളൊരീ വിരുതൊടൊത്തു ശരത്തെഴുന്ന—
ള്ളുന്നുണ്ടു രമ്യതനു, നമ്മുടെ റാണിപോലെ. 1

വണ്ടാം കറുത്ത കുറി തൊട്ടു വിടർന്ന പുത്തൻ—
തണ്ടാർമുഖത്തിലൊരു മോടിവരുത്തി മെല്ലേ,
കൊണ്ടോടി നല്ല ധവളാംബരവും ധരിച്ചു—
കൊണ്ടാ ശരൽക്കമനിയാൾ കളിയാടിടുന്നു. 2

നില്ലാതെകണ്ടു നിബിഡസ്തനി,യിന്നു നാട്ടി—
ലെല്ലാം നടക്ക,യൊരു ശാരദലക്ഷ്മിതൻെറ
ഉല്ലാസമാർന്ന കളഹംസകനാദമെന്നു
ചൊല്ലാം, മദിച്ച കളഹംസകളസ്വനത്തെ. 3

15 സുമനസ്സുകൾ = പിച്ചകങ്ങൾ; ദേവന്മാരെന്നും. നീലകണ്ഠഹൃദയാനന്ദം=മയിലുകൾക്കു ഹൃദയാനന്ദം; ശിവന്നു ഹൃദയാനന്ദമെന്നും. കദംബവാടിയിൽ വീണാരവം ചേർക്കലും കാറുപോലെയുള്ള കറുപ്പും വർണ്ണിച്ചതു് ഒരു ധ്യാനവിശേഷത്തെ അനുസരിച്ചാകുന്നു. 'മദ്ധ്യേ കദംബവനമാശ്രിതരത്നദോളാമുദ്യന്നഖാഗ്രമുഖരീകൃതമഞ്ജുവീണാം; അത്യന്തനീലകമനീയകളേബരാം താമുത്സംഗലാളിതമനോജ്ഞശുകീമുപാസേ' എന്നു 'സ്വയംവരസ്തവ'ത്തിൽ.

Digitized By Kerala Sahitya Akademi

ബാലേ, നിശാകരനിതാ, നിശയിൽക്കരങ്ങ—
ളാലേ നറുംകുമുദിനീകമുദാനനത്തെ
ചാലേ തുടച്ചഥ മിനുക്കിയ തിങ്കൾ വണ്ടാം
ചേലേറിടും മൃഗമദക്കുറി ചേർത്തിടുന്നു. 4

മട്ടായിടഞ്ഞമൊഴി, ചന്ദ്രികയെന്ന വെള്ള—
പ്പട്ടാംബരത്തിനെയെടുത്തു നിവർത്തി നന്നായ്
മുട്ടാതെ ശാരദനിശാംഗനയാളുഴി—
ത്തട്ടാം കിടക്കയിൽ മുറയ്ക്കു വിരിച്ചിടുന്നു. 5

രാവിങ്കലെൻകമനി, പൊയ്കയിൽ മുങ്ങിയാമ്പൽ—
പ്പൂവിന്റെ നൽപ്പുതുമണത്തെയുമേന്തി മെല്ലേ
ആവിർവിലാസമണയും കുളിർതെന്നലിട്ടു—
വേവിച്ചിടുന്നിതു വിയോഗിജനത്തെയെല്ലാം. 6

ധാരാളമായി വിലസുന്നിതു, മേഘബാധ
ചേരാതെ ചന്ദ്രനിഹ നിന്റെ മുഖംകണക്കെ;
നേരാണിതേണമിഴി, നിൻമിഴിപോലെ നാരി—
മാരായ്പ്പിരിഞ്ഞ മരുവോർക്കഴൽ നീണ്ടിടുന്നു. 7

ആരാൽ സരോജമധുവുണ്ടു മദിച്ച ഭൃംഗൗ—
ഘാരാവവൈഖരി വിയോഗികൾതൻ ചെകിട്ടിൽ
നാരായണാ, നെടിയ തിയ്യതിലിട്ടു ചുട്ട
നാരായമായ് ഝടിതി ചെന്നു തറച്ചിടുന്നു! 8

പൊട്ടപ്പിശാചികകണക്കു ശരത്തു പാന്ഥ—
ക്കൂട്ടത്തെയൊക്കെയൊരുമിച്ചു പിടിച്ചു തിന്നാൻ
ചുട്ടററ നൂതനജപാരസനം പുറത്തെ—
ക്കിട്ടുണ്ടിലാർത്തിയൊടു നില്പതു കണ്ടിതോ നീ? 9

പാടുന്നു പാട്ടുകൾ മദിച്ചു മരാളിതാൻ; കൊ—
ട്ടീടുന്നിതേ പഥികർ നല്ല 'പരുങ്ങൽവാദ്യം';
ആടുന്നു നമ്മുടെ ശരന്നടി നന്മയിൽ; കൊ—
ണ്ടാടുന്നു മാനിനികളൊത്തമരും മഹാന്മാർ. 10

''നന്നായ്'' ശുചിത്വമൊടു വിഷ്ണുപദം ഭജിച്ചീ—
ടുന്നാളൊടുൽക്കടജലാശയമുഷ്ക്കു പോറാ,''
എന്നാപ്തവാക്കിനൊരുദാഹരണം, നഭസ്സി—
ലിന്നാ മുകിൽത്തടവൊഴിഞ്ഞതുമിന്ദുതന്നെ. 11

ചിതമൊടധ്വഗർതൻ പടുധൈര്യമാം
മുതൽ പിടിച്ചുപറിച്ചൊടുവിൽത്തുലോം

11. ശുചിത്വം = ശുദ്ധത; വെളുപ്പെന്നും. വിഷ്ണുപദം=ആകാശം; വിഷ്ണുവിന്റെ കാലെന്നും. ജലാശയങ്ങൾ = മേഘങ്ങൾ; വഷളന്മാരെന്നും.

Digitized By Kerala Sahitya Akademi

സിതകരൻ കരയഷ്ടികയാകൊണ്ടു മെ—
യ്യിത, ഞെരിച്ചുവിടുന്നു നിശാന്തരേ. 12

ഇപ്പോഴാം സാരസകാഞ്ചിചേർന്നൊരു മണൽ—
ത്തിട്ടാം നിതംബത്തൊടും,
സ്വച്ഛോർമ്മിപ്പുരികത്തൊടും, ശുചിരസേ
മുങ്ങുന്ന മീൻകണ്ണൊടും
കെല്ലോലും പുതുമോടിയിൽപ്പുഴകളാം
പെണ്ണുങ്ങളാം കോകങ്ങളാം
നല്ലോർക്കൊങ്കകളും കലുക്കി നടകൊ—
ണ്ടീടുന്നു മന്ദം പ്രിയേ! 13

നേരോടേ പടവെട്ടി മുററുമുലകൊ—
ക്കെക്കീഴടക്കീടുവാൻ
സാരോദഗ്രവിലാസിനിപ്പടകളെ—
ത്താൻ മുൻനടത്തിച്ചിതാ,
പേരോലുന്ന കരിമ്പുവില്ലുമലര—
മ്പുംപേറി മന്ദാനില—
ത്തേരോടിച്ചെഴുന്നള്ളിടുന്നു, തരസാ
താരമ്പനാം തമ്പുരാൻ. 14

ലാളിത്യംചേർന്ന നീരാഴികളുമഴകെഴും
താമരത്താർ മരന്ദ—
ക്കോളിൽ തത്തിക്കളിക്കും കുളിർപവനനുമ—
പ്പൂർണ്ണമാം പൂനിലാവും
കേളി,പ്പോളുണ്ടുമിണ്ടും മദകളകളഹം—
സാഞ്ചിതക്കൊഞ്ചൽമട്ടും
മേളിക്കുന്നീ ശരത്തെൻ തരളമിഴി, തരും,
നന്മ നമ്മൾക്കു മേന്മേൽ. 15

നാലാംസർഗ്ഗം

ഹേമന്തവർണ്ണനം

വാർമതിയെതിർമുഖവദനേ,
നീ മതികുതുകത്തൊടിന്നു കണ്ടാലും:
ശ്രീമതിയായ തുഷാര—
ത്തുമതിരണ്ടോരു വേള വന്നല്ലോ. 1

13. ശുചിരസം = നിർമ്മലമായ ജലം; ശൃംഗാരമെന്നും.

14. രാജാക്കന്മാർക്കു യുദ്ധയാത്രയ്ക്കു് ഉചിതമായ കാലം ശരത്താകുന്നുവെന്നു പ്രസിദ്ധം.

Digitized By Kerala Sahitya Akademi

ഇളമൃഗമിഴിയിന്നാളുക—
ളിളകിന മഞ്ഞിൽക്കുളിച്ച കാററുകളാൽ
വളരെക്കുളിർത്ത മെയ്യിൽ—
പ്പുളകക്കുപ്പായമിട്ടു കൂടുന്നു. 2

ഇയ്യങ്കാർന്നൊരു മഞ്ഞുകൾ
പെയ്യുംകാലത്തു പേടമാൻനയനേ,
തിയ്യും കാഞ്ഞമരുന്നിതു,
കയ്യും കാലും തരിച്ചു ചിലക്കൂട്ടർ. 3

ഹേ ശുകമൊഴി, പാടീരം
പൂശുക; പുഴയിൽക്കുളിക്കുകെ,നല്ല
ആശു കരവിശറിയാലേ
വീശുകയിവയൊക്കെ വിട്ടു കാമിജനം. 4

വൃത്തിയെഴും കസ്തൂരി—
പ്പത്തിക്കീററിട്ടു പന്തണിക്കുചമാർ
എത്തിപ്പുണർന്നു കാമുക—
ഹൃത്തിന്നു നിതരാം സുഖം വരുത്തുന്നു. 5

ഊക്കുള്ളവനും മാററലർ
വാഴ്കിൽ വല്ലാത്ത നിലയിലായിടുമേ;
നോക്കുകെടോ, ചണ്ഡകരൻ
മുഖം മഞ്ഞിൻെറ മുഷ്ടിൽ മറയുന്നു! 6

തങ്കണവൻ കതിരോൻ മ—
ഞ്ഞിങ്കൽ നിമജ്ജിക്കയാൽ സരോജിനിയും
വങ്കരാംനോവേന്തി ശിവ—
ശങ്കര, നാമാവശേഷയാകുന്നു! 7

അടവിൽത്താരുണ്യച്ചൂ—
ടുടയൊരു മടവാർകളെപ്പുണർന്നേററം
ഉടലു വിയർപ്പിക്കുന്നോ—
ക്കടനീ ഹിമവാതബാധയൊഴിയുന്നു. 8

സരസിജമിഴികളൊടൊത്തൊരു
സരസജനത്തിൻെറ സുരതകലപോലേ
അരമീ നിശ നീളുന്നിതു
വിരഹികളുടെയാധിപോലെയും ദയിതേ! 9

തരുണികളുടെയാ പ്രിയരിൽ
പെരുകുന്നീർഷ്യപ്പിശാചിനെയൊഴിപ്പാൻ

---

8. വാതരോഗത്തിന്നു സ്വേദം മുഖ്യചികിത്സയാണെന്നു വൈദ്യശാസ്ത്രം.
9. ഹേമന്തത്തിൽ രാത്രിയേറുമെന്നു ജ്യോത്സ്യൻ.

Digitized By Kerala Sahitya Akademi

വിരുതാർന്ന മന്ത്രവാദി—
പ്പെരുമാളാണീ ലവംഗവായുവെടോ! 10

കഞ്ജാക്ഷി, മുല്ലചെല്ല—
ന്നിഞ്ഞാഴൽക്കൊടികൾ വിരഹിണികൾപോലെ
മഞ്ഞാൽക്കുളിർത്ത കാററിലു—
ലഞ്ഞാടിയിതാ, വിളർത്തുനില്ക്കുന്നു. 11

ഉലകുകളെല്ലാം വെന്നോ—
രലർശരവീരൻ വിരിച്ചൊരു യശസ്സോ?
കലശനിഭസ്തനി, കാൺകിതു;
വിലസും പാച്ചോററിതൻെറ പൂനിരയോ? 12

സ്വാതന്ത്ര്യം പെട്ടമീയൃതുപ്രഭുവെഴുന്നള്ളീടവേ പാടല—
ശ്രീതങ്കും ചില വൃദ്ധവല്ലരികൾ തങ്ങൾക്കുള്ള ഛർ കാട്ടുവാൻ
വാതംകൊണ്ടു വിറച്ചിട്ടുന്നിലകളാകും കൈകളാലേ ഹിമ—
വ്രാതത്തുള്ളികളായ മംഗളമലർക്കൂട്ടം പൊഴിക്കുന്നിതേ. 13

പുരുതരഗുണശാലിലക്ഷ്മിപൂണ്ടു—
ള്ളൊരു വയലൊക്കെ മുരാരിപോലെതന്നെ:
ദ്വിജപതിമുഖി, നോക്കുകാശുകാദി—
ദ്വിജകുലമുണ്ടിതിനെബ്ഭജിച്ചിടുന്നു. 14

ഓമൽബ്ഭംഗ്യാലവംഗക്കൊടിയിളകിന ന—
ന്മാരുതത്തേരിലേറി,—
ബ്ഭീമപ്രാലേയബിന്ദുക്കണെനിരകൾ ചൊരി—
ഞ്ഞിപ്രപഞ്ചം കലക്കി,
പ്രേമത്താൽ ക്രൗഞ്ചവൈതാളികർ കളനിനദം
കൊണ്ടു പാടുന്ന കീർത്തി—
സ്തോമം നേടിജ്ജയിക്കുന്നിതു ഹിമസമയ—
ശ്രീമഹാരാജവീരൻ. 15

അഞ്ചാംസർഗ്ഗം

ശിശിരവർണ്ണനം

ഉശിരോടംഗജൻ തുള്ളും ശിശിരോല്ലാസമട്ടിനെ
സശിരഃകമ്പമീക്ഷിക്ക, ശശിരമ്യാനനേ, മുദാ. 1

ഉറയ്ക്കും മഞ്ഞിനാൽ ദിക്കു മറയ്ക്കും കാലമാകയാൽ,
മുറയ്ക്കു മെയ്‌ തണുത്തിന്നു വിറയ്ക്കുന്നു ശരീരികൾ. 2

---

14. പുരുതരഗുണശാലിലക്ഷ്മി=വളരെ ഗുണമുള്ള നെല്ലുകളുടെ ശോഭ; വളരെയുള്ള ഗുണംകൊണ്ടു ശോഭിക്കുന്ന ശ്രീഭഗവതിയെന്നും. ശുകാദിദ്വിജകുലം=തത്ത മുതലായ പക്ഷിസമൂഹം; ശ്രീശുകൻ മുതലായ ബ്രാഹ്മണസമൂഹമെന്നും.

Digitized By Kerala Sahitya Akademi

ആട്ടംവണ്ണം തണുപ്പുകൊണ്ടീടും ദിക്കുകളും പ്രിയേ,
കൂട്ടം മഞ്ഞാംപുതപ്പിട്ടു മൂടുന്നിതുടലാകവേ. 3

ഭഞ്ജിക്കും പാന്ഥലോകത്തിൻ
നെഞ്ഞിലെധൈര്യമൊക്കെയും
പഞ്ഞിപോലെ പറക്കുന്നു,
മഞ്ഞിൻ കാറ്റേറ്റുമേല്ക്കുയാൽ. 4

ചന്ദനച്ചാറിലും ചാരുചന്ദ്രചന്ദ്രികതന്നിലും
നന്ദികേടായ് ജനങ്ങൾക്കു, നിന്നെക്കണ്ടെന്റെ നായികേ! 5

കുങ്കുമംതന്നിലും, ചൂട്ടതങ്കുമക്കാതപത്തിലും
എങ്കുരംഗാക്ഷി, ലോകക്കിന്നങ്കുരിക്കുന്നു കൗതുകം. 6

ക്ഷിതിയാകെ മറച്ചിക്ഷുതതി നില്ക്കുന്നു, നോക്കെടോ:
ഇതിൻനീർ നീയുതിക്കും വാക്കതിൻചങ്ങാതിയല്ലയോ! 7

കാളമേഘകചേ, കാൺകിക്കാലമക്കാമദേവനായ്
നീലക്കരിമ്പുവില്ലേറെ വേലചെയ്യുന്ന ശില്പിയോ! 8

കരുമീൻകണ്ണി, കന്ദം നല്ലൊരു പൂന്തേൻകുഴമ്പിനാൽ
വിരുന്നൂട്ടുന്നതുണ്ടാരാൽ വരും വണ്ടുകളെസ്സുഖം. 9

ഹേ തുംഗപ്പോർകചേ, മഞ്ഞു
പെയ്യു പാരം തണുക്കയാൽ
ഏതുമീ രാത്രി നൽസൗഖ്യ—
ഹേതുവാകുന്നതില്ലഹോ! 10

കൂട്ടം കൂറൊട്ടു കുങ്കുമപ്പൊടിയണി—
ഞ്ഞാ യൗവനാഡംബര—
ച്ചൂടുന്നിച്ചൊരു ചൂതണിക്കുചതടം
മാറത്തമർത്തങ്ങനെ
തേടും ശീതമൊഴിച്ചു തേന്മൊഴികളോ—
ടൊന്നിച്ചു പൂമച്ചിൽ മേ—
വീടും പുണ്യമിയന്ന പൂരുഷർ ഞെരു—
ങ്ങാതിന്നുറങ്ങുന്നിതേ. 11

എൻകുയിൽമൊഴി, കാമിജനം
തങ്കും ശീതത്തിൽനിന്നു ഭയമോടേ,
കുങ്കുമമണിയും കാന്തകൾ—
തൻ കുചനടുവിൽക്കടന്നൊളിക്കുന്നു. 12

മണം തിങ്ങിപ്പൊങ്ങുന്നകിൽനിര പുകച്ചോരറയില്—
ള്ളിണങ്ങും കാന്തന്മാരൊടു സമമിരുന്നിക്കമനിമാർ

Digitized By Kerala Sahitya Akademi

ഗുണം കൂടീടുന്നാ വിഷമവിശിഖസ്വാമിയെ വിളി—
ച്ചുണർത്തും മദ്യത്തെക്കയിൽമൊഴി, കടിക്കുന്ന കുതുകാൽ. 13

ഏണക്കണ്ണികൾതൻ കനത്ത പുടവ—
 കളെത്തൊട്ടഴിച്ചും മണി—
ത്തൂണൊമ്പും തുട ഞെക്കിയും തുരുതുരെ—
 സ്സീൽക്കാരമുണ്ടാക്കിയും,
ശോണച്ചുണ്ടു മുറിപ്പെടുത്തിയുമിളം—
 കാർക്കൂന്തൽ ചിന്നിച്ചുമ—
ക്ഷീണം ചുററിയടിച്ചിടുന്നു, കുളിർകാ—
 ററമ്പോ, വിടൻപോലവേ. 14

നല്ലുന്ദമന്ദഹസിതദ്യുതിയോടിണങ്ങി
നില്ലുന്നാളിക്കടെമിഴികളെകൊണ്ടുതന്നെ
തിക്കുന്നേ മഞ്ഞു പുരുഷോത്തമമാനസത്തിൽ—
ച്ചിക്കുന്നൊരിശ്ശിശിരലക്ഷ്മി ശിവം തരട്ടേ! 15

ആറാംസർഗ്ഗം
വസന്തവർണ്ണനം

മധുകരങ്ങളണഞ്ഞു മയങ്ങിടും
മധുപൊഴിപ്പൊരു പുഷ്പസമൃദ്ധിയാൽ
മധുരകാന്തികലർന്നിത വന്നുപോയ്
മധു; രസിച്ചിതു കാൺക മൽപ്രിയേ! 1

അടവിൽ മാന്തളിരുണ്ടു മദാൽക്കുയിൽ—
പ്പിടകൾ ഉകിന പഞ്ചമനിസ്വനം
ഘടനിഭസ്തനി, വീണയൊടൊത്ത നി—
ന്നുടയ പാട്ടുകണക്കെ മനോഹരം. 2

ചലിതമാന്മിഴി, നോക്കുക പൊൻനിറ—
പ്പൊലിമ ചേർന്നൊരു ചമ്പകമൊട്ടിതാ,
വലിയൊരാ മധു വന്നളവീ വന—
സ്ഥലി കൊളുത്തിയ മംഗലദീപമോ? 3

ഇതുകൾ നല്ല പലാശസുമങ്ങളോ?
ചതുരവാണി, വസന്തമൊടൊത്തുടൻ
പുതുമപൂണ്ടു രമിച്ചവനാളിതൻ
പുതുനഖവ്രണമാലകൾതന്നെയോ? 4

15. പുരുഷോത്തമമാനസം = വിഷയവിരക്തി വന്നവരുടെ മനസ്സെന്നു സാരം; വിഷ്ണുവിൻെറ മനസ്സെന്നും.

സുരഭിമരപ്രസവാസവസേവയാൽ
തലയുലച്ചു പിടിച്ചുമധുവ്രതർ
കളകളധ്വനിയാൽ വഴിപോക്കരെ—
ത്തെറിപറഞ്ഞു നടപ്പതു കാൺക നീ. 5

അലഘുവാകിയ നിന്മുലയൊത്ത പൂ—
ങ്കുല ചുമന്നൊരശോകമഹീരുഹം
അലമെനിക്കു ശരിപ്പെട്ടമേ, മഹാ—
വിലപിടിച്ച വിലാസമെഴും പ്രിയേ! 6

കമനി കാൺക: മാധവലാളന—
ക്രമമിയന്നൊരു മാധവിയെത്തുലോം
സുമശിലീമുഖമുഷ്ടിനൊടജ്ജ്ഞനോ—
പമമൊരാശ്രമരം പുണരുന്നിതേ. 7

പുതിയ പുഷ്പിതവള്ളികളെപ്പുണ—
ർന്നതിലിയന്നൊരശുദ്ധിയകറ്റുവാൻ,
മതിതൊഴുംമുഖി, പൊയ്കയിൽ മുങ്ങിടു—
ന്നിതിഹ, മാന്ദ്യമെഴും മലയാനിലൻ. 8

കടുതരം ബത, കാമുകരോടകം
ചുടുമിടച്ചിലെഴും മടവാർകളെ
പടുതപൂണ്ടൊരു തോഴികണക്കിണ—
ക്കിടുവതുണ്ടി,ഹ കോകിലകാകളി. 9

നല്ലാർമൗലേ, നറുമ്പൂശരശരനികരം
മൂർച്ചകൂട്ടുന്ന ചാണ—
ക്കല്ലായും, ചൈത്രരാത്രിക്കയൽമിഴിമണി കൈ—
ക്കൊണ്ട കണ്ണാടിയായും
ഉല്ലാസത്താൽ വിളങ്ങുന്നുഡുരമണനുദി—
ച്ചീടവേ ജീവനുള്ളോ—
ക്കെല്ലാം കാന്താനുരാഗക്കടലതിർകവിയും
പന്തിയായ്പ്പൊന്തിടുന്നു. 10

5. വണ്ടുകളുടെ കളകളധ്വനി പാന്ഥന്മാർക്ക് തെറിപറയുന്നതുപോലെ അസഹ്യമായിത്തീർന്നിരിക്കുന്നു എന്നു ഭാവം.

6. അശോകം = വൃക്ഷവിശേഷം; ശോകമില്ലാത്തതെന്നും.

7. മാധവലാളനം = വസന്തത്തിന്റെ ലാളനം; ശ്രീകൃഷ്ണന്റെ ലാളനമെന്നും. മാധവി = കുരുക്കുത്തിമുല്ലവള്ളി; സുഭദ്രയെന്നും. സുമശിലീമുഖമുഷ്ട് = പുഷ്പങ്ങളിലുള്ള വണ്ടുകളുടെ തിരക്ക്; കാമന്റെ മുഷ്ടിയെന്നും.

8. പുഷ്പിതവള്ളികൾ = രജസ്വലസ്ത്രീകളെന്നും തോന്നുന്നു.

Digitized By Kerala Sahitya Akademi

വെയ്‌ലേല്ക്കാത്തുള്ള പൂവാടിയിലമലമണി
ത്തിണ്ണമേൽ ചെന്നിരുന്നി–
ക്കാലം ചാരത്തെഴും പൊയ്കയിൽ മുഴുകി മറി–
ഞ്ഞൊരു കാറേററനല്പം,
ചാലേ കൊഞ്ചും കുയിൽപ്പേടയിലകമലിവാ–
ർന്നച്ചിമാരൊത്തു മേള–
ത്താലേററം കുത്തടിച്ചങ്ങനെ സുകൃതികൾ പോ–
ക്കുന്നു നട്ടുച്ചനേരം. 11

തപ്പാതെ മണമോർത്തു പിന്നിലണയും
ഭൃംഗൗഘഹുങ്കാരമി–
ട്ടിപ്പാരൊക്കെ മുഴക്കി മാലയമരു–
ത്താകുന്ന മത്തദ്വിപം
കെല്പാർന്നീടിന കേസരപ്പൊടി ചുമ–
ന്നഞ്ചാതെ പഞ്ചായുധ–
പ്പാപ്പാനിട്ടു തിരിക്കയാൽപ്പഥികരെ–
പ്പായിച്ചിടുന്നുണ്ടിതാ! 12

ആ വില്ലാളിപ്പരിഷകൾ സലാംവെച്ചു വന്ദിച്ചുനില്ക്കും
പൂവില്ലൻതൻ പുതിയ കണകൊണ്ടുള്ള രണ്ടായി വീണ്ടും
ആവില്ലല്ലോ പറവതിനിതാ—ഹന്ത കേളന്തികേ ഭ–
ത്താവില്ലാത്തോരബലകൾ മയങ്ങുന്നു, ചാകുന്നു മേന്മേൽ. 13

കൂട്ടംകൂടുമളിവ്രജച്ചിറകടി–
ത്താളത്തൊടൊക്കും കുയിൽ–
പ്പാട്ടമ്പോടുയരുന്ന ചൂതലതികാ–
ശാതോദരിത്തയ്യലാൾ
കോട്ടംവിട്ടു വിലാസമോടനിലനാ–
മാശാൻ പഠിപ്പിച്ച കൂ–
ത്താട്ടം വെച്ചതകത്തിടുന്നു കരിമീൻ–
കണ്ണാൾമണേ, കാൺകെടോ. 14

മലയായ്പ്പുരമടരാടിയ മുലയാൾകുലമണി, നി–
ർമ്മലയാകിയ കുളിർകൗമുദി, കുയിലിൻ കളനിനദം,
മലയാനിലമൃദുമാരുതനിവ ചേർന്നൊരു ബഹുകോ–
മളയാം പുതുമധുവേളയിതരുളും തവ കുശലം! 15

11. വസന്തത്തിൽ ഈവിധം മദ്ധ്യാഹ്നയാപനംചെയ്യാമെന്നു് അഷ്ടാംഗഹൃദയം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

തപതീസംവരണം

വഞ്ചിപ്പാട്ട്

1906

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വെള്ളിമലത്തമ്പുരാന്റെ പള്ളിമടിത്തടംതന്നിൽ
പള്ളികൊള്ളും തമ്പുരാട്ടി പാണിപത്മത്തിൽ

പ്രേമരസത്തോട വാഴിച്ചോമനിക്കും കിളിപ്പെണ്ണേ!
താമസിയാതെൻചാരത്തു വന്നിരുന്നാലും.

തണ്ടലരിളംതേനിന്റെ തണ്ടകററും മൊഴി! നിന്നെ-
ക്കണ്ടകാലം മറന്നല്ലോ കഷ്ടംതന്നെ!

ഇന്നു നിന്നെയിതംപോലെയൊന്നു കാണ്മാനിടവന്ന-
തെന്നുടെ കണ്ണിന്റെ പുണ്യമെന്നേ ചൊല്ലാവൂ.

കണ്ടതുകൊണ്ടായില്ല, നിൻകണ്ഠകളശബ്ദം കേട്ടേ
വേണ്ടവണ്ണമെനിക്കൊരു തൃപ്തിയാവുള്ളൂ.

ഭൂരികൗതുഹലത്തോടും പോരികെന്നരികിലേക്ക
ശാരികമാർമണിയാളേ! ശങ്കിച്ചീടൊല്ലേ!

പാലും പൂവ്വമ്പഴങ്ങളും ചേലുകൂട്ടും ചെറുതേനും
നീലക്കരിമ്പിൻതുടയ നീരുമിതെല്ലാം

വഴിപോലെ കഴിച്ചിന്നു വഴിക്ഷീണമാസകല-
മൊഴിവാക്കിയിരുന്നാലുമോമലാളേ! നീ.

പാടവമൊക്കും നീയിന്നു പാടുള്ളപോലൊരു കഥ
പാടിക്കേൾപ്പിക്കാതിരുന്നാൽ പന്തിയാവില്ല.

വഞ്ചിക്കുവാൻ നോക്കേണ്ടാ നീയഞ്ചിതമാം നിലയ്ക്കൊരു
വഞ്ചിപ്പാട്ടുപാടിത്തന്നേ വിട്ടയയ്ക്കൂ ഞാൻ.

ശ്രീരാഗത്തിൻനിലയമാം നാരായണപ്രഭു മുമ്പാം
സാരാശയമെഴും ബുധസത്തമന്മാരും,

പാട്ടിലായ നിന്റെ വഞ്ചിപ്പാട്ടിലേററം ഭ്രമിച്ചതായ്-
ക്കേട്ടിരിക്കുന്നു ഞാൻ മേനികേററുകയല്ലേ!

സമ്പ്രതി മേ നവഗാനം സമ്പ്രീതികരമാണേററം
സംഭ്രമമുള്ളെൻമോഹം നീ സാധിപ്പിക്കേണം.

കുററുകാരിയാം നീ പൊടിപാററുകൊരു തോണിപ്പാട്ടി-
ന്നേററുപാടിക്കൊള്ളാമെന്നതേററു ഞാൻ പോരേ?

ഇത്തരം പറഞ്ഞതു കേട്ടുത്തരംഗാദരമിതി-
ന്നുത്തരമാശ്ശുകിളിപ്പെണ്ണുരച്ചാളേവം:

ഏറ്റുമാറും വിഘ്നപങ്ങളൊട്ടുക്കൊരുവിധം തീർത്തു-
വിട്ടു കാത്തഴിക്കും ചില്ലീവില്ലാട്ടത്താലേ.

Digitized By Kerala Sahitya Akademi

മട്ടലരമ്പനെക്കണ്ണിൽ ചുട്ട കെങ്കേമനെയിട്ട
നട്ടംതിരിച്ചമരുന്ന നാഥേ! പാർവ്വതി!

മുമ്പിട്ടീടും മുടക്കങ്ങളമ്പിക്കുവാൻ മിടുക്കുള്ള
കുംഭിരാജമുഖനുണ്ണിത്തമ്പുരാൻതന്നെ.

തന്മടിയിലെടുത്തുവെച്ചുമ്മവെച്ചു ലാളിച്ചീടു-
മമ്മയാമെൻഭഗവതി! ധർമ്മദൈവമേ!

ബ്രഹ്മവിഷ്ണുരുദ്രാദികളുണ്മയിൽ ധ്യാനിക്കും പര-
ബ്രഹ്മമൂർത്തേ! പരമേശി! ബ്രാഹ്മണവന്ദ്യേ!

ഉൾക്കളത്തിലുറപ്പോടെ തൃക്കഴൽക്കു തൊഴുന്നോരെ
മക്കളെപ്പോലോർത്തു കാക്കും മാമറവേരേ!

മഞ്ജുമലയുടെ ഭാഗ്യമഞ്ജുളശ്രീവിലാസമേ!
കഞ്ജസായകാഡംബരക്കാതലായോളേ!

പാകരസാദികൾ ചേരും ശ്രീകവിത്വസസ്യം മഹാ-
മൂകചിത്തവയലിലും മുളച്ചുപൊങ്ങാൻ.

ശങ്കയില്ലാത്തുതകീടും നിങ്കടാക്ഷകാളമേഘ-
മെങ്കൽ കൃപാമൃതം പൊഴിക്കേണമെന്നെന്നും.

ഭാരതത്തിലൊരു കഥാസാരമെടുത്തുരചെയ്‌വാ-
നാരംഭിച്ചീടുന്നിതാ ഞാനാഗമാത്മികേ!

ഭാരതിയാം ഭവതിയിന്നേരമൊന്നു കനിഞ്ഞാലേ
ഭാരമേറുമെന്നാരംഭം ഭാഗിയായ്ത്തീരൂ.

എങ്കിലോ പണ്ടിറുവംശത്തിങ്കലുണ്ടായ്‌വന്നുപോലും
മങ്കമാർക്കു കാമനൊരു മന്നവശ്രേഷ്ഠൻ.

സംവരണാഖ്യനായുള്ളാസ്സാർവ്വഭൗമൻ തമ്പുരാനെ-
സ്സംവരണംചെയ്തുനിന്നു സർവ്വസമ്പത്തും.

കായബലം, കാന്തി, നീതിന്യായമാദി ഗുണമോർത്താ-
ലായവനു കിടനില്ലാനാരുമില്ലല്ലോ.

ധർമ്മലോപം വരാതവനിമ്മഹിവാണരുളുമ്പോൾ
നന്മ വന്നു വളർന്നിതു നാട്ടുകാർക്കെല്ലാം.

വാട്ടമില്ലാതരികളെക്കൂട്ടത്തോടേ കൊന്നൊടുക്കി
നാട്ടിലെല്ലാം ജയക്കൊടി നാട്ടി നരേന്ദ്രൻ.

സൂര്യമന്ദാനന്ദപ്രദൻ സൂര്യദേവസേവാരതൻ
കാര്യംവിട്ടു കളിക്കാത്തുള്ളാര്യസമ്മതൻ.

ശാസ്ത്രമെല്ലാം പഠിച്ചവൻ ശാസ്ത്രവിധി പിഴയ്ക്കാതേ
കാത്തുവാണു കുടികളെക്കാശ്യപീകാന്തൻ.

Digitized By Kerala Sahitya Akademi

കൂട്ടരോടുമൊത്തു നൃപശ്രേഷ്ഠനൊരുദിനം പള്ളി—
വേട്ടയാടാൻ പുറപ്പെട്ടു വേണ്ടതിൻവണ്ണം.

ഈട്ടി, വേല്, കുലശ്ശൂലവും, തോട്ടി, വാളും, മഴു, മൂർച്ച—
കൂട്ടിവെച്ച കടുത്തില, കന്തുലങ്ങൾ,

ആവനാഴി, വില്ല്, മറ്റുമീവകയാമായുധങ്ങ—
ളാവതോളമെടുത്തേറ്റമാർത്തുവിളിച്ചും

മുന്നടന്നു പടജ്ജനം, മന്നവനുമശ്വമേറി
മന്ദംമന്ദമെഴുന്നള്ളി മന്ദരധീരൻ.

തമ്പുരാന്റെയെഴുന്നള്ളത്തൻപുയരുംവിധം കാണ്മാൻ
തമ്പുരാഗ്രമേറിനിന്നു താമരാക്ഷികൾ

കാമനോടു കിടയൊത്താബ്ഭ്രമണാളൻതന്നെക്കണ്ടു
കാമവഹ്നിയേറ്റു കരൾ കരിഞ്ഞുപോയി.

വൃദ്ധപുരസ്ത്രീജനങ്ങളദ്ധരേശമുടിത്തട്ടിൽ
ശുദ്ധമലർനിരത്തുകി ശുഷ്ഠാന്തിയോടേ.

ഉച്ചൈസ്സായ്‌വിളങ്ങും വെളുത്തശ്വത്തിന്റെ പുറത്തേറി—
യുച്ചൈശ്രവസ്സിൻ പുറത്തെഴുമമ്പർകോൻപോലെ,

എല്ലാവർക്കും തിരുമേനി തെല്ലുനേരം കാട്ടിക്കൊണ്ടു
മെല്ലെമെല്ലേ നടകൊണ്ടു മേദിനീനാഥൻ.

പാരംവഴി പോയനേരം ദൂരദിക്കിൽ കാണായ്‌വന്നു
നീരന്ധ്രമായിരുണ്ടുള്ള ഘോരകാന്താരം.

നട്ടുച്ചയ്ക്കുപോലും വെയിൽതട്ടുവാനിടയാകാത്ത—
മട്ടു തിങ്ങിയിടതൂർന്ന മാമരങ്ങളാൽ.

മാനത്തുചെന്നുരസ്സുന്നാക്കാനനത്തെ തൃക്കണ്ണോർത്തു
മാനവേന്ദ്രന്നുളവായി മാനസാഹ്ലാദം.

ഓടിയണഞ്ഞവരേറ്റം പേടിയാവുംപടിയുള്ളാ—
ക്കാടിളക്കിത്തുടങ്ങിനാർ കൗതുകത്തോടും.

ഘോരം കൊടുങ്കാറ്റുവീശുന്നേരം കടലെന്നപോലാ—
ക്രൂരവനം കിടന്നൊന്നു കുലുങ്ങിപ്പോയി.

കാട്ടാനകൾ, കരിമ്പുലിക്കൂട്ടം, ചെന്നായ്, കരടികൾ,
കാട്ടുപോത്തു, ഖണ്ഡാമൃഗം, കടുവകളും

എട്ടടിമാൻ, പന്നി, സിംഹംതൊട്ടു മൃഗപ്പരിഷക—
ളെട്ടുദിക്കും മുഴങ്ങുമാറേറ്റമുച്ചത്തിൽ

കൂട്ടംകൂടിക്കൂക്കിവിളിക്കൂട്ടും ഭടരുടെ ഘോഷം
കേട്ടമ്പരന്നങ്ങുമിങ്ങുമോട്ടംതുടങ്ങി.

Digitized By Kerala Sahitya Akademi

മണ്ടമിടയ്ക്കാക്കൂട്ടക്കാർ കണ്ടു ചാട്ടം പല ശസ്ത്രം—
കൊണ്ടു ചത്തുമലയ്ക്കുന്നു ക്രൂരജന്തുക്കൾ.

ഭടകട്ടരടിതം കേട്ടുടനുണർന്നേററു മല—
മടവെടിഞ്ഞിറങ്ങി നാലിടവും നോക്കി.

സടകുടഞ്ഞലറി വിസ്ഫുടചടുലദംഷ്ട്രമുൽ—
ക്കടമിടഞ്ഞണഞ്ഞുള്ള കേസരികളെ

സ്പൃദ്ധ്മൂലമെന്നവണ്ണമദ്ധരേശകേസരി ന—
ല്ലബ്ധ്ചന്ദ്രമെയ്യുകൊന്നാനത്തലെന്നിയേ.

കത്തിയമ്പു നൃപൻ തൂകി മത്തകുംഭികുലത്തിന്റെ
മസ്തകത്തെപ്പിളക്കുമ്പോളസ്ഥലത്തെല്ലാം

മഞ്ഞുതുള്ളി വീഴുമ്പോലെ മഞ്ജുളമാം മുത്തുമണി
പഞ്ഞമില്ലാതുതിരുന്നു പാർക്കുകിൽ ചിത്രം!

നേരമ്പോക്കായ് നൃപനെയ്യും കൂരമ്പേററ മൃഗങ്ങൾതൻ—
ചോര തള്ളിയൊലിക്കുന്നു ചോലകൾപോലേ;

ഒട്ടൊന്നുമല്ലതു തളംകെട്ടിനിന്നു ചിലേടത്തു
കാട്ടുകാളിക്കായ്ക്കുരുതികൂട്ടിയ പോലെ.

ഒന്നുരണ്ടു നാഴികകൊണ്ടുന്നമൃഗജന്തുക്കളെ-
ക്കൊന്നു കൊന്നൊടുക്കിയവനക്കാന്താരത്തെ

ഒന്നാന്തരം ഭീരുക്കൾക്കും നന്നായ് വന്നു കളിയാടാ—
വുന്നവിധമാക്കിത്തീർത്താനെന്നതേ വേണ്ടു.

വാട്ടമില്ലാതവനേവം വേട്ടയാടിനടക്കുമ്പോൾ
കൂട്ടംപിരിഞ്ഞേതോ മററു കാട്ടിൽ ചെന്നെത്തീ.

ഏറ്ററംവഴി പാഞ്ഞുപാഞ്ഞു തോററലഞ്ഞ നരേന്ദ്രാശ്വ—
മൂററമായ് പൈദാഹംമൂത്തു കുററംപിഴച്ചു.

പിന്നെത്തൃക്കാൽനടയായിത്തന്നെ ലാത്തും തമ്പുരാനു
മുന്നിൽ കാണായ്‌വന്നിതൊരു മുഗ്ദ്ധഗാത്രിയാൾ.

മിന്നൽക്കൊടിപോലെയുള്ളാക്കന്നൽമിഴിയാളെക്കണ്ടു
മന്നവന്റെ കണ്ണുരണ്ടും മഞ്ഞളിച്ചുപോയ്.

കാളിന്ദിയിലടിച്ചേറും കോളിനേക്കാൾ കൊട്ടായ
കാളിമാവുകളിയാട്ടും കാർകുഴൽക്കെട്ടും

പൂന്തിങ്കളിൻകിടാവെന്നുൾഭ്രാന്തിതോന്നും നിടിലത്തിൽ
ചാന്തിൻകുറികളും നല്ല ചന്ദനപ്പൊട്ടും

താമരസത്താരിൽ മഹത്താമരസം വരുത്തുന്ന
കാമരസംതൂകും കണ്ണും കടാക്ഷങ്ങളും,

Digitized By Kerala Sahitya Akademi

നിർമ്മമരാം മുനികൾക്കുമുമ്മവെപ്പാൻതോന്നുമാറു
വെണ്മകൂട്ടും കവിളിണതന്മഹിമാവും,

കാമലാസ്യക്കളരിയാമോമലാളുടയ തെച്ചി-
പ്പൂമലച്ച തുടപ്പോലും വായ്മലർതാനും,

കാർ മറയ്ക്കാത്തുള്ള ശരൽസോമമണ്ഡലവും തോററു
താഴ്ചയോടേ തൊഴും മുഖത്താമരപ്പൂവും,

പൊന്മണിക്കുടത്തിനൊപ്പമെണ്മണിക്കുമിടയെന്യേ
തമ്മിൽ തിക്കിത്തിരക്കീടും തടമുലയും

വമ്പിച്ചെഴും യൗവനമാം കൊമ്പനാനയുടെ നല്ല-
തുമ്പിക്കയ്യാണെന്നു തോന്നും തുടയിണയും,

സ്വർണ്ണത്തിൻെറ സത്തെടുത്തവർണ്ണം മിന്നിത്തിളങ്ങുന്ന
വർണ്ണമൊത്ത കളർമെയ്യിൻവടിവുകളും

പാർത്തു കാണായ്‌വന്നനേരം, ചീർത്ത ധൈര്യമുണ്ടെന്നാലും
പാർത്ഥിവൻെറ കാര്യമെല്ലാം പരുങ്ങലായി.

''പെണ്ണിതേതോ ഭഗവാനേ! കണ്ണിനു പരമാനന്ദം
വിണ്ണിലുമുണ്ടാവില്ലിതിൻവർണ്ണമുള്ളവൾ.

കാമദേവജയശ്രീയോ? വാമദേവവല്ലഭയോ?
പൂമകൻെറ പൊണ്ടാട്ടിയോ? പൂമകൾതാനോ?

കണ്ടാൽ കൊതിയാമ്മാറേവം കൊണ്ടാടേണ്ടു മഴകൊക്കും
കണ്ടിവാർകുഴലാളെ ഞാൻ കണ്ടിട്ടില്ലെങ്ങും.

കേടകന്നിവളൊററയ്ക്കീക്കാടകംപൂക്കതെങ്ങനെ
പേടമാൻനേർമിഴിയാൾക്കു പേടിയാവില്ലേ?

കണ്മണിക്കൊരമൃതാമിപ്പെണ്മണിയാളെന്തെന്നില്ലാ-
തെന്മനസ്സിൽ വളർത്തുന്നു മന്മഥതാപം.

ചൂതായുധക്കൊടിയിവളേതായിരിക്കണമോർത്താ-
ലേതായാലും കടന്നൊന്നു ചോദിക്കതന്നേ.''

രാജ്യപാലനോരോ മനോരാജ്യമേവം വിചാരിച്ചു
പൂജ്യശീലനുള്ളിൽ ധൈര്യം പൂജ്യമായ്‌വന്നു.

പൂവമ്പൻ വില്ലുവലിച്ചു ചൊവ്വിലെയ്യുമമ്പുകൊണ്ടു
സർവാംഗവും നുറുങ്ങിന സംവരണനും

താരുണ്യച്ചോരത്തിളപ്പുള്ളൊരുണ്ണിമാൻ കണ്ണിയോടു
പേരും മററുകഥയുമെപ്പേരും ചോദിച്ചു.

ഒന്നും മിണ്ടീലവൾ ചാരേ നിന്നുമില്ല ചിക്കന്നൊളി-
മിന്നൽപോലെ പോയ്മറഞ്ഞു മീനനേർമിഴി.

Digitized By Kerala Sahitya Akademi

അലർശരാതുരൻ നൃപനലമഴലാണ്ടപ്പോഴേ
നിലവിട്ടു മോഹിച്ചാശു നിലത്തു വീണു.

എന്നതു കണ്ടലിവിയന്നന്നനടയാളുടനേ
മന്നവന്റെ ചാരത്തേക്കു മടങ്ങിച്ചെന്നു.

വീണയുടെയൊലി കാല്ക്കൽവീണമൃദുസ്വനത്തോടു—
മേണമിഴി നൃപാലനോടേവമുരച്ചാഠം:

''ചന്ദ്രവംശാണ്ണവപൂണ്ണചന്ദ്ര! മഹീമണ്ഡലേന്ദ്ര!
സാന്ദ്രഗുണനിധേ! ഭവാൻ സന്തപിക്കൊല്ലേ!

നിന്തിരുവടിക്കിതേതും പന്തിയല്ല, ഭവാനിപ്പോ—
ളെന്തിനേവം വിഷാദിപ്പതെഴന്നേററാലും.

തപതിയെന്നെനിക്കു പേർ തപനനാണെന്റെ താതൻ
നൃപതീന്ദ്ര! മറിച്ചൊന്നും നിരൂപിക്കേണ്ടാ.

അച്ഛശീലൻ ഭവാനെ ഞാനച്ഛൻ പറഞ്ഞറിയും, നി—
ന്നിച്ഛപോലെ വരുമെല്ലാമീഷലില്ലൊട്ടും.

എന്നെയങ്ങേക്കുകിടേണമെന്നാണച്ഛൻ വെച്ചിരിപ്പ—
തെന്നുടയ ഭാഗ്യപൂരമെന്തേ ചൊല്ലാവൂ!

എന്നാൽ തപംചെയ്തു ഭവാനെന്നച്ഛനെ പ്രസാദിപ്പി—
ച്ചെന്നാലങ്ങേപ്പിൻതുടരാനിടവരും മേ.''

എന്നും മററുമനുരാഗം വന്നു വാച്ചു വലഞ്ഞൊരാ—
ക്കന്ദുകസ്തനിയാഠം ചൊന്നാക്കാട്ടിൽ മറഞ്ഞു.

തമ്പുരാനുമതുനേരം വമ്പുററൊരു കുണ്ഠിതത്താൽ
'പാമ്പു ചത്ത കുറവന്റെ' പന്തിയായ്ത്തീർന്നു.

രണ്ടുമൂന്നുതവണയാ വണ്ടുതോല്ക്കും മുടിയാളെ
തൊണ്ടയിടർച്ചയിൽ വിളിച്ചിണ്ടലാണ്ടേററം.

മാരഭ്രാന്തിൻ വെളിവററു വേരറുത്ത മരംപോലെ
പാരിൽ വീണുകിടപ്പായീ പാത്ഥിവൻ വീണ്ടും.

അന്നേരത്തു നരേന്ദ്രനെയന്വേഷിക്കും പടജ്ജനം
മന്നവന്റെയരികത്തു ചെന്നണഞ്ഞുതേ.

പാത്ഥിവേന്ദ്രൻ വശംകെട്ടു പാത്തലത്തിൽ കിടപ്പതാ—
ലാത്തുകണ്ടു പരിഭ്രമിച്ചാത്തനാം മന്ത്രി.

ശീതളോപചാരാദികഠം ജാതവേഗം പ്രയോഗിച്ചു
ഭൂതലേശന്നൊരുവിധം ബോധംവരുത്തി.

വസ്തുതയറിഞ്ഞമാത്യനോർത്തുറച്ചാസ്സൈന്യങ്ങളെ—
യത്രനിന്നു നാട്ടിലേക്കു തിരിച്ചയച്ചു.

Digitized By Kerala Sahitya Akademi

ഭാവശുദ്ധിയിണങ്ങിന ഭുവലാന്തകനം ബ്രഹ്മ–
ശ്രീവളർന്ന വസിഷ്ഠനെസ്സേവ തുടങ്ങി.

ചിന്തിതത്തിൻഫലംപോലെ പന്തിരണ്ടു നാളിന്നുള്ളി–
ലന്തികത്തിൽ വന്നുചേർന്നിതാ വസിഷ്ഠരും.

കാകൽ വീണ കനിഞ്ഞെന്നെ കാക്കേണമെന്നൃഷീന്ദ്രനോ–
ടാക്കംകലർന്നപേക്ഷിച്ചാനാക്കാശ്യപീന്ദ്രൻ.

പകൽക്കടയവനുടെ മകളംമൂലമാണീ മാലെ–
ന്നകതാരിലറിഞ്ഞപ്പോളാദരത്തോടെ,

പാരിലുള്ള തപോധനന്മാരിൽവെച്ചു മുമ്പനവൻ
വാരിജപ്പൂമണാളനെ വാഴ്ത്തിത്തുടങ്ങി:

''ചിത്രഭാനോ! നമസ്കാരം മിത്ര! നമസ്കാരം ശത–
പത്രബന്ധോ! നമസ്കാരം പാവനമൂർത്തേ!

വാരിയെല്ലാം കരങ്ങളാൽ വാരിയെടുത്തിഷ്ടംപോലെ
മാരിപെയ്യും മഹാത്മാവേ! മാമറവേരേ!

വേദരൂപനായുള്ളോനേ! വേദവേദ്യനായവനേ!
ഖാദശാത്മാവായവനേ! ദൈന്യം തീർപ്പോനേ!

ഉണ്മയിലിയ്യുലകെല്ലാം ചെമ്മേ തീർത്തു കാത്തഴിക്കും
ബ്രഹ്മവിഷ്ണുരുദ്രാകൃതേ! ചിന്മയ! സ്വാമിൻ!

വാസവാദിസ്തുത! വിഭോ! വാസരേശ! ഭഗവാനേ!
ദാസരാമിജ്ജനങ്ങളിൽ ദയവുവേണം.''

ഇസ്തുതിയാൽ തെളിഞ്ഞർക്കനത്തപോധനന്റെ ചാര–
ത്തെത്തി നിന്നഭീഷ്ടമെന്തെന്നേവം ചോദിച്ചു.

''പങ്കജബാന്ധവ! മമ സങ്കടമൊന്നുണ്ടുണർത്താൻ
നിൻകടാക്ഷമുണ്ടായ്‌വന്നേ നിവൃത്തികിട്ടൂ.

നിൻകന്യകമൂലമിന്നു തിങ്കൾവംശനൃപമുടി–
ത്തങ്കമാകും സംവരണൻ തരംകെട്ടുപോയ്.

ഉത്താപം നൃപതിക്കേകമിത്തപതി തപന! നിൻ
പുത്രിയെന്നുള്ളവസ്ഥയെ വ്യക്തമാക്കുന്നു.

മയ്യൽമിഴിയാളെക്കണ്ടു തിയ്യതിതൊട്ടെന്തെന്നില്ലാ–
തയ്യമ്പന്നൊരടിമയായ്ത്തീർന്നിതദ്ദേഹം.

ഊണമില്ലുറക്കമില്ല ചേണുററ മൈ വിളത്തോററം
കേണഴലുന്നിതു രാജകേസരി കാട്ടിൽ.

ഋക്ഷകമാരകനാകുമിക്ഷത്രിയപ്രവരങ്കൽ
പക്ഷപാതമുണ്ടായിട്ടിപ്പക്ഷ്മളാക്ഷിയെ

Digitized By Kerala Sahitya Akademi

വേളികഴിച്ചേകേണമിന്നാളിലേ നീയല്ലെന്നാകിൽ
കേളിവൻെറ കഥ തീരും കളിവാക്കല്ലേ.''

എന്നിവണ്ണം വസിഷ്ഠർഷി വന്ദിച്ചുണർത്തിയ നേരം
നന്ദിച്ചരുളിച്ചെയ്തു ദിനനായകൻതാനും:

''അങ്ങു വന്നാവശ്യപ്പെട്ടാലിങ്ങു പിന്നെസ്സന്ദേഹമെ—
ന്തിങ്ങയയ്ക്കാം മകളെ ഞാനങ്ങയോടൊപ്പം.

മുന്നമേ നിശ്ചയിച്ചതാണെൻ നന്ദിനിയിവളെയീ—
മന്നവനു കൊടുക്കുവാൻ മാമുനിമൗലേ!''

എന്നുമാത്രം പറഞ്ഞർക്കൻ കന്യകയെ വിളിച്ചാശു
തന്നുടെ ചാരത്തു നിർത്തി താന്തരചെയ്തു:

''ഓമനേ! നീ ഗമിച്ചാലുമീ മഹർഷിയുടെക്കൂടെ
ഭൂമണാളൻ സംവരണന്നേകി ഞാൻ നിന്നെ.

സർവ്വസമ്മതനായുള്ളോരുർവ്വരേശനാണദ്ദേഹം
സർവ്വാത്മനാ ഭജിച്ചാലും സംവരണനെ.

അഖിലകർമ്മവും കാന്തൻ സുഖിയാകുംവിധംവേണം
സഖിയെന്നേ ഭാവിക്കാവൂ സപത്നിമാരിൽ.

വന്ദിക്കേണ്ടുന്നവർകളെ വന്ദിക്കേണം വഴിപോലെ
നിന്ദിക്കരുതൊരാളെയും നീരജനേത്രേ!

ശുണ്ഠിയെടുത്തെന്നോ കാന്തൻ ശണ്ഠകൂട്ടിയെന്നാകിലും
മിണ്ടരുതൊരക്ഷരവുമപ്രിയമായി.

കൃത്യം വേണമെല്ലാററിനും ഭൃത്യന്മാരിൽ ദയ വേണം
സത്യദാനധർമ്മാദിയിൽ സക്തിയും വേണം.

ചിട്ടപോലാ നൃവരൻെറ പട്ടമഹിഷിയായ്‌വാഴ—
കൊട്ടും സുഖക്കേടുതേടാതൊട്ടേറെക്കാലം.

നന്മകറം നിനക്കൊക്കട്ടേ നന്മകനുമുണ്ടാവട്ടെ''—
യിമ്മട്ടിലനുഗ്രഹിച്ചു കർമ്മസാക്ഷിയും

തന്മകളെപ്പുണർന്നേററമുമ്മവെച്ചു നിറുകയി—
ലമ്മഹർഷിയുടെക്കൂടെയയച്ചു മോദാൽ.

ബ്രഹ്മർഷിയാം വസിഷ്ഠരുമമ്മഹിളാമണിയാളെ
മന്മഥാത്തനാം മന്നൻെറ മുന്നിലെത്തിച്ചു.

കൊണ്ടൽക്കുഴലിയാളെയും കൊണ്ടുവന്നാ വസിഷ്ഠരെ—
ക്കണ്ടവാറാ നൃപന്നേററം കണ്ണുകുളുത്തു.

ചാരുവാകും നിധി കിട്ടിയൊരു പാപ്പർപ്പൈതൽപോലാ—
പ്പൂരുഷേന്ദ്രൻ പെരുമോദപ്പുഴയിൽ മുങ്ങി.

Digitized By Kerala Sahitya Akademi

നാളീകാക്ഷിയാളെയുടൻ വേളികഴിച്ചവളുമായ്
മേളിച്ചവനങ്ങു വാണു മേദുരാനന്ദം.

നന്ദനത്തിലിന്ദ്രാണിയുമിന്ദ്രനുമൊത്തെന്നപോലാ—
സ്സുന്ദരിയാം തപതിയും സംവരണനും

കാമശാസ്ത്രപ്രയോഗത്തിൽ കാമം ബുദ്ധിവെച്ചേറെനാ—
ളാമഹത്താം കാട്ടിൽ പാർത്താരാഹ്ലാദത്തോടും.

പിന്നെ നൃപൻ കൂടലരെക്കൊന്നൊടുക്കി നാടടക്കി—
ത്തനപിയൊത്തു സുഖംവാണു തൻപുരിതന്നിൽ.

ഇത്തപതീസംവരണസത്തമകഥ ചൊൽവോക്കു
പത്തനത്തിൽ സദാ ലക്ഷ്മി നൃത്തംവെച്ചീടും.

കൊണ്ടുപിടിച്ച വാലന്മാർ തണ്ടുവലിക്കുമ്പോളിതം—
കൊണ്ടു വഞ്ചിപ്പാട്ടിതേററം നീട്ടിപ്പാടിയാൽ

മണ്ടും തോണി, ഞൊടിയിടകൊണ്ടുതന്നേ തികച്ചൊരു
രണ്ടുകാതംവഴി പോകും കണ്ടുകയുള്ളോ.

ഓളംതല്ലിത്തോണി മറിഞ്ഞാളപായം വരികില്ല
നീളവേ ശുഭമായ്വരും നിശ്ചയംതന്നേ.

വൻകഥയൊന്നിതുമട്ടിൽ താൻ കഥിച്ച തരംപോലേ
പൈങ്കിളിപ്പെണ്ണവളാശു പറന്നുപോയാൾ.

ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ഈ കൃതി രസികരഞ്ജിനി യുടെ 1081 കക്കടകം 1082 ചിങ്ങം (1906) ലക്കങ്ങളിൽ പ്രസിദ്ധീകരിച്ച താണ്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ബധിരവിലാപം

1909

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഗദകബളിതമെൻറ കണ്ണുയുഗ്മം
വദനവിഭൂഷണമാത്രമായ്ച്ചമഞ്ഞു;
കദനമിതൊഴിവാക്കുകംബികേ, നിൻ
പദസരസീരുഹദാസനല്ലയോ ഞാൻ? 1

അഴലിതു വരുവാനൊരജ്ഞനാം ഞാൻ
പിഴ പലതും ബത, ചെയ്തുപോയിരിക്കാം;
അഴകിലവ പൊറുത്തുകൊൾക നീ; തൃ—
ക്കഴലിണയേ മമ താങ്ങലുള്ള തായേ! 2

ശ്രുതിയുടെ പൊരുളെന്ന പുണ്യലോക—
ശ്രുതിപുലരും തവ സേവചെയ്യുമീ ഞാൻ
ശ്രുതിവിരഹിതനാകിലുൽക്കടോപ—
ശ്രുതി പുതുതായവിടെയ്ക്കു പററുമല്ലോ! 3

വിവിധതരനിരർത്ഥശബ്ദജാലം
ചെവിയിൽ നിറച്ചിതരശ്രവം മുടക്കി;
അവിരതമഴലേകിടുന്നു മേ, ദു—
ഷ്ടവിനിരപോലനിവാര്യമീ വികാരം. 4

ഇവനു ബത, മരുൽപ്രകോപമൂലം
ശ്രവണവിഘാതമിതെന്നു വൈദ്യപക്ഷം;
തവ വരുതിയിലുൾപ്പെടാത്തൊരുത്തൻ
ഭുവനമഹേശി, മരുദ്ഗണത്തിലുണ്ടോ? 5

മരുദശനവിഭൂഷണാഢ്യയായ്,
മരുദുപസേവിതയായ നിന്നെ നിത്യം
കരുതിവരുമെനിക്കുമദ്രികന്യേ,
മരുദഭിപീഡ പിണഞ്ഞതെത്ര കഷ്ടം! 6

*പവനജനി മഹാഗദാഢ്യ,നിയ്യു—
ള്ളവനഴൽമാഗധനോടു മല്ലിടുന്നു;
ധ്രുവമിഹ വിജയം ലഭിച്ചുകൊൾവാൻ
ഭവതി തുണയ്ക്കണമച്യുതസ്വസാവേ! 7

പലതുമിഹ ചികിത്സചെയ്തുനോക്കീ;
ഫലമതിനില്ലിവനേറിടുന്നു രോഗം:
നലമൊടുടനെനിക്കു നിൻകടാക്ഷാ—
ഞ്ചലപരമൗഷധമേകിടേണമമ്മേ! 8

* ഭീമപക്ഷത്തിൽ പവനജനി = വായുപുത്രൻ. മഹാഗദാഢ്യൻ = വലിയ ഗദയുള്ളവൻ എന്നു രണ്ടു പദം.

Digitized By Kerala Sahitya Akademi

'വരുമിവനിനി നാളെ രാവിലെല്ലൊ-
ട്ടൊരു സുഖ'മെന്നിരവിൽക്കിടന്നുറങ്ങും;
അരുണതനുലതേ, പുലച്ചനേരം
പെരുത്തു മനസ്സിടിവാർന്നുണർന്നെണീക്കും. 9

ഇതുവിധമൊരു മൂന്നുനാലു നാള-
ല്ല,തുലവിഷാദമൊരാണ്ടിലേറെയായ് ഞാൻ
മുതുദുരിതനിമിത്തമാത്തരക്ഷാ-
ചതുരതരേ, നെറികെട്ടുഴന്നിടുന്നു! 10

കവിയശസി ദുരാശപൂണ്ടു പൊട്ട-
ക്കവിത പൊഴിച്ചു മഹാജനത്തിനീ ഞാൻ
ചെവിരുജ തടവിച്ച പാപമാവാ-
മവിനയമാം മമ കണ്ണുരോഗഹേതു. 11

കരളിനു കലുഷസ്വഭാവമേകും
പരജനദുർവചനങ്ങൾ കേട്ടിടായ്‌വാൻ,
പരമിതുപകരിക്കുമെന്നുവെച്ചോ
ഹരദയിതേ, ഹരിയാത്തതെൻഗദം നീ? 12

ഗൃഹജനനി, മുദാ കിടാങ്ങൾ കൊഞ്ചും
സുഹസിതമഞ്ചിന കൊഞ്ചൽ കേൾപ്പതോളം
ഇഹ സുഖകരമെന്തു വേറെയുള്ളൂ?
വിഹിതമെനിക്കതു ഹന്ത ദുഷ്കൃതത്താൽ! 13

പ്രണയികളൊടുകൂടി നർമ്മസംഭാ-
ഷണപരമോത്സവവും സമാപ്തമായ് മേ;
പ്രണവമയി, ജഗദ്ബഹിഷ്കൃതൻ ദുർ-
ഗ്ഗുണനിധി ഞാനിനിയെന്തിനിങ്ങിരിപ്പൂ! 14

വെടിപറയുവതിന്നു കൂട്ടുകാരെ-
ജ്ഝടിതി തിരഞ്ഞുപിടിച്ചിരുന്നൊരെന്നെ,
കടിലവിധി ജനങ്ങളോടു ചേരാൻ
മടിപെരുതുള്ളവനാക്കിവിട്ടിതിപ്പോൾ. 15

പരിചിതർ പഥി കണ്ടുമുട്ടി മുന്ത-
ട്ടരിമയിൽ വല്ലതുമോതുവാൻ തുടർന്നാൽ,
'ദുരിതമിതറിവാമവക്കു'മെന്നോ-
ത്തെരിയുമകത്തഴലൊത്തു ലജ്ജയും മേ. 16

കവികൾ മമ സഖാക്കളൊത്തുകൂടി-
ക്കവിതകൾ ചൊല്ലിയെഴും സദസ്സുപുക്കാൽ,
ചെവിയടവുടയോരെനിക്കു തള്ളി-
ക്കവിയുമഴൽക്കതിരെങ്ങു കാവ്യലോലേ? 17

Digitized By Kerala Sahitya Akademi

പുലരുമളവിളങ്കളസ്വനത്താ,—
ലുലകിനധീശ്വരി, ഹന്ത, നിന്മഹത്വം,
പല പറവകൾ പാടിടുന്ന പാട്ടാൽ
ഫലമിനിയില്ലിവനെന്നു വന്നുവല്ലോ! 18

വനരുചിവളരും വസന്തകാല—
ത്തനല്പതരസ്വരമാർന്ന കോകിലങ്ങൾ,
മനതളിർ കുളിരുമ്പടിക്കു കൂകും
നിനദമെനിക്കിനിയോർത്തിരിക്ക മാത്രം! 19

ലളിതതനു, ഭവൽകരസ്ഥമാം പൈ—
ങ്കിളിയുടെക്കുട്ടർ തെളിഞ്ഞു കൊഞ്ചിടുമ്പോൾ,
ഗളിതസുകൃതനാമിവന്റെ കർണ്ണ—
ങ്ങളിലതു തുമധു തുകിടാതെയായീ! 20

ഭവസഹചരി, ഭക്തരാത്തരാഗം
ഭവദപദാനശതങ്ങൾ പാടിടുമ്പോൾ,
ഇവനിനിയിതു കേട്ടു മോദബാഷ്പ—
സ്രവമൊടു കോൾമയിർപ്പൂണ്ടു നില്പതെന്നോ? 21

സ്ഫുടമുഷസി കരാംകണെച്ചനല്ലും
പടഹസമം കടലിന്റെ കോളിരമ്പം,
കടലരികിൽ വസിക്കിലും ശ്രവിപ്പാൻ
തടവിവനേറ്റിതു; ഹന്ത, കാലദോഷം! 22

ചൊടിപെടുമസുരക്ഷ കാളി, നീളെ—
ത്തടിവിറ നല്കിന താവകാട്ടഹാസം
ഝടിതി കരളിലോർമ്മയാകുമാറു—
ള്ളിടിരവവും ചെവി പൂകിടാതെയായ് മേ. 23

വിവിധമുലകിലുള്ള ശബ്ദമൊന്നും
ചെവിയിണതന്നിലണഞ്ഞിടായ്കയാൽ മേ
അവിരതമലസത്വമാർന്നകക്കാ—
മ്പവിരളനിദ്രയിലാണ്ടപോലെയായീ! 24

നവനവപരിതാപഹേതുവാമെൻ—
ശ്രവണവിപത്തവിടുന്നു തീർത്തിടായ്കിൽ
ശിവമഹിഷി, മനംമയങ്ങി മാഴ്കു—
ന്നിവനുടെ ജന്മമിതെത്ര പാഴിലാകും! 25

ക്ഷമമൊഴിവതിനൊന്നുകിൽ പ്രപഞ്ച—
ഭ്രമമിതു തീർത്തുതരേണ,മല്ലയെങ്കിൽ,
മമ ചെവിരുജ മാറ്റുവാൻ ഭിഷക്കു—
ത്തമദയിതേ, ദയചെയ്യണം ക്ഷണം നീ. 26

Digitized By Kerala Sahitya Akademi

ജവമൊടു വിജയപ്രഭാവമേകും
തവപദസേവനമാചരിച്ചോട്ടക്കം,
ശിവശിവ, ഹതകർണ്ണനാകിലും, ഞാൻ
ഭവഭവനേശി; തുലോമപാത്രനായീ! 27

* ഇവനറിയരുതംബ, മേലിലെന്നോ,
തവ കണവന്റെ കചങ്ങൾതൻ ഗുണത്തെ!
അവയൊടു ചിലവേള ചേർച്ചകോലും
ഭവദരുണാംഘ്രി ഭജിച്ചതിങ്ങിതിന്നോ? 28

പലപൊഴുതുമുമേ, ഗുണോത്തരശ്രീ—
വിലസിന നിൻപദമോടിണങ്ങിയാലും,
അലമപഗുണമായിതോ ഹരൻതൻ—
തലമുടിയെന്നിവനോർത്തുപോം ചിലപ്പോൾ! 29

നിരവധിത, വിഭുത്വമെന്നിവററിൽ—
പ്പരമചിദാത്മികയായ നിന്റെ സാമ്യം
ചിരമുടയ നഭസ്സു നിൻകിടക്കി—
ത്തരമൊരു നിർഗ്ഗുണമട്ടമാർന്നിരിക്കാം! 30

അനുപധി ഗുണഹാനി വാനിനേകീ
തനുതരമാം തവ മദ്ധ്യമെന്നു, പണ്ടേ
അനുപമകവിവര്യവാക്കു കേൾപ്പു—
ണ്ട,നുഭവസിദ്ധമെനിക്കതിപ്പൊഴാര്യേ! 31

ഭവദനഘചരിത്രഗാനമാർന്നോ—
രിവനൊ'രപശ്രുതി'യെന്ന കേടു പററി;
ധ്രുവമുടനവതാളവും പിണഞ്ഞു;
തവ മതമിപ്പടിയോ നടേശജായേ? 32

ദുരുപശമഗദാർത്തനാമെനിക്കു—
ള്ളരുതരസങ്കടമാരൊടോതിടേണ്ടു?
വിരുതെഴമവിടുന്നൊഴിഞ്ഞിവന്നി—
ല്ലൊരു പരദേവത; പാഹി പാഹി നാഥേ! 33

ഉലകിതു സുഖദുഃഖമിശ്രമെന്നായ്—
പലരുമുരപ്പതസത്യമല്ലയെങ്കിൽ,
ചില സുഖശകലങ്ങൾ വല്ലപോതും
കലരുവതിന്നവകാശമില്ലയോ മേ? 34

ഹരിമുതലൊരു പേൻവരെയ്ക്കുമുള്ളോ—
ക്കരിയ സുഖം വിഭജിച്ചു നല്കിടുമ്പോൾ,

---

* ശിവൻ വ്യോമകേശനെന്നും, ആകാശം ശബ്ദഗുണകമെന്നും പ്രസിദ്ധം. ചിലവേള = പ്രണയകലഹസമയങ്ങളിൽ.

Digitized By Kerala Sahitya Akademi

ദുരിതഭരിതനാമിവന്റെ കാര്യം
ഗിരിശകുടുംബിനി, നീ മറന്നിരിക്കാം! 35

പെരുവഴി പിഴയാത്ത ലോകയാത്ര—
യ്ക്കൊരുവിധവും വിരുതില്ലെനിക്കു പണ്ടേ;
കരു പുനരപി കുനിലാർന്നവൻ പോ—
ലൊ,രു ചെവിപൊട്ടനുമായി ഞാനിദാനീം! 36

തരമടിയനു ലൗകികത്തൊഴിൽക്കെൻ—
പരമശിവേ, കുറവായിരുന്നുവല്ലോ;
ചിരമിനി വിജനത്തിൽ വാണു നിൻതൃ—
ച്ചരണനിഷേവണമൊന്നുതന്നെ പോരും. 37

വിലപിതമിദമെന്തിനി?—ഞനത്ഥം
പലതിനിയും വരുമെങ്കിൽ വന്നിടട്ടേ;
അലഘു സുഖകരം മഹേശി, നിങ്കാ—
ലലരിവനപ്പൊഴുതേറെയോക്കമല്ലോ. 38

കദനമഖിലവും കളഞ്ഞിടും ത്വ—
പ്പദഭജനത്തിനിതാസ്ഥ നല്ലമെങ്കിൽ,
ഗദഹരർ പറയുംവിധം ശിവേ, മൽ—
ഗദമിതു പാവനമെന്നുതാനുറയ്ക്കാം. 39

സ്വയമഥ ചെവിപോലെ മറ്റുനാലി—
ന്ദ്രിയവുമിവന്നു വിനഷ്ടമാകിലാട്ടേ;
ഭയശമകരി, ചിത്തമങ്ങയിൽത്താൻ
നിയതമുറയ്ക്കുണ,മെങ്കിൽ ഞാൻ കൃതാത്ഥൻ. 40

പുരമഥനപുരന്ധ്രി, പുണ്യലക്ഷ്മീ—
പുരടമണിപ്പുരയായ്,പ്പുരാണമായി,
പരസുഖമയമായ നിൻസ്വരൂപം
കരളിലിരിപ്പവനല്ലല്ലെന്തു പിന്നെ? 41

ഇവനുടലിതു നിത്യമെന്നുറച്ചീ
ശ്രുവണഗദക്ഷതി നേർന്നിടുന്നു കഷ്ടം!
ഭവതി കനിയുകിൽശമിക്കുമല്ലോ
ഭവദയിതേ, ഭവമൃത്യുബാധപോലും! 42

വിരവിലിവനെ നീ മുഢാനി, വീണ്ടും
നരകനടക്കുഴിയിങ്കൽ വീഴ്ത്തിയാലും,
സുരവരപുരിയിൽക്കരേററിയാലും,
ചരണയുഗം തവ കൈവിടാ ദൃഢം ഞാൻ. 43

മലർശരജയവൈജയന്തി, മഞ്ഞി—
ന്മലയുടെ മംഗളമഞ്ജുളക്കുരുന്നേ,

Digitized By Kerala Sahitya Akademi

മലയജമഹനീയമന്ദഹാസാ—
മലവദനേ; ജയ മാമറക്കഴമ്പേ! 44

ചലദുരസിജഭാരതാരഹാരേ,
തിലകരുചിദചിഗ്ഗുണാനനാംശുപൂരേ,
ജലജശരവിരോധിഭാഗ്യധാരേ,
വിലസുക മേ ഹൃദി വിശ്വവൃക്ഷവേരേ! 45

തിലവിതതിയിലെണ്ണയെന്നതിന്മ—
ട്ടുലകിതിലൊക്കെയുമുള്ളിലും പുറത്തും
വിലസുകിലുമസംശയായ നിന്നെ—
പ്പലവഴിയായ്ത്തിരയുന്നു പണ്ഡിതന്മാർ. 46

അരനിമിഷമഖണ്ഡശക്തിയാം നിൻ
വിരഹമതേല്ക്കുകിലപ്പൊഴിപ്രപഞ്ചം
പരവശമൊരു ചേഷ്ടയുംപെടാതേ
ഹര, ഹര, ചിത്രഗതാഭമാകുമല്ലോ. 47

കുലശിഖരകുമാരികേ, നിനക്കീ—
യുലകു കളിപ്പുരതന്നെയാണശേഷം;
പലപൊഴുതിതു തീർത്തു, കാത്തൊ,ടുക്കും
വിലയമണച്ചു രസിച്ചിടുന്നു നീതാൻ. 48

അധനതയണയുന്ന വൻപണക്കാ—
ക്കധമനൊരുത്തമനായ്ച്ചമഞ്ഞിടുന്നു;
വിധമഖിലമനുക്ഷണം പകർന്നീ—
വിധമിഹ കാണ്മതുമംബ, നിൻ പ്രയോഗം! 49

അഹിതപരനനാമയാഢ്യനായും,
വിഹിതഹിതൻ വിവിധാർത്തിപാത്രമായും,
മഹിയിൽ മരുവിടുന്നു; ഹാ, ശിവേ നിൻ
മഹിതതരം മറിമായമാരറിഞ്ഞൂ? 50

അലഘുതരവിലാസശീലയാം നീ
സുലളിതരൂപിണി, നന്ദഗോപകന്യേ,
നലമൊടു ഭവമായപമ്പരത്തെ—
പ്പലവിധമിട്ടു തിരിച്ചിടുന്നു നിത്യം. 51

ബത, ബഹുവിധകർമ്മബദ്ധരായ—
ച്യുതഗിരിശാദികളും പ്രപഞ്ചദുഃഖം
സതതമനുഭവിച്ചിടുന്നു; പിന്നീ—
ടിതരശരീരികളെന്തു ഹന്ത, നാഥേ! 52

അഗദത വരുവാനു,മാത്മബോധം
വിഗളിതവിഭ്രമമുത്ഭവിക്കുവാനും,

Digitized By Kerala Sahitya Akademi

നിഗമശതനിലീനയായ നിങ്കൽ—
ബ്ഭഗവതി, ഭക്തിഭരം ഭവിക്കണം മേ. 53

നവധനപതിയാം വെറും ദരിദ്രൻ,
കവനവിദഗ്ദ്ധത മൂകനും കിടയ്ക്കും;
ഭവതിയിലൊരു ഭക്തിലേശമാർന്നാ—
ലവനഖിലേഷ്ടവുമംബികേ, കരസ്ഥം! 54

ഇടരൊടുമൊരു ഭിക്ഷുപോലവേ പ—
ണ്ടടവികളും ചുററിന രാമ,നാദിമായേ,
കടലിനു ചിറയിട്ടു ചെന്നു വൈരി—
പ്പടകളെ വെന്നതു നിൻപ്രസാദലേശം. 55

നിരവധിമദമത്സരാദിയാദോ—
നിരകളും നിറഞ്ഞ ഭവാബ്ധിയെക്കടപ്പാൻ
നിരയഭയനിഹന്ത്രി, യാനപാത്രം
നിരഘഭവൽപദഭക്തിമാത്രമത്രേ. 56

ഭയഭരകരബന്ധമാം ഭവാഖ്യ—
ക്കയറിനു വാളും ഭവദംഘ്രിഭക്തിയല്ലോ;
ഉയരെ വിലസിടുന്ന മുക്തിസൗധം
കയറുവതിന്നിതുതന്നെ തക്ക കോണി. 57

നിരവധികസുഖൈകഹേതുവാകും
സ്ഥിരതരഭക്തിവിശേഷമാക്ക നിന്നിൽ,
ഹരസഹചരി, നാകലോകവും ദു—
ർന്നരകവുമാ നരമുഖ്യനൊന്നുപോലേ! 58

മമ ജനനി, മനത്തടത്തിൽ നട്ടോ—
രമലഭവൽപദഭക്തികല്പവല്ലി
സുമധുരഫലമേന്തുമാറപാസ്ത—
ക്ലമമിഹ തൂകുക സൽകൃപാമൃതം നീ. 59

അഖിലശുഭദയാം വിരക്തിയാകും
സഖി പരിചര്യകളും ചെയ്‌വതേററജസ്രം
സുഖിതയൊടിഹ ഭക്തിയായ പൊയ്‌ത്താർ—
മുഖിയൊടുമൊത്തു രമിപ്പനംബികേ, ഞാൻ. 60

കർമ്മജ്ഞാനസമാഖ്യയോഗയുഗള—
ത്തെക്കാളനായാസമായ്—
ശർമ്മംചേർപ്പതു ഭക്തിയോഗവിധിയാ—
ണെന്നാണു, വിദ്വജ്ജനം

Digitized By Kerala Sahitya Akademi

മർമ്മം കണ്ടുരചെയ്‌വതൊ;—ട്ടലിവൊടെൻ—
    വിശ്വേശി, നിശ്ശേഷദു—
ഷ്കർമ്മക്കാടിനൊരഗ്നിയാമതടിയ—
    ന്നായത്തമാക്കേണമേ! 61

Digitized By Kerala Sahitya Akademi

ദണ്ഡകാരണ്യം

1910

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാംപതിപ്പിൻെറ

മുഖവുര

സൂര്യവംശജനായ ദണ്ഡൻ എന്ന രാജാവ് ശുക്രപുത്രിയായ അരജയെ ബലാൽക്കാരമായി പ്രാപിച്ച വിവരം അറിഞ്ഞു കോപാവിഷ്ടനായിത്തീർന്ന ശുക്ര, ദണ്ഡൻെറ രാജ്യം ഏഴു ദിവസംകൊണ്ടു ശൂന്യമായിത്തീരട്ടേ എന്നു ശപിച്ചു; അങ്ങനെ സംഭവിക്കുകയുംചെയ്തു. ഈ പുരാവൃത്തത്തെ പുരസ്കരിച്ചെഴുതിയ ഖണ്ഡകാവ്യമാണ് 'ദണ്ഡകാരണ്യം.'

അമ്പതു കൊല്ലംമുമ്പു കവനകൗമുദീമാസികയിൽ പ്രസിദ്ധപ്പെടുത്തിയ ഈ കൃതി ഇപ്പോൾ ആദ്യമായിട്ടാണു പുസ്തകരൂപത്തിൽ പുറത്തുവരുന്നതു്. ചിത്രയോഗത്തിൻെറ പിറവിക്കു മുമ്പേ ഉണ്ടായതാണെങ്കിലും ഇന്നത്തെ തലമുറയ്ക്കു് ഇതിനെപ്പററി അറിവോ പരിചയമോ കേട്ടുകേൾവിപോലുമോ ഇല്ലെന്നുവേണം പറയുവാൻ. മഹാകവി വള്ളത്തോളിൻെറ അനേകം സാഹിത്യമഞ്ജരികളും ഇതരകവിതാസമാഹാരങ്ങളും ഇതിനകം പ്രചാരത്തിൽ വന്നുകഴിഞ്ഞിട്ടും, ദണ്ഡകാരണ്യം ഇന്നോളം ഇരുട്ടിൽ മറഞ്ഞുകിടന്നതേയുള്ളു. സാക്ഷാൽ ദണ്ഡകാരണ്യത്തിൻെറ പുനരുദ്ധാരണത്തിനു് ഭാരതഗവർമ്മെൻറ് ചെയ്തുവരുന്ന സംരംഭങ്ങളോടൊപ്പം അതിൻെറ ആദിചരിത്രത്തെ വിവരിക്കുന്ന ഈ ദണ്ഡകാരണ്യകാവ്യത്തെയും വിസ്മൃതിയുടെ ഗഹ്വരത്തിൽനിന്നു വീണ്ടെടുക്കുവാൻ തൽപ്രസാധകന്മാർ തീർച്ചപ്പെടുത്തിയതു സർവ്വഥാ സമുചിതമായിട്ടുണ്ടു്.

വള്ളത്തോൾക്കവിതയുടെ കൗമാരദശയിൽ ഉൽപാദിതങ്ങളായ കൃതികളുടെ കൂട്ടത്തിൽ ഒരു പ്രമുഖസ്ഥാനം ദണ്ഡകാരണ്യത്തിനുണ്ടു്. പുരാണങ്ങളിൽനിന്നു രസമുള്ള ഇതിവൃത്തങ്ങളെടുത്തു് അവയ്ക്കൊരു പുതിയ രൂപംകൊടുക്കുക അന്നത്തെ കവികൾ പ്രായേണ അനുവർത്തിച്ചുപോന്ന ഒരു സരണിയായിരുന്നു. നിബിഡവും ദുർഗ്ഗമവുമായ പ്രാചീനസാഹിത്യകാന്താരത്തിൽ പ്രവേശിക്കുവാൻ കെല്പില്ലാത്ത സാമാന്യജനങ്ങൾക്കു് അതിൽ വിടർന്നുനില്ക്കുന്ന സൗഗന്ധികങ്ങളുടെ ആമോദമാസ്വദിക്കുവാൻ ഇടയ്ക്കൊരവസരം കിട്ടിയതു് വാസനാസമ്പന്നരായ അർവ്വാചീനകവികളുടെ ഇത്തരം ഉദ്യമങ്ങളിലൂടെയാണു്. വള്ളത്തോൾ ആദ്യംമുതല്ക്കേ അംഗീകരിച്ചിരുന്ന ആ സമ്പ്രദായം കാലോചിതമായ മാററത്തോടുകൂടി അവസാനംവരെ നില

Digitized By Kerala Sahitya Akademi

നിൎത്തുകയുംചെയ്തിരുന്നു. ഗണപതി, ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും എന്നീ കാവ്യങ്ങളിലെ പ്രതിപാദനരീതി ആ പഴയ പാരമ്പര്യത്തോട് സാജാത്യം വഹിക്കുന്നുണ്ട്.

ദണ്ഡകാരണ്യത്തെക്കാൾ മേത്തരം കവിതകൾ പലതും വള്ളത്തോൾ പിന്നീടെഴുതീട്ടുണ്ടെങ്കിലും മഹാകവിയുടെ യശസ്സിന്നു യാതൊരുവിധത്തിലും ഗ്ലാനതവരുത്താതിരിക്കത്തക്ക മേന്മയുള്ളതാണ് ഈ ലഘുകാവ്യവും എന്നു ഞാൻ സധൈര്യം പറയും. ഭാവിവള്ളത്തോളിന്റെ കാവ്യശൈലിയുടെ മൗലികഗുണങ്ങൾ പലതും ഇതിൽ നേരിയ നിലയിലെങ്കിലും നിഴലിച്ചുകാണാം. പദലാളിത്യം, ശയ്യാസുഖം, പ്രസാദം, ഉക്തിസാരള്യം മുതലായ രചനാഗുണങ്ങൾ ഇതിൽ ഉടനീളം പരിലസിക്കുന്നുണ്ട്. ഔചിത്യപൂർവകമായ നിയന്ത്രണമാണ് അലങ്കാരപ്രയോഗത്തിൽ കവി ദീക്ഷിച്ചിട്ടുള്ളത്. 'കലശപയോധിയിൽ വൻവിഷംകണക്കേ' എന്ന ആദ്യശ്ലോകത്തിലെ ഉപമതന്നെ അതിന്നുദാഹരണമാണ്. ദണ്ഡന്റെ സ്വഭാവത്തെക്കുറിച്ചു സമഗ്രമായ ഒരു വിവരണം അതിൽ ഒതുക്കിയിട്ടുണ്ടെന്നു പറയാം. തപോവനത്തിലെ 'വസന്തലക്ഷ്മിത്തിരുവിളയാട്ടം' ആസ്വദിക്കവാനെത്തിയ ദണ്ഡന്നു വസന്തശ്രീയുടെ മൂൎത്തീഭാവംപോലെ അവിടെ പൂവറുത്തുനിന്നിരുന്ന സുന്ദരിയെ വേറിട്ടു തിരിച്ചറിയുവാൻ കുറേനേരം വേണ്ടിവന്നുവത്രെ!

> ചെടികളുടെ നടുക്കു നില്ക്കുമാപ്പെൺ—
> കൊടിയെ നൃപൻ സുചിരാൽത്തിരിച്ചറിഞ്ഞു

എന്ന വാക്യത്തിലെ 'സുചിരാൽ'പ്രയോഗത്തിന്റെ രസികത്വം നോക്കുക. അങ്ങനെ പെട്ടെന്നു കണ്ണിൽപ്പെട്ട സുന്ദരിയുടെ ദർശനത്താൽ 'വിടനൃപനൊട്ടിട കുററിപോലെനിന്നു' എന്നു പറഞ്ഞുപോയ കവി വെണ്മണിശ്ശൈലിയുടെ സ്വാധീനതയെ അബോധപൂർവം അനുസ്മരിച്ചിരിക്കാം! 'മിതം ച സാരം ച വചോ ഹി വാഗ്മിതാ' എന്ന നിർവചനത്തെ ഉദാഹരിക്കുന്നതാണ് ദണ്ഡൻ അരജയോട് കാണിച്ച നിർമ്മര്യാദത്തെ വിവരിക്കുന്ന ഈ ശ്ലോകം.

> അരജയുടയ കന്യകാനിലഷ്ടും
> കരകവിയും നിജമന്മഥവ്യഥസ്സും
> പരമറുതിവരുത്തിയുൾ കളത്താ—
> നരപതി തൻനഗരിക്കുതാൻ നടന്നു.

സ്വാൎത്ഥം നേടി, തീരെ ഉദാസീനഭാവത്തിൽ തന്റെ പാട്ടിനു തിരിച്ചുപോയ ദണ്ഡന്റെ സ്വഭാവത്തിൽ വെളിച്ചംവീശുന്ന ഈ അല്പാക്ഷരങ്ങളുടെ വാചാലത അത്ഭുതാവഹമാണ്.

Digitized By Kerala Sahitya Akademi

കാലഭേദത്താൽ ആസ്വാദകരുടെ രുചിക്ക നേരിട്ടിരിക്കാവുന്ന ഭേദം എന്തുതന്നെ ആയാലും, ആ കാരണത്താൽ മാത്രം ഒരു പഴയ കാവ്യം അസ്വീകാര്യമാവുകയില്ല. മഹാകവി വള്ളത്തോളിന്റെ കാവ്യജീവിതത്തിൽ അഭ്യർഹിതമായ ഒരു സ്ഥാനം ദണ്ഡകാരണ്യത്തിനുണ്ടെന്നു നിർവിവാദമാണ്.

ചാലപ്പുറം,
19-9-60

വി. ഉണ്ണിക്കൃഷ്ണൻനായർ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഉലകിനുപകരിക്കുമുത്തമന്മാർ
പലരുളവാകിന ഭാസ്കരാന്വയത്തിൽ
ഖലനൊരു നൃപനുൽഭവിച്ചു പണ്ടോ-
ക്കലശപയോധിയിൽ വൻവിഷംകണക്കേ. 1

മനുസുതനു പിറന്ന, ദേവപുത്ര-
ക്കനുഗുണരാം പ്രിയപുത്രർ നൂറുപേരിൽ
അനുജനവനനാര്യസേവിയായ്ത്തീ-
ർന്നനുപദമച്ഛനെയല്ലലിൽപ്പെടുത്തി. 2

നടപടികൾ പിഴച്ച ദണ്ഡമെല്ലാ-
മിടവരുമിങ്ങിവനെന്നു കണ്ടു ചിത്തേ
സ്ഫുടതരമൊരു ദണ്ഡമാർന്നു നല്ലേ-
രുടയ പിതാവവനേകി 'ദണ്ഡ'നാമം. 3

വിടനവനഥ 'വിന്ധ്യ' 'ശൈവല'ങ്ങൾ-
ക്കിടയിലെഴും പിതൃദത്തഘോരരാജ്യം
ഉടമയൊടു ഭരിച്ചു വാണു വാനിൻ-
കിടതടവും 'മധുമന്ത'മാം പുരത്തിൽ. 4

സുജനമഹിതഭാർഗ്ഗവാന്വയോത്ഥ-
ദ്വിജവരനാ'മുശനസ്സി'നെസ്സഹർഷം
നിജകുലഗുരുവാക്കിവെച്ചിതിക്ഷ്വാ-
കുജനവനങ്ങസുരേശനെന്നപോലെ. 5

---

1. ഭാസ്കരാന്വയം = സൂര്യവംശം. ഖലൻ = ദുഷ്ടൻ. കലശപയോധി = പാല്ക്കടൽ. വൻവിഷം = കാളകൂടം. പാല്ക്കടലിൽനിന്നാണല്ലോ കാളകൂടം ഉണ്ടായത്. അതുപോലെ ഉത്തമന്മാരായ അനേകം രാജാക്കന്മാരാൽ സംപൂജ്യമായിത്തീർന്ന സൂര്യവംശത്തിൽ ദുഷ്ടനായ ഒരു രാജാവ് വന്നു പിറന്നു.

2. മനുവിന്റെ മകനായ ഇൗയാൾ ദേവപുത്രതുല്യരായ നൂറുപേരിൽ ഇളയവനായിരുന്നു. അയാൾ അനാര്യ(ദുഷ്ട)രെ സേവിച്ച് അനുപദം (അടിക്കടി) അച്ഛന്റെ അകം നോവിച്ചു.

3. കുട്ടിക്കാലത്തെ പെരുമാററത്തിൽനിന്നുതന്നെ, ഇൗയാൾ കഷ്ടതകളിലാണ്ടുപോകുമെന്ന് അച്ഛൻ മനസ്സിൽ കണ്ടു. അതിനാൽ സ്ഫുടതര (പ്രത്യക്ഷ)മായ ദണ്ഡ(വ്യസന)ത്തോടുകൂടിയാണെങ്കിലും, അച്ഛൻ അയാൾക്ക 'ദണ്ഡൻ' എന്നു പേരിട്ടു.

4. അയാളൊരു വിടനായിരുന്നു. വിന്ധ്യ—ശൈവലപർവ്വതങ്ങളുടെ ഇടയിൽ കിടന്നിരുന്ന പിതൃദത്ത(അച്ഛൻ കൊടുത്ത)മായ ആ നാടിനു ഘോരരാജ്യമെന്നായിരുന്നു പേർ. ദേവപുരിയോടു കിടനില്ക്കുന്ന 'മധുമന്ത'പുരത്തിൽ അയാൾ ഉടമയൊടു(രാജാവായി)കൂടി രാജ്യം ഭരിച്ചു.

5. സുജന...ദ്വിജവരൻ = സജ്ജനങ്ങളാൽ മഹിതപ്പെട്ട ഭാർഗ്ഗവ (പരശുരാമ) വംശത്തിൽ പിറന്ന മഹർഷിശ്രേഷ്ഠൻ. ഉശനസ്സ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേർ.' സഹർഷം = സന്തോഷത്തോടെ. ഇക്ഷ്വാകുജൻ = ഇക്ഷ്വാക

Digitized By Kerala Sahitya Akademi

അകരുണനയഥാപരാധദണ്ഡൻ
സ്വകരമഹാബലചണ്ഡമൂർത്തി ദണ്ഡൻ
പകലിരവൊരുപോലെ നാട്ടുകാരെ
പ്രകടഭയാകുലരാക്കി നാടു കാത്തു. 6

ഒരുദിവസമവൻ പുരാന്തികേ തൻ—
ഗ്ഗുരുവരനാം മുനിതൻ തപോവനത്തിൽ
പുരുരസമരുളും വസന്തലക്ഷ്മീ—
തിരുവിളയാട്ടവുമാസ്വദിച്ചുലാത്തി. 7

വ്രതമെഴുമൃഷികൾക്കു ദേവപൂജ—
യ്ക്കുതകിന പൂക്കൾ മരങ്ങൾതോറുമേന്തി
ചിതമൊടമരുമാ വനം വസന്താ—
ർജ്ജിതമദനായുധശാലപോലെ കണ്ടാൻ. 8

വരമുനിവടുസാമഗാനമട്ടായ്—
ക്കരൾകവരും കളകണ്ഠകണ്ഠനാദം
നരപതി, നളിനാസ്ത്രഘോഷയാത്രാ—
വിരചിതമാം കുഴലൊച്ചപോലെ കേട്ടു. 9

തുരുതുരെ, മുനിഹോമധൂമമാസ്സായ്—
പ്പുരുമദമാർന്നിളകും ദ്വിരേഫജാലം
സുരുചിരമധുലക്ഷ്മിയാളഴിച്ചി—
ട്ടൊരു കരിവാർകുഴലെന്നതന്നെ തോന്നി. 10

വംശത്തിൽ പിറന്നവൻ. അസുരേശൻ = ഹിരണ്യകശിപു. ഹിരണ്യകശിപുവിന്റെ കുലഗുരു ശുക്രമഹർഷിയായിരുന്നു.

6. അകരുണൻ = നിർദ്ദയൻ. അയഥാപരാധദണ്ഡൻ = യഥാർത്ഥമായ കുറ്റത്തിന്നല്ലാതെ ശിക്ഷിക്കുന്നവൻ. സ്വകര...മൂർത്തി = തന്റെ കൈക്കരുത്തുകൊണ്ടു ദുഷ്ടസ്വഭാവിയായവൻ. പ്രകടഭയാകുലർ = പ്രത്യക്ഷത്തിൽ ഭയംകൊണ്ടു വ്യാകുലപ്പെട്ടവർ. രാവും പകലും ഒരുപോലെ അയാളെ പേടിച്ചാണു് നാട്ടുകാർ കഴിഞ്ഞുകൂടിയതു്.

7. പുരാന്തികേ = കൊട്ടാരത്തിന്നടുത്തു്. തപോവനം = ആശ്രമം. പുരുരസം = വർദ്ധിച്ച സന്തോഷം. വസന്തലക്ഷ്മീതിരുവിളയാട്ടം = വസന്തശ്രീയുടെ പുളച്ചാർക്കൽ. വസന്തത്തിന്റെ പുളപ്പു കണ്ടു് എന്തെന്നില്ലാത്ത രസംപിടിച്ചു് അയാൾ ഉലാത്തുകയായിരുന്നു.

8. വസന്ത...ആയുധശാല = വസന്തത്താൽ ആർജ്ജിക്കപ്പെട്ട (ശേഖരിക്കപ്പെട്ട) മദനന്റെ (കാമദേവന്റെ) ആയുധശാല. കാമദേവന്റെ അസ്ത്രങ്ങൾ പൂക്കളാണല്ലോ.

9. വരമുനി...മട്ടായ് = ശ്രേഷ്ഠരായ മുനികളുടെ സാമവേദം പാടൽ. കളകണ്ഠകണ്ഠനാദം = കുയിലുകളുടെ ശബ്ദം. നളി...വിരചിതം = താരമ്പന്റെ (കാമദേവന്റെ) ഘോഷയാത്രയാൽ നിർമ്മിക്കപ്പെട്ടതു്. കുയിലുകളുടെ കൂകൽ കാമദേവന്റെ ഘോഷയാത്രയിലെ കുഴലൊച്ചപോലെ രാജാവു കേട്ടുനിന്നു.

10. മുനിഹോമധൂമമാസ്സ് = മുനികളുടെ ഹോമപ്പുകയുടെ ചേലിലുള്ളതു്. ദ്വിരേഫജാലം = വണ്ടിൻകൂട്ടം. സുരു...യാൾ = മനോഹാരിണിയായ വസന്തശ്രീ. കരിവാർകുഴൽ = കറുകറുത്ത തലമുടി. മഹർഷിമാരുടെ ഹോമപ്പുകയോ

Digitized By Kerala Sahitya Akademi

നിരുപശമനവൻ നിതാന്തഹർഷം
കരുതിയണഞ്ഞളവാ വനാന്തരത്തിൽ
തരുലതകളിൽനിന്നു താൻതനിച്ചു—
ണ്ടൊരു തരുണീമണി പൂവറുത്തിടുന്നു. 11

ചൊടി തളിരിനു, കൊങ്ക പൂങ്കുലയ്ക്കും,
മുടി വരിവണ്ടിനുമൊത്തഭംഗഭംഗ്യാ
ചെടികളുടെ നടുക്കു നില്ക്കുമാപ്പെൺ—
കൊടിയെ നൃപൻ സുചിരാൽത്തിരിച്ചറിഞ്ഞു. 12

ഉടലുടയ വസന്തലക്ഷ്മിയെപ്പോ—
ലടവിയിലാ മടവാരിൽമൗലിയാളെ
സ്ഫുടരുചിയൊടു കണ്ടുമുട്ടിയോരാ—
വിടനൃപനൊട്ടിട കററിപോലെ നിന്നു. 13

മതിമുഖിയുടെ മെയ്യിലേതൊരംഗം
ക്ഷിതിപതിതൻ മിഴികൾക്കു ലക്ഷ്യമായി,
അതിലതുകളുറയ്ക്കയാൽ കഴക്കായ്
കൊതിയനവന്നിതരാംഗഭംഗി കാണ്മാൻ. 14

അവളുടെ കുളുർകാന്തിസിന്ധുവീചീ—
നിവഹനിതാന്തനിമഗ്നനാകമൂലം
ജവമൊടു ജലദോഷശീലനാമീ—
യവനിവരന്നതനജ്വരംപിടിച്ചു. 15

———

എന്നു തോന്നുമാറു്, വർദ്ധിച്ച പുളപ്പോടെ ഇളകിപ്പറക്കുന്ന വണ്ടിൻകൂട്ടം, സുന്ദരിയായ വസന്തശ്രീ അഴിച്ചിട്ട കാർകുഴലായി അയാൾക്കു തോന്നി. വണ്ടിൻനിര അത്ര നീണ്ടതായിരുന്നു.

11. നിരുപശമൻ = അടക്കമില്ലാത്തവൻ. നിതാന്തഹർഷം = അത്യധികമായ സന്തോഷം. അയാൾ വളരെയധികം സന്തോഷത്തോടെ ആ കാട്ടിലേക്കു ചെന്ന അവസരത്തിൽ, തരുലത(വൃക്ഷ–വള്ളി)കളിൽനിന്നു് ഒരു സുന്ദരിയുണ്ടു് പൂവറുത്തു നില്ക്കുന്നു.

12. അവളും ഒരു വള്ളിയാണെന്നു തോന്നി: അവളുടെ അധരം തളിരാണു്; സ്തനം പൂങ്കുലയും, തലമുടി വണ്ടിനങ്ങളും. അഭംഗഭംഗ്യാ = അന്യൂനമായ സൗന്ദര്യത്തോടെ. അവളാരാണെന്നു് അയാൾക്കു മനസ്സിലായി.

13. ഉടലുടയ വസന്തലക്ഷ്മി = വസന്തശ്രീ ഉടലെടുത്തതാണെന്നു തോന്നും അവളെ കണ്ടാൽ. അയാൾ അവളെ കണ്ടു പകച്ചു നിന്നു.

14. മതിമുഖി = ചന്ദ്രനെപ്പോലുള്ള മുഖത്തോടുകൂടിയവൾ (സുന്ദരി). ക്ഷിതിപതി = രാജാവു്. ഇതരാംഗഭംഗി = മററു് അവയവങ്ങളുടെ ഭംഗി. അയാളുടെ കണ്ണു് ഒരേ അവയവത്തിന്മേൽത്തന്നെ പററിപ്പിടിച്ചുനിന്നതിനാൽ, അവളുടെ മററു് അവയവങ്ങൾ കാണാൻ കഴിയാതായി!

15. കുളുർ...നിമഗ്നൻ = അകം കുളുപ്പിക്കുന്ന സൗന്ദര്യപ്പുഴയുടെ അലച്ചാർത്തുകളിൽ അഗാധമായി മുങ്ങിപ്പോയവൻ. അവനിവരന്നു് = രാജാവിന്നു്. ജവമൊടു് = വേഗം. അതനജ്വരം = വർദ്ധിച്ച കാമപ്പനി.

Digitized By Kerala Sahitya Akademi

രതിതൊഴുമവൾതൻ മനോഭിരാമ—
ദ്യുതിതഴുകും തളിർമേനി കണ്ടുവെന്നാൽ
യതികളുമിളകീടു;—മെന്തുപിന്നെ
പ്രതിപദമിന്ദ്രിയദാസ്യമാർന്ന ദണ്ഡൻ? 16

പെരിയ ഖലനവൻ യദൃച്ഛയായി—
ട്ടരികിലണഞ്ഞതു കണ്ടു സംഭ്രമത്താൽ
ത്വരിതമണിമുലക്കുടം കുലുക്കി—
ക്കരികുഴലാളവളൊട്ടു മാറിനിന്നു. 17

വനമതിലൊരു താപസിക്കിണങ്ങീ—
ടിന വടിവാണ്ടെഴുമാ വരാംഗിയോടായ്
ജനപതി പറവാൻ തുടങ്ങിനാൻ, പ—
ണ്ടനയമഹല്യയൊടണ്ടർകോൻകണക്കേ! 18

''ജനനയനമനോഹരാംഗി! നീയാർ?
ജനകനെവൻ തവ ജീവലോകധന്യൻ?
വനമിതിനുടെ ദേവിയോ? ശുഭേ! നീ
വനജശരോത്സവവൈജയന്തിതാനോ? 19

സുലളിതമുഖി! നീ, തപസ്സുചെയ്യും
പല മുനിമാരെ മനംമയക്കി വെൽവാൻ
മലർശരനിവിടേക്കു താപസസ്ത്രീ—
നിലയിലയച്ചൊരു ദിവ്യമായതാനോ? 20

നിരവധിമണിഭൂഷണം ധരിച്ചാ—
സ്സുരമടവാർകളുടുത്ത പട്ടുകൾക്കും

---

16. മനോഭിരാമദ്യുതി = മനോഹരമായ കാന്തി (സൗന്ദര്യം). യതികൾ = മഹർഷിമാർ. രതിക്കുപോലും വന്ദ്യമായ അവളുടെ സൗന്ദര്യം കണ്ടാൽ യതികൾ (ഇന്ദ്രിയനിഗ്രഹം സാധിച്ച മഹർഷിമാർ) പോലും ഇളകിപ്പോകും. പിന്നെ അടിമപ്പെട്ടു ഇന്ദ്രിയങ്ങളുടെ വിടുവേലക്കാരനായ ദണ്ഡന്റെ കഥ എന്തു പറയാനാണ്!

17. ഖലൻ = കണ്ടാൽത്തന്നെ ദുഷ്ടപ്രവൃത്തി ചെയ്യുന്നവനാണെന്നു തോന്നും. അയാളെ കണ്ടു പകച്ച് അവൾ മാറിനിന്നു.

18. വരാംഗി = ശ്രേഷ്ഠ. ജനപതി = രാജാവ്. അണ്ടർകോൻ = ഇന്ദ്രൻ. ഇന്ദ്രൻ പണ്ട് അഹല്യയോടെന്നപോലെ അയാൾ അവളോടു പെരുമാറാൻ തുടങ്ങി. ഇന്ദ്രനെപ്പോലെ എന്നു പറഞ്ഞതുകൊണ്ട്, ഭാവിയിൽ ദണ്ഡനു വരാനിരിക്കുന്ന ആപത്തിനെ സൂചിപ്പിച്ചിരിക്കുന്നു.

19. ജന.. രാംഗി = ജനങ്ങളുടെ നയനങ്ങൾക്ക് അഴകുള്ള അവയവങ്ങളോടുകൂടിയവൾ. ജീവലോകധന്യൻ—നിന്റെ ജനകസ്ഥാനംകൊണ്ട്, ആ മനുഷ്യൻ ഈ ജീവലോകത്തിൽ ഏറ്റവും ധന്യനായിരിക്കുന്നു. കാരണം, അവളുടെ നിസ്തുല്യസൗന്ദര്യസൗഭാഗ്യങ്ങൾതന്നെ. വനജ...യന്തി = കാമദേവന്റെ ഉത്സവത്തിന്റെ കൊടിക്കൂറ

20. അവളെ കണ്ടാൽ താപസിയാണെന്നു തോന്നില്ലെന്ന്. തപസ്സുചെയ്യുന്ന മഹർഷിമാരെ ഇളക്കിത്തീർക്കാൻ ദേവന്മാർ പ്രയോഗിച്ച താപസസ്ത്രീമായയാണോ എന്നാണയാൾക്കു സംശയം.

Digitized By Kerala Sahitya Akademi

സ്ഫുരദകൃതകസൗകുമാര്യയാം നിൻ—
മരവുരിയോടൊരസൂയ തോന്നുമല്ലോ! 21

സുലഭമിഹ സുമം പറിച്ചു നീതാ—
നലർശരനമ്പുകൾ ശേഖരിക്കയാണോ?
ഉലകുടനടി വെല്ലുവാനവന്നെൻ—
ചലമിഴി! നിന്നഴകൊന്നുതന്നെ പോരേ? 22

രതിയെയഴകിനാൽജ്ജയിച്ച നിന്നിൽ
പ്രതിനവരാഗമെനിക്കുദിക്കയാലേ,
അതിശനവരാംതൻ മണാളനെന്നോ—
ടെതിർനിലയായ് പകപൂണ്ടടുത്തിടുന്നു.'' 23

മനുസുതസുതനംഗജാർത്തനായി—
ട്ടനുചിതമേവമുപന്യസിച്ചടക്കേ
അനുനയമൊടു ചൊല്ലിനാൾ പതുക്കെ
ക്കനകപുരികങ്ങൾ ചുളുക്കിയാക്കുമാരി: 24

''അരുതപനയമാം സമുദ്യമം, നിൻ—
ഗുരുസുത ഞാ'നരജാ'ഖ്യ രാജമൗലേ!
കരുതുക ഭൃഗുമുഖ്യനാം പിതാവിൻ—
വരുതിയിൽ നില്പോരു കന്യയെന്നുമെന്നെ. 25

ജനകനൊടു വരിക്ക, വേണമെന്നാ—
ലനഘമതേ! പരതന്ത്രയാകുമെന്നെ,
മനമതിലവിടേക്കമർഷമേറാ—
ലനലസമൻ ഭുവനങ്ങൾ ഭസ്മമാക്കും. 26

---

21. മണിഭൂഷണം = രത്നാഭരണം. സുരഭടവധുകൾ = ദേവസ്ത്രീകൾ. സ്ഫുര...യാം = വെളിപ്പെട്ട അകൃത്രിമസൗകുമാര്യത്തോടുകൂടിയവൾ. ദേവസ്ത്രീകൾ ധരിക്കുന്ന പട്ടുകൾക്കുകൂടി അസൂയ തോന്നും, അവളുടെ മരവുരി കണ്ടാൽ!

22. നീതാൻ...യാണോ = അവൾതന്നെ കാമദേവന്റെ ബാണമാണ്. അങ്ങനെയുള്ള അവൾ അലർശരന്റെ അസ്ത്രങ്ങൾ ശേഖരിക്കയാണോ എന്നഭിപ്രായം. ചലമിഴി = സുന്ദരി.

23. രതിയെ സൗന്ദര്യംകൊണ്ടു ജയിച്ച നിന്നിൽ എനിക്കു വീണ്ടും വീണ്ടും അനുരാഗമുദിക്കയാൽ, നിന്നെ തരപ്പെടുത്താൻ കഴിയാതെ വാശിപൂണ്ട, രതിമണവാളനായ കാമൻ എന്നെ ശത്രുവായിക്കരുതി ആക്രമിക്കാൻവരുന്നു.

24. മനുസുതസുതൻ = മനുസുതന്റെ പുത്രൻ (മനുവംശത്തിൽപ്പെട്ടവൻ). അംഗജാർത്തൻ = കാമപ്പിച്ചു പിടിച്ചവൻ. ഉപന്യസിക്കുക = പറയുക.

25. പിതാവിൻ...മെന്നെ = അച്ഛന്റെ ചൊല്പടിയിൽ നില്ക്കുന്നവളായതുകൊണ്ട്, അദ്ദേഹത്തിന്റെ സമ്മതം കൂടാതെ വേണ്ടാത്തതൊന്നും പ്രവർത്തിക്കരുതെന്ന്.

26. അനഘമതേ = ദുഷ്ടചിത്തനല്ലാത്തവനേ. അനലസമൻ = തീയ്ക്കുതുല്യൻ.

Digitized By Kerala Sahitya Akademi

ഉരുശമനുശനസ്സു മാന്യനായു-
ള്ളൊരു ഗുരുവാണു നമുക്കു രണ്ടുപേർക്കും
പുരുഷമണിഭവാനിരക്കിലെന്നെ-
ത്തരുമിഹ ശിഷ്യജനാർദ്രനാമുനീന്ദ്രൻ. 27

മനുജവര! മറിച്ചു ചെയ്കിലങ്ങ-
യ്ക്കനുഭവമാകുമനർത്ഥമേറ്റമച്ഛൻ.
അനുപമനവിടുത്തെയുഗ്രതേജ-
സ്സിനു തടവില്ല ജഗത്ത്രയത്തിലെങ്ങും.'' 28

അരജയുടെ യഥാർത്ഥവാക്കു കേട്ടി-
ട്ടരചനനംഗതരംഗിതാന്തരംഗൻ
ത്വരയൊടു തൊഴുകൈ ശിരസ്സിൽവെച്ചാ-
പ്പരഭൃതവാണിയൊടാസ്ഥയിൽപ്പറഞ്ഞാൻ: 29

''കളമൊഴി! കനിയേണമെന്നിലല്പം
കളയരുതിപ്പടി കാണിനേരവും നീ;
വളരുമൊരലരമ്പവമ്പിൽ വാടി-
ത്തളരുമിവൻ തവ താതശിഷ്യനല്ലേ? 30

തവ തളിരൊളിമേനി പുല്കിയിട്ടി-
യ്യിവനുയിർ പോകിലുമല്ലലില്ല തെല്ലും
ശിവ! ശിവ! മമ ജന്മമെന്തിനീ നിൻ-
നവമധുരാധരമാസ്വദിച്ചിടായ്കിൽ?'' 31

കടുവയുടെ മുഖത്തു പെട്ട പെണ്മാ-
നൊടു കിടയായ് ഭയലോലദൃഷ്ടിയോടും
കിടുകിടെ വിറപൂണ്ടുഴന്നു നില്ക്കും
മടുമൊഴിയാളൊടടുത്തുകൂടി മന്നൻ. 32

''പല ശിതശരമെയ്തെതിർത്തിടും പ-
റ്റലരെയുമിട്ടു പൊതുക്കുമെന്നെ വെൽവാൻ

---

27. ഉരുശമൻ = വർദ്ധിച്ച ശമശീലമുള്ളവൻ. ശിഷ്യജനാർദ്രൻ=ശിഷ്യന്മാരിൽ അലിവുള്ളവൻ. ചോദിച്ചാൽ അച്ഛൻ തരാതിരിക്കില്ല. അതിനാൽ കടന്നാക്രമിക്കാതിരിക്കയാണു ഭേദമെന്ന് അറിയിക്കുന്നു.

29. അനംഗതരംഗിതാന്തരംഗൻ = കാമത്തള്ളലോടുകൂടിയവൻ. പരഭൃതവാണി = കുയിൽനാദത്തോടുകൂടിയവൾ (സുന്ദരി). ആസ്ഥ = ആദരവ്.

30. അലരമ്പവമ്പ് = കാമന്റെ വമ്പ്. താതശിഷ്യൻ = അച്ഛന്റെ ശിഷ്യൻ. താൻ അവളുടെ അച്ഛന്റെ ശിഷ്യനായതുകൊണ്ടു വിരോധമൊന്നുമുണ്ടാവില്ലെന്ന്.

31. നവമധുരാധരം—അതു മുമ്പ് ആരാലും ആസ്വദിക്കപ്പെടാത്തതാണ്.

32. മടുമൊഴിയാൾ = തേൻചൊല്ലാൾ. അടുത്തുകൂടി—അവളെ അനുനയിപ്പിക്കാൻ.

Digitized By Kerala Sahitya Akademi

മലർശരനഴകിൽത്തുണച്ച നിന്നെ—
ച്ചലമിഴി! ഞാൻ വെറുതേവിടുന്നതാണോ?'' 33

ധൃതിയൊടിതുരചെയ്തിരിമ്പലക്കു—
ള്ളെതിർവടിവാർന്ന ഭുജങ്ങളാൽകൊണ്ടു ഭൂപൻ
അതിഭയവിവശാന്തരംഗയാകും
യതിസുതയെപ്പിടികൂടി മന്മഥാന്ധൻ. 34

അരജയുടയ കന്യകാനിലക്കും,
കരകവിയും നിജമന്മഥവ്യഥക്കും,
പരമറുതിവരുത്തിയുൾകളത്താ
നരപതി തൻനഗരിക്കുതാൻ നടന്നു. 35

ദ്വിരദപതി കലക്കിയിട്ടൊരോമൽ—
സ്സരസികണക്കു സമാവിലാഭയായി,
അരചനതിബലാൽപ്പുണർന്നു വിട്ടോ—
രരജയുമാശ്രമമാർന്നു കേണുനിന്നാൾ. 36

പുനരിതരവനാൽ തിരിച്ചുവന്നോ—
രനഘമഹസ്സുരജാപിതാവൃഷീന്ദ്രൻ,
വിനയമൊടെതിരേററ്റശിഷ്യനല്ലാ—
ത്തനലസമായ് നിജപർണ്ണശാല പൂക്കാൻ. 37

ശിവ! ശിവ! പശിയാൽത്തളർന്നുകൊണ്ടാ—
ണവനുടജാന്തരമാർന്നതെങ്കിലുംതാൻ
അവനതമുഖിയായ പുത്രിയാളുതൻ
വിവശത കണ്ടു വിശപ്പുടൻ മറന്നു. 38

അരജയുടെ വിഷാദഹേതു പിന്നീ—
ടരനിമിഷത്തിനകത്തു ദിവ്യദൃക്കാൽ

---

33. ശിതശരം = മൂർച്ചയുള്ള അമ്പ്. പററലർ = ശത്രുക്കൾ.

34. അതി...രംഗ = അത്യധികമായ ഭയത്താൽ തളർന്ന മനസ്സോടുകൂടിയവൾ. യതിസുത = മഹർഷിപുത്രി. കാമത്താൽ കണ്ണുകാണാതെ ആ രാജാവ് അവളെ കടന്നുപിടിച്ചു!

36. ദ്വിരദപതി = ഗജശ്രേഷ്ഠൻ. സരസി = സരസ്സ്. സമാവിലാഭ = കലങ്ങി നിറംകെട്ടവൾ. സരസി എന്ന സ്ത്രീലിംഗം പ്രയോഗിച്ചതു്, അരജയുമായുള്ള സാമ്യത കാണിക്കാനാണ്.

37. ഇതരവനാൽ = മററൊരു കാട്ടിൽനിന്നു്. അനഘമഹസ്സ് = അന്യൂനതേജസ്സോടുകൂടിയവൻ.

38. ഉടജാന്തരം=പർണ്ണശാല. അവനതമുഖി=മുഖം കുനിഞ്ഞവൾ. വല്ലാതെ വിശന്നു തളർന്നിട്ടാണ് വന്നതെങ്കിലും, മകളുടെ നില കണ്ടപ്പോൾ ആ ഋഷിവര്യൻ വിശപ്പെല്ലാം മറന്നു!

Digitized By Kerala Sahitya Akademi

വരമുനി വഴിപോലറിഞ്ഞു കോപ—
സ്ഫുരദധരോഷ്ഠമൊട്ടജ്ജ്വലിച്ചിതേററം. 39

വിടനൃപനിലമർഷിയാം മഹർഷി—
ക്കുടയ ഭയാനകരൂക്ഷവീക്ഷണങ്ങൾ
സ്ഫുടമിഴികളിലാർന്നു ചിന്നുമത്യുൽ—
ക്കടജഠരാഗ്നികണങ്ങളെന്നു തോന്നും. 40

ചൊടി പെരുകി യുഗാന്തരുദ്രരൌദ്രൻ
കുടിലതരഭ്രുകുടീഭയങ്കരാസ്യൻ
ഇടിയെതിരൊലിയിൽക്കഥിച്ചിതൊന്നി—
പ്പടി ചുഴലും നിജശിഷ്യരോടൃഷീന്ദ്രൻ: 41

"പരിഗളിതവിവേകബുദ്ധിയായി—
ദ്ദുരിതമിതിപ്പടി ചെയ്ത ദുഷ്ടഭൂപൻ
പെരിയൊരു മമ രോഷപാവകങ്കൽ
കരിയിലയായ് ചമയുന്ന കാഴ്ച കാണ്മിൻ! 42

ഉരപെരുകിന കാട്ടുതീയ്യു ചെന്താ—
മരകളണിക്കുളമെന്നുറച്ചു മോഹാൽ
സരസമതിലിറങ്ങി മുങ്ങിയോരാ
നരപശുവാശു കഥാവശേഷനാകും. 43

കടുതയൊടു കടന്ന കന്യയാളിൽ—
ക്കെടുതി തുടർന്നൊരു ചണ്ഡനായ ദണ്ഡൻ
പെടുമഴലിലുഴന്നശേഷസമ്പ—
ത്തൊടുമറുതിപ്പെടുമേഴുനാളിനുള്ളിൽ. 44

കടിലതപെടുമാ നൃപാധമൻതൻ
നെടിയൊരുനാടിതുമേഴുനാളിനാലേ

---

39. ദിവ്യദൃക്ക് = ദിവ്യദൃഷ്ടി. കോപസ്ഫുരദധരോഷ്ഠം = കോപംകൊണ്ടു വിറയ്ക്കുന്ന ചുണ്ടുകൾ.

40. ഭയാനക...ങ്ങൾ = ഭയങ്കരമായ ക്രൂരനോട്ടങ്ങൾ. അത്യുൽക്കടജഠരാഗ്നികണങ്ങൾ=വല്ലാതെ വിശന്നുതളർന്ന വയററിൽനിന്നു പുറപ്പെട്ട തീയ്യിന്റെ പൊരികളാണ് ആ നോട്ടങ്ങൾ എന്നു തോന്നി.

41. യുഗാന്തരുദ്രരൌദ്രൻ = പ്രളയാന്തത്തിലെ രുദ്രനെപ്പോലെ ഭയങ്കരൻ. കുടിലതരഭ്രുകുടീഭയങ്കരാസ്യൻ = വളഞ്ഞ പുരികങ്ങളാൽ ഭയങ്കരമായ മുഖത്തോടുകൂടിയവൻ.

42. പരിഗളിതവിവേകബുദ്ധി = വകതിരിവു നശിച്ചവൻ. രോഷപാവകങ്കൽ = കോപാഗ്നിയിൽ.

44 ആ ക്രൂരനായ ദണ്ഡരാജാവ് തന്റെ മകളോടു ചെയ്ത അക്രമം നിമിത്തം ഏഴു ദിവസത്തിനുള്ളിൽ സർവ്വസമ്പത്തോടുകൂടി ചത്തു മണ്ണടിയും എന്നു മഹർഷി ഉശനസ്സ് ശപിച്ചു.

Digitized By Kerala Sahitya Akademi

പൊടിമഴയിൽ മൂടിഞ്ഞു ശൂന്യമാകും;
ഝടിതി തപസ്വികളിസ്ഥലം വിടേണം.'' 45

അരിശമൊടിതുമട്ടു കൺചുകപ്പി—
ച്ചുരിയൊരു ശിഷ്യരൊടോതി മാമുനീന്ദ്രൻ
പെരിയ ഭയവിഷാദബാധയാലു—
ള്ളെരിയുമൊരാത്മജയോടുരച്ചു പിന്നെ: 46

''കളകഴലരജേ! കളാഭമായ്ച്ചു—
ററളവൊരുയോജനയുള്ളൊരീസ്സരസ്സാൽ
വളരുമൊരു സുഖേന വൃത്തിനേടി—
ഗ്ഗളദഘയാംവരെ വാഴ്കിങ്ങുതാൻ നീ. 47

തവ നികടഗമായിരിപ്പതൊന്നും
ധ്രുവമതുനാശം പൊടിമാരിയാൽ നശിക്കാ.''
അവളൊടിതരുൾചെയ്തമോഘവാക്കാ—
മവനപരാടവി പുകിനാൻ സശിഷ്യൻ. 48

വിവരമിതു ധരിച്ചു ഭാർഗ്ഗവർഷി—
പ്രവരമഹാശ്രമമണ്ഡലസ്ഥരെല്ലാം
ജവമൊടുമവിടം വെടിഞ്ഞു പോയി
സ്വവസതി മറെറാരു കാനനത്തിലാക്കി. 49

യതിവരനുടെ ശാപാൽ ദണ്ഡരാജാവൊടൊത്താ
ക്ഷിതിയുടനുറുതിപ്പെട്ടാകവേ ശൂന്യമായി!
അതിവിപുലമതത്രേ തമ്പിയോടൊത്തു സീതാ—
പതി മരുവിന സാക്ഷാൽ ദണ്ഡകാരണ്യദേശം. 50

---

45. ആശ്രമം മാത്രമല്ല, അവരുടെ രാജ്യവും നശിച്ചു വെണ്ണീറാവും. അതുകൊണ്ടു മഹർഷിമാരെല്ലാം അവിടം വിട്ടു പോകണമെന്നും അദ്ദേഹം മുന്നറിയിപ്പു നല്കി.

47. പാപം കഴുകിക്കളയപ്പെടുംവരെ മകളോട് അവിടെത്തന്നെ താമസിച്ചുകൊള്ളാനും ആജ്ഞാപിച്ചു. കളാഭം = മനോഹരം. ഗളദഘ = പാപമുക്ത.

48. നികടഗം = അടുത്തുള്ളതു്. അവളുടെ ചുററുവട്ടത്തിലുള്ളതൊന്നും മഴച്ചാററലാൽ നശിച്ചുപോകില്ലെന്നു മഹർഷി അവളെ ആശ്വസിപ്പിച്ചു. അമോഘവാക്ക് = പാഴ്‌വാക്കു പറയാത്തവൻ. മഹർഷിയുടെ ആജ്ഞ പാഴ്‌വാക്കായില്ല എന്നു്. അപരാടവി = മറെറാരു കാടു്. ഇതു പറഞ്ഞു ഉശനസ്സ് സശിഷ്യനായി (മററു ശിഷ്യരോടുകൂടി) വേറൊരു കാട്ടിലേക്കു പോയി.

49. ഈ വിവരമറിഞ്ഞതോടേ, ആ ഭാർഗ്ഗവർഷിശ്രേഷ്ഠന്റെ മഹനീയമായ ആശ്രമത്തിൽ പാർത്തിരുന്നവരെല്ലാം ക്ഷണത്തിൽ അവിടം വിട്ടു മറെറാരു കാട്ടിൽച്ചെന്നു താമസമാക്കി.

50. മഹർഷിശ്രേഷ്ഠന്റെ ശാപംമൂലം ദണ്ഡരാജാവോടുകൂടി ആ വനപ്രദേശം ചാമ്പലായി. വളരെ വിസ്തൃതമായ ഈ പ്രദേശമാണപ്പോൾ, രാമൻ ലക്ഷ്മണനോടൊന്നിച്ചു പാർത്ത ദണ്ഡകാരണ്യം.

—ജി. കെ. സി.

Digitized By Kerala Sahitya Akademi

8

Digitized By Kerala Sahitya Akademi

ഗണപതി

1913

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിന്റെ

മുഖവുര

എല്ലാ മംഗളകർമ്മങ്ങൾക്കും ആദ്യത്തിൽ ഒരു 'ഗണപതിപൂജ' അത്യാവശ്യമാണെന്നു വെച്ചിട്ടുണ്ടല്ലോ. പുസ്തകങ്ങൾക്കു മുഖവുരയും ഇപ്പോൾ ഏകദേശം ആ കൂട്ടത്തിൽത്തന്നെയായിരിക്കുന്നു. എന്നാൽ പ്രകൃതത്തിൽ അതു രണ്ടുംകൂടി ഒന്നായിത്തന്നെ കഴിയുന്നതാണ്.

'ഗണപതി'യുടെ മാഹാത്മ്യം വെളിപ്പെടുത്താൻ ഇവിടെ ഒരു ശ്രമവും ചെയ്യേണ്ടതായിട്ടില്ല. എങ്കിലും, അലങ്കാരനിഷ്ഠ കൂടാതെ സൃഷ്ടിയിലുള്ള സൗഷ്ഠവവും രസപൂർത്തിയുമുള്ള ഒരു കൃതി കണ്ടാൽക്കൊള്ളാമെന്നുള്ള എന്റെ പ്രാർത്ഥനയുടെ ഫലമായിട്ടാണ്, ഈ 'ഗണപതി' അവതരിപ്പിക്കുന്നതെന്നു മാത്രം എനിക്കൊന്നു പറയാനുണ്ട്. ഈ ഒരു കാര്യം സവിശേഷം സാധിച്ചിട്ടുണ്ടെന്നുള്ളതിലേക്ക്, 'ഗണപതി'യുടെ അകൃത്രിമമായ സൗന്ദര്യംതന്നെയാണ് എനിക്കുള്ള ലക്ഷ്യം. എന്നാൽ, സ്വഭാവോക്തി മുതലായ ചില നല്ല അലങ്കാരങ്ങൾ ഇനിയും ഇതിൽ വന്നുപോയിട്ടുണ്ടെങ്കിൽ, അതിന്ന്, കവിയുടെ വാസനാവൈഭവത്തെത്തന്നെ കുററപ്പെടുത്തേണ്ടതുമാണ്!

ഇതു 'ഗണപതി'യുടെ ആദ്യത്തെ ആവിർഭാവമല്ല; മുമ്പു 'കൗമുദി'യിലൂടെ രണ്ടുഭാഗമായി പ്രകാശിച്ചുകൊണ്ടിരുന്ന ആ ആനന്ദമൂർത്തിതന്നെയാണ്, ഇപ്പോൾ പരിപൂർണ്ണമായ രൂപത്തിൽ ഇവിടെ പ്രത്യക്ഷമായിരിക്കുന്നതു്. ഭക്തിയുള്ളവർ സേവിച്ചാൽ, ഈ 'ഗണപതി' ഇഷ്ടസിദ്ധിവരുത്തുകയും ചെയ്യും.

മറെറാരു സംഗതി നോക്കിയാലും, വള്ളത്തോൾ നാരായണമേനോന്റെ ഈ കൃതിക്ക് 'ഗണപതി' എന്ന പേർ വളരെ ഉചിതമായിട്ടുണ്ട്. അദ്ദേഹത്തിന്റെ വകയായി ഉടനെ പുറപ്പെടുവാനിരിക്കുന്ന 'ചിത്രയോഗം' എന്ന മഹാകാവ്യത്തിന്ന്, ഇതു വാസ്തവത്തിൽ ഒരു 'ഗണപതി'കുറിച്ചതാണെന്നു കൂടി മഹാജനങ്ങളെ അറിയിച്ചുകൊള്ളട്ടെ!

കോട്ടക്കൽ
89 തുലാം 10-ാംനു

പി. വി. കൃഷ്ണവാരിയർ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ശീതളാചലകുമാരിയെപ്പുരാ
ചൂതബാണരിപു വേട്ട ശങ്കരൻ
ശ്വേതശൈലനിലയത്തിലംഗനോ-
പേതനായ് പ്രഭു മടങ്ങിയെത്തിനാൻ. 1

ബാലയാം പ്രിയയിൽ നാണമാം തിര-
ശ്ശീലകൊണ്ടു മറവാർന്ന കാമനെ
ലോലനായഥ വെളിപ്പെടുത്തുവാൻ
ലീലയാ തുനികയായ് മഹാനടൻ. 2

നീരമാഭഗളനേകമാ, ഗുണോ-
ദാരയാമുമ കളിച്ചിടുംവിധൗ,
ദ്വാരപാലനെയനാദരിച്ചു തൻ-
ദാരസത്മനി കടന്നുചെന്നിതേ. 3

മജ്ജനോചിതമനോജ്ഞവേഷയാ-
മജ്ജഗജ്ജനനി ഭർത്തൃദർശനാൽ,
സജ്ജമാർ സഖികൾ സംഭ്രമിക്കവേ
ലജ്ജപൂണ്ടു വിലയിച്ചു തങ്കലേ! 4

വെണ്ണതോല്ക്കുമുടലിൽ സുഗന്ധിയാ-
മെണ്ണ തേച്ചു,രയിലൊററമുണ്ടുമായ്
തിണ്ണമേലമരുമാ നതാംഗി മു-
ക്കണ്ണനേകി മിഴികൾക്കൊരുത്സവം. 5

ആ വിഭൂഷണവിയുക്തഗാത്രിയാം
ദേവി നിസ്തുലനിസർഗ്ഗകാന്തിയെ
ഭൂവിനില്ക്കുമഴകന്നു കണ്ടു ത-
ജ്ജീവിതേശന്നു കളിത്തു മാനസം. 6

അക്കടുംത്രപ പൊറാഞ്ഞു ചണ്ഡി ചെം-
തൃക്കടാക്ഷമുനയൊന്നുലച്ചുടൻ
തക്കപോലെ, സമയത്തഗാരമു-
ഷ്പുക്ക ദേവനെ വെളിക്കിറക്കിനാൾ. 7

കന്നിൽമാതഥ, മണാളനീ നില-
യ്ക്കിന്നിമേലസമയത്തൊരിക്കലും
വന്നിടായ്‌വതിനു വേണ്ട കൃത്യമെ-
ന്തെന്നിതോർത്തു നിജതോഴിമാരുമായ്. 8

''അന്തകാരിയുടെ ഭൃത്യരൊക്കെയും
ഹന്ത നമ്മളുടെതന്നെയെങ്കിലും

Digitized By Kerala Sahitya Akademi

സ്വന്തമായൊരുവനിങ്ങു വേണ,മ–
ത്യന്തനിഷ്ഠയൊടു വാതിൽ കാക്കുവാൻ.'' 9

പേർത്തിതാളികളരങ്ങുയാൽ, പ്രഭാ–
പൂർത്തിപൂണ്ടൊരു പുമാനെയക്ഷണം
തീർത്തിതങ്ങു തിരുമെയ്യഴുക്കിനാ–
ലാർത്തിനാശിനി ജഗത്സവിത്രിയാൾ. 10

പർവതോന്നതസുലക്ഷണാംഗകൻ,
പർവചന്ദ്രസുഭഗൻ, യുവാവവൻ
ദുർവഹാദ്ഭുതകുതൂഹലങ്ങളെ–
ശ്ശർവദാരസഖിമാർക്കു നല്കിനാൻ. 11

ദേവിതന്നെയണിയിച്ച പൊന്മണി–
ത്തൂവിഭൂഷണവരാംബരാദിയാൽ
ആ വിശിഷ്ടപുരുഷന്റെ മെയ്യിലെ–
ശ്ശ്രീവിലാസമൊരു നൂറിരട്ടിയായ്. 12

അമ്മഹാഭുജനെയങ്കസീമ്നി ചേ
ർത്തമ്മ മൂർദ്ധ്നി മുകർന്നു മേല്ക്കുമേൽ,
സമ്മദോൽപുളകഗാത്രിയായ്പ്പുണ–
ർന്നമ്മവെച്ചു ചിരമോമനിക്കയായ്. 13

കാരുണീമയി, മൃഡാനി പിന്നെയ–
പ്പൂരുഷപ്രവരനോടിതോതിനാൾ:
''ചാരുരൂപ, മമ പുത്ര, നീയൊഴി–
ഞ്ഞാരുമില്ലിഹ മദാജ്ഞ കേൾക്കുവാൻ. 14

ധീരനായനിശമപ്രമത്തനായ്
ദ്വാരപാലനമിഹാചരിക്ക മേ;
സ്വൈരമെന്റെയനുവാദമാർന്നിടാ–
താ,രടുക്കിലുമകത്തു കേററൊലാ.'' 15

സാരമായ്ജ്ജനനി ചൊന്നതാനതാ–
കാരനായ്ശിരസി വെച്ചു പുത്രനെ
ദ്വാരപാലനവിധിക്കു നിർത്തിനാൾ,
ചൂരലൊന്നഥ കൊടുത്തു പാർവതി. 16

കാരണാത്മിക കൊടുത്ത കാഞ്ചന–
ച്ചൂരൽമുദ്രയെ വഹിച്ചുകൊണ്ടവൻ
പാരമേശരമണീമണിഗൃഹ–
ദ്വാരസീമനി വിളങ്ങിനാൻ സദാ. 17

വന്നു തിങ്ങിയ കുതൂഹലേന, പി–
റേറന്നുമീശ്വരി കുളിക്കൊരുങ്ങവേ

Digitized By Kerala Sahitya Akademi

ചെന്നു ധൂർജ്ജടി, തലേദ്ദിനം കറ—
ഞ്ഞൊന്നു കണ്ട പുതുകാഴ്ച കാണുവാൻ. 18

വാരണാന്തകനകത്തു പൂകുവാൻ
പാരമുത്സുകതയോടടുക്കവേ,
ആരതെന്നു ധരിയാതെ, നൂതന—
ദ്വാരപാലകനവൻ വിലക്കിനാൻ. 19

ആ വിലാസപരനാം മഹേശനോ—
ട്ടാവിലാശയതപൂണ്ടു ചൊല്ലിനാൻ:
''നീ വിലക്കിടുവതാരെയാണെടോ?
ദേവിതൻപ്രിയതമൻ, പിനാകി ഞാൻ.'' 20

ഹാരവാക്യ*മിതു കേൾക്കമോ പ്രതീ—
ഹാരവീരനപശങ്കമോതിനാൻ:
''നേരവും നിലയുമോർത്തിടാതുമാ—
ഗാരമെങ്ങനെയണഞ്ഞിടും ശിവൻ? 21

അമ്മ സമ്പ്രതി കുളിക്കയാണു; തൽ—
സമ്മതത്തെ ലഭിയാതൊരിക്കലും
ഇമ്മണീഗൃഹമണഞ്ഞിടാവത—
ല്ലമ്മഹേശ്വരനു,മെന്നു നിശ്ചയം. 22

നില്ല, നില്ല, നില വിട്ടിടായ്ക; ഞാൻ
ചൊല്ലുമുക്തി വകവെച്ചിടാതെ നീ
മല്ല കാട്ടിയണയുന്നതാകി,ലെൻ—
തല്ല കൊണ്ടു തല വിണ്ടുപോം ദൃഢം!'' 23

ഗീരതത്ര ഗണിയാതുപാത്തധി—
ക്കാരനായ്ക്കയെറുമാ വൃഷാങ്കനിൽ
സ്സാരരോഷ,മുമതാൻ കൊടുത്ത പൊൻ—
ചൂരലൊന്നഥ മയക്കിനാനവൻ. 24

പൊട്ടുമെല്ലണികരം പൂണ്ട മാറിൽനി—
ന്നൊട്ടുതാഴെയടികൊണ്ടു പാടുമായ്
മട്ടുമാറിയ മഹേശനാ സ്ഥലം
വിട്ടു പോന്നിതു വിചിത്രചേഷ്ടിതൻ. 25

ദൂരമെത്തി,യൊരിടത്തിരുന്നു, തൻ
ഭൈരവാകൃതികളാം ഗണങ്ങളെ
ഗൗരശൈലപതി ചൊല്ലിവിട്ടിതാ,
ദ്വാരപാലനെയകററിനിർത്തുവാൻ. 26

* ഹാരവാക്യം = ഹരസംബന്ധിയായ വാക്യം (ഹരന്റെ വാക്ക്)

Digitized By Kerala Sahitya Akademi

പാരിലേവനമധൃഷ്യരാകുമാ—
വാരിജായുധവിമാഥിപാർഷദർ
ഗൗരിതൻ തനുജനോടു, തൻഗൃഹ—
ദ്വാരി ചെന്നു ചിലതോതിനോക്കിനാർ. 27

ഒന്നുകൊണ്ടുമൊരിളക്കമെന്നിയേ
നിന്നു, തൻനിലയിലംബികാസുതൻ;
ചെന്നു, തച്ചരിതമഗ്ഗണങ്ങൾ പൊൻ—
കുന്നുവില്ലനൊടുണർത്തിനാരുടൻ. 28

ഫാലനേത്രനരുളീ സരോഷം: ''മ—
ബ്ബാലനെക്കിമപി നീക്കിനിർത്തുവാൻ
സ്ഥൂലദീർഘഭുജർ നിങ്ങൾ ശക്തരാ—
യീലയെന്നിവിടെ വന്നു ചൊല്ലുയോ? 29

അങ്ങു നിങ്ങളൊരു കുഞ്ഞിനോടു തോ—
റ്റിങ്ങു പോന്നു നിലവായതത്ഭുതം;
തെങ്ങുപോലുയരുമീയുടല്ക്കക—
ത്തെങ്ങുമെള്ളളവു നാണമില്ലയോ!'' 30

ഈവകപ്രഭുവിനിന്ദനങ്ങൾ കേ—
ട്ടാവതോളമനുബദ്ധലജ്ജരായ്
ശൈവപാരിഷദർ ചെന്നു വീണ്ടുമാ—
ക്കാവലാളൊടു കയർത്തു ചൊല്ലിനാർ: 31

''ആര,ഹമ്മതി മുഴുത്ത നീ? യിഹ
ദ്വാരപാലത ലഭിച്ചതെങ്ങനെ?
ദൂരവേ സപദി പോക നല്ലു; ദു—
ർവ്വാരവീര്യര,റികീശപാർഷദർ. 32

ദേവദേവഗണമാണു നിശ്ചമെ—
ന്നേവമോർത്തു ദയചെയ്ക ഞങ്ങളെ
സാവഹേളമിഹ ധിക്കരിപ്പതോ,
ജീവനാശമണയുന്നതിന്നു നീ! 33

പെട്ടുപോമപകടത്തിലീ, സ്ഥലം
വിട്ടുപോവതിനു താമസിക്കിൽ നീ;
വെട്ടുപോത്തിനൊടു വേദമോതുമീ—
മട്ടു ഞങ്ങളിനി മാറ്റിവെയ്ക്കയായ്.'' 34

ധൃഷ്ടനത്തരുണനോതി: ''യെന്തിനി—
പ്പിഷ്ടപേഷമിതിൽ? ഞാനൊരിക്കലും,
വിഷ്ടപേശ്വരിയനുജ്ഞനല്കിടാ—
തഷ്ടമൂർത്തിയെയുമിങ്ങു കേറ്റിടാ. 35

Digitized By Kerala Sahitya Akademi

അത്ര കാവലിനുതാൻ മൃഡാനിതൻ
പുത്രനായ്ജ്ജഗതി ജാതനായ ഞാൻ,
എത്ര ഭീഷണികൾ നിങ്ങൾ ചൊല്ലിലും
വിത്രസിച്ചൊഴികയില്ല തെല്ലുമേ. 36

ക്രൂരർ നിങ്ങളതിർവിട്ടിനിബ്ബലാൽ—
ക്കാരമത്ര തുടരുന്നതാകിലോ,
വീരപദ്ധതിയിലൂന്നിനില്പിനെ,ൻ—
ചൂരലിൻ ചുണയറിഞ്ഞിടാം തദാ!'' 37

എന്നു ചൊല്ലുമഗജാതനുജനെ—
ച്ചെന്നു പാർഷദർ പിടിച്ചു തള്ളിനാർ,
നിന്നു, നിന്ന നിലയിൽ ശഠിക്കവൻ;
കുന്നു കാറ്റടികളാൽക്കുലുങ്ങുമോ? 38

ശൂലിതൻഭടരവന്റെ ചൂരലാം
കോലിനാലടികൾകൊണ്ടു മേനിയിൽ
തോലിരിഞ്ഞു, ചില ചൂടുവെച്ചു ക—
ന്നാലിതൻവടിവിലാർത്തു മണ്ടിനാർ. 39

''ഗൗരിതൻ തനുജനാകിലെന്ത്?—വൻ
ദ്വാരി നില്ക്കരുത;കറ്റുകെ''ന്നുതാൻ
സൗരി*സൂദനനയച്ച പാർഷദ—
ന്മാരിടച്ചിലൊടടുത്തു പിന്നെയും. 40

ഓതിനാരവർ: ''ശിശോ, വൃഥാവിലീ
വാതിൽകാത്തുയിർ കളഞ്ഞിടായ്ക നീ;
ഏതിനും പടുതയേന്തുമന്തകാ—
രാതിയാണരുൾവതോ, ഝ വെല്ലുണം!'' 41

എന്നു കേട്ടവനു,മിണ്ടു വേണ്ടതെ—
ന്നെന്നു തെല്ലിടയിളക്കമേല്ക്കവേ,
വന്നരച്ചിതൊരു മാതൃദാസി മെ—
ല്ലെന്നു, ദേവിയുടെ പുത്രനോടിദം: 42

''കാര്യദക്ഷ, തനതാജ്ഞ കാപ്പതിൽ
സ്ഥൈര്യമിത്ര വെളിവാക്കുമങ്ങയെ
ഭൂര്യനുഗ്രഹസമിദ്ധനാക്കിയി—
ട്ടാര്യയേവമരുളുന്നു നന്ദിയാൽ: 43

'വത്സ, ഞാൻ മുദിതയായി നിൻപ്രസൂ—
വത്സലതമിതുറച്ചുകാൺകയാൽ;

* സൗരി = സൂര്യപുത്രൻ (യമൻ)

Digitized By Kerala Sahitya Akademi

ത്വത്സനാഥമധുനാ മമാലയം;
മത്സരിച്ചിവർ ബലേന കേറൊലാ. 44

പ്രത്യനീകപരിപീഡമൂലമീ
സ്സ്വത്യസുസ്ഥിരത കൈവിടായ്ക നീ:
കൃത്യനിഷ്ഠ കുറയാതിരിപ്പതേ
നിത്യമംഗളനിദാനമേവനും.' '' 45

പേശി, നർമ്മവിരുതാളുമാളിമാർ
വാശികേററിയ മഹേശിതൻമതം,
നാശിതവ്യഥമറിഞ്ഞു ഹർഷവാ—
രാശിയിൽ'ത്തിരകളിച്ചു' ബാലകൻ. 46

കച്ചകെട്ടിയരയും മുറുക്കി, വ—
മ്പിച്ച കാലുകളഴിഞ്ഞു കൈകളാൽ,
ഉൾച്ചലിപ്പൊഴിയെ നിന്നു ചോട്ടാ—
പ്പിച്ചവൻ പ്രമഥരോടു ചൊല്ലിനാൻ: 47

''കണ്ടുകൊൾക; ഹരഭൃത്യർ നിങ്ങളു;—ൾ—
ക്കൊണ്ടു ദേവി, നിയമിച്ചൊരാളിവൻ;
രണ്ടുകക്ഷികളുമൊന്നുപോലെ;—യെ—
ന്തുണ്ടു ഭേദ?—മധികാരവും സമം. 48

നിങ്ങളീശനിലയാഗ്രപാലർ; ഞാ—
നിങ്ങപർണ്ണയുടെ വാതിൽ കാക്കുവോൻ;
ഞങ്ങൾവിട്ടു വിഭുശാസനസ്ഥരായ്—
ത്തങ്ങൾതൻമുറയെ നാം നടത്തണം. 49

ഇസ്ഥിതിക്കി,ഹ കരേറി നിങ്ങളീ—
ദ്ദുസ്ഥിതിക്കു തുനിയുന്നതെന്തുവാൻ?
അസ്ഥിഭൂഷഭടരെബ്ഭയപ്പെട്ടു—
ന്നസ്ഥിരപ്രകൃതി ബാലനല്ല ഞാൻ. 50

ഈ വിരുദ്ധവഴിയായി നിങ്ങളെൻ
ദേവിതൻ ഗൃഹമണഞ്ഞിടാ ദ്രുതം;
ജീവിതസ്പൃഹയിരിക്കിൽ വിട്ടുപോയ്—
ക്കൊൾവി;—നൊന്നുമിനിയോതുകില്ല ഞാൻ!'' 51

ഭൃത്യപത്രപയൊടാനതാസ്യരായ്—
സ്സൂര്യജാരിഭടർ പോന്നു വീണ്ടുമേ
ശൗര്യമുള്ള ഗിരിജാത്മജന്റെയാ—
സ്ഥൈര്യമീശനെ നമിച്ചുണർത്തിനാർ. 52

ശ്രീതുഷാരകരമൗലി ചൊല്ലിനാ—
നേ—''തുമില്ലവനു കുസലെന്നതോ?

പോർ തുടർന്നിടുവിനെങ്കിലഞ്ഞു ചെ—
ന്നേ—തുമട്ടിലുമൊഴികവെയ്യിനി. 53

ഉണ്ണിയാണു മലമാതിനെന്നതേ
നണ്ണി നാമവനിലൊന്നടങ്ങിയാൽ,
പെണ്ണിനുള്ളൊരു കളിക്കരങ്ങനെ—
ന്നെണ്ണിടും നിയതമെന്നെയാളുകൾ. 54

പ്രാണനാഥനിലുമിത്ര വാശി കാ—
ട്ടേണമെന്നു നിരുപിച്ചതിൻഫലം
നാണമോടനുഭവിച്ചിടട്ടെ,യ—
ക്ഷീണഗർവ്വെഴുമഗേന്ദ്രനന്ദിനി!'' 55

എന്നു ഭർത്തൃമൊഴി കേട്ടു, കൈത്തരി—
പ്പൊന്നു തീർപ്പതിനിടം കിടയ്ക്കയാൽ
ഒന്നുപോലുദിതഹർഷരേവരും
ചെന്നുമാത്മജനൊടേററു പോരിനായ്. 56

ദന്തകുഡ്മളമരീചികൈതവാ—
ലന്തരുല്ലസിതസത്ത്വലക്ഷ്മിയെ
ചന്തമോടു വെളിവാക്കിയാ യുവാ—
വന്തകാരിഭടരോടിതോതിനാൻ: 57

''വേഗ,മെന്നെ,യൊരു ബാലനെന്നനു—
ദ്യോഗരായി വെടിയാതെ, കൗതുകാൽ
ഹാ, ഗണാഗ്ര്യഭടരിന്നണഞ്ഞതിൽ
സ്വാഗതം സരസമോതിടുന്നു ഞാൻ. 58

ധാരിതാസ്ത്രകലനല്ല, പൈതൽ ഞാൻ
പോരിനിന്നു പുതുതായ്ത്തുടങ്ങുവാൻ;
ഭൂരിശസ്ത്രബലരായ നിങ്ങളോ
പേരിയന്ന പടയാളിമൗലികൾ. 59

എങ്കിലും, ഹിതമിതോതുവൻ; ഭയാ—
ശങ്കിയല്ലി വലുതായ സൗഹൃദം?
വങ്കിടയ്ക്കുടവു,ദാരർ നിങ്ങളിൽ—
ത്തങ്കിടാത്തപടി പോർനടത്തുവിൻ! 60

സന്നതാഖിലസുരാസുരേന്ദ്രയാ—
കുന്ന മജ്ജനനിതൻ മണാളനെ
ഇന്നശേഷഭടഹീനനാക്കി ഞാ—
നെന്ന തെററിവനു കൈവരുത്തൊലാ!'' 61

ഏവമോതിയ ശിവാതനൂജനും
ദേവപാരിഷദരും പരസ്പരം

Digitized By Kerala Sahitya Akademi

സാവലേപമഥ കൈത്തുടർന്നിതേ,
ജീവലോകഭയകാരണം രണം. 62

''പോരിതത്ര വലുതാണു, കാണുവാൻ
പോരികെ''ന്നദിവിഷജ്ജനങ്ങളെ
പൂരിതാംബരമിളക്കിവിട്ടിത—
ബ്ഭേരിശംഖമുരജാദിനിസ്വനം. 63

വട്ടമിട്ടു പരിപന്ഥിയെച്ചുഴ—
ന്നട്ടഹാസമുഖരീകൃതാശരായ്
പട്ടസം, പരശു, വാളു, ലക്കു, വേൽ
തൊട്ട ശസ്ത്രനിര തൂകി പാർഷദർ. 64

പെട്ടതില്ലുടലിലായുധോൽക്കരം
തൊട്ടുപാടു,മഗജാത്മജന്നഹോ!
തിട്ടമമ്മയുടെ തൃക്കടാക്ഷമാം
ചട്ടയിട്ടവനു വജ്രവും തൃണം! 65

ഘോരപാലതരുണന്റെ പൊന്നണി—
ച്ചൂരൽ ഭസ്മസിതശൈവസേനയിൽ
സ്വൈരലീലയൊടു ചിന്നിമിന്നിതേ,
ശാരദാഭ്രഭുവി കൊള്ളിമീൻപടി. 66

ഭൂരിശക്തിമയഗാത്രയഷ്ടിയാം
ഗൗരി നല്കിയൊരു വേത്രയഷ്ടിയാൽ
പാരിൽ വീഴ്ത്തിയവനാ,യുധച്ചുടാ—
മാരിതൂകിന മഹാഗണങ്ങളെ. 67

നാക്കു തൂങ്ങി, നടു കൂന്നു, ചൂരലിൻ—
വീക്കു കൊണ്ടു തുറുകൺ മിഴിച്ചഹോ,
മൂക്കു പോയ് ദ്വിഗുണവൈകൃതാംഗരായ്
പോക്കമുട്ടി വിഷമാക്ഷകിങ്കരർ! 68

വീരനാമഗസുതാത്മജന്റെ പൊൻ—
ചൂരലേറ്റുടൽ മുറിഞ്ഞു, മേല്ക്കുമേൽ
ചോരവാർന്ന ശിവസേന, പൂത്തുനി—
ല്പോരശോകവനികയ്ക്കു തുല്യമായ്. 69

ശൈലജാവിഷയരോഷരക്തയായ്—
ശ്ശൂലഭൃജ്ജടയിൽനിന്നു ജാഹ്നവി
ലോലയായി വെളിയിൽപ്പതിച്ചപോ—
ലാലസിച്ചൊഴുകി ചോരയാറുടൻ. 70

മന്ദിതപ്രസരമായ് രണേ പരാ—
ക്രന്ദി ശൈവബലമൊക്കെയും ക്ഷണാൽ;

Digitized By Kerala Sahitya Akademi

നന്ദിയും തനതു നാഥനിൽപ്പെട്ടും
നന്ദികാട്ടുവതിനന്നശക്തനായ്. 71

ക്ഷീണരായ്ച്ചിലർ കിടന്നുഴന്നു; നിഷ്-
പ്രാണരായ്ബ്ഭുവി പതിച്ചു തെല്ലുപേർ;
നാണമററു ചിലർ പാഞ്ഞൊഴിഞ്ഞു പൂ-
ബാണവൈരിപദമാശ്രയിച്ചിതേ. 72

ചൂരലിന്നുപരി ശൈവയോധർതൻ
ചോര പററിയതിടത്തുകയ്യിനാൽ
വീരകേസരി തുടച്ചുനീക്കിയ-
ദ്വാരസീമ്നി നിലവായ് ശിവാസുതൻ. 73

തൽക്ഷണം, ഹരി വിരിഞ്ചി, ഭൂമിഭൃൽ-
പക്ഷഭേദി മുതലായ ദേവകൾ,
ത്ര്യക്ഷസന്നിധിയണഞ്ഞു നമ്രരാ-
യക്ഷതാദരമിതൊന്നുണർത്തിനാർ: 74

''സ്വൈരമാജ്ഞയരുൾകിങ്ങു പാർവ്വതീ-
ദാര, ദേവ, തവ ദാസർ ഞങ്ങളിൽ;
ആരറിഞ്ഞിടു?—മിതെന്തു ലീലയാ-
ണാചരിച്ച,തുരുലീലനാം ഭവാൻ!'' 75

നീരജാസനനൊടിന്ദുചൂഡന-
ന്നേരമേവമരുൾചെയ്തു സസ്മിതം:
''ദ്വാരപാലനൊരു ബാലനുണ്ടുമാ-
ഗാരസീമ്നി മരുവുന്നു ധൃഷ്ടനായ്. 76

ഗേഹവേശനനിരോധിയാമവൻ
സാഹസപ്രിയനഖണ്ഡവിക്രമൻ
ആഹവത്തിലെതിരിട്ട മദ്ഭട-
വ്യൂഹമുഖ്യരെ വിഭഗ്നരാക്കിനാൻ. 77

സുപ്രശാന്തമതിയാകമഞ്ജുതാൻ
ക്ഷിപ്രമാ സ്ഥലമണഞ്ഞു, നീതിയാൽ,
അപ്രമേയബലനാമവന്നു തെ-
ല്ലുപ്രസാദമുളവാക്കിടേണമേ!'' 78

എന്ന,നംഗമഥനന്റെ മഞ്ജുവാ-
കുന്ന വാക്കു നിശമിച്ചു പത്മജൻ
ചെന്നണഞ്ഞിതു മഹർഷിമാരുമൊ-
ത്ത,ന്നഗേന്ദ്രതനയാഗൃഹാന്തികേ. 79

മുമ്പിലെത്തിയ പിതാമഹന്റെ വെൺ-
കമ്പിപോലെ നെടുതായ താടിയെ

Digitized By Kerala Sahitya Akademi

വെമ്പിയേററു പിടികൂടിനാൻ ബലാൽ
വമ്പിയന്ന ഗിരിജാകുമാരകൻ. 80

''അരുതരുത,നുകമ്പ്യനന്തണൻ, ഞാൻ
പൊരുവതിനല്ല, ശമത്തിനായണഞ്ഞോൻ;
പരുഷത കരുതായ്കിവങ്കലെ''ന്നായ്—
ത്തെരുതെരെ നാന്മുഖനാർത്തു കേണു പാഞ്ഞു. 81

അകമെരിയുമജൻെറ പിന്നു ഭീതി—
ത്തികവൊടു പാഞ്ഞു, ഹരാദ്രിധാതുഭൂവിൽ
വികലഗതി കമിഴ്ന്നുവീണു വൃദ്ധ—
ഷ്ഠികളുടെ താടികൾ ചായമിട്ടപോലായ്! 82

അജനിലുമനയം തുടർന്ന ദേവ്യാ—
ത്മജനെ വധിപ്പതിനി,ദ്ധരോഷനീശൻ
നിജഗണനിയുതങ്ങളോടുകൂടേ.
സജവമയച്ചു സുരവ്രജത്തെയെല്ലാം. 83

ഭൂതപ്രേതപിശാചദേവപൃതന—
യെല്ലാം പുരോഗാമിയായ്
സ്ഫീതശ്രീമധുമാഥി ചെല്ലവതു ക—
ണ്ടോന്നോതി ദേവീസുതൻ:
''മാൽ തങ്കേണ്ട; നിനക്കു തെല്ലു വകയാ—
യെൻ ചൂരലേ; വൻചമൂ—
വ്രാതം ചുഴെ വരുന്നതുണ്ടു, സുമഹാ—
വിക്രാന്തി ചക്രായുധൻ!'' 84

ഏററം വീറൊടു, വിഷ്ണുവിൻ പിറകിലായ്—
ദ്ദേവാദിസൈന്യങ്ങൾ ചെ—
ന്നേററദ്രീശകുമാരികാതനയനിൽ—
ച്ചാട്ടുന്ന ശസ്ത്രോൽക്കരം,
ചീററം ചേർന്നിടമാറസംഭ്രമവൻ
വീശുന്ന വൻചൂരലിൻ
കാററത്തങ്ങു പറന്നുപോയ്, കരിയില—
ക്കൂട്ടംകണക്കഞ്ജസാ. 85

അററം പെടാതെയതിഘോരമിരമ്പി,യെണ്ണ—
മററസ്ത്രവീചികളുമേന്തിടുമബ്ധലത്തെ
ചെററല്ല നീളെയുമിളക്കിമറിച്ചു ബാല—
നൊററയ്ക്കു, വാരിധിയെ മന്ദരമെന്നപോലെ. 86

ലോകാംബ തൽക്ഷണ,മസംഖ്യരിപുക്കളെ ചുഴ—
ന്നേകാകിയാം നിജസുതന്നടരിൽത്തുണപ്പാൻ

Digitized By Kerala Sahitya Akademi

ഏകാന്തരോഷവശയായ് വിരചിച്ചയച്ചാ—
ളാ,കാരഭീഷണകളാമിതുദേവിമാരെ. 87

കുന്നൽക്കാർതാൻ, കരാളോന്നതതനുരുചിയാ—
ലൊന്നു, മറേറതു ശുദ്ധം
മിന്നൽച്ചാർത്തീ, വിധത്തിൽ ബൃഹജപരിഘശതോ—
ദ്രിക്തമസ്സക്തിയുഗ്മം,
സന്നദ്ധാശേഷദേവപ്രമഥപൃതനയാം
പന്നഗൗഘത്തിനേറെ—
സ്സന്നത്വം ചേരുമാറാത്തലറിയടർനില—
ത്തിന്നുമധ്യേ വിളങ്ങീ. 88

ഭൂതാമർത്ത്യപ്രവീരപ്പരിഷകളഗജാ—
മന്ദരിദ്വാരദേശ—
ത്താതാവിൻനേക്കു താരധ്വനിമുഖരമയ—
യ്ക്കുന്ന ശസ്ത്രങ്ങളെല്ലാം
പാതാളംതോററ വായ്കൊണ്ടടനടനെ വിഴു—
ങ്ങീടുമസ്സക്തികാകാ-
ഞ്ഞാതാ,ർദൈത്യാരിതൻ ചക്രവുമടർനടുവിൽ—
പ്പപ്പടപ്രായമായീ! 89

നാനാശസ്ത്രങ്ങൾ തീർന്നോരളവ,മരഗണ—
ശ്രേണിയെത്തന്നെ ഭക്ഷി—
പ്പാനായ് വായുംപിളർത്തിബ്ഭയദവടിവിലാ—
ദ്ദേവിമാർ കൈതുടർന്നു;
ദീനാക്രന്ദങ്ങൾ പൊങ്ങീ പടയി,ലൃഷിജന—
ത്തിൻെറ ഹാഹാരവത്താൽ
വാനാകെത്താൻ മുഴങ്ങീ, പ്രളയമണകയാ—
യെന്നു ലോകം നടുങ്ങീ. 90

തീരെപ്പേടിച്ചരണ്ടച്യുതവലമഥനാ—
ദ്യഗ്രഗീർവാണർപോലും
പാരെങ്ങും പാഞ്ഞു ഭൂതപ്പടയൊട്ടുമിടചേ—
ന്നാത്തുഴന്നീടുമപ്പോൾ,
നേരെത്താക്രോധമേന്തീടിന പുരരിപുതാൻ
തന്നെയക്കാന്ദിശീക—
ന്മാരെപ്പാടേ വിലക്കി,പ്പിറകിലവതുമായ്—
ത്തത്ര പോരിന്നണഞ്ഞു. 91

Digitized By Kerala Sahitya Akademi

അന്നേരം പോയ്മറഞ്ഞീടിന സഹജകളാം
ദേവിമാർതൻ ബലം കൈ-
വന്നേറ്റെശ്ശക്തനായ്ത്തീർന്നൊരു ശിവദയിതാ-
മന്ദിരദ്വാരപാലൻ
ചെന്നേല്ക്കും ദേവഭൂതപ്പടകളഴലുമാ-
റാ നെടുഞ്ചൂരൽ മിന്നി-
ച്ചെന്നേ, ഭ്രൂകാന്തനാകും വിധുവിനതുളിനാൻ
ഭ്രൂസമാശ്ലേഷസൗഖ്യം! 92

ബോധം കൈക്കൊണ്ടെഴുന്നേറ്റുടനെയെതിരിടും
വിഷ്ണുവോടൊത്തു വീണ്ടും,
വൈധവ്യം പൂമകൾക്കേല്പതിനിടവരുമാ-
റങ്കമാടുന്ന ലാക്കിൽ,
ഹാ, ധന്യശ്രീമഹേശീതനയനുടെ ശിര-
സ്സുഗ്രശൂലായുധത്താൽ
ക്രോധക്രൂരൻ മുറിച്ചിട്ടിതു, ശമനരിപു-
സ്വാമിതാൻ സാഹസത്താൽ. 93

ആകമ്രൗജസ്സുടയ ദയിതാ-
പുത്രനെക്കൊന്നുവീഴ്ത്തി-
ശ്ശോകസ്ഫൂർത്തിഗ്ലപിതമുഖനായ്
നിന്നിതീശൻ മുഹൂർത്തം,
ആകപ്പാടേ ഭുവന,മതുനേ-
രത്തു നിശ്ശേഷചേഷ്ടാ-
വൈകല്യത്താൽ പടവിലിഖിതാ-
പ്രായമായിച്ചമഞ്ഞു. 94

സൂനവ്യാപാദകോപം തടവിന ശിവതൻ
മെയ്യിൽനിന്നക്ഷണം താൻ
ഭാനുശ്രീശക്തിസാഹസ്രകമുലകറുതി-
ക്കായ്പ്പുറപ്പെട്ടു വീണ്ടും
വാനും മന്നും നിറഞ്ഞുൽക്കടമിളകിടവേ,
നിർജ്ജരർഷീന്ദ്രർ ഭക്തി-
ത്തേനാംച്ചേരും സ്തവത്താലൊരുവിധമഹിഭൃൽ-
ക്കാന്തയെശ്ശാന്തയാക്കി. 95

"എന്നാലെന്നുണ്ണി, ജീവിച്ചി,വനഖിലഗണാ-
ധ്യക്ഷനായ്പ്പൂജ്യനായും
വന്നാലല്ലാതെ പാരിന്നഴലിതൊഴികയി-
ല്ലാ;—യതിന്നായ് ശ്രമിപ്പിൻ"

Digitized By Kerala Sahitya Akademi

എന്നാര്യാദേവി കല്പിച്ചതു കരം കളിരെ—
ക്കേട്ട ദേവർഷിവൃന്ദം
ചെന്നാരാൽത്താണുണർത്തിച്ചളവ,തിനുപദേ—
ശിച്ചു മാർഗ്ഗം മഹേശൻ. 96

ദേവൻ കല്പിച്ചവണ്ണം സുരമുനികരം വട—
ക്കോട്ടു പോയിട്ടു മുൻകാ—
ണായ് വന്നോരേകദന്തദ്വിപമണിയെ വധി—
ച്ചാ,യതിൻ മസ്തകത്തെ
വൈവർണ്ണ്യാപേതമെത്തിച്ച,ഗദ്ദഹിതുകമാ—
രന്റെ മെയ്യോടിണക്കി—
ശ്ശൈവശ്രീമന്ത്രശുദ്ധോദകമുപരി തളി—
ച്ചീടിനാർശ്രദ്ധഹർഷം. 97

ക്ഷണത്താൽ പ്രാണൻപൂണ്ട,തനുരുചി
ഗൗരീതനുജന—
ങ്ങുണർന്നേ ല്ലാംപോലേ, സസുഖമെഴു—
ന്നേററു ഗജമുഖൻ;
ഇണങ്ങീ ദിക്കെങ്ങും തെളിവ;—മര
വിദ്യാധരവധൂ—
ഗണം പാട്ടും കൂത്തും മുററരപി മു—
തിർത്തു മുദിതമായ്. 98

വൈരം വിട്ട,യിരാർന്ന പുത്രനെ മുദാ—
ലാളിച്ചിടും ദേവിതൻ
പാരത്തേക്ക സുരർഷിമുഖ്യർ കനിയി—
ച്ചെത്തിച്ച കാമാന്തകൻ
നീരന്ധ്രാദരനാം മകന്റെ തലയിൽ—
സ്സാനുഗ്രഹം തൃക്കരെ—
ത്താരർപ്പിച്ചു, ഗണേശനാക്കിയഭിഷേ—
ചിച്ചാനതുച്ഛ്രോത്സവം. 99

സമരശിരസി ശ്രീമദ്ദേവീസു—
തൻ പ്രമഥിച്ച തൽ—
പ്രമഥഭടനേതന്നേ നിദ്രാവി—
മുക്തർകണക്കിനേ,
അമരമുനിമാർ വാഴ്ത്തും മൃത്യുഞ്ജ—
യന്റെ കടാക്ഷമാ—
മമലസുധയാലുജ്ജീവിച്ചേററു—
യർത്തി മഹോത്സവം. 100

Digitized By Kerala Sahitya Akademi

ദേവന്മാക്കും ഗണൗഘത്തിനുമിയലിന ദോ-
വീര്യദർപ്പം കെടപ്പാ-
നീവണ്ണം ലീലയൊന്നാടിയ ഭഗവതിതൻ
പൈതൽ, വേതണ്ഡവക്ത്രൻ,
''ഏവക്കും പൂർവ്വപൂജ്യൻ ജഗതി ഗണപതേ,
വിഘ്നരാജൻ ഭവാ''നെ-
ന്നേവം ബ്രഹ്മാദ്യരേകം വരവുമഥ വണ-
ക്കത്തിൽ വാങ്ങിജ്ജയിപ്പൂ! 101

ശ്രീമഹാശിവപുരാണത്തിൽനിന്നു്.

Digitized By Kerala Sahitya Akademi

വിലാസലതിക

ഒരു ഭാഷാലഘുകാവ്യം

1913

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

ശൃംഗാരം എന്ന ശബ്ദം കേൾക്കുമ്പോൾ നെററി ചുളിക്കുന്ന ചില പരിഷ്കാരികൾ നമ്മുടെ ഇടയിൽ ഉണ്ട്; ആ ശബ്ദത്തിൻെറ അർത്ഥത്തെ വളരെ ആഭാസമായനിലയിൽ മാത്രം അറിയുന്നവരായ അപരിഷ്കൃതന്മാരും വളരെപ്പേരുണ്ട്. ഈ രണ്ടുകൂട്ടരുടേയും തെററിദ്ധാരണയെ ഇല്ലായ്മചെയ്ത് രസചക്രവർത്തിയായ ശൃംഗാരത്തിൻെറ യഥാർത്ഥസ്വരൂപം വെളിവാക്കുന്നതിന്നാണ്, വിലാസലതിക അങ്കുരിച്ചിട്ടുള്ളത്. ഈ ലതിക പരിശുദ്ധമായ സാഹിത്യക്ഷേത്രത്തിൽ പടർന്നുപിടിച്ചു രസികരസായനമായ മധുരഫലങ്ങളെ നല്കുന്നുണ്ടെന്ന്, ഇത്രവേഗത്തിൽ ഇതിന്നൊരു മൂന്നാംപതിപ്പു വേണ്ടിവന്നു എന്ന ഏകസംഗതികൊണ്ടുതന്നെ വ്യക്തമാകുന്നുണ്ടല്ലോ.

വിലാസജീവിതമായ ശൃംഗാരം നായികാനായകന്മാരെ ആലംബിച്ചാണല്ലോ ഇരിക്കുന്നത്. ഇവർ സംയുക്തന്മാരായിരിക്കുമ്പോൾ സംഭോഗശൃംഗാരവും, വിയുക്തന്മാരായിരിക്കുമ്പോൾ വിപ്രലംഭശൃംഗാരവും ഉളവാകുന്നു. ശൃംഗാരത്തിൻെറ ഈ രണ്ടു പ്രധാനവിഭാഗങ്ങളിൽ നായികാനായകന്മാരുടെ ഭേദമനുസരിച്ചു സംഭവിക്കാവുന്ന വിവിധദശാവിശേഷങ്ങൾ ഈ വിലാസലതികയിലെ ശബ്ദാർത്ഥചമൽകൃതങ്ങളും ഗുണാലങ്കാരവിശിഷ്ടങ്ങളുമായ ഹൃദ്യപദ്യങ്ങളിൽ മനോഹരമാംവണ്ണം വ്യഞ്ജിക്കുന്നുണ്ടെന്നു, ധ്വന്യധ്വനീനന്മാരായ സഹൃദയപണ്ഡിതന്മാർക്ക് അനുഭവവേദ്യമാണ്. ഈ ചെറുകാവ്യം, വാസ്തവത്തിൽ, അലങ്കാരശാസ്ത്രത്തിലെ രസപ്രകരണത്തിന്നു പരിപൂർണ്ണമായ ഉദാഹരണമാകുന്നു.

അമരുകശതകത്തിന്നും തൽപ്രണേതാവിന്നും സംസ്കൃതസാഹിത്യത്തിൽ ഏതൊരു സ്ഥാനമാണോ കല്പിച്ചിട്ടുള്ളത്, ആ സ്ഥാനം വിലാസലതികയ്ക്കും തൽകർത്താവിന്നും കേരളസാഹിത്യത്തിലുണ്ടെന്നു നിസ്സംശയം പറയാം. ഉൽകൃഷ്ടമായ ആ സ്ഥാനം എന്നെന്നും നിലനില്ക്കുന്നതുമാണ്. ആ ഉന്നതസ്ഥാനത്തിൻെറ മാന്യതയെ സ്വല്പമായെങ്കിലും ഉദ്ഗാനം ചെയ്‌വാൻ അവസരം സിദ്ധിച്ചതിൽ എനിക്കു സീമാതീതമായ അഭിമാനവും സന്തോഷവും ഉണ്ട്.

കെ. വി. എം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

കന്തളാവലി വിയത്ത പൂകവിളിൽ മിന്നി–
യും, കളിർമുലക്കടം
പന്തമോട്ട നടമാടിയും, പൃഥുനിതംബ–
മണ്ഡലമുലഞ്ഞുമേ,
ചെന്തളിർത്തനു തളർന്നിടുംപടി, സലീല–
മദ്രിജ നിജാന്തികേ,
പന്തടിക്കെ, നിടിലാക്ഷനാർന്ന പുളകം ന–
മുക്കരുളുക മംഗളം. 1

ആരാൽ നിർമ്മിതനായ്‌ പ്രജാസമുദയ–
ത്തിന്നാത്മഭൂവാ;–രെ നേ–
ക്കാരാധിച്ചുവരുന്നവൎക്ക പരമാ–
നന്ദം കരാഗ്രസ്ഥിതം;
തീരാ വാഞ്ഛകിലത്രയുണ്ട മഹിമാ–
വാൎക്കാ;–രിലാദ്യതമെ–
ല്ലാരാലും കഥിതം; ജയിക്ക ചിരമ–
ശ്‌ശൃംഗാരനാരായണൻ*. 2

ഒരു യുവാവ്‌ ഒരു സ്ത്രീയെ കാണുന്നു:

ലാവണ്യക്കടലിൽക്കളങ്കമിയലാ–
തുണ്ടായ വാർതിങ്കളോ,
പൂവമ്പന്റെ പുകഴ്‌ കാട്ടി വിലസും
പുത്തൻ കൊടിക്കൂറയോ,
ദൈവത്തിന്റെ വിചിത്രസൃഷ്ടിവിരുതോ,
ശൃംഗാരസൂക്തോന്മിഷൽ–
കൈവല്യപ്പൊരുളോ, നമുക്കെതിരിലി–
ക്കാണാകുമേണാക്ഷിയാം? 3

പ്രൗഢയായ നായികയുടെ അരികിൽ, നേരം വൈകിച്ചെന്ന നായകൻ തനിക്കുണ്ടായ അനുഭവത്തെ നർമ്മസചിവനോട്ട പറയുന്നു:

മാരൻ വിട്ട ശരംകണക്കതിജവാൽ
ഞാനങ്ങു ചെന്നെത്തവേ,
നേരം ചെററു കവിഞ്ഞ തെററിനിവനെ–
പ്പൊൻകാപ്പണിക്കൈകളാൽ

* ശൃംഗാരത്തിന്റെ ദേവതയും വിഷ്ണുവാകുന്നു.

Digitized By Kerala Sahitya Akademi

സ്വൈരം കെട്ടിവരിഞ്ഞുനിർത്തി, വികസ—
ദ്രോമാഞ്ചമാം നെഞ്ചിലാ
നീരന്ധ്രോച്ചകുചങ്ങളാൽച്ചിരതരം
മട്ടിച്ചു മുദ്വംഗിയാഠം. 4

നായകൻെറ വാക്യം; നായിക മുഗ്ദ്ധ:

മങ്കത്തയ്യിനെ മഞ്ജുവാക്യകഠം പറ—
ഞ്ഞൊട്ടൊട്ടടുപ്പിച്ചു ഞാൻ
തങ്കപ്പട്ടുറവുക്കതൻ നടുവിലായ്—
ക്കയ്യൊന്നു വെച്ചീടവേ,
തങ്കൽത്തീപ്പൊരി വീണപോലെ തരസാ
തട്ടിപ്പിടഞ്ഞുച്ചലൽ—
ക്കൊങ്കച്ചെപ്പുകഠം മെത്തമേലമരുമാ—
റാക്കിക്കിടന്നാളവഠം. 5

സപത്നിയുടെ അടുക്കൽ രാത്രി കഴിച്ചു പ്രഭാതത്തിൽ സമാഗത നായ നായകനെ, പ്രൗഢയായ നായിക, ഈർഷ്യാകോപത്തെ മറച്ചു മർമ്മോൽഘാടനം ചെയ്തുകൊണ്ടു സ്തുതിവ്യാജേന നിന്ദിക്കുന്നു:

മീനാങ്കോപമ, കൺകലക്കമിവിടേ—
ക്കൊട്ടല്പുറങ്ങായ്കയാൽ;
മ്ലാനാപാണ്ഡുരമായ്ച്ചമഞ്ഞിതു, മണം—
വീശുന്ന പൂമേനിയും;
ഞാനായിന്നലെ രാത്രിമാത്രമയി, ഹാ,
വേർപെട്ടതിൻ മൂലമീ—
ദ്ദീനാവസ്ഥയിലായ്ബ്ഭവാൻ; മയി തവ
സ്നേഹം മഹത്തെത്രയും! 6

രാത്രിയിൽ ഈർഷ്യാകോപംനിമിത്തം പ്രത്യാഖ്യാതനായ നായകൻെറ സമാഗമം പിന്നെ സ്വപ്നത്തിൽ അനുഭവിച്ച നായികയുടെ രാവിലത്തെ സ്ഥിതി കവി വർണ്ണിക്കുന്നു:

'എങ്കൽ, പ്രാണപതേ, കനിഞ്ഞരുളുകെൻ—
കുററം പൊറുത്തെ'ന്നു,ഷ—
സ്സിങ്കൽത്തങ്ങളിൽ നോക്കിനിന്നു സഖിമാ—
രാത്തസ്മിതം കേഠക്കവേ,
തങ്കൂട്ടിലിരുന്നു തത്ത തെളിവായ്—
ച്ചൊല്ലുംവിധൌ ലജ്ജയാ
തങ്കൽത്തന്നെ ലയിച്ചുപോയ് തരളയാം
തണ്ടാർമിഴിത്തയ്യലാഠം. 7

Digitized By Kerala Sahitya Akademi

പ്രോഷിതഭർത്തൃകയായ നായികയുടെ വസന്തകാലവർദ്ധിതമായ വിരഹതാപത്തെ കണ്ടിട്ട്, അപായശങ്കിനിയായ സഖി, അവളുടെ ഒരു സ്നേഹിതനോടു പറയുന്നു:

കാലം കോകിലകാകളീകളകളം
ചിന്നും വസന്തം; ലസ—
ന്മാലത്യാദിമണം ചുമന്നു പെരുമാ—
റീടുന്നു മന്ദാനിലൻ;
നീലത്താർമിഴി കോകിതൻ നിലയിലാ—
ണി;—ന്നോളവും വന്നുചേ—
ന്നിലത്രേഹമ—നംഗദേവനൊരുവൻ
കണ്ട കലാശം സഖേ! 8

പ്രണയകലഹിതയായ നായികയെ നായകൻ അനുനയിപ്പിക്കുന്നു:

സദ്വല്ലഭാഞ്ചിതശയ്യ ചേർന്ന,ഴകെഴും
ഭാവപ്രഭാവത്തോടും,
മൃദംഗാനുഗുണപ്രയുക്തവിവിധാ—
ലങ്കാരസമ്പത്തോടും,
വിദഗ്ദ്ധലാളിതകാളിദാസകവിത—
യ്ക്കൊപ്പം വിളങ്ങുന്ന നീ
മദക്ഷോമണിമാലികേ, കിമപി കൈ—
ക്കൊൾകാപ്രസാദത്തെയും! 9

മിക്കപേരും ഉത്സവം കാണ്മാൻ പോയിരിക്കുന്നതവസരത്തിൽ പ്രിയയെ കാണ്മാൻ ചെന്ന കാമുകൻ, 'അങ്ങെന്തേ ഉത്സവത്തിന്നു പോകാഞ്ഞതു്'' എന്നു് അവൾ ചോദിച്ചതിന്നു മറുപടി പറയുന്നു:

കാലോന്മാഥിനികേതനത്തിലധുനാ
മാമൂലിനൊത്തേർപ്പെട്ടും
ലീലോദാരമഹോത്സവം സരസമായ്—
ക്കാണട്ടെ നാനാജനം;
ആലോലാളകമീ മുഖം മിഴികളെ—
ക്കൊണ്ടാസ്വദിക്കുന്നതാ—
ണീ, ലോകത്തിലെനിക്കു, മംഗളതനോ,
മംഗല്യതുംഗോത്സവം! 10

കവിവാക്യം സ്പഷ്ടം:

''ആരോ വിട്ടൊരു 'ചട്ട' കത്തിതു ദൃഢം;
ചൂടുള്ളതല്ലെങ്കിൽ നിൻ
താരോടൊത്ത കരദ്വയത്തിനിതെടു—
ത്തപ്പോൾ വിയർപ്പോലുമോ!''

Digitized By Kerala Sahitya Akademi

ആരോമൽക്കണവന്റെ കാമലിഖിതം
നോക്കിസ്സുഖിക്കുന്നപോ–
തോ,രോന്നേവമുരച്ചു തോഴി കളിയാ–
ക്കുന്നു കയൽക്കണ്ണിയെ. 11

നായകൻ യാത്രോദ്യുക്തനായിരിക്കുമ്പോൾ, ഒരു നവോഢയായ നായികയുടെ സ്ഥിതി:

ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്,–
ത്തന്മന്ദിരത്താഴ്‌വര–
ത്തൂണാലൊട്ടു മറഞ്ഞുനിന്നു, നെടുതാം
വീർപ്പിട്ടുകൊണ്ടങ്ങനെ,
'കാണാം താമസിയാതെ'യെന്നൊരുവിധം
ബന്ധുക്കളോടോതിടും
പ്രാണാധീശനെയശ്രുപൂർണ്ണമിഴിയാൽ
നോക്കുന്നു മൈക്കണ്ണിയാൾ. 12

തന്റെ ബാലസുഹൃത്തും പ്രേമഭാജനവുമായ യുവാവിന്റെ സമാഗമം ലഭിക്കായ്കയാൽ അത്യുൽകണ്ഠിതയായിത്തീർന്ന ഒരു യുവതി സഖിയോടു പറയുന്നു:

കുട്ടിക്കാലമതെത്ര തുഷ്ടികര;മ–
ന്നദ്ദേഹമെന്നോടു വേർ–
പെട്ടിട്ടുള്ള ദിനം ചുരുങ്ങു;–മൊരുമി–
ച്ചല്ലാതെയില്ലൊന്നുമേ;
കിട്ടില്ലൊട്ടിട,യിപ്പൊഴസ്സുഭഗനെ–
ക്കാണാനുമെന്നായി; പാ–
ത്തിട്ടിൽദ്ദുസ്ഥിതിഹേതുവിങ്ങു ഹതമാ–
മീ യൗവനംതാനഹോ! 13

സഖി ഉപദേശിച്ചിരുന്നപ്രകാരം ഈർഷ്യാകോപത്തെ അവലംബിച്ച നായിക, ഭർത്താവിന്റെ അനുനയത്തിന്നു താൻ ക്ഷണേന വഴിപ്പെട്ടുപോയതിൽ കുപിതയായിത്തീർന്ന സഖിയെ പ്രസാദിപ്പിക്കുന്നു.

''തങ്കത്താർമുഖമഞ്ജസാ തവ തുടു–
ത്തല്ലോ; പ്രവാളാധര–
ത്തിങ്കൽച്ചേർന്നു ലസിച്ചിടട്ടെയിനിയ–
പ്പീതത്വ*!''മെന്നിങ്ങനേ,

* പീതത്വം = മഞ്ഞനിറമുള്ളതു് എന്ന അവസ്ഥ; പാനംചെയ്യപ്പെട്ടതു് എന്ന അവസ്ഥ എന്നും.

Digitized By Kerala Sahitya Akademi

സങ്കല്പസ്ഥിതി തെററുമാററിവളൊട–
കല്യൻ കഥിക്കുന്നപോ–
തെ–ങ്കൽത്തോഴി, ചൊടിക്കൊലാ—ചിരിയട–
ക്കീടാൻ കഴിഞ്ഞില്ല മേ! 14

ദൃഷ്ടപൂർവ്വയായ നർത്തകിയിൽ അഭിനിവേശം ജനിച്ച യുവാവ് അവളെപ്പററി തോഴനോടു പറയുന്നു:

സ്വേദം ചിന്നി, ഹിമാംബു വീണ പനിനീർ–
പ്പൂവൊത്ത വക്ത്രത്തിനാൽ
നാദബ്രഹ്മരസാനുഭൂതി സഭിക–
ക്കേകിസ്സലീലം, സഖേ,
ഖേദം വീണ്ടുമരങ്ങിയററിയ കച–
പ്പൊൻചെപ്പുലച്ചി,പ്പൊഴും
വൈദഗ്ദ്ധ്യത്തൊടു ചെയ്‌വതുണ്ടു നടമെൻ–
ചിത്തത്തിലത്തന്വിയാം! 15

വസന്തത്തിൽ ഉൽകടദശയെ പ്രാപിച്ചിരിക്കുന്ന വിരഹവേദനനിമിത്തം മരണാഭിലാഷിണിയായ നായിക സഖിയോടു പറയുന്നു:

പൂവർഷം തുടരുന്നു മന്ദപവനൻ;
പാടുന്നു പുംസ്കോകിലം;
ഭുവനപ്പെടരുന്നു ഭൃംഗപടലീ–
ത്ധങ്കാരവാദ്യാരവം;
ഏവം മൃത്യുമഹോത്സവം മമ സമാ–
രംഭിക്കെ,യെന്താണു തൻ–
ഭാവം മാറി വിഷാദമേറി വിഷമി–
ച്ചീടുന്നതെൻ തോഴി നീ? 16

പ്രായസ്ഥിതിയനുസരിച്ചു ബാല്യത്തിലുണ്ടായിരുന്ന നിത്യസഹവാസാദികളെ ഉപേക്ഷിക്കേണ്ടിവന്ന അനുരക്തനായ യുവാവ്, തങ്കൽ സ്നേഹഭംഗത്തെ ശങ്കിക്കുന്ന പ്രണയിനിയോടു ദൂതിമുഖേന പറയുന്നു:

ആ വിദ്യാർത്ഥികളല്ല നമ്മളിതു നാ–
ളെ;–ങ്ങിന്നിമേലസ്സുഖം?
ഹാ, വിശ്വാസവിഭംഗമത്ര ഭവതി–
ക്കെൻപേരിലുണ്ടാകൊലാ;
ഭുവിൽദ്ദൂഷണശീലരേറു;–മവരെ–
ക്കുന്നിക്ക ക്രൂസാതെ മേ
ജീവിപ്പാനിഹ, ജീവിതേശ്വരി, ഭവ–
ച്ചിത്രം വശത്തില്ലയോ! 17

Digitized By Kerala Sahitya Akademi

പ്രിയതമനെ കൂട്ടിക്കൊണ്ടുവരുവാൻ അയയ്ക്കപ്പെട്ടിട്ട്, ആയാളുമായി സ്വയം രമിച്ചു തിരിയെവന്ന സഖിയോടു നായികയുടെ വക്രോക്തി:

പങ്കാശ്ശാദിപരീതമാകിയ വഴി—
ക്കിക്കുരിരുട്ടത്തു, നീ
കൺകാണാഞ്ഞു കമിഴ്ന്നുവീണ,ധരമ—
യ്യയ്യോ, മുറിപ്പെട്ടുപോയ്;
തങ്കാര്യത്തിനു, നിന്നെയക്കിതവനെ—
ക്കാണ്മാനയച്ചീട്ടശാ—
തങ്കാപ്തിക്കിടയാക്കി ഞാൻ; സഖി, മമ
സ്വാത്ഥസ്പൃഹസ്സായ്ത്തൊഴാം! 18

ഒരു ആറംത്തിരക്കുള്ള ക്ഷേത്രത്തിൽവെച്ചു കാമുകനെ കൂടെക്കൂടെ കടാക്ഷിക്കുന്ന നായികയോടു വിദഗ്ദ്ധയായ സഖി ചോദിക്കുന്നു:

ഹേ മൽത്തോഴി, വിലക്ഷതാവിലസിതം
കൊണ്ടൊട്ടു കൂമ്പി, സ്ഫുരൽ—
പ്രേമത്താൽ വികസിച്ചു, മന്മഥരസ—
ത്തേനാംക്കലെന്നുള്ളതായ്,
ത്ധമന്ദസ്മിതമായ പാലിൽ മുഴുകി—
ച്ചോരീയപാംഗോൽപല—
സ്തോമത്താൽ സ്വയമേതൊരീശ്വരനെയാ—
ണച്ചിപ്പതിത്തവ്വിൽ നീ? 19

തൻെറ പ്രാത്ഥനകളെ നിരസിക്കുന്ന ഒരു വീണവായനക്കാരിയോട്, അവളിൽ അത്യന്താഭിനിവിഷ്ടനായ യുവാവിൻെറ ആവലാതി:

ചെന്നാളീകദളത്തിനൊത്തു വിലസും
കയ്യിണ്ടങ്ങണയ്ക്കാതെ താ—
നൊന്നായ്'കമ്പിപിണച്ചിതി,'യ്യൊരു മരം
പോലായ മർത്ത്യകൽ നീ;
എന്നാലീട്ടശവല്ലകീരസികയാം
നിന്നന്തികേ 'വീണ' ഞാൻ
നന്നായ്ച്ചെയ്വൊരു രാഗവിസ്തൃതി രസി—
ച്ചീടാത്തതെന്താണു തേ? 20

ചിരോൽകണ്ഠിതരായി, ഒരിക്കൽ യദൃച്ഛയാ ഒരു വിജനപ്രദേശത്തുവെച്ചു തമ്മിൽ കണ്ടുമുട്ടിയ യുവതീയുവാക്കളിൽ, പുരുഷൻ ലജ്ജാവതിയായ പ്രിയയോടു പറയുന്നു:

Digitized By Kerala Sahitya Akademi

ജീവപ്രേയസി, പോരുമിങ്ങഭിമത—
　　പ്രത്യർത്ഥിയാമീ ത്രപാ—
വൈവശ്യം; ദ്രുതമൊന്നയയ്ക്കുക സുധാ—
　　സാരാധരം നിന്മുഖം;
ദൈവം പേർത്തുമനുഗ്രഹിച്ചരുളിയോ—
　　രിസ്സുമുഹൂർത്തത്തെ നാ—
മേവം നിഷ്ഫലമാക്കിയാല,തവിടെ—
　　യ്ക്കുയ്യോ, സഹിച്ചീടുമോ? 21

പ്രിയയുമായിപ്പിരിഞ്ഞു്, കച്ചവടത്തിനായി അന്യരാജ്യത്തേക്കു പോകാൻ തുടങ്ങുന്ന നായകന്റെ ആത്മഗതം:

നീരന്ധ്രാളകമിന്ദ്രനീല;—മമലം
　　പല്ലൊക്കെ മുത്തു;—ൽസ്മിതം
ഹീരം; മൽപ്രിയതന്റെ ചുണ്ടു പവിഴം;
　　പൂമേനി ഗോമേദകം;
ആ രത്നങ്ങളും വശത്തിലുള്ളവ,നിതാ,
　　സ്വല്പം ധനം നേടുവാൻ
ദൂരത്തേക്കു ഗമിക്കയാണു, കഠിനം
　　നിൻപ്രാഭവം ലോഭമേ! 22

നിപുണയായ നായിക സഖീമധ്യത്തിൽവെച്ചു കാമുകനു സമാഗമാവസരത്തെ ഗൂഢമായി മനസ്സിലാക്കിക്കൊടുക്കുന്നു:

കാന്തൻ സന്നിധി പുക്കപോതൊരൊളികൺ—
　　കോണേറിനാൽ സ്വാഗതം
സാന്ദ്രസ്മസ്മിതമാളിമാർക്കിടയിൽവെ—
　　ച്ചോതിസ്സരോജാക്ഷിയാൾ,
കുന്തൽക്കെട്ടിനു മേലണിഞ്ഞ പനിനീർ—
　　പ്പുഷ്പത്തെയുൽക്ഷിപ്തഹ—
സ്താന്തത്താൽ സ്വയമുള്ളിലേക്കു തിരുകി—
　　ക്കാണാതെയാക്കീടിനാൾ*. 23

ക്രമേണ മുഗ്ദ്ധാവസ്ഥയിൽനിന്നു മോചനം കിട്ടിത്തുടങ്ങിയ ഒരു നവോഢയുടെ ലീലാഗൃഹവ്യാപാരത്തെ കവി വർണ്ണിക്കുന്നു:

ഏണപ്പെൺമിഴിയോടടുത്തു കണവൻ
　　കൈ തോളിൽ വെച്ചപ്പൊ,'ഴെ—
ന്താണങ്ങേക്കധുനാ വിയർപ്പ്?ത—യി,ഞാൻ
　　വീശാം കുറച്ചെ'ന്നുടൻ,

* കറുത്ത ആകാശത്തിൽ അന്തിച്ചുകപ്പു തീരെ മറഞ്ഞുപോയ ഉടനെ എത്തിക്കൊള്ളുക എന്നു ഹൃദയം.

Digitized By Kerala Sahitya Akademi

നാണം ഹന്ത, പൊറാസ്സയാൽ വിശറിയൊ—
ന്നപ്പൊന്മണീകങ്കണ—
കചാണംപൂണ്ട കരത്തിലേന്തി,യതിനാൽ—
ദ്ദീപം കെടുത്താളവൾ. 24

ഒരു യുവാവു്, തനിക്കു ദുർല്ലഭയെപ്പോലിരിക്കുന്ന സുന്ദരിയുടെ അടുക്കൽ തൻെറ അഭിനിവേശത്തെ അന്യാപദേശരീത്യാ വെളിപ്പെടുത്തുന്നു:

പച്ചപ്പട്ടുംതൊഴും നിൻ മൃദുലതനു തലോ—
ടുന്നു; തന്നങ്കഭാഗേ
വെച്ചംഭോജാക്ഷി വെള്ളിത്തളികയിലെ നറും—
പാലെടുത്തേകിടുന്നു;
നൽച്ചന്തം ചേർന്ന നർമ്മോക്തികളിടയിലുര—
സ്സുന്നു; മുജ്ജന്മമെന്തോ
മെച്ചംപൂണ്ടുള്ള പുണ്യം ശുകതരുണ, ഭവാൻ
ചെയ്തിരിക്കുന്നു നൂനം! 25

ജാഗരക്ലിഷ്ടനായ വിരഹിയുടെ അപേക്ഷ:

സന്താപോഷ്ണളവീർപ്പുകൊണ്ടു മൃദുവാം
ചുണ്ടാകെ വാടി,ക്കാര—
ച്ചെന്താരിൽപ്പതിയും വിളർത്ത കവിളിൽ—
ക്കണ്ണീരൊലിപ്പാടുമായ്,
ചിന്താക്രാന്തി വെളിപ്പെടുത്തി വിലസും
തന്വീമുഖാബ്ജത്തെ ഞാൻ
ഹന്താനന്ദമൊടൊന്നു കാണ്മതിനെൻ—
നിദ്രേ, പ്രസാദിക്ക നീ! 26

വളരെദ്ദിവസങ്ങൾകൊണ്ടു ദൂരദിക്കിൽനിന്നു തിരിച്ചെത്തിയ നായകൻെറ അടുക്കൽച്ചെന്നു്, നായികയുടെ താൽക്കാലികാവസ്ഥയെ തോഴി അറിയിക്കുന്നു.

ഹേ പത്മാക്ഷ, ഭവാൻ വരാഞ്ഞിതുവരെ
ക്ലേശിച്ച സാദ്ധ്വിക്കു സ—
ന്താപപ്പെട്ടു പുലർത്തിടേണമിനിയും
മൂവ്വാണ്ടു മുന്നാളിനാൽ;
ആപത്തിന്നു കടന്നു, വൃത്രമഥനൻ
തൻ ബ്രഹ്മഹത്യാമഹാ—
പാപത്തിൽബ്ഭുത, പങ്കുകൊണ്ടു പഴതേ
പണ്ടത്തെ മുത്തശ്ശിമാർ! 27

27 ഇന്ദ്രൻെറ ബ്രഹ്മ(വൃത്ര)ഹത്യാപാപം നാലായി വിഭജിക്കപ്പെട്ടതിൽ ഒരംശമാണു്, സ്ത്രീകളിൽ ആർത്തവരൂപേണ വർത്തിക്കുന്നതെന്നു പൗരാണികമതം.

Digitized By Kerala Sahitya Akademi

തന്റെ യഥാർത്ഥാനുരാഗത്തിന്നു പാത്രീഭൂതനും, ദൈവേച്ഛയാൽ മററൊരു സ്ത്രീയുടെ ഭർത്താവായി വിദേശത്തു താമസിക്കുന്നവനുമായ യുവാവിനെക്കുറിച്ച് ഉൽകണ്ഠിതയായ ഒരു മനസ്വിനി സ്വയം പറയുന്നു:

നേരാററാത്മമനോജ്ഞഗുണങ്ങളാം വെളിവിൽ—
ക്കാട്ടുന്ന കണ്ണാടിയാ—
മാ രമ്യാസ്യമഗമ്യമായ് വരികയാൽ—
പ്പാഴായൊരെൻ നേത്രമേ,
സ്ത്രീരത്നോത്തമധന്യയാം പ്രിയയുമായ്—
സ്സൗഖ്യത്തൊടും മേവുമ—
ദ്ധീരൻതൻ ചരിതാമൃതം നുകരുമി—
ക്കാണ്ണുത്തെ വന്ദിക്ക നീ! 28

ഈർഷ്യാകോപവികാരങ്ങളെ കണ്ടിട്ട്, താൻ നിരപരാധനെന്ന നാട്യത്തിൽ കാരണം ചോദിക്കുന്ന നായകനോട്ട് ഖണ്ഡിതയായ നായികയുടെ വക്രോക്തി:

ആയാസം തവ സംഭവിക്കിൽ നെടുവീ—
ർപ്പെർമ്മട്ടു വായ്ക്കില്ലെനി—
ക്കെ?—യാരക്തതയെന്മിഴിക്കണയുവാൻ
മൂലം ഭവജ്ജാഗരം;
ശ്രീയാളും മഷി നിന്മുഖേ പതികയാ—
ലെൻ വക്ത്രവും ശ്യാമമായ്;
പ്രേയാനങ്ങു മറന്നിതോ കഥകൾ? നാം
രണ്ടാളുമൊന്നല്ലയോ! 29

ലീലാലാലസരായ ദമ്പതിമാരുടെ മധുപാനം:

സൗരഭ്യം ചിതറുമ്പടിക്കു ചെറുതാം
പൊൻഭാജനത്തിൽപ്പക—
ന്നാരക്താശയയാം സുധാധരിയെ മു—
ല്പാടാസ്വദിപ്പിച്ചു താൻ
പാരം മാധുരി കൈവളർത്ത മധുവാൽ—
പ്പഞ്ചായുധായോധന—
പ്രാരംഭോചിതവീരപാണമിരവിൽ—
ച്ചെയ്യുന്നു ധന്യൻ പ്രിയൻ. 30

വിയോഗതാപത്തിന്റെ അത്യുൽക്കടദശയെ പ്രാപിച്ചിരിക്കുന്ന കാമുകി ശീതോപചാരനിരതമാരായ സഖികളോട്ട പറയുന്നു:

29. 'നയനചുംബനമാണ്', മുഖത്തു മഷിക്കു കാരണം.

Digitized By Kerala Sahitya Akademi

ഹൃദ്ദേശം ചുട്ടുമുറ്റം പുറമത-
 ന്നാലേ ശമിച്ചേക്കമെ-
ന്നുദ്ദേശിച്ചിഹ പാഴ്‌വേലയിനിയും
 ചെയ്യാതെ,യെന്തോഴിമാർ
മദ്ദേഹം വിട്ടുവാൻ കിടന്നുഴറുമീ-
 പ്രാണന്നി,തിൻ നാഥനാ-
മദ്ദേഹം ദയചെയ്തനുജ്ഞതരുവാ-
 നായ്ച്ചെന്നപേക്ഷിക്കുവിൻ! 31

പ്രണയകലഹിതയായ നായികയോടു നായകന്റെ അനുനയോക്തി:

ഓമൽച്ചെഞ്ചൊടി മുന്തിരിങ്ങ; മൃദുവാം
 കൈത്തണ്ടു പൂവൻപഴം;
ശ്യാമഭ്രൂ മലരമ്പവില്ല;രസിജം
 ചെന്തെങ്ങിളന്നീരുതാൻ;
ഈമട്ടൊക്കെയുമൊന്നുപോലെ മധുരം
 നിന്നംഗ;-മിന്നെന്തുവാൻ
ഹാ, മഞ്ജുള്ളി, കഷായമായി പവിഴം
 പോലേ തവാക്ഷിദ്വയം? 32

ഈർഷ്യാകോപംനിമിത്തം പ്രത്യാഖ്യാതനായ നായകന്നു്, പശ്ചാത്താപാർത്തയായ നായികയുടെ കത്തു കൊടുത്ത ദൂതി അവളുടെ ചങ്ങാതിയോടു പറയുന്നു:

തീരാതുള്ളനുതാപമാർന്നണിവിയർ-
 പ്പോടും വിറയ്ക്കുന്ന കൈ-
ത്താരാൽത്തനചി കുറിച്ചുതന്ന വിവര-
 ക്കത്തിൽപ്പലേടത്തിലും,
ആ രംഗം ചിതറീട്ടുമക്ഷരഗണം
 വിസ്പഷ്ടമാകായ്കിലും,
സാരാർത്ഥഗ്രഹണത്തിനസ്സുരസനു-
 ണ്ടായീലൊരായാസവും! 33

തന്റെ മുഗ്ദ്ധാവസ്ഥ നീക്കിയിട്ടു് ഏറെനാൾ കഴിയുന്നതിന്നു മുമ്പേ പ്രിയവിയോഗം അനുഭവിപ്പാൻ ഇടവന്ന നായിക സ്വയം ആവലാതിപ്പെടുന്നു:

പ്രേയാനോടുരിയാടുകില്ല; പുണരാൻ
 നീട്ടുന്ന കൈ തട്ടു;മെ-
ന്നായാലും മുഖമൊന്നുയർത്തുകയുമി-
 ല്ലീ;-മട്ടു ലജ്ജാവശാൽ,

32. കഷായം = രക്തവർണ്ണം; ചവർപ്പുരസമുള്ളതു് എന്നും: പവിഴത്തിന്റെയും രസം ചവർപ്പാണു്.

Digitized By Kerala Sahitya Akademi

പോയാൽപ്പിന്നെ വരാത്ത നാളുകളെയ—
ന്നൊട്ടല്ല പാഴാക്കി ഞാ—
നീ;—യാദൃച്ഛികവിപ്രയോഗരുജയ—
ദൃശ്ചേഷ്ടിതത്തിൻ ഫലം! 34

പ്രിയതമാസമാഗമത്താൽ ഹർഷിതചിത്തവൃത്തിയായ നായകൻെറ വിചാരം:

സുതാരുണ്യം ചേരും പ്രണയവതിയാം പ്രൗഢമടവാർ;
വിതാനസ്രഗ്വേല്ലന്നവപരിമളം കേളിസദനം;
കൃതാനംഗോന്മേഷം മധുരമധു; കൂറുള്ള സഖിമാ—
രി;—താണോമൽസ്വർഗ്ഗം ജഗതി; വെറുതേ ചൊൽവ—
തിതരം! 35

ഉൽകണ്ഠാതിരേകംനിമിത്തം കാമുകാനാഗമനത്തെ ശങ്കിച്ചു സന്തപിക്കുന്ന നായികയെ സഖി സമാശ്വസിപ്പിക്കുന്നു:

നന്നായസ്തമിച്ചീല സന്ധ്യാരുചി; നവശശിയും
പോയ്മറഞ്ഞീല;—തിൻമു—
മ്പിന്നാനാനിഷ്ടശങ്കയ്ക്കുണുപദമടിപെ—
ട്ടാകുലം കൊൾകൊലാ നീ,
ഒന്നാലോചിക്ക; ബാലേ, തവ തരുണിമയൊ—
ന്നാസ്വദിപ്പാൻ തരം കൈ—
വന്നാലും തട്ടമാററ്റുയുമരസികനാ—
ണെങ്കിലെന്തിന്നവൻ തേ? 36

കവിവാക്യം സ്പഷ്ടം:

ദൂരോൽകണ്ഠിതനാം പ്രിയൻ മണിയറ—
യ്ക്കുള്ളിൽക്കടന്നപ്പൊഴേ—
ക്കോ,രോ ഹേതു പറഞ്ഞൊഴിഞ്ഞു സഖിമാ—
രെല്ലാം പുറത്തേക്കു പോയ്;
ഹാ, രോധിച്ചിതു ലജ്ജയെന്നൊരുവൾതാൻ
മാറാതെ നിന്നാ,ളവ—
ന്നാരോമൽത്തനുഗാത്രിതൻ തനു പുണ—
ർന്നുണ്ടാം സുഖത്തെച്ചിരം! 37

ചിരസമാഗതനായ പ്രിയതമനുമായി രമിച്ചിട്ടു തൃപ്തിവരാഞ്ഞ നായിക, തൻെറ അന്തരംഗസഖിയോടു പറയുന്നു:

വന്നിന്നെന്നാറപുക സന്ധ്യ കഴിയു—
മ്പോഴേക്കുമദ്ദേഹ;—മെ—
ന്തെന്നില്ലാതഥ സല്ലപിച്ചു സമയം
പോക്കീല നൽത്തോഴിമാർ;

Digitized By Kerala Sahitya Akademi

എന്നിട്ടും ഫലമെന്തു? രാവിതുവരെ—
ഷ്ഷോരോ യുഗംപോലെയായ്
നിന്നിട്ടി,ന്നലെയാശ്ശു കാൽനിമിഷമായ്—
ത്തീർന്നെന്നെ വഞ്ചിച്ചിതേ! 38

ധൂർത്തനായ നായകൻ അനുനയിപ്പിക്കുവാൻ ഒരുമ്പെടായ്കയാൽ, മാനവതിയായ നായികക്കു നേരിട്ട ദുരവസ്ഥയെ കവി പറയുന്നു:

വൻകള്ളത്തൊഴിലൊന്നുറച്ചു കിതവൻ
പ്രേയാനുദാസീനനായ്;
മങ്കപ്പൂണ്ണിഹ കഷ്ടമെങ്ങനെ കലാ—
ശിപ്പിക്കുമീഷ്യാവ്രതം?
കൊങ്കപ്പട്ടു വെറുംനിലത്തഥ വിരി—
ച്ചു,ദ്ദർഭയിൽപ്പോലതിൽ—
ത്തങ്കക്കയ്യു തലക്കു വെച്ചു, 'ശതകം
ചൊല്ലി'ശ്ശയിച്ചാളവരം! 39

തൻെറ ചിരാനുരാഗത്തിന്നു വിഷയമായ യുവതിയുടെ ഗൃഹത്തിൽ സംഗതിവശാൽ ഒരുദിവസം അതിഥിയായി താമസിച്ച കാമുകൻ സ്വാനുഭവത്തെ തോഴനോടു പറയുന്നു:

'എല്ലാപേരുമുറക്കമാണിവിടെ;—യ—
ങ്ങെന്താണു വായിപ്പതെ?—
ന്നുല്ലാസസ്മിതവാങ്മധൂളി വിതറി—
ക്കൊണ്ടു,ച്ചനേരത്ത,വരം
നല്ലാ നിജ്ജനമേടമേൽക്കയറിവ—
ന്നെന്മുമ്പിൽ നിന്നാരം ചിരം;
വല്ലായ്മയ്ക്കൊരു ഗൗരവച്യുതിഭയം
ബാധിച്ചിതെന്നെത്തദാ!' 40

അഭിസാരികയുടെ യാത്രയെ കവി വർണ്ണിക്കുന്നു:

നേരിട്ടിപ്പാതിരാവിൽ പ്രിയനുടെയരിക—
ത്തേക്കു താനേ ഗമിക്കും
നാരിക്കയ്യിന്നു ഞെട്ടുന്നിടിമുരജരവം;
മിന്നൽ പൊന്നിൻപ്രദീപം;
ഭൂരിധ്വാന്തം മിഴിക്കഞ്ജന;മഹഹ, മഴ—
ച്ചാറലോ പുഷ്പവർഷം!
പാരിങ്കൽദ്ദുഃഖസൗഖ്യാദികളവരവർതൻ
തോന്നലാൽമാത്രമത്രേ. 41

വീണവായന മതിയാക്കട്ടെയോ എന്നു ചോദിക്കുന്ന പ്രിയതമയോടു സരസനായ നായകൻെറ മറുപടി:

Digitized By Kerala Sahitya Akademi

വീണക്കമ്പികളും മീട്ടി നിൻ കരവിരൽ–
   ക്കെല്ലാമിരട്ടിക്കമി–
ശ്ശോണത്വം ബത, കണ്ടു 'ഗാനമുടനേ
   നിർത്തേണ'മെന്നക്ഷിയും,
'വേണം തെല്ലിടകൂടി'യെന്നു ഭ്രുകൊ–
   ണ്ടേൻ കണ്ണുവും തങ്ങളിൽ,
പ്രാണപ്രേയസി, തൎക്കമാണി;–വിടെ ഞാൻ
   മധ്യസ്ഥതയ്ക്കക്ഷമൻ! 42

ഒരു യുവാവിനോട് ആയാളിൽ അഭിനിവിഷ്ടയായ നായികയുടെ മനസ്സംഗാതിശയത്തെ ദൂതി പറയുന്നു:

താൻതാൻ തീർത്ത ഭവൽപ്രതിച്ഛദപടം
   പാർത്തേകയായ് വാഴ്കവേ,
കാന്താകാര, പൊടുന്നനേ സഖികടേ
   കാണായ മാതാവൊടായ്;
സ്വാന്താകമ്പമമർത്തി,'തിൻപണി കഴി–
   ഞ്ഞിട്ടില്ല; കൈ രണ്ടിലും
മാന്താരമ്പു, കരിമ്പുവില്ലിവയിനി–
   ച്ചേർക്കേണ'മെന്നാളവൾ! 43

സഖികളാൽ മാനവതിയാക്കിച്ചെയ്യപ്പെട്ട പ്രഗല്ഭനായികയുടെ അവസ്ഥാവിശേഷത്തെക്കണ്ടിട്ട് ഇതികർത്തവ്യതാമൂഢനായ നായകൻ വിചാരിക്കുന്നു:

ശരദുഡുപനേക്കാളും സൗമ്യം മനസ്വിനിതൻമുഖം;
പരമുപചരിക്കുന്നു തൻദാസനെപ്പലപാടിവൾ;
ചരണപതനംകൊണ്ടും പററാ പ്രസാദനമിങ്ങു; ഹാ
വരസഖികൾതൻ നേരമ്പോക്കെന്തവസ്ഥയിലാക്കി മാം! 44

പ്രിയതമയുടെ അടുക്കലേക്കു കാമലേഖത്തോടുകൂടി അയയ്ക്കപ്പെട്ടിരുന്ന തോഴർ തിരിച്ചെത്തി കാമുകനോടു പറയുന്നു:

നിൻ തനുവീമണിതൻ നിഗൂഢപുളക–
   ശ്രീയാം കപോലത്തിലും,
ചെന്തളിരൊളിതാംതോററ വാസ്സലരിലും,
   വാർകൊങ്കമൊട്ടിങ്കലും,
ചന്തത്തോടുള്ള സൗമ്യ, ചേർന്ന പെരുമാ–
   റീടുന്നതാസ്സുണ്ടു ഞാൻ;
ഹന്ത, സ്വാർത്ഥവിദഗ്ദ്ധനാമൊരു വിടൻ
   തന്നേ ഭവൽക്കായിതം. 45

Digitized By Kerala Sahitya Akademi

സംഗതിവശാൽ ഒരു പരിഷ്കൃതദേശത്തു പോയി താമസിക്കുന്ന പ്രിയനെ ലഭിക്കുന്നതിൽ ബന്ധുജനപ്രാതികൂല്യംനിമിത്തം നിരാശപ്രായയായിത്തീർന്ന ഒരു യുവതി, തന്റെ ഇഷ്ടസഖിയോടു പറയുന്നു:

പാരാകെ പ്രതികൂലമെൻ നിനവിനെ—
ന്നാകട്ടെ;—യദ്ദേഹമായ്—
ച്ചേരാനല്ലി,നിയൊന്നു കാണുവതിനും
പാഴായ്ക്കൊതിപ്പീല ഞാൻ;
ഈ രാഗം, 'മയിലാഞ്ചി'തേച്ചൊരു കര—
ത്തിൻേറതു പോലല്ലയെ—
ന്നാ, രാജ്യത്തെയലങ്കരിക്കുമവിടു—
ന്നേതാണ്ടറിഞ്ഞാൽ മതി! 46

കുട്ടിക്കാലംമുതല്ക്കേ കൂട്ടുകെട്ടുള്ളവരും, പല ദുർഘടങ്ങൾക്കുശേഷം ദമ്പതികളായിത്തീർന്നവരുമായ യുവാക്കളിൽ, വരൻ വധുവിനോടു ലീലാഗൃഹത്തിൽവെച്ചു പറയുന്നു:

ശട്ടം വെച്ച ശിശുക്കളിക്കിടയിലെൻ—
മൂർധാവിലെ,ന്തോ മുഷി—
ഞ്ഞിട്ടുണ്ടുമണൽ വാരിയിട്ടഹ, ഹ, നിൻ—
പ്രേമാധിപത്യത്തിൽ മേ .
ചട്ടറ്റുള്ള'രിയിട്ടുവാഴ്ച'ശരിയായ്—
ക്കല്ലിച്ചൊരിക്കാഞ്ചന—
ക്കാട്ടക്കയ്യുകൾ, കംബുകണ്ഠി. ചിരമെൻ—
കണ്ഠത്തിലർപ്പിക്ക നീ! 47

ഒരു വിദഗ്ദ്ധയായ വേശ്യാംഗന, യാത്രോദ്യുക്തനായ കാമുകപ്രഭുവിനോട്, വിരഹതാപം നടിച്ചുകൊണ്ടു പറയുന്നു:

സ്ഥാരപ്രേമാർദ്രമാകും തവ ഹൃദി സുചിരം
വാഴ്കയാൽധന്യമാമീ—
ത്താരം ഹാരപ്രകാണ്ഡം മമ ശിശിരവിധി—
ക്കിണ്ടു വെണ്മാതെ പോയാൽ
ചാരംതാനാക്കിയേക്കാമുടനിവളെ വിഭോ,
ഹാ, ഭവാൻ തന്ന പുത്തൻ—
വൈരക്കമ്മോതിരം കണ്ടനുപദമുയരും
തപ്തവിയോഗാഭിതാപം! 48

ഈർഷ്യാകോപത്താൽ നായകനെ പ്രത്യാഖ്യാനംചെയ്കതിനാൽ പശ്ചാത്താപപ്പെടുന്ന നായികയുടെ സഖി, ആയാളെ കൂട്ടിക്കൊണ്ടുവരുവാനായി താൻ ചെയ്ത ശ്രമം മുക്കാലും നിഷ്ഫലമായിക്കണ്ടിട്ട്, സ്വയം വിഷാദിക്കുന്നു:

Digitized By Kerala Sahitya Akademi

തോരുന്നൊന്നല്ലഹഹ, സഖിതൻ
കണ്ണുനീരു;–പ്പൂമണ്ണിൽ–
ച്ചേരും വിത്തായ് മമ കരുണവാ–
ക്കൊക്കെയക്കക്ലേശങ്ങൾ;
കാരുണ്യത്തിൻകലവറ വെറും–
ശ്ശൂന്യമായ്ത്തീർന്നനാളോ,
പാരുണ്ടാക്കുന്നവനിഹ പുമാ–
ന്മാരെ നിർമ്മിച്ചുവിട്ടു! 49

കാമുകൻ പ്രണയിനിക്കു ദൂതീമുഖേന അയച്ച സന്ദേശത്തിലെ ഒരഭിജ്ഞാനവാക്യം:

തന്മേഘലക്കുഴൽ ചീകുമാളിയൊടിട–
ച്ചെന്നോ ചൊടി,ച്ചന്നു നീ–
യെന്മേലേക്കടവോടെറിഞ്ഞ പനിനീർ–
പ്പൂവിന്നമുണ്ടെൻവശം;
നിന്മേനിക്കെതിർനിന്നതാമതധുനാ
വാടിക്കരിഞ്ഞാലു,മി–
ന്നുന്മേഷപ്രദ,മുല്ലസിച്ച ചെടിമേ–
ലുള്ളൊന്നിനേക്കാളുമേ! 50

നല്ല നിലാവുള്ള രാത്രിയിൽ സങ്കേതസ്ഥലത്തേക്കു പോകാൻ തുടങ്ങുന്ന അപ്രഗല്ഭനായികയെ സഖി ധൈര്യപ്പെടുത്തുന്നു:

ഫാലാന്തേ സഖി, ചന്ദനക്കുറികളും,
പോർകൊങ്കു വെള്ളിക്കുടം–
പോലാകുമാടി വെള്ളറൗക്കിയു,മതി–
ന്മേലപ്പൂഹാരങ്ങളും
ചേലായ്ച്ചേർത്തുകഴിഞ്ഞു; വേണ്ട ഭയ;–മി–
പ്പൂമ്പട്ടുടുത്തു,ജ്ജ്വല–
ശ്രീലാത്തുന്ന നിലാവിൽ മറ്റൊരു നിലാ–
വായങ്ങു പൊയ്ക്കൊൾക നീ! 51

കാമപീഡിതയായ ഒരു നവോഢയുടെ അന്തരംഗപ്രാർത്ഥന:

'സ്നാനാലങ്കരണാദി, ഞങ്ങളെ വിളി–
ക്കാതിത്ര കാലത്തുതാൻ
താനായ്ച്ചെയ്യതയുക്ത'മെന്നപഹസി–
ച്ചാരെന്നെയിന്നാളിമാർ;

51. 'നിലാവിൽ മറ്റൊരു നിലാവായ്'......ധവളവസനഭൂഷണയായ നിന്നെ ആരും നിലാവിൽ തിരിച്ചറിയുകയില്ലെന്നു ഭാവം.

Digitized By Kerala Sahitya Akademi

സ്നാനസ്രാഭനെയിന്നലെത്തൊട്ടകയേ
ചെയ്തീല നിന്നാജ്ഞയാൽ;
ഞാനാളല്ലതിനിന്നു; നീയൊരഴിവും—
കൊള്ളേണമെൻ നാണമേ! 52

ഈർഷ്യാകോപം പൂണ്ട നായികയെ നായകൻ സവിനയം പ്രസാദിപ്പിക്കുന്നു:

ഭാവം ഹന്ത പകർന്നു, ചില്ലിയിണയാം
വില്ലാവതോളം വള—
ച്ചേ,വം തീക്ഷ്ണകടാക്ഷമാം കണ തൊടു—
ത്തീടുന്നതെന്തിന്നു നീ?
ലാവണ്യായുധമൊന്നിനാൽ സുവദനേ,
പാരൊക്കെ വെന്നിട്ടി,നി—
ക്കാൽ വന്ദിപ്പൊരു ദാസനോടു കയറി—
പ്പോരിന്നു ഭാവിക്കയോ! 53

ഉദ്യാനത്തിൽ പൂമാല കെട്ടിക്കൊണ്ടിരിക്കുന്ന സുന്ദരിയെ കണ്ടിട്ടു മനസ്സംഗം ജനിച്ച യുവാവിന്റെ വിചാരം:

ചെങ്കയ്ത്താർവിരലിൻ മിനുപ്പനുഭവി—
ച്ചുംകൊണ്ടി,ടയ്ക്കോമന—
ക്കൊങ്കപ്പന്തൊടുമൊന്നുരുമ്മി വിലസു—
ന്നീ ധന്യമാം നൂലിനാൽ
തങ്കപ്പെൺകൊടി കെട്ടിടുന്നു തറയിൽ—
ച്ചുമ്പ്രം പടിഞ്ഞങ്ങിരു—
ന്ന,ങ്കത്തിൽച്ചിതറിക്കിടക്കുമലരിൻ—
ചാർത്തോ, മമ സ്വാന്തമോ! 54

സഖിമാരാൽ ഈർഷ്യാകോപം അവലംബിക്കപ്പെട്ട നായികയ്ക്കു ഭർത്തൃസമാഗമത്തിലുണ്ടായ അവസ്ഥാവിശേഷത്തെ കവി പറയുന്നു:

ആക്ഷിപ്തൻ പ്രിയനഭ്യുപായവിധിയ—
ങ്ങോർക്കുമ്പൊഴേക്കും, ചകോ—
രാക്ഷി,ക്കീർഷ്യവഹിച്ചിരുന്ന വദനം
താനേ മൃദുസ്മേരമായ്;
വീക്ഷിക്കെപ്പരികം വളയ്ക്കുകില്ല,മ—
ത്യുൽകണ്ഠമായ് ലോചനം;
സൂക്ഷിച്ചീടിലുമെത്രകണ്ടു നിലനി—
ന്നേക്കും പുറംപൂച്ചുകൾ! 55

---

52. 'സ്നാനാലങ്കരണാദി...എന്നപഹസിച്ചാർ'— ഇന്നലെ പ്രിയസമാഗമമുണ്ടാകായ്കയാൽ ഇന്നലത്തെ അലങ്കരണങ്ങൾ മാഞ്ഞുപോകാതെ ഇന്നത്തേതുപോലെ തോന്നുന്നു. ഇതാണു സഖിയുടെ അപഹാസകാരണം.

Digitized By Kerala Sahitya Akademi

പ്രിയാവിരഹിതനായി ദൂരദിക്കിൽ താമസിക്കുന്ന കാമുകന്റെ നിർവ്വേദത്തോടുകൂടിയ വിചാരം:

ആ രാജാഹ്വരാംഗിയെങ്ങെ?—വിടെയാ
നിസ്സാരജന്മാവിവൻ?
ശ്രീരാജിപ്പൊരു തങ്കനൂലിനു വെറും
മഞ്ചാടി യോജിക്കുമോ?
ചേരാച്ചേർച്ച വരുത്തിയെന്നൊരയശ—
സ്സേല്ക്കായ്‌വതിന്നായ്‌വരാ—
മാരാൽ ഞങ്ങളെ വേർപിരിച്ചതു വിധാ—
താവെന്നതാണെന്മതം! 56

കവിവാക്യം:

ഫാലേ വേർപ്പുകൾ വററിയില്ല മുഴുവൻ;
വാർകുന്തൽ കെട്ടിക്കഴി—
ഞ്ഞീലേ;—ററം മുലമൊട്ടുലച്ച നെടുവീ—
ർപ്പററീല;—യെന്നാകിലും,
ചാലേ തൽക്ഷണശോഭയാൽത്തരളനാം
കാന്തന്റെ നൽചുംബന—
ത്താലേ പേലവഗാത്രിയാൾക്ക—പരമെ—
ന്തോതാ?മതാന്തൻ സ്മരൻ! 57

ഉദ്യാനത്തിൽ സഖിമാരോടുകൂടി സഞ്ചരിക്കുന്നതിന്നിടയിൽ തലേന്നാൾ തനിക്കു സങ്കേതസ്ഥലമായിരുന്ന വള്ളിക്കെട്ടിനടുക്കൽ ചെന്നെത്തിയ നായികയുടെ ആകാരഗോപനശ്രമത്തെ കവി പറയുന്നു:

നല്ലാരാമതലേ, ചതഞ്ഞ തളിരും
പുഷ്പങ്ങളും കീഴ്‌നില—
ത്തെല്ലാം ചിന്നി മണംപെറുന്നൊരു നികു—
ഞ്ജത്തിന്നടുത്തെത്തവേ,
ഉല്ലാസാഞ്ചിതഗണ്ഡസീമ്‌നി പുളകം
പൂണ്ടോരു പൂന്തേനൊളി—
ച്ചൊല്ലാ'ളെത്ര തണുത്ത കാററിവിടെ'യെ—
ന്നാളാളിമാരോടടൻ! 58

എന്തായാലും ഈർഷ്യാകോപം വിട്ടു പ്രസാദിക്കാത്ത നായികയെ, നായകപ്രേരിതയായ സഖി അനുശാസിക്കുന്നു:

57. 'അപരമെന്തോതാമതാന്തൻ സ്മരൻ'—നായികയ്ക്കു പുനഃക്രീഡാസംരംഭമുളവായെന്നു വ്യംഗ്യം.

Digitized By Kerala Sahitya Akademi

തീരെത്താനപദോഷനെങ്കിലു,മിവൻ
കയ്യേററു തെററൊക്കെയും;
പോരെങ്കിൽപ്പതി കാല്ക്കൽ വീണു; തെളിവി-
ല്ലല്ലോ നിനക്കിപ്പൊഴും;
ആരെന്നാലുമിണക്കമോർന്നിരുവരെ-
ക്കണ്ടാൽപ്പൊറാത്തേഷണി-
ക്കാരെത്തന്നെ കൃതാർത്ഥരാക്കുവതിനോ,
മുഗ്ദ്ധേ, തുടങ്ങുന്നു നീ? 59

തന്റെ അനുരാഗഭാജനമായ കന്യകയെ തനിക്കു കിട്ടുവാൻ പ്രയാസമെന്നറിഞ്ഞിട്ടു നിർവിണ്ണനായ ഒരു വിദ്യാർത്ഥിയുവാവു് അവൾക്കയച്ച കത്തിലെ ചില വരികൾ:

പ്രാണാ—മാപ്പരുളേണമെന്നവിനയ-
ത്തിന്നി!—യ്യിവൻ കഷ്ടമാ-
രാണാ ശ്രേഷ്ഠപദത്തിനാൽബ്ഭവതിയെ-
സ്സംബോധനംചെയ്യുവാൻ!
ചേണാർന്നോരു പരീക്ഷയിൽ,പ്പറയു വാൻ
ഞാനും ജയം നേടിപോ-
ലേ;—ണാക്ഷീമണി, വാസ്തവത്തിലിവനി-
ജ്ജന്മത്തിലുണ്ടോ ജയം? 60

നായകാഗമം കണ്ടിട്ടു നായികയ്ക്കുണ്ടായ ഹർഷവികാരങ്ങളെ കവി വർണ്ണിക്കുന്നു:

തന്നാഥാഗമനം പ്രഹർഷമൊടു ക-
ണ്ടി,ഷ്ടോഷതികാമാൽക്കണെ-
ക്ക,ന്നാളീകമുഖിക്കു, കണ്ണനികടം
പ്രാപിച്ചു നേത്രോൽപലം;
നന്നായ്ക്കാണ്മതിനോ നിവർന്നു നിലവായ്
രോമങ്ങള;—ങ്ങോട്ടുതാൻ
ചെന്നാലോ ദ്രുത,മെന്നപോലൊരു പുള-
പ്പാർന്നൂ മുലപ്പൊങ്കടം! 61

സങ്കേതസ്ഥലത്തെത്തിയ അഭിസാരികയ്ക്കു്, അവിടെ കാമുകനെ കാണായ്കയാലുണ്ടായ ചിന്താവൈവിധ്യത്തെ കവി വിവരിക്കുന്നു:

'ഹാ,ഹാ, ശൂന്യം നികുഞ്ജോദര;മവിടെയണ-
ഞ്ഞീലയോ കള്ളു? മിത്ര-
ദ്രോഹാനുഷ്ഠാനമെങ്ങോ?—ങ്ങനംഗലചരിതരു?—
ദ്ദൂതി വിശ്വാസപാത്രം;

Digitized By Kerala Sahitya Akademi

സ്റ്റേഹാന്തം കാന്തനേററോ? ഹരി, ഹരി ജലധി–
കെന്തെ നീർവററ?'ലെന്നീ –
യൂഹാപോഹങ്ങളംപൂണ്ടക്കമെനി പുത്തമ–
സ്സൊന്നിലാപ്പെട്ട രാവിൽ. 62

ചിരാനുരക്തരായ വധുവരന്മാക്കു പ്രഥമസമാഗമത്തിലുണ്ടായ ദശാവിശേഷത്തെ കവി പറയുന്നു:

ചേലാം ചേച്ച് പെട്ടത്ത ബാന്ധവർ പിരി–
ഞ്ഞ,ല്ലികലാ വിണ്ടലം
പോലാം മച്ചിൽ വധുവരോത്തമർ തനി–
ച്ചായപ്പൊഴേക്കും, തുലോം
ലോലാത്മാക്കളവക്കു, ഹന്ത, പലനാം
ചിന്തിച്ചുറപ്പിച്ചതാം
ലീലാശൈലികളൊക്കെ വിസ്മൃതിയിലായ്
ഭ്രൂലാലശേഷത്തിനാൽ! 63

ഖണ്ഡിതയായ മുഗ്ദ്ധനായികയെ നായകൻ കൗശലത്തിൽ അനുനയിപ്പിക്കുന്നു:

ഉറംപ്പോരല്ലമിതീ:–നിതംബഭരവും
വാർപൂങ്കഴൽക്കെട്ടുമു–
ള്ളപ്പോറം നിൻെറ പുറംതിരിഞ്ഞ ശയനം–
കൊണ്ടെന്തുവാൻ തോൽവി മേ?
ചെപ്പോടേററ കുചം കലുക്കിയെഴനേ–
ററിട്ടെന്ത?റസ്സുള്ളിൽനി–
ന്നിപ്പോക്കാൽ മമ നെഞ്ചിൽനിന്നകലുവാ–
നാളാകുമോ ചണ്ഡി, നീ! 64

ബന്ധുക്കളുടെ ആലോചന എന്തുകൊണ്ടോ മറെറാരുവഴിക്കാകയാൽ, ശ്രേഷ്ഠനായ തൻെറ കാമുകനോടു ചേരുന്നതിന്നു നിവൃത്തി കാണാഞ്ഞിട്ട് അത്യൽകണ്ഠിതയായ നായിക ലോകത്തെ വെറുക്കുന്നു.

അന്തസ്സുള്ള കലീനനാ,ത്തവിഭവൻ,
വിദ്യാവിവേകാഢ്യന,–
ത്യന്തം സുന്ദരനൊ,ന്നുകൊണ്ടുമിടിവി–
ല്ലപ്പുരുഷന്നെ;–ങ്കിലും,
എന്തയ്യോ പറയേണ്ടു? മൽപ്രണയമ–
ങ്ങടസ്ഥാനഭാക്കായിപോൽ!
സ്വാന്തം സ്വാത്മപരതന്ത്രമിത്തിരി കഠ–
സ്സാമോ ജഗത്തേ, ഭവാൻ! 65

64. ചണ്ഡി = കോപശാലിനി.

Digitized By Kerala Sahitya Akademi

സങ്കേതസ്ഥലത്തു കാമുകൻ വന്നുചേരായ്കയാൽ അക്ഷമയായി വൈവശ്യപ്പെടുന്ന അഭിസാരികയെ സഖി ആശ്വസിപ്പിക്കുന്നു:

ഒരുനിമിഷവും വൈകീട്ടില്ലാ, വരും
സമയം; വൃഥാ
പുരുരുജയോടെന്തിപ്പൂമെത്തപ്പുറ—
ത്തുരുളുന്നു നീ?
കരുതലൊടുമിന്നൊന്നാലൊക്കപ്പമീ—
ത്തവ വേഷമാ—
വിരുതനു രുചിക്കില്ലെന്നാമോ വിലാ—
സിനി, നിന്മതം? 66

ദൂരയാത്രോദ്യുക്തനായ നായകനും വിരഹഭീതയായ നായികയും തമ്മിൽ നടന്ന സംഭാഷണം:

'എന്നാൽ പോയിവരട്ടെ'—'യെന്നിഹ തിരി—
ച്ചെത്തീടു?'—'മേഴെട്ടുനാൾ
ചെന്നാൽ'—'ബ്ഭദ്ര,മനേകമാണ്ടു നിലനി—
ല്ക്കട്ടേ ഭവദ്യൗവനം!'
'നന്നാശീർവ്വചനം,പ്രിയേ!'—'ദയിത, ഞാ—
നാശിച്ചതൊക്കാത്തതാ—
ണെന്നാലെ,ന്നവിടുന്നുരഭാവിജനിയിൽ—
ബ്ഭർത്താവെനിക്കാരുവാൻ?' 67

പ്രണയിനിയെ ലഭിക്കുന്നതിൽ നേരിട്ടുകൊണ്ടിരിക്കുന്ന വിഘ്നങ്ങളാൽ മുക്കാലും നിരാശനായിത്തീർന്ന കാമുകൻ, അവളുടെ അനുരാഗസൂചനകളെ ഓർത്തു സങ്കടപ്പെടുന്നു:

ഹാ, ലേശം കരുതീലിതങ്ങയെ, മുദാ
മൂത്താനുരാഗത്തിനെ—
പ്പോലേ, ഭാമിനി ഭാഗ്യരേഖ തെളിയാ—
ത്തിക്കയ്യിലർപ്പിക്കയാൽ,
ചേലേറുന്നവളുംതന്റെ തുന്നൽവിരുതിൻ
ദൃഷ്ടാന്തമായുള്ളൊരെൻ—
കൈലേസേ, തവ ജോലി തപ്പമിഴിനീ—
രൊപ്പുന്നതായ്ത്തീർന്നുപോയ്! 68

കൂരിരുട്ടുള്ള രാത്രിയിൽ അഭിസരണോദ്യതയായ നായികയെ യഥോചിതവേഷഭൂഷിതയാക്കി, സഖി സസന്തോഷം യാത്രയാക്കുന്നു:

---

67. ഏഴെട്ടു ദിവസത്തെ ഭർത്തൃവിരഹം തനിക്കു സഹ്യമല്ല; താൻ അതിനിടയിൽ മരിച്ചുപോകും എന്നാണു നായിക സൂചിപ്പിക്കുന്നതു്.

Digitized By Kerala Sahitya Akademi

ഓമൽത്തോഴി, പുറപ്പെടാം സുഖമിനി;
    ധ്വാന്താഭിസാരാഹമി—
ശ്രീമന്മേചകവേഷമാർന്ന തവ പൂ—
    മെയ്യെത്ര സമ്മോഹനം—
ഹാ, മറ്റെന്തുരചെയ്യു?—മസ്സുഭഗനെ—
    പ്പുല്ലാന,ളിശ്യാമനാം
കാമൻ കാമിനിയായ്ച്ചമഞ്ഞതുകണ—
    ക്കത്രേ വിളങ്ങുന്നു നീ! 69

ഈഷ്യാവിവശയായ പ്രിയതമയെ യഥോചിതം അനുനയിപ്പിക്കാൻ ശ്രമിക്കാതെ ഒരു രാത്രി കഴിച്ചുകൂട്ടിയ നായകൻ, അന്നു താൻ അനുഭവിച്ച സങ്കടത്തെ സഖാവിനോടു പറയുന്നു:

മാനംകൊണ്ടു മുഖം തിരിക്കില്ല,മിട—
    യ്ക്കൊട്ടേറെ വീർത്തു,കലാ
മാനഞ്ചുന്നൊളിനോട്ടമിട്ടവളുട—
    ക്കൽഞാൻ കിടന്നീടവേ,
'മൗനം മുമ്പിവരാം കൈവിടട്ടെ; മടിയെ
    ന്തെ?'—ന്നീ വെറുംവാശിയാൽ
ഞനന്നല്ലിൽ നടത്തിനേനൊരുതരം
    തീവ്രാസിധാരാവ്രതം! 70

കവി:

'നാലേ നാഴികയുള്ള രാത്രി പുലരാൻ;
    പൂങ്കോഴിതൻ കൂകൽ കേ—
ട്ടീലേ കണ്ണുകരോരെ?'—മെന്നിടർപെടും
    പ്രേയാന്റെയാ ഭാഷണം,
പാലോലുംമൊഴിയാളിൽ വാട്ടമൊട്ടറ—
    ഞ്ഞുന്നാ സ്മരസ്വാമിയെ—
ക്കാലേ പള്ളിയുണർത്തുവാനുതകിടും
    വൈതാളികോദ്ഗീതമായ്! 71

ഒരുതവണ സമാഗമസൗഖ്യം അനുഭവിച്ചു പിരിഞ്ഞ കാമുകൻ ദൂരവാസദുഃഖിതനായിട്ട്, പ്രിയതമയ്ക്കയച്ച സന്ദേശത്തിലെ ഒരു ഭാഗം:

---

70. മാനം—ഈഷ്യാകോപം (പ്രണയകലഹം) അസിധാരാവ്രതമെന്നതു്, ദമ്പതിമാർ സർവ്വാഭരണ ഭൂഷിതരായി, ശൃംഗാരോദ്ദീപകമായ സകലവസ്തുക്കളും ചേർന്ന സഹശയിതരാകയും, എന്നാൽ പരസ്പരം സ്പർശിക്കുകകൂടി ചെയ്യാതിരിക്കയും ചെയ്യുന്ന ഒരു വ്രതമാണു്. പ്രകൃതത്തിൽ 'വെറും വാശിയാൽ' തന്റെ നായികയെ തൊട്ടതേയില്ലെന്നർത്ഥം.

Digitized By Kerala Sahitya Akademi

സോമൻ, ദുർവ്വിഷമുൾക്കലർന്ന കവിടി—
ക്കിണ്ണം സുവർണ്ണാനനേ;
ഹേമന്തപ്പനിനീർസുമം വരതനോ,
വട്ടച്ചിരട്ടക്കനൽ;
ഓമൽക്കോമളകഞ്ജി, കോകിലരുതം
ക്രോഷ്ടാവിടുന്നോരിതാ—
നീ;—മട്ടായ് മമ തോന്നലൊക്കെ,യൊരുനാ—
ളുണ്ടായ നിൻ ചേർച്ചയാൽ! 72

ഒരുത്സവത്തിലെ ജനസംഘത്തിൽവെച്ചു കാമുകൻ്റെ സമ്മുഖദർശനത്തിൽ തനിക്കുണ്ടായ വികാരങ്ങളെ മറയ്ക്കാൻ ശ്രമിക്കുന്ന നായികയോടു മർമ്മജ്ഞയായ സഖിയുടെ സാപഹാസോക്തി:

നല്ലാരിൻമണി, തൻകരത്തളിരിലെ—
പ്പൂച്ചെണ്ടുമേലുള്ള പൂ—
വെല്ലാം ചീന്തിയിടുന്ന പാഴ്ത്തൊഴിലിനായ്—
ക്കമ്പിട്ടു നില്ക്കേണ്ട നീ:
മുല്ലാസ്ത്രന്നിതിനാൽ ശരക്ഷതി വരാ;
പൊങ്ങിക്കുകൊന്നീ മുഖം;
തെല്ലാരാലനിമേഷമായ് വിലസുമാ
നേത്രത്തെ വഞ്ചിക്കൊലാ! 73

തങ്ങൾ ഈർഷ്യാകോപംപിടിപ്പിച്ച നായികയെ വിദഗ്ദ്ധനായ നായകൻ ക്ഷണേന അനുനയിപ്പിച്ച സംഗതി, സഖിമാരിൽ ഒരുവൾ മറ്റൊരുവളോടു പറയുന്നു:

'ഞാനല്പം ശഠനെങ്കിലാട്ടെ; വിനമി—
ക്കാമെൻ ശിരസ്സു, പെരു—
ത്താനന്ദം തരുമീത്തുടുത്ത പനിനീർ—
പ്പൂവിൻ്റെ ദിവ്യാഭയെ
പാനംചെയ്തു രസിച്ചിടട്ടെ ചെറുതെൻ—
കണ്ണെ'ന്നവൻ ചൊല്ലവേ,
മാനത്തിന്നുദകം കഴിച്ചു മറിമാൻ—
നേർക്കണ്ണി കണ്ണീരിനാൽ! 74

ഒരുവങ്കൽ ദൃഢമായ അനുരാഗംനിമിത്തം മററു വരന്മാരെ നിഷേധിക്കുകയാൽ ഗുരുജനങ്ങളുടെ അപ്രീതിക്കു പാത്രീഭവിച്ച ഒരു മനസ്വിനിയുടെ മനോരാജ്യം:

പരവതി ഞാനഹോ, ഗുരുവരർക്കു വശംവദയായ്;
സ്ഥിരനിലയാൽക്കിടച്ചു മമ ചാപലദൂഷ്യപ്രഥയും!
പരമിതു നിൻ്റെ പല്ലവസുമോദ്ഗമമാവുകിലെ,—
ന്തരമിനിമേൽ വരുന്ന ഫല,മെന്നനുരാഗലതേ? 75

75. പരവതി = പരാധീന (അസ്വതന്ത്ര).

Digitized By Kerala Sahitya Akademi

നായകന്നു സങ്കേതസ്ഥലത്തുവെച്ചു പ്രണയിനീസമാഗമം ലഭിച്ച സന്തോഷവത്തമാനം നർമ്മസചിവൻ, അയാളുടെ സുഹൃത്തിനെ ധരിപ്പിക്കുന്നു:

സ്വാന്താകർഷകമഞ്ജുളധ്വനി പെറും—
മാറാം പദന്യാസ, മ—
ക്ലാന്താലംകൃതിഭംഗി, ഭാവരസവാ—
സ്മിത്യാദിയൊത്തങ്ങനേ
താൻതാനാഗതയാം വിലാസിനി തദാ,
തങ്കൽ പ്രിയം തങ്കുമ—
ക്കാന്താത്മാവിനെ മേത്തരം കവിതപോ—
ലേററം രമിപ്പിച്ചുപോൽ. 76

ലീലാഗൃഹത്തിൽ പ്രവേശിച്ച നായകൻ വാസകസജ്ജികയായ പ്രിയതമയുടെ കിടപ്പു കണ്ടിട്ടു്, സകൗതുകം വണ്ണിക്കുന്നു:

കാലേതാനും മടക്കി,ത്തുട തുടയുടെ മേൽ—
ച്ചേർത്ത,തിന്നബ്ജമാല്യം
പോലേ വാരിക്കമേൽ നീട്ടിയ രുചിരവല—
ക്കയ്യലങ്കാരമാക്കി,
മേലേ വൻപോർമുലപ്പൊന്നണി ചിതറുമിടം—
കൈ കവിൾത്തട്ടിനേകി—
ച്ചേലേറും കണ്ണടച്ചെ,ൻ ശശികലികയിതാ,
വെൺനഭസ്സിൽ ശയിപ്പൂ! 77

വിരഹപീഡിതയായ നായികയുടെ കാമലേഖനം കാമുകന്നെത്തിച്ചുകൊടുത്ത ദൂതി, അയാളുടെ താൽകാലികാവസ്ഥയെ തൻെറ ചങ്ങാതിയോടു പറയുന്നു:

ആളല്പിന്നൊരു നാലു വാക്കമെഴുതാ—
നാ മുഗ്ദ്ധയാളെങ്കിലും
കേളു;—ക്കത്തിലെയക്ഷരങ്ങളനുരാ—
ഗാദ്വൈതസൂത്രങ്ങൾതാൻ.
നീളംപൂണ്ട വിചിന്തനത്തിൽ മുഴുകി,—
സ്സാക്ഷാൽ 'മഹാഭാരത'—
ത്തോളംപോന്നൊരു ഭാഷ്യ,മായതിനിതാ,
തീക്കുന്നു തൽക്കാമുകൻ! 78

സഖിജനോപദേശപ്രകാരം ഈഷ്യാകോപത്തെ അവലംബിച്ച അധീരയായ നായികയ്ക്കു് വല്ലഭസമാഗമാവസരത്തിലുണ്ടായ വല്ലായ്മയെ കവി വണ്ണിക്കുന്നു:

Digitized By Kerala Sahitya Akademi

ശോണാഭം വദനം തിരിക്കിലു,ടന—
ബ്ഭാഗത്തു ചെല്ലും പ്രിയൻ;
പ്രാണാധീശപദാന്തവും കിമപി താൻ
കണ്ടാൽച്ചലിക്കും മനം;
കാണായ്‌വാൻ മിഴി ചിമ്മിയാൽ, നിബിഡമാം
കണ്ണീർ പതിക്കും ക്ഷണാ—
ലേ;—ണാപാംഗി കഴക്കിലായി, വെറുതേ
മാനത്തെ മാനിക്കയാൽ! 79

പരിഹാസശീലകളായ സഖികൾ അറിഞ്ഞെങ്കിലോ എന്നോർത്തു വിശേഷിച്ചും സാധ്വസപ്പെടുന്ന നവോഢയെ, ഇംഗിതജ്ഞനായ നായകൻ ധൈര്യപ്പെടുത്തുന്നു:

യാമം രണ്ടു കഴിഞ്ഞു രാവിനധുനാ;
നിദ്രാസമാശ്ലേഷണ—
വ്യാമഗ്നത്തിൽ മയങ്ങി ലോകമഖിലം;
പൂമച്ചിൽ നാം മാത്രമായ്;
കാമംപോലൊളി തേൻകലർന്ന മലരി—
ന്നുണ്ടോ പരിക്കേല്ക്കുമാ—
റോ?—മൽത്തോഴികൾ ദിവ്യദൃഷ്ടികളുമ—
ല്ലെ,ന്തിന്നു പേടിപ്പു നീ? 80

ചിരപ്രാർത്ഥിതമായ പ്രിയതമരഹസ്സംഗമം ലഭിച്ച ആ ശുഭാവസരത്തെ ലജ്ജാധിക്യംമൂലം പാഴാക്കിക്കളഞ്ഞ നായികയോടു സഖിയുടെ അനുകമ്പോക്തി:

ദേഹാസക്തി കുറഞ്ഞ,ലംകൃതികളിൽ—
ത്തെല്ലേറെ വൈമുഖ്യമാ—
ന്നാ,ഹാരാദികളൊക്കെ വിട്ട,ഭികവി—
ശ്ലേഷവ്രതം കൊൾകിലും,
നീഹാരാംശുമുഖി, ത്രപാഭരണമി—
ന്നോളം ത്യജിക്കായ്കയാ—
ലാഹാ, കിട്ടിയ ഭാഗ്യവും പഴതെയായ്—
പ്പശ്ചാത്തപിക്കുന്നു നീ! 81

ചിരവിരഹാനന്തരം പ്രിയയുമായി ചേർന്ന യുവാവ് അവളോടു സഹർഷാതിരേകം പറയുന്നു:

പാലാണിന്നു നിലാവിതി,ന്നലെവരെ—
ച്ചുണ്ണാമ്പുവെള്ളം; മധു—
ശ്രീലാസ്യോത്സവരംഗമിന്നുപവനം,
പ്രേതപ്പറമ്പിന്നലെ;

81. അഭികപ:ശ്ലേഷവ്രതം = പ്രിയവിരഹമാകുന്ന വ്രതം

Digitized By Kerala Sahitya Akademi

മേലാകെക്കനൽ ചേർത്തിരുന്ന ചെറുകാ—
റ്റിന്നത്തർ വീശുന്നു മേ;
നീലാപാംഗി ജഗത്തു നീളെ നവമായ്—
ത്തോന്നുന്നു നിൻചേഷ്ടയാൽ! 82

'വസന്താരംഭത്തിൽ—നമ്മുടെ മുററത്തെ കൊന്ന പൂക്കുമ്പൊഴേക്കും—ഞാൻ തിരിച്ചെത്തും' എന്നിങ്ങനെ യാത്രപറഞ്ഞു ദൂരദേശത്തേക്കു പോയ നായകൻ യഥാകാലം വന്നുചേരാത്തതിനാൽ അസഹനീയമായിത്തീർന്ന വിരഹദുഃഖംമൂലം മരണാഭിലാഷിണിയായ നായിക പ്രലപിക്കുന്നു:

ഇന്നാഃടാടിയഗസ്ത്യദിക്പവനനും
ചെല്ലാത്ത രാജ്യത്തിലാ—
ണെൻ നാഥൻ; ഭയമെന്തിനി?—വക ജയോ—
ത്സാഹം ജഗത്സമ്മതം;
എന്നാൽ, പുങ്കുലയായ പൊൻതടിയുമായ്
മുററത്തിവണ്ണം വൃഥാ
നിന്നാലോ: തവ പേരു 'കൊന്ന'മരമേ,
സാർത്ഥീകരിക്കാശു നീ! 83

രാത്രിയിൽ കാന്താർത്ഥിനിയായി സങ്കേതസ്ഥലത്തേക്കു പോകുന്ന നായികയ്ക്കു്, വഴിച്ചുവെച്ചുതന്നേ പ്രിയസമാഗമം ലഭിച്ച സംഗതി, അവളുടെ അന്തരംഗസഖി മറെറാരു സഖിയോടു പറയുന്നു:

ഘോരോരോദീർണ്ണതമിസ്രമാം വഴിയിൽവെ—
ച്ചു,ക്കോമളാംഗത്തിൽ വ—
ന്നാരോ മുട്ടി;—യതിൽത്തനിക്കൊരു ഭയം
തോന്നീലയെന്നാകിലും,
ആരോമാഞ്ചിതയായ്, വിയർത്ത,വരം വിറ—
ക്കൊള്ളാതിരുന്നീല; മ—
റ്റോരോരോന്നോതുവതെന്തിന?—ന്നവിടമേ
തോഴിക്കു സങ്കേതമായ്! 84

വിദേശത്തുനിന്നു സ്വരാജ്യത്തേക്കു മടങ്ങുമ്പോൾ, വഴിക്കു് ഒരു സത്രത്തിൽ രാത്രി കഴിച്ചുകൂട്ടുന്ന വാണിജയുവാവു് ഹേമന്തോദ്ദീപിതപ്രിയാവിരഹതാപനായിട്ടു സ്വയം പറയുന്നു:

മട്ടിപ്പാലു പുകച്ച മഞ്ജുമണിമ—
ച്ചല്ലീ വഴിസ്സത്രം;—മ—
ക്കട്ടിപ്പോർമുലയല്ല, രണ്ടു കനക—
ച്ചെപ്പാണിതെന്നന്തികേ;

83. അഗസ്ത്യദിക്പവനൻ = തെക്കൻകാററു്.

Digitized By Kerala Sahitya Akademi

ഒട്ടിപ്പോൾ വിരമിക്ക; നാലു തിഥിയാൽ
ഞാനങ്ങു ചെന്നാലി,തേ
മട്ടിൽത്തേ വിഹരിച്ചിടാം ഹൃദയഭൂ-
സാമന്ത, ഹേമന്തമേ! 85

കവി പറയുന്നു:

പ്രേമപ്പുഞ്ചിരി മാററിയില്ല; വദനേ
വൈവർണ്ണ്യമേന്തീല; തൻ-
നേമത്തിന്നെതിരായനാദരതയും-
കാട്ടീല കാന്തൻെറമേൽ;
ആ മഞ്ജുഭ്രൂ പുറത്തുപോം സഖികളെ-
സ്സല്ലാപസല്ലീലയാൽ-
പ്പൂമച്ചിൽ സുചിരം നിറുത്തി, വഴിപോ-
ലൊപ്പിച്ചു മാനഗ്രഹം. 86

ഒരു സുന്ദരി വീണ വായിച്ചുകൊണ്ടിരിക്കുന്നതു കണ്ടിട്ട്, അവളെ കാമിക്കുന്ന യുവാവ്, ആത്മഗതമായി പറയുന്നു:

മരന്ദച്ചൊല്ലാളാൾതൻമടിയിലിഹ മേ-
വുന്നു സുഖനിർ-
ഭരം വീണത്തണ്ടേ, മൃദുലകരസ-
മ്മൃഷ്ടതനവായ്;
തരത്തിൽപ്പോർക്കൊങ്കത്തടമൊട്ടുമുര-
മ്മുന്നു ബഹുധാ;
മരം നീ ഭാഗ്യത്താലമരനുമസൂ-
യാകരമഹോ!! 87

താൻ കാമിച്ചുവരുന്ന പുരുഷനെ 'വരനു യോഗ്യത മതിയായില്ല' എന്നുവെച്ചു ബന്ധുക്കൾ നിഷേധിച്ച വിവരം അറിഞ്ഞിട്ട് അത്യുൽകണ്ഠിതയായ ഒരു സുന്ദരി പ്രിയസഖിയോട് ആവലാതി പറയുന്നു:

ശ്രീയാണു,ർവശിയാണു, ശീലവതിയാ-
ണെ,ന്നൊക്കെ നാട്ടാർ വെട്ട-
പ്പായാഹന്ത, പുകഴ്ത്തുമീ മൊഴികളാൽ-
ക്കണ്ണും തഴമ്പിച്ചു മേ;
പ്രേയാനോടൊരുമിപ്പതിന്നു തടവി-
ല്ലാത്തൊരു സാധാരണ-
സ്ത്രീയായാൽ മതിയായിരുന്നു; വിധിതാ-
നെന്നെച്ചതിച്ചു വൃഥാ! 88

85. കനകച്ചെപ്പ്=സ്വർണ്ണനാണ്യം നിറച്ച ചെപ്പ്. ഇതു ചോരഭയംനിമിത്തം, ആയാൾ കിടക്കുമ്പോൾ അരികത്തുതന്നെ വെച്ചിരിക്കയാണു്.

Digitized By Kerala Sahitya Akademi

നിശ്ചയപ്രകാരം സങ്കേതസ്ഥലത്തു ഗൂഢമായി ചെന്നിട്ടു്, സംഗതിവശാൽ ആശാഭംഗത്തോടെ തിരിച്ചുപോരേണ്ടിവന്ന കാമുകൻ, നർമ്മസചിവനോടു പറയുന്നു:

എൻതാപത്തിനു ശാന്തിയിന്നു വരുമെ-
　　ന്നോർത്താ മലർത്തോപ്പില-
ത്യന്താവേഗമണഞ്ഞ നമ്മെയൊളിവിൽ-
　　ക്കണ്ടിട്ടു കഞ്ജാക്ഷിയാം,
ഹന്താവിഷ്കൃതലീലയായൊ, 'രിതളും
　　പോകാത്തതാണീയിളം
ചെന്താരെ'ന്നൊ,രു പൂവറുത്തു സഖിമാ-
　　ർക്കൊട്ടുക്ക കാട്ടീടിനാൾ! 89

നായകൻ അനുനയിപ്പിക്കായ്കയാൽ ഈർഷ്യാകോപത്തോടുകൂടി ത്തന്നേ പിണങ്ങിപ്പാർത്തു രാത്രി കഴിച്ചുകൂട്ടിയ നായികയോടു രാവിലെ സഖി പറയുന്നു:

ചേലേറുന്ന വിലോചനം കലുഷിതം;
　　കൈത്തണ്ട നേത്രാഞ്ജന-
ത്താലേ പങ്കില;മങ്കിതം കവിളണി-
　　പ്പൊൻകങ്കണപ്പാടിനാൽ;
ചാലേ വാടി വരണ്ടിരിപ്പിതധരം;
　　ഹാ, ചണ്ഡി, നിന്മേനി മേ-
ന്മേലേ ചൊല്ലുവതുണ്ടു, രാത്രികഥയും
　　നാഥന്റെ ദാക്ഷിണ്യവും! 90

സഖികളുടെ നിർബ്ബന്ധംനിമിത്തം ഇദംപ്രഥമമായി ഈർഷ്യാകോപം പ്രകടിപ്പിക്കുന്ന നായികയോടു് വിദഗ്ദ്ധനായ നായകൻ ചോദിക്കുന്നു:

കൈ രണ്ടും തവ പത്മരാഗ;—മളക-
　　സ്തോമം മഹാനീല;—മുൽ-
സ്മേരശ്രീമുഖമിന്ദുകാന്ത;—മിതുമ-
　　ട്ടുൽകൃഷ്ടരത്നാംഗി നീ
'വൈരം' കൂടി വഹിക്കിലുള്ളഴകെനി-
　　ക്കിന്നാദ്യമായ്ക്കാണുവാ-
നാരൻപോടിടയാക്കി, നിഷ്കൃതിയവ-
　　ർക്കെന്തോന്നു ചെയ്യേണ്ടു ഞാൻ? 91

89 'ഞാൻ രജസ്വലയായിരിക്കുന്നു; അതു് ഇന്നുതന്നെയാണുതാനും' എന്നാണു്, ഒരിതളും പോകാത്ത ചെന്താരു് അറുത്തു കാട്ടിയതിന്റെ സാരം.

90 നാഥനു ദാക്ഷിണ്യം ലേശംപോലുമില്ലെന്നു് നിന്റെ ദേഹം കണ്ടാലറിയാം: നീ രാത്രി മുഴുവൻ നിന്റെ കൈയും തലയ്ക്കുവെച്ചു കരഞ്ഞും നെടുവീർപ്പിട്ടും കിടക്കുകയായിരുന്നുവല്ലോ!

91 നിഷ്കൃതി = പ്രത്യുപകാരം.

Digitized By Kerala Sahitya Akademi

നായകനെ ആനയിപ്പാൻ അയയ്ക്കപ്പെട്ട ദൂതി, അയാളുമായി സ്വയം രമിച്ചു തിരിച്ചെത്തിയതു കണ്ടിട്ട്, അവളുടെ പ്രയത്നത്തെ ഗാംഭീര്യശാലിനിയായ നായിക ഈർഷ്യാഗർഭമായി അഭിനന്ദിക്കുന്നു:

മാടേലുംമുലകഠംക്കിളക്കമുളവാ-
 ക്കുന്നീ നെടുംവീർപ്പുതൻ
ചൂടേററിട്ടു വിവർണ്ണമായ് വെറുതെ നിൻ-
 താംബൂലതാമ്രാധരം;
പാടേ, ഞാൻ തൊടുവിച്ച ചെങ്കുറികളും
 മാഞ്ഞു വിയർപ്പാല;-ഴൽ-
പ്പാടേവം തവ ദൂതി, പോക്കവരവാ-
 ലാപ്പെട്ടു ഞാൻകാരണം! 92

കവിവാക്യം:

ഒററയ്ക്കായ നതാംഗി വിശ്രമഗൃഹേ,
 രണ്ടംഗുലിച്ചെന്തളി-
ക്കററത്തേന്തിയ വെററിലച്ചുരുളിനെ-
 ത്തൻനേർക്കു നീട്ടീടവേ,
'ചെററല്ലാതണിമേഘലവില്ലൊളി പെറും
 നൽപ്പെൺപിറാവൊന്നിതാ,
മുററത്താ,ണിനു കൊക്കുകൊണ്ടിരയെടു-
 ത്തേകുന്നു'വെന്നാൻ പ്രിയൻ. 93

ചിരപ്രോഷിതഭർത്തൃകയായ നായിക, അവളോടു കുശലപ്രശ്നംചെയ്ത ഒരു സഖിയോടു മറുപടി പറയുന്നു:

മൗനം പൂണ്ടു, ഗുരുസ്സരൻെറയുപദേ-
 ശത്താലൊ,രേകാന്തമാം
സ്ഥാനത്തിൽ, ശ്രുതികഠംക്കുമിന്നകലെയാ-
 യുള്ളാപ്പരാത്മാവിനെ
ധ്യാനംചെയ്യുമരും തപസ്വിനിയെയോ
 ബാധിച്ചിടുന്നു കട-
ന്നാനന്ദേതരമാം വികാര?-മിഹ നിൻ
 ക്ഷേമാനുയോഗം വൃഥാ! 94

ഒരു യുവതി സുഹൃന്മധ്യസ്ഥിതനായ തൻെറ കാമുകനെ ഗൂഢമായി കടാക്ഷിക്കുന്നതു മറെറാരു രസികൻ കാണുന്നു:

94 ശ്രുതികഠം = ചെവികഠം; വേദങ്ങഠം എന്നും. പരാത്മാവ് = ശ്രേഷ്ഠഹൃദയൻ; പരബ്രഹ്മം എന്നും. തപസ്വിനി = ശോചനീയ. പാവപ്പെട്ടവഠം; താപസി എന്നും. ക്ഷേമാനുയോഗം=കുശലപ്രശ്നം.

Digitized By Kerala Sahitya Akademi

ക്ഷൗമം ചേർന്ന മൃദൂദരോപരി വലം—
കൈത്താർ വലങ്ങത്തിൽ വെ—
ച്ചോ,മൽഗ്ഗണ്ഡമിടം കരത്തളിരിലും
ചായ്ച്ചി,ച്ചകോരാക്ഷിയാം,
ത്തുമന്ദസ്മിതമാർന്ന ചെഞ്ചൊടിയുമായ്,—
ത്തൂൺചാരിനിന്നു,ല്ലസൽ—
പ്രേമക്കൺമുന നീട്ടിടുന്നിതൊളിവാ—
യേ,തോ മഹാധന്യനിൽ! 95

നായകാഗമനത്തിൽ പ്രണയകലഹത്തോടുകൂടിയിരിപ്പാൻ നിർബ്ബന്ധിക്കുന്ന സഖിയോടു് നായിക സവിനയം അപേക്ഷിക്കുന്നു:

നേരായ് നാഴിക മുപ്പതേ രജനിയൊ—
ന്നിന്നുള്ളു; മത്സന്നിധൗ
ചേരാനെ,ൻകണവന്നൊരെട്ടുമണി—
യാകേണ്ടാത്ത നാളം ദുർല്ലഭം;
പോരാ, കാലമിതുത്തരായണം;—മതി—
പ്രൗഢൻ വസന്തപ്രിയൻ;
പോരാത്തോളിവരും; തോഴി, തക്ക തൊഴിൽതാൻ
ചിന്തിച്ചു ചെയ്യിക്ക നീ! 96

ഒരഭിസാരികയുടെ യാത്രാസമയപ്രാർത്ഥന:

എല്ലാ യാമവുമേറെ നീട്ടിയിടുകി—
ന്നംബ, ത്രിയാമേ! ത്രിലോം
നല്ലാളായ തമിസ്രമേ, ത്രിഭുവനം
കീഴാക്കി വർത്തിക്ക നീ!
ഉല്ലാസോൽബണതാരകാമിഴികളാൽ
നോക്കും പ്രിയവ്യോമമേ,
ചൊല്ലായ്കന്യജനത്തൊടീ,യബലതൻ
ചാപല്യമോ ധൈര്യമോ! 97

വിരഹിണിയായ നായികയുടെ ദുരവസ്ഥയെ സഖി വിവരിക്കുന്നു:

ഹാരം ഹാരവിഭൂഷ; ചന്ദനമിളൽ—
ക്കർപ്പൂരസാരം വെറും—
ചാരം, ചാരുതരാംഗിയാളൊക്കൊളിപെറും
ചന്ദ്രാംശു ചണ്ഡാതപം;

96. ഉത്തരായണകാലത്തു രാത്രി കുറയും.
97. ഹാരവിഭൂഷ— ഹരസംബന്ധിയായ ആഭരണം (സർപ്പം).

Digitized By Kerala Sahitya Akademi

പാരം രാത്രികൾ കാളരാത്രികളഹോ;
　　സംസാരമൊട്ടുക്ക നി–
സ്സാരം; സംപ്രതി ജീവിതേശവിരഹാൽ
　　മാരായിതം ജീവിതം! 98

വിരഹാതുരയായ നായികയും, ചിരപ്രോഷിതനായ നായകന്റെ ആഗമനം ദൂരത്തുനിന്നു കണ്ടിട്ട് ആ സന്തോഷവൃത്താന്തം അറിയിപ്പാൻ ചെന്ന സഖിയും തമ്മിൽ നടന്ന സംഭാഷണം:

'ഒട്ടേറെത്തെളിവെന്തു തേ?' 'തവ കളി–
　　പ്പൂങ്കോഴിതൻ വായട–
ച്ചിട്ടേ'–'നെന്തിന?–' 'തിന്റെ കൂകൽവഴിയാ–
　　യല്ലീ പ്രഭാതാഗമം!'
'പെട്ടെക്കാം മമ നീളമീ രജനിയിൽ–
　　ത്താൻ മൃത്യു' 'പാപം ശമി–
ക്കട്ടേ!' 'കാന്തനൊടോത്തുകാളി, കഥ മേ?'
　　'നീ ചൊൽകിതാ വല്ലഭൻ!' 99

ഉപവനത്തിൽ കേളീലാലസന്മാരായ ദമ്പതികളെ കവി കാണുന്നു:

മാന്താരിൻമണമാർന്ന തെന്നലധികം
　　വാസന്തരാവിൽ,ഗൃഹ–
പ്രാന്താരാമതലേ, നിലാവിൽ മുഴുകം
　　വെൺതിണ്ണമേൽ വാണിതാ,
താൻതാനങ്കതടേ കിടത്തിയ നെടും–
　　കാർവേണിതൻ വേർപ്പണി–
ത്താന്താംഗങ്ങൾ തലോടിടുന്നു, കൃതിയാം
　　കാന്തൻ കരത്താരിനാൽ. 100

കാമുകന്റെ കത്തു കിട്ടിയതു കാണിച്ചുകൊടുത്ത നായികയോടു സഖി സസന്തോഷം അഭിപ്രായപ്പെടുന്നു:

വാരഞ്ചും പ്രണയാംബുധിക്കടിയിൽനി–
　　ന്നൗത്സുക്യമാം മുക്കവൻ
പാരം മുങ്ങിയെടുത്തു നല്കിയവയും,
　　ജാത്യാ മഹാഘങ്ങളും,

---

99. വിരഹതാപത്താൽ ഉറക്കംവരാതെ കഷ്ടപ്പെടുന്ന നീ, 'വല്ലവിധത്തിലും കോഴി കൂകിയാൽ മതിയായിരുന്നു' എന്നു പറയാറുണ്ടല്ലോ; എന്നാൽ ഇന്ന് അത്രവേഗത്തിൽ കോഴി കൂകുകയല്ല (നേരം വെളിച്ചമാവുകയല്ല) വേണ്ടതെന്നുവെച്ചാണ്, ഞാൻ കളിപ്പൂങ്കോഴിയുടെ വായ് അടച്ചിട്ടതു്'' എന്നു സഖീഹൃദയം.

—കെ. വാസുദേവൻമൂസ്സതു്

Digitized By Kerala Sahitya Akademi

മാരൻ ശില്പിവരൻ കടഞ്ഞവയുമാം
രത്നങ്ങളാം താന,ക്ഷരാ–
കാരംപൂണ്ടു ലസിപ്പു ഭാഗ്യവതി, തൽ–
സംഭാവനക്കത്തിതിൽ! 101

താൻ പലകുറി പ്രിയാസമാഗമസുഖം അനുഭവിച്ചിട്ടുള്ള സങ്കേതസ്ഥലം കണ്ടിട്ടു സഹർഷനായ കാമുകൻ മനസ്സുകൊണ്ടു സ്തോത്രം ചൊല്ലുന്നു:

ധാരാളം വിജയിക്ക തുമലർമണം
തൂകും പ്രിയോദ്യാനമേ,
ദൂരാറ്റാദികപോതപോതരണിതം
ചിന്നും ലതാകുഞ്ജമേ,
നീരാട്ടും കുളിർകാററിലാമ്പലിളകി–
ത്തത്തും സരസ്സേ; ഭവാ–
ന്മാരാണെ,ന്നുമെനിക്കു വാഞ്ഛിതവരം
നല്കുന്ന മൂർത്തികൾ! 102

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ബന്ധനസ്ഥനായ അനിരുദ്ധൻ

1914

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മായാരണത്തിൽ വളരെബ്ഭടർ ചേർന്ന തീവ്ര-
വ്യായാമനാകുമനിരുദ്ധനെ വെന്നശേഷം
ധീയാർന്ന ബാണസചിവേന്ദ്രനുഷാഗൃഹത്തിൽ-
പ്പോയാൻ, തദീയസഖി ചെന്നറിയിക്കമൂലം. 1

ത്വിട്ടോലുമക്ഷികൾ, നരച്ചു വളർന്ന മാറിൽ-
ത്തൊട്ടോരു താടി ചുളിവീണ പരന്ന നെറ്റി,
മുട്ടോളമെത്തിയ ഭുജാമുസലങ്ങളെന്നീ-
മട്ടോടവൻ വിലസി മേദുരദീർഘകായൻ. 2

പ്രാലേയശൈലരുചിയാം നിജമാളികയ്ക്കു-
മേലേ,റി മോടിതടവുന്ന വരാന്തയിങ്കൽ,
മാലേന്തി വാടുമുഷ മന്ദിതചേഷ്ടയായി-
ട്ടാ,ലേഖ്യരൂപിണി കണക്കഥ കാണുമാറായ്. 3

ആലസ്യമാണ്ടു മുഖമൊട്ടു കുനിച്ചു, വേർത്ത
ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടു താങ്ങി,
ചേലഞ്ചി മിന്നുമൊരു വെൺകുളിർകൽത്തറയ്ക്കു-
മേലങ്ങു ചാരുമുഖി ചാരിയിരുന്നിടുന്നു. 4

മുല്ലായുധത്തഴകണക്കു തഴച്ചു കുന്ത-
ലെല്ലാമഴിഞ്ഞഴകിലീ മണിവേദിതന്മേൽ
മല്ലാക്ഷിതൻ പിറകിലായ്ച്ചിതറിക്കിടപ്പൂ,
നല്ലാശ്ശരന്നഭസി കാർമുകിൽമാലപോലെ. 5

വീതാസ്ഥയായ് സുദതി തങ്ങളിലെങ്കിലും, തൽ-
പൂതാസ്പദപ്രണയബന്ധവശാൽക്കണക്കേ,
ശ്രീതാവുമത്തനുവിലാകുലമട്ടിൽ നില്പു-
ണ്ടേതാനുമുത്തമവിഭൂഷകളങ്ങുമിങ്ങും ! 6

---

1. മായാരണം = കപടയുദ്ധം. തീവ്രവ്യായാമൻ = അതികഠിനമായി പോർചെയ്യുവൻ. ധീ = ബുദ്ധി. ബാണസചിവേന്ദ്രൻ = ബാണാസുരന്റെ മന്ത്രിശ്രേഷ്ഠൻ (കുംഭാണ്ഡൻ). തദീയസഖി = അവളുടെ സഖി (ചിത്രലേഖ).

2. ത്വിട്ട് = കാന്തി. ഭുജാമുസലങ്ങൾ = ഉലക്കപോലുള്ള (നീണ്ടുതടിച്ച) കൈകൾ. മേദുരദീർഘകായൻ = തടിച്ചു നീണ്ട ശരീരത്തോടുകൂടിയവൻ.

3. 'പ്രാലേ...രുചി'=ഹിമാലയതുല്യം. മന്ദിതചേഷ്ട = യാതൊരു ചേഷ്ടയുമില്ലാത്തവൾ.

4. ഫാലം = നെറ്റി. ചാരുമുഖി = സുമുഖി.

5. വേദി = തറ. ശരന്നഭസി = ശരൽക്കാലത്തെ ആകാശത്തിൽ.

6. വീതാസ്ഥ = ആദരവില്ലാതായവൾ. തൽ...വശാൽ = അവളുടെ പരിശുദ്ധമായ വാസസ്ഥാനത്തെക്കുറിച്ചുള്ള സ്നേഹബന്ധംനിമിത്തം. തനു = ശരീരം. ആകുലമട്ടിൽ = പന്തിയില്ലാതെ. ഉത്തമവിഭൂഷകൾ = മികച്ച ആഭരണങ്ങൾ (തങ്ങളുടെ സ്നേഹത്തിന്നു പാത്രീഭവിച്ചവർ. സംഗതിവശാൽ തങ്ങളിൽ നിരാദരരായിത്തീർന്നാലും, ഉത്തമർ അവരെ വെടിയുന്നതല്ലല്ലോ).

Digitized By Kerala Sahitya Akademi

പീനസ്തനിക്കുടയ ചാരുകചോത്തരീയം
ദൂനത്വശംസി നെടുവീർപ്പുകളാലുലഞ്ഞും,
സ്ഥാനത്തുനിന്നു കറെ നീങ്ങിയു,മശ്രു വീണ-
ന്യൂനം നനഞ്ഞു.മൊളിക്കെട്ടുമിരുന്നു മുററും. 7

മാലാണ്ട നായികയെ നോക്കിയുമങ്ങിടയ്ക്കു
ലോലാശ്രുപൂർണ്ണനിജദൃഷ്ടികളെത്തുടച്ചും,
ചേലാർന്ന പൊമ്പിടിയണിക്കളിർതാലവൃന്ത-
ത്താലാളിമാരവളെ വീശുവതുണ്ടു മന്ദം. 8

കുംഭാണ്ഡനാ പ്രഭുകുമാരികതൻ വിഷാദ-
സംഭാരവിപ്ലവമകൃത്രിമവത്സലത്വാൽ
വൻഭാവഭേദമൊടു കണ്ടു, കുറച്ചുനേരം
സ്തംഭാഭനായവിടെ നിന്നനിലയ്ക്കു നിന്നാൻ. 9

താതന്റെയാഗമനമസ്സഖി ചിത്രലേഖ
ജാതത്വരം നികടമാണ്ടറിയിച്ചനേരം,
ഹാ, തന്വി തൽക്ഷണമുണർന്നതുപോലെണീററു-
പൂതസ്വഭാവനെ യഥോചിതമാദരിച്ചു. 10

പീനാനുരാഗവശയായ്,ച്ചിലതൊക്കെയോതീ-
ടാനാണു മന്ത്രിയെ വരുത്തിയതിപ്പൊ;—ഴെന്നാൽ,
നാനാവികാരപരിവാരിതയാം കുമാരി
മൗനാതിലംഘനവിധിക്കസമർത്ഥയായി. 11

ചിന്താശതക്ഷുഭിതയാം ബലിസൂനുഭാഗ്യ-
സന്താനവല്ലി സചിവോത്തമനോടിദാനീം
എന്താണെ,ടുത്തുപറവാൻ തുടരുന്നതെന്നു
ഹന്താളിമാരലമുഴറെറാടു നോക്കിനില്പായ്. 12

ധീ മണ്ടുമാറുടനടൻ, വിവിധം വികാര-
സ്തോമം കടന്നവളെയിട്ടു ഞെരുക്കിടുമ്പോൾ,

---

7. കുചോത്തരീയം = മുലപ്പടം. ദൂനത്വശംസി(കൾ) = ദൈന്യത്തെ വിളിച്ചുപറയുന്നവ. അശ്രു = കണ്ണീർ. അന്യൂനം = തികച്ചും.

8. നായിക = സ്വാമിനി. താലവൃന്തം = വിശറി. ആളിമാർ = തോഴിമാർ.

9. വിഷാ.. പ്ലവം = ദുഃഖാധിക്യത്താലുള്ള പ്രകൃതിമാററം. അകൃ . ലത്വം = യഥാർത്ഥമായ വാത്സല്യം. സ്തംഭാഭൻ = തൂണുപോലെയുള്ളവൻ (നിശ്ചലൻ).

10. ആഗമനം = വരവ്. ജാതത്വരം = തിടുക്കത്തോടുകൂടുംവണ്ണം. നികടം = സമീപം. പൂതസ്വഭാവൻ = സൽസ്വഭാവൻ.

11. പീനം = തടിച്ചതു് (വർദ്ധിച്ചതു്). നാനാ...രിത = പലപ്രകാരത്തിലുള്ള വികാരങ്ങളാൽ ചുററപ്പെട്ടവൾ (വ്യാകുല). മൗ...വിധി = മൗനത്തെ അതിക്രമിക്കൽ (പറഞ്ഞുതുടങ്ങൽ) അസമർത്ഥ = അശക്ത.

12. ചിന്താ.. ഭിത = അനേകം ചിന്തകളാൽ ക്ഷോഭിച്ചവൾ. ബലി... വല്ലി = ബലിപുത്രന്റെ (ബാണന്റെ) ഭാഗ്യകല്പകവല്ലി (സൽപുത്രി). ഇദാനീം = ഇപ്പോൾ. ഹന്ത എന്നതു ഖേദത്തെ കാണിക്കുന്നു. അലം = ഏററവും.

Digitized By Kerala Sahitya Akademi

പ്രേമപ്രസിക്തമതിയായ്പ്പിതൃതുല്യനാക—
മാ മന്ത്രിവൃദ്ധനൊടു ബാലികയെന്തു ചൊല്ലും? 13

നേരിട്ടമർഷ,മഴലെ,ന്നിവ നെഞ്ചിടിപ്പാം
ഭേരിപ്രണാദമിടചേർത്തടരാടി മേന്മേൽ,
ഭൂരിത്രപാദികളെയൊട്ടു ജയിക്കയാല—
ച്ചാരിത്രശാലിനി ചിരാലൊരു വീർപ്പുവിട്ടു. 14

പാറുന്നതുണ്ടു പുരുതീപ്പൊരിയെന്നു തോന്നും—
മാറുള്ള തീക്ഷ്ണതരവീക്ഷകളാൽ പ്രകാമം
നീറുന്നവസ്ഥ സചിവേന്ദ്രനു ചേർത്തു മന്യു—
വേറും മനസ്വിനി ദൃഢസ്വരമോതി പിന്നെ: 15

''ഹാ, ജന്യസീമ്നി പല യോധഗണത്തെയൊറ്റ—
യ്ക്കോജസ്സുകൊണ്ടു വിമഥിച്ച യുവാവുതന്നെ
വ്യാജപ്പയററിൽ വിജയിച്ചരുളുന്ന ദൈത്യ—
രാജന്നെഴും സചിവപുംഗവ, മംഗളം തേ! 16

തെററാചരിച്ചവരിലെന്നിയെ വാഞ്ഛപോലെ
മററാരിലെങ്കിലുമണയ്ക്കുക ദണ്ഡമെന്നോ,
ഉററാളുകൾക്കിതുവരെയ്ക്കുമകാര്യചര്യ
പററാതെ നിർത്തിയ ഭവാന്റെ നയം വിധിപ്പു? 17

ഞാനാളയച്ചിഹ വരുത്തിയതാണു; കയ്യേ—
റാനായ് സ്വയം വരികയല്ല മമാര്യപുത്രൻ;
നാനാതരത്തിലപരാധമൊരാൾക്കു, ബന്ധ—
സ്ഥാനാപ്തിയന്യനു;—മിതോ ബലിവംശധർമ്മം? 18

അച്ഛാരുശീലനമഘാന്വിതനെന്നുതന്നെ—
വെച്ചാലുമെൻ പെരിയ തെററൊഴിയുന്നതാണോ?

---

13. വിവിധം = നാനാപ്രകാരം. സ്തോമം = കൂട്ടം. പ്രേമ...മതി = പ്രേമത്താൽ നനയ്ക്കപ്പെട്ട മനസ്സോടുകൂടിയവൻ (ആർദ്രചിത്തൻ). ബാലിക = പെൺകിടാവ്.

14. അമർഷം = കോപം. ഭേരിപ്രണാദം = പെരുമ്പറയൊച്ച. ഭൂരിത്രപ = വലിയ ലജ്ജ. ചിരാൽ = വളരെനേരം കഴിഞ്ഞിട്ട്.

15. പുരു = വളരെ. തീക്ഷ്ണതരവീക്ഷകൾ = ഏററവും തീക്ഷ്ണങ്ങളായ നോട്ടങ്ങൾ. പ്രകാമം = ഏററവും. മന്യു = കോപം (വ്യസനവും). മനസ്വിനി = ഉൾക്കരുത്തുള്ളവൾ. ദൃഢസ്വരം = ദൃഢസ്വരത്തോടുകൂടുംവണ്ണം.

16. ജന്യസീമ്നി = യുദ്ധക്കളത്തിൽ. യോധഗണം = പടയാളിക്കൂട്ടം. ഓജസ്സ് = ശക്തി. വിമഥിക്ക = മഥിക്ക. വ്യാജപ്പയററ് = കപടയുദ്ധം.

17. വാഞ്ഛ = ഇഷ്ടം. ദണ്ഡം = ശിക്ഷ ഉററാളുകൾ = സ്വന്തം ആളുകൾ. അകാര്യചര്യ = തെററായ പ്രവൃത്തി

18. ആര്യപുത്രൻ = സ്ത്രീകൾ ഭർത്താവിനെ പറയുന്ന പേർ. ബന്ധസ്ഥാനാപ്തി = തടവിലിരിക്കൽ.

Digitized By Kerala Sahitya Akademi

ഹൃച്ചാപലാലനയവർത്മനി മുമ്പു കാലു—
വെച്ചാളെ വിട്ടു,നുഗനെങ്ങനെ ശിക്ഷ നല്കാം? 19

കാരാധിവാസമവിടേക്കു വിധിച്ചതോർത്താൽ,
ഘോരാപരാധമുടയോരിവരും വധ്യതന്നേ;
വീരാവരോധപദസംശ്രയധന്യയാം ഞാൻ
തീരാക്കൃതാർത്ഥതയൊടൊത്തു മരിച്ചുകൊള്ളാം! 20

അല്ലായ്കിലെന്തിനിനിയും മമ ബന്ധ?—മെന്നെ—
ക്കൊല്ലാതെകൊന്നിടുക ചെയ്തുകഴിഞ്ഞുവല്ലോ?''
വല്ലാത്ത തൊണ്ടവിറയാൽ, വരവാണി ശേഷം
ചൊല്ലാൻ കുഴങ്ങി,യൊരു കുട്ടികണക്കു കേണാൾ. 21

കാരാഗൃഹം ഖലജനോചിതമെന്തു? സൗഖ്യ—
സാരാർഹനാം സുചരിതൻ നിജനാഥനെങ്ങോ?
ഓരാതെ പറ്റിയ കഠോരവിപത്തിതിൽ,ക്ക—
ണ്ണീരാ നൃപാത്മജ തടുത്തിടുമെത്രനേരം? 22

പാരം മനസ്സുലിവൊടെ,ങ്ങനെ വേണ്ടു സാന്ത്വ—
പ്രാരംഭമെന്നു പിതൃമന്ത്രി പരുങ്ങിടുമ്പോൾ,
നീരന്ധ്രമശ്രു കുറെ വാർന്നതിൽവെച്ചു തെല്ലു
ഭാരംകുറഞ്ഞ നിലപൂണ്ടവൾ ചൊല്ലി വീണ്ടും: 23

''താതനു, ഞാനിഹ വധൂജനവർജ്ജ്യമാകും
സ്വാതന്ത്ര്യമാർന്നതിലുമെന്തഭിമാനഭംഗം?
ഹാ, തന്മകൾക്കനഘവീരവധൂപദാപ്തി—
യേതച്ഛനെങ്കിലുമസമ്മതമാവതുണ്ടോ? 24

വീരാഗ്ര്യനും ഭുവി കുലീനനുമാണു താനെ—
ന്നാ, രാജമാന്യചരിതൻ വെളിവാക്കിയല്ലോ,

---

19. അഘോചിതൻ = പാതകി (അപരാധി). ഹൃച്ചാപലാൽ = ഹൃദയചാപല്യംനിമിത്തം. അനയവർത്മനി = നിഷിദ്ധമാർഗ്ഗത്തിൽ. അനുഗൻ = അനുഗാമി (പിന്നാലെ നടക്കുന്നവൻ).

20. കാരാധിവാസം = തടവിൽപ്പാർക്കൽ. വധ്യ = കൊല്ലപ്പെടേണ്ടവൾ. വീരാ...ധന്യ = ഒരു വീരന്റെ ഭാര്യയായിത്തീർന്നുകൊണ്ടു ഭാഗ്യവതി.

22. ഖലജനോചിതം = ദുഷ്ടന്മാർക്കു ചേർന്നതു്. സൗഖ്യസാരാർഹൻ = മികച്ച സുഖമനുഭവിക്കേണ്ടവൻ. നിജനാഥൻ = തന്റെ ഭർത്താവു്. ഓരാതെ = അവിചാരിതമായി. വിപത്തു് = ആപത്തു്.

23. സാന്ത്വപ്രാരംഭം = സമാധാനിപ്പിച്ചുതുടങ്ങൽ. നീരന്ധ്രം = ഇടതിങ്ങിയതു്.

24. വധൂജനവർജ്ജ്യം = സ്ത്രീകൾ വർജ്ജിക്കേണ്ടതു്. അനഘ...പ്തി = സുചരിതനും വീരനുമായ ഒരുവന്റെ ഭാര്യയാവൽ.

Digitized By Kerala Sahitya Akademi

നാരായണാത്മജസുതന്നൊരു ദാസിയായി—
ത്തീരാനൊ,മേതു നൃപകന്യ കൊതിക്കയില്ല!'' 25

ചൂടാണ്ട വീർപ്പിട്ടമമാത്യനുരച്ചു: ''വത്സേ,
തേടായ്ക മന്യു; ശുഭമായ്‌വരുമൊക്കെ മേലിൽ
ഈടാർന്നവാസ്തമനുരാഗനദിക്ക വിഘ്നം
കൂടാതൊഴുക്കനുവദിക്കുകയില്ല ദൈവം! 26

ഏകാന്തശുദ്ധമിഹ നിന്നനഘാനുരാഗം
സ്വീകാര്യകോടിയിലിരിപ്പതുതന്നെ; പക്ഷേ,
ഹേ, കാര്യവേദിനി, യശോധനനാം നൃപന്നു
ലോകാപവാദമഖിലോപരി ഗണ്യമല്ലീ? 27

നില്ലാഞ്ഞ കോപഭരമൊന്നൊഴിയട്ടെയച്ഛ—
ന്നെ;—ല്ലാം യഥേഷ്ടമറിയിച്ചു ശരിപ്പെടുത്താം;
തെല്ലാശ്വസിക്ക'' 'തവ സൽസഖി, ചിത്രലേഖേ
വല്ലായ്ക തേടിടരുതെ'ന്നെ,ഴനേററു വൃദ്ധൻ. 28

പേർത്തും, വിടർന്ന പനിനീർമലരിങ്കൽ മഞ്ഞു—
നീർത്തുള്ളിപോല,രുണമായ കവിൾത്തടത്തിൽ
വീഴ്ത്തുള്ള ദീർഘനയനങ്ങളിൽനിന്നു ബാഷ്പം
വാർത്തു,ൽപലാക്ഷി വരമന്ത്രിയൊടൊന്നു ചൊന്നാൾ: 29

''ശോകാബ്ധിയാണ്ടൊരുഹതൻ ഹതജീവിതത്തി—
ലാകാംക്ഷയുണ്ടു മമ ബന്ധുജനത്തിനെങ്കിൽ,
ഏകാകിയായ് പ്രിയനിരിക്കുമിടത്തിലൊന്നു
പോകാൻ, ഭവാനനുവദിക്കണമിപ്പൊഴെന്നെ!'' 30

ഓരാത്തപേക്ഷയിതു കേട്ടളവുൾത്തടത്തി—
ലാ രാജകീയപുരുഷന്നൊരു മിന്നൽപാഞ്ഞു:
ചേരാത്തൊഴില്ലു നൃപദണ്ഡിതനാം യുവാവായ്—
ച്ചേരാൻ സ്വയം വിടുകയോ നൃപപുത്രിയാളെ! 31

---

25. അഗ്ര്യൻ = തലവൻ. നാരാ...സുതൻ=ശ്രീകൃഷ്ണപൗത്രൻ, അനിരുദ്ധൻ. നൃപകന്യ = രാജകുമാരി.

27. ഏകാ...ശുദ്ധ=ളെിവില്ലണ്ടായതു്. അനഘം = നിർദ്ദോഷം. കാര്യവേദിനി=കാര്യം അറിയുന്നവൾ. അഖിലോപരി=എല്ലാററിലും മീതെ. ഗണ്യം=ഗണിക്കേണ്ടതു്.

28. തവ = നിന്റെ.

29. അരുണം = ചുകന്നതു്. ദീർഘനയനങ്ങൾ=നീണ്ട കണ്ണുകൾ. ബാഷ്പം=കണ്ണുനീർ. വരമന്ത്രി = മന്ത്രിശ്രേഷ്ഠൻ.

30. ശോകാബ്ധി = ദുഃഖസമുദ്രം. ഹതം = കെട്ടതു്. ആകാംക്ഷ = ആശ. മമ = എന്റെ. ഏകാകിയായി = ഏകയായി (ഒററയ്ക്കു്).

31. രാ...ഷൻ ഉദ്യോഗസ്ഥൻ (മന്ത്രി). നൃപദണ്ഡിതൻ = രാജാവിനാൽ ശിക്ഷിക്കപ്പെട്ടവൻ. സ്വയം = രാജാനുമതിയില്ലാതെ.

Digitized By Kerala Sahitya Akademi

ആ മന്ത്രിതങ്കൽ, നൃപഭക്തിഭരം കുമാരീ-
പ്രേമപ്രകർഷമിവ തമ്മിലൊരേതരത്തിൽ
വ്യാമർദ്ദമൊട്ടിട നടന്നു; ദശാവിശേഷാൽ-
സ്സാമർത്ഥ്യമാർന്നൊടുവിലത്തതുതാൻ ജയിച്ചു. 32

തൻ പ്രജ്ഞതൻ സ്ഥിരതയാലൊ,രു ഭാവഭേദം
സംപ്രസ്ഫുരദ്വദനതാരിലിയന്നിടാതെ,
സംപ്രത്യുഷാപതി, തുറുങ്കിൽ വെറുംനിലത്തു,
'ചമ്രം'പടിഞ്ഞൃ'ജുവപുസ്സൊടിരുന്നിടുന്നു. 33

വീരക്കടല്ക്കു ഹരിചന്ദനമാം രണാസൃക്-
പൂരം പുരണ്ട വിരിമാറിനു തെല്ലു താഴെ
ആരമ്യബാഹുപരിഘങ്ങൾ പിണച്ചുകെട്ടി,
സ്വൈരം വസിച്ചിടുകയാണിഹ കൃഷ്ണപൗത്രൻ. 34

സ്വച്ഛപ്രസാദമലർമങ്ക രമിപ്പതാം മു-
ത്തച്ഛന്റെ പുണ്യപുരിയിൽ, സ്വമണീഗൃഹത്തിൽ
സ്വച്ഛന്ദസൗഖ്യമൊടു മുമ്പു വസിച്ചപോലി,-
ങ്ങച്ഛന്നസത്ത്വനിധി കല്ലറ പുക്കിരിപ്പൂ! 35

വാരുററ ചില്ലി, വിരിവേറിയ നെററി, ധീര-
ചാരുക്കളാം രുചിരദൃഷ്ടികളെന്നിതെല്ലാം
താരുണ്യലക്ഷ്മിയെ, നനുത്തു കറുത്ത മീശ
ചേരും തദാസ്യനളിനത്തിൽ വളർത്തിരുന്നു. 36

ശ്രീമദ്‌വൃഷത്തിനെതിർതോൾവരെ നീണ്ടിറങ്ങി,-
ക്കാർമണ്ഡലദ്യുതിതിരണ്ടു ചുരുണ്ട കേശം,

---

32 നൃപ...ഭരം = രാജഭക്തിത്തഴപ്പ്. കു...കർഷം = ഉഷയിലുള്ള വാത്സല്യാധിക്യം. വ്യാമർദ്ദം = ഏററുമുട്ടൽ. ദശ = അവസ്ഥ. (താൽകാലികാവസ്ഥയാൽ കുംഭാണ്ഡന് ഉഷയുടെ അഭിപക്ഷപ്രകാരം 'മൗനാനുവാദ'മെങ്കിലും നല്കേണ്ടിവന്നു.)

33. പ്രജ്ഞ=ബുദ്ധി. സംപ്ര...ദനം=ഏററവും പ്രസന്നമായ മുഖം. സംപ്രതി=ഇപ്പോൾ. ഉഷാപതി=ഉഷയുടെ ഭർത്താവ് (അനിരുദ്ധൻ). ഋജുവപുസ്സ്=നിവർന്ന ശരീരം.

34. ഹരിചന്ദനം = രക്തചന്ദനം. രണാ...പൂരം = യുദ്ധത്തിൽ മുറിവേററുണ്ടായ രക്തപ്രവാഹം. ആര...ഘങ്ങൾ = ആരമ്യ(സുന്ദര)ങ്ങളായി, പരിഘം (ഇരുമ്പുഗദ)പോലെയുള്ള കൈകൾ. സ്വൈരം = നിർബാധം (കൂസലില്ലാതെ).

35. അച്ഛന്നസത്ത്വനിധി = സ്പഷ്ടമായ തന്റേടത്തിന്ന് ഇരിപ്പിടമായിട്ടുള്ളവൻ.

36. വാരുററ=വടിവുള്ള. ചാരു = മനോഹരം. രുചിരം = കാന്തിയുള്ള. തദാസ്യനളിനം = അദ്ദേഹത്തിന്റെ മുഖപങ്കജം.

Digitized By Kerala Sahitya Akademi

പോർമന്നിലെപ്പൊടിപുരണ്ടു പരത്തു ചെമ്പി—
ച്ചാ മട്ടിലും നയനമോഹനമായിരുന്നു. 37

ക്രൂരാർന്ന മന്ത്രിയുടെ മൗനമയാനവാദാൽ
കാറായ്പ്പൊരുംകഴലിയാരാ നടകൊണ്ടു താനേ,
പാറാവുകാർ സപദി സംഭ്രമകമ്പമേന്തും—
മാറായ്ത്തുറന്നൊരു തുറുങ്കിനകത്തു പുക്കാരാം. 38

ഹാ, മൺകുടത്തിലെരിയുന്ന മണിപ്രദീപം,
ഭീമശ്മശാനഭുവി നട്ട രസാലപോതം,
ധൂമത്തിൽ വെച്ച മലർ, കപ്പയിലിട്ട സാള—
ഗ്രാമം, ഗ്രഹപ്പിഴയിൽ മങ്ങിയെഴുന്ന ഭാഗ്യം, 39

പങ്കത്തിലാണ്ട ചെറുദന്തി, മൃഷാപവാദ—
ത്തിങ്കൽ പതിച്ച സുയശസ്സിവയെന്നപോലെ,
വങ്കല്ലറയ്ക്കകമിരുന്നിടുമാ യുവാവീ
മങ്കക്കൊടിക്കഥ പുരോഭുവി കാണമാറായ്! (യുഗ്മകം) 40

കാരാഗൃഹത്തിലിരുളിൽ,പ്പുതുകൊണ്ടൽ മൂടും
താരാധിനായകനെ മുഗ്ദ്ധചകോരിപോലെ,
പേരാളിടും ദയിതനെബ്ഭത കണ്ടു താപ—
ഭാരാൽക്കുമാരി കൊടുതായൊരവസ്ഥ തേടി. 41

വണ്ടാറണിക്കുഴലഴിഞ്ഞു പുറത്തു ചിന്നി—
ക്കൊണ്ടാത്മവല്ലഭ വരും വരവന്നകാണ്ഡേ,
കണ്ടാർന്ന കല്ലറയിലെച്ചെറുതാം വെളിച്ചം—
കൊണ്ടാ യുവാവലഘുനെഞ്ചിടി പൂണ്ടു കണ്ടു. 42

കാരാഗൃഹസ്ഥനതിഥിക്കെതിരേല്പിനായി—
ദ്ദൂരാത്തസംഭ്രമമെണീക്കവതിന്നുമുന്നേ,
ആരാലണഞ്ഞവള,ഴക്കു പതിഞ്ഞ മഞ്ഞ—
'വീരാളി' ചേർന്ന രമണാങ്കതലത്തിൽ വീണാരാം. 43

---

37. വൃഷം = കാള. കാർമണ്ഡലദ്യുതി = കാർമേഘക്കൂട്ടത്തിന്റെ കാന്തി. നയനമോഹനം = കണ്ണുകൾക്കു് ആനന്ദപ്രദം.

38. സപദി = പെട്ടെന്നു്. സംഭ്രമകമ്പം = പരിഭ്രമിച്ചിട്ടുള്ള വിറ

39. ഭീമ...ഭുവി = ഭയങ്കരമായ ചുടുകാട്ടിൽ. രസാലപോതം = തേന്മാവിൻതൈ. ധൂമം = പുക. മലർ = പുഷ്പം.

40. പങ്കം = ചളി ദന്തി = ആന മൃഷാപവാദം = പറഞ്ഞുണ്ടാക്കിയ അപവാദം. സുയശസ്സ് = നല്ല കീർത്തി. പുരോഭുവി = മുന്നിൽ.

41. താര...യകൻ = ചന്ദ്രൻ. ചകോരി = ചെമ്പോത്തിൻപിട. താപഭാരാൽ = കലശലായ ദുഃഖംമൂലം.

42. ആത്മവല്ലഭ = തന്റെ പ്രിയതമ. അകാണ്ഡേ = അനവസരത്തിൽ. അലഘു = വലിയതു്.

43 ദൂരാ...ഭ്രമം = ഏറ്റവും സംഭ്രമത്തോടെ. ആരാൽ = സമീപത്തു്. വീരാളി = പട്ടു്. രമണാങ്കതലം = പ്രിയന്റെ മടിത്തടം.

Digitized By Kerala Sahitya Akademi

ആ ലോകസുന്ദരിയെ വെക്കമെടുത്തു വേണ്ടം—
പോലോമനിച്ചുരസി ചേർത്തു പുണർന്നു കാന്തൻ,
ചേലോടു കുന്തൽചിതറും കവിളത്തു ചുംബി—
ച്ചാലോലബാഷ്പധരി കൈത്തളിരാൽത്തുടച്ചാൻ. 44

ഘോരായുധപ്രണിതകാന്തകളേബരം കൈ—
ത്താരാൽക്കനിഞ്ഞഹഹ, തൊട്ടതലോടിടുമ്പോൾ,
ശ്രീരാജകന്യകൾ കൊതിച്ചുവരുന്ന വീര—
ദാരാസ്പദത്തിലുമുഷസ്സു വിരക്തി തോന്നി! 45

ദാരങ്ങൾതൻ പരമദീനത കാൺകയാല—
ദ്ധീരന്നഭൂതചരധൈര്യലയം പിണഞ്ഞു:
പാരം പതച്ചു കരൾ, മേനി വിയർത്തു, നാസാ—
ദ്വാരം വിടർന്നു, മിഴിയിൽച്ചുടുനീരുയർന്നു. 46

സൈ്വരം സഗദ്ഗദമുരച്ചു കുമാരൻ: "എന്തീ—
യാരംഭ?—മഗ്ഗുരുജനാജ്ഞ ഗണിച്ചിടാതേ,
സ്ത്രീരത്നമേ, ഭവതി ബന്ധനമേററ കുററ—
ക്കാരന്റെ സന്നിധിയിലെങ്ങനെ വന്നുചേർന്നു? 47

ആഗസ്വിയായ്, സുതനു, സംപ്രതി ഞാൻ; നിനക്കീ—
സ്സൗഗന്ധികപ്രസവസൗഭഗമാം പദത്താൽ,
ദുർഗ്ഗേഹമതിലെച്ചരലിൽച്ചവുട്ടാൻ
യോഗം വരുത്തിയതു മാമകദോഷമല്ലോ! 48

പ്രേമത്തൊടും പരിണയിച്ചു വധൂടിയെത്തൻ—
ധാമം നയിച്ചുപചരിപ്പു ദരിദ്രർപോലും;
ഈ മന്ദഭാഗ്യനെ വരിച്ചതുമൂലമെന്നാ—
രോമൽക്ക, ബന്ധഗൃഹമായിതു ബന്ധുഗേഹം! 49

ദേവാരിവീരഭടശസ്ത്രശതങ്ങളേററ
നോവാകെയിപ്പൊഴതിലാണറിയുന്നതീ ഞാൻ;

---

44. ഉരസി = മാറത്തു്. ആലോ...ധരി = ഒഴുകുന്ന കണ്ണുനീർ.

45. പ്രണിതം = മുറിപ്പെട്ടതു്. കളേബരം = ദേഹം. വിരക്തി = വൈരാഗ്യം.

46. ദാരങ്ങൾ = ഭാര്യ. പരമദീനത = അതിയായ വിവശത. അഭൂ...ലയം = മുമ്പുണ്ടായിട്ടില്ലാത്ത ധൈര്യനാശം. നാസ = മൂക്കു്.

47. സൈ്വരം = മെല്ലെ. സഗദ്ഗദം = തൊണ്ടയിടറിക്കൊണ്ടു്. ഗുരുജനാജ്ഞ = അച്ഛന്റെ കല്പന. സന്നിധി = സമീപം.

48. ആഗസ്വി = അപരാധി. സൗഗ...സൗഭഗം = സൗഗന്ധികപുഷ്പത്തിന്റെ അഴകുള്ളതു്. ദുർഗ്ഗേഹം = നിലവറ. മാമകം = എന്റേതു്.

49. പരിണയിച്ചു = വിവാഹംചെയ്തു. വധൂടി = യുവതി. ധാമം = ഗൃഹം. മന്ദഭാഗ്യൻ = ഭാഗ്യം കെട്ടവൻ. ബന്ധഗൃഹം = തടവുപുര. ഗേഹം = വീടു്.

Digitized By Kerala Sahitya Akademi

മാൽ വായ്ച്ചുഴന്നു, കൃപണാകൃതിപൂണ്ടു, വാസു—
ദേവാത്മജസ്നുഷ തുറുങ്കിലണഞ്ഞുവല്ലോ! 50

വൈവശ്യമുള്ളിലിയലായ്ക, ശുഭേ, നിരുദ്ധ—
നായ്‌വന്നതിപ്പൊഴനിരുദ്ധനമെന്നതിങ്കൽ;
ദൈവം മറിച്ചു കരുതീടി,ലരക്ഷണത്താൽ
ദേവൻ വെറും പുഴു; മഹാബ്ധി മരുപ്രദേശം. 51

എന്നാലയേ ഭുവനസാധ്വി, തവാനുരാഗ—
മെന്നായുധം, മഹിതമെൻവശമുള്ള കാലം
ഒന്നായ്‌ജ്ജഗത്തിലെ വിപത്തുകളൊക്കെ നേർത്തു
വന്നാലു, മില്ലിവനു ഭംഗഭയം തരിമ്പും! 52

ഏതാകിലും ദയവുചെയ്തു തിരിച്ചുപോകാൻ
നീ താമസിക്കരുത!—പേക്ഷയിതൊന്നുതാൻ മേ;
താതാവമാനകരമാകിയ കൃത്യമെന്തു?
വീതാഘമാം കുലവധൂജനമെന്തു ഭദ്രേ?'' 53

ഇക്കല്യഭർത്തൃമൊഴി കേട്ടെഴുന്നേറ്റുനിന്നു
നൽക്കഞ്ജമൊട്ടിനെതിരാം തൊഴുകയ്യുമായി,
ഉൽക്കമ്പമാർന്ന കരളാവതുപോലുറപ്പി
ച്ചക്കമ്രഭാഷിണി കനിഞ്ഞറിയിച്ചിതേവം: 54

''തെറ്റല്ല, ദുർദ്ദശയിലാക്കിയതെൻപ്രഭോ, കേ—
ടറ്റങ്ങയെച്ചപലയാമിവളെ;—ങ്കിലും മേ
തെറ്റത്രയും സദയമിന്നു പൊറുത്തു, തൃക്കാ—
ലറ്റത്തെനിക്കനുവദിക്കുക നിത്യദാസ്യം! 55

ജീവാധിനായക, ഭവാൻ വ്രണിതാതുരാംഗ—
നാവാസമോ, മലിനബന്ധഗൃഹാന്തരത്തിൽ;
ഈ വാസ്തവസ്ഥിതി മറന്നി,വിടത്തെ വിട്ടു
പോവാൻ കഥിക്കരുതു ദാസിയൊടെൻ ദയാലോ! 56

---

50. ദേവാ...തങ്ങൾ = അസുരവീരഭടന്മാരുടെ അനേകം ആയുധങ്ങൾ. കൃപണാകൃതി = ദയനീയാവസ്ഥ. വാസു...സ്നുഷ = ശ്രീകൃഷ്ണപുത്ര(പ്രദ്യുമ്ന)ന്റെ പുത്രഭാര്യ (ഉഷ).

51. നിരുദ്ധൻ = തടവിൽ അടയ്ക്കപ്പെട്ടവൻ. ദൈവം = ഭാഗ്യം.

52. അയേ = ഹേ. ഭുവനസാധ്വി = ലോകത്തിൽവെച്ചു പതിവ്രത. മഹിത = പൂജിക്കപ്പെട്ടതു്. നേർത്തു് = എതിരിട്ടു്. ഭംഗഭയം = തോറ്റെങ്കിലോ എന്ന പേടി.

53. മേ = എനിക്കു്. വീതാഘം = കളങ്കരഹിതം.

54. കല്യൻ = സമർത്ഥൻ. കഞ്ജം = താമര. ഉൽകമ്പം = ഒരു പിടച്ചിൽ. കമ്രഭാഷിണി = മധുരഭാഷിണി.

55. പ്രഭോ = സ്വാമിൻ—(ഭർത്താവേ). മേ = എന്റെ.

56. വ്രണി...രാംഗൻ=മുറിവേറ്റു വേദനപ്പെടുന്ന ശരീരത്തോടുകൂടിയവൻ. ആവാസം = പാർപ്പു്. അന്തരം = ഉള്ളു്. കഥിക്ക = പറയുക.

Digitized By Kerala Sahitya Akademi

മല്ലാളനൈകപര, മററവിടെഗ്ഗമിച്ചാൽ—
ത്തെല്ലാശ്വസിപ്പതിനെനിക്കെളുതാകമിപ്പോൾ?
വല്ലാത്തിരുട്ടറയിതെത്ര സുഖാഢ്യമങ്ങു—
ന്നില്ലാത്ത മാമകമഹാമണിമേടയേക്കാൾ। 57

പോകട്ടെയച്ഛനരിശപ്പെട്ടമെന്ന കാര്യം;
സ്ത്രീകൾക്ക ഭർത്തൃസഹചര്യ വെടിഞ്ഞിടാമോ?
ഹാ, കഷ്ടമെൻ ദുരിത:—മെന്നെ വെറുത്തുവല്ലോ,
ലോകത്തിലെൻ പരമദൈവതമാം ഭവാനും।'' 58

വിങ്ങിത്തുടുത്ത മിഴി രണ്ടിലുമശ്രു ചിന്നി—
ത്തേങ്ങിക്കരഞ്ഞിതവളിത്രയുമോതി വീണ്ടും;
തുങ്ങിക്കിടക്കമളകങ്ങളുമായ്,ത്തുലോം മാൽ
താങ്ങിത്തളർന്നപടി താന്നു തദാനനാബ്ജം. 59

ആരോമലിൻ തൊഴുത കയ്യു പിടിച്ചു ചുംബി—
ച്ചോ,രോ വികാരഗതിയാലുഴലും കമാരൻ
താരോട്ടമത്തന നിജോരസി ചേർത്തുനിന്നി—
ഗ്ഗീരോതിനാൻ പ്രണയവിക്ലബമാം സ്വരത്തിൽ: 60

''പ്രാണാധിഭർത്രി, കരയായ്ക;—രിമുക്തനാനാ—
ബാണാളി താങ്ങുവതിനീയൊരു നെഞ്ചു പോരും;
ബാണാത്മജാനയനനീരൊരുതുള്ളിപോലും
വീണാൽ സഹിപ്പതനിരുദ്ധനസാദ്ധ്യമത്രേ। 61

ആപത്തു ഭാവിയിലിരിക്കവതായ ഭാഗ്യ—
ദീപത്തിനുള്ള നിഴലാണു;ഴലായ്കതിങ്കൽ;
നീ പക്ഷ്മളാക്ഷി, നിജസത്മനി ചെന്നു വാഴ്ക,
താപത്തിനീത്തളിരുമെയ്യിരയാക്കിടാതേ. 62

ഉല്ലാസദാഹവവിനോദവശാൽക്കറച്ചോ—
ന്നില്ലായ്കയില്ല മമ മെയ്യിനു വാട്ടമിപ്പോൾ;

---

57. മല്ലാ...പരൻ = എന്നെ ലാളിക്കുന്നതിൽത്തന്നെ ഉത്സുകൻ. സുഖാഢ്യം = സുഖസമൃദ്ധം.

58. ഭർത്തൃ...ചര്യ = ഭർത്താവൊന്നിച്ചിരിക്കൽ. പരമദൈവതം = ഉററ ഈശ്വരൻ.

59. അളകങ്ങൾ = കറുനിരകൾ. തദാനനാബ്ജം = അവളുടെ മുഖപത്മം.

60. താരോട്ടം = പൂ മതൊററു മണ്ടുന്ന (അതിമൃദുലമായ). ഗീര് = വാക്ക്. വിക്ലബം = പരവശം.

61. പ്രാണാധിഭർത്രി = പ്രാണേശ്വരി. അരി...ണാളി = ശത്രുക്കളയച്ച പലപ്രകാരത്തിലുള്ള അമ്പുകളുടെ കൂട്ടം.

62. സത്മനി = ഗൃഹത്തിൽ.

Digitized By Kerala Sahitya Akademi

അല്ലാത,പായകരപീഡകളൊന്നുമേററി-
ട്ടില്ലാ;കയാൽ വെറുതെയാണിഹ സംഭ്രമം തേ. 63

നില്ലാതെ പോരിലുഴലും തവ താതനെന്നെ
വെല്ലാൻ ചതിപ്പണി തുടങ്ങിയതെൻെറ ഭാഗ്യം;
അല്ലായ്കിലുഗ്രപിതൃദുഃഖമിവൻനിമിത്തം
എല്ലാംബുജാക്ഷി, തവ നേരിടുമായിരുന്നു! 64

ക്ഷേമം കൊടുത്തിടുമമംഗളമാം പുഴക്ക-
ത്താ മഞ്ജുളാംഗി, ചെറുതും പിണയാതെതന്നേ,
നാമന്തരംഗഭുവി നട്ടുവളർത്തിടുന്നീ
പ്രേമദ്രുമം സഫലമായ് വിലസും ക്രമത്താൽ. 65

ആരോമലേ, ഝടിതി കൈവിടുകിസ്ഥലത്തെ;-
ക്കാരോപവേശമബലാജനവർജ്ജ്യമല്ലീ?
നേരോതിടാം ഭവതിയിസ്ഥിതിയിൽക്കഴിക്ക-
മോരോ നിമേഷവുമടിക്കടി ദുസ്സഹം മേ!'' 66

സന്നാംഗിയാളഥ സശങ്കമെടുത്തുകാട്ടി
തന്നാശയം: ''തവ നിദേശമിവണ്ണമെങ്കിൽ,
എന്നാത്മനാഥ, ദയചെയ്കധുനാ ഭവാൻെറ
പിന്നാലെയാക്കുക മമ പ്രതിസംപ്രയാണം! 67

നേരായ് ക്ഷമിക്ക, മകനിൻപിഴയാലമഷ്-
ഭാരാന്ധനായ ഗുരുവിൻ വിപരീതകൃത്യം;
ചേരാത്ത ദിക്കിലരിശം ചിരവത്തിയാമോ?
ധീരാഗ്ര്യനങ്ങിഹ മറുത്തരുളായ്കവേണം!'' 68

ഏവം കുമാരിയൊരുമട്ടറിയിക്കെയൊട്ടു
ഭാവം പകന്നു, യദുനന്ദനനുച്ചരിച്ചാൻ:
''ഹാ വൻഭയാൽത്തടവിൽനിന്നുമൊളിച്ചുചാടാൻ
ഭാവൽക്കകാന്തനൊരു തസ്കരനോ സുശീലേ? 69

---

63. ആഹവവിനോദം—യുദ്ധത്തെ, ധീരോദാത്തനായ അനിരുദ്ധൻ ഒരു വിനോദമായി ഗണിക്കുന്നു. തേ = നിനക്കു്.

64. ഉഗ്ര...ദുഃഖം = അച്ഛൻ മരിച്ചാലത്തെ കഠിനവ്യസനം. യുദ്ധത്തിൽ ബാണൻ കപടവിദ്യയെടുത്തിരുന്നില്ലെങ്കിൽ, ഞാൻ അദ്ദേഹത്തെ കൊല്ലുമായിരുന്നുവെന്നു സാരം.

65. അന്ത...ഭുവി = മനസ്സാകുന്ന നിലത്തു്.

66. ഝടിതി = അതിവേഗത്തിൽ കാരോപവേശം = തടവിലിരിക്കൽ.

67. സന്നാംഗിയാൾ = ഉടൽ തളന്നവൾ. അഥ = പിന്നീടു്. സശങ്കം = സംശയിച്ചുകൊണ്ടു്. ആശയം = അഭിപ്രായം. നിദേശം = കല്പന. അധുനാ = ഇപ്പോൾ. പ്രതിസംപ്രയാണം = മടങ്ങിപ്പോവൽ.

68. അന്ധൻ = കൺതെരിയാത്തവൻ. ഗുരു = അച്ഛൻ. ചിരവത്തി = അധികംനേരം നില്ക്കുന്നതു്.

69. ഭാവൽ...ന്തൻ = ഭവതിയുടെ പ്രിയതമൻ. തസ്കരൻ = കള്ളൻ.

Digitized By Kerala Sahitya Akademi

സ്സാരാനുതാപഗരിമാവിനു കീഴടങ്ങി—
ധീരാംഗനാനില വിടായ്ക യദുസ്നുഷേ, നീ;
കാരാഗൃഹാലിവനെ വീറൊടു വീണ്ടെടുപ്പാൻ
പാരാതെയെത്തുമിഹ നിൻ പുതുബാന്ധവന്മാർ. 70

ആ മാന്യർ തക്കപടി, നിൻപ്രിയതാതനാത്മ—
ജാമാതൃപൂരുഷകലീനത ബോദ്ധ്യമാക്കി,
പ്രേമാർഹയാം ഭവതിയെജ്ജയലക്ഷ്മിയെപ്പോ—
ലാ മാധവീയപുരിയിങ്കലണച്ചുകൊള്ളും! 71

കാന്താംഗി, നമ്മളിൽ മുറ്റുന്നരാഗവിത്തു
താൻതാൻ വിതച്ചതു വൃഥാ കളയില്ല ദൈവം!
സ്വാന്താർത്തി വിട്ടു തിരികേ നടകൊൾക വേഗം:
നാം താതശാസനവിലംഘികളായ്‌വരൊല്ലാ.'' 72

നിലവറയുമിതേറ്റോതുന്നതുണ്ടെന്നു തോന്നും—
നിലയില,വിടെ മന്ദം മാറ്റൊലിച്ചാർത്തിണക്കി,
പലതിതുവിധമോതിക്കൊണ്ടു പാരം പണിപ്പെ—
ട്ടലസഗമനയാളെക്കാമുകൻ യാത്രയാക്കീ. 73

---

70. സ്സാരാ...മാവ് = വർദ്ധിച്ച പശ്ചാത്താപഭാരം. കാരാഗൃഹാൽ = തടവിൽനിന്ന്. പുതുബാന്ധവന്മാർ = പുതിയ ബന്ധുക്കൾ (യാദവന്മാർ).

71. ജാമാതാവ് = മകളുടെ ഭർത്താവ്. ബോദ്ധ്യം = അറിയാവുന്നത്. മാധവീയപുരി = ദ്വാരക.

72. വൃഥാ = വെറുതെ. സ്വാന്താർത്തി = മനോദുഃഖം. താത...ലംഘികൾ = അച്ഛന്റെ കല്പന തട്ടി നടക്കുന്നവർ.

73. അലസഗമന = മന്ദഗാമിനി.

Digitized By Kerala Sahitya Akademi

ഒരു കത്ത്

അഥവാ

രുഗ്മിയുടെ പശ്ചാത്താപം

1914

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

തിരു‘ഭോജകട’ത്തിലാത്തനായ്
മരുവും രുഗ്മി വിദർഭനന്ദനൻ,
പുരുഷോത്തമപത്നി സോദരി—
ക്കൊരു കത്തേവമയച്ചിതേകദാ: 1

‘‘പ്രിയസോദരി,—നിന്നെയേവമൻ—
പിയലുംമട്ട വിളിപ്പതിന്നു ഞാൻ
ക്രിയമൂലമനർഹനാകിലും,
ദയചെയ്കീസ്സഹജന്റെപേരിൽ നീ! 2

ഭുവനൈകസവിത്രിയാകുമാ—
ശ്ശിവതൻ സൽകൃപകൊണ്ടു, സാമ്പ്രതം
തവ ബന്ധുജനത്തിനൊക്കെയും,
ഭവതിക്കും, സതി, സൗഖ്യമല്ലയോ? 3

മഹിളാനികഷോപലങ്ങളാം
ഗൃഹിണീമാതൃവധൂപദങ്ങളെ
മഹിതസ്ഥിതിയിൽബ്ഭരിച്ചുകൊ—
ണ്ടഹിതാഭാവമൊടല്ലി വാഴ്‌വു നീ? 4

പുതുവീരസുതപ്പിറപ്പിനാൽ—
ക്കുതുകം ഭർത്തൃകുലത്തിനേററി, നീ,
അതുലോത്സവമായ് വസിക്കയോ—
ണിതുനാളെ,ന്നിഹ വിശ്വസിപ്പു ഞാൻ. 5

ഒരുമട്ട സുഖം നമുക്കുമെ—
ന്നൊരു സാധാരണവാക്കുരച്ചിടാം;
കരുണാവതി, വാസ്തവത്തിലീ,—
യൊരു പേർതന്നെ മറന്നിരിപ്പു ഞാൻ! 6

ഗുരുഭക്തിവിരുദ്ധവൃത്തിയിൽ—
പ്പെരുമാറാത്ത നിനക്കു, പണ്ടു, ഞാൻ
പെരുതപ്രിയമാചരിച്ചതോ—
ർത്തു,രുകുന്നു മമ ചിത്തമിപ്പൊഴും. 7

‘പശുപാല’നിൽനിന്നു നിന്മനം
‘ശിശുപാല’ങ്കലണച്ചുവെയ്ക്കുവാൻ
അശുഭോക്തികളെത്ര ചൊല്ലി, ഹാ,
പിശുനൻ നിന്റെ മുഖത്തു നോക്കി ഞാൻ! 8

പടുകോമളമായ്, വിടർന്ന പൂ—
വൊടുനേരാകിയ നിന്മുഖത്തഹോ,

Digitized By Kerala Sahitya Akademi

കടുഭീഷണഭാഷണങ്ങളാൽ—
ച്ചുടുകണ്ണീർക്കണമെത്ര വീഴ്ത്തി ഞാൻ! 9

പലതും പരുഷങ്ങൾ ഞാൻ രുഷാ
പ്രലപിച്ചീടിലു,മപ്പൊഴൊക്കെയും,
കുലകന്യകതൻ വിനീതമാം
നിലയിൽത്തന്നെയുറച്ചുനിന്നു നീ! 10

വളവേറിയ ദുർവ്വചസ്സു ഞാൻ
വളരെച്ചൊല്ലിലു,മന്നൊരിക്കലും,
കളഭാഷിണി, നിന്മുഖത്തുനി—
ന്നുളവായീല മറുത്തൊരക്ഷരം. 11

ക്ഷമ, താഴ്മ, വിവേകമാദിയായ്
സമതേ, നിങ്കലെഴും ഗുണങ്ങളിൽ
കിമപി പ്രയുതാംശമെങ്കിലും
മമ തന്നീല ജഗൽപിതാവഹോ! 12

പഴതേ പഴി ഞാൻ പുലമ്പിടും—
പൊഴുത,സ്സൗമ്യമുഖം കുനിച്ചു, നീ
തൊഴുകയ്യൊടു നിന്ന നില്പതോ—
ർത്തൊഴുകുന്നു മമ ചുട്ട കണ്ണുനീർ. 13

വരണോചിതമാം വയസ്സിൽ നീ
ചരണംവെച്ച ദിനംമുതല്ക്കുതാൻ,
ദുരദൃഷ്ടവശാലഹോ, സുഹൃൽ—
പരതന്ത്രൻ തവ വൈരിയായി ഞാൻ! 14

ദിവസംപ്രതി ശൈശവത്തിലു—
ത്സവമിങ്ങേററിയ നിന്നെ,യെപ്പൊഴും,
തവ താതനിലേറെയോമനി—
ച്ചവനാണീ പ്രണയാർദ്രനഗ്രജൻ. 15

മകളഗ്രജനെപ്പിരിഞ്ഞു, ത—
ന്നികടേ ചെല്ലു ചുരുക്കമാകയാൽ
അകളങ്കി പിതാവസൂയയാ—
ന്ന,കമേ തേടിയിരിക്കുമെൻെറമേൽ! 16

കുളിർപുഞ്ചിരി തൂകിയും മുഖ—
ത്ത,ളിമട്ടാമളകങ്ങൾ ചിന്നിയും
കളിയാടി വിളത്ത് നിന്നിളം—
തളിർമെയ്യിപ്പൊഴുമോർപ്പതുണ്ടു ഞാൻ. 17

തളയും വളയും കിലുങ്ങുമാ—
റിളയിൽ പിച്ചനടന്നു, പൈതൽ നീ

Digitized By Kerala Sahitya Akademi

വിളയാടുവതുണ്ടി,വൻെറയും—
ക്കളമാം കണ്ണിനു മുമ്പിലിപ്പൊഴും. 18

തെളിമുത്തെതിർദന്തമണ്ഡലം
വെളിവാം പാഴ്ച്ചിരിയും കരച്ചിലും
കിളിനേർമൊഴിയും കലർന്ന നിൻ—
നളിനാസ്യം ഹൃദി ഞാൻ മറക്കുമോ? 19

ക്ഷമവിട്ടുകലത്തുനിന്നു, വി—
ഭ്രമഹാസത്തൊടു പാഞ്ഞണഞ്ഞു നീ
സുമമോടെതിർകൊച്ചുകൈകളാൽ
മമ ജാനുക്കളെ പിടിച്ചു പല്ലവേ; 20

നലമോടു കുനിഞ്ഞെടുത്തു, ന—
ന്മലർമെയ് മാറിലണച്ചു നിന്മുഖം
പലപാടു മുകർന്നുപോന്നതോ—
ർത്തലമിന്നും കുളിരുന്നിതെന്മനം. 21

കുതുകാലുടലെത്ര പുല്ലിലും,
ചതുരം നിൻകളിയെത്ര കാൺകിലും,
അതുനാൾ മതിതോന്നലില്ല മേ,
പുതുതേൻകൊഞ്ചലതെത്ര കേൾക്കിലും. 22

തവ ബാല്യ,മനേകമാണ്ടിട—
യ്ക്കവസാനിക്കരുതെന്നുകൂടി, ഞാൻ
ദിവസംപ്രതി നേർന്നിരുന്നു, നിൻ—
നവകൗമാരവിലാസകൗതുകാൽ! 23

ശരിയായ് നിറവേററി ദൈവമാ—
പ്പെരിയോരെൻകൊതിയെങ്കിലി,ന്നു ഞാൻ
അരിമപ്പെട്ടമേകസോദരി—
ക്കരിയായ്ത്തീർന്നിടുമായിരുന്നുവോ? 24

തവ സോദരരഞ്ചുപേരിൽവെ—
ച്ചെ,വനേറും പ്രതിപത്തി നിൻെറമേൽ;
അവനാണു നിനക്കു, പിമ്പബാ—
ന്ധവനായ്ത്തീർന്നതി,—തെത്ര ദുസ്സഹം! 25

സരളേ മമ, വാസ്തവത്തിൽ, നീ
വരഭർത്താവൊടു ചേർന്നുകാണുവാൻ
ചിരമേറിയൊരാശതന്നെയാ—
ണു,രപേറും പിഴ ചേർത്തതിത്രയും. 26

സുമഹത്തരസൗഹൃദത്തിനാൽ,
മമ പെങ്ങൾക്കു മണാളനാകുവാൻ

Digitized By Kerala Sahitya Akademi

'ദമഘോഷജ'നാണു യോഗ്യനെ,—
ന്നമലേ, ഹന്ത, നിനച്ചുപോയി ഞാൻ! 27

സ്ഥിരപൗരുഷശാലി, 'ചേദി'ഭൂ—
വരനദ്ദേഹമനിന്ദിതാന്വയൻ!
നിരസിക്കുവതെങ്ങി,വണ്ണമാം
വരനെക്കന്യകതന്റെ കൂറുകാർ? 28

ഒരു സോദരിയുള്ളതിന്റെ ക—
യ്യൊരു 'ചെങ്കോലു'പിടിച്ച കയ്യുമായ്
ഒരുമിപ്പതിനദ്യമിപ്പതി,—
പ്പുരുഷന്മാരുടെ ധർമ്മമല്ലയോ? 29

വിരിവേറിയ ചേദിനാട്ടിനീ—
ശ്വരിയെന്നുള്ള പദം ത്യജിക്കയാൽ
ശരിയാമനുരാഗമെന്നതിൻ—
പരിമാണത്തെ വെളിപ്പെടുത്തി നീ. 30

സതിതന്നനുരാഗമേതു വൻ—
പ്രതിബന്ധങ്ങളെയും കടന്നുപോയ്
ക്ഷതി വിട്ടൊടുവിൽ ജ്ജയിക്കുമെ—
ന്നതിനീ, നിൻചരിതം നിദർശനം. 31

ഭവദീയവിവാഹകാലമേ—
തി?—വനിച്ചോൽവൊരു കാലമേതുവാൻ?
ശിവനേ! വിഷയൈകസക്തിയാൽ
ദിവസപ്പോക്കറിയുന്നതില്ല നാം! 32

കുലനന്ദിനി, കേവലം വധൂ—
നിലവിട്ടിപ്പൊഴൊരമ്മയായി നീ;
പല പൂരുഷലക്ഷണങ്ങളാൽ,
വിലസും നിൻസുതനും ഗൃഹാർഹനായ്. 33

ഗതമായ് നെടുനാളിതെങ്കിലും,
നിതരാം നൂതനമായ്ജ്ജ്വലിപ്പൂ മേ,
സുതനെ, ത്വയി മുഷ്ടികാട്ടലാൽ
കൃതമായോരനുതാപസങ്കടം. 34

പരമുണ്ടു സമൃദ്ധിയെങ്കിലും,
കരളിൽ ശല്യമിതേററിരിക്കയാൽ
നരകാഭമെനിക്കു പാരിടം;
ഭരമായ്ത്തീർന്നിതു ജീവധാരണം. 35

ക്ഷതബാന്ധവനായ്; സ്വപത്തന—
ച്യുതനായ്; ഞാൻ പ്രജകൾക്കു ഹാസ്യനായ്

Digitized By Kerala Sahitya Akademi

ബത, നിന്നെയുപദ്രവിച്ചതിൻ—
മിതമാകും ഫലമാണിതൊക്കെയും! 36

മനതാരെരിയുംപ്രകാരമി—
ജ്ജനമേറെപ്പിഴ ചെയ്തിരിക്കിലും,
തനതഗ്രജനെന്നു മാത്രമോ—
ർത്ത,നഘേ, മാപ്പിവനേകിടേണമേ! 37

അഥവാ പറയേണ്ടതില്ലിതെ;—ൻ—
കഥ തീർപ്പാൻ തുനിയുന്ന കാന്തനെ,
വ്യഥപൂണ്ടു തടുത്തു, സോദര—
പ്രഥമാനപ്രിയമന്നു കാട്ടി നീ. 38

നൃപപുംഗവപുത്രി, ചിത്രമെ,—
ന്ത,പരാധം മമ നീ പൊറുത്തതും
അപകാരപരന്റെമേലിലും
കൃപചെയ്യുന്നതു സജ്ജനവ്രതം. 39

അയവില്ല മമാർത്തികൾക്കഹോ.
ദയയാലെൻപിഴ നീ മറക്കിലും;
സ്വയമോർത്തുപശാന്തിചെയ്കിലേ,
നിയതം പാതകി നിർവൃതിപ്പെടൂ. 40

തരുണീദശയെ പ്രപന്നയായ്
മരുവും മൽസുതയെ ത്വദന്തികേ
ഒരുപായനമായിവെയ്ക്കുവാൻ
കരുതുന്നേൻ കലുഷക്ഷയൈഷി ഞാൻ. 41

തവ പൊന്നുമകന്നുവേണ്ടി, നീ—
യിവളെസ്സാധ്വി, പരിഗ്രഹിക്കിലേ
ഭവദഗ്രജനാശ്വസിക്കുവാ—
നവകാശം ചെറുതിങ്ങു കൈവരൂ. 42

പരുഷോദ്ധതരായ്പ്പരാക്രമം
പെരുകും ദാനവർതൻശിരസ്സുകൾ,
വിരുതേറിയ ബാലനാമെവ—
ന്നരുമപ്പന്തുകളായ്ച്ചമഞ്ഞുവോ; 43

ഖരശംബരകണ്ഠശോണിതോൽ—
ക്കരകാശ്മീരമണിഞ്ഞു മേനിയിൽ
വരഭാസ്സെവനദ്വിതീയനായ്
വരണംചെയ്തിതു വീരലക്ഷ്മിയെ; 44

പെരുതുന്നതമാക്കി മന്നിലേ—
തൊരുവൻ കൃഷ്ണകലത്തെ നന്മയാൽ;

Digitized By Kerala Sahitya Akademi

ഗുരുവീര്യനെവൻ ഹലായുധ—
ന്നൊരു രണ്ടാംമദമായിരിപ്പിതോ; 45

ഉലകിന്നൊരു നീലചന്ദ്രനായ്
വിലസുന്നേതു വിശിഷ്ടരൂപനെ
അലർബാണനവാവതാരമായ്
പലരും വാഞ്ഛിവരുന്നു കാണികൾ; 46

സദനസ്മൃതകർമ്മലഭ്യമായ്,
സുദതി, ക്ഷത്രിയമാർ കൊതിപ്പതായ്
അദരോന്നതമായ വീരസൂ—
പദ,മാരാലധിരൂഢയായി നീ; 47

അവനെൻ പ്രിയഭാഗിനേയനെ—
ന്ന,വലേപം ഹൃദി വായ്ച്ചിടുന്നു മേ!
അവനിൽ പ്രതിപത്തി തോന്നിടാ—
ത്തവളല്ലെൻെറ വിനീതയാം മകൾ. 48

ഒരു വീരനു യോഗ്യയല്ല നിൻ—
ഗുരുസോദര്യകുമാരിയെങ്കിലോ,
കരുതില്ലി,വളാൽഗൃഹാശ്രമം
മരുവാക്കാൻ മമ വത്സകന്നു ഞാൻ. 49

ദിവസംപ്രതി മാം വരിപ്പതു—
ണ്ടിവളെബ്ബന്ധുജനങ്ങളിൽച്ചിലർ;
അവരോടു മറുത്തു ചൊല്ല വ—
യ്യിവനെന്നങ്ങറിവുള്ളതല്ലയോ! 50

ഹിതമിങ്ങിതുതാൻ സ്വയംവരാ—
ഗതനായ്, നിന്നെ മുരാരിപോലവേ,
ചിതമോടു ഹരിച്ചിടട്ടെ നിൻ—
സുതനീ 'രുഗ്മവതീ'കുമാരിയെ. 51

ഇതാണു രുഗ്മിക്കൊരപേക്ഷ; വിസ്തരി—
പ്പതാകിലിക്കത്തതിദീർഘമായ്‌വരും;
കൃതാഘനുണ്ടാമനുതാപവാപ്തിനെ—
ബ്ബതാല്പമോർത്താൽ മതി, ബുദ്ധിയുള്ള നീ!'' 52

Digitized By Kerala Sahitya Akademi

ശിഷ്യനും മകനും

1918

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വള്ളത്തോളിന്റെ പുരാണകഥാപാത്രങ്ങൾ

വേദോപനിഷത്തുകൾ ദുർഗ്രഹമാഹാത്മ്യങ്ങളാണ്. അദ്രിസമാനങ്ങളായ അവയിൽനിന്നു നിർഗ്ഗമിച്ചൊഴുകിയ നിർമ്മലനദികളാണ് പുരാണേതിഹാസങ്ങൾ. സ്വച്ഛശീതളങ്ങളായ ആ പുരാണേതിഹാസങ്ങളാണ് ഭാരതീയസംസ്കാരത്തെ നിത്യഹരിതമാക്കി നിലനിർത്തിപ്പോരുന്നതു്. ആർഷചിന്തയുടെ ജനകീയവ്യാഖ്യാനങ്ങളാണ് അവ. ഇന്ത്യയ്ക്കു് ഒരു ജനകീയസംസ്കാരമുണ്ടെങ്കിൽ, രക്തമാംസാദികളുമായി ഇഴുകിച്ചേർന്ന ഒരു ധാർമ്മികബോധമുണ്ടെങ്കിൽ, അതിനെ കരുപ്പിടിപ്പിച്ചതും വളർത്തിയെടുത്തതും പുരാണേതിഹാസങ്ങളാകുന്നു. അതീതകാലത്തെന്നപോലെ ഭാവിയിലും സാധാരണ ഭാരതീയന്റെ ആശാകേന്ദ്രം അവയായിരിക്കും; അവയിൽനിന്നാൾക്കൊള്ളുന്ന ആവേശം അവനു ജീവിതമാർഗ്ഗത്തിൽ കൈത്തിരി കാണിക്കും; അന്തരംഗത്തെ അഭിമാനപൂരിതമാക്കും. അത്രയ്ക്കും പ്രഭാവപൂർണ്ണവും ത്രൈകാലികവുമാണ് പുരാണങ്ങളുടെ അന്തസ്സത്ത.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിലുണ്ടായ ഭാരതീയനവോത്ഥാനത്തിന്റെ പ്രേരകശക്തികളിൽ പ്രമുഖമായ ഒന്നു് പുരാണേതിഹാസങ്ങളിൽനിന്നു സിദ്ധിച്ച ആവേശമായിരുന്നു. നവോത്ഥാനത്തിന്റെ പ്രചാരകന്മാരിൽ പ്രധാനനായ രവീന്ദ്രനാഥടാഗോർ പുരാണകഥാപാത്രങ്ങളെ പുതുരക്തം കലർത്തി പുനഃപ്രകാശനം ചെയ്തു് എത്രയോ കൃതികൾ നിർമ്മിച്ചിട്ടുണ്ടു്! അദ്ദേഹത്തിന്റെ കർണ്ണനും കുന്തിയും, ചിത്രാംഗദ, കചനും ദേവയാനിയും തുടങ്ങിയ പല കൃതികളും ഈ സന്ദർഭത്തിൽ സ്മരണീയങ്ങളാണ്.

മലയാളത്തിൽ നവോത്ഥാനത്തിന്റെ നാന്ദി പാടി രംഗപ്രവേശം ചെയ്ത ആദ്യത്തെ കവി വള്ളത്തോളാകുന്നു. പുരാണങ്ങളുമായി അത്രയേറെ താദാത്മ്യം പ്രാപിച്ച മറ്റൊരു മഹാകവി കേരളത്തിലുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. അദ്ദേഹത്തിന്റെ 'പുരാണങ്ങൾ' എന്ന ഖണ്ഡകൃതി പ്രസ്തുതനിബന്ധങ്ങളുടെ അന്തർമ്മണ്ഡലത്തിലേക്കു നമ്മെ സദൂരം നയിക്കുകയും അവിടെ സൗന്ദര്യബോധത്തിന്റെയും ധർമ്മബോധത്തിന്റെയുമായ ഒരു പുതിയ ലോകം നമുക്കു കാണിച്ചുതരികയും ചെയ്യുന്നു. നിത്യനൂതനമായ ആ സുന്ദരലോകത്തിൽ നാം എന്തെല്ലാം അത്ഭുതദൃശ്യങ്ങളാണു കാണുന്നതു്! 'ചാരിന്നുള്ളടിക്കല്ലു പാത്തുകണ്ടെറിഞ്ഞ' ഭാരതവർഷത്തിലെ ആ പൂർവ്വർഷികൾ ബ്രഹ്മനിശ്ചലധ്യാനം ചെയ്യുന്നതും വിശ്രമവേളകളിൽ

Digitized By Kerala Sahitya Akademi

കവിതാദേവിയുമായി നർമ്മസല്ലാപം നടത്തുന്നതും നെററിത്തടം വിയർക്കുമ്പോൾ വാഗധീശ്വരി അവരെ പോർമുലക്കച്ചത്തുമ്പുകൊണ്ടു വീയുന്നതും എല്ലാം ഒരു ചലച്ചിത്രത്തിലെന്നപോലെ വ്യക്തമായി കാണുന്നു. ആ വാഗ്ദേവിയുടെ കൈത്തണ്ടിൽ ചിന്നിമിന്നിയ വളകളുടെ മധുരക്വാണം നാം കേൾക്കുന്നു. എന്തൊരു ഗന്ധർവ്വലോകമാണു് ആ ഖണ്ഡകൃതിയിലൂടെ മഹാകവി ആസ്വാദകന്മാരുടെ ഭാവനാചക്ഷുസ്സുകളുടെ മുമ്പിൽ തുറന്നിട്ടിരിക്കുന്നതു്!

പുരാണങ്ങളുടെ അന്തസ്സത്തയെ സാക്ഷാൽക്കരിച്ച വള്ളത്തോൾ അവയിലെ രോമാഞ്ചദായകങ്ങളായ സന്ദർഭങ്ങളെയും നിത്യയുവത്വമാർന്ന വ്യക്തികളെയും വ്യാഖ്യാനിക്കുന്നതിലും ചിത്രീകരിക്കുന്നതിലും തന്റെ ശില്പസാമർത്ഥ്യം നിർല്ലോപം വിനിയോഗിച്ചിട്ടുണ്ടു്. ആഖ്യാനോപാഖ്യാനജടിലമായ പുരാണങ്ങളിൽനിന്നു് അവയുടെ സാംസ്കാരികശുദ്ധിക്കു ലോപംതട്ടാതെ സമുചിതസന്ദർഭങ്ങൾ ചികഞ്ഞെടുത്തു് ആധുനികതയുടെ കാററും വെളിച്ചവും കലർത്തി പ്രദർശിപ്പിക്കുവാൻ വള്ളത്തോളിനുള്ള പാടവം ഒന്നു വേറെത്തന്നെയാണു്. അതുപോലെ പാത്രങ്ങളിൽ പുതുരക്തം കലർത്തി അവയിൽ അധുനാതനാദർശങ്ങൾ ഉൾക്കൊള്ളിച്ചു പ്രദർശിപ്പിക്കുവാനും,

'ഗണപതി'യാണു് പുരാണകഥോപജീവിയായ അദ്ദേഹത്തിന്റെ ആദ്യത്തെ ഖണ്ഡകാവ്യം. ചിത്രയോഗമഹാകാവ്യത്തിന്നു് ഒരു 'ഗണപതിക്കുറിപ്പാ'യി സങ്കല്പിച്ചു രചിച്ച പ്രസ്തുത കൃതി അനന്തരകാലകൃതികളെ അപേക്ഷിച്ചു ശില്പസൗഷ്ഠവം മുററിയതല്ലെന്നുള്ളതു ശരിതന്നെ. എങ്കിലും അതിലൂടെ പ്രത്യക്ഷപ്പെടുന്ന ശിവനും പാർവ്വതിയും ഗണപതിയും എത്ര സാധാരണന്മാരായിരിക്കുന്നു! ഒരു കുലീനകുടുംബത്തിലെ പരിഷ്കൃതാശയരായ യുവതീയുവാക്കളുടെമട്ടുണ്ടു് ആ നവവധൂവരന്മാർക്കു്. എന്നാൽ അതേ അവസരത്തിൽത്തന്നെ ആ പുരാണകഥാപാത്രങ്ങളുടെ ദൈവികപരിവേഷത്തിന്നു മങ്ങലേല്പിക്കുന്നതുമില്ല. അതിന്നുമുമ്പു് താൻ ഭക്തിപ്രശ്രയപൂർവ്വം പല ഖണ്ഡകൃതികളിലും സ്തുതിച്ചിട്ടുള്ള ജഗദംബികയാണു്,

> വെണ്ണുതോല്ക്കുമുടലിൽ സുഗന്ധിയാം—
> മെണ്ണതേ,ച്ചുരയിലൊററമുണ്ടുമായ്

മുക്കണ്ണന്നു മിഴികൾക്കു് ഉത്സവമേകി നില്ക്കുന്ന ആ ശീതളാചലകുമാരി എന്നു നാം ഓർക്കണം. ദേവിയുടെ 'പദസരസീരുഹദാസ'നായ കവിക്കു് ആ ആരാദ്ധ്യയുടെ ദൈവികഭാവത്തോടൊപ്പംതന്നെ മാനുഷികഭാവവും സുപരിചിതമാണു്. പുരാണപ്രസിദ്ധമായ ആ പുരാവൃത്തത്തെ എത്ര നാടകീയ

Digitized By Kerala Sahitya Akademi

മായ രീതിയിലാണ് അതിൽ ആവിഷ്കരിച്ചിരിക്കുന്നത്! ചുരുക്കത്തിൽ പറയട്ടെ, പുരാണകഥകളെടുത്തു കൈകാര്യംചെയ്യുമ്പോഴം ഇത്തരം നാടകീയാവിഷ്കരണരീതി വള്ളത്തോൾ സാർവ്വത്രികമായി അംഗീകരിച്ചിരിക്കുന്നതു കാണാം. പുരാണകഥകളുടെ സ്വാഭാവികമായ 'പൂപ്പുചവ' പരിഹരിക്കുന്നതിന്നു് ഈ അവതരണരീതി ഏററവും പ്രയോജനപ്പെടുന്നുണ്ടു്.

ഗണപതിയാണല്ലോ പ്രസ്തുത കാവ്യത്തിലെ പ്രധാന കഥാപാത്രം. കർത്തവ്യത്തിൻെറ മുമ്പിൽ സദാ ജാഗരൂകനായ ആ ഒരു ആദർശധീരനെയാണ് കവി ഗണപതിയിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്. എത്ര പങ്കിലമായ പരിതഃസ്ഥിതിയിൽ ജനിച്ചവനായാലും കർത്തവ്യങ്ങളുടെ മുമ്പിൽ ചൂളുകയോ ചുളുങ്ങുകയോ ചെയ്യാതെ സുധീരം മുന്നോട്ടുപോകുന്നവർക്ക ജീവിതവിജയം കരഗതമാണെന്നു് ആ ആദർശനിഷ്ഠൻ വിളംബരംചെയ്യുന്നു. ഉപനിഷത്തുക്കൾ ഉപദേശിച്ചതും ഭാരതം പിൽക്കാലത്തു പാടേ മറന്നുകളഞ്ഞതുമായ 'ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യവരാൻ നിബോധത,' എന്ന സന്ദേശം നമ്മുടെ നവോത്ഥാനത്തിനു ശക്തിയും വേഗവും വർദ്ധിപ്പിച്ചുവല്ലോ. ഗണപതിയെപ്പോലുള്ള ആദർശനിഷ്ഠന്മാരെ പുരാണങ്ങളുടെ ഈട്ടുവെപ്പിൽനിന്നു പൂപ്പും മാറാലയും തുടച്ചുനീക്കി പ്രദർശിപ്പിച്ചു് വള്ളത്തോൾ മലയാളികളുടെ ജീവിതാന്തരീക്ഷത്തിലും ചലനങ്ങളുളവാക്കി.

മഹാകവിയുടെ അടുത്ത പുരാണകഥാപ്രതിപാദകമായ ഖണ്ഡകാവ്യമത്രേ 'ബന്ധനസ്ഥനായ അനിരുദ്ധൻ.' ശില്പപരമായി ഗണപതിയെക്കാൾ പതിന്മടങ്ങു സൗഷ്ഠവം ഇതിന്നുണ്ടു്. പ്രതിപാദനത്തിൻെറ പ്രത്യക്ഷവത്വത്തിലും ആദർശപ്രചാരണത്തിന്നും ഇതും ഒട്ടും പിന്നണിയിലല്ല.

യുവജനഹൃദയം സ്വതന്ത്രമാ—
ണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ

എന്നു് ആശാൻ പറഞ്ഞതുപോലെ, ഉഷാനിരുദ്ധന്മാരുടെ ന്യായമായ ജന്മാവകാശത്തിന്മേൽ കൈവെച്ച ബാണൻെറ അധാർമ്മികചിത്തവൃത്തിയുടെനേരെ കവണയേറു നടത്തുകയാണ് കവി ഈ കാവ്യത്തിലൂടെ ചെയ്യുന്നതു്. ഇതിലെ നയചതുരനായ കംഭാണ്ഡനം—ബാണൻെറ മന്ത്രി—പ്രേമൈകഹൃദയയായ ഉഷയും തങ്ങളുടെ പൗരാണികസംസ്കാരത്തിന്നു പററാത്തക്ക കോട്ടംതട്ടിക്കാതെത്തന്നെ രൂപത്തിലും ഭാവത്തിലും ഉള്ള പ്രത്യേകതകളെക്കൊണ്ടു് ആസ്വാദകലോകത്തെ ആകർഷിക്കുന്നു; കാമവും പ്രേമവുമായുള്ള അന്തരമറിയാതെ സ്ത്രീജീവിതത്തെക്കൊണ്ടു കണ്ടമാനം കളിയാടിയിരുന്ന ഒരു കാലഘട്ടത്തിൽ ഉഷയുടെ ഉജ്ജ്വലപ്രേമത്തെ ഊന്നാക്കി രചിച്ച

Digitized By Kerala Sahitya Akademi

ഈ ഖണ്ഡകൃതി സ്ത്രീസ്വാതന്ത്ര്യത്തിന്നുവേണ്ടി വിലപേശാൻ സാമൂഹ്യപരിഷ്കർത്താക്കളെ പ്രേരിപ്പിച്ചുവെങ്കിൽ അതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. പഞ്ചുമേനവന്റെ പാരമ്പര്യം പുലർത്തി യിരുന്ന അമ്മാമന്മാരും അച്ഛന്മാരും കേരളക്കരയിൽ അന്നും വിരളമായിരുന്നില്ല. ഉഷയുടെ ന്യായവാദങ്ങൾ അവരെ ഇരുത്തിച്ചിന്തിപ്പിക്കുവാൻ പ്രേരിപ്പിച്ചിരിക്കണം. അത്രമാത്രം പ്രശസ്തമല്ലാത്ത ഒരു പുരാണകഥയെ പശ്ചാത്തലമാക്കി സമുദായത്തിന്നു ചൂടും ചൈതന്യവും നല്കാൻ പര്യാപ്തമായ ഒരു സുന്ദരകാവ്യം മിനഞ്ഞെടുത്ത വള്ളത്തോൾ, കവിതയും കാലവുമായുള്ള അഭേദ്യബന്ധത്തെ അങ്ങേയററത്തോളം മാനിച്ചിരിക്കുന്നു.

ബന്ധനസ്ഥനായ അനിരുദ്ധനേക്കാൾ ഭാവസുന്ദരവും ആദർശബഹുലവുമായ ഒരു ഖണ്ഡകാവ്യമത്രേ ശിഷ്യനും മകനും. നാടകീയതയെസ്സംബന്ധിച്ചേടത്തോളം ഇതു കവിയുടെ മററു മിക്ക ഖണ്ഡകാവ്യങ്ങളേയും അധഃകരിക്കുന്നുണ്ട്.

''ജനകന്റെ പങ്കിനൊരു പൂണുനൂലുമജ്ജനനിക്കു ചേർന്ന പടവില്ല''മുള്ള പരശുരാമനാണ് ഇതിലെ പ്രധാനപാത്രം. ക്ഷാത്രവീര്യവും ബ്രാഹ്മതേജസ്സും സമീചീനമായി സമ്മേളിച്ച പരശുരാമൻ കേരളത്തിന്റെ സജീവപ്രതീകമാണ്. ശ്രീരാമനോട് (അദ്ധ്യാത്മരാമായണം) ''ഞാനൊഴിഞ്ഞുണ്ടോ രാമനിത്രിഭുവനത്തിങ്കൽ?'' എന്നു ചോദിക്കുന്ന ആ ഉദ്ധതനായ പരശുരാമനെവിടെ? ഓരോ പദതലവിന്യസനത്തിലും,

സദഭിജനത, കൃത്യനിഷ്ഠ, ശൗര്യം,
ഹൃദയസമുന്നതി ധൈര്യമെന്നിതെല്ലാം

വിളങ്ങുന്ന ആദർശധീരനും സംസ്കാരസമ്പന്നനുമായ ഈ പരശുരാമൻ എവിടെ? അപ്രതിമപ്രഭാവനായ വായുപോലും നിഭൃതനും വിനീതനുമായിട്ടാണ് അദ്ദേഹത്തെ സമീപിക്കുന്നത്. പരശുരാമനെ കാണുമ്പോൾ, ഇരുവശവുമിരിക്കുവോർ, എഴുന്നേല്ക്കുന്നു; അധ്വഗർ തെരുതെരെ വഴിമാറിക്കൊടുക്കുന്നു. സവിധഗരോട് ഉരിയാടൽ മെല്ലെ എന്നു പറയുന്നു. എന്തു ഗാംഭീര്യം! എന്തു പൗരുഷം! അല്ലെങ്കിൽ ചെന്തീപ്പൊരി ചിതറുന്ന അദ്ദേഹത്തിന്റെ വെണ്മഴു കാണുമ്പോൾ ആരുതന്നെ നടുങ്ങിപ്പോകില്ല?

ഇന്ത്യയ്ക്കു ഇന്നു ഉരുക്കുകൊണ്ടുള്ള ഞരമ്പോടുകൂടിയ മനുഷ്യരാണ് ആവശ്യമെന്നു വിവേകാനന്ദൻ ഒരിക്കൽ പറയുകയുണ്ടായി. അത്തരമൊരു മനുഷ്യന്റെ സജീവചിത്രമാണ് വള്ളത്തോൾ വരച്ചുകാണിച്ച പരശുരാമൻ. ഉപഗുപ്തനെപ്പോലുള്ള വ്യക്തികൾ എന്നും ദുഃഖാത്തമായ ലോകത്തിന്നാവശ്യമാണെങ്കിൽ പരശുരാമനെപ്പോലുള്ള പൗരുഷമൂർത്തികൾ അടിമഭാരത

Digitized By Kerala Sahitya Akademi

ത്തിന്നു് അന്നു് അനിവാര്യമായ ഒരാവശ്യമായിരുന്നു. അദ്ദേഹത്തിന്റെ ആയസസിരകളിൽ പായുന്ന രക്തത്തെപ്പററി മഹാകവി പറയുകയാണു്:

> വല്ലാത്ത ദേവകരം പെട്ടതുവത്തും സഹിപ്പൊ—
> ന്നല്ലായിരുന്നു ഹഹ! ഭാരതപൂർവ്വരക്തം!

ദേവകളുടെ മുഷ്ടപോലും സഹിക്കാത്ത ഭാരതരക്തമുണ്ടോ ഇന്നാട്ടുകാരുടെ സ്വാതന്ത്ര്യതൃഷ്ണയെ അടിച്ചമത്തുന്ന വൈദേശികാധിപത്യത്തെ വിലവെയ്ക്കുന്നു? 'എങ്ങാരു കണ്ടു ഭൃഗുരാമനു പിന്മടക്കം?' എന്നു ചോദിക്കുന്ന കവി കത്തവ്യത്തിൽത്തന്നെ കാലൂന്നി സുധീരം ലക്ഷ്യത്തിലേക്കു കുതിപ്പാൻ നമുക്കു് ആഹ്വാനംനല്കുന്നു.

പരശുരാമൻ സർവ്വജ്ഞനും സമാരാധ്യനുമായ ശിവന്റെ ശിഷ്യനാണെന്ന വസ്തുത നാം ഇവിടെ ഓക്കണം. ശിഷ്യനിൽ സദ്ഭിജ്ഞത, ഹൃദയസമുന്നതി തുടങ്ങിയ സമുൽകൃഷ്ടഗുണങ്ങരം ഇല്ലാഞ്ഞാൽ അതു ഗുരുവിന്നുപോലും അപകഷം വരുത്തിവെച്ചേക്കും. അതിനാലത്രെ അദ്ദേഹത്തെ ഉദ്ധതനാക്കാതെ ഉദാത്തനും ഉൽകൃഷ്ടസംസ്കാരയുക്തനുമാക്കി പ്രദർശിപ്പിച്ചതു്. അദ്ദേഹം ഗീതാകാരന്റെ ഗുണകർമ്മവിഭാഗത്തിന്നനുസരിച്ചു ബ്രാഹ്മണനാണു്; അതേ അവസരത്തിൽത്തന്നെ ക്ഷത്രിയനുമാണു്. ജീവിതവിജയത്തിന്നു ശാന്തത മാത്രം പോരാ, പൗരുഷവും കൂടിയേകഴിയൂ എന്നു പരശുരാമൻ ഉൽബോധിപ്പിക്കുന്നു. എന്നാൽ ഒന്നുണ്ടു്; ശാന്തത പരാജയപ്പെടുന്ന സന്ദർഭത്തിൽ മാത്രമേ പൗരുഷത്തിന്റെ കൂട്ടുപിടിക്കാവൂ.

പരശുരാമനെപ്പോലുള്ള ഒരു പ്രൗഢഹൃദയത്തിന്റെ ഗുരുനാഥനായിരിപ്പാൻ സർവഥാ അർഹനാണു് ഇതിലെ ശിവൻ. അദ്ദേഹത്തിന്റെ ദൈവികപരിവേഷത്തെ കവി ഒട്ടും മറച്ചുപിടിക്കുന്നില്ല. അതേ അവസരത്തിൽത്തന്നെ പ്രാപഞ്ചികബന്ധങ്ങളിലേക്കു പ്രകാശം പ്രസരിപ്പിക്കുന്നുമുണ്ടു്. താൻ ശിഷ്യന്നു കൊടുത്ത കൊടുംകഠാരംകൊണ്ടു് ആയാരം സ്വപുത്രന്റെ (ഗണപതിയുടെ)തന്നെ കൊമ്പു മുറിച്ചു്, ചോരക്കളത്തിൽ ആഴ്ത്തുന്നു. ഒരു പിതാവിന്റെ സമചിത്തത ഭഞ്ജിക്കുവാൻ ഇതിൽപരം എന്തു വേണം? കൃതഘ്നതയ്ക്കു് ഇതിലപ്പുറം ഒരിഞ്ചു മുന്നോട്ടുപോവാൻ വയ്യാ. എന്നിട്ടും ശിവൻ സംയമധനനായിത്തന്നെ നിലകൊള്ളുകയാണു്. ശിഷ്യപ്രതിപത്തിയും പുത്രവാത്സല്യവും തുലാസ്സിൽക്കിടന്നാടുന്നു. സ്വാമിയുടെ ശിഷ്യപ്രതിപത്തി എത്രയുണ്ടെന്നു ഭൂതങ്ങരംക്കു് അസ്സലായറിയാം. അവക്കു് ആ രംഗം കണ്ടു് 'ഹാ! ഹാ!' എന്നു വിലപിപ്പാനേ കഴിഞ്ഞുള്ളു. കവി, വസ്തുതകരം കണ്ടു മനസ്സിലാക്കിയ ശിവനെ ചിത്രീകരിക്കുകയാണു്.

Digitized By Kerala Sahitya Akademi

ശിഷ്യൻ പ്രവർത്തിച്ചതു വീരധർമ്മം!
സുതാംഗവൈകല്യമൊരുഗ്രശല്യം
സർവ്വജ്ഞനെന്നാലുമിതിങ്കൽ ഞായം
തോന്നാഞ്ഞു ചിന്താവശനായ് മഹേശൻ!

പുത്രവാത്സല്യം പരമേശ്വരന്റെ ന്യായബോധത്തെ കളങ്കപങ്കിലമാക്കുന്നില്ല അദ്ദേഹം ഒരു പിതാവാണെന്നുള്ളതു ശരി തന്നെ. എന്നാൽ ഒരു ഗുരു എന്ന നിലയിൽ അദ്ദേഹം അതിലും എത്രയോ സമുന്നതമായ ഒരു മേഖലയിൽ വർത്തിക്കുന്നു. ഗുരുശിഷ്യബന്ധം ഭാരതീയ സംസ്കാരത്തിലെ അതിപ്രധാനമായ ഒരു ഘടകമാണ്. ആയിരക്കണക്കിലുള്ള അന്തേവാസികളെ പുത്രാധികവാത്സല്യത്തോടുകൂടി ലോകഹിതത്തിനുവേണ്ടി വളർത്തിക്കൊണ്ടുപോരികയും സംസ്കാരപ്രചാരകന്മാരായി തിരിച്ചയയ്ക്കുകയുംചെയ്യു ഒരു പാരമ്പര്യമാണ് പുരാതനഭാരതത്തിലെ ആചാര്യന്മാർക്കും ഗുരുകുലങ്ങൾക്കുമുള്ളതു്. വികാരത്തിനുപരിയായി വിചാരത്തെ പ്രതിഷ്ഠിച്ചുപോന്ന ആ പാരമ്പര്യത്തിൽനിന്നു ശിവൻമാത്രം വ്യതിചലിക്കുന്നതെങ്ങനെ?

സ്ത്രീ, പുരുഷനേക്കാളധികം വേഗത്തിൽ വികാരാധീനയാകുന്നു എന്നതു് ഒരു മനശ്ശാസ്ത്രസിദ്ധാന്തമാകുന്നു. ദാരുണമായ ആ രംഗത്തിൽ പാർവ്വതിയുടെ പുത്രവാത്സല്യം സമചിത്തതയെ തകിടംമറിക്കുന്നു. അവൾ പെട്ടെന്നു് ആരിലുംമീതെ ഒരു 'അമ്മ'യായി മാറുകയാണ്! 'അപത്യവത്സല്യമേ, വശിയും വശഗൻ തേ' എന്നാണു് വള്ളത്തോളിന്റെ ന്യായം. ഇവിടെ പാർവ്വതിയെ അവതരിപ്പിച്ചതിൽ കവി കാണിച്ച കൈവിരുതു് അത്ഭുതാവഹമാണ്. 'ഇടത്തുകൈയാലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി ജ്വലിച്ച കൺകൊണ്ടു പാർശ്വസ്ഥനായ പതിയെ ഒരുനോക്കു' നോക്കി നില്ക്കുന്ന ആ പാർവതി അപത്യവാത്സല്യത്തിന്റെ അപ്രതിമപ്രതീകമല്ലാതെ മററാരുമല്ല. അവളെപ്പോലെ ഭാവസ്ഫൂർത്തി മുററിയ കഥാപാത്രങ്ങൾ മലയാളത്തിൽ വളരെയധികമില്ല. വികാരാധിക്യം കൊണ്ടു വിറളിയെടുത്ത ആ മാതാവു പരിഹാസപൂർവ്വം പറയുകയാണ്:

മകൻ പരിക്കേററു കിടക്കിലെന്തു!
മഹാരഥൻ ശിഷ്യനടക്കലില്ലേ?
രാമൻ ജഗത്സത്തമനാണുപോലും
വിദ്യാർപ്പണം പാത്രമറിഞ്ഞു വേണം.

എന്തു പരുഷമായ പരിഹാസം! ഈ പരിഹാസത്തിന്റെ നാരാചമുനയേററു്, ശിവനിൽ പ്രാപഞ്ചികബന്ധങ്ങൾ വല്ലതുമു

Digitized By Kerala Sahitya Akademi

ണ്ടെങ്കിൽ, അദ്ദേഹത്തിന്റെ അസ്ഥിബന്ധങ്ങൾ തകൻ്റു തരി പ്പണമായിരിക്കണം.

വികാരവിക്ഷുബ്ധമായ ആ അന്തരീക്ഷത്തെ പ്രശാന്തസുന്ദരമാക്കാൻ വിശ്വപ്രേമത്തിന്റെ വിജയവൈജയന്തികയുമേന്തിയണയുന്ന രാധാകൃഷ്ണന്മാൎക്കുമാത്രമേ കഴിയുന്നുള്ളു—അല്ലെങ്കിൽ, കൃഷ്ണൻ ഗീതോപദേഷ്ടാവും രാധ അദ്ദേഹത്തിന്റെ ധർമ്മദാരങ്ങളുമാണല്ലോ.

പരസ്പരം കുട്ടികൾ കാട്ടകാട്ടിയാ—
ലൊരമ്മയിത്രുസ്സുരിശപ്പെടാവതോ?

എന്ന ചോദ്യത്തിലൂടെ ആ ജഗൽപിതാക്കൾ അവിടെ നടന്നതു വെറും ബാലചാപല്യങ്ങളാണെന്നും പാൎവ്വതിയെപ്പോലുള്ള ഒരമ്മയ്ക്കു ക്ഷോഭിപ്പാൻമാത്രം ഗൗരവമുള്ളതൊന്നുമല്ലെന്നും സമാധാനിപ്പിക്കുന്നു. മാത്രമല്ല, ആ കുലീനശിഷ്യൻ പാൎവ്വതിക്കു ഗൎഭപ്രസവാദിപീഡയേതും കൂടാതെ ലഭിച്ച കുഞ്ഞായതുകൊണ്ടു മററു മക്കളേക്കാൾ സ്നേഹാൎഹനാണെന്നും ഉപദേശിക്കുന്നു. അങ്ങനെ തെല്ലിട കാറും കറുപ്പും കലർന്ന ആ അന്തരീക്ഷം രാധാകൃഷ്ണന്മാരുടെ ആഗമനത്തോടുകൂടി പൂൎവ്വാധികം പ്രസാദപൂൎണ്ണമായി.

പരിചിതപദങ്ങളെക്കൊണ്ടു രാധയെയും കൃഷ്ണനെയും ചിത്രീകരിച്ച കവിയുടെ കൈമിടുക്കു് അത്യസൂയാൎഹമാണു്. മലയാളസാഹിത്യത്തിലെ ഏററവും മികച്ച വാങ്മയചിത്രങ്ങളിൽ ഒന്നത്രേ പ്രകൃതത്തിലെ രാധാകൃഷ്ണന്മാരുടേതു്. രൂപം കൊണ്ടെന്നപോലെ ഭാവംകൊണ്ടും അദ്വിതീയമാണു് ആ ചിത്രം. കൂട്ടത്തിൽ പറയട്ടെ, അമ്പാടിമണിക്കുഞ്ഞിന്റെ അത്യാകൎഷകങ്ങളായ പല ആലേഖ്യങ്ങളും വള്ളത്തോൾക്കവിതകളിൽ കാണാം. ഒരു ചിത്രം, കർമ്മഭൂമിയുടെ പിഞ്ചുകാൽ, അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ, ഭക്തിയും വിഭക്തിയും എന്നീ ലഘുകൃതികൾ നോക്കുക. ശ്രീകൃഷ്ണന്റെ പല പ്രായത്തിലും ഭാവത്തിലുമുള്ള സങ്കല്പചിത്രങ്ങൾ കവിക്കു സുപരിചിതമാണു്. ആ പുരാണകഥാപാത്രത്തിന്റെ അതിവിലോഭനീയമായ സൗന്ദര്യമാണു്, പ്രവൃത്തിയിലും പെരുമാററത്തിലുമുള്ള നിസ്തുല്യസൗന്ദര്യമാണു്, അദ്ദേഹത്തെ കൂടുതൽ ആകൎഷിക്കുന്നതു്. ഈശ്വരപരമായ ഭക്തിക്കു് പലപ്പോഴും ദ്വിതീയസ്ഥാനമേ കൊടുത്തുകാണാറുള്ളു.

ഇനി നാം പ്രവേശിക്കുന്നതു് ശില്പസൗകുമാര്യത്തിൽ ഇതുവരെ പറഞ്ഞ ഖണ്ഡകാവ്യങ്ങളേക്കാൾ മികവും ഊൎജ്ജസ്വലതയുമുള്ള 'അച്ഛനും മകളും' എന്ന കൃതിയിലേക്കാണു്. പുരാണകഥാപാത്രങ്ങളെയാണു് കൈകാര്യംചെയ്യുന്നതെങ്കിലും അതിലെ കഥാവസ്തു തികച്ചും കല്പിതമാകുന്നു. വിശ്വാമിത്ര

Digitized By Kerala Sahitya Akademi

നം ശകുന്തളയും സർവ്വദമനനുമാണു് അതിലെ പാത്രങ്ങൾ. പുരാണകർത്താക്കളിൽ മിക്കവയുടെയും ഭാവനാമുശയിൽക്കൂടി കടന്നു പോരാൻ ഭാഗ്യമുണ്ടായ ഒരു സുപ്രസിദ്ധകഥാപാത്രമത്രേ വിശ്വാമിത്രൻ. വ്യാസന്റെ സങ്കല്പഖനിയിൽ വിളഞ്ഞുണ്ടായ ശകുന്തള, കാളിദാസന്റെ കൈത്തലങ്ങളിൽക്കൂടി കടന്നുവന്നപ്പോൾ, ഉഷസ്സുപോലെ ഉന്മേഷദായിനിയും നിതാന്തസുന്ദരിയുമായിത്തീൎന്നു. ആ രണ്ടു വിശ്വമഹാകവികളും ശകുന്തളയുടെ സൃഷ്ടിയിൽ പിതാവായ, ക്ഷത്രിയനായ, വിശ്വാമിത്രന്റെ സംസ്കാരം അലിയിച്ചുചേൎക്കാൻ ശ്രമിച്ചിട്ടുണ്ടു്. ആശ്രമത്തിൽ വെച്ചു് ആദ്യമായി ദുഷ്ഷന്തനെ കണ്ടപ്പോൾ അവൾക്കുണ്ടാകുന്ന തപോധനവിരോധിയായ വികാരം ആ സംസ്കാരത്തിന്റെ പ്രസ്ഫുരണമാണു്. വള്ളത്തോളിന്റെ ശകുന്തള ഏതിലുംമീതെ സംയമധനനായ കണ്വന്റെ വളൎത്തുപുത്രിയും പതിദേവതയുമാകുന്നു.

പ്രകൃതത്തിലെ വിശ്വാമിത്രൻ, ''ബ്രഹ്മാവെത്തപശ്ശക്ത്യാ വരുത്തിച്ചാരേ നിൎത്തി ബ്രഹ്മൎഷിപദം ബലാൽ'' വാങ്ങിയ ആളാണെന്നു സ്വയം പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിൽ നാം കാണുന്നതു് ജന്മസിദ്ധമായ ക്ഷാത്രസംസ്കാരം തന്നെയാണു്. വികാരവിക്ഷോഭത്തിന്നു പററിയ ഒരു പരിതഃസ്ഥിതിയിലാണു് കവി അദ്ദേഹത്തെ അവതരിപ്പിച്ചിട്ടുള്ളതു്. ശകുന്തളയെ കണ്ടപ്പോൾത്തന്നെ അദ്ദേഹം മേനകയെ അനുസ്മരിക്കുന്നു. വസ്തുസ്ഥിതികളറിഞ്ഞപ്പോൾ ആ ബ്രഹ്മൎഷി അപത്യവാത്സല്യത്തിന്നു വശഗതനാകുന്നു. സ്വപുത്രിയെ ദുഷ്ഷന്തൻ അകാരണമായി പരിത്യജിച്ചുവെന്നറിഞ്ഞപ്പോൾ വിശ്വാമിത്രന്റെ വീരതപസ്വിതയും ആദ്ധ്യാത്മികസംസ്കാരവുമെല്ലാം അസ്തപ്രഭമാവുകയാണു്. ആ സംഹാരരുദ്രാകാരൻ അലറുകയാണു്:

ദുഷ്യന്തനവനാരെന്നാരോമൽക്കുമാരിയെ—
ദുസ്സഹാവമാനത്തിൽ തള്ളിയിട്ടുയിർക്കൊൾവാൻ?

അദ്ദേഹം സ്വന്തം പൌരുഷത്തെപ്പററി അഭിമാനം കൊള്ളുന്നു:

പൌരവൻ കേട്ടിട്ടില്ലേ ത്രിശങ്കുഹരിശ്ചന്ദ്ര—
ന്മാരുടെയനുഭവം കൌശികപ്രഭാവജം?

എന്നു തന്റെ ബാഹുപരാക്രമത്തിന്നു് ഉദാഹരണവും ചൂണ്ടിക്കാണിക്കാതിരിക്കുന്നില്ല. ദ്വേഷം രാഗത്തിന്റെ വിപരീതവികാരമാണെന്ന മനശ്ശാസ്ത്രസിദ്ധാന്തം ശരിയാണെങ്കിൽ, അദ്ദേഹത്തിന്റെ ഉൽക്കടക്രോധത്തിന്റെ മറുവശമായ പുത്രവാത്സല്യം എത്ര അഗാധവും അപ്രതീക്ഷിതവുമാണെന്നു നമുക്കു് അസ്സലായി മനസ്സിലാക്കാം. എന്നാൽ ശകുന്തളാപ്രസവാനന്ത

Digitized By Kerala Sahitya Akademi

രം അവളെയും മേനകയെയും നിർദ്ദയം പരിത്യജിച്ചപ്പോൾ അദമ്യമായ ഈ സ്നേഹബന്ധം എവിടെയായിരുന്നു? മനശ്ശാസ്ത്രജ്ഞന്മാർതന്നെ വേണം ഈ വൈരുദ്ധ്യത്തിന്നു വിലയിരുത്താൻ. ഒരുപക്ഷേ, വളരെക്കാലം അടക്കിയൊതുക്കി മിക്കവാറും ഉപബോധമനസ്സിൻെറ അടിത്തട്ടിൽ മാഞ്ഞുമറഞ്ഞു കിടന്നിരുന്ന പ്രാപഞ്ചികബന്ധസ്മരണകൾ അനുകൂലമായ സാഹചര്യം സിദ്ധിച്ചപ്പോൾ അദമ്യമായ ശക്തിവിശേഷത്തോടെ പ്രവാഹരൂപത്തിൽ പ്രത്യക്ഷപ്പെട്ടതാവാം. ഏതായാലും സർവ്വദമനൻെറ ദർശനത്തിലൂടെയും സമ്പർക്കത്തിലൂടെയും മൃദുലചിത്തവൃത്തികൾക്കു് ഉത്തേജനം സിദ്ധിച്ചശേഷമാണു് കവി വിശ്വാമിത്രനെ ഉൽക്കടവികാരഭരിതനാക്കിയിരിക്കുന്നതെന്ന വസ്തുത നാം ഇവിടെ ഓർക്കുന്നതു നന്നു്. ഗുരുപാദരുടെ ആശ്രമമാണെന്ന വസ്തുതപോലും വിസ്മരിച്ചു ദുഷ്ഷന്തനെ ശപിക്കാൻ പുറപ്പെട്ട ആ വികാരാന്ധനെ ആ സാഹസോദ്യമത്തിൽനിന്നു വിരമിപ്പിച്ച ശകുന്തള ആദ്ധ്യാത്മികചര്യകളുടെയും ആശ്രമസംസ്കാരത്തിൻെറയും ഉജ്ജ്വലപ്രതീകമത്രെ. 'ചിത്രശാലാ' പ്രണേതാവിനെപ്പോലെ 'ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി'യിൽ അഭിമാനംകൊള്ളുന്ന മഹാകവി, ശകുന്തളയെ അത്രയും സംസ്കാരസമ്പന്നയായി പ്രദർശിപ്പിച്ചിരുന്നില്ലെങ്കിലായിരിക്കും നാം അത്ഭുതപ്പെടുക.

തലയെടുപ്പുള്ള ഖണ്ഡകാവ്യങ്ങളിലെ പുരാണകഥാപാത്രങ്ങളെക്കുറിച്ചാണു് ഇതുവരെ ഉപന്യസിച്ചതു്. ഖണ്ഡകാവ്യങ്ങൾക്കു പുറമെ പുരാവൃത്തങ്ങളെ ഉപജീവിച്ചു് എത്രയോ ലഘുകവിതകളും മഹാകവി വിരചിച്ചിട്ടുണ്ടു്. അവയിലും നമുക്കു നിത്യപരിചിതരായ പല പുരാണകഥാപാത്രങ്ങളുടേയും ഭാഗികമോ സമഗ്രമോ ആയ ചിത്രങ്ങൾ കാണാം. ആർഷസൃഷ്ടികളുടെ അന്തസ്സും ആഭിജാത്യവും തികഞ്ഞ അവയ്ക്കു് കുഞ്ചൻനമ്പ്യാരുടെ പാത്രങ്ങളെപ്പോലെ ആദർശകഥാപാത്രങ്ങളുടെ മുമ്പിൽ തലകുനിക്കേണ്ടിവരുന്നില്ല. മുററത്തെ തുളസി, കിളിക്കൊഞ്ചൽ, ഒരു കത്തു് (ഖണ്ഡകാവ്യം) മുതലായവയിലേക്കു വിരൽചൂണ്ടാനല്ലാതെ അവയിൽ ഓരോന്നിനെയുമെടുത്തു വിമർശിപ്പാൻ ഈ അവസരത്തിൽ സൗകര്യം പോരാ.

ഹൈന്ദവപുരാണകഥകളെന്നപോലെ ക്രിസ്തീയവും ഐസ്ലാമികവും ബൗദ്ധവുമായ പുരാവൃത്തങ്ങളും തുല്യമനോഭാവത്തോടെ കൈകാര്യംചെയ്യാൻ വള്ളത്തോളിന്നുള്ള പാടവം ഒന്നു വേറെത്തന്നെയാണു്. പുരാവൃത്തജടിലമായ ബൈബിളിൽ രേഖാമാത്രമായി നാം കണ്ടുമുട്ടുന്ന മഗ്ദലനമറിയം വള്ളത്തോളിൻെറ പ്രതിഭയിൽക്കൂടി പുറത്തുവന്നപ്പോൾ എന്തുമാത്രം കാന്തിത്തഴപ്പാർന്നവളായിരിക്കുന്നു! അവളുടെ ജീവിത

Digitized By Kerala Sahitya Akademi

ത്തിലൂടെ കവി അന്നത്തെ സാമൂഹ്യാന്തരീക്ഷം മുഴുവൻ പ്രകാശിപ്പിച്ചിരിക്കുന്നു.

''തെയ്യാറായുണെന്നൊരുക്തിയാൽ സ്വാഗതം'' ചെയ്ത ശീമോൻെറ 'ഏഴെട്ടുകാശിൻെറ' ഉന്മദത്തുള്ളലും 'ഭാരാട്ടിതക്കെല്ലാമത്താണി'യായ ക്രിസ്തുവിൻെറ ദയാവായ്പും മറിയത്തിൻെറ ആദ്യകാലത്തെ പങ്കിലജീവിതവും പിൽക്കാലത്തെ പശ്ചാത്താപവുമെല്ലാം അന്നത്തെ സാമൂഹ്യഹൃദയത്തിൻെറ പല കോണുകളിലേക്കും നമ്മുടെ ശ്രദ്ധയെ നയിക്കുന്നു. അതുപോലെത്തന്നെ ജാതകം തിരുത്തി, അല്ലാഹ് തുടങ്ങിയ ഐസ്‌ലാമികപുരാവൃത്തങ്ങളെയും പുരസ്കരിച്ചെഴുതിയ കവിതകളും ഈ സന്ദർഭത്തിൽ സംസ്മരണാർഹങ്ങളാണ്. മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള അഗാധജ്ഞാനമാണ് വർത്തമാനകാലത്തെ എന്നപോലെ അതീതകാലത്തെ വ്യക്തികളെയും സന്ദർഭങ്ങളെയുമെടുത്തു കൈകാര്യംചെയ്യുമ്പോഴും വള്ളത്തോളിനെ വിജയലാളിതനാക്കുന്നതു്. വിശ്വാമിത്രനും ശീമോനും പരശുരാമനും എക്കാലത്തു ജീവിച്ചു എന്നതിനെക്കാളേറെ ഏതുവിധത്തിലുള്ള വ്യക്തികളായിരുന്നു എന്നതിലാണ് കവി കാര്യമായും ശ്രദ്ധിക്കുന്നതു്. മാനുഷികവികാരങ്ങൾ എക്കാലത്തും എവിടെയും ഒന്നുപോലാണെന്നു കവിക്കു് അസ്സലായറിയാം. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിൻെറ പുരാണാഖ്യാനങ്ങൾ, പുനരാവർത്തനങ്ങളെന്നതിൽക്കവിഞ്ഞു പുതുമയും ചൈതന്യവുമുള്ളവയായി നിലകൊള്ളുന്നതും.

ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ

Digitized By Kerala Sahitya Akademi

മുഖവുര*

''മിസ്റ്റർ വള്ളത്തോൾ നാരായണമേനോനെ മലയാളവായനക്കാരുമായി ഞാൻ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. അദ്ദേഹം അത്രയും സുപ്രസിദ്ധനാണ്. ഒരനശ്വരകീർത്തിസ്മാരകമായി വാല്മീകിരാമായണം തർജ്ജമകൊണ്ടെന്നപോലെ, ഒരുപോലെ ആസ്വാദ്യങ്ങളായ സ്വതന്ത്രകൃതികൾകൊണ്ടും കേരളത്തിൽ അദ്വിതീയമായ ഒരു പദത്തെ അദ്ദേഹം ആരോഹണംചെയ്തിരിക്കുന്നു. അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിനന്ദിച്ചാദരിക്കുന്ന പൊതുജനങ്ങൾ അഭിമാനകരമായ 'മലയാളിടാഗോർ' എന്ന ബഹുമതിയും, കൊച്ചിമഹാരാജാവ് 'കവിതിലകൻ' എന്ന സ്ഥാനപ്പേരും അദ്ദേഹത്തിന്നു നല്കിയിരിക്കുന്നു.

മലയാളസാഹിത്യത്തിൽ തനിക്കു മാത്രമുള്ള ഒരു സ്ഥാനവിശേഷത്തിൽ മിസ്റ്റർ മേനോൻ ഒന്നകന്നുനില്ക്കുന്നു. രചനയിലുള്ള കൗതുകകരമായ മിനുക്കുപണിയും ഉല്ലേഖങ്ങൾക്കുള്ള കറകളഞ്ഞ സൗകുമാര്യവുമാണ്, അദ്ദേഹത്തിന്റെ കവിതയ്ക്കുള്ള അനന്യസാധാരണമായ ഗുണവൈശിഷ്ട്യം. എന്നല്ല മദ്ധ്യകാലത്തുവെച്ചുണ്ടായ തൊങ്ങൽക്കെട്ടുകളിൽനിന്നു വിടുവിച്ചു മലയാളത്തെ സ്വതന്ത്രമാക്കിത്തീർക്കുവാൻ ഉദ്ദേശിക്കുന്ന നൂതനകവിതാരീതിയുടെ പ്രതിഷ്ഠാപകനും അദ്ദേഹമാണ്.

മിസ്റ്റർ മേനോന്റെ സവിശേഷമായ കവിതാഗുണം മുഴുവനും ഒത്തിട്ടുള്ള ഒന്നാണ് പ്രസ്തുത കൃതി. അപ്രതിഹതമായ പൗരുഷത്തോടുകൂടിയ ആ ക്ഷത്രിയദ്വേഷിയായ പരശുരാമൻ ഗണേശനുമായി യുദ്ധംചെയ്യുന്നതാണ് ഇതിലെ പ്രതിപാദ്യവിഷയം. കഥയുടെ ചുരുക്കം ഇങ്ങനെയാണ്: ശിവന്റെ പ്രിയശിഷ്യനായ രാമൻ തന്റെ ഗുരുവും ഈശ്വരനുമായ ശിവനെ ഒരുദിവസം കാണാൻ ചെന്നു. ആ ദിവ്യമായ സ്ഥലത്തിന്റെ നടവാതില്ക്കൽ എത്തിയപ്പോൾ, ഗണേശൻ, ശിവൻ പള്ളിക്കുറുപ്പായതുകൊണ്ട് ആ സമയത്ത് ആർക്കും സമ്മതംകൂടാതെ അകത്തു കടന്നുകൂടെന്നു പറഞ്ഞു തടഞ്ഞു.

ഹിന്ദുഭവനങ്ങളിൽ ഏതു സമയത്തും ഗുരുനാഥന്നടുക്കലേക്കു കടന്നുചെല്ലുന്നതിന്നു ശിഷ്യൻ അധികാരപ്പെട്ടവനാണ്. ഈ സംഗതിയിന്മേൽ രണ്ടുപേരും ശണ്ഠയായി; ഒടുവിൽ രാമൻ ഗണേശന്റെ ഒരു കൊമ്പു മുറിച്ചുകളഞ്ഞു. ശിവന്റെ പരിവാരങ്ങളുടെ ആർത്തശബ്ദം കേട്ടു ശിവനും അദ്ദേഹത്തിന്റെ

* ഇംഗ്ലീഷിലെഴുതിയതിന്റെ തർജ്ജമ

Digitized By Kerala Sahitya Akademi

പതിയും ആ സ്ഥലത്തെത്തി. ദ്വേഷ്യംവന്ന അമ്മ ഉടനെ ശിഷ്യനെ ശിക്ഷിച്ചേ കഴിയൂ എന്നു ശാഠ്യംപിടിച്ചു. കൈലാസത്തിലെങ്ങും മേഘപടലം അത്രയും ഉരുണ്ടുകൂടി. ഒരു വല്ലാത്ത ലഹളയ്ക്കുള്ള പുറപ്പാടായിത്തീർന്ന ആ സമയത്തു് സംഗതിവശാൽ കൃഷ്ണനും അദ്ദേഹത്തിൻെറ പ്രിയഭാര്യയും അവിടെ എത്തിച്ചേരുകയും, അവരുടെ മാദ്ധ്യസ്ഥ്യത്തിൽ കാര്യം ഭംഗിയായി കലാശിക്കുകയും വെള്ളിമലയിൽ വീണ്ടും കുടുംബസുഖം വിളങ്ങുകയുംചെയ്തു.

ഈ കഥാപ്രതിപാദനത്തിൽ സ്വതവേ മിസ്റ്റർ മേനോൻെറ കവിതയ്ക്കു വിശേഷമായുള്ള എല്ലാ ഉത്തമഗുണങ്ങളും അത്രയും സ്പഷ്ടമായി പ്രകാശിക്കുന്നുണ്ടു്. ഇപ്പോൾ മഹാജനസമക്ഷം അവതരിക്കുന്ന ഇതുപോലെ, ഇത്രയും ശക്തിയിലും ഇത്രയും സ്ഫുടതയോടുകൂടിയും കഥാവിവരണംചെയ്യുന്ന മറ്റൊരു കൃതി മലയാളത്തിലുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ആ യുദ്ധം വർണ്ണിച്ചിട്ടുള്ള ഭാഗം അത്രയും മേലേക്കിടയിലായിട്ടുണ്ടു്. ഒരു മഹാകവിക്കല്ലാതെ മററാർക്കും അതിന്നു ശക്തിയില്ല. പിന്നെ രാധ വന്നതിന്നുശേഷമുള്ള അന്ത്യഭാഗവും അതിലധികം ഹൃദയംഗമമായിരിക്കുന്നു. വർണ്ണനകളിലും അലങ്കാരങ്ങളിലും അനാവശ്യമായി നിറവും വലുപ്പവും കൂട്ടി കൃത്രിമത്വവും വൃഥാസ്ഥൂലതയും ഉണ്ടാക്കിത്തീർക്കാതെ കഴിക്കുന്നേതിലാണു് വാസ്തവത്തിൽ മിസ്റ്റർ മേനോൻെറ ശക്തിയും സാമർത്ഥ്യവുമിരിക്കുന്നതു്. കഴിയുന്നതും ലഹള കുറച്ചു്, സൗമ്യതയോടും സൗകുമാര്യത്തോടും കൂടിയ പദങ്ങളെക്കൊണ്ടും ഉല്ലേഖങ്ങളെക്കൊണ്ടും കവിതാനിർമ്മാണംചെയ്യുന്നതിൽ അദ്ദേഹം വിശേഷേണ നിഷ്കർഷിക്കുന്നുണ്ടു്; കുറഞ്ഞ നിറപ്പകിട്ടിലും, കോമളമായ വികാരവർണ്ണനയിലുമാണു്, അദ്ദേഹത്തിന്നു് അധികം ഇഷ്ടമുള്ളതെന്നു തോന്നുന്നു.

ഇതിലധികം ഈ അവതാരികയെ നീട്ടിക്കൊണ്ടുപോകേണ്ട ആവശ്യമില്ല. ഈ ചെറുകൃതിയെററപ്പി ഹൃദയപൂർവ്വം ശുപാൾചെയ്യുക മാത്രമേ ഇനി എനിക്കു ഭാരമുള്ളു.''

കെ. എം. പണിക്കർ.

Digitized By Kerala Sahitya Akademi

മികവുടയ കുബേരപത്തനത്തിൻ
സുകനകമാകിയ താഴികക്കുടങ്ങൾ,
പകൽ പകുതി കടന്ന ഭാസ്കരൻതൻ
പ്രകടമരീചികളാൽത്തിളങ്ങിമിന്നീ. 1

പല പല മണിമേട രണ്ടുപാട്ടും
വിലസിന തൽപുരരഥ്യയിങ്കലൂടെ,
അലർശരരിപുവിൻമഹാദ്രിതൻ നേ—
ക്കലഘുവിഭാവനൊരന്തണൻ ഗമിച്ചു. 2

സുമഹിതമുനിവേഷനാമവൻതൻ
ഭ്രമരവൃതാംബുജരമ്യമാം മുഖത്തിൽ
വിമലതയൊടുദിച്ചിരുന്നതേറെ—
ശ്ശമഗുണമല്ലൊ,രു വീരലക്ഷ്മിയത്രേ. 3

വരജട, വിവിധാക്ഷമാല, മാന്തോൽ,
മരവുരി, സവ്ശരീരഭസ്മലേപം
പരമിതുകളിലൊന്നിലും മറഞ്ഞീ—
ലുരപെറുമാ യുവതാപസന്റെ ദർപ്പം. 4

മദവൃഷഗതിയാമവന്റെയോരോ
പദതലവിന്യസനത്തിലും വിളങ്ങീ
സദഭിജനത, കൃത്യനിഷ്ഠ, ധൈര്യം,
ഹൃദയസമുന്നതി, ശൗര്യമെന്നിതെല്ലാം. 5

അവിടവിടെ മിഴിച്ചുനോക്കിനിന്നു
വിവിധവിചേഷ്ടിതർ പൗരരപ്പുമാനെ;

---

1. കുബേരപത്തനം = അളക. പ്രകടമരീചികൾ = തെളിഞ്ഞ രശ്മികൾ. കഥ തുടങ്ങുന്ന കാലദേശങ്ങളെ കുറിക്കുന്നു.

2. തൽപുരരഥ്യ = ആ പട്ടണത്തിലെ തെരുവു്. അലഘുവിഭാവൻ = മഹാനുഭാവൻ.

3. സുമഹിതമുനിവേഷൻ = ബഹുമാന്യരായ ഋഷികൾക്കൊത്ത വേഷത്തോടുകൂടിയവൻ. ഭ്രമ....മ്യം = വണ്ടുകൾ ചൂഴന്ന താമരപ്പൂപോലെ സുന്ദരം. നീണ്ടുരുണ്ട താടിയുടെ സ്ഥാനത്താണ് വണ്ടുകൾ. ശമഗുണം = ഋഷികൾക്കു വേണ്ടുന്ന ശാന്തത. വീരലക്ഷ്മി = വീരന്മാർക്കുള്ള മുഖശ്രീ.

4. വിവിധാക്ഷമാല = പലതരം ജപമാല. സവ്... പം = മേലാകവേ ഭസ്മം പൂശിയതു്. മനസ്സമത്തെ സൂചിപ്പിക്കുന്ന ജടാദ്യർഷിലക്ഷണങ്ങളുണ്ടായിരുന്നിട്ടും, അദ്ദേഹത്തിന്റെ വീരദർപ്പം സ്പഷ്ടമായി കാണാമായിരുന്നു.

5. മദവൃഷഗതി = മദിച്ച കാളയെപ്പോലെ നടക്കുന്നവൻ. പദ.. നം = കാൽവെപ്പ്. സദഭിജനത = ആഭിജാത്യം. ഹൃദയസമുന്നതി = മഹാശയത്വം. അദ്ദേഹം ഓരോ അടിവെയ്ക്കുന്നതും ഇപ്പറഞ്ഞ ഗുണങ്ങളെ സൂചിപ്പിച്ചിരുന്നു.

Digitized By Kerala Sahitya Akademi

സവിനയർ ചിലർ, വായ്മറച്ചു കയ്യാൽ
സവിധഗരോടു, 'രിയാടൽ മെല്ലെ'യെന്നാർ. 6

അമലസുഷമനാമവങ്കൽ യക്ഷ-
പ്രമദകൾ സസ്പൃഹവീക്ഷണങ്ങളാലേ
കമലദളവിശാലമാല ചാർത്തി,
സ്വമനസി തദ്വിധപുത്രലബ്ധി നേർന്നു! 7

ഇരുവശവുമിരിക്കവേയൊരെണ്ണീറു,
തെരുതെരെയധ്വഗർ മാറിനിന്നു ദൂരാൽ;
ഒരു ഭയബഹുമാനഭക്തിതിങ്ങി-
ത്തെരുവതു ഹന്ത, നിതാന്തശാന്തമായി. 8

പുകഴളകനന്ദയിൽക്കളിച്ചാ
വികസിതകല്പകപുഷ്പരേണു പൂശി,
അകലുഷസരസീജലസ്ഥസൗഗ-
ന്ധികമണമേന്തിയ ശുദ്ധവായുപോലും 9

പെരികെ നിഭൃതനായൊതുങ്ങിയിട്ടാ-
ണരികിലണഞ്ഞതു തൽസപര്യ ചെയ്‌വാൻ!
പരിഘലഭുജനിവൻ വഹിച്ച ചെന്തീ-
പ്പൊരിചിതറും മഴ കാൺകിലാർ നടുങ്ങാ? (യുഗ്മകം) 10

---

6. വിവിധവിചേഷ്ടിതർ = പല ജോലികളും ചെയ്തിരുന്നവർ. സവിധഗർ = അരികെ നില്ക്കുന്നവർ. പൗരന്മാരുടെ ഭക്തിയെ വ്യഞ്ജിപ്പിക്കുന്നു.

7. അമലസുഷമൻ = നിർമ്മലമായ സൗന്ദര്യശോഭയുള്ളവൻ. പ്രമദകൾ = സ്ത്രീകൾ. ദിവ്യവർഗ്ഗത്തിൽപ്പെട്ട യക്ഷന്മാരത്രേ, അളകയിലെ നിവാസികൾ. സസ്പൃഹവീക്ഷണം = അഭിലാഷത്തെ ദ്യോതിപ്പിക്കുന്ന നോട്ടം. കമലദളം പോലെ വിശാലമായ കണ്ണുകൾകൊണ്ടു നോക്കിയതു മാല ചാർത്തുമ്പോലെ അത്ര മനോഹരമായിരുന്നു. ഒരാരാധനം വ്യഞ്ജിക്കുന്നു. സ്വമനസി = തങ്ങളുടെ മനസ്സിൽ. തദ്വിധപുത്രലബ്ധി = അദ്ദേഹത്തെപ്പോലുള്ള പുത്രനെക്കിട്ടൽ. നിത്യബ്രഹ്മചാരിയും ഉഗ്രതപശ്ശക്തിയുള്ളവനുമായ അദ്ദേഹത്തോടു് അടുക്കവയ്യെങ്കിലും, തൽസദൃശനായ പുത്രനെ ലഭിക്കുന്നതു കുലീനകളായ സ്ത്രീകൾക്കു് അഭിമാനഹേതുവാണു്. ഒരാളെ നിരന്തരം ധ്യാനിച്ചുകൊണ്ടിരുന്നാൽ ഉണ്ടാവുന്ന സന്തതി അയാളെപ്പോലിരിക്കുമെന്നു ശാസ്ത്രം.

8. അധ്വഗർ = വഴിയാത്രക്കാർ. നിതാന്തശാന്തമായി = ഏറ്റവും നിശ്ചലവും നിശ്ശബ്ദവുമായി. രാമന്റെ അപ്രധൃഷ്യത്വം (അടുത്തുകൂടായ്ക) ഇതിൽ സ്പഷ്ടമായി സ്ഫുരിക്കുന്നു.

9, 10. അളകനന്ദ = അളകയിലൂടെ ഒഴുകുന്ന ഗംഗയുടെ ഒരു കൈവഴി. വിക.. ണു = വിരിഞ്ഞ കല്പകവൃക്ഷപ്പൂക്കളുടെ പൊടി. അക...ണം = സരസ്സുകളിലെ തെളിഞ്ഞ വെള്ളത്തിൽ നില്ക്കുന്ന സൗഗന്ധികപ്പൂക്കളുടെ മണം. നിഭൃതൻ = വിനീതൻ. തൽസപര്യ = അദ്ദേഹത്തിന്റെ ശുശ്രൂഷ (മാർഗ്ഗശ്രമം തീർത്തു സുഖിപ്പിക്കൽ). വായുവിന്നു വേണ്ടുന്ന ശൈത്യം, സുഗന്ധം, മാന്ദ്യം എന്നീ ഗുണങ്ങളും ഒരു ഋഷിയെ ശുശ്രൂഷിപ്പാൻ പോകുമ്പോൾ ചെയ്യേണ്ട പ്രവൃത്തികളും ഇതിൽ കാണിക്കുന്നു. ഇതെല്ലാമുണ്ടായിട്ടും വായുവിന്നു ശങ്കതന്നെ! കാററു മന്ദമായി വീശിയിരുന്നതു്, അദ്ദേഹത്തെ പേടിച്ചാണെന്ന കല്പനയെ ദൃഢീകരിക്കുന്നു—പരിഘലഭുജൻ = സാക്ഷപോലുള്ള കൈകളോടുകൂടിയവൻ.

Digitized By Kerala Sahitya Akademi

ശമധനനിവനീ,യരിച്ഛടാസൃ—
ഗ്വിമലിതമായ കഠാരിയാലെയല്ലോ,
സമരചതുരഹേഹയേശബാഹാ—
ച്ഛമതകളായിരമാശു വെട്ടിയിട്ടു! 11

അതേ, മഹാൻ ഭാർഗ്ഗവരാമനാണീ—
സ്സ്വതേജസാ ഭാസുരനാം ദ്വിജേന്ദ്രൻ;
ജിതേന്ദ്രിയൻ ധൂർജ്ജടിദർശനത്തിൽ
ധൃതേച്ഛനായ്പ്പോവുകയാണിദാനീം. 12

രണ്ടു്

ആ മാനുഷർഷഭ,നഗസ്ത്യമുഖാപ്ത'കൃഷ്ണ—
പ്രേമാമൃത'സ്തുതിവശീകൃതരാധികേശൻ,
കാമാരിശിക്ഷിതമഹാസ്ത്ര,നമിത്രദാഹി—
ധാമാവണഞ്ഞിതചിരേണ ഹരാചലത്തിൽ. 1

കൈലാസമേറി, മണിഗോപുരവും കടന്നു,
ശൈലാദിമുഖ്യബഹുമാനിതനാ മുനീന്ദ്രൻ,

---

11. ആ മഴുവിന്റെ മഹത്വം പറയുന്നു: ശമധനൻ = ശമഗുണസമ്പന്നൻ. അരി...തം = ശത്രുസമൂഹത്തിന്റെ ചോരകൊണ്ടു കഴുകി ശുദ്ധമാക്കപ്പെട്ടതു്. കഠാരി = മഴു. സമ...തകൾ = യുദ്ധസമർത്ഥനായ കാർത്തവീര്യാർജ്ജുനന്റെ കൈകളാകുന്ന ചമതകൾ. ചമത വെട്ടാൻ ശുദ്ധമായ ആയുധം വേണമല്ലോ. ഒരു ഋഷിക്കുചിതമായി കൈകളെ ചമതയാക്കി രൂപണം ചെയ്തു്, അവയെ മുറിക്കുന്നതിലുള്ള നിഷ്പ്രയാസത്വത്തെ വ്യഞ്ജിപ്പിക്കുന്നു. 'ആയിരം' എന്നു വേറെ പറഞ്ഞതു് ആശ്ചര്യത്തെ ദ്യോതിപ്പിക്കുന്നു.

12. അതേ,—ഇതു കവിക്കു് അദ്ദേഹത്തിന്റെ പേർ പറയുന്നതിലുള്ള അഭിമാനബഹുമാനാദിയെ സൂചിപ്പിക്കുന്നു. സ്വതേ...സുരൻ = നല്ല തേജസ്സുകൊണ്ടു തിളങ്ങുന്നവൻ. ധൂർജ്ജടി = ശിവൻ. ധൃതേച്ഛൻ = ഇച്ഛ പൂണ്ടവൻ. ഈ ഖണ്ഡത്തിൽ, രാമന്റെ കൂസലില്ലായ്മ തുടങ്ങിയ ഉൽകൃഷ്ടഗുണങ്ങളെ അവലംബിച്ചു കാണുന്നവർക്കുണ്ടായ ഭയബഹുമാനഭക്തിഭാവങ്ങളും, മിഴിച്ചുനില്ക്കൽ മുതലായ അനുഭവങ്ങളെക്കൊണ്ടു വ്യഞ്ജിപ്പിക്കപ്പെടുന്നു.

രണ്ടു്

1. മാനുഷർഷഭൻ = പുരുഷശ്രേഷ്ഠൻ. അഗ...ശൻ = വളരെക്കാലം തപസ്സുചെയ്തിട്ടും തപസ്സിദ്ധി വരായ്കയാൽ അഗസ്ത്യന്റെ അടുത്തുചെന്നു് അദ്ദേഹത്തിന്റെ മുഖത്തുനിന്നു കിട്ടിയ 'കൃഷ്ണപ്രേമാമൃതം' എന്ന സ്തോത്രം ഉരുക്കഴിച്ചു സിദ്ധിവരുത്തി, അതുകൊണ്ടു് രാധാകൃഷ്ണന്മാരെ വശീകരിച്ചവൻ. ഇതു പുരാണപ്രസിദ്ധം. ഈ വിശേഷണത്തിന്റെ പ്രയോജനം മേലിൽ കാണാം. കാമാ...സ്ത്രൻ = ശിവങ്കൽനിന്നു ദിവ്യാസ്ത്രങ്ങൾ പഠിച്ചവൻ. അമിത്രദാഹിധാമാവു് = ശത്രുക്കളെ ദഹിപ്പിക്കുന്നതായ ധാമം (തേജസ്സ്, ശക്തി) ഉള്ളവൻ. ശത്രുക്കളെ ദഹിപ്പിപ്പാൻ പഠിച്ചതും കാമാരിയിൽ(കാമനെ ദഹിപ്പിച്ചവനിൽ)നിന്നായിരിക്കുമോ? അചിരേണ = ഉടനെ. ഹരാചലം = കൈലാസം.

Digitized By Kerala Sahitya Akademi

വെയ്ലാർന്നിടാത്ത വടമൂലതലേ വിളങ്ങും
ശൈലാത്മജാമരണകേളിഗൃഹത്തിലെത്തീ. 2

ശ്രീരത്നവേദിയിൽ വലത്തുമിടത്തുമായ്ത്ത-
ദ്ദ്വാരസ്ഥലത്തിരുവർ കാവലിനുണ്ടിരിപ്പൂ,
ഹേരംബനും ഗുഹനുമാമവരെപ്പണിഞ്ഞ-
ദ്ധീരൻ നടന്നു സദനത്തിനകത്തു പൂകാൻ. 3

''എന്തിത്ര വെമ്പ?- ലിഹ തെല്ലിട നില്ക്കു; താത-
നന്തഃപുരേ കിമപി വിശ്രമമേല്ക്കയത്രേ''
ചന്തത്തിലേവമുരചെയ്തു ഗണേശനപ്പോൾ,
തൻതമ്പിയായ്ക്കരുതുമാ ദ്വിജനെത്തടുത്താൻ. 4

''ലീലാരസത്തിനിടയില്ലധുനാ, വിളംബ-
മേലാതുണർത്തുവതിനുണ്ടൊരു കാര്യ''മെന്നായ്,
കാലാരിശിഷ്യനഗജാതനയന്റെ കൈക-
ളാലാഞ്ഞു പുല്ലിയ പിടുത്തമുടൻ വിടുത്തീ. 5

''ഏകാന്തസീമ്നി മരുവും ഗുരുതന്നടുക്കൽ-
പ്പോകാവതോ സഹജ, സമ്മതി കിട്ടിടാതേ?
വൈകാതെയച്ഛനിവിടേക്കെഴുനള്ളു''മെന്നാ
ശ്രീകാർത്തികേയനുമുരച്ചു കരം പിടിച്ചു. 6

എന്നാൽ ദ്വിജന്റെ ചെവിതന്നിലിതൊന്നുമേശീ-
ലെ:–ന്നാ,രു കണ്ടു ഭൃഗുരാമനു പിന്മടക്കം?
ഒന്നാഞ്ഞു തട്ടി നടവാതിലിണക്കു നേരേ
ചെന്നാനകല്മഷനകത്തു കടക്കുവാനായ്. 7

വെമ്പിഗ്ഗമിക്കുമൃഷിതൻ ചുമലിങ്കൽ നീണ്ടു
തുമ്പിക്കരം പുനരണച്ചരുളീ ഗജാസ്യൻ:

---

2. ശൈലാ...തൻ = നന്ദികേശ്വരൻ തുടങ്ങിയവരാൽ ബഹുമാനിക്കപ്പെട്ടവൻ. വടമൂലതലേ = പേരാലിൻ ചുവട്ടിൽ.

3. ശ്രീരത്നവേദി = ശ്രീമത്തും രത്നവുമായ പുറംതിണ്ണ. 'പണിഞ്ഞു' എന്ന അപ്രധാനക്രിയ, അകത്തു പൂകാനുള്ള വെമ്പലിനെ സൂചിപ്പിക്കുന്നു.

4. കിമപി = തെല്ലൊന്ന്. ഗണേശന്റെ വാക്കിൽ വിനോദപരമായ ആജ്ഞാശക്തി സ്ഫുരിച്ചതും അദ്ദേഹത്തെ തടുത്തതും 'തൻതമ്പിയായ്ക്കരുതു'ന്നതുകൊണ്ടാണ്.

5. വിളംബമേലാതെ = താമസംകൂടാതെ. അഗജ = പാർവ്വതി. രാമന്റെ വാക്യത്തിൽ, കാര്യഗൗരവം സ്ഫുരിക്കുന്നു.

6. ഏകാന്തസീമ്നി = നിർജ്ജനസ്ഥലത്ത്. ഇവിടെ സ്കന്ദന്റെ വാക്കു കുറെ മൃദുവാണ്; കൂടാതെ 'ദ്വിജനെ തടുത്തില്ല' 'കരം പിടിച്ചതേ' ഉള്ളൂ.

7. അകല്മഷൻ=പാപഹീനൻ, ദുഷ്ടവിചാരമില്ലാത്തവൻ. അവർ തടയുന്നതു വിനോദത്തിനുവേണ്ടിയാണെന്നു വിചാരിച്ച്, കാര്യഗൗരവം നിമിത്തം അകത്തേക്കായി നടന്നതല്ലാതെ, അവരുടെ വാക്കു നിരസിക്കണമെന്ന ഉദ്ദേശം അദ്ദേഹത്തിനില്ലായിരുന്നു.

Digitized By Kerala Sahitya Akademi

''മുമ്പിൽസ്സുഖേ, തിരുമനസ്സറിയിച്ചിടാതെ,
മുമ്പിൽക്കടന്നണകവയ്യ, വരട്ടെ, നിൽക്കു.'' 8

''എല്ലായ്പ്പൊഴും പ്രണതശിഷ്യനു ദേശികങ്കൽ—
ച്ചെല്ലാം, സ്ഥലം സമയമെന്നിവ നോക്കിടേണ്ടാ!
നില്ലായ്ക പാഴ്ത്തൊഴിലി''നെന്നു നടന്നു വിപ്രൻ;
ചൊല്ലാർന്ന വിഘ്നപതിയേററു വിലക്കി വീണ്ടും. 9

''പോവട്ടെ ഞാൻ വിടു!'' ''വിടില്ല, കടന്നുകൂടാ!''
''ഛീ, വക്രവൃത്തി തുടരുന്നതു രാമനോടോ?''
ഏവം വഴക്കു മുറുകി, ദ്വിജദേവർതമ്മിൽ,—
ബദ്ധാവം പകർന്നു പിടിയും വലിയും തുടങ്ങി. 10

പോർവാശിയേറ്റുമവരെ പ്രശമപ്പെടുത്താ—
നാവാഞ്ഞൊഴിഞ്ഞു നിലവായി മയൂരവാഹൻ;
ആ വാഗ്വിവാദത്തുമുലധ്വനി കേട്ടണഞ്ഞ
ശൈവാഗ്ര്യപാർഷദരുമപ്പടി നോക്കിനില്പായ്. 11

ഖർവാംഗനായ് ദ്വിജഭടൻ പിടിവിട്ടൊഴിഞ്ഞാ —
ദ്ദുർവാരമാം നിജപരശ്വധമൊന്നുലച്ചും,
ശർവാത്മജൻ ഝടിതി കാല്ക്കു പിടിച്ചെടുത്ത—
ഗ്ഗർവാഢ്യനെദ്ദിവി ചുഴററി സലീലമായ്ത്താൻ. 12

ഉണ്ണിഗ്ഗണേശ്വരനു പമ്പരമായ്ച്ചമഞ്ഞു
വിണ്ണിൽക്കിടന്നു തിരിയുന്ന മുനിക്കകാണ്ഡേ,
മണ്ണിൻചുവട്ടിലമരും ഭുവനങ്ങളൊക്കുടി—
ക്കണ്ണിൽപ്പതിഞ്ഞു പലവട്ട,മിതെന്തു മായം! 13

8. വെമ്പി...അണച്ച് = ഋഷി കേറ മുമ്പോട്ടു കടന്നതുകൊണ്ടു തുമ്പികൊണ്ടു പിടിക്കേണ്ടിവന്നു. മുമ്പിൽ = മുമ്പേ. 'അണകവയ്യ, വരട്ടെ, നിൽക്കു' എന്ന വാക്യത്തിൽ 'എന്തിത്ര...നില്ല' എന്നതിലേക്കാൾ ആജ്ഞാശക്തി കൂടി.

9. പ്രണതൻ=വിനീതൻ. ദേശികൻ=ഗുരു. 'നില്ലായ്ക പാഴ്ത്തൊഴിലിനു''—ഇതു്, 'ലീലാരസത്തിനിടയില്ല' എന്നതിനേക്കാൾ തീക്ഷ്ണമായി.

10 ഇവിടെയും വാക്കുകൾക്ക് ക്രമേണ തീക്ഷ്ണത കൂടിക്കൂടി വരുന്നു. വക്രവൃത്തി = കൗടില്യം (വഞ്ചനപ്പണി, 'രാമനോടോ?')—രാമൻെറ അപാരമായ ശൗര്യം, പിന്മടക്കമില്ലായ്മ മുതലായവ സ്മരിക്കുന്നു.

11. വാഗ്വി...ധ്വനി = വാക്കേററത്തിലുള്ള വലിയ ശബ്ദം. ശൈവാഗ്ര്യപാർഷദർ = ശിവഗണങ്ങളിൽ പ്രധാനർ.

12. ഖർവാംഗൻ = ഉടൽ കുറുതാക്കിയവൻ. ദ്വിജഭടൻ = രാമൻ. ദുർവാരം = തടുത്തുകൂടാത്ത. പരശ്വധം = മഴു. ശർവാത്മജൻ = ഗണപതി. ദിവി = ആകാശത്തിൽ. സലീലമായ്ത്താൻ = കളിയായ്ത്തന്നെ. രാമനേക്കാൾ ഗണപതിക്കുള്ള ഉൽക്കർഷം ധ്വനിക്കുന്നു.

13. അകാണ്ഡേ=യദൃച്ഛയാ (വിചാരിയാതെ). മഹാഗണപതിയുടെ ദീർഘമായ തുമ്പിക്കൈകൊണ്ടു ചുററിയാൽ, മണ്ണിൻചുവട്ടിലുള്ള ലോകങ്ങളും കാണാറാകുമല്ലോ. അഥവാ ഗണപതി മായകൊണ്ടു് അങ്ങനെ തോന്നിച്ചു എന്നുവരാം. 'ഇതെന്തു മായം!' എന്നു കവി ആശ്ചര്യപ്പെടുന്നു.

Digitized By Kerala Sahitya Akademi

താവൽക്ഷണാലുലകിലൊക്കെയുമൊന്നു ചുററി–
ച്ചാ, വണ്ണ്യപൗരുഷനെ മുൻനിലയിങ്കൽ നിർത്തി;
ദേവൻ മദാപഹരണത്തിനു ചെയ്തതു,ർവീ–
ദേവകൾക്കിഷ്ടഫലമല്ലളവാക്കിവിട്ടു! 14

ഉല്ലാസിതഭ്രുകുടിയായ് ഭൃഗുമുഖ്യനെ,ന്തെ–
ന്നില്ലാത്തൊരീ പ്രഥമമായ പരാഭവത്താൽ;
വല്ലായ്മ ദേവകൾ പെട്ടതുവത്രം ക്ഷമിപ്പൊ–
ന്നല്ലായിരുന്നു ഹഹ, ഭാരതപൂർവ്വരക്തം. 15

മൂന്നു്

അശങ്കമാ മാനി വൃഷാങ്കശിഷ്യ–
നമർഷവേഗത്തിനധീനനായി,
അച്ഛൻ കൊടുത്തോരു കൊടുംകുഠാരം
മകൻെറ നേർക്കക്ഷണമാഞ്ഞുവിട്ടു. 1

രാമായുധം ഭീമസുതൻെറ വാമ–
ഗണ്ഡസ്ഥലത്തിൽ സഹസാ പതിച്ചു;
അക്കുംഭിവക്ത്രൻെറയിടത്തുകൊമ്പോ,
നിർഗ്ഘാതഘോരാരവമായ് നിലത്തും. 2

അക്കൊമ്പു, ചെമ്മണ്ണടിയിൽക്കിളർന്ന
കൈലാസശൃംഗങ്ങളിലൊന്നിനൊപ്പം,
കടയ്ക്കു രക്താങ്കിതമായി വീഴ്കെ
ബ്രഹ്മാണ്ഡമൊട്ടുക്കൊരു ഞെട്ടൽ ഞെട്ടി. 3

---

14. താവൽക്ഷണാൽ = അത്ര്യം കുറച്ചുനേരംകൊണ്ടു്. വണ്ണ്യപൗരുഷൻ = പ്രശംസാർഹമായ പൗരുഷമുള്ളവൻ. മദാപഹരണത്തിനു് = ഗർവ്വു കളയാൻ വേണ്ടി. ഇഷ്ടഫലം—ഗർവ്വനാശം.

15. ഉല്ലാസിതഭ്രുകുടി = പുരികം വളച്ചവൻ. പ്രഥമമായ പരാഭവം = ഇന്നാദ്യമായി വന്നുകൂടിയ തോല്‌വി. ഭാരതപൂർവ്വരക്തം—പുരാതനഭാരതീയർ എന്നർത്ഥം. ഇന്നത്തെ ഭാരതീയരുടെ അവസ്ഥയോ, 'ഹഹ!' ഈ ഖണ്ഡത്തിൽ, ഗണപതിയുടെ വിനോദം വാശി എന്നിവ മൂലവും കാര്യഹാനിനിമിത്തവും ഉണ്ടായ രാമദർപ്പം, പ്രഥമമായ പരാഭവത്താൽ രൗദ്രരസസ്ഥായിയായി ക്രോധമായിപ്പരിണമിച്ചു സാഹസോന്മുഖമായ്ത്തീരുന്നു.

മൂന്നു്

1. മാനി = സ്വാഭിമാനമുള്ളവൻ. അമർഷവേഗം = ക്രോധത്തിൻെറ തള്ളിച്ച. ഉത്തരാർദ്ധത്തിൽ രാമൻെറ അവിവേകവും സാഹസവും സൂചിപ്പിക്കപ്പെടുന്നു.

2. ഭീമൻ = ശിവൻ. വാമഗണ്ഡസ്ഥലം = ഇടത്തെ കവിൾത്തടം. നിർഗ്ഘാതഘോരാരവമായ് = ഇടിപോലെ ഘോരമായ ശബ്ദത്തോടെ. മഴു കവിൾത്തടത്തിൽ വീഴലും, കൊമ്പു താഴത്തു വീഴലും ഒപ്പം കഴിഞ്ഞു!

3 രക്താങ്കിതം = ചോര പുരണ്ടതു്. 'ഒരു ഞെട്ടൽ ഞെട്ടി'—അവാച്യമായ ഭയം വ്യഞ്ജിക്കുന്നു.

Digitized By Kerala Sahitya Akademi

പാടേ നരച്ചുള്ള ശിരസ്സു പൊക്കി
നോക്കുന്ന ഗൗരീഗുരുവാം ഗിരീന്ദ്രൻ,
ദൗഹിത്രനേല്ക്കും ദുരവസ്ഥയിങ്കൽ-
പ്പകച്ചുനില്ക്കുന്നതുപോലെ കാണായ്. 4

കൈലാസശൈലേ കനകാഭിഷേകം
കഴിച്ചുനിന്നീടിന കർമ്മസാക്ഷി,
കാണാവതല്ലിത്തൊഴിലെന്നു,കാണ്ഡേ
കാർകൊണ്ടലിൻ മൂടലിലായ് മുഹൂർത്തം! 5

കപോലഭിത്തിക്ഷതശോണിതത്താൽ
കാശ്മീരകം ചാർത്തിയ കുഞ്ജരാസ്യൻ,
അന്തിച്ചുകപ്പേശിയ ശാരദാഭ്രം-
പോലേ വിളങ്ങീ സ്ഫടികാവദാതൻ. 6

സ്കന്ദൻ തദാ പുഞ്ചിരിയിട്ടു; നന്ദി
കൺ ചിമ്മി; വീശീ ഗദ വീരഭദ്രൻ;
വീർപ്പൊന്നു വിട്ടു ഗുരു; കൈ തിരുമ്മീ
കുണ്ഡോദരൻ; നാവുകടിച്ചു ചണ്ഡൻ. 7

കരുത്തരെന്നാലുമൃഷീന്ദ്രനോടു
കയർത്തതില്ലീശ്വരപാർഷദന്മാർ;
സ്വാമിക്കു ശിഷ്യപ്രതിപത്തിയെത്ര-
യ്ക്കാണെന്നതിങ്ങാരറിയാതെയുള്ളൂ? 8

ക്ഷണാൽ ഗണങ്ങൾക്കിടയിൽപ്പടർന്ന
ഹാഹാപ്രണാദം ദിവി ചെന്നലച്ചു,

---

4 പാടേ നരച്ചുള്ള ശിരസ്സ് = പൗരാണികകുലശൈലവും അത്യുന്നതവുമായ ഹിമവാന്റെ മഞ്ഞു പരന്ന വെളുത്ത മുകൾഭാഗത്തെ, തലമുടിയൊക്കെ നരച്ച ഒരു വൃദ്ധൻ ശിരസ്സുയർത്തി നോക്കുന്നതായി കല്പിച്ചിരിക്കുന്നു. ഗൗരീഗുരു= പാർവ്വതിയുടെ പിതാവ്. ദൗഹിത്രൻ = മകളുടെ മകൻ.

5. അസ്തോന്മുഖനായ കർമ്മസാക്ഷിയുടെ (സൂര്യന്റെ) ചെങ്കതിർ വ്യാപിച്ചതിനെ കനകാഭിഷേകമായി അധ്യവസായംചെയ്യുന്നു. മുഹൂർത്തം = കുറച്ചുനേരം—തൽക്കാലം ഒന്നു മറച്ചു.

6. കപോ...ത്തം = കവിൾത്തടം മുറിഞ്ഞൊഴുകുന്ന ചോര. കാശ്മീരകം = കുങ്കുമം. ശാരദാഭ്രം = ശരൽക്കാലത്തെ (വെളുത്ത) മേഘം. സ്ഫടികാവദാതൻ = സ്ഫടികംപോലെ വെളുത്തവൻ. കുങ്കുമം ചാർത്തുന്നതു ഗണേശ്വരനു പ്രധാനമാണ്! സഹോദരസ്നേഹമേറിയ ഗണേശ്വരനു രാമൻമൂലമുണ്ടായ ഈ രക്തപ്രവാഹം കുങ്കുമം ചാർത്തലായിട്ടേ തോന്നിയുള്ളു!

7. സ്കന്ദൻ പുഞ്ചിരിയിട്ടതു സംഭാവ്യതയുടെ ഗതിവൈചിത്ര്യം ഓർത്തിട്ടാണ്; ഇതു മേലിൽ സ്പഷ്ടം. വൃദ്ധനായ നന്ദികേശ്വരൻ ചിന്തനിമിത്തം കൺ ചിമ്മി. ഉഗ്രമൂർത്തിയായ വീരഭദ്രനു കോപം ജനിച്ചു. ഗുരുവിനുണ്ടായതു വ്യസനമാണ്; കുണ്ഡോദരനു ക്ഷമയില്ലാതായി. ചണ്ഡൻ ആശ്ചര്യഭരിതനായി.

8 സ്വാമി = ശിവൻ. ശിഷ്യപ്രതിപത്തി = ശിഷ്യനിലുള്ള സ്നേഹം. തെററുചെയ്താലും രാമനോടെതിർക്കുന്നതു സ്വാമിക്ക് ഇഷ്ടമാകയില്ലെന്ന് എല്ലാവർക്കും അറിയാം.

Digitized By Kerala Sahitya Akademi

ഇങ്ങോട്ടെഴുന്നള്ളി വിനായകന്റെ
പിതാക്കൾ,നിശ്ശേഷജഗൽപിതാക്കൾ. 9

കൊമ്പൊന്നു പോയ്ച്ചോരയിലാണ്ടു നില്ക്കും
ഗജാസ്യനെക്കണ്ടതിസംഭ്രമത്താൽ,
'എന്തെ,ന്തിതെ'ന്നീശ്വരപത്നി പാഞ്ഞു–
ചെന്നങ്ങെടുത്തങ്കതലത്തിൽ വെച്ചു. 10

തൃക്കാല്ക്കൽ വീണീടിന ശിഷ്യനേയും
കൃത്താംഗനായ്ത്തീർന്ന തനൂജനേയും,
കാരുണ്യവാത്സല്യകഷായമായ
കണ്ണാൽ നിരീക്ഷിച്ചു കലേശചൂഡൻ. 11

ആൾക്കാരുമായ് ഗൗരി പരിക്കപെട്ട
പുത്രന്നു വേണ്ടും പരിചര്യചെയ്കെ,
അഭിജ്ഞനാം ഷൺമുഖനച്ഛനമ്മ–
മാരെ ഗ്രഹിപ്പിച്ചു നടന്നതെല്ലാം. 12

ഉടൻ മഹാദേവി,യിടത്തുകയ്യാ–
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി,
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി,–
പ്പാർശ്വസ്ഥനാകും പതിയോടുരച്ചു: 13

''കിട്ടീലയോ ദക്ഷിണ വേണ്ടുവോളം,
വിശിഷ്ടനാം ശിഷ്യനിൽനിന്നിദാനീം;
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി–
യെന്നാലതും നല്കിയനുഗ്രഹിക്കാം! 14

---

9. ഹാഹാപ്രണാദം = 'ഹാ, ഹാ!' ശബ്ദം. നിശ്ശേഷജഗൽപിതാക്കൾ = എല്ലാ ലോകത്തിന്റെയും അച്ഛനമ്മമാർ ഈ 'എടുത്തുപറയൽ' കവിയുടെ ഭക്തിഭാവത്തെ ദ്യോതിപ്പിക്കുന്നു.

10. 'എന്തെന്തിതെ'ന്നീ' 'പാഞ്ഞുചെന്നു'—ദേവിയുടെ അതിസംഭ്രമം, വാത്സല്യം, ദുഃഖം എന്നിവ വ്യഞ്ജിക്കുന്നു.

11. കൃത്താംഗൻ = അംഗം മുറിക്കപ്പെട്ടവൻ. കാരു...യം = ശിഷ്യസ്നേഹം പുത്രവാത്സല്യം എന്നിവ ഇടകലർന്നു്. കലേശചൂഡൻ = ശിവൻ. ശിഷ്യന്റെ വ്യാകുലതയും പുത്രന്റെ ദുരവസ്ഥയും കാരുണ്യവാത്സല്യങ്ങളെ ഉദ്ദീപിപ്പിച്ചു.

12. അഭിജ്ഞൻ = അറിവുള്ളവൻ. തത്സമയം ഉണ്ടായിരുന്ന സ്കന്ദൻ, സംഭ്രമമോ ദേഷ്യമോ ഇല്ലാതെ, നടന്ന സംഗതി നിഷ്പക്ഷപാതമായി പറഞ്ഞുകേൾപ്പിച്ചു എന്നു വ്യഞ്ജിക്കുന്നു.

13. ഇടത്തു...ക്കി = സംഭ്രമത്തോടെ പുത്രനെ ശുശ്രൂഷിച്ചതിൽ തലമുടി അഴിഞ്ഞു പിന്നി; അതു് ഇടംകൈകൊണ്ടു് ഒന്നൊതുക്കുകമാത്രം ചെയ്തു. പാർശ്വസ്ഥൻ = അരികെ നില്ക്കുന്നവൻ. 'ജ്വലിച്ച...നോക്കി'—ദേവിയുടെ അമർഷം വ്യഞ്ജിക്കുന്നു.

14. അവിനീതനായ ശിഷ്യനിൽ നിന്നു പരാഭവം വന്നതിനെ, നേരമറിച്ചു്, 'വിശിഷ്ടനാം ശിഷ്യനിൽനിന്നു ദക്ഷിണ കിട്ടി!' യതായി പറയുന്നതുകൊണ്ടു് ഇതിൽ വിപരീതലക്ഷണയാണു്; ഈ വിധം അടുത്ത പദ്യങ്ങളിലും.

Digitized By Kerala Sahitya Akademi

മകൻ പരിക്കേററു മരിക്കിലെന്തു,
മഹാരഥൻ ശിഷ്യനടക്കലില്ലേ!
'രാമൻ ജഗൽസത്തമനാണ'പോലും!
വിദ്യാർപ്പണം പാത്രമറിഞ്ഞുവേണം! 15

'തായ്' തീക്ഷ്ണവാൻ തക്കൊരു നല്ല കൊമ്പു
യാതൊന്നിൽനിന്നോ മഴുവിന്നു കിട്ടി,
അശ്ശാഖിയെത്തന്നെയതാശു വെട്ടി
വീഴ്ത്തുന്നു കാർത്തജ്ഞവിജൃംഭിതത്താൽ.'' 16

എന്തൊക്കെയോ ഹന്ത, കഥിച്ചു വീണ്ടും
സുതാംഗഭംഗാർദ്ദിതയായ ദേവി;
ഭർത്താവതിന്നുത്തരമൊന്നുമോതീ—
ല്ല;—ൽകണ്ഠ പാർശ്വസ്ഥിതർ പാഴിലേന്തി! 17

ശിഷ്യൻ പ്രവർത്തിച്ചതു വീരധർമ്മം,
സുതാംഗവൈകല്യമൊരുഗ്രശല്യം—
സർവ്വജ്ഞനെന്നാലുമിതിങ്കൽ ഞായം
തോന്നാഞ്ഞു ചിന്താവശനായ് മഹേശൻ. 18

---

15. ''രാമൻ ജഗൽസത്തമൻ—ലോകത്തിൽവെച്ച് ഏറ്റവും ഉൽകൃഷ്ടൻ—ആണ്''' എന്നു മഹാദേവൻ പലപ്പോഴും പറയാറുണ്ട്. അർപ്പണം = കൊടുക്കൽ; ആർക്കു കൊടുക്കുന്നുവോ, ആ ആൾ.

16. തായ് = മഴുവിന്റെ പിടി. ശാഖി = മരം. കാർത്തജ്ഞവിജൃംഭിതം = കൃതജ്ഞത(ഉപകാരസ്മരണ)യുടെ മുഴപ്പ്; ഇതിൽ അപ്രസ്തുതപ്രശംസാലങ്കാരം. ഈ പദ്യങ്ങളിൽനിന്ന് ദേവിക്ക്, ദുർവ്വിനീതനായ ശിഷ്യന്നു ദിവ്യായുധം കൊടുത്ത ഭർത്താവിന്റെ നിശ്ചലസ്ഥിതിയിലുള്ള അസൂയ, അദ്ദേഹത്തിന്റെ ശിഷ്യബഹുമാനത്തെക്കുറിച്ചുള്ള അവജ്ഞ, രാമന്റെ പ്രവൃത്തിയിലുള്ള വെറുപ്പ് മുതലായവ, കാന്താനുരാഗത്തിന്നും ഭർത്തൃശിഷ്യസ്നേഹത്തിന്നും ഉടവുതട്ടാത്ത വിധം വ്യഞ്ജിക്കുന്നു.

17. സുതാം...ർദ്ദിത = പുത്രന്നു വന്ന അംഗഭംഗം നിമിത്തം ദുഃഖിക്കുന്നവൾ. ഉൽക്കണ്ഠ...ന്തി!—സ്വാമി ഇതിന്നുത്തരം പറയുന്നതു കേൾപ്പാൻ അടുത്തു നിന്നവർ ആഗ്രഹിച്ചതു വെറുതെയായി!

18. ശിവൻ മിണ്ടാതിരിക്കുവാനുള്ള കാരണം: ഉഗ്രശല്യം = ഉഗ്രമായ വേദനയുണ്ടാക്കുന്നതു്. ചിന്താവശൻ = ആലോചനയ്ക്കധീനൻ. ഈ ഖണ്ഡത്തിൽ ഓരോരുത്തന്റെയും വികാരം ഓരോ വിധമാണ്. ഉൽക്കടവും നാനാപ്രകാരവുമായ വികാരം പാർവതിക്കാണ്. ആകപ്പാടെ കൈലാസം ഒരു വ്യാകുലാവസ്ഥയിലായിരിക്കുന്നു.

Digitized By Kerala Sahitya Akademi

നാല്

നിമേഷമഞ്ചാറിനിടയ്ക്കു,മംഗള-
പ്രമേയമാ രംഗമതാ മറഞ്ഞുപോയ്!
ക്രമേണ സംഗീതമരന്ദസാന്ദ്രമാ-
യുമേശശൈലോപരി വായുമണ്ഡലം. 1

അയത്നസിദ്ധോത്തമമാധുരിത്തഴ-
പ്പിയന്നൊരോമന്മുരളീരവാമൃതം;
ലയത്തിനാൽ സർവചരാചരങ്ങളും
മയങ്ങുമാറങ്ങു പൊഴിഞ്ഞു മഞ്ജുളം. 2

പുരാണദിവ്യർഷിനിപീതശേഷമ-
ദ്ദുരാപനാദാമൃതമാസ്വദിക്കയാൽ,
ഒരാകലാവസ്ഥയിൽ നമ്മൾ കണ്ടതാം
ഹരാദ്രി ഹർഷൈകവികാരമായ് ക്ഷണാൽ. 3

പ്രമോദരോമാഞ്ചിതയായ്, സുതവ്യഥാ-
വിമോഹമററംബികപോലുമഞ്ജസാ:
നമോ നമസ്തേ ശ്രുതിമാത്രവേദ്യമാ-
മമോഘസംഗീതകലാനുഭാവമേ! 4

ഉടൻ ചെവിക്കെന്നതുപോലെ കണ്ണിനും
കിടച്ചു കൈലാസചരക്കൊരുത്സവം
ഇടംപെടും വാനിലുദാരമോഹനം
പടർന്നുകാണായൊ,രു ദീപ്തിമണ്ഡലം. 5

നാല്

1. നിമേഷം = നിമിഷം. അമംഗളപ്രമേയം = അശുഭമായ സംഭവത്തോടുകൂടിയതു്. സംഗീ...ന്ദ്രം = സംഗീതത്തേൻകുഴമ്പു നിറഞ്ഞതു്. ഉമേ...ലം = കൈലാസത്തിന്റെ മുകളംബ്ഭാഗം. മുകളിൽനിന്നൊരു സംഗീതം കേൾക്കയാൽ കൈലാസത്തിലെ സ്ഥിതിയെല്ലാം മാറിക്കഴിഞ്ഞു.

2. അതുതന്നെ വിവരിക്കുന്നു: അയ...പ്പ്=സ്വഭാവസിദ്ധമായ മികച്ച മാധുര്യത്തിന്റെ തഴപ്പ്. ഓ...തം = മനോഹരമായ ഓടക്കുഴലിന്റെ ശബ്ദമാകുന്ന അമൃതു്. ലയം = സ്വരങ്ങളുടെ ആരോഹാവരോഹക്രമം.

3. പുരാ...ഷം = പുരാതനന്മാരും ദിവ്യന്മാരുമായ ഋഷികൾ ആദ്യം കേട്ടാസ്വദിച്ചതു്. ദുരാ...തം = സാധാരണന്മാർക്കു് ആസ്വദിപ്പാൻ കിട്ടാത്ത ശബ്ദാമൃതം. ഹർഷൈകവികാരം=ആനന്ദം എന്ന ഒരേയൊരു വികാരത്തോടുകൂടിയതു്.

4. പ്രമോദരോമാഞ്ചിത = സന്തോഷത്താൽ കോൾമയിർക്കൊണ്ടവൾ. സുതവ്യഥാവിമോഹം = പുത്രന്റെ വേദനയാലുള്ള വെളിവുകേട്. അഞ്ജസാ = ചിക്കെന്നു്. ഇത്ര വിശിഷ്ടമായ ആ ഗീതത്തെ കവി സ്വയം സ്തുതിക്കുന്നു— ശ്രുതിമാത്രവേദ്യം = കേട്ടുമാത്രം അറിയാവുന്നതു് (പറഞ്ഞറിയിപ്പാൻ കഴിയാത്ത സംഗീതകലയുടെ മാഹാത്മ്യം.)

5. കൈലാസചരർ = കൈലാസത്തിൽ പെരുമാറുന്നവർ. ഉദാരം = ഉൽകൃഷ്ടം. ദീപ്തിമണ്ഡലം = മണ്ഡലാകൃതിയിലുള്ള തേജസ്സ്.

Digitized By Kerala Sahitya Akademi

മുറ്റു ഹർഷാദ്ഭുതസംഭ്രമങ്ങളാൽ
നിറഞ്ഞ ഭൂതങ്ങളും മിഴിച്ചുനില്ക്കവേ,
പറന്നുവന്നാ,പ്പരിദീപ്തമാം മഹ—
സ്സിറങ്ങി ഗൗരീഹരർതൻ നടുക്കിലായ്. 6

ത്രിലോകഭാണ്ഡം നിറയെത്തുളുമ്പുമാ
വിലോചനാസേചനകപ്രദീപ്തിയിൽ
അലോലതേജോമയനഷ്ടമൂർത്തിയും
തുലോമണഞ്ഞൂ ദിനദീപരീതിയെ. 7

ഹരന്റെ ചാരത്തു വിളങ്ങി, സൗമ്യമായ്
നിരർഘസൗഭാഗ്യഗുണാഢിപൂർത്തിയാൽ
പരസ്പരച്ഛേച്ച് തഴച്ച രണ്ടുപേർ:
ഒരദ്ഭുതാത്മാവു,മൊരദ്ഭുതാംഗിയും. 8

വലാഹകശ്യാമളകോമളാംഗനീ
വിലാസി വിദ്യുൽസമഡംബരാംബരൻ,
സുലാല്യവേണുജ്ജ്വലപാണിപല്ലവൻ,
കലാപിബർഹാങ്കിതകമ്രകുന്തളൻ. 9

യുവാവിവൻ കൈക്കു പിടിച്ച തന്വിയോ,
സുവാസിതാശാതടചമ്പകാംഗിയാൾ,
നവാതപോദ്യന്നളിനാസ്യയാൾ, നറും—
പ്രവാളനേർപ്പട്ടടയാട പൂണ്ടവൾ. 10

---

6. മിഴിച്ചുനില്ക്കവേ = അനങ്ങാതെ പകച്ചുനോക്കിക്കൊണ്ടുനില്ക്കെ. 'പറന്നുവന്ന്'—ആ മഹസ്സിന്റെ പക്ഷി(ഗരുഡ)വാഹനത്വം വ്യഞ്ജിക്കുന്നു.

7. ത്രിലോകഭാണ്ഡം = ബ്രഹ്മാണ്ഡം. വിലോ.. പ്തി = എത്ര കണ്ടാലും കണ്ണുകൾക്കു മതിവരാത്ത തേജസ്സ്. അലോലതേജോമയൻ = സുസ്ഥിരതേജസ്വരൂപൻ; അഷ്ടമൂർത്തിയുടെ (ശിവന്റെ) ശരീരമായ എട്ടു മൂർത്തികളിൽ (പഞ്ചഭൂതങ്ങൾ, സൂര്യൻ, ചന്ദ്രൻ, യജമാനൻ) തേജസ്ത്രയവും (സൂര്യൻ, ചന്ദ്രൻ, അഗ്നി) ഉൾപ്പെടുമല്ലോ. ദിനദീപരീതി = പകൽസമയത്തെ വിളക്കിന്റെ അവസ്ഥ.

8. തേജസ്സിന്റെ ഉൽക്കടതയാൽ വ്യക്തിയറിയാതെ ഒരു തേജഃപുഞ്ജംമാത്രമായി വർണ്ണിക്കപ്പെട്ടു അതിൽ രണ്ടാളുണ്ടെന്നു മനസ്സിലായി എന്നു സൂചിപ്പിച്ചുകൊണ്ടു പറയുന്നു. നിര...ർത്തി = വിലയററ സൗഭാഗ്യത്തിന്റെ തികവ്. അദ്ഭുതാത്മാവ് = അദ്ഭുതസ്വരൂപൻ.

9. ക്രമേണ ആ വ്യക്തികളുടെ സ്വരൂപവും മനസ്സിലായിത്തുടങ്ങി. വലാം...ഗൻ = കാർമേഘംപോലെ കറുത്തു സുന്ദരമായ ശരീരത്തോടുകൂടിയവൻ. വിലാസി = വിലാസം (ശൃംഗാരചേഷ്ട) ഉള്ളവൻ—ഇതാണു വിശേഷ്യം. വിദ്യുൽ...രൻ = മിന്നലിന്റെ അഴകുള്ള വസ്ത്രമുടുത്തവൻ (പീതാംബരൻ.) സുലാ...വൻ = ഏത്രയും ഓമനിക്കേണ്ടുന്ന ഓടക്കുഴൽകൊണ്ടു തിളങ്ങുന്ന കൈത്തളിരോടുകൂടിയവൻ. കലാ...ളൻ = മയിൽപ്പീലി ചൂടിയ മനോഹരത്തലമുടിയുള്ളവൻ.

10. കൈക്കു പിടിച്ച = അപ്പോൾ കൈകോർത്തു പിടിച്ചിരുന്ന; വേൾക്കപ്പെട്ട എന്നും. സുവാ...യാൾ = ദിക്കുകളിൽ സുഗന്ധം പരത്തുന്ന ചമ്പകപ്പൂവൊത്ത ശരീരമുള്ളവൾ. നവാ.. യാൾ = ഇളംവെയിലിൽ വിടരുന്ന താമരപ്പൂവൊത്ത മുഖമുള്ളവൾ. പ്രവാളം = പവിഴം.

Digitized By Kerala Sahitya Akademi

കരാഞ്ജലം കൂപ്പി വണങ്ങി വന്ദ്യര-
പ്പുരാണജായാവരരീ യുവാക്കളെ,
'മുരാന്തക, ശ്രീധര, ദേവി, രാധികേ,
വരാം, വരാം, സ്വാഗത'മെന്നു സത്വരം 11

പുരുപ്രഹർഷത്തൊടടുത്തു കൊണ്ടുപോ-
ന്നിരുത്തി മാനിച്ചു മഹാസനങ്ങളിൽ;
കരുന്നുരുക്കാല്ക്കുല വീണു കൂപ്പിനാർ
കരുത്തരീശാത്മജജാമദഗ്ന്യരും. (യുഗ്മകം) 12

ഗുരൂത്തമാന്തഃപുരശാപഭീതിയോ,
പ്രരൂഢസൗഭ്രാത്രവിഭംഗഖേദമോ
ഒരൂർജ്ജിതാസ്വാസ്ഥ്യത ചേർത്തിരിക്കയാൽ
സ്വരൂപവൈവർണ്ണ്യമിയന്ന രാമനെ, 13

ഹ ഹ, പ്രകാമാർദ്രതപൂണ്ടു നോക്കിനാർ
സഹസ്രപത്രായതലോചനങ്ങളാൽ,
മഹർദ്ധിഗോലോകനികേതനത്തിലെ-
ഗ്ഗൃഹസ്ഥരശ്ശാശ്വതദമ്പതീശ്വരർ. (യുഗ്മകം) 14

ത്രിവിക്രമപ്രേയസിയേകദന്തനെ-
സ്സവിത്രിപോലത്രയുമോമനിച്ചുടൻ
പവിത്രപാണിത്തളിർകൊണ്ടവന്റെയ-
ക്കവിൾത്തടം തൊട്ടുതലോടി മെല്ലവേ. 15

ഉണങ്ങി, ഗണ്ഡക്ഷതമായവന്നു തൽ-
ക്ഷണം, ഹൃദന്തക്ഷതമദ്രിമാതിനും;
ഗുണം തികഞ്ഞീടിന രാധതൻ കരം
പ്രണമ്രദേയാമൃതശീതമല്ലയോ? 16

11, 12. ആ പുരാണജായാവരർ (പാർവ്വതീയും ശിവനും) ഇവരാരാണെന്നറിഞ്ഞയുടനേ അതിഥിസൽക്കാരത്തിനാരംഭിച്ചു. പുരുപ്രഹർഷം = വളരെ സന്തോഷം. ഈശാത്മജജാമദഗ്ന്യർ = ശിവന്റെ പുത്രന്മാരും പരശുരാമനും.

13, 14. ഗുരു...തി = ഗുരുശ്രേഷ്ഠന്റെ പത്നി ശപിച്ചേക്കുമോ എന്ന ഭയം. പ്രരൂ..ദഃ = വേരൂന്നിനിന്ന സഹോദരസ്നേഹം മുടിഞ്ഞേക്കുമോ എന്ന വ്യസനം. ഊർജ്ജിതം = ബലവത്തായ. സ്വരൂപവൈവർണ്ണ്യം = ശരീരത്തിനു നിറഭേദം (വിളർപ്പ്). പ്രകാമാർദ്രത = മികച്ച അലിവ്. സഹ...നം = താമരപ്പൂപോലെ നീണ്ട കണ്ണ്. മഹർദ്ധി...നം = ഏററവും സമൃദ്ധിയുള്ള ഗോലോകമാകുന്ന ഗൃഹം. രാധാകൃഷ്ണന്മാർ എന്നും, സർവ്വലോകങ്ങളിലുംവെച്ച് ഉൽകൃഷ്ടമായ ഗോലോകത്തിൽ പാർത്തുവരുന്നു. ശാശ്വതദമ്പതീശ്വരർ = നിത്യന്മാരായ ഉൽകൃഷ്ടദമ്പതികൾ. "കൃഷ്ണപ്രേമാമൃതസ്തുതിവശീകൃതരാധികേശ"നായ രാമൻ, തന്നെ ഈ ദുരവസ്ഥയിൽനിന്നു രക്ഷിപ്പാനായി രാധാകൃഷ്ണന്മാരെ ഉള്ളഴിഞ്ഞു ധ്യാനിച്ചതുകൊണ്ടത്രേ ഇപ്പോൾ ഇവരിവിടെ വന്നതു്.

15. ത്രിവിക്രമപ്രേയസി = രാധ. സവിത്രി = അമ്മ. രാധയുടെ ഈ വാത്സല്യപ്രകടനം പാർവ്വതിക്കു തുലോം ആശ്വാസജനകമാവുമല്ലോ.

16. ഹൃദന്തക്ഷതം = ഹൃദയത്തിലെ മുറി—വേദന എന്നർത്ഥം. ഉണങ്ങി =

Digitized By Kerala Sahitya Akademi

വിളിപ്പെട്ടും ഗോകുലറാണിയുൾക്കളെും
കളിത്ത തന്നങ്കഗനാം ഗണേശനേ,
തെളിഞ്ഞ പൊൻകങ്കണരത്നകാന്തിയാൽ—
ത്തളിർത്ത കൈവല്ലികൾകൊണ്ടു പുല്കിയും, 17

ഉയർന്ന മാറത്തണിമുത്തുമാലയെ
സ്വയം രദാഗ്രദ്യുതിയാൽപ്പെരുക്കിയും,
പ്രിയന്റെ വേണുസ്വനവും തൊഴും ശ്രുതി—
പ്രിയസ്വരത്തിൽ ശിവയോടു ചൊല്ലിനാൾ:
(യുഗ്മകം) 18

''പരസ്പരം കുട്ടികൾ 'കാട്ടുകാട്ടി'യാ—
ലൊരമ്മയിത്രയ്ക്കരിശപ്പെടാവതോ?
ഹരങ്കലാര്യേ, ഭൃഗുസൂനുശിഷ്യനാ—
യൊരന്നുതൊട്ടുണ്ണികൾ മൂവരായ്ത്തവ! 19

നിനയ്ക്കണം പുത്രരിൽ മീതെയായും
കനത്ത വാത്സല്യമൊടിക്കുലീനനെ;
നിനക്കു ഗർഭപ്രസവാദിപീഡയാൽ
മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ.'' 20

പ്രതിവിധി നിയതിക്കെന്തുള്ളു? വേദേതിഹാസ—
സ്മൃതിവിഹിതമിഭാസ്യന്നേകദന്തത്വമത്രേ;
അതിപടുമതിയാമീ നമ്മാമരൻ ജ്യോത്സ്യനുണ്ണി—
ക്കിതിനുടെ വഴി പണ്ടേ ദൃഷ്ടിയിൽപ്പെട്ടിരിക്കും. 21

ഹരിയും മൃദുഹസിതാഞ്ചിതമുഖനായിദമരുൾചെ—
യ്തു,രികേ ഗുരുവിനയത്തോടു മരുവീടിന ഗുഹനെ

ഇല്ലാതായി മുറി ഇത്ര വേഗം ഉണങ്ങാനുള്ള കാരണം: പ്രം...തം = നമസ്കരിച്ചവർക്കു (ഭക്തന്മാർക്കു) കൊടുപ്പാനുള്ള അമൃതംകൊണ്ടു തണുത്തതു്. രാധയുടെ ''ഉള്ളംകൈയിൽ'' അമൃതുണ്ടെന്നു പുരാണപ്രസിദ്ധി. ലൗകികദൃഷ്ട്യാ അതിന്നു കൈപ്പുണ്യമെന്നു പേർ പറയാം. മുറിവുണങ്ങുവാൻ ശീതൌഷധം വേണമെന്നു വൈദ്യശാസ്ത്രം.

17, 18. ഗോകുലറാണി = ഗോകുലത്തിലെ രാജ്ഞിയായ രാധ. അങ്കഗൻ = മടിയിലിരിക്കുന്നവൻ. കൈയിലെ വളയോടും ചുററും വ്യാപിച്ച കങ്കണ (= വള) രത്നകാന്തിയെ തളിരായും രൂപണം ചെയ്യുന്നു. രദാഗ്രദ്യുതി = പല്ലുകളുടെ അഗ്രഭാഗം വെളിപ്പെടുമ്പോൾ കാണുന്ന കാന്തി. ശ്രുതിപ്രിയസ്വരം = കർണ്ണാനന്ദകരമായ സ്വരം

19. ''ഒരമ്മ''— ഭവതി ഇത്ര കലശലായി കോപിച്ചതു്, ഒരു മാതാവിന്റെ നിലയ്ക്കു് ഒട്ടേലും അനുചിതമായിപ്പോയി., രാമൻ സ്വന്തം പുത്രൻതന്നെയാണെന്നു് ഉത്തരാർദ്ധംകൊണ്ടു സാധിക്കുന്നു.

20. കുലീനൻ = ആഭിജാത്യമുള്ളവൻ; ഈയാളെ പുത്രനായി കൈക്കൊള്ളുന്നതു ഭവതിക്കു് അഭിമാനഹേതുവാണെന്ന സൂചന

21. നിയതി = വിധി. വേദേ...തം = വേദം മുതലായതിൽ വിധിക്കപ്പെട്ടിട്ടുള്ളതു്. ഇഭാസ്യൻ = ഗണപതി. ജ്യോത്സ്യനുണ്ണി = സ്കന്ദൻ. സ്കന്ദൻ ജ്യോതിഷപണ്ഡിതനാണു്. ഇതുകൊണ്ടത്രേ, ഇദ്ദേഹം മുമ്പു പുഞ്ചിരിയിട്ടതു്.

Digitized By Kerala Sahitya Akademi

വരിവണ്ടണിവനമാലികമണികൗസ്തുഭമണിയും
വിരിവേറിയ തിരുമാറിനൊടിടചേർത്തഥ തഴുകീ. 22

കാന്തൻ സാകൂതമന്ദസ്മിതമൊടുമഭിവീ—
ക്ഷിക്കെ രുദ്രാണി ലജ്ജാ—
ക്രാന്തം വക്ത്രേന്ദു താഴ്ത്തി, ച്ചരണപതിതനാം
രാമനെ പ്രേമഭാരാൽ
താൻതന്നേ ഹന്ത, കൈക്കൊണ്ടതിഭൃശമുപലാ—
ളിച്ചിതാ;—സ്വച്ഛധീര—
സ്വാന്തൻ വിശ്വൈകയോദ്ധാവൊരു ചെറുശിശുപോ—
ലംബികാംഗേ വിളങ്ങി. 23

സ്ഫുടം കേഠംക്കായ് വാനത്തിടിയൊടെതിരാമാനകരവം:
തുടർന്നുണ്ടായ് ശുദ്ധസ്ഫടികരുചിയാം പൂച്ചൊരിയലും;
ഉടൻ, നീലക്കാർവില്ലൊളിവിതറിടും പീലി മുഴുവൻ
വിടുർത്തി സ്കന്ദൻതൻ മയിൽ നടനമാടീ മദകളം. 24

---

22. മുഗ്ദ്ധ...ഖൻ = മന്ദഹാസാലംകൃതമായ മുഖത്തോടുകൂടിയവൻ. ഗുരുവി...ന = തന്നെപ്പററി പുകഴ്ത്തുമ്പോഠം മഹാന്മാർ കുറെക്കൂടി വിനീതരാവുന്നു. ഇതിലും സന്ദർഭോചിതമായ വാത്സല്യമാണു കാണിച്ചിരിക്കുന്നതു്.

23. കാന്തൻ = ശിവൻ. സാകൂ...ക്കെ = ഏതോ അഭിപ്രായം ദ്യോതിപ്പിക്കുന്ന പുഞ്ചിരിയോടെ നോക്കുമ്പോഠം. വക്ത്രേന്ദു = മുഖചന്ദ്രൻ. ചരണപതിതൻ = കാല്ക്കൽ വീണവൻ. പ്രേമഭാരാൽ = വാത്സല്യാധിക്യത്താൽ. അതിഭൃശം = ഏററവും. സ്വച്ഛധീരസ്വാന്തൻ = നിർമ്മലവും കൂസലില്ലാത്തതുമായ ഹൃദയത്തോടുകൂടിയവൻ. വിശ്വൈകയോദ്ധാവ് = ലോകത്തിൽവെച്ചു് മികച്ച പോരാളി. ''ഒരു ചെറു...ങ്ങി''—രാമന്റെ ഭക്തിവിനയങ്ങളും ഗൗരിയുടെ വാത്സല്യവും വ്യഞ്ജിക്കുന്നു.

24. പൂർവ്വാർദ്ധത്തിൽ, ആകാശത്തു വന്നുകൂടിയ ദേവാദികളുടെ അനുമോദനമാണു് നിർദ്ദേശിക്കുന്നതു്. മദകളം = മദമേറിയതു്. ആനകരവത്തെ = (പെരുമ്പറയുടെ ശബ്ദത്തെ) ഇടിയാണെന്നും പുഷ്പവൃഷ്ടിയെ മഴയാണെന്നും തെററിദ്ധരിച്ചതുകൊണ്ടായിരിക്കും, മയിൽ നൃത്തമാടിയതു് (മയിലിനു മഴക്കാലം സന്തോഷപ്രദമാണ്.) ഇരുവരുടെ 'തമ്മിൽത്തല്ലി'നു സാക്ഷിയായിരുന്ന മയൂരവാഹനന്റെ (11–14) മയിലിന്റെ വ്യാകുലത പോയി സന്തോഷമായി എന്നും വ്യഞ്ജിക്കുന്നു. ഈ ഖണ്ഡത്തിൽ, കൈലാസത്തിലെ ആ രംഗം, പശ്ചാത്താപം, വേദന, അമർഷം, ചിന്ത, പരിഭ്രമം എന്നിവയാലുണ്ടായ വ്യാകുലതയെല്ലാം ശമിച്ചു്, സമാധാനം, ഭക്തി, വാത്സല്യം, ആനന്ദം എന്നിവയുടെ വിളനിലമായി മാറുന്നതു കാണിച്ചിരിക്കുന്നു.

ഈ കാവ്യത്തിൽ രാമനു് ആദ്യം കണ്ട ആ ധൈര്യവും ശൗര്യവുമെല്ലാം ഒരു സാഹസക്രിയയ്ക്കും തന്മൂലം ഘോരമായ പശ്ചാത്താപത്തിനും കാരണമായെങ്കിലും, ഒടുവിൽ അവതന്നെ അക്ഷതവും അകളങ്കിതവുമായി സമുല്ലസിക്കുന്നതായി 'സ്വച്ഛധീരസ്വാന്തൻ, വിശ്വൈകയോദ്ധാവു്'' എന്ന അംശംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു. ഇതിൽ നായകൻ രാമനും സ്ഥായിയായ രസം വീരവുമാകുന്നു. മററുഭാവങ്ങഠം കാര്യകാരണഭാവാദിസംബന്ധേന (വിഭാവാനുഭാവാദിസംബന്ധേന) ഇതിന്റെ അംഗങ്ങളായി സംഘടിച്ചുനില്ക്കുന്നു.

—കുട്ടികൃഷ്ണമാരാരു്

Digitized By Kerala Sahitya Akademi

ഔഷധാഹരണം

ആട്ടക്കഥ

1919

Digitized By Kerala Sahitya Akademi

വേഷവിവരം

രാമൻ, ലക്ഷ്മണൻ
ഇന്ദ്രജിത്ത്, രാമൻ, ലക്ഷ്മണൻ
വിഭീഷണൻ
വിഭീഷണൻ, ഹനുമാൻ, ജാംബവാൻ
രാവണൻ, മണ്ഡോദരി
കാലനേമി, രാവണൻ
ഹനുമാൻ
മുനി, ഹനുമാൻ
മകരി
ഹനുമാൻ, ധന്യമാലി
കാലനേമി, ഹനുമാൻ
രാമൻ, ഹനുമാൻ

Digitized By Kerala Sahitya Akademi

ഭൈരവി—ചെമ്പട

പൗലസ്ത്യം പാതയിഷ്യൻ സപദി മുതിമുഖേ
ദാരചൗര്യാപരാദ്ധം
സാദ്ധം സുഗ്രീവസൈന്യൈരധിജലധിയശഃ—
കേതുമാബദ്ധ്യ സേതും
നിശ്ശങ്കാക്രാന്തലങ്കസ്സമിതി വിതുതഛേ
കുംഭകർണ്ണാതികായാ—
ദ്യുഗ്രക്രവ്യാദനിർവാപണനിപുണബലോ—
സ്ഥാമരോ രാമഭദ്രഃ. 1

ശ്രീമനുവംശസാഗരസോമൻ ദാശരഥി
രാമനുദാരൻ ഭുവനക്ഷേമദചരിത്രൻ 1

കൈകയിക്കു വരദ്വയമേകിയ താതനു
ശോകകരം സത്യധർമ്മവൈകല്യം വരായ്‌വാൻ 2

സ്വായത്തസാമ്രാജ്യം തൃണപ്രായം വെടിഞ്ഞുഗ്ര—
മായ കാടകം പുക്കവനായതമാനസൻ 3

സീതയാം നിജപത്നിയെക്കൈതവത്താൽ കട്ട
യാതുധാനേശനെക്കൊൽവാൻ സേതു തീർത്തുദധൗ, 4

വൻകപിപ്പടയുമായി ലങ്കയിൽച്ചെന്നേറി—
ക്കങ്കപത്രികളാൽ യുദ്ധത്തിങ്കലാശരരെ 5

അന്തകനു നല്കിക്കൊണ്ടു ഹന്ത! ദേവനുതൻ
തൻതമ്പിയാം ലക്ഷ്മണനൊത്തന്തസ്സിൽ വിളങ്ങി. 6

കല്യാണി—ചെമ്പട

അധിരണമതികായേ സൂദിതേ തുംഗകായേ
ദിവി സുരമുനിസിദ്ധൈർഭൃശയശഃ സ്തൂയമാനം
അവദദിതി സുമിത്രാസൂനുമാനമ്രമൗലിം
കൃതദൃഢപരിരംഭഃ കുംഭകർണ്ണസ്യ ഹന്താ. 17

രാമൻ:

വത്സ! വിജയിക്ക നീ മത്സഹോദര! ബന്ധു—
വത്സല! ചിരകാലം സൗമിത്രേ! 1

ഉത്സാഹനിധേ! പാരി—ന്നുത്സവമാം മാറിപ്പോം
ദുസ്സാധകർമ്മമല്ലോ നിസ്സംശയം നീ ചെയ്തു. 2

വൈരിഞ്ചകഞ്ചുകത്തെ മാറിൽദ്ധരിക്കും സുര—
വൈരിയാമതികായൻ പാരിൽ മററാക്കു ജേയൻ? 3

Digitized By Kerala Sahitya Akademi

അക്ഷസോദരനെ നീ ലക്ഷ്മണ! ഹനിക്കയാൽ
രക്ഷസാംപതി ലൂന—പക്ഷപക്ഷിയെപ്പോലായ്. 4

രാവണാത്മജവധാൽ ദേവകൾ മുദാ തൂകും
പൂവണിഞ്ഞു ശോഭിപ്പൂ താവകജടാവല്ലി. 5

വാനരരിതാ, മോദാൽ വാൽവീശിക്കൈകൾ കൊട്ടി
വാവിട്ടലറി നിന്നെ വാഴ്ത്തുന്നു പലതരം. 6

താഴ്ചപൂണ്ട നിന്മുഖം കാണ്മവക്കേറ്റം രമ്യം
കോമളത്തണ്ടൊടിഞ്ഞ താമരപ്പൂവുപോലെ. 7

ചോര വാർന്നൊഴുകുമീ മാറത്തു ചേർത്തു വീണ്ടും
കൈ രണ്ടുകൊണ്ടുമെന്നെ വീര! നീ പുണർന്നാലും. 8

മുഖാരി—ചെമ്പട

ലക്ഷ്മണൻ:

അടിയനിതാ, തൊഴുന്നേൻ അടിമലരിണ തവ
ആര്യ! മനുകുലാധിപ! വീര്യഗുണജലധേ! 1

സാധു ദാസജനം പാരിൽ—സാരമാം കരണീയത്തെ—
സ്സാധുവാത്സല്യവസതേ! സാധിക്കുന്നതു നിയതം
സ്വാമിയുടെ സാനുഗ്രഹ—സംഭാവനത്താൽത്തന്നേ. 2

അരുണനിഹ യാമിനിക്കറുതിയാം സമയത്തി—
ലിരുൾനിരയെ മിക്കതു—മകററിവിട്ടവതോർത്താൽ
അരുണനവനെപ്പുര—സ്സരണം ചെയ്കയാലല്ലീ? 3

എന്തൊരു കോലാഹലമി—തേശുന്നു ചെവിയിണയിൽ?
വൻതിരമാലയ്ക്കെതിരാ—യിരമ്പും സേനയൊടൊപ്പം
പംക്തികണ്ഠജനിന്ദ്രാരി പടയ്ക്കു വരുന്നു ദൃഢം. 4

ഋക്ഷകപിവീരരിതാ, രക്ഷസ്സുകളുടെനേരേ
വൃക്ഷശിലായുധരായി വീറോടു പാഞ്ഞിടുന്നു;
ഇക്ഷണമനുജ്ഞ തരി—കിവനൊടടർചെയ്‌വാൻ മേ. 5

ശങ്കരാഭരണം—ചെമ്പട

'ജീവത്സ്വസ്മാസു ജംഭാന്തകജയിഷു വിഭോ!
 താത! ശോകഃ കുതസ്തേ?
സംപ്രത്യൈക്ഷ്വാകതോകപ്ലവഗവിരഹിതം
 ലോകമാലോകയേ'തി
ആശ്വാസ്യാത്തം ദശാസ്യം വിപുലബലവൃതോ
 ഹോമസംപ്രീണിതാഗ്നിർ—
ദ്രാഗാരൂഢോ രഥാഗ്ര്യം തദനു രണമഹീം
 മേഘനാദഃ പ്രപേദേ. III

Digitized By Kerala Sahitya Akademi

ഇന്ദ്രജിത്തു്:

രേ രേ ക്ഷത്രിയബാലരേ! വരിക പോരിനായി രേ... 1

പോരിൽപ്പടുത ചുരുങ്ങും ചില സുര–
വൈരികളെക്കൊലചെയ്തതിനാലോ,
ഭൂരിമദേന പുളയ്ക്കുന്നു ഭവാ–
ന്മാരിഹ പടുതിരികത്തുമ്പോലെ! 2

വൃത്രാന്തകനെക്കെട്ടിവരിഞ്ഞ വി–
ചിത്രവേഷ്ടിതനൊന്നെതിരിട്ടാൽ,
എത്ര നിമേഷം ജീവിപ്പാൻ നൃപ–
പുത്രാധമരേ! നിങ്ങൾക്കെളുതാം? 3

ഉടനെന്നമ്പുകൾതൻ കാറേറ്റീ–
ച്ചിടകെട്ടീടിന നിങ്ങടെ തലകൾ
അടരിൽ വീഴും; ചില പക്ഷിക്കൂട്ടകൾ
വിടപികൾതന്മേൽനിന്നെന്നവിധം. 4

ഗർജ്ജന്തമിത്ഥമസകൃച്ഛ്റിതശസ്ത്രവർഷൈ–
രാലോഡയന്തമഭിതഃ കപിവാഹിനീം താം
രാമോനുജേന സഹ രാവണിമഭ്യധാവ–
ദാകൃഷ്ടകാർമ്മുകനിവിഷ്ടശരസ്സരസ്വീ. IV

രാമൻ:

പോരും മേനികൾ പറവതു; നിന്നുടെ
പൗരുഷമെല്ലാമിവിടെപ്പുഴതേ:
വേരു പുഴക്കി മരങ്ങളെ വീഴ്ത്തും
മാരുതനേററാൽ മലയിളകിടുമോ?

രേ രേ രാക്ഷസപോതക! വരിക പോരിനായി. 1

ലക്ഷ്മണൻ:

അരഞൊടിയിടയാലെന്നിഷുഹതനായ്
ഖരനാദികളെപ്പോയ്ക്കാണുക നീ;
പിറകിൽത്താനവിടെയ്ക്കു വരും തേ
പരവനിതാരതനായ പിതാവും. 2

ഇന്ദ്രജിത്തു്:

കാട്ടിൽ മരഞ്ചാടികളെത്തുണയായ്–
ക്കൂട്ടിപ്പോരിനു രാവണപുരിയിൽ
ധാർഷ്ട്യമൊടെത്തിയ നിങ്ങൾക്കീദൃശ–
മൗഢ്യത്തിൻ ഫലമിന്നു ലഭിക്കും. 3

Digitized By Kerala Sahitya Akademi

രാമൻ:

മത്സരി പൂർവ്വജനകളെത്തള്ളിയ
സത്സമ്മതഗതി, നിന്റെ പിതൃവ്യൻ,
മത്സഖനാശരരാജശ്രീക്കൊരു
വത്സലപതിയായ് വാണിടുമുടനേ. 4

ലക്ഷ്മണൻ:

ഇന്നുമുതല്ക്കിനിയന്തണർ, താപസ—
രെന്നു തുടങ്ങിയ സാധുജനങ്ങൾ
നിന്നുടെ നിധനാൽ നിർഭയരായി—
ട്ടെന്നും നിശയിലുറങ്ങീടട്ടേ! 5

ഇന്ദ്രജിത്ത്:

എന്തിഹ നിങ്ങൾ പുലമ്പീടുന്നു!
ചെന്തിയ്യിനൊടോ പാററകൾതൻ കളി!
പംക്തിമുഖാത്മജനുടെ മുമ്പിൽത്തല—
പൊന്തിപ്പതിന്നാരുണ്ടുലകിൽ? 6

മദ്ധ്യേയുദ്ധം സ മായീ രജനിചരസുതോ
മായയാ ഛന്നമൂർത്തി—
ബ്രഹ്മാസ്ത്രം സംപ്രയുജ്യ പ്രതിനിമിഷമസം-
ഖ്യേയശസ്ത്രാസ്ത്രവർഷീ
സർവൈഃ കീശർക്ഷസൈന്യൈസ്സഹ രഘുതനയൗ
പാതയിത്വാഥ ലങ്കാം
പ്രാപൽ പ്രീതക്ഷപാടാഹതജയപടഹാ—,
രാവസംപൂരിതാശഃ. V

ആഹരി—അടന്ത

വിചേതനൗ പാതിതമസ്ത്രതേജസാ
വിലോക്യ കാകുൽസ്ഥബലം വിശങ്കടം
കപിപ്രവീരാനഭിസാന്ത്വയന്നിദം
വിഭീഷണഃ പ്രാഹ വിചക്ഷണാഗ്രണീഃ. VI

വിഭീഷണൻ:

ഭീതിവിമോഹം തേടായ്‌വിൻ ഏതുമയേ കപി—
യൂഥപവീരരേ! നിങ്ങൾ ചേതസ്സിങ്കൽ! 1

ഭൂതലേന്ദ്രകുമാരകർ പൈതാമഹാസ്ത്രത്തെ—
യാദരിപ്പാൻ മാത്രമല്ലോ, ഖേദം കൊൾവൂ. 2

രാവണസീമന്തസുത—ന്നീ വരാസ്ത്രം ബ്രഹ്മ—
ദേവൻതാനല്ലോ നല്കീ ദയയോടേ;

Digitized By Kerala Sahitya Akademi

കേവലമിതിനെ മാനി—ക്കായ്‌വതിന്നു പാരിൽ
ആവതല്ലൊരു മട്ടിലു,—മാക്കും ന്യൂനം. 3

ബ്രഹ്മാവിൻവരത്താലസ്ത്രം ബാധിക്കാത്ത വീരൻ
എന്മാരുതിയിതാ, ഹന്ത, വന്നീടുന്നു;
ഇമ്മഹാത്മാവൊന്നിച്ചു ഞാ—നിങ്ങാരെല്ലാം മൃത്യു—
തൻമുഖം പൂകാതുണ്ടെന്ന—തന്വേഷിപ്പൻ. 4

സാരംഗം—ചെമ്പ

ഇത്യുൽക്കാദീപ്തപാണിർന്നിശി ഘനതമസി—
ച്ഛിന്നഗാത്രോദ്യദസ്ര—
പ്രസ്രാവൈർവ്വ്യക്തൈരിവ ഗിരിശിഖരൈ—
ർദ്ധാതുമന്നിർജ്‌ഝരൗഘൈഃ
വ്യാകീർണ്ണേ വാനരേന്ദ്രൈ രണധരണിതലേ
സഞ്ചരൻ സാഞ്ജനേയഃ
സംപ്രാപ്യൈഷ ന്യഗാദീജ്ജരഠപരിവൃഢം
ജാംബവന്തം രുജാന്ധം. VII

വിഭീഷണൻ:

ഋക്ഷകേന്ദ്ര ഭവാനു ജീവിതാപായം വന്നി—
ട്ടില്ലല്ലീ, ഞങ്ങളുടെ ഭാഗ്യശേഷത്താൽ? 1

അല്ലെങ്കിൽ, ബ്രഹ്മാത്മജ—നാകും ഭവാനെയുണ്ടോ,
അല്ലൽപ്പെടുത്തീടുന്നു ബ്രാഹ്മമാമസ്ത്രം? 2

ജാംബവാൻ:

ആരിതാ,ത്തീയാൽ കാഴ്ച കണ്ണിന്നില്ലൊ,ച്ചു കേട്ടി—
ട്ടാര്യനാം വിഭീഷണ—നാണെന്നു തോന്നുന്നു മേ. 3

ആശരപതേ! ചത്ത കീശരിവരിൽദ്ദിഷ്ട്യാ
കേസരിസുതൻ വീര—കേസരി ജീവിക്കുന്നോ? 4

വിഭീഷണൻ:

ഖേദിതരാകും മററു കൂട്ടരെയെല്ലാം വിട്ടു
ചോദിച്ചതെന്തു ഭവാൻ വാതസൂനുവെ? 5

രാഘവരിലും കപി—രാജങ്കൽപ്പോലും ഭവാൻ
രാഗത്തെക്കാട്ടീലല്ലോ ഹനുമാങ്കൽപ്പോലേ! 6

ജാംബവാൻ:

വായുജനിരിക്കിൽ മൃതി വന്നാലും ജീവർ നാം;
ആയവൻ പോകിൽ മൃത—രായി നാം ജീവിക്കിലും. 7

അഞ്ജനാത്മജനവ—നന്യനസ്ത്വനരി—
ഞ്ജനവിശാരദൻ ഭർഗ്ഗാംശജാതനല്ലോ. 8

Digitized By Kerala Sahitya Akademi

ഹനുമാൻ:

ആര്യ! ഹനുമാനിതാ, അംഘ്രികൾ തൊഴുന്നു തേ;
കാര്യമെന്തെന്നാലിങ്ങു? കല്പിച്ചുകൊൾക. 9

ജാംബവാൻ:

മദ്ധ്യമാവതി—ചെമ്പ

മാരുതേ! വരികയി മാന്യചരിത! വീര—
ന്മാരുടെ മദ്ധ്യേ മിന്നും മാണിക്യപ്രദീപമേ! 1

ദാരുണമൃതിഗ്രസ്ത—ന്മാരാമീ പ്ലവഗരിൽ
കാരുണ്യമുണ്ടാകേണം കാര്യകോവിദ! തവ. 2

കാലമായ് സ്വവിക്രമം കാണിപ്പാൻ ഭവാനിഹ;
കാലകാലാംശജാത! കാണ്മീലാ മററാരേയും. 3

ഈ മർക്കടസൈന്യത്തെ—ധീമൻ! നീ ജീവിപ്പിക്ക
രാമലക്ഷ്മണന്മാർക്ക—മാമയം തീർക്കുകടൻ. 4

കൈലാസനികടത്തിൽ—ച്ചേലാളുമൃഷഭാദ്രി—
മേലുണ്ടു വിലസുന്ന നാലു ദിവ്യൗഷധികൾ: 5

മൃതസഞ്ജീവനി,യഥ വിശല്യകരണി, മരുൽ—
സുത! സാവർണ്ണ്യകരണി, സന്ധാനകരണിയും. 6

മഞ്ജുമലയും കട—ന്നഞ്ജസാ തത്ര ചെന്നു
കുഞ്ജരദൗഹിത്ര! നീ കൊണ്ടുവന്നാലുമവ. 7

ഇത്യുക്തോ ഭക്തിപൂർവ്വസ്തുതവിഭുചരണ—
ശ്ശീഘ്രമാക്രമ്യ ശൈലം
ശൈലപ്രോത്തുംഗമൂർത്തിഃ സ്ഫുടവിവൃതമുഖോ—
ദീർണ്ണചണ്ഡാട്ടഹാസഃ
അഭ്രം പ്രത്യുൽപപാത ശ്വസനതനുഭവോ
ദീർഗ്ഘബാഹൂദ്ധുതവേഗ—
പ്രാഗ്ഭാരോന്മൂലിതോർവ്വീരുഹശതപതന—
ക്ഷോഭിതോൽബുൽബുദാബ്ധിഃ. VIII

പൃഥഗ്വിധസരസ്സരിദ്ഗിരിപുരാദിസന്ദർശന—
പ്രഹർഷിതമതിസ്തതഃ പ്രഗൃഹിതാർത്ഥബന്ധാദരഃ
ജഗാമ ഗഗനാദ്ധ്വനാ ജവനിരസ്തനാഗാശനോ
ജയധ്വജനിഭപ്രഭോന്നമിതവാലധിർവ്വാതജഃ. IX

പാടി—ചെമ്പട

വ്യാപാദിതാരിമഭിനന്ദ്യ മുഹുസ്തനൂജം
പ്രത്യാഗതം പ്രമദനർത്തിതചിത്തവൃത്തിഃ
അന്തഃപുരം തദനു പംക്തിമുഖഃ പ്രവിശ്യ
മന്ദോദരീമരമയന്മധുരൈർവ്വചോഭിഃ. X

Digitized By Kerala Sahitya Akademi

രാവണൻ:

താമരസാക്ഷി! വരിക കോമളാംഗി! ബാലേ!
ശ്രീമയാസുരസുകൃത—സ്തോമവിപാകമേ! 1

നന്മലർപ്പട്ടു വിരിച്ച നിർമ്മലമീ മെത്ത
മന്മഥജയലക്ഷ്മിതൻ മന്ദഹാസംതാനോ! 2

കന്നൽക്കാറെതിർകുഴലി! തന്നംഗാർപ്പണത്താൽ
ധന്യമാക്കുകിതിനെ നീയെന്നപോലേ. 3

പൊന്മണിവിളക്കൊളികൾ നിൻമൃദുഗണ്ഡത്തെ—
ച്ചുംബനംചെയ്യുന്നു ഹന്ത, ബിംബനകൈതവാൽ. 4

തന്വി! നാനാപരിമളം ചിന്നിച്ചിളംതെന്നൽ
നിന്നളകങ്ങളെയിതാ, മന്ദമിളക്കുന്നു. 5

എങ്കലമൃതു ചൊരിയും തങ്കക്കുടങ്ങൾ നിൻ—
കൊങ്കകളെന്മാറിലാശ്ലേ തിങ്കൾമുഖി! ചേർക്ക. 6

എരിക്കിലക്കാമോദരി—ചെമ്പട

മണ്ഡോദരി:

പ്രേമത്തിന്നനുരൂപം അങ്ങയുടെയീ—
ക്കോമളനർമ്മാലാപം;
പൂമധുവെക്കാളധി—രാമം മധുരമിതു
ഭൂമയൊടരിജനഭീമ! ഭവന്മുഖ—
സോമനുതിർത്ത നവാമലസുധയോ! 1

വല്ലഭസുഭാഷിതം സാധ്വിമാക്കൊരു
വല്ലകീമൃദുഗീതം;
ഉല്ലസിപ്പതിനിതു നല്ലതായി മറ്റൊന്നും
ഇല്ല ദൃഢം, മലർവില്ലനുമതിയാ—
യല്ലലിയററിയ സല്ലളിതതനോ! 2

താർത്തന്വികൾ പൂങ്കാവേ! സുചിരാലിന്നു
മാത്രം നിന്മുഖേന്ദുവെ
ചീർത്തചിന്തയാം കാറിൻ—ചാർത്തകന്നുകാണുകയാൽ
നേത്രചകോരകമതിമാത്രം സുഖ—
പാത്രമിതാശരഗോത്രമണേ! മമ. 3

പന്തുവരാളി—ചെമ്പട

ഗൗരീഭർത്തുസ്ത്രിഭുവനഗുരോസ്സ്തത്ത്രിയാമാന്ത്യയാമേ
നിവ്ർത്ത്യച്ചാം നിജഗൃഹബഹിഃകുട്ടിമേ സന്നിഷണ്ണഃ
തത്രാകസ്മാദുപഗതമഥ സ്വാമിനം രാക്ഷസാനാം
സൽകൃത്യൈവം പ്രണമിതശിരാഃ പ്രാബ്രവീൽ കാലനേമീ. XI

Digitized By Kerala Sahitya Akademi

കാലനേമി:

കർബുരരാജൻ! വിഭോ! തൊഴുവേൻ
കർബുരരാജ വിഭോ! 1

ഇപ്പുലർകാലത്തിരുളിൽത്താനേ
മൽപ്പുരിയിലെഴുന്നള്ളാൻ
കല്പിച്ചരുളിടുകെന്തൊരു കാരണ-
മല്ലിതധനദവിഭൂതേ! 2

കിങ്കരനൊരുവനെ വിവരം ചൊൽവാ-
നെങ്കൽ നിയോഗിച്ചെന്നാൽ
നിൻകാൽ തൊഴുവാനവിടെ വരില്ലേ
ലങ്കാധിപ! ഞാൻ തൽക്ഷണമേ? 3

ഘണ്ടാരം — അടന്ത

രാവണൻ:

കാലനേമേ! നീ കരംവെച്ചു കേൾക്ക
കാലദോഷമശേഷവും മേ. 1

കൈലാസംകൊണ്ടു പന്തടിച്ച സാക്ഷാൽ
പൗലസ്ത്യനുടെ പുരിയിങ്കൽ
ബാലക്ഷത്രിയർ വാനരരൊത്തിപ്പോൾ
ലീലയാടുന്നു തോന്നുംവിധം. 2

ഇന്നു വിരിഞ്ചാസ്ത്രമെയ്തു മമ
നന്ദനൻ വൈരികളെയെല്ലാം
കൊന്നുവീഴ്ത്തീനാനടക്കളംതന്നി-
ലെന്നിട്ടും ഫലമില്ലെന്നായി! 3

സാരമാം ജീവനൗഷധത്തെ-യിങ്ങു
പാരാതേ കൊണ്ടുവരുവാനായ്
മാരുതി ഹിമാദ്രിക്കു പോയ-തായി-
ച്ചാരർ പറഞ്ഞിട്ടറിഞ്ഞു ഞാൻ. 4

നമ്മുടെ കാര്യസിദ്ധിക്കായി-ശ്ശീഘ്രം
നന്മയോടൊന്നു ചെയ്യണം നീ;
അമ്മർക്കടന്നു ചെന്നു മാർഗ്ഗ-വിഘ്ന-
മെമ്മട്ടെന്നാലും വരുത്തുക. 5

കാലനേമി:

താവക വാഞ്ഛിതസിദ്ധിക്കായ് നിജ-
ജീവനുപേക്ഷിപ്പാനും
സേവകനിവനില്ലൊരു മടി;-യെന്നാ-
ലീ വഴി ചിതമല്ലയി തേ. 6

Digitized By Kerala Sahitya Akademi

ബാലിനിഷൂദനനോട്ട വിരോധ—
ത്താലിത്രയുമഴൽ പററീ;
മേലിൽ നമുക്കു ഗുണത്തിന്ന,വനുടെ
കാലിണ സേവിക്ക ഭവാൻ. 7

രാവണൻ:

നിന്നുടെ തത്ത്വോപദേശത്തെ—കേൾപ്പാൻ
വന്നു ഞാനെന്നോ നിൻവിചാരം!
നിന്നെക്കഴുകിന്നു തീനാക്കി—യിട്ടു
പിന്നെച്ചിന്തിച്ചുകൊള്ളാം കാര്യം.
കാലനേമേ! നീ കലുഷാത്മൻ! കാൺക
കാലജിഹ്വാകരമെൻ ഖഡ്ഗം. 8

കാലനേമി:

പോരും ദാസനിലരിശം; പ്രഭുവിൻ—
പേരിൽബ്ഭക്തിഭരത്താൽ
മാരീചൻപോലു,യിർ വിട്ടും തവ
ഗീരിതനുഷ്ഠിപ്പൻ ഞാൻ. 9

കാലനേമിരഥ കാലവശോസാ—
വദ്ധ്വനി ശ്വസനജം ഫലയിഷ്യൻ
പ്രാപ്യ ഹൈമവതപാർശ്വമതിഷ്ഠ—
ച്ഛായയാ ധൃതമഹാമുനിവേഷഃ. XII

മദ്ധ്യമാവതി—ചെമ്പ

ദിവൗഷധാത്മതിവാതരയോ ഹിമാദ്രിം
പ്രാപ്തഃ ക്ഷണാന്മുനിതനോഃ പഥി കാലനേമേഃ
മായാകൃതം മഹിതമാശ്രമമക്ഷിരമ്യ—
മാലോക്യ മാരുതിരചിന്തയദന്തരംഗേ. XIII

ഹനുമാൻ:

ആരുടെയാശ്രമമിതു? മുമ്പു കണ്ടിട്ടില്ല
ദാരുണം മാർഗ്ഗവിഭ്രംശം പററീലല്ലീ മമ? 1

ചമ്പകം, പനസം, ചൂതം, രംഭ, ഖർജ്ജൂരം, പന
മുമ്പായ മരങ്ങളിങ്ങു മുററും തിങ്ങി നില്ക്കുന്നു. 2

മാമരവല്ലീദളങ്ങൾ മരുത്തേററുലയുമ്പോൾ
ശ്ശമലർകൾപോലെ മഞ്ഞു—തുള്ളികൾ പൊഴിയുന്നു. 3

ഉച്ചത്തിൽ ബ്രഹ്മചാരികൾ വേദങ്ങൾ ചൊല്ലും ഘോഷ—
മുച്ചലിക്കുന്നു വിവിധ—പക്ഷിനാദത്തോടൊപ്പം. 4

ആകാശമാഹൂതിധൂമ—വ്യാകുലമായിക്കണ്ടു
കേകികൾ പീലി പാത്തി—ക്കേളിപൂണ്ടാടീടുന്നു. 5

Digitized By Kerala Sahitya Akademi

കണ്ട സിംഹത്തിൻദംഷ്ട്രയെ—ക്കരിപോതങ്ങൾ ബിസ—
ത്തുണ്ടമാണെന്നു കരുതി—ത്തുമ്പിയാൽ വലിക്കുന്നു. 6

കണ്ണുകൾ കറച്ചടച്ചു കിടക്കും ഹരിണത്തെ—
ക്കണ്ഡൂയനംചെയ്യുന്നു കടുവാ തൻനഖത്താലേ. 7

നാഗമിതാ, നകുലത്തെ നക്കിയുറക്കീടുന്നു;
യോഗസിദ്ധനേതോ പൂജ്യ—നിങ്ങു വാഴുന്നു ദൃഢം. 8

ഏതാകിലു,മിങ്ങുൾപ്പുക്കാ—പ്പൂതാത്മാവാം മുനിയെ—
ക്കൈതൊഴുതനുഗ്രഹവും വാങ്ങിച്ചു പോകതന്നെ. 9

അസാവേരി—അടന്ത

ഇതി പ്രവിശ്യാശ്രമമശ്രമം തം
മായാമുനിം വായുസുതോ വവന്ദേ
സ ചാനുഗൃഹ്യ സ്മിതപൂർവ്വഭാഷീ
പ്രോക്തസ്വവൃത്താന്തമമും ബഭാഷേ. XIV

മുനി:

ഹനുമാനേ! പരിശ്രമ—മരുതേതുമകതാരിൽ;
അനുഭവിക്ക വിശ്രമമാവോളം. 1

കമണ്ഡലുജലവുമീ—ക്കമനീയഫലങ്ങളും
സുമതേ! നീ ഭുജിച്ചു—ള്ളമുറങ്ങുക. 2

ഭൂതവും, ഭവിഷ്യത്തും, വർത്തമാനവും ദിവ്യ—
ബോധത്താലഖിലം ഞാൻ കാണുന്നേൻ. 3

ആ മഹാസ്ത്രത്താലല്ലം വ്യാമോഹിച്ചവരെല്ലാം
രാമകടാക്ഷാൽ ജീവി—ച്ചെഴുന്നേറ്റു. 4

അവരെല്ലാവരും മുൻമ—ട്ടമർചെയ്തിടുവാനിപ്പോൾ
നവസന്നാഹവുംപൂണ്ടു നില്ക്കുന്നു. 5

ഹനുമാൻ:

ഘണ്ടാരം—പഞ്ചാരി

താപസോത്തമ! കമണ്ഡലുത്തണ്ണീരിതു മമ
താപശമനത്തിനു തെല്ലും മതിയായിവരാ. 1

തൽക്ഷണമൊരു ജലാശയം കാട്ടിത്തരുവാൻ
ശിഷ്യരിലൊരുത്തനെയിഹ നിയോഗിക്കുക മേ. 2

മുനി:

മച്ഛിഷ്യർ കാട്ടിത്തരും പൊയ്കയിൽക്കണ്ണുമട—
ച്ചല്ലാംബു നുകർന്നാശു വരിക നീ. 3

Digitized By Kerala Sahitya Akademi

മദ്ധ്യമാവതി—ചെമ്പട

നിട്ട്രിഷ്ഷേ സരസി നിശാചരഷിശിഷ്യേ—
രംബുസ്സിൻ പിബതി നിമീലിതാക്ഷിയുഗ്മേ
ട്ടഷ്ട്വാ കാപ്യഥ മകരീ ഭയങ്കരീ ദ്രാഗ്—
വ്യത്താസ്യാ ഗ്രസിതുമമും സമഭ്യധാവൽ. XV

മകരി:

അഹോ, വിപുലം മാമകഭാഗ്യമിതഹോ, വിപുലം. 1

മഹിമപെരുത്തൊരു സത്ത്വമിതാ ബത!
സഹസാ മമ മുഖമുപഗതമായി. 2

പാവപ്പെട്ടു വിശന്നുഴലുമ്പോഠം
ദൈവം കിഞ്ചന ദയചെയ്യാൻ മയി. 3

അഗതികളായ്പ്പലനാഠം വലയുമ്പോഠം
ജഗദീശ്വരനൊരുവഴി തരുമാക്കം. 4

കന്നിന്നൊത്ത കരങ്ങനിതല്ലോ;
കുന്നിക്കും കുറയില്ല വലുപ്പം. 5

ഇന്നള്ളല്ലൊരു പത്തുദിനത്തിനു
തിന്നാൻ മമ മററിര തിരയേണ്ടാ. 6

എന്നാലരഞൊടിയും വൈകാതേ,
ചെന്നു വിഴുങ്ങുന്നുണ്ടിതിനേ ഞാൻ. 7

ഉശാനി—അടന്ത

ആ ലാക്കിൽക്കൺമിഴിച്ചൊന്നലറിയനിലജൻ
ചണ്ഡമാം ബാഹുദണ്ഡ—
ത്താലാവോളം പിളത്തീടിന മകരിയുടൻ
ദിവ്യനാരീവപുസ്സായ്
നീലാകാശത്തു മിന്നൽപ്പിണരെതിരൊളിയെ—
ച്ചിന്നിയുംകൊണ്ടു നിന്നു,—
മേലാശ്ചര്യം കലൻറുള്ളവനൊടു മധുരാ—
ലാപമേവം പറഞ്ഞാഠം. XVI

ധന്യമാലി:

മാരുതേ ഭവിക്ക തേ മംഗളമെങ്ങും
ചാരുതരവിക്രമ!
പേരുററ ഭവാനുടെ കാരുണ്യമൊന്നിനാലീ—
ട്ടാരുണശാപാനത്ഥം തീരുവാനിടയായ് മേ. 1

ധന്യമാലിയെന്നുള്ളോ—രപ്ര്സ്സ്രീ ഞാൻ
ധന്യയായ് വന്നേനിപ്പോഠം.

Digitized By Kerala Sahitya Akademi

എന്നാലീപ്പുണ്യാശ്രമം തന്നിൽക്കാണായ മുനി
നിന്നെ വഞ്ചിപ്പാനായി വന്നൊരാശരനല്ലോ. 2

കാലനേമിയെന്നൊരു കശ്മലനാമീ—
പ്പൗലസ്ത്യകിങ്കരനെ
കാലനുക്കയച്ചുടൻ കാര്യസിദ്ധിക്കായ് പ്പോക;
മാലകന്നിനി മഹേന്ദ്രാലയം പൂകുന്നേൻ ഞാൻ. 3

ഘണ്ടാരം—മുറിയടന്ത

ആക്രമ്യ ദ്രാഗാശ്രമം വാതജോഥ
ക്രോധാതാമ്രാക്ഷോഭിദുദ്രാവ യാവൽ,
യോദ്ധും താവന്നൈജമാലംബ്യരൂപം
സന്നദ്ധോഭൂൽ കൗണപഃ കാലനേമിഃ. XVII

കാലനേമി:

നില്ലെടാ മർക്കടത്താനേ! നിമിഷംനേരമെൻ നേരേ
മൽക്കരാഹതിയൊന്നിനാൽ തവ മസ്തകം തവിടായ് വരും. 1

തണ്ടുതപ്പികളിൽപ്പെരിയ നീയിവിടെനിന്നു മഹൗഷധം
കൊണ്ടുപോവതു കാണുവാൻ മമ കൗതുകമുണ്ടു കടിലമതേ! 2

ഹനുമാൻ:

കേമനെന്നു നടിക്കുമാശരകീടമാകിയ നീ ഝടിതി
രാമകിങ്കരനെച്ചതിപ്പതിനോർത്തതിൻഫലമേല്ക്കെടോ! 3

കുലിശമോടതിസദൃശമാം മമ മുഷ്ടിയേററു തകർന്നുടൻ
വലിയ കന്നുകണക്കു നിന്നുടൽ വസുധമേലിഹ വീണിടും. 4

കാലനേമി:

ബാലനക്ഷകുമാരനല്ലിതു വാലു നീണ്ട വലീമുഖാ!
കാലനേമി വിമതജനത്തിനു കാലനെന്നു കരുതുക നീ. 5

ഔഷധത്തിനുവേണ്ടി വനചര! പാടുപെട്ടുഴലും നിന—
ക്കേഷ ഞാനിരുവൈദ്യരെട്ടിവി കാണുവാൻ വഴിയാ—
ക്കുവൻ. 6

കീശോത്തമോഥ യുധി നാശിതകാലനേമി—
ർജ്ജാജ്വല്യമാനമഭിഗമ്യ മഹൗഷധാദ്രിം
അന്തർഹിതൗഷധമമർഷവശഃ ക്ഷണാത്ത—
മുൽപാട്യ ദോഷ്ണി കലയൻ പുനരാപ ലങ്കാം. XVIII

മാരുതാത്മജനുപാഹരിച്ച മഹി—
തൗഷധാദ്രിയുടെ ഗന്ധമേ—
റേറാരുനേരമുയിർപൂണ്ടെണീററു കപി—
സൈന്യമൊക്കെയുമനാമയം;

Digitized By Kerala Sahitya Akademi

പേരുയർന്ന രഘുവീരരും വിഗത—
മോഹരായി വിളയാടിനാർ;
പാരു മൂന്നുമധികം തെളിഞ്ഞു; കളിർ—
കാററടിച്ചു സുഖമാംവിധം. XIX

ചത്ത രാക്ഷസരെ രാവണൻ കടലി—
ലപ്പൊഴപ്പൊഴിട്ടുവിക്കയാ—
ലിത്തരത്തിലുയിരേല്ലതിന്നു വഴി
വന്നതില്ലവരിലാക്കമേ;
അത്തൽവിട്ടു കപിമണ്ഡലം കിലികി—
ലോൽക്കടധ്വനി മുഴക്കവേ,
ചിത്തഹർഷമൊടു കല്പവൃക്ഷമലർ
തൂകിനാരമരമുഖ്യരും. XX

പുറനീര—ചെമ്പട

സുഗ്രീവാംഗദനീലമൈന്ദഗവയ—
ജ്യോതിർമ്മുഖാദ്യൈഃസ്തുതഃ
ശ്രാഘാഭിർജ്ജയഘോഷണൈഃ പ്രണതിഭി—
ർവ്വാലാഞ്ചലാന്ദോളനൈഃ
സംഹൃഷ്ടൈരഭിനന്ദ്യമാനമസകൃ—
ന്നിസ്തുല്യസത്ത്വം മരുൽ—
സൂനും സ്വാനുജരാവണാനുജയുതഃ
പ്രോവാച സീതാപതിഃ. XXI

രാമൻ:

പുരുബലവിക്രമ! പവനതനൂഭവ!
പരമ മനസ്സിൽ നിനപ്പാൻപോലും
അരുതാത്തോരു മഹത്തരകാര്യമി—
തരനിമിഷത്താൽ ചെയ്തല്ലോ നീ! 1

രാവണനെക്കൊലചെയ്യുന്നതിനും,
ഭുവരപുത്രിയെ വീണ്ടേല്ലതിനും,
താവകവിക്രമമൊന്നേ മമ തുണ;
പാവനചരിത! പരാക്രമജലധേ! 2

ദോഷമകററി പ്രിയമിതു ചെയ്തതി—
നേഷഭവാനെന്തൊന്നു തരേണ്ടു?
തോഷമൊടും മമ സർവ്വസ്വമൊരാ—
ശ്ലേഷമിതാ, തവ നല്കുന്നേൻ ഞാൻ. 3

എന്നാലൗഷധശൈലത്തെയിനി—
ത്തൻനിലയിൽത്താൻ ത്വരിതമണച്ചിഹ

Digitized By Kerala Sahitya Akademi

വന്നീടുക നീ വാനരമൗലേ!
വന്നീടും തവ മംഗളമനിശം!

ലോകങ്ങൾക്കാ'ധിഹാനിക്ക'സമകരുണയാ
    ധർമ്മസംരക്ഷ ചെയ്യും
ശ്രീ'കന്യാ'മാസഹായൻ പ്രഭുവരുളിയപോ-
    ലൗഷധോർവ്വീധരത്തെ
വൈകല്യം വിട്ടു പൂർവ്വസ്ഥിതിയിലുടനുറ-
    പ്പിച്ചു 'താരേശ'വാര-
ശ്രീ കക്കം പേരുമായ്ബ്ബാ'ലക'ദിനകരമോ-
    ന്നുാഞ്ജനേയൻ ജയിപ്പൂ.

Digitized By Kerala Sahitya Akademi

മഗ്ദലനമറിയം

അഥവാ

പശ്ചാത്താപം പ്രായശ്ചിത്തം

1921

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

അവതാരിക

ഇന്നത്തെ സാക്ഷാൽ കേരളകാളിദാസനായ മഹാകവി വള്ളത്തോൾ നാരായണമേനോനവർകളുടെ ഈ ഖണ്ഡകൃതിക്കു് ഒരു അവതാരിക എഴുതുക എന്നതു് എന്റെപേരിൽ ക്ഷന്തവ്യമല്ലാത്ത ഒരപരാധമായിരിക്കും, നിശ്ചയം. എന്നാൽ ഈ വിശിഷ്ടകാവ്യത്തിന്റെ ടിപ്പണികാരൻ, പ്രസാധകൻ എന്നീ സ്ഥാനങ്ങൾ വഹിപ്പാൻ എനിക്കു ഭാഗ്യം സിദ്ധിച്ചതിനാൽ, അവതാരികാലേഖനവും എന്റെ കർത്തവ്യമായിത്തീർന്നുപോയി.

ഒരു യഥാർത്ഥകവിക്കു്, സ്വവ്യക്തിക്കു യാതൊരു വ്യാവർത്തനവും കൂടാതെ ഭൂലോകത്തിലെ വിവിധചര്യകളിൽപ്പെട്ട ഏതൊരു മനുഷ്യവ്യക്തിയായും, ഏതൊരു മതസ്ഥനായും രൂപാന്തരപ്പെടുവാൻ കഴിയുമെന്നതിന്നു് ഒരുത്തമലക്ഷ്യമായി, മേനവനവർകളുടെ മേധാപുടത്തിൽനിന്നു കേരളീയ ക്രിസ്ത്യൻ സമുദായത്തിന്നു ക്രിസ്തുമതസംബന്ധമായി ലഭിച്ചിട്ടുള്ള ഗാനാമൃതനിർഝരിയാണു് 'മഗ്ദലനമറിയം.' ക്രിസ്തീയലോകം മുഴുവൻ ഒരു പരിശുദ്ധയായി ഗണിച്ചിട്ടുള്ള 'മഗ്ദലനമറിയം' ശ്രീയേശുക്രിസ്തുവിന്റെ പാപശാന്തിക്കായി അനുഷ്ഠിച്ച പശ്ചാത്താപപരമയാഗമാണു്, ഈ കൃതിയിലെ ഇതിവൃത്തം. കഥാവസ്തുകൊണ്ടും, രീതിസംസ്കരണംകൊണ്ടും, ശ്രീമാൻ മേനവനവർകളുടെ മറ്റെല്ലാ ഖണ്ഡകൃതികളെക്കാളും മീതെയാണു്, പ്രസ്തുത ഖണ്ഡകൃതി എന്നുകൂടി ഞാൻ വിചാരിക്കുന്നു.

ഈ കേരളത്തിലെ ശ്രേഷ്ഠഹിന്ദുക്കളിൽനിന്നു് 1-ാംനൂററാണ്ടിൽ മതപരിവർത്തനംചെയ്തവരായ കേരളീയനസ്രാണികൾക്കു് അവരുടെ പാരായണഗ്രന്ഥമായ ബൈബിളിനെ ആസ്പദിച്ചു് ഈ ഇരുപതാംനൂററാണ്ടിൽക്കൂടിയും പറയത്തക്ക യാതൊരു പദ്യകൃതിയും ലഭിച്ചിട്ടില്ലെന്നുള്ളതു് ഏററവും വ്യസനഹേതുവായിരിക്കുന്നു. ഈ ദുഃസ്ഥിതിയിൽനിന്നു നസ്രാണിസമുദായത്തെ ഉദ്ധരിപ്പാൻ ചില ക്രിസ്ത്യൻകവികൾ ശ്രമിച്ചിട്ടുണ്ടെങ്കിലും, അതൊന്നുംതന്നെ ഇതുപര്യന്തം ഫലവത്തായി പരിണമിച്ചിട്ടില്ലെന്നു സലജ്ജം സമ്മതിക്കേണ്ടിയിരിക്കുന്നു.

ഒരു ജനസമുദായത്തിന്റെ പുരോഗതിയിൽ സാഹിത്യഗ്രന്ഥങ്ങൾക്കും, വിശേഷിച്ചു് പദ്യഗ്രന്ഥങ്ങൾക്കും, ഗണനീയമായ ഒരു സ്ഥാനമുണ്ടു്. രാഷ്ട്രീയമായും സാമുദായികമായും സിദ്ധിക്കേണ്ട സർവ്വവിധസ്വാതന്ത്ര്യോൽക്കർഷത്തിന്നുമായി അക്ഷീണയത്നംചെയ്‌വാൻ, മനുഷ്യഹൃദയത്തിന്റെ അന്തർഭാഗ

Digitized By Kerala Sahitya Akademi

ത്തു നിശ്ശബ്ദമായി പററിക്കൂടി മനുഷ്യവർഗ്ഗത്തെ അനവരതം പ്രേരിപ്പിക്കുന്ന ശക്തി അതൊന്നുമാത്രമാണു്. സാന്മാർഗ്ഗികമായും ആദ്ധ്യാത്മികമായും മനുഷ്യസമുദായത്തിന്മേൽ അതിന്നു് ഒരു വമ്പിച്ച അധികാരമുണ്ടു്. സംസാരബന്ധത്തിൽനിന്നും നിന്ദ്യതരമായ ജീവിതചര്യയിൽനിന്നും സ്വയം വിമുക്തി ലഭിക്കുന്നതിന്നു മനുഷ്യലോകത്തെ പ്രേരിപ്പിക്കുന്നതായ അന്തഃകരണവ്യാപാരങ്ങളുടെ ഉള്ളിലൂടെ ഒരു വൈദ്യുതതന്ത്രിക്കൊപ്പം അതു സ്വശക്തിയെ സദാ പ്രചലിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇതിനെപ്പററി ഗാഢവിചിന്തനം ചെയ്യുന്നതായാൽ, കേരളഭാഷാസാഹിത്യത്തിന്റെ ഗതികൾ വളച്ചയും അനുരൂപമായി ക്രിസ്തുമതാദർശങ്ങൾക്കു പ്രചുരപ്രചാരം സിദ്ധിക്കുന്നില്ലെങ്കിൽ അതു മലയാളപദ്യസാഹിത്യലോകത്തിൽ ക്രിസ്തുമതത്തിന്നു് ഇന്നേവരേക്കും പറയത്തക്ക യാതൊരു സ്ഥാനവും സിദ്ധിച്ചിട്ടില്ലെന്നുള്ളതുകൊണ്ടുമാത്രമാണു്. ഈ സംഗതി ഇയ്യിടയ്ക്കെങ്കിലും, സാഹിത്യഭീരുക്കളായ ചില ക്രൈസ്തവമിഷനറിമാരുടെ തലമണ്ടയിൽ കടന്നുകൂടിയിട്ടുള്ളതു് വലിയ ഭാഗ്യംതന്നെ!

യേശുക്രിസ്തുവിന്റെ ജീവിതചരിത്രത്തെയോ, അഥവാ ബൈബിളിലെ ഇതിവൃത്തങ്ങളെയോ വിഷയീകരിച്ചു് ഏതാനും പദ്യകൃതികൾ ഉണ്ടായാൽക്കൊള്ളാമെന്നു ഞാൻ ആഗ്രഹിച്ചുതുടങ്ങീട്ടു കാലമേറെയായി. ഈ സംഗതി എന്റെ ഒരു മാന്യമിത്രവും ഒരു പ്രസിദ്ധഗദ്യകാരനും 'ആത്മപോഷിണി' മാനേജരുമായ ദിവ്യശ്രീ പുലിക്കോട്ടിൽ യൗസേഫു് ശെമ്മാച്ചനവർകളോടും, 'സത്യനാദം' പത്രാധിപർ എറണാകുളം കെ. പി. പീററരവർകളോടും മററു പല മാന്യസ്നേഹിതന്മാരോടും ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണു്. സഹൃദയശിരോമണിയും ജാത്യഭിമാനിയുമായ യൗസേഫു് ശെമ്മാച്ചനവർകളുടേയും മററു പല ക്രിസ്ത്യൻസുഹൃത്തുക്കളുടേയും നിർബ്ബന്ധപൂർവ്വമായ അപേക്ഷ ഒന്നുകൊണ്ടു മാത്രമാണു്, ശ്രീമാൻ നാരായണമേനവനവർകളിൽനിന്നു് ഈ വിശിഷ്ടകൃതി നസ്രാണിസമുദായത്തിന്നു ലഭിപ്പാൻ ഭാഗ്യമുണ്ടായതു്. മഹാമനസ്സനും ഭക്തകവിയുമായ മേനവനവർകൾ സ്വഭാഷാസാഹിത്യോൽക്കർഷത്തോടൊപ്പംതന്നെ ക്രിസ്തുമതസാഹിത്യാഭ്യുദയത്തേയും ഉദ്ദേശിച്ചു് ഈ ഉൽകൃഷ്ടകൃതിയെ നസ്രാണിസമുദായത്തിന്നു ദാനം ചെയ്‌വാൻ സന്നദ്ധനായതിൽ കൃതജ്ഞതാധനന്മാരായ നസ്രാണികൾ മേനവനവർകളോടു് എല്ലാകാലത്തും കൃതജ്ഞന്മാരായിരിക്കുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

ബൈബിളിലെ ഇതിവൃത്തങ്ങളെ വിഷയീകരിച്ചു ചില നസ്രാണിയുവകവികൾ ഈയിടയ്ക്കു ചില കവിതകൾ രചി

Digitized By Kerala Sahitya Akademi

ച്ചിട്ടുണ്ടെങ്കിലും അതുകളിൽ സാഹിത്യരസം കണികാണാൻകൂടി ഇല്ലാത്തതിനാൽ, അവയെ ആരുംതന്നെ കൊണ്ടാടാറില്ല. എന്നാൽ പ്രസ്തുത കൃതിയാകട്ടെ, ക്രിസ്തുമതതത്വങ്ങൾക്കും തദനുരൂപങ്ങളായ ആശയങ്ങൾക്കും മൂലകഥയിലെ വിവക്ഷിതാൎത്ഥത്തിനും ലേശവും ഹാനി സംഭവിക്കാതെ നിൎമ്മിക്കപ്പെട്ടിരിക്കുന്ന ഒന്നായതിനാൽ, പദ്യസാഹിത്യവിഷയത്തിൽ ശ്രമിക്കുന്ന നസ്രാണിയുവകവികൾക്കു് ഒരു മാൎഗ്ഗോപദേഷ്ടാവായി പരിണമിച്ചിട്ടുണ്ടു്.

ആകപ്പാടെ നോക്കുന്നതായാൽ മിസ്റ്റർ നാരായണമേനവൻ ഒരു പുതിയതരം മിഷണറിവേലയത്രേ ക്രിസ്ത്യൻസമുദായത്തിന്നു ചുണ്ടിക്കാണിച്ചുകൊടുത്തിരിക്കുന്നതു്. ഈ മാൎഗ്ഗത്തെ ക്രിസ്ത്യൻസമുദായം അവജ്ഞയോടുകൂടി നോക്കിക്കാണുന്ന കാലത്തോളം, ഉൽക്കർഷോന്മുഖമായ ഹിന്ദുസാഹിത്യമണ്ഡലത്തിൽ സ്വച്ഛന്ദം സഞ്ചരിപ്പാൻ ക്രിസ്തുമതത്തിന്നു യാതൊരു പ്രകാരത്തിലും സാധിക്കുന്നതല്ലെന്നു നിശ്ചയമാണു്.

കാരണമാനുഷനായ യേശുക്രിസ്തുവിന്റെ ദയാശീതളമായ പരിശുദ്ധഹൃദയത്തെ അതിഭംഗിയായി പ്രകാശിപ്പിച്ചിരിക്കുന്ന പ്രസ്തുത ഖണ്ഡകൃതിയെ കേരളീയക്രിസ്ത്യൻസമുദായം സ്വാഗതപൂൎവ്വം സ്വീകരിക്കുമെന്നും, ഒരു സ്വന്തം പുത്രനാൽ വിരചിതമായ ഒരു ശ്രേഷ്ഠപദ്യസാഹിത്യകൃതി കണ്ടു കണ്ണുനീർ തുടപ്പാൻ ഭാഗ്യമില്ലാത്ത നസ്രാണിവൎഗ്ഗമാതാവിന്റെ കദനഭാരത്തെ ശമിപ്പിപ്പാൻതക്കവണ്ണം ഈ കൃതി ക്രിസ്ത്യൻസമുദായത്തിൽ ഒരുണൎച്ചയെ ഉണ്ടാക്കുമെന്നും എനിക്കു ദൃഢവിശ്വാസമുണ്ടു്.

മലയാളിടാഗോർ എന്നു സുപ്രസിദ്ധനായ മിസ്റ്റർ മേനവന്റെ ഈ മധുരഗംഭീരമായ പദ്യകൃതിക്കു ഞാൻ എഴുതിച്ചേൎത്തിട്ടുള്ള ടിപ്പണി ഒട്ടും പൎയ്യാപ്തമല്ലെന്നു് എനിക്കറിയാം. എന്നാൽ യാതൊരൎത്ഥവിവരവും കൂടാതെ പുറത്താക്കിയാൽ, ഇതിന്റെ വൈശിഷ്ട്യം എന്റെ സഹോദരഹൃദയങ്ങളിൽ മിക്കപേൎക്കും തീരെ അജ്ഞാതമായിത്തന്നെ ഇരിക്കുമെന്ന ഭയമാണു് എന്നെ ഇതിൽ പ്രേരിപ്പിച്ചതു്. എന്റെ കുറിപ്പു് വായനക്കാരിൽ ചിലൎക്കെങ്കിലും ഉപകരിച്ചാൽ ഞാൻ കൃതാൎത്ഥനായി.

ഭക്തിസംവൎദ്ധകവും സദാചാരപ്രദൎശകവുമായ ഈ നവ്യകാവ്യം എന്റെ സഹോദരർ നിത്യപാരായണംചെയ്തു വിശുദ്ധിയെ സമ്പാദിക്കുമാറാകട്ടെ എന്നു ഞാൻ ഹൃദയപൂൎവ്വം ആശിക്കുന്നു.

മാവേലിക്കര
'96 മിഥുനം 5
1921 ജൂൺ

ചിത്രമെഴുത്തു്
കെ. എം. വൎഗ്ഗീസ്"

Digitized By Kerala Sahitya Akademi

ലൂക്കോസ്

(7-ാം അദ്ധ്യായം 36 മുതൽ 50 വരെ വാക്യങ്ങൾ)

പരീശന്മാരിൽ ഒരുത്തൻ, തന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ അവനെ ക്ഷണിച്ചു. അവൻ പരീശൻെറ വീട്ടിൽ ചെന്നു ഭക്ഷണത്തിന്നിരുന്നു. ആ പട്ടണത്തിൽ പാപിയായ ഒരു സ്ത്രീ, അവൻ പരീശൻെറ വീട്ടിൽ ഭക്ഷണത്തിന്നിരിക്കുന്നതു് അറിഞ്ഞു്, ഒരു വെൺകൽഭരണി പരിമളതൈലം കൊണ്ടു വന്നു പുറകിൽ അവൻെറ കാല്ക്കൽ കരഞ്ഞുകൊണ്ടു നിന്നു കണ്ണുനീർകൊണ്ടു് അവൻെറ കാൽ നനച്ചുതുടങ്ങി. തലമുടികൊണ്ടു തുടച്ചു കാൽ ചുംബിച്ചു തൈലം പൂശി. അവനെ ക്ഷണിച്ച പരീശൻ അതു കണ്ടിട്ടു്, ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ, തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു. അവൾ പാപിയല്ലോ, എന്നു് ഉള്ളിൽ പറഞ്ഞു. ശീമോനേ, നിന്നോടു് ഒന്നു പറയാനുണ്ടു് എന്നു യേശു പറഞ്ഞതിനു്: ഗുരോ, പറഞ്ഞാലും എന്നു് അവൻ പറഞ്ഞു. കടം കൊടുക്കുന്ന ഒരുത്തനു രണ്ടു കടക്കാർ ഉണ്ടായിരുന്നു; ഒരുത്തൻ അഞ്ഞൂറു വെള്ളിക്കാശും മററവൻ അമ്പതു വെള്ളിക്കാശും കൊടുപ്പാനുണ്ടായിരുന്നു വീട്ടുവാൻ അവർക്കു വക ഇല്ലായ്കയാൽ അവൻ ഇരുവർക്കും ഇളച്ചുകൊടുത്തു. എന്നാൽ അവരിൽ ആർ അവനെ അധികം സ്നേഹിക്കും? അധികം ഇളച്ചുകിട്ടിയവൻ എന്നു ഞാൻ ഊഹിക്കുന്നു എന്നു ശീമോൻ പറഞ്ഞു അവൻ അവനോടു് നീ വിധിച്ചതു ശരി എന്നു പറഞ്ഞു. സ്ത്രീയുടെ നേരെ തിരിഞ്ഞു ശീമോനോടു പറഞ്ഞതു്. ഈ സ്ത്രീയെ കാണുന്നുവോ? ഞാൻ നിൻെറ വീട്ടിൽ വന്നു: നീ എൻെറ കാലിന്നു വെള്ളംതന്നില്ല: ഇവളോ കണ്ണുനീർകൊണ്ടു് എൻെറ കാൽ നനച്ചു തലമുടികൊണ്ടു തുടച്ചു. നീ എനിക്കു ചുംബനം തന്നില്ല; ഇവളോ ഞാൻ അകത്തുവന്നതുമുതൽ ഇടവിടാതെ എൻെറ കാൽ ചുംബിച്ചു. നീ എൻെറ തലയിൽ തൈലം പൂശിയില്ല; ഇവളോ പരിമളതൈലം കൊണ്ടു് എൻെറ കാൽ പൂശി. ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു. അവൾ വളരെ സ്നേഹിച്ചുവല്ലോ, അല്പം മോചിച്ചുകിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ അവൻ അവളോടു നിൻെറ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു. അവനോടുകൂടാതെ പന്തിയിൽ ഇരുന്നവർ: പാപമോചനം കൊടുക്കുന്ന ഇവൻ ആർ എന്നു തമ്മിൽ പറഞ്ഞുതുടങ്ങി. അവൻ സ്ത്രീയോടു്: 'നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോക' എന്നു പറഞ്ഞു.

(ഇതാണു് ഈ ഖണ്ഡകൃതിയിലെ പ്രമേയം)

Digitized By Kerala Sahitya Akademi

(മാകന്ദമഞ്ജരി)

വാർതിങ്കൾത്താലമെടുത്ത വസന്തരാ—
വേതോ വെൺചാറൊന്നു പൂശിക്കയാൽ,
ശ്രീല'ഗലേല'ജില്ലയ്ക്കൊരു മുത്തു—
മാലയായ് മിന്നീ 'നെയിൻ'പട്ടണം. 1

ശീമോൻെറ പൂമേടതന്നിലെ നേത്രാഭി—
രാമവിശാലമാം ശാലയിങ്കൽ,
എണ്ണപ്പെട്ടുള്ള സുഗന്ധം പരത്തുന്നോ—
രെണ്ണ പകൎന്നു കൊളുത്തിച്ചെമ്മേ
ളുവെള്ളിച്ചങ്ങലത്തുമ്പത്തതാതിടം
തൂക്കിയ ദീപത്തിൻ ദീപ്തിപൂരം
ദൂരിതമാകമാറങ്ങണഞ്ഞിതൊ,രു
പൂരുഷരൂപമാം തേജഃപുഞ്ജം. 2

അല്ലേ ഗൃഹസ്ഥ, നീ ധന്യനായ്; ലോകത്തി—
ലില്ലിതിൻമീതേ വിരുന്നുകാരൻ;
അല്ലാ പ്രമാദം: ഭവാൻെറ കാൽമുട്ടുകൾ
തെല്ലും മടങ്ങാതെ നില്പതെന്തേ? 3

സപ്സമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന
ദിവ്യമാം തൃക്കരം ചുംബിപ്പാനും,
ഏഴെട്ടു കാശിൻെറയുന്മാദത്തുള്ളലേ,
പാഴറ നിൻതല താഴില്ലെന്നോ! 4

1. വാർതിങ്കൾത്താലം = ചന്ദ്രബിംബമാകുന്ന താമ്പാളം. വസന്തരാവ് = വസന്തകാലത്തിലെ രാത്രി. ശ്രീല = സമ്പൽസമൃദ്ധമായ. ഗലേലജില്ല— പലസ്തീൻരാജ്യത്തെ ഗലേലപ്രദേശം. നെയിൻപട്ടണം = ഗലേലപ്രദേശത്തിൻെറ തെക്കുഭാഗത്തുള്ള ഒരു ചെറിയ പട്ടണം. വസന്തകാലത്തിലെ നിലാവുള്ള ഒരു രാത്രിയിൽ മനോഹരമായി വിളങ്ങുന്ന നെയിൻപട്ടണത്തിൽ കഥ നടക്കുന്നതായി വിവക്ഷ. (ഇതിലെ ഇതിവൃത്തം ബൈബിൾ ലൂക്കോസ് 7-ാം അദ്ധ്യായം 36 മുതൽ 50 വരെയുള്ള വാക്യങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്.)

2. നേത്രാഭിരാമം = കണ്ണുകൾക്ക് ഇമ്പം കൊടുക്കുന്നത്. ദൂരിതം = അകന്നത്. കുബേരനായ ശീമോൻെറ മണിമാളികയിൽ അയാളുടെ ധനശക്തി വെളിപ്പെടുമാറ് വെള്ളിച്ചങ്ങലകളിൽ തൂങ്ങുന്ന മണിവിളക്കുകളുടെ ദീപ്തിപൂരത്തെ (പ്രകാശധോരണിയെ) ജയിക്കുന്നതായ പൂരുഷരൂപമാം തേജഃപുഞ്ജം (പുരുഷാകാരമായ പ്രകാശഗോളം), ഒരു വിശിഷ്ടപുരുഷൻ, അവിടെ എത്തി; വിളക്കുകൾ ഭൗമമായ തേജസ്സാണ്; ഈ വന്ന തേജസ്സോ ദിവ്യം!

3. ധന്യൻ = പുണ്യവാൻ. പ്രമാദം = അബദ്ധം. അഖിലവന്ദ്യനായ അതിഥിയുടെ മുമ്പിൽ യഹൂദസമുദായത്തിലെ ആചാരമനുസരിച്ച് മുട്ടുകുത്തി ആദരിപ്പാൻ കഴിയാതെപോയ ശീമോൻെറ ദുരഭിമാനത്തെയാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്.

4. ജഗത്ത് = ലോകം. ഉന്മാദം = അഹങ്കാരം. പാഴറ = കഥയില്ലാത്ത. ഗുരുക്കന്മാരുടെ കൈ മുത്തുന്ന യഹൂദജാത്യാചാരമനുസരിച്ച് അതിഥിയുടെ

Digitized By Kerala Sahitya Akademi

നൽപ്പനിനീരാൽക്കഴുകിക്ക വേണ്ടുന്ന
തൃപ്പദത്തിന്നു വെറും തണ്ണീരും
ലഭ്യമായീല തൽഗേഹത്തി,—ലല്ലെങ്കി—
ലിപ്പദംതാനൊരു പുണ്യതീർത്ഥം. 5

തയ്യാറായുണ്ണെന്നൊരുക്തിയാൽ സ്വാഗതം
ചെയ്യാനേ ശീമോൻ മുതിർന്നതുള്ളൂ! 6

ആ യഹൂദപ്രഭുതന്നാൽ നിമന്ത്രിത—
നായെഴുന്നള്ളിയ യേശുദേവൻ,
പാപ്പാസ്സാം പല്ലവത്തൊത്തോടു വേർപെട്ടു
പാടേ തെളിഞ്ഞ തൃക്കാൽപ്പൊൻപൂവാൽ
മന്ദം നടന്നു നൃപോചിതാഡംബര—
സുന്ദരമായ തളത്തിലെത്തി,
ചിത്രവർണ്ണോജ്ജ്വലപ്പട്ടുവിരിപ്പിൽത്തൻ—
മിത്രങ്ങളൊത്തമീത്തിന്നിരുന്നാൻ.
ചമ്പകകങ്കേളികുന്ദാദിപുഷ്പങ്ങ—
ളെമ്പാടും ചിന്നിയ വന്യഭൂവിൽ,
അമ്പാടിതന്നിലെച്ചങ്ങാതിമാരൊന്നി—
ച്ചുൺപാളും ഗോവിന്ദനെന്നപോലെ. 7

കൈ മുത്തുവാൻ ശീമോന്റെ അഹങ്കാരത്തള്ളൽ സമ്മതിച്ചില്ലെന്നു ഭാവം. ഇവിടെ അതിഥിയുടെ കൈ ഭൂലോകത്തെ സമ്പൽസമൃദ്ധമാക്കാൻ ശക്തിയുള്ളതു്; ശീമോന്റെ കഥയില്ലാത്ത അഹങ്കാരത്തള്ളലോ, ഏഴെട്ടു കാശിന്റെ മാത്രം! (അതിഥിയുടെ ശക്തി വിചാരിച്ചാൽ ശീമോന്റെ ധനശക്തി എത്രയോ നിസ്സാരം.) ഈ വാസ്തവം മനസ്സിലാക്കാൻ തല താഴുകയില്ലെന്നോ എന്നു കവി ആശ്ചര്യപ്പെടുന്നു. ഐഹികമായ ധനസമ്പത്തിയുടെ നിസ്സാരത ഇവിടെ സ്പഷ്ടമാക്കിയിരിക്കുന്നു.

5. തണ്ണീർ = വെള്ളം. തൽഗേഹം = ശീമോന്റെ ഭവനം. പുണ്യതീർത്ഥം = പുണ്യജലം. അതിഥികളെ ഗൃഹദ്വാരത്തിൽവെച്ചു കാൽ കഴുകിച്ചു് അകത്തേക്കു പ്രവേശിപ്പിക്ക എന്നതു യഹൂദന്മാരുടെ ആചാരമാണു്. ഈ അതിഥിമര്യാദയെ ശീമോൻ വിസ്മരിച്ചെങ്കിലും, ആ അതിഥിയുടെ കാലുതന്നെ ഒരു പുണ്യതീർത്ഥമാണെന്നു കവി സമാധാനിക്കുന്നു. ശുദ്ധിക്കാണല്ലോ കാൽ കഴുകിക്കുന്നതു്; ആ കാൽതന്നെ സർവ്വശുദ്ധികരമാണു്.

6. ഉക്തി = മൊഴി. ജാത്യാചാരമനുസരിച്ചു യാതൊരു സ്വീകരണമര്യാദയും പ്രദർശിപ്പിക്കാതെ, ഊൺ തയ്യാറായെന്നുമാത്രം പറവാൻ മുതിർന്ന ശീമോന്റെ ഔദ്ധത്യത്തെ കവി ഇവിടെ സുസ്പഷ്ടമാക്കിയിരിക്കുന്നു.

7. നിമന്ത്രിതൻ = ക്ഷണിക്കപ്പെട്ടവൻ. പാപ്പാസ്സാം...പൂവു് = ചെരിപ്പുകളാകുന്ന ഇളംതളിരുകളിൽനിന്നു വേർപെട്ട(ചെരിപ്പു ഊരിവെച്ചു)നില്ക്കുന്ന പൊൻനിറമുള്ള കാലുകളാകുന്ന പൂക്കൾ. (യഹൂദന്മാർ ഗൃഹത്തിൽ പ്രവേശിച്ചാലുടൻ ചെരിപ്പുകൾ ഊരി വാതില്ക്കൽ സൂക്ഷിക്കയാണു പതിവു്.) നൃപോ...രം = രാജയോഗ്യമായ ആഡംബരത്താൽ മനോഹരം. ചിത്ര...പ്പിൽ = വിചിത്രവർണ്ണങ്ങളാൽ പ്രകാശിക്കുന്ന രത്നകംബളത്തിൽ. അമീത്തു് = ഭക്ഷണം. ചമ്പ...വിൽ = ചമ്പകം, അശോകം, മുല്ല മുതലായവയുടെ പുഷ്പങ്ങൾ എല്ലാടവും ചിന്നിക്കിടക്കുന്ന വൃന്ദാവനത്തിൽ. അമ്പാടി—കൃഷ്ണന്റെ ബാല്യവാസസ്ഥലം. ഗോവി

Digitized By Kerala Sahitya Akademi

കാലുരണ്ടും പിമ്പോട്ടു മടക്കിത്തുപ്പൊൻചുമൽ
താഴെയിടംകൈ വിരിപ്പിലൂന്നി,
തെല്ലിടത്തോട്ടു ചാഞ്ഞൂണിനിരിപ്പായി,
സല്ലീലനീശ്വരൻ നിത്യതൃപ്തൻ. 8

വീട്ടുടമസ്ഥൻെറ സമ്പത്സമൃദ്ധിയെ—
ക്കാട്ടും വിലപ്പെട്ട പാത്രങ്ങളിൽ
സ്വാദുക്കളാകിയ ഭോജ്യങ്ങളോരോന്നും
സാധുക്കൾ പാചകന്മാർ വിളമ്പീ,
പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി—
വെച്ച ഭഗവാനു ഭക്ഷിപ്പാനായ്. 9

യാതൊരു പർവതത്തിങ്കലോ, ഭക്ഷണം
യാതൊന്നുമില്ലാതെ നാല്പതുനാൾ,
ധ്യാനംകൊണ്ടാത്മാവെയാത്മാവിൽക്കണ്ടുകൊ—
ണ്ടാനന്ദലീനനായ്ക്കന്യാപുത്രൻ
വൻതപംചെയ്തു, ഹിമാലയസാനുവി—
ലന്തകസൂദനസ്വാമിപോലെ;
അ'ത്താബോർ'മാമല, ശിഷ്യരോടൊത്തിരു—
ന്നത്താഴമുണ്ണുന്ന ക്രിസ്തുവിനെ
തേൻകളിർവല്ലീനികുഞ്ജത്തിൽനിന്നോലും
പൂങ്കുയിൽക്കുളകലാൽ വാഴ്ത്തിപ്പാടി. 10

ന്ദൻ (ശ്രീകൃഷ്ണൻ) വൃന്ദാവനത്തിൽവെച്ചു ഗോപാലന്മാരുമായി വനഭോജനം ചെയ്തുവുണ്ടായിട്ടുണ്ട്.

8. തുപ്പൊൻ...ഊന്നി=വിരിപ്പിലോ പീഠത്തിന്മേലോ ഇരുന്നു കാലുകൾ പിൻവശത്തേക്കു മടക്കി നീട്ടിവെച്ചാണ് യഹൂദർ ഭക്ഷണം കഴിക്കുക; പാരസീകന്മാരിൽനിന്നത്രേ യഹൂദന്മാർ ഈ ആചാരത്തെ സ്വീകരിച്ചതു്. സല്ലീല... തൃപ്തൻ = ലീലയോടുകൂടിയവനും എല്ലാക്കാലത്തും തൃപ്തനമായ ഈശ്വരൻ. മനുഷ്യധർമ്മം അനുസരിച്ചു് ഉണ്ണാനിരിപ്പായതു് അവിടുത്തെ ഒരവതാരലീലയാണെന്നും സൃഷ്ടവസ്തുക്കളെക്കൊണ്ടു തൃപ്തിപ്പെടുവാൻ ആവശ്യമില്ലാത്തവണ്ണം അവിടുന്നു നിത്യതൃപ്തനാണെന്നും സാരം.

9. ഭോജ്യങ്ങൾ = ഭക്ഷണസാധനങ്ങൾ. ഗലീലയിലെ കാനാ എന്ന ഗ്രാമത്തിൽവെച്ചു ചിലരുടെ അപേക്ഷപ്രകാരം ക്രിസ്തു വെള്ളം വീഞ്ഞാക്കിയതു് ഇവിടെ സൂചിപ്പിക്കുന്നു. സർവ്വമത്തായും അത്യാസ്വാദ്യമാക്കി സൃഷ്ടിപ്പാൻ ശക്തനായ ജഗദീശ്വരനെ ഭക്ഷണം കഴിപ്പിപ്പാൻ സാധുപാചകന്മാർ കിടന്നു ബുദ്ധിമുട്ടുന്നു!

10. ആനന്ദലീനൻ = ആനന്ദത്തിൽ ലയിച്ചവൻ. കന്യാപുത്രൻ = കന്യകയുടെ പുത്രൻ. (ക്രിസ്തുവിൻെറ മനുഷ്യാവതാരം പിതൃസംബന്ധം കൂടാതെയാണെന്നു വേദാഗമം). ഹിമാ.. നുവിൽ = ഹിമാലയപർവ്വതത്തിൻെറ താഴ്വരയിൽ. അന്തകസൂദനസ്വാമി = പരമശിവൻ. താബോർമാമല = നെയിൻപട്ടണത്തിനു വടക്കു കിടക്കുന്ന ഒരു ചെറിയ പർവ്വതമാണിതു്. തേൻ...കുഞ്ജം = പൂന്തേൻ ഇററിററുവീണു തണുത്ത വള്ളിക്കുടിൽ. (യേശുക്രിസ്തു താബോർമലയിൽ പലപ്പോഴും ധ്യാനത്തിനായും പോയിട്ടുണ്ടായിരുന്നു.) യേശുക്രിസ്തുവിനെ

Digitized By Kerala Sahitya Akademi

താളംപിടിച്ചു തല കുലുക്കിക്കൊണ്ടു
താഴ്‌വരച്ചുഴം തരുക്കളെല്ലാം,
ചിന്നും നിലാവിനാൽ വെള്ളിയലുക്കിട്ടു
തെന്നലുലയ്ക്കുന്ന പത്രങ്ങളാൽ. 11

പൂവണിച്ചെപ്പുകൾതോറുമേ വാസന്ത–
ദേവത സൂക്ഷിച്ച ത്തമരന്ദം
താൻതാൻ കുളിക്കെത്തളിച്ചൊരദൃശ്യമാം
താലവൃന്തത്തെക്കരത്തിലേന്തി,
യേശുമഹേശനെ പ്രാശനവേളയിൽ
വീശിനാൻ മാരുതൻ മന്ദമന്ദം. 12

തത്രഭവാന്റെ തഴച്ച കാർകുന്തലും
വക്ത്രപ്പൊയ്‌ത്താരിലെ വണ്ടിൻചാർത്തും
തെല്ലൊന്നുലഞ്ഞു വിളങ്ങി; കാളിന്ദിയിൽ
മെല്ലെത്തുളുമ്പുന്നോരോളംപോലെ. 13

രണ്ട്

താഴത്തേക്കെന്തിത്ര സൂക്ഷിച്ചുനോക്കുന്നു
താരകളേ, നിങ്ങൾ നിശ്ചലമായ്?
നിങ്ങൾതൻ കൂട്ടത്തിൽനിന്നിപ്പോഴാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ? 14

ഉവ്വ്,താ, നക്ഷത്രംതന്നെയാം രൂപമൊ–
ന്നവ്വിയിലിപ്പുരവീഥിയിങ്കൽ,

വാഴ്ത്തുന്ന ഗീതങ്ങളാണോ എന്നു തോന്നുമാറു പ്രസ്തുത പദ്യത്തിൽനിന്നു കയിൽനാദം പുറപ്പെട്ടിരുന്നു.

11. താഴ്‌വര...ക്കൾ=താഴ്‌വരയെ ചുഴന്നുനില്ക്കുന്ന വൃക്ഷങ്ങൾ. തെന്നൽ= ഇളങ്കാററു്. പത്രങ്ങൾ (ഇലകൾ) ഇളകുന്നതു കണ്ടാൽ കയിൽപ്പാട്ടിനൊത്തു താളംപിടിക്കുകയാണെന്നു തോന്നും.

12. പൂവണിച്ചെപ്പുകൾ= പൂനിരകളാകുന്ന ചെപ്പുകൾ. വാസന്തദേവത=വസന്തകാലത്തിന്റെ ദേവത. ത്തമരന്ദം=പൂന്തേൻ. താൻതാൻ=താൻതന്നെ. താലവൃന്തം=വിശറി. പ്രാശനവേള=ഭക്ഷണസമയം. പച്ചുമുതൽ പന്ത്രണ്ടുവരെയുള്ള വാക്യങ്ങൾകൊണ്ടു ഭക്ഷണവേളയിൽ പ്രകൃതികൂടി ക്രിസ്തുവിനെ ശുശ്രൂഷിച്ചാരാധിച്ചതായി വർണ്ണിച്ചിരിക്കുന്നു.

13. തത്രഭവാൻ=യേശുക്രിസ്തു. കാർകുന്തൽ = തലമുടി (ക്രിസ്തു നസ്രായസമ്പ്രദായം അനുഷ്ഠിച്ചിരുന്നതിനാൽ ശരീരത്തിൽ ക്ഷൗരക്കത്തി തൊടുവിച്ചിരുന്നില്ല.) വക്ത്ര...ചാർത്തു് = മുഖമാകുന്ന താമരപ്പൂവിൽ ചേർന്ന വരിവണ്ടുകൾ; മീശ എന്നു സാരം. കാളിന്ദി = കാളിന്ദീനദി—ഇതിന്റെ നിറം കറുപ്പാണു്.

14. താരകൾ = നക്ഷത്രങ്ങൾ. നിശ്ചലം = ഇളക്കമില്ലാതെ. ഭംഗമാർന്നു = സ്ഥാനഭ്രംശംവന്നു്.

Digitized By Kerala Sahitya Akademi

അല്ലെങ്കിൽ മറെറാരു കൊച്ചുനിലാവിതാ,
മുല്ലപ്പൂപോലുള്ള ശുനിലാവിൽ! 15

ആരോ മനോഹരസർവ്വാംഗിയാമിവ—
ളാ,രോമലാരാക്കിത്ര വെമ്പലെന്തോ?
നീളെയുത്തുംഗമാം മാർത്തട്ടലയുന്നു
തോളണിഞ്ഞുവെള്ളച്ചേലയുള്ളിൽ. 16

കെട്ടഴിഞ്ഞോമനപ്പൃഷ്ഠഭാഗത്തേയും
പുഷ്ടനിതംബപ്പരപ്പിനേയും
മൂടിക്കിടക്കുന്നു, മുഗ്ദ്ധമാം കാർകുഴൽ
നീട്ടററ നീലത്തഴപ്പു തുല്യം;
ഇക്കുരിരുളച്ചുരുൾ തൊട്ടുഴിയുന്നിതോ
തൃക്കരംകൊണ്ടിരുൾപോക്കും ചന്ദ്രൻ! 17

ഭവ്യപരിമളമൊന്നിതാ പൂത്തൊരു
ദിവ്യലതയിൽനിന്നെന്നപോലെ,
സുന്ദരിതങ്കൽനിന്നേററിടചേരുന്നു
ചന്ദനശീതളചന്ദ്രികയിൽ. 18

സ്ഫാടികപാത്രമൊന്നുണ്ടു വിളങ്ങുന്നു
പാടലമായ തൽപാണിയിങ്കൽ;
ഏററിയഭംഗ്യാ വിരിഞ്ഞ ചെന്താമര—
ത്താരിലൊരോമനമരാളംപോലെ. 19

15. ഉവ്വ്+ഇതാ = ഉവ്വിതാ. ഉർവ്വി = ഭൂമി. വീഥി = തെരുവ്. ശരിതന്നെ, നക്ഷത്രതുല്യമായ ഒരു മനോഹരരൂപം ഇതാ, ഈ പുരവീഥിയിൽ! അല്ലെങ്കിൽ...ലാവിൽ = ആ രൂപം നക്ഷത്രംപോലെയോ നിലാവുപോലെയോ ശോഭിക്കുന്നു എന്നു സാരം.

16. മനോഹരസർവ്വാംഗി = എല്ലാ അംഗങ്ങളും മനോഹരമായിട്ടുള്ളവൾ. ആരോമലാൾ—സുന്ദരി എന്നു സാരം. വെമ്പൽ = തിടുക്കം. ഉത്തുംഗം = ഉയർന്നതു്.

17. പൃഷ്ഠഭാഗം = പിൻപുറം. നിതംബം = അരക്കെട്ടിന്റെ പിൻഭാഗം. മുഗ്ദ്ധം = മനോഹരം. കാർകുഴൽ = തലമുടി! ഇക്കുരിരുൾ = ഈ തലമുടിച്ചുരുൾ. ഉഴിയുക = തലോടുക. തൃക്കരം (= ശ്രീമത്തായ രശ്മി, തൃക്കയ്യ്) തലമുടി ചന്ദ്രരശ്മി, തട്ടി മിന്നുന്നു എന്നു സാരം. ഇവളിൽ ലോകം കാണുന്ന മാലിന്യം, മാലിന്യമകററുന്ന പാവനാത്മാവിന്നു ലാളനീയമാണെന്നു വ്യംഗ്യം.

18. ഭവ്യപരിമളം = നല്ല വാസന. ദിവ്യലത = സ്വർഗ്ഗത്തിലെ വള്ളി. ചന്ദന...യിൽ = ചന്ദനത്തെപ്പോലെ തണുപ്പുള്ള നിലാവിൽ. നായികയുടെ ശരീരത്തിൽനിന്നു പ്രസരിക്കുന്ന സുഗന്ധം, ചന്ദനത്തിന്റെ തണുപ്പു മാത്രമുള്ള ചന്ദ്രികയെ സൗരഭ്യപ്പെടുത്തുകകൂടി ചെയ്തു!

19. സ്ഫാടികപാത്രം = സ്ഫടികപ്പാത്രം. പാടലം = ചുകന്ന. തൽപാണി = അവളുടെ കൈ. ചെന്താമരത്താർ = ചെന്താമരപ്പൂവ്. ഓമനമരാളം = പ്രിയപ്പെട്ട അരയന്നം.

Digitized By Kerala Sahitya Akademi

ഏകയാണേണാക്ഷി കാമുകസന്നിധി
പൂകുവാൻ പോവുകയായിരിക്കാം;
തൻപള്ളിവാളേന്തി പ്രച്ഛന്നമൂർത്തിയായ്
മുമ്പിൽ നടക്കുന്നുമുണ്ടാം പ്രേമം;
ഉല്ലസിക്കട്ടേ യഥേഷ്ടമായ് മന്മഥൻ
അല്ല,ഭിസാരികയല്ലിത്തന്വി;
ശങ്കയോ ഭീതിയോ തീണ്ടിയിട്ടില്ലല്ലോ,
തങ്കപ്പൂപോലുള്ള തന്മുഖത്തെ.
അല്ലാസ്ഥിലീയഭിസാരികയ്ക്കാവക
വല്ലാഴ്മകൾക്കില്ല ബന്ധമൊന്നും;
ഏവരുമാരെയഭിസരിക്കേണ്ണം,മ-
ദ്ദേവനെത്തേടിഗ്ഗമിപ്പോളിവൾ. 20

കാമിനീമൗലേ, സമാശ്വസിച്ചാലും നീ,
കാമിതമെന്തിനിക്കൈവരേണ്ടൂ?
മിന്നി വിടർന്ന നിൻ മീനൊളിക്കണ്ണിന്നു
മുന്നിലായ് പുണ്യമാം സങ്കേതം തേ! 21

ശീമോന്റെ വീട്ടിൽത്തുറന്നുകിടക്കുന്ന
പൂമുഖവാതിലപ്പുഷ്കരാക്ഷി
ആകെ രോമാഞ്ചിതഗാത്രിയായ്ദ്ദർശിച്ചാൾ,
നാകത്തിൻ ഭാസുരദ്വാരംപോലെ. 22

---

20. ഏണാക്ഷി = സുന്ദരി. കാമുകസന്നിധി = കാമുകന്റെ സമീപം. പള്ളിവാൾ—അധികാരശക്തിയെന്നു പ്രകൃതാർത്ഥം. പ്രച്ഛന്നമൂർത്തി = അദൃശ്യമൂർത്തി. മന്മഥൻ = കാമദേവൻ. അഭിസാരിക = കാമുകന്റെ അരികത്തേക്കു പോകുന്നവൾ. തന്വി=യുവതി.

രാത്രിയിൽ ഏകാകിനിയായ നായികയുടെ യാത്ര കണ്ടാൽ അവൾ കാമുകനെ അന്വേഷിച്ചു പോകുന്ന ഒരുവളാണെന്നു തോന്നാം. വഴിയിൽ സഹായത്തിന് അദൃശ്യമൂർത്തിയായ പ്രേമം, അതിന്റെ അധികാരമാകുന്ന പള്ളിവാളോടുകൂടി അവളുടെ മുമ്പിൽ അകമ്പടിസേവിക്കുന്നുമുണ്ടാവാം. അങ്ങനെയെങ്കിൽ, കാമദേവൻ സന്തോഷിക്കട്ടെ—എന്നു കവി വിജയാശംസചെയ്യുന്നു. എന്നാൽ പരമാർത്ഥത്തിൽ തന്റെ അശുദ്ധജീവിതത്തിൽനിന്നു പിന്തിരിയുന്നതിനുള്ള സ്വന്തം അന്തഃകരണത്തിന്റെ പ്രേരണയെ അമർത്തിക്കളയുന്ന സർവ്വവിധ പ്രലോഭനശക്തികളേയും ഒന്നാകെ കീഴ്പെടുത്തത്തക്ക അധികാരവീര്യത്തോടുകൂടി പരിശുദ്ധമായ പ്രേമയം അവളെ ജഗദീശ്വരന്റെ ദിവ്യസന്നിധിയിലേക്കു നയിക്കുന്നതിനാൽ, അവൾ ഇപ്പോൾ ഒരു വെറും അഭിസാരികയല്ല; സർവ്വമനുഷ്യരും ഒന്നുപോലെ ചെന്നണയേണ്ടവനായ ജഗൽസ്രഷ്ടാവിനെ പ്രാപിപ്പാനായി അത്യുൽകണ്ഠയോടെ പോവുന്നവളാണിവൾ. അതുകൊണ്ട് ഇവൾക്കാരെയും ശങ്കിക്കയും ഭയപ്പെടുകയും വേണ്ട.

21. കാമിനീമൗലി = സ്ത്രീകളിൽ മികച്ചവൾ. കാമിതം = ആഗ്രഹം. സങ്കേതം = താവളം (ക്രിസ്തുവിന്റെ സന്നിധി.) തേ = നിനക്ക്. മീനൊളിക്കണ്ണ് = മത്സ്യംപോലെ നീണ്ട കണ്ണ്.

22. പുഷ്കരാക്ഷി = താമരയിതൾക്കൊത്ത കണ്ണുള്ളവൾ. അവൾ ആ തുറന്ന വാതിലിനെ കൺവിടരെ കണ്ടു എന്നു സൂചന. രോമാഞ്ചിതഗാത്രി =

Digitized By Kerala Sahitya Akademi

വേഗം നിലച്ചു ഗതിക്കവൾക്കാസന്ന–
സാഗരയാം നദിക്കെന്നപോലെ. 23

ആകൃഷ്ടയായിതോ വീണ്ടും മുന്നോട്ടിലൊ–
രാകമ്രപാശത്താൽ മുന്നോട്ടവൾ,
ഏറെനാൾ വേർപെട്ടിരുന്നിട്ടു കുട്ടിതൻ
ചാരത്തേക്കെത്തുന്നൊരമ്മപോലെ.
പേർത്തുമുൽക്കണ്ഠിതയായ്ച്ചമഞ്ഞോ,രോരോ
കാൽത്തളിർവെപ്പിനാലഞ്ചുമാറും
വെൺകല്പടകൾ പിന്നിട്ടുകൊണ്ടഗ്ഗൃഹ–
ത്തിങ്കലേക്കേറിനാൾ തിങ്കൾമുഖി. 24

പിന്നിലേക്കുന്തിയോ സിന്ധുവിൻ കല്ലോലം
തന്നിലണയും തരംഗിണിയെ!
വാതില്ക്കൽ ശങ്കിച്ചു നില്ക്കേണ്ടാ മുഗ്ദ്ധേ, നീ;
സ്വാതന്ത്ര്യമോടകത്തേക്കു ചെല്ലാം.
കെട്ട മാർഗ്ഗത്തിൽ നടന്ന നിൻ കാൽച്ചളി
മൃഷ്ടമായല്ലോ നിൻ കണ്ണീരാൽത്താൻ! 25

മൂന്ന്

ദാരിദ്ര്യക്ലിഷ്ടമാം പാഴ്ക്കുടിലിലൊന്നിലാ–
ണീ രുചിരാംഗി ജനിച്ചതത്രേ:
പാറപ്പുറത്തൊരു ഭംഗിയേറും പനി–
നീരലരുണ്ടായിതെങ്ങനേയോ! 26

കോൾമയിർക്കൊണ്ട ശരീരത്തോടുകൂടിയവൾ. നാക...ദ്വാരം = സ്വർഗ്ഗത്തിന്റെ പ്രകാശമാനമായ വാതിൽ.

23. ഗതി = നടത്തം. ആസന്നസാഗരം = കടലിനോടു സമീപിച്ചതു്.

24. ആകൃഷ്ട = ആകർഷിക്ക(കെട്ടിവലിക്ക)പ്പെട്ടവൾ. ആകമ്രപാശം = സുഖകരമായ കയർ. വീണ്ടും വേഗത്തിൽത്തന്നെ നടന്നുതുടങ്ങി. ഉൽക്കണ്ഠിത = അത്യന്തം ആഗ്രഹമുള്ളവൾ. തിങ്കൾമുഖി = സുന്ദരി. അവൾ ആ ഗൃഹത്തിന്നു് ഒരു ശോഭയേററി എന്നു വ്യംഗ്യം.

25. സിന്ധു = സമുദ്രം. കല്ലോലം = തിരമാല. തരംഗിണി = നദി. മുഗ്ദ്ധ = സുന്ദരി; പരുങ്ങലുള്ളവൾ. മൃഷ്ടം = കഴുകിത്തുടയ്ക്കപ്പെട്ടതു്. നായിക ഗൃഹദ്വാരത്തിൽ പെട്ടെന്നു നിന്നതു്, അത്ര പാപിനിയായ തനിക്കു് ഈശ്വരപുത്രന്റെ സന്നിധിയിൽ ചെല്ലാൻ പാടുണ്ടോ എന്നു തോന്നുകയാലാണു്. ക്രിസ്തുവിന്റെ അനുഭാവാതിശയം അവളെ പുറംകാട്ടു തള്ളിയോ? കവി അവളെ ആശ്വസിപ്പിക്കുന്നു.

26. ദാരിദ്ര്യ...ടിൽ = ദാരിദ്ര്യത്താൽ വരണ്ട ചെററക്കുടിൽ. രുചിരാംഗി = സുന്ദരി. പനിനീരലർ = പനിനീർപ്പൂവു്. പാറപ്പുറത്തു് ഒരു പനിനീർപ്പൂവുണ്ടായതുപോലെ, ദാരിദ്ര്യംപിടിച്ച ഒരു ചെററക്കുടിലിൽ ഈ സുന്ദരി ജനിച്ചല്ലോ എന്നത്ഭുതം.

Digitized By Kerala Sahitya Akademi

വാരുററ ഉന്മണം വ്യാപിക്കുമാറു
താരുണ്യലക്ഷ്മി ചേർന്നുല്ലസിക്കേ,
ആരും തിരിഞ്ഞുനോക്കാതിരുന്നാക്കുടിൽ
പൂരുഷന്മാർക്കൊക്കെപ്പൂമേടയായ്! 27

സ്വാർത്ഥൈകതല്പരന്മാരവർ കാമത്തിൻ
പൂർത്തിക്കാപ്പുഷ്പത്തെച്ചേററിൽ വീഴ്ത്തി;
തേവിടിപ്പെണ്ണാക്കിത്തീർത്താരവരൊ,രു
പാവമാം കൊച്ചുസഹോദരിയെ:
സ്വച്ഛമാം ലോകസരസ്സിന്നടിത്തട്ടി—
ലിച്ചേർ നിറപ്പതു മാനുഷൻതാൻ! 28

സർഗ്ഗകർത്താവിവൾക്കാവോളമേകിനാൻ
സ്വർഗ്ഗലോകത്തിലെസ്സൗന്ദര്യത്തെ;
എന്നാലസ്സൽഗുണംതന്നെയിത്തന്വിയെ—
ദ്ദുർന്നരകാന്തത്തിൽത്തള്ളിവിട്ടു! 29

ആദിഘട്ടങ്ങളിലീ വിടാരാധനം
നീതിയല്ലെന്ന നിഷേധശബ്ദം
ചേതസ്സിൽനിന്നുദിച്ചേശിയിരുന്നു, പൊൻ--
കൈതപ്പൂമെയ്യാൾതൻ കർണ്ണത്തിങ്കൽ;
കാലക്രമാലതു കാമുകസ്തോത്രോക്തി—
ജാലനിർഘോഷത്തിലാണ്ടുപോയ്പോയ്! 30

ദാരിദ്ര്യപീഡയാൽ വാടുമൊരുത്തിതൻ
ചാരിത്രഭൂഷയൊന്നെത്രവേഗം
വില്ക്കപ്പെടുകയില്ലാ,വശ്യക്കാരുടെ
വില്ലാശ്ശു മേല്ക്കുമേൽ വന്നു വീഴ്കേ! 31

---

27. വാരുററ ഉന്മണം = വളർന്ന സുഗന്ധം. താരുണ്യലക്ഷ്മി = യൗവനശ്രീ; നായിക യൗവനാവസ്ഥയെ പ്രാപിച്ചതോടുകൂടി, ആ ചെററക്കുടിലിലേയ്ക്ക്, ഒരു മണിമാളികയിലേക്കെന്നപോലെ, കാമുകന്മാർ കയറിച്ചെന്നുതുടങ്ങി.

28. സ്വാർത്ഥൈകതല്പരന്മാർ = തൻകാര്യംമാത്രം നോക്കുന്നവർ. സ്വച്ഛം = നിർമ്മലം. ലോകസരസ്സ് = ലോകമാകുന്ന പൊയ്ക. കാമുകന്മാർ തൻകാര്യത്തിനുവേണ്ടി ആ സാധ്വിയുവതി തങ്ങളുടെ ഒരു കൊച്ചു സഹോദരിയാണെന്നുള്ള വാസ്തവമോർക്കാതെ, അവളെ മാലിന്യപ്പെടുത്തി എന്നു സാരം. ഈ പരിശുദ്ധലോകത്തെ അശുഭകൃത്യങ്ങളാൽ ദുഷിപ്പിക്കുന്നതു മനുഷ്യർതന്നെയാണ്.

29. സർഗ്ഗകർത്താവ് = സൃഷ്ടിക്കുന്നവൻ. ദുർന്നരകാന്തം = കെട്ടനരകമധ്യം.

30. വിടാരാധനം = വിടസേവ. ചേതസ്സ് = ഹൃദയം. പൊൻകൈതപ്പൂമെയ്യാൾ = സുന്ദരി. കാമു...ഷം = കാമുകന്മാരുടെ സ്തുതിവാക്യങ്ങളുടെ ഘോഷം. ആണ്ടു = താണു. വിടന്മാരുമായുള്ള കൂട്ടുകെട്ടു പാപമാണെന്ന് ആദ്യകാലത്ത് അവളുടെ അന്തഃകരണം അവളോടുപദേശിച്ചുവെങ്കിലും, ഒടുവിൽ കാമുകന്മാരുടെ സ്തുതിവാക്കുകൾ അതിനെ കീഴ്പ്പെടുത്തിക്കളഞ്ഞു.

31. ദാരിദ്ര്യപീഡ = ദാരിദ്ര്യദുഃഖം. ചാരിത്രഭൂഷ = സദ്വൃത്തിയാകുന്ന ആഭരണം. വില്ലാശ്ശ് = ഒരുവക സ്വർണ്ണനാണയം. പൊറുതിക്കു വകയില്ലാത്ത അവൾ

Digitized By Kerala Sahitya Akademi

കാർമുകിൽവേണിതൻ ചുററുമേ കാണായി
കാമുകരർപ്പിക്കമോമാടകം,
തന്മെയ്യാം കാഞ്ചനവല്ലരിമേൽനിന്നു
ചെമ്മേ പൊഴിയുന്ന പൂക്കൾപോലെ. 32

മന്മഥശില്പത്താൽ ദീപ്തമിവളുടെ
മയ്ക്കൺമുനയാലുള്ളോരോ നോട്ടം
നൂറുനൂറിന്ദ്രനീലാഖ്യരത്നത്തിലു-
മേറേ വിലപ്പെട്ടതായിരുന്നു! 33

ലോകത്തിനൊക്കെയും പാല്ക്കുഴമ്പായ്ത്തോന്നു-
മേകമാം പുഞ്ചിരിത്തെല്ലിനാൽത്താൻ,
ലോലായതാക്ഷിതൻ പുൽമാടം പെട്ടെന്നു
കൈലാസംപോലുള്ള മാളികയായ്! 34

ഒന്നല്ല പത്തല്ല ചില്ലീലതാഞ്ചല-
മൊന്നനങ്ങുന്നതും കാത്തുനില്പോർ;
കുംഭിസഞ്ചാരിണിക്കെന്തിതിലപ്പുറം,
കുംഭിനീനാഥരും കുംഭദാസർ. 35

കൊററിന്നുഴക്കരി കാണാതിരുന്നവൾ
കൊററക്കുട ചൂടും റാണിയായി;
ഹന്ത, സൗന്ദര്യമേ, നാരിതൻമെയ്ച്ചേർന്നാ-
ലെന്തെന്തു സൗഭാഗ്യം സാധിക്കാ നീ? 36

തന്റെ ആഭരണത്തെ വേണ്ടുവോളം വില കിട്ടുമെന്നായപ്പോൾ വേഗേന വിററു കളഞ്ഞതിൽ എന്താണത്ഭുതം?

32. കാർമുകിൽവേണി = സുന്ദരി. കാമു...ടകം = കാമുകന്മാർ നല്കുന്ന ഒരുതരം പൊൻനാണ്യങ്ങൾ. കാഞ്ചനവല്ലരി = സ്വർണ്ണലത.

33. മന്മഥശില്പം = കാമദേവന്റെ കടച്ചൽപ്പണി ദീപ്തം = മിന്നിത്തിളങ്ങുന്നതു്. ഇന്ദ്രനീലാഖ്യരത്നം = ഇന്ദ്രനീലക്കല്ല്. അനവധി രത്നങ്ങൾ കൊടുത്തും അവളുടെ ഒരു കടാക്ഷം ലഭിക്കുന്നതു ലാഭമായിട്ടാണ് കാമുകന്മാർ കരുതിയിരുന്നതു്.

34. ലോലായതാക്ഷി = സുന്ദരി. കൈലാസം = വെള്ളിക്കുന്നു്. നിസ്സ്വയാസമായും എളുപ്പത്തിലും അവൾ അത്ര സമ്പന്നയായിത്തീർന്നു എന്നു താല്പര്യം.

35. ചില്ലീലതാഞ്ചലം = പുരികക്കൊടികളുടെ അറ്റം. കുംഭിസഞ്ചാരിണി = ആനയെപ്പോലെ നടന്നുകവൾ (സുന്ദരി) കുംഭിനീനാഥർ = രാജാക്കന്മാർ. കുംഭദാസർ = വീട്ടുവേലക്കാർ.

36. കൊററു് = ഭക്ഷണം കൊററക്കുട = രാജചിഹ്നമായ നീണ്ട കാലുള്ള വെളുത്ത കുട. റാണിയായി—അവൾക്കു് ധനസമൃദ്ധി മാത്രമല്ല, ആജ്ഞാശക്തിയും കൈവന്നു.

Digitized By Kerala Sahitya Akademi

നാല്

ഏവമസ്സമ്പത്തിൻ സർപ്പോപധാനത്തിൽ—
ക്കാൽ വെച്ചുറങ്ങുമിക്കാമിനിയെ
മെല്ലവേ മെയ്തൊട്ടുണർത്തി യദൃച്ഛയാ,
നല്ലകാലത്തിന്റെ നിശ്വാസങ്ങൾ; 37

പൂന്തേനിൻതുള്ളിപോലെ,ങ്ങുനിന്നോ കുളിർ—
പ്പൈന്തെന്നലെത്തിച്ചോരാര്യസൂക്തം
കണ്ണു മിഴിപ്പിച്ചു ചുററുമേ നോക്കിച്ചു
കർണ്ണാന്തവിശ്രാന്തലോചനയെ. 38

ക്രിസ്തുവാം കൃഷ്ണന്റെ ധർമ്മോപദേശമാം
നിസ്തുലകോമളവേണുഗാനം
ഏതോ സ്വനഗ്രാഹിയന്ത്രത്തിൽനിന്നാവിർ—
ഭൂതമായ്ത്തൻചെവി പൂകിയാറേ,
വൃന്ദാവനത്തിലെ മാൻപേടപോലെ നി—
ഷ്പന്ദമായ്നിന്നു മുഹൂർത്തമിവൾ. 39

'രക്ഷിക്ക ചാരിത്ര'മെന്നൊരാറക്ഷരം
നക്ഷത്രംപോലതാ, തത്ര മിന്നി!
സാരം ഗ്രഹിച്ചവൾ തൻ ജീവിതാധ്യായ—
മോരോന്നും വായിച്ചുനോക്കുകയായ്;
ചാരിത്രമെന്നൊരു വാക്കതിൽക്കണ്ടീല
നാരിപ്പുണ്ണുയ്യോ, നടുങ്ങിപ്പോയി! 40

---

37. ഏവം = ഇപ്രകാരം. സർപ്പോപധാനം = പാമ്പാകുന്ന തലയണ. അവളുടെ സമ്പത്ത് ദുർവ്യാപാരംകൊണ്ടുണ്ടായതാകയാൽ, ആ തലയണയെ സർപ്പം (ചെകുത്താൻ) ആക്കി കല്പിച്ചിരിക്കുന്നു. നല്ലകാലം (സൽപ്രേരണ) അവളെ മോഹനിദ്രയിൽനിന്നു തട്ടിയുണർത്തി തദ്ദൃശജീവിതത്തിന്റെ ആപൽക്കരത്വത്തെ അവൾക്കു കാണിച്ചുകൊടുത്തു

38. കുളിർപ്പൈന്തെന്നൽ = കുളിരിളങ്കാറ്റ്. ആര്യസൂക്തം = യേശുക്രിസ്തുവിന്റെ ശ്രേഷ്ഠോപദേശം. കർണ്ണാന്ത...ചന = സുന്ദരി. തന്റെ കർണ്ണത്തിൽ പതിച്ച ദിവ്യോപദേശം നായികയെ പരിഭ്രമിപ്പിച്ചു എന്നു താല്പര്യം.

39. നിസ്തുലം = തുല്യമില്ലാത്തതു്. കോമള...ഗാനം = മനോഹരമായ ഓടക്കുഴൽനാദം. ആവിർഭൂതമായ് = ഉണ്ടായി. നിഷ്പന്ദം = അനക്കമില്ലാതെ. ഇവിടെ കവി യേശുക്രിസ്തുവിനെ ധർമ്മോപദേശവിഷയത്തിൽ കൃഷ്ണനാണെന്നു സങ്കല്പിക്കുന്നു. ഒരേ ധർമ്മതത്ത്വത്തെത്തന്നെ രണ്ടു മതങ്ങളിലും ഒന്നുപോലെ ദർശിക്കുന്ന ഒരു കവിക്കു് രണ്ടവതാരപുരുഷന്മാരെയും ഏകബുദ്ധിയോടുകൂടി മാത്രമേ ഗണിപ്പാൻ സാധിക്കൂ. ശ്രീകൃഷ്ണന്റെ ഓടക്കുഴൽനാദം കേട്ടു വൃന്ദാവനത്തിലെ മാൻപേടകൾ ആനന്ദമൗനം പൂണ്ടതുപോലെ, ശ്രീയേശുക്രിസ്തുവിന്റെ ദിവ്യോപദേശം ആരോ പറഞ്ഞുകേട്ടതോടുകൂടി നായിക കുറേനേരത്തേക്കു നിശ്ചലയായി നിന്നുപോയി.

40. ചാരിത്രം = സദ്വൃത്തി. തത്ര = അതിൽ (ദിവ്യോപദേശത്തിൽ). തൻ ജീവിതാ...കയായ് = തന്റെ ജീവിതമാകുന്ന ഗ്രന്ഥത്തിലെ ഓരോരോ അദ്ധ്യായങ്ങളെ (ഘട്ടങ്ങളെ)യും വായിച്ചുനോക്കിയതിൽ താൻ ഒരു വലിയ ദുർവൃത്ത

Digitized By Kerala Sahitya Akademi

പാതാളക്കുണ്ടിൽനിന്നമ്മണിപ്രാസാദ—
മേതൊന്നിലൂടെയാരൂഢയായ് താൻ,
അക്കോണി മാഹേന്ദ്രനീലനിബദ്ധമ—
ല്ലൊ,ക്കെക്കരിഞ്ചളിക്കട്ടകളാൽ
കെട്ടിപ്പടുത്തതാണെന്നുള്ള വാസ്തവം
കുട്ടിനീമൗലിക്കു ബോധപ്പെട്ടു. 41

ശാരദപൗർണ്ണമീചന്ദ്രബിംബത്തോടു
കേറിക്കയെത്തു തൻ കേളീസൗധം
ബന്ധുരഗാത്രിക്കു ഭീഷണമായ്ത്തീർന്നി—
ത,ന്ധതാമിസ്രപ്രദേശംപോലെ. 42

തത്ര പലേടം തുറന്നുകിടക്കുന്ന
ചിത്രശില്പങ്ങളാം വാതിലുകൾ
തന്വിതൻ കണ്ണിന്നു, തിന്നും നരകങ്ങൾ
മുന്നിൽ പിളർത്തിയ വായ്കളായി! 43

അന്നത്തിൻതൂവൽ നിറച്ചണികട്ടിലിൽ
മിന്നുന്ന പട്ടുകിടക്കയെല്ലാം
കുത്തുമുത്തീടിന കാരിരുമ്പാണികൾ
കുത്തു തറച്ചുള്ളൊന്നായിത്തോന്നി. 44

മെച്ചമിയന്ന പൊൻപഞ്ജരംതന്നിലെ—
പ്പച്ചമണിക്കിളിപ്പെൺകൊടിയാം,

മാത്രമാണെന്നു കണ്ടു. നാരിപ്പൂൺപ് = സ്ത്രീശിരോമണിയായ നായിക ഭയപ്പെട്ടു. വ്യഭിചാരം കേവലം പ്രവൃത്തിയിൽ മാത്രമല്ല. വ്യഭിചരിക്കണമെന്നുള്ള ഉദ്ദേശത്തോടെ നോക്കുന്നതുതന്നെയും വ്യഭിചാരമാണെന്നു ക്രിസ്തു പ്രസംഗിച്ചതു കേട്ടപ്പോൾ ചാരിത്രത്തെ അതിന്റെ പരമോൽകൃഷ്ടമായ അർത്ഥത്തിൽ രക്ഷിക്കേണ്ടതിന്റെ ആവശ്യകത അവൾക്കു തികച്ചും ബോധപ്പെട്ടുവെന്നു മാത്രമല്ല, തന്റെ മ്ലേച്ഛപാപങ്ങളെ ഓർത്ത് നായിക നടുങ്ങിപ്പോവുകകൂടി ചെയ്തുവെന്നു സാരം.

41. മണിപ്രാസാദം = മണിമേട. ആരൂഢയായ് = കയറി. മാഹേന്ദ്രനീലനിബദ്ധം = ഇന്ദ്രനീലക്കല്ലാൽ കെട്ടപ്പെട്ടത്. കുട്ടിനീമൗലി = വേശ്യാശിരോമണി. താഴ്ന്ന ജീവിതത്തിൽനിന്ന് ഉന്നതപദത്തിലെത്താൻ തന്നെ സഹായിച്ച വ്യാപാരം പരിശുദ്ധമായിട്ടുള്ളതല്ല; നേരമറിച്ച്, കരിഞ്ചളിക്കട്ടയ്ക്കു തുല്യം അറപ്പുള്ളതാണെന്നു നായികയ്ക്കു ബോധപ്പെട്ടു.

42. ശാര...ബിംബം = ശരൽക്കാലത്തെ പൂർണ്ണചന്ദ്രബിംബം. കേളീസൗധം = വ്യഭിചാരകൃത്യത്തിനുപകരിച്ചിരുന്ന സ്വന്തം മണിമാളിക. ബന്ധുരഗാത്രി = സുന്ദരി. ഭീഷണം = ഭയങ്കരം. അന്ധ...ദേശം = ഒരു ഘോരനരകം. ഇവിടംമുതൽ 47 വരെയുള്ള പദ്യങ്ങളിൽ, സുഖാനുഭോഗങ്ങൾക്ക് ആസ്പദമെന്നു നായിക ഭ്രമിച്ചിരുന്ന ഓരോ വസ്തുവിലും അവൾക്കുണ്ടായ തീവ്രമായ വൈരാഗ്യത്തെ പ്രകാശിപ്പിക്കുന്നു.

43. തത്ര = അവിടെ. ചിത്രശില്പങ്ങൾ = പലതരം കൊത്തുപണിയോടുകൂടിയവ.

44. അന്നം = അരയന്നപ്പക്ഷി.

Digitized By Kerala Sahitya Akademi

'കൊച്ചമ്മേ, കൊച്ചമ്മേ, നൂറുവരാഹ'നെ—
ന്നുച്ചരിക്കുന്ന കളാലാപമോ,
ദുഷ്കൃതരക്ഷസ്സിൻ തീക്ഷ്ണാട്ടഹാസത്തെ—
ഇക്കണ്ണിത്തിങ്കലടിച്ചുകേററി! 45

സ്ഫാടികവിസ്തൃതവാതായനങ്ങളിൽ
മോടിക്കു തൂക്കിയ നീരാളങ്ങൾ,
ഭ്രാന്തമിളിന്ദമാം പ്രാന്തമലർത്തോപ്പിൽ—
ത്തേൻതുള്ളി ചിന്നിച്ചു തെന്നലേല്ക്കേ
നേർക്കിളകീടിന ദീർഘഞൊറികളാൽ
'നോക്കിക്കോ' എന്നിവളോടു ചൊല്ലീ. 46

പൊൻപിടിത്താലവൃന്തങ്ങളാൽ വീശാനോ
ചെമ്പരത്തണ്ടാർ തലോടുവാനോ
മററു ശുശ്രൂഷകളാദരാൽച്ചെയ്‌വാനോ
ചുററും തൻ വേലക്കാർ വന്നു നില്ക്കേ,
ചൂടു പരത്തുന്ന ചെന്തീപ്പിശാചുക്കൾ
ചൂഴററപോലിവൾ ചൂളുകയായ്. 47

വന്മരുഭൂവൊന്നുയർന്നു പരന്നിതു
തന്മനോരാജ്യത്തിൽ നാലുപാടും;
പച്ചയായൊന്നുമില്ലങ്ങ,പ്പുറമ്പാകെ—
യുച്ചവെയ്‌ലേററെരിഞ്ഞുജ്ജ്വലിച്ചു. 48

രാജയോഗ്യങ്ങളാം ഭോഗ്യങ്ങളൊക്കെയും
യോജിച്ച കാഞ്ചനക്കപ്പലേററി,

---

45. പഞ്ജരം = കൂട്. പച്ച ..ടിയാൾ = പെൺതത്ത. കളാലാപം = അവ്യക്തമധുരമായ വാക്ക്. ദുഷ്കൃത...ഹാസം = ദുഷ്കർമ്മപ്പിശാചിൻെറ ഭയങ്കരമായ അട്ടഹാസം. വേശ്യയുടെ ഗൃഹത്തിൽ വളർത്തുന്ന തത്ത മുതലായ പക്ഷികൾ, അവിടെ കാമുകന്മാർ അടയ്ക്കേണ്ട തുകയെപ്പററി നടത്തുന്ന പേച്ചുകൾ ഉരുവിട്ടു കൊണ്ടിരിക്കുമെന്നു കവി സങ്കല്പിക്കുന്നു.

46 സ്ഫാടി...ളിൽ = കണ്ണാടികൊണ്ടുണ്ടാക്കിയ വിസ്താരമുള്ള ജനലുകളിൽ. ഭ്രാന്തമിളിന്ദമാം = വണ്ടുകൾ പറന്നുനടക്കുന്ന. പ്രാന്തമലർത്തോപ്പ് = സമീപസ്ഥമായ പൂന്തോട്ടം. ജനലുകളിൽ തൂക്കിയിട്ടിട്ടുള്ള നീരാളമറകളുടെ നീണ്ട ഞൊറികൾ, ചുണ്ടി ശാസിക്കുന്നമട്ടിൽ, അവളുടെ മഹാപാപത്തിനുള്ള ഭയങ്കര ശിക്ഷയെപ്പററി അവളെ ഓർമ്മപ്പെടുത്തിയെന്നു സാരം.

47. ചെമ്പരത്തണ്ടാർ = ചുകന്ന കാലാകുന്ന താമരപ്പൂവ്. ചുഴററ = ചുററിലും നിന്ന. ചൂളുക = ചുരുണ്ടി വലിയുക. നായികയുടെ പശ്ചാത്താപത്തിൽനിന്നുണ്ടായ സുഖവിരക്തിയെ ഇവിടെ പ്രകാശിപ്പിക്കുന്നു.

48. താൻ വെയിലേററു കത്തിജ്ജ്വലിക്കുന്ന ഒരു മണലാരണ്യത്തിൻനടുവിലാണു നില്ക്കുന്നതെന്ന് അവൾക്കു തോന്നി.

Digitized By Kerala Sahitya Akademi

പോക്കണംകെട്ട ചെകുത്താനിവളെയ—
ത്തീക്കടൽമദ്ധ്യത്തിൽക്കൊണ്ടു തള്ളീ! 49

ആളിന തിയ്യിൽനിന്നുത്ഥിതരായ്ച്ചില
കാളായസാംഗന്മാർ കൈകൾ നീട്ടി,
ആഞ്ഞുപിടിച്ചു പുല്ലാനായിത്തൻ നേർക്കു
പാഞ്ഞേല്പതായുമിവൾക്കു തോന്നീ. 50

മാറിയൊഴിഞ്ഞെങ്ങു പോകേണ്ടു? സങ്കട—
മാരോടു ചൊല്ലേണ്ടു തമ്പുരാനേ?
ഏതും പൊറുതി കാണാതിവളങ്ങൊരു
പൈതലെപ്പോലെ വാവിട്ടു കേണു.
കേഴുക, കേഴുക, മാന്യേ, മറിയമേ;
കേഴുവോൾക്കാശ്വാസമേകുമീശൻ! 51

ധീരസഹസ്രത്തെ ലീലയാ കേഴിച്ച
നീരലർക്കണ്ണിണ തൂകും ബാഷ്പം,
ഏതോ വിശിഷ്ടമാം തീർത്ഥനീർപോലെയി—
പ്പാതകഭീതയെപ്പൂതയാക്കി. 52

ആശു മറ്റെല്ലാം മറന്നിവൾക്കാശയം
യേശുമഹേശനിൽച്ചെന്നുപറ്റീ:
'ഭാരാർത്തിതർക്കെല്ലാമത്താണി ഞാ'നെന്നു
നേരായ്ക്കഥിച്ച കൃപാലുവെന്ന്യേ
ആർ പരമാശ്രയം പർവ്വതംപോലുള്ള
പാപം ചുമക്കുമിവൾക്കു പാരിൽ? 53

ഏവം മലീമസചര്യയിൽനിന്നിവൾ
ദേവവിശ്വാസത്തിലെത്തിച്ചേർന്നു,

49. രാജയോഗ്യങ്ങൾ = രാജാക്കന്മാർക്കുചിതമായ സുഖസാധനങ്ങൾ. കാഞ്ചനകപ്പൽ = സ്വർണ്ണക്കപ്പൽ. ആ മരുഭൂമിയെത്തന്നെയാണ് തീക്കടലാക്കി കല്പിച്ചിരിക്കുന്നതു്.

50. ഉത്ഥിതർ = എഴുന്നേറ്റവർ. കാളായസാംഗന്മാർ = കാരിരിമ്പുകൊണ്ടുള്ള ശരീരത്തോടുകൂടിയവർ.

51. 'കരയുന്നവർ ആശ്വസിക്കപ്പെടും' എന്നു ക്രിസ്തുതന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ.

52. ധീരസഹസ്ര...ഴിച്ച = അനേകായിരം ധീരന്മാരെ നിഷ്പ്രയാസം കാമവേദനയാൽ കരയിച്ച. ബാഷ്പം = കണ്ണുനീർ. പാതകഭീത = പാപകർമ്മത്തെ ഓർത്തു ഭയപ്പെട്ടവൾ. പൂത = പരിശുദ്ധ.

53. ആശയം = മനസ്സ്. ഭാരാ...ത്താണി = ഭാരം ചുമക്കുന്നവർക്കു ചുമടുതാങ്ങി. പാപഭാരത്താൽ വലയുന്നവർക്കു താൻ അത്താണിയാണെന്നു യേശുക്രിസ്തു ബൈബിളിൽ കഥിച്ചിട്ടുള്ള ദിവ്യസാന്ത്വനത്തെയത്രേ സൂചിപ്പിക്കുന്നതു്.

Digitized By Kerala Sahitya Akademi

കൂരിരുട്ടേറിയ രാവും ക്രമത്താലേ
സൂരന്റെ തേജസ്സിൽപ്പോയ് ലയിച്ചു! 54

താനത്ര നേടിയ വിത്തമൊട്ടുക്കടൻ
ദീനജനങ്ങൾക്കായർപ്പിച്ചിവൾ
താപസംഹാരത്തിനീശനെധ്യാനിച്ചു
താപസവൃത്തിയിൽ വാഞ്ഛയായി. 55

പില്പാടുമൊട്ടുനാളേക്കു വിടന്മാർതൻ
സസ്പൃഹവീക്ഷിത,മിപ്പൂമെയ്യിൽ
വന്നേററു നോവിച്ചിരുന്നു കഠോരമാം—
വണ്ണം, കവിണക്കല്ലേറുപോലെ. 56

ഇന്നലെ നാം കണ്ട തേവിടിപ്പെണ്ണല്ലി—
തി,ന്നിവൾ ചാരിത്രചാരുമൂർത്തി;
ഒററനാൾകൊണ്ടൊക്കെ മാറിമറിഞ്ഞിവൾ
മററൊരുജന്മം ജനിച്ചപോലായ്!
മർത്ത്യനെക്കീഴ്പ്പോട്ടു തള്ളുന്നതായാൾതാൻ
മററാരുമല്ല കരേററുന്നതും. 57

അഞ്ച്

സാധ്വി ഗൃഹത്തിനകത്തു കടന്നു, താ—
നോർത്ത സങ്കേതത്തിലെത്തിച്ചേർന്നു.
ശീമോനു ഭാവം പകർന്നു മുഖത്തു തെ—
ല്ലീ, മഹത്താകിയ തൻഗൃഹത്തിൽ
കില്ലെന്ന്യേ കേറിക്കടക്കയോ, കാണുകിൽ—
ക്കല്ലെറിയേണ്ടുന്ന തേവിടിശ്ശി!
എന്നാൽ മറുത്തൊന്നും ചൊല്ലീലവന്റെ നാ—
വെ,ന്തോ മഹാശക്തി ബന്ധിക്കയാൽ.
മിഥ്യാഭിജാത്യമേ, നിൻ തേജസ്സിങ്കൽനി—
ന്നെത്ര തമസ്സിങ്ങു തിങ്ങുന്നീലാ? 58

---

54. മലിനസപര്യ = മലിനമായ ജീവിതരീതി. സൂരൻ = സൂര്യൻ. എത്ര അന്ധകാരമയമായ ഹൃദയവും ഒരു കാലത്ത് ജ്ഞാനോദയത്താൽ പ്രകാശിക്കും.

55. വിത്തം = ധനം. താപസംഹാരം = ദുഃഖശാന്തി. നായിക സർവ്വസംഗപരിത്യാഗം ചെയ്തു.

56 പില്പാടം = പിന്നീടും. സസ്പൃഹവീക്ഷിതം = ആഗ്രഹത്തോടുകൂടിയ നോട്ടം. 'കവിണക്കല്ലേറുപോലെ' എന്നതിന്റെ സാരസ്യം 58-ാം പദ്യംകൊണ്ടു വെളിപ്പെടും.

57. ചാരിത്ര...മൂർത്തി = പാതിവ്രത്യനിഷ്ഠയാൽ പരിശുദ്ധയായിട്ടുള്ളവൾ. മനുഷ്യന്റെ താഴ്ചയും ഉയർച്ചയും സ്വകർമ്മത്താൽത്തന്നെ.

58 സാധ്വി = പതിവ്രത. കല്ലെറിയേണ്ടുന്ന തേവിടിശ്ശി—വ്യഭിചാരിണികളെന്നു തെളിയുന്ന സ്ത്രീകളെ യഹൂദന്മാർ കല്ലെറിഞ്ഞു കൊന്നിരുന്നു. മിഥ്യാഭിജാത്യം = വംശം, ധനം എന്നു തുടങ്ങിയവയെപ്പററിയുള്ള അർത്ഥമി

Digitized By Kerala Sahitya Akademi

ചെന്ന വഴിക്കവൾ സാഷ്ടാംഗം വീണിതു
വന്ദ്യനാം നാഥന്റെ തൃപ്പാദത്തിൽ.
ഉത്തമഭക്ത്യാ താനുള്ളിൽ പ്രതിഷ്ഠിച്ച
നിത്യകല്യാണമാം ദിവ്യരൂപം
മുന്നിൽ വിളങ്ങവേ മറ്റൊന്നു കാണുവാൻ
കന്നൽമിഴിയാൾക്കു കണ്ണുവിടെ? 59

ഈശങ്കലായവൾക്കുള്ള രതിഭാവം—
പേശലശുഭ്രമാം പ്രേമപൂരം—
ഉള്ളിൽ നിറഞ്ഞു വഴിഞ്ഞു പുറത്തേക്കു
തള്ളിയൊഴുകി, തൽക്കണ്ണിലൂടെ. 60

പാപത്തിൻകാറ്റേറ്റ പൊറാത്ത ഗൃഹേശ്വരൻ
പാഥസ്സു നല്കാത്ത ദിവ്യപാദം
ക്ഷാളിതമായിതസ്സംശുദ്ധൻ കാണ്കെത്താൻ,
ധൂളിപ്പെണ്ണൊന്നിന്റെ കണ്ണുനീരാൽ! 61

പങ്കമകന്ന കണ്ണീരാൽക്കഴുകിയ
തങ്കത്തൃക്കാല്കളെത്താഴ്മയോടേ
നേത്രപട്ടിന്നു നേർകൊണ്ട വാർകുന്തലാൽ—
ത്തോർത്തിത്തുടച്ചു,വ രണ്ടിന്മേലും
ചെമ്പവിഴങ്ങൾ പതിക്കയായ് കാമിനി,
തൻപരിപേലവവാഷ്ഠലരാൽ.

ല്പാത്ത അഭിമാനം. പരിശുദ്ധയായ നായിക തേവിടിശ്ശിയാണെന്നു വിചാരിച്ചു ക്രോധാവിഷ്ടനായിത്തീർന്ന ശീമോന്റെ കുലീനതാഗർവ്വംപോലുള്ള ഗർവ്വാണു്, ലോകത്തെ വാസ്തവത്തിൽ ഇരുട്ടിക്കുന്നതെന്നു സാരം.

59. കന്നൽമിഴി = സുന്ദരി. വിരുന്നിൽ സംബന്ധിച്ചിരുന്നവരെയും സദസ്സിന്റെ വലുപ്പത്തെയും നോക്കാതെ അവൾ ചെന്ന വഴിക്കുതന്നെ ക്രിസ്തുവിന്റെ പാദത്തിൽ വീണതിൽനിന്നു്, അവളുടെ ദൃഢഭക്തി വ്യഞ്ജിക്കുന്നു. (ഭക്ഷണവേളയിൽ യഹൂദന്മാർ വാതിലുകൾ തുറന്നിടുക സാധാരണമാണു്. പ്രവേശനാനുവാദം ഇല്ലെങ്കിൽത്തന്നെയും ആർക്കും അപ്പോൾ അകത്തു കടന്നു നോക്കിനില്ക്കാൻ സമുദായാചാരം അനുവദിച്ചിരുന്നു.)

60. രതിഭാവം = അനുരാഗം. (ബൈബിൾ 'സോളമന്റെ പാട്ടിൽ' യേശുക്രിസ്തുവിനെ കാമുകനായും യഥാർത്ഥഭക്തനെ അഭിസാരികയായും വർണ്ണിച്ചിട്ടുണ്ടു്. ഇതുകൊണ്ടത്രെ 20-ാംപദ്യത്തിൽ കവി നായികയെക്കണ്ടു് അഭിസാരികയാണോ എന്നു ശങ്കിച്ചതു്.) പേശ...പൂരം = നിഷ്കളങ്കമായ പ്രേമശക്തി. ഭക്തിപാരവശ്യത്താൽ അവൾക്കു് കണ്ണീരൊഴുകി എന്നു സാരം.

61. പൊറാത്ത = സഹിക്കാത്ത. പാഥസ്സ് = വെള്ളം. ക്ഷാളിതം = കഴുകപ്പെട്ടതു്. സാക്ഷാൽ ശ്രീയേശുവിനു കാൽ കഴുകാൻ വെള്ളം കൊടുക്കാത്ത അഹങ്കാരി പാപത്തിന്റെ കാറ്റുപോലും സഹിക്കാത്തവനാണു്—വ്യഭിചാരിണിയായിരുന്ന നായിക വീട്ടിൽ കടന്നുവരുന്നതുകൂടി സഹിക്കാത്തവനാണു്—പോൽ!

Digitized By Kerala Sahitya Akademi

ഇന്നു നതാംഗി, നിൻ വക്ത്രം പവിത്രമായ്
ഇന്നു നിൻ ചുംബനം സ്ഥാനത്തായി! 62

പിന്നീടു താൻ കൊണ്ടുവന്ന പാത്രത്തിലെ—
ദ്ധന്യമഹാർഹസുഗന്ധതൈലം
ത്തൂകിനാളെമ്പാടും, പൂക്കളിൽത്തുമണം
പാകിയ കർത്താവിൻ മൂർദ്ധാവിങ്കൽ. 63

ആതിഥ്യകാരിതൻ വൈരസ്യം കണ്ടിട്ടും
പാതിത്യം നീക്കാൻ പിറന്ന ദേവൻ
വെൺചന്ദ്രികയ്ക്കു നിറംകൂട്ടുമാറൊന്നു
പുഞ്ചിരിക്കൊള്ളുകമാത്രം ചെയ്തു. 64

വേശ്യതൻ സ്നേഹത്തിൽ മുങ്ങീ മഹേശ്വരൻ
പാർശ്വസ്ഥരാശ്ചര്യസ്തബ്ധരായീ;
പാരാതവളുടെ സൽക്രിയാസൗരഭ്യം
താരാപഥത്തിലും വ്യാപരിച്ചു. 65

കുബ്ജയാം സൈരന്ധ്രി രാജാംഗരാഗത്താ—
ലബ്ജദളാക്ഷനെയെന്നപോലെ,
അന്യാദൃശാമോദതൈലാഭിഷേകത്താൽ—
ക്കന്യാതനൂജനെ പ്രീതനാക്കി,
തന്നുയിർ നാഥങ്കൽ ചേർക്കുവാനായിട്ടോ
തന്വിയാം നീണ്ടോരു വീർപ്പുവിട്ടു! 66

---

62. പരിപേല...രാൽ = മാർദ്ദവമുള്ള അധരത്താൽ. വക്ത്രം = മുഖം. പവിത്രം = പരിശുദ്ധം. വിടന്മാരുടെ ചുംബനംമൂലം അശുദ്ധിപ്പെട്ട അധരം ഇന്നു ക്രിസ്തുവിന്റെ തൃപ്പാദത്തിൽ ചെമ്പവിഴം പതിച്ചതിനാൽ (ചുംബിച്ചതിനാൽ) പരിശുദ്ധമായി.

63. ധന്യ...തൈലം = ശ്രേഷ്ഠവും വിലയേറിയതുമായ സുഗന്ധതൈലം. കർത്താവ് = ജഗൽസ്രഷ്ടാവ്.

64. ആതിഥ്യകാരി = ശീമോൻ. വൈരസ്യം = സുഖക്കേട്. പാതി... വൻ = ലോകത്തെ ഉദ്ധരിപ്പാനായി അവതരിച്ച ഈശ്വരൻ. (വേശ്യയുടെ സ്പർശനത്തിൽ ക്രിസ്തു വൈമുഖ്യം ഭാവിക്കുന്നില്ലല്ലോ എന്നു വിചാരിച്ചു നീരസപ്പെടുന്ന ശീമോനെ നോക്കി അദ്ദേഹം പുഞ്ചിരിതൂകിയെന്നുള്ളതു മൂലകഥയിലില്ലാത്തതാണെങ്കിലും സന്ദർഭത്തിന്ന് ഏറ്റവും യോജിച്ചതും പരമകാരുണികനായ യേശുക്രിസ്തുവിന്റെ ഹൃദയാർദ്രതയെ വ്യക്തമായി പ്രകാശിപ്പിക്കുന്നതുമാകുന്നു.)

65. സ്നേഹം = തൈലം; പ്രേമം. പാർശ്വസ്ഥർ = ചുററും ഇരുന്നവർ. സൽക്രിയാസൗരഭ്യം = സൽപ്രവൃത്തിയുടെ വാസന. താരാപഥം = ആകാശം.

66. കുബ്ജ = കൂനി. സൈരന്ധ്രി = അലങ്കരിക്കുവാനുള്ള ദാസി. അന്യാദൃശാമോദം = അനന്യസാധാരണമായ സൗരഭ്യമുള്ളത്. കംസഗൃഹത്തിലെ സൈരന്ധ്രിയായ കുബ്ജ ശ്രീകൃഷ്ണഭഗവാനെ സുഗന്ധലേപനംചെയ്ത് അദ്ദേഹത്തിന്റെ പരമപ്രേമത്തിനു പാത്രമായിത്തീർന്ന ഹിന്ദുപുരാണകഥയെയാണ് ഇവിടെ ഉപമിച്ചിരിക്കുന്നതു*.

Digitized By Kerala Sahitya Akademi

തദ്ഗളത്തിങ്കൽനിന്നുദ്ഗതമായ് പിന്നെ—
ഗ്ഗദ്ഗദംപൂണ്ടോരു വീണാഗാനം:
''നാഥ, തവാജ്ഞകൾ കേട്ടു നടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ് ഞാൻ;
ശാസിതാവായോനേ, സർവ്വം ക്ഷമിച്ചു, തൻ
ദാസിയെത്തൃക്കാല്ക്കൽ നിർത്തേണമേ! 67

'മുട്ടുവിൻ വാതിൽ തുറക്കു'മെന്നങ്ങുന്നു
പട്ടാങ്ങമായ്ച്ചൊന്നതോർത്തുകൊണ്ടേ
താവകാനുഗ്രഹദ്വാരത്തിൽ മുട്ടമീ—
പ്പാവത്തിനേകുകിങ്ങുൾപ്രവേശം. 68

അല്ലൽപ്പെരുങ്കടൽക്കല്ലോലമാലയിൽ—
ത്തെല്ലുല്ലുലഞ്ഞു കുഴങ്ങുന്നു ഞാൻ!
ഏഴയാമെന്നെക്കരേററുവാൻ മററാരു—
ണ്ടാ,ഴിക്കുമീതേ നടന്നവനേ? 69

ലീലയാ കണ്ടു ചിരിപ്പാനായ് വഞ്ചകൻ
മേലേ വിരിച്ചിട്ട പുല്പരപ്പിൽ
മേയാനായ്ച്ചെന്നോരു പെൺമാൻ നിരാലംബ—
യായിതാ, വീണുപോയ് മൂടുംകുഴിയിൽ!'' 70

തേന്മൊഴിയാളിതു ചൊന്നതോടൊപ്പമേ
തേങ്ങിക്കരഞ്ഞുപോയ് തെല്ലുനേരം;
അബ്ബാഷ്പവർഷത്തിലീശന്റെ ഹൃത്സര—
സ്സുൽപൂർണ്ണമായി കൃപാമൃതത്താൽ. 71

''ചെയ്യരുതാത്തതു ചെയ്തവളെങ്കിലു—
മിയ്യെന്നെത്തള്ളൊല്ലേ തമ്പുരാനേ;

---

67. തദ്ഗളം = അവളുടെ കണ്ഠം. ഉദ്ഗതം = പൊങ്ങിയതു്. അവൾ വീണയ്ക്കൊത്ത മൃദുസ്വരത്തിൽ, തൊണ്ടയിടറി പറഞ്ഞു. തവാജ്ഞകൾ = അങ്ങയുടെ (ഈശ്വരന്റെ) കല്പനകൾ. ശാസിതാവു് = ശാസിപ്പാൻ അധികാരമുള്ളവൻ.

68. പട്ടാങ്ങം = സത്യം. 'ചോദിപ്പിൻ നല്കപ്പെടും; അന്വേഷിപ്പിൻ കണ്ടെത്തും; മുട്ടുവിൻ തുറക്കപ്പെടും' എന്നു് യേശുക്രിസ്തു ലോകത്തോടു ചെയ്ത ദിവ്യപ്രതിജ്ഞയെ നായിക ഉദ്ധരിക്കുന്നു

69. അല്ലൽ...മാല = ദുഃഖമാകുന്ന സമുദ്രത്തിലെ തിരമാല. ആഴിക്കു മീതേ നടന്നവൻ—ക്രിസ്തു ഗലീലക്കടലിൻമീതെ നടന്ന കഥയെ സൂചിപ്പിക്കുന്നു.

70. ലീലയാ = കളിയായിട്ടു്. നിരാലംബ = ആശ്രയമില്ലാത്തവൾ. വഞ്ചകന്റെ (പിശാചിന്റെ) ദുഃപ്രേരണയിൽ ഭ്രമിച്ചു് അബലയായ താൻ പാപകൂപത്തിൽ വീണുപോയി എന്നു താല്പര്യം

71. ബാഷ്പവർഷം = കണ്ണുനീർമഴ. ഹൃത്സരസ്സ് = ഹൃദയമാകുന്ന പൊയ്ക. ഉൽപൂർണ്ണം = നിറഞ്ഞതു്. കൃപാമൃതം = കൃപയാകുന്ന വെള്ളം (അമൃതു് എന്നും). നായികയുടെ കരച്ചിൽ കണ്ടപ്പോൾ ക്രിസ്തുവിന്നു വളരെ അനുകമ്പ തോന്നി.

Digitized By Kerala Sahitya Akademi

തിയ്യിനെപ്പോലും തണുപ്പിക്കുമിപ്പൊൻതൃ-
ക്കയ്യിനാൽത്തീർത്തവളല്ലോ ഞാനും. 72

ദുഷ്ടപ്പരുന്തിന്റെ വായിൽനിന്നീ ഗതി-
കെട്ട കപോതിയെ,ദ്ദീനബന്ധോ,
അഞ്ജസാ വീണ്ടെടുത്തൻ തിരുമേനി തൻ
പഞ്ജരംതന്നിലണയ്ക്കേണമേ!'' 73

സാത്വികഭക്തിയാം തേൻപെറുമീവക
പ്രാർത്ഥനാവാക്കുകളായ പൂക്കൾ
ദന്തകുന്ദാഭയാം വെൺപട്ടുനൂലിന്മേൽ-
ച്ചന്തത്തിൽക്കോർത്തൊരു മാലയാക്കി,
വിണ്ണിൻപെരുമാൾതൻ മുന്നിൽ സമർപ്പിച്ചു
ദണ്ഡനമസ്കാരംചെയ്തു വീണ്ടും.
ആ മണിത്തൃക്കഴൽ ചുംബിച്ചിതോമലാൾ,
താമരത്താരൊരു ഹംസിപോലെ. 74

ചുറ്റുമൊരാനന്ദശാന്തത ചേർന്നിതു;
മുറ്റുമണഞ്ഞാതായ് ദീപനാളം;
ചന്ദ്രമസ്സുന്നിദ്രനക്ഷത്രമദ്ധ്യത്തിൽ
നിന്നു വിളങ്ങിനാനൊന്നുകൂടി. 75

ഘോരനരകത്തിൽനിന്നാശു വിണ്ണിലേ-
ക്കേറുന്ന സാധ്വിയെക്കൊണ്ടാടാനോ,
ശുഭ്രമേഘങ്ങളാം വെള്ളിവിമാനങ്ങ-
ളഭ്രസ്ഥലത്തങ്ങു വന്നു നില്പായ്! 76

ഏതിൻ തടത്തിലെ മുക്കുവർ യേശുവാം
നേതാവു നല്കിയ നേർവലയാൽ
ആടൽപ്പെടുത്താതെ പുണ്യമത്സ്യങ്ങളെ-
ത്തേടിപ്പിടിപ്പവരായ്ച്ചമഞ്ഞു,

---

72. ക്രിസ്തുഭഗവാന്റെ തൃക്കൈകൾ തീയിനെപ്പോലും തണുപ്പിപ്പാൻ ശക്തമായതിനാൽ, ആ കൈയാൽത്തന്നെ നിർമ്മിക്കപ്പെട്ട നായികയുടെ കഠോരപാപത്തെ ഹനിപ്പാൻ അവിടുത്തേക്കു് ഒരു പ്രയാസവുമില്ലെന്നു നായിക സമർത്ഥിക്കുന്നു.

73. ദുഷ്ടപ്പരുന്തു് = ചെകുത്താനാകുന്ന പരുന്തു്. കപോതി = പെൺപ്രാവു്. അഞ്ജസാ = വേഗത്തിൽ. പഞ്ജരം = കൂടു്.

74. സാത്വികഭക്തി = പരിശുദ്ധഭക്തി. ദന്ത...മാല = പല്ലുകളാകുന്ന മുല്ലമൊട്ടുകളുടെ ശോഭയാകുന്ന വെൺപട്ടുനൂലിന്മേൽ കോർത്ത മാല. (അവൾ പ്രാർത്ഥിച്ചുവെന്നു താല്പര്യം). വിണ്ണിൻപെരുമാൾ = സ്വർഗ്ഗത്തിന്റെ നാഥൻ. താമരത്താരു് = താമരപ്പൂവു്. ഹംസി = അരയന്നപ്പിട.

75. നാളം = ജ്വാല. ചന്ദ്രമസ്സു് = ചന്ദ്രൻ. ഒന്നുകൂടി = കുറേക്കൂടി.

76. വിണ്ണു് = സ്വർഗ്ഗം. ശുഭ്രമേഘങ്ങൾ = വെളുത്ത മേഘങ്ങൾ. അഭ്രസ്ഥലം = ആകാശം.

Digitized By Kerala Sahitya Akademi

അഗ്ഗലീലക്കടൽ പാപിനീമുക്തി ക—
ണ്ടഗ്ര്യപ്പെരുമ്പറ കൊട്ടിയാർത്തു! 77

അത്തൽകൊണ്ടന്ധയാമമ്മഹാഭക്തയെ
ക്രിസ്തുഭഗവാന്റെ തൃക്കടാക്ഷം
ആസ്ഥയാ സ്പർശിച്ചു, സുപ്രഭാതാർക്കന്റെ—
യാദ്യാംശുകന്ദളമെന്നപോലെ. 78

പ്രേമസ്വരൂപങ്കൽനിന്നൊരിററുൾക്കൃപ
ശുദ്ധമധുരോക്തിയായ് നിർഗ്ഗളിച്ചു,
അച്ചാതകിക്കിനി മേലിലൊരിക്കലു—
മുൾച്ചൂട്ട ചേരായ്‌വാൻ തക്കവണ്ണം: 79

''പൊയ്ക്കൊൾക പെൺകുഞ്ഞേ, ദുഃഖം വെടിഞ്ഞു നീ;—
യുൾക്കൊണ്ട വിശ്വാസം കാത്തു നിന്നെ;
അപ്പപ്പോൾപ്പാതകം ചെയ്തതിന്നൊക്കെയു—
മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം!'' 80

---

77. തടം = കര. പാപിനീമുക്തി = പാപിനിയായ നായികയ്ക്കു ലഭിച്ച പാപമോചനം. ഗലീല കടൽത്തീരത്തു മീൻപിടിച്ചു താമസിച്ചിരുന്ന ഏതാനും മുക്കുവന്മാരെയായിരുന്നു, യേശുക്രിസ്തു തന്റെ ശിഷ്യരായി തിരഞ്ഞെടുത്തതു്. അവരെ ശിഷ്യന്മാരായി സ്വീകരിച്ച സന്ദർഭത്തിൽ, അവരിനി മത്സ്യങ്ങളെയല്ലാ തന്റെ സനാതനരാജ്യത്തിലെ പ്രജകളായിത്തീരുവാനുള്ള മനുഷ്യവർഗ്ഗത്തെ പിടിക്കുന്നവരാകുമെന്നു ക്രിസ്തുതന്നെ വാഗ്ദാനംചെയ്തിരുന്നു. ഈ മുക്കുവരുടെ വേലയുടെ ഫലമാണ്, ഇന്നു ലോകത്തിൽ കാണപ്പെടുന്ന സർവ്വക്രിസ്തീയസഭകളും. ഇക്കൂട്ടത്തിൽ ഒരാളായ സെന്തോമാസ് അപ്പോസ്തോലൻ ക്രിസ്ത്വബ്ദം 52-ൽ സ്ഥാപിച്ചതാണ്, കേരളത്തിലെ സുറിയാനി സഭ എന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലോ. ശിഷ്യവർഗ്ഗത്തോടു ക്രിസ്തു ചെയ്ത വാഗ്ദാനത്തെയത്രേ, കവി ഇവിടെ സൂചിപ്പിക്കുന്നതു്. 75 മുതൽ 77 വരെയുള്ള പദ്യങ്ങൾകൊണ്ട്, നായികയുടെ പാപശാന്തിയിലും മുക്തിലാഭത്തിലും പ്രകൃതികൂടി സന്തോഷിക്കുന്നതായി, സന്ദർഭോചിതമായ വർണ്ണനകൾകൊണ്ടു വെളിപ്പെടുത്തിയിരിക്കുന്നു.

78. അത്തൽ = ദുഃഖം. ആസ്ഥ = ആദരം. സുപ്രഭാതാ...ന്ദളം = പ്രഭാതസൂര്യന്റെ ഒന്നാമത്തെ രശ്മി.

79. പ്രേമസ്വരൂപൻ = പ്രേമംതന്നെ രൂപമായിട്ടുള്ളവൻ. ശുദ്ധമധുരോക്തി= പരിശുദ്ധമായ മധുരവാക്ക്. നിർഗ്ഗളിച്ചു = ഒഴുകി. ചാതകി = വേഴാമ്പൽപ്പിട. മഴ പെയ്യുമ്പോൾ ആ വെള്ളം കുടിച്ചത്രേ ഈ പക്ഷികൾ ദാഹം തീർക്കുക.

80. പശ്ചാത്താപം = ചെയ്തുപോയ പ്രവൃത്തിയെപ്പററി പിന്നീടുണ്ടാകുന്ന ദുഃഖം. ക്രിസ്തുമതഗ്രന്ഥങ്ങളിൽ ഈ പശ്ചാത്താപത്തിന്നു 'മാനസാന്തരം' എന്നു പേർ നല്കിയിരിക്കുന്നു. ''മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോക'' എന്നുള്ള ക്രിസ്തുവിന്റെ സാന്ത്വനവചസ്സാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളതു്. പാപത്തെക്കുറിച്ചു ഹൃദയപൂർവ്വം ദുഃഖിക്കുക; അവയെ ജഗൽസ്രഷ്ടാവിനോടു് ഏററുപറയുക; മേലിൽ പാപം ചെയ്‌വാൻ തക്കവണ്ണം, അന്തഃകരണത്തിന്റെ പ്രേരണാശക്തിയെ അമർത്തിക്കളയുകയില്ലെന്നു ദൃഢനിശ്ചയം ചെയ്യുക—എന്നീത്രയംകൊണ്ടു പാപശാന്തി പ്രാപിക്കാമെന്നുള്ള വേദതത്വം ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

കൊച്ചുസീത

1931

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

(കാകളി)

പൂമണിമേടത്തളത്തിലുച്ചയ്ക്കൊരു
കോമളകണ്ഠിയാം വേശകുമാരിയാം
രാമായണം മുദാ വായിച്ചിടുംവിധൗ
വ്യോമാന്തരേ നിന്നു നിശ്ചലം ഭാസ്കരൻ. 1

അച്ചാരുഗാത്രിതൻ വക്ത്രചന്ദ്രങ്കൽനി—
ന്നുച്ചലിക്കുമൃഷികാവ്യഗാനാമൃതം
ഉച്ചക്കൊടുംവെയിൽ വെണ്ണിലാവാകുമാ—
റച്ഛസൗധാങ്കണത്തിങ്കലൊഴുകിതേ. 2

ബാലതൻ മുത്തശ്ശിയായ കിഴവിയു—
ണ്ടാലസ്യമോടങ്ങടുത്തൊരു കട്ടിലിൽ
തെല്ലു വളഞ്ഞു ചെരിഞ്ഞു കിടക്കുന്നു,
മല്ലീശരന്റെയൊടിഞ്ഞ വിൽപോലവേ. 3

പെട്ടെന്നു വായന നിർത്തി,യാ നീണ്ടിടം—
പെട്ട മയ്ക്കണ്ണൊട്ടടച്ചുകുമാരിയാൾ
ഏതോ വിചാരത്തിലാണ്ടുപോയ്, പൊൻകവിൾ—
പ്പൂതന്നിലുണ്ടാം പുളകാങ്കുരത്തൊടും. 4

പാട്ടു കേൾപ്പാനായ് വളർത്തുപെണ്മാൻ ചെവി—
പാർത്തുനിന്ന മലർത്തോപ്പിന്റെ വീർപ്പുകൾ
താത്തെന്നലായ് വന്നു, തയ്യലിൻ കാർകുഴൽ—
ച്ചാർത്തണിത്തുമ്പെററി ചുംബിച്ചു മെല്ലവേ. 5

---

1. പൂമണിമേടത്തളം = സ്വച്ഛവും സമ്പന്നവുമായ മാളികയിലെ തളം. കോമളകണ്ഠി = മൃദുലമായ കണ്ഠ(സ്വര)ത്തോടുകൂടിയവൾ. വേശകുമാരി = വേശ്യാഗൃഹത്തിലെ പെൺകിടാവു്. മുദാ = ഭക്തിജന്യമായ ആനന്ദത്തോടെ. വ്യോമാന്തരേ = ആകാശമദ്ധ്യത്തിൽ. നിത്യഗതിയായ സൂര്യൻപോലും ആ വായന കേട്ട നിന്നുപോയി! രാമായണം വായിക്കുമ്പോൾ, അതു കേൾക്കുവാൻ ദിവ്യന്മാർ സശ്രദ്ധരായിരിക്കുമെന്നാണു്, ഹിന്ദുക്കളുടെ വിശ്വാസം.

2. ഉച്ചലിക്കുക = പുറപ്പെടുക. ഋഷി...മൃതം = ഋഷികാവ്യം (രാമായണം) വായിക്കലാകുന്ന അമൃതു്. അച്ഛ...ങ്കണം = ആ മാളികയുടെ അഴകേറെ മുററം. ചന്ദ്രനിലെ അമൃത(=ജല)ത്തോടുള്ള സംസർഗ്ഗത്താലാണല്ലോ, സൂര്യപ്രകാശം ചന്ദ്രികയാവുന്നതു്. എരിവെയിലുള്ള ആ മുററത്തുകൂടെ ചെല്ലുന്ന ആരും ആ പാട്ടു കേട്ടു ചൂടറിയാതെ ആനന്ദസ്തബ്ധരായി നിന്നുപോവും!

3. ബാല = (പതിനാറു വയസ്സെത്താത്ത) പെൺകിടാവു്. ആലസ്യം = തളർച്ച. ഈ വൃദ്ധ ഒരുകാലത്തു്, യുവാക്കന്മാരെ മയക്കാൻ കാമന്നു് ഒരായുധമായിരുന്നു.

4. മയ്ക്കണ്ണു് = മഷിയെഴുതിയ കണ്ണു്. പൊൻകവിളിലുണ്ടാകുന്ന പുളകം (= രോമാഞ്ചം)കൊണ്ടു്, അവൾ ആഹ്ലാദപ്രദമായ ഒരു വിചാരത്തിലാണു്, ആണ്ടുപോയതെന്നൂഹിക്കാം.

5. പാട്ടു...നിന്ന = ആ പാട്ടു തിര്യക്കുകളെപ്പോലും ആകർഷിക്കുന്നതായിരുന്നു. മലർ...വന്നു = പൂക്കളിൽത്തട്ടി വരുന്ന കാറെറന്ന വ്യാജേന, പൂന്തോട്ടത്തി

Digitized By Kerala Sahitya Akademi

അച്ഛന്റെ നേരിനായ് സ്സർവ്വവുമുപേ-
ക്ഷിച്ച കണവന്റെകൂടേ നടന്നവൾ
ഉച്ചണ്ഡകാനനപ്പുൽപ്പരപ്പും ചിരം
പച്ചനീരാളത്തിരശ്ശൈത്തയാക്കിനാൾ;
മാലത്ര വായ്ക്കിലുമാരുടെ സുസ്ഥിര-
ശീലമാം ചിത്തത്തെയൊട്ടൊന്നിളക്കുവാൻ,
കൈലാസപർവ്വതംകൊണ്ടു പന്താടിയ
കൈകൾക്കപോലും കഴിഞ്ഞീലൊരിക്കലും;
ആരുടെ ചാരിത്രതേജസ്സിലാഹന്ത,
ഘോരമായാളിന തീയും തണുത്തുപോയ്;
വേറേ വിളഞ്ഞീലെവൾക്കൊത്ത രത്നമീ-
ബ്ഭാരതഭൂവിൻ വിശുദ്ധഗർഭത്തിലും;
ആ മൈഥിലിയായ്ച്ചമഞ്ഞവൾ ചേതസാ
ശ്രീമൽഗൃഹത്തിലും കാട്ടിലുമൊപ്പമേ,
രാമഭദ്രനു സമാനനായോരഭി-
രാമപുരുഷന്റെ പത്നിയായ് മേവിനാൾ. 6

എന്നാലിതിലൊരു വിഘ്നമായ് മുത്തശ്ശി,-
യന്നിനവിങ്കൽനിന്നാത്മജാപുത്രിയെ,
'ഇന്നിത്ര വേഗം കഴിഞ്ഞുവോ വായിക്ക'-
ലെന്ന ചോദ്യത്താലിറക്കിവിട്ടീടിനാൾ. 7

അപ്പോൾത്തുറന്നുപറകതാൻ ചെയ്തിതാ-
സ്സൽപഥാന്വേഷിണി, തന്റെ മനോരഥം:

ന്റെ നിശ്വാസംതന്നെയാണു വരുന്നതെന്നു താൽപര്യം. അവളെക്കൊണ്ടു കുറച്ചു കൂടി വായിപ്പിക്കാനായിരിക്കാം, പൂങ്കാവു നെട്ടവീർപ്പുകൊണ്ടു ചുംബിച്ചു ലാളിച്ചതു്!

6. അവളുടെ വിചാരം എന്തായിരുന്നു? ഉച്ചണ്ഡം = ഭയങ്കരം. പച്ചനീരാളം = പച്ചപ്പട്ടു്. ''ഇളം പുല്ലിൽക്കിടപ്പൻ ഞാൻ വനത്തിൽ വനഗോചര! അതിൽക്കവിഞ്ഞെന്തു സുഖം മൃദുപ്പട്ടുകിടയ്ക്കമേൽ?'' (ആരണ്യം 30-14) ഇത്യാദി രാമായണവചനം നോക്കുക. സുസ്ഥിരശീലം = നല്ലവണ്ണം ഉറച്ചശീല(ചാരിത്ര)ത്തോടുകൂടിയതു്. കൈലാ...കൈകൾ = രാവണന്റെ കൈകൾ. അത്ര്യു വീര്യബലശാലിയായ രാവണനിൽ സീതയ്ക്കു ലേശവും ആഭിമുഖ്യമുണ്ടായില്ലല്ലോ. തീയും തണുത്തുപോയ്—ലങ്കയിൽവെച്ചു ചാരിത്രപരീക്ഷയ്ക്കായി അഗ്നിയിൽച്ചാടിയ സന്ദർഭത്തിൽ സീതയ്ക്കു തീയും ചൂടുള്ളതായി തോന്നിയില്ലല്ലോ; ആളിക്കത്തുന്ന തീയിനേക്കാളും ഊർജ്ജസ്വലമായിരുന്നു, സീതയുടെ ചാരിത്രതേജസ്സ്. എവൾക്കൊത്ത രത്നം—സീത ഭൂഗർഭജാതയായതുകൊണ്ടാണു്, രത്നമായി അധ്യവസായം ചെയ്യപ്പെട്ടതു്. ചേതസാ = മനസ്സുകൊണ്ടു്. രാമനെപ്പോലെ സുന്ദരനായ ഒരു പുരുഷന്റെ പത്നിയാവണമെന്നും, ശ്രീമത്തായ ഗൃഹത്തിലും കാട്ടിലും—അതായതു് സുഖത്തിലും ദുഃഖത്തിലും—ഒരുപോലെ അദ്ദേഹത്തെ അനുഗമിക്കണമെന്നും അവൾ മനോരാജ്യം വിചാരിച്ചു.

7. ആത്മജാപുത്രി = മകളുടെ മകൾ. ഇറക്കിവിട്ടീടിനാൾ—ആ നിനവിന്റെ ഔന്നത്യത്തെ (ഉത്കൃഷ്ടതയെ) സൂചിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

''സീതയെപ്പോലെ പതിപ്രേമചാരിത്ര-
പൂതമാക്കാവു ഞാനെന്നുടെ ജീവിതം!'' 8

അമ്പോ, മഹിമാവിതാഷ്ഭുവേ; തവ
വൻപോർക്കളത്തിലും നിഷ്കാമകാഹളം;
വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തി;
വേശത്തെരുവിലും ചാരിത്രസൗരഭം! 9

തള്ള പിടഞ്ഞെഴുന്നേററു: ''മുളയിലേ
നുള്ളിക്കളയേണ്ടുവോന്നിക്കെട്ടമതം;
സീതയോ മാതൃകയെന്മണിക്കിപ്പൊതല്ലേ?
സീതയെക്കാളെത്ര മീതെയാണെന്മകം!
ഇന്നിൻ കഴൽത്താരിൽ വീണുരുണ്ടീടുവാ-
നൊന്നല്ല, പത്തല്ല രാവണന്മാഴിയിൽ! 10

താനൊട്ടു പൊന്തിച്ച തൻതറവാടിനെ
വാനത്തുരുമ്മിക്കുമാത്മജാവൈഭവം
കണ്ടാശ്വസിക്കട്ടെ, പെട്ടെന്നു നമ്മെ വി-
ട്ടണ്ടർനാട്ടുംപൂക്ക നിന്നമ്മയോമനേ!'' 11

ദൃഷ്ടി നനച്ചേവമുച്ചരിച്ചൊന്നു വീർ-
പ്പിട്ടവൾ കട്ടിയെത്തൊട്ടു തലോടിനാൾ.
കെട്ടഴിച്ചാളഥ തൻ സ്മൃതിഗ്രന്ഥവു-
മൊട്ടുകനത്തു വിളുത്തുള്ള ചുണ്ടിനാൽ: 12

---

8. സൽപഥാന്വേഷിണി=സന്മാർഗ്ഗം തേടുന്നവൾ. പതി...പൂതം = ഭർത്തൃസ്നേഹത്താലും ചാരിത്രത്താലും പരിശുദ്ധം. ഈ വിചാരം അവൾക്കു മുമ്പുതന്നെ ഉണ്ടായിരുന്നു എന്നു സൂചിപ്പിക്കുന്നു.

9. നിഷ്കാമകാഹളം=നിഷ്കാമകർമ്മത്തിന്റെ കാഹളംവിളി—ഭഗവദ്ഗീതയെ അനുസ്മരിക്കുന്നു. ബ്രാഹ്മണ്യസമ്പത്തി=ബ്രാഹ്മണ്യതേജസ്സിന്റെ സമൃദ്ധി—വാല്മീകിയെ അനുസ്മരിക്കുന്നു. ചാരിത്രസൗരഭം=പാതിവ്രത്യത്തിന്റെ സൗരഭ്യം—ഉദാഹരണം പ്രസ്തുത സംഗതിതന്നെ. പോർക്കളത്തിൽ കാഹളവും, വേശത്തെരുവിൽ സൗരഭ്യവും സാധാരണംതന്നെ; അവ നിഷ്കാമത്തിന്റെയും ചാരിത്രത്തിന്റെയുമായതാണ് അത്ഭുതം. വേടക്കുടിലിൽ സമ്പത്തി (=സമ്പത്ത്) ഉണ്ടാവുന്നതുതന്നെ അസാധാരണമാണ്.

10. ഇക്കെട്ടമതം—ചാരിത്രവതിയാവണമെന്നുള്ളത്. സീതയെപ്പററി വൃദ്ധയ്ക്കുള്ള മതിപ്പ് ഇത്രമാത്രമാണ്: 'സീതയ്ക്കു നല്ല സൗന്ദര്യമുണ്ടായിരുന്നു; ത്രൈലോക്യവിജയിയായ രാവണൻപോലും അവളുടെ കാല്ക്കൽ വീണുരുണ്ടില്ലേ?'

11. ആത്മജാവൈഭവം = മകളുടെ (നിന്റെ) പോരിമ. അണ്ടർനാട് (=സ്വർഗ്ഗം) ഉൾപ്പൂക്ക നിന്റെ അമ്മയ്ക്ക്, നീ ഈ തറവാടിനെ വാനത്തുരുമ്മിച്ച് (അത്രയും സമ്പന്നമാക്കി) കാണിച്ചുകൊടുക്കണം. നീ സീതയെ അനുഗമിക്കുകയല്ല, മരിച്ചുപോയ അമ്മയെ ആശ്വസിപ്പിക്കുകയാണ വേണ്ടതെന്നഭിപ്രായം.

12. ദൃഷ്ടി നനച്ച്—മരിച്ചുപോയ മകളെപ്പററി ഓർത്തപ്പോൾ തള്ളയ്ക്കു കണ്ണീർ പുറപ്പെട്ടു. കെട്ട...ണ്ടിനാൽ—വേശ്യാധർമ്മത്തെപ്പററി പറഞ്ഞുതുടങ്ങി.

Digitized By Kerala Sahitya Akademi

''ഇമ്മന്നിലപ്സരസ്ത്രീകൾ നാം, വേശ്യമാർ;
ധർമ്മം നമുക്കിങ്ങു രണ്ടേ വിനിശ്ചിതം.
നമ്മളു കോവിലിൽപ്പോയ് നൃത്തമാടലും;
പുമ്മാനസങ്ങളെ നൃത്തമാടിക്കലും. 13

നർത്തനസേവയിൽ നെററിത്തടത്തിൽനി—
ന്നെത്ര വിയർപ്പുനീരിററിററു വീഴുമോ,
അത്ര വെൺമുത്തുകൾ മുന്നിലുതിരുന്ന
നൽദ്ദേവദാസിമാക്കീശ്വരപ്രീതിയാൽ. 14

ദേവാച്ചനത്തിനായ് ലോകം സമർപ്പിച്ച
പൂവുകളാകുന്ന തേവിടിസ്ത്രീകളെ
മൂദ്ധ്നാ വഹിക്കുന്നു വൈദികൻകൂടിയും,
ക്ഷേത്രപ്രസാദത്തെയെന്നപോലാദരാൽ. 15

പൂരുഷന്മാരൊക്കെയൊപ്പ;—മഭിജ്ഞയാം
വാരാംഗനയ്ക്കില്ല രാഗവും ദ്വേഷവും
ആരെയും തന്നിൽ മുഴുകിക്കയെല്ലാതെ,—
യാരിലും മുങ്ങുമാറില്ല വേശ്യാനദി. 16

അദ്ദശകണ്ഠൻ കിഴിഞ്ഞപേക്ഷിക്കിലു—
മത്രപതിഭക്തി കാണിച്ച സീതയെ
പത്തും തികഞ്ഞനാളപ്രക്ഷതരക്ഷകരാം
തത്തിന കാട്ടിൽക്കളഞ്ഞീലയോ പ്രിയൻ! 17

13. വിനിശ്ചിതം = വിധിക്കപ്പെട്ടതു്. ബ്രാഹ്മണക്കു യജനയാജനാദി ഷഡ്ധർമ്മങ്ങളുള്ളതുപോലെയും മററും, നമുക്കുള്ള ധർമ്മം രണ്ടാണു്. പുമ്മാനസങ്ങൾ = പുരുഷന്മാരുടെ മനസ്സുകൾ. നൃത്തമാടിക്കൽ—കാമതരളമാക്കൽ.

14. ആ സ്വധർമ്മമാചരിച്ചാലത്തെ ഫലമേ? നർത്തനസേവ = നൃത്തംവെച്ചു് (ഈശ്വരനെ) സേവിക്കുക. ദേവദാസികളുടെ സമ്പാദ്യം ദുർവൃത്തികൊണ്ടുള്ളതാണെന്നു ധരിക്കേണ്ട; ഈശ്വരസേവാഫലമാണതു്; വിയർപ്പുതുള്ളിക്കും വെൺമുത്തിന്നും തമ്മിൽ സാദൃശ്യം. ഈശ്വരശബ്ദത്തിന്നു ധനികൻ എന്നും അർത്ഥമുണ്ടു്.

15. ദേവദാസികളുടെ യോഗ്യതയോ? മൂദ്ധ്നാ വഹിക്കുന്നു = തലയിൽ ചൂടുന്നു; ബഹുമാനിക്കുന്നു എന്നും. ദേവാച്ചനത്തിന്നെടുത്ത താമരപ്പൂവായാലും തേവിടിപ്പൂവായാലും ആദരണീയമാണു്; വൈദികന്മാർതന്നെ വേശ്യകളോടു സംഗമിക്കാറുണ്ടു്.

16. വേശ്യാധർമ്മത്തിൽ 'പതിപ്രേമ'ത്തിന്നു സ്ഥാനമില്ലെന്നു്: അഭിജ്ഞ = അറിവുള്ളവൾ. വാരാംഗന = വേശ്യാസ്ത്രീ. കുലസ്ത്രീകൾ ഭർത്താക്കന്മാരിൽ അനുരക്തകളായിരിക്കയും മററുള്ളവരിൽ അങ്ങനെയാവാതിരിക്കയും ചെയ്യുന്നതു് 'രാഗ'വും 'ദ്വേഷ'വുമാണെന്നത്രേ വൃദ്ധയുടെ സിദ്ധാന്തം; അറിവുള്ളവക്കുണ്ടോ, ആ രാഗദ്വേഷങ്ങൾ? മുഴുകിക്കുക = സ്നാനംചെയ്യിക്കുക; കീഴ്പെടുത്തുക എന്നും. (മുങ്ങുക എന്നതിന്നും ഇതുപോലെതന്നെ) വേശ്യകൾ നദികളെപ്പോലെ പരിശുദ്ധകളാണു്; അവരെന്തിനു മറെറാന്നിൽ ചെന്നു മുങ്ങുന്നു?

17. മറിച്ചു് സ്ത്രീ ഭർത്താവിന്നധീനയായാലത്തെ ദോഷം, ആ കുമാരിമാതൃകയായി വിചാരിക്കുന്ന സീതയുടെ ചരിത്രത്തിൽനിന്നുതന്നെ ഉദാഹരി

Digitized By Kerala Sahitya Akademi

നിച്ചിലും സ്വാത്മമേ നോക്കും ചില നര—
രിച്ചുപോലേ കട്ടുക്കിട്ടു നല്ലാർകളെ
മൊച്ചകളിപ്പിക്കുവാനായ് വിരചിച്ച
തുച്ഛങ്ങലല്ലൊം, സതീധർമ്മമെന്ന പേർ. 18

ചാരിത്രമോമനേ, കാമൻ ദഹിച്ചതിൻ
ചാരമെന്നത്രേ ഗണിപ്പൂ ഗണികമാർ;
ഓരാതെടുത്തതു തേടല്ലോലാ, ചന്ദന—
ച്ചാറണിയേണ്ടുമീ യൗവനക്കുമ്പമേൽ. 19

ജീവിതമെന്നാൽ യഥേഷ്ടം സുഖിക്കലാ—
ണാ, വഴിക്കല്ലിസ്സതീവ്രതത്തിൻ ഗതി;
ഛീ, വർത്തമാനത്തെയിട്ടു ചീയിക്കയോ
ഭാവിക്കടല്ലൽ വളംവെച്ചുകൊള്ളുവാൻ! 20

ഏകപത്നീത്വമെന്നുള്ളോരിടുങ്ങിയ
പാഴ്കോണി തേടുന്നതേതുൽഗതിക്കു നീ?
വൈകുണ്ഠസമ്പത്തുമുണ്ടിതാ, നിൻ കാല്ക്കൽ,
വാർകുനുചില്ലിത്തലപ്പൊന്നിളക്കിയാൽ! 21

സ്രഷ്ടാവു നല്കും വിഭൂഷ—വപുർലക്ഷ്മി—
കിട്ടാത്ത പെണ്ണിനണിയാം സതീവ്രതം;
തമ്പുരാന്മാർക്കും കൊതിതോന്നുമെൻ പൊന്നു—
ചമ്പകത്തിന്നാ മുരിക്കുപൂവെന്തിനാം?...'' 22

ക്കുന്നു. ഋക്ഷ...ത്തിന = ആറ്ക്കരടികളും പുലികളും യഥേഷ്ടം പാഞ്ഞുനട
ക്കുന്നു.

18. ഇനി ചാരിത്രത്തെ നിന്ദിച്ചുതുടങ്ങുന്നു: നിച്ചിലും = നിത്യവും. മൊച്ച
കളിപ്പിക്കുക = കുരങ്ങിനെ കളിപ്പിക്കുന്നതുപോലെ കളിപ്പിക്കുക. തുച്ഛങ്ങല—
പ്പാമേ വന്ധ്യമെന്നു തോന്നുന്നതും പരമാർത്ഥത്തിൽ സ്വാതന്ത്ര്യനാശകവുമായതു്.
പതിവ്രതാധർമ്മം പരിത്യാജ്യമെന്നു വെളിപ്പെടുത്തി.

19. അതു് സുഖകരമാണെന്നു്. ഗണികമാർ = വേശ്യകൾ. ഓരാതെ =
ആലോചിയാതെ. യൗവനക്കുമ്പു് = യൗവനാരംഭം; സ്തനമെന്നും. യൗവനാരംഭ
ത്തിൽത്തന്നെ വേണമോ, സതീധർമ്മമെടുത്തുതുടങ്ങുക?

20. ഇനി ജീവിതതത്ത്വം ചിന്തിച്ചുനോക്കിയാലും ചാരിത്രത്തിന്നു് അ
തിൽ സ്ഥാനമില്ലെന്നു പറയുന്നു. ഛീ.. ള്ളവാൻ—ഭാവിയിൽ ഗുണം വരുമെന്നു
വെച്ചു വർത്തമാനകാലത്തു കിടന്നു വലയുകയോ? വിഡ്ഢിത്തം!

21. എന്നു മാത്രമല്ല, ഇപ്പോൾ നേടാവുന്നതിലധികം ഒരു സുഖം ഭാവി
യിൽ വരാനുമില്ല. ഏകപത്നീത്വം = ഒരേ ഒരാളുടെ പത്നിയായിരിക്കൽ. ഉൽ
ഗതി = ശ്രേയസ്സ്; മേല്പോട്ടു കയറൽ എന്നും. പലരോടും സംഗമിക്കാമെന്ന
വിശാലവും മനോഹരവുമായ സ്ഥിതി വിട്ടു്, ഒരാളെമാത്രം സ്വീകരിക്കുക
എന്ന ഇടുങ്ങിയതും കെട്ടതുമായ വഴിയേ നീ എങ്ങോട്ടു പോകുന്നു? വൈകുണ്ഠം
പോലും ഇതാ, നിന്റെ അടുക്കലേക്കു വരുന്നു; നിന്റെ വളന്നു വളഞ്ഞ പുരിക
മൊന്നിളക്കി വിളിക്കുകയേ വേണ്ടു

22. വപുർലക്ഷ്മി = സൗന്ദര്യം. അണിയാം = ആഭരണമാവു. ജന്മസിദ്ധമാ
യ സൗന്ദര്യമില്ലാത്തവർ പതിവ്രതമാരായിരുന്നുകൊള്ളട്ടെ; എന്റെ ഓമനസ്സാ

Digitized By Kerala Sahitya Akademi

രണ്ട്

(മാകന്ദമഞ്ജരി)

'ചമ്പകവല്ലി'യാം വായനക്കാരിയ-
ങ്ങമ്പെപ്പകച്ച തൻ കണ്ണിണയാൽ,
ഇത്തെറിപ്പാക്ക ചവയ്ക്കും കിഴവിതൻ
വക്ത്രമേ നോക്കിയുംകൊണ്ടിരുന്നാൾ;
ദുർഗ്രഹമാമെന്തോ വണ്ണിക്കും വാധ്യാർത-
ന്നഗ്രഭാഗത്തൊരു കുട്ടിപോലേ. 1

ഇല്ലായ്കയില്ലാ മനസ്സാക്ഷിയെന്നതി-
ത്തള്ളക്കുളടയ്ക്കുമുള്ളിലെ;-ന്നാൽ
തെല്ലൊന്നനങ്ങുവാൻപോലുമാളല്ലതു
കല്ലൊത്ത മാമൂലിൻ ഞെക്കൽമൂലം! 2

കള്ള നിറച്ചു, പുറത്തു ഗംഗാംബുവെ-
ന്നുള്ള പേരൊട്ടിച്ച പാനികളാൽ
പാവങ്ങൾ വഞ്ചിക്കപ്പെട്ടുപോയ് കാണ്കെത്ര
പാവനമാംപദം—'ദേവദാസി!' 3

ഇദ്ദേവദാസീവകപ്പിനെസ്സൃഷ്ടിച്ച
പുത്തൻവിരിഞ്ചന്റെയിച്ഛയല്ലോ
സ്ത്രീകളാം വീചികൾക്കായ് നീക്കിവെച്ചതീ
ലോകസമുദ്രത്തിൽ ദാസ്യനൃത്തം. 4

കുട്ട, രാജാക്കന്മാരെക്കൂടി ആകർഷിക്കുന്ന സൗന്ദര്യം സ്രഷ്ടാവു നല്കിയിട്ടുണ്ട്: പൊന്നുചമ്പകം എന്നതിനാൽ നായികയുടെ പേരുകൂടി സൂചിപ്പിക്കപ്പെടുന്നു. ആ മുരിക്കുപൂവ്—നിർഗ്ഗന്ധപുഷ്പം—പോലുള്ള സതീവ്രതം.

1. ഇത്തെറിപ്പാക്ക് = ഈ തെറിവാക്കാകുന്ന പാക്കടയ്ക്ക. പല്ലില്ലാത്തവർ ഉണങ്ങിയ അടയ്ക്ക വളരെനേരം കടിച്ചു ചവച്ചുകൊണ്ടിരിക്കുന്നതുപോലെ, ഈ തെറി (ചാരിത്രനിന്ദനം) ദീർഘമായുപന്യസിപ്പാനാണ് തള്ളക്കിഷ്ടം; ചാരിത്രനിന്ദനം അവൾക്ക് ഒട്ടും അസാധാരണമല്ലതാനും. ദുർഗ്രഹം = മനസ്സിലാക്കാൻ പ്രയാസമുള്ളത്. വാധ്യാർ = ഗുരുനാഥൻ. അവൾക്കു വൃദ്ധ പറഞ്ഞതു തികച്ചും മനസ്സിലായില്ലായിരിക്കാം; എങ്കിലും അവളുടെ അഭിപ്രായത്തോട് ഒട്ടും പൊരുത്തമില്ലാത്ത വൃദ്ധാവാക്യം അവളെ പകപ്പിച്ചുകളഞ്ഞു.

2. ആ വൃദ്ധയിൽ അനുകമ്പപൂണ്ടും അവളുടെ പേരിൽ വെറുപ്പുതോന്നിയിരിക്കാവുന്ന വായനക്കാരെ ആശ്വസിപ്പിച്ചുകൊണ്ടും കവി അവളുടെ 'അംബോപദേശത്തെ'പ്പറ്റി വിമർശിക്കുന്നു; ഇല്ലാ...മുള്ളിൽ—കുലടാവൃത്തിയിൽ തഴക്കവും പഴക്കവും സിദ്ധിച്ചിരുന്നിട്ടും അവളുടെ മനസ്സാക്ഷി തീരെ കെട്ടടങ്ങിയിട്ടില്ല.

3. വൃദ്ധയെ ഞെക്കിനില്ക്കുന്ന മാമൂലിനെ നിന്ദിക്കുന്നു. ഗംഗാംബു = ഗംഗാതീർത്ഥം. പാനി = ചെറിയ കുടം. വ്യഭിചാരരൂപമായ ദുഷ്കൃത്യത്തെ പരിശുദ്ധമായ 'ദേവദാസീ'പദത്താൽ മറച്ച് സാധുസ്ത്രീകളെ അതിലേക്കാകർഷിച്ച ആ മാമൂൽ എത്ര ഗർഹണീയം!

4. പുത്തൻവിരിഞ്ചൻ = പുതിയ സൃഷ്ടികർത്താവ്. സമുദ്രത്തിൽ എല്ലാ തിരകളും നൃത്തംവെയ്ക്കുന്നുണ്ട്; ലോകസമുദ്രത്തിലോ, ചില വീചികൾ (സ്ത്രീകൾ)

Digitized By Kerala Sahitya Akademi

തായാട്ടു പാടിപ്പ്ഫലിപ്പിച്ച കൂട്ടർതൻ
താളത്തിനൊത്തിങ്ങു തുള്ളുകയാൽ,
അപ്പുരസ്ത്രീകളേ, നിങ്ങളും നരകത്തി,—
ലത്രേ പുലരുന്നു, വിണ്ണിലല്ല! 5

എന്തിന്റെ തേജസ്സു,രുന്ധതീനക്ഷത്ര—
മന്തരിക്ഷാന്തരേ നിത്യദീപ്തം,
അപ്പാതിവ്രത്യവും പാഴ്ക്കരിക്കട്ടപോ—
ല;—ത്ഭുതം ദൃഷ്ടിമറവിതയ്യോ! 6

എന്തോ ചെകുത്താനിളിച്ചുകാട്ടുന്നതായ്
വാദിക്കപ്പെട്ടേക്കാം കൂരിരുളാൽ;
എന്നാലുമിങ്ങു വെളിച്ചം വെളിച്ചംതാൻ
എന്നെന്നും, സത്യംതാൻ സത്യമേ, നീ! 7

വാർദ്ധകത്തിന്റെ ചുമസ്സുലാലകെട്ടെ—
വാർദ്ധാരയൊന്നു മുറിഞ്ഞ ലാക്കിൽ,
പുല്പായിൽനിന്നെഴുന്നേററിളംപെൺകൊടി
ശുഭ്രരാമായണപുസ്തകത്തെ,
ചെമ്പട്ടുകഞ്ചുകച്ഛന്നമായ്ത്താരുണ്യ—
സമ്പത്തുയർന്നുവരുന്ന മാറിൽ,
കല്ലും പവിഴവും പൊന്നുമണിഞ്ഞുള്ള
കണ്ഠം തൊട്ടുമാറു വെച്ചഴകിൽ,
ഇത്തിരി ചാഞ്ഞൊരു തണ്ടലർപോലായ
വക്ത്രത്തിൻ കീഴ്വശംകൊണ്ടമർത്തി,
കമ്പോതിരമണിക്കൈത്തോർകളാൽപ്പിന്നിൽ—
ക്കമ്രമാം കാർക്കുന്തൽ കെട്ടിക്കൊണ്ടും,

മാത്രമേ ദാസിമാരായി നൃത്തംവെയ്ക്കയുള്ളു ഈ ഏർപ്പാട്ട് ദേവദാസീസ്രഷ്ടാവിന്റെ (സ്വാർത്ഥപരന്മാരുടെ) ഒരു പണിത്തരംതന്നെ. സ്ത്രീകളിൽ ചുമത്തപ്പെട്ട പാരതന്ത്ര്യം ധ്വനിക്കുന്നു.

5. 'ഇമ്മന്നിലപ്പുരസ്ത്രീകളാം നാം…' എന്ന വൃദ്ധയുടെ സാഭിമാനമായ വാക്യത്തിന്നു മറുപടി പറയുന്നു. തായാട്ടു…പ്പിച്ച—വേശ്യാധർമ്മം മുക്തിപ്രദമാണെന്ന വിശ്വാസം ഉണ്ടാക്കിത്തീർത്ത.

6. 'നിച്ചിലും സ്വാർത്ഥമേ…' എന്നു തുടങ്ങിയ ചാരിത്രനിന്ദയെപ്പററി കവി വ്യസനിക്കുന്നു. നിത്യദീപ്തം = എന്നും മിന്നിത്തിളങ്ങുന്നതു്. പരിപൂതമായ പാതിവ്രത്യനിഷ്ഠയാലാണല്ലോ, അരുന്ധതീദേവി എന്നെന്നും ഉന്നതപദത്തിൽ മിന്നിത്തിളങ്ങുന്നതു്. തേജസ്സിനേയും വെറും കരിക്കട്ടയായിക്കാണുന്ന ദൃഷ്ടിവൈപരീത്യം എത്ര ദയനീയം! 'ചാരിത്ര…ചാരമെന്നത്രേ' ഇത്യാദി വൃദ്ധാവാക്യം സ്മരിക്കുക.

7. കൂരിരുട്ട് (അജ്ഞാനം) അതിന്റെ പ്രതിയോഗിയായ വെളിച്ചത്തെ (സത്യത്തെ) ഏതോ ഒരു ചെകുത്താന്റെ ഇളിച്ചുകാട്ടലായി കരുതിയേക്കാം, എന്നാൽ, അതുനിമിത്തം വെളിച്ചം ക്ലേശപ്രാവഹമോ ത്യാജ്യമോ ആയിത്തീരുന്നില്ല. അതുപോലെ ഈ വൃദ്ധയെപ്പോലുള്ളവരാൽ പഴിക്കപ്പെട്ടാലും പാതിവ്രത്യം എന്നെന്നും പാവനധർമ്മംതന്നെ.

Digitized By Kerala Sahitya Akademi

പാവാടത്തുമ്പുകൾ മേൽപ്പുറം ചുംബിച്ച
പാടലപാദതലങ്ങളാലേ
കണ്ണാടിപോലാം നിലത്തു പദേ പദേ
കാശ്മീരച്ചാറു തളിച്ചുകൊണ്ടും
വൃദ്ധാസമീപത്തുനിന്നു, തൻ സച്ചിന്താ—
ശുദ്ധമാം മച്ചിലേക്കായ്ഗമിച്ചാൾ;
കാലേ കഥഞ്ചന പാഠാലയംവിട്ട
ബാലകക്കുണ്ടാം തിടുക്കമോടേ. 8

യൗവനചൈത്രമച്ചമ്പകവല്ലിയെ—
പ്പൂവണിയിച്ചു തഴപ്പിക്കയായ്;
എത്രയ്ക്കെത്രയ്ക്കു തെളിഞ്ഞുവിളങ്ങിയോ
നത്തകിതന്നുടൽ നാളിൽ നാളിൽ;
അത്രയ്ക്കത്രയ്ക്കു സുശോഭനമായി ത—
ച്ചിത്തവും സീതാഗുണാനുധ്യാനാൽ. 9

എന്നാൽ പിടിച്ചുവലിച്ചിതു മുത്തശ്ശി
ദുർന്നയത്തിങ്കലേക്കോമലാളെ:
ഇന്നവ്യതാരുണ്യലാവണ്യം കാനന—
ചന്ദ്രികയായ്പ്പോകിലെത്ര കഷ്ടം!
വന്നേറീ കാവല്ലു ചാരിത്രപ്പാമ്പെങ്കി,—
ലിന്നിധികൊണ്ടെന്തു സാധ്യം പിന്നെ! 10

നിൻചേററിലുണ്ടായ്ക്കിളുത്താണെങ്കിലു—
മഞ്ചിതമാകമീയാമ്പലിനെ

8. വൃദ്ധയുടെ ആ കെട്ട വാക്പ്രഭാവം, ഇത്തിരിനേരത്തേക്ക് ഒരു ചുമ യാൽ തടയപ്പെടുകയാണുണ്ടായതു്. താരുണ്യസമ്പത്തു്—സ്തനങ്ങൾ. കമ്രം = മനോഹരം. പാവാട...ചുംബിച്ച—പുറവടിമേൽ പാവാടത്തുമ്പു മുട്ടുന്ന. പാട ലം = ചുവന്ന. പദേ പദേ = ഓരോ കാൽവെപ്പിലും. കാശ്മീരം = കുങ്കുമം. നല്ല മിനുപ്പുള്ള ആ നിലത്തു കാലടികളുടെ ചുകപ്പു നിഴലിക്കയാൽ അവിടെ കുങ്കുമ ച്ചാറു തളിച്ചപോലെ കാണപ്പെട്ടു. സച്ചിന്താശുദ്ധം = അവൾ ഇരുന്നു നല്ലതു മാത്രം വിചാരിക്കാറുള്ളതുകൊണ്ടു പരിശുദ്ധം. കാലേ = തക്കസമയത്തു്. കഥ ഞ്ചന = വല്ലകണക്കിലും.

9. യൗവനചൈത്രം = യൗവനമാകുന്ന ചൈത്രമാസം. (വസന്തൎത്തുവിലെ ആദ്യത്തെ മാസം) ചമ്പകം പൂക്കുക വസന്തത്തിലാണു്. ചമ്പകവല്ലി ഋതുമതി യായി എന്നു സൂചിപ്പിക്കുന്നു. ചമ്പകവല്ലിയുടെ ശരീരത്തിനു് അഴകു വർദ്ധിച്ചു! സ്വഭാവത്തിൽ ഒരു സുഗന്ധവും വർദ്ധിച്ചു. അതുതന്നെ വിവരിക്കുന്നു. നത്ത കി—ഉടൽ തെളിഞ്ഞു വിളങ്ങുവാൻ ആരോഗ്യകരമായ നൎത്തനവ്യായാമം കാര ണമായി ഉദ്ദേശിക്കപ്പെട്ടിട്ടുണ്ടു്. സീതാഗുണാനുധ്യാനാൽ = സീതയുടെ ഗുണ ങ്ങളെപ്പററി ഇടവിടാതെ വിചാരിച്ചിരുന്നതുകൊണ്ടു്.

10. ദുർന്നയം = വ്യഭിചാരം. അവളെ അങ്ങനെ സനിർബ്ബന്ധം പ്രേരിപ്പി ക്കുമ്പോഴത്തെ വൃദ്ധയുടെ വിചാരം ഇതായിരുന്നു. 'ഇന്നവ്യ.. പിന്നെ!' നവ്യം = പുത്തൻ. ഇന്നിധി = ഈ യൗവനസൗന്ദര്യം.

Digitized By Kerala Sahitya Akademi

അച്ചേററിലേക്കുതാനാഴ്ത്താൻ ശ്രമിച്ചിട്ടെ—
ന്നുച്ചപിടിച്ച വഴിക്കുളമേ! 11

വാശി വളൎന്ന ദുരാശയാം വൃദ്ധയ്ക്കാ—
പ്പേശലാംഗിക്കു പൊറുതികേടും;
ചേട്ടയും ലക്ഷ്മിയും തമ്മിലെശ്ശണ്ടയാ
വീട്ടിലുണ്ടായ്‌വന്നു വീണ്ടും വീണ്ടും. 12

ഏകദാ, വല്ലിതൻ രാമായണോദ്ഗീത—
മാകൎണ്ണനംചെയ്തു സൂര്യൻ ക്രമാൽ
പര്യുജ്ഝിതോഷ്മാവായ് സൗമ്യമായ്പ്പശ്ചിമ—
പൎവ്വതപ്രാന്തത്തിൽ വിശ്രമിക്കേ,
അമ്പതോളം വയസ്സാൎന്നൊരു പൂരുഷൻ
സംഭൃതോദ്ദീപ്തസുഗന്ധിവേഷൻ
തത്ര വന്നൊന്നു മുറുക്കി മുതുക്കിയു—
മൊത്തു സല്ലാപം തുടങ്ങി മെല്ലെ. 13

ഇമ്പമിയന്നപ്പുമാനുമയാളുടെ
വൻപണസ്സഞ്ചിയും മുമ്പു പിമ്പായ്
വന്ധകീവൃദ്ധതൻ മുന്നിൽ സമൎപ്പിച്ചി—
തന്തൎഗ്ഗതങ്ങളെയാകമാനം. 14

വൃദ്ധയോ, ദൗഹിത്രിക്കന്നാദ്യമായിട്ടു
ലബ്ധമായ്‌വന്ന പൊൻനാണ്യമെല്ലാം
രണ്ടുകൈകൊണ്ടുമെടുത്തു, ജരാക്രാന്തി—
കൊണ്ടൊളിമങ്ങിയ കണ്ണുകളിൽ

---

11. ആ കലടവൃദ്ധയെ ഉച്ചപിടിച്ച വഴിക്കുളമായും, വ്യഭിചാരവൃത്തിയെ ചേറായും, ചമ്പകവല്ലിയെ അതിൽനിന്നുണ്ടായ ഒരാമ്പൽപ്പൂവായും അധ്യവസായംചെയ്തിരിക്കുന്നു. അഥവാ, വൃദ്ധയ്ക്കു് പ്രേരകമായ വേശ്യാധൎമ്മംതന്നെ വഴിക്കുളമായി അധ്യവസായംചെയ്യപ്പെടാം. കിളൎക്കുക = പൊങ്ങുക. അഞ്ചിതം = മനോഹരം. വൃദ്ധയുടെ ദുഷ്പ്രേരണയാൽ കുമാരി അധഃപതിക്കുകയില്ലെന്നു വ്യംഗ്യം.

12. ദുരാശ = ദുഷിച്ച ആഗ്രഹത്തോടുകൂടിയവൾ. ഈ പൊറുതികേടു ചമ്പകവല്ലിയുടെ കത്തിൽനിന്നറിയാം.

13. ഏകദാ = ഒരുനാൾ. രാമായണോദ്ഗീതം = രാമായണം ഉച്ചത്തിൽ പാടൽ. പര്യുജ്ഝിതോഷ്മാവു് = ചൂടുവെടിഞ്ഞവൻ; വിഷജ്വരം വിട്ടവൻ എന്നും. പശ്ചിമ...പ്രാന്തം = അസ്തമയപൎവതത്തിന്റെ ചെരിവു്. ആൎഷസൂക്തശ്രവണത്താൽ വിഷയവൈരാഗ്യം വന്നു സന്യസിച്ച എന്നു ധ്വനി. സംഭൃ...വേഷൻ = മിന്നിത്തിളങ്ങുന്നതും സുഗന്ധമുള്ളതുമായ വേഷമണിഞ്ഞവൻ. തത്ര = ആ വീട്ടിൽ.

14. വന്ധകി = വേശ്യ. ആദ്യം ആ പുരുഷൻ തന്റെ അന്തൎഗ്ഗതം (അഭിലാഷം) മുഴുവൻ ആ തള്ളയോടു പറഞ്ഞു; പിന്നെ അയാളുടെ വലിയ പണസ്സഞ്ചി തന്റെ അന്തൎഗ്ഗതങ്ങളെ (ഉള്ളിലുള്ള പൊൻനാണ്യങ്ങളെ)യെല്ലാം അവളുടെ മുമ്പിൽ ചൊരിഞ്ഞു.

Digitized By Kerala Sahitya Akademi

വെവ്വേറെ മൂന്നരു വെച്ച വെൺകക്കകൾ—
ക്കവ്യക്തമായൊരു മിന്നലേററി,
'വല്ലാത്ത നാണക്കരുന്നാണ; കത്തേക്ക
ചെല്ലമുറങ്ങിയാൽച്ചെല്ലുകെ', ന്നാൾ. 15

ഈ വാക്കൊരമ്പായ്പ്പതിച്ചു യദൃച്ഛയാ
കാർവേണിത്തയ്യലിൻ കണ്ണുങ്ങളിൽ;
ആവതെന്തിങ്ങയ്യോ നിന്നെച്ചതിപ്പോനാം
രാവണനിപ്പുമാൻ കൊച്ചുസീതേ! 16

ആഗതയായിതു രാത്രിയും, ജാരൻെറ—
യാകലാപേക്ഷയാലെന്നപോലെ;
പിമ്പൊരു കിങ്കരി വന്നാംഗ്യംകാണിക്കേ
വെമ്പിയെണീററാ വിരുന്നുകാരൻ
സഞ്ചിതതാംബൂലശോണിമാവാമൊരു
പുഞ്ചിരി സമ്മാനമായി നല്കി,
കാത്തസ്വരക്കസവിട്ട പട്ടേറാപ്പു
കൈത്തണ്ടിൽ വീണതെടുത്തു വീണ്ടും
തോളത്തു—കണ്ഠസ്ഥകാഞ്ചനരുദ്രാക്ഷ—
നൂലിൻെറ ചാരത്തു—തന്നെ ചാത്തി,
വൈരക്കട്ടെക്കൻ ശരിക്കാക്കലൊലങ്ങു
വേറെയും രണ്ടു ഗ്ലോപ്പു തൂക്കി,
കാമൻ കട്ടുത്തുടികൊട്ടുന്ന നെഞ്ചുമായ്—
ക്കാൽ മന്ദം വെച്ചു നടന്നു, താനേ,
അന്യായമിന്നോളം തീണ്ടിയിട്ടില്ലാത്ത
കന്യാനികേതത്തിൽച്ചെന്നുകേറി,
'എന്തിവൾ മൂടിപ്പുതച്ചു കിടക്കുന്ന'—
തെന്നങ്ങു കട്ടിലിൽ വീണു—ഹാഹാ,
നിർമ്മീലിതങ്ങളായ്പ്പോയിതോ, ധർമ്മമേ,
നിത്യവിനിദ്രങ്ങൾ നിൻകണ്ണുകളും! 17

15. ദൌഹിത്രി = മകളുടെ മകൾ. ജരാക്രാന്തി = വാർദ്ധക്യത്തിൻെറ ആക്രമണം. ആ വെൺകക്കകൾ—ജരമൂലം വിളർപ്പു കയറിയ കണ്ണുകൾ. അവ്യ... ലേററി—പൊൻനാണ്യങ്ങൾ അടുപ്പിച്ചപ്പോൾ ആ കണ്ണുകൾക്ക് ഒരു മിന്നിച്ചു വന്നു; സന്തോഷപ്രകാശം സ്ഫുരിച്ചു എന്നും. പണം കിട്ടിയാൽ അതെടുത്തു കണ്ണിൽവെയ്ക്കുന്നതു് ഒരു പഴയ നടപ്പാണു്. ചെല്ലം = ഓമന.

16. അമ്പായ്പ്പതിച്ചു = അമ്പുപോലെ ചെന്നു തറച്ചു. കവി ചമ്പകവല്ലിയോടു പറയുന്നു: 'ആവതെ...സീതേ!' അഥവാ, അവളുടെ അന്തഃകരണംതന്നെ അവളോടു പറയുന്നതാണിതു് 'സീതയെപ്പോലെയാവാൻ' പലപ്പോഴും വിചാരിച്ചുകൊണ്ടിരിക്കാറുള്ള അവൾക്കു്, ഈ വാക്കു കേട്ടപ്പോൾ രാവണൻെറ കഥ ഓർമ്മയിൽ വന്നു. 'സീതയെപ്പോലെയാവാൻ ആഗ്രഹിക്കുന്ന എന്നെ ചതിക്കാൻ വന്ന' രാവണനാണു് ഈ മനുഷ്യൻ! അയ്യോ, ഞാനെന്തു വേണ്ടു!

17. ആകലാപേക്ഷ = കെഞ്ചിയപേക്ഷിക്കൽ വൃദ്ധയുടെ വാക്കു കേട്ടതുമുതൽ ആ മനുഷ്യൻ രാത്രി വരുന്നതും കാത്തിരിപ്പായി എന്നു്, ആദ്യത്തെ ഈര

Digitized By Kerala Sahitya Akademi

ഇല്ലില്ല ഭാഗ്യത്താലപ്പുമാൻതൻ ഭുജ—
വല്ലിയാൽ വേഷ്ടിതമായ രൂപം,
ചേലുററ ചേലയാൽ മൂടിവെച്ചുള്ളൊരു
നീളൻതലയണയായിരുന്നു.
ജാലരന്ധ്രാപ്തനിലാവിനെ നക്കിനാൻ
പാലെന്നോർത്തിപ്പൂച്ച, പാവം, പാവം!
പൊൻപണം വാങ്ങിച്ചതിച്ചോ മുതുമുത്തി?
ചമ്പകമെങ്ങുപോ,യെങ്ങു പോയ്പ്പോയ്! 18

മൂന്ന്

(പാന)

ചമ്പകവല്ലി വിട്ടോരെഴുത്തിതാ,
തൻപവിത്രഹൃദ്രക്തവിലിഖിതം;
അക്കഥ നോക്കി വായിച്ചുകൊൾകിതി—
ല,ക്ഷികൾക്കശ്രു ബാധയില്ലാത്തവർ: 1

''ദേവദാസി ഞാൻ മാനുഷദാസിയായ്
മേവണംപോലി,താണെൻ കുലാചാരം.

ടികൊണ്ടു പറഞ്ഞു. സഞ്ചി...മാവ് = മുറുക്കിൻചുവപ്പോടുകൂടിയ. ആവക പ്രഭുക്കന്മാർ തങ്ങളുടെനേരേ ഒന്നു പുഞ്ചിരിയിടുന്നതുതന്നെ, ഭൃത്യസ്ത്രീകൾക്കു പൊൻനാണ്യം സമ്മാനംകിട്ടലാണല്ലോ. കാർത്തസ്വരം = സ്വർണ്ണം. കണ്ഠ... നൂല് = കഴുത്തിലിട്ട പൊൻപൊതിഞ്ഞ രുദ്രാക്ഷംകോർത്ത നൂല്. വൈര... ളക്കി—മറിഞ്ഞുകിടന്നിരുന്ന വൈരക്കട്ടുക്കൻ ശരിക്കാക്കിയപ്പോൾ, ആ തളത്തിൽ ആദ്യമുണ്ടായിരുന്ന ഗ്ലോളാപ്പുകൾക്കു പുറമേ വേറെ രണ്ടു ഗ്ലോളാപ്പുകൾകൂടി ളക്കിയാലത്തെപ്പോലെ, അവ കിടന്നു മിന്നി. കാമൻ...ജ്യമായ്—കാമവികാരത്തള്ളലുള്ള നെഞ്ചിടിപ്പോടുകൂടി. കട്ടുളടി = കയ്യിൽപിടിച്ചു കൊട്ടുന്ന ഉടി. കന്യാനികേതം = കന്യകയുടെ അറ. നിമീലിതങ്ങൾ—ചിമ്മപ്പെട്ടവ. 'ആ ബാലിക ഉറങ്ങിപ്പോയിരിക്കാം; എന്നാൽ, ധർമ്മമേ, നിത്യവിനിദ്രങ്ങളായ (=ഒരിക്കലും ഉറക്കമില്ലാത്ത) അങ്ങയുടെ കണ്ണുകളും അടഞ്ഞുപോയോ! നിന്തിരുവടി ഇതു കാണുന്നില്ലേ?' എന്നു കവി സംഭ്രമിക്കുന്നു.

18. ഇല്ലില്ല—ധർമ്മം നിദ്രയിൽപ്പെട്ടിട്ടില്ല; ധർമ്മം അവരെ രക്ഷിച്ചുകഴിഞ്ഞിരിക്കുന്നു: അപ്പുമാൻ...തമായ = അയാൾ കൈകൊണ്ടു കടന്നാലിംഗനം ചെയ്ത, ജാല...ലാവ്=ജനൽപ്പഴുതിലൂടെ വന്ന (അറയിലുള്ള നിലത്തു തട്ടിയ) ചന്ദ്രിക; രാത്രിയിൽ 'കാൽ മന്ദംവെച്ച്' പതുങ്ങിപ്പിടിച്ചു വന്ന ആ വൃദ്ധനെ പൂച്ചയായിക്കല്പിച്ചു; ചേലകൊണ്ടു മൂടിയ തലയണയെ, പാലാണെന്നു തെററിദ്ധരിക്കപ്പെട്ട നിലാവായും. 'പൊൻപണം...പോയ്പ്പോയ്' എന്നതു് ആ മനുഷ്യന്റെ താൽക്കാലികവിചാരത്തെ പകർത്തലാണ്.

1. പവി...ഖിതം = പരിശുദ്ധമായ ഹൃദയരക്തംകൊണ്ടെഴുതിയതു്. ഹൃദയം പിളർന്നു (ഹൃദയവേദനയോടെ) എഴുതിയതിനെ ഹൃദയരക്തംകൊണ്ടെഴുതിയതായി കല്പിച്ചിരിക്കുന്നു. അക്കഥ—'ചമ്പകമെങ്ങുപോയി' എന്ന കഥ. അക്ഷി...ത്തവർ = കരച്ചിൽ വരാത്തവർ. കരയുന്നവരാണെങ്കിൽ, ഇടയ്ക്കിടെ കണ്ണീർവന്നു്, അക്ഷരങ്ങൾ കണ്ടില്ലെന്നുവരാം.

Digitized By Kerala Sahitya Akademi

യൗവനോദ്ഗമേ ഞങ്ങൾ പറയടി-
ച്ചാ 'വയസ്സറിയിപ്പ്' നടത്തണം. 2

ഇപ്പെരുമ്പറകൊട്ടലനാചാര-
ദൃപ്തഭൂതമേ, നിൻജയോൽഘോഷണം—
ശ്രോത്രഭേദി ഹാ, മർത്ത്യന്റെ സോദരീ-
ഗോത്രനിന്ദനശബ്ദകോലാഹലം! 3

കോവിലിൽ നൃത്തമാടുവാനല്ലാതെ,
പാഴ്പ്പിടന്മാർക്കു പാവയായാടുവാൻ
ഞാനൊരുങ്ങീല; മാതാമഹിക്കിതു
ദൂനതയേററി രണ്ടാം ജരപോലെ. 4

സീതയെപ്പോലെ സുസ്ഥിരചാരിത്രോ-
പേതയാകണമെന്നൊരാശംസയാൽ,
സാധുരാമായണത്തിന്റെ രാജ്യത്തു
നീതിലംഘനക്കാരിയായ്ത്തീർന്നു ഞാൻ! 5

'വിട്ടുപോയ് ദേവി സീതയ്ക്കു നൈവേദ്യം
മുഷ്ടമായൊരുക്കാ'നെന്നിടയ്ക്കിടെ
പട്ടിണിക്കിട്ടു, തള്ളയില്ലാത്തൊരു
കുട്ടിയാമെന്നെ മുത്തശ്ശി രുഷ്ടയായ്. 6

ആ വിബാധമാം മാതൃസംലാളന-
രതാഷ്ടരയിൽനിന്നിക്കൊച്ചരുവിയെ

---

2. പേരുകൊണ്ടു ദേവദാസിയാണ്. ദേവദാസിമാർകണ്ടതോ, മനുഷ്യർക്ക്—ഇതാണത്രേ കുലാചാരം! യൗവനോദ്ഗമേ = യൗവനാരംഭത്തിൽ. ഒരു ദേവദാസി ഋതുമതിയായാൽ, ആ വൃത്താന്തം 'വയസ്സറിയിപ്പ്' എന്നപേരിൽ പട്ടണങ്ങളിൽ കൊട്ടിയറിയിക്കുക പതിവുണ്ട്.

3. ശ്രോത്രഭേദി = ചെകിടു പിളർത്തുന്നത്. ഗോത്രം = വർഗ്ഗം. ഈ പെരുമ്പറയടി, അനാചാരത്തിന്റെ ജയഘോഷവും, അവന്റെ സോദരിമാരെ നിന്ദിക്കുന്ന കോലാഹലവുമാണ്!

4. മാതാമഹി = മുത്തശ്ശി. ദൂനത = ദുഃഖം. മുത്തശ്ശിക്കു ജര വന്നതിലുണ്ടായ നഷ്ടമെന്തോ, അതുതന്നെയാണ് ദൗഹിത്രിയുടെ ഈ വ്രതനിശ്ചയംകൊണ്ടും ഉണ്ടാവുന്നത്; അതിനാലത്രേ, അതു രണ്ടാമതൊരു ജര വന്നപോലായത്.

5. സുസ്ഥി...പേത = ഏററവും ഉറച്ചചാരിത്രത്തോടുകൂടിയവൾ. ഏതു രാജ്യത്ത് അതിന്നഭിമാനകരമാംവണ്ണം രാമായണമെന്ന ആ ലോകോത്തരഗ്രന്ഥം ഉണ്ടായോ, അവിടെ ആ ഗ്രന്ഥത്തിലെ പൂജാർഹയായ നായികയെ അനുകരിച്ചു ജീവിക്കുവാനാഗ്രഹിക്കുന്നതു് അധർമ്മമായിപ്പോയല്ലോ! രാമായണം ഇത്ര സാധു (പാവം) ആയിപ്പോയല്ലോ! ചമ്പകവല്ലിയുടെ ചാരിത്രനിഷ്ഠ അധാർമ്മികമാണെന്നായിരുന്നു വൃദ്ധയുടെ വാദം.

6. ആ വൃദ്ധ ചമ്പകവല്ലിയെ 'സീതാദേവി' എന്ന് ഈർഷ്യയോടെ വിളിക്കുകയും, 'ഇന്നു സീതാദേവിക്കു നൈവേദ്യം തയ്യാറാക്കാൻ മറന്നുപോയി' എന്നു പറഞ്ഞ് അവൾക്കു ഭക്ഷണം കൊടുക്കാതിരിക്കുകയും ചെയ്തിരുന്നു. രുഷ്ട = ശുണ്ഠിയെടുത്തവൾ.

Digitized By Kerala Sahitya Akademi

ദൂരഗയാക്കിവിട്ടിതു, ദുർദ്ദിന—
കാരി യൗവനക്കാറിൻ സമാക്രമം! 7

വേളി വഞ്ജിതം വേശ്യമാക്കു; മണ—
വാളരോ, യഥാകാമമനേകം പേർ;
താളിയോലക്കുറിപ്പിതെൻ തപ്താശ്രു—
ക്ഷാളനാലവക്കേറ്റെത്തെളികയായ്. 8

അല്ലലിൻ നവ്യനവ്യവീർപ്പാൽപ്പക—
ലല്ലുകളന്തി നീക്കിക്കഴിക്കവേ,
നല്ല കന്മതിൽ ചുററുമുള്ളെൻ വീട്ടി—
ലില്ല രക്ഷയെൻ മാനത്തിനെന്നായി! 9

എൻനിധിയിതു കൂരിരുളിൽപ്പൊതി—
ഞ്ഞന്നിശി കൊണ്ടുപോരാതിരിക്കിലോ,
വന്ന ചോരൻ കടന്നു കവർന്നേനേ;
വന്ദ്യവൈദേഹി തക്കതു തോന്നിച്ചു! 10

ഊൺകഴിച്ചു കിടന്നു കൺചിമ്മിയ
ഞാൻ കുറച്ചിടയ്ക്കുള്ളിൽ നിഗൂഢമായ്
വീടുവിട്ടു വെളിക്കു പോന്നോടിനേൻ
വേടനമ്പേറ്റ മാൻപേടപോലവേ. 11

അന്ധവിശ്വാസമെന്നപോലെമ്പാടു—
മന്ധകാരം പരന്നുകിടക്കിലും,

---

7. വിബാധം = ബാധയില്ലാത്തതു്. മാതൃ...വര = മാതാവിന്റെ—മുത്തശ്ശിയുടെ—ലാളനയാകുന്ന മലഞ്ചെരിവ്. ദൂരഗ=അകന്നുപോകുന്നവൾ. ദുർദ്ദിനകാരി = ദുർദ്ദിനം (=കാർമൂടിയ ദിവസം) ഉണ്ടാക്കുന്ന. മലയുടെ താഴ്വരയിൽ വിഹരിക്കുന്ന കൊച്ചരുവി, മഴ തുടങ്ങിയാൽ അവിടം വിട്ടു ദൂരത്തേക്കൊഴുകുന്നു. തള്ളയില്ലാത്ത കുട്ടിയും, ബാല്യത്തിൽ മുത്തശ്ശി അതിവാത്സല്യത്തോടേ ലാളിച്ചവളുമായ ചമ്പകവല്ലി, യൗവനം വന്നതോടുകൂടി മുത്തശ്ശിയുടെ വൈരത്തിന്നു പാത്രമായിപ്പോയി.

8. യഥാകാമം = കാമത്തിനൊത്തവണ്ണം. താളിയോലക്കുറിപ്പ്—ഗ്രന്ഥവരി(മാമൂൽ). തപ്താശ്രുക്ഷാളനം=ചുടുകണ്ണീരാകുന്ന കഴുകൽ. പനയോലയിലെ എഴുത്തു് വെള്ളം തട്ടിയാൽ അധികം തെളിയും അവൾ എത്രത്തോളം വ്യസനിക്കുന്നുവോ അത്രത്തോളം വൃദ്ധയുടെ മാമൂൽപ്പിടുത്തം മുറുകുകയാണുണ്ടായതു്.

9. നവ്യനവ്യവീർപ്പ് = പുതിയ പുതിയ നിശ്വാസം. ഓരോ ദിവസം ഓരോതരം 'പൊറുതികേട്' നേരിട്ടുകൊണ്ടിരുന്നു. നിശ്വാസത്തെ രാപ്പകലുകൾ ഉന്തിനീക്കാനുള്ള ഉപകരണമായി കല്പിച്ചിരിക്കുന്നു. നല്ല...ന്നായി—മതിൽ കെട്ടുന്നതു രക്ഷയ്ക്കുവേണ്ടിയാണല്ലോ.

10. എൻനിധി = മാനം. അവളുടെ ചാരിത്ര്യധനത്തെ രക്ഷിക്കാൻ അന്നത്തെ കൂരിരുട്ടു കൂടുതൽ സഹായിച്ചു. വന്ന ചോരൻ = ആ ജാരൻ.

11. അവൾ കുറച്ചിട കൺചിമ്മിക്കിടന്നതു് (ഉറക്കം നടിച്ചതു്), ആ ദാസിയെ തെറ്റിദ്ധരിപ്പിച്ചു തഞ്ചത്തിൽ പാഞ്ഞുപോരാനാണു്.

Digitized By Kerala Sahitya Akademi

എൻതലയ്ക്കുമേൽക്കാണായി, സത്യത്തിൻ
പൊൻതെളിലിപിയോരോന്നുഡുച്ഛലാൽ. 12

താരകങ്ങളേ, നിങ്ങളിൽ വർത്തിച്ചു—
പോരുമെൻ മുത്തുമുത്തശ്ശിമാരെല്ലാം
ദൂരതകൊണ്ടു കാണുന്നതില്ലെന്നോ
ഭാരതത്തിന്റെ വൈപരീത്യങ്ങളെ: 13

മൃത്യുദണ്ഡിനെത്തന്നെയും തൃക്കാല്ക്കൽ
ക്ലൃപ്തദണ്ഡനമസ്കാരമാക്കിയോർ;
അക്കനെപ്പോലുമാജ്ഞാമഹത്ത്വത്താ—
ലല്ലലിൽനിന്നു പൊന്താതെ നിർത്തിയോർ;
മൗഢ്യജാതമാം മുഷ്ടിനെയാർദ്രമാം
നോട്ടമേകൊണ്ടു ഭസ്മീകരിച്ചവർ;
നാട്ടിനൊട്ടുക്കു നേരിട്ട ദാഹത്തെ
നാലു കണ്ണുനീർത്തുള്ളിയാൽ നീക്കിയോർ;
പ്രേമശുദ്ധിയാൽ നഞ്ഞു കുടിച്ചതും
യാമുനോദകപാനമെന്നാക്കിയോർ;—
മാനരക്ഷയ്ക്കു തീയിലും രക്താംബുജോ—
ദ്യാനവാപിയിൽപ്പോലേ മുഴുകിയോർ;— 14

അപ്പതിവ്രതമാരുടെ രാജ്യത്തു,
തൽപ്പരിഷയിൽത്തന്നേ ജനിച്ചവർ
കാമകിങ്കരന്മാരുടെ കൈത്തൊഴി—
ലാമൊരുതരം കണ്ണട വെയ്ക്കയാൽ

12. ഉഡുച്ഛലാൽ = നക്ഷത്രമെന്ന വ്യാജേന. എല്ലായിടവും അജ്ഞാനവും അന്ധാചാരവുമായിരുന്നിട്ടും, ചമ്പകവല്ലി സത്യത്തിന്റെ ഏതാനും കനകാക്ഷരങ്ങളെ തെളിഞ്ഞുകണ്ടു.

13. താരകങ്ങളേ = അന്നു കണ്ട നക്ഷത്രങ്ങളെത്തന്നെ സ്മരിക്കുന്നു. ദൂരതകൊണ്ട് = (ഭൂമണ്ഡലത്തിൽനിന്നു നക്ഷത്രലോകത്തേക്കുള്ള) അകൽച്ചമൂലം. വൈപരീത്യം = (പണ്ടത്തെ സ്ഥിതിയിൽനിന്നു) നേരേ വിപരീതമായ സ്ഥിതി.

14. ആ മുത്തുമുത്തശ്ശിമാരിൽ ചിലരെ—പുരാണേതിഹാസചരിത്രനായികമാരെ—ഓരോ ഈരടിയിലായി അനുസ്മരിക്കുന്നു: ക്ലൃപ്തദണ്ഡനമസ്കാരം = ദണ്ഡനമസ്കാരം ചെയ്യപ്പെട്ട്—സാവിത്രി; അവൾ മൃത്യുവിനെ കീഴ്പ്പെടുത്തി, നഷ്ടായുസ്സായ ഭർത്താവിനെ വീണ്ടെടുത്തുവല്ലോ. ആജ്ഞാമഹത്ത്വം=ശാസനത്തിന്റെ കരുത്ത്. അല്ലിൽനിന്നു പൊന്തുക = ഉദിക്കുക—ശീലാവതി; അവൾ, തന്റെ ഭർത്താവ് മുനിശാപംമൂലം സൂര്യോദയത്തിൽ മരിക്കുമെന്നറിഞ്ഞപ്പോൾ, സൂര്യോദയംതന്നെ തടഞ്ഞുനിർത്തിയല്ലോ. മൗഢ്യജാതമാം മുഷ്ട്—അറിവില്ലായ്മയാൽ ബലാൽക്കാരത്തിനു വന്ന ആ വേടൻ. ആർദ്രം = ദയയോടുകൂടിയ; നനഞ്ഞ എന്നും. ദമയന്തി, 'കഷ്ടം, അറിഞ്ഞുകൂടായ്കയാൽ ഇവൻ എന്നെ ഉപദ്രവിക്കുന്നുവല്ലോ!' എന്ന് അനുകമ്പയോടെ ഒന്നു നോക്കിയതുകൊണ്ടാണല്ലോ, വേടൻ വെന്തുപോയത്. നാട്ടി...നീക്കിയോർ—കാശ്മീർരാജാവായ തുഞ്ജീനന്റെ പത്നിയായ വാക്പുഷ്ട, നാട്ടിലൊക്കെ ദുർഭിക്ഷംബാധിച്ച പ്രജകൾ പൈദാഹത്താൽ കഴ

Digitized By Kerala Sahitya Akademi

വെണ്മയെക്കറുപ്പായിട്ടു—നന്മയെ—
ത്തിന്മയായിട്ടു—കണ്ടുകണ്ടീവിധം
പാപദാരിദ്ര്യരോഗകൂപങ്ങളി—
ലാപതിച്ചടിഞ്ഞല്ലോ കിടക്കുന്നു!
(അക്ഷരമിങ്ങു കൈവിറയാൽച്ചെരി—
ഞ്ഞ,ശ്രുപാതാൽ നനഞ്ഞുമിരിക്കുന്നു.) 15

മന്ദിരാൽപ്പാഞ്ഞു രാവിൻ മറയിൽവെ—
ച്ചന്നു സൂക്ഷിച്ച ചാരിത്രമെൻ ധനം
ഇന്നി മൃത്യുവിൻപെട്ടിയിൽത്താൻ കൊണ്ടു—
ചെന്നു വെയ്ക്കിലേ സംരക്ഷിതമാകൂ. 16

അപ്പരിഭ്രമപ്പാച്ചിലിൻ വൻകിത—
പ്പിപ്പൊഴും—പത്തുനാളിന്നുശേഷവും—
ഉൽപ്പതിപ്പതുണ്ടേ,ൻ പ്രാണവായുത—
ന്നഭ്രയാത്രയ്ക്കുകമ്പടിക്കാരനായ്! 17

ങ്ങിയ ഒരു സന്ദർഭത്തിൽ, ദുഃഖിതയായി ദേവപൂജാദികൾ അനുഷ്ഠിച്ചു; അതിന്റെ ഫലമായി ആകാശത്തുനിന്നു പലതരം പക്ഷികളുടെ ശവങ്ങൾ വീണു; അവ ഭക്ഷിച്ചു പ്രജകൾ വിശപ്പടക്കി. ക്രമേണ നാട്ടിൽ ദുർഭിക്ഷവും ശമിച്ചു. അവളുടെ പ്രസന്നകമ്പനം നാലു കണ്ണുനീർത്തുള്ളികളായി കല്പിച്ചിരിക്കുന്നു; അതനുസരിച്ചു നാട്ടിലെ ദുർഭിക്ഷത്തെ ദഹനമായിട്ടും. യാമുനോദകം = കാളിന്ദീജലം. വിഷവും കാളിന്ദീജലവും കറുത്തിട്ടാണല്ലോ—മേവാറിലെ മഹാറാണാവായിരുന്ന കുംഭന്റെ പത്നിയായ മീരാബായി, നന്നെ ചെറുപ്പംമുതല്ക്കേ താൻ ശ്രീകൃഷ്ണന്റെ പത്നിയാണെന്നു ധ്യാനിച്ചുപോന്ന മീരാബായി, ശക്തിപൂജകനായിരുന്ന ഭർത്താവിന്ന് അനിഷ്ടയായി; അങ്ങനെ അവളിൽ വ്യഭിചാരശങ്കിയായ റാണാ അവളെക്കൊണ്ടു നിർബ്ബന്ധിച്ചു വിഷം കുടിപ്പിച്ചു; പക്ഷേ, അവൾ മരിച്ചില്ല! മാന...കിയോർ—ചിറ്റൂരിലെ റാണാവായ ഭീമസിംഹന്റെ പത്നിയായ പത്മിനി, അവളിൽ അനുരക്തനായ അലാവുദ്ദീൻ വന്നു യുദ്ധംചെയ്തു നഗരം കീഴടക്കി എന്നറിഞ്ഞപ്പോൾ മാനരക്ഷയ്ക്കായി നഗരത്തിലെ സ്ത്രീകളെല്ലാവരുംകൂടി കത്തിപ്പടർന്ന തീയിൽ, രക്താംബുജോദ്യാനവാപിയിൽ (= ഉദ്യാനത്തിലെ ചെന്താമരപ്പൊയ്കയിൽ) എന്നപോലെ നിശ്ശങ്കം ചാടി ദഹിച്ചു.

15. ആ ചാരിത്രശാലിനികളുടെ രാജ്യത്തു് ഇന്നെന്തായി സ്ഥിതി? തൽപ്പരിഷയിൽ = സ്ത്രീവർഗ്ഗത്തിൽ. കാമകിങ്കരന്മാർ = കാമന്റെ ഭൃത്യന്മാർ (വിടന്മാർ). കാമനടിമകളായ ചില പുരുഷന്മാരുടെ മനോധർമ്മമായ ധർമ്മോപദേശം കേട്ടു വിശ്വസിച്ചു് ഇതാ, പാപവും പഞ്ഞവും മഹാവ്യാധികളുമാകുന്ന പാഴ്ക്കിണറുകളിൽ വീണടിഞ്ഞു കിടക്കുന്നു! മാതൃഭൂമിയുടെ ഈ അതിദയനീയമായ അവസ്ഥാപരിണാമത്തെപ്പറ്റി എഴുതുമ്പോൾ, സാധ്വിയായ ചമ്പകവല്ലി തേങ്ങിക്കരഞ്ഞുപോയി എന്നു സൂചിപ്പിക്കുന്നതാണ്, 'അക്ഷര...രിക്കുന്നു' എന്ന വലയിതവാക്യം.

16. മന്ദിരാൽ = വീട്ടിൽനിന്നു്. രാവിൻമറ = ഇരുട്ടു്. തന്റെ ചാരിത്രം രക്ഷിപ്പാൻ ഇനി ആത്മഹത്യചെയ്യുകയേ നിവൃത്തിയുള്ളു എന്നു് അവൾക്കു ബോധപ്പെട്ടുകഴിഞ്ഞു.

17. ഉത്പ്പതിക്കുക = പൊങ്ങിപ്പറപ്പെടുക. അഭ്രയാത്ര = ആകാശ(പരലോക)യാത്ര. അന്നത്തെ ചാരിത്രഭംഗഭയം ഇന്നും വിട്ടിട്ടില്ല; അതവളെ പരലോകയാത്രയ്ക്കുത്സാഹിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

ദ്യോവിലെത്തി ഞാൻ പ്രാചീനഭാരത—
ദേവിമാരോടു നേരിട്ടുണർത്തുവൻ,
മത്സഹോദരിമാരുടെയിന്നത്തെ
നിസ്സഹായതാസങ്കടമൊക്കെയും. 18

ഇത്രയുംകൊണ്ടു, തുച്ഛമെൻ ജീവിത—
നൃത്തനം കലാശിപ്പിച്ചുകൊള്ളുവാൻ,
ഉൾകനിഞ്ഞനുവാദമരുളട്ടേ
കാൽകഴച്ചുമിട്ടാസിക്കു ദേവകൾ! 19

അൻപിയന്നു പൊറുക്കുകെൻ മുത്തശ്ശി,
ചമ്പകക്കുട്ടി ചെയ്ത തെറ്റൊക്കെയും;
മുമ്പു ചെൽവനമുത്ര, ഭവതിയെ—
യെൻപ്രിയാംബയോടൊത്തെതിരേല്ക്കുവാൻ. 20

ഹാ, വിട നല്കുക,ന്ത്യനമസ്സിതാ,
ദേവി, ഭാരതധാത്രി, നിൻതൃക്കാല്ക്കൽ!
ജന്മമുണ്ടിനി മേലിലുമെങ്കിൽ ഞാൻ
നിന്മടിയിതിൽത്തന്നേ പിറക്കാവൂ;
സുദിതപാരതന്ത്ര്യമാരാകിയ
സോദരിമാരെ നീളവേ കാണാവൂ! 21

മാത,രാർഷോക്തിമാധുരീതർപ്പണ—
പ്രീതലോകേ, പ്രശസ്തവിചേഷ്ടിതേ,
ശീതപർവ്വതസേതുമധ്യസ്ഥിതേ,
സീതതൻ ജന്മഭൂവേ, ജയിച്ചാലും!'' 22

---

18. ദ്യോവ് = വാന്. പ്രാചീ...വിമാർ—സാവിത്രി മുതൽപേർ. നിസ്സഹായതാസങ്കടം = അനാഥത്വംമൂലമുള്ള കഷ്ടപ്പാട്.

19. ദേവകൾ, മുത്തശ്ശി, മാതൃഭൂമി എന്നിവരോടു ക്രമേണ യാത്രപറയുന്നു: കാൽ കഴച്ചാൽപ്പിന്നെ നൃത്തം പിഴച്ചുതുടങ്ങും; അതുകൊണ്ട്, ഇതേവരെ ചെയ്ത നൃത്തം തുച്ഛമാണെങ്കിലും (കുറവ ആയുള്ളവെങ്കിലും), അതു ഞാൻ കലാശിപ്പിക്കട്ടെ. ഇനിയും ഈ ജീവിതനൃത്തം തുടർന്നാൽ ചാരിത്രഭംഗം വന്നേക്കുമെന്നു ഭയപ്പെടുന്നു എന്നു താൽപര്യം.

20. അൻപ് = ദയ. അമുത്ര = പരലോകത്തിൽ. നമുക്ക് അടുത്ത പരലോകത്തിൽ കാണാമെന്നു വൃദ്ധയായ മുത്തശ്ശിയെ ആശ്വസിപ്പിക്കുന്നു.

21. അന്ത്യനമസ്സ്=ഒടുക്കത്തെ നമസ്കാരം. സുദിതപാരതന്ത്ര്യമാർ=അസ്വാതന്ത്ര്യം നീക്കിയവർ. സ്ത്രീകൾതന്നെ പരിശ്രമിച്ച്, അവരുടെ ഇന്നത്തെ ഈ അസ്വാതന്ത്ര്യം—തങ്ങളുടെ ചാരിത്രം രക്ഷിപ്പാൻപോലും സ്വാതന്ത്ര്യമില്ലായ്മ—തീരുകയുള്ളൂ എന്നു 'സുദിത'പദംകൊണ്ടു സൂചിപ്പിക്കപ്പെടുന്നു.

22. മാതഃ=അമ്മേ! ആർഷോ...ലോക=(വാല്മീകി തുടങ്ങിയ) ഋഷികളുടെ സൂക്തിമാധുര്യം വേണ്ടുവോളം നല്കിയതിനാൽ സന്തുഷ്ടരായ ലോകരോടുകൂടിയവൾ. പ്രശ...ഷ്ടിത=കേമമായി പൊങ്ങിയ നടപടികളോടുകൂടിയവൾ. ശീത...സ്ഥിത=ഹിമവാന്റെയും സേതുവിന്റെയും മധ്യത്തിലായി സ്ഥിതിചെയ്യുന്നവൾ. ഹിമവാനും സേതുവും പുണ്യസ്ഥലങ്ങളാണല്ലോ.

Digitized By Kerala Sahitya Akademi

പത്തുനാലും തനിച്ചങ്ങിങ്ങു ചുററിയ
ബദ്ധധൈര്യയാം ചമ്പകത്തിൻേറതായ്
വിസ്തൃതലോകഭിത്തിമേലൊട്ടിച്ച
കത്തിതേ ബാക്കിയായുള്ള സാമ്പ്രതം. 23

സ്വാദുവാല്മീകിസൂക്തസംസേവനാൽ
ജാതബോധയാമക്കൊച്ചുമൈഥിലി
മാനരക്ഷാർത്ഥ,മാണ്ടു മറഞ്ഞുപോയ്
മാതൃഭൂവിൻ പിളർന്ന ഹൃദയത്തിൽ! 24

ക്ഷുദ്രധീത്വമേ, സ്വാർത്ഥപരത്വമേ,
നിർദ്ദയത്വമേ, നിന്നെരിതീയ്യിനാൽ
എത്ര ചമ്പകവല്ലിയുണ്ടിങ്ങനെ
ദഗ്ദ്ധയാകുന്നു ഭാരതപ്പൂങ്കാവിൽ! 25

23. ബദ്ധധൈര്യ = ധൈര്യം പൂണ്ടവൾ. ചാരിത്രഭംഗഭീതയായിട്ടും, അവൾ പത്തുനാലും തനിച്ചങ്ങിങ്ങു ചുററിയതു്, ധൈര്യംകൊണ്ടുതന്നെയാണല്ലോ. വിസ്തൃ...ട്ടിച്ച=ലോകമാകുന്ന വിസ്തീർണ്ണമായ ചുമരിന്മേൽ പതിച്ച—ലോകരെല്ലാം കാണുവാനായി എഴുതിയയച്ച; സാമ്പ്രതം = ഇപ്പോൾ.

24. 'ബാക്കിയായുള്ള' എന്നതിനെ വിവരിക്കുന്നു: സ്വാദു...വനാൽ = വാല്മീകിയുടെ ആസ്വാദ്യമായ കാവ്യം പരിശീലിച്ചതുകൊണ്ടു്. സാക്ഷാൽ മൈഥിലി, സ്വാഭിമാനം രക്ഷിപ്പാനായി, രാജസദസ്സിൽവെച്ചു്, തൻെറ പ്രാർത്ഥനയനുസരിച്ച പിളന്ന ഭൂമിയിൽ ആണ്ടുപോവുകയാണല്ലോ ഉണ്ടായതു്; ചമ്പകവല്ലിയും മാനം (ചാരിത്രം) രക്ഷിപ്പാനായി ആത്മഹത്യചെയ്തു; മണ്ണടിഞ്ഞുപോയി; പിളന്ന ഹൃദയത്തിൽ—അവളുടെ ആത്മഹത്യയിൽ മാതൃഭൂമിക്കുണ്ടായ ഹൃദയവേദനയെ ധ്വനിപ്പിക്കുന്നു.

25. ക്ഷുദ്രധീത്വം = ബുദ്ധിനികൃഷ്ടത. നിന്നെരിതീയ്യിനാൽ—നിങ്ങളുടെ നാശകാരിത്വത്താൽ. ചമ്പകവല്ലി = നായിക; ചമ്പകലത എന്നും. ദഗ്ദ്ധയാകുന്നു = ദഹിപ്പിക്കപ്പെടുന്നു; ഭാരതപ്പൂങ്കാവു് = ഇന്ത്യയാകുന്ന പൂന്തോട്ടം. 24-ം 25-ം പദ്യങ്ങളാൽ ചമ്പകവല്ലിയുടെ അനാഥശവം അയൽവാസികളാൽ കുഴിയിൽവെച്ചു ദഹിപ്പിക്കപ്പെട്ടു എന്നു് ഇതിവൃത്തം സൂചിപ്പിക്കുന്നു.

—കുട്ടികൃഷ്ണമാരാര്

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ശരണമയ്യപ്പാ!

1933

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിന്റെ

പ്രസ്താവന

ഒരു തീർത്ഥയാത്രക്കാരൻ ആവശ്യപ്പെട്ടതനുസരിച്ച് മഹാകവി വള്ളത്തോൾ 1108 ധനുമാസത്തിൽ എഴുതിയതാണ് ഈ സ്തോത്രം. ശബരിമലയ്ക്കു നോൽമ്പിട്ടു പോകുന്നവർക്കു പ്രത്യേകം ഉന്മേഷജനകമാണ് ഈ മംഗളഗാനമെന്നു പറഞ്ഞറിയിക്കേണ്ടതില്ല. ശബരിമല അയ്യപ്പന്റെ അന്യാദൃശങ്ങളായ അപദാനങ്ങൾ വർണ്ണനത്തിന്നു വിഷയമായിരിക്കുന്നു. യാത്രക്കാരുടെ അനുഭവങ്ങൾക്ക് അനുരൂപമായവിധത്തിൽ വിഷയത്തെ ക്രമപ്പെടുത്തി അവരെ ആവേശംകൊള്ളിക്കുന്നമട്ടിൽ ഭക്തിരസത്താൽ മധുരമാക്കിക്കൊണ്ടുള്ളതാണ് പ്രതിപാദനം. ഭാഷാരീതിയാണെങ്കിൽ പ്രസന്നലളിതമായിരിക്കുന്നു. ഇത്രയും ഗുണധോരണിയുള്ള ഒന്നാണ് 'ശരണമയ്യപ്പാ' എന്ന ഈ മഹാസ്തോത്രം.

''ചൊല്ലുന്നതോ ഭക്തിമയസ്വരത്തി—
ലാനന്ദലബ്ധിക്കിനിയെന്തു വേറെ''

എന്നു മതിമറന്നുരചെയ്യുവാൻ മഹാകവിക്കു ഭാഗ്യമുണ്ടാകുമാറാകട്ടെ. ഇതേ ഇനിയൊന്നു പറയുവാനുള്ളു.

തൃശ്ശൂർ
1117 ധനു

കെ. കെ. രാജാ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

(൨൦൩)

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ
പാശമോചനം നിൻപദമൊന്നുതാൻ! 1

ഭാർഗ്ഗവീകാന്തനാകും വരാംഗിയിൽ—
ബ്ഭാർഗ്ഗവീര്യാൽപ്പിറന്ന നിൻവിഗ്രഹം,
ഭാർഗ്ഗവർഷിയാൽ കാട്ടിൽ പ്രതിഷ്ഠിതം,
ഭാഗ്യവത്തായ കണ്ണിനേ കാണാവൂ! 2

തിരുവിതാംകൂറിലുള്ള ശബരിമലയിൽ ശ്രീപരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ട ശാസ്താവിനെ ദർശിച്ചുപോരുന്നതു പഴനിയാണ്ടവനെ ദർശിച്ചുപോരുന്നതുപോലെ പുണ്യവും അഭീഷ്ടസാധകവുമാകുന്നു. ശബരിമലയിലേക്കു നോൽമ്പിട്ടു പോകുന്ന ഭക്തന്മാർക്കുവേണ്ടി എഴുതപ്പെട്ടതാണു് 'ശരണമയ്യപ്പാ!' എന്ന ഇക്കവിത. 'ശരണമയ്യപ്പാ!' എന്ന വിജയപ്രദസ്തോത്രം മുഴക്കിക്കൊണ്ടാണു് ശബരിമലയ്ക്കു നോൽമ്പിട്ടവർ യാത്രചെയ്യുക പതിവു്. ആ പരിശുദ്ധവാക്യം തന്നെയാണു് ഇതിലെ പല്ലവികൾ. കാവ്യത്തിന്നു 'ശരണമയ്യപ്പാ!' എന്നു നാമകരണം ചെയ്തിരിക്കുന്നതും ഈ മഹിമാവിലാസം കണ്ടുതന്നെ.

ആരംഭത്തിൽ കവി സ്തോത്രത്തിന്നു വിഷയമായ ദേവനെ നിർദ്ദേശിച്ചിരിക്കുന്നു. കാവ്യാരംഭത്തിൽ ശ്രീശബ്ദം പ്രയുക്തമായിരിക്കുന്നതിനാൽ മംഗളപരിസമാപ്തി സൂചിതമായിരിക്കുന്നുണ്ടു്.

1. ശ്രീശബരിമല=ശൗരിമല. രാമായണത്തിൽ പ്രസിദ്ധമായി പറയപ്പെട്ടിരിക്കുന്ന ശബരി ഈ മലയിലാണു തപസ്സുചെയ്തുകൊണ്ടിരുന്നതെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നതിനാൽ ശൗരിമല (ശബരിമല) എന്നു പ്രസിദ്ധിയുണ്ടായി. കേശവശിവപ്രേമവിപാകമേ! = വിഷ്ണുവിൻെറയും ശിവൻെറയും പരിപക്വമായ പ്രേമം ആകൃതിപൂണ്ടതുപോലിരിക്കുന്നവനേ! ഈ പദത്താൽ ശാസ്താവിൻെറ അവതാരത്തിന്നു കാരണമായ കഥ സൂചിപ്പിച്ചിരിക്കുന്നു. അസുരന്മാരുടെ കൈവശത്തിൽനിന്നു് അമൃതകുംഭം കരസ്ഥമാക്കുവാൻ മഹാവിഷ്ണു കൈക്കൊണ്ട വിശ്വമായാരൂപം അഥവാ മോഹിനീരൂപം പരമശിവൻ കണ്ടു കാമിച്ചതിൻെറ ഫലമായിട്ടാണു ശാസ്താവിൻെറ അവതാരമുണ്ടായിട്ടുള്ളതെന്ന കഥ പ്രസിദ്ധമാകുന്നു. ഏഴകൾക്കു്=അശരണന്മാർക്കു്, പാവപ്പെട്ടവർക്കു്. പാശമോചനം നിൻപദമൊന്നുതാൻ=അവിടുത്തെ തൃപ്പാദമാണു സംസാരബന്ധത്തിൻെറ നാശത്തിന്നുള്ള ഒരേ ഒരു വസ്തു

2. ഭാർഗ്ഗവീകാന്തൻ = ശ്രീഭഗവതിയുടെ ഭർത്താവു് (വിഷ്ണു). വരാംഗിയിൽ=സുന്ദരിയിൽ. ഭാർഗ്ഗവീര്യാൽ = ഭർഗ്ഗൻെറ(ശിവൻെറ)തായ വീര്യ(ബീജ)ത്താൽ. നിൻവിഗ്രഹം = അങ്ങയുടെ ബിംബം. ഭാർഗ്ഗവർഷി = പരശുരാമമഹർഷി. പ്രതിഷ്ഠിതം=പ്രതിഷ്ഠിക്കപ്പെട്ടതു്. ശ്രീ പരശുരാമൻ കേരളത്തിൻെറ രക്ഷയ്ക്കുവേണ്ടി മുപ്പത്തിരണ്ടു ശാസ്താക്കന്മാരെ പ്രതിഷ്ഠിച്ചിട്ടുണ്ടെന്നും കുതിരാൻമലയിലും അകമലയിലും മററും കാണപ്പെടുന്ന ശാസ്താക്കന്മാരുടെ വിഗ്രഹങ്ങളും മററും ഇങ്ങനെ പ്രതിഷ്ഠിച്ചിട്ടുള്ളവയാണെന്നും ഐതിഹ്യമുണ്ടു്. ശൗരിമല അയ്യപ്പനും മേൽപ്പറഞ്ഞ മുപ്പത്തിരണ്ടു ശാസ്താക്കന്മാരിൽ ഉൾപ്പെട്ടിരിക്കുന്നു. ഭാഗ്യവത്തു്=ഭാഗ്യമുള്ളതു്. വിഷ്ണുവിൻെറ മോഹിനീരൂപത്തിൽ ശിവനു ജനിച്ച അങ്ങയെ പരശുരാമമഹർഷി ശൗരിമലയിൽ പ്രതിഷ്ഠിച്ചു. അവിടെ വന്നു് അങ്ങയെ കാ

Digitized By Kerala Sahitya Akademi

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 3

ഉണ്ടു വേട്ടയിൽ പ്രീതി ഭവാനെന്നു
കണ്ടറിഞ്ഞതുകൊണ്ടായിരിക്കണം,
തന്മഴു വീശി വെട്ടിക്കളയാഞ്ഞ—
തിമ്മഹാവനം ത്വൽപ്രതിഷ്ഠാപകൻ. 4

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നു താൻ! 5

കാമകോപാദിഹിംസ്രജന്തുക്കളാൽ—
ബ്ഭീമമെങ്ങൾതൻമാനസകാനനം
വില്ലെടുത്തശ്വവീരാധിരൂഢനായ്—
പ്പള്ളിവേട്ട തുടർന്നുകൊൾകിങ്ങു നീ! 6

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 7

ചെയ്തിരിക്കാമടിയങ്ങളിന്ദ്രിയ—
പ്രീതിയൊന്നിനുവേണ്ടിപ്പല പാപം,

ണുന്നതു ഭാഗ്യവാന്മാർക്കേ സാദ്ധ്യമായിരിക്കയുള്ളു. ഓരോ ഖണ്ഡികയുടെ അവസാനത്തിലും, 'ശ്രീ ശബരി...ന്നുതാൻ' എന്ന ഭാഗം ആവർത്തിച്ചിരിക്കുന്നതു കവിയുടെ ഭക്തിപാരമ്യത്തെ ദ്യോതിപ്പിക്കുന്നു.

4. വേട്ട=നായാട്ട്. പ്രീതി = സന്തോഷം. ഇമ്മഹാവനം = ഈ വൻകാട്. ത്വൽപ്രതിഷ്ഠാപകൻ=അങ്ങയെ പ്രതിഷ്ഠിച്ചവൻ കേരളം വെട്ടിത്തെളിയിച്ചു കൃഷിചെയ്യുവാൻ തുടങ്ങിയ ആര്യവർഗ്ഗക്കാരുടെ നായകനും അങ്ങയെ പ്രതിഷ്ഠിച്ചവനും ആയ പരശുരാമൻ തന്റെ വെണ്മഴുകൊണ്ട് ഈ മല വെട്ടിവെളുപ്പിക്കാതിരുന്നതു് അങ്ങേയ്ക്കു നായാട്ടിൽ താൽപര്യമുണ്ടെന്നറിഞ്ഞതുകൊണ്ടായിരിക്കണം എന്നു കവി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

6. കാമകോപാദിഹിംസ്രജന്തുക്കൾ = ഹിംസാശീലമുള്ള കാമം, കോപം മുതലായ ജന്തുക്കൾ. ഭീമം = ഭയങ്കരം. എങ്ങൾതൻമാനസകാനനം = ഞങ്ങളുടെ മനസ്സാകുന്ന കാട്. അശ്വവീരാധിരൂഢൻ = ഒന്നാംതരം കുതിരയുടെ പുറത്തു കയറിയവൻ. പള്ളിവേട്ട = നായാട്ട്. മുൻഖണ്ഡത്തിൽ ശാസ്താവിന്നു നായാട്ടിലുള്ള താൽപര്യം വ്യക്തമാക്കിയിട്ടുണ്ട്. ഈ ഖണ്ഡത്തിൽ നായാട്ടുചെയ്യുവാനുള്ള മറ്റൊരു രംഗംകൂടി കാണിച്ചുകൊടുക്കുന്നു. ഞങ്ങളുടെ മനസ്സ് കാമക്രോധാദികളായ ക്രൂരജന്തുക്കളാൽ ഭയങ്കരമായിക്കിടക്കുന്ന ഒരു കാട്ടുപ്രദേശമാണ്. അല്ലയോ ശാസ്താവേ, അങ്ങുന്നു വില്ലെടുത്തു കുതിരപ്പുറത്തു കയറി അവിടെ നായാട്ടുചെയ്ത് ഈ കാമാദിഹിംസ്രജന്തുക്കളെ നശിപ്പിച്ചാലും.

Digitized By Kerala Sahitya Akademi

ശാസനംചെയ്തുകൊള്ളുക ശാസ്താവേ,
ശാശ്വതപരിശുദ്ധിക്കു ഞങ്ങളെ. 8

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നു താൻ! 9

നിന്നുപാന്തം ചുഴന്ന കരിങ്കാടി—
തന്യദുർല്ലഭാമേയമഹിമാവേ,
തെന്നലേല്ക്കുയാൽപ്പാറിപ്പറന്നതാം
നിന്നുടയാടതാനായിരിക്കുമോ! 10

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നു താൻ! 11

കേവലം ദൂരദൂരത്തുനിന്നൊരു
കാർവരിപോലെ കാണായ നിൻവനം
ദേവ, ഞങ്ങൾതൻ ദൂനമാം ദൃഷ്ടിക്കു
പാവനമായൊരഞ്ജനക്കോലല്ലോ! 12

---

8. ഇന്ദ്രിയപ്രീതിയൊന്നിനുവേണ്ടി = കണ്ണ്, മൂക്ക്, നാവ്, ചെവി, ത്വക്ക് (തൊലി) എന്നീ അഞ്ചിന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുവാൻവേണ്ടി മാത്രം. കാണുക, മണക്കുക, സ്വാദറിയുക, കേൾക്കുക, സ്പർശിക്കുക എന്നിങ്ങനെ അഞ്ചുവിധത്തിലാണല്ലോ ലോകസുഖങ്ങൾ മനുഷ്യൻ അനുഭവിച്ചുപോരുന്നത്. ഈ അഞ്ചുവിധത്തിലുള്ള സുഖാനുഭവത്തിലല്ലാതെ അതായത് ഈശ്വരവിഷയത്തിൽ ശ്രദ്ധിക്കാതെ എന്നു ചുരുക്കം. ശാസനംചെയ്തുകൊള്ളുക = വേണ്ടവിധത്തിൽ നടത്തുക (രക്ഷിക്കുക). ശാസ്താവേ = രക്ഷിക്കുന്നവനേ! ശാശ്വതപരിശുദ്ധിക്ക് = നിത്യശുദ്ധിക്കുവേണ്ടി. ഇന്ദ്രിയപ്രീതിക്കു മാത്രമായി ഞങ്ങൾ പല പാപവും ചെയ്തിട്ടുണ്ടാകാം. ഞങ്ങൾക്ക് നിത്യശുദ്ധിയുണ്ടാവാൻ ഞങ്ങളെ വേണ്ടവഴിക്കു നടത്തി ശാസ്താവായ അങ്ങുന്നു രക്ഷിക്കണം.

10. നിന്നുപാന്തം = നിന്റെ സമീപപ്രദേശത്തെ. ചുഴന്ന = ചുററിനില്ക്കുന്ന. കരിങ്കാടിതു = ഈ കറുത്ത കാട്. അന്യദുർല്ലഭാമേയമഹിമാവേ = മറെറാരാൾക്കു കിട്ടുവാൻ പ്രയാസമായിട്ടുള്ളതും അളവററതും ആയ മഹാത്മ്യമുള്ളവനേ! തെന്നൽ = ചെറുകാററ്. നിന്നുടയാട = അങ്ങുന്നു ചുററിയിരിക്കുന്ന വസ്ത്രം. പച്ചപ്പട്ട് ഉടുത്തവനായിട്ടാണ് ശാസ്താവിനെ ധ്യാനിക്കാറുള്ളത്. മലയുടെ മുകൾഭാഗത്തായിട്ടാണു ശാസ്താവിന്റെ ക്ഷേത്രം. അങ്ങനെയിരിക്കെ താഴ്‌വാരപ്രദേശങ്ങളിൽ കാണപ്പെടുന്ന കാടിനെ അയ്യപ്പൻ അണിഞ്ഞിരിക്കുന്ന വസ്ത്രം കാററത്തിളകുന്നതായി ഉൽപ്രേക്ഷിച്ചിട്ടുള്ളതിന്റെ സ്വാരസ്യം പ്രസ്താവയോഗ്യമായിരിക്കുന്നു.

12. കേവലം ദൂരദൂരത്തുനിന്ന് = തീരെ അകലത്തുനിന്ന്. ഒരു കാർവരിപോലെ = ഒരേ രേഖയിൽ കാണപ്പെടുന്ന മേഘമാലപോലെ. നിൻവനം = അങ്ങയുടെ കാട്. ദൂനം = ദുഃഖിതം. പാവനം = വിശുദ്ധികരം. അഞ്ജനക്കോല് = അഞ്ജനശലാക (കണ്ണെഴുതുവാനുള്ള അഞ്ജനക്കല്ലിന്റെ നീണ്ടു നേരിയ ഒരു കോല്). അകലെനിന്നു നോക്കുമ്പോൾ ഒരു വരിയായി മേഘമാലപോലെ

Digitized By Kerala Sahitya Akademi

ശ്രീശബരിമലശ്ശൃംഗമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 13

ബുദ്ധ്യതീതമാം നിന്നനന്തതപത്തെ—
പ്പത്രമർമ്മരംകൊണ്ടു പതുക്കവേ
വാനിടത്തിനു ചൊല്ലിക്കൊടുക്കുന്ന
പീനശാഖങ്ങൾ നാനാതരുക്കളും; 14

കണ്ണു കക്കും വിചിത്രച്ചിറകൊളി
ചിന്നുമാറുള്ള പാറിപ്പറക്കലാൽ,
പൂക്കളില്ലാത്ത വള്ളിക്കുടിലിന്നും
പൂക്കളെച്ചേർത്ത കൊച്ചു കിളികളും; 15

നിച്ചിലും മഞ്ഞുപെയ്യുമിക്കാലത്തും
പച്ചിലമരത്തോപ്പാം മുകിൽച്ചാർത്തിൽ

കാണപ്പെടുന്ന കാടിനെ കണ്ണിനു കുളർമ നല്കുന്ന അഞ്ജനക്കോലായി സംഭാവനം ചെയ്തിരിക്കുന്നു.

14. ഈ ഭാഗം മലയോടടുത്തതിനുശേഷം കാണപ്പെടുന്ന വനഭംഗിയുടെ വർണ്ണനമാകുന്നു. വിഷയത്തിന്റെ പ്രതിപാദനത്തിലും വർണ്ണനത്തിലും രചനയിലും ഔചിത്യം ദീക്ഷിച്ചുകൊണ്ടല്ലാതെ മഹാകവി വള്ളത്തോൾ കവിതയെഴുതുക പതിവില്ല. ആദിയിൽ അകലെ നിന്നു കാണപ്പെടുന്ന കാഴ്ചയും മലവാരത്തിന്നടുത്തതിനുശേഷം മലയുടെ ഒട്ടാകെയുള്ള കാഴ്ചയും വർണ്ണിച്ചിരിക്കുന്നതു് വർണ്ണനപ്രധാനമായ ഈ കൊച്ചുകാവ്യത്തിൽ പ്രതിപാദനത്തെസ്സംബന്ധിച്ചേടത്തോളം കവി എത്രത്തോളം ഔചിത്യംദീക്ഷിച്ചിരിക്കുന്നു എന്നു കാണുവാൻ ഉദാഹരണമായിരിക്കുന്നു. മലയുടെ അടിവാരമെത്തിയ ഭക്തന്റെ ദൃഷ്ടിയിൽപ്പെട്ടുപോകുന്ന സംഗതികൾ വർണ്ണിച്ചുകാണിക്കുകയേ കവി ചെയ്തിട്ടുള്ളു. വർണ്ണനവിഷയമായ പ്രകൃതിസൗന്ദര്യത്തെ ഭക്തിഭാവത്തിന്റെ കാല്ക്കൽ കാണിക്കവെയ്ക്കുവാനും മഹാകവിക്കു മറവി പററിയിട്ടില്ല. ബുദ്ധ്യതീതം എന്നുമുതൽ പ്രകൃതിഭഗവതി എന്നുവരെയുള്ള ഭാഗം മേൽപ്പറഞ്ഞ അഭിപ്രായത്തെ വിശദമാക്കുന്നുണ്ടു്. ബുദ്ധ്യതീതം = ബുദ്ധിയെ അതിക്രമിച്ചു വർത്തിക്കുന്നതു് (ആലോചിച്ചറിവാൻപോലും സാധിക്കാത്തതു്.) നിന്നനന്തതപം = നിന്റെ അളവില്ലാത്ത നില (ഈശ്വരന്റെ മാഹാത്മ്യം അളവററതാകയാൽ അതിനെ ബുദ്ധികൊണ്ടളന്നുവെയ്ക്കുവാൻ സാധിക്കയില്ലെന്നു സ്പഷ്ടം). പത്രമർമ്മരം = ഇലകളുടെ മർമ്മരശബ്ദം (മറ മറ എന്ന ശബ്ദം) വാനിടത്തിന്നു = ആകാശത്തിനു്. പീനശാഖങ്ങൾ = തടിച്ച കൊമ്പുകൾ ഉള്ളവ. നാനാതരുക്കൾ = പലതരം മരങ്ങൾ. തടിച്ച കൊമ്പുകൾ ആകാശത്തോളം മുട്ടിനില്ക്കുന്ന പലതരം മരങ്ങൾ കാററടിക്കുമ്പോൾ ഇലകളിൽനിന്നു പുറപ്പെടുന്ന മർമ്മരശബ്ദത്താൽ ഈശ്വരനായ അങ്ങയുടെ അളവററ മാഹാത്മ്യത്തെ ആകാശത്തിന്റെ ചെവിയിൽ മന്ത്രിക്കുകയാണോ എന്നു തോന്നിപ്പോകും.

15. വിചിത്രച്ചിറകൊളി = ചിറകുകളുടെ നാനാവർണ്ണപ്രകാശം. നാനാവർണ്ണത്തിലുള്ള ചിറകുകളോടുകൂടിയ കൊച്ചുകിളികൾ അവിടവിടെ പാറിപ്പറക്കുന്നതിനിടയിൽ പൂക്കാത്ത ചില വള്ളിക്കുടിലുകളിൽ ചെന്നിരിക്കുമ്പോൾ അവ പൂത്തുനില്ക്കുന്നതുപോലെ കാണപ്പെടുന്നു.

Digitized By Kerala Sahitya Akademi

പീലിയാൽ മഴവില്ലണച്ചുദ്ഗീത—
ലീലയോടാടുമാൺമയിൽക്കൂട്ടവും; 16

പട്ടുമേനികൾ മാൻകൾ മേയുന്ന
പച്ചവല്ലൂമാം പൈമ്പുൽത്തകിടിയും;
പാറമേൽത്തട്ടി മുത്തു വിതറിന
പാലൊളിച്ചോല പായുമിടങ്ങളും; 17

എത്ര സുന്ദരമിഗ്ഗിരികാന്താരം
ഹൃദ്യരൂപമാം തൻെറ സർവ്വസ്വവും
ത്വൽപ്രിയാർത്ഥമിങ്ങർപ്പിച്ചിരിക്കുന്നു
സപ്രഹർഷം പ്രകൃതിഭഗവതി! 18

---

16. നിച്ചിലും = പതിവായി, എപ്പോഴും. മുകിൽച്ചാർത്ത് = മേഘമാല. ഉദ്ഗീതലീലയോടാടുമാൺമയിൽ = പാടിയാടിക്കളിക്കുന്ന മയൂരം. മഞ്ഞുകാലത്താണല്ലോ ശബരിമലയ്ക്കു നോൽമ്പിട്ടുപോകാറുള്ളത്. അക്കാലത്തു മഞ്ഞുപെയ്തുകൊണ്ടിരിക്കുന്നതിനാൽ പച്ചിലകളുള്ള മാമരങ്ങളിൽ ജലാംശങ്ങൾ പററിനില്ക്കുക പതിവാണ്. അങ്ങനെയിരിക്കേ മയിലുകൾ മേഘഭ്രമത്താലോ എന്നു തോന്നുമാറ് ആഹ്ലാദത്താൽ പീലിവിടർത്തി ആടിപ്പാടിക്കൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ മഞ്ഞുകാലത്തുപോലും മേഘമാലയിൽ മഴവില്ലുണ്ടാകുന്നതുപോലെ ആ മാമരക്കൂട്ടത്തിൽ അഴകുണ്ടാകുന്നു. മഴവില്ലുണ്ടാകുന്നതിനുള്ള കാരണങ്ങൾ കവി ഇവിടെ പൂർണ്ണമായി കാണിച്ചുതന്നിട്ടുണ്ട്. മയിൽപ്പീലിയും പച്ചിലമരക്കൂട്ടവും തന്നെ മഴവില്ലിനും മേഘത്തിനും മതിയാകുന്നതാണ്. പോരെങ്കിൽ പീലികളുടെ നിറങ്ങൾ വൃത്താകൃതിയിൽ പ്രതിബിംബിച്ചു മരക്കൂട്ടങ്ങളിൽക്കാണുവാൻ പച്ചിലകളിലെ മഞ്ഞുതുള്ളികൾ സഹായിക്കുന്നുമുണ്ട്.

17. പട്ടുമേനികൾ = പട്ടുപോലെ മാർദ്ദവവും മിനുപ്പുമുള്ള ശരീരത്തോടുകൂടിയവ. പൈമ്പുൽത്തകിടികൾ = ഇളംപുൽപ്രദേശങ്ങൾ. പാറമേൽ...ഇടങ്ങൾ= ചോലകളിലെ ധവളമായ ജലപ്രവാഹം പാറമേൽ തട്ടിച്ചിന്നുമ്പോൾ മുത്തുമണികൾ വിതറുന്നതുപോലെയുള്ള കാഴ്ചയുണ്ടാകുന്നു. ഈ ആശയം തന്നെ സ്വല്പം ഭേദപ്പെട്ടുകൊണ്ടു മഹാകവിയുടെ ഭാരതപ്പുഴ എന്ന കവിതയിലുമുണ്ട്.

''ചിലദിക്കിലിതിൽക്കിടക്കുമോരോ
ശിലമേൽത്തല്ലിമുറിഞ്ഞുപോകയാലേ
അലമാലയിൽനിന്നണിപ്പളുങ്കിൻ—
കലമങ്ങിങ്ങു തെറിച്ചിടുന്നു ഭംഗ്യാ''

(സാഹിത്യമഞ്ജരി, ഒന്നാം ഭാഗം)

18. എത്ര സുന്ദരമിഗ്ഗിരികാന്താരം = ഈ മലയിലെ കാട് എത്ര മനോഹരമാണ്. പത്രമർമ്മരംകൊണ്ടു ശാസ്താവിൻെറ അനന്തമാഹാത്മ്യത്തെ ആകാശത്തോടുപദേശിക്കുന്ന മാമരങ്ങളാലും, പാറിപ്പറക്കുന്നതിനിടയിൽ പൂക്കാത്ത വള്ളിക്കുടിലുകളെ ചിറകൊളികൊണ്ടു കുസുമിതങ്ങളാക്കുന്ന കൊച്ചുകിളികളാലും, മഞ്ഞുതുള്ളികൾ പററിനില്ക്കുന്ന തമാലപത്രങ്ങളിൽ മഴവില്ലണിയിച്ചുകൊണ്ടാടിക്കളിക്കുന്ന മയിലുകളാലും, മൃദുമേനികളായ മാൻകൾ മേഞ്ഞുകൊണ്ടിരിക്കുന്ന പുൽത്തകിടികളാലും, പാറമേൽത്തട്ടി മുത്തു വിതറിക്കൊണ്ടു പായുന്ന പാലൊളിച്ചോലകളാലും ശബരിമല അതിമനോഹരമായിരിക്കുന്നു. ഹൃദ്യരൂപം= മനോഹരസ്വരൂപമുള്ള. സർവ്വസ്വവും = എല്ലാ മുതലും. ത്വൽപ്രിയാർത്ഥം = അങ്ങയുടെ പ്രീതിക്കുവേണ്ടി. സപ്രഹർഷം = സന്തോഷത്തോടെ. പ്രകൃതിദേവി തൻെറ അഴകുള്ള മുതലെല്ലാം ശാസ്താവായ അങ്ങയുടെ പ്രീതിക്കുവേണ്ടി ഇവി

Digitized By Kerala Sahitya Akademi

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 19

അച്ഛനെപ്പോലെ,യേകാന്തരമ്യമാ—
മുച്ചശൈലത്തിൽ വാഴും ഭഗവാനേ,
ത്വച്ചരണങ്ങൾ കണ്ടു വണങ്ങുവാ—
നിച്ഛപൂണ്ടു കുതിച്ചു നടക്കുമ്പോൾ, 20

കൂർത്തുമൂർത്ത കൽമുള്ളുകൾ കൊണ്ടതി—
മാത്രദുർഗ്ഗങ്ങളീവനമാർഗ്ഗങ്ങൾ
താവകരായ ഞങ്ങൾതൻ കാൽകൾക്കു
പൂവിരിച്ചവപോലത്രേ തോന്നുന്നു! 21

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 22

അദ്രിവാസ, നിന്നമ്പലംപൂകുവാ—
നെത്ര കാലടി നേക്കു വെയ്ക്കുന്നിതോ,
അത്ര മേല്പോട്ടു കേറുന്നു നാൾതോറു—
മെത്ര താണ നിലയിൽക്കിടന്നോരും! 23

ടെ അർപ്പിച്ചിരിക്കുന്നു. ശൗരിമലയിലെ അരണ്യപ്രദേശത്തിനു പ്രകൃതിയാൽ സ്വസൗന്ദര്യമെല്ലാം ശാസ്താവായ അങ്ങയ്ക്കുവേണ്ടി ഏകത്ര സമ്മിളിതമാക്കിയതുപോലെ മനോഹരതയുണ്ടെന്നു സാരം.

20. അച്ഛനെപ്പോലെ = അച്ഛനായ ശിവനെപ്പോലെ. ഏകാന്തരമ്യം = വിജനവും മനോഹരവുമായ, അസാധാരണമനോഹരതയുള്ള. ഉച്ചശൈലം = ഉയർന്ന പർവ്വതം. ഭഗവാൻ = ഐശ്വര്യം മുതലായ ആറു ഗുണങ്ങളുള്ളവൻ. ത്വച്ചരണങ്ങൾ = അങ്ങയുടെ കാലുകൾ. ഇച്ഛപൂണ്ട് = ആഗ്രഹിച്ച്.

21. കൽമുള്ളുകൾ = കല്ലുകളും മുള്ളുകളും. അതിമാത്രദുർഗ്ഗങ്ങൾ = അകത്തുകടന്നുകൂടുവാൻ വളരെ പ്രയാസമായവ. വനമാർഗ്ഗങ്ങൾ = കാട്ടുവഴികൾ. താവകർ = അങ്ങയുടെ ആളുകൾ. കൈലാസത്തിൽ പരമശിവനെന്നപോലെ ശൗരിമലയിൽ കുടികൊള്ളുന്ന ശാസ്താവേ! അവിടുത്തെ കഴലിണ കണ്ടു വണങ്ങുവാൻ ദാസരായ അടിയങ്ങൾ കുതിച്ചു നടക്കുമ്പോൾ കൂർത്തുമൂർത്ത കല്ലും മുള്ളുമുള്ള വഴികൾ പൂവിരിച്ചിട്ടിരിക്കുന്ന മാർഗ്ഗങ്ങൾപോലെയാണു തോന്നുന്നത്.

23. അദ്രിവാസ = കുന്നിന്മേൽ കുടികൊള്ളുന്നവനേ. പൂകുവാൻ = പ്രാപിക്കുവാൻ. മേല്പോട്ടു കേറുന്നു = ഉന്നതിയിലെത്തുന്നു. കുന്നിന്മേൽക്കുടികൊള്ളുന്ന അങ്ങയുടെ അമ്പലത്തിലേക്കു പോകുമ്പോൾ വെയ്ക്കുന്ന ഓരോ അടിയും താണവരെ ഉന്നതിയിലെത്തിക്കുകയാണു ചെയ്യുന്നത്. അമ്പലത്തിലെത്തിയാൽ താണവരെന്നനില ഇല്ലാതാകുമെന്നു സാരം. ഈശ്വരസാന്നിദ്ധ്യത്തിൽ അധഃകൃതന്മാരില്ലെന്നു ശൗരിമലദേവൻ വിളംബരപ്പെടുത്തിയിരിക്കുന്ന കഥ സുപ്രസിദ്ധമാകുന്നു. തിരുവിതാംകൂർമഹാരാജാവിൻെറ ക്ഷേത്രപ്രവേശനവിളംബരത്തിന്നു വളരെ മുമ്പുതന്നെ ഈ വിളംബരം നടപ്പിൽ വന്നിരിക്കുന്നു.

Digitized By Kerala Sahitya Akademi

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ!
പാശമോചനം നിൻപദമൊന്നുതാൻ! 24

ഇത്തരം വിഭോ, ദുഃഖഭൂയിഷ്ഠമാം
മർത്ത്യഭാവത്തിൽനിന്നു നിന്നൻപിനാൽ,
ഇദ്ധസൗഖ്യമാം ദിവ്യപദത്തിലേ–
യ്ക്കുദ്ധൃതരായ് ച്ചരിക്കുന്നു സാധുക്കൾ! 25

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 26

മീശരോമങ്ങൾകൊണ്ടു ചില കട്ടം–
ത്തൂശികൾ നട്ട ഭീഷണവക്ത്രത്തിൽ
ജീവനെല്ലൂതിർക്കൊയ് ത്തുവാളാമെകി–
റാവഹിക്കുന്ന ക്രൂറൻകടുവാകൾ
സ്വാമിതൻ മലകേറുന്ന ഞങ്ങൾക്കായ്
സ്വാഗതം കഥിക്കുന്നു മുരൾച്ചയാൽ. 27

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 28

മുൾച്ചെടിക്കൂട്ടർ ചില്ലയാകുന്ന കൈ
വെച്ചു തൊട്ടുതലോടി വനാന്തരേ,

25. വിഭോ = പ്രഭോ! ദുഃഖഭൂയിഷ്ഠം = ദുഃഖം അധികമായ. മർത്ത്യഭാവം = മനുഷ്യത്വം. നിന്നൻപിനാൽ = അങ്ങയുടെ കരുണയാൽ. ഇദ്ധസൗഖ്യം = സുഖം വർദ്ധിച്ചിരിക്കുന്ന. ദിവ്യപദം = ഉൽകൃഷ്ടസ്ഥാനം. ഉദ്ധൃതർ = ഉയർത്തപ്പെട്ടവർ. ചരിക്കുന്നു = സഞ്ചരിക്കുന്നു.

അങ്ങയുടെ കരുണയാൽ ദുഃഖഭൂയിഷ്ഠമായ മനുഷ്യത്വത്തിൽനിന്നു പരമാനന്ദപദത്തിലേക്കുയർത്തപ്പെട്ട ഈ സാധുക്കൾ ഇതാ ഇപ്പോൾ നിർബ്ബാധം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

27 ഭീഷണവക്ത്രം = ഭയങ്കരമുഖം. ജീവനെല്ലൂതിർക്കൊയ്ത്തുവാൾ = ജീവനാകുന്ന നെൽക്കതിരു കൊയ്യെടുക്കുവാനുള്ള വാള്. എകിർ = ദംഷ്ട്ര. ത്തൂശിപോലുള്ള മീശയും ജീവൻ കൊയ്യെടുപ്പാനുള്ള വാളുപോലിരിക്കുന്ന ദംഷ്ട്രയുമുള്ള ക്രൂറൻ കടുവകൾ ഇതാ ഞങ്ങൾക്കു മുരൾച്ചയാൽ സ്വാഗതം പറയുന്നു. (ശബരിമലയിൽ പുലികൾ ധാരാളമുണ്ടെന്നു പ്രസിദ്ധം. അശുദ്ധിപ്പെട്ടവരെ പുലിപിടിക്കുമെന്നു വിശ്വാസവുമുണ്ട്. ഈ ഭാഗംമുതൽ 33-ാം ഖണ്ഡം കഴിയുംവരെ പ്രതികൂലശക്തികളെ അനുകൂലശക്തികളായി വർണ്ണിച്ചിരിക്കുന്നു.)

Digitized By Kerala Sahitya Akademi

രക്തചന്ദനച്ചാറണിയിച്ചു നിൻ
ഭക്തർതൻ മുറിപ്പെട്ട ഗാത്രങ്ങളിൽ! 29

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 30

മേദുരസടാജൂടമാം സിംഹത്തിൻ
മേഘരാവഗഭീരമാം ഗർജ്ജിതം
ഞങ്ങൾതൻ ചെവിപ്പുക്കു മുഴങ്ങുന്നൂ,
മംഗളം മദ്ദളാരവംപോലവേ! 31

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 32

ദാനനീർ കവിൾത്തട്ടിലുറന്ന കാ—
ട്ടാനകളുടെ ചിന്നംവിളിയെയോ,
കാനനലക്ഷ്മിയാളുടെ കോമള—
ഗാനമാക്കേൾപ്പിതെങ്ങൾതൻ കർണ്ണങ്ങൾ! 33

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ,
പാശമോചനം നിൻപദമൊന്നുതാൻ! 34

വേദനയില്ല, ഭീതിയില്ലെങ്ങൾക്കു
ഖേദമില്ല, തണുപ്പില്ല, ചൂടില്ല;
ഭൂതനായക, നിന്നാളുകളിതാ,
വീതസംസാരരായി പൊടുന്നനെ;

---

29. **വനാന്തര** = കാട്ടിൽ. **ഗാത്രങ്ങൾ** = ശരീരങ്ങൾ. മലയിൽ നടക്കുമ്പോൾ മുള്ളുകൊണ്ടു പൊട്ടിയൊലിക്കുന്ന ചോരയെ ചെടികൾ ചില്ലകൾകൊണ്ടു തലോടി രക്തചന്ദനച്ചാറണിയിച്ചതായി ഉൽപ്രേക്ഷിച്ചിരിക്കുന്നു

31. **മേദുരസടാജൂടം** = തടിച്ച ചിടക്കെട്ടുള്ള **സിംഹത്തിൻ** = സിംഹത്തിന്റെ. **മേഘരാവഗഭീരം** = ഇടിമുഴക്കംപോലെ ഗംഭീരമായതു്. **ഗർജ്ജിതം** = അലർച്ച. **മദ്ദളാരവം** = മദ്ദളത്തിന്റെ ശബ്ദം. സടയുള്ള സിംഹത്തിന്റെ ഇടിവെട്ടുപോലുള്ള അലർച്ച ഞങ്ങളുടെ യാത്രയിൽ മദ്ദളനാദംപോലെ മംഗളമായി മുഴങ്ങിക്കേൾക്കുന്നു.

33. **ദാനനീർ** = മദജലം. **ഉറന്ന** = പുറപ്പെട്ട. **കാനനലക്ഷ്മിയാൾ** = വനശ്രീ. **കോമളഗാനം** = മനോഹരഗീതം. മദജലമൊഴുകുന്ന കാട്ടാനകളുടെ ചിന്നംവിളി വനലക്ഷ്മിയുടെ മനോഹരഗീതമായിട്ടാണു ഞങ്ങൾ കേൾക്കുന്നതു്. (മുപ്പത്തൊന്നും മുപ്പത്തിമൂന്നും ഖണ്ഡങ്ങളിൽ പ്രാപ്യസ്ഥാനത്തിലേക്കുള്ള ഘോഷയാത്രയിലെ മദ്ദളധ്വനിയും ഭജനസങ്കീർത്തനവും ധ്വനിപ്പിക്കപ്പെട്ടിരിക്കുന്നു)

Digitized By Kerala Sahitya Akademi

നിന്നടുക്കലേക്കുള്ള മഹത്താമീ
വന്യമാർഗ്ഗം വിമുക്തിമാർഗ്ഗം ധ്രുവം! 35

ശ്രീശബരിമലയ്ക്കുമേൽ മേവുന്ന
കേശവശിവപ്രേമവിപാകമേ,
ഹാ, ശരണമിയ്യേഴകൾക്കയ്യപ്പാ!
പാശമോചനം നിൻപദമൊന്നുതാൻ! 36

---

35. ഈ ഖണ്ഡം ക്ഷേത്രം അഥവാ പ്രാപ്യസ്ഥാനം അക്ഷിലക്ഷ്യമായതിനു ശേഷമുള്ള അനുഭവത്തെ വർണ്ണിച്ചുകാണിക്കുന്നു. ഭീതി = ഭയം. ഖേദം = ദുഃഖം. ഭൂതനായക = പ്രമഥപതേ, അഥവാ പാഞ്ചഭൗതികമായ പ്രപഞ്ചത്തിന്റെ നാഥ! (ശാസ്താവിനു ഭൂതനാഥൻ എന്നു പര്യായമുണ്ട്) വീതസംസാരർ = സംസാരദുഃഖമില്ലാതായിത്തീർന്നവർ. പൊടുന്നനെ = പെട്ടെന്നു്. മഹത്തു് = വലുതു്. വന്യമാർഗ്ഗം = കാട്ടുവഴി. വിമുക്തിമാർഗ്ഗം = മോക്ഷമാർഗ്ഗം. ധ്രുവം = നിശ്ചയം. (വിമുക്തിമാർഗ്ഗത്തിന്റെ വിശേഷണമായെടുക്കുന്നപക്ഷം സ്ഥിരമായ എന്നർത്ഥം). ക്ഷേത്രത്തിന്റെ നടയിലെത്തിയ ഞങ്ങൾക്കു വേദനയാകട്ടെ, ചൂടാകട്ടെ, തണുപ്പാകട്ടെ ഇല്ലാതായിക്കഴിഞ്ഞു. ഇപ്പോൾ ഒരു ദുഃഖവും ഞങ്ങൾക്കില്ല. അങ്ങുന്നു ഭൂതനാഥൻ (പ്രപഞ്ചനായകൻ) ആണെന്നുള്ള വാസ്തവം ഇപ്പോഴാണു ദാസരായ ഞങ്ങൾക്കനുഭവപ്പെട്ടതു്. ഈയവസരത്തിൽ ഞങ്ങൾക്കു തോന്നുന്നു, ''ഈ മലകയറൽതന്നെയാണു് സംസാരതരണം; ഈ ദേവദർശനംതന്നെയാണു മോക്ഷം.''

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

അച്ഛനും മകളും

1936

Digitized By Kerala Sahitya Akademi

ടിച്ചരണ്ട പിന്നോക്കം ചുളിപ്പോയി എന്നു വരാം! ഏതായാലും, അതുകൊണ്ടുമുണ്ടായി, ഒരു ഗുണം: പരീക്ഷ്യന്മാരുടെ പ്രയത്നഫലങ്ങളിൽ പരീക്ഷകനായ മഹാകവിക്കുണ്ടായ അസംതൃപ്തിയായിരിക്കാം, അദ്ദേഹത്തിൻെറ പ്രഗല്ഭമായ പ്രതിഭാശക്തിയെ ആ പരീക്ഷാവിഷയത്തിലേക്കുതന്നെ തിരിച്ചുവിട്ടതു്; അതിൻെറ മധുരഫലമത്രേ, ഇപ്പോൾ സഹൃദയസമക്ഷം അവതരിപ്പിക്കുന്ന ഈ 'അച്ഛനും മകളും.'

ഭർത്തൃപരിത്യക്തയായ ശകുന്തള പുത്രനോടുകൂടി കശ്യപാശ്രമത്തിൽ വസിക്കുന്നകാലത്തു്, ഒരുദിവസം, വിശ്വാമിത്രമഹർഷി കശ്യപമഹർഷിയെ കണ്ടു വന്ദിപ്പാനായി ശിഷ്യനായ ശുനഃശേഫനോന്നിച്ചു് അവിടെ ചെല്ലുന്നു. ഗുരുപാദരെ കാണ്മാൻ അവസരം അറിഞ്ഞുവരുന്നതിനായി ശിഷ്യനെ പർണ്ണശാലയിലേക്കയച്ചു വിശ്വാമിത്രൻ ആശ്രമസമീപത്തുള്ള ഒരു അശോകത്തിൻെറ തണലിൽ കാത്തുനില്ക്കുമ്പോൾ 'ഞാൻ കാട്ടിത്തരാമേ മുത്തച്ഛനെ' എന്നു പറഞ്ഞുകൊണ്ടു സുകുമാരാകാരനായ ഒരു കൊച്ചുകുമാരൻ അദ്ദേഹത്തിൻെറ സമീപത്തു പാഞ്ഞെത്തുന്നു. ബാലൻെറ മുഗ്ദ്ധഭാവത്താൽ ആകൃഷ്ടനായിത്തീർന്ന മഹർഷി അവനെ വാരിയെടുത്തു ലാളിക്കുവാൻ തുടങ്ങിയതിന്നിടയിൽ 'അമ്മേ ഞാനിതാ,' എന്നു കുട്ടി വിളിച്ചു പറഞ്ഞതു കേട്ടു 'പെട്ടെന്നു്' ഒരു തന്വംഗി ആ രംഗത്തിൽ പ്രവേശിക്കുന്നു. 'മുഷിഞ്ഞ വസ്ത്രങ്ങളും മെടഞ്ഞ വാർകുന്തലും മെലിഞ്ഞ ലാവണ്യൈകഭൂഷമാമുടലുമായ്, അത്തലിൻ സ്വരൂപംപോലാ വന്ന യുവതിയെ' കണ്ടപ്പോൾ, വിശ്വാമിത്രനു്, പെട്ടെന്നു്, രൂപസാദൃശ്യത്താൽ അവൾ സാക്ഷാൽ മേനക തന്നെ എന്നു തോന്നിപ്പോകുന്നു! പിന്നീടു മഹർഷി ചോദിച്ചതനുസരിച്ചു് അവൾ വിവാഹപര്യന്തമുള്ള തൻെറ പൂർവ്വചരിത്രം പറഞ്ഞപ്പോൾ, മേനകയിൽ തനിക്കു ജനിച്ച പുത്രിയാണവളെന്നറിഞ്ഞു് അദ്ദേഹം അത്ഭുതസ്നേഹാനന്ദവശഗനായി ബ്ഭവിക്കുന്നു. അനന്തരം, അവളുടെ കുശലവർത്തമാനങ്ങളന്വേഷിച്ചപ്പോൾ, ഭർത്താവായ ദുഷ്ഷന്തനാൽ പരിത്യക്തയാണവൾ എന്നറിയുകയാൽ പെട്ടെന്നു് അദ്ദേഹത്തിൻെറ ഭാവം പകരുന്നു. ക്രുദ്ധനായ വിശ്വാമിത്രൻ സ്വപുത്രിയെ അവമാനിച്ച ദുഷ്ഷന്തനെ ശപിക്കുവാൻ ഒരുമ്പെട്ടപ്പോൾ, പതിദേവതയായ ശകുന്തള അച്ഛനെ അനുനയവാക്കുകൾ പറഞ്ഞു ശമപ്പെടുത്തുന്നു. അങ്ങനെ ശാന്തകോപനായി പ്രസന്നനായിത്തീർന്ന വിശ്വാമിത്രൻ, അചിരേണ ഭർത്തൃസമാഗമം ഉണ്ടാകട്ടേ എന്നനുഗ്രഹിച്ചു് മകളെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

ഇതാണു്, 'അച്ഛനും മകളും' എന്ന ഈ ഖണ്ഡകാവ്യത്തിലെ പ്രതിപാദ്യവിഷയം. ഈ പ്രതിപാദ്യവിഷയത്തിൻെറ വൈചിത്ര്യവും ഘടനാസൗഷ്ഠവവും സഹൃദയന്മാർക്കു സ്വയം

Digitized By Kerala Sahitya Akademi

വേദ്യമായിട്ടുള്ളതാകയാൽ, തദ്വിഷയകമായ പ്രപഞ്ചനം ഇവിടെ ആവശ്യമായിത്തോന്നുന്നില്ല. പൗരാണികമായ പശ്ചാത്തലത്തിൽ നില്ക്കുന്ന ഇങ്ങനെയുള്ള ഒരു പ്രതിപാദ്യവിഷയം കല്പിച്ചതിനെപ്പററിമാത്രം രണ്ടു വാക്കു പറയേണ്ടതുണ്ടു്.

സാഹിത്യം സമകാലികങ്ങളായ സാമുദായികപ്രമേയങ്ങളെ വിഷയീകരിക്കണമെന്നുള്ള വാദം തലയുയർത്തുവാൻ തുടങ്ങിയിട്ടുള്ള ഇക്കാലത്തു, കാവ്യനിർമ്മാണത്തിനു പുരാണേതിഹാസവിഷയങ്ങളെ സ്വീകരിക്കുന്നതിൽ ആക്ഷേപമുള്ളവർ പലരുമുണ്ടായിരിക്കും. ഇന്നത്തെ ലോകത്തിൽ ഇന്നത്തെ ജനസമുദായത്തെസ്സംബന്ധിച്ചുള്ള എത്രയോ അധികം വിഷയങ്ങൾ കണ്ണിന്റെ മുമ്പിൽ നിരന്നുനില്ക്കുമ്പോൾ, കാവ്യരചനക്കു വിഷയം കിട്ടുന്നതിനായി കഴിഞ്ഞകാലത്തിന്റെ നഷ്ടശിഷ്ടങ്ങളായ പുരാണേതിഹാസങ്ങളുടെ മാറാലകെട്ടിയ കലവറയ്ക്കുള്ളിൽ കൈയിട്ടു തപ്പുന്നതെന്തിനാണെന്നു് അവർ ചോദിച്ചേക്കും! സാഹിത്യകാരന്റെ ഭാവനാശക്തി സമീപസ്ഥമായ വർത്തമാനകാലത്തിന്റെ 'സജീവപ്രശ്ന'ങ്ങളെ തട്ടിനീക്കി, ദൂരത്തു കിടക്കുന്ന ഭൂതകാലത്തിന്റെ ശവക്കല്ലറയിലുള്ള ജീർണ്ണവസ്തുക്കളെ തോണ്ടിയെടുത്തു കൊണ്ടുവരുന്നതു് 'പിന്തിരിപ്പൻ മനഃസ്ഥിതി'യുടെ ലക്ഷണമാണെന്നു് അവർ വാദിച്ചേക്കും.

പക്ഷേ, ആരെന്തു വാദിച്ചാലും യഥാർത്ഥസാഹിത്യം അതിന്റെ സ്വതന്ത്രമായ സ്വന്തംമാർഗ്ഗത്തിലൂടെ മാത്രമേ മുന്നോട്ടു പോവുകയുള്ളു. ഭൂതകാലമെന്നും, വർത്തമാനകാലമെന്നുമുള്ള അതിർത്തിവരമ്പുകളൊന്നും അതിന്നില്ല. ഏതുകാലത്തെ മനുഷ്യചരിത്രത്തെ വർണ്ണിക്കുകയായാലും, എല്ലാ കാലത്തും ഒരുപോലെ നില്ക്കുന്ന മനുഷ്യസ്വഭാവത്തെയും, പ്രകൃതിനിയമത്തെയുമാണു്, അതു കേന്ദ്രീകരിക്കുന്നതു്. സമുദായസിന്ധുവിന്റെ ഉപരിതലത്തിൽ പൊന്തുന്ന തിരയുംനുരയും മാത്രം നോക്കിനില്ക്കുകയല്ല അതു ചെയ്യുന്നതു്; മുകളിൽ തിരയുംനുരയും പൊന്തുവാൻ അടിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തികളെയാണു് അതു സൂക്ഷിച്ചു വീക്ഷിക്കുന്നതു്. കാലദേശഭേദം അനുസരിച്ചു ഭിന്നഭിന്നങ്ങളായ മാർഗ്ഗങ്ങളിലൂടെ പ്രവഹിക്കുന്ന മനുഷ്യജീവിതസരിത്തിന്റെ അടിയുറവുകൾ എവിടെയും എപ്പോഴും ഒന്നുതന്നെയാണു്. അതിനാൽ, സാഹിത്യം ഏതുകാലത്തെ മനുഷ്യജീവിതാവസ്ഥകളെ—സാമുദായികസ്ഥിതികളെ—വർണ്ണനക്കു വിഷയീകരിച്ചുകൊണ്ടായാലും, അവയുടെ മറവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആഭ്യന്തരശക്തികളെ അപഗ്രഥിച്ചു വെളിപ്പെടുത്തുന്നതിലാണു്, അതിന്റെ ശ്രദ്ധ ചെല്ലേണ്ടതു്. ഒരു പദ്യകാവ്യമോ, നാടകമോ, നോവലോ ഏതായാലും ഉത്തമസാഹിത്യമെന്ന പേരിനെ അർഹിക്കുന്നതു്, അതിലെ പ്രതിപാദ്യവിഷയം ഭൂതകാലീനമോ വർത്ത

Digitized By Kerala Sahitya Akademi

മാനകാലീനമോ ആയിരിക്കുന്നതുകൊണ്ടല്ല; മനുഷ്യരുടെ ജീവിതവ്യാപാരങ്ങളെ പ്രചോദനംചെയ്യുന്ന മാനസികവൃത്തികളെ ശരിയായി വ്യഞ്ജിപ്പിക്കുന്നതുകൊണ്ടാകുന്നു. രാഗദ്വേഷങ്ങരം, കാമക്രോധങ്ങരം, ലോഭമാത്സര്യങ്ങരം മുതലായ പ്രാകൃതികവികാരങ്ങളാണു് മനുഷ്യരുടെ നാനാവിധങ്ങളായ ജീവിതവ്യാപാരങ്ങളെ പ്രേരണം ചെയ്തുകൊണ്ടിരിക്കുന്നതു്. പരിഷ്കാരം മനുഷ്യരുടെ മേല്പറഞ്ഞ പ്രാകൃതവികാരങ്ങളിൽ ഉണ്ടാക്കിത്തീർത്തിട്ടുള്ള സംസ്കാരങ്ങരം അവരുടെ ജീവിതവ്യാപാരങ്ങളിൽ പ്രതിബിംബിച്ചുകാണുന്നതാണു്. ഈ രാഗദ്വേഷവികാരങ്ങളെയാണു്, ശൃംഗാരാദിരസങ്ങളുടെ സ്ഥായിഭാവങ്ങളായ രത്യാദിചിത്തവൃത്തികളെന്നു പറയുന്നതു്. രതി, ശോകം, ക്രോധം, ഉത്സാഹം മുതലായ മനുഷ്യന്റെ പ്രാകൃതികവികാരങ്ങരം കവിവാക്യത്തിലും നാടകാഭിനയത്തിലും സംക്രമിച്ചു്, തദ്വാരാ സഹൃദയഹൃദയങ്ങളിൽ പ്രതിബിംബിക്കുമ്പോരം, ശൃംഗാരം, കരുണം, രൗദ്രം, വീരം മുതലായ രസങ്ങളായി പരിണമിക്കുന്നു. ഈ രത്യാദിചിത്തവൃത്തിവിശേഷങ്ങരം മനുഷ്യന്റെ ജീവിതവ്യാപാരങ്ങളുടെ പ്രേരണാശക്തികളായി നില്ക്കുന്നതുകൊണ്ടാണു് അവയുടെ പരിണാമങ്ങളായ ശൃംഗാരാദിരസങ്ങരംക്കു കാവ്യാത്മകത്വം കല്പിക്കപ്പെട്ടിട്ടുള്ളതു്.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു്, കാവ്യത്തിലെ പ്രതിപാദ്യവിഷയം പൗരാണികമോ ആധുനികമോ എന്നുള്ളതല്ല പ്രധാനപ്രശ്നമെന്നും, വിഷയത്തിന്റെ പ്രതിപാദനരീതി കാവ്യത്തെ എത്രത്തോളം രസാത്മകമാക്കിത്തീർത്തിട്ടുണ്ടെന്നുള്ള പ്രശ്നമാണു സർവ്വോപരി പ്രധാനമായിട്ടുള്ളതെന്നും സിദ്ധിക്കുന്നുണ്ടല്ലോ. കാവ്യത്തിന്റെ പ്രതിപാദ്യവിഷയം പുരാണേതിഹാസങ്ങളിൽനിന്നോ, ചരിത്രത്തിൽനിന്നോ, ഇന്നത്തെ സാമുദായികജീവിതത്തിൽനിന്നോ ഏതിൽനിന്നെടുത്താലും അതു മനുഷ്യജീവിതവ്യാപാരങ്ങളുടെ പിന്നിൽ നില്ക്കുന്ന പ്രേരണാശക്തികളുടെ— രത്യാദിചിത്തവൃത്തികളുടെ—പ്രവർത്തനങ്ങളെ വെളിപ്പെടുത്തുന്നതായിരിക്കണം. അല്ലാത്തപക്ഷം അതു് രസാത്മകമായ സൽക്കാവ്യമാകുന്നതല്ല; ഉത്തേജകമായ ഉത്തമസാഹിത്യമാകുന്നതല്ല.

'അച്ഛനും മകളും' എന്ന ഈ അഭിനവഖണ്ഡകാവ്യത്തിന്റെ പ്രതിപാദ്യവിഷയം ഐതിഹാസികമാണെന്നുള്ള കാരണത്താൽ ഇതിന്റെ ഉൽക്കർഷത്തിനു് ഒട്ടും ഇടിവു തട്ടിയിട്ടില്ലെന്നു്, ഇത്രയും പ്രസ്താവിച്ചതിൽനിന്നു വ്യക്തമായിക്കഴിഞ്ഞു എന്നു വിചാരിക്കുന്നു. ഇതിവൃത്തസൗധം ഇതിഹാസത്തിന്റെ അടിത്തറയിന്മേലാണു പണിചെയ്യപ്പെട്ടിരിക്കുന്നതെങ്കിലും ഇതിഹാസകാലത്തും, ഇന്നത്തെക്കാലത്തും ഒന്നുപോലെ മനുഷ്യസമുദായത്തെ സ്പർശിക്കുന്ന പ്രമേയങ്ങളാണു്

Digitized By Kerala Sahitya Akademi

ഇതിലുള്ളതു്. പ്രധാനകഥാപാത്രങ്ങളായ വിശ്വാമിത്രനും ശകുന്തളയും തമ്മിൽ പിതാവും പുത്രിയും എന്ന നിലയിലുള്ള ബന്ധം ഉണ്ടായിട്ടുള്ളതു കേവലം ഒരു യദൃച്ഛാസംഭവം മാത്രമാണു്. മേനകയുടെ മാദകമായ സൗന്ദര്യം ഇളക്കിവിട്ട മദനവികാരത്തിന്റെ കൊടുങ്കാററിൽ വിശ്വാമിത്രന്റെ മനസ്സും യമവും തപസ്സും പെട്ടെന്നു തകർന്നുപോയതിന്റെ ഫലമാണു്, ശകുന്തള. വിശ്വാമിത്രന്റെ തപോനിഷ്ഠയെ തകർത്തുവിട്ട കാമത്തിന്റെ ആ തമോബാധ പുത്രിയായ ശകുന്തളയുടെ ജീവിതത്തിലും കരിനിഴൽവീശിക്കളഞ്ഞു. ജനിച്ച മാത്രയിൽത്തന്നെ മാതാപിതാക്കന്മാരാൽ പരിത്യജിക്കപ്പെട്ട ശകുന്തള പിന്നീടു സ്വയം വരിച്ച ഭർത്താവിനാലും പരിത്യക്തയായിത്തീർന്നുപോയി! സമുദായത്തിന്റെ അറിവോടുകൂടിയല്ല, ശകുന്തള ഭൂമിയിൽ ജനിച്ചതു്; സമുദായത്തിന്റെ അറിവോടുകൂടിയല്ല, അവൾ ഭർത്താവിനെ വരിച്ചതും. അങ്ങനെ ജന്മംവഴിക്കും കർമ്മംവഴിക്കും അവളിൽ വന്നുകൂടിയ കളങ്കത്തിന്നു് സമുദായം അവളെ അവമാനഭരം ചുമത്തി അനാഥത്വത്തിന്റെ നടുവിലെറിഞ്ഞു ശിക്ഷിച്ചു. സമുദായത്തിന്റെ ഇരുളടഞ്ഞ മൂലകളിൽ ഇത്തരത്തിലുള്ള ക്ഷണികങ്ങളായ ദാമ്പത്യബന്ധങ്ങളും അവയുടെ ദുർഭഗങ്ങളായ ഫലങ്ങളും ഏതുകാലത്താണു് ഉണ്ടാകാതെയുള്ളതു്? പുരുഷന്റെ ചാപല്യവും സ്ത്രീയുടെ ദൗർബല്യവുംകൂടി സമുദായശരീരത്തിൽ ഉണ്ടാക്കിത്തീർക്കുന്ന ഇത്തരം വൈരൂപ്യങ്ങളെ ഏതുകാലത്താണു് ലോകം കാണാതെയുള്ളതു്?

സ്ത്രീപുരുഷബന്ധം കാമത്തിന്റെ കൈങ്കര്യം വഹിച്ചു ദുഷിച്ചുപോകാതിരിക്കേണമെങ്കിൽ, സർവ്വാത്മനാ അതു ധർമ്മത്തിനു വിധേയമായി വർത്തിക്കണം. ഭാരതവർഷത്തിലെ ധർമ്മശാസ്ത്രകാരന്മാരും കവികളും സ്ത്രീപുംസംബന്ധത്തെ ധർമ്മസീമയ്ക്കുള്ളിൽ നിർത്തുന്നതിനുള്ള വഴികൾ എത്രയോ മുമ്പുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. വ്യാസൻ മഹാഭാരതത്തിലും, കാളിദാസൻ ശാകുന്തളത്തിലും കാമചാപല്യം എങ്ങനെ സ്ത്രീപുരുഷബന്ധത്തിന്റെ മുഖത്തു കരിതേക്കുന്നു എന്നും, താപവും തപസ്സും ആ കരിയെ എങ്ങനെ തുടച്ചുകളയുന്നുവെന്നും ഹൃദയംഗമമായവിധത്തിൽ വർണ്ണിച്ചുകാണിച്ചിരിക്കുന്നു. 'അച്ഛനും മകളും' എന്ന ഈ ഖണ്ഡകാവ്യത്തിൽ വള്ളത്തോളും ഏറെക്കുറെ അതുതന്നെയാണു ചെയ്തിട്ടുള്ളതു്. വിശ്വാമിത്രൻ സ്വപുത്രിയായ ശകുന്തളയെ ക്ഷണികമായ കാമചാപല്യത്തിന്റെ കാഫലമെന്നനിലയിൽ സാവജ്ഞം പരിത്യജിച്ചുകളഞ്ഞതിനാൽ ആ പിതൃകൃത്യവിലോപത്തിന്നു വിധിതന്നെ അദ്ദേഹത്തെക്കൊണ്ടു പ്രായശ്ചിത്തംചെയ്യിച്ചതായി ഈ കൃതിയിൽ കവി കാണിച്ചിരിക്കുന്നു. കശ്യപാശ്രമത്തിൽവെച്ചു,

Digitized By Kerala Sahitya Akademi

യാദൃച്ഛികമായി തന്റെ ദൗഹിത്രനേയും പുത്രിയേയും കണ്ടു മുട്ടിയപ്പോൾ വിശ്വാമിത്രന്റെ ഹൃദയത്തിൽ ഇദംപ്രഥമമായി അപത്യസ്നേഹം ഉൽബുദ്ധമായിത്തീരുന്നു. വിഷയസ്പർശം വിട്ടതിനാൽ ഉറവുവററിപ്പോയിരുന്ന അദ്ദേഹത്തിന്റെ സ്നേഹസരസ്സ് പെട്ടെന്നു നിറഞ്ഞുവഴിഞ്ഞു് ഓളംവെട്ടുവാൻ തുടങ്ങി; അതേ, അപത്യവാത്സല്യത്തിന്നു വശീയും വശഗനായിപ്പോയി! 'ഹാ ശരി, ഓർമ്മിച്ചേൻ, നിന്നമ്മ മേനക' എന്നിത്രയും പറഞ്ഞപ്പോഴേക്കും, 'തീക്ഷ്ണക്ലേശ'നായ മഹർഷിക്കും കണ്ണിൽ വെള്ളമുറന്നുപോയി; ആ ചുടുകണ്ണീരിലാണു് അദ്ദേഹം പുത്രിയെ പരിത്യജിച്ചതിന്റെ പാപം കഴുകിക്കളഞ്ഞതു്. പുത്രിയെ ഭർത്താവായ ദുഷ്ഷന്തൻ ഉപേക്ഷിച്ചുകളഞ്ഞ വിവരം അറിഞ്ഞപ്പോൾ, അദ്ദേഹം പെട്ടെന്നു ക്രുദ്ധനായി കാലരുദ്രാകാരനായിത്തീർന്നു്,

'ദുഷ്ഷന്തനവനാരെ,ന്നാരോമൽക്കുമാരിയെ—
ദുസ്സഹാവമാനത്തിൽത്തള്ളിയിട്ടുയിർക്കൊൾവാൻ!'

എന്നു പറഞ്ഞുകൊണ്ടു ശപിക്കുവാൻ പുറപ്പെടുകയും ചെയ്യുന്നു. ജനിച്ചമാത്രയിൽത്തന്നെ പുത്രിയെ 'ദുസ്സഹാവമാന'ത്തിലേക്കും അനാഥസ്ഥിതിയിലേക്കും തള്ളിക്കളഞ്ഞ പിതാവായ താൻ ചെയ്തതിലുംകവിഞ്ഞ ഒരു തെററു് ഭർത്താവായ ദുഷ്ഷന്തൻ ചെയ്തിട്ടില്ലെന്നുള്ള പരമാർത്ഥം തൽക്കാലം തള്ളിക്കുതിച്ചുയർന്ന കോപത്തിന്റെ കോളിളക്കത്തിൽ അദ്ദേഹത്തിന്നു കാണ്മാൻ കഴിഞ്ഞില്ല!

'അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേ വേണ്ടു!'

എന്നിങ്ങനെ ശകുന്തള ചൂണ്ടിക്കാണിച്ചുകൊടുത്തപ്പോഴാണു്, അദ്ദേഹം അതു കാണുന്നതു്. അതോടുകൂടി കോപം ശമിച്ചു് പ്രസന്നനായിത്തീരുന്ന വിശ്വാമിത്രനെ,

'ഭദ്രം തേ പിടിച്ചേന്നെക്കരേററി നിൻസൗശീല്യം.'

എന്നു് അദ്ദേഹംതന്നെ പറഞ്ഞപോലെ, പുത്രിയുടെ സൗശീല്യം ധാർമ്മികമായ അധഃപതനത്തിൽനിന്നു പിടിച്ചുയർത്തുക തന്നെ ചെയ്തു. കോപവും താപവും തപസ്സിന്റെ ശക്തിയെ ക്ഷയിപ്പിക്കുമെന്നുള്ളതിനാൽ ആ ധാർമ്മികാധഃപതനം കൂടാതെകഴിച്ച ശകുന്തളയുടെ ശീലനൈർമ്മല്യം വിശ്വാമിത്രന്റെ മനഃസ്ഥിതിക്കു വലുതായ ഒരു പരിവർത്തനം വരുത്തി. ചുരുക്കത്തിൽ, വിശ്വാമിത്രൻ കശ്യപാശ്രമത്തിൽ ചെല്ലുമ്പോൾ ഏതൊരാളായിരുന്നുവോ, ആ ആളായിട്ടല്ല അവിടെനിന്നു മടങ്ങിപ്പോന്നതു്. അതേ, മടങ്ങിപ്പോന്നപ്പോഴേക്കും അദ്ദേഹം തികച്ചും മറെറാരാളായി മാറിക്കഴിഞ്ഞിരുന്നു!

Digitized By Kerala Sahitya Akademi

മേനക ശകുന്തളയെ പ്രസവിച്ച ഉടനെ കാട്ടിൽ ഇട്ടം വെച്ച പോയി എങ്കിലും പിന്നീടു്, അവളെ ഭർത്താവു പരിത്യജിച്ചപ്പോഠം കശ്യപാശ്രമത്തിൽ കൂട്ടിക്കൊണ്ടുപോയി രക്ഷിച്ചതായി കാണിച്ച കാളിദാസൻ, ആദ്യത്തിൽ മാതൃകൃത്യം നിർവ്വഹിക്കാതിരുന്ന തെററിന്ന മേനകയെക്കൊണ്ടു കുറേ കഴിഞ്ഞിട്ടെങ്കിലും ശരിയായ പ്രായശ്ചിത്തം ചെയ്യിച്ചിരിക്കുന്നു. അങ്ങനെ ഒരുവിധത്തിൽ, കാളിദാസൻ മേനകയെക്കൊണ്ടു മാതൃകൃത്യം നിറവേററിക്കുമ്പോഠം, മറെറാരുവിധത്തിൽ, വള്ളത്തോഠം, വിശ്വാമിത്രനെക്കൊണ്ടു പിതാവിൻെറ ചുമതലയും നിർവ്വഹിപ്പിക്കുന്നുണ്ടു്. കാളിദാസൻ സ്വർവാരവനിതയായ മേനകയ്ക്കു മഹനീയമായ മാതൃഹൃദയം നൽകുമ്പോഠം വള്ളത്തോഠം വശിയായ വിശ്വാമിത്രനെ അപത്യസ്നേഹത്തിന്ന വശഗനാക്കിത്തീർക്കുന്നു.

വള്ളത്തോളിൻെറ ശകുന്തള കാളിദാസൻെറ ശകുന്തളയുടെ തനിപ്പകർപ്പാണു്. അനാദികാലംമുതല്ക്കേ ഭാരതസ്ത്രീകഠം അതിപാവനമായി ആരാധിച്ചുവരുന്ന ആദർശം ഏതോ, അതു തന്നെയാണു്, രണ്ടു മഹാകവികളുടെയും നായികമാരും അവരുടെ ജീവിതചര്യയിൽ പ്രതിഫലിപ്പിച്ചു കാണിക്കുന്നതു്. നിഷ്കാരണം പരിത്യജിച്ച മാതാപിതാക്കളോടാകട്ടെ, ഭർത്താവിനോടാകട്ടെ, ആ രണ്ടു സാധ്വിമാൎക്കുമില്ല, തെല്ലുമൊരു വിപ്രിയഭാവം. കാളിദാസൻെറ ശകുന്തള ഭർത്തൃപരിത്യാഗത്തിന്നു് 'സുകൃതനിരോധിയായ തൻെറ പൂർവ്വകർമ്മ'ത്തെ പഴിക്കുമ്പോഠം, വള്ളത്തോളിൻെറ ശകുന്തള,

'സന്ത്യക്തയായേനല്ലോ സൗമ്യനാം കണവനാൽ'

എന്നാണു പറയുന്നതു്. ത്യാഗത്താലും ദുഃഖത്താലും ശുദ്ധീകരിക്കപ്പെടുന്ന പ്രേമത്തിൻെറ മാഹാത്മ്യംകൊണ്ടു പരുഷമായ പുരുഷഹൃദയത്തെ മൃദുകരിച്ചു സംസ്കരിക്കുന്നതിൽ ഇരുനായികമാരും ഒരുപോലെ വിജയം നേടിയിരിക്കുന്നു. കാളിദാസൻെറ ശകുന്തള ഭർത്താവായ ദുഷ്ഷന്തനേയും, വള്ളത്തോളിൻെറ ശകുന്തള പിതാവായ വിശ്വാമിത്രനേയും ധാർമ്മികമായ നാശത്തിൽനിന്നു രക്ഷിക്കുന്നതിലാണു്, രണ്ടുപേരുടെയും സ്വഭാവശുദ്ധിയുടെ പ്രഭാവം പ്രത്യക്ഷമാകുന്നതു്. പുരുഷൻ ധർമ്മത്തിൻെറ ഉയർന്ന ശൃംഗത്തിൽനിന്നു കാൽ തെററി വീഴുമ്പോഠം, സ്ത്രീയുടെ കോമളഹസ്തങ്ങഠം പിടിച്ചുനിർത്തുന്നതെങ്ങനെയെന്നു് അവർ നമ്മെ ഗ്രഹിപ്പിക്കുന്നു.

വള്ളത്തോഠംക്കവിതയുടെ കലാസൗഭാഗ്യത്തെപ്പററി വല്ലതും പറയുന്നതു പനിനീർപ്പൂവിൻെറ പരിമളത്തെപ്പററി പ്രസംഗിക്കുന്നതുപോലെ, അനാവശ്യമായിത്തീരുന്നതാണു്. ശബ്ദരചനയുടെ സൗകുമാര്യവും, അർത്ഥകല്പനയുടെ സൗഷ്ഠവവും, രസഭാവങ്ങളുടെ പരിസ്ഫൂർത്തിയും വള്ളത്തോഠംക്കവിതയുടെ സവി

Digitized By Kerala Sahitya Akademi

ശേഷമുദ്രകളാകുന്നു. വിവിധങ്ങളായ ശബ്ദാർത്ഥാലങ്കാരങ്ങൾ മേല്ക്കുമേലണിയിച്ചു കാവ്യകലയ്ക്കു കൃത്രിമശോഭ ഉണ്ടാക്കിത്തീർക്കുന്നതിൽ വള്ളത്തോൾ അത്ര താൽപര്യമൊന്നും പ്രദർശിപ്പിക്കാറില്ല. ശ്രുതിമധുരങ്ങളും, ധ്വനിപരങ്ങളുമായ സമുചിതപദങ്ങൾ പ്രയോഗിച്ചു്, സുന്ദരങ്ങളായ ആശയങ്ങളേയും, സന്ദർഭോനുഗുണങ്ങളായ രസഭാവങ്ങളേയും പ്രകാശിപ്പിക്കുന്നതിലാണു് അദ്ദേഹം എപ്പോഴും ശ്രദ്ധചെലുത്താറുള്ളതു്. വള്ളത്തോളിന്റെ കല നിറപ്പകിട്ടുള്ള ചായങ്ങളിഷ്ടപ്പെടുന്നില്ല; ആശയങ്ങളേയും സ്തോഭങ്ങളേയും അഭിവ്യഞ്ജിപ്പിക്കുന്നതിനു പററിയ നിറംകുറഞ്ഞ നേരിയ ചായങ്ങളാണു് മിക്കവാറും അതു് ഉപയോഗിക്കുന്നതു്.

വള്ളത്തോളിന്റെ ശബ്ദരചന വിഷയസ്വഭാവമനുസരിച്ചു വിവിധങ്ങളായ 'മുഖഭാവ'ങ്ങൾ കൈക്കൊള്ളുന്നു.

''നേത്രരഞ്ജകമായിത്തിളങ്ങീ, തമ്മിൽച്ചേർന്നാ-
ക്ഷാത്രതേജസ്സിൻ കൂമ്പും ബ്രാഹ്മതേജസ്സിൻ കാമ്പും.''

എന്നിങ്ങനെ ഒരിടത്തു പ്രസന്നപ്രൗഢഭാവയായി നർത്തനം ചെയ്യുന്ന ശബ്ദരചനാശൈലി,

''മുഷിഞ്ഞ വസ്ത്രങ്ങളും മെടഞ്ഞ വാർക്കൂന്തലും
മെലിഞ്ഞ ലാവണ്യൈകഭൂഷമാമുടലുമായ്,''

എന്നിങ്ങനെ മറെറാരിടത്തു മധുരലളിതഭാവയായി വിലാസലാസ്യം ചെയ്യുന്നു. പെട്ടെന്നു രചനയുടെ മട്ടു മാറി, പ്രകൃതത്തിനും സ്തോഭത്തിനും വരുന്ന മാററങ്ങൾ കാണിക്കുവാൻ വള്ളത്തോളിനുള്ള പാടവം ഒന്നു വേറെതന്നെയാണു്.

''ആശ്രമാൽ പ്രീത്യാ താതകണ്വനാലയയ്ക്കപ്പെ-
ട്ടാശയാ കൊട്ടാരത്തിൽച്ചെന്ന ഗർഭിണിയാം ഞാൻ—'
സങ്കടം പൊറാഞ്ഞവൾ തെല്ലിട തേങ്ങിക്കേണാൾ—
'സന്ത്യക്തയായേനല്ലോ സൗമ്യന്യാം കണവനാൽ.'''

എന്നുള്ള ശകുന്തളയുടെ വാക്കു കേട്ട മാത്രയിൽ ക്രുദ്ധനായിത്തീരുന്ന വിശ്വാമിത്രന്റെ ഭാവപ്പകർച്ചയെ വർണ്ണിച്ച ഭാഗം നോക്കുക:

''പകർന്നു, ഭാവം പെട്ടെന്ന,ക്കാലരുദ്രാകാര-
ന്നുതിർന്നു മിഴിയിൽനിന്നെരിതീപ്പൊരി മേന്മേൽ;
വളഞ്ഞ പുരികങ്ങൾ, ചുളിഞ്ഞു വാർനെററിത്ത-
ട്ടി,ളകീലിലയുമണ്ടടങ്ങീ കാററെമ്പാടും.''

വിശ്വാമിത്രന്നു പെട്ടെന്നുണ്ടായ ഭാവപ്പകർച്ചയെ ചിത്രീകരിച്ചുകാണിപ്പാൻവേണ്ടി, ക്രിയാപദങ്ങളെയെല്ലാം കർത്തൃപദങ്ങൾക്കു മുമ്പേ പ്രയോഗിച്ചിട്ടുള്ളതു വിശേഷിച്ചും ശ്രദ്ധേയമാണു്. വികാരക്ഷോഭം കാണിക്കേണ്ടുന്ന സന്ദർഭങ്ങളിലെല്ലാം ഇങ്ങനെ, അലങ്കാരങ്ങളെക്കൊണ്ടുള്ള മിനുക്കുപണികൾ

Digitized By Kerala Sahitya Akademi

ഒന്നുംകൂടാതെ, 'കറിക്കകൊള്ളുന്ന' ചുരുക്കം വാക്കുകൾകൊണ്ടു വിഷയത്തിൻെറ മർമ്മസ്ഥാനങ്ങൾമാത്രം ചൂണ്ടുകയും, വർണ്ണന്യൂ തന്മയത്വം വരുത്തുവാൻവേണ്ടി, 'ഇളകീലിലയുമ,ങ്ങടങ്ങീ കാററെമ്പാടും' എന്നീവിധത്തിൽ പ്രകൃതിയുടെ നിലയെക്കൂടി പ്രകൃതത്തോടു യോജിപ്പിക്കുകയും ചെയ്യുന്നതു വള്ളത്തോളിൻെറ കലാസംബന്ധിയായ ഒരു കൗശലപ്പണിയാകുന്നു.

വള്ളത്തോളിൻെറ കഥാപരങ്ങളായ മററു കവനങ്ങളിലെപ്പോലെ 'അച്ഛനും മകളും' എന്ന കൃതിയിലും കഥാഗ്രന്ഥത്തിൽ കാണുന്ന ശില്പവൈചിത്ര്യം പ്രശംസാർഹമായിട്ടുള്ളതാണ്. കഥാശരീരത്തിൻെറ അതിപ്രധാനങ്ങളായ അവയവങ്ങൾമാത്രം നിറംകൂടിയ ചായങ്ങൾകൊണ്ടു പ്രകാശിപ്പിക്കുകയും, മററു ഭാഗങ്ങളെ സൂചനാപരങ്ങളായ ചില ചെറുരേഖകൾകൊണ്ടു വ്യഞ്ജിപ്പിക്കുകയുമാണ്, അദ്ദേഹം ചെയ്യുന്നതു്. കഥാപാത്രങ്ങളുടെ സംഭാഷണത്തിന്നിടയിലോ, പെട്ടെന്നു തിരശ്ശീല നീക്കി രംഗത്തു വന്നു്, കവിയുടെനിലയിൽ ഒരു വിവരണമോ ഒരഭിപ്രായമോ സമർപ്പിച്ചു തിരോഭവിക്കുന്നതും അദ്ദേഹത്തിൻെറ ഒരു പതിവാണു്.

''മന്നനാം ദുഷ്യന്തനാൽഗ്ഗാന്ധർവ്വപരിണീത;
എന്നുടെ ജനകനോ വിശ്രുതൻ വിശ്വാമിത്രൻ!''
'ഞാനോ?'—വിസ്മിതനായ്ച്ചോദിച്ചു താപസൻ, 'തവ താതൻ
താനല്ലോ മുനിസുതേ! നിന്നൊടിസ്സംസാരിപ്പോൻ!'

എന്നിങ്ങനെ, അനേകം സന്ദർഭങ്ങളിൽ അദ്ദേഹം ഇടയ്ക്കു കേറി ചെയ്യുന്ന പ്രസംഗങ്ങൾകൊണ്ടു പ്രകൃതത്തിന്നു് ഓജസ്സും പ്രതിപാദനരീതിക്കു വൈചിത്ര്യവും ഉണ്ടാക്കിത്തീർത്തിരിക്കുന്നതായി കാണാം.

ശൈശവത്തിൻെറ മുഗ്ദ്ധമനോഹരമായ ഭാവത്തെ വർണ്ണിച്ചു ഫലിപ്പിക്കുന്നതിൽ വള്ളത്തോളിനുള്ള നൈപുണ്യം ഈ ഖണ്ഡകാവ്യത്തിലും നല്ലവണ്ണം തെളിഞ്ഞുകാണുന്നുണ്ടു്. 'ഞാൻ കാട്ടിത്തരാമേ മുത്തച്ഛനെ' എന്നൊരു തേൻകൊഞ്ചൽ തൂകിക്കൊണ്ടു പാഞ്ഞെത്തുന്ന ബാലൻെറ ലീലയിൽ, വിരക്തനായ വിശ്വാമിത്രനെക്കൂടി മെരുക്കിവിട്ടിരിക്കുന്നതു നോക്കുക. 'ബാലസംശ്ലേഷസുഖാൽ മീലിതാക്ഷനായി'ത്തീർന്ന മഹർഷിയോടു്,

''ഞാനൊന്നു ചോദിക്കട്ടെ, സാദരം മഹാമുനേ:
ധ്യാനത്തിലുൾച്ചേരുന്നാസ്സച്ചിദാനന്ദംതാനോ
മാനിച്ചീയിളംപൂമെയ്പ്പുല്കലിലുളവായൊ—
രാനന്ദമിതോ ഭവാന്നധികം സമാസ്വാദ്യം?''

Digitized By Kerala Sahitya Akademi

എന്നു ചോദിക്കുന്ന കവി ശിശുലാളനസൗഖ്യം അനുഭവിക്കുവാൻ സാധിക്കുന്ന ഗൃഹസ്ഥാശ്രമത്തിന്നു ചതുരാശ്രമങ്ങളിൽ ചക്രവർത്തിസ്ഥാനം നല്കിയിരിക്കുന്നു. സംസാരസൗഖ്യത്തിന്റെ മുഖത്തു നോക്കുവാൻ സങ്കോചപ്പെടുന്ന സന്ന്യാസത്തേക്കാൾ പ്രപഞ്ചസൗഭാഗ്യത്തെ ആസക്തികൂടാതെ അനുഭവിക്കുന്ന ഗൃഹസ്ഥധർമ്മത്തെയല്ലേ, അദ്ദേഹം കാര്യമായിക്കരുതുന്നതെന്നു തോന്നിപ്പോകുന്നു. സൗന്ദര്യത്തെ വെറുക്കുന്ന വൈരാഗ്യത്തിന്റെനേരേ അദ്ദേഹത്തിന്നത്രവലിയ ആദരവൊന്നുമില്ല. എവിടെ സൗന്ദര്യം സമുദ്ധമായി പരിലസിക്കുന്നുവോ, അവിടെ ഈശ്വരചൈതന്യം സവിശേഷമായി വിളയാടുന്നു എന്നും, അങ്ങനെയുള്ള ആ സൗന്ദര്യത്തെ ആസക്തികൂടാതെ ആസ്വദിക്കുന്നതുകൊണ്ടാണു് ജീവിതത്തിന്നു സാഫല്യം സിദ്ധിക്കുന്നതെന്നുമാവാം, വള്ളത്തോളിന്റെ ജീവിതവിഷയകമായ തത്ത്വജ്ഞാനം (Philosophy of life).

പ്രപഞ്ചത്തിന്റെ സൽഭാവങ്ങളിലും സൗന്ദര്യം കാണുന്ന വള്ളത്തോൾ ശിശുക്കളുടെ നിഷ്കളങ്കമായ മുഗ്ദ്ധഭാവത്തിലാകുമ്പോൾ സ്വർഗ്ഗീയമായ സൗന്ദര്യവിഭൂതിയെത്തന്നെ സാക്ഷാൽക്കരിക്കുന്നു.

> ''പെററമ്മമാർ പിച്ചനടത്തിടുന്ന
> കററക്കിടാവിൻ പദപങ്കജങ്ങൾ
> ചെററങ്ങുമിങ്ങും പതിയുന്ന വീട്ടിൻ—
> മുററത്തണിപ്പൂവിടൽ വേണ്ട വേറേ!''

എന്നാണു് അദ്ദേഹം വിചാരിക്കുന്നതു്. അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം 'മൃദുവാം കൈയേതിന്നും തലോടാ'വുന്ന പൂക്കളാണു്, കുട്ടികൾ. ആരുടെ കരസ്പർശനമേററാലും വാടിപ്പോകാത്ത ആ പൂക്കളെ കാണുമ്പോൾ വള്ളത്തോളും അദ്ദേഹത്തിന്റെ കഥാപാത്രങ്ങളും ഒന്നുപോലെ ആഹ്ലാദപരവശരായിച്ചമയുന്നു. കവിത എഴുതിവെച്ചിരുന്ന കടലാസ്സെടുത്തു വലിച്ചുകീറിക്കളഞ്ഞ കുട്ടിയുടെ 'കനകക്കൈമെലർ നൊന്തതില്ലയല്ലി' എന്നുള്ള ഉൽക്കണ്ഠയല്ലാതെ, 'ഇരുന്നൂറായി നുറുങ്ങി മൽപ്രയത്നം' എന്ന ചിന്തയാലുണ്ടാകാവുന്ന കോപം അദ്ദേഹത്തെ തീരെ ബാധിക്കുന്നില്ല. അദ്ദേഹത്തിന്റെ കഥാപാത്രമായ വിശ്വാമിത്രൻ ശകുന്തളയുടെ പുത്രനെ കണ്ടപ്പോൾ, 'ആരിതെന്നാരായാനല്പവനെച്ചിക്കെന്നു തൻ മാറത്തൊന്നണപ്പാനാണിച്ഛിച്ചതു്''. ഇവിടെ വിശ്വാമിത്രനിൽ ജിതേന്ദ്രിയനായി വിമുക്തബന്ധനായിരിക്കുന്ന ഒരു ഋഷിപ്രൗഢനെയല്ല, ശിശുവാത്സല്യംകൊണ്ടു മതിമറന്നുപോകുന്ന കവിപ്രൗഢ'നെയാണു് നമ്മൾ കാണുന്നതു്.

Digitized By Kerala Sahitya Akademi

'അച്ഛനും മകളും'—എന്ന വിശിഷ്ടഖണ്ഡകാവ്യത്തെസ്സംബന്ധിക്കുന്ന പല സംഗതികളും ഇനിയും ഈ അവതാരികയിൽ എടുത്തുകാണിക്കുവാനുണ്ടെങ്കിലും, വിസ്തരഭയത്താൽ അതിനിപ്പോഴം ഞാൻ ഉത്സാഹിക്കുന്നില്ല. പദപ്രയോഗൗചിത്യം, കഥാഘടനൗചിത്യം മുതലായി, ഈ കൃതിയിൽ ഇനിയും ചൂണ്ടിക്കാണിക്കുവാനുള്ള ഗുണവിശേഷങ്ങളിലേക്കു് ഗുണഗ്രാഹികളായ ഭാവുകന്മാരുടെ ശ്രദ്ധയെ ക്ഷണിക്കുകമാത്രം ചെയ്തുകൊണ്ടു് ഈ അവതാരികയെ ഞാൻ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

പട്ടാമ്പി
21-11-1940

വിദ്വാൻ, സി. എസ്. നായർ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

''ഗുരുപാദരെക്കണ്ടു വന്ദിപ്പാനവസര—
മറിഞ്ഞു വരിക, പോയ് വത്സ, നീ ശുനശ്ശേഫ;
ഞാനിങ്ങീയശോകത്തിൻ തണലിൽ നില്ക്കാ''മെന്നൊ—
രാനകമന്ദ്രസ്നിഗ്ദ്ധസ്വരമാകിയ സൂക്തം,

ശാകുന്തള നാടകത്തിൽ കാണുന്നതിൻവണ്ണം ഭർത്തൃപരിത്യക്തയായ ശകുന്തളാമാതാവായ മേനകയാൽ കശ്യപാശ്രമത്തിൽ നീതയായതിനുശേഷം അവിടെവെച്ചു പ്രസൂതനായ പുത്ര(സർവ്വദമന)നോടുകൂടി ഭർത്തൃവിരഹവ്യാകുലയായി പ്രതീക്ഷയിൽ വർത്തിക്കുന്ന കാലത്തു്, ഒരിക്കൽ കശ്യപമഹർഷിയെ കണ്ടു വന്ദിക്കുവാനായി അവിടെച്ചെല്ലുന്ന വിശ്വാമിത്രമഹർഷി സ്വശിഷ്യനായ ശുനശ്ശേഫനോടു പറയുന്നതു്:

ഗുരുപാദർ = പൂജ്യനായ ഗുരു. പ്രകൃതത്തിൽ, ദേവേന്ദ്രന്റെ പിതാവും കുലപതിയുമായ കശ്യപമഹർഷി.

'മുനീനാം ദശസാഹസ്രം യോന്നദാനാദിപോഷണാൽ
അധ്യാപയതി വിപ്രർഷിരസൗ കുലപതിഃ സ്മൃതഃ'

എന്നു കുലപതിലക്ഷണം.

ശുനശ്ശേഫൻ വിശ്വാമിത്രന്റെ ഭാഗിനേയനും നിത്യസഹചാരിയായ ശിഷ്യനുമാണു്. പണ്ടു് അംബരീഷൻ എന്നൊരയോധ്യാരാജാവു് ഒരു യാഗം തുടങ്ങി. എന്നാൽ യാഗപശു അപഹരിക്കപ്പെട്ടുപോയി. അതിനുപകരം ഒരു മനുഷ്യനെ ബലികഴിക്കണമെന്നു് ഉപാധ്യായന്മാർ അഭിപ്രായപ്പെട്ടു. രാജാവു് തേടിത്തേടി നടന്നു്, ഋചീകൻ എന്ന ബ്രാഹ്മണനു വിശ്വാമിത്രന്റെ സോദരിയിൽ ജനിച്ച മധ്യമപുത്രനായ ശുനശ്ശേഫനെ നൂറായിരം പൈക്കളാകുന്ന വിലയ്ക്കു വാങ്ങി, രാജധാനിയിലേക്കു മടങ്ങി. മധ്യേമാർഗ്ഗം ഭൃത്യഭീതനായ ശുനശ്ശേഫൻ പുഷ്കരത്തിൽ തപസ്സുചെയ്യുന്ന അമ്മാമനായ വിശ്വാമിത്രനെ ശരണംപ്രാപിച്ചു. വിശ്വാമിത്രൻ ശുനശ്ശേഫനു രണ്ടു് അഗ്നിസ്തോത്രഗാഥ ഉപദേശിച്ചുകൊടുത്തു. രാജാവിന്റെ യൂപത്തിൽ യാഗപശുവാക്കി ബന്ധിക്കപ്പെട്ട ശുനശ്ശേഫൻ ആ ദിവ്യഗാഥാദ്വയംകൊണ്ടു് അഗ്നിയെ സ്തുതിക്കുകയും, പ്രസന്നരായ അഗ്ന്യാദി ദേവന്മാർ ശുനശ്ശേഫനു ദീർഘായുസ്സിനേയും രാജാവിനു യജ്ഞഫലത്തേയും നല്കുകയും ചെയ്തു. (വാല്മീകിരാമായണം, ബാലകാണ്ഡം, 61-ം 62-ം സർഗ്ഗങ്ങൾ നോക്കുക.) അങ്ങനെ അപമൃത്യുമുക്തനായി ദീർഘായുസ്സു നേടിയ ശുനശ്ശേഫൻ ക്രമേണ വിശ്വാമിത്രന്റെ ശിഷ്യനും നിത്യസഹചാരിയുമായിത്തീർന്നു.

ആനകമന്ദ്രസ്നിഗ്ദ്ധസ്വരം = പെരുമ്പറപ്പോലെ ഗംഭീര(മുഴങ്ങുന്ന)വും സ്നിഗ്ദ്ധവുമായ സ്വരത്തോടുകൂടിയതു്. സൂക്തം = നല്ല വാക്കു്.

ആനകമന്ദ്രസ്നിഗ്ദ്ധസ്വരമെന്ന സൂക്തവിശേഷണം വക്താവായ വിശ്വാമിത്രന്റെ സ്വഭാവഗാംഭീര്യത്തേയും ശിഷ്യനിലുള്ള വാത്സല്യത്തേയും വ്യഞ്ജിപ്പിക്കുന്നു. അശോകത്തണലിൽ നില്ക്കാമെന്നു പറഞ്ഞതു്, മടങ്ങിവരുമ്പോൾ ശിഷ്യനു വഴിതെറ്റിപ്പോകാതിരിപ്പാൻവേണ്ടിയാണു്. അശോകത്തെ അതിന്റെ പല്ലവപുഷ്പങ്ങളാൽ മററു വൃക്ഷങ്ങളുടെ ഇടയിൽനിന്നു് എളുപ്പത്തിൽ വേർതിരിച്ചറിയാമല്ലോ. പോരെങ്കിൽ അദ്ധ്വശ്രാന്തനു് അശോകത്തണൽ അധികം അനുഭവയോഗ്യവുമായിരിക്കും. ശാകുന്തളംനാടകത്തിലും, കശ്യപാശ്രമത്തിനടുത്തു്, ഒരു അശോകവൃക്ഷമുള്ളതായി തൽകർത്താവു നിർദ്ദേശിച്ചിട്ടുണ്ടു്.

ഹേമകൂടശൈലം = ഹിമവാനും മേരുവിനും ഇടയ്ക്കുള്ള ഭൂഖണ്ഡത്തിൽ—കിംപുരുഷവർഷത്തിൽ—സ്ഥിതിചെയ്യുന്ന ഒരു വർഷപർവ്വതം.

Digitized By Kerala Sahitya Akademi

പോക്കുവെയ്ലേശി സ്വർണ്ണമുരുക്കിയൊഴിച്ചതു—
പോലവേ മിന്നും ഹേമകൂടശൈലത്തിൻ പാർശ്വേ,
കശ്യപാശ്രമക്കാട്ടിലൊരിടത്തപരാഹ്ന—
നിശ്ശബ്ദസ്ഥിതി ഭഞ്ജിച്ചുദിച്ചു പണ്ടേകദാ.

നതനാ സ്വശിഷ്യനെയയച്ചത്തപസ്വിയാ—
മതിഥിയശോകത്തിൻതണൽപൂക്കപ്പോഴേക്കും,
''ഞാൻ കാട്ടിത്തരാമേ മുത്തച്ഛനെ''യെന്നങ്ങൊരു
തേൻകൊഞ്ചൽ തൂകിപ്പാഞ്ഞുചെന്നാനങ്ങൊരു ബാലൻ.

ഇത്തങ്കക്കിടാവാര,ക്കശ്യപഭഗവാനെ
മുത്തച്ഛനെന്നു വിളിച്ചീടുവാൻ, ജയന്തനോ?
വാനോർകോനുടെ പുത്രന്നിത്രയല്ലല്ലോ പ്രായം,
മാനുഷപ്രഭാവമാണിവനിൽക്കാണുന്നതും.

ആരിതെന്നാരായാനല്പവനെച്ചിക്കെന്നു തൻ
മാറത്തൊന്നണപ്പാനാണിച്ഛിച്ചതൃഷിപ്രൗഢൻ.

'ഹിമവാൻ ഹേമകൂടശ്ച നിഷധോ മേരുരേവച
ചൈത്രഃ കർണ്ണീ ച ശൃംഗീ ച സപ്തൈതേ വർഷപർവ്വതാഃ'.

സ്വതേവ സ്വർണ്ണവർണ്ണമായ ഹേമകൂടപർവ്വതം പോക്കുവെയിലേല്ക്കുകയാൽ പൊന്നുരുക്കിയൊഴിച്ചതുപോലെ മിന്നി.

പാർശ്വേ = സമീപത്തു്. അപരാഹ്നനിശ്ശബ്ദസ്ഥിതി = അപരാഹ്ന (= പകലിനെ മൂന്നുഭാഗമാക്കിയതിൽ അവസാനത്തെ ഭാഗം)ത്തിലെ ഒച്ചയും അനക്കവും ഇല്ലാതെയുള്ള അവസ്ഥ. ഭഞ്ജിച്ച് = മുറിച്ച്; നശിപ്പിച്ച് എന്നു സാരം. ഉദിച്ചു = ഉയർന്നു. ഏകദാ = ഒരിക്കൽ. സൂക്തം എന്ന പദം, അനേകമന്ത്രസ്സ്വിശുദ്ധസ്വരം കശ്യപാശ്രമക്കാട്ട് എന്നീ പദങ്ങളുടെ യോഗത്താൽ പ്രൗഢങ്ങളും സ്വരവിശേഷോച്ചാര്യങ്ങളുമായ വൈദികസൂക്തങ്ങളെ അനുസ്മരിപ്പിക്കുന്നു.

നതൻ = നമസ്കരിച്ചവൻ. ഗുരുശാസനമനുസരിപ്പാൻ സന്നദ്ധനാണെന്നു സാരം. കാട്ടിത്തരാമേ എന്ന ക്രിയയുടെ അന്ത്യത്തിലുള്ള 'ഏ' എന്ന നിപാതം അപരിചിതനായ ആഗന്തുകൻ ബുദ്ധിമുട്ടരുതെന്നുള്ള ബാലൻെറ ദാക്ഷിണ്യശീലത്തെ വ്യഞ്ജിപ്പിക്കുന്നു. എന്നായ് = എന്നീ രൂപത്തിൽ. തേൻകൊഞ്ചൽ തൂകി = തേൻപോലെ മധുരമായ മുഗ്ദ്ധവാക്കു പറഞ്ഞ് പാഞ്ഞുചെന്നു എന്നതിൽനിന്നു കുട്ടിയുടെ നിർഭയത്വവും പ്രസരിപ്പും വെളിപ്പെടുന്നു. അശോകത്തണൽ പൂകിയ അതിഥിക്കു ബാലൻെറ തേൻകൊഞ്ചൽ ആതിഥ്യമായിപ്പരിണമിച്ചുവെന്നു വ്യംഗ്യം. അതിഥികൾക്കു മധുപർക്കം കൊടുക്കുന്നതു ഗൃഹസ്ഥമര്യാദയാണല്ലോ. പൂക്കപ്പോഴേക്കും—ആതിഥ്യത്തിനു് ഒട്ടും വൈകിയില്ലെന്നു സാരം.

ഭഗവാൻ = ഭഗത്തോടു്—ശ്രീ, വിദ്യ, യശസ്സ മുതലായ ഐശ്വര്യങ്ങളോടു്—കൂടിയവൻ; പൂജ്യനെന്നു സാരം. ഇന്ദ്രൻ കശ്യപനു് ദിതിയിൽ ജനിച്ച പുത്രനാകയാൽ, ഇന്ദ്രസൂനുവായ ജയന്തനു കശ്യപൻ മുത്തച്ഛനാണല്ലോ. മുത്തച്ഛനെന്ന വാക്കും സ്പഷ്ടമായ മഹാപുരുഷലക്ഷണങ്ങളുമാണു്, കുട്ടി ജയന്തനാണോ എന്ന സന്ദേഹത്തിന്നാധാരം. ഉത്തരക്ഷണത്തിൽ ശങ്ക മാറുന്നു: ദേവപുത്രൻെറ ദിവ്യാനുഭവമല്ല, മനുഷ്യബാലൻെറ പൗരുഷതേജസ്സാണു്, കുട്ടിയിൽ തെളിഞ്ഞുകാണപ്പെട്ടിരുന്നതു്.

ആരായാൻ = അന്വേഷിപ്പാൻ. ഋഷിപ്രൗഢൻ = ഗംഭീരനായ ഋഷി. ചിക്കെന്നു് = ഉടനെ. ഋഷിമാർ ജ്ഞാനികളും ചിന്താശീലരുമാണു്. ഇവിടെ

Digitized By Kerala Sahitya Akademi

സാഹസക്കാരൻ പൈതലാ വിമുക്തനെ വീണ്ടു-
മൈഹികത്തിലേക്കതാ, വലിച്ചുതാഴ്ത്തീ ക്ഷണാൽ:
കനിഞ്ഞു വാരിയെടുത്തുണ്ണിയെപ്പുണ്യാകാരൻ
കനിഞ്ഞു കെട്ടിപ്പുണർന്നാൻ പെരിയ ബാഹുക്കളാൽ;
ലസിച്ചു മാൻതോലേറാപ്പിട്ട തന്മാറിൽപ്പൊങ്ങു-
ഞ്ഞ,സിതാകാശോദ്ദേശത്താതിരത്താരംപോലെ.
തോളംവരെ ഞാന്ന കനകകുന്തളം ലീലായാസ-
ത്തുവിയർപ്പിങ്കൽപ്പതിഞ്ഞിരുന്നതൊരു കൈയാൽ
സാവധാനമായ് മാടിനീക്കിയക്കുഞ്ഞിൻകവിളം-
പ്പൂവോടു ചേർത്താൻ, താടിനീണ്ട തന്മുഖം ധന്യൻ.
നേത്രരഞ്ജകമായിത്തിളങ്ങീ തമ്മിൽച്ചേർന്നാ-
ക്ഷാത്രതേജസ്സിൻ ക്ഷുമ്പും ബ്രാഹ്മതേജസ്സിൻ കാമ്പും.

സോപാർജ്ജിതമായ ചിന്താശീലത്തെ നൈസർഗ്ഗികമായ ഭാവവിശേഷങ്ങൾ അധഃകരിക്കുന്നു. അതിൻെറ ഫലമാണ്, കുഞ്ഞിനെ മാറത്തണപ്പാനുള്ള ഇച്ഛ. അങ്ങനെ വിശ്വാമിത്രൻെറ മനുഷ്യസാധാരണമായ സ്വഭാവം അല്പാല്പം പ്രകാശിക്കുവാൻ തുടങ്ങുന്നു. 'മന്നണപ്പാനാണിച്ഛിച്ചതു'' എന്ന പ്രയോഗം ഇച്ഛയുടെ ആധിക്യത്തെയും തന്നിവൃത്തിയാലുണ്ടാകുന്ന കൃതാർത്ഥതയേയും ധ്വനിപ്പിക്കുന്നു. വിമുക്തൻ = ഐഹികബന്ധങ്ങളിൽനിന്നു വിടുതിപ്രാപിച്ചവൻ. വിഷയബന്ധം വിട്ട് അദ്ധ്യാത്മചിന്താപരനായി മേവിച്ച ആ ബ്രഹ്മർഷിയെ തെല്ലുനേരത്തേക്കെങ്കിലും മമതാകല്പിതമായ മായാപ്രപഞ്ചത്തിലേക്ക് വലിച്ചുതാഴ്ത്തിയതുകൊണ്ടാണ്, പൈതലിനെ സാഹസക്കാരൻ എന്നു വിശേഷിപ്പിച്ചിട്ടുള്ളത്. ബാല്യസുലഭമായ സ്വച്ഛതയേയും അതു കാണിക്കുന്നു. വലിച്ചു, താഴ്ത്തി എന്നീ പദങ്ങൾ മഹർഷി കുട്ടിയെ എടുക്കുവാൻ കനിഞ്ഞതിനെ വ്യഞ്ജിപ്പിക്കുന്നു.

പുണ്യാകാരൻ = പുണ്യസ്വരൂപൻ. ഈ കുഞ്ഞിനെ മാറത്തെടുത്താശ്ലേഷിച്ചതും പുണ്യംകൊണ്ടാണെന്നു വ്യംഗ്യം. പുണർന്നാൻ = പുണർന്നു. പെരിയ ബാഹുക്കളാൽ = നീണ്ട കൈകകളാൽ വിശ്വാമിത്രൻ ജന്മനാ ക്ഷത്രിയനായിരുന്നുവെന്നതിനെ സൂചിപ്പിക്കുന്നു. സാമുദ്രികശാസ്ത്രപ്രകാരം ദീർഘബാഹുത്വം വീരപുരുഷലക്ഷണമാണ്. തന്മാറിൽ = അദ്ദേഹത്തിൻെറ മാറത്ത്. അസിതാകാശോദ്ദേശം = കറുത്ത ആകാശത്തിൻെറ ഒരു ഭാഗം. ആതിരത്താരം = തിരുവാതിരനക്ഷത്രം. 'തിരുവാതിര തീക്കട്ടപോലെ' എന്നുണ്ടല്ലോ. മാൻതോലേറാപ്പിട്ട എന്ന ഉപമേയവിശേഷണം അസിതമെന്ന ഉപമാനവിശേഷണത്തിന് അനുഗുണമായി ഉപനിബന്ധിച്ചിരിക്കുന്നു. പ്രകൃതത്തിലെ ഉപമയിൽനിന്നു കുട്ടിയുടെ തേജസ്വിതയും ആകർഷകത്വവും ബ്രഹ്മർഷിയുടെ വിശുദ്ധിയും മേന്മയും ധ്വനിക്കുന്നു.

ഞാന്ന = തൂങ്ങിക്കിടക്കുന്ന. കനകകുന്തളം = ചുരുണ്ട തലമുടി. ലീലായാസത്തുവിയർപ്പ് = കളിയിൽ പാടുപെട്ടതുകൊണ്ടു പൊടിഞ്ഞ ചന്തമുള്ള വിയർപ്പ്. താടിനീണ്ട എന്ന വിശേഷണം വിശ്വാമിത്രൻ്റെ ചിരതപസ്വിത്വത്തെ കാണിക്കുന്നതിനു പുറമേ, കനകകുന്തളാലങ്കൃതമായ ബാലമുഖത്തോടുള്ള വൈധർമ്മ്യത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. ധന്യപദത്തിൽനിന്ന് അദ്ദേഹത്തിൻെറ വളരെക്കാലത്തെ തപസ്സിൻ്റെ ഫലം ഇപ്പോഴാണ് സിദ്ധിച്ചതെന്നു വ്യഞ്ജിക്കുന്നു. സാവധാനമായി = നഖം തട്ടി ആ കവിൾപ്പൂവ് മുറിപ്പെടാതിരിക്ക

Digitized By Kerala Sahitya Akademi

അപരിചിതത്തോളിലശങ്കം തലചായ്ച്ചാ—
നറിയപ്പെടാത്തേതോ ചേച്ച്യാൽപ്പോലേ ബാലൻ;
മറ്റൊരു മുത്തച്ഛൻെറ ലാളനമനുഭവ—
പ്പെട്ടതായിട്ടോ തോന്നീ ഹൃഷ്ടനാമവനപ്പോൾ!
അഥവാ ബാലകൎക്കുണ്ടോ സ്വപരവ്യത്യാസങ്ങൾ?
മൃദുവാം കൈയേതിന്നും തലോടാമപ്പൂക്കളെ.
ഞാനൊന്നു ചോദിക്കട്ടെ സാദരം മഹാമുനേ:
ധ്യാനത്തിലുറച്ചേരുന്നാസ്സച്ചിദാനന്ദം താനോ,

ശ്രദ്ധാവിധം ശ്രദ്ധയോടുകൂടി. നേത്രരഞ്ജകം = കൺകളിപ്പിക്കുന്നതു്. ക്ഷാത്രതേജസ്സ് = ക്ഷത്രിയപ്രഭാവം. ബാലനായതുകൊണ്ടു പ്രഭാവം പൂർണ്ണമായിട്ടില്ലെന്നു കാണിപ്പാനാണു്, കൂമ്പ് എന്ന പദം. വിശ്വാമിത്രൻെറ ബ്രഹ്മതേജസ്സ് പരിണതവും പ്രൗഢവുമായിരിക്കുന്നു എന്നു കാണിപ്പാനാണു്, കാമ്പ് എന്ന പദം. കാമ്പ് = സാരാംശം.

അശങ്കം = ശങ്കകൂടാതെ. ഹൃഷ്ടൻ = സന്തുഷ്ടൻ. പ്രിയസമാഗമജന്യമായ സുഖവിശേഷത്തെയാണു്, ഹർഷമെന്നു പറയുന്നതു്. 'പ്രസവത്വിതത്സവാദിഭ്യോ ഹർഷഃ സ്വേദാശ്രു കമ്പകൃത്' എന്നു ഹർഷലക്ഷണം. പ്രകൃതത്തിൽ വിശ്വാമിത്രൻെറ ലാളനം, ചിരപരിചിതനായ കശ്യപലാളനത്തെ അനുസ്മരിച്ചതാണു്, കുട്ടിയിൽ ഹർഷത്തിന്നു കാരണം. അറിയപ്പെടാത്തതോ ചാച്ച്— 'സ്നേഹവാത്സല്യാദിഭാവങ്ങൾ അന്തഃകരണത്തിൽ വാസനാരൂപേണ ലയിച്ചുകിടക്കുന്ന സ്ഥിരമായ പൂർവ്വബന്ധത്തിന്റെ പരിസ്ഫുരണങ്ങളാണു്.' 'താസാമനാദിത്വം ചാശിഷോ നിത്യത്വാൽ' എന്ന പാതഞ്ജലയോഗസൂത്രം വാസനകളുടെ അനാദിത്വത്തെ സ്ഥാപിക്കുന്നു. അത്തരം വാസനകളുടെ ഉത്തേജകത്തിന്നു ബാഹ്യോപാധികളുടെ വ്യാപാരമുണ്ടായേ തീരൂ എന്നില്ല. പ്രകൃതത്തിലാണെങ്കിൽ ഭാവോത്തേജനത്തിന്നു മതിയായ ബാഹ്യോപാധി—മാതാമഹദൗഹിത്രബന്ധം—ഉണ്ടുതാനും. പക്ഷേ, അതു് ഇരുപേരും അറിയുന്നില്ലെന്നേയുള്ളൂ. മറ്റൊരു മുത്തച്ഛൻെറ—കശ്യപനും വിശ്വാമിത്രനും തമ്മിൽ ആകൃതിയിലും പ്രകൃതിയിലും പറയത്തക്ക അന്തരമില്ല; പോരെങ്കിൽ ബാല്യംതന്നെ എല്ലാററിനെയും ഒരേനിലയിൽ വീക്ഷിക്കുന്നതാണുതാനും.

അഥവാ = അല്ലെങ്കിൽ സ്വപരവ്യത്യാസങ്ങൾ = താനെന്നും അന്യനെന്നും തൻേറതെന്നും അന്യൻേറതെന്നുമുള്ള വ്യത്യാസങ്ങൾ. അപ്പൂക്കളെ = പൂക്കളെപ്പോലെ സുകുമാരങ്ങളും നിർമ്മലങ്ങളുമായ പൈതങ്ങളെ (ശൈശവത്തിൻെറ സൗന്ദര്യവും സംശുദ്ധിയും വ്യഞ്ജിക്കുന്നു.) കൈയേതിന്നും = ഏതൊരു കൈയിന്നും; ലക്ഷണയാൽ സ്നേഹദയാദിമൃദുലവികാരങ്ങളുള്ളവർ എന്നൎത്ഥം കിട്ടുന്നു. പെരുമാററത്തിലുള്ള മാർദ്ദവംകൊണ്ടുമാത്രം കുഞ്ഞുങ്ങളെ ആൎക്കും സ്വാധീനമാക്കാമെന്നു സാരം. ശൈശവത്തിൻെറ സരളതയും മോഹനത്വവും മഹാകവിയുടെ മററു പല കൃതികളിലും ഇങ്ങനെ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ടു്.

കവിവാക്യം: സാദരം = ആദരത്തോടുകൂടി. മഹാമുനിത്വം സാദരസംബോധനയും ധ്യാനത്തിന്നും സച്ചിദാനന്ദഭൂതിക്കുമുള്ള അൎഹതയെ കാണിക്കുന്നു. സച്ചിദാനന്ദം = ആത്മസാക്ഷാൽക്കാരജന്യമായ അലൗകികാനന്ദം. സമാസ്വാദ്യം=അനുഭവയോഗ്യം സച്ചിദാനന്ദത്തിൻെറ ആ എന്ന ദൂരവാചിവിശേഷണം യമനിയമാദികളെക്കൊണ്ടു പണിപ്പെട്ടു സമ്പാദിക്കുന്നതു് എന്നും ആനന്ദമിതോ എന്നതിലെ ഈ എന്നതു പ്രയാസംകൂടാതെ ലഭിക്കുന്നതു് എന്നും വിശേഷാൎത്ഥത്തെ കാണിക്കുന്നു. സന്യാസത്തിന്നു ഗാൎഹസ്ഥ്യത്തെക്കാൾ അത്രയൊന്നും മേന്മ

Digitized By Kerala Sahitya Akademi

മാനിച്ചീയിളംപൂമെയ് പുല്ലലിലുളവായോ—
രാനന്ദമിതോ ഭവാന്നധികം സമാസ്വാദ്യം!

മീലിതാക്ഷനായ് മുനി ബാലസംശ്ലേഷസുഖാൽ;
ബാലനോ, കിഞ്ചിദ്ദൂരഗാക്ഷനായ്, ച്ചിരികൂട്ടി

'അമ്മേ, ഞാനിതാ,' എന്നു വിളിച്ചുചൊന്നാൻ; പെട്ടെ—
ന്നമ്മണിനാദം കേട്ടങ്ങണഞ്ഞാളൊരു തന്വി:

മുഷിഞ്ഞ വസ്ത്രങ്ങളും, മെടഞ്ഞ വാർകുന്തലും,
മെലിഞ്ഞ ലാവണ്യൈകഭ്രഷ്ടമാമുടലുമായ്,

അത്തലിൻ സ്വരൂപംപോലാ വന്ന യുവതിയെ
സ്നിഗ്ദ്ധമാം നയനത്താൽദ്ദർശിച്ച നിമിഷത്തിൽ

'മേനകേ, നിനക്കെന്തീ മാററ'മെന്നേവം ചോദി—
പ്പാനാവാം മുതിർന്നതു മുനിതൻ തിരുമുഖം!
പിന്നീടിങ്ങനെയത്രേ ചോദിച്ചു: ''സ്ഫുടസമ്രാട്—
ചിഹ്നനാമിക്കുഞ്ഞിന്റെയമ്മയാം നീയാർ വത്സേ?''

യില്ലെന്നു വിവക്ഷ. രണ്ടും ആനന്ദദായകമാണ്. ആദ്യത്തേതു് അസുലഭവും, പ്രയത്നസാധ്യവുമാണ്; രണ്ടാമത്തേതാകട്ടെ സുലഭവും, അകൃഷ്ടവുമാകുന്നു. ഗാർഹസ്ഥ്യത്തിന്റെ ഔൽകൃഷ്ട്യത്തെ സ്ഥാപിച്ചുകൊണ്ട്,

'യഥാ വായും സമാശ്രിത്യ വർത്തന്തേ സർവ്വജന്തവഃ
തഥാ ഗൃഹസ്ഥമാശ്രിത്യ വർത്തന്തേ ചതുരാശ്രമാഃ' (പത്മപുരാണം) എന്നിങ്ങനെ ആർഷവചനമുണ്ട്.

മീലിതാക്ഷൻ = കണ്ണുചിമ്മിയവൻ. മനസ്സിനുണ്ടായ നിർവൃതിയെ കാണിക്കുന്നു. ബാലസംശ്ലേഷസുഖാൽ = കുട്ടിയെ ആലിംഗനംചെയ്തതിൽനിന്നുണ്ടായ സുഖംകൊണ്ട്. 'ചിരികൂട്ടി'—അമ്മ അമ്പരന്നു തിരിഞ്ഞു നടന്നു: താനോ, വത്സലനായ മഹർഷിയുടെ മാറത്തു നിർബ്ബാധം സ്ഥിതിചെയ്യുന്നു. അമ്മയുടെ തിരച്ചിൽ കണ്ടാണ് കുട്ടി ചിരികൂട്ടിയതു്. 'അമ്മേ, ഞാനിതാ' എന്നതിൽനിന്ന് താൻ അമ്മയെ കബളിപ്പിച്ച് ഉടജത്തിൽനിന്നു വനത്തിലേക്കു പോന്നതും, വത്സലയായ മാതാവു തന്നെ തിരഞ്ഞു നടക്കാറുള്ളതും സാധാരണമാണെന്നു വെളിപ്പെടുന്നു. അമ്മണിനാദം കേട്ട് = മണിനാദംപോലെ മധുരസ്നിഗ്ദ്ധമായ കുട്ടിയുടെ ഒച്ചകേട്ട്. തന്വി = കൃശാംഗി (സുന്ദരി), അടുത്തു പറയും വിധം ചടച്ചവൾ.

വാർകുന്തൽ = സമൃദ്ധമായ തലമുടി. ലാവണ്യൈകഭ്രഷ്ടമാമുടൽ = സൗന്ദര്യം മാത്രമായ ആഭരണത്തോടുകൂടിയ ദേഹം.

'മുക്താഫലേഷു ഛായായാസ്തരളത്വമിവാന്തരാ
പ്രതിഭാതി യദംഗേഷു ലാവണ്യം തദിഹോച്യതേ.'

എന്നു ലാവണ്യലക്ഷണം. വിരഹദുഃഖത്താൽ കൃശയും അലങ്കരണരഹിതയും കാഴ്ചയിൽ തുലോം ശോച്യയുമായിരുന്നു അവൾ. 'വസനേ പരിധൂസരേ വസാനാ നിയമക്ഷാമമുഖീ ധൃതൈകവേണീ' ഇത്യാദി ശാകുന്തളശ്ലോകം നോക്കുക. അത്തൽ = വ്യസനം. സ്നിഗ്ദ്ധം = സ്നേഹമയം.

'വികാശിസ്നിഗ്ദ്ധമധുരം ചതുരേ ബഭ്രതി ഭ്രുവൗ
കടാക്ഷിണീ സാഭിലാഷാ ദൃഷ്ടിഃ സ്നിഗ്ദ്ധാഭിധീയതേ'

എന്നു സ്നിഗ്ദ്ധദൃഷ്ടിലക്ഷണം. വിശ്വാമിത്രന് അവളെ കണ്ടതോടുകൂടി സ്നേഹം അങ്കുരിക്കുന്നു. സ്ഫുടസമ്രാട്ചിഹ്നൻ = വ്യക്തമായ ചക്രവർത്തിലക്ഷണങ്ങളോടു

Digitized By Kerala Sahitya Akademi

അമ്മകനിതിനിടയ്ക്കു, 'യ്യയ്യ, ചായം തേച്ച
മൺമയിലതാ, മാർക്കണ്ഡേയങ്ക'ലെന്നും ചൊല്ലി
ബ്രഹ്മർഷിവക്ഷസ്സിങ്കൽനിന്നൊരു ചാട്ടംചാടി—
യമ്മതൻ പിടി വിട്ടുഴറോടോടിപ്പോയാൻ.

രണ്ടു്

ഉണ്ണിതന്നോട്ടം കണ്ടു നെടുതാം വീർപ്പൊന്നിട്ടു
കണ്ണുനീരൊരുവിധമടക്കിക്കൈയുംകൂപ്പി,
ഭക്തിയുമതിലേറെ സ്നേഹവുമുൾക്കൊണ്ടാത്മ—
വൃത്താന്തമറിയിച്ചാളൃഷിയെസ്സദ്വൃത്തയാൾ:

കൂടിയവൻ. അങ്ങനെയുള്ള കുട്ടിയുടെ അമ്മയായതുകൊണ്ടു ഭാഗ്യവതി എന്നു താല്പര്യം. പണ്ടൊരിക്കൽ താൻ പരിഗ്രഹിച്ച ആ മേനകതന്നെയോ ഇവൾ എന്നു മുഖസാദൃശ്യത്താൽ ആ മുനിവര്യനു് വിഭ്രമം ജനിച്ചിരിക്കണം. അവൾക്കു് അത്രയ്ക്കുണ്ടായിരുന്നു മേനകയുടെ സാദൃശ്യം. അതിനാൽ 'മേനകേ...' എന്നു ചോദിപ്പാനാണു് മുനി ഒരുങ്ങിയതെന്നു് കവി ഊഹിക്കുന്നു. 'പിന്നീടി ങ്ങനെയത്രേ...' എന്ന അടുത്ത വരിയിൽനിന്നു് മുനിക്കു ദർശനലക്ഷണത്തി ലുണ്ടായ മേനകാഭ്രാന്തി നീങ്ങി എന്നു ധ്വനിക്കുന്നു.

ഇതിനിടയ്ക്കു് = വിശ്വാമിത്രൻ അവളെ നോക്കിക്കാണുകയും ചോദിക്കുകയും ചെയ്യുന്നതിനിടയ്ക്കു്. മാർക്കണ്ഡേയൻ = കുട്ടിയുടെ ഒരു കളിത്തോഴൻ. വക്ഷസ്സു് = മാറു്. ഉഴറോടു് = ബദ്ധപ്പാടോടുകൂടി. ചാട്ടംചാടി—ബ്രഹ്മർഷിവക്ഷസ്സിൽ ലാളനാനന്ദമനുഭവിച്ചിരുന്ന ബാലൻ കളിക്കോപ്പു കണ്ടപ്പോൾ അതാ, ചാടിയോടുന്നു; അമ്മ പിടിച്ചിട്ടും നിന്നില്ല. മൺമയിലിനോടു കുട്ടിക്കുള്ള കൗതുകം നാടകത്തിൽ കാളിദാസനും കാണിച്ചിട്ടുണ്ടു്. മൺമയിലിന്റെ പിന്നാലെ അയച്ചു് കുട്ടിയെ ആ രംഗത്തിൽനിന്നു് അകറ്റിയതിൽ കവി തികച്ചും ഔചിത്യബോധം കാണിച്ചിരിക്കുന്നു. അച്ഛനും മകളും പരസ്പരവിവരം അറിയുമ്പോഴുണ്ടാകുന്ന നാനാവിധങ്ങളായ മനോവികാരങ്ങളിൽ മുഗ്ധനായ ബാലനെ പങ്കുകൊള്ളിക്കുന്നതു് അത്യന്തം അനുചിതമായിരിക്കും. ആ രംഗത്തിൽ ശകുന്തളയിൽ തള്ളിമറിയുന്ന ശോകാദിവികാരങ്ങളും വിശ്വാമിത്രനിൽ അലതല്ലുന്ന സ്നേഹാമർഷാദിവികാരങ്ങളും കുട്ടി കാണാതിരിക്കുകതന്നെയാണു് വേണ്ടതു്.

ഉണ്ണിതന്നോട്ടം കണ്ടു് = ആ ഓട്ടത്തിലൂടെ തന്റെ ജീവിതസർവ്വസ്വമായ ഭർത്താവിനെ അനുസ്മരിച്ചു്. ആത്മവൃത്താന്തം = തന്റെ വർത്തമാനം. ഒരുവിധമടക്കി = വളരെ പണിപ്പെട്ടു നിയന്ത്രിച്ചു. കാശ്യപശിക്ഷിതയായ താൻ പ്രാകൃതസ്ത്രീകളെപ്പോലെ കരയുന്നതു് അനുചിതമാണല്ലോ എന്നു കരുതിയാണു്, വ്യസനാതിരേകം പണിപ്പെട്ടൊതുക്കിയതു്; പോരെങ്കിൽ സദ്വൃത്ത(സച്ചരിത)യാണുതാനും. ഋഷിയിൽ ഭക്തിയെക്കാൾ അധികം സ്നേഹമാണു്, ശകുന്തളയ്ക്കുണ്ടാകുന്നതു്. കുഞ്ഞിനെപ്പോലെ അറിയപ്പെടാത്തതോ ചാർച്ച ഇവിടെയും തലപൊന്തിക്കുന്നു. സ്വസന്താനത്തെ സ്നേഹിക്കുന്നവരോടു് ആത്യന്തികമായ അടുപ്പംതോന്നുന്നതു് സ്ത്രീസഹജമാണു്. സദ്വൃത്തയായതിനാൽ അവൾക്കു് ആത്മവൃത്താന്തം ഋഷിയെ അറിയിപ്പാൻ ഒട്ടും സങ്കോചമുണ്ടായില്ല. തന്റെ ജീവിതചരിത്രത്തിൽ ലജ്ജിക്കത്തക്കതും ഗോപനംചെയ്യേണ്ടതുമായ ഒരംശവും അവൾക്കില്ല.

Digitized By Kerala Sahitya Akademi

''മുക്താത്മൻ, പിറന്നന്നേ വനത്തിൽ മാതാപിതൃ—
ത്യക്ത ഞാൻ കണ്വമഹർഷിയാലെടുത്തു പോററപ്പെട്ടോൾ,
മന്നനാം ദുഷ്ഷന്തനാൽ ഗാന്ധർവ്വപരിണീത;—
യെന്നുടെ ജനകനോ, വിശ്രുതൻ വിശ്വാമിത്രൻ.''
''ഞാനോ!'', വിസ്മിതനായ്പ്പോയ് താപസൻ,
[''തവ താതൻ—
താനല്ലോ മുനിസുതേ, നിന്നൊടിസ്സംസാരിപ്പോൻ.
ഹാ, ശരി,യോർമ്മിച്ചേൻ നിന്നമ്മ മേനക'' തീർണ്ണ—
ക്ലേശനാമവിടേക്കും നീരുറന്നിതോ കണ്ണിൽ!

മുക്താത്മൻ = സംസാരബന്ധത്തിൽനിന്നു വേർപെട്ട മഹാത്മൻ. മാതാപിതൃത്യക്ത = മാതാവിനാലും പിതാവിനാലും ത്യജിക്കപ്പെട്ടവൾ. മുക്താത്മൻ എന്ന സംബോധനയിൽനിന്ന്, സംസാരബന്ധം വേർപെട്ട ഇവിടത്തേക്കു സംസാരികളുടെ മായാമോഹമലിനമായ ജീവിതവൃത്താന്തങ്ങളിൽ താൽപര്യമുണ്ടാകാത്തതിനാൽ സ്വവൃത്താന്തം ചുരുക്കിപ്പറയുന്നേയുള്ളുവെന്നും, വിസ്തരംകൊണ്ടു വൈരസ്യമുണ്ടാകുന്നില്ലെന്നും ധ്വനിക്കുന്നു. അന്യസാഹായ്യം അത്യാവശ്യമായ ആ ജനനദിവസംമുതല്ക്കുതന്നേ, സ്വന്തം മാതാപിതാക്കളാൽപോലും പരിത്യജിച്ച തന്നെ പിന്നീടു ഭർത്താവും ഉപേക്ഷിച്ചുവെങ്കിൽ, അതിലൊന്നും ആവലാതിപ്പെടാനോ അത്ഭുതപ്പെടാനോ ഇല്ലെന്നും, 'പിറന്നന്നേ...ത്യക്ത' എന്നതിന്റെ വ്യംഗ്യം.

മന്നൻ = രാജാവ്. ഗാന്ധർവ്വപരിണീത = ഗാന്ധർവ്വവിധിപ്രകാരം വിവാഹംചെയ്യപ്പെട്ടവൾ. ധർമ്മശാസ്ത്രകാരന്മാർ അംഗീകരിച്ച എട്ടുതരം വിവാഹങ്ങളിലൊന്നാണ്, ഗാന്ധർവ്വം. രക്ഷിതാക്കളുടെ അറിവുകൂടാതെ കാമിനീകാമുകന്മാർ സ്വേച്ഛയാ ചെയ്യുന്ന വിവാഹമത്രേ, ഗാന്ധർവ്വം.

''ഇച്ഛയാ$/$ന്യോന്യസംയോഗഃ കന്യായാശ്ച വരസ്യ ച
ഗാന്ധർവ്വാ സ തു വിജ്ഞേയോ മൈഥുന്യഃ കാമസംഭവഃ''

എന്നു മനുസ്മൃതി. വിവാഹം അവിവേകമായി സംഭവിച്ചതല്ലെന്നു കാണിപ്പാനാണ്, ദുഷ്ഷന്തനു 'മന്നനാം' എന്ന വിശേഷണം കല്പിച്ചതു്. രാജാക്കന്മാർ ധർമ്മസംരക്ഷകന്മാരാണല്ലോ; അവരിൽനിന്ന് അധർമ്മാചരണം പ്രതീക്ഷിപ്പാനിടയില്ല.

ജനകൻ = അച്ഛൻ. വിശ്രുതൻ = തപശ്ശക്തിയാൽ ബ്രഹ്മർഷിപദം സമ്പാദിച്ചതുകൊണ്ടും ചണ്ഡാലരൂപിയായ ത്രിശങ്കുവിനു യജ്ഞഫലസിദ്ധിക്കായി നൂതനസ്വർഗ്ഗം സൃഷ്ടിച്ചതുകൊണ്ടും ഏററം പ്രസിദ്ധൻ. വിസ്മിതൻ = അത്ഭുതപ്പെട്ടവൻ. തീരെ വിസ്മൃതമായിക്കിടന്നിരുന്ന ആ മേനകാസംഗവൃത്താന്തം അങ്ങനെ അപ്രതീക്ഷിതമായി കേട്ടതുകൊണ്ടാണ്, വിസ്മിതനായതു്. 'പോയ്' എന്ന അനുപ്രയോഗം സംശയാത്ഭുതദ്യോതകമായ 'ഞാനോ' എന്ന ചോദ്യത്തിനു ശക്തി കൂട്ടുന്നു. തവ താതൻ... = (കവിവാക്യം) മുനിസുതയായ ശകുന്തളയുടെ പിതാവായ ആ മുനിതന്നെയാണ് യുവതിയോടു സംസാരിക്കുന്ന ഈ ആൾ. ഓർമ്മിച്ചേൻ = കഴിഞ്ഞതത്രയും ഞാനോർത്തു. തീർണ്ണക്ലേശൻ = വ്യസനത്തെ തരണംചെയ്തവൻ; സംസാരമുക്തൻ. മേനകാസ്മരണത്തോടുകൂടി ആ ജീവന്മുക്തനും കരച്ചിൽ വന്നുവോ എന്നു കവിവാക്യം. വാസ്തവത്തിൽ വിശ്വാമിത്രൻ നിസ്സ്നേഹനായതുകൊണ്ടല്ല, മേനകയെ പരിത്യജിച്ചതെന്നും, അവളുമായുള്ള സമ്പർക്കം തന്റെ തപസ്സിനു പ്രതിബന്ധമായേക്കുമെന്നു കരുതി മാത്രമാണെന്നും വ്യംഗ്യം.

Digitized By Kerala Sahitya Akademi

''ഞാനനുഗൃഹീതയായ്‌ താതദർശനത്താലെ''—
ന്നാനന്ദാകുലം കാല്ക്കൽ വീണ നന്ദിനിയാളെ
സത്വരം പിടിച്ചെഴുന്നേല്പിച്ചു നിറുകയിൽ—
പ്പത്തുനൂറുരു ഗാഢം മുകർന്നാൻ മുനിവര്യൻ.
തുടച്ചാനവളുടെ കണ്ണുനീർ വലംകൈയാൽ;
തടവിക്കൊണ്ടാൻ മന്ദം പുറത്തു മറേറക്കയ്യാൽ;
നൃപനാം ജാമാതാവിൻ ക്ഷേമവുമന്വേഷിച്ചാൻ;—
അപത്യവാത്സല്യമേ, വശിയും വശഗൻ തേ!
''ഓമനേ, തവ പേരെ—ന്തുണ്ണിതൻ പേരും ചൊല്ലു;
ഭൂമീശമഹിഷി നീ വന്നതെന്തിനിക്കാട്ടിൽ?''
ഉടനേ വീണ്ടും കംബുകണ്ഠിതൻ കണ്ഠത്തിൽനി—
ന്നിടറിപ്പുറപ്പെട്ടിതങ്ങൊരു വീണാക്വാണം:

അനുഗൃഹീത = അനുഗ്രഹിക്കപ്പെട്ടവൾ. ആനന്ദാകുലം = ആനന്ദത്താൽ കുഴങ്ങിക്കൊണ്ട്‌. നന്ദിനിയാൾ = ഓമനയായ നന്ദിനി (മകൾ). മകളുടെ മനം കുളുപ്പിക്കുന്ന അവസ്ഥയെ കാണിപ്പാനാണ്‌, 'നന്ദിനി' എന്ന പദം പ്രയോഗിച്ചതു്‌. സത്വരം = വേമ്പലോടെ. പത്തുനൂറുരു = പത്തുനൂറുപ്രാവശ്യം. ഗാഢം = മുറുകെ. മുകർന്നാൻ = ചുംബിച്ചു. ഇതുവരെയും കണ്ടിട്ടില്ലാത്ത അച്ഛനെ കാണ്മാൻ സാധിച്ചതു്‌ ഒരനുഗ്രഹംതന്നെയാണെന്നു ശകുന്തള കരുതുന്നു. പത്തുനൂറുരു മുകർന്നു എന്നു പറഞ്ഞതിൽനിന്നു മുനിവര്യനു മകളോടുള്ള വാത്സല്യാധിക്യം വെളിപ്പെടുന്നു.

നൃപൻ = രാജാവു്‌. ജാമാതാവു്‌ = മകളുടെ ഭർത്താവു്‌. അപത്യവാത്സല്യം = സന്താനസ്നേഹം. വശി = ഇന്ദ്രിയങ്ങളെയും മനസ്സിനെയും അടക്കിയ ഋഷി. വശഗൻ = വശപ്പെട്ടവൻ. തേ = നിനക്കു്‌. നൃപനാം എന്ന ജാമാതൃവിശേഷണം; മകൾക്കു രാജാവിനെ ഭർത്താവായി ലഭിച്ചതിൽ പിതാവിൻെറ നിലയ്ക്കു തനിക്കുള്ള അഭിമാനവും കൃതാർത്ഥതയും വ്യഞ്ജിപ്പിക്കുന്നു. വശിയായ വിശ്വാമിത്രൻെറ ഏതാദൃശമായ ഭാവചാപല്യം അപത്യവാത്സല്യംകൊണ്ടുണ്ടായതാണെന്നും അതു സ്വാഭാവികംതന്നെ എന്നും അവസാനത്തെ വരിയിൽനിന്നും വ്യക്തം.

ഭൂമീശമഹിഷി = രാജാവിൻെറ പ്രധാനപത്നി. ഗാന്ധർവ്വവിധിയനുസരിച്ചു വിവാഹംകഴിഞ്ഞവളാകയാൽ ഭർത്താവിന്നു്‌ ഏററവും പ്രിയപ്പെട്ടവളും പ്രധാന ഭാര്യാപദമായ പട്ടമഹിഷിസ്ഥാനം അലങ്കരിക്കുന്നവളുമാണെന്നു സങ്കല്പിച്ചാണ്‌, ഭൂമീശമഹിഷി എന്ന വിശേഷണം ചേർത്തതു്‌. കൊട്ടാരത്തിൽ ഭാസിമാരോടുകൂടി സസുഖം വർത്തിക്കേണ്ട നീ ഈ കാട്ടിൽ ഏകാകിനിയും ദുഃഖിതയുമായി കാണപ്പെടാൻ പ്രസക്തിയില്ലല്ലോ എന്നുകൂടി പ്രസ്തുത വിശേഷണത്തിൽനിന്നു വ്യഞ്ജിക്കുന്നു. ശകുന്തള ആദ്യം ഭർത്തൃപരിത്യാഗവൃത്താന്തം അറിയിക്കുകയുണ്ടായില്ല; അതു്‌ വ്യസനാധിക്യത്താലോ ഭർത്താവിൽ അപരാധം ആരോപിപ്പാനുള്ള വൈമനസ്യംകൊണ്ടോ ആയിരിക്കാം. ഇടറിപ്പുറപ്പെട്ട—അസുഖകരമായ തൻെറ ജീവിതവൃത്താന്തം അച്ഛൻെറ മുമ്പിൽ മനമില്ലാമനസ്സോടെ പ്രകാശിപ്പിക്കാൻ ഒരുങ്ങി. കംബുകണ്ഠി = ശംഖിന്നൊത്ത കഴുത്തുള്ളവൾ. വീണാക്വാണം = വീണയുടെ നാദം. ശകുന്തളയുടെ മധുരസ്വരമായ വാക്കിനെ വീണാക്വാണമായി അധ്യവസായംചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

''പേരിട്ടാൻ ശകുന്തളയെന്നെനിക്കച്ഛൻ കണ്വൻ;
ധാരിതസർവ്വദമനാഭിധൻ ദൗഹിത്രൻ തേ.
അമ്മതന്നനുഗ്രഹാലിട്ടിവ്യാശ്രമമല്ലോ,
വന്മാലിലാഴ്മെനിക്കീറ്റില്ലമായിത്തീർന്നു!

ആശ്രമാൽ പ്രീത്യാ താതകണ്വനാലയയ്ക്കപ്പെ—
ട്ടാശയാ കൊട്ടാരത്തിൽച്ചെന്ന ഗർഭിണിയാം ഞാൻ''
സങ്കടം പൊറാഞ്ഞവൾ തെല്ലിട തേങ്ങിക്കേണാൾ:
''സന്ത്യക്തയായേനല്ലോ, സൗമ്യനാം കണവനാൽ.''

പകർന്നു ഭാവം പെട്ടെന്നക്കാലരുദ്രാകാര—
ന്നു,തിർന്നു മിഴിയിൽനിന്നെരിതീപ്പൊരി മേന്മേൽ;
വളഞ്ഞു പുരികങ്ങൾ, ചുളിഞ്ഞു വാർനെറ്റിത്ത—
ട്ടി; ഉലകിലിലയുമ,ങ്ങടങ്ങി കാറ്റെമ്പാടും!

ധാരിതസർവ്വദമനാഭിധൻ = സർവ്വദമനനെന്ന പേരിടപ്പെട്ടവൻ. സിംഹാദി സർവ്വഹിംസ്രജന്തുക്കളെയും അടക്കിയൊതുക്കിപ്പോന്നതിനാൽ ഋഷിമാർ ആ കുട്ടിക്കു സർവ്വദമനൻ എന്നു പേരിട്ടു; പിന്നീടു ഭരതൻ എന്ന പേരിൽ പ്രസിദ്ധനായിത്തീർന്നു. തേ = അങ്ങയുടെ. ദൗഹിത്രൻ = മകളുടെ മകൻ. സർവ്വദമനനെ ദൗഹിത്രൻ എന്നും പറഞ്ഞതിൽനിന്ന്, മകളിലുള്ള സ്നേഹം മകളുടെ മകനിലും ഉണ്ടാകുമെന്നു സൂചിതമാകുന്നു.

''പാലിച്ച ശകുന്തങ്ങളിവളെപ്പലകാലം
പേരിട്ടു ശകുന്തളയെന്നിവൾക്കതിനാൽ ഞാൻ''

എന്ന മഹാഭാരതവചനം ഇവിടെ സ്മർത്തവ്യമാണ്. അമ്മതന്നനുഗ്രഹാൽ— കൊട്ടാരത്തിൽ ചെന്നപ്പോൾ ദുഷ്ഷന്തനാൽ സന്ത്യക്തയായി ദുഃഖിതയായിത്തീർന്ന ശകുന്തളയെ മേനക അവിടെനിന്നു കൊണ്ടുപോയി കശ്യപാശ്രമത്തിൽ പാർപ്പിക്കുകയാണുണ്ടായത്. സർവ്വദമനനെ പ്രസവിച്ചതും അവിടെവെച്ചുതന്നെയാണ്.

ആശ്രമാൽ = ആശ്രമത്തിൽനിന്ന്. പ്രീത്യാ = പ്രീതിയോടു (സ്വാനുമതിയോടുകൂടിയല്ലെങ്കിലും അനുരൂപനായ വരനെ പരിഗ്രഹിച്ചതിലുള്ള കൃതാർത്ഥതയോടു)കൂടി. സന്ത്യക്ത = ഉപേക്ഷിക്കപ്പെട്ടവൾ. കണവൻ = ഭർത്താവ്. സൗമ്യനെന്നു വിശേഷിപ്പിച്ചതിൽനിന്നും, ഭർത്താവു തന്നെ പരിത്യജിച്ചതു് അദ്ദേഹം ചപലനോ ശഠനോ ആയതുകൊണ്ടല്ലെന്നും, തന്റെതന്നെ ഭാഗ്യദോഷത്താലാണെന്നും വ്യഞ്ജിക്കുന്നു. ആശയാ = ചിരവിരഹിണിയായ തന്നെ ഭർത്താവു സന്തോഷപൂർവ്വം സ്വീകരിക്കുമെന്നുള്ള ദൃഢവിശ്വാസത്തോടുകൂടി.

ഭാവം = അതുവരെക്കുമുണ്ടായിരുന്ന സ്നേഹവാത്സല്യാദി ഭാവം. മകളുടെ നേരെ കാണിച്ച അക്ഷന്തവ്യമായ അപരാധംമൂലമുദിച്ച ഉഗ്രമായ അമർഷത്താൽ ഭീകരനായിത്തീർന്നവനെന്നു സാരം. കാലരുദ്രോപമയാൽ വിശ്വാമിത്രന്റെ കോപം അപ്രതിരോധ്യമെന്നു വ്യഞ്ജിക്കുന്നു. ആ ഭാവഭേദം കണ്ടു പ്രകൃതിപോലും നടുങ്ങുന്നു. ഇവിടെ 'കർത്താ കർമ്മം ക്രിയയിതേ വാക്യത്തിങ്കൽപ്പദക്രമം' എന്ന ഭാഷയുടെ സാമാന്യനിയമത്തിന്നു വ്യത്യസ്തമായി ഓരോ വാക്യത്തിലും പ്രധാനവിവക്ഷയാൽ ക്രിയയെ മുമ്പിൽ പ്രയോഗിച്ചിരിക്കുന്നു. ക്രിയാപ

Digitized By Kerala Sahitya Akademi

''ദുഷ്ഷന്തനവനാരെന്നാരോമൽക്കുമാരിയെ—
ദുസ്സഹാവമാനത്തിൽത്തള്ളിയിട്ടുയിർക്കൊൾവാൻ?
ഇക്കരമൊന്നേ പോരും കാൽക്ഷണാൽ മനുഷ്യരെ—
സ്വർഗ്ഗത്തിൽക്കരേററാനും, നരകേ വീഴിപ്പാനും!
പൗരവൻ കേട്ടിട്ടില്ലേ ത്രിശങ്കുഹരിശ്ചന്ദ്ര—
ന്മാരുടെയനുഭവം കൗശികപ്രഭാവജം?
ഒരിക്കൽക്കൂടിയിതാ, കണ്ടുകൊള്ളട്ടേ ലോകം,
ശരിക്കിഗ്ഗാധേയന്റെ വൻതപഃപ്രതാപത്തെ!

ങ്ങളിലെ അവസാനസ്വരം ദീർഘിപ്പിക്കുന്നതും അവയുടെ പ്രാധാന്യം കാണിപ്പാൻവേണ്ടിത്തന്നെയാണ്.

''വിപ്ലുതം ദീർഘയോഗത്വം പ്രാധാന്യത്തിന്നു ലക്ഷണം''

എന്ന കേരളപാണിനീയവിധിയനുസരിച്ചുള്ള ദീർഘയോഗത്വമാണ്, ഇവിടെ പ്രവർത്തിച്ചുകാണുന്നതു്.

ഉതിർന്നു മിഴിയിൽനിന്നെരിതീപ്പൊരി = ക്രോധംകൊണ്ടുജ്ജ്വലിച്ച കണ്ണുകളിൽനിന്നു രൂക്ഷങ്ങളായ നോട്ടങ്ങൾ പുറപ്പെട്ടു. നോട്ടങ്ങളെ തീപ്പൊരികളായി അധ്യവസായംചെയ്തതിൽനിന്നു് അവയുടെ ദാഹകത്വം വ്യക്തമാകുന്നു. രുദ്രന്റെ നേത്രങ്ങളിൽ ഒന്നു് അഗ്നിമയമാണല്ലോ. വിശ്വാമിത്രന്റെ ആനകമന്ദ്രസ്വരം, പെരിയബാഹു, മാൻതോലേറാപ്പ്, നീണ്ട താടി മുതലായ ബാഹ്യാഭ്യന്തരധർമ്മങ്ങൾ രുദ്രനുള്ളതിനാൽ അദ്ദേഹത്തിനു സർവ്വാത്മനാ രുദ്രസാദൃശ്യമുണ്ടു്.

ആരോമൽക്കുമാരി = ഓമനയായ പെൺകുട്ടി. ദുസ്സഹാവമാനം = സഹിക്കാൻവയ്യാത്ത മാനക്കേടു്. ഉയിർക്കൊൾവാൻ = ജീവിച്ചിരിപ്പാൻ. ഒന്നേ പോരും = ഒന്നു മാത്രംമതി. ദുഷ്ഷന്തനവൻ, ഉയിർക്കൊൾവാൻ എന്നീ പദങ്ങളിൽനിന്നു വിശ്വാമിത്രന്റെ ദൃഷ്ടിയിൽ ദുഷ്ഷന്തന്റെ നിസ്സാരത തികച്ചും അഭിവ്യഞ്ജിക്കുന്നു. ശകുന്തളയെ പരിത്യജിച്ച വിവരം താൻ അന്നേ അറിഞ്ഞിരുന്നുവെങ്കിൽ അയാളെ ജീവിച്ചിരിപ്പാനനുവദിക്കുമായിരുന്നില്ലെന്നു ധ്വനി. പരിത്യാഗംകൊണ്ടു് തന്റെ പ്രിയപുത്രിയെ അവമാനത്തിൽപ്പെടുത്തിയവൻ ജീവിച്ചിരിപ്പാൻ അർഹനല്ലെന്നു സാരം. എന്നാരോമൽക്കുമാരി—മഹർഷി മക്കളോടുള്ള വാത്സല്യാതിശയവും അവർക്കുവേണ്ടി തന്റെ തപഃപ്രഭാവം മുഴുവനും വിനിയോഗിപ്പാനുള്ള സന്നദ്ധതയും വ്യഞ്ജിക്കുന്നു. തള്ളിയിട്ടു് = കല്പിച്ചുകൂട്ടി അധഃപതിപ്പിച്ചു്.

ഇക്കരമൊന്നേ പോരും...വീഴിപ്പാനും! അങ്ങനെ സാമാന്യമായി ഉപപാദിച്ച സ്വപ്രഭാവത്തെ അനന്തരവാക്യത്തിൽ വിശേഷരൂപത്തിൽ നിർദ്ദേശിക്കുന്നു. പൗരവൻ = പൂരുവിന്റെ വംശത്തിൽ ജനിച്ചവൻ. പൂരു ചന്ദ്രവംശത്തിലെ ഒരു പ്രസിദ്ധ രാജാവാണു്. ഇദ്ദേഹം പിതാവായ യയാതിക്കു തന്റെ യൗവനം പ്രദാനംചെയ്തു് അദ്ദേഹത്തിൽനിന്നു വാർദ്ധക്യത്തെ സ്വീകരിച്ചു. പൂരുവിന്റെ പ്രപൗത്രനാണു ദുഷ്ഷന്തൻ. ത്രിശങ്കുഹരിശ്ചന്ദ്രന്മാർ സൂര്യവംശത്തിലെ രണ്ടു മഹാരാജാക്കന്മാരാണു്. വസിഷ്ഠനുമായുള്ള വൈരംകൊണ്ടു്, ഹരിശ്ചന്ദ്രപിതാവായ ത്രിശങ്കുവിനുവേണ്ടി വിശ്വാമിത്രൻ ഒരു സ്വർഗ്ഗംതന്നെ സൃഷ്ടിക്കുകയുണ്ടായി; അതുപോലെതന്നെ ഹരിശ്ചന്ദ്രനെ വളരെക്കാലത്തോളം നിസ്സ്വനാക്കി നരകയാതനയും അനുഭവിപ്പിച്ചു. അതു രണ്ടും കണ്ടു ലോകം വിശ്വാമിത്രന്റെ തപഃപ്രഭാവത്തെ അതിരററു പ്രശംസിക്കുകയുണ്ടായി.

Digitized By Kerala Sahitya Akademi

തനിയേ വേട്ടിട്ടന്തർവ്വത്നിയാം സാധുസ്ത്രീയെ—
ക്കനിവററഹേതുവായ് ത്യജിച്ച ദുരാത്മാവേ!''
ബ്രഹ്മാവെത്തപശ്ശക്ത്യാ വരുത്തിച്ചാരേ നിർത്തി
ബ്രഹ്മർഷിപദം ബലാൽ വാങ്ങിയതേതൊന്നാലോ,
ആ വലംകരം, ക്രോധാൽച്ചുരുട്ടി നെഞ്ചിൽച്ചേർത്താ—
ണീ വചസ്സാരംഭിച്ചതൂർജ്ജസ്വി വിശ്വാമിത്രൻ.
ആ മുഷ്ടി മുന്നോട്ടേക്കൊന്നെറിയപ്പെട്ടാൽത്തീർന്നു,
സ്വാമിവംശത്തിന്നൊട്ടുക്കിടിവാളായ്പ്പോമല്ലോ;
എന്നാലാശ്ശാപാസ്ത്രത്തെ രണ്ടുകൈകൊണ്ടും പിടി—
ച്ചെ, ''ന്നെയോർത്തടങ്ങേണമച്ഛനിങ്ങെ''ന്നാൾ മകൾ:

കൗശികപ്രഭാവജം = കൗശികന്റെ (വിശ്വാമിത്രന്റെ) ശക്തിയിൽനിന്നുണ്ടായതു്. സൂര്യവംശക്കാർക്കു് അനുഭവപ്പെടാനിടവന്ന തന്റെ പ്രതാപത്തെ ചന്ദ്രവംശക്കാർ കേട്ടിട്ടുപോലുമില്ലെന്നോ! ഗാധേയൻ = ഗാധിയുടെ പുത്രൻ (വിശ്വാമിത്രൻ). ഗാധിയുടെ പ്രപിതാമഹൻ ബ്രഹ്മാവു് ഗാധി = ഇന്ദ്രന്റെ അവതാരമാണെന്നു് ഒരു പുരാണകഥയുണ്ടു്. ക്ഷത്രിയനായ ഗാധിയുടെ വംശത്തിൽ ജനിച്ച തന്നെ ബഹുമാന്യമായ ബ്രഹ്മർഷിപദത്തിലേക്കുയർത്തിയതു്, തന്റെ അന്യാദൃശമായ തപഃപ്രഭാവമാണല്ലോ. ഇതാ—മകളെ മാനക്കേടിൽപ്പെടുത്തിയതിനു പ്രതികാരംചെയ്യാൻ ഇനി ഒട്ടും താമസമില്ലെന്നു്.

അന്തർവത്നി = ഗർഭിണി. അഹേതുവായ് = കാരണംകൂടാതെ. ചാരേ = അടുക്കൽ. ഊർജ്ജസ്വി = ഓജസ്സേറിയവൻ. വചസ്സ് = വാക്കു്. 'തനിയേ വേട്ടിട്ടു്' സ്വേച്ഛയാ പരിത്യജിക്കുന്നതു് ഒട്ടും ഉചിതമല്ലെന്നു് അഭിപ്രായം. കനിവററു് = ദയപോലുമില്ലാതെ; (ഭാര്യയായതുകൊണ്ടു സ്നേഹമാണു് വേണ്ടതു്. അതില്ലെങ്കിൽ പോട്ടെ) ദുഷ്ഷന്തൻ ശകുന്തളയോടു് ഒരു സാധുസ്ത്രീയോടു കാണിക്കേണ്ട പ്രാഥമികമര്യാദപോലും കാണിക്കാഞ്ഞതിനാൽ, മനുഷ്യോചിതമായ ഗുണമൊന്നും ഇല്ലാത്തവനാണെന്നു കാണിപ്പാനാണു്, 'ദുരാത്മാവു്' എന്ന പദം. വസിഷ്ഠനോടുള്ള വാശിനിമിത്തം ബ്രഹ്മാവിനെ അടുക്കൽ വരുത്തിനിർത്തി ബ്രഹ്മർഷിപദം സ്വയംസമ്പാദിച്ച ആ ഊർജ്ജസ്വിക്കു് ദുഷ്ഷന്തനെ സകലം മുടിക്കുന്നതു് ഒട്ടും പ്രയാസമുള്ള കാര്യമല്ലല്ലോ. പുരാവൃത്തപരാമർശം വിശ്വാമിത്രന്റെ സ്വഭാവതൈക്ഷ്ണ്യത്തെ വ്യഞ്ജിപ്പിക്കുന്നു. ചുരുട്ടി നെഞ്ചിൽച്ചേർത്തു—ശാപസന്നദ്ധതയെ കാണിക്കുന്നു. മുഷ്ടി = ചുരുട്ടിയ കൈ. സ്വാമിവംശം = ഭർത്താവിന്റെ കുലം. എന്നാൾ = എന്നു് അവൾ പറഞ്ഞു. എൻ എന്ന ഖിലധാതുവിനു പറഞ്ഞു, വിചാരിച്ചു എന്നൊക്കെ സന്ദർഭോചിതമായ അർത്ഥംകുറിക്കുവാനുള്ള ശക്തിയുണ്ടു്. 'എന്നവനോടേ ജാനകിചൊന്നാൾ' (കണ്ണശ്ശരാമായണം), 'എന്നാൾ മനോജ്ഞാംഗി ശ്രീരാമരാമ' (ഇരുപത്തിനാലുവൃത്തം), 'ആളയച്ചിട്ടുണ്ടെന്നാനില്ല' (നളചരിതം ആട്ടക്കഥ) ഇത്യാദി പ്രയോഗങ്ങൾ നോക്കുക. ശാപാസ്ത്രം = ലക്ഷണയാ മുഷ്ടി. പരിത്യക്തയാണെങ്കിലും ശകുന്തള ഈ അവസരത്തിലും ദുഷ്ഷന്തനെ സ്വാമി(ഭർത്താവു്)യായിത്തന്നെ കാണുന്നു. അതാണു് ആ സദ്വൃത്ത പിതാവിന്റെ മുഷ്ടിയെ രണ്ടു കൈകൊണ്ടും കടന്നു പിടിപ്പാൻ കാരണം. എന്നെയോർത്തു്—മാതാപിതൃത്യക്തയും നിരാലംബയുമായ മകളെ വിചാരിച്ചു്. ഇടിവാൾ = ലക്ഷണയാ നാശകരമെന്നർത്ഥം. വിശ്വാമിത്രന്റെ ക്രോധപാരമ്യവും ശാപത്തിന്റെ പ്രതിവിധിയില്ലായ്മയും വ്യഞ്ജിക്കുന്നു.

Digitized By Kerala Sahitya Akademi

''ഭർത്തൃനാശിനിയായിത്തീരൊലാ ഭവൽപുത്രി,
നിർദ്ദഗ്ദ്ധയായും തീരൊല്ലുഗ്രവൈധവ്യത്തിയ്യാൽ;
അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേ വേണ്ടു!
സുബഹിഷ്കൃതമായിക്കൊള്ളട്ടെയെൻജീവിതം;
സുതനും പുറത്തായിപ്പോകൊലാ മമ ദോഷാൽ!''
പുത്രിതൻ കണ്ണീർകൊണ്ടു കോപാഗ്നി ശമിച്ചതി—
ലെത്രയും പ്രസന്നനായഭിനന്ദിച്ചാനച്ഛൻ:
''ഭദ്രം തേ, പിടിച്ചെന്നെക്കരേറ്റി നിൻസൗശീല്യം;
ഭർത്താവോടചിരേണ ചേർന്നാലും സപുത്ര നീ!''

ഭർത്തൃനാശിനി = ഭർത്താവിനെ നശിപ്പിച്ചവൾ. ഭവൽപുത്രി = അങ്ങയുടെ മകൾ. ലോകഹിതകാംക്ഷിയായ ഋഷിയുടെ പുത്രി സ്വഭർത്താവിനുതന്നെയും നാശം വരുത്തി എന്നതു് എത്രമേൽ ലോകാപവാദഹേതുവായിരിക്കും! നിർദ്ദഗ്ദ്ധ = നിശ്ശേഷം ദഹിച്ചവൾ. ഇപ്പോൾത്തന്നെ വേണ്ടത്ര ദുഃഖമുണ്ടു്; ഇനി ജീവൻ മാത്രമേ ദഹിക്കാതെയുള്ളു. അതും വൈധവ്യത്തീയിൽ. തന്നെ ഉപേക്ഷിച്ചുകളഞ്ഞ അച്ഛനമ്മമാർ ചെയ്തതിലും കവിഞ്ഞ യാതൊരു തെറ്റും ഭർത്താവു ചെയ്തിട്ടില്ല. സ്വച്ഛന്ദം—ശ്വശുരനോ ശ്വശ്രുവോ ഉണ്ടായിരുന്നെങ്കിൽ ഭർത്താവിന്നു് അങ്ങനെ ചെയ്‌വാൻ ധൈര്യമുണ്ടാകില്ലെന്നു വ്യംഗ്യം. ചുരുക്കിപ്പറഞ്ഞാൽ തൻെറ നിർഭാഗ്യംകൊണ്ടാണു് ഇങ്ങനെയൊക്കെ വന്നുകൂടിയതെന്നു ശകുന്തള സ്വയം സമാധാനിക്കുന്നു.

സുബഹിഷ്കൃതം = തീരെ പുറംതള്ളപ്പെട്ടതു് മാതാപിതാക്കന്മാരാലും ഭർത്താവിനാലും എല്ലാവരാലും ത്യജിക്കപ്പെട്ടതായിക്കൊള്ളട്ടെ എന്നു സാരം. മമ ദോഷാൽ = എൻെറ ദോഷം ഹേതുവായി താൻനിമിത്തം പുത്രന്നു് അത്യന്തം അപകർഷഹേതുവാകുമല്ലോ. ശാപം ഇടിവാളായതുകൊണ്ടു്, ആരെല്ലാമാണു് അതിന്നിരയായിത്തീരുകയെന്നു അറിഞ്ഞുകൂടതാനും!

ഭദ്രം = മംഗളം. സൗശീല്യം = സൽസ്വഭാവം. അചിരേണ = കാലതാമസം കൂടാതെ. സപുത്ര = പുത്രനോടുകൂടിയവൾ മകൾ കണ്ണുനീർകൊണ്ടു് അച്ഛൻെറ കോപാഗ്നിയെ ശമിപ്പിച്ചു. തീ കെടുക്കാൻ പറ്റിയതു നീരാണല്ലോ. കരേററി—സാഹസക്കാരനായ പൈതൽ ആ വിരക്തനെ ഐഹികവിചാരങ്ങളിലേക്കു വലിച്ചുതാഴ്ത്തി; സദ്‌വൃത്തയായ പുത്രിയാകട്ടെ, അദ്ദേഹത്തെ വിഷയമാലിന്യത്തിൽനിന്നു്, ആദ്യത്തെ നിർമ്മലസ്ഥാനത്തേക്കുതന്നെ കരേററി. ശകുന്തള അങ്ങനെ താണുകേണപേക്ഷിച്ചിരുന്നില്ലെങ്കിൽ, വിശ്വാമിത്രൻ ദുഷ്ഷന്തനെ ശാപാഗ്നിയിൽ സകലം ദഹിപ്പിക്കുമായിരുന്നു. പക്ഷേ, അത്രത്തോളം അദ്ദേഹത്തിൻെറ തപശ്ശക്തിയും നശിച്ചുപോകും. മകളുടെ അനുനയംകൊണ്ടു് ആ ധാർമ്മികാധഃപതനം കൂടാതെകഴിഞ്ഞു. അതിനാൽ പ്രസന്നനായ പിതാവു് പുത്രിയെ ഭർത്തൃസമാഗമരൂപമായ അഭീഷ്ടത്തിൻെറ സിദ്ധിക്കായി സസ്നേഹം അനുഗ്രഹിക്കുന്നു.

—വിദ്വാൻ ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ

Digitized By Kerala Sahitya Akademi

ബാപ്പുജി

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മിടിപ്പാൻ നെഞ്ചിന്നില്ല രക്തസഞ്ചാരം; ചെററു
നെടുവീർപ്പിടുവാനില്ല,കമേ വായുസ്പന്ദം;
കരയാൻ കണ്ണീരില്ല വാക്കില്ല വിലപിപ്പാൻ
കരകാണാത്ത കടുംദുഃഖത്തിലാണ്ടു നമ്മൾ!
പരമാം ധർമ്മം പഠിപ്പിച്ച നിസ്സ്പൃഹന്നീ നാം
ഗുരുദക്ഷിണ കൈത്തോക്കുണ്ടയാലല്ലോ നല്കീ!
വരുവിൻ കൃതഘ്നതേ, നീചതേ, ഹിംസാലുതേ,
ഭരതക്ഷിതിയിലും നിങ്ങൾക്കുണ്ടിടമെന്നായ്!
ഉലകിൻഗുരുവിനെബ്ഭാരതനേതാവിനെ,—
ക്കൊലചെയ്യുവനേ, നിൻക്രൗര്യത്തെച്ചുമക്കയാൽ
തല പൊന്തിക്കാൻ വയ്യാതൊന്നായിയല്ലോ, മാന്യൻ
ബലവദ്ഗംഗാധരൻ പിറന്ന മഹാരാഷ്ട്രം;
മാതൃഭൂമിയെ രണ്ടായ്ക്കീറിയ മതഭ്രാന്തിൻ—
ഹേതിയാലപ്പോൾത്തന്നെയുൾവശം പിളർന്നതും
വേദനാർത്തവുമായ തിരുനെഞ്ചിനെയല്ലോ
ഭേദിച്ചു ഹാ, നിൻ പാഴ്തോക്കെ,ന്തിതിൽ ശൗര്യം ഭീരോ?

ഗാന്ധിജി വെടിയേററു വീണതുമുതൽ അദ്ദേഹത്തിന്റെ ചിതാഭസ്മം പുണ്യതീർത്ഥങ്ങളിൽ ഒഴുക്കിയതുവരെയുള്ള വിവിധസന്ദർഭങ്ങളെ പരാമർശിച്ച് എഴുതിയവയാണ് ഇതിലെ ഗാനങ്ങൾ.

ചെററ് = കാറ്റ്. വായുസ്പന്ദം = വായുവിന്റെ ചലനം. ആണ്ടു എന്ന പദം നിസ്സഹായതയുടെ പാരമ്യത്തെ കാണിക്കുന്നു. പരമാം ധർമ്മം = ശ്രേഷ്ഠമായ ധർമ്മം (അഹിംസ); 'അഹിംസാ പരമോ ധർമ്മഃ' എന്ന ആപ്തവാക്യം ഓർക്കുക. (മാതൃഭൂസേവനവും ശ്രേഷ്ഠമായ ധർമ്മംതന്നെ 'ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ' എന്നുണ്ടല്ലോ) നിസ്സ്പൃഹൻ = ആഗ്രഹമില്ലാത്തവൻ; അനാസക്തിയോഗമാണ്, ഗാന്ധിജി ജീവിതാദർശമായി കരുതിയിരുന്നതു്. അഹിംസ പഠിപ്പിച്ച ഗുരുവിന്നു നല്കിയ ദക്ഷിണ ഹിംസയത്രേ! ഹിംസാലുത=ഹിംസാപരത്വം. നന്ദികേടിന്നും കടിലപ്രവൃത്തികൾക്കും ഭാരതഭൂമിയിൽ സ്ഥാനമില്ല; ഗാന്ധിജിയുടെ വധം അവയ്ക്കും ഇനി ഇവിടെ സ്ഥാനമുണ്ടെന്നു സൂചിപ്പിക്കുന്നു.

ഉലകിൻഗുരു = ഗാന്ധിജി മനുഷ്യവർഗ്ഗത്തിന്റെ ശാശ്വതമായ നിലനില്പിന്നുവേണ്ടിയുള്ള ധർമ്മങ്ങളെയാണല്ലോ ഉപദേശിച്ചിരിക്കുന്നതു്. ബലവദ് ഗംഗാധരൻ = ലോകമാന്യതിലകന്റെ പേർ. ഗാന്ധിജിയുടെ ഘാതകനായ ഗോഡ്സേ മഹാരാഷ്ട്രക്കാരനത്രേ. ഹേതി = ആയുധം. ഭേദിക്കുക = മതഭ്രാന്ത് ഇന്ത്യയെ രണ്ടായി വിഭജിച്ചപ്പോൾത്തന്നെ ഗാന്ധിജിയുടെ ഹൃദയത്തെയും പിളർന്നിരുന്നു. ഭീരോ എന്ന സംബോധന പിളർന്ന ഹൃദയത്തെ വീണ്ടും പിളർക്കുന്നതിലുള്ള അധമാനക്കുറവിനെയും അർത്ഥശൂന്യതയെയും സൂചിപ്പിക്കുന്നു. അനുതാപം = പശ്ചാത്താപം. അച്ഛൻ = സ്വർഗ്ഗപിതാവ് (ദൈവം.) ക്രിസ്തുദേവൻ, യഹൂദർ തന്നെ കരിശിലേററുമ്പോൾ അജ്ഞരായ അവർക്കു മാപ്പുകൊടു

Digitized By Kerala Sahitya Akademi

എന്തിനായാൾക്കു ഗുരുഹത്യയിലനുതാപം?
അന്തിമമുഹൂർത്തത്തിൽ സന്ധിച്ച തൊഴുകയ്യാൽ
'ഇത്തോക്കുകാരനന്നച്ഛൻ നല്കവേണമേ മാപ്പെ'—
ന്നർത്ഥനംചെയ്തിട്ടുണ്ടാം, രണ്ടാമനാമിക്രിസ്തു!
തുല്യഭാവനനങ്ങു പ്രാർത്ഥനായോഗങ്ങളിൽ
ചൊല്ലിച്ച നുതികളെക്കൗതുകാധിക്യാൽ, ഗുരോ,
അല്ലാഹു മിശിഹാവീശ്വരനീ മുപ്പേരായ് നി—
ന്നല്ലയോ ചെവിക്കൊണ്ടു, നാൾതോറും ജഗദീശൻ?
അസ്തമിന്നൊപ്പം പൂകീ, രക്താംഗരിരുസൂര്യർ;
ഇത്തേജിഷ്ഠരിലാദ്യൻ നാളെയും വരും വാനിൽ;
സത്തമൻ രണ്ടാമനോ സഹസ്രവർഷങ്ങളാൽ
പ്രത്യുദിച്ചേക്കാം പക്ഷേ, പുണ്യമുണ്ടൂഴിക്കെങ്കിൽ!
വേടന്റെയമ്പാൽ കൃഷ്ണൻ, കുരിശേററത്താൽ ക്രിസ്തു,
മൂഢന്റെ തോക്കാൽ ഗാന്ധിദേവനും ദേഹംവിട്ടു.
കൂടചേഷ്ടിതരെ മുൻനിർത്താതെ നേരേചെല്ലാൻ
പേടിയുണ്ടാവാം മൃതിക്കീദൃശമഹാന്മാരിൽ!
സ്പർദ്ധതൻനാടേ, നീ, നിന്നൈക്യധാതാവെക്കൊണ്ടു
മൃത്യുവെ ക്ഷണിപ്പിച്ചു; വന്നെത്തീ സുഹൃത്തവൻ;

ക്കണമെന്ന് ഈശ്വരനോടു പ്രാർത്ഥിക്കുകയുണ്ടായി. ഏതാനും ദിവസം മുമ്പ് തന്റെ പ്രാർത്ഥനായോഗത്തിൽ ബോംബെറിഞ്ഞ മദൻലാലിനു മാപ്പു കൊടുക്കണമെന്നു ഗാന്ധിജിയും പറകയുണ്ടായല്ലോ.

തുല്യഭാവനൻ = (ഹിന്ദുക്കളെയും മുസൽമാന്മാരെയും ക്രിസ്ത്യാനികളെയും) ഒരേനിലയിൽ കാണുന്നവൻ. നുതികൾ=സ്തുതികൾ. പ്രാർത്ഥനായോഗങ്ങളിൽ എല്ലാ മതഗ്രന്ഥങ്ങളിൽനിന്നും മന്ത്രങ്ങൾ പാരായണംചെയ്തിരുന്നു. കൗതുകാധിക്യാൽ—ഇതിനുമുമ്പ് അത്തരം സ്തോത്രങ്ങൾ ഒരേ സന്ദർഭത്തിൽ കേട്ടിട്ടില്ലാത്തതുകൊണ്ട് ഈശ്വരനുപോലും വർദ്ധിച്ച കൗതുകം തോന്നി! 'ഈശ്വർ അല്ലാ...' എന്ന ഗാന്ധിജിയുടെ പ്രിയപ്പെട്ട പ്രാർത്ഥനാഗാനം ഓർക്കുക. അസ്തം പൂകി=അസ്തമിച്ചു. രക്താംഗർ=രക്തമായ (ചുവന്ന; ചോരയോടുകൂടിയ) അംഗത്തോടുകൂടിയവർ. തേജിഷ്ഠർ = തേജസ്വികൾ. സത്തമൻ എന്ന വിശേഷണം പാപഗ്രഹമായ സൂര്യനെ അപേക്ഷിച്ചു ഗാന്ധിജിക്കുള്ള ഔൽകൃഷ്ട്യം വ്യഞ്ജിപ്പിക്കുന്നു. പ്രത്യുദിക്കുക=വീണ്ടും ഉദിക്കുക. 'പുണ്യമുണ്ടൂഴിക്കെങ്കിൽ'—പെരുത്തു നൂറാണ്ടിനിടയ്ക്കൊരിക്കൽ മാത്രമാണല്ലോ, ഈ മതപ്പാമ്പിലേക്ക് ഈശ്വരൻ മഹാന്മാരെ അയയ്ക്കുന്നത്'!

ക്രിസ്തു, കൃഷ്ണൻ ഇവരോടു സമശീർഷനാണ് ഗാന്ധിജി എന്നു മൂന്നുപേരുടെയും മരണത്തിന്റെ സാദൃശ്യംകൊണ്ടു വെളിപ്പെടുത്തുന്നു. കൂടചേഷ്ടിതർ=കള്ളത്തരക്കാർ. മരണത്തിനു നേരിട്ടു ചെല്ലാൻ പേടിയുള്ളതുകൊണ്ടാണോ, ഈ മഹാന്മാരുടെ മൃതിക്കു കപടവേഷക്കാർ കാരണക്കാരായി നിന്നതെന്നു സംശയിക്കുന്നു. സ്പർദ്ധതൻനാട—ഹിന്ദുമുസ്ലീംസ്പർദ്ധ ഇന്ത്യാചരിത്രത്തിലെ പ്രധാന വസ്തുതയാണല്ലോ. ഐക്യധാതാവ് = ഐക്യത്തിന്റെ സ്രഷ്ടാവ്. സർവ്വസമ

Digitized By Kerala Sahitya Akademi

രാമനാമത്താലുടൻ സ്വാഗതംചൊല്ലിക്കൊണ്ടു—
ദ്ധീമാനീയതിഥിയെ സ്വീകരിക്കയും ചെയ്തു!
ഇച്ഛതിനിലം വിട്ടു പോകവാനവിടുന്നൊ—
ന്നിച്ഛിക്കെസ്സമീപിച്ചു യാമ്യമാം വിമാനം തേ,
നിശ്ചലം നിലക്കൊണ്ടു ലോകർ കാണായ്‌വന്നു
സ്വച്ഛന്ദമരണനാമങ്ങയിലന്യൻ ഭീഷ്മൻ.

രണ്ട്

കൊന്നാനഹോ, വിവിധജാതിമതസ്ഥരെച്ചേ—
ർത്തൊന്നാക്കുവാൻ സ്മൃതി രചിച്ച മഹാനെ മൂർഖൻ;
ഇന്നാട്ടിനെന്തൊരു വിപത്തിതിൽമീതെ? നമ്മളം
നിന്നാഥരായ്; ഗുരുകുലച്യുതമായി ലോകം! 1

അച്ചണ്ഡശീലനുടെയുണ്ടകൾകൊണ്ടു ഖാദി—
പ്രച്ഛന്നമാം പ്രശമമങ്ങു നിലംപതിച്ചു;
വിച്ഛിന്നമായ്, വിളവെടുത്ത ജനൈകമത്യം;
സ്വച്ഛന്ദമുന്നൊഴുകി, ഭാരതജീവരക്തം. 2

മുച്ചൂടുമററു വിജയാശകളെങ്കിലും, പേ—
ർത്തുംച്ചൂടിൽ വാടിയ നമുക്കൊഴുകാത്തു കണ്ണീർ;

ദായമൈത്രിയായിരുന്നു ഗാന്ധിജിയുടെ ആദർശങ്ങളിൽ അതിപ്രധാനം. സുഹൃത്ത്—പലപ്പോഴും മരണത്തിന്റെ അടുക്കലേക്കു പാഞ്ഞുചെന്ന ആ ധർമ്മധീരൻ ജീവിതത്തെപ്പോലെ മരണത്തെയും സ്നേഹിച്ചു. രാമനാമത്താൽ—ഗാന്ധിജി 'ഹാ റാം' എന്ന് ഉച്ചരിച്ചുകൊണ്ടാണു വെടിയേററു നിലംപതിച്ചത്. ഇച്ഛതിനിലം=സ്വദേശ്, ഹിംസാലത മുതലായവയാൽ നിവാസയോഗ്യമല്ലാതായിത്തീർന്ന നാട്. യാമ്യം=യമനെസ്സംബന്ധിച്ചത്. ഇച്ഛിക്കെ—മരണത്തിന്ന് ഏതാനും നാൾക്കുമുമ്പ് മഹാത്മജി മാതൃഭൂമിയുടെ ദുഃസ്ഥിതി കണ്ട് താൻ മരിപ്പാനാശിക്കുന്നു എന്ന് ഒരു പത്രപ്രവർത്തകനോടു പറയുകയുണ്ടായി. ലോകർ=പ്രാർത്ഥനയ്ക്കു വന്നിരുന്ന ആളുകൾ. തന്റെ ഇച്ഛപ്രകാരമുള്ള മരണം സംഭവിച്ചതുകൊണ്ടാണ്, അദ്ദേഹം മററൊരു ഭീഷ്മർ—ഭീഷ്മർ സ്വച്ഛന്ദമരണനാണല്ലോ—ആണെന്നു പറഞ്ഞത്.

1. സ്മൃതി=ധർമ്മശാസ്ത്രം. ധർമ്മശാസ്ത്രാനുസൃതമായ (ലോകരക്ഷമത്തിന്നായുള്ള) ജീവിതമാണല്ലോ ഗാന്ധിജി നയിച്ചിരുന്നത്. നിന്നാഥർ=നാഥനില്ലാത്തവർ. ഗുരുകുലച്യുതം=ഗുരുകുലത്തിൽനിന്നു ഭ്രംശിച്ചത്. ലോകത്തിന്നാകെത്തന്നെ ഗുരുവാണു ഗാന്ധിജി എന്നു വ്യംഗ്യം. ഇനി ആരുള്ളൂ, ലോകത്തിൽ ഐക്യവും സമാധാനവും സ്ഥാപിപ്പാൻ?

2. ചണ്ഡശീലൻ=ക്രൂരസ്വഭാവൻ. ഖാദിപ്രച്ഛന്നം=ഖദറുകൊണ്ടു മറച്ചത്. പ്രശമം=ശാന്തസ്വഭാവനെന്നർത്ഥം. വിച്ഛിന്നം=തുണ്ടുതുണ്ടാക്കപ്പെട്ടത്. ഗാന്ധിജിയുടെ അസാധാരണയത്നത്താൽ ജനങ്ങളിൽ തഴച്ചുള്ളുടങ്ങിയ ഐക്യം തകർക്കപ്പെട്ടു എന്നും, അദ്ദേഹത്തിന്റെ ദേഹത്തിൽനിന്ന് ഉടനൊഴുകിയ രക്തം ഇന്ത്യയുടെതന്നെ ജീവരക്തമാണെന്നും സാരം.

Digitized By Kerala Sahitya Akademi

സ്വച്ഛസ്ഥിതിക്കി, തിനെയൊപ്പിയെടുത്തിരുന്ന
തൃച്ചക്രനൂൽപ്പുടവ, ചോര പുരണ്ടതായ്പ്പോയ്! 3

അപ്പാടലാഭയൊടു നമ്മുടെ വൃദ്ധസൂര്യൻ
കെല്പറ്റു വീണു, പുരുഷാരമഹാർണ്ണവത്തിൽ;
പില്പാടുദിക്കുകയുമില്ല;—ഉറക്കുരിരുട്ടിൽ—
ത്തപ്പിത്തടഞ്ഞു നടകൊള്ളുകതന്നെ നമ്മൾ. 4

ക്ഷീണിച്ചടങ്ങി തനുചേഷ്ടകളൊക്കെ;—യെന്നാൽ—
ച്ചേണാർന്ന പുഞ്ചിരി മുഖത്തു വിടാതെനിന്നു,
പ്രാണപ്രദാനസമയത്തുമൊരപ്രസാദം
കാണാഞ്ഞു, നിർഭയനിൽ മൃത്യു പകച്ചിരിക്കാം! 5

ദ്രോഹിക്കുമേതൊരു പിശാചിനെ നീക്കിനിർത്താ—
നാഹന്ത, മന്ത്രമവിടുന്നു ജപിച്ചുപോന്നു,
ആ ഹിംസതന്നെ നിജതീക്ഷ്ണനഖങ്ങൾകൊണ്ടീ
മാഹാത്മ്യമൂർത്തിയുടെ മാറു പിളർത്തിയല്ലോ! 6

അന്നെഞ്ചിൽ നിശ്ചലമമർന്നു, പരാശ്രയത്തിൽ—
നിന്നാഷ്ഭ്രുവിനെയുയർത്തിയെടുത്ത കൈകൾ
എന്നേക്കുമായ് മുറുകി, യേറിയനാളഹിംസാ—
സന്ദേശമിങ്ങരുളിനിന്ന ശുഭാധരങ്ങൾ! 7

മാനിച്ചതില്ല ഗുരുവിന്റെ മനുഷ്യധർമ്മ—
ഗാനത്തെ മത്സരികൾ നാ;—മതുമൂലമല്ലീ,

---

3. ആശ അസ്തമിച്ചുവെങ്കിലും നാം വ്യസനിക്കരുത് എന്ന്. ഓരോ അവസരത്തിലും നമ്മുടെ വ്യസനത്തെ സാന്ത്വനങ്ങളെക്കൊണ്ട് അകററിയിരുന്ന അദ്ദേഹം അന്തരിച്ചു. തൃച്ചക്രനൂൽപ്പുടവ = ഖദർവസ്ത്രം; 'തൃ' എന്ന വിശേഷണം ചക്രയുടെ ഐശ്വര്യദായകത്വത്തെ കാണിക്കുന്നു.

4. പാടലാഭ = (ചോരയൊലിക്കയാലുള്ള) രക്തവർണ്ണം. പുരുഷാരമഹാർണ്ണവം = (പ്രാർത്ഥനായോഗത്തിലെ) ആൾക്കൂട്ടമാകുന്ന മഹാസമുദ്രം. ഇന്ത്യയുടെ രാവി ഇരുൾ നിറഞ്ഞതാണെന്ന് അലങ്കാരഭംഗിയിൽ പറയുന്നു.

5. തനുചേഷ്ട = ശരീരത്തിന്റെ ഇളക്കം. പ്രാണപ്രദാനസമയം = (മരണത്തിനു) ജീവനെ കൊടുക്കുന്ന സമയം. അപ്രസാദം=തെളിവില്ലായ്മ. പ്രായേണ പ്രാണൻ പോകുമ്പോഴും പ്രസന്നരായി പുഞ്ചിരികൊള്ളുന്ന നിർഭയ(ധീര)ന്മാരെ കണ്ടിട്ടില്ലാത്ത മൃത്യു ആസന്നമരണനായ ഗാന്ധിജിയുടെ പുഞ്ചിരി കണ്ടിട്ട് അമ്പരന്നു എന്നുവരാം!

6. നിജതീക്ഷ്ണനഖങ്ങൾ = തന്റെ നിശിതങ്ങളായ നഖങ്ങൾ; വെടിയുണ്ടകൾ. മാഹാത്മ്യമൂർത്തി=മഹാത്മ്യം ഉടലെടുത്തതുപോലുള്ള ആൾ. ഹിംസയാകുന്ന പിശാചിന്റെ പ്രതികാരപ്രവൃത്തിയായി വധത്തെ ഉൽപ്രേക്ഷിച്ചിരിക്കുന്നു.

7. ഗാന്ധിജി കൂപ്പുകൈകളോടുകൂടിയാണു നിലംപതിച്ചതെന്നോർക്കുക. ആഷ്ഭ്രുവ് = ഭാരതം. അരുളിനിന്ന = ഉപദേശിച്ചുപോന്ന. മരണത്തെ വ്യംഗ്യഭംഗിയിൽ ചിത്രണംചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

താനാഴ്ചതോറുമൊരുനാളിൽ വഹിച്ചുപോന്ന
മൗനവ്രതത്തെയവസാനവിഹീനമാക്കി! 8

ക്രിസ്ത്യാനി—ഹിന്ദു—മുസൽമാൻ ശിഖമുഖ്യരോരോ
വൃത്തം വരച്ചു തനതാക്കിയെടുത്തിരുന്നാൽ
മർത്ത്യത്വമെങ്ങു കടികൊണ്ടിടുമെന്നു ചിന്തി—
ച്ചത്രേ, ദയാലുവിനടഞ്ഞു വിലോചനങ്ങൾ! 9

കേൾക്കില്ല, സൂനൃതവികസ്വരമാ സ്വരം നാം;
നോക്കില്ല നമ്മെയിനി,യാക്കനിവുററ നേത്രം;
തോക്കൊന്നു, മൂന്നു വെടി—യെങ്ങു പരിക്കപെററീ—
ലാക്കാർക്ക്?—ഭൂതചരമിച്ചരിതം ജഗത്തിൽ! 10

മൂന്നു്

(അന്നനട)

പുതുയുഗത്തിലെപ്പുരുഷവര്യരിൽ—
പ്പുരോഗനാം ഗാന്ധിയുടെ തിരുമാറിൽ—
പ്രശാന്തിയാകുന്ന പരദേവതയെ
പ്രതിഷ്ഠിച്ചതായ മണിത്തിരുക്കോവിലിൽ—
ഇരുനൂറുമൊരൈമ്പതുംകോടി നാനാ—
നരരെയുൾക്കൊണ്ട പെരുംതറവാട്ടിൽ—
തെളിഞ്ഞ സത്യത്തിൻ വിളക്കെന്നേക്കുമായ്—
ക്കൊളുത്തിവെച്ചൊരു ഭജനശാലയിൽ—
വിവിധരാഷ്ട്രോപാഗതങ്ങളാം നീതി—
വിചിന്തനങ്ങൾതൻ വിഹാരസത്രത്തിൽ—

---

8. അവസാനവിഹീനം=അവസാനമില്ലാത്തതു്. മനുഷ്യധർമ്മഗാനത്തെ=സത്യം, അഹിംസ തുടങ്ങിയ സനാതനധർമ്മങ്ങളെ മുൻനിർത്തിയുള്ള ഗാനസുന്ദരങ്ങളായ പ്രഭാഷണങ്ങളെ, മത്സരികൾ = ജാതി-മതാദിസ്പർദ്ധകളിയന്നവർ. ആഴ്ചവട്ടത്തിൽ ഒരുദിവസമേ ഗാന്ധിജി മൗനമനുഷ്ഠിച്ചിരുന്നുള്ളു.

9. ഓരോ മതക്കാരും തങ്ങൾ വേറെ വേറെ ആകുന്നനിലയ്ക്ക്, ജാതിമതാതീതമായ യഥാർത്ഥമനുഷ്യത്വത്തിന്നു് സ്ഥാനമെവിടെ എന്ന ചിന്തയാലാണോ, ദയാലുവായ അദ്ദേഹം കണ്ണടച്ചതു്? മരണത്തിലും അവിടെയ്ക്കു് ഐക്യാലോചനതന്നെ! ആലോചിക്കുമ്പോൾ കണ്ണടയുന്നതു സ്വാഭാവികമാണല്ലോ.

10. സൂനൃതവികസ്വരം=സത്യംകൊണ്ടു വികസിച്ചതു്. അഭൂതചരം=മുമ്പുണ്ടാകാത്തതു്. ഒരൊററ തോക്കിൽനിന്നു പുറപ്പെട്ട മൂന്നു വെടി ഒരാളെമാത്രമല്ല എല്ലാവരെയും പരിക്കേല്പിച്ചു എന്നതാണു് അത്ഭുതപൂർവ്വത. ഗാന്ധിജിക്കു പററിയ അപമൃത്യു മനുഷ്യലോകത്തെ മുഴുവൻ വേദനിപ്പിച്ചു.

പുതുയുഗം=നവീനോപജ്ഞാനങ്ങളുടേതായ ഈ കാലഘട്ടം. പുരോഗൻ=മുമ്പേ ഗമിക്കുന്നവൻ. ഗാന്ധിജിയുടെ ജീവിതാദർശങ്ങൾ ഈ ആറേറാമിക് യുഗത്തിലും പുരോഗമനപരങ്ങളാണെന്നു ധ്വനി. മണിത്തിരുക്കോവിൽ = ശ്രേഷ്ഠമായ ക്ഷേത്രാന്തർഭാഗം. വിവിധരാഷ്ട്രോപാഗതങ്ങൾ = പല രാജ്യങ്ങളിൽനിന്നു വന്നുചേർന്നവ. ഗാന്ധിജിയുമായി പല രാജ്യക്കാരും രാഷ്ട്രീയകാര്യ

Digitized By Kerala Sahitya Akademi

ഹരിജനങ്ങളെന്നറിഞ്ഞധസ്ഥരെ—
പ്പരിചരിച്ചതാമതിഥിവേശ്മത്തിൽ—
കുറാൻ ബൈബിള—പനിഷദാദികൾതൻ
പൊരുളുകൾ വെച്ച കലവറയിങ്കൽ—
വെടിയുണ്ട വീഴ്ത്തിക്കളഞ്ഞവനുമൊ—
ട്ടെട്ടും നിന്നിലെങ്കിൽ, മനുഷ്യവർഗ്ഗമേ,
അട്ടത്തകാലത്തു തല പൊക്കില്ല നീ
കട്ടത്ത ശോകത്താൽ,ക്കനത്ത ലജ്ജയാൽ!

ഭരതമേദിനിക്കിരുൾ നീങ്ങി സ്വയം—
ഭരണമാമുഷസ്സുദിച്ചപ്പോഴേക്കും
മറഞ്ഞുപോയ് ചിക്കെന്നതിൻ കതിരവ—
നൊരു തോക്കിൻ പുകച്ചുരുളായ കാറാൽ!
ഇതിൽ ചെറുകറുപ്പുലകിലെങ്ങെങ്ങു
പതിപ്പിച്ചീലൊരു നെടുദുർദ്ദിനത്തെ?
സുലഘുവത്തോക്കിൻ കുര വിറപ്പിച്ചു
മലയെയും കരിയിലയെയുമൊപ്പം.
കൊടുംജാതിദ്വേഷവിഷഗുളികയാം
വെടിയുണ്ട തട്ടിപ്പിളർന്ന നെഞ്ചുമായ്
സ്വമാതൃഭൂമിതൻ മടിത്തട്ടിൽ വീണ
ശമപ്രവണന്റെ വിശുദ്ധരക്തത്തെ
പൊടുന്നനെയൊപ്പിയെടുത്തിതോ ഭക്ത്യാ,
പടിഞ്ഞാറെദ്ദിക്കും പ്രദോഷാംബരത്താൽ!

ലോചന നടത്തിയിരുന്നുവല്ലോ. അധസ്ഥർ=താഴെയുള്ളവർ. അതിഥിവേശ്മം=അതിഥികൾക്കുള്ള മന്ദിരം. (ഗസ്റ്റ്ഹൗസ്) പൊരുൾ = തത്ത്വം (ധനമെന്നും). ശോകം = വ്യസനം. 'പ്രശാന്തിയാന്ന' എന്നു തുടങ്ങി 'കലവറയിങ്കൽ' എന്ന് അവസാനിക്കുന്നേടത്തുവരെയുള്ള ഓരോ ഈരടിയും യഥാക്രമം മഹാത്മജിയുടെ ശാന്തിപരത്വം, ലോകത്തിലെ 250 കോടി മനുഷ്യരും ഒന്നെന്ന സമഭാവന, സത്യനിഷ്ഠ (വിശ്വാസ്യത), നീതി(രാഷ്ട്രമീമാംസ)ബോധം, ഹരിജനോദ്ധാരണതൽപരത്വം, സർവ്വമതതത്ത്വബോധം എന്നീ വിശിഷ്ടഗുണങ്ങളെ വെളിപ്പെടുത്തുന്നു. മനുഷ്യക്ക് എത്രകാലത്തും മാനനീയമായ ഇത്തരം സമുൽകൃഷ്ടഗുണങ്ങളെ നശിപ്പിക്കാൻ പുറപ്പെട്ടവൻ ഒരു മനുഷ്യനാണെങ്കിൽ, മനുഷ്യവർഗ്ഗം വ്യസനിക്കുകയും ലജ്ജിക്കുകയും വേണം.

ഇരുൾ=അടിമത്തമെന്നു താൽപര്യം. നെടുംദുർദ്ദിനം=ദീർഘച്ഛന്നമായ നീണ്ട ദിവസം (ചീത്തദിവസമെന്നും). ഇന്ത്യയുടെ സ്വയംഭരണത്തിന്റെ ഉഷസ്സ് ഉൽപാദിപ്പിച്ച കതിരവൻ (ഗാന്ധിജി) മറഞ്ഞതുകൊണ്ട് ലോകത്തിലെങ്ങും ദുർദ്ദിനം വന്നുവെന്നു പറഞ്ഞതിൽനിന്ന്, ഗാന്ധിജിയുടെ സർവ്വരാജ്യസ്വാതന്ത്ര്യമെന്ന ആദർശം വെളിപ്പെടുന്നു. സുലഘു = നിസ്സാരം; കൈത്തോക്കാണല്ലോ, മലയെയും കരിയിലയെയും = ധീരന്മാരെയും ഭീരുക്കളെയുമെന്നു സാരം. ജാതിദ്വേഷവിഷഗുളിക—ഗാന്ധിജി മുഹമ്മദീയരോടു സവിശേഷാനുകൂല്യം കാണിക്കുന്നുണ്ടെന്ന കരുതിയാണ് ആ 'ഹിന്ദുമതഭക്തൻ' തോക്കുണ്ട പൊഴിച്ചത്. ശമപ്രവണൻ = ശാന്തിനിരതൻ. പ്രദോഷാംബരം=സന്ധ്യാസമയത്തെ ആകാശം.

Digitized By Kerala Sahitya Akademi

ദിവിഷ്ഠർ കാണട്ടേ, നവനാമിദ്ധർമ്മ—
പ്രവാചകൻെറയും ദശാപരിണാമം!

മിതാശിയാം നാഥന്നിതരലോകത്തും
സ്വാദുശുദ്ധമന്വഹം കൊടുപ്പാനായ് മുന്നേ
മൃതിക്കൂട്ടിൽപ്പോയി മുളഞ്ഞ നീയെത്ര
കൃതിനി, നിർമ്മലാഹ്വയപ്പിടയാടേ!

മുടന്തുകാലനാമൊരാടിനെത്തോളി—
ലെടുത്തൊട്ടു വഴി നടന്ന ബുദ്ധനെ
അതിശയിച്ചു, തന്നജാസഹജയെ
മൃതിയിലേക്കും പിന്തുടർന്ന ഗാന്ധിജി!

'ഒരു ശവത്തെക്കൊണ്ടിഹ കാര്യമെന്തെ?'—
ന്നൊരു മാസത്തിൻമുമ്പൊരു സന്ദർഭത്തിൽ
സ്വഗതമായ്ച്ചോദിക്കുകയുണ്ടായിപോ—
ല,ഗാധദർശനനവിടുന്നു—ഹാ ഹാ,
തിരുവിളിയും കാത്തൊതുങ്ങിനില്ക്കയാ—
യിരുന്നുവോ മൃത്യു, തദീയപാർശ്വത്തിൽ!

അംബരശബ്ദത്തിനു വസ്ത്രമെന്നും അർത്ഥമുള്ളതിനാൽ ഒപ്പിയെടുക്കുക എന്ന പ്രയോഗം വിശേഷിച്ചും ഹൃദ്യമായിരിക്കുന്നു. ലോകസമാധാനകാംക്ഷികളായ പാശ്ചാത്യർക്ക് ഗാന്ധിജിയുടെ ആദർശങ്ങളോടു തോന്നിയിരുന്ന ബഹുമാനത്തെക്കൂടി ക്രൈസ്തവ, വിശുദ്ധരക്തത്തെ എന്നീ പദങ്ങൾ വ്യഞ്ജിപ്പിക്കുന്നു. ദിവിഷ്ഠർ = സ്വർഗ്ഗത്തിലുള്ളവർ. നവൻ = പുതിയവൻ. ദശാപരിണാമം = അവസ്ഥാന്തരം. പ്രാചീനന്മാരായ കൃഷ്ണൻ, ക്രിസ്തു തുടങ്ങിയ ധർമ്മോദ്ധാരകന്മാരുടെ അന്തിമാനുഭവവും ഇപ്രകാരംതന്നെ ആയിരുന്നുവല്ലോ.

മിതാശി = മിതമായി മാത്രം ഭക്ഷിക്കുന്നവൻ. ഭക്ഷണം വിശപ്പടക്കാനുള്ള ഒരു ഔഷധമാണെന്നും, ഔഷധത്തിൻേറതെന്നപോലെ ഭക്ഷണത്തിൻേറയും സ്വാദിനെക്കുറിച്ചു ചിന്തിക്കേണ്ടതില്ലെന്നും, വിശപ്പു മാറുന്നതിൽക്കവിഞ്ഞു ഭക്ഷിക്കുന്നതു് ഒരുതരം ദൂഷണമാണെന്നുമായിരുന്നു മഹാത്മജിയുടെ സിദ്ധാന്തം. സ്വാദുശുദ്ധം = തൻെറ പാൽ. അന്വഹം = ദിവസംതോറും. കൃതിനി = ധന്യ. നിർമ്മല എന്നു പേരുള്ളവൾ. ഗാന്ധിജി പതിവായി പാൽ കറന്നു കുടിച്ചിരുന്ന നിർമ്മല എന്ന ആടു് അദ്ദേഹത്തിൻെറ ചരമത്തിന്നു് ഏതാനുംദിവസം മുമ്പു മാത്രമാണു്, മരണത്തിൻെറ കൂട്ടിൽ ചെന്നു മുളഞ്ഞതു്. മൃതിക്കൂടു് എന്ന പദം മരണം ഒരു രക്ഷാസ്ഥലമാണെന്നു വ്യഞ്ജിപ്പിക്കുന്നു. അജാസഹജ = പെണ്ണാടാകുന്ന സഹോദരി. ബുദ്ധനെ അപേക്ഷിച്ചു് ഗാന്ധിജിക്കുള്ള മെച്ചം ചൂണ്ടിക്കാണിക്കുന്നു. ബുദ്ധൻ ആടിൻെറ 'പൂർവ്വരിൽ പംഗുവാമേകനെ തൻെറ തോളത്തെടുത്തു' ബിംബിസാരൻെറ കൊട്ടാരംവരെ മാത്രമേ പോയുള്ളു; ഗാന്ധിജിയാകട്ടേ, ആടിൻെറ പിന്നാലെ യമലോകത്തേക്കും പോയി. സ്വഗതം = ആത്മഗതം. അഗാധദർശനൻ = ദീർഘദൃഷ്ടിയുള്ള ആൾ. (അപാരമായ തത്വജ്ഞാനം നേടിയ

Digitized By Kerala Sahitya Akademi

കരയേണ്ടിയഴൽക്കടലിന്നോ? പ്രിയം—
കരന്റെ വേർപാടാലനാഥരാകിലും
-കരയരുതു നാം; സദാ ശിഷ്യരുടെ
കരളുറപ്പല്ലോ ഗുരുവരന്നിഷ്ടം!

നാലു്

അടിപെട്ടിതു ഗാന്ധിയും കൊല—
ള്ളി;ടിവെട്ടേററതുപോലെയായ് ജനം
വെടിയുണ്ടകളെന്തു? മാർദ്ദവം
വെടിയാത്താ തിരുനെഞ്ചമെന്തുവാൻ? 1

മടിയാതവിടുന്നു നമ്മുടെ—
ന്നടിമച്ചങ്ങല വെട്ടിയില്ലയോ?
വെടിവെയ്ക്കുകതന്നെവേണ,മി—
പ്പിടികേടിന്ന;—തു ചെയ്തു നീതിമാൻ! 2

വരദന്റെ ശിരസ്സിലേക്കുതാൻ
ദുരമർഷാംഗുലിയാശു നീട്ടി നീ;
നരമണ്ഡലമേ, ശഠൻ വൃകാ—
സുരനോ നിന്റെ കൃതജ്ഞതാ ഗുരു? 3

തരസാ വെടിയേററു, മൃത്യുതൽ—
പരനിസ്സംശയമി വീണവേളയിൽ,

ആളെന്നും) തദീയപാർശ്വത്തിൽ = അദ്ദേഹത്തിന്റെ അടുക്കൽ. പ്രിയങ്കരൻ = ഇഷ്ടംചെയ്യുന്നവൻ. ഗാന്ധിജിയുടെ ആദർശങ്ങളിൽ അതിപ്രധാനമായ ഒന്നായിരുന്നു നിർഭീകത അഥവാ മനഃസ്ഥൈര്യം. ആ ആദർശത്തിന്നെതിരായി നാം കരയുന്നതു് അദ്ദേഹത്തിന്നു് ഇഷ്ടമാവാൻ വഴിയില്ലല്ലോ.

1. മാർദ്ദവം വെടിയാത്ത = മരണാവസരത്തിലും 'ഹാ റാം' എന്നു പ്രാർത്ഥിക്കുകയാണല്ലോ ചെയ്തതു്. നെഞ്ചു് = മാറു് (ഹൃദയമെന്നും.)

2. മടിയാത്ത = മററുള്ളവരെപ്പോലെ അലസരായി വീക്ഷിക്കാതെ. അന്യർ സ്വാർത്ഥപരതകൊണ്ടോ ഭീരുത്വംകൊണ്ടോ അടിമത്തത്തെ എതിർക്കാൻ മടിച്ചു; ഗാന്ധിജിയാകട്ടെ, അസാധാരണമായവിധം അതിനെ വെട്ടിമുറിച്ചു. ഈ പിടികേടിന്നു—(സൽപ്രവൃത്തിക്കു് എന്നു വിപരീതലക്ഷണ) വെടിവെയ്ക്കുകതന്നെ വേണം. നീതിമാൻ—പ്രകൃതത്തിൽ ഘാതകനായ നാഥുറാം ഗോഡ്സേ. വിപരീതലക്ഷണതന്നെ.

3. വരദൻ = അനുഗ്രഹമേകിയവൻ. ദുരമർഷാംഗുലി = കെട്ട കോപമാകുന്ന ചൂണ്ടുവിരൽ. നരമണ്ഡലം = മനുഷ്യസമൂഹം. വൃകൻ എന്നു പേരായ ഒരു അസുരൻ വളരെക്കാലം ശിവനെ തപസ്സുചെയ്തു് തന്റെ വിരൽ തലയിൽ വെയ്ക്കപ്പെട്ടവരൊക്കെ മരിക്കണമെന്നു് അനുഗ്രഹം വാങ്ങുകയും, അതു പരീക്ഷിപ്പാൻ വരദാതാവായ ശിവന്റെ തലയിൽത്തന്നെ വിരൽവെയ്ക്കാൻ ഒരുങ്ങുകയും ചെയ്തതായി ഒരു പുരാണകഥയുണ്ടു്. ആ വൃകാസുരനിൽനിന്നാണോ മനുഷ്യവർഗ്ഗം കൃതജ്ഞത പഠിച്ചതു്? ഇതിലുംമീതെ ഒരു കൃതഘ്നതയെന്തുള്ളു!

Digitized By Kerala Sahitya Akademi

ശരതല്പഗനായ ഭീഷ്മരെ—
ധര കണ്ടു ധ്രുവ,മീയുഗത്തിലും! 4

നലമൊത്ത മതങ്ങളെസ്സമം
വിലവെയ്ക്കുന്ന വിശുദ്ധചര്യനെ—
തലചായ്ക്കുക ഹിന്ദുസംഘമേ—
കൊലചെയ്തോൻ ഭവദീയനാണുപോൽ! 5

ഗതശങ്കമഹിന്ദുഹിംസന—
വ്രതമോ, ഹൈന്ദവധർമ്മമാര്യരേ?
മത-ജാതിവിഭേദകർദ്ദമം
വിതറായ്‌വിൻ, നിഗമാക്ഷരങ്ങളിൽ! 6

ധൃതസൗഹൃദനായ് മുഹമ്മദിൻ
മതമേ നമ്മൊടു ചൊല്ലി ഗാന്ധിയും:
ഹിതഭാഷികളേകകണ്ഠർതാൻ
സതതം, ശ്രീമുസൽമാൻസമാജമേ. 7

ഗുരുരക്ഷകനന്തരിച്ചുപോയ്;
തരുവാനാരഭയം നമുക്കിനി?

---

4. മൃത്യുതൽപരൻ=മരണത്തെ ആഗ്രഹിച്ചവൻ. സംയമി=ജിതേന്ദ്രിയൻ. ശരതല്പഗൻ=ശരശയ്യയിൽ കിടന്നവൻ. ധര=ഭൂമി. ഈ യുഗത്തിലും = ഭോഗേച്ഛയും ധർമ്മവൈമുഖ്യവും നിറഞ്ഞ ഇക്കാലത്തും; ദ്വാപരയുഗത്തിലാണല്ലോ ഭീഷ്മരുടെ ശരതല്പശയനം.

5. നലമൊത്ത=നന്മയുള്ള സമം = ഒന്നുപോലെ. വിശുദ്ധചര്യൻ = പരിശുദ്ധമായ ജീവിതത്തോടുകൂടിയവൻ. ഭവദീയൻ = അങ്ങയെസ്സംബന്ധിച്ചവൻ (ഹിന്ദു). ഒരു ഹിന്ദുവിന്റെ ദൃഷ്ടിയിൽ എല്ലാ മതങ്ങളും സത്യമാണ്, (ഗീതയിലെ 'യദാ യദാഹി ' എന്ന പദ്യം ഓർക്കുക) അങ്ങനെയുള്ള ഒരു യഥാർത്ഥഹിന്ദുവിനെ ഒരു ഹിന്ദുതന്നെയാണ് വധിച്ചതു് എന്ന വസ്തുത വർഗ്ഗത്തിന്നു് ആകമാനം ലജ്ജാവഹമാണ്!

6. ഗതശങ്കം = ശങ്കകൂടാതെ. അഹിന്ദുഹിംസനവ്രതം = ഹിന്ദുക്കളല്ലാത്തവരെ കൊല്ലുക എന്ന വ്രതം. ആര്യരേ=ശ്രേഷ്ഠരേ; വേദാദികളുടെ ഉപജ്ഞാതാക്കളായ ആര്യവർഗ്ഗക്കാരുടെ അനുയായികളേ. മത-ജാതിവിഭേദകർദ്ദമം = മതഭേദം ജാതിഭേദം തുടങ്ങിയ ചളി. നിഗമാക്ഷരങ്ങൾ = വേദത്തിലെ അക്ഷരങ്ങൾ. ജാതിമതഭേദങ്ങളൊന്നും ഹിന്ദുക്കളുടെ പ്രമാണഗ്രന്ഥങ്ങളായ വേദങ്ങളിലില്ല. വേദങ്ങൾ 'ഭേദങ്ങളുററ പൊരുളിനെ കാഹളമൂതി വാഴ്ത്തുന്നവ'യാണല്ലോ.

7. ധൃതസൗഹൃദൻ = സ്നേഹത്തോടുകൂടിയവൻ. ഹിതഭാഷികൾ = ഹിതം (വേണ്ടതു്)പറയുന്നവർ. ഏകകണ്ഠർ=ഒരേ ശബ്ദത്തോടുകൂടിയവർ. മുസൽമാൻസമാജം = മുസ്ലിംസംഘം; മുഹമ്മദുനബി അനുയായികളോടു് അനുഷ്ഠാനത്തിൽ കൊണ്ടുവരാൻ ഉപദേശിച്ച സർവ്വജനസാഹോദര്യംതന്നെയാണ്, ഗാന്ധിജിയും ഉപദേശിച്ചതു്. ഹിതഭാഷികൾ(പ്രവാചകന്മാർ) എല്ലാവരും ഏകകണ്ഠർതാൻ (ഒരേ തത്ത്വത്തെത്തന്നെയാണ് ഉപദേശിക്കുന്നതു്). സതതം = എന്നെന്നും.

Digitized By Kerala Sahitya Akademi

ഒരു മിന്നൽമിടിപ്പുമാത്രമായ്—
വരുമോ, ഭാരതമുക്തിസൗഭഗം? 8

മതി ശങ്കകൾ മാതൃഭൂവിനെ—
ക്കൃതിപുത്രൻ വെടിയാ, മരിക്കിലും?
ഗതി കൈത്തുടരാം; നമുക്ക ത—
ദ്ധൃതിതാൻ നേർവഴി കാട്ടുമിന്നിയും. 9

ദരിദ്രനാം ഗാന്ധിജി കൊണ്ടുവന്നത—
ന്നൊരിപ്പരാധീന്യവിമുക്തിഭൂതിയെ
കരിമ്പുഴുക്കൾക്കു കരണ്ടുതിന്നുവാ—
നൊരിക്കലും വിട്ടുകൊടുക്കുകില്ല നാം! 10

അഞ്ച്

(കാകളി)

ആയിരമോടൊത്ത നൂററിരുപത്തിമൂ—
ന്നാമതാമാണ്ടിൻ മകരമാം മാസമേ,

പെട്ടെന്നു നിന്നുദരത്തിലകപ്പെട്ടു
നഷ്ടമായ്പ്പോയ് ജഗത്തിന്റെ സർവ്വസ്വവും!

എല്ലാഗ്ഗുണംകൊണ്ടുമിത്ര മികച്ചൊരു
കല്യാണരത്നം, നൃലോകചൂഡോചിതം

എണ്ണതാണ്ടിന്നു മുമ്പുണ്ടോ വിളഞ്ഞു ഹാ,
സമ്പന്നമാമൂഷിഭൂവിൻ ഖനിയിലും?

8. ഗുരുരക്ഷകൻ—ഉപദേഷ്ടാവും രക്ഷിതാവുമായ ഗാന്ധിജി. ഭാരതമുക്തി സൗഭഗം = ഇന്ത്യയുടെ മോചനത്തിന്റെ സൗന്ദര്യം. ഗാന്ധിജിയുടെ നിര്യാണത്തോടുകൂടി സ്വാതന്ത്ര്യം നിഷ്പ്രഭമായേക്കുമോ എന്ന് ആശങ്ക.

9. കൃതിപുത്രൻ—(മാതൃഭൂമിയുടെ സ്വാതന്ത്ര്യം നേടിയതുകൊണ്ട്) കൃതാർത്ഥനായ പുത്രൻ മരിക്കിലും—'ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ' എന്നുണ്ടല്ലോ. ഗതി കൈത്തുടരാം = വീണ്ടും മുന്നോട്ടു പോകാം. തദ്ധൃതി = അദ്ദേഹത്തിന്റെ പ്രകാശം; ഉപദേശങ്ങളുടെ താൽപര്യം. ഇന്നിയും = ഇനിയും.

10. ദരിദ്രനാം = ഗാന്ധിജിക്ക ഭൗതികസ്വത്തൊന്നുമുണ്ടായിരുന്നില്ല. പരാധീന്യവിമുക്തിഭൂതി = പാരതന്ത്ര്യത്തിൽനിന്നുള്ള മോചനമാകുന്ന ഐശ്വര്യം. കരിമ്പുഴുക്കൾ = വർഗ്ഗീയവാദികളും അതുപോലുള്ള പിന്തിരിപ്പന്മാരും. സ്വാതന്ത്ര്യത്തെ നിലനിർത്താൻ സർവ്വഥാ പ്രയത്നിക്കണമെന്നാശയം.

മകരം—ഏററവും ബുഭുക്ഷയുള്ള ഒരുജാതി വലിയ മത്സ്യം. ഗാന്ധിജിയെപ്പോലും വിഴുങ്ങിയ മകരമാസം പ്രസ്തുത മത്സ്യത്തെ അനുസ്മരിപ്പിക്കുന്നു. സർവ്വസ്വം = (ഭൗതികവും ആധ്യാത്മികവുമായ) എല്ലാ സ്വത്തും. എല്ലാഗ്ഗുണം—ശോഭ, അമൂല്യത, അപൂർവ്വത, ദാർഢ്യം, മംഗളദായകത്വം മുതലായവയാണ് രത്നത്തിന്റെ ഗുണങ്ങൾ. ഇത്തരം ഗുണങ്ങൾ ഗാന്ധിജിക്കുമുണ്ടായിരുന്നുവല്ലോ. കല്യാണരത്നം = കല്യാണപ്രദമായ രത്നം (എല്ലാ രത്നങ്ങളും കല്യാണദായകങ്ങളല്ല.) നൃലോകചൂഡോചിതം = മനുഷ്യലോകത്തിനു മുഴുവൻ ശിരോലങ്കാരമാവാൻ പററിയത്. സമ്പന്ന.. ഖനി = ലോകത്തിൽ ഏററവുമധികം മാതൃകാമനുഷ്യരു

Digitized By Kerala Sahitya Akademi

വന്ന വന്ന വിപത്തൊക്കെസ്സഹിച്ചുകൊ—
ണ്ടിന്നലെയോളമുയിർക്കൊണ്ട ഭാരതം

ഇന്നു മരിക്കതാൻ ചെയ്തു, വെടിയേററു
വന്ദ്യൻ മഹാത്മജി വീണതോടൊപ്പമേ!

സൂര്യൻ മറവിലായ്; മഞ്ഞിലൂടേ മിഴി—
നീരങ്ങു തൂകീ, നിറംകെട്ട ദിക്കുകൾ;

മാരുതനും തദാ വീർപ്പുമുട്ടീ; ക്ഷണ—
നേരം നിരാകമ്പമാ നരഘ്നലാർണ്ണവം!

കാരുണ്യമൂർത്തിയാമിപ്പതിതപ്രജോ -
ദ്ധാരകൻ പേർത്തെഴുന്നേല്പാൻ സ്വജീവനെ,

ചോരയൊലിച്ചു മുറിപ്പെട്ട തന്തിരു—
മാറിനകത്തേക്കയച്ചിതോ സർവരും!

സാഹസക്കയ്യിതു ചെയ്യൊലാ സദ്ഗുരു—
സ്നേഹാദരാകുലർ നിങ്ങൾ സഗർഭ്യരേ!

ഇമ്മണിമെയ്യിൽക്കടക്കുവാനർഹമോ,
നമ്മളിലാരുടെയെങ്കിലും ജീവിതം?

പ്രത്യഹം ധ്യാനാൽ ശിരസ്സിൽനിന്നോലുന്ന
സത്യാമൃതദ്രവംകൊണ്ടു സംക്ഷാളിതം,

ഹൃദ്യയാം ശാന്തിതൻ തോർത്തിലുതടച്ചുലാൽ
ശുദ്ധാതിശുദ്ധ,മിപ്പുണ്യകളേബരം;

ണ്ടായിട്ടുള്ളതു് ഈ ആഫ്രിക്കയിലാണ്. വിപത്തു് = വിദേശീയരുടെ പലപ്പോഴുമുള്ള ആക്രമണം, ചൂഷണം, അടിമത്തം, മഹാന്മാരായ ദേശീയനേതാക്കന്മാരുടെയും മററും മരണം, വിഭജനം മുതലായ ആപത്തു്. ഉയിർക്കൊണ്ട = ജീവിച്ചു. 'ക്ലൈബ്യം മാ സ്മ ഗമഃ പാർത്ഥ' എന്ന ഗീതാവചനം പഠിച്ച ഭാരതം ഈ വിപത്തുകളെ അവഗണിച്ചു ജീവിച്ചുവെങ്കിലും, ഗാന്ധിജിയുടെ അന്ത്യത്തോടുകൂടി കദനഭാരം താങ്ങാനാവാതെ മരിക്കുകതന്നെ ചെയ്തു (മൃതപ്രായമായിത്തീർന്നു)വെന്നു താൽപര്യം. മഞ്ഞിലൂടേ—മകരത്തിലെ മഞ്ഞു പ്രസിദ്ധമാണല്ലോ. നിറംകെട്ട=മഞ്ഞുകൊണ്ടു മങ്ങിയ (വ്യസനംകൊണ്ടു വിവർണ്ണങ്ങളായ) ആ മരണസംഭവം എല്ലാ നാടുകളെയും ദുഃഖിപ്പിച്ചുവെന്നു വ്യംഗ്യം. ആ നരഘ്നലാർണ്ണവം = പ്രാർത്ഥനായോഗത്തിലെ ആൾക്കൂട്ടമാകുന്ന കടൽ. പ്രകൃതിയോടൊപ്പം മനുഷ്യരാശിയും നിശ്ചേഷ്ടമാകുന്നു. പതിതപ്രജോദ്ധാരകൻ = എളിയവരെ ഉദ്ധരിക്കുന്ന ആൾ. ഗാന്ധിജിയുടെ ഉയിർത്തെഴുന്നേല്പിനുവേണ്ടി എല്ലാവരും തങ്ങളുടെ ജീവനെ അദ്ദേഹത്തിന്റെ അകത്തേക്കു് അയച്ചുവോ എന്നു് ഉൽപ്രേക്ഷ.

സാഹസക്കയ്യ്—ഗാന്ധിജിയുടെ സ്വച്ഛദേഹത്തിൽ സ്വപ്രാണനെ പ്രവേശിപ്പിക്കുക എന്ന അവിവേകം. സഗർഭ്യർ=സഹോദരർ. സദ്ഗുരുസ്നേഹാദരാകുലർ=ശ്രേഷ്ഠനായ ഗുരുവിനോടുള്ള സ്നേഹത്താലും ആദരത്താലും വശംകെട്ടവർ. ഗാന്ധിജിയുടെ ദേഹത്തിൽ പ്രവേശിക്കത്തക്ക പരിശുദ്ധി നമ്മുടെ ആത്മാക്കൾക്കില്ലല്ലോ. അതു് എടുത്തുപറയുന്നു. പ്രത്യഹം = ദിവസംതോറും. സത്യാമൃതദ്രവം = സത്യമാകുന്ന അമൃതദ്രവം. സംക്ഷാളിതം = നല്ലപോലെ കഴുകപ്പെട്ടതു്. ഹൃദ്യം = ഹൃദയപ്രിയം. ശുദ്ധാതിശുദ്ധം = ഏററവും പരിശുദ്ധം. പുണ്യകളേബ...

Digitized By Kerala Sahitya Akademi

മുഗ്ദ്ധരാം നമ്മുടെ ജീവിതമോ, മത–
സ്പർദ്ധാപരസ്പരധ്വംസമലീമസം!
മദ്യമൊഴിക്കായ്ക തീർത്ഥനീർക്കപ്പിയിൽ;
ഇത്തിൾ പെറുക്കിയിടായ്ക, പൊൻചെപ്പിൽ നാം!

മർത്ത്യർതൻ പേക്കൂത്തു കണ്ടു മനംമടു–
ത്തത്രേ സ്ഥലമാററ,മർത്ഥിച്ചു ബാപ്പുജി;
നിർത്തേണ്ട, നില്ക്കുവാൻ വയ്യ, പോയ്ക്കൊള്ളട്ടെ
പൃത്ഥ്വിക്കു ചേർന്നതല്ലിദ്ദിവ്യജീവിതം!
ബുദ്ധനും ക്രിസ്തുവും താൻതാൻ തിരിച്ചുപോയ്
വർത്തിച്ച ദേശമേ, ഗാന്ധിക്കുമാലയം.
'ആക്രമനാഹാരചര്യയാൽ പ്രാണനെ–
പ്പോക്കാം;—മതിൽധീരമൃത്യുതാമെന്തുവാൻ?
തൂക്കുമരത്തിൽക്കരേറിയോ, സസ്മിതം
തോക്കുണ്ടയേററോ മരിക്കുമാറാക ഞാൻ!'
എന്നഭിവാഞ്ഛിച്ചു നിർഭയൻ; തൻനെഞ്ചിൽ
വന്നു പതിക്കയുംചെയ്തു തോക്കുണ്ടകൾ.
നന്നായ്ക്കഴിച്ചാനയാൾ ഗുരുദക്ഷിണ;
നമ്മൾ മൃഷാശിഷ്യർ; നാഥുറാം ഭക്തിമാൻ!

ശം = പാവനശരീരം. ധ്യാനനിരതരായ യോഗികൾക്കു ശിരസ്സിൽനിന്ന് അമൃതു പൊഴിയുമെന്നു യോഗശാസ്ത്രം. ഇവിടെ സത്യത്തിലുള്ള അചഞ്ചലവിശ്വാസം കൊണ്ടുണ്ടാകുന്ന മാനസികസംശുദ്ധി ശരീരത്തെയും പവിത്രമാക്കുന്നെന്നു താൽപര്യം. മുഗ്ദ്ധർ = മോഹിതർ. മത...മലീമസം = മതമത്സരംകൊണ്ടു തമ്മിൽത്തമ്മിൽ നടത്തുന്ന ഹിംസയാൽ മലിനം; ജീവിതത്തിന്റെ വിശേഷണം. നമ്മുടെ ജീവനെ ഗാന്ധിജിയുടെ ദേഹത്തിൽ കടത്തുന്നതു തീർത്ഥക്കപ്പിയിൽ മദ്യമൊഴിക്കുന്നതുപോലെയും പൊന്നളുക്കിൽ ഇത്തിൾ (കക്ക) പെറുക്കിയിടുന്നതുപോലെയുമാണ് എന്ന്.

സ്ഥലമാററമർത്ഥിച്ചു—മരിക്കുന്നതിന്ന് ഏതാനും നാളുകൾക്കുമുമ്പ് മഹാത്മജി, തന്നെ ഈ ലോകത്തിൽനിന്നു മറെറാരു ലോകത്തിലേക്കു കൊണ്ടുപോകണമേ എന്ന്, ഈശ്വരനോടു പ്രാർത്ഥിക്കുകയുണ്ടായി. നിർത്തേണ്ട—ഈ ലോകത്തിൽ ഇനിയും താമസിപ്പിക്കേണ്ട. പൃത്ഥ്വിക്കു ചേർന്നതല്ല—ഭൂമിയിലെ ജീവിതം പാപകലുഷമാണ്; ഗാന്ധിജിയുടേതു ദിവ്യം(സ്വർഗ്ഗത്തിന്നു യോജിച്ചത്) ആണല്ലോ. ദേശമേ = ദേശംതന്നെ. ആലയം = വാസസ്ഥാനം. അനാഹാരചര്യ = നിരാഹാരവ്രതം. ധീരമായി ജീവിച്ച ഗാന്ധിജി ധീരമായ മരണത്തെയും അഭിലഷിച്ചു. അതുകൊണ്ടാണ്, വീരോചിതമായവിധമാകണം തന്റെ മരണമെന്ന് ഒരു അന്തേവാസിയോടു പറഞ്ഞത്. പ്രാർത്ഥനായോഗത്തിൽ ബോംബു വീണപ്പോൾ മഹാത്മജി പ്രദർശിപ്പിച്ച ധീരത കണ്ടു പ്രശംസിച്ച ലോകരോട് അദ്ദേഹം, മരണത്തെ പുഞ്ചിരിയോടുകൂടി എതിരേല്പാൻ തനിക്കു സാധിക്കുന്നപക്ഷമേ ആ പ്രശംസയർഹിക്കുന്നുള്ളു എന്നു പറയുകയുണ്ടായി. നിർഭയൻ — ഗീതയുടെ സന്ദേശമനുസരിച്ചു ജീവിക്കുന്നതുകൊണ്ടു പേടിയററവൻ. മൃഷാശിഷ്യർ = ശിഷ്യത്വം നടിക്കുന്നവർ. ഗുരുവിന്റെ ആഗ്രഹം സാധിപ്പിക്കാത്ത നാം ശരിക്കുള്ള ശിഷ്യരല്ലെന്നും അതു സാധിപ്പിച്ച നാഥുറാമാണ് ഗുരുഭക്തിമാനെന്നും പരിഹാസം.

Digitized By Kerala Sahitya Akademi

ആറ്

(പാന)

ദില്ലിയിൽ ബിർളയെന്ന കുബേരന്റെ
വെള്ളിമാമലയിങ്കലൊരു കോണിൽ
അദ്ധനഗ്നനായ് ശുഷ്കാംഗനായ് ജഗ—
ദുദ്ധൃതിക്കു തപംചെയ്തിടുമൃഷി
നിത്യകൃത്യമാം പ്രാർത്ഥനായോഗത്തി—
ന്നെത്തിടുന്ന മഹത്താം മുഹൂർത്തത്തെ
കാത്തുനില്പായ് പരന്ന പുരുഷാരം,
കാററമർന്നിളകാത്ത കടൽപോലെ.
അന്നരാംബുധിക്കിന്നും യഥാകാലം
വന്നുദിച്ചു, തൻവാർതിങ്കളെങ്കിലും
നിന്നിരുന്നു ഹാ, വായ് പിളർത്തി ഗ്രസി—
ക്കുന്നതിന്നൊരു നീചരാഹുഗ്രഹം!

'പോരുമിത്രയു,മാപ്തമാം മുക്തിതൻ
മാറു കുത്തിപ്പിളർന്നുകഴിഞ്ഞല്ലോ;
വൈരദംഷ്ട്ര വെടിഞ്ഞിനി, മർത്ത്യർതൻ
ചേരിയിൽത്തന്നെ ചേരുക നാ'മെന്നോ;
'ആത്തരാമയല്ക്കാരുടെ കണ്ണീരാൽ
സ്വാർത്ഥവാടി നനയ്ക്കായ്ക നാ'മെന്നോ;
'ലോഭമല്ല,ലംഭാവമാണക്ഷ,യ—
ലാഭമാം വ്യവസായം നരക്കെ'ന്നോ;
'ചക്കുഴലിന്റെ ചന്ദ്രികയേതിരുളാം—
മുക്കിലും വെണ്മവീശും മുറയ്ക്കെ'ന്നോ;

വെള്ളിമാമല = കൈലാസം; വെള്ളിമാമലപോലുള്ള മഹാസൗധമെന്നർത്ഥം. കുബേരനത്രേ, കൈലാസനാഥൻ. ശുഷ്കാംഗൻ = (വ്രതചര്യകളെക്കൊണ്ട്) ശോഷിച്ച അവയവങ്ങളോടുകൂടിയവൻ. പ്രാർത്ഥനായോഗമാകുന്ന ആ നിശ്ചലമായ ആൾക്കടലിൽ ഗാന്ധിജിയുടെ ആഗമനം വേലിയേററം (ആഹ്ലാദം) ഉണ്ടാക്കി എന്നു വ്യംഗ്യം. മോചനമില്ലാത്ത ഗ്രാസമായതുകൊണ്ടു രാഹുവിനു നീചനെന്ന വിശേഷണം ഉപപന്നമായിരിക്കുന്നു.

ആപ്തമാം മുക്തി = കൈവന്ന സ്വാതന്ത്ര്യം. മുക്തിയുടെ മാറു കുത്തിപ്പിളർന്നുവെന്നതു് ഇന്ത്യയെ രണ്ടായി വിഭജിച്ചതിനെ സൂചിപ്പിക്കുന്നു. മർത്ത്യർതൻചേരിയിൽ—ഇതുവരെ മൃഗങ്ങളെയോ രാക്ഷസരെയോപോലെയാണ്, വർഗ്ഗമത്സരത്താൽ നാം സഹജീവികളോടു പെരുമാറിയിരുന്നതു്. സ്വാർത്ഥവാടി = തൻകാര്യമാകുന്ന പൂന്തോട്ടം. അന്യരുടെ ദുഃഖത്തെ നമ്മുടെ സുഖത്തിനുവേണ്ടി വിനിയോഗിക്കരുതെന്നർത്ഥം. ലോഭം = ധനത്തിലുള്ള അത്യാഗ്രഹം അലംഭാവം = മതി എന്ന വിചാരം. അക്ഷയലാഭമാം വ്യവസായം = നശിക്കാത്ത ലാഭമുണ്ടാക്കുന്ന തൊഴിൽ. അലംഭാവംകൊണ്ടേ അനശ്വരക്ഷേമം വരൂ എന്നു താൽപര്യം. ഇരുളാംമുക്ക്—പരിഷ്കാരമൊന്നുമില്ലാത്ത കുഗ്രാമമെന്നർത്ഥം. വെണ്മവീശും—പ

Digitized By Kerala Sahitya Akademi

'എത്തിടേണ്ടമിടത്തു ചെന്നെത്തുവാൻ
സത്യമൊന്നേ വെളിച്ചം നമുക്കെ'ന്നോ;

ഇന്നുപന്യസിച്ചീലാ, സരളമാം
സുന്ദരഭാഷകൊണ്ടത്തിരുമുഖം.

ഭീമഘാതത്തെയർപ്പിച്ച തോക്കിന്നു
രാമനാമമൊന്നേകി വിരമിച്ചു!

വെട്ട–കുത്തു–തീവെപ്പു–വെടികളാൽ–
പ്പട്ടടപ്പറമ്പായ്ത്തീർന്ന പാരിലും

പാദചാരിയായ്ച്ചെന്നു ചെന്നേതൊരാൾ
സ്വാദുസൗഭ്രാത്രവിത്തു വിതച്ചിതോ,

നന്മയെ നൂല്ക്കുമേതൊരു വൃദ്ധന്നു
കർമ്മചര്യതാൻ വിശ്രമമെന്നെന്നും,

അമ്മഹാനിതാ, വീണുകിടക്കുന്നു,
നമ്മുടെ നെഞ്ചുടഞ്ഞതിൻ ധൂളിയിൽ!

ലോകപൂജ്യരിലഗ്രിമന്നാതിഥ്യ–
മേകിയ പുതുശീമോൻഭവനമേ,

തുല്യഭാവനനാകിയ ബാപ്പുജി
തെല്ലുനാൾ വാണ ബിർളാസദനമേ—

രിഷ്കാരവും ജീവിതസന്തുഷ്ടിയുമുണ്ടാകും. എത്തിടേണ്ടമിടം = പ്രാപ്യസ്ഥാനം. ഗാന്ധിജി പ്രാർത്ഥനായോഗങ്ങളിൽ പ്രസംഗിക്കാറുള്ള വിഷയങ്ങളെയാണ് മേൽക്കാണിച്ച ഈരടികളിൽ സൂചിപ്പിച്ചിട്ടുള്ളത്. സരളമാം സുന്ദരഭാഷ— മഹാത്മജിയുടെ ഭാഷയുടെ സാരള്യവും സൗന്ദര്യവും സുപ്രസിദ്ധമാണല്ലോ. ഭീമഘാതം = ഭയങ്കരമായ അടി. ഇതുണ്ടാക്കുപ്രയോഗിച്ച തോക്കിന്ന്, അതിന്റെ പാപം തീരാനോ, എന്നു തോന്നുമാറു രാമനാമം അർപ്പിക്കുന്നു. രാമനാമത്തിൻെറ മഹത്ത്വംകൊണ്ടാണല്ലോ, ഹിംസാനിഷ്ണാതനായ വ്യാധൻ മഹത്ത്വമേറിയ ഋഷി (വാല്മീകി)യായി മാറിയത്.

വെട്ട...പാരിലും = വർഗ്ഗീയലഹളകൾ കൊടുമ്പിരിക്കൊണ്ടിരുന്ന നൗഖാലിയിലും മറ്റും കാൽനടയായിച്ചെന്ന് മഹാത്മജി സർവ്വസാഹോദര്യം പ്രസംഗിക്കുകയുണ്ടായല്ലോ. കർമ്മചര്യ = പ്രവൃത്തിയെടുക്കൽ. പതിവായി ചർക്കയിൽ നൂൽ നൂററിരുന്ന ആ വൃദ്ധകർമ്മയോഗി പണിയെടുക്കുന്നതിലാണ് വിശ്രമസുഖമനുഭവിച്ചിരുന്നത്. ധൂളി = പൊടി. നെഞ്ച് = ഹൃദയം; ആശയം. വെടിവെയ്ക്കപ്പെട്ടതോടുകൂടി നമ്മുടെ ഹൃദയം ഇടിഞ്ഞു ധൂളിയായിത്തീർന്നു; ആ ധൂളിയിലാണ് അദ്ദേഹം വീണു കിടക്കുന്നത്!

അഗ്രിമൻ = മുമ്പൻ. ആതിഥ്യം = വിരുന്ന്. പുതുശീമോൻ ഭവനം = പുതിയ ശീമോൻെറ വീട്. കോടീശ്വരനായ ബിർളയെയാണ്. ഇവിടെ ശീമോനോട് ഉപമിച്ചിരിക്കുന്നത്. ക്രൈസ്തവവേദപ്രഖ്യാതനായ ശീമോൻ, ഗലീലിയിലെ നെയിൻപട്ടണത്തിലെ മഹാധനികനായ ഒരു യഹൂദപ്രഭുവായിരുന്നു. അദ്ദേഹം സ്വഭവനത്തിൽവെച്ച ക്രിസ്തുവിന്ന് ആതിഥ്യം നല്കുകയുണ്ടായി; അതുപോലുള്ള മറെറാരു ക്രിസ്തുവിന്നു വിരുന്നേകിയതുകൊണ്ടാണ് ബിർളാ

Digitized By Kerala Sahitya Akademi

അല്ലിതിൻവരവോടേ നിലച്ചു നിൻ
ദുർല്ലഭാതിഥിപൂജാശ്രുഭാജ്ജനം.

നിന്നിൽനിന്നൊട്ടുനേരത്തിനുമുമ്പേ,
പൊന്നു പൗത്രിതൻ തോളത്തിടംകയ്യും,

ഊന്നുകമ്പുമേൽത്തുവലംകയ്യുമായ്—
പ്പോന്നപോലല്ല, താവകീനാതിഥി

നിങ്കലേക്ക തിരിച്ചെത്തിയതയ്യോ—
സങ്കടമിതാരാനൂഹിച്ചിതോ—

തങ്കമെയ്യിൽനിന്നസ്രമൊലിക്കമി—
ച്ചെങ്കതിരവന്നസ്താദ്രിയായി നീ!

വൈദ്യുതദീപനേത്രലക്ഷം മിഴി—
ച്ചാർത്തയാം ദില്ലിയേതിനെത്തേടിയോ,

ഉന്നമിച്ചാഷ്രാജ്യതേജസ്സുതു
ചെന്നുചേർന്നുപോയ്, നക്ഷത്രലോകത്തിൽ.

ഏഴ്

വ്യഥാഭയാമർഷപരിഭ്രമത്രപാ—
ഭൂതങ്ങളാം മർത്ത്യമുഖായുതങ്ങളാൽ
പരീതമായ്ത്തീർന്ന, പരേതനിന്ത്യതൻ
പിതാവകംപൂകിയ ബിർളതൻഗൃഹം. 1

മന്ദിരത്തെ 'ശീമോൻഭവന'മെന്നു വിളിച്ചത്. അല്ല്=രാത്രി; വ്യസനമെന്നും. ദുർല്ലഭാതിഥിപൂജാശ്രുഭാജ്ജനം = ദുർല്ലഭന്മാരായ അതിഥികളുടെ പൂജകൊണ്ടുള്ള പുണ്യം നേടൽ. വ്യവസായികളുടെ ലാഭലോലുപതയും ധ്വനിക്കുന്നു. 'സത്തരെത്തുണയുമസ്ഥലമല്ലോ പുണ്യമെന്നു പറയുന്നതു ലോകർ' എന്ന കാളിദാസവചനമോർക്കുക. ഇനി ബിർളാഗൃഹത്തിന് ഇതുപോലെ സത്തമനായ മറ്റൊരതിഥിയെ ലഭിക്കില്ലെന്നർത്ഥം. പൗത്രി—ആഭ എന്ന പേരായി ഗാന്ധിജിയെ ശുശ്രൂഷിച്ചുപോന്ന പൗത്രി. ഊന്നുകമ്പ് = ഊന്നുവടി. താവകീനാതിഥി = നിന്റെ (ബിർളാഗൃഹത്തിന്റെ) വിരുന്നുകാരൻ പോന്നപോലല്ല— ഗൃഹത്തിൽനിന്നു നടന്നുപോയിട്ടു ഗൃഹത്തിലേക്ക് എടുത്തുകൊണ്ടുപോവുകയുമാണല്ലോ ഉണ്ടായത്. അസ്രം = രക്തം. അസ്താദ്രി = അസ്തമയപർവ്വതം. അസ്താദ്രിയായി— ചെങ്കതിരവൻ അവിടെ മറഞ്ഞു! ഗാന്ധിജിയെ അകത്തേക്കു കൊണ്ടുപോയി.

ലക്ഷക്കണക്കിലുള്ള വൈദ്യുതദീപങ്ങളെ ദില്ലിയുടെ കണ്ണുകളായി കല്പിച്ചിരിക്കുന്നു. ആർത്ത = ദുഃഖിത. ഉന്നമിച്ച് = ഉയർന്ന്. സത്യം, അഹിംസ, ത്യാഗം, ശാന്തി ഇവയാണ് ആഷ്രാജ്യത്തിന്റെ ആദർശങ്ങൾ; ഈ ആദർശങ്ങളനുസരിച്ച് ജീവിച്ചിരുന്നതിനാൽ ഗാന്ധിജിയെ ആഷ്ഭൂമിയുടെ തേജസ്സായി അധ്യവസായം ചെയ്തിരിക്കുന്നു. ദർശിക്കാനാൻ കൊതിച്ച ആ ദിവ്യതേജസ്സ് നക്ഷത്രലോകത്തിലേക്ക് ഉയർന്നു. മഹാന്മാർ മരണശേഷം നക്ഷത്രങ്ങളായി മാറുന്നു എന്നൊരു വിശ്വാസമുണ്ട്.

1. വ്യഥാ... ഭൂതങ്ങളാം = ദുഃഖം, പേടി, കോപം, അമ്പരപ്പ് ലജ്ജ ഇവയാകുന്ന ഭൂതങ്ങളുടിവ. മർത്ത്യമുഖായുതങ്ങളാം = പതിനായിരക്കണക്കിനുള്ള മനുഷ്യമുഖ

Digitized By Kerala Sahitya Akademi

പതച്ചുപററാത്ത ഹൃദന്തരങ്ങളും
പകച്ചു, കർത്തവ്യവിമൂഢതോദയാൽ;
കരച്ചിലെന്തെന്നറിയാത്ത കൺകളും
നനച്ചു, നാഥന്റെ തണുത്ത കാല്ക്കളെ!

കിടച്ചിരിക്കില്ല മൃതിക്കി,തിൻവിധം
വിശുദ്ധമാം ജീവിതമൊന്നിതേവരെ;
മുടിഞ്ഞിരിക്കില്ല ജഗത്തിനിത്രയും
നിരർഘമായോരു നിധിപ്രകാണ്ഡവും! 3

''അഖണ്ഡസത്യാത്മകനേക,നപ്പനെ—
ന്നിരിക്കെ, മക്കൾക്കൊരനൈക്യമൊക്കുമോ?''
ഇതാണു ചോദിച്ചതു ബാപ്പു; ഭിന്നതാ—
പ്രഗായകർക്കെന്തി,തിൽമേലപസ്വരം? 4

അടഞ്ഞുപോയ്, മർത്ത്യഗണങ്ങൾതമ്മിലു—
ള്ളുടപ്പിറപ്പിൻനില കണ്ട കണ്ണുകൾ;
അടങ്ങി, സൗഭ്രാത്രവിതാനവഹ്നിയെ—
പ്പടുത്തുവാനൂതിന പാവനാധരം! 5

ങ്ങൾ. പരേതനിന്ത്യതൻ പിതാവ് = മൃതിയടഞ്ഞ രാഷ്ട്രപിതാവ്. മരണത്തിൽ സ്വാഭാവികമായുണ്ടാകുന്ന വ്യസനം, സ്വന്തം ജീവിതത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവി എന്തായിരിക്കുമെന്ന പേടി, ഘാതുകന്റെ നേരെയുള്ള കോപം, അവിചാരിതവും അഭൂതപൂർവ്വവുമായതുകൊണ്ട് ഇനി എന്തു ചെയ്യണമെന്നറിയാതെയുള്ള അമ്പരപ്പ്, സ്വന്തം രാഷ്ട്രപിതാവിന്റെ ജീവനെപ്പോലും രക്ഷിപ്പാൻ കഴിഞ്ഞില്ലല്ലോ എന്നും ഒരു ഇന്ത്യക്കാരനാണല്ലോ ഇതു ചെയ്തത് എന്നുമുള്ള വിചാരത്തിൽനിന്നുണ്ടായ നാണക്കേട് ഇതെല്ലാമായിരുന്നു, അപ്പോൾ, ബിർളാഗൃഹത്തിന്നു ചുററും കൂടിയ ആളുകളുടെ മുഖത്തു സ്ഫുരിച്ചിരുന്ന ഭാവങ്ങൾ.

2. കർത്തവ്യവിമൂഢതോദയാൽ = ഇനി എന്തുചെയ്യണമെന്നറിയാത്തതുകൊണ്ട്. ആ സംഭവം ഏതു ധീരനെയും കരയിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുമെന്നു താൽപര്യം. ധീരധീരനായ ജവഹർലാൽപോലും പൊട്ടിക്കരഞ്ഞതോർക്കുക. കാല്ക്കളെ നനച്ചു = ആളുകൾ കണ്ണുനീർ വാർത്തുകൊണ്ട് കാല്ക്കൽ നമസ്കരിച്ചു.

3. നിരർഘം = വിലമതിപ്പാൻ വയ്യാത്തതു്. നിധിപ്രകാണ്ഡം = ശ്രേഷ്ഠമായ നിക്ഷേപം. മരണത്തിന്ന് ആ പരിശുദ്ധജീവിതംപോലെ അത്രയും മികച്ച ഒരു നേട്ടവും ലോകത്തിന്ന് ഇത്ര അമൂല്യമായ ഒരു നിധിയുടെ നഷ്ടവും ഇതിന്നുമുമ്പ് ഉണ്ടായിരിക്കയില്ല.

4. അഖണ്ഡസത്യാത്മകൻ = പരിപൂർണ്ണ സത്യസ്വരൂപൻ. ദാർശനികന്മാരെപ്പോലെ ഈശ്വരൻ സത്യമാണെന്നു ഗാന്ധിജിയും പലവുരു ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഭിന്നതാപ്രഗായകർ = (ജാതിമത)ഭേദങ്ങളെക്കുറിച്ചു പാടുന്നവർ. വർഗ്ഗീയവാദികൾക്കു ഗാന്ധിജിയുടെ സൗഭ്രാത്രസന്ദേശം അപസ്വരമായിത്തോന്നി.

5. ഉടപ്പിറപ്പിൻനില = സാഹോദര്യം. സൗഭ്രാത്രവിതാനവഹ്നി = സാഹോദര്യമാകുന്ന യാഗാഗ്നി. പാവനാധരം = (ലോകരക്ഷണത്തിന്നുവേണ്ടി ചലിപ്പിച്ചിരുന്ന) പരിശുദ്ധങ്ങളായ ചുണ്ട്. ജനങ്ങൾതമ്മിലുള്ള സാഹോദര്യമാകുന്ന യാഗാഗ്നിയെ ഊതിക്കത്തിപ്പാൻ ഉപയോഗിച്ചിരുന്ന ആ ചുണ്ടുകൾ ഇളകാതെയായി!

Digitized By Kerala Sahitya Akademi

'മദസ്ഥി പുണ്യസ്രവമാം ത്രിവേണിയിൽ—
പ്പതിപ്പതിൻമുമ്പു, തപിച്ച ഭാരതം
വിമോക്ഷതീർത്ഥാഭിഷവം കഴിക്ക'മെ—
ന്നശങ്കമായ്‌ച്ചൊല്ലിയതൊത്തുവെങ്കിലും, 6

സ്വാതന്ത്ര്യവീര്യാഹൃതമന്ത്രദേവതാ—
പ്രതിഷ്ഠ പൂരിക്കുവതിന്നുമുന്നമേ—
അഹോ, മഹാദുർഭഗർനാ—മചേഷ്ടമായ്—
ച്ചമഞ്ഞിതല്ലോ, ഗുരുവിൻെറ ത്രുക്കരം! (യുഗ്മകം) 7

കിടത്തി നാഥൻെറ പിളർന്ന മെയ്യിൽനി—
ന്നെടുത്തു മാററീടിന രക്തവസ്ത്രമേ,
ഇരുട്ടിനെപ്പാരിനു കൊണ്ടുവന്ന മ—
റെറാരന്തി നീ മായുകയില്ലൊരിക്കലും! 8

ഉരസ്തടം വിണ്ടു പുറത്തുപോന്നതാം
സ്വസത്ത്വമായ്‌ത്തോന്നിയ ഖാദിയാടയാൽ
പുതപ്പണിഞ്ഞ,ന്തിമയാനസജ്ജമായ്,—
ക്കഴിഞ്ഞു ഹാ, ശാശ്വതശാന്തിസഞ്ചയം! 9

ക്ഷണേന നാനാകുസുമങ്ങളാം ഗാന്ധിതൻ
സുകർമ്മസൗഗന്ധ്യമിയന്ന മെയ്യിനെ

---

6. മദസ്ഥി = എൻെറ എല്ല്. പുണ്യസ്രവം = പുണ്യമായ പ്രവാഹത്തോടു കൂടിയതു്. ത്രിവേണി = മൂന്നു നദികളുടെ സംഗമസ്ഥലം (പ്രയാഗ). ഗംഗ, യമുന, സരസ്വതി (അന്തർവാഹിനി) ഇവയുടെ സംഗമസ്ഥലമാണ് പ്രയാഗ (ത്രിവേണി). പ്രയാഗ പുണ്യതീർത്ഥമാണെന്നത്രെ പൗരാണികമതം. തപിച്ച = (സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗപൂർവ്വം) തപസ്സുചെയ്ത, സന്താപം പൂണ്ട എന്നും. വിമോക്ഷതീർത്ഥാഭിഷവം = സ്വാതന്ത്ര്യമാകുന്ന തീർത്ഥത്തിലുള്ള സ്നാനം. താൻ മരിക്കുന്നതിന്നുമുമ്പ് ഭാരതം സ്വതന്ത്രമാകുമെന്നു ഗാന്ധിജി പറഞ്ഞിട്ടുണ്ട്.

7. സ്വാതന്ത്ര്യ ... പ്രതിഷ്ഠ= (അഹിംസയാകുന്ന) മന്ത്രത്തിൻെറ ശക്തികൊണ്ടു വരുത്ത(ആവാഹിക്ക)പ്പെട്ട സ്വാതന്ത്ര്യമാകുന്ന ദേവതയുടെ പ്രതിഷ്ഠ. ദുർഭഗർ = ഭാഗ്യംകെട്ടവർ. അചേഷ്ടം = ഇളകാത്തതു്. സ്വാതന്ത്ര്യലാഭം സാധിച്ചുവെങ്കിലും, പ്രതിഷ്ഠാകർമ്മം പൂർണ്ണമാകുന്നതിന്നുമുമ്പ് കൈകൾ നിശ്ചലങ്ങളായി. ഇതു് അമംഗളസൂചകമായതുകൊണ്ടാണ് നാം ഭാഗ്യംകെട്ടവരാണെന്നു പറഞ്ഞതു്. മന്ത്രത്തിന്നു രാജ്യകാര്യാലോചന എന്നും അർത്ഥമുണ്ട്.

8. ചെന്നിണംകലർന്ന ഖാദിവസ്ത്രത്തെ, ഇരുട്ടിനെ (ദുഃഖത്തെയെന്നും) കൊണ്ടുവന്നതും മായാത്തതുമായ (സാധാരണ സന്ധ്യ മായുമല്ലോ.) മറെറാരു അന്തി(സന്ധ്യാരാഗം)യായി രൂപണംചെയ്തിരിക്കുന്നു.

9. ഉരസ്തടം = മാറിടം. സ്വസത്ത്വം = സ്വന്തം സത്ത്വഗുണം. അന്തിമയാനസജ്ജം = ശ്മശാനയാത്രയ്ക്കൊരുങ്ങിയതു്. ശാശ്വതശാന്തിസഞ്ചയം = എന്നെന്നും നിലനില്ക്കുന്ന ശാന്തിയുടെ സമുച്ചയം; പരമസാത്ത്വികനായ ഗാന്ധിജി. പുതപ്പിച്ച ഖാദിവസ്ത്രം അദ്ദേഹത്തിൻെറ സത്ത്വഗുണമാണെന്ന് ഉൽപ്രേക്ഷ. സത്ത്വഗുണത്തിൻെറ നിറം വെളുപ്പത്രേ. ശാശ്വതശാന്തി ചുട്ടുപുടവ ധരിച്ചു ശ്മശാനത്തിലേക്കു പോവുകയായി; മനുഷ്യവർഗ്ഗത്തിൻെറ ഭാവി സമാധാനരഹിതമായിരിക്കുമെന്നു വ്യംഗ്യം.

Digitized By Kerala Sahitya Akademi

പൊതിഞ്ഞു, ഭക്ത്യാദരകോമളങ്ങളാം
ജനവ്രജത്തിൻ ഹൃദയങ്ങഠം പോലവേ! 10

സഗൗരവം പൂജിതനായ് ജനങ്ങളാൽ—
സ്സജീവനേക്കാഠം മൃതനായ ഗാന്ധിജി:
ഏവക്കമിജ്ജീവിതമാല പൂർണ്ണമാ—
വതിന്നു കോക്കേണ്ടതു മൃത്യുപുഷ്പമോ! 11

വരിച്ചു, രാജ്യോദ്ധൃതിജാഗരൂകനാ—
യിരുന്ന നേതാവൊരു ദീഘഘനിദ്രയെ;
ചിരന്തനിദ്രാവശർ നമ്മളോ, മന--
സ്സെരിഞ്ഞുറങ്ങാതെ പുലത്തി, രാത്രിയെ. 12

വയസ്സു രണ്ടായിരമാർന്ന—ക്രിസ്തുവിൻ
വധം നടന്നീടിന—കാളരാത്രിതാൻ
അന്യൂനതാരുണ്യമൊടാപതിച്ചഹോ,
വിമോഹവൈവശ്യമിയററി ലോകരിൽ! 13

ഉദിച്ചു പിറേറന്നുമുപാത്തരാഗനായ്,
പ്രകൃത്യധീനത്വവശാൽ പ്രഭാകരൻ;
തലേന്നു രക്തോക്ഷിതമായ ബാപ്പുവിൻ
കളേബരത്തിൻെറ പകർപ്പുപോലവേ! 14

---

10. സുകമ്മസൗഗന്ധ്യം = സൽക്കമ്മങ്ങളുടെ പരിമളം. ഭക്ത്യാദരകോമളങ്ങഠം = ഭക്തികൊണ്ടും ആദരംകൊണ്ടും മൃദുലങ്ങഠം. ഈ പദം ഹൃദയങ്ങഠംക്കു പുഷ്പസാമ്യം വ്യഞ്ജിപ്പിക്കുന്നു. ആളുകഠം ഗാന്ധിജിയുടെ ദേഹത്തിൽ പുഷ്പങ്ങഠം പൊഴിച്ചു.

11. സഗൗരവം=(മഹത്ത്വത്തിന്നു യോജിച്ച) ഗൗരവത്തോടുകൂടി; ക്രിയാവിശേഷണം. സജീവൻ = ജീവനോടുകൂടിയവൻ. ജീവിച്ചിരിക്കുമ്പോഴത്തെക്കാളേറെ മരണാനന്തരം അദ്ദേഹം പൂജിക്കപ്പെട്ടു എന്നത്ഥം. മരണമാകുന്ന പുഷ്പം കൂടി കോത്താലേ ജീവിതമാല്യം പൂത്തിപ്പെട്ടു എന്നു്.

12. രാജ്യോദ്ധൃതിജാഗരൂകൻ = രാജ്യത്തെ ഉദ്ധരിക്കുന്നതിൽ ഉണർവോടുകൂടി പ്രവത്തിക്കുന്നവൻ. ചിരന്തനിദ്രാവശർ = വളരെക്കാലമായി ഉറങ്ങിക്കൊണ്ടിരിക്കുന്നവർ. രാജ്യോദ്ധാരണത്തിൽ ഗുരുവോടൊപ്പം നമ്മഠം ജാഗരൂകരായിരുന്നില്ലെന്നു വ്യംഗ്യം. ദീർഘനിദ്രയെ (മരണത്തെ) വരിച്ചപ്പോഠം നാം നിദ്രാരഹിതരായി വ്യസനിപ്പാൻ മടങ്ങി.

13. വയസ്സു രണ്ടായിരമാർന്ന—ഏതാണ്ടു രണ്ടായിരം കൊല്ലമായല്ലോ, ക്രിസ്തു കുരിശിൽ തറയ്ക്കപ്പെട്ടിട്ടു്—ആ പഴയ (കിഴവിയായ) കാളരാത്രിതന്നെയാണിതു്. എന്നാൽ താരുണ്യത്തിന്നു കുറവൊന്നും വന്നിട്ടില്ല. ആപതിച്ചു് = വന്നെത്തി. വിമോഹവൈവശ്യം=മോഹാലസ്യംകൊണ്ടുള്ള വശക്കേടു്. കാളരാത്രി = മരണത്തോടടുത്ത രാത്രി. കാളരാത്രിയുടെ താരുണ്യക്കുറവില്ലായ്മ ആപാതജന്യമായ ദുഃഖത്തിൻെറ ദുസ്സഹതയെ ധ്വനിപ്പിക്കുന്നു.

14. ഉപാത്തരാഗൻ = ചുവപ്പോടു(സ്നേഹത്തോടു)കൂടിയവൻ. പ്രകൃത്യധീനത്വവശാൽ = പ്രകൃതിനിയമത്തിന്നു കീഴ്പ്പെട്ടവനായതുകൊണ്ടു്. സ്വതന്ത്രനാണെങ്കിൽ, ദുഃഖാധിക്യംകൊണ്ടു സൂര്യൻ സ്വകൃത്യം നിവ്വഹിക്കുമായിരുന്നില്ലെന്നു ധ്വനി. രക്തോക്ഷിതം = ചോര പുരണ്ടതു്. കളേബരം = ദേഹം.

Digitized By Kerala Sahitya Akademi

ഉദിച്ചുകൊള്ളട്ടെ പരസ്സഹസ്രമി—
ങ്ങു,ദഗ്രതേജോഭരരാം ദിവാകരർ
നമുക്കു നേരിട്ട നവീനമാകുമി—
ത്തമസ്സു നീങ്ങും പുലർകാലമെന്നിനി? 15

എട്ട്

(മാകന്ദമഞ്ജരി)

വാർദ്ധയിൽ മൺകുടിലൊന്നിൽ വിനീതമായ്—
പ്പാർത്തോരകിഞ്ചനദേഹമതാ,
ഉന്മുഖമാനുഷലക്ഷപരീതമാം
വന്മണിമേടതൻ വെണ്മാടത്തിൽ;

പ്രാണാത്യയത്തിലും പ്രീതമീയാനനം
കാണുവിൻ ദിവ്യരേ, കണ്ണൊപ്പുവിൻ!

കണ്ഠംമുതല്ക്കു കാലോളം ഖദർത്തുണി—
കൊണ്ടു പുതച്ചാച്ചടച്ച ഗാത്രം,

കണ്ടുവന്ദിച്ചവർ വർഷിച്ച പുഷ്പങ്ങൾ—
കൊണ്ടു നിതാന്തം തടിക്കയായി;

ത്തുമലരല്ലോ, പിറപ്പിലേ ബാപ്പുവിൻ
കോമളസ്വച്ഛമാമന്തരംഗം;

ഹാ, മരിച്ചപ്പോഴോ, തദ്ബഹിരംഗവും
പൂമയമായ്ത്തീൻ കാണെക്കാണേ!

---

15. പരസ്സഹസ്രം = എത്രയോ ആയിരം. ഉദഗ്രതേജോഭരർ = ഉൽകൃഷ്ടമായ കാന്തിപ്പെരുമയോടുകൂടിയവർ. തമസ്സ് = ഇരുട്ട്; ദുഃഖം. ആയിരക്കണക്കിൽ സൂര്യന്മാരുദിച്ചാലും നമ്മെ ബാധിച്ച ഈ പുതിയ തമസ്സിന്നു് അറുതിയുണ്ടാവില്ല!

മൺകുടിലൊന്നിൽ = വാർദ്ധയിൽ ഒരു സാധാരണ ഇന്ത്യൻ ഗ്രാമീണനെപ്പോലെ നിരാഡംബരമായ ഒരു മൺകുടിലിലാണു് ഗാന്ധിജി പാർത്തിരുന്നതു്. അകിഞ്ചനദേഹം = തന്റേതായി ഒന്നും ഇല്ലാത്തവന്റെ (നിസ്വന്റെ) ദേഹം. ഉന്മുഖമാനുഷലക്ഷപരീതം = മേലോട്ടു മുഖമാക്കിയ മനുഷ്യലക്ഷങ്ങളാൽ ചുററപ്പെട്ടതു്. (ഗാന്ധിജിയുടെ മൃതദേഹം രാവിലെ എല്ലാവർക്കും കാണാൻവേണ്ടി ബിർളാഗൃഹത്തിലെ മട്ടുപ്പാവിൽ കിടത്തുകയുണ്ടായി.) പ്രാണാത്യയം=ജീവനാശം. പ്രീതം = സന്തുഷ്ടം. ദിവ്യരേ=സ്വർഗ്ഗവാസികളായ ദേവാദികളേ. ദേവകൾക്കുപോലും, ആ മൃതദേഹം കാണുമ്പോൾ കരച്ചിൽ വരുമെന്നു താൽപര്യം. ബിർളാഗൃഹം അത്യുന്നതമായതുകൊണ്ടു് ആകാശചാരികൾക്കു കാണാൻ ഇപ്പോൾ സൗകര്യക്കുറവുതലുണ്ടെന്നു ധ്വനി.

പടച്ച ഗാത്രം—മിതളക്കം കർമ്മനിരതനമായിരുന്നതുകൊണ്ടു ശരീരം ഒട്ടും തടിച്ചിരുന്നില്ല. കോമള...രംഗം = മൃദുലവും പരിശുദ്ധവുമായ മനസ്സു്. തദ്ബഹിരംഗം=അദ്ദേഹത്തിന്റെ ശരീരം. കാണെക്കാണെ—മൃതദേഹത്തെ വന്ദിപ്പാൻ ചെന്നവരെല്ലാം പൂമാലകളർപ്പിച്ചിരുന്നു; ത്തുമലർപോലെ മൃദുലനിർമ്മലമായ മനസ്സിന്നിണങ്ങിയതായിത്തീർന്നു, പുഷ്പമാല്യങ്ങളെക്കൊണ്ടു തടിച്ച ആ

Digitized By Kerala Sahitya Akademi

അത്തിരുമേനിയെ നന്നായിദ്ദർശിപ്പാ—
നിത്തിരികൂടി നഭസ്സിൽപ്പൊങ്ങി,

പൊൽത്തെളിരശ്മികളാകിയ പൂക്കളെ—
ത്തത്ര ചൊരിഞ്ഞാൻ പ്രഭാതാർക്കനും!

ആതുരപാർശ്വസ്ഥവക്ത്രസ്രുതങ്ങളാം
ഗീതാ—കുറാൻ—ബൈബിൾവൈഖരികൾ

ആ മൃതദേഹത്തെയന്ത്യമായ് സ്പർശിച്ചി—
ട്ടാത്മീയശുദ്ധിയെക്കൈവെളത്തി!

ബിർളാപ്രാസാദമേ, നിന്നോടിതാ, യാത്ര
ചൊല്ലി, മഹാത്മാവാം നിന്നതിഥി.

ശസ്ത്രങ്ങൾകൊണ്ടല്ല, പുഷ്പമാല്യങ്ങൾകൊ—
ണ്ടെത്രയും ചേലിലലംകൃതമായ്,

പോരാളർ നാല്പതുപേർ വലിക്കും പട—
ത്തേരിൽക്കരേററപ്പെട്ടച്ചനേരം,

രണ്ടുവശത്തും മനുഷ്യരാൽക്കന്മതി—
ലുണ്ടായിവന്ന നിരത്തിലൂടേ

യാമുനാതീരത്തിലേക്കെഴുന്നള്ളിനാൻ,
ശ്രീമാനാമദ്ധർമ്മചക്രവർത്തി!

തിങ്ങിഞെരുങ്ങി, ജനങ്ങൾ നടേത്തെക്കാൾ;
മംഗളശംഖൊലികൾക്കിടയിൽ

ശരീരവും. ജനിക്കുമ്പോൾ മനസ്സിന്നുണ്ടായിരുന്ന സ്വച്ഛത മരിച്ചപ്പോൾ ശരീരത്തിന്നുമുണ്ടായി എന്നു പറഞ്ഞതിൽനിന്നു ജീവിതകാലത്തു് പരേതൻ ആർജ്ജിച്ച സാംസ്കാരികോൽക്കർഷം വ്യഞ്ജിക്കുന്നു. പൂമയമായ്—ഒരേ അവസരത്തിൽത്തന്നെ ഹിന്ദുവായും മുസൽമാനായും ജീവിച്ച ഋഷിതുല്യനായ കബീർ അന്തരിച്ചപ്പോൾ, അദ്ദേഹത്തിൻെറ ശരീരം പുഷ്പമയമായി മാറിയ കഥ പ്രകൃതത്തിൽ അനുസ്മരിക്കുന്നതു നന്നു്.

പ്രഭാതസൂര്യനും മൃതദേഹം ദർശിച്ച പൂക്കളർപ്പിക്കുന്നു! ആതുരപാർശ്വസ്ഥവക്ത്രസ്രുതങ്ങൾ = ദുഃഖിതരായി ചുററും നില്ക്കുന്നവരുടെ വായിൽനിന്നു് ഒഴുകിയവ. ഗീതാ...വൈഖരികൾ = ഗീതയിലെയും ഖുർ-ആനിലെയും ബൈബിളിലെയും സൂക്തങ്ങൾ. (എല്ലാ മതസ്ഥന്മാരും വന്ദിപ്പാൻ ചെന്നിരുന്നുവെന്നു വ്യംഗ്യം.) ആത്മീയശുദ്ധി = തങ്ങളുടെ പരിശുദ്ധി. മൃതദേഹത്തിൻെറ അന്ത്യസ്പർശനം വൈദികസൂക്തങ്ങൾക്കുപോലും പരിശുദ്ധി നല്കി!

പ്രാസാദം = മണിമാളിക. ശസ്ത്രം = ആയുധം. പോരാളർ = പടയാളികൾ. യാത്ര ഒരു ചക്രവർത്തിയുടെ ചരമയാനംപോലെ സൈനികരഥത്തിലായിരുന്നു; അതു നാല്പതു പടയാളികൾ വലിച്ചു. ധാർമ്മികചക്രവർത്തിയായതുകൊണ്ടു ശസ്ത്രങ്ങളുടെ സ്ഥാനം പുഷ്പമാല്യങ്ങൾക്കു ലഭിച്ചു. യാമുനാതീരം—യമുനയുടെ വക്കത്താണു്, ഗാന്ധിജിയെ ദഹിപ്പിച്ച പ്രസിദ്ധമായ 'രാജഘട്ടം.' 'മനുഷ്യരാൽ കന്മതിലുണ്ടായി' എന്നു പറഞ്ഞതിൽനിന്നു്, ആളുകൾ എത്രയും തിങ്ങിയും അച്ചടക്കത്തോടുകൂടിയുമാണു് നിന്നിരുന്നതെന്നു ധ്വനിക്കുന്നു.

Digitized By Kerala Sahitya Akademi

പൊങ്ങീ, 'രഘുപതിരാഘവരാജാറാം'—
മെങ്ങുമേ 'ഗാന്ധിജി കീജൈ'കളും.

രാജസൂയാവസാനത്തിലവഭൃഥ—
മാചരിപ്പാനായജാതശത്രു
അന്നു കാളിന്ദിയിലേക്കു നടകൊണ്ട—
തൊന്നോർത്തിരിക്കാം,മിന്നിന്ദ്രപ്രസ്ഥം.

ഒൻപതു്

(കാകളി)

അന്നിശ വററീ ക്രമാൽ ക്രമാൽ;—ക്കാണായി,
ചെന്നിണച്ചേർപ്പരപ്പൊന്നു പൂർവ്വാശയിൽ.
ഇന്നലെയിന്ത്യയെ വീഴിച്ച രാക്ഷസ—
നിന്നുഷസ്സിൻെറയും നെഞ്ചും പിളർത്തിതോ!
മന്ദിരേ, മന്ദിരേ, ബാപ്പുജി, ബാപ്പുജി—
യെന്നതുമാത്രം പ്രഭാതസങ്കീർത്തനം.
ഇന്നെരിതിയ്യിൽ ദഹിക്കുമല്ലോ, നര—
വൃന്ദത്തിനീശ്വരൻ വെച്ച മഹാനിധി!
വാനിൻെറ വർദ്ധിച്ച നെഞ്ചുമിടിപ്പുകൾ
കാണുമാറാക്കിപ്പറന്നു പതത്രികൾ.
ഗദ്ഗദോന്മിശ്രമായ്ത്തോന്നീ ചെവികൾക്കു,
വല്ഗുവെന്നാലുമവററിൻ കളസ്വനം!

രാജസൂയം = ഒരു യാഗം. രാജസൂയത്തിനുശേഷമാണു് ചക്രവർത്തിയാകുന്നതു്. അവഭൃഥം = യാഗാവസാനത്തിൽ നടത്തുന്ന സ്നാനം. അജാതശത്രു = യുധിഷ്ഠിരൻ. ഇന്ദ്രപ്രസ്ഥം = ഡൽഹി. ചക്രവർത്തിത്വംകൊണ്ടുമാത്രമല്ല, ശത്രുക്കളില്ലാത്തതുകൊണ്ടും ഗാന്ധിജി ആ ഇതിഹാസപുരുഷനോടു സാദൃശ്യം വഹിക്കുന്നു. യുധിഷ്ഠിരൻെറ അവഭൃഥയാത്രയിൽ മാത്രമാണു് ഡൽഹിനഗരം അത്രയും വലിയ ആൾത്തിരക്കു കണ്ടതെന്നു സാരം.

ചെന്നിണച്ചേർപ്പരപ്പു്—പ്രഭാതത്തുടുപ്പിനെ ചുവന്ന ചോരച്ചളിയാക്കിക്കല്പിച്ചിരിക്കുന്നു. പൂർവ്വാശ = കിഴക്കേദിക്കു്. വററീ—വെള്ളം വററുമ്പോഴാണല്ലോ, ചേറു പ്രത്യക്ഷപ്പെടുന്നതു്. ഇന്ത്യയെ—ഇന്ത്യയുടെ സർവ്വസ്വമായ രാഷ്ട്രപിതാവിനെ. രാക്ഷസൻ—രാക്ഷസോപമനായ നാഥുറാം. പിളർത്തിതോ—വർഗ്ഗീയവാദികൾ ഇതിലും കടുത്തതും ചെയ്തേക്കും എന്ന ആശങ്ക വ്യഞ്ജിക്കുന്നു. മന്ദിരേ മന്ദിരേ = ഓരോ വീട്ടിലും. എന്നതുമാത്രം = എന്നതു മാത്രമാണു്. മഹാനിധി—അമൂല്യത വ്യഞ്ജിക്കുന്നു. പതത്രികൾ, പറന്ന പക്ഷികൾ ആകാശത്തിൻെറ കാണപ്പെടാവുന്ന നെഞ്ചുമിടിപ്പുകളാണെന്നു്; അവ ശബ്ദിക്കുന്നുമുണ്ടല്ലോ. ആകാശത്തിൻെറ വികാരാധിക്യം വ്യംഗ്യം. വല്ഗു = മനോഹരം. ഗദ്ഗദോന്മിശ്രം = തൊണ്ടയിടർച്ചയോടുകൂടിയതു്. ചെവികൾക്കു്—കേൾക്കുന്നവർക്കു്.

Digitized By Kerala Sahitya Akademi

എങ്ങുമേ ചിക്കെന്നു കണ്ണടച്ചു, നിറം
മങ്ങിയ ദില്ലിതൻ മിന്നൽവിളക്കുകൾ:
തങ്ങൾതൻ ജ്ഞാതികളായ്നിന്ന താരങ്ങ–
ളെങ്ങുപോയ് വാനിൽനിന്നെ,ന്നു ചിന്തിക്കയോ?
ഇന്ദ്രനീലാഭമാമംബരാരാമത്തിൽ
നിന്നിരുന്ന തെളിതാരകപ്പൂക്കളെ
മുൻനോക്കി നുള്ളിയെടുത്തിരിക്കാം, ജഗ–
ദ്വന്ദ്യനിൽക്കാലേ പൊഴിപ്പാൻ വിമാനഗർ!

ഭാവിയെന്താകുമെന്നിണ്ടലോണ്ടുള്ള ചു–
ട്ടാവികൾ പൊങ്ങിയ കാളിന്ദിയാം നദി,
ദേഹമഗ്നിക്കു കൊടുപ്പാൻ വരും മഹാ–
ദേവനെയന്ത്യമായൊന്നു ദർശിക്കുവാൻ,
നീലജലത്തിൽ നിഴലിച്ച തൂപ്പുലർ–
കാലത്തുടുപ്പായ കാഷായവസ്ത്രവും,
വെൺനുരച്ചാർത്തിന്റെ രുദ്രാക്ഷമാലയുമായ്
നിന്നാളൊ,രു നവഭിക്ഷുകിപോലവേ!
ദൂരദേശങ്ങളിൽനിന്നുമുപാഗത–
ന്മാരായ നൂറുനൂറായിരമാളുകളാൽ,
നേരം പുലർന്നപ്പൊഴേക്കുമൊരാഴിയായ്
മാറീ വിശങ്കടമായ നദീതടം.
എത്രയെന്നില്ലാത്ത നാനാവിധയുവ–
വൃദ്ധബാലാബലാവർഗ്ഗം നിരക്കയാൽ
മർത്ത്യലോകത്തിൻ ചുരുക്കം വരച്ചോരു
ചിത്രമായ്ത്തീർന്നൂ, സരിത്തിൻ മണൽപ്പുറം.

മിന്നൽവിളക്കുകൾ = വിദ്യുദ്ദീപങ്ങൾ. നക്ഷത്രങ്ങൾ മങ്ങി; അവയെ പുഷ്പങ്ങളാക്കി കല്പിച്ചിരിക്കുന്നു. അംബരാരാമത്തിൽ = ആകാശമാകുന്ന പൂന്തോപ്പിൽ. മുൻനോക്കി—എല്ലാവർക്കും ആവശ്യമുള്ളതുകൊണ്ട് അന്യർ നുള്ളിയെടുത്തേക്കുമെന്നു മുൻകൂട്ടി കരുതി. വിമാനഗർ = വിമാനസഞ്ചാരികൾ.

മഹാദേവനെ = ദേവതുല്യനായ ഗാന്ധിജിയെ; ശിവനെ എന്നും. ഗാന്ധിജിയുടെ തപഃകാഠിന്യം വ്യഞ്ജിക്കുന്നു. നവഭിക്ഷുകി = പുതുതായി സന്ന്യാസം സ്വീകരിച്ചവൾ. വ്യസനാധിക്യത്താലുണ്ടായ വൈരാഗ്യംകൊണ്ടോ, മഹാദേവനെ ദർശിക്കുന്നതിന്നു, കൂടുതൽ പരിശുദ്ധി നേടുന്നതിന്നുവേണ്ടിയോ ആകാം, കാളിന്ദി ഭിക്ഷുകീവേഷം പൂണ്ടതു്. ദൂരദേശങ്ങളിൽനിന്നും—ദൂരപ്രദേശങ്ങളിൽനിന്നുകൂടിയും. ഉപാഗതന്മാർ = വന്നെത്തിയവർ. വിശങ്കടം = വിശാലം. നദീതടം ആഴിയായതു് അത്ഭുതം. നാനാ...വർഗ്ഗം = പലതരക്കാരായ യുവാക്കളുടെയും വയസ്സന്മാരുടെയും കുട്ടികളുടെയും സ്ത്രീകളുടെയും കൂട്ടം. സരിത്തു് = പുഴ.

Digitized By Kerala Sahitya Akademi

ബിർളാഗൃഹംതൊട്ടു രാജ്ഘട്ടംവരേ—
ക്കുള്ള മാർഗ്ഗങ്ങളിൽ വൃക്ഷങ്ങൾകൂടിയും
അല്പലിൻ മാനുഷദേഹങ്ങളെച്ചുമ—
ന്നല്ലോ നിലകൊണ്ടു, മഞ്ഞുകണ്ണീരുമായ്!

ദുർന്നിരോധത്തിൽനിന്നുപ്പിനെ വീണ്ടെടു—
ക്കുന്നതിന്നണ്ണുവത്തികലേക്കും, സ്വയം
ഐക്യത്തെ രക്ഷപ്പെടുത്താൻ സഹോദര—
പ്പോർക്കടുംചോരക്കടലിങ്കലേക്കുമേ,
സിദ്ധിയോരോന്നും തഴകിത്തലോടിന
വൃക്ഷപാദങ്ങളാലാർ നടകൊണ്ടുവോ,
അദ്ധർമ്മയോദ്ധാവണിപ്പടത്തേരേറി—
യത്രേ ഗമിച്ചു, തന്നന്ത്യശയ്യാപദം.
രഥ്യങ്ങളായ്നിന്ന പോരാളിമാർകളും
സത്യാനൃശംസ്യൈകവാഹികൾ സാമ്പ്രതം!

പത്ത്

(കേക)

പുണ്യമാം നിജകർമ്മയോഗത്താൽ പ്രസാദിച്ചു
വിണ്ണിനാലയയ്ക്കപ്പെട്ടവപോലാകാശത്തിൽ,
പറന്നു പൂ വർഷിച്ചച്ചിച്ചു പോർവിമാനങ്ങൾ
പരധർമ്മാചാര്യൻെറ ചരമപ്രയാണത്തെ;

മനുഷ്യരാശിയുടെ ഒരു സംക്ഷിപ്തരൂപം അവിടെ ദർശിക്കാമായിരുന്നു. അല്പലിൻ മാനുഷദേഹങ്ങളെ ചുമന്ന്—യാത്ര കാണാൻ വൃക്ഷങ്ങളിൽ കയറിക്കൂടിയ മനുഷ്യർ ആ വൃക്ഷങ്ങളുടെ വ്യസനഭാരമാണോ എന്ന് ഉൽപ്രേക്ഷ.

ദുർന്നിരോധം—എല്ലാവരുടെയും നിത്യോപയോഗത്തിനുള്ള ഉപ്പിനു നികുതി കെട്ടുന്നതു ധർമ്മശാസ്ത്രസമ്മതമല്ല. ആ ദുഷിച്ച സമ്പ്രദായത്തെ നീക്കുന്നതിന്നാണല്ലോ ദണ്ഡികടൽപ്പുറത്തേക്കു സത്യഗ്രഹത്തിനുവേണ്ടി ഗാന്ധിജി ശിഷ്യസമേതം പോയതു്. ചോരക്കടലിങ്കലേക്കു—ഹിന്ദുമുസ്ലിംലഹള കൊടുമ്പിരിക്കൊണ്ടിരുന്ന നൗഖാലിയിലേക്കും മറ്റുമുള്ള യാത്ര അനുസ്മരിക്കുക. അന്ത്യശയ്യാപദം = ശ്മശാനം. അണിപ്പടത്തേരേറി—സൈനികസന്നാഹങ്ങളോടുകൂടിയാണു് അന്ത്യയാത്രയുണ്ടായതു്. രഥ്യങ്ങൾ = രഥം വലിക്കുന്നവ. സത്യാനൃശംസ്യൈകവാഹികൾ = സത്യത്തെയും അഹിംസയെയും മാത്രം വഹിക്കുന്നവർ. ഗാന്ധിജിയാകുന്ന സത്യവും അഹിംസയുമാണല്ലോ, രഥത്തിൽ.

പൂ വർഷിച്ച്...വിമാനങ്ങൾ—ശ്മശാനയാത്രയിൽ ഇന്ത്യൻ വ്യോമസേനാവിമാനങ്ങൾ ഗാന്ധിജിയുടെ ശരീരത്തിൽ പൂ വർഷിച്ചുകൊണ്ടു് അകമ്പടി സേവിച്ചിരുന്നു. അവ വിണ്ണിനാൽ (സ്വർഗ്ഗവാസികളാൽ) അയയ്ക്കപ്പെട്ടവയാണെന്നു തോന്നും. പരധർമ്മാചാര്യൻ = ശ്രേഷ്ഠമായ ധർമ്മത്തെ—സത്യത്തെയും

Digitized By Kerala Sahitya Akademi

ദുരിതൗഘത്തിൻനേക്കു തീക്കട്ടകൾക്കെറി-
ഞ്ഞിരുന്ന രണവീരവ്യോമയാനങ്ങൾ തദാ
നാനാപൂക്കളെയത്രേ പൊഴിച്ചു, പേടിത്തൊണ്ടൻ
നാഥുറാം തോക്കുണ്ടകൾ ചാടിച്ച ശാന്താത്മാവിൽ.

പകുതി താഴ്ത്തപ്പെട്ട ഭാരതപതാകകൾ
പണിഞ്ഞു, മെയ് നീറാക്കാൻ പോകുമസ്വശില്പിയെ!

ഏതു രാജ്യത്തിൻ കൊടിക്കൂറകൾ കുനിഞ്ഞീല
ന്നേ,തു കോയ്മതൻ മർമ്മനാഡികളൊടിഞ്ഞീലാ?

ഇതുപോലൊരു മഹാപുരുഷനുടെ ദേഹ-
ക്ഷതിയെക്കണ്ടിട്ടുണ്ടോ, ക്രിസ്തുവിൻപിമ്പീ ലോകം?

പ്രകൃതിക്കത്രയ്ക്കൊന്നും വെമ്പലില്ലിതിന്നായി
പ്രകൃഷ്ടവ്യക്തികളെസ്സൃഷ്ടിച്ചുകൊടുപ്പതിൽ!

ചെങ്കോട്ടയമുനകൾക്കിടയിൽ വിശാലനി-
ഷ്പങ്കമാമിടത്തെത്തി ശവമഞ്ചത്തിൻ തുത്തേർ;

സങ്കടം സഹിയാതെ കേണിരമ്പിയുംകൊണ്ടു
വൻകടല്ക്കൊപ്പമുയർന്നിളകീ പുരുഷാരം.

വൈജയന്തികപ്പുതപ്പിന്റെ മുന്നിറംകൊണ്ടു
രാജിച്ച വിചിത്രപുഷ്പാകീർണ്ണമാമഗ്ഗാത്രം

അഹിംസയെയും—അനുഷ്ഠാനരൂപത്തിൽ ഉപദേശിച്ചുപോന്ന ഗുരു. ദുരിതൗഘം = പാപക്കൂട്ടം. തീക്കട്ടക = ബോമ്പ്. രണവീരവ്യോമയാനങ്ങൾ = യുദ്ധവിദഗ്ധന്മാരുടെ വിമാനങ്ങൾ. അധർമ്മത്തിന്റെ നേരെ ഇന്ത്യൻസേനയ്ക്കുള്ള അമർഷവും ധർമ്മത്തിന്റെ നേരെയുള്ള ആദരവും വ്യഞ്ജിക്കുന്നു. പേടിത്തൊണ്ടൻ—ചതിയായാണല്ലോ, വെടിവെച്ചതു്. പണിഞ്ഞു = വണങ്ങി. നീറു് = ചാരം. സ്വശില്പി—ഭാരതത്തിന്റെ പതാകയെ നിർമ്മിച്ചുയർത്തിയതു ഗാന്ധിജിതന്നെയല്ലേ? ഏതു രാജ്യത്തിൻ—ചരമവാർത്തയറിഞ്ഞ ഉടനെ എല്ലാ രാഷ്ട്രങ്ങളുടെയും പതാകകൾ ദുഃഖസൂചകമായി പകുതി താഴ്ത്തപ്പെടുകയുണ്ടായി. ലോകസമാധാനവാദിയായിരുന്നതുകൊണ്ടാണ്, ഈ ദുരന്തത്തിന്റെ ചരമത്തിൽ എല്ലാ കോയ്മകളുടെയും മർമ്മനാഡികളൊടിഞ്ഞതു്. കുനിഞ്ഞ കൊടിക്കൂറയെ ഒടിഞ്ഞ മർമ്മനാഡിയാക്കി കല്പിച്ചിരിക്കുന്നു. ദേഹക്ഷതി = ദേഹനാശം. ഇതിന്നു—ലോകത്തിന്നു്. പ്രകൃഷ്ടവ്യക്തികൾ = ശ്രേഷ്ഠമനുഷ്യർ. സമുൽകൃഷ്ടവ്യക്തികളെ ആളുകൾ കണ്ടമാനം ഉപദ്രവിക്കുമെന്നു പ്രകൃതിക്കു് അറിയാവുന്നതുകൊണ്ടു്, അവരുടെ വിനോദത്തിന്നുവേണ്ടി മഹാന്മാരെ സൃഷ്ടിച്ചുകൊടുക്കാൻ അവൾ അത്രയ്ക്കൊന്നും വെമ്പാറില്ല. രണ്ടായിരത്തോളം സംവത്സരങ്ങൾക്കുശേഷമേ, ക്രിസ്തുവിന്നൊത്ത മറ്റൊരാൾ ജനിച്ചുള്ളുവല്ലോ!

ചെങ്കോട്ട = ചരിത്രപ്രസിദ്ധമായ റെഡ്ഫോർട്ട്. വിശാലനിഷ്പങ്കം = വിസ്തൃതവും പരിശുദ്ധവുമായതു്. പങ്കം = ചളി. വൈജയന്തികപ്പുതപ്പ്—ശവശരീരം ത്രിവർണ്ണപതാകകൊണ്ടു പുതപ്പിച്ചിരുന്നതു്. മുന്നിറം = മൂന്നുനിറം. വിചിത്രപുഷ്പാകീർണ്ണം = നാനാവർണ്ണപുഷ്പങ്ങൾ വിതറിയതു്. രാജാർഹരഥം =

Digitized By Kerala Sahitya Akademi

രാജാഹ്രഥത്തിൽനിന്നിറക്കിവെയ്ക്കപ്പെട്ടു,
രാജഘട്ടത്തിൽത്തീർക്കപ്പെട്ടൊരു തറയിന്മേൽ.

തുടൎന്നു നിപതിച്ചിതതിന്മേൽ,പ്പലതരം
വിടൎന്ന പുഷ്പങ്ങളും, നയനലക്ഷങ്ങളും;

ഉയൎന്ന 'രഘുപതിരാഘവ'ഗീതത്താലു–
മുണൎന്നീല,നങ്ങീലാ, ദീൎഗ്ഘനിദ്രിതൻ നാഥൻ!

തന്നുടെ ചൂടങ്ങോരോ മനുഷ്യമനസ്സിലും
വിന്യസിച്ചപരാശാമാറത്തു ചാഞ്ഞു സൂൎയ്യൻ.

ഉജ്ജ്വലിച്ചിത,പ്പോക്കുവെയ്‌ലേററ കാളിന്ദിക്കു–
മുച്ചലദ്വീചികളിലുത്താപക്കനലുകൾ!

കരളിൻ പിതൃദുഃഖാൽപ്പോലവേ പൈദാഹത്താൽ–
ക്കരയും കിടാങ്ങളെത്തോളത്തു കേററിട്ടൂരാൽ

ബാലരിൽ വാത്സല്യപ്പാലത്രമേൽ ത്തുകിപ്പോന്ന
ബാപ്പുവെച്ചൂണ്ടിക്കാട്ടീ, നോൽമ്പാൎന്ന പുംസ്ത്രീവൃന്ദം.

ജാതിവൎഗ്ഗാദിവിഭേദങ്ങൾ കാണായീലങ്ങു:
നേതൃദൎശനവ്യഗ്രരെപ്പേരും സമദുഃഖർ;

ഇയ്യൈക്യം ക്രമാലെങ്ങും വ്യാപിച്ചാൽ—ബ്ഭരതോവ്വി,
നിൎഭാഗ്യയല്ലെങ്കിൽ—മരിച്ചിട്ടില്ലിദ്ദേഹം!

രാജാക്കന്മാൎക്കു യോജിച്ച തേരു്. ഗീതത്താലും—'രഘുപതിരാഘവ' എന്നു തുടങ്ങുന്ന ഗാനം ഗാന്ധിജിക്കു സൎവ്വദാ പ്രിയപ്പെട്ടതായിരുന്നു. നാഥൻ = നേതാവു്.

വിന്യസിച്ചു്—ഇവിടെ നിക്ഷേപിച്ചു് എന്നൎത്ഥം. അപരാശാമാറു് = പടിഞ്ഞാറെദിക്കിന്റെ മാറു്. സൂൎയ്യൻ അസ്തമിക്കുമ്പോൾ തന്റെ ചൂടും വെളിച്ചവും അഗ്നിയിലൎപ്പിക്കുന്നു എന്നു വൈദികസിദ്ധാന്തം. ഇന്നു ചൂടു മനുഷ്യഹൃദയങ്ങളിലാണു നിക്ഷേപിച്ചതു്. ആളുകളുടെ ഉള്ളിൽ ചൂടു വൎദ്ധിച്ചു. ഉച്ചലദ്വീചികൾ = ഇളകിക്കൊണ്ടിരിക്കുന്ന തിരകൾ. ഉത്താപക്കനലുകൾ = വ്യസനത്തിന്റെ കനലുകൾ. യമുനയുടെ ഓളങ്ങളിൽ പതിഞ്ഞ പോക്കുവെയിൽ കണ്ടാൽ ദുഃഖത്തീക്കനലുകളാണെന്നു തോന്നും. നോൽമ്പാൎന്ന—ദഹനദിവസം ഇന്ത്യ ഉപവാസമനുഷ്ഠിക്കുകയുണ്ടായി. പശിയും ദാഹവും മുഴുത്തു കരഞ്ഞുതുടങ്ങിയ കുട്ടികളെ ആശ്വസിപ്പിക്കാൻ അച്ഛനമ്മമാർ ചെയ്തതു്, ബാപ്പുവിനെ ചൂണ്ടിക്കാട്ടുകയാണു്. ബാപ്പുജിയുടെ ബാലവാത്സല്യം സൎവ്വവിദിതമാണല്ലോ. നേതൃദൎശനവ്യഗ്രർ = നേതാവിനെ കാണാനുഴന്നവർ. ഇയ്യൈക്യം—അന്നു് അവിടെക്കൂടിയ ജനങ്ങളിൽ കാണപ്പെട്ട ഐക്യം ക്രമേണ സൎവ്വത്ര വ്യാപിച്ചാൽ, ഭാരതത്തിന്നു ഗാന്ധിജി ജീവിച്ചിരുന്നകാലത്തെന്നപോലുള്ള ശക്തിയും ശ്രേയസ്സും ലഭിക്കുമെന്നു സാരം.

Digitized By Kerala Sahitya Akademi

പതിനൊന്നു്

(കേക)

പരുക്കൻഖദറിൻെറ ദർഭശയ്യയിൽ ശയി—
ച്ചിരുന്ന മഹർഷിക്കു വിശ്രമിച്ചരുളുവാൻ
വിരിച്ചു ചിതയിന്മേൽ ശിഷ്യരിന്നെ,ന്തൊന്നാലോ,
വിറച്ച കരങ്ങളാൽച്ചന്ദനമുട്ടികളെ.

വെട്ടുന്ന മഴുവിന്നും നൈസർഗ്ഗികാമോദത്താൽ–
സ്സുഷ്ഠുസമ്മാനം നല്കിപ്പോരുന്ന പടീരമേ,
ശത്രുവിൽപ്പോലും പ്രീതി പൂശിച്ച സുശീലനു
മെത്തയായ്ച്ചമയുവാൻ നിൻവിറകഹംതന്നെ!

സന്നതബന്ധുജനത്തിൻെറ കൈകളിലൂടേ
ചെന്നു പട്ടടത്തട്ടിൽ പള്ളികൊൾകയായ് നാഥൻ:
ചന്ദനത്തിനു, വേണമെങ്കില,ത്തിരുമെയ്യിൽ
നിന്നു ശീലിക്കാം പേർത്തും, സൽക്കർമ്മസൗരഭ്യത്തെ!

തെല്ലിടറിയ മന്ത്രോച്ചാരമോടിടചേർന്ന
കല്യാണശംഖധ്വാനം വാനത്തെത്തലോടവേ,
ഉള്ളിലെത്തിയ്യിൻ ചെറുതായൊരംശത്തെക്കാട്ടും
കൊള്ളിയാൽക്കൊളുത്തിനാൻ ബാപ്പുവിൻ തല്പം പുത്രൻ.

നില്ലാതെയെത്തും മർത്ത്യക്കടലേ, പ്രളയാബ്ധി
ത്തല്ലലിൽപ്പോലും കെടില്ലിജ്ജഗദ്ഭാഗ്യാഗ്നി!

പട്ടടയിങ്കൽനിന്നു കൊഴിഞ്ഞ പൂവും ഗന്ധ
മുട്ടിതൻതുണ്ടും തിക്കിച്ചെന്നെടുത്തെടുത്താഹാ,

മഹർഷിക്കു്—ഋഷിമാർക്കു യോജിച്ചവിധം. പരുപരുത്ത ഖദറാകുന്ന ദർഭപ്പുൽവിരിപ്പിലാണല്ലോ, ഗാന്ധിജി വിശ്രമിച്ചിരുന്നതു്. എന്നാൽ ഇന്നു ചന്ദനമുട്ടികൾകൊണ്ടാണു് കിടക്ക വിരിച്ചതു്. എന്തൊന്നാലോ—ദുഃഖംകൊണ്ടോ സംഭ്രമംകൊണ്ടോ എന്തോ. പടീരം = ചന്ദനം. നൈസർഗ്ഗികാമോദം = പ്രകൃത്യാ ഉള്ള ആമോദം (സന്തോഷം, സൗരഭ്യം) സുഷ്ഠുസമ്മാനം = നല്ല സമ്മാനം (വാസന). വെട്ടുന്ന മഴുവിന്നുപോലും മണംനല്കുന്ന ചന്ദനംതന്നെയാണു്; ശത്രുവിനെക്കൂടി സന്തോഷിപ്പിച്ചുപോന്ന ഗാന്ധിജിക്കു പററിയ ചിത.

സന്നതബന്ധുജനം=നമസ്കരിച്ച (കുനിഞ്ഞെടുത്ത) ബന്ധുക്കൾ. സൽക്കർമ്മസൗരഭ്യം = നല്ല പ്രവൃത്തിയുടെ വാസന. ചന്ദനത്തിൻേറതിലും മീതെയാണു്, ഗാന്ധിജിയുടെ സൽക്കർമ്മസൗരഭ്യം! തെല്ലിടറിയ=(വ്യസനംകൊണ്ടു്) ഗദ്ഗദംപൂണ്ടു്. കല്യാണശംഖധ്വാനം = മംഗളസൂചകമായ ശംഖനാദം. തല്പം = കിടക്കു (പട്ടട). ഉള്ളിലെത്തിയ്യ് = തീവ്രദുഃഖം. ജഗദ്ഭാഗ്യാഗ്നി = ലോകത്തിൻെറ ഭാഗ്യമാകുന്ന തിയ്യ്. പട്ടട കൊളുത്തിയപ്പോൾ വ്യസനാകുലരായ ആളുകൾ തത്സമീപത്തേക്കു സമുദ്രംപോലെ തള്ളിക്കേറി. പ്രളയാബ്ധി അലച്ചുകേ-

Digitized By Kerala Sahitya Akademi

കട്ടിയെച്ചുടിക്കയായ്, മടിയിൽസ്സൂക്ഷിക്കയായ്,
ക്ലിഷ്ടരാളുകളുണ്ടു പെണ്ണുങ്ങൾ വിശേഷിച്ചും!
പോയ് വെച്ചുകൊൾവിൻ വീട്ടിലിവയെസ്സദ്ഭക്തരേ:
പാവനാത്മാവിൻെറയിപ്പരമാവശിഷ്ടത്താൽ,
പൂവും ചന്ദനവുംപോലൊത്തിണങ്ങട്ടേ, മാതൃ—
ഭൂവിനെപ്പൂജിക്കുവാൻ ഹിന്ദുവും മുസൽമാനും!
നാലിടങ്ങളിൽനിന്നും നിഗ്ഗതങ്ങളാമെരി—
മാലിനാൽക്കരിഞ്ഞ വഞ്ചുടവീർപ്പുകൾപോലെ
മേലോട്ടു പാറീ ചിതാധൂമങ്ങൾ; ദുഃഖത്തിൻെറ
നീലവസ്ത്രത്തെപ്പൂണ്ടു നിർല്ലേപം വിഹായസ്സും!
മതത്തിൻ തുണയോടേ മന്ദമന്ദമായ്പ്പുക—
ച്ചുരുളിന്നുള്ളിൽജ്ജ്വലിക്കുന്ന പാവകദേവൻ,
ഇരുളിന്മധ്യേ പുത്തൻ പ്രകാശം വീശിപ്പോന്ന
ഗുരുവര്യനെയനുവ്രജിപ്പാൻ തുനികയായ്!
ഇമ്മന്നിനൊരു ചൂട്ടും തൂവെളിച്ചവും ചേത്ത
വന്മഹസ്സുതാ, വഹ്നിജ്വാലോർമ്മികളിലൂടേ
അംബരപദത്തിലേക്കെഴുന്നള്ളുന്നു; മേലിൽ—
ക്കർമ്മയോഗമേ, നിന്നെഗ്ഗീതയിൽമാത്രം കാണാം!

റിയാൽപ്പോലും നശിപ്പിക്കാൻ സാധിക്കില്ല, ഈ അമോഗ്യം. പ്രളയത്തിന്നു പിമ്പും കത്തിക്കൊണ്ടിരിക്കും! ഗന്ധമുട്ടി=ചന്ദനമുട്ടി. ക്ലിഷ്ടർ=ദുഃഖിതർ. പട്ടടയിൽനിന്നു കൊഴിഞ്ഞ പൂവും ചന്ദനക്കഷ്ണവും പെറുക്കാൻ ആളുകൾ എത്രത്തോളം തിക്കിത്തിരക്കിയെന്നു് പ്രയോഗഭംഗി വെളിപ്പെടുത്തുന്നു. പെണ്ണുങ്ങൾ വിശേഷിച്ചും—സ്ത്രീകൾക്കാണല്ലോ, സന്താനങ്ങളിൽ കൂടുതൽ വാത്സല്യവും, ഇത്തരം കാര്യങ്ങളിൽ അധികം വിശ്വാസവും. പൂവും ചന്ദനവും പൂജാദ്രവ്യങ്ങളാണ്. മാതൃഭൂമിയെപ്പൂജിക്കാൻ ഈ പൂവും ചന്ദനവും എന്നപോലെ, ഹിന്ദുവും മുസൽമാനും യോജിച്ചു കഴിയട്ടേ എന്നു കവിയുടെ ആശംസ. വളരെവളരെ ആളുകൾ പാവനാത്മാവിൻെറ ഈ പരമാവശിഷ്ടത്തെ (പുഷ്പചന്ദനങ്ങളെ) പെറുക്കിയെടുത്തു സ്വഗൃഹങ്ങളിലേക്കു കൊണ്ടുപോകയുണ്ടായി.

നിഗ്ഗതങ്ങൾ = പൊട്ടിപ്പുറപ്പെട്ടവ. എരിമാൽ = എരിയുന്ന ദുഃഖം. ചിതാധൂമങ്ങൾ=ചിതയിൽനിന്നുയന്ന പുകകൾ. നിർല്ലേപം (സംഗവിഹീനം) ആയ ആകാശംപോലും ദുഃഖസൂചകമായ നീലവസ്ത്രം ധരിച്ചു; ദുഃഖകാലത്തു കറുത്ത വസ്ത്രം ധരിക്കുക ഒരാചാരമാണല്ലോ; ചിതാധൂമംതന്നെ, കറുത്ത വസ്ത്രം. ഇരുളിൻമധ്യേ—ഹിംസയുടെയും അസത്യത്തിൻെറയും മധ്യത്തിൽ. സംസാരം ഇരുട്ടാണെന്നുകണ്ടാണല്ലോ, ആഷ്ഭാരതം 'തമസോ മാ ജ്യോതിർഗ്ഗമയ' എന്നു പ്രാത്ഥിച്ചതു്. പുത്തൻപ്രകാശം—സത്യത്തിൻെറയും അഹിംസയുടെയും സന്ദേശം. അനുവ്രജിക്കുക=അനുവത്തിക്കുക. ചൂട്—കമ്മവ്യഗ്രത തൂവെളിച്ചം—വിജയാശ. വന്മഹസ്സ്=മഹത്തായ തേജസ്സ്. വഹ്നിജ്വാലോർമ്മികൾ=തീനാളങ്ങളാകുന്ന തിരകൾ. കമ്മയോഗമേ—നിന്നെ അനുഷ്ഠിക്കുകയും പ്രചരിപ്പിക്കുകയുംചെയ്ത ഗുരു ഇഹലോകം വിട്ടു പോയിക്കഴിഞ്ഞു!

Digitized By Kerala Sahitya Akademi

കഴിഞ്ഞു ക്രിയയെല്ലാം; നടക്കും ശവങ്ങൾ പോ—
ലൊഴിഞ്ഞു പുരുഷാരം; കരിഞ്ഞു ദിക്കോരോന്നും.

പിന്നെയൊരഞ്ചു മുഹൂർത്തങ്ങളാലുഴറേറാടീ
വഹ്നിമച്ചിതയിൽനിന്നെടുത്ത നവഭസ്മം

ആബദ്ധോപവാസയാം രാത്രിയെദ്ധരിപ്പിച്ചാ
നാ,പാണ്ഡുനിലാവിനാലക്കൃഷ്ണഷഷ്ഠീചന്ദ്രൻ!

പന്ത്രണ്ട്

(കേക)

വൃദ്ധചന്ദ്രൻെറ ചില വെൺകതിർക്കഷ്ണങ്ങളെ
ശ്രദ്ധയാ പെറുക്കുന്ന പുലർകാലത്തോടൊപ്പം

അസ്ഥിസഞ്ചയനവും കഴിച്ചാനട്ടത്തനാ—
ളശ്രുവാൽക്കഴുകിയ കൈകൊണ്ടഗ്ഗുരുപുത്രൻ!

അച്ഛൻെറ ചിതയിലെച്ചാമ്പലും കോരിയെടു—
ത്തസ്ഥിഖണ്ഡങ്ങളോടുകൂടവേ യഥായോഗ്യം

ന്യസ്തമായ് കുംഭങ്ങളിൽ, വിശ്വത്തിൻനിധിപോലെ,
മർത്ത്യലക്ഷങ്ങളുടെയന്തരംഗങ്ങളിലും!

ബാപ്പുവെദ്ദഹിപ്പിച്ച രാജഘട്ടത്തിലിനി—
ബ്ബാക്കിയുണ്ടഹാര്യമാം പരിശുദ്ധതമാത്രം.

ഇതൊരു പുതുതീർത്ഥമാസ്തികക്കെല്ലാവർക്കും;
മതവർണ്ണാദിവിഭേദങ്ങളില്ലിവിടത്തിൽ.

ഭാരതത്തിലൊട്ടുക്കുമന്യരാജ്യങ്ങളിലു—
മൂരിലും പുരിയിലുമാററിലും കടലിലും

സർവസംഗ്രഹത്തിന്നായ് ച്ചെന്നെത്തീ ചിതാഭസ്മം,
ഭവ്യനാമതിനുടെയുടമസ്ഥനെപ്പോലെ.

ക്രിയ—ഹോമകർമ്മച്ചടങ്ങ്; മനുഷ്യനിലടങ്ങിയ ക്രിയാശക്തി എന്നും. പുരുഷാരം ശവപ്രായമായെന്ന് അടുത്തുതന്നെ പറയുന്നുണ്ട്. കരിഞ്ഞു—ഇരുട്ടു വ്യാപിച്ചു. വഹ്നിമച്ചിത = തീയോടുകൂടിയ ചിത. ആബദ്ധോപവാസ=ഉപവാസം സ്വീകരിച്ചവൾ. ആപാണ്ഡുനിലാവ് = വിളറിയ നിലാവ്. കറുത്ത പക്ഷത്തിലെ ഷഷ്ഠിദിവസമാണ് ആ സംഭവമുണ്ടായത്. അഞ്ചുമുഹൂർത്തം = പന്തിരണ്ടര നാഴിക. നിലാവുതന്നെ ഭസ്മം.

വൃദ്ധചന്ദ്രൻ = വൃദ്ധനായ (അസ്തമിപ്പാൻ തുടങ്ങിയ) ചന്ദ്രൻ. വെൺകതിർക്കഷ്ണങ്ങൾക്ക് അസ്ഥിശകലങ്ങളോടുള്ള സാദൃശ്യം സ്പഷ്ടം. ഗുരുപുത്രൻ—ദേവദാസ്ഗാന്ധി. ന്യസ്തമായ് = നിക്ഷേപിക്കപ്പെട്ടു. അന്തരംഗങ്ങളിലും—അവിടെ കൂടിയവർ ആ സംഭവം ഒരുകാലത്തും മറക്കില്ലെന്ന സാരം. അഹാര്യം = ഹരിപ്പാൻ (കൊണ്ടുപോകാൻ) വയ്യാത്തത്. പുതുതീർത്ഥം—അന്യതീർത്ഥങ്ങൾ ചിലചില മതക്കാർക്കോ ജാതിക്കാർക്കോ മാത്രമുള്ളതാണല്ലോ

സർവ്വസംഗ്രഹം = എല്ലാവരെയും അനുഗ്രഹിക്കൽ. ഭവ്യൻ = ശുഭപ്രദൻ. ഉടമസ്ഥനെപ്പോലെ—ഗാന്ധിജി ജനങ്ങളുടെ ശ്രേയസ്സിന്ന് എല്ലാ സ്ഥലങ്ങളിലും

Digitized By Kerala Sahitya Akademi

ഗുരുഭക്ത്യുദ്വേലാഷത്തോടച്ഛിതഭസിതത്തെ—
ച്ചെറുതും വലുതുമാം വീചിഹസ്തത്താൽ വാങ്ങി,

പാരിലേതൊരു മഹാനദിയോ സമുദ്രമോ
നൂറിരട്ടിപ്പിച്ചീലാ, നൈജമാം വിശുദ്ധിയെ?

യമുനയ്ക്കേറീ യശസ്സേ,ത്തി സൽസംഗം ഗംഗ—
യ്ക്കു,മലത്വത്തിൻ മുക്താസരമായ് സരസ്വതി,

ഗോമതി മതിതേടീ, സരയൂ സസാരയായ്,
സോമജ സോൽക്കർഷയായ്, ഗോദയ്ക്കു ഗുണം കൂടി,

കാവേരി കാമംനേടീ, നിളയ്ക്കു നിത്യക്ഷേമം
കൈവന്നു, ക്ഷണംകൊണ്ടു പുണ്യപൂർണ്ണയായ് ചൂർണ്ണി,

സമ്പൃതയായീ പമ്പ, തെന്നാഴി ധന്യാത്മാവായ്
സമ്പ്രതി സ്വജലത്തിൽ വീണ തദ്ഭസ്മാംശത്താൽ;

ഭംഗമില്ലിബ്ഭസ്മാംശത്തിന്നി,തു നദികളേ,
നിങ്ങളിൽക്കാണാമെന്നും വെൺനുരത്തരികളായ്!

ഗാന്ധിഗാത്രത്തിൻ ദത്തശേഷമാം ഭസ്മത്തിൻെറ—
ശാന്തിചച്ച്നചൂർണ്ണത്തിൻെറ—സന്നിധിയിൽത്താൻ,

ഖിന്നക്കു താങ്ങായോനൊത്താങ്ങിയ വടിയിതു—
മന്യൂനസത്യദ്രഷ്ടാവിൻെറ കണ്ണടയിതും

ധർമ്മസന്മാർഗ്ഗൈകചാരിതൻ ചെരിപ്പിതും
നിർഗ്ഗതഹൃദ്രക്താർദ്രം ചക്ക്രൈൽപ്പുതപ്പിതും

എത്തിച്ചേർന്നിരുന്നുവല്ലോ. ഗുരുഭക്ത്യുദ്വേലാഷം = കനത്ത (ഗുരുവിങ്കലുള്ള) ഭക്തിയെ വിളംബരംചെയ്യൽ; വീചിശബ്ദത്തെ ഭക്ത്യുദ്വേലാഷമാക്കി കല്പിച്ചിരിക്കുന്നു. ഭസിതം = ഭസ്മം. വീചിഹസ്തം = തിരയാകുന്ന കൈയ്. നൈജം = തൻെറതു്. നദികളും സമുദ്രങ്ങളും പ്രകൃത്യാ പരിശുദ്ധങ്ങളാണെന്നത്രേ, ഹൈന്ദവവിശ്വാസം. ചിതാഭസ്മസമ്പർക്കത്താൽ അവ നൂറുമടങ്ങു വിശുദ്ധങ്ങളായി!

മുക്താസരം = മുത്തുമാല ഗോമതി = ഗംഗയുടെ ഒരു പോഷകനദി. മതിതേടി = തൃപ്തിയായി. സസാര = സാരത്തോടുകൂടിയവൾ. സോമജ = നർമ്മദ. സോൽക്കർഷ = ഉൽക്കർഷമിയന്നവൾ. ഗോദ = ഗോദാവരി. കൂടി = ഏറി. നിള = പേരാറ്. ചൂർണ്ണി = പെരിയാറ്. സമ്പൃത = ഏററവും പരിശുദ്ധ. തെന്നാഴി = തെക്കെ കടൽ (കന്യാകമാരിയിലും ഭസ്മം നിക്ഷേപിക്കുകയുണ്ടായി.) ഭംഗം = നാശം. ഈ ഭസ്മാംശം വെൺനുരത്തരികളുടെ രൂപത്തിൽ എന്നും നിങ്ങളിൽ കാണപ്പെടും! ഈ വരികളിൽ ഗാന്ധിജിയുടെ ചിതാഭസ്മത്തിൻെറ ശ്രേയസ്കരതയും ശുദ്ധ്യതിരേകവും അനശ്വരതയും പ്രതിപാദിച്ചിരിക്കുന്നു.

ദത്തശേഷം = (പരക്കെ) ദാനംചെയ്യപ്പെട്ട ബാക്കിയായതു്. ശാന്തിചച്ച്നചൂർണ്ണം—ശാന്തി എന്നവരക്കു പൂശാനുള്ള (സുഗന്ധ) പൊടി. സന്നിധി = സമീപം. അന്യൂനസത്യദ്രഷ്ടാവ് = പരിപൂർണ്ണമായ സത്യത്തെ ദർശിച്ചവൻ. ധർമ്മസന്മാർഗ്ഗൈകചാരി = (സാധാരണക്കാർക്കു) നടപ്പാൻ പ്രയാസമുള്ള സന്മാർഗ്ഗത്തിൽ മാത്രം ചരിച്ചവൻ (സത്യത്തിൻെറയും അഹിംസാദികളായ മററു ധർമ്മങ്ങളുടെയും അസിധാരയിലൂടെ സഞ്ചരിച്ചവൻ.) നിർഗ്ഗതഹൃദ്രക്താർദ്രം = (ഉണ്ട

Digitized By Kerala Sahitya Akademi

ഭാവികാലമേ, ഞങ്ങൾ സൂക്ഷിക്കാം നിനക്കായി,
മെയ്‌വിട്ട സിദ്ധാർത്ഥന്റെയല്ലാവശിഷ്ടംപോലെ.
ഈയഞ്ചു പദാർത്ഥങ്ങളഞ്ചുകൂട്ടത്തെ—സ്സമ—
ധീയെയും, ദയയെയും, സൂക്ഷ്മദർശനത്തെയും,
നിർഭയചര്യയെയും, നിശ്ചലത്യാഗത്തെയും—
നിശ്ശബ്ദം നിനക്കോതിത്തന്നുകൊണ്ടിരിക്കുമേ!

മയല്ലയാൽ) പുറപ്പെട്ട ഹൃദയരക്തംകൊണ്ടു നനഞ്ഞതു്. സമധീ = സമബുദ്ധി (എല്ലാവരെയും ഒരേനിലയിൽ വീക്ഷിക്കൽ). നിർഭയചര്യ = ഭയമില്ലാത്ത നടപടി. സൂക്ഷ്മദർശനം = ഏതിന്റെയും ഉൾപ്പൊരുൾ കാണൽ. നിശ്ചലത്യാഗം = മനശ്ചാഞ്ചല്യമില്ലാതെയുള്ള ത്യാഗം. ഈ അഞ്ചു കൂട്ടങ്ങൾ സിദ്ധാർത്ഥന്റെ (ബുദ്ധന്റെ) പഞ്ചശീലങ്ങളെ അനുസ്മരിപ്പിക്കുന്നു. ഭാവികാലമേ—ഇത്രയും മഹത്ത്വമുള്ള ഒരു അമാനുഷൻ ഈ ഭൂമിയിൽ ജീവിച്ചിരുന്നു എന്നു ഭാവികാലം. പക്ഷേ, വിശ്വസിച്ചില്ലെന്നുവരാം. ഭാവിയുടെ വിശ്വാസത്തിന്നും പരിശുദ്ധിക്കുംവേണ്ടി ചിതാഭസ്മാവശേഷം, വടി, കണ്ണട, ചെരിപ്പ്, പുതപ്പ് എന്നീ അഞ്ചും സൂക്ഷിച്ചുവെയ്ക്കുന്നു എന്നു സാരം. ഇവ സൂക്ഷിച്ചുവെപ്പാൻ ഏർപ്പാടു ചെയ്തിട്ടുണ്ടല്ലോ.

—ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ

Digitized By Kerala Sahitya Akademi

ചിത്രയോഗം

അഥവാ

താരാവലീചന്ദ്രസേനം

മണിപ്രവാളകാവ്യം

1910—1913

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിൻെറ

മുഖവുര

'ചിത്രയോഗ'മെന്ന ഈ കാവ്യം സോമദേവകവി ഉണ്ടാക്കിയ 'കഥാസരിൽസാഗര'ത്തിലെ ശശാങ്കവതീലംബകത്തിൽ 34—ാം തരംഗം 41—ാം ശ്ലോകംമുതൽ 343 ശ്ലോകങ്ങളെക്കൊണ്ടു വിവരിച്ചിരിക്കുന്ന 'മന്ദാരവതീസുന്ദരസേനകഥ'യെ അവലംബിച്ചു് എഴുതിയതാണു്. കഥയുടെ ആകൃതിക്കു കാവ്യത്തിൽ പറയത്തക്ക ഭേദഗതികളൊന്നും വരുത്തിയിട്ടില്ല. എന്നാൽ ദേശനാമങ്ങളും പാത്രനാമങ്ങളും മിക്കതും സൗകര്യമോ സൗഭാഗ്യമോ പ്രമാണിച്ചു ഭേദപ്പെടുത്തിയിട്ടുണ്ടു്.

1086 വൃശ്ചികത്തിലാണു പ്രസ്തുത കാവ്യം എഴുതുവാൻ തുടങ്ങിയതു്. എങ്കിലും ഇടയ്ക്കു ദൈവദുർവിലസിതത്താൽ നിഷ്ഫലമായി വേണ്ടിവന്ന ബാധിര്യചികിത്സയാലും മററും മുടക്കം നേരിട്ടതിനാൽ 88 മകരത്തിലേ എഴുതി അവസാനിപ്പിക്കുവാൻ കഴിഞ്ഞുള്ളു. അതിനുശേഷവും, കേരളീയരെ ഒട്ടുക്കു ദുഃഖസാഗരത്തിൽ മുഴുകിച്ചുകൊണ്ടു് ഇയ്യിടയിൽ യശശ്ശരീരശേഷനായി ഭവിച്ച മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്, പന്തളത്തു കേരളവർമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്, ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ, കുണ്ടൂർ നാരായണമേനോനവർകൾ മുതലായവർ സശ്രദ്ധം വായിച്ചു തനിക്കു് ഉത്സാഹവും വിശ്വാസവും ജനിക്കത്തക്കവണ്ണമുള്ള അഭിപ്രായം അറിയിക്കുന്നതുവരെ ഗ്രന്ഥകർത്താവു് കാവ്യം പ്രസിദ്ധപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. ഇത്തരം പ്രതിബന്ധങ്ങൾ ഇല്ലായിരുന്നെങ്കിൽ ചിത്രയോഗം അതിന്നെത്രയോ മുമ്പുതന്നെ അതിൻെറ സജാതീയസംഘത്തോടുചേർന്നു ശോഭിക്കുമായിരുന്നു. ഈ കാവ്യം വായിപ്പാൻ സദയം ശ്രമപ്പെട്ട തൻെറ അഭ്യുദയകാംക്ഷികളായ മേൽവിവരിച്ച മാന്യമഹാശയന്മാരോടെല്ലാം ഗ്രന്ഥകർത്താവു് എത്രയും കൃതജ്ഞനാണു്.

പ്രൗഢസരസമായ പ്രസ്തുത മഹാകാവ്യത്തിനു വിസ്താരമേറിയ ഒരു വ്യാഖ്യാനംതന്നെ ആവശ്യമാണു്. എന്റെ ടിപ്പണി, ''അങ്ങാഴിതന്നക്കരെപററുവാൻ ഞാൻ ചങ്ങാടമേറിത്തുഴയുന്നു മോഹാൽ'' എന്ന മഹാകവിവാക്യത്തെ സ്മരിപ്പിക്കുന്നതായിരിപ്പാനേ അവകാശമുള്ളു. ഈ വസ്തുത എനിക്കുതന്നെ അറിവുള്ളതാണു്. എങ്കിലും ഗ്രന്ഥവിസ്തരഭീരുവായ എനിക്കു് ഈ വിഷയത്തിൽ ഇതിലധികം കൃതാൎത്ഥതയ്ക്കു വഴിയില്ല.

ചെന്നെ
12-10-1914

കുററിപ്പുറത്തു കിട്ടുണ്ണിനായർ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാം സർഗ്ഗം

ധരാതലത്തിൽ, ധനപുഷ്ടിയൊത്തു—
ണ്ടൊ, രാര്യദേശം നിഷധാഭിധാനം
ചിരാൽ വിളങ്ങുന്നു, കുബേരദിക്കാം
വരാംഗിയാറം തൊട്ടൊരു പൊട്ടുപോലെ. 1

ഒരുന്നതശ്രീപുരി മുന്നമുണ്ടാ—
യിരുന്നുപോലെ, ങ്ങളകാഖ്യയായി;
പെരുത്തു ശില്പങ്ങളുമൊത്തു, സാക്ഷാൽ
മരുൽപ്പുരത്തിൻെറ പകർപ്പുപോലെ. 2

ധനാഭിവൃദ്ധിത്തികവൊത്തു, പുണ്യ—
ജനാഢ്യമായ്, തുംഗവിമാനഭംഗ്യാ
അനാരതം മിന്നിയൊരപ്പുരത്തി—
ന്നനാര്യമായീല, ളകാഭിധാനം. 3

അനർഗ്ഘസച്ചക്രമണിഞ്ഞു മേവു—
മനന്തഭോഗാസ്പദമാമതിങ്കൽ,
അനല്പമുത്തോടളിവല്ലിനിൽപ്പോ—
ലനർഗ്ഗളം ഭാർഗ്ഗവി കേളിയാടി. 4

ശ്രുതിക്കചേരം പല വാദ്യഘോഷ—
മുതിർത്ത നാലുത്തമഗോപുരത്താൽ,
പ്രതിക്ഷണാത്യത്ഭുതസൃഷ്ടി ചെയ്യു—
മതിന്നു ശോഭിച്ചു ചതുർമ്മുഖത്വം. 5

നിതാന്തമൗന്നത്യമൊട്ടും പരപ്പു—
ള്ളതാം കരിങ്കന്മതിലങ്ങു കണ്ടാൽ,

---

1. കുബേരദിക്ക് = വടക്കേ ദിക്ക്.

2. ശില്പങ്ങൾ = നല്ല പണിത്തരങ്ങൾ. മരുൽപ്പുരം = സ്വർഗ്ഗം.

3. പുണ്യജനശബ്ദത്തിനു, സുകൃതികൾ എന്നും, യക്ഷന്മാരെന്നും; വിമാനശബ്ദത്തിന്നു്, ഏഴുനിലമാളിക എന്നും, പുഷ്പകമെന്നും ഈരണ്ടർത്ഥം. അനാര്യം = ആര്യം (ശ്രേഷ്ഠം) അല്ലാത്തതു്; യോജിച്ചതന്നെ ഇരുന്നു എന്നും ഭാവം.

4. സച്ചക്രം = സജ്ജനസമൂഹം, സുദർശനം. അനന്തഭോഗാസ്പദം = അനന്തങ്ങൾ (അനവസാനങ്ങൾ) ആയ ഭോഗങ്ങളുടെ (സുഖസാമഗ്രികളുടെ) ആസ്പദം; വിഷ്ണുപക്ഷത്തിൽ അനന്തൻെറ ഭോഗം (ശരീരം) ആകുന്ന ആസ്പദത്തോടു (സ്ഥാനത്തോടു) കൂടിയവൻ. അതിങ്കൽ = പുരത്തിങ്കൽ. അനർഗ്ഗളം = തടവില്ലാതെ. ഭാർഗ്ഗവി = ലക്ഷ്മി.

5. ശ്രുതിക്കചേരം = ചെവിക്കു സുഖകരമാകുന്ന. വേദത്തിന്നു തുല്യമാകുന്ന. പ്രതി...സൃഷ്ടി=ക്ഷണംതോറും അത്യത്ഭുതത്തെ ഉണ്ടാക്കൽ; അത്യത്ഭുതമായ സൃഷ്ടി. ചതുർമ്മുഖത്വം = നാലു മുഖങ്ങളോടുകൂടിയ നില, ബ്രഹ്മത്വം എന്നും.

Digitized By Kerala Sahitya Akademi

അതാസ്ഥയിൽക്കാത്ത ഭടർക്കു ചേരും
പ്രതാപവഹ്നിപ്പുകയെന്നു തോന്നും. 6

പരാർദ്ധ്യമാം ഭൂതിഭരം ഭരിച്ചു
ദുരാപദുർഗ്ഗാവൃതമപ്പുരാഗ്ര്യം
പുരാരിമെയ്പോലെ വിളങ്ങിയാലും,
ചിരാൽ ദ്വിജിഹ്വാശ്രിതമായതില്ലാ. 7

പരം പരപ്പൊത്തു ജനാരവത്താ-
ലിരമ്പലുള്ളപ്പുര,മപ്രകമ്പ്യം,
വരദ്വിപപ്രൗഢതിമിംഗലങ്ങൾ
നിരന്നു രത്നാകരമായ് വിളങ്ങി. 8

അതിങ്കൽ വാഴും മകളെസ്സമീക്ഷി-
പ്പതിന്നു വന്നെത്തിയൊരാഴിതന്റെ
മുതിർന്ന വീചീനിരപോലെ കാണായ്,
കുതിച്ചുപായുന്ന തുരംഗസംഘം. 9

തഥാവിധശ്രീഭരതാനുഷക്ത-
പ്രഥാഹ്വരാമാലയരമ്യയായി,
കഥാതിഗപ്രാഭവഗോത്രപംക്തി-
രഥാഢ്യയാം പൂരതയോദ്ധ്യയാക്കും. 10

സമസ്തശസ്ത്രാസ്ത്രസമുദ്ധരായ,-
പ്രമത്തരായ്, സ്വാമിഹിതസ്ഥരായി,
അമർത്ത്യരെപ്പോലുമമർത്തടക്കാൻ
സമർത്ഥരാം സൈനികരങ്ങസംഖ്യം. 11

---

6. അതു് = പുരി.

7. പരാർദ്ധ്യം = ശ്രേഷ്ഠം. ഭൂതി = സമ്പത്തു്; ഭസ്മം. ദുരാ...വൃതം = കടക്കാൻവയ്യാത്ത കിടങ്ങിനാൽ ആവൃതം (ചുറ്റപ്പെട്ടതു്). ദുരാപ = (ദുർല്ലഭ) ആയ ദുർഗ്ഗയാൽ വൃതം (വരിക്കപ്പെട്ടതു്). ദ്വിജിഹ്വാശ്രിതം = സർപ്പാശ്രിതം, ദ്വിജിഹ്വന്മാർ (ഏഷണിക്കാർ) ഉള്ളതു്.

8. അപ്രകമ്പ്യം = അതിക്രമിക്കാൻ കഴിയാത്തതെന്നു സാരം. വര...ലങ്ങൾ = വലിയ കൊമ്പനാനകളാകുന്ന തിമിംഗലങ്ങൾ. രത്നാകരം = രത്നങ്ങളുടെ ആകരം (വിളനിലം). ശ്രേഷ്ഠവസ്തുസമൂഹമെന്നു സാരം, സമുദ്രം (സമുദ്രതുല്യം) എന്നും.

9. മകൾ = ലക്ഷ്മി. തുരംഗസംഘം = അശ്വസമൂഹം.

10. തഥാ...രമ്യ = തഥാവിധശ്രീഭരത(അപ്രകാരമായിരിക്കുന്ന ശ്രീഭരതത്തോടുകൂടിയതാവൂ എന്ന അവസ്ഥ)യോടു അനുഷക്തങ്ങൾ (ചേർന്നവ) ആയി പ്രഥാഹ്വങ്ങൾ (ശ്ലാഘ്യങ്ങൾ) ആയിരിക്കുന്ന രാമകളുടെ (സുന്ദരിമാരുടെ) ആലയങ്ങളെക്കൊണ്ടു രമ്യ; അയോദ്ധ്യാപക്ഷത്തിൽ സ്പഷ്ടം. കഥാ...ഢാഢ്യ = കഥാതിഗപ്രാഭവങ്ങൾ (അവർണ്ണ്യമാഹാത്മ്യങ്ങൾ) ആയി ഗോത്ര(പർവത)പംക്തികൾപോലെയുള്ള രഥങ്ങളെക്കൊണ്ടു് ആഢ്യ കഥാതിഗപ്രാഭവഗോത്രനായ പംക്തിരഥനെ (ദശരഥനെ)ക്കൊണ്ടു് ആഢ്യ എന്നും. അയോദ്ധ്യ=യോദ്ധ്യ (ആക്രമിക്കത്തക്കതു്) അല്ലാത്തതു്.

Digitized By Kerala Sahitya Akademi

സദാശയാവജ്ഞകമാപണം പു—
ക്കുദാരപൗരാവൃതമാമതിങ്കൽ
സദാശയാവജ്ഞകമാപണം താ—
നുദാത്തരാം വാണിജർ നേടി മേന്മേൽ. 12

കിടയ്ക്കുകില്ലാ മുയലിന്റെ കൊമ്പു,
കടൽപ്പുഴംതൊട്ടവയെന്നമൂലം
തുടർന്ന ദ്രഷ്ടേർ മൃഗനാഭിത്രുപ—
ത്തൊടങ്ങു കാണായ്, കടയിൽപ്പലേടം. 13

പ്രശാന്തപങ്കോദകമായ്, പ്രകാമം
വിശാലമായ്, വീതരജസ്സുമായി,
ഭൃശാത്മസൗഖ്യപ്രദമാം വഴിക്കേ
വിശാംഗണം തത്ര നടന്നതുള്ളൂ. 14

കുളുത്ത നീർ പാററിയ പാതതോറും
വെളുത്ത പൂമേടകൾ രണ്ടുപാടും
തുളുമ്പിടും ഭംഗിയൊട,പ്പുരത്തിൻ
പളുങ്കുമാലയ്ക്കുതിരായ്‌വിളങ്ങി. 15

സുരാഭരാം പൂരുഷർ നന്ദനശ്രീ—
സുരാജമാനോപവനങ്ങൾതോറും
വരാപ്സരസ്ത്രീകൾ വണങ്ങുമിന്ദീ—
വരാക്ഷിമാരൊത്തിഹ മത്തടിച്ചു. 16

കരാർപ്പണത്തിന്നവിടത്തിലെത്തും
ധരാപർ കാര്യം നിറവേറിയാലും
സുരാലയം തോല്ക്കുമതിങ്കൽനിന്നാ
സ്വരാജ്യയാനത്തിനമാന്തമാർന്നു. 17

ധൃതാദരാഹൂതമഹേന്ദ്രയജ്ഞ—
ശതാഢ്യയാമപ്പുരി വേഴ്ചമൂലം,

---

12. സദാശയാവജ്ഞകം = മനോഹരം. ആപണം = അങ്ങാടി. സദാശയം = നല്ല ആശയത്തോടുകൂടി. ആവജ്ഞകം = ആയെ (ആ എന്ന അക്ഷരത്തെ) വജ്ഞിക്കുന്ന ആപണം (പണം).

13. മൃഗനാഭി = കസ്തൂരി. ലോകത്തിലുള്ള പദാർത്ഥമെല്ലാം ആ അങ്ങാടിയിൽ കിട്ടുമെന്നു ഭാവം.

14. പങ്കം = ചളി, പാപം. രജസ്സ് = പൊടി, രജോഗുണം. ആത്മസൗഖ്യം = ദേഹസുഖം, മുക്തി. വിശാംഗണം = പ്രജകളുടെ സമൂഹം. അളകാപുരിയിലെ നിരത്തുകൾ ശുചികരങ്ങളെന്നും, പൗരന്മാർ സദാചാരപരന്മാരെന്നും ഭാവം.

16. അളകാപുരം സ്വർഗ്ഗതുല്യമെന്നു ധ്വനി.

17. കരാർപ്പണം = കപ്പം കൊടുക്കൽ. ധരാപർ = (കീഴ്) രാജാക്കന്മാർ; അത്ര സുഖം മറെറാരിടത്തില്ലെന്നു സാരം.

Digitized By Kerala Sahitya Akademi

പതാകയാൽ, ഭർത്തൃവിയോഗതാപ—
പ്രതാന്തയാം ദ്യോവിനെ വീശി നിത്യം. 18

പെരുത്ത ഹോമപ്പുകകൊണ്ടു കാർകൊ—
ണ്ടിരുണ്ടു വാനൊത്തിടുമപ്പുരത്തിൽ
പുരുപ്രമോദേന സദാപി പീലി—
വിരുത്തിയാടീ ഗൃഹബർഹിണങ്ങൾ. 19

മരീചി തൂകും മഹനീയരത്ന—
പരീതമായുള്ളൊരു രാജഗേഹം,
പുരീമഹാലക്ഷ്മിയണിഞ്ഞ ദിവ്യ—
കിരീടമായങ്ങു വിളങ്ങി ഭംഗ്യാ. 20

നിതാന്തമസ്സൗധവരത്തിനൊക്ക—
ന്നതായിരുന്നു ഭുവി മേടനാമം;
പ്രതാപവാൻ ഗോപതിയുച്ചമായോ—
രതാശ്രയിച്ചേറെ വിളങ്ങിയല്ലോ. 21

കുളിർത്തിളന്നീരൊളിനീർ നിറഞ്ഞ
കളിത്തടാകങ്ങളതിങ്കൽ മിന്നീ,
വിളിപ്പെടുന്നാപ്പുരലക്ഷ്മിയാൾതൻ
തെളിഞ്ഞ കണ്ണാടികളെന്നപോലെ. 22

കരഞ്ഞെഴും പൂമലർവാടി നീരിൽ
നിരക്കവേതാൻ നിഴലിക്കമൂലം

പാഠാന്തരം

18. ഒരിക്കലെങ്ങെത്തിയൊരുമ്പർകോനു
തിരിച്ചുപോകാൻ കഴിയാത്തമട്ടിൽ
വരിഷ്ഠയാഗങ്ങൾ മുടങ്ങിടാതെ
ശരിക്കിയന്നാശ്ശ്രുതരാജധാനി,

നിരന്തരം ഭർത്തൃവിയോഗതാപ—
ഭരംപെടും ദ്യോവിനെ വേഴ്ചമൂലം
പുരോപിഷൽക്കന്നെതിർഗോപുരാഗ്ര—
സ്ഥുരൽക്കൊടിക്കുറകൾകൊണ്ടു വീശി. (യുഗ്മകം)

18. ധൃതാ...താദ്ധ്യ = ആദരവോടെ ഇന്ദ്രനെ ആവാഹിച്ചുവരുത്തിയ അസംഖ്യം യാഗങ്ങളുള്ളതു്. വേഴ്ച = സാമ്യംകൊണ്ടുള്ള സ്നേഹം. ഭർത്തൃശബ്ദത്തിനു സ്വാമിയെന്നും അർത്ഥം. അപ്പുരിയിൽ യജ്ഞാനുഷ്ഠാനമില്ലാത്ത സമയമില്ലെന്നു ഭാവം.

19. ഗൃഹബർഹിണങ്ങൾ = വളർത്തുമയിലുകൾ. സദാപി = ഗ്രീഷ്മകാലങ്ങളിൽപ്പോലും. മയിലുകൾക്കു മേഘദർശനം ആനന്ദകരമാണല്ലോ.

20. മരീചി = രശ്മി. മഹ...രീതം = മഹനീയങ്ങൾ (പൂജ്യങ്ങൾ) ആയ രത്നങ്ങളാൽ (ശ്രേഷ്ഠവസ്തുക്കളാൽ) പരീതം (ചുററപ്പെട്ടതു്). പുരീമഹാലക്ഷ്മി = പുരിയിങ്കലുള്ള മഹാലക്ഷ്മി.

21. മേടനാമം = മേട എന്ന നാമം. ഗോപതി = രാജാവു്, സൂര്യൻ. സൂര്യനു മേടം ഉച്ചമാകുന്നു.

22. തടാകങ്ങൾ = കുളങ്ങൾ.

Digitized By Kerala Sahitya Akademi

ഇരട്ടിയായ്ക്കൊട്ടി നരാശയത്തെ
മിരട്ടിപോലങ്ങു തടാകജാലം. 23

മുലയ്ക്കണിക്കുങ്കുമപങ്കമോലും
ചലച്ചകോരാക്ഷികളങ്ങു ഭംഗ്യാ
ജലത്തിലേററം വിഹരിക്കെ രാഗം
കലർന്നലഞ്ഞൂ, ജഡമാം സരസ്സും. 24

നലപ്പെട്ടും വാപിയിലങ്ങു നഗ്ന—
നിലയ്ക്കു നീന്തും ചില മുഗ്ദ്ധമാർകൾ,
സലജ്ജമാരായ് പ്രിയരാശു ചെല്ലേ
മുലയ്ക്കുവെള്ളത്തിൽ വ്യഥൈവ നിന്നു. 25

നിരന്ന പാതയ്ക്കിരുപാടുമുള്ള
പുരങ്ങളിൽക്കത്തിന ദീപജാലം,
നിരർഗ്ഗളമാം പൊന്മണിമാലപോല—
ങ്ങൊരപ്രമേയപ്രഭ രാവിനേകി. 26

വിരിഞ്ചിവിഷ്ണുപ്രിയമാർകൾ തമ്മിൽ—
പ്പിരിഞ്ഞിടാതങ്ങു രമിച്ചജസ്രം,
ഒരിക്കലും ചേർന്നിവരെങ്ങുമൊന്നി—
ച്ചിരിക്കുകില്ലെന്നൊരകീർത്തി തീർത്തു. 27

പുരാണപാരായണമങ്ങൊരേടം
പരാർദ്ധ്യവിദ്വത്സഭ മറെറാരേടം,
വരാംഗിമാർതങ്ങടെ പാട്ടൊരേടം,
ദരാനകാദിധ്വനി മറെറാരേടം. 28

ചിലേടമാശ്ചര്യമഹേന്ദ്രജാലം,
ചിലേടമോരോവക നാടകങ്ങൾ,
ചിലേടമത്യുൽഭടസൈന്യഘോഷം,
ചിലേടമോ മാഗധസൂതഗീതം, 29

സ്വയംവരാഡംബരമപ്പുറത്തു,
നയജ്ഞമന്ത്രക്രമമന്യഭാഗേ,

---

23. തടാകജാലം = തടാകജാലമാകുന്ന ജാലം (ജാലവിദ്യ).
24. രാഗം = ചുകപ്പ്, അനുരാഗം. ജഡം = തണുപ്പുള്ളത്, അചേതനം.
25. മുഗ്ദ്ധമാർ = അപ്രൗഢകൾ. ജലനൈർമ്മല്യത്താൽ അംഗസംവരണോദ്ദേശം അസാദ്ധ്യമായെന്നു താൽപര്യം.
26. പുരങ്ങൾ = ഗൃഹങ്ങൾ. രാവിനു് (രാവാകുന്ന സ്ത്രീക്കു്).
27. വിരിഞ്ചി...മാർകൾ = വിരിഞ്ചിപ്രിയയും വിഷ്ണുപ്രിയയും (സരസ്വതിയും ലക്ഷ്മിയും). അജസ്രം = എപ്പോഴും. വിദ്യയും സമ്പത്തും അളകയിൽ സുലഭമെന്നു സാരം. 'തീർത്തു' എന്നേടത്തു 'നീക്കി' എന്നു പാഠഭേദം.
28. ദരം = ശംഖ്. ആനകം = പെരുമ്പറ. ധ്വനി = ശബ്ദം.
29. മാഗധന്മാർ = വംശകീർത്തകന്മാർ. സൂതന്മാർ = സ്തുതിപാഠകന്മാർ.

Digitized By Kerala Sahitya Akademi

സ്വയന്ത്രശില്പം ചിലതിക്കില,സ്സ്രു—
പ്പയററു വേറിട്ടൊരിടത്തി,വണ്ണം. 30

നിരർഗ്ഗളാനേകമഹോത്സവങ്ങൾ
നിരക്കെയൊത്തപ്പുരമുല്ലസിച്ചു,
നരക്ഷ കണ്ടാൽ നയനങ്ങൾ രണ്ടും
കരാംക്കരുന്നും കുളിരുംപ്രകാരം. (കലാപകം) 31

അതിങ്കൽ വാണാനൊരു മേദിനീശ—
നതിപ്രസിദ്ധൻ, ശ്രിതമന്ത്രിവൃദ്ധൻ,
പ്രതിക്ഷണം ലോകസുരക്ഷയിൽക്കൺ—
പതിച്ചു വിണ്ണിൽ ശതമന്യുപോലെ. 32

ശിവപ്രിയൻ, സ്വസ്ഥവിരോധി ഹിംസാ—
പ്രവർത്തനാഭ്യുദ്യതശക്തിയുക്തൻ,
അവസ്ഥയാലും, ഭുവി പേരിനാൽപ്പോ—
ലവൻ മഹാസേനപദാഭിധേയൻ. 33

വിരിഞ്ഞ മാർ, വിസ്തൃതനെററി, വൻക—
യ്യെ,രിഞ്ഞ തേജസ്സിവയൊത്തൊരംഗം
ധരിച്ചെഴും ക്ഷത്രിയധർമ്മമാണാ,—
ധരിത്രിതൻ നായകനെന്നു തോന്നും. 34

ശരി,ക്കസംഖ്യാഗമസാഗരങ്ങൾ
ധരിച്ചണുപ്രായമനസ്സിൽ നിത്യം,
ഒരിക്കൽ നാലാഴികൾ കൈക്കൊട്ടത്ത
വരിഷ്ഠനും വിസ്മയമേകി വമ്പൻ. 35

ശിരസ്സിലാററാഗമ,മാത്മനി ശ്രീ—
കരം സദാചാരമിവററിനാലേ

---

30. നയജ്ഞമന്ത്രക്രമം = നയജ്ഞന്മാരുടെ (നീതിശാസ്ത്രജ്ഞന്മാരുടെ) മന്ത്രക്രമം (കാര്യവിചാരണശൈലി).

31. നിര...മഹോത്സവങ്ങൾ = ഇടവിടാതെയുള്ള പലതരം ആഘോഷങ്ങൾ.

32. മേദിനീശൻ = രാജാവ്. ശ്രിതമന്ത്രിവൃദ്ധൻ = പഴമക്കാരായ മന്ത്രികളാൽ ആശ്രയിക്കപ്പെട്ടവൻ. ശതമന്യു = ഇന്ദ്രൻ.

33. ശിവപ്രിയൻ = മംഗളങ്ങളിൽ പ്രിയമുള്ളവൻ, ശിവനു പ്രിയൻ എന്നും. സ്വസ്ഥശബ്ദത്തിന്ന് ഉദാസീനന്മാരെന്നും, സ്വർഗ്ഗസ്ഥന്മാർ (ദേവകൾ) എന്നും അർത്ഥം. ശക്തി = ശേഷി, വേൽ. മഹാ...ധേയൻ = മഹാസേനനെന്ന (സ്കന്ദപര്യായമായ) പദംകൊണ്ട് അഭിധേയൻ (വാച്യൻ). രാജാവിന്റെ മഹാസേനനെന്ന പേർ അർത്ഥവത്തെന്നു സാരം.

35. അസം...രങ്ങൾ = അനവധി ശാസ്ത്രസമുദ്രങ്ങൾ. മനസ്സ് അണുപ്രായമെന്നത്രേ, താർക്കികമതം. നാലാഴികൾ കൈക്കൊട്ടത്ത വരിഷ്ഠൻ (അഗസ്ത്യൻ).

Digitized By Kerala Sahitya Akademi

ഹരന്റെ മട്ടാകിലു,മധരാധീ—
ശ്വരങ്കലില്ലാ വിഷമേക്ഷണത്വം. 36

അമായമായ് മന്ത്രവിചാരമാന്ത—
മമാന്തമെന്യേ നയമാചരിച്ചും
അമാനുഷപ്രാഭവരീതി കാട്ടി—
മമാത്യരൊത്തൂഴി ഭരിച്ചു ഭൂപൻ. 37

ശരിപ്പെടും വിപ്രവരാനുവൃത്തി—
ക്കൊരിക്കലും താഴ്ചവരാതെതന്നെ,
ഗരിഷ്ഠർ തന്മന്ത്രികൾ സൽപഥത്തിൽ—
ച്ചരിച്ചുപോലു,ജ്ഝിതപക്ഷപാതം. 38

ഉണർന്നവൻ നിത്യമഹീശവൃത്തി—
യിണങ്ങുമാറൂഴിഭരം ശിരസ്സിൽ
അണച്ചുവെച്ചിട്ടു,മിതെന്ത,ശേഷ—
ഗുണച്ഛടാലംകൃതനായിതന്നു! 39

ഒരാറുകൂട്ടത്തെയകററി, വേറി—
ട്ടൊരാറുകൂട്ടത്തെ മനസ്സിലാക്കി,
നിരാകുലം മൂന്നിനെയാശ്രയിച്ചു
ചിരായ കാത്താനവനേഴിനേയും. 40

കയർത്തു ശത്രുക്കളെ വെല്ലുകെന്ന
പയററു ശീലിപ്പതിനെന്നപോലേ,
സയത്നമബ്ഭൂപതി, തന്റെ പഞ്ചേ
ന്ദ്രിയങ്ങളെത്തന്നെ ജയിച്ചിതാദ്യം. 41

---

36. ആറാഗമം = ആറുശാസ്ത്രം (വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ്, കല്പം, ശിക്ഷ); ആറിന്റെ (ഗംഗാനദിയുടെ) ആഗമം (പ്രാപ്തി) എന്നും. ആത്മനി = മനസ്സിൽ, ദേഹത്തിൽ. സദാചാരം (ഭസ്മം). വിഷമേക്ഷണത്വം = സമദൃഷ്ടിത്വമില്ലായ്മ. ത്രിണേത്രത്വമെന്നും. ശിരസ്സിൽ എന്നതിനു രാജപക്ഷത്തിൽ ബുദ്ധിയിലെന്നർത്ഥം. ധരത്തിന്റെ (പർവ്വതത്തിന്റെ) അധീശ്വരത്വംകൊണ്ടു ധരാധീശ്വരത്വം ശിവനുമുണ്ട്.

38. വിപ്ര...വൃത്തി = വിപ്രവരന്മാരെ (ബ്രാഹ്മണശ്രേഷ്ഠരെ) വിപ്രവരനെ (പക്ഷിശ്രേഷ്ഠനെ) അനുസരിക്കൽ. ഗരിഷ്ഠർ = ഗൗരവമുള്ളവർ; കനമുള്ളവരെന്നും. സൽപഥത്തിൽ = സന്മാർഗ്ഗത്തിൽ, ആകാശത്തിൽ. കനമുള്ളവർ പക്ഷപാതം (ചിറകടി) കൂടാതെ, പക്ഷിശ്രേഷ്ഠനെപ്പോലെ ആകാശത്തിൽ ചരിച്ചത്, ആശ്ചര്യം.

39. നിത്യ...വൃത്തി = നിത്യയായ മഹീശന്മാരുടെ (രാജാക്കന്മാരുടെ), നിത്യം അഹീശന്റെ (ശേഷന്റെ) എന്നും വൃത്തി. അശേ...കൃതൻ = എല്ലാ ഗുണങ്ങളാലും അലംകൃതൻ, ശേഷഗുണച്ഛടാലംകൃതൻ (ശേഷന്റെ ഗുണങ്ങളുള്ളവൻ) അല്ലാത്തവൻ.

40. ഒരാറുകൂട്ടം = കാമക്രോധലോഭമോഹമദമാത്സര്യങ്ങൾ. വേറിട്ടൊരാറുകൂട്ടം=സന്ധിവിഗ്രഹയാനാസനദ്വൈധീഭാവസമാശ്രയങ്ങൾ. മൂന്നിനെ=ഉത്സാഹപ്രഭുമന്ത്രശക്തികളെ. ഏഴിനേയും = സ്വാമ്യമാത്യസുഹൃൽകോശരാഷ്ട്രദുർഗ്ഗബലങ്ങളെ.

Digitized By Kerala Sahitya Akademi

നയോപദേശപ്പടി ഗൂഢമന്ത്ര-
മെടുത്തു, ഘോരാഹിഭയപ്രസംഗം
തടുത്തെളുപ്പത്തിലവൻ പ്രകാശ-
പ്പെടുത്തിനാൻ, തന്റെ നരേന്ദ്രശബ്ദം. 42

ദുരാപചാരക്രമചാരവർഗ്ഗം,
പുരാണശാസ്ത്രാന്തരതത്ത്വബോധം,
ധരാധിപൻ കണ്ണിതു രണ്ടുമാക്കി
പരാത്മവീക്ഷയ്ക്കു, പയോരുഹാക്ഷൻ. 43

ഗുരുക്കളിൽത്താനു; സുരാസുരേന്ദ്ര-
ഗുരുക്കളിൽപ്പൊങ്ങി നയോദയത്താൽ;
പെരുക്കി നിത്യം വരവത്യുദാരൻ;
ചുരുക്കി മററും ചിലവർത്ഥവേദി. 44

വിലപ്പെടും നീതിയെ മുൻനിറുത്തി
സ്വലബ്ധസംരക്ഷകൾ ചെയ്തു, പിന്നെ
ഫലപ്രസംഗംവരെയുദ്യമംപൂ-
ണ്ടലബ്ധമാർജ്ജിച്ചിതു ലബ്ധവർണ്ണൻ. 45

അതാന്തമാമാസ്ഥയൊടന്ന,മന്ദ-
പ്രതാപരാം മററു നൃപാലരെല്ലാം
നതാർദ്രനാമാ നരനായകന്റെ
സിതാതപത്രത്തണലിൽ സുഖിച്ചു. 46

എതിർത്ത മാററാരുടെ മെയ്നിണത്താൽ
കതിർത്തുകൊണ്ടീടിന മന്നിടത്തിൽ,
ക്ഷിതിക്കു ഭർത്താവവനപ്രയാസ-
സ്ഥിതിക്കു നാട്ടിച്ചു ജയധ്വജങ്ങൾ. 47

അരാതിമാതംഗശിരസ്സുടയ്ക്കു-
ന്നൊരാ നൃപൻതന്നരതന്നെ പോരും,
പരാക്രമത്തിന്നു പരുങ്ങലെങ്ങും
വരാത്ത കണ്ഠീരവരെജ്ജയിപ്പാൻ. 48

---

44. സുരാസുരേന്ദ്രഗുരുക്കൾ = വ്യാഴശുക്രന്മാർ. അർത്ഥവേദി = ധനശാസ്ത്രജ്ഞൻ.

45. സ്വലബ്ധസംരക്ഷകൾ = തനിക്കു കിട്ടിയതിനെ സൂക്ഷിക്കൽ. ലബ്ധവർണ്ണൻ = വിദ്വാൻ

46. നതാർദ്രൻ = ആശ്രിതവത്സലൻ സിതാതപത്രം = വെൺകൊററക്കുട. മഹാസേനൻ ചക്രവർത്തിയായിരുന്നു.

47. കതിർത്ത നിലത്തു ധ്വജങ്ങൾ നാട്ടിപ്പാൻ എളുപ്പമുണ്ടല്ലോ.

48. അരാ.. രസ്സ് = അരാതികൾ (ശത്രുക്കൾ) ആകുന്ന മാതംഗങ്ങളുടെ (ആനകളുടെ) ശിരസ്സ്. അര = മദ്ധ്യഭാഗം, പകുതി എന്നും. ആ രാജാവു സിംഹത്തെപ്പോലെ കൃശമദ്ധ്യനും വിക്രമിയുമായിരുന്നു.

Digitized By Kerala Sahitya Akademi

സ്വരാജ്യലക്ഷ്മീകളർകൊങ്കയിങ്ക-
ലരാതിരക്തപ്പുതുകുങ്കുമത്താൽ,
പരാർദ്ധ്യപത്രാളി ചമച്ചു, ഭംഗം-
വരാതവൻ ചേർത്തിതു കീർത്തിഹാരം. 49

ദയയ്ക്കു വീടാമവനെത്ര സമ്പ-
ത്തിയററി, രക്തം പുരളാതെതന്നേ!
ജയത്തിനായ് വില്ലിനെയല്ല, മുററും
നയത്തെയല്ലോ, പെരുമാറി വീരൻ. 50

അവന്നു ചിത്തത്തിലിതൊട്ടു ചേർത്തീ-
ല,വദ്യമൈശ്വര്യമദാഭിമർശം;
ഇവൻ ജനങ്ങൾക്കൊരു ദാസനെന്നേ
ദിവസ്പതിപ്രൗഢനു ഭാവമുള്ളൂ. 51

യശസ്സിലേ ലോഭ,മപാത്രകത്തിൽ-
ബ്ഭൃശം പിശുക്ക,ഞ്ഞത ഭോഷ്കു വാക്കിൽ;
പ്രശംസനീയസ്ഥിതിയാമവന്നു
നൃശംസശീലത്വമനാര്യരിൽത്താൻ. 52

ഖലദ്വിഷത്താ പ്രഭു, സജ്ജനങ്ങൾ
നലത്തൊടേകുന്നൊരനുഗ്രഹംതാൻ
തലയ്ക്കു തൻപൊന്മകുടത്തിനേക്കാൾ
വിലപ്പെടും ഭൂഷണമെന്നുറച്ചു. 53

ഹയങ്ങളെസ്സാദികണക്കെ, ദണ്ഡ-
നയപ്രയോഗക്കടിഞ്ഞാണിനാലേ
നിയന്ത്രണംചെയ്തു ജനത്തെയെല്ലാം
സ്വയം നൃപൻ നേർവഴിയേ നടത്തീ. 54

പരക്കെ വാർത്താഭ്യുദയത്തിനൊക്കും-
തരത്തിലേർപ്പാടുകൾ ചെയ്കയാലേ
നിരന്തരം വാർത്ത സമൃദ്ധി നാട്ടിൽ
നിരസ്തദുർഭിക്ഷമവൻ വരുത്തീ. 55

---

49. പത്രാളി = പത്തിക്കീററ്.

50. രക്തം പുരളാതെ—യുദ്ധംകൂടാതെ എന്നു ഭാവം.

51. ഐശ്വ...മർശം = സമ്പന്മദസ്പർശം ആകുന്ന. അവദ്യം=ദോഷം. ദിവസ്പതി = ഇന്ദ്രൻ.

52. നൃശംസശീലത്വം = ഘാതുകത്വം. അനാര്യർ = ദുഷ്ടർ.

53. ഖലദ്വിഷത്ത് = ദുഷ്ടദ്വേഷി. നലം = സ്നേഹം.

54. സാദി = കുതിരക്കാരൻ. നിയന്ത്രണംചെയ്തു = അടക്കിനിർത്തി.

55. വാർത്താഭ്യുദയം = വാർത്തയുടെ (കൃഷിഗോരക്ഷാവാണിജ്യങ്ങളുടെ) അഭ്യുദയം. വാർത്തസമൃദ്ധി=ക്ഷേമാഭിവൃദ്ധി. നിരസ്തദുർഭിക്ഷം=ദാരിദ്ര്യംകൂടാതെ.

Digitized By Kerala Sahitya Akademi

ഉദാരസംരക്ഷകനാ നൃപാല-
നദാത്തവേഷൻ മുറയോത്തുഷസ്സിൽ
നിദാനമാസ്ഥാനസദസ്സണഞ്ഞാൽ,
കദാപി കാര്യാർത്ഥികളില്ലതിങ്കൽ. 56

അനർഘരക്ഷാകരനാമവന്നു
ജനങ്ങൾ പുണ്യങ്ങളിൽ നാലിലൊന്നും,
ധനത്തിൽനിന്നാവിധമാറിലൊന്നും
മനസ്സോടേകീ, മതി വന്നിടാതേ. 57

കുലാർഹവൃത്ത്യാ ധൃതപുഷ്കരാക്ഷ-
വിലാസനായി,കലിബാധ നീക്കി,
നളാഭനായ്ത്താൻ നിഷധത്തിൽ വാണാ-
നിളാധിപൻ, ഭീമജയാനുഷക്തൻ. 58

ഉറച്ചു തൽപ്രാഭവമോർത്തസൂയ
കുറച്ചു തന്നുള്ളിലുദിച്ചതെല്ലാം
മറക്കമാറിന്ദ്രനു തുഷ്ടി ചേർത്തു
മുറയ്ക്കവൻ മുഖ്യമഖങ്ങളാലേ. 59

പ്രതാപനാമത്തൊടവന്റെ കൈ ചേ-
ന്നതാതു ദുഷ്ടാടവി ചുട്ടെരിപ്പാൻ
ധൃതാസ്ഥനാമഗ്നിയെ നിത്യയജ്ഞ-
കൃതാസ്ഥനാബ്ഭ്രപതി തൃപ്തനാക്കി. 60

സുവർണ്ണകൂടം ക്രതുദക്ഷിണാർത്ഥ-
മവന്റെ പാർശ്വത്തിലുയർന്നു കാൺകേ,
സ്വവസ്ത്യശൈലവ്യയഭീതിപൂണ്ടു
വിവർണ്ണരായ് വിണ്ണവരൊട്ടുനേരം. 61

നിശേശഭാസ്സാകിയ സപ്തതന്തു-
വിശേഷസംക്ലൃപ്തയശഃപടത്താൽ

---

56. രാജാവു പതിവായി രാവിലേ ശോഭനവേഷനായി ആസ്ഥാനത്തെഴുന്നള്ളണമെന്നാണ് നീതിശാസ്ത്രമുറ.

57. പ്രജകളുടെ പുണ്യങ്ങളിൽ നാലിലൊന്നും, ധനത്തിൽ ആറിലൊന്നും രാജാവിന്നവകാശപ്പെട്ടതാണല്ലോ. അതുകളെ കൊടുത്തിട്ടും പ്രജകൾക്ക തൃപ്തി വരാതിരിപ്പാൻ കാരണം, അദ്ദേഹത്തിന്റെ അനർഘരക്ഷാകരത്വമാകുന്നു.

58. കുലാർഹവൃത്ത്യാ=വംശോചിതവ്യാപാരംകൊണ്ട്. ധൃത...ലാസൻ = പുഷ്കരാക്ഷന്റെ (വിഷ്ണുവിന്റെ) വിലാസത്തെ, പുഷ്കരനോടുകൂടിയുള്ള അക്ഷവിലാസത്തെ, (ചൂതുകളിയെ) ധരിച്ചവൻ. ഇളാധിപൻ = രാജാവ്. ഭീമ...ഷക്തൻ = ഭീമങ്ങളായ ജയങ്ങളോടു ചേർന്നവൻ. ഭീമജയാ (ഭീമജയോട്), ദമയന്തിയോടു ചേർന്നവനെന്നും.

59. തന്നുള്ളിൽ = ഇന്ദ്രന്റെ മനസ്സിൽ. മഖങ്ങൾ = യാഗങ്ങൾ.

61. സുവർണ്ണകൂടം=കൂട്ടിയ പൊന്ന്. സ്വവസ്ത്യ...ഭീതി=തങ്ങളുടെ വസ്ത്യം (വാസസ്ഥാനം) ആയ ശൈലം (മഹാമേരു) ചെലവായേക്കുമോ എന്ന ഭയം. വിണ്ണവർ = ഹവിരാദാനത്തിനെത്തിയ ദേവകൾ.

Digitized By Kerala Sahitya Akademi

കൃശേതരാശ്ചര്യചരിത്രന്തഴി—
യശേഷവും മൂടിവിരിച്ചു ഭൂപൻ. 62

അവന്ധ്യശൗര്യോഷ്മളമാം കരത്തെ
ധ്രുവം തണുപ്പിപ്പതിനാസ്ഥയോടേ,
അവഗ്രഹം വിട്ടൊരുദാരഭാവാ—
ലവൻ സദാ ദാനജലം ഗ്രഹിച്ചു. 63

ഉദാരനായ്,ദ്ദാനജലം കരത്താൽ
മുദാ പൊഴിച്ചീടുമവൻ നടപ്പിൽ
സദാ ഗജേന്ദ്രോപമ നേടിയാലും
മദാന്ധനായീലൊരുമാത്രപോലും. 64

കുശാഗ്രധീയാമവനിപ്രകാരം
പ്രശാസനംചെയ്തുവരുന്നകാലം
വിശാലമാനാടതിപുഷ്ടി നേടി,
പ്രശാന്തവും രമ്യവുമായിരുന്നു. 65

നവപ്രതാപാൽ തപനാഭനായോ—
രവന്റെ നാട്ടിൽത്തപനന്റെ പുത്രൻ
ധ്രുവം വരുത്തീലപമൃത്യുവാക്കു—
മിവണ്ണമല്ലോ, പിതൃഭക്തി വേണ്ടു. 66

ശരിക്കു ദോഷജ്ഞകിരീടമുത്താ—
യിരിക്കുമാമ്പ് ഭൂപന,പത്ഥ്യമെന്ന്യേ
ഭരിക്കയാലാമയവാർത്തപോലു—
മൊരിക്കലും നാട്ടിലുദിച്ചതില്ലാ. 67

സുവക്രവാർകേശികരം ഗ്രഢമായി
സ്വവശ്യനാം കാമനെയൊററുനിർത്തി
യുവവ്രജത്തിൻ കരരം കട്ടെടുത്താ—
ര,വന്റെ നാട്ടിൽക്കളവിത്രമാത്രം. 68

---

62. നിശേശഭാസ്സ് = ചന്ദ്രനെപ്പോലെ വെളുത്തതു്. സപ്ത...പടം = സപ്തതന്തുവിശേഷങ്ങരം (യാഗവിശേഷങ്ങരം, ഏഴു നൂലുകരം എന്നും) കൊണ്ടു ക്ലപ്തം (നിമ്മിതം) ആയ യശസ്സ് (കീത്തി) ആകുന്ന പടം (വസ്ത്രം). ഏഴു നൂലുകൊണ്ടുമാത്രം നെയ്ത വസ്ത്രംകൊണ്ടു് ഭൂമി മുഴുവൻ മൂടിവിരിക്കുക എന്നതു് അത്യാശ്ചര്യചരിത്രമാണല്ലോ.

63. അവന്ധ്യശൗര്യോഷ്മളം = സഫലമായ ശൗര്യംകൊണ്ടു ചൂടുള്ളതു്. അവഗ്രഹം = തടവു്. ധ്രുവം എന്നതു് ഉൽപ്രേക്ഷാവാചകമാകുന്നു.

64. ഗജപക്ഷത്തിൽ കരം = തുമ്പിക്കൈ്. ദാനജലം=മദനീർ. നടപ്പിൽ=ആചാരത്തിൽ, നടത്തത്തിൽ, രാജപക്ഷത്തിൽ. മദാന്ധൻ=ഗർവ്വിഷ്ഠൻ.

65. പ്രശാസനം=രക്ഷണം.

66. തപനന്റെ പുത്രൻ = യമൻ. പിതൃതുല്യനെ പിതാവിനെപ്പോലെ കരുതുന്നതാണല്ലോ പിതൃഭക്തിയുടെ ലക്ഷണം.

67. ദോഷജ്ഞശബ്ദം വിദ്വദ്വൈദ്യവാചിയും, ആമയശബ്ദം ദുഃഖരോഗവാചിയുമത്രേ.

Digitized By Kerala Sahitya Akademi

സമസ്തവർണ്ണങ്ങളുമാത്മധർമ്മ–
ക്രമത്തിൽനിന്നേതുമനങ്ങിടാതെ,
അമന്ദസത്യവ്രതനിഷ്ഠരായി–
ച്ചമഞ്ഞു മോദിച്ചി,തവന്റെ നാട്ടിൽ. 69

വിരക്തിയാൽ ഭർത്തൃഹിതത്തെ രോധി–
പ്പൊരക്രമം വിട്ടു കേരളനാട്ടിൽ
പുരന്ധ്രിമാർ മുറ്റുമരുന്ധതിക്കൊ–
ത്തുരത്ത ചാരിത്രവുമാർന്നു വാണു. 70

സുരോത്തമൻ ഗീഷ്പതിവാക്കുപോലെ,
പുരോഹിതാചാര്യവരോപദേശം
ശിരോമണിപ്രായമണിഞ്ഞു ധർമ്മ–
വിരോധമേല്ക്കാതവനൂഴി കാത്തു. 71

സുരാസുരാക്ഷോഭ്യമഹത്വമാർന്നാ–
ധരാധിപപ്പാല്ക്കടലിങ്കൽനിന്നും
വരാഭനായ്പ്പൊങ്ങിന കീർത്തിചന്ദ്രൻ
നിരാകുലം രാപ്പകലുല്ലസിച്ചു. 72

നിരങ്കമാം തൽപ്പുകളോടെതിർത്തു
പരം വശംകെട്ട ശശാങ്കബിംബം
സ്ഫുരൽസിതച്ഛത്രതപൂണ്ടു വെൺചാ–
മരങ്ങളോടൊത്ത,വനെബ്ഭജിച്ചു. 73

തടസ്ഥമറ്റർത്ഥികരാഗ്രശുക്തി–
പുടങ്ങളിൽത്ദാനപയസ്സു വീഴ്കി,
സ്ഫുടം യശോമുത്തുകൾ ശേഖരിച്ചാൻ
കടൽഗ്ഗഭീരാശയനാ ക്ഷിതീശൻ. 74

അസംഖ്യസൂര്യാദരമാർന്നു, പങ്ക–
പ്രസക്തിവിട്ടെപ്പൊഴുമെന്നപോലെ

---

69. സമസ്തവർണ്ണങ്ങളും = എല്ലാ ജാതിക്കാരും.

70. വിരക്തി = അനുരാഗമില്ലായ്മ. ഭർത്തൃഹിതത്തിന്നെതിരായിച്ചെയ്യുക എന്ന അക്രമം. പുരന്ധ്രിമാർ = ഗൃഹിണികൾ.

71. സുരോത്തമൻ = ഇന്ദ്രൻ. ഗീഷ്പതി = വ്യാഴം. ശിരോമണിപ്രായമണിഞ്ഞ് = ഏററവും താഴ്മയോടെ ആദരിച്ച്.

72. പണ്ടു സുരാസുരന്മാർ മഥിച്ചു കടഞ്ഞ പാല്ക്കടലിൽനിന്നുണ്ടായ ചന്ദ്രൻ രാത്രിമാത്രമേ പ്രകാശിക്കാറുള്ളുവല്ലോ. സുരാസുരാക്ഷോഭ്യമഹത്വമുള്ള ഈ രാജാവാകുന്ന പാല്ക്കടലിൽനിന്നുണ്ടായ കീർത്തിചന്ദ്രൻ, രാവും പകലും പ്രകാശിച്ചു എന്നു സാരം. വരാഭനായ് എന്ന വിശേഷണം നിഷ്കളങ്കതയെ ദ്യോതിപ്പിക്കുന്നു.

73. നിരങ്കം = നിർമ്മലം. സ്ഫുരൽസിതച്ഛത്രത പൂണ്ടു = ശോഭയുള്ള വെൺകൊററക്കുടയായിത്തീർന്ന.

74. അർത്ഥി...പുടങ്ങൾ = യാചകന്മാരുടെ കൈത്തലങ്ങളാകുന്ന മുത്തുച്ചിപ്പികൾ. മുത്തുച്ചിപ്പികളിൽ വീഴുന്ന പയസ്സ് (വെള്ളം) മുത്തായിത്തീരുമല്ലോ.

Digitized By Kerala Sahitya Akademi

പ്രസന്നമായ്ച്ചിത്രമവൻെറ കീർത്തി—
ബിസപ്രസൂനപ്രകരം വിളങ്ങി. 75

ക്ഷമക്കധീശൻെറ യശസ്സു വെണ്മ—
ള്ളമന്ദമുക്താദികൾ തൽപദത്തെ
സമം ഭജിച്ചു, വിവിധാടവീശ—
സമർപ്പിതോപായനകൈതവത്താൽ. 76

ശരന്നിലാവാൽ മണലിൻ വെളുപ്പെ—
ട്ടിരട്ടിയായ് മിന്നിന ഗംഗതൻെറ
കരക്കു കാറ്റേററുലയുന്ന കാശ—
നിരക്കു നേരായിതവൻെറ കീർത്തി. 77

സരാഗമായ് വിണ്ണിലവൻെറ കീർത്തി
സുരാംഗനാമൌലികൾ പാടിടുമ്പോൾ,
ഒരാശ, കണ്ണപ്പടി കണ്ണമായി
വരാൻ സഹസ്രാക്ഷനുദിച്ചുപോലും! 78

ഈമട്ടങ്ങുദരാർത്തി തീർത്തു സുമനോവൃന്ദത്തിനാത്മാവിനാൽ
ക്ഷേമം നന്മയിലാണ്ടുനിന്നുതകിയും, തേജോഭരം തേടിയും,
പ്രേമംകൊണ്ടു ശിരസ്ഥലീധൃതനമായാര്യാചലാധീശരാ—
ലാ മന്നൻ പരമത്രിനേത്രജസമാഭിഖ്യൻ വിളങ്ങീടിനാൻ. 79

ഇങ്ങനെ രാജവർണ്ണനം ഒന്നാംസർഗ്ഗം

---

75. അസം...ദരം=അനവധി സൂരികളുടെ, (വിദ്വാന്മാരുടെ) സൂര്യന്മാരുടെ എന്നും, ആദരം. പങ്കപ്രസക്തി = പാപപ്രസംഗം, ചളിച്ചേർച്ച്. കീർത്തി...പ്രകരം = കീർത്തിയാകുന്ന താമരപ്പൂക്കളുടെ കൂട്ടം.

76. അമന്ദമുക്താദികൾ = ശ്രേഷ്ഠങ്ങളായ മുത്തുമണി മുതലായവ. വിവിധാ...കൈതവം = പല കാട്ടു(പുളിന്ദ)രാജാക്കന്മാരാൽ സമർപ്പിക്കപ്പെട്ട കാഴ്ചദ്രവ്യമെന്ന വ്യാജേന.

77. കാശനിര = കതിരവാൽപ്പുല്ലിൻകൂട്ടം.

78. സരാഗം = രാഗത്തോടു (സ്നേഹത്തോട്, സ്വരസമുദായത്തോടു)കൂടി.

79. ഈ ശ്ലോകത്തിനു സുബ്രഹ്മണ്യപരമായിട്ടും ചന്ദ്രപരമായിട്ടുംകൂടി അർത്ഥമുണ്ട്. രാജസുബ്രഹ്മണ്യപക്ഷത്തിൽ, ദരാർത്തി = ഭയപീഡ. ചന്ദ്രപക്ഷത്തിൽ അങ്ങ് ഉദരാർത്തി (വിശപ്പ്) എന്നു പദച്ഛേദം. സുമനോവ്രജത്തിനു = സജ്ജനസമൂഹത്തിന്, ദേവസമൂഹത്തിനെന്നും. ആത്മാവിനാൽ = തന്നെക്കൊണ്ട്. (ദേവകൾ കറുത്തപക്ഷത്തിൽ ചന്ദ്രകലകളെ പാനംചെയ്യുന്നുവെന്നു വേദപ്രസിദ്ധം.) നന്മയിലാണ്ടു = നല്ലതിൽ ശ്രദ്ധിച്ചു, നല്ല മയിലിൻെറ പുറത്തു കേറി എന്നും. ആര്യാചലാധീശരാൽ=ആര്യന്മാരായ അചലാധീശരാൽ, (രാജാക്കന്മാരാൽ) ആര്യയാലും (പാർവ്വതിയാലും) അചലാധീശനാലും (ശിവനാലും) എന്നും. ശിരസ്ഥലീധൃതൻ = ശിരശ്ശാലിതൻ, ശിരോലാളിതൻ; ശിരസ്സിൽ ധരിക്കപ്പെട്ടവൻ എന്നും. പര...ഭിഖ്യൻ=പരമൻ (ശ്രേഷ്ഠൻ) ആയ ത്രിനേത്രജന് (സ്കന്ദന്)സമമായ അഭിഖ്യയോട്, (പേരോടും, ശോഭയോട് എന്നും)കൂടിയവൻ. മഹാസേനനെന്ന പേരുകൊണ്ടും അവസ്ഥകൊണ്ടും സുബ്രഹ്മണ്യതുല്യനെന്നു സാരം. പരം അത്രിനേത്രജസമാഭിഖ്യൻ എന്നും പദച്ഛേദം. അത്രിനേത്രൻ = അത്രിമഹർഷിയുടെ നേത്രത്തിൽനിന്നുണ്ടായവൻ (ചന്ദ്രൻ). ചന്ദ്രൻെറ അത്രിനേത്രോൽപ്പത്തി പുരാണപ്രസിദ്ധം.

Digitized By Kerala Sahitya Akademi

രണ്ടാം സർഗ്ഗം

ആ രാജവീരനവരോധവധൂജനങ്ങൾ
ധാരാളമുള്ളതിൽ മനോരമയെന്ന രാജ്ഞി
പേരാണ്ട പട്ടമഹിഷീപദമാർന്നു വാണാൾ,
താരാധിനായകനു രോഹിണിയെന്നപോലെ. 1

ഹൃദ്യാകൃതിപ്രകൃതിശാലിനിയായ്, നിജാന-
വദ്യാനുരൂപ്യമെഴുമാ പ്രിയരാജ്ഞിയാലേ,
സദ്യാചിതാഭ്യുദയനാ നൃവരൻ വിളങ്ങീ,
വിദ്യാനുഷംഗമിയലും വിനയം കണക്കേ. 2

നാലബ്ധിയായ മണികാഞ്ചിയണിഞ്ഞ ഭൂമി,
ഭൂലക്ഷ്മിയാകുമവളീയിരുഭാര്യമാരെ
സ്ഥൂലപ്രസാദമൊടൊരേവിധമാദരിച്ചാ-
നാ ലബ്ധകാമനരചൻ മുരവൈരിപോലെ. 3

മുക്കാലുമൂഴിഭരമുത്തമമന്ത്രിയായ
നല്ലാര്യവേദി നയഗുപ്തനിലാക്കി നന്ദ്യാ
അക്കാശ്യപീപതി മനോരമയായ് രമിച്ചാ-
നുൾക്കാമ്പഴിഞ്ഞു, ശചിയൊത്തു വലാരിപോലെ. 4

സന്താപമേതുമറിയാതെ സുഖിക്കുമാർത്ത-
സന്താനമാം നിജപതിക്കഥ വല്ലരിപോലെ
സന്താനസൗഖ്യവുമണപ്പതിനാ,ത്തപുണ്യ-
സന്താനയാസ്സതി വഹിച്ചിതു ഗർഭഭാരം. 5

തൻപുണ്യകല്പതരുവിൻ പുതുപൂവുപോലെ
സമ്പൃഷ്ടപാണ്ഡുനിറമാം പ്രിയതൻ മുഖാബ്ജം,
വമ്പുള്ള മന്നവനവൻ മതിവന്നിടാതെ-
യൻപുള്ളിലാർന്നു മിഴികൊണ്ടനിശം നുകർന്നു. 6

അക്കാറൊളിക്കുഴലിതൻെറ നിസർഗ്ഗസിദ്ധ-
സൽക്കാന്തിയേന്തിന വപുസ്സഥ ഗർഭസാദാൽ

---

1. അവ...ജനങ്ങൾ = അന്തഃപുരസ്ത്രീകൾ. താരാധിനായകൻ = ചന്ദ്രൻ.

2. ഹൃദ്യ...ശാലിനി = സൗന്ദര്യസൗശീല്യങ്ങളുള്ളവൾ. നിജാ...രൂപ്യം = തനിക്ക് അനവദ്യമായ ആനുരൂപ്യം. സദ്യാ.. ദയൻ=സത്തുക്കളാൽ യാചിതം (ആശംസിതം) ആയ അഭ്യുദയത്തോടുകൂടിയവൻ.

3. ലബ്ധകാമൻ = കാമങ്ങൾ നേടിയവൻ; കാമനെ മകനായി നേടിയവനെന്നും.

4. കാശ്യപീപതി = ഭൂപതി. ശചി = ഇന്ദ്രാണി.

5. ആർത്തസന്താനം = ദുഃഖിതന്മാർക്കു കല്പവൃക്ഷം. ആത്തപുണ്യസന്താന = പുണ്യസന്താനത്തെ (സുകൃതസമൂഹത്തെ) നേടിയവൾ.

6. സമ്പൃഷ്ടപാണ്ഡുനിറം = വിളർപ്പു വർദ്ധിച്ചതു്. അൻപു് = സന്തോഷം.

Digitized By Kerala Sahitya Akademi

മുക്കാലുമാത്തമധുതരത്നവിഭൂഷണങ്ങൾ—
ക്കൊക്കാമ്പിലുത്തമപദച്യുതിഖേദമേകി. 7

ചേലേറുമാ വയറുമന്നിതരാംഗകങ്ങൾ—
പോലേ, നിജത്രിവലിഭൂഷ വെടിഞ്ഞുയൎന്നു;
ചാലേ ധരാഭരണമാം ശിശുവുള്ളിലുള്ള
കാലേ പുറത്തെയഴകെന്തിനു നോക്കിടുന്നു? 8

നീരന്ധ്രനിഷ്ഠരനിജോരസിജങ്ങളന്നാ
ഹാരം ത്യജിച്ചിതവളും സമമാചരിച്ചു;
ഭാരം പൊറാത്തൊരവയോ ബത! പങ്കുകൊണ്ട—
താ രമ്യഗർഭിണി വഹിച്ചു ശുചിക്ഷയത്തിൽ. 9

ആ രാജ്ഞിതന്നുദര,മാകൃതി മാറിയാലും
പേരാലിലയ്ക്കു ശരിയായിതവസ്ഥയാലേ;
സാരാഭരോമലതയായൊരു കൃഷ്ണമൂർത്തി
നേരായതിങ്കലതുനാളിൽ വിളങ്ങിയല്ലോ. 10

ശൃംഗാരസാരമയമാകിയ സാഗരത്തിൽ
ഭംഗാളിയിൽച്ചിരതരം വിഹരിക്കയാലേ,
ഭൃംഗാഭമാം മിഴി തളർന്നവിധത്തിലന്നു
തുംഗാലസത്വമൊടിരുന്നിതവൾക്കജസ്രം. 11

നല്ലാർമണിക്കു നവഗർഭപരിക്ലമത്താ—
ലുല്ലാസലീലയൊഴിവാകിയ ചില്ലി രണ്ടും,
നില്ലാതെ മുവ്വുലകു വെന്നഥ വിശ്രമിക്കും
മുല്ലായുധൻെറ പട്ടവില്ലിനുതുല്യമായി. 12

7. നിസർഗ്ഗസിദ്ധസൽക്കാന്തി = സ്വഭാവേനയുള്ള നല്ല ശോഭ. വപുസ്സ് = ദേഹം. ഗർഭസാദാൽ=ഗർഭംനിമിത്തമുള്ള തളർച്ചയാൽ. ആത്ത...ഷണങ്ങൾ= താൻ ധരിച്ച രത്നാഭരണങ്ങൾ. ഉത്തമ...ഖേദം = വലിയ സ്ഥാനത്തുനിന്നു ഭ്രംശിച്ചതുകൊണ്ടുള്ള ഖേദം.

8. ഇതരാംഗകങ്ങൾ = മററവയവങ്ങൾപോലെ (ആഭരണങ്ങൾ ഉപേക്ഷിച്ചതുപോലെ) നിജത്രിവലിഭൂഷ = തൻെറ ത്രിവലികളാകുന്ന ആഭരണം. ധരാഭരണം = ഭൂമിക്ക് ആഭരണം.

9. നീരന്ധ്ര...സിജങ്ങൾ = ഇടതിങ്ങിക്കട്ടെത്ത തൻെറ കുചങ്ങൾ. ഹാരം = മുത്തുമാല. അന്ന് ആഹാരം എന്നും പക്ഷേച്ഛേദം. ശുചിക്ഷയം = രുചിയില്ലായ്മ, ശോഭക്കുറവെന്നും. ഭാരം പൊറാത്ത=ചുമതല വഹിക്കേണ്ടെന്നു വിചാരിക്കുന്ന (സ്വാർത്ഥപരന്മാരായ) നിഷ്ഠുരപ്രകൃതികളുണ്ടോ മൈത്രിക്കനുരൂപമായി പ്രവർത്തിക്കുന്നു എന്നു ഭാവം.

10. രോമലത=രോമാവലി. കൃഷ്ണമൂർത്തി=കറുത്ത (വിഷ്ണു) സ്വരൂപം. വിഷ്ണുവിൻെറ വടപത്രശയനം പുരാണപ്രസിദ്ധം.

11. ഭംഗാളി = തിരക്കൂട്ടം. തുംഗാലസത്വം = വലിയ മാന്ദ്യം.

12. നവ...ക്ലമം = പുതിയ ഗർഭംകൊണ്ടുള്ള തളർച്ച

Digitized By Kerala Sahitya Akademi

ഊണിൽക്കുറഞ്ഞു രുചിയന്നു സഗർഭയായ
റാണിക്കു; മെയ്യിലതു കൂട്ടതലായ്പ്പുമഞ്ഞു;
ക്ഷീണിക്കയാൽ ഗതിയിലെന്നതുപോലെ മഞ്ജു—
വാണിക്കു വാക്കിലുമിയന്നിതു മന്ദഭാവം. 13

തുംഗസ്തനാക്രമണമുഷ്ണ പൊറായ്കയാലേ
ഭംഗം ഭവിച്ച കൃശമദ്ധ്യപദത്തിനന്നാൾ
മംഗല്യഗാത്രിയുടെ മററു മൃദുക്കളൊക്കു—
മംഗങ്ങൾ, തങ്ങളുടെ പുഷ്ടി കൊടുത്തു നൂനം! 14

ആ രമ്യമെയ്യിലിടതിങ്ങിയൊലിച്ചചാട്ടം
നീരന്ധ്രഗർഭരുചിയായ സുധാരസത്താൽ
പാരം നിറഞ്ഞതുകണക്കു നികന്നുകാണായ്,
സ്ത്രീരത്നമാകുമവൾതൻ ശുഭനാഭികൂപം. 15

മാണിക്യകുംഭസദൃശാത്മസമാക്രമത്താൽ
ക്ഷീണിച്ചിരുന്ന കൃശമാമര മെല്ലെമെല്ലേ
ത്രാണിപ്പെടുംപടി തടിച്ചു വരുന്നതോർത്തോ,
റാണിക്കെഴും കുളിർമുലയ്ക്കു മുഖം കറുത്തു! 16

പാരാതെ ഭാവിശിശുവിന്നുതകും നറുംപാൽ
നേരായ് നിറച്ചു,സിതചൂചുകലാക്ഷയാലേ
വാരാത്തമട്ടിലൊരു മുദ്രപതിച്ചു ദൈവ,—
മാ രാജ്ഞിതൻകുചഘടങ്ങളിലെന്നു തോന്നും. 17

തെല്ലോ രസം പുളിയിലാ മധുരാധരിക്കെ—
ന്നു?—ല്ലോലലീല,മതു കണ്ടു സഖീജനങ്ങൾ,
''നല്ലോരു മാധുരി തികഞ്ഞു ചമഞ്ഞ പൈത—
ലല്ലോ വയററില;—തിനാലിതു ചേരു''മെന്നാർ. 18

---

13. രുചി = ആഗ്രഹം, ശോഭ. ഗതിയിലും വാക്കിലും മന്ദഭാവമുണ്ടായി എന്നതിന്നു പതുക്കെ നടന്നു എന്നും, താഴ്ന്ന സ്വരത്തിൽ സംസാരിച്ചുവെന്നും അർത്ഥം.

14. തുംഗസ്തനാക്രമണം = ഉയർന്ന കുചങ്ങളുടെ ആക്രമണം. ഭംഗം = നമ്രത, തോൽവി എന്നും. കൃശ...പദം = ചടച്ച അര. നൂനം, ഉൽപ്രേക്ഷാവാചകം. മൃദുക്കൾ (ദയാലുക്കൾ) പരമസങ്കടത്തിൽ തക്കതായ സഹായം ചെയ്യുമല്ലോ.

15. നീര...രുചി=നിബിഡമായ ഗർഭശോഭ. സുധാരസത്താൽ=അമൃതിനാൽ. ശുഭനാഭികൂപം = നല്ല നാഭിയാകുന്ന കൂപം (കിണർ).

16. മാണി...ക്രമത്താൽ = മാണിക്യകുംഭ(കുട)ത്തോടു സദൃശമായ തന്റെ (കുളിർമുലയുടെ) ആക്രമണത്താൽ. തന്റെ ആക്രമണത്തിന്നു കീഴ്പെട്ടിരുന്നവർ അഭിവൃദ്ധിയെ പ്രാപിച്ചുകാണുമ്പോൾ, ആർക്കും മുഖം കറുക്കുമല്ലോ.

17. ഭാവിശിശുവിന്ന്=ഉണ്ടാകാൻപോകുന്ന കുട്ടിക്ക്. അസിത...ലാക്ഷ=കറുത്ത മുലക്കണ്ണാകുന്ന അരക്ക്. കുചഘടങ്ങൾ=മുലക്കുടങ്ങൾ.

18. ഉല്ലോലലീലം=നേരമ്പോക്കായി. മാധുരി = മനോജ്ഞത, മാധുര്യം. അതിമധുരമായ പദാർത്ഥം വയററിൽ നിറഞ്ഞിരിക്കുമ്പോൾ പുളിയിൽ രുചി

Digitized By Kerala Sahitya Akademi

സീമന്തിനിക്കടലുമന്തിമമാം കടത്തി—
ലാ മന്നവന്നു ഭയവും കൃശമായിതൊപ്പം;
ആമട്ടവൾക്കരിയ ഗർഭവു,മായവന്ന—
ക്ഷാമപ്രമോദവുമടിക്കടി കൈവളൎന്നു. 19

നത്സാരസാക്ഷി നവഗർഭനിമിത്തമെത്ര—
യുത്സാദമേററലസതാവശയായ്ച്ചമഞ്ഞു;
ഉത്സാഹിതാശ്രുഭചരിത്രനജസ്രമത്ര—
യുത്സാഹിയായ് മരുവിനാനവൾതൻ മണാളൻ. 20

എട്ടാശകൾക്കധിപർതൻകല ചേൎന്നു ദിവ്യ—
ത്വിട്ടാർന്ന ഗർഭമെരചപ്രിയയാൾ വഹിക്കേ,
എട്ടാശയിങ്കലുമെഴുന്ന മഹാജനങ്ങൾ—
ക്കൊട്ടാകെയുള്ളിലൊരു തുഷ്ടി വളൎന്നുവന്നു. 21

ധർമ്മജ്ഞനാം ധരണിപാലനശേഷശാസ്ത്ര—
മർമ്മം ഗ്രഹിച്ച മറയോരെയുടൻ വരുത്തി,
ശർമ്മപ്രസക്തിയൊടു പുംസവനാദിയായ
കർമ്മങ്ങളൊക്കെ വഴിപോലെ കഴിച്ചു കാലേ. 22

തെല്ലാശയെന്തിലിഹ ഗർഭിണിയാം പ്രിയക്കു,—
തെല്ലാമുടൻ നൃപനറിഞ്ഞു വരുത്തി നല്കി;
വില്ലാളിയാമിവനു ദുർല്ലഭമാം പദാൎത്ഥ—
മില്ലായിരുന്നു ഭുവനങ്ങളിലെങ്ങുമല്ലോ. 23

പാരാതെ ഭാസ്കരനുദിച്ചുയരാൻ തുടങ്ങു—
ന്നോരാദിതേയവരദിക്കിനെയെന്നപോലെ,
വാരാണ്ട ഗർഭരുചിയേന്തിയ കാന്തയെക്ക—
ണ്ടാ രാജവീരനു വിടൎന്നു വിലോചനാബ്ജം. 24

ത്തോന്നുന്നതു സാധാരണമാണല്ലോ. ഗർഭിണികൾക്കു പുളിരസം പ്രിയമായിരിക്കും.

19. സീമന്തിനിക്ക്=സുന്ദരിക്ക്. (ഗർഭകാലത്തനുഷ്ഠിക്കേണ്ടതായി സീമന്തമെന്ന ഒരു ക്രിയയുണ്ട്.) അന്തിമമാം കടം = പിതൃകടം. അക്ഷാമപ്രമോദം = അനല്പമായ സന്തോഷം.

20. ഉത്സാദം=തളർച്ച. അലസതാവശ=ഉത്സാഹംകെട്ടവൾ. ഉത്സാ...ചരിത്രൻ = ദോഷങ്ങളകററിയവൻ.

21. എട്ടാശകൾക്കധിപർ = ഇന്ദ്രാദിദിക് പാലന്മാർ കല = അംശം. 'അഷ്ടാനാം ലോകപാലാനാം മാത്രാഭിർന്നിർമ്മിതോ നൃപഃ.' ദിവ്യത്വിട്ട് = ദിവ്യശോഭ.

22. അശേ...മർമ്മം = എല്ലാ ശാസ്ത്രങ്ങളുടെയും സാരം. മറയോരെ = ബ്രാഹ്മണരെ. ശർമ്മപ്രസക്തി = സുഖപ്രതിപത്തി. പുംസവനാദി = പുംസവനം (പ്രജയെ പുരുഷനാക്കുന്ന കർമ്മവിശേഷം) മുതലായതു്.

23. 'ശ്രദ്ധാ വിഘാതേ ഗർഭസ്യ വികൃതിശ്ച്യുതിരേവ വാ' എന്നുണ്ട്.

24 ഭാസ്കരൻ = സൂര്യൻ. ആദി...ദിക്കിനെ = കിഴക്കേ ദിക്കിനെ വിലോചനാബ്ജം = കണ്ണാകുന്ന താമരപ്പൂവ്.

Digitized By Kerala Sahitya Akademi

ഭൂലോകപാലനതിസമ്മതരായിരിക്കും,
ബാലോപചാരവിരുതുള്ള ഭിഷഗ്വരന്മാർ
ആലോലനീലമിഴിയാൾക്കഥ ഗർഭരക്ഷ
കാലോചിതസ്ഥിതിയിലാംവിധമാചരിച്ചു. 25

പൗരാഢ്യനാം നൃപതിതൻ നിനവൊത്ത,പായം
ചേരാതെ ഗർഭമൊരു പൂർണ്ണതയാർന്നശേഷം,
ആ രാജ്ഞി പെററിതൊരു പുത്രനെ നല്ലനാളിൽ—
പ്പേരാണ്ട നീതി വിജയത്തിനെയെന്നപോലെ. 26

ഭൂമണ്ഡലേശ്വരകുടുംബിനി സൗഖ്യമായി
ശ്രീമത്ത്വമാർന്ന സുതനെ പ്രസവിച്ചനേരം
ഓമന്മുഖത്തെളിവുയന്ന ദിശാവധുക്ക—
ളാമഞ്ജുളാനിലമിഷാൽ നെടുവീർപ്പു വിട്ടു. 27

രാജൽക്കുമാരവടിവൊന്നു വഹിച്ചു സാക്ഷാൽ
തേജസ്സുപോലെയെഴുമാ പ്രിയപുത്രനാലേ
രാജന്യപത്നി, ശരജന്മസവിത്രിപോലെ
വ്യാജപ്രഭാവമൊടു സൂതിഗൃഹേ വിളങ്ങി. 28

ആനന്ദസാരമയമുണ്ണി പിറന്ന വർത്ത—
മാനം ശ്രവിച്ചൊരളകേശനുദാരശീലൻ
ദാനങ്ങൾ തൃപ്തിയടയാതെ തുടർന്നമൂലം
നൂനം ജഗത്തിലളകേശരനേകരായി. 29

ഫുല്ലാംബുജപ്രതിമപുത്രമുഖം, നിമേഷ—
മില്ലാതെയായി മിഴിയാൽ നുകരുന്നനേരം
നില്ലാതെകണ്ടരചനുള്ളിലുയർന്ന ഹർഷം
തെല്ലാശു ബാഷ്പവടിവിൽപ്പുറമേ വഴിഞ്ഞു. 30

ഉല്ലാസമോടഥ പുരോഹിതർ ജാതകർമ്മ—
മെല്ലാം കഴിച്ചളവിലാ നിഷധേശപുത്രൻ,

---

25. ബാലോപചാരവിരുത് = ബാലചികിത്സാസാമർത്ഥ്യം.

26 'പൗരാഢ്യനാം നൃപതിതൻ' എന്നതിനു പൗരന്മാരുടെയും രാജാവിൻെറയുമെന്നർത്ഥം. നിനവൊത്ത് = മനോരഥത്തോടുകൂടി.

27. ദിശാവധുക്കൾ = ദിക്കുകൾ (ദിക്കുകൾ) ആകുന്ന സ്ത്രീകൾ. ആ മഞ്ജു... മിഷാൽ = ആമഞ്ജുളം (മനോജ്ഞം) ആയ അനിലൻ (കാററ്) എന്ന വ്യാജേന. അപ്പോൾ ദിക്പ്രസാദം മുതലായ ശുഭലക്ഷണങ്ങളുണ്ടായി എന്നു സാരം.

28. ശരജന്മസവിത്രി = സുബ്രഹ്മണ്യനെ പ്രസവിച്ചവൾ (പാർവ്വതി.) സൂതിഗൃഹേ = ഈററില്ലത്തിൽ.

29. അളകേശൻ = മഹാസേനൻ. തൃപ്തിയടയാതെ = മതിവരാതെ. അളകേശർ = വൈശ്രവണർ. അനേകർ = ഒന്നിലധികം പേർ. ഓരോരുത്തനും വൈശ്രവണതുല്യനാവാൻതക്കവണ്ണം ദാനംചെയ്തു എന്നു ഭാവം.

30 നിമേഷം = ഇമവെട്ടൽ. ബാഷ്പവടിവിൽ = കണ്ണുനീരിൻെറ ആകൃതിയിൽ.

Digitized By Kerala Sahitya Akademi

ചൊല്ലാർന്ന ശില്പികളെടുത്തു കടഞ്ഞുവെച്ച
നല്ലാകരോത്ഥമണിപോലധികം വിളങ്ങി. 31

ദൂരാൽ മുഴങ്ങി പല മംഗളവാദ്യഘോഷം;
വാരാംഗനാമണികളുത്തമനൃത്തമാടി;
വാരാണ്മ പാതകളിലാളുകൾ തിങ്ങുമാറ-
ന്നാ രാജധാനി പരമോത്സവപൂർണ്ണമായി. 32

തേർവീഥിതോറുമൊരുപോലെ വിളക്കുവെച്ചു;
ഉർവീ സുമങ്ങൾ; കതുകാൽക്കുലവാഴ നാട്ടീ;
ദേവീസുതപ്രസവദിവ്യമഹോത്സവത്തി-
ലാ വീക്ഷണീയപുരമൊന്നു പുതുക്കി പൗരർ. 33

നാനാജനപ്പരിഷയെപ്പരമന്നരത്ന-
ദാനാദികൊണ്ടു പരിതോഷിതമാക്കി മന്നൻ
സേനാനിയോടുസമനായ മകന്നു ചന്ദ്ര-
സേനാഖ്യ നല്കി സമയേ ശമിതാരിസേനൻ. 34

കാമാനുകൂലതരമാം പിതൃലാളനത്താൽ,
കാമാതികോമളകളേബരനക്കുമാരൻ
ശ്രീമാൻ ദിനംപ്രതി വളർന്നിതു, സൂര്യരശ്മി-
സ്തോമാപ്തിയാൽ ശിശുനിശാകരനെന്നപോലെ. 35

മാലോകരാൽ മഹിതയായ മനോരമയ്ക്കു,-
മാലോലലീലമളകേശനുമാശയത്തിൽ
പൗലോമിയാംക്കുമമരേശ്വരനും ജയന്തൻ
പോലോമലർഭകനവൻ പരിതുഷ്ടി ചേർത്തു. 36

സോമാഭിരാമതനുവാം സുതനെ സ്വഭാഗ്യ-
ഭൂമാവിനാൽ മടിയിൽവെച്ചു പുണന്നു ഗാഢം

31. നിഷധേശപുത്രൻ = നിഷധേശൻെറ (മഹാസേനൻെറ) പുത്രൻ. ആകരോത്ഥമണി = ഖനിയിൽനിന്നുണ്ടായ രത്നം.

32. വാരാ...മണികൾ = വേശ്യാസ്ത്രീരത്നങ്ങൾ. വാരാണ്മ = വലിയ.

33. ദേവി...വത്തിൽ = ദേവിയുടെ (രാജ്ഞിയുടെ) സുതപ്രസവമാകുന്ന ദിവ്യം (ഭൂലോകാതീതം) ആയ മഹോത്സവത്തിൽ. വീക്ഷണീയപുരം = വീക്ഷണീയം (ദർശനീയം, മനോഹരം) ആയ പുരം.

34. സേനാനി = സുബ്രഹ്മണ്യൻ. ചന്ദ്രസേനാഖ്യ = ചന്ദ്രസേനൻ എന്ന ആഖ്യ (പേർ). സമയേ = യഥാകാലം. ശമിതാരിസേനൻ = ശത്രുസൈന്യത്തെ മുടിച്ചവൻ.

35. കാമ...ബരൻ = കാമനെക്കാൾ കോമളമായ കളേബരത്തോടു(ദേഹത്തോടു)കൂടിയവൻ. സൂര്യരശ്മിസ്തോമാപ്തിയാൽ = സൂര്യരശ്മിപരമ്പര തട്ടുകയാൽ. ശിശുനിശാകരൻ = ബാലചന്ദ്രൻ. ചന്ദ്രനു പ്രകാശമുണ്ടാകുന്നതു സൂര്യരശ്മിസംബന്ധത്താലത്രേ.

36. മഹിത = പൂജിത. ആലോലലീലം = കളി തുടർന്നുകൊണ്ട്. പൗലോമി = ഇന്ദ്രാണി. അർഭകൻ = ബാലൻ.

Digitized By Kerala Sahitya Akademi

പ്രേമാർദ്രനായമൃതിലാണ്ടതുപോലുദഞ്ച–
ദ്രോമാഞ്ചകഞ്ചുകിതനായി വിളങ്ങി മന്നൻ. 37

ശുഭ്രമുല്ലമൊട്ടിനെതിർപല്ലുകളുല്ലസിക്കെ–
മാമുഗ്ദ്ധഹാസമൊട്ടു,മഞ്ചിതമാം മുഖത്തിൽ
ശ്രീമുത്തൊളിശ്രമജതോയകണങ്ങളോടും
കാൽമുട്ടു, കയ്യിതുകളൂന്നി നടന്നു ബാലൻ. 38

കൊണ്ടാട്ടമായയുടെ കൈവിരലും പിടിച്ചു–
കൊണ്ടായവൻ കിമപി പിച്ച നടന്നിടുമ്പോൾ,
കണ്ടാഞ്ഞെടുത്തലിവൊടമ്മ നറുംമുലപ്പാൽ–
കൊണ്ടാർദ്രമാമുരസിചേർത്തുടനമ്മവെച്ചു. 39

പൂഞ്ചായൽ, പുഞ്ചിരിപുരണ്ട മുഖത്തു ചിന്നി–
ച്ചാഞ്ചാടിയോടിയുമിടയ്ക്കു തടഞ്ഞുവീണും,
തേൻചാറുമാറു പല കൊഞ്ചൽ പൊഴിച്ചുമുണ്ണി
താൻ ചാരെ നില്പവരെ മോദരസത്തിൽ മുക്കി. 40

കൈവല്ലിയാൽത്തടവിയങ്കതലേ കിടത്തി–
ബ്ഭാവം തെളിഞ്ഞു മുല നല്കിയ തായയാളെ,
'പാവയ്ക്കുമമ്മ മുല നല്കണ'മെന്നു കൊഞ്ചു–
മാ വത്സനാർദ്രഹസിതാഞ്ചിതവക്ത്രയാക്കി. 41

സന്നാംഗനുണ്ണി വിഴുമെന്നു ഭയാലെടുപ്പാൻ
പിന്നാലെ ചെല്ലുമവരെപ്പുതുഹാസമോടും
തന്നാനനാംബുജമിടയ്ക്കു തിരിച്ചു നോക്കി–
സ്സന്നാഹമോടിടറിയോടി ഗൃഹാങ്കണത്തിൽ. 42

കണ്ണഞ്ചിരട്ടകൾ നിലത്തു കമിഴ്ത്തിവെച്ചു
മണ്ണപ്പമൻപൊടു ചമച്ചു,തു കുട്ടകാക്കായ്
എണ്ണം കുറിച്ചു വിഭജിച്ചു, യഥേഷ്ടമാകം–
വണ്ണം കളിച്ചു കുലഭൃതികരൻ കുമാരൻ. 43

---

37. സോമാ...തനു = ചന്ദ്രസുന്ദരദേഹൻ. സൗഭാഗ്യഭ്രമാവിനാൽ = തന്റെ ഭാഗ്യാതിശയത്താൽ ഉദ...കിതൻ = ഉദഞ്ചത് (ഉണ്ടായതു്) ആയ രോമാഞ്ചംകൊണ്ടു കഞ്ചുകിതൻ (കുപ്പായമിട്ടവൻ).

38. ആമുഗ്ദ്ധഹാസം = ഏറ്റവും ഭംഗിയുള്ള പുഞ്ചിരി. ശ്രീമു...കണങ്ങൾ= നല്ല മുത്തുകൾപോലെയുള്ള ശ്രമജതോയകണങ്ങൾ (വിയർപ്പുതുള്ളികൾ)

39. ആയ = ധാത്രി. ആർദ്രം = നനഞ്ഞതു്. ഉരസി = ഉരസ്സിൽ(മാറിൽ.)

40 മോദരസം = സന്തോഷരസമാകുന്ന രസം (വെള്ളം.)

41. ആർദ്ര ..വക്ത്ര=ആർദ്രഹസിതം (അനുകമ്പാസഹിതമായ പുഞ്ചിരി) കൊണ്ടു് അഞ്ചിതം (മനോഹരം) ആയ വക്ത്രത്തോടുകൂടിയവൾ.

42. സന്നാംഗൻ = ദേഹം തളർന്നവൻ. സന്നാഹം = ചൊടി. ഗൃഹാങ്കണം= മുററം.

43. കുലഭൃതികരൻ=വംശത്തിനു് അഭ്യുദയമുണ്ടാക്കുന്നവൻ. പ്രതിഭൂപതികളെ അടിവണങ്ങിച്ചു ഭൂമിയെല്ലാം കീഴടക്കി, ഓരോ ഖണ്ഡത്തെ സാമന്തന്മാ

Digitized By Kerala Sahitya Akademi

ശ്രേയസ്കരാകൃതിയെഴും സുതനങ്ങു തുല്യ—
പ്രായത്തിലുള്ള സചിവാത്മജരോടുകൂടി
സ്സ്വായദ്രസേന വിഹരിപ്പതു കണ്ടു ഭൂഭൃ—
ജ്ജായയ്ക്കു നാളുകൾ കഴിഞ്ഞിതു കാൽക്ഷണത്താൽ. 44

പാടേ സമാനവടിവാർന്ന സഖാക്കളോടും
കൂടേ മുറയ്ക്കു കൃതചൗളനിളേശപുത്രൻ
ചോടേ ലിപിഗ്രഹണമായ നദീമുഖത്തി—
ലൂടേ ഗഭീരതരവാങ്മയസിന്ധു പുക്കാൻ. 45

നീചാഹിതൻ നൃപതി പിമ്പുപനീതനായ
ധീചാതുരീമികവെഴും മകനെസ്സ്നേഹഷം
ആചാരശാലികളിലഗ്രഗരായ വിദ്വ—
ദാചാര്യർതന്നരികിലദ്ധ്യയനത്തിനാക്കി. 46

നാലഗ്ര്യവിദ്യകൾ ഗുരുപ്രണയാനുകൂല—
ശീലം കലർന്ന നൃപനന്ദനനെബ്ഭജിച്ചു,
ഭൂലക്ഷ്മിമാരുമഗജാസുരഗംഗമാരും
ലീലയ്ക്കു ചേർന്ന ഹരിശങ്കരനെക്കണക്കേ. 47

ഭൂവാസവപ്രിയസുതാനനമായ നീരിൽ—
പ്പൂവാൻ,ദാരപദലാഭകൃതാർത്ഥയായി
ശ്രീ വാണിടുന്ന നില കണ്ടു,തിലാശതേടി
ശ്രീവാണിമാരുമവിടെ സ്ഥിരവാസമാക്കീ. 48

ധീമദ്വരിഷ്ഠനഥ, മന്ത്രസമന്വിതാസ്ത്ര—
ഗ്രാമം ഗ്രഹിച്ചിതുടനച്ഛനിൽനിന്നുതന്നെ;

ക്കു ഥററും വീതിച്ചുകൊടുക്കുന്നതുപോലെയുള്ള ഈ ലീല കുമാരൻെറ കലഭൃതി കരത്വത്തെ വ്യഞ്ജിപ്പിക്കുന്നു. ഈ മാതിരി വ്യംഗ്യങ്ങളും, ആശയങ്ങളും ഇതിൽ പലേടത്തും ഉള്ളതു സൂക്ഷ്മദൃക്കുകൾക്കു കാണാവുന്നതാണ്.

44. സ്സ്വായദ്രസേന = വർദ്ധമാനമായ രസത്തോടുകൂടി. വിഹരിപ്പതു്=കളിക്കുന്നതു്.

45. കൃതചൗളൻ=ചൗളം കഴിച്ചവൻ. ലിപിഗ്രഹണം=അക്ഷരം പഠിക്കൽ. ഗഭീ...സിന്ധു = ഏററവും ഗംഭീരമായ ശബ്ദജാലമാകുന്ന സമുദ്രം. അക്ഷരഗ്രഹണാനന്തരം ശബ്ദബോധമുണ്ടാക്കി എന്നു ഭാവം.

46. നീചാഹിതൻ = നീചശത്രു. ധീ = ബുദ്ധി. അദ്ധ്യയനം = വേദപാഠം.

47. നാലഗ്ര്യവിദ്യകൾ=അന്വീക്ഷികി, ത്രയി, വാർത്ത, ദണ്ഡനീതി എന്നിവ. ഗുരു...ശീലം=ഗുരുപ്രണയത്തിന്നു് (ഗുരുക്കന്മാരുടെ പ്രണയത്തിന്നു്) ഗുരുവായ (മഹത്തായ) പ്രണയത്തിന്നു് എന്നും. അനുകൂലമായ ശീലം. ഹരിശങ്കരനെ = വിഷ്ണുമഹേശ്വരന്മാർ ഒന്നായിച്ചേർന്ന മൂർത്തിവിശേഷത്തെ(ഇരട്ടപ്പനെ).

48. ഭൂ...നനം = ഭൂവാസവൻെറ (രാജാവിൻെറ) പ്രിയസുതൻെറ ആനനം (മുഖം). നീരിൽപ്പൂവു്. ഉദാ...താർത്ഥ = മാന്യസ്ഥാനം കിട്ടുകയാൽ കൃതാർത്ഥ ശ്രീ = ലക്ഷ്മി. ശ്രീവാണിമാരും = ശ്രീസരസ്വതിയും. കുമാരനു വിദ്യയെല്ലാം മുഖസ്ഥമായെന്നു സാരം.

Digitized By Kerala Sahitya Akademi

ആ മന്നവേന്ദ്രനെതിരാംവിധമന്നതിങ്കൽ—
സ്സാമർത്ഥ്യമുള്ളൊരുവനൂഴിയിലില്ലയല്ലോ. 49

താന,ച്ഛനോടു ശരിയാംപടി ചക്രവർത്തി—
സ്ഥാനം ഭരിപ്പതിനു തക്കവനാംപ്രകാരം,
ജ്ഞാനം സമസ്തവിഷയത്തിലുമാർന്നു ചന്ദ്ര—
സേനൻ ക്രമാൽ സുജനസമ്മതനായ്ച്ചമഞ്ഞു. 50

സത്തുക്കളൊയ്സ്സഹവസിച്ചു കലാസമൃദ്ധി—
യൊത്തുള്ള ചന്ദ്രസുഭഗാകൃതി ചന്ദ്രസേനൻ
അത്തുല്യമറ്റൊരളകാപുരസാഗരത്തെ—
യുത്തുംഗകൗതുകതരംഗിതമാക്കി മേന്മേൽ. 51

എത്രയ്ക്കു നല്ലറിവു കൂടുതലായ്, നൃപാല—
പുത്രന്നു പുണ്യതരമായ പഠിപ്പിനാലേ,
അത്രയ്ക്കു ചേർന്നിതൊരൊതുക്കവു;—മെന്തിതിങ്കൽ—
ച്ചിത്രം! നിറഞ്ഞ കുടമെങ്ങു തുളുമ്പിടുന്നു? 52

ആ രുഗ്മിണീതനയനും തല താഴ്ത്തുമാറു
ചാരുത്വമേറിന കുമാരകളേബരത്തിൽ
ചേരുന്ന ബാലതയെ ലാക്കിലകറ്റി മെല്ലെ—
ത്താരുണ്യലക്ഷ്മി പെരുമാറിടുവാൻ തുടങ്ങി. 53

ഔദാര്യവാനരചനന്നു ധനാന്നവസ്ത്ര—
ഗോദാനപൂർവ്വകമശേഷജനങ്ങളേയും
മോദാർണ്ണവത്തിൽ മുഴുകിച്ചു മുറയ്ക്കുവന്ന
ഗോദാനകർമ്മവുമനാകുലമായ്ക്കഴിച്ചു. 54

അത്തങ്കവാതിലൊളിമാറു, നുകത്തിനൊക്കും
കൈത്തണ്ടു, കാളയുടെ തോളൊടിടഞ്ഞ തോളും
പുത്തൻവയസ്സിലവനേറെ വിളങ്ങിനാൻ ന—
ല്ലൊത്തംഗമേന്തിയൊരു വീരരസം കണക്കേ. 55

---

49. ധീമദ്വരിഷ്ഠൻ = ബുദ്ധിമാന്മാരിൽവെച്ചു ശ്രേഷ്ഠൻ. മന്ത്ര...ഗ്രാമം = മന്ത്രത്തോടുകൂടിയ അസ്ത്രങ്ങളുടെ ഗ്രാമം (സമൂഹം).

51. സത്തുക്കൾ = സജ്ജനങ്ങൾ (കലാനിപുണന്മാർ) നക്ഷത്രങ്ങളെന്നും. കലാസമൃദ്ധി=കലകളുടെ (അറുപത്തിനാലു കലകളുടെ, പതിനാറു കലകളുടെ) സമൃദ്ധി. അള...ഗരം = അളകാപുരമാകുന്ന സമുദ്രം. ഉത്തു...രംഗിതം = വലിയ കൗതുകംകൊണ്ട് ഇളകിയതു്.

52. 'നിറകുടം തുളുമ്പില്ല' എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ.

53. രുഗ്മിണീതനയൻ = പ്രദ്യുമ്നൻ (കാമൻ). ബാലതയെ = ബാല്യത്തെ.

54. ധന...പൂർവ്വകം = ധനം, അന്നം, വസ്ത്രം, പശു ഇവയുടെ ദാനത്തോടു കൂടി. മോദാർണ്ണവം = സന്തോഷസമുദ്രം. ഗോദാനകർമ്മം = കേശാന്തം (സമാവർത്തനം)

55. പുത്തൻവയസ്സിൽ=യൗവനത്തിൽ ഒത്ത നീളം, വണ്ണം മുതലായവയ്ക്കു് കുറവില്ലാത്ത. അംഗം=ശരീരം.

Digitized By Kerala Sahitya Akademi

പാർത്ഥൻ മണാളനെയവൻ ഗുണപൂർത്തികൊണ്ടു
പേർത്തങ്കമാററതിശയിച്ചതിതുഷ്ടനാക്കി:
താതന്നു നല്ല വിജയം, ഗുണവാപ്തിലാത്മ—
ജാതങ്കൽനിന്നൊരു പരാജയമേല്പതല്ലോ. 56

പേരുററ ഭൂപനഥ, താൻ സുചിരാൽ വഹിച്ചു—
പോരുന്ന ഭൂമിഭരമൊന്നു ലഘൂകരിപ്പാൻ
ചാരുസ്വഭാവമിയലും പ്രിയനന്ദനന്നു
ചേരുമ്പടിക്കരുളിനാൻ യുവരാജപട്ടം. 57

ആ രാജപുത്ര,നൊരുമിച്ചു വളർന്ന തോഴ—
ന്മാരാം സുബാഹു, ജയപാലന,ശോകസേനൻ,
പേരാർന്ന ഭാനു, ഗുണമിത്രനിവണ്ണമഞ്ചു—
പേരായിരുന്നു സചിവേന്ദ്രരതന്ദ്രിതന്മാർ. 58

ആവശ്യമായ വിഷയഗ്രഹണപ്രവീണ—
ഭാവം പെടും സചിവരാമവരഞ്ചുപേരും
ആ വമ്പെഴും നൃപസുതങ്കല,വന്നു വേറേ
കൈവന്ന പഞ്ചകരണങ്ങൾകണക്കിണങ്ങി. 59

ശ്രീയാളുമാറിളമയായരുളുന്നിളേശ—
ദായാദനസ്സചിവരൊത്തൊരുനാളുഷസ്സിൽ,
വ്യായാമസാധനവിനോദവിശേഷമായ
നായാട്ടിനായി നടകൊള്ളുവതിന്നൊരുങ്ങി. 60

ലീലാനുകൂലശുഭവേഷമൊടദ്ധരിത്രീ—
പാലാന്വവായകലശാർണ്ണവപൂർണ്ണചന്ദ്രൻ,
ചേലാർന്ന കോപ്പുകളണിഞ്ഞൊരു ശാരദാഭ്ര—
ജാലാഭമാം കുതിരതന്റെ പുറത്തു കേറി. 61

---

56. അതിശയിച്ചു = താഴെയാക്കി. ഗുണവാപ്തിൽ = ഗുണാധിക്യമെന്ന വിഷയത്തിൽ, 'സർവ്വത്ര ജയമിച്ഛേത്തു പുത്രാദിച്ഛേൽ പരാജയം'.

57. ലഘൂകരിപ്പാൻ = കുറപ്പാൻ.

58. സചിവേന്ദ്രർ = പ്രധാനമന്ത്രിമാർ. അതന്ദ്രിതന്മാർ = ഉത്സാഹികൾ. ഇവരെയാണു്, 44-ാം ശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്നതു്.

59. വിഷ...ഭാവം = വിഷയങ്ങളുടെ (കാര്യങ്ങളുടെ, രൂപരസാദികളുടെ എന്നും) ഗ്രഹണത്തിലുള്ള പ്രവീണഭാവം (സാമർത്ഥ്യം). പഞ്ചകരണങ്ങൾ = പഞ്ചേന്ദ്രിയങ്ങൾ.

60. ഇളേശദായാദൻ=രാജപുത്രൻ. വ്യായാ...ശേഷം=വ്യായാമത്തെ ഉണ്ടാക്കുന്ന വിനോദവിശേഷം.

61. ലീലാ...വേഷം=ലീലയ്ക്കു് (നായാട്ടിനു്) അനുകൂലമായ നല്ല വേഷം. ധരി...ചന്ദ്രൻ=ധരിത്രീപാലാന്വവായം (രാജവംശം) ആകുന്ന കലശാർണ്ണവത്തിന്നു് (പാലാഴിക്കു്) പൂർണ്ണചന്ദ്രൻ. ശാരദ...ലാഭം = ശരൽക്കാലത്തിലെ മേഘസമൂഹത്തിന്റെ ശോഭയുള്ളതു് (വെളുത്തതു്)

Digitized By Kerala Sahitya Akademi

സങ്കാശമാനമിതൊ,രംഗമെടുത്ത ശംഖ-
സങ്കാശമാം നൃപകുമാരയശസ്സുതാനോ?
വങ്കാശവർണ്ണമെഴമാ ഹയമിത്ഥമാത്ത-
ശങ്കാശയത്വമെവനേകുകയില്ല കണ്ടാൽ? 62

നൽക്ഷീരവാരിധിജലക്ഷ്മിയെ മെയ്യിലേന്തി,-
പ്പക്ഷീന്ദ്രനെഗ്ഗതിയിലമ്പൊടു താഴെയാക്കി,
അക്ഷീണദേവമണി ചാർത്തിയൊരാ ഹയത്തെ
ലക്ഷീകരിച്ചു പറയും ഹരിവാക്കു ചേരും. 63

നല്ലാ ഹയത്തിനുടെ, കാശകദംബകത്തെ-
പ്പുല്ലാക്കി വിട്ട പുതുകേസരപങ്‌ക്തി കണ്ടാൽ,
മല്ലാർന്ന മാരുതനെ യാത്രയിൽ വെന്നതൂലം
നില്ലാതുയർന്നൊരു യശോഭരമെന്നു തോന്നും. 64

വട്ടത്തിൽനിന്നകലെ മേവിന കണ്ണൊടശ്വ-
ക്കൂട്ടത്തിടമ്പതു കഴുത്തുമുയർത്തി നിന്നു,
നോട്ടത്തിലു,ഴി മതിയായ്‌വരുമോ തനിക്കൊ-
രോട്ടത്തിനെന്നറിവതിന്നു മുതിർന്നപോലെ. 65

ആലസ്യമററിളകിടുന്ന ഖുരാഞ്ചലങ്ങ-
ളാലങ്ങു രാജസുതവാജി നിലം കുഴിച്ചു,
പാലബ്ധിവീചികളെ മെയ്യൊളിയാൽ ജയിക്ക-
യാലജ്ജയക്കൊടി നടുന്നതിനെന്നപോലെ. 66

ഘോരായുധം പലതെടുത്തു കുറുത്തുടപ്പി-
ട്ടാരാൽ ഭടച്ഛട ചുഴന്ന നൃപാത്മജാശ്വം,
ധാരാധരപ്പരിഷ താഴ്‌വരച്ചുഴെ നില്ക്കു-
ള്ളോരാത്തുഷാരഗിരിതൻ പരിപാടി നേടീ. 67

---

62. സങ്കാശമാനം = ശോഭിക്കുന്നതു്. ശംഖസങ്കാശം=ശംഖിനോടു തുല്യം. വൻകാശവർണ്ണം = വലിയ കുതിരവാൽപ്പുല്ലിൻെറ നിറം. ആത്ത...ശയത്വം = മനസ്സിൽ ശങ്കതോന്നൽ. എവനേകുകയില്ല?—എല്ലാവക്കും ഏകും.

63. നൽക്ഷീ...ലക്ഷ്മി = നല്ല ക്ഷീരവാരിധിജൻെറ (പാലാഴിയിൽനിന്നുണ്ടായ അശ്വത്തിൻെറ—(ഉച്ചൈശ്ശ്രവസ്സിൻെറ) ലക്ഷ്മി; ക്ഷീരവാരിധിയിൽ നിന്നുണ്ടായ ശ്രീദേവി എന്നും. പക്ഷീന്ദ്രനെ—ഗരുഡനെ—താഴെയാക്കി എന്നതിനു്, വിഷ്ണുപക്ഷത്തിൽ, മേലേ കയറിയിരിക്കുന്നതുകൊണ്ടു് ചുവട്ടിലാക്കി എന്നർത്ഥം. അക്ഷീണദേവമണി=അക്ഷീണം (പ്രൗഢം) ആയ ദേവമണി (സല്ലക്ഷണമായ ഒരു ചുഴിപ്പു്, കൗസ്തുഭമെന്നും) ലക്ഷീകരിച്ചു=ലക്ഷ്യമാക്കി (കുറിച്ചു്). ഹരിശബ്ദം കുതിരയുടെയും വിഷ്ണുവിൻെറയും പര്യായമാകുന്നു.

64. കദംബം = സമൂഹം. കേസരപംക്തി = സ്കന്ധരോമസമൂഹം.

65. അശ്വക്കൂട്ടത്തിടമ്പു് = കുതിരകളിൽവെച്ചു മുന്തിയതു്.

66. ആലസ്യമററു് = ഇടവിടാതെ. ഖുരാഞ്ചലങ്ങൾ = കുളമ്പുകളുടെ അററങ്ങൾ. വാജി = കുതിര.

67. ആരാൽ = അരികിൽ. ഭടച്ഛട = യോധസമൂഹം. ധാരാധരപ്പരിഷ = മേഘക്കൂട്ടം. തുഷാരഗിരി = ഹിമവാൻ. പരിപാടി = മട്ടു്.

Digitized By Kerala Sahitya Akademi

ശശ്വൽഗതികൾ ശരിയാം ഗതിവേഗമൊക്കെ—
മശ്വത്തെ മെല്ലവെ നടത്തി നരേന്ദ്രപുത്രൻ
വിശ്വപ്രസിദ്ധനഗരദ്യുതി കണ്ടുകൊണ്ടു
വിശ്വസ്തമിത്രഭടരൊത്തെഴുനള്ളി വീരൻ. 68

പൗരാക്ഷികൾക്കു പരമോത്സവമേകിയും കൊ—
ണ്ടാ രാജപുത്രനഴകോടെഴുനള്ളിടുമ്പോൾ,
വാരാണ്ട മാളികജനാലകളിൽ സുകേശി—
മാരാശു മഞ്ജുമുഖപങ്കജമാല ചാർത്തി. 69

മല്ലായുധപ്രതിമനാകുമിവന്റെ മെയ്യി—
ലെല്ലാം വഴിഞ്ഞൊരഴകാമൃതമാവതോളം
ഉല്ലാസമാർന്ന മിഴികൊണ്ടു നുകർന്നുകൊണ്ടാ—
മല്ലാക്ഷിമാർ മതിമറന്നു പറഞ്ഞിതേവം: 70

''നീലോല്പലാശുഗനെരിഞ്ഞിതു, പാർവതീശ—
ഫാലോജ്ജ്വലാനലനിലന്നതു ഭോഷ്കുതന്നെ;
ആ ലോകവീരനൊരു വെൺകുതിരപ്പുറത്തു
ചേലോടു കേറി നഗരത്തിലിതാ, വരുന്നു. 71

ഹാ, ഹന്ത, മുമ്പു പല ജന്മവുമെത്ര പുണ്യ—
വ്യൂഹങ്ങളിക്കതിര ചെയ്തുകഴിഞ്ഞിരിക്കും;
മോഹം കരൾക്കരുളുമിത്തരുണന്റെ ദിവ്യ—
ദേഹം വഹിപ്പതിനുമിന്നിട വന്നുവല്ലോ! 72

ദേവൻ വിരിഞ്ചിവശമപ്പുരുഷർക്കു വേണ്ടും
ലാവണ്യശേഖരമിരുന്നതു ബാക്കിയെന്യേ
ഈ വമ്പനാം സുഭഗനിൽച്ചെലവായി നൂന,—
മീവണ്ണമിങ്ങിതരപൂരുഷനില്ലയല്ലോ. 73

എട്ടാശയിങ്കലുമിവന്നനുരൂപമാകും
മട്ടാർന്ന കന്യയെ മഹീപതി തേടിയിട്ടും
കിട്ടാഞ്ഞതിൽച്ചെറുതുമത്ഭുതമില്ല; ദിവ്യ—
ത്വിട്ടാമിവന്നുചിതയായവൾ മന്നിലുണ്ടോ? 74

ഈ രാജപുത്രനുടെ, യൗവനചൈത്രലക്ഷ്മീ—
ക്കാരാമമായ തിരുമെയ്യോടൊരിക്കൽമാത്രം

---

68. ശശ്വൽഗതികൾ = സദാഗതികൾ (വായുവിനു്).

69. പൗരാക്ഷികൾ = പൗരന്മാരുടെ അക്ഷികൾ (കണ്ണുകൾ). സുകേശിമാർ = സുന്ദരിമാർ. മഞ്ജു...മാല = ഭംഗിയുള്ള മുഖങ്ങളാകുന്ന താമരപ്പൂക്കളുടെ മാല.

71. നീലോല്പലാശുഗൻ=കാമൻ. പാർവ...ഫാലനിൽ=ശിവന്റെ നെററിക്കണ്ണിലെ തീയിൽ.

72. വ്യൂഹങ്ങൾ = സമൂഹങ്ങൾ. മോഹം = മയക്കം.

73. വിരിഞ്ചി=ബ്രഹ്മാവു്. ലാവണ്യശേഖരം=ഈടുവെപ്പായ സൗന്ദര്യം.

Digitized By Kerala Sahitya Akademi

ചേരാൻ തരം വിധിവശാലൊരുവൾക്കുദിച്ചാ—
ലാ, രാമതൻ പിറവി ഹന്ത, ഫലത്തിലായി.'' 75

ഈ മാതിരിക്ക പലതോതി, നൃപാത്മജങ്കൽ—
ക്കാമാലണഞ്ഞിമ വെടിഞ്ഞെഴുമക്ഷിയോടും
പൂമാളികാഗ്രഭുവി നിന്ന പുരന്ധ്രിമാർകൾ
വൈമാനികാംഗനകൾപോലെ വിളങ്ങി ഭംഗ്യാ. 76

ശ്ശൂരാഗ്ര്യരാം ഭടരൊടും തുരഗാധിരൂഢ—
ന്മാരായ് സ്വപാർശ്വചരരായ സഖാക്കളോടും
പൗരാവലീമിഴികളാലനുയാതനായി—
ട്ടാ രാജവീരതനയൻ നഗരം കടന്നു. 77

പാരാതെ പാർത്ഥിവകുമാരനെ മാർഗ്ഗമദ്ധ്യേ
ദൂരാൽ വരുന്നൊരു തപസ്വിനി കണ്ടുമുട്ടി:
''ആരാണിതെ,ന്തു കഥ! രോഹിണിയായ്പ്പിരിഞ്ഞോ
താരാധിപൻ? മദനനാ രതിയെ ത്യജിച്ചോ?'' 78

ആ ദിവ്യരൂപനുടെ രൂപസമൃദ്ധി കണ്ടി—
ട്ടാദിക്കിവണ്ണമവളൊട്ടു പകച്ചുനിന്നു;
മോദിക്കുമാറഥ പടജ്ജനമോടടുത്തു
ചോദിച്ചറിഞ്ഞു, വിധിതൻ വിരുതോർത്തു വാഴ്ത്തി. 79

''ശ്രീമൻ കുമാര, വിജയിക്കുക!''യെന്നു പിന്നെ
പ്രേമത്തൊടോതിയവളൊന്നു വണങ്ങിനിന്നു;
ആ മന്ത്രിമുഖ്യർ ചൊരിയുന്ന കഥാരസത്തി—
ലാമഗ്നനണ്ണിനൃപനാ മൊഴി കേട്ടതില്ലാ. 80

കേൾക്കാതെ പോകുമവനോടു, വിധം പകർന്ന
നോക്കാൻ താപസിയുറക്കെയുരച്ചിതേവം:
''ഢീക്കാലെ നീയൊരുവനെന്നിയെ മാമകാശീർ—
വാക്കാരഹോ, മഹിയിലാദരിയാതെയുള്ളൂ? 81

---

75. യൗവ...ലക്ഷ്മി = യൗവനമാകുന്ന വസന്തത്തിന്റെ മശാഭ. ആരാമം = പൂങ്കാവ്. രാമ = സുന്ദരി.

76. വൈമാ...നകൾ = ദിവ്യസ്ത്രീകൾ.

77. തുരഗാധിരൂഢന്മാർ=കുതിരപ്പുറത്തു കയറിയവർ. സ്വപാർശ്വചരർ= തന്റെ ഇരുപാടും നടക്കുന്നവർ. സഖാക്കളോടും = മന്ത്രിമാരായ അഞ്ചു സ്നേഹിതന്മാരോടുംകൂടി. അനുയാതൻ = അനുഗമിക്കപ്പെട്ടവൻ.

78. പാരാതെ = നഗരം കടന്ന ഉടനെ. തപസ്വിനി = താപസി.

79. രൂപസമൃദ്ധി = സൗന്ദര്യാതിശയം. പകച്ച് = അത്ഭുതസ്തബ്ധയായി. വിരുത് = സൗന്ദര്യസൃഷ്ടിസാമർത്ഥ്യം.

80. പ്രേമം = വാത്സല്യം. ആമഗ്നൻ = മുഴുകിയവൻ.

81. ഢീക്ക് = ഗർവ്. മാമ...വാക്ക് = എന്റെ ആശീർവാദം.

Digitized By Kerala Sahitya Akademi

ഈ രാമണീയകഗുണാദികംമൂലമിത്ര
ഘോരാഭിമാനമിയലുന്ന ഭവാന്റെ മേലിൽ
'താരാവലീ'തരുണി ഭാര്യയുമാകിലെ,ന്തോ,
നീ രാജപുത്ര, തൃണമാക്കിടുമിന്ദ്രനേയും!'' 82

അ'കാത്യായനി'യെന്ന താപസി കയ—
ത്തേവം കഥിക്കെ, ക്ഷമി—
പ്പിക്കാൻ വാജിയിൽനിന്നിറങ്ങി വിനയാൽ
വന്ദിച്ചിളേന്ദ്രാത്മജൻ,
അക്കാന്താകഥയിൽക്കുതൂഹലവുമാ—
ന്നാ, മാന്യയെസ്സൽക്കരി—
പ്പിക്കാൻ ഭാനുഗൃഹത്തിലേക്കു തനതാം—
ക്കാരൊത്തയച്ചീടിനാൻ. 83

വീണ്ടും വാഹനമേറി മന്ത്രിയുതന,—
സ്സസ്യാദിസമ്പത്തിനാൽ
വേണ്ടുംപോലെ തെളിഞ്ഞ നാട്ടുപുറവും
മറ്റും കടന്നായവൻ,
നീണ്ടും, നീളെയിരുണ്ടുമുള്ള വിപിനം
ദൂരത്തു കണ്ടുന്മദം
പൂണ്ടുംകൊണ്ടു പുളച്ചുമുത്ഭടഭട—
ന്മാരൊത്തെഴുന്നള്ളിനാൻ. 84

ഇങ്ങനെ ചന്ദ്രസേനകാത്യായനീസമാഗമം രണ്ടാം സർഗ്ഗം

മൂന്നാം സർഗ്ഗം

വരസചിവഭടന്മാരൊത്തു പോയീ ക്രമത്താൽ
നിരവധിതരുഷണ്ഡം ചേർന്നിരുണ്ടോരു കാട്ടിൽ
അരചനുടെ കുമാരൻ ചെന്നുകേറീ, കരിങ്കാർ—
നിരയിലരുണദേവൻപോലെ പുഷ്യൽപ്രതാപൻ. 1

ഗിരിവനമതിൽ നീളെ,ക്കാളമേഘാഭപൂണ്ടും,
ഹരിതദളഗണത്താലംബരാന്തം മറച്ചും,

82. രാമണീയകഗുണാദികം = സൗന്ദര്യോൽക്കർഷം മുതലായവ. ഘോരാഭിമാനം = ഭയങ്കരമായ ഗർവ്വ്. തൃണമാക്കിടും = പുല്ലിനൊപ്പം കരുതും.

83. അക്കാന്താകഥയിൽ = മുൽപ്പറഞ്ഞ താരാവലിയുടെ കഥയിൽ. കുതൂഹലം = കൗതുകം (ജിജ്ഞാസ) മാന്യ—മന്ത്രിമാരിൽ ഒരാൾ. തനതു് = സ്വന്തം.

84. മന്ത്രിയുതൻ = മന്ത്രിമാരോടുകൂടിയവൻ. വിപിനം = കാട്. ഉന്മാദം = ആഹ്ലാദലഹരി. ഉത്ഭടന്മാർ = ശൂരയോധന്മാർ.

1. തരുഷണ്ഡം = മരക്കൂട്ടം. അരുണദേവൻ = സൂര്യൻ. പുഷ്യൽപ്രതാപൻ = വലിയ പ്രതാപമുള്ളവൻ.

Digitized By Kerala Sahitya Akademi

പെരിയ മരമസംഖ്യം പ്രൗഢശാഖോപശാഖ—
പ്പരിഷയൊടിടതിങ്ങിപ്പൊങ്ങി നില്ക്കുന്നു ഭംഗ്യാ. 2

കരി, കരടികൾ, ചെന്നായ്, പോത്തു, ഘണ്ടാമൃഗം, വൻ
നരി, കിരി, ഹരി മുമ്പാം ഹിംസ്രജാതിക്കിരിപ്പാൻ
അരിമയൊടുചിതംപോലീശ്വരൻ തീർത്തതാണാ—
ക്കരിനിറമിടചേർന്നീടുന്ന കാടെന്നു തോന്നും. 3

പ്രതിദിനമുലകത്തിന്നുൾപ്രബോധം പ്രവർത്തി—
പ്പതിനുതകിന സൂര്യാലോകമേശായ്മമൂലം
അതിമലിനതമസ്സാർന്നാലുമന്യൂനസത്ത്വ—
സ്ഥിതി തടവിടുമക്കാടത്ഭുതാകാരമല്ലോ. 4

നലമൊടു ഭുവി തങ്ങൾക്കേറ്റ നല്ലോരു വാസ—
സ്ഥലമരുളിയ ദൈവത്തിന്റെ നാനാമഹത്ത്വം
പല പറവകൾ പാടിപ്പാടി വാഴ്ത്തുന്ന കോലാ—
ഹലമവിടെ മുഴങ്ങീടുന്നു, കർണ്ണാമൃതാഭം. 5

അടവിയതില,നല്പം വേരുറച്ചും, പഴക്കം
തടവിയു,മളവില്ലാതുള്ള മാഹാത്മ്യമാർന്നും,
സ്ഫുടതരബഹുശാഖാലംബിതുഷ്ടദ്വിജേന്ദ്ര—
ച്ഛടയൊടു വിലസുന്നു വേദമട്ടായ് മരങ്ങൾ. 6

ദ്വിരദതതി തരിപ്പുൾത്തങ്കിടും തൻകവിൾത്ത—
ട്ടുരസിയ മദഗന്ധിസ്കന്ധഭാഗങ്ങളോടും,
സുരഭിലമലർതിങ്ങും കൊമ്പൊടും തത്ര നില്ക്കും
മരനിര മധുപങ്ങൾക്കിഷ്ടമാമൂലചൂഡം. 7

---

2. ഗിരിവനമതിൽ = ഒരു മലങ്കാട്ടിൽ. ഹരി...ഗണം = പച്ചിലക്കൂട്ടം. അംബരാന്തം = ആകാശമദ്ധ്യം.

3. കിരി = പന്നി. ഹരി = സിംഹം. ഹിംസ്രജാതി = ഘാതുകമൃഗവർഗ്ഗം. അരിമ = സ്നേഹം.

4. ഉൾപ്രബോധം = ഉണർച്ച, ജ്ഞാനമെന്നും. സൂര്യാലോകം = സൂര്യരശ്മി. സൂരികളുടെ (വിദ്വാന്മാരുടെ) ആലോകം (ദർശനം) എന്നും. അതി...തമസ്സ് = ഏററവും മലിനമായ തമസ്സ് (ഇരുട്ട്, തമോഗുണമെന്നും.) അന്യൂനസത്ത്വസ്ഥിതി = സത്ത്വങ്ങളുടെ (ജന്തുക്കളുടെ, സത്ത്വഗുണത്തിന്റെ എന്നും) സ്ഥിതിക്ക കുറവില്ലായ്ക.

5. കർണ്ണാമൃതാഭം = ചെവിക്കമൃതുപോലിരിക്കുന്നത്.

6. വേദപക്ഷത്തിൽ മാഹാത്മ്യം = വലിപ്പം. സ്ഫുട...യൊടു = ഏററവും സ്പഷ്ടകളായ പല ശാഖകളെ (കൊമ്പുകളെ, ആശ്വലായനതൈത്തിരീയാദികളെ എന്നും) ആശ്രയിച്ചു ശോഭിക്കുന്ന ദ്വിജേന്ദ്രരുടെ (ശ്രേഷ്ഠപക്ഷികളുടെ, ഉത്തമബ്രാഹ്മണരുടെ എന്നും) സമൂഹത്തോടുകൂടി.

7. ദ്വിരദതതി = ആനക്കൂട്ടം. മദ...ഭാഗങ്ങൾ = മദജലത്തിന്റെ മണമുള്ള തടികൾ. സുരഭിലമലർ = സുഗന്ധിപുഷ്പം. മധുപങ്ങൾ = വണ്ടുകൾ. ആമൂലചൂഡം = കടമുതൽ തലവരെ.

Digitized By Kerala Sahitya Akademi

സ്ഫുടമിതരഗജത്തിൻ ദാനഗന്ധാൽ ദ്വിപാഗ്ര്യൻ
കട ഝടിതി പുഴക്കിത്തള്ളിവീഴ്ത്തും മരങ്ങൾ
ചടചടരടിതത്താല,ങ്ങുറങ്ങും മൃഗേന്ദ്ര—
ന്നുടനുണർവു വരുത്തിശ്ശുണ്ഠിയുണ്ടാക്കിടുന്നു. 8

ചലകിസലയരാഗംപൂണ്ടു, തെല്ലൊന്നണിപ്പൂ—
ങ്കുലകളുടെ കനത്താൽച്ചാഞ്ഞ വല്ലീസമൂഹം
മലർ മടിയിലണിഞ്ഞോരഗ്ര്യവൃക്ഷങ്ങളായ്ച്ചേ—
ർന്നലഘുരുചി വിളങ്ങീടുന്നതിക്കാനനത്തിൽ. 9

കൊടിയ പുലികളുള്ളിൽപ്പള്ളികൊള്ളുന്ന വള്ളി—
ക്കുടിലുകളിടതൂർന്നങ്ങേററമുണ്ടങ്ങുമിങ്ങും;
ഞൊടിയിടയുമവററിൽത്തൻകരത്തെക്കടത്താൻ
ചൊടിയുടയ ഹരിക്കും ധൈര്യമില്ലെന്നു തോന്നും. 10

ഘനതരമൃദുപച്ചപ്പുല്ലിനാൽ,പ്പുച്ചവില്ലീ—
സ്സുനഘരുചി വിരിക്കപ്പെട്ടമട്ടായ ദിക്കിൽ
തനതിണകളൊടൊത്തങ്ങാർന്നിടുന്നുണ്ടു, നന്മാ—
നിനമയവുമിറക്കിക്കൊണ്ടു ശയ്യാസുഖത്തെ. 11

ധൃതരുചി പുലി തീണ്ടും പുള്ളിമാനിൻെറ കണ്ഠ—
ച്യുതനിണമൊടു പച്ചപ്പുല്ലിടം തത്ര കാണാം,
ചിതമുടയ വനശ്രീതൻെറ, കാശ്മീരപങ്കം
ചിതറിയ ശുകവർണ്ണപ്പോർമുലക്കച്ചപോലെ. 12

മൃഗപതികൾ പിളർക്കും കുംഭികുംഭത്തിൽനിന്നാ
നഗവനഭുവി ചിന്നും നല്ല വെൺമുത്തു കണ്ടാൽ,
ഗഗനതലമുരുമ്മും വന്മരക്കൊമ്പു തട്ടി
പ്രഗളിതമുഡുജാലംതാനിതെന്നോർത്തുപോകും. 13

---

8. ഇതരഗജത്തിൻ = മറെറാരാനയുടെ. ദാനഗന്ധാൽ = മദഗന്ധം നിമിത്തം. ദ്വിപാഗ്ര്യൻ = ഗജവരൻ. ആനകൾക്കു് ഇതരഗജങ്ങളുടെ മദത്തിൻെറ ഗന്ധം അസഹ്യമാണത്രെ. രടിതം = ശബ്ദം. മൃഗേന്ദ്രന്നു് = സിംഹത്തിന്നു്.

9. ചല...രാഗം = ഇളകുന്ന തളിരുകളുടെ ചുകപ്പു്. അലഘുരുചി = വളരെ ശോഭയോടുകൂടുംവണ്ണം. തരുണിമാർ അലംകൃതകാമുകരോടു ചേരുന്നതിനെ വ്യഞ്ജിപ്പിച്ചിരിക്കുന്നു.

10. കരത്തെ = രശ്മിയെ, കയ്യിനെ. ഹരിക്കും=സൂര്യനും, സിംഹത്തിനും. സൂര്യരശ്മി തീരെ ഉള്ളിൽ കടക്കാത്തവിധം, അവ അത്ര നിബിഡങ്ങളായിരിക്കുന്നുവെന്നു സാരം.

11. നന്മാനിനം = നല്ല മാനിൻകൂട്ടം.

12. ധൃതരുചി = രുചി(കൊതി)യോടുകൂടുംവണ്ണം. കണ്ഠച്യുതനിണമൊടു് = കഴുത്തിൽനിന്നു തെറിച്ച രക്തത്തോടുകൂടി. വനശ്രീ = വനലക്ഷ്മിയാകുന്ന സുന്ദരി. കാശ്മീരപങ്കം = കുങ്കുമച്ചാറു്. ശുക...ക്കച്ച = പച്ചനിറത്തിലുള്ള മുലപ്പടം.

13. കുംഭികുംഭം = ഗജമസ്തകം. നഗവനഭുവി = മലങ്കാട്ടിൽ. ഗഗനതലം = ആകാശം. പ്രഗളിതം = ഉതിർന്നുവീണതു്. ഉഡുജാലം = നക്ഷത്രസമൂഹം.

Digitized By Kerala Sahitya Akademi

വടിവിനൊടുയരുന്നൂ തത്ര നാഗങ്ങൾ ഞെട്ടും—
പടി, പടനടുവിങ്കൽപ്പോലവേ സിംഹനാദം;
ഇടിനിഭമിതു കേൾക്കെ,ബ്ഭീരുചിത്തങ്ങൾപോലേ
ഝടിതി മയിലിനം നിന്നാടിടുന്നൂ ചിലേടം. 14

പരിഗളിതമദാംഭോനിർഝരം പൂണ്ടു കൂററൻ—
കരികളവിടെ, മെയ്യിൽച്ചേർന്ന ചെമ്മണ്ണുമായി
ഗരിമയൊടു നടന്നീടുന്ന നൽക്കാഴ്ച കണ്ടാൽ
ത്വരിതതരമെടുക്കും ഗോത്രഭിത്താത്മശസ്ത്രം. 15

മിളദളിരുചിയാകും മെയ്യു ചെമ്മണ്ണു ചാർത്തി—
ക്കളഭനിര കളിക്കന്നേടമക്കാടുതന്നിൽ,
വളരുമഴകൊടന്തിച്ചോപ്പണിക്കാർമുകിൽച്ചാ—
ർത്തിളകിന ഗഗനത്തിൻ കാന്തിയുണ്ടേന്തിടുന്നു. 16

അതിപൃഥുതരമെയ്യാർന്നാപ്പെരുമ്പാമ്പി,രസ്സും—
ക്കൊതിയൊടൊരിടമൂക്കൻ വാ പിളർത്തിക്കിടക്കേ,
ഗതിയിൽ വഴിപിഴച്ചങ്ങന്ധതാമിസ്രമട്ടാ—
മതിനകമണയുന്നൂ ഹന്ത, ദുർജ്ജന്തുവർഗ്ഗം. 17

മുകളിൽ മയിലിനേയും, താഴെയോ കീരിയേയും
പ്രകടഭയമവേക്ഷിച്ചാകുലപ്പെട്ട സർപ്പം
സ്വകതനു തടിയിന്മേൽച്ചുററവേ, ശാഖികൾക്ക—
ങ്ങകലുഷരജതംകൊണ്ടുള്ളരപ്പട്ട കാണാം. 18

നെടിയ തനുവിണങ്ങും പച്ചിളിപ്പാമ്പു പച്ച—
ച്ചെടികളിൽ മരുവുന്നൂ തത്ര നിർബാധമായി:

---

14. നാഗങ്ങൾ = ആനകൾ, സർപ്പങ്ങൾ. സിംഹനാദം = സിംഹശബ്ദം, അലർച്ച. ഇടിനിഭം = ഇടിമുഴക്കംപോലെയുള്ളതു്. ഭീരുചിത്തങ്ങൾ = ഭയശീലന്മാരുടെ മനസ്സുകൾ. ആടിടുന്നൂ = നൃത്തംവെയ്ക്കുന്നു, ചലിക്കുന്നു.

15. പരി...ർഝരം = ഒലിച്ച മദജലമാകുന്ന ചോല. കരികൾ = ആനകൾ. ഗരിമ = കനം. ത്വരിതതരം = അതിവേഗത്തിൽ. ഗോത്രഭിത്തു് = ഇന്ദ്രൻ. ആത്മശസ്ത്രം = തന്റെ ആയുധം (വജ്രം). പണ്ടു താൻ ചിറകറുത്ത പർവ്വതങ്ങൾ വീണ്ടും സഞ്ചരിച്ചുതുടങ്ങിയോ എന്ന ഭ്രമം ഇന്ദ്രനുണ്ടാകുമെന്നു ഭാവം.

16. മിള..രുചി = വണ്ടിനൊത്ത നിറം ചേർന്നതു്. കളഭനിര = ആനക്കുട്ടികളുടെ കൂട്ടം.

17. അതിപൃഥുതരം = വളരെ വളരെ വലുതു്. ഗതി = സഞ്ചാരം. അന്ധതാമിസ്രമെന്നു് ഒരു നരകത്തിന്റെ പേരാണു്. ദുഷ്ടന്മാർക്കു നരകപാതം എങ്ങനെയെങ്കിലും സംഭവിക്കുമല്ലോ.

18. പ്രകടഭയം = പേടി വെളിവാകുംവിധം. അവേക്ഷിച്ചു് = കണ്ടിട്ടു്. സ്വകതനു = തന്റെ ദേഹം. ശാഖികൾ = മരങ്ങൾ. അകലുഷരജതം = ചളി കളഞ്ഞ വെള്ളി.

Digitized By Kerala Sahitya Akademi

വടിവൊടു സമവർണ്ണക്കാരുമായ്ച്ചേർച്ചകൊണ്ടാൽ,
കടിലനുമതിനാലേ രക്ഷ കിട്ടുന്നു നൂനം. 19

സ്വവപുഷി സുഖമേറും പൊയ്കയെച്ചീർത്ത ദർപ്പാൽ
ജവമൊടു മഹിഷൗഘം തത്ര മട്ടിച്ചിടുന്നു:
അവനവനപകാരം ചെയ്യുവോർക്കീദൃശോപ—
ദ്രവമുതകുവതല്ലോ, പോത്തുകൾക്കൊത്ത ധർമ്മം. 20

കരിമലകഴൽക്കൂപ്പും കാട്ടുപോത്തങ്ങിനം പേ—
ന്നരിയ കുളിർസരസ്സാണ്ടിട്ടു കൊമ്പിട്ടടിക്കേ,
പരിചലദുദബിന്ദുശ്രേണിയാൽ മുത്തണിശ്രീ
പരിസരലതതോറും കാണുമാറായ്വരുന്നു. 21

'പെരുകിന കൊതി തേനിൽച്ചേരുവോരാമിവർക്കു—
ള്ളുരുതഴലു കടന്നൽക്കുത്തിനാ'ലെന്നു ദൈവം
ഇരുളൊളി നെടുരോമശ്രേണി കുപ്പായമായി—
ട്ടരുളിയ കരടിക്കൂട്ടങ്ങളുണ്ടങ്ങസംഖ്യം. 22

കെടുചളിയിലിറങ്ങി,ക്കല്ലരിക്കുന്നിനൊക്കും
കൊടുമുടിയെതിർകോലം പൂണ്ടു കോലവ്രജങ്ങൾ
പടുതയൊടു കിടന്നീടുന്നിതങ്ങാം, വനത്തിൽ—
പ്പെടുമിരുൾനിര പെറ്റുണ്ടായ പൈതങ്ങൾപോലെ. 23

അവരസരസി മുങ്ങി,ബ്ഭൂവിനെത്തേറ്റയാലേ
യുവകിടികളതിങ്കൽദ്ദാരണംചെയ്തിടുന്നു:
അവ, നിജകുലകൂടസ്ഥന്റെ ഭൂദാരശബ്ദം
ശിവ, ശിവ, വിപരീതാർത്ഥത്തിലല്ലോ വഹിപ്പൂ! 24

തരുശിരസി കരേറി,ത്തത്ര നൽത്തേൻ കുടിപ്പാൻ
പെരുകിന കൊതിയോടേ കൂടടുത്തും കുരങ്ങൻ

---

19. സമവർണ്ണക്കാർ = തുല്യജാതിക്കാർ, തുല്യനിറമുള്ളവ എന്നും. കടിലൻ = ദുഷ്ടൻ, വളഞ്ഞവനെന്നും.

20. സ്വവപുഷി = തന്റെ ദേഹത്തിൽ. ദർപ്പാൽ = ഗർവിനാൽ. മഹിഷൗഘം = പോത്തിൻകൂട്ടം. മട്ടിക്ക = കലക്കി മറിക്കുക. ഈദൃശോപദ്രവം = ഇത്തരം പീഡ. വിവേകശൂന്യരെ 'പോത്തുക'ളെന്ന് അപഹസിക്കാറുണ്ടല്ലോ.

21. സരസ്സ് = പൊയ്ക. പരി...ശ്രേണി = ചുറ്റും തെറിക്കുന്ന നീർത്തുള്ളികളുടെ കൂട്ടം. മുത്തണിശ്രീ = മുത്തണിഞ്ഞ ഭംഗി. പരിസരലത = അടുത്തുള്ള വള്ളി.

22. കടന്നൽക്കൂടുകൾ പിളർത്തി തേൻ കുടിക്കുക കരടികളുടെ സ്വഭാവമാണ്.

23. കോലവ്രജങ്ങൾ = പന്നിക്കൂട്ടങ്ങൾ.

24. അവരസരസി = അല്പസരസ്സിൽ. യുവകിടികൾ = യൗവനയുക്തങ്ങളായ പന്നികൾ. ദാരണംചെയ്ക = പിളർക്കുക. നിജ.. സ്ഥൻ = തങ്ങളുടെ വംശത്തിലെ ആദിമൻ (ശ്രീവരാഹമൂർത്തി, വിഷ്ണു). ഭൂദാരശബ്ദം = ഭൂദാരൻ (ഭൂമി ഭേത്താവായവൻ) എന്ന ശബ്ദം. വിപരീതാർത്ഥത്തിൽ = ഭൂവിനെ ദാരണംചെയ്യുന്ന അർത്ഥത്തിൽ. ഭൂദാരപദം പന്നിയുടെ പര്യായമാകുന്നു.

Digitized By Kerala Sahitya Akademi

കരുമനകൾ കടന്നൽക്കൂട്ടുകൊണ്ടേററമേററി—
ട്ടൊരു നില കിടയാതേ പല്ലിളിച്ചാർത്തിടുന്നു. 25

വിരുതിലപഹരിച്ചീടുന്നു, തേനീച്ച നേടി—
ക്കരുതിയ ചെറുതേൻകൂടങ്ങു ശാഖാമൃഗങ്ങൾ;
ഒരു കൃപണനരിഷ്ടിച്ചാർജ്ജനംചെയ്തുവെച്ചു—
ന്നൊരു മുത,ലിതരന്മാരാകുമല്ലോ ഭുജിപ്പാൻ. 26

ഇളയിൽ മരമനേകം വേർപറിഞ്ഞാശു വീഴ—
ന്നളവെഴുമൊലിയോടും, ഘോരഹുങ്കാരമോടും,
പ്രളയജലധിപോലക്കാടു പാടേ കിടന്നൊ—
ന്നിളകിമറിയുമാറുണ്ടു,ററമാം കാററടിക്കേ. 27

സുമനിചയവിരാജല്ലോധ്രശുഭ്രാതപത്രം,
ചമരികളുടെ വീശ്ശും വാലു, സിംഹാസനങ്ങൾ,
സമദഗജചമൂരുപ്രൗഢിയിത്യാദിയോടൊ—
ത്തമരുമതു സമസ്താരണ്യസമ്രാട്ടുതന്നേ. 28

ചിലയിടമൊരിരമ്പം കേൾക്കമാറായ്‌വരുന്നു,
പല പല ജനസംഘം ചേർന്നിടത്തെന്നപോലെ;
ചിലയിടമവിടത്തിൽ ശാന്തമായിക്കിടപ്പു,
നലമെഴുമൃഷിമാർതന്നാശ്രമക്ഷോണിപോലെ. 29

ക്ഷിതിരുഹനിര തിങ്ങിട്ടുഗ്രജന്തുക്കളെപ്പെ—
ട്ടതിഗഹനതയുള്ളാക്കാടു കണ്ടാലെവന്നും,
പ്രതിനവഭയഹർഷാദ്യങ്ങളാലംഗമൊട്ട—
ക്ക,തിനൊടു കിടയായ്ത്താൻ കണ്ടകാകീർണ്ണമാകും. 30

നഗരചിതനവശ്രീ, സ്വാഗമസ്ഥദ്വിജാസ്യ—
പ്രഗളിതമൃദുഘോഷം, മാർഗ്ഗസൗഖ്യാനുകൂല്യം
അഗണിതഗുണമീമട്ടൊക്കുമക്കാടമാത്യാ—
നഗരൊടു നൃപപുത്രൻ കണ്ടു തൻനാടുപോലേ. 31

---

25. തരുശിരസി = മരത്തിൻമുകളിൽ.

26. ശാഖാമൃഗങ്ങൾ = കുരങ്ങന്മാർ. കൃപണൻ = ലുബ്ധൻ. ഭുജിപ്പാൻ = അനുഭവിപ്പാൻ.

23. സുമ...പത്രം = പൂനിരകൊണ്ടു ശോഭിക്കുന്ന പാച്ചോററിമരമാകുന്ന വെൺകൊററക്കുട. സിംഹാസനങ്ങൾ = സിംഹങ്ങളുടെ ഇരിപ്പിടങ്ങൾ, രാജാസനങ്ങളെന്നും. സമ...പ്രൗഢി = മദത്തോടുകൂടിയ ഗജങ്ങൾ, ചമൂരുക്കൾ (മൃഗവിശേഷങ്ങൾ) ഇവയുടെ പ്രൗഢി; മദഗജങ്ങളോടുകൂടിയ ചമുവിന്റെ (സൈന്യത്തിന്റെ) ഉരു (മഹത്തു്) ആയ പ്രൗഢി. അതു് = ആ കാടു്. സമ്രാട്ടു് = എല്ലാ കാടുകളുടേയും ചക്രവർത്തി.

30. ക്ഷിതിരുഹനിര = മരക്കൂട്ടം. ഗഹനത = ദുർഗ്ഗമത്വം. അതിനൊടു് = കാടിനോടു്. കണ്ടകാകീർണ്ണം = കണ്ടകം (മുള്ളു്, രോമാഞ്ചം) നിറഞ്ഞതു്.

31. നഗ . ശ്രീ = നഗങ്ങളാൽ (വൃക്ഷങ്ങളാൽ) രചിതം (ഉണ്ടാക്കപ്പെട്ടതു്) ആയ നഗരങ്ങളിൽ ചിത(വ്യാപ്ത)യായ എന്നും. നവശ്രീ = പുതുശോഭ;

Digitized By Kerala Sahitya Akademi

സുകൃതികൾ ചിലർമാത്രം കണ്ടറിഞ്ഞാസ്വദിക്കും
പ്രകൃതിയുടെ വിലാസം മൂർത്തമായ്ത്തീർന്നപോലേ
അകൃതകരുചിയാർന്നോരക്കൊട്ടക്കാട്ട, ദാര—
പ്രകൃതിയെഴമിവന്നുൾക്കൊണ്ടൊരുന്മേഷമേകി. 32

നവമവിടെ നിരന്നു കർണ്ണികാരപ്രദീപം;
ശ്രവണസുഖമുയർന്നു ഭൃംഗഝങ്കാരവാദ്യം;
പ്രവരതരുവിലാടീ പൂങ്കൊടിച്ചാർത്തി—വണ്ണം,
യുവനൃപനണയുമ്പോൾ കാട്ടമന്നുത്സവാഢ്യം. 33

ദളഗതഹിമതോയം തൂകി വൃക്ഷങ്ങൾ; കാറേറ—
ററിളകി മലർ പൊഴിച്ചു നല്ല വല്ലീഗണങ്ങൾ;
കളരുതമൊട്ട പാടീ കോകിലക്കൂട്ട—മീമ—
ട്ടി, ഉമയുടെയ്യെഴന്നാളത്തു കൊണ്ടാടി കാട്ടം. 34

ശിരസി പതിയുമൂർണ്ണിസ്സൂര്യതേജസ്സിനാലേ
പുരടമയകിരീടം വെച്ചമട്ടാം മരങ്ങൾ
സരസമവിടെയപ്പോൾക്കാണമാറായി, ഉംക്ക—
റരചനെയെതിരേല്പാൻ വന്ന സാമന്തർപോലെ. 35

ഹിമജലകണജാലം വേണ്ടവോളം വഹിച്ചും,
ദ്രുമശിഖകളിളക്കിപ്പൂക്കളൊരാൽക്കൊഴിച്ചും,
വിമലതരവിഭാതക്കാററണഞ്ഞാധരിത്രീ—
രമണസുതനു പാദ്യാർഗ്ഘ്യങ്ങളങ്ങാചരിച്ചു. 36

പല വിടപിയിൽനിന്നും വീണ നാനാനിറത്തു—
മലർനിരകൾ നിരക്കെച്ചിന്നി മിന്നും പ്രദേശം,
നലമൊട്ട നൃപപുത്രന്നായ്'വനശ്രീ വിരിച്ചോ—
രലഘുപരവതാനിക്കൊത്തു കാണായിവന്നു. 37

(അസാമാന്യസമ്പത്ത്). സ്വാഗ...ഘോഷം = തങ്ങളുടെ അഗമ(വൃക്ഷ)ങ്ങളിൽ ഇരിക്കുന്ന, നല്ല ആഗമ(ശാസ്ത്ര)ങ്ങളിൽ നിഷ്ഠയുള്ള എന്നും; ദ്വിജരുടെ (പക്ഷികളുടെ, ബ്രാഹ്മണരുടെ) ആസ്യത്തിൽ(മുഖത്തിൽ)നിന്ന് ഉതിർന്ന മൃദുവായ ഘോഷം. മാർഗ്ഗം...കൂല്യം = മാർഗ്ഗസൗഖ്യത്തിന്ന്, മൃഗസംബന്ധിയായ സൗഖ്യത്തിന്ന്, (മാർഗ്ഗസുഖത്തിന്ന് എന്നും) ആനുകൂല്യം അഗണിതഗുണം = അമിതമായ ഗുണം. അമാത്യാനുഗർ = അമാത്യന്മാരും അനുഗരും (അനുചരരും).

32. മൂർത്തം = ദേഹമെടുത്തത്. അകൃതകരുചി = അകൃത്രിമശോഭ.

33 കർണ്ണി...ദീപം = കൊന്നപ്പൂവാകുന്ന വിളക്ക്. പൂങ്കൊടിച്ചാർത്ത് = പൂവുള്ള കൊടികൾ (വള്ളികൾ) ആകുന്ന കൊടികളുടെ ചാർത്ത്, (കൂട്ടം).

34. ദള...തോയം = ഇലകളിലെ മഞ്ഞുവെള്ളം. കളരുതം = മധുരശബ്ദം.

35. പുര...രീടം = പൊൻകിരീടം. സാമന്തർ = കീഴ്‌രാജാക്കന്മാർ.

36. ഹിമ...ജാലം = മഞ്ഞുനീർത്തുള്ളിക്കൂട്ടം. ദ്രുമശിഖകൾ = മരക്കൊമ്പുകൾ. വിമ...ക്കാററ് = തെളിഞ്ഞ പുലർകാററ്.

37. വിടപി = വൃക്ഷം.

Digitized By Kerala Sahitya Akademi

ഉലകുണരുമുഷക്കാറേറററൊരുന്മേഷമേന്തും
പല പറവകളപ്പോൾക്കൂകലിൻ കൈതവത്താൽ,
ബലമുടയ മഹീഭൃൽപുത്രനെപ്പാർത്തു കൗതു—
ഹലമൊടു ജയശബ്ദം പേർത്തുമങ്ങുച്ചരിച്ചു. 38

ഘനഹരിനിനദത്താൽ സ്വാഗതം സാധു ചൊല്ലി,—
പ്പുനരനിലനലയ്ക്കും ശാഖയാം കയ്യു നീട്ടി,
വനസമുദയസമ്രാട്ടാകുമക്കാടു സമ്രാട്—
തനയനിലുപചാരം തക്കമട്ടാചരിച്ചു. 39

സ്ഫുടമളിരുതവാദ്യം, പെൺകുയിൽപ്പാട്ടു, മൈലിൻ—
നടനമിതുകളാലാ രാജപുത്രൻ സമിത്രൻ
അടവിയിലുമഭംഗം നേടി തൗര്യത്രികത്തെ:—
ത്തടവു സുഖനിലയ്ക്കെങ്ങ,ത്തരക്കാർക്കു പററും? 40

കൃതികൾ സചിവരഞ്ചാളൊത്തു ചുററും ചരിക്കും
ക്ഷിതിപസുതനെയന്നക്കാട്ടിലെദ്ദേവതൗഘം,
ധൃതിയൊടു സഖിയാകും ശ്രീവസന്തത്തെ വീക്ഷി—
പ്പതിനുഴറിടുമൈന്താരമ്പനെപ്പോലെ കണ്ടു. 41

ഉടനവനിതലോദ്യച്ചന്ദ്രനാം ചന്ദ്രസേന—
ന്നുടയ കിരണജാലംപോലെഴും, കിങ്കരന്മാർ
കടലിനെതിർകാട്ടുകാടാണു നേരത്ത,തൊന്നൽ—
ക്കടമിളകിമറിഞ്ഞൂ ഭൈരവാരാവമോടും. 42

യുവനൃപനുടെയാൾക്കാർ നാലുളൊത്തുക്കിലാർപ്പി—
ട്ടവശമുഴറിയോടിക്കാടിളക്കുന്ന ഘോഷം,
അവനുടെ നെടുവിൽഞാണൊച്ച, സംഭ്രാന്തസത്ത്വാ—
രവമിവയിടചേർന്നൊത്തങ്ങു വാനം മുഴങ്ങി. 43

ചില ഭടർ വലകെട്ടീ ചേച്ചപോലങ്ങുമിങ്ങും;
ചിലർ മുയലുകളേയുംമററുമോടിച്ചു ചുററും;
ചിലർ തരുമുകളേറിത്തക്കവും നോക്കി വാണു;
ചിലരൊരുവക വള്ളിക്കെട്ടിലുൾപ്പുക്കിരുന്നു. 44

---

38. ബലം = സൈന്യം. മഹീഭൃൽപുത്രനെ = രാജകുമാരനെ.

39. ഘനഹരിനിനദം = കനത്ത സിംഹശബ്ദം. സാധു = വഴിപോലെ. വന...സമ്രാട്ട് = വനഗണചക്രവർത്തി.

40. സമിത്രൻ = സ്നേഹിതരോടുകൂടിയവൻ അഭംഗം = കുറവില്ലാതെ. വാദ്യഗീതങ്ങൾ കൂടിച്ചേർന്നതിനു തൗര്യത്രികമെന്നു പറയും.

41. കാട്ടിലെദ്ദേവതൗഘം = വനദേവതാഗണം. ധൃതിയോട് = പ്രീതിയോട്. ഐന്താരമ്പൻ = കാമൻ.

42. അവ...ച്ചന്ദ്രൻ = ഭൂമിയിലെ ചന്ദ്രൻ. കിരണജാലം = രശ്മിസമൂഹം. കിങ്കരന്മാർ = ഭടന്മാർ. ഭൈരവാരാവം = ഭയങ്കരശബ്ദം. ചന്ദ്രരശ്മിസമാഗമത്തിൽ സമുദ്രം ക്ഷോഭിക്കുമല്ലോ.

43. സംഭ്രാന്തസത്ത്വാരവം = സംഭ്രമിച്ച ജന്തുക്കളുടെ ശബ്ദം.

Digitized By Kerala Sahitya Akademi

പൊറുതി മടയിലില്ലെന്നാകയാ,ലങ്ങുമിങ്ങും
കുറുനരികൾ കുതിച്ചു; കുക്കരൗഘം കുരച്ചു;
മറുദിശി മറിമാനിൻകൂട്ടമാഹന്ത, പേടി—
ച്ചിറുകി മിഴികളാലങ്ങൽപ്പലപ്പൂക്കൾ ചിന്നീ. 45

തരുമുകളിലുടമ്പാം ജന്തുവെക്കണ്ടൊരമ്പെ—
യ്തൊ,രു ഭടനുയിർ പോക്കിത്താഴെ വീഴിച്ചനേരം,
''കരുതിയതിലുമേറാം നന്നെടോ, കയ്യുറയ്ക്കീ—
യുരുവിനുടയ തോലെ''ന്നാശു കൊണ്ടാടിയന്യൻ. 46

ഹരിണികൾ ചുഴലും നൽകൃഷ്ണസാരത്തെയമ്പെ—
യ്തരികിലലറി വീഴ്ത്തിത്തോഴനോടേകനോതീ:
''പരിചിയലുമിതിൻ തോലോമനത്തമ്പുരാനി—
ന്നരിയൊരതിഥിയാമത്താപസിക്കേകിടേണം!'' 47

പൊരുവതിനു തുനിഞ്ഞിട്ടെന്നപോ,ലംഗമൊട്ട—
ക്കൊരുവക നെടുകൂരമ്പേന്തി നേരിട്ട മുള്ളൻ
വിരുതിയലിന നായിൻ വായിലാകണ്ണുമാപ്പെ—
ട്ടൊരുനിലയിലറിഞ്ഞാനാത്മശല്യാഭിധാർത്ഥം. 48

അടവിയലിടചേരുന്നശ്വഹേഷാരവത്താൽ
മട ചൊടിയൊടു കൈവിട്ടോടിയെത്തും വരാഹം
ഭടരുടെ ശരജാലം മെയ്യിലെങ്ങും തറച്ചി—
ട്ടടനരിയൊരു മുള്ളമ്പന്നിപോലായ്ച്ചമഞ്ഞു. 49

ചിതമുടയ ഭടന്മാർ സാഹസം, വേഗരോധം
മുതൽ പലതുമപേതസ്നേഹമായാചരിക്കേ,
പതറിയ കിടികൾക്കാണാ ക്ഷയം വന്നതെ,ന്ത—
ത്ഭുതമിതു; കരയേറ്റം പെട്ടതോ പട്ടികൾക്കും! 50

---

45. കുക്കരൗഘം = നായ്ക്കളുടെ കൂട്ടം. ഭയപ്പെട്ട മാനുകളുടെ കറുത്ത കണ്ണുകളെക്കൊണ്ടുള്ള നോട്ടം, കരിംകുവളപ്പൂക്കൾ വിതറുംപോലെയിരുന്നു.

46. ഉടമ്പിന്റെ തോൽകൊണ്ടാണു്, വില്ലാളികൾ കൈയുറയുണ്ടാക്കാറുള്ളതു്. നായാട്ടിൽ കിട്ടുന്ന ജന്തുവിനു് ഉരു എന്നു പറയും.

47. ഹരിണികൾ = മാൻപേടകൾ. കൃഷ്ണസാരം = കൃഷ്ണമൃഗം. താപസി= മുൻസർഗ്ഗത്തിൽ പ്രസ്താവിച്ച കാത്യായനി.

48. ആത്മ...ർത്ഥം = തന്റെ ശല്യമെന്ന പേരിന്റെ അർത്ഥം. മുള്ളൻപന്നിക്കു ശല്യമെന്നു പേരുണ്ടു്. നായ ചാടി കഴുത്തിൽ പിടിച്ചപ്പോൾ ശല്യത്തെ (സങ്കടത്തെ) അനുഭവിച്ചുവെന്നു സാരം.

49. അശ്വ...രവത്താൽ = കുതിര ചിനയ്ക്കുന്ന ശബ്ദത്താൽ. വരാഹം = പന്നി.

50. വേഗരോധം = വേഗത്തെ (ഓട്ടത്തെ) തടുക്കുക, മലമൂത്രാദിവേഗത്തെത്തടുക്കുക എന്നും. അപേതസ്നേഹം = സ്നേഹമില്ലാതെ, എണ്ണ നെയ് മുതലായവ പെരുമാറാതെ എന്നും. ക്ഷയം = നാശം, ക്ഷയരോഗമെന്നും. ചുമയ്ക്കു കുര എന്നും പറയാറുണ്ടു്. "സാഹസം വേഗസംരോധഃ ശുക്രൗജസ്നേഹസംക്ഷയഃ'' ഇത്യാദികൾ ക്ഷയഹേതുക്കളും, ചുമ ക്ഷയത്തിന്റെ ഉപദ്രവവ്യാധിയുമാകുന്നു.

Digitized By Kerala Sahitya Akademi

ഒരു ഭടനുടെ വേലാൽ പ്രാണസഞ്ചാരമാപ്പെ–
ട്ടൊരു കരടി മരം പാഞ്ഞേറിടുമ്പോള,തിന്മേൽ
മരുവുമിരുഭടന്മാർ 'ഞങ്ങൾ നിൻകൂട്ടരല്ലേ'–
ന്നുരുരസമൊടതിൻനേർക്കശ്രുംഖലങ്ങൾ നീട്ടി. 51

ധൃതിയൊടു പല ചെന്നായ്ക്കൂററരെക്കൂട്ടു കൂടാ–
തതിപടുവൊരു യോധൻ കുന്ത*മേല്പിച്ചു വിഴ്ത്തി;
കൃതിസമുചിതമട്ടിൽ പ്രാസമുന്നി പ്രയോഗി–
പ്പതിനു കഴിയുവോനെങ്ങർത്ഥഭംഗപ്രസംഗം? 52

കുടിലകഠിനദംഷ്ട്രാഘോരമാം വാ പിളർത്തി–
ക്കൊടിമരമെതിർവാലും പൊക്കി വന്‍വ്യാഘ്രവർഗ്ഗം
ചൊടിയൊടിളകിടും യോധർക്കൊരുന്മേഷഘോഷം
ഝടിതി വളരുമാറായ് ഗർജ്ജനം ചെയ്തടുത്തു. 53

യുവനൃപസചിവാസ്ത്രത്രസ്തരാം ദീപിവീര–
ർക്കവശതയൊടു വള്ളിക്കെട്ടിലുൾപ്പൂകലപ്പോൾ
ധ്രുവമൊരു മൃതിവക്ത്രപ്രാപ്തിയായ്; തത്ര സൈന്യ–
പ്രവരർ പതിയിരിപ്പുണ്ടായിരുന്നു നിഗൂഢം. 54

പുനരുടനളകേശസ്നിഗ്ദ്ധബാലാവലംബൻ,
കനലെതിർകടുതേജോഭാസുരൻ ഭാനുതാനും
വനനടുവിൽ വസിക്കും പുണ്ഡരീകത്തിനെല്ലാം
തനതു കരബലത്താൽ മീലനം ചേർത്തു ചിത്രം! 55

51. വേലാൽ = വേൽ എന്ന ആയുധം തട്ടുകയാൽ.

52. അതിപടു = അതിസമർത്ഥൻ. കൃതി...മട്ടിൽ = മിടുക്കനൊരാൾക്കൊത്തവിധം, കാവ്യരചനയ്ക്കു യോജിച്ചമാതിരി എന്നും. പ്രാസം = കുന്തം, ശബ്ദാലങ്കാരമെന്നും. അർത്ഥ...സംഗം = അർത്ഥഭംഗം (കാര്യഹാനി, നിരർത്ഥകത എന്നും) പററിപ്പോവുക.

* മെന്തിത്തടുത്തു;
പുതിയ നിലയിലുള്ളാ പ്രാസമേററിട്ടനർത്ഥ–
സ്ഥിതിയിലവ പതിച്ചു ക്ഷുദ്രകാവ്യങ്ങൾപോലെ.
(പാഠാന്തരം)

53. കുടി - ഘോരം = വളഞ്ഞ കടുത്ത ദംഷ്ട്രകളെക്കൊണ്ടു ഭയങ്കരം.

54. യുവ...ത്രസ്തർ = യുവരാജാമാത്യരുടെ അസ്ത്രങ്ങളിൽനിന്നു ഭീതർ. ദീപിവീരർ = വമ്പിച്ച പുലികൾ. മൃതിവക്ത്രപ്രാപ്തി = മൃത്യുമുഖത്തു ചെല്ലൽ. തത്ര = അവിടെ (വള്ളിക്കെട്ടിൽ). സൈന്യപ്രവരർ = സേനാമുഖ്യർ.

55. അള...ലംബൻ = അളകേശന്റെ (മഹാസേനന്റെ) സ്നിഗ്ദ്ധബാലൻ (പ്രിയപുത്രൻ) ആകുന്ന അവലംബത്തോടുകൂടിയവൻ; സൂര്യപക്ഷത്തിൽ അളകേശസ്നിഗ്ദ്ധന്റെ—കുബേരസുഹൃത്തിന്റെ—ശിവന്റെ ബാലം (തലമുടി) എന്നർത്ഥമെടുക്കണം. ശിവന്റെ തലമുടി ആകാശമാകുന്നു. ഭാനു = ചന്ദ്രസേനമന്ത്രിമാരിൽ ഒരാൾ, സൂര്യനെന്നും. വനം = കാട്, വെള്ളം. പുണ്ഡരീകം = പുലി, താമരപ്പൂവ്. കരബലത്താൽ = കൈയൂക്കിനാൽ, രശ്മിശക്തിയാൽ. മീലനം = മരണം, കൂമ്പൽ. ചിത്രം = ആശ്ചര്യം.

Digitized By Kerala Sahitya Akademi

അവികലഹയശബ്ദം കേട്ടു വട്ടംപിടിക്കും
ചെവിയിണയൊടു, ചുററും ചീർത്ത കണ്ണിട്ടു നോക്കി,
സവിധതരുവിലൂക്കക്കൊമ്പുകൊണ്ടാഞ്ഞു വെട്ടി—
ക്കവിയുമരിശമോടേ കാട്ടുപോത്തേററുമുട്ടി. 56

ജയപടുഭടരാലേ മെയ്യിലങ്ങിങ്ങു കൂർപ്പേ—
റിയ കണകൾ തറയ്ക്കപ്പെട്ടൊരാക്കാസരങ്ങൾ,
സ്വയമുപരി ചിലേടം ചെങ്ങണപ്പുൽ മുളച്ചി—
ട്ടുയരെ വിലസുമാനപ്പാറകൾക്കൊത്തു കാണായ്. 57

ചടുചടെയരവാളാൽ മന്ത്രിമാരാഞ്ഞു വെട്ടും
കൊടുമഹിഷഗണത്തിന്നുത്തമാംഗങ്ങളേററം
തുടുനിണമൊടുകൂടി,ക്കാവി ചേർന്നഞ്ജനാദ്രി—
ക്കൊടുമുടികൾകണക്കെ ക്ഷോണിമേൽ വീണിതപ്പോൾ. 58

അടവിയിലിരുൾവണ്ണക്കാട്ടുപോത്തിൻഗണങ്ങൾ—
ക്കിടയിലിളയരാജാവിട്ടിളക്കുന്ന ഖഡ്ഗം
സ്ഫുടരുചിയൊടു കാണായ് വാനിൽ നീർകൊണ്ട കൊണ്ടൽ—
പ്പടലിയിലൊളിമിന്നീടുന്ന തൂമിന്നൽപോലെ. 59

ചലിതനിശിതവാളാൽപ്പാക്കഴുത്തററു, വല്ലാ—
ത്തൊലിയൊടലറി, മന്നിൽച്ചാഞ്ഞു, ചത്തിട്ടുപോലും
ബലിമഹിഷകദംബം ഹന്ത, തന്മട്ടൊഴിക്കാ—
ത്തൊലിവിയലിന ചോരച്ചോലയിൽക്കേളിയാടി. 60

മഹിരമണതനൂജൻതന്റെ, കാളായലക്ഷ്മീ—
മഹിമകളെ മായ്ക്കും വാളഹോ, കാളിപോലെ
മഹിഷമഥനകർമ്മം ചെയ്തു സല്ലീലമായ്ത്ത—
ന്മഹിതരുധിരപൂരംതന്നിലാറാടി മിന്നീ. 61

അലറുമൊരൊലി മേന്മേൽച്ചെന്നലച്ചണ്ഡഭാണ്ഡം
നിലപതറി വിഴായ്‌വാൻ തുമ്പിയാം തൂണയർത്തി,

---

56. പന്നിക്കും പോത്തിനും കുതിരയുടെ ശബ്ദം അസഹ്യമാണ്.

57. കാസരങ്ങൾ = പോത്തുകൾ. ഉപരി = മുകളിൽ. ഏതാണ്ട് ആനയുടെ ആകൃതിയിലുള്ള ഒരുതരം വലിയ പാറയെ ആനപ്പാറയെന്നുതന്നെയാണ് വ്യവഹരിക്കാറുള്ളതു്.

58. അഞ്ജനാദ്രി = അഞ്ജനപർവ്വതം.

59. ഖഡ്ഗം = വാൾ. പടലി = കൂട്ടം.

60. ചലി...വാളാൽ = ഇളകിയ മൂർച്ചയുള്ള വാൾ തട്ടി. ബലി = കരുത്തുള്ള. വെള്ളത്തിൽക്കളി പോത്തുകൾക്കു് ഏററവും പ്രിയമാണല്ലോ.

61. മഹി...നൂജൻ = രാജപുത്രൻ. കാളാ...കളെ = കാശാവിൻ പൂ ശോഭയുടെ മാഹാത്മ്യങ്ങളെ മറയ്ക്കും (കാശാവിൻപൂവിനേക്കാൾ കറുപ്പുള്ള). മഹി...കർമ്മം = മഹിഷമർദ്ദനകർമ്മം. സല്ലീലം = നല്ല ലീലയോടുകൂടുംവണ്ണം. തന്മഹി...പൂരം = അതിന്റെ (പോത്തിന്റെ) വലിയ രക്തപ്രവാഹം. കാളി(ദേവി)യുടെ മഹിഷമർദ്ദനം പുരാണപ്രസിദ്ധം.

Digitized By Kerala Sahitya Akademi

കുലഗിരികൾ കണക്കാക്കാട്ടിലെക്കൊമ്പനാന—
ത്തലവ,രിള കുലുങ്ങുംപാടുടൻ പാഞ്ഞണഞ്ഞു. 62

ഭടവരർ ചിലരെയ്തോരർദ്ധചന്ദ്രങ്ങളേററി—
ട്ടുടനെ മുറികൾചേരും കുംഭികുംഭങ്ങളപ്പോൾ,
സ്ഫുടരുചി യുവഭൂപാസ്വാദിതാഖേടലക്ഷ്മീ—
ക്കുടയ നവനഖാങ്കക്കൊങ്കകൾക്കൊത്തു കാണായ്. 63

സിതമണികൾ പെരുത്തുംകൊണ്ടു ഹസ്തീന്ദ്രമസ്തം
ദ്രുതമഹഹ, തകർന്നൂ രാജപുത്രായുധത്താൽ;
മുതൽ വെളിയിലിറക്കാതത്രയും മൂടിവെയ്ക്കും
വ്രതമുടയ കടപ്പക്കാർക്കു നാശം കലാശം. 64

ദ്വിരദനികരകുംഭം രാജസിംഹാത്മജൻതൻ
ഖരശരനഖരൗഘംകൊണ്ടു രണ്ടായ്പ്പിളർക്കേ,
പരമടവിയു,മാ വീരന്റെ കയ്യൂക്കു കാണും
വരഭടരുടെയുള്ളം മുത്തു ചിന്നിത്തെളിഞ്ഞൂ. 65

സപദി പെരിയ തുമ്പിക്കൈ ചുരുട്ടിപ്പിടിച്ചും,
കൃപണരവമൊടാർത്തും, മസ്തകാന്തം മലർന്നും,
നൃപഭടമഴു മർമ്മത്തേററു പിന്നോട്ടിരുത്തും
ദ്വിപ,മൊരുരുളപോലാസ്ഥാനിടത്തിൽപ്പിടഞ്ഞൂ. 66

ചില കരികളലക്കല്ലൊത്തിടും കൊമ്പു രണ്ടും,
തല കുനിയെ നിലത്തായ്ക്കുത്തി നിന്നസ്തഗർവം,
ജ്വലദിഷുനിര ഞെക്കും രാജപുത്രാങ്കലത്യാ—
കുലമഭയമിരക്കുംപോലെ ചിന്നംവിളിച്ചു. 67

അരിശമൊടലറിക്കൊണ്ടാശു കുത്താനടുക്കും
കരികളുടെ കടുക്കും തുമ്പിയും, കാലുമെല്ലാം

---

62. അണ്ഡഭാണ്ഡം = ബ്രഹ്മാണ്ഡം. കുലഗിരികൾ = കുലപർവ്വതങ്ങൾ. അലർച്ച ബ്രഹ്മാണ്ഡത്തെ ഉടച്ചുവീഴ്ത്തുവാനും, തുമ്പി അതിനെ വീഴാതെ നിർത്തുവാനും മതിയാകുമെന്നുള്ളതുകൊണ്ട് ആനകളുടെ അമിതമായ മഹത്ത്വം ധ്വനിക്കുന്നു.

63. അർദ്ധചന്ദ്രങ്ങൾ = അഗ്രം ചന്ദ്രക്കലയുടെ ആകൃതിയിലുള്ള ഒരുവക ബാണങ്ങൾ. സ്ഫുട...ലക്ഷ്മി = താൽപര്യം വെളിവായ യുവരാജാവിനാൽ ആസ്വാദിക്കപ്പെട്ട മൃഗയാശ്രീ (അതാകുന്ന സുന്ദരി) നവ...കൊങ്കകൾ = പുതിയ നഖവ്രണമുള്ള മുലകൾ.

64. സിതമണികൾ = മുത്തുകൾ. ഹസ്തീന്ദ്രമസ്തം = ഗജേന്ദ്രമസ്തകം.

65. രാജസിംഹാത്മജൻ = രാജസിംഹൻ (രാജശ്രേഷ്ഠൻ) ആകുന്ന സിംഹത്തിന്റെ പുത്രൻ. ഖര...രൗഘം = കടുത്ത അമ്പുകളാകുന്ന നഖങ്ങളുടെ കൂട്ടം. അടവി = കാട്. ഉള്ള് = മനസ്സ്. മുത്ത് = മുക്താഫലം, സന്തോഷം.

66. കൃപണരവം = ദീനസ്വരം.

67. ജ്വലദിഷുനിര = ജ്വലിക്കുന്ന ശരസമൂഹം. ഇരക്കുക = അപേക്ഷിക്കുക. ആനയുടെ നിലവിളിക്കു ചിന്നംവിളി എന്നാണു പറയുക.

Digitized By Kerala Sahitya Akademi

അരിവിജയി കുമാരൻ വാളിനാൽ, വാഴവെട്ടും
പരിചിലവിടെ വെട്ടിക്കൂട്ടിനാൻ കൂട്ടരോടും. 68

ഉര പെരുകിടുമാറാ,ത്തങ്ങൾതൻ ധർമ്മമാകും
ദ്വിരദഹതി നരന്മാർ ചെയ്‌വതായ്ക്കാണ്കമൂലം
കരളിലുദിതമായോരീർഷ്യകൊണ്ടെന്നപോലേ
പരമിളകിയടുത്തു ഘോരകണ്ഠീരവങ്ങൾ. 69

ചടുലസടകൾ ശൗര്യക്കാതലാൽത്തീർത്തതായ്ത്തോ—
ന്നിടുമരുണമുഖത്തിൽച്ചിന്നിയുച്ചണ്ഡമട്ടിൽ,
ചുടുകനലെരിനോട്ടം പൂണ്ടി,ടിക്കൊപ്പമാർത്തെ—
ത്തിടുമവ നൃപപുത്രന്നുൾപ്രഹർഷം വളർത്തി. 70

പ്രതിഘഭരിതഭാവാൽ പ്രൗഢിജൃംഭിച്ച കുംഭി—
പ്രതിഭടനിര ചൂഴെച്ചേർന്നോരാച്ചന്ദ്രസേനൻ
പ്രതിനവരുചി തേടി, പൂത്ത പാച്ചോററിവൃക്ഷം
പ്രതിതടമിടചേരും പർവ്വതേന്ദ്രൻകണക്കേ. 71

ഭുവനവിദിതമാം തൻ വിക്രമം കാട്ടി മേന്മേൽ
യുവനൃപനെ രസിപ്പിച്ചുഗ്രപഞ്ചാസ്യരപ്പോൾ,
അവനരുളിയ നാനാശസ്ത്രസമ്മാനമേററി—
ട്ടവനുടെ സചിവന്മാർക്കൊത്തു പഞ്ചത്വയോഗാൽ. 72

മൃഗപതിനിലയിങ്കൽത്തങ്ങൾ പാലിച്ചിടേണ്ടും
മൃഗതതിയെ മഥിച്ചീടുന്ന സിംഹങ്ങളെല്ലാം
വിഗതമദമുഴന്നു വീരശസ്ത്രാഭിഘാതാൽ:
ജഗതി ഫല,മധർമ്മം ചെയ്കിലാപത്തുതന്നേ. 73

അര, ചുമലിവയാൽത്താൻ മുന്നമേ വെന്ന സിംഹോൽ—
കരമിഹ പകവീട്ടാനെന്നപോലേററടുക്കെ,

---

68. അരിവിജയി = ശത്രുക്കളെ ജയിക്കുന്നവൻ.

69. ദ്വിരദഹതി = ഗജവധം. ഉദിതം = ഉണ്ടായതു്. കണ്ഠീരവങ്ങൾ = സിംഹങ്ങൾ.

70. ചടുലസടകൾ = ഇളകുന്ന സടകൾ. അരുണമുഖത്തിൽ = ചുവന്ന മുഖത്തിൽ. ഉച്ചണ്ഡം = ക്രൂരം. ഉൾപ്രഹർഷം വളർത്തി എന്നതു നായകന്റെ സത്വാതിശയത്തെ വ്യഞ്ജിപ്പിക്കുന്നു.

71. പ്രതി...ഭാവാൽ = കോപംനിറഞ്ഞ സ്വഭാവത്താൽ. ജൃംഭിച്ച = വളർന്ന. കുംഭി...നിര = സിംഹവൃന്ദം. പ്രതിനവരുചി = പുതുശോഭ. പ്രതിതടം = തടംതോറും.

72. ഭുവനവിദിതം = ലോകപ്രസിദ്ധം. ഉഗ്രപഞ്ചാസ്യർ = ക്രൂരസിംഹങ്ങൾ. പഞ്ചത്വയോഗാൽ = പഞ്ചത്വത്തിന്റെ (മരണത്തിന്റെ, അഞ്ചാം എന്ന അവസ്ഥയുടെ എന്നും) ചേർച്ച നിമിത്തം

73. മൃഗപതിനിലയിങ്കൽ = മൃഗരാജത്വമുള്ള സ്ഥിതിക്കു്. മൃഗതതിയെ = മൃഗസംഘത്തെ. മഥിച്ചീടുന്ന = മർദ്ദിക്കുന്ന. വിഗതമദം = ഗർവ്വില്ലാതെയായി. വീര...ഘാതാൽ = വീരന്മാരുടെ ആയുധങ്ങളേററിട്ടു്.

Digitized By Kerala Sahitya Akademi

വിരവിലതിനെ വീണ്ടും, വിക്രമക്രീഡകൊണ്ടു—
ധരണിപതികമാരൻ ഹന്ത, തോല്പിച്ചുവിട്ടു. 74

തെരുതെരെ നൃപപുത്രൻ ശസ്ത്രമേല്പിച്ചു വീഴ്കും
പരുഷമൃഗശതത്തിൻ മെയ്യിൽനിന്നങ്ങുമിങ്ങും
പെരുതൊഴുകിന രക്തം, വേട്ടയാം ദേവതയ്ക്കു—
ള്ളൊരു കുരുതികണക്കെത്താൻ തളംകെട്ടിനിന്നു. 75

നരി നരകമണഞ്ഞു; നായിന്നുണായി ചെന്നായ്—
പ്പരിഷ; ശമനനെപ്പോയ്ക്കണ്ടു ഘണ്ടാമൃഗങ്ങൾ;
ഹരി 'ഹരിഹരി'ചൊല്ലി; പോത്തു പോരാത്തതായി;
പെരിയ നൃപസുതൻതൻ ക്രീഡയാലാ വനത്തിൽ. 76

അരചസുതവിഹാരാലീവിധം ശ്വാപദങ്ങൾ—
ക്കരമറുതിപിണഞ്ഞിട്ടാ വനം ശാന്തമായി,
വിരതിപരിചയത്താൽ ദ്വേഷരോഷാദിദോഷൗഘ—
ക്കരമൊഴിയെ വിളങ്ങും യോഗിചിത്തംകണക്കേ. 77

പ്രതിഭയമൃഗബാധാമുക്തയായോരരണ്യ—
ക്ഷിതിയുടെ നെടുവീർപ്പാണെന്നു തോന്നുംവിധത്തിൽ,
പുതിയ മലർമണത്തെപ്പൂണ്ടു വാർതെന്നലുർവ്വീ—
പതിസുതനു വിഹാരശ്രാന്തി തീർത്തങ്ങു വീശി. 78

നെടിയ വിഹരണത്താൽത്തങ്കലെ ക്ലാന്തി നീങ്ങും—
പടി സമുപചരിക്കും മാരുതന്നായ്ക്കുമാരൻ
നിടിലഭുവി ലസിക്കും സ്വേദമുത്തൊക്കെ നല്കീ;
വടിവിയലിന താദൃക്‌സേവനം വ്യർത്ഥമാമോ? 79

പെരിയ നൃപസുതൻതൻ വേട്ടയാൽക്കാട്ടിലുള്ളാ
ഹരികളുടെ വിനാശം കണ്ടു പേടിച്ചപോലെ,

---

74. ഗളം = കഴുത്ത്. സിംഹോൽക്കരം = സിംഹവൃന്ദം.

76 ഹരിഹരി ചൊല്ലി = ഭയപ്പെട്ടു; ഭഗവന്നാമങ്ങളുച്ചരിച്ചു. പോരാത്തതായി = ആത്മരക്ഷയ്ക്കു ത്രാണിയില്ലാത്തതായി. ശമനശബ്ദം യമപരമാകുന്നു.

77. അരചസുതവിഹാരാൽ = രാജകുമാരൻെറ മൃഗയാവിനോദത്താൽ. ശ്വാപദങ്ങൾക്ക് = ദുഷ്ടജന്തുക്കൾക്ക്. അരം = ഏററം. വിര...യത്താൽ = വൈരാഗ്യത്താൽ. ദ്വേഷ...രം = മത്സരം ക്രോധം മുതലായ ദോഷങ്ങളുടെ സമൂഹം. ഒഴിയെ = നീങ്ങി.

78. പ്രതി...മുക്ത = ഭയങ്കര മൃഗബാധയൊഴിഞ്ഞതു്. അരണ്യക്ഷിതി = വനഭൂമി. വിഹാരശ്രാന്തി = വിനോദംകൊണ്ടുള്ള തളച്ച്.

79. വിഹരണം = ക്രീഡ. ക്ലാന്തി = തളർച്ച സമുപചരിക്കും = നന്നായി ശുശ്രൂഷചെയ്യുന്ന. മാരുതൻ = കാററ്. നിടിലഭുവി = നെററിത്തടത്തിൽ. സ്വേദമുത്ത് = വിയർപ്പുതുള്ളിയാകുന്ന മുത്തുമണി. താദൃക്‌സേവനം = അപ്രകാരമുള്ളവരുടെ (ഔദാര്യശാലികളുടെ) സേവനം. വ്യർത്ഥം = നിഷ്ഫലം.

Digitized By Kerala Sahitya Akademi

പരിഗളിതമഹസ്സായപ്പൊഴേ, വാനിൽ മേവും
ഹരിയുമപരദിക്കിൽപ്പോയൊളിപ്പാനൊരുങ്ങി. 80

നിരവധിമൃഗരക്തത്താലെയക്കാട്ടപോലേ,
ചരമദിശ വിളങ്ങി ചിന്തുമന്തിച്ചുകപ്പാൽ;
വിരവൊട്ട നിലയത്തിന്നായ് ഗമിപ്പാൻ കുമാരൻ
തുരഗമുകളിലേറി, സൂര്യനസ്താദ്രിമേലും. 81

പകലറുതിയിൽ വാനത്തുള്ള വൈചിത്ര്യമോരോ—
ന്നകലുഷരുചി കണ്ടും, നൽക്കളിർക്കാററുകൊണ്ടും,
അകമലരിലമന്ദാനന്ദമാർന്നാ മഹീഭൃ—
ന്മകനുടനെ മടങ്ങി മന്ത്രിസേനാസമേതൻ. 82

ത്വരയൊട്ട തൊഴിൽ നിർത്തിത്തൻഗൃഹത്തിൽഗ്ഗമിക്കും
നരരുടെ നവഘോഷംചേർന്ന നാട്ടിൻപുറങ്ങൾ;
പറവകളിരനേടിക്കൂട്ടനോക്കിപ്പറക്കെ—
ച്ചിറകടിയൊലിചേരും വാനുപോലായിതപ്പോൾ. 83

ഇടയരൊടിടചേർന്നന്തിക്കു മേച്ചിൽപ്പുറം വി—
ട്ട,ടലിനൊരഴകേറും ഗോക്കൾ ഗോശാല പൂകാൻ,
കുടമെതിരകിടേന്തിക്കൊണ്ട മന്ദം നടക്കു—
ന്നിടവഴികളിവൻതൻ കണ്ണു രണ്ടും കവർന്നു. 84

ദിനവിരതിയിൽ നാനാവർണ്ണമുഖംക്കൊണ്ട നൽക്കാ—
റിനമിളകിന വാനം മാനസോല്ലാസമേകി
അനഘനവനു, നാനാവേഷമാർന്നുള്ള നാനാ—
ജനമവിടവിടെയ്യ്ലായ്പ്പോകമപ്പാതപോലേ. 85

പുരജനരവമോലും പട്ടണത്തിങ്കൽ വീഥി—
ക്കിരുവരിയിലുമുള്ളാ രമ്യഹർമ്മ്യങ്ങൾതോറും
സുരുചിരതരദീപശ്രേണി കാണായി, സന്ധ്യാ—
തരുണിയുടെ വിശേഷപ്പെട്ട പൊന്മാലപോലേ. 86

---

80. ഹരികളുടെ = സിംഹങ്ങളുടെ. പരി.. സ്സായ് = തേജസ്സു ക്ഷയിച്ചു, വനായി. ഹരി = സൂര്യൻ. അപരദിക്കിൽ = പടിഞ്ഞാറെ ദിക്കിൽ, മറെറാരേടത്തു് എന്നും.

81. ചരമദിശ = പശ്ചിമദിക്ക്. നിലയം = ഗൃഹം, അസ്തമയം.

82. വൈചിത്ര്യം = നാനാവർണ്ണഭംഗി. അകലുഷരുചി = നിറം മങ്ങാതെ. മന്ത്രിസേനാസമേതൻ = മന്ത്രിമാരോടും സേനയോടും കൂടിയവൻ.

83 ത്വരയൊട്ട = വേഗത്തിൽ.

84. മഹാസേനന്റെ രാജ്യഭാരകാലത്തു ഗോരക്ഷയിൽ ഏററവും ശ്രദ്ധാന്വിതയുണ്ടായിരുന്നുവെന്നു് ഒന്നാംസർഗ്ഗത്തിൽ 56–ാംശ്ലോകത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

85. ദിനവിരതി = സന്ധ്യാസമയം.

86. വീഥി = പാത. രമ്യഹർമ്മ്യങ്ങൾ = അഴകുള്ള മാളികകൾ. സുരു... ശ്രേണി = നന്നായി ശോഭിക്കുന്ന ദീപപരമ്പര.

Digitized By Kerala Sahitya Akademi

ഈവണ്ണം വാസരാന്തപ്പൊലിമ വഴികളിൽ-
  ക്കണ്ടുകൊണ്ടും, സഖാക്കൾ-
ക്കൈവെക്കും നർമ്മസംഭാഷണകലവികളിൽ-
  ക്കൗതുകം ചേർത്തുകൊണ്ടും
ആ വമ്പൻ പോന്നണഞ്ഞാനരുണനുദധിയിൽ-
  പ്പോലെ, ശ്രദ്ധാന്തവൃദ്ധ-
സ്ത്രീവർഗ്ഗം മുററുമന്തിത്തിരി വകതിരിവായ്
  വെച്ചിടും തൻഗൃഹത്തിൽ. 87

ഇങ്ങനെ ചന്ദ്രസേനന്റെ നായാട്ട് മൂന്നാം സർഗ്ഗം

നാലാം സർഗ്ഗം

ഒരുങ്ങി നന്നായഥ സാന്ധ്യമാചരി-
ച്ചൊരുത്സുകത്വം കലരും നൃപാത്മജൻ
വരുത്തിനാൻ, മന്ത്രിഗൃഹത്തിൽ വിശ്രമി-
ച്ചിരുന്ന സന്ന്യാസിനിയെ സ്വമന്ദിരേ. 1

വരാഭമാ സ്നേഹിതരഞ്ചുപേരുമായ്-
പ്പുരാന്തരേ മേവിന ചന്ദ്രസേനനെ,
പരാർദ്ധ്യരാം പാണ്ഡവരോടുചേർന്നെഴും
മുരാരിയെപ്പോലഥ കണ്ടു യോഗിനി. 2

ശരിക്കെഴുന്നേററെതിരേററു കൊണ്ടുപോ-
ന്നിരിക്കുവാനാസനവും കൊടുത്ത,വൻ
വരിഷ്ഠയാം താപസിയെ പ്രകാമമാ-
ദരിച്ചുടൻ താനുമിരുന്നു ചാരവേ. 3

വിശാലപുണ്യവ്രതനിഷ്ഠയുള്ളൊരാ-
ക്കൃശാനുതേജസ്വിനിയോടനന്തരം,
നിശാതധീയായ നൃപാലനന്ദനൻ
പ്രശാന്തഗംഭീരമിവണ്ണമോതിനാൻ: 4

---

87. വാസരാന്തപ്പൊലിമ = സന്ധ്യാശോഭ. നർമ്മ...കളിൽ = പലതരം നേരമ്പോക്കുകൾ പറയുന്നതിൽ. സഖാക്കളുടെ വിനോദസംഭാഷണത്തിൽ യഥോചിതം പങ്കുകൊണ്ട്, അവർക്കതിൽ ഉത്സാഹം ജനിപ്പിച്ച് എന്നു സാരം. ഉദധി = സമുദ്രം. ശ്രദ്ധാ...വർഗ്ഗം = ഭക്തിയുള്ള പ്രവൃത്തിക്കാരായ വൃദ്ധസ്ത്രീജനങ്ങൾ.

1. സാന്ധ്യം = സായംസന്ധ്യാചിതകർമ്മം. ഉത്സുകത്വം = താരാവലീകഥ കേൾപ്പാനുള്ള ഔത്സുക്യം. സ്വമന്ദിരേ = തന്റെ ഗൃഹത്തിൽ.

2. പുരാന്തരേ = ഗൃഹാന്തർഭാഗത്തിൽ.

3. വരിഷ്ഠ = ശ്രേഷ്ഠ.

4. വിശാ...നിഷ്ഠ = വലിയ സൽകർമ്മസ്ഥൈര്യം. കൃശാനുതേജസ്വിനി = അഗ്നിക്കൊത്ത തേജസ്സുള്ളവൾ. നിശാതധീ = തീക്ഷ്ണബുദ്ധി. പ്രശാന്തഗംഭീരം = ശാന്തവും ഗംഭീരവുമാകുംവണ്ണം.

Digitized By Kerala Sahitya Akademi

''ശമാത്മികേ, ഭാഗവതോത്തമേ, ഭവൽ—
സമാഗമം സമ്പ്രതി സംഭവിക്കയാൽ
മമാന്വയം മന്നിൽ മഹത്വമാർന്നിതീ;—
യമാത്യരും ഞാനുമതീവ ധന്യരായ്. 5

ജവാലവിജ്ഞാനഗദത്തെ നീളവേ
നിവാരണംചെയ്‌വതിനുററൊരൗഷധം
ഭവാദൃശാഭ്യാഗമമല്പപുണ്യരാ—
ലവാപ്യമാമോ? ഭുവനാഭിപൂജിതേ. 6

ഒരുത്സവംതാനിഹ, നീ യദൃച്ഛയാ—
യരുന്ധതീസോദരി, വന്നതോർക്കുകിൽ;
മരുസ്ഥലത്താർന്ന മഴയ്ക്കുതുല്യമേ
തരുന്നു ഞങ്ങൾക്കിതു ഹർഷമേററവും. 7

അനർഗ്ഗളം ലോകതമസ്സകററുമീ—
യനർഘമാം താവകദർശനത്തിനാൽ
മനസ്സുനല്പം തെളിയുന്നിതിന്നെനി—
ക്കിനപ്രകാശാൽക്കമലംകണക്കിനേ. 8

രവിപ്രഭേ, സാമ്പ്രതമേതു ദിക്കിനെ
സ്വവിപ്രയോഗാലിരുളിൽപ്പെടുത്തി നീ?
അവിഘ്നമാര്യേ, നിജപാദപാംസുവാൽ
പവിത്രമാക്കാൻ കരുതുന്നതേതിടം? 9

പരം ത്വദീയാഭിധായക*മൂലമ—
ക്ഷരങ്ങളേതൊക്കെ മഹത്തരങ്ങളായ്?
നിരർത്ഥമാകാത്തൊരഭീഷ്ടമെന്തു, നിൻ—
കരങ്ങൾക്കുംപൂക്കധുനാ വിശുദ്ധമായ്? 10

---

5. ശമാത്മികേ = ശമം (മനോനിഗ്രഹം) മൂർത്തിമത്തായവളേ എന്നു സംബുദ്ധി. ഭാഗവതോത്തമേ = ഭഗവൽഭക്തോത്തമേ ഭവത്സമാഗമം = ഭവതിയുടെ ചേർച്ച. മമ = എന്റെ. അന്വയം = വംശം. അതീവ = ഏററവും. ധന്യർ = സുകൃതികൾ.

6. ജവാൽ = വേഗത്തിൽ. അവിജ്ഞാനഗദം = അജ്ഞാനമാകുന്ന രോഗം. ഭവാദൃശാഭ്യാഗമം=ഭവതിയെപ്പോലെയുള്ളവരെ നേരിട്ടു കാണൽ. അല്പപുണ്യർ= സുകൃതം കുറഞ്ഞവർ. അവാപ്യം = ലഭ്യം ഭുവനാഭിപൂജിത = ലോകപൂജിത.

7. അരു...ദരി = അരുന്ധതീതുല്യേ. മരുസ്ഥലം = നിർജ്ജലപ്രദേശം.

8. അനർഗ്ഗളം = തടവില്ലാതെ. തമസ്സ് = അജ്ഞാനം, ഇരുട്ട്. ഇനപ്രകാശാൽ = സൂര്യരശ്മി തട്ടുകയാൽ. കമലം = പത്മം.

9. രവിപ്രഭ = സൂര്യനൊത്ത കാന്തിയുള്ളവൾ. സാമ്പ്രതം = ഇപ്പോൾ. സ്വവിപ്രയോഗാൽ = തന്റെ വേർപാടിനാൽ. പാംസു = പൊടി. പവിത്രം = ശുദ്ധം. എവിടെനിന്നു വരുന്നു? എങ്ങോട്ടു പോകുന്നു? എന്നു സാരം.

10. പരം = കേവലം. ത്വദീയാഭിധ = അങ്ങയുടെ പേർ. നിരർത്ഥം = നിഷ്ഫലം. പേരെന്തെന്നും, ആഗ്രഹമെന്തെന്നും സാരം

* ''യാൽമഹത്തരത്വമാർന്നക്ഷരപംക്തിയേതുവാൻ?'' എന്നു പാഠഭേദം.

Digitized By Kerala Sahitya Akademi

വിരക്തരാം നിങ്ങളിലെത്തുവാൻ സദാ
തിരക്കി നില്ക്കുന്നവയാണു സിദ്ധികൾ;
ഒരൻപൊടെ, നാലുമഭീഷ്ടമിന്നതെ–
ന്നുരയ്ക്കുകെന്നെക്കൃതകൃത്യനാക്കുവാൻ. 11

പ്രമാദജാതം പഥി മേ ഭവദ്വ്യതി–
ക്രമാപരാധം സകൃപം പൊറുക്കയാൽ,
ക്ഷമാഖ്യദേവിക്കു സമാനമായ നിൻ–
ക്ഷമാഗുണത്തിന്നടിമപ്പെടുന്നു ഞാൻ. 12

കിമപ്യഹോ, നിൻമുഖപത്മഹംസിയായ്–
ച്ചമഞ്ഞ താരാവലിയെന്നതേതവൾ?
സമസ്തവൃത്താന്തവുമംബ, കേൾക്കുവാ–
നമന്ദകൗതൂഹലമഗ്നമിജ്ജനം.'' 13

അമാത്യർ ചേരുന്നൊരവന്റെ വാക്കു കേ–
ട്ടമായമത്താപസി താനുമോതിനാൾ:
''കുമാര, കല്യാണമിയറ്റുകങ്ങയിൽ
കുമാരമാതാവു കുലാദ്രിനന്ദിനി! 14

നിജാഭിജാത്യത്തിനു തക്കമട്ടതാൻ,
സുജാതനാം നിന്മൊഴി, ചിത്രമെന്തിതിൽ:
പ്രജാദൃഗാഹ്ലാദകരാമൃതാംശുവാം
ദ്വിജാധിരാജൻ ഗരളം പൊഴിക്കുമോ? 15

കുമാര, കാത്യായനിയെന്നൊരുത്തി, ഞാ–
നുമാപദാബ്ജൈകനിവിഷ്ടചിത്തയായ്
പ്രമാണസിദ്ധം പല തീർത്ഥമാടുവാൻ
ക്ഷമാതലം ചുറ്റിനടന്നിടുന്നവൾ. 16

---

11. വിരക്തർ = വൈരാഗ്യം ലഭിച്ചവർ. അൻപ് = ദയ. കൃതകൃത്യൻ = വേണ്ടതു ചെയ്തവൻ.

12. ഞാൻ അങ്ങയ്ക്കു കടപ്പെട്ടിരിക്കുന്നുവെന്നു പറയുന്നു. പ്രമാദജാതം=അറിയാതെ പറ്റിയതു് പഥി = വഴിക്കുവച്ചു്. ഭവ...രാധം = ഭവതിയെ ബഹുമാനിക്കാതെ കടന്നുപോയ തെറ്റു്. സകൃപം=സദയം. ക്ഷമാഖ്യാദേവി=ഭൂദേവി.

13. കിമപി=കാഞ്ഞൊന്നു്. അഹോ എന്നതു് ഹർഷത്തെ ദ്യോതിപ്പിക്കുന്നു. നിൻമുഖപത്മഹംസി എന്നതിനു ഭവതിയാൽ പറയപ്പെട്ട എന്നു സാരം. സമസ്തവൃത്താന്തവും=എല്ലാ വർത്തമാനവും. അംബ=മാതാവേ! എന്നു സംബുദ്ധി. അമ...മഗ്നം = വലിയ കൗതുകമുള്ളതു്.

14 അമായം = കളവില്ലാതെ. കല്യാണം=ശുഭം. കുമാരമാതാവ് = കുമാരന്റെ (സുബ്രഹ്മണ്യന്റെ) അമ്മ. കുലാദ്രിനന്ദിനി = പാർവ്വതി.

15. നിജാ...ത്തിനു = തന്റെ കുലീനതയ്ക്കു്. സുജാതൻ = സുഭഗൻ. പ്രജാ...താംശു = ജനങ്ങളുടെ കണ്ണുകൾക്കു് ആഹ്ലാദമുണ്ടാക്കുന്ന അമൃതങ്ങളായ രശ്മികളോടുകൂടിയവൻ. ദ്വിജാധിരാജൻ = ചന്ദ്രൻ. ഗരളം = വിഷം.

16 ഉമാ...ചിത്ത = പാർവ്വതീദേവിയുടെ തൃക്കാലിൽത്തന്നെ മനസ്സുവെച്ചിരിക്കുന്നവൾ. മറ്റു യാതൊരാഗ്രഹവുമില്ലാത്തവളെന്നു താൽപര്യം.

Digitized By Kerala Sahitya Akademi

സമുജ്ഝിതൈകത്രനിവാസയായ് സദാ
മുമുക്ഷു ഞാനിങ്ങനെ സഞ്ചരിക്കവേ
സമുദ്രമാകുന്ന കിടങ്ങു ചൂഴമാ-
സ്സമുജ്ജ്വലദ്വീപിലണഞ്ഞിതേകദാ. 17

നദീമണാളന്റെ മകൾക്കു നല്ലിയോ-
രുദീർണ്ണകേളിസ്ഥലമെന്നപോലവേ
പ്രദീപ്തമാ ദ്വീപു ഭരിച്ചിടുന്നിതി-
ന്നദീനസത്വൻ വസുദത്തമന്നവൻ. 18

സ്വവശ്യരത്നോച്ചയ,നത്യഗാധഹൃ-
ത്തവർണ്ണ്യസത്വൻ, ബഹുവാഹിനീവൃതൻ,
ധ്രുവം സദാ സാഗരമധ്യവർഷ്മയാ-
ലവൻ വഹിക്കുന്നിതു സാഗരാഭയെ. 19

ഉറച്ച ഭാഗ്യത്തികവാലവന്നു, പാൽ
നിറഞ്ഞൊരാഴിക്കലർമങ്കപോലവേ
പിറന്നൊരോമന്മകളാണു,ഷസ്സിൽ ഞാൻ
പറഞ്ഞ താരാവലിയെന്ന തന്വിയാം. 20

വിരിഞ്ചിതന്നത്ഭുതരൂപസൃഷ്ടിയാ-
യൊരിക്കുമാരിക്കെതിരായൊരുത്തിയെ,
ശരിക്കു ഭൂഗോളമടച്ചു സഞ്ചരി-
ച്ചിരിക്കിലും കണ്ടറിയുന്നതില്ല ഞാൻ. 21

പ്രമാദമെന്യേ വിജയം കൊതിക്കുമെ-
സ്സുമാശുഗൻ മൂന്നുലകിങ്കൽനിന്നുമേ
സുമാന്യസൗന്ദര്യഗുണം ഗ്രഹിച്ചു നൽ
സമാധിയാൽത്തീർത്തവളായ്‌വരാമവൾ. 22

സരസ്വതീലക്ഷ്മികളൈകമത്യമോ-
ടൊരംഗമാർന്നിങ്ങു പിറന്നതിൻവിധം

---

17. സമു...വാസ = ഒരിടത്തുതന്നെ പാർപ്പുവെടിഞ്ഞവൾ. മുമുക്ഷു=മോക്ഷത്തെ ഇച്ഛിക്കുന്നവൾ. ഏകദാ = ഒരിക്കൽ.

18. നദീമണാളൻ = സമുദ്രം. ഉദീ...സ്ഥലം=വമ്പിച്ച കളിസ്ഥലം. പ്രദീപ്തം = ശോഭിച്ചതു്. അദീനസത്വൻ = നല്ല മനക്കരുത്തുള്ളവൻ.

19. സ്വവ...ച്ചയൻ=രത്നസമൂഹങ്ങൾ സ്വാധീനങ്ങളായിട്ടുള്ളവൻ. അത്യഗാധഹൃത്ത് = ഉള്ളിനു വളരെ ആഴമുള്ളവൻ അവർണ്ണ്യസത്വൻ = വർണ്ണിക്കാൻ വയ്യാത്തവിധം സത്വം (സത്വഗുണം) സത്വങ്ങൾ (ജന്തുക്കൾ) എന്നും, ഉള്ളവൻ. ബഹു...വൃതൻ = വളരെ വാഹിനികളാൽ (സേനകളാൽ, നദികളാൽ) വൃതൻ (ചുററപ്പെട്ടവൻ). ധ്രുവം, ഉൽപ്രേക്ഷാവാചകം. സാഗരമധ്യം=ദ്വീപ്. സാഗരാഭ = സമുദ്രസാമ്യം

20. പാൽ നിറഞ്ഞൊരാഴി = പാൽക്കടൽ.

22. സുമാശുഗൻ = കാമൻ. ഗ്രഹിച്ചു=ശേഖരിച്ചു. സമാധി = സങ്കല്പം.

Digitized By Kerala Sahitya Akademi

സുരമ്യവർണ്ണാകൃതിയായ്, സുമാസ്ത്രനെ—
പ്പരം ജനിപ്പിച്ചു വിളങ്ങുവോളവൾ. 23

പ്രസക്തതാരുണ്യതരംഗിതാഭമാ
പ്രസന്നചന്ദ്രാനനതൻ കളേബരം
രസം തരുന്നൂ മിഴികൾക്കു നിർഭരം,
വസന്തമൊക്കും മലർവാടിപോലവേ. 24

ചിരാൽപ്പുകഴ്ന്നോരുപമാനവസ്തുവാൽ
പരാതി വിട്ടിങ്ങുപമേയഭാവവും
ദുരാപമാംമട്ടിൽ വിളങ്ങിടുന്നിതാ
വരാംഗിതന്നംഗമഭംഗുരപ്രഭം. 25

മനോജ്ഞതാരുണ്യമവൾക്കണെപ്പതാ—
മനോപമാംഗദ്യുതിയൊന്നു കാണുകിൽ,
മനോരഥം, പൂരുഷനായ്ബ്ഭവിക്കുവാൻ
മനോജകാന്തയ്ക്കുമുദിച്ചിടും ദൃഢം. 26

അലോകസാധാരണരൂപമൊക്കുമാ
വിലോലനീലാക്ഷി വരിപ്പവന്റെമേൽ
പുലോമജാവല്ലഭനാം വലാരിയും
തുലോമസൂയപ്പെടും;—ഇല്ല സംശയം. 27

പ്രവാദമെന്തിന്നു?—വളഴിയിങ്കലെ
പ്രവാളതുല്യാധരിമാരിൽ മീതെയായ്
നവാംഗഭംഗ്യാ വിലസുന്നു സാമ്പ്രതം,
ഭവാൻ പുമാന്മാർകളിലെന്നപോലവേ.'' 28

---

23. ഒരംഗം=ഏകശരീരം. സുരമ്യവർണ്ണാകൃതി=സുന്ദരമായ നിറമുള്ള ആകൃതിയോടുകൂടിയവൾ; മനോഹരാക്ഷരസ്വരൂപിണി എന്നും. സുമാസ്ത്രനെ എന്നതിന്നു കാമവികാരത്തെ എന്നും, പ്രദ്യുമ്നനെ എന്നർത്ഥം. ജനിപ്പിക്ക = ഉണ്ടാക്കുക, പ്രസവിക്കുക.

24. പ്രസ...താഭം = യൗവനപ്രാരംഭത്തിൽ ശോഭ വർദ്ധിച്ചതു്.

25. ഉപമേയഭാവം = ഉപമേയത്വം. ദുരാപം = ദുഷ്പ്രാപം. അഭംഗുരപ്രഭം = കാന്തിക്കു് ഉടവില്ലാത്തതു്. ഇതുവരെ പ്രസിദ്ധമായ ഉപമാനവസ്തുക്കളായിരുന്ന ചന്ദ്രപത്മാദികളെ, 'ചന്ദ്രൻ താരാവലിയുടെ മുഖംപോലെ, പത്മം നേത്രംപോലെ' എന്നും മററും ഉപമേയങ്ങളാക്കി കല്പിച്ചാൽക്കൂടി പരാതി (നല്ല പന്തിയായില്ലെന്ന ആക്ഷേപം) പുറപ്പെട്ടമാറു്, എല്ലാ ഉപമാനവസ്തുക്കളെയും അതിശയിച്ചു വർത്തിക്കുന്നതാണു് അവളുടെ കളേബരം എന്നു ഭാവം.

26. അനോ...ദ്യുതി = എതിരില്ലാത്ത ദേഹകാന്തി. മനോജകാന്ത = രതീദേവി.

27. അലോ...രൂപം = ലോകസാധാരണമല്ലാത്ത സൗന്ദര്യം. പുലോമജാവല്ലഭൻ = ശചീകാന്തൻ.

28. പ്രവാദം=ബഹൂക്തി. പ്രവാളം = തളിരു്; അല്ലെങ്കിൽ പവിഴം. പുമാന്മാർ = പുരുഷന്മാർ.

Digitized By Kerala Sahitya Akademi

തരത്തിലഞ്ചിത്രയുമോതി, മൗനമാ—
ന്നരക്ഷണം പാർത്ത,ഥ വീണ്ടുമായവൾ
സ്ഫുരൽപ്രഹർഷാത്ഭുതകൗതുകാഢ്യനാം
നരപ്രവീരാത്മജനോടു ചൊല്ലിനാൾ: 29

''അവർണ്ണ്യലാവണ്യവിലാസമാളുമാ—
യവൾക്കൊരന്യാദൃശവൈദുഷീഭരം,
സുവർണ്ണവല്ലിക്കു സുഗന്ധമേല്ക്കിലു—
ള്ളവസ്ഥ നല്കുന്നിതശേഷമോഹനം. 30

അണച്ചിതെന്നിൽ ബഹുതോഷ,മാ വധൂ—
ഗണത്തിടമ്പിന്റെ സുശീലതാദികൾ:
'ഗുണങ്ങൾ, നല്ലാകൃതിയുള്ളെടത്തു വ—
ന്നിണങ്ങു'മെന്നീ മൊഴിയെത്ര വാസ്തവം! 31

പ്രരൂഢമാം ദീനജനാനുകമ്പയും,
ഗുരൂത്തമബ്രാഹ്മണദൈവഭക്തിയും,
സുരൂപ, ഞാൻ കണ്ടു പുകഴ്ന്ന നിങ്കൽനി—
ന്നൊട്ടൂനമെന്ന്യേ വസുദത്തപുത്രിയിൽ. 32

പ്രഭാവദാകാരവു,മായവൾക്കു സൽ—
സ്വഭാവവും തങ്ങളിൽ മത്സരിക്കയാം;
പ്രഭാവമേതിന്നിഹ കൂടുമെന്നതോ
വിഭാവനംചെയ്യ ഞെരുക്കമേവനും. 33

മനസ്സുവെച്ചു,ത്ര വെടിപ്പിലംബുജാ—
സനൻ ജനിപ്പിച്ച കുമാരിയാമവൾ,
കനത്ത കൂറേന്തിയ തൽപ്രിയയ്ക്കെഴും
സ്തനങ്ങൾ രണ്ടും സുഖമാസ്വദിച്ചുതേ. 34

സ്വകാംക്ഷപോലാ,യവളാളിമാരുമായ്—
സ്സുകാന്തഗാനം തുടരുന്ന പൂവനം,

---

29. അഥ = പിന്നെ. സ്ഫുരൽ...ഢ്യൻ = സ്ഫുരിക്കുന്ന പ്രഹർഷം, അത്ഭുതം, കൗതുകം ഇവയുള്ളവൻ.

30. അന്യാ...ഭരം = അസാമാന്യമായ വൈദുഷ്യാതിശയം.

31. 'യത്രാകൃതിസ്തത്ര ഗുണാഃ' എന്നു സാമുദ്രികശാസ്ത്രക്കാർ.

32. പ്രരൂഢം = ബഹുലം. സുരൂപ=സുഭഗേ. ഊനമെന്ന്യേ = കുറവില്ലാതെ.

33. പ്രഭാവദാകാരം = പ്രഭാവത്ത് (ശോഭയുള്ളത്) ആയ ആകൃതി. പ്രഭാവം = മഹത്ത്വം. ഇഹ = ഇവയിൽ (ആകാരസ്വഭാവഗുണങ്ങളിൽ) വിഭാവനം ചെയ്ക = തീർച്ചപ്പെടുത്തുക.

34. അംബുജാസനൻ = ബ്രഹ്മാവ്. കൂറ് = സ്നേഹം. തൽപ്രിയ = അവന്റെ (ബ്രഹ്മാവിന്റെ) പ്രിയ (സരസ്വതി.) 'സംഗീതമപി സാഹിത്യം സരസ്വത്യാ സ്തനദ്വയം'. നായികയ്ക്കു സംഗീതസാഹിത്യങ്ങളിൽ ഒരേമാതിരി നൈപുണ്യമുണ്ടെന്നു ഭാവം.

Digitized By Kerala Sahitya Akademi

പികാളിതൻ കാകളിചേർന്ന മട്ടിലാ—
യകാലവാസന്തവിലാസമേന്തിടും. 35

പരാർദ്ധ്യശാരീരഗുണാഢ്യയാ മനോ—
ഹരാംഗി ഗീതാമൃതധാര തൂകവേ,
നരാഗ്ര്യ, വീണാമയശുഷ്കദാരുവും
സരാഗസൽപല്ലവഭാവമാർന്നിടും. 36

നിരർഗ്ഗളം കോമളമായ തദ്ഗള—
സ്വരത്തിനാൽ, 'ക്കമ്പിപിണഞ്ഞിടും 'വിധം
നിരസ്തയായ് വീണ വിപഞ്ചി വീണയെ—
ന്നരസ്സുവാൻ തക്കതുതന്നെയോർക്കുകിൽ. 37

അമാനുഷാംഗദ്യുതികൊണ്ടുമാത്രമ—
ല്ല,മായസാരസ്യസമൃദ്ധയാമവൾ
കുമാര, നൽത്തൂലികകൊണ്ടുമത്ര നി—
സ്സമാനചിത്രം വിരചിപ്പതുണ്ടഹോ! 38

കലാധിനാഥന്നു പരാജയം മുഖാ—
തുലാഭയാലേകിയൊരിക്കുമാരിയെ
സ്വലാളനത്തിന്നു ഭജിച്ചിടുന്നു സൽ—
ക്കലാഗണം, തോഴിജനംകണക്കിനേ. 39

---

35. സ്വകംക്ഷപോലെ=സ്വേച്ഛപോലെ. ആളിമാർ=സഖികൾ. സുകാന്തഗാനം=മനോഹരമായ പാട്ട്. പികാളി=കയിൽക്കൂട്ടം. കാകളി=സൂക്ഷ്മമധുരശബ്ദം. അകാലവാസന്തവിലാസമേന്തിടും=അകാലത്തു (വസന്തേതരകാലത്ത്) കൂടി, വസന്തം വന്നാലുണ്ടാകുന്ന വിലാസത്തെ പ്രാപിക്കും.

36. പരാർദ്ധ്യ...ണാഢ്യ = ശ്രേഷ്ഠമായ ശാരീരഗുണമുള്ളവൾ. ഗീതാമൃതധാര=പാട്ടാകുന്ന അമൃതധാര. നരാഗ്ര്യ!=നരശ്രേഷ്ഠ!എന്നു സംബുദ്ധി. വീണാ...ദാരു=വീണയാകുന്ന ഉണങ്ങിയ മരം. സരാ...ഭാവം=രാഗം (ചുവപ്പ്, സ്വരസമുദായം) ഉള്ള പല്ലവങ്ങളോടു (തളിരുകളോട്, പല്ലവികളോടു) കൂടിയ നില; ശ്രേഷ്ഠമായ ശാരീരഗുണം (ദേഹസൗഷ്ഠവം) ഉള്ള അവൾ പാടുമ്പോൾ ശുഷ്കവൃക്ഷംപോലും രാഗത്തോടുകൂടി വിടതാത്തെ പ്രാപിക്കും—അവളെ കാമിച്ചുപോകും എന്നും വ്യാഖ്യാനിക്കാം.

37. തദ്ഗളസ്വരം = അവളുടെ കണ്ഠസ്വരം. അബദ്ധംപറയുന്നതിനു കമ്പിപിണയുക എന്നു പറയാറുണ്ട്. നിരസ്ത = പിടിച്ചുതള്ളപ്പെട്ടതു്. വിപഞ്ചി, വീണയുടെ പര്യായപദം.

38. അമാ...ദ്യുതി=ദിവ്യമായ ശരീരശോഭ. അമാ...മൃദ്ധ=ശരിയായ സാരസ്യം ധാരാളമുള്ളവൾ. തൂലിക = തൂവൽ. നിസ്സമാനചിത്രം = നിസ്തുല്യമായ ആശ്ചര്യം, ആലേഖ്യമെന്നും. വിരചിക്ക = ഉണ്ടാക്കുക.

39. ചിത്രമെഴുത്തിലെന്നപോലെ മററു കലാവിദ്യകളിലും അവൾക്കു സാമർത്ഥ്യമുണ്ടെന്നു സംക്ഷേപിച്ചു പറയുന്നു. കലാധിനാഥന്നു = കലകളുടെ നാഥന്നു് (ചന്ദ്രന്നു്). മുഖാതുലാഭ = മുഖത്തിന്റെ അതുല(സാമ്യമില്ലാത്തതു്) ആയ ശോഭ. സ്വാമിയുടെ പരാജയത്തിൽ, ഭൃത്യജനം ജേതാവിനെ ആശ്രയിക്കുക പതിവാണല്ലോ.

Digitized By Kerala Sahitya Akademi

ഇവണ്ണമെല്ലാഗ്ഗുണവും തികഞ്ഞെഴു—
ന്നവൾക്കു ചേരുന്നൊരു പൂരുഷാഗ്ര്യനെ
നൃവര്യമൌലേ, ഭുവി കണ്ടതില്ല ഞാൻ,
ഭവത്സകാശത്തിലണഞ്ഞിടുംവരെ. 40

ഭവാനൊരാൾമാത്രമവൾക്കു മേദിനീ—
ധവാഗ്ര്യസൂനോ, ഭുവി തക്ക പൂരുഷൻ;
തവാദ്യ താരാവലി ഭാര്യയാകിലോ,
പ്രവാളവും മുത്തുമിണങ്ങി തങ്ങളിൽ. 41

സ്മരന്റെ മന്ത്രാക്ഷരശക്തിയാകുമാ—
പ്പുരന്ധ്രിരത്നത്തൊടു ചേർന്നിടായ്കിലോ,
പരം ഭവദ്രൂപസമൃദ്ധി കായ്ച്ചിടാ—
മരത്തിനൊക്കും മലർപോലെ നിഷ്ഫലം. 42

ഒരിക്കലെന്നാലു,മമർത്ത്യവീരരും
വരിക്കുമക്കോമളദിവ്യഗാത്രിയെ
വിരിഞ്ഞ കൺകൊണ്ടു നുകർന്നിടാൻ തരം
വരില്ലയെന്നാല,വർ ദൈവവഞ്ചിതർ.'' 43

ഈവണ്ണമബ്ഭിക്ഷുകി വിസ്തരിക്കവേ,
യുവക്ഷമാഭൃത്തരുൾചെയ്തു കൌതുകാൽ:
''അവൾക്കെഴും താദൃശമായ രൂപമൊ-
ന്നിവക്കു കാണ്മാൻ കഴിവെന്തു സുവ്രതേ!'' 44

''വരച്ചിട്ടതേൻ കുതുകാൽപ്പടത്തിലാ,—
സ്സുരമ്യമെയ്യാളുടെ രൂപമന്നു ഞാൻ;
പരജ്ഞ, നോക്കാമതു വേണമെങ്കിലെ;'—
ന്നുരച്ചുടൻ ഭാണ്ഡമഴിച്ചു താപസി. 45

---

40. നൃവര്യമൌലി = പുരുഷശിരോമണി. ഭവത്സകാശം = അങ്ങയുടെ സമീപം.

41. തവ, അദ്യ = അങ്ങയ്ക്കിപ്പോൾ. പ്രവാളം = പവിഴം. ചന്ദ്രസേനന്റെ താരാവലി ഭാര്യയായാൽ, അതായതു് ഈ കഥ അവസാനിച്ചാൽ പ്രവാളവും മുത്തും ഇണങ്ങി (നല്ല ഒരു മണിപ്രവാളകാവ്യമുണ്ടായി) എന്നോർത്തു്, നമുക്കു തീർച്ചയായും സന്തോഷിക്കാം.

42. ഭവദ്രൂപസമൃദ്ധി = അങ്ങയുടെ സൌന്ദര്യസമ്പത്തു്.

43. അമർത്ത്യവീരരും = ദിവ്യവീരന്മാരും. വരിക്കും=വിവാഹാർത്ഥം ആവശ്യപ്പെടുന്ന. ദൈവവഞ്ചിതർ = ദൈവത്താൽ ചതിക്കപ്പെട്ടവർ (ഭാഗ്യമില്ലാത്തവർ). അവളെ വിവാഹം ചെയ്യുക എന്നതിരിക്കട്ടെ, കാണുവാൻതന്നെ അതിഭാഗ്യം വേണം.

44. ഭിക്ഷുകി = സന്ന്യാസിനി. യുവക്ഷമാഭൃത്തു്=യുവരാജാവു്. താദൃശം= അപ്രകാരമുള്ളതു്.

45. പരജ്ഞൻ = അന്യരെ (ആന്തരം) അറിയുന്നവൻ.

Digitized By Kerala Sahitya Akademi

''തുടർന്നിതിന്മട്ടിനി മറ്റൊരുത്തിയെ
സ്ഫുടം ചമപ്പാനെളുതല്ലജന്നുമേ;
കടന്നു നാമത്ര മികച്ച തന്വിതൻ
പടം വരച്ചാല,തു പന്തിയാകുമോ? 46

ഇതായവൾക്കുള്ള ശരീരശോഭയിൽ
ശതാംശമേ ചേർന്നൊരു ചിത്ര''മെന്നുമായ്
നതാംഗിതൻ ഛായ കുറിച്ചുവെച്ചിരു-
ന്നതാക്കുമാരന്നു കൊടുത്തു യോഗിനി. 47

സുചിത്രസംസ്ഥാപിതയെന്നിരിക്കിലും,
വിചിത്രരൂപാഞ്ചിതയാം വധൂടിയെ
രുചിച്ച കണ്ണാൽ നിഭൃതം നുകർന്നവൻ
വചിച്ചുകൂടാത്തൊരവസ്ഥ തേടിനാൻ. 48

അവന്നു തദ്രൂപസുധാനിമജ്ജനാൽ
സുവർണ്ണമെയ്യിൽപ്പുളകങ്ങളക്ഷണം
നിവന്നുകാണായി, നിരന്തരം മനോ-
ഭവന്റെ ബാണങ്ങൾ തറച്ചതിൻവിധം. 49

സുലക്ഷണസ്ത്രീമണിതന്റെ ചിത്രമു-
ച്ചലൽപ്രഹർഷത്തൊടു പാർത്തവൻ ക്രമാൽ
അലംഘ്യനിശ്ചേഷ്ടതയാർന്നു, താനുമാ-
നിലച്ചു ചിത്രാർപ്പിതതുല്യനായ് ചിരം. 50

ഒരങ്ഗനയ്ക്കുന്നവരെ സ്ഥലം കൊടാ-
ത്തൊരാബ്ധരേശാത്മജചിത്തമപ്പൊഴേ,
വിരക്തയാം താപസി കൗതുകാർത്ഥമായ്
വരച്ച വാർപൂങ്കുഴലാൾക്കധീനമായ്! 51

---

46. സ്ഫുടം = സ്പഷ്ടമായി. അജൻ = ബ്രഹ്മാവു്.

47. ശതാംശമേ = നൂററിലൊരംശംമാത്രം.

48. സുചി...പിത=നല്ല ചിത്രത്തിൽ സ്ഥാപിക്കപ്പെട്ടവൾ. വിചി...ഞ്ചിത=വിചിത്രം (ചിത്രത്തോടുകൂടാത്ത, ആശ്ചര്യകരമായ എന്നും) ആയ രൂപം കൊണ്ടു് അഞ്ചിത (മനോഹര). വധൂടി = സ്ത്രീ. നിഭൃതം = നിശ്ചലം.

49. തദ്രൂ...ജ്ജനം = അവളുടെ സൗന്ദര്യമാകുന്ന അമൃതിൽ മുങ്ങൽ. സുവർണ്ണമെയ്യിൽ=നല്ല നിറമുള്ള ദേഹത്തിൽ. പുളകങ്ങൾ=രോമാഞ്ചങ്ങൾ. നിരന്തരം=ഇടതൂർന്നു്. മനോഭവൻ = കാമൻ.

50. സുല...മണി = നല്ല ലക്ഷണങ്ങളോടുകൂടിയ സ്ത്രീരത്നം. ഉച്ചലൽ...ത്തൊടു=ഉച്ചലത്തു് (ഉയർന്നതു്) ആയ ഉൾക്കുളിരോടുകൂടി. അലംഘ്യനിശ്ചേഷ്ടത = അലംഘ്യമായ (അതിക്രമിക്കാൻവയ്യാത്ത—മറയ്ക്കാൻ കഴിയാത്ത) നിശ്ചേഷ്ടത (ചേഷ്ടകളില്ലായ്മ). ചിത്രാർപ്പിതതുല്യൻ = ചിത്രത്തിലെഴുതപ്പെട്ടവനെപ്പോലെ. ചിരം = ഏറെനേരം.

51. ഒരംഗനയ്ക്കു് = യാതൊരു സുന്ദരിക്കും. കൗതുകാർത്ഥമായ് = തന്റെ ആഗ്രഹനിവൃത്തിക്കു മാത്രമായി.

Digitized By Kerala Sahitya Akademi

തരത്തിലച്ചിത്രഗയായ തന്വിതൻ
നിരർഗ്ഘളത്രപദ്യുതി പാർത്തമാത്യരും
''ഒരല്പമേ താപസി ചൊന്നതുള്ള''വെ-
ന്നരച്ചിതാ,ശ്ചര്യവശേന തങ്ങളിൽ. 52

'അവശ്യമായ്ച്ഛായയെഴുത്തിനെത്രയു-
ണ്ടിവൾക്കു വമ്പെന്നറിയേണ'മെന്നുമായ്
''യുവക്ഷമാഭൃൽപ്പടമംബ, തീർക്കൊ-
ന്നിവണ്ണ''മെന്നാരവളോടു താഴ്മയിൽ. 53

അമാത്യരർത്ഥിച്ചതു ചെയ്യുവാൻ, മന-
സ്സമാധിപൂണ്ടോരവൾ കൈ നടത്തിനാൾ,
സമാന്യരാം ചിത്രകരർക്കു മുമ്പന-
ക്കുമാരനും ചിത്രഗനായ്വരുംവിധം. 54

ഉടൻ തദാ മറ്റൊരു ചന്ദ്രസേനനെ-
പ്പടത്തിൽ നിർമ്മിച്ച തപോധനാഗ്ര്യയെ
''കിടയ്ക്കൊരാളെത്തുവ ചിത്രവിദ്യയിൽ
കിടയ്ക്കുകില്ലെ'',ന്നു പുകഴ്ത്തി മന്ത്രിമാർ. 55

കുമാരനച്ചിത്രവധൂടിമഗ്നമാം
സ്വമാനസം ചെററു വലിച്ചെടുത്തുടൻ
''മമാദ്യ പോകാൻ വിടനല്ലുഷസ്സിലെ''-
ന്നമായമോതുന്നവളോടു ചൊല്ലിനാൻ: 56

''ഇദം ദിനം മേ സുദിനം തപോധനേ!
വിദഗ്ദ്ധയാം നിൻെറ സമാഗമത്തിനാൽ;
മദക്ഷികൾക്കോർക്കുകിലിന്നുമാത്രമാ-
ണ,ദഭ്രമാം ജന്മഫലം ലഭിച്ചതും. 57

മഹത്തരത്വാദൃശസന്നിധാനമൊ-
ന്നിഹ പ്രിയാവാപ്തി വരുത്തുമേവനും;

---

52. ചിത്രഗ = ചിത്രത്തിലുള്ളവൾ. പാർത്ത് = നോക്കി.

53. അവശ്യമായ് = തീർച്ചയായി. യുവ...പടം = യുവരാജാവിൻെറ ചിത്രം. എന്നാർ = എന്നു പറഞ്ഞു.

54. അർത്ഥിച്ചതു് = അപേക്ഷിച്ചതു്. ചിത്രകരർ = ചിത്രമെഴുത്തുകാർ. ചിത്രഗൻ = ചിത്രത്തെ (ആശ്ചര്യത്തെ, ആലേഖ്യത്തെ എന്നും) പ്രാപിച്ചവൻ. അനായാസേന യുവരാജാവിൻെറ ഛായാചിത്രം എഴുതിത്തുടങ്ങി എന്നു സാരം.

55. തദാ = അപ്പോൾ. മറ്റൊരു ചന്ദ്രസേനനെ പടത്തിൽ നിർമ്മിച്ച = ചന്ദ്രസേനൻെറ ഛായ 'തൽസ്വരൂപ'മായി എഴുതിയ.

56. ചിത്ര...മഗ്നം = ചിത്രസ്ഥയായ സുന്ദരിയിൽ മുഴുകിയിരിക്കുന്ന. സ്വമാനസം = തൻെറ മനസ്സിനെ. ഉഷസ്സിൽ = രാവിലെ. പോകാൻ അദ്യ = (ഇപ്പോൾ) വിടനല്ല (സമ്മതം തരിക.)

57. ഇദം ദിനം = ഈ ദിവസം. വിദഗ്ദ്ധ = സമർത്ഥ. മദക്ഷികൾ = എൻെറ കണ്ണുകൾ. അദഭ്രം = അനല്പം.

Digitized By Kerala Sahitya Akademi

സ്പൃഹയ്ക്കു കീഴ്പ്പെട്ടവർ ഞങ്ങൾ നിന്നനു-
ഗ്രഹത്തിനൊന്നിങ്ങറിയിച്ചിടട്ടെയോ? 58

സമിദ്ധമാം മത്സുകൃതത്തിനാൽ സമാ-
ഗമിച്ചൊരങ്ങുന്നിവിടെക്കുറച്ചുനാൾ,
സമിത്രനാമെൻ പരിചര്യയേററു വി-
ശ്രമിക്കുകെ,ന്നെപ്പരിശുദ്ധനാക്കുവാൻ. 59

ഒരിക്കലും താമസബാധയെന്നിയേ
ചരിക്കുമങ്ങയ്ക്കിഹ തെല്ലു താമസം
വരിക്കുമിത്തെററിനു, നിൻസപര്യയിൽ
സ്ഫുരിക്കുമെന്നാഗ്രഹമാണു കാരണം.'' 60

നരേന്ദ്രമായാമനൊടോതിനാൾ തദാ,
വരേണ്യപുണ്യവ്രതയാം തപസ്വിനി:
''തരേണമിപ്പോളനുവാദ;മൊന്നു പോ-
യ്വരേണ്ടതുണ്ടി;-ന്നിയടുത്തു കാണുവൻ.'' 61

''ഭവാൻെറ സൗജന്യവിശേഷമൊന്നുതാ-
നവാച്യസൽക്കാരസുഖം വളർത്തി മേ;
ഭവാനി ഭവ്യം തവ നല്ലു''മെന്നുമായ്-
ജ്ജവാലെഴുന്നേററിതു സിദ്ധതാപസി. 62

വിവർജ്ജിതാന്തഃസ്പൃഹയെന്നിരിക്കിലും,
യുവക്ഷമാഭൃത്തുടനാ വിശിഷ്ടയെ
സുവർണ്ണവസ്ത്രാദികൾകൊണ്ടു സൽക്കരി-
ച്ചുവസ്ഥപോലങ്ങനെ യാത്രയാക്കിനാൻ. 63

പ്രിയപ്പെട്ടും മന്ത്രിജനത്തെയും പിരി-
ച്ചയച്ചടൻ, യാമിനി പാതി ചെല്ലവേ,
സ്വയം വധൂചിത്രവുമേന്തിയാ മഹാ-
ശയൻ ശയിപ്പാൻ മണിമച്ചു പൂകിനാൻ. 64

58. മഹ...ധാനം = ഏററവും മാഹാത്മ്യമുള്ള അങ്ങയെപ്പോലുള്ളവരുടെ സന്നിധാനം. ഇഹ = ഈ ലോകത്തിൽ പ്രിയാവാപ്തി = അഭീഷ്ടസിദ്ധി; ഓ-ള്ളാലമെന്നും വ്യഞ്ജിക്കുന്നു. സ്പൃഹയ്ക്കു കീഴ്പെട്ടവർ = ആശാപരതന്ത്രന്മാർ.

59. സമിദ്ധം = വർദ്ധിച്ചതു്. പരിചര്യ = ശുശ്രൂഷ.

60. താമസബാധ = തമോഗുണപീഡ; ചരിക്കും = സഞ്ചരിക്കുന്ന. താമസം = തമോഗുണത്തെ സംബന്ധിച്ചതു്, വിളംബം. വരിക്കും = അപേക്ഷിക്കുന്ന. സപര്യ = പൂജ. സ്ഫുരിക്കുക = ഉണ്ടായ്വരിക.

61. വര...വ്രത = ആശാസ്യമായ സദ്വ്രതത്തോടുകൂടിയവൾ.

62. അവാച്യം = പറഞ്ഞറിയിപ്പാൻ വയ്യാത്തതു്. ഭവ്യം = ശുഭം.

63. വിവ...സ്പൃഹ = അന്തസ്പൃഹ (ആശ) ഇല്ലാത്തവൾ.

64. യാമിനി = രാത്രി. സ്വയം = താൻതന്നെ. മഹാശയൻ = മഹാമനസ്സൻ. ശയിക്ക = കിടക്കുക.

Digitized By Kerala Sahitya Akademi

അതിങ്കൽ, നിദ്രാഭിധദേവിതൻ സ്മിത—
ദ്യുതച്ഛടയ്ക്കൊത്തൊരു വെൺകിടക്കമേൽ
പതിച്ചു, വീണ്ടും പടസംസ്ഥതന്വിയെ
പ്രതിപ്രതീകം പലപാടു നോക്കിനാൻ. 65

''അനോപമാകാരമിതാനനാബ്ജമോ,
വിനോദിതാങ്കം വിധുവിന്റെ ബിംബമോ:
മനോജ്ഞമിക്കാണ്മവ പോർകുചങ്ങളോ,
മനോജ്ഞമംഗല്യമണിക്കുടങ്ങളോ, 66

ഘനാസിതശ്രീയിതു രോമരാജിയോ,
സ്തനാബ്ജിനീകുഡ്മളയുഗ്മനാളമോ!
അനാകുലാഭോഗമിതാ നിതംബമോ,
ജനാക്ഷിരമ്യം രതികേളിതല്പമോ! 67

അരാളമായോരിതു ചില്ലിവല്ലിയോ,
ഹരാന്ധിധൂമാവിലകാമചാപമോ!
വിരാഗികൾക്കും കൊതിയാമിതോഷ്ഠമോ,
സരാഗസൗന്ദര്യതരുപ്രവാളമോ!'' 68

ഇതിൻവിധം ചിത്രവധൂവിഭാവനം
മുതിർന്നതായ്ക്കണ്ടു മുഷിഞ്ഞപോലവേ,
കൊതിച്ചപേക്ഷിക്കിലു,മൊന്നധീനയാ—
യതില്ലവന്നാ നിശി നിദ്രയെന്നവൾ. 69

ഉറച്ചു നിശ്ശബ്ദതപൂണ്ടു പാരട—
ച്ചുറങ്ങുമാ രാവിനു കാവലാംവിധം
കുറച്ചുമേ കണ്ണടയാതെ മേവിനാൻ
മുറയ്ക്കു ഭൂമണ്ഡലപാലകാത്മജൻ. 70

---

65. നിദ്രാഭിധദേവി = നിദ്ര എന്ന ദേവി. സ്മിതദ്യുതിച്ഛട = മന്ദഹാസശോഭാപരമ്പര. പടസംസ്ഥതന്വി = ചിത്രഗതയായ സുന്ദരി. പ്രതിപ്രതീകം = അവയവങ്ങൾതോറും. കിടക്കമേൽ പതിച്ചു (വീണു) എന്നതു് ഔത്സുക്യജനകമായ അസ്വാസ്ഥ്യത്തെ കാണിക്കുന്നു.

66. അനോപമാകാരം = നിസ്തുല്യാകൃതി. വിനോദിതാങ്കം = കളങ്കം കളഞ്ഞതു്. വിധു = ചന്ദ്രൻ.

67. ഘനാസിതശ്രീ = ഘനം (നിബിഡം) ആയ അസിതശ്രീയോടു (കറുപ്പോടു) കൂടിയതു്. സ്തനാ...നാളം = സ്തനങ്ങളാകുന്ന രണ്ടു താമരമൊട്ടുകളുടെ തണ്ടു്. അനാകുലാഭോഗം = വിസ്താരമേറിയതു്.

68. അരാളം = വളഞ്ഞതു്. ചില്ലിവല്ലി = പുരികക്കൊടി. ഹരാ...ചാപം = ശിവന്റെ കണ്ണിൽനിന്നുണ്ടായ തീയിന്റെ പുക തട്ടി കറുത്ത കാമന്റെ വില്ലു്. വിരാഗികൾ = വൈരാഗ്യം വന്നവർ. ഓഷ്ഠം = ചുണ്ടു്. സരാ...വാളം = സൗന്ദര്യവൃക്ഷത്തിന്റെ ചെന്തളിരു്.

69. ചിത്ര...വനം = ചിത്രത്തിലുള്ള സ്ത്രീയെ നോക്കിക്കാണൽ. നിശി = രാത്രിയിൽ. നിദ്രയെ ഖണ്ഡിതയായ ഒരു സ്ത്രീയാക്കി കല്പിച്ചിരിക്കുന്നു.

70. പാരടച്ചുറങ്ങും = ലോകമാസകലം ഉറങ്ങിക്കിടക്കുന്ന.

Digitized By Kerala Sahitya Akademi

ഉടല്ലയന്നോരഴകാൽ സ്മരന്റെ വ-
മ്പുടസ്സുമദ്ധീരനിൽ വൈരശുദ്ധിയെ
നടത്തുവാൻ താർശരനന്നു തക്കതായ്—
ക്കിടച്ചു, താരാവലിയായൊരായുധം. 71

പ്രിയാവിയോഗവ്യഥ താങ്ങുവാൻ പെടും
പ്രയാസ,മന്നാദ്യമവൻ ധരിക്കവേ,
ജയാത്ഥി പഞ്ചാസ്ത്രനസമ്മിതാസ്ത്രനായ്;
ത്രിയാമയും ഹന്ത, സഹസ്രയാമയായ്! 72

കിടന്നിടും തെല്ലെഴുന്നേററിരുന്നിടും,
നടന്നിടും ചിന്തയിലാണ്ടു നിന്നിടും,
കിടക്കമേൽ വീണ്ടുമിരുന്നു കാന്തതൻ
പടത്തെ നോക്കും, നെടുവീർപ്പു വിട്ടിടും— 73

ഇവണ്ണമായീ നില രാത്രിതോറു;—മാ
യുവക്ഷിതീശൻ പകൽ വല്ലവണ്ണവും,
വിവദ്ധിതോൽക്കണ്ഠ മറച്ചു, കാര്യസ—
മ്പ്രവത്തനംകൊണ്ടു കഴിച്ചുകൂട്ടിടും. (യുഗ്മകം) 74

സ്മരാഭിതാപം ഹൃദി മൂടിവെച്ചു പേ
വരാതെ കാര്യസ്ഥിതനാം കുമാരനെ
നിരാകലം ബാഡവവഹ്നിയുള്ളിലു-
ള്ളൊരാഴിയെപ്പോലഥ കണ്ടു മന്ത്രിമാർ. 75

ഉറക്ക,മൂണെന്നിവയൊക്കെ നാൾക്കുനാൾ
കുറഞ്ഞു, മെയ്യേറെ മെലിഞ്ഞു വാടിയും,
നിറം വിളർത്തും, ദിവസേന്ദുപോലെയായ്
നിറഞ്ഞൊരുൾച്ചൂടൊടു മേവിനാനവൻ. 76

ഘനാന്ധകാരാതനുബാധയേല്ക്കിലും,
ജനാധിനാഥാത്മജമാനസാംബരേ

---

71. വൈരശുദ്ധി = പകവീട്ടൽ. താർശരന്നു താരാവലി(താരുകളുടെ = പൂക്കളുടെ, ആവലി = സമൂഹം)തന്നെയാണല്ലോ, ആയുധം.

72. പ്രിയാ...വ്യഥ = പ്രിയയുടെ വിരഹംകൊണ്ടുള്ള ക്ലേശം. അസമ്മിതാസ്ത്രൻ = അസമ്മിതങ്ങളായ (എണ്ണമററ) അസ്ത്രങ്ങളോടുകൂടിയവൻ. ത്രിയാമ = മൂന്നു യാമങ്ങളോടുകൂടിയതു് (രാത്രി). സഹസ്രയാമ = അനേകം യാമമുള്ളതു്. അത്യന്തം ദീർഘമായി എന്നു സാരം.

74. വിവ...ക്കണ്ഠ = വളൎന്ന ഔത്സുക്യം. കാര്യസമ്പ്രവത്തനം = കാര്യങ്ങളിൽ പെരുമാറൽ.

75. കുമാരന്റെ കാമതാപം പൊതുവിൽ പ്രത്യക്ഷമായിരുന്നില്ലെന്നു ഉപമകൊണ്ടു സാധിച്ചിരിക്കുന്നു

76. ദിവസേന്ദു = പകലത്തെ ചന്ദ്രൻ.

Digitized By Kerala Sahitya Akademi

അനാരതം ചേൎന്ന വിളങ്ങിനാരം വിമോ—
ഹനാഭ താരാവലിയെന്തൊരത്ഭുതം! 77

''മനോധനം കട്ടവളല്ലി നീ? തടി—
ത്തനോ, വിടാ ഞാനിനി നിന്നെ''യെന്നവൻ
മനോരഥോപാനതയായ കാന്തയെ
സ്തനോപമൎദ്ദം തഴകീ രഹഃസ്ഥലേ! 78

''സുരോപഭോഗോചിതദിവ്യരൂപയീ
വരോരുവെങ്ങെ?—ങ്ങു വരാകനായ ഞാൻ?
നിരോധനംചെയ്ക, ദുരാപവസ്തുവിൽ—
ച്ചിരോത്സുകത്വം മമ ചിത്തമേ, ഭവാൻ!'' 79

''വിസപ്രസൂനാസ്ത്ര, വിയോഗികൾക്കടൻ
വിസംസ്ഥുലപ്രാണത നല്കിടുന്നതായ്,
വിഷഹ്യമല്ലാത്ത തവാശുഗം, വെറും—
വിഷത്തിലുണ്ടായൊരു പൂവുതാൻ ദൃഢം.'' 80

''ധ്രുവം, വിധോ, ശൈവരിൽ മുമ്പനത്രിയും,
ശിവൻകണക്കക്ഷിയിലഗ്നിയാൎന്നവൻ;
ഇവണ്ണമല്ലെങ്കില,തിൽപ്പിറന്ന നി—
ന്നവസ്ഥയഗ്നിക്കെതിരായതെങ്ങനെ?'' 81

ക്രമം വെടിഞ്ഞിങ്ങനെയൊക്കെയോതിനാ—
നമന്ദതാപാൽ വിജനസ്ഥലത്തവൻ,

---

77. ഘനാ...ബാധ = നിബിഡമായ അന്ധകാരത്തെ (മോഹത്തെ) ഉണ്ടാക്കുന്ന അതനുബാധ (കാമപീഡ), ഘനങ്ങൾ(മേഘങ്ങൾ)കൊണ്ടുള്ള അന്ധകാരത്തിന്റെ അതനു (മഹത്ത്) ആയ പീഡ എന്നും. ജനാ...ബരേ = രാജകുമാരന്റെ മനസ്സാകുന്ന ആകാശത്തിൽ. അനാരതം = എല്ലായ്പ്പോഴും. താരാവലീപദത്തിനു നക്ഷത്രസമൂഹമെന്നും അൎത്ഥമുണ്ട്. മേഘങ്ങൾ തിങ്ങിയ ആകാശത്തു നക്ഷത്രങ്ങൾ പ്രകാശിക്കുന്നതു് അത്ഭുതമാണല്ലോ.

78. മനോധനം = മനസ്സാകുന്ന ധനം. തടിത്തനോ = തടിത്തു(മിന്നൽ) പോലെയുള്ള തനു (ദേഹം) ഉള്ളവളേ എന്നു സംബുദ്ധി. മനോരഥോപാനത = മനോരഥംകൊണ്ടു് ഉപാനത (സമീപപ്രാപ്ത). അടുത്തുവന്നതായി സങ്കല്പിക്കപ്പെട്ടവൾ. സ്തനോപമൎദ്ദം = സ്തനങ്ങളെ മൎദ്ദിച്ചുകൊണ്ടു് (ഗാഢമായി). രഹഃസ്ഥലേ = വിജനസ്ഥലത്തിൽ.

79. സുരോ...രൂപ = ദേവകൾക്കുപഭോഗിക്കത്തക്ക ദിവ്യസൗന്ദൎയ്യമുള്ളവൾ. വരാകൻ = നിസ്സാരൻ. നിരോധനംചെയ്ക = തടുക്കുക. ചിരോത്സുകത്വം = അത്യാസക്തി.

80. വിയോഗികൾ = വിരഹികൾ. വിസം...ണത = സ്ഖലിതപ്രാണത ('പ്രാണസഞ്ചാരം'). വിഷഹ്യം = ശക്യം. ആശുഗം = ശരം. വിഷത്തിനു വെള്ളം എന്നും അൎത്ഥമുണ്ടു്. കാരണഗുണം കാൎയ്യത്തിൽ കണുന്നതാണല്ലോ.

81. ധ്രുവം = തീൎച്ചയായും. അത്രി = അത്രിയെന്ന മുനി. അഗ്നിക്കെതിരായതു് = സന്താപപ്രദമായതു്. അത്രിയുടെ കണ്ണിൽനിന്നാണു് ചന്ദ്രൻ ജനിച്ചതെന്നു പുരാണം.

Digitized By Kerala Sahitya Akademi

മമത്വമേറും സചിവക്ക് സാന്ത്വന-
ശ്രമം ക്ഷണാൽ നിഷ്ഫലമായ്‌വരുംവിധം. 82

സ്മരൻ ചുടും നെഞ്ചിലവന്നു, കൂറുകാ-
രരുളുമാശ്വാസനമേശിടാതെയായ്;
പരം പഴുപ്പിച്ചൊരിരിമ്പുമേലൊഴി-
പ്പൊരജ്ജലത്തിന്റെയവസ്ഥയെന്തുവാൻ? 83

വിളങ്ങുമക്കാന്തയെ നോക്കി വാത്സല്യം
വളം കലർന്ന,ശ്രുജലാവസിക്തമായ്,
വളർന്നിതുൾത്തട്ടിലവന്നു, രാഗമാ-
മിളംകുരുന്നേന്തിയ മന്മഥദ്രുമം. 84

'എന്താണിങ്ങുപശാന്തി'യെന്നു സചിവ-
ന്മാരോർത്തു മാഴ്കെ,ക്കൊടും-
ചെന്താരമ്പനവജ്വരത്തിനടിമ-
പ്പെട്ടൊ,ട്ടുനാളിന്നകം
ഹന്താ,ഹാരവിഹാരനിദ്രകളുമി-
ല്ലാതായ്‌ച്ചമഞ്ഞു,ൾത്തടം
വെന്താളിക്ക്ലേശനായ്, വിളർത്തു, വിഷമി-
ച്ചാനാ വിശാലാശയൻ. 85

ഇങ്ങനെ താരാവലീചിത്രദർശനം നാലാം സർഗ്ഗം

അഞ്ചാം സർഗ്ഗം

യുവരാജനാ നിലയിലുൾക്കനം വെടി-
ഞ്ഞവശപ്പെടുന്നതിനുദിച്ച കാരണം,
അവനുള്ള മന്ത്രികളിൽനിന്നു സർവവും
വിവരിച്ചറിഞ്ഞു പുനരച്ഛനമ്മമാർ. 1

ഉടനത്തപസ്വിനി കൊടുത്ത തന്വിതൻ
പടവും വരുത്തി, വഴിപോലെ പാർത്തവർ

---

82. മമത്വം = സ്നേഹം. സാന്ത്വനശ്രമം = ആശ്വാസനയത്നം.

83. ചുട്ടം = തപിപ്പിക്കുന്ന. 'സന്തപ്തായസി സംസ്ഥിതസ്യ പയസോ നാമാപി ന ശ്രൂയതേ'.

84. അശ്രു...സിക്തം = കണ്ണീർകൊണ്ടു നനയ്ക്കപ്പെട്ടത്. മന്മഥദ്രുമം = കാമവികാരമാകുന്ന വൃക്ഷം,

85. ജ്വരം = താപം. ഇതിൽ വിയോഗികൾക്കുണ്ടാകുന്ന 'അനംഗദശകൾ' പലതും സംഗ്രഹിച്ചിരിക്കുന്നു.

1. അച്ഛനമ്മമാർ = മഹാസേനനും മനോരമയും.

Digitized By Kerala Sahitya Akademi

''സ്ഫുടമുണ്ണിതൻെറ കരമാം വേണ്ടെടത്തുതാൻ
തടവുന്നതെ''ന്നു പരിതുഷ്ടി തേടിനാർ. 2

''തനയൻെറ വേളി കഴിയായ്കയാൽച്ചിരം
മനമാർന്ന ശല്യമൊഴിവായ് വരുംവിധം,
ഇനമൊത്ത കന്യയെ നമുക്കു നല്കിയോ-
രനഘാഗ്ര്യതാപസി മഹോപകാരിണി!!'' 3

അവർ തമ്മിലിങ്ങനെയുരച്ചശേഷ;—മ-
ങ്ങവശാന്തകമ്പി നിഷധാധിനായകൻ
യുവരാജമന്ത്രികളൊടോതിനാൻ, തനൂ-
ഭവനാശ്വസിപ്പതിനുതക്കവണ്ണമേ: 4

''മനതാരിലെന്തിനൊരധൈര്യ?—മെൻചിര-
ന്തനമിത്രമാണു, വസുദത്തമന്നവൻ;
തനതിച്ഛപോലെ ലഘുസാദ്ധ്യമാം നമു-
ക്ക,നഘം കുമാരനുടെയീ മനോരഥം.'' 5

സ്വയമേവമോതി, മനതാർ കുളിർത്താരാ
പ്രിയപുത്രമന്ത്രികളെയങ്ങയച്ചുടൻ,
നയഗുപ്തനാദിസചിവേന്ദ്രർ വന്നിണ-
ങ്ങിയ തൻെറ മന്ത്രിസഭ പൂകിനാൻ നൃപൻ. 6

ശുചിവേഷനായ നൃപമൗലി ചെല്ലവേ
സചിവാദിമാന്യരെഴുമസ്സഭാതലം,
രുചിരൻ നിശാകരനുദിച്ചു താരകാ-
നിചിതാംബരത്തിനുടെ മോടി നേടിതേ. 7

ധരണീമണാളനെഴുനള്ളവേ, കൃതാ-
ദരരാം സദസ്യരുടെ കൂപ്പുകൈകളാൽ
അരവിന്ദകോരകശതാഭിരാമയാം
സരസിക്കു ചേർന്ന വടിവാർന്നിതാസ്സഭ. 8

അവികല്പവർണ്ണ്യമണിശില്പരമ്യമാ-
മവിടത്തിൽ നല്ലൊരു ഹിരണ്മയാസനം

---

3. ഇനമൊത്ത = അനുരൂപയായ.

4. തനൂഭവൻ = പുത്രൻ.

5. ചിരന്തനമിത്രം = പഴയ സ്നേഹിതൻ; ലഘുസാദ്ധ്യം=എളുപ്പത്തിൽ സാധിക്കത്തക്കതു്. അനഘം = നിർദ്ദോഷം. വസുദത്തൻ, വാസ്തവത്തിൽ മഹാസേനനു് ഒരു പഴയ പരിചിതൻ മാത്രമേ ആകുന്നുള്ളു എന്നു 14-ാം ശ്ലോകത്തിൽനിന്നറിയാം; മിത്രമെന്നു തികച്ചും പറഞ്ഞതു മകനെ ആശ്വസിപ്പിക്കാൻവേണ്ടിയാണു്।

7. നിശാകരൻ = ചന്ദ്രൻ. താര...ബരം = നക്ഷത്രവ്യാപ്തമായ ആകാശം.

8. കൃതാദരർ = ആദരിച്ചവർ. അര...രാമ = അനേകം താമരമൊട്ടുകളെക്കൊണ്ടു ഭംഗിയുള്ള. സരസി = പൊയ്ക.

Digitized By Kerala Sahitya Akademi

സവിശേഷമായവനലങ്കരിച്ചുതേ,
രവി പൂർവ്വശൈലശിഖരംകണക്കിനേ. 9

വിലയേറിടും വിമലമാമുടപ്പൊടാ,—
ത്തുലയററ കാഞ്ചനസഭാതലത്തവർ
വിലസീ വിശിഷ്ടരുചി, നെൽ വിളഞ്ഞ കോൾ—
നിലമാർന്ന സാരസഖഗങ്ങൾപോലവേ. 10

പരമാത്ഭുതാഭപെടുമാസ്സഭാതലേ
വരമന്ത്രിമാരൊടൊരുമിച്ചു മന്നവൻ
തരമൊത്തിരുന്നരുളിനാൻ, സുധർമ്മയിൽ
സുരരോടുകൂടി വലവൈരിപോലവേ. 11

കലിതപ്രസാദമഥ കാശ്യപീശ്വരൻ,
തുലിതാഭ്രമന്ദ്രമധുരസ്വരത്തിനാൽ
വലിയോരു ഭാസ്വരസഭാന്തരത്തിൽ മാ—
റെറാലി ചേർത്ത മന്ത്രിവരരോടു ചൊല്ലിനാൻ: 12

''ചിരകാലമായ് മമ മകന്നു വേൾക്കുവാൻ
തരമൊത്ത കന്യകയെ നാലുദിക്കിലും
തിരയുന്ന വേലയിൽ നമുക്കു വിശ്രമം
കരലബ്ധമായിതധുനാ യദൃച്ഛയിൽ! 13

നനു നമ്മൾതൻ പരിചിതൻ സമുല്ലല—
ത്തിനു നാഥനായ വസുദത്തനില്ലയോ;
അനുരൂപയാണലമവന്റെ പുത്രിയെൻ—
തനുജാതനെന്നതറിവായിതദ്യ മേ. 14

നിരവദ്യരൂപഗുണയുക്തയാകുമാ
നരവര്യകന്യയുടെ നൽപ്രതിച്ഛദം,

---

9. അവി...രമ്യം = വജ്റിച്ചേ (ശ്ലാഘിച്ചേ) കഴിയൂ എന്നുള്ള മണിശില്പങ്ങളെക്കൊണ്ടു സുന്ദരം. ഹിരണ്മയാസനം = സ്വർണ്ണസിംഹാസനം. പൂർവ്വ...ഖരം = ഉദയാദ്രിക്കൊടുമുടി.

10. വിശിഷ്ടരുചി = നല്ല ശോഭയോടുകൂടുംവണ്ണം. സാരസഖഗങ്ങൾ=ഒരുതരം വെളുത്ത പക്ഷികൾ; വണ്ടാരങ്കോഴികളെന്നു ചിലർ.

11. സുധർമ്മ = ദേവസഭ.

12. കലിതപ്രസാദം = പ്രസാദത്തോടുകൂടുംവണ്ണം. കാശ്യപീശ്വരൻ=രാജാവ്. തുലി...സ്വരം=ഇടിമുഴക്കംപോലെ, ഗംഭീരവും മനോഹരവുമായ ശബ്ദം. മാറെറാലി = പ്രതിധ്വനി.

13. കരലബ്ധം=കൈയിൽ കിട്ടിയതു്. രാജാവിന്റെ കന്യകാന്വേഷണം രണ്ടാംസർഗ്ഗത്തിൽ, 74—ാംശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

14. സമുല്ലലം = സമുല്ലലമെന്ന ദ്വീപു്. അലം = ഏററവും. തനുജാതൻ = പുത്രൻ. അദ്യ = ഇന്നു്.

Digitized By Kerala Sahitya Akademi

ഒരസംഗതാപസി കൊടുത്തതുണ്ണിതൻ
കരൾ ഗാഢമായപഹരിച്ചിരിപ്പുപോൽ! 15

അനുരാഗമേവമുളവാ,മവർക്കുമെൻ
തനുജകളെന്നു കരുതാവതല്ലയോ?
അനുകൂലസൂര്യരുചി കാൺകിലബ്ജിനി-
ക്കനുവേലമെങ്ങനെ വികാസമേറിടാ? 16

അതിനാലി,തേതുവിധമാണു വേണ്ടതെ-
ന്നതിനെക്കുറിച്ചു നിരൂപിപ്പിനിപ്പൊഴേ!
ധൃതിയേറ്റമുണ്ടു്, മകനെഗ്ഗൃഹാശ്രമ-
സ്ഥിതിയാർന്നു കാണ്മതിനെനിക്കു മാനസേ.'' 17

പ്രിയവാദിയാം നൃപനൊടിംഗിതജ്ഞനാം
നയഗുപ്തനാമകനമാത്യസത്തമൻ
സ്വയമന്യമന്ത്രിവദനങ്ങൾ പാർത്തു ചേ-
ലിയലുംപടിക്കിതെഴുനേറ്റുണർത്തിനാൻ: 18

''അവനീന്ദ്ര, ഭാഗ്യവിഭവാലഭീപ്സിതം,
തവ നന്ദനന്നു തരമൊത്തെടത്തുതാൻ;
ധ്രുവ,മീ നമുക്കു വസുദത്തനെന്ന മ-
ന്നവനോടു ചാച്ച് പലമട്ടിലും ശ്രുതം. 19

അവനും ഭവാനൊടനുഷംഗമാഗ്രഹി-
പ്പവനാം: മഹൽപ്രണയമാരൊഴിച്ചിടും?
ഭുവനത്തിൽ നിങ്ങളുടെ ചാച്ച്, രാഘവോ-
ത്ഭവമൈഥിലാധിപരുടേതുപോലെയാം. 20

പുരുപൂർണ്ണമട്ടിൽ നിജനാടിനെച്ചുഴ-
ന്നൊരു സിന്ധുവിൻ മഹിമ കാണുമാ നൃപൻ,
നിരൂപിക്കിലാത്മജയെ നിൻകുമാരനാം
പുരുഷോത്തമന്നിഹ തരാതിരുന്നിടാ. 21

---

15. പ്രതിച്ഛദം = ഛായാചിത്രം. അസംഗ = വിരക്ത.
16. അബ്ജിനി = താമരപ്പൊയ്ക. അനുവേലം = സമയംതോറും.
17. ധൃതി = ബദ്ധപ്പാട്. ഗൃഹാശ്രമസ്ഥിതി = ഗൃഹസ്ഥാശ്രമത്തിലുള്ള ഇരിപ്പ്.
18. പ്രിയവാദി = പ്രിയം പറയുന്നവൻ. ഇംഗിതജ്ഞൻ = അന്തർഗ്ഗതമറിയുന്നവൻ. അന്യ...നങ്ങൾ = മററു മന്ത്രിമാരുടെ മുഖങ്ങൾ.
19. അഭീപ്സിതം = ആഗ്രഹം. തരമൊത്തെടത്തു് = ഉചിതസ്ഥാനത്തു്.
20. അനുഷംഗം = ചേർച്ച. മഹൽപ്രണയം = മഹാന്മാരുടെ സ്നേഹം. രാഘ...ധിപർ = ദശരഥജനകന്മാർ.
21. തന്റെ രാജ്യത്തെ ചുററിക്കിടക്കുന്ന പരിപൂർണ്ണമായ സിന്ധുവിന്റെ (സമുദ്രത്തിന്റെ) മഹിമ, പുരുഷോത്തമനു (വിഷ്ണുവിനു) മകളെക്കൊടുത്തുകൊണ്ടുണ്ടായതാണെന്നു മനസ്സിലാക്കി, ആ രാജാവു പുത്രിയെ ഇവിടത്തെ പുത്രനായ പുരുഷോത്തമനു (പുരുഷശ്രേഷ്ഠനു) തീർച്ചയായും തരുന്നതാണു്.

Digitized By Kerala Sahitya Akademi

ചിരചിന്തയെന്തിനിതില?—സ്സമുല്ലലേ—
ശ്വരനോടു കന്യയെ വരിക്കുവാനിനി,
വിരവിൽക്കുമാരന്റെ ചിത്രവും കൊടു—
ത്തൊ,രഭിജ്ഞദൂതനെ മുറയ്ക്കയച്ചിടാം. 22

യുവരാജചിത്രപടദർശനാൽ ദൃഢം
നവരാഗമാന്ന വസുമത്തപുത്രിയും
വിവശീഭവിച്ചിടു;—മതില്ലയെങ്കിലീ—
ത്തവ പുത്രനെന്തിനഗുണജ്ഞയാമവൾ?'' 23

ഹിതമീയമാത്യമൊഴി കേട്ടിളേശ്വരൻ
ശ്രുതദേവനെന്നൊരു വിദഗ്ദ്ധദൂതനെ,
വ്രതശാലിനീലിഖിതപുത്രചിത്രവും
ദ്രുതമേകി, വേണ്ടതരുൾചെയ്തയച്ചുതേ. 24

കൃതകാര്യനായഥ സഭാനികേതനാൽ
സുതവത്സലൻ നൃപനകത്തു പൂകിനാൻ;
ശ്രുതദേവനാ പ്രഭുനിയോഗമേറ്റു വി—
ദ്രുതമശ്വമേറി നടകൊണ്ടു സാനുഗൻ. 25

പല നാടു, കാടു, വയൽ തോടു, പട്ടണം,
മല, തോട്ട,മാറിവ കടന്നു പോയവൻ
ജലധിക്കരെയ്ക്കു ജയകേതുമന്നവൻ
വിലസുന്ന വേതസപുരത്തിലെത്തിനാൻ. 26

ജയകേതുരാജനിഹ ചക്രവർത്തിതൻ
പ്രിയദൂതനർഹണകൾ ചെയ്തു,ദൂതനാൾ
സ്വയമാളെ വിട്ടു വഴിപോലെയേർപ്പെടു—
ത്തിയ കപ്പലേറിയഥ യാത്രയാക്കിനാൻ. 27

ശ്രുതദേവനൊട്ടു തിഥികൾക്കകം പര—
ശ്ശതയോജനാംബുധി കടന്നു കപ്പലാൽ,

---

22. ചിരചിന്ത = ഏറെനേരത്തെ ആലോചന. വിരവിൽ = വേഗത്തിൽ. അഭിജ്ഞദൂതൻ = സമർത്ഥനായ ദൂതൻ.

23. വിവശീഭവിച്ചിടും = വിവശയായിത്തീരും. അഗുണജ്ഞ = ഗുണമറിഞ്ഞുകൂടാത്തവൾ.

24. വ്രത...ചിത്രം = താപസിയാൽ എഴുതപ്പെട്ട മകന്റെ ചിത്രം.

25. കൃതകാര്യൻ = കാര്യം നടത്തിയവൻ. സഭാനികേതനാൽ = ആസ്ഥാനത്തിൽനിന്ന്. പ്രഭുനിയോഗം = സ്വാമികല്പന. വിദ്രുതം = നല്ല വേഗമുള്ളത്. സാനുഗൻ = അനുഗന്മാരോടു (കൂട്ടുകാരോടു) കൂടിയവൻ.

26. ജയകേതു—മഹാസേനന്റെ കീഴ്‌രാജാക്കന്മാരിൽ ഒരാൾ.

27. ഇഹ = വേതസപുരത്തിൽ. അർഹണകൾ = സൽക്കാരങ്ങൾ.

Digitized By Kerala Sahitya Akademi

ചിതമോടണഞ്ഞിതു സമുല്ലലത്തിലു—
ന്നതചന്ദ്രസേനനിനവെന്നപോലവേ. 28

ഭയദായി വൻകടൽ കടന്നു, സത്വര—
ക്രിയനങ്ങണഞ്ഞു തെളിവാർന്നിതായവൻ:
സ്വയമീബ്ഭവാർണ്ണവമതിക്രമിച്ചു, നിർ—
ല്ലയമായ ചിൽപദമണഞ്ഞതിൻവിധം. 29

ഇളയിങ്കൽ മുന്തിയ സമൃദ്ധി നീളവേ
വിളയും പ്രദേശമതു കണ്ടനേരമേ,
അളകേശദൂതനതിദൂരയാത്രയാ—
ലുളവായ ഖേദമഖിലം മറന്നുപോയ്. 30

നിയമേന ഭേദഗതി വേഷഭാഷകൾ—
ക്കിയലുന്നൊരാളുകളെയങ്ങു കാൺകയാൽ,
സ്വയമൂഴി വിട്ടു പുതുലോകമൊന്നിലെ—
ത്തിയപോലെ കൗതുകരസത്തിൽ മുങ്ങിനാൻ. 31

കടലുള്ളിൽനിന്നു കരപററിയോ, ഗുണോൽ—
ക്കടമാം വികുണ്ഠപുര?—മെന്നൊരുസംഭ്രമം
തടവിച്ചു സാനുചരനായ ദൂതനാ,
സ്ഫുടലക്ഷ്മി ചേർന്ന വസുദത്തപത്തനം. 32

പുരമദ്ധ്യസീമ്നി പുതുശില്പകൗശലം
തിരളുന്ന രത്നമയരാജധാനിയിൽ
സരസം കടക്കെ,യുടലോടുകൂടവേ
സുരലോകമാർന്നനില നേടിനാനവൻ. 33

പ്രതിഹാരിയോടു, ''തിരുമുമ്പിലൊന്നു പോ—
വതിനേനമാക്കുകിവനെ''ന്നു ചൊന്നവൻ

---

28. പര...ബ്ധി = അസംഖ്യം യോജന ദൂരമുള്ള സമുദ്രം. ഉന്നത...നവ് = ഉന്നതമായ (മഹത്തായ) ചന്ദ്രസേനന്റെ മനോരഥം. ഉപമകൊണ്ടു, ദൂതൻ കഴിയുന്നേടത്തോളം വേഗത്തിൽ സമുല്ലലത്തിലെത്തി എന്നു ധ്വനിക്കുന്നു.

29. ഭയദായി = ഭയങ്കരം. ഭവാർണ്ണവം = സംസാരസമുദ്രം. അതിക്രമിച്ചു = കടന്നു. നിർല്ലയം = നാശരഹിതം. ചിൽപദം = ബ്രഹ്മസായുജ്യം. ഉപമകൊണ്ട് സമുല്ലലത്തിലേക്കുള്ള സമുദ്രമാർഗ്ഗത്തിന്റെ ദുസ്തരതയും, ആ രാജ്യത്തിന്റെ സുഖകരത്വവും വ്യഞ്ജിക്കുന്നു.

31. പുതുലോകം—മുൻപു കണ്ടിട്ടില്ലാത്ത ലോകം.

32. ഗുണോൽക്കടം = വളരെ ഗുണമുള്ളതു്. വികുണ്ഠപുരം = വൈകുണ്ഠം. സാനുചരൻ = കൂട്ടുകാരോടുകൂടിയവൻ. സ്ഫുടലക്ഷ്മി = സ്പഷ്ടമായ സമ്പത്തു്. പത്തനം = പട്ടണം.

33. പുരമദ്ധ്യസീമ്നി = നഗരത്തിന്റെ നടുവിൽ. പുതു...ശലം = ശ്രുതദേവൻ കണ്ടിട്ടില്ലാത്ത പണിത്തരം. രത്ന...ധാനി = ശ്രേഷ്ഠവസ്തുക്കളാൽ നിറഞ്ഞ കൊട്ടാരം. സുരലോകം = സ്വർഗ്ഗം.

Digitized By Kerala Sahitya Akademi

അതിനുള്ള സമ്മതി മുറയ്ക്കു നേടിയാ
ക്ഷിതിപന്റെ സന്നിധിയണഞ്ഞു സാദരം. 34

തിരുമേടയിങ്കൽ മണികാഞ്ചനാസനേ
മരുവും മഹീശനെ മനംകുളിർക്കവേ,
ഒരു രത്നസാനുശിഖരസ്ഥനാം മൃഗ—
പ്പെരുമാളെയെന്നപടി കണ്ടിതായവൻ. 35

''എവിടത്തിൽനിന്നു വരുവോനയേ! ഭവാ—
നിവിടത്തിലെന്തു കരണീയ''മെന്നുടൻ,
സവിധേ വണങ്ങി നിലവായ ദൂതനോ—
ടവിരുദ്ധശീലനരുൾചെയ്തിതാ നൃപൻ. 36

ശ്രുതദേവവാക്യന,മിതശ്രുതാഢ്യനാ,
ശ്രുതദേവദൂതനടി കുപ്പി വീണ്ടുമേ,
ചിതമായ ചൊൽവിരുതൊടീവിധം യഥോ—
ചിതമായതാദരനിലയ്ക്കുണർത്തിനാൻ: 37

''അളകാപുരിക്കധിപനായ് ശിവപ്രിയം
തളരാത്ത പുണ്യജനസേവ്യമാനനായ്,
ഇളപൂക്ക വൈശ്രവണനെന്ന കീർത്തി കൈ—
വളരും നൃപേന്ദ്രനുടെ ദൂതനാണു ഞാൻ. 38

അരുൾ ചെയ്തിടുന്നിതിവിടുത്തൊടൊന്നു, ത—
ന്തിരുമേനി സപ്രണയമെന്മുഖത്തിനാൽ:
'അരുളട്ടെ ഭദ്രമവിടേക്കു ദൈവ!—മി—
ന്നൊരു കാര്യമങ്ങയൊടിരന്നിടുന്നു ഞാൻ. 39

ചിതമോടു നാമിരുവർ തങ്ങളിൽച്ചിരോ—
ദിതമായ വേഴ്ച പുതിയോരു ചാർച്ചയാൽ
സുതരാമുറച്ചു നിലനില്ക്കുമാറു, മൽ—
സുതനായി നല്കുക ഭവാന്റെ കന്യയെ. 40

---

34. പ്രതിഹാരി = ദ്വാരപാലൻ. ഏനം = തരം. സമ്മതി = അനുവാദം.

35. രത്ന...സ്ഥൻ = മഹാമേരുവിന്റെ കൊടുമുടിയിലിരിക്കുന്നവൻ. മൃഗപ്പെരുമാൾ = സിംഹം.

36. കരണീയം = കാര്യം. അവിരുദ്ധശീലൻ = സുശീലൻ.

37. ശ്രുതദേവവാക്യൻ = ദേവന്റെ (രാജാവിന്റെ) വാക്കു കേട്ടവൻ. അമിതാഢ്യൻ = വളരെ പഠിപ്പുള്ളവൻ. ചിതം = വ്യാപ്തം. ആയ...നിലയ്ക്ക് = വലിയ ആദരവോടുകൂടുംവണ്ണം.

38. ശിവപ്രിയം = നല്ല കാര്യങ്ങളിൽ പ്രീതി; ശിവങ്കൽ പ്രിയം എന്നും. പുണ്യ...മാനൻ = പുണ്യജനങ്ങളാൽ (സജ്ജനങ്ങളാൽ, യക്ഷന്മാരാൽ) സേവിക്കപ്പെടുന്നവൻ. നൃപേന്ദ്രൻ = ചക്രവർത്തി.

39. സപ്രണയം = സ്നേഹത്തോടെ. ഭദ്രം = മംഗളം.

40. ചിരോദിതം = വളരെക്കാലമായുള്ളത്. സുതരാം = ഏററവും.

Digitized By Kerala Sahitya Akademi

അകളങ്കമായ തവ മൈത്രികൊണ്ടു, പു—
മകളങ്കമേല്ക്കുമഴകുള്ള നിന്മകനും,
സുകളത്രശാലികളിൽ മേലെയെന്നൊരി—
പ്പുകളത്ര പുത്രനെ പുലർത്തിടട്ടെ മേ! 41

തവ പുത്രിതൻ പ്രതിമയിങ്ങു കൊണ്ടുവ—
ന്നവളായ താപസവധൂടിതാൻ തദാ
നവമായ്ക്കുറിച്ചൊരു കുമാരചിത്രമു—
ണ്ടി,വർപക്കലാസ്ഥയൊടയച്ചിടുന്നു ഞാൻ.' 42

ഇതശേഷമോതിയിവിടെത്തരാനിതാ,
കൃതകേതരാഭയുവരാജചിത്രവും
ശ്രുതദേവനെന്ന മമ കൈയിലേകിനാ—
നതനുപ്രതാപനളകാധിനായകൻ. 43

നരചന്ദ്ര, നോക്കിടുക, ചന്ദ്രസേനനാം
ധരണീശപുത്രനുടെ ചിത്രമുത്തമം;
സരസം രസാലമൊടണഞ്ഞ മുല്ലയെ,—
പ്പരമോദ്യമത്തൊടിടചേർക്ക ശക്തിയെ.'' 44

ശരിയായിതോതി, യുവരാജചിത്രമ—
ങ്ങരികത്തു വെച്ച നൃപദൂതനോടുടൻ,
പരിതോഷപൂർവ്വമതെടുത്തു കയ്യിൽ വെ—
ച്ചുരിയാടി,യേവമുചിതജ്ഞനൃഴിപൻ:‌ 45

''കൃതിയിതിപ്പൊഴുതു, നൈഷധക്ഷമാ—
പതിവേച്ഛയാലിതറിയിക്കകൊണ്ടു ഞാൻ:
മതിമൻ, ഭവാനു കുറെയൊന്നു വിശ്രമി—
പ്പതിനാണി,തിൻമറുപടിക്കു താമസം.'' 46

ഇതുരച്ചു സാനുചരനായ ദൂതനെ—
ക്കുതുകേന തക്കപടി സൽക്കരിക്കുവാൻ

---

41. അകളങ്കം = നിർവ്യാജം. മൈത്രി = സ്നേഹം. അങ്കമേല്ക്കുന്ന = പോരടിക്കുന്ന (ലക്ഷ്മിയോടു സദൃശയായ). സുക...കനം = നല്ല ഭാര്യയുള്ളവർ.
42. പ്രതിമ = ഛായാചിത്രം. താപസവധൂടി = താപസി. തദാ = അന്നു്. ആസ്ഥ = ആദരം.
43. അശേഷം = ഒക്കവേ. കൃത...ചിത്രം = അകൃത്രിമശോഭയുള്ള യുവരാജാവിൻെറ ചിത്രം. അതനുപ്രതാപൻ = അനല്പമായ പ്രതാപത്തോടുകൂടിയവൻ.
44. രസാലം = തേന്മാവു്. പരമോദ്യമം = ശ്രേഷ്ഠമായ ഉത്സാഹം. താരാവലീചന്ദ്രസേനദാമ്പത്യം, മുല്ല മാവിനോടും, ശക്തി ഉത്സാഹത്തോടും ചേന്നതുപോലെ കാഴ്ചയിൽ കൗതുകകരവും ഉത്തമഫലപ്രദവും ആയിത്തീരുമെന്നു സാരം.
46 കൃതി = കൃതാർത്ഥൻ. ദൂരയാത്രാക്ലിഷ്ടനായ ഭവാനെ തെല്ലൊന്നു വിശ്രമിപ്പിക്കുവാൻമാത്രമാണു്, ഞാൻ ഇപ്പോഴുംതന്നെ മറുപടി തരാതിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

ചതുരത്വമുള്ള സചിവക്കൊരാജ്ഞ ചെ—
യ്യതുനാളിലായവനു നല്കി വിശ്രമം. 47

ജവമോടു പിന്നെ നിജപത്നി പുത്രിയാ—
ളിവരെദ്ധരാപതി വരുത്തിയന്തികേ,
വിവരങ്ങളോതി,യവരോടുകൂടവേ
യുവരാജചിത്രമതു നോക്കിനാൻ മുദാ. 48

എതിരററ രൂപഗുണമേന്തിടും ധരാ—
പതിപുത്രചിത്രമതു പാർത്തുപാർത്തവർ
അതിമാത്രഭാവനകൾകൊണ്ടു തന്മയ—
സ്ഥിതിയാർന്നപോലെ, ധൃതചിത്രഭാവരായ്. 49

'തനുരൂപനന്മകൾ തികഞ്ഞൊരെന്മകൾ—
ക്കനുരൂപനേവനിളതന്നി'ലെന്നഹോ,
മനുജേശനും പ്രിയയുമാർന്ന ചിന്തന—
ത്തിനു ശാന്തി നല്കി നൃപസൂനുവിൻപടം. 50

പരയായ കാന്തി മകൾതങ്കലാവിധം
വിരചിച്ചു വിട്ട വിധിതൻ പരിശ്രമം,
വരനെത്തരത്തിനു ലഭിക്കയാൽ ഫലോ—
ത്തരമായിതെന്നു പരിഹൃഷ്ടരായവർ. 51

ധ്രുവമത്ര ചിത്രപടപാത്രസംസ്ഥമാം
യുവരാജരൂപവിഭവാമൃതദ്രവം,
നവഹർഷമാർന്ന മിഴിയാൽച്ചിരം നുക—
ർന്നവശം മയങ്ങി വസുമത്തനന്ദിനി. 52

അതനുപ്രകാശവരചിത്രമുത്തമം
ചിതമോടു കാണുവതിനെന്നപോലവേ,

---

47. ചതുരത്വം = സാമർത്ഥ്യം. ആജ്ഞ = കല്പന.

48. അന്തികേ = അരികിൽ.

49. അതി...വനകൾ = ഏററവും മനസ്സിരുത്തൽ. തന്മയസ്ഥിതി = അതുതന്നെയായ നില. ധൃത...ഭാവർ = ചിത്രഭാവത്തെ (ചിത്രത്വത്തെ) ധരിച്ചവർ; ധൃതചിത്രം (ആശ്ചര്യയുക്തം) ആയ ഭാവത്തോടു (മനസ്സോടു) കൂടിയവർ എന്നും.

50. മനുജേശൻ = രാജാവ്. ശാന്തി = ശമം. ചന്ദ്രസേനൻ മകൾക്ക് ഏററവും അനുരൂപനാണെന്ന് അവർക്ക് ബോധപ്പെട്ടു.

51. പര = ശ്രേഷ്ഠ. വിരചിക്ക = സൃഷ്ടിക്കുക. ഫലോത്തരം = ഫലം. പരിഹൃഷ്ടർ = ഹർഷിച്ചവർ.

52. ചിത്ര...സംസ്ഥം=ചിത്രപടമാകുന്ന പാത്രത്തിലിരിക്കുന്നതു്. യുവ...ദ്രവം = ചന്ദ്രസേനന്റെ സൗന്ദര്യാതിശയമാകുന്ന അമൃതു്. അമിതമായ അമൃതപാനം മയക്കമുണ്ടാക്കുന്നതാണല്ലോ.

Digitized By Kerala Sahitya Akademi

ധൃതഹർഷമപ്പൊഴുതുയർന്നുനിന്നിതാ,
നതഗാത്രിയാളുടെ തനൂരുഹങ്ങളും. 53

വരനെക്കുറിച്ചുടനകം കവിഞ്ഞുയ—
ർന്നൊരനല്പരാഗമിടചേർന്നതിൻവിധം
തരസാ തുടുത്ത പനിനീർ മലർക്കെതിർ—
സ്ഫുരദാഭ തേടി, തരളാക്ഷിതൻ മുഖം. 54

അലർബാണതാപമകമേ തഴച്ചതിൻ
ഫലമായ്പ്പൊടിഞ്ഞൊരു വിയർപ്പിനാൽത്തദാ,
ജലശീകരങ്ങൾതിരളും മൃണാളിതൻ
നില നേടി നീലകചതൻ കളേബരം. 55

'ജനകന്റെ പക്ഷമറിയാതെ കന്യതാൻ
മനമാകെ മാരനു കൊടുത്തുപോയതിൽ
വിനയെന്തു പറ്റുമിനി'യെന്ന പേടിയോ,
വനജാക്ഷിയാൾക്കു വിറ ചേർത്തു മേനിയിൽ? 56

സ്വവികാരമപ്പൊഴുതിലാപ്പിതാക്കൾതൻ
സവിധേ മറപ്പതിനശക്തയായവൾ:
അവിദഗ്ദ്ധയാമബലയായ ബാലയെ—
ങ്ങു?—വിജേയവീര്യനസമാസ്ത്രനെങ്ങുവാൻ? 57

അവസാനമറ്റൊരഴകാൽച്ചിരം രതി—
പ്ലവമാനമേറ്റിയ കുമാരിയെത്തദാ
വിവശീകരിച്ചിതു രതിപ്രിയൻ ബലാൽ,
സ്വവധൂപരാഭവമെവൻ സഹിച്ചിടും? 58

ഏവൾ മുമ്പു ചിത്രവടിവാർന്നടുത്തു ചെ—
ന്നവശപ്പെടുത്തിയളകേശപുത്രനെ;

---

53. അത...ചിത്രം = അതനുപ്രകാശം (കാമനൊത്ത കാന്തിയുള്ളതു്, അഥവാ അനല്പമായ ശോഭയുള്ളതു്.) ആയ വരന്റെ (വരണത്തിന്നാവശ്യപ്പെടുന്നവന്റെ) ചിത്രം. ധൃതഹർഷം = ഹർഷത്തോടുകൂടി. തനൂരുഹങ്ങൾ = രോമങ്ങൾ.

54. അനല്പരാഗം = മഹത്തായ അനുരാഗം. തരസാ = വേഗേന. അനുരാഗഭാജനമായ പുരുഷന്റെ സന്ദർശനത്തിൽ സ്ത്രീകളുടെ മുഖം ചുവക്കുന്നതു സ്വാഭാവികമാണു്.

55. ജലശീകരങ്ങൾ = നീർത്തുള്ളികൾ. മൃണാളി = താമരവളയം.

56. ജനകന്റെ = അച്ഛന്റെ. വിന = ആപത്തു്. രോമഹർഷസ്വേദാദികൾ സാത്ത്വികഭാവങ്ങളാകുന്നു.

57. സ്വവികാരം = തന്റെ വികാരം. പിതാക്കൾ = അച്ഛനമ്മമാർ. അവിദഗ്ദ്ധ = അപ്രഗത്ഭ. അവിജേയവീര്യൻ = ജയിക്കവയ്യാത്ത വീര്യമുള്ളവൻ. അസമാസ്ത്രൻ = കാമൻ.

58. വിവശീകരിക്ക = അസ്വാസ്ഥ്യപ്പെടുത്തുക. സ്വ.വ...ഭവം = തന്റെ ഭാര്യയെ അവമാനിക്കൽ.

Digitized By Kerala Sahitya Akademi

അവളന്നു നേടിയതിനൊത്തവസ്ഥതാൻ;
ഭുവനേ സ്വകർമ്മഫലമാർക്കു കൈവരാ? 59

'സുരലോകസുന്ദരികളും കൊതിക്കുമീ
സ്മരതുല്യരൂപി വരനായ് വരായ്കിലോ
പരമെന്റെ ജന്മമിതു പാഴിലെ'ന്നു താൻ
കരൾകൊണ്ടുറച്ചിതു ഗുണജ്ഞയാമവൾ. 60

'സ്ഫുടമെന്മകൾക്കു ഹിതമോ വരന്റെയി-
പ്പട'മെന്ന ചോദ്യമിനിയച്ഛനമ്മമാർ
തുടരായ്‌വതിന്നുപകരിച്ചു, മുഗ്ദ്ധയാൾ-
ക്കടലിൽത്തെളിഞ്ഞൊരു വിധപ്പകച്ചകൾ. 61

മകൾതൻ മനോഗതിയറിഞ്ഞു, ഭാര്യയാം
മകരാക്ഷിയാളു,മഥ മന്ത്രിമാരുമായ്
സകലം ശരിക്കു നിരൂപിച്ചുറച്ചുതേ
സകലക്കണിക്കുറി, സമുല്ലേശ്വരൻ. 62

കൃതനിശ്ചയൻ നൃപനടുത്ത നാളിലാ
ശ്രുതദേവനോടു വഴിപോലിതോതിനാൻ:
''സുത മേ സുഭർത്തൃമതിയായ്‌ബ്ഭവിക്കുവാ-
നുതകുന്ന നിൻവരവിതിങ്ങൊരുത്സവം! 63

മമ മാന്യമിത്രമളകേശ്വരൻ; മഹാ-
കമനീയരൂപഗുണശാലി തൽസുതൻ;
ക്രമമോർക്കിലനന്യധനമാണു കന്യയും,
സുമതേ, നമുക്കിനി വിചിന്ത്യമെന്തതിൽ? 64

സതിയാമിവൾക്കു സുരതുല്യനാം പുമാൻ
പതിയാകുമെന്നു ഗണകേന്ദ്രർ മുന്നമേ
സ്ഥിതിയോർത്തുരച്ചതു യഥാർത്ഥമായിതീ,
ക്ഷിതിശക്രപുത്രനൊരു ദിവ്യരൂപിതാൻ. 65

---

59. അതിനൊത്തവസ്ഥ = അവകാശപ്പെട്ടതിയതിനു് അനുരൂപമായ അവസ്ഥ.

60. വരൻ = ഭർത്താവു്. പരം = കേവലം.

61. ഹിതമമോ = ഇഷ്ടപ്പെട്ടതോ? മുഗ്ദ്ധ = അപ്രഗത്ഭ.

62. മനോഗതം = അഭിപ്രായം. മകരാക്ഷി എന്നതു താരാവലീമാതാവിന്റെ പേർ. സകലക്ക് = വിദ്വാന്മാർക്കു്. അണിക്കുറി = തിലകം (വിദ്യച്ഛേ്്റഷ്യൻ).

63. കൃതനിശ്ചയൻ = നിശ്ചയം ചെയ്തവൻ. സുഭർത്തൃമതി = നല്ല ഭർത്താവുള്ളവൾ.

64. കമനീയം = മനോഹരം. തൽസുതൻ = അവന്റെ (അളകേശ്വരന്റെ) പുത്രൻ. വിചിന്ത്യം = ആലോചിക്കേണ്ടതു്. സവ്വഥാ, താരാവലിയെ ചന്ദ്രസേനനു കൊടുക്കാവുന്നതാണു്.

65. ഗണകേന്ദ്രർ = വമ്പിച്ച ജ്യോത്സ്യന്മാർ. സ്ഥിതി = ഗ്രഹസ്ഥിതി. ക്ഷിതിശക്രപുത്രൻ = രാജകുമാരൻ.

Digitized By Kerala Sahitya Akademi

ഇളകാത്ത ധർമ്മപഥനിഷ്ഠയോടുമീ—
യിള കാത്ത ബാഹുജരിലഗ്രണ്യനായ്,
അളകാധിപന്നു സദൃശപ്രഭാവനാ—
മളകാധിപങ്കലറിയിക്കകീവിധം: 66

'അവിടുത്തൊടിയ്യിവനിരന്നിടേണ്ടതാ—
ണവിടുന്നു ചൊന്നതെ;തിർപക്ഷമെന്തിതിൽ?
ഭുവി വീരപത്നി മകളെന്നിരിപ്പതിൽ—
ക്കവിയും കൃതാർത്ഥത പിതാവിനെന്തുവാൻ? 67

അഭിവർദ്ധിതാർജ്ജുനയശോവിശേഷനീ—
യഭിജാതവീരനിഹ വേറക്കമെന്മകറം,
അഭിമന്യുവല്ലഭ, വിരാടപുത്രിപോ—
ലഭിമാനമെങ്ങനെ കുലത്തിനേകിടാ? 68

സ്പൃഹണീയമാകിയ ഭവൽസ്നുഷാപദം
സഹസാ ലഭിച്ചൊരു കുമാരിമൂലമായ്,
മഹലുള്ള മാനുഷരിൽവെച്ചു സാമ്പ്രതം
മഹനീയനായി, മഹിഷീസഹായി ഞാൻ! 69

ഇവിടേക്കു പുത്രനെയയയ്ക്കുയോ മുറ—
യ്ക്കു,വിടേക്കയച്ചിടുകയോ കുമാരിയെ,
അവിശങ്കമേതുവിധമാണു വേണ്ടതെ—
ന്നവിടുന്നരയ്ക്കുക, വിവാഹലഗ്നവും. 70

ഹിതവേദിയാകുമവിടുന്നു നിശ്ചയി—
പ്പതശേഷമിയ്യിവനു പൂർണ്ണസമ്മതം;
കൃതകൃത്യനായൊരിവനാലിതാ, സമ—
ർപ്പിതയായ് ഭവാൻെറവശമെൻ കുമാരിയാറം.''' 71

ഇതിവർണ്ണമോതി മണിഭൂഷണാദിയാൽ
മതിയാകുവോളമഥ സൽക്കരിച്ചുടൻ,
പ്രതിദൂതനേകനൊടു കൂടെയാ മഹീ—
പതിദൂതനെ പ്രഭു തിരിച്ചയച്ചുതേ. 72

---

66. ബാഹുജർ = ക്ഷത്രിയർ. അളകാധിപന്ന് = വൈശ്രവണന്ന്.

68. അഭി...ശേഷൻ = അർജ്ജുനം (വെളുത്തതു്) ആയ, അർജ്ജുനൻെറ എന്നും, കീർത്തിയെ വർദ്ധിപ്പിച്ചവൻ. അഭിജാതൻ = കുലീനൻ. വിരാടപുത്രി = ഉത്തര.

69. സ്പൃഹണീയം = ആഗ്രഹിക്കത്തക്കതു്. ഭവൽ...പദം = ഭവാൻെറ പുത്രഭാര്യ എന്നുള്ള സ്ഥാനം. സഹസാ = പെട്ടെന്നു്. മഹനീയൻ = പൂജ്യൻ. മഹിഷീസഹായി ഞാൻ = മഹിഷി(ഭാര്യ)യും ഞാനും.

70. അവിശങ്കം = സംശയം കൂടാതെ. വിവാഹലഗ്നം = വേളിമുഹൂർത്തം.

71. ഹിതവേദി = വേണ്ടതറിയുന്നവൻ. സമർപ്പിത = സമർപ്പിക്കപ്പെട്ടവറം.

72. പ്രതിദൂതനേകനൊടു് = ഒരു ദൂതനോടുകൂടി. ആ മഹീപതിദൂതനെ = ശ്രുതദേവനെ.

Digitized By Kerala Sahitya Akademi

ഫലവൽപ്രയത്നപരിഹൃഷ്ടനായ്, സമു—
ജ്ജ്വലനാഥദൂതനൊടുമൊത്തു പോന്നവൻ
നലമാർന്ന കൂട്ടരൊടുകൂടവേ മര—
ക്കലമേറി വേതസപുരത്തിലെത്തിനാൻ. 73

വിവരങ്ങളുണ്ടു ജയകേതുവോടര—
ച്ചു,വനാദരിച്ച നിഷധേശകിങ്കരൻ
ജവനാശ്വമേറി നടകൊണ്ടു തൻപ്രഭു—
പ്രവരൻെറ പത്തനമണഞ്ഞു സാനുഗൻ. 74

ശ്രുതദേവനങ്ങു വസുദത്തദൂതനൊ—
ത്തതനുപ്രഹൃഷ്മഥ രാജധാനിയിൽ,
ഗതനായ്, നൃപങ്കൽ നതനായ്, ക്രമാലഭീ—
പ്സിതകാര്യസിദ്ധി വിവരിച്ചുണർത്തിനാൻ. 75

മകളെക്കുമാരനു കൊടുപ്പതിൽത്തുലോ—
മകമേ കുതൂഹലി സമുല്ലസേശ്വരൻ
പ്രകടാദരത്തൊടു പറഞ്ഞയച്ചതും
സകലം നൃപാലനൊടു ദൂതരോതിനാർ. 76

അവനാ പ്രിയംവദരിൽ വേണ്ടതാചരി—
ച്ചു,വനമ്രരാമവരെ വിശ്രമിക്കുവാൻ
'വിവരം കഥിക്ക മകനോടു'മെന്നയ—
ച്ചു,വരോധനാഥയൊടിതൊക്കെയോതിനാൻ. 77

ശ്രീമാനായ കുമാരചന്ദ്രനെ,യുടൻ
താരാവലീയുക്തനായ്—
ക്കാണ്മാൻ കൗതുകമാർന്ന ബാന്ധവചകോ—
രങ്ങൾക്കു മുററും തദാ,
'നാമാശിച്ച വിവാഹലഗ്നമിവിടെ—
ത്തൊണ്ണൂറു നാൾക്കില്ല'യെ—
ന്നീ മാന്യഗ്രഹശാസ്ത്രകോവിദമതം
കാർമേഘമായ്ത്തീർന്നതേ. 78

---

73. ഫല...ഹൃഷ്ടൻ = പ്രയത്നം സഫലമായതിനാൽ സന്തോഷിച്ചവൻ. മരക്കലം = കപ്പൽ.

74. ജവനാശ്വം = വേഗമുള്ള കുതിര. തൻപ്രഭുപ്രവരൻെറ = മഹാസേനൻെറ.

75. ഗതൻ = പോയവൻ. നതൻ = നമസ്കരിച്ചവൻ. അഭീ...സിദ്ധി = ഉദ്ദേശം സാധിച്ചതു്.

76. കുതൂഹലി = കൗതുകമുള്ളവൻ.

77. പ്രിയംവദർ = പ്രിയത്തെ പറയുന്നവർ. വേണ്ടതാചരിച്ച് = സമ്മാനിച്ച്. അവനമ്രർ = വണങ്ങിയവർ. എന്നു് = എന്നു പറഞ്ഞു്. അവരോധനാഥ = പട്ടമഹിഷി (മനോരമ).

78. കുമാരചന്ദ്രനെ = കുമാരനാകുന്ന ചന്ദ്രനെ. താരാവലീയുക്തനായ് = താരാവലിയാകുന്ന താരാവലിയോടു (നക്ഷത്രസമൂഹത്തോടു) കൂടിച്ചേർന്നു്.

Digitized By Kerala Sahitya Akademi

ഓരോ നാളുമൊരാണ്ടുപോലെ കഴിയു—
ന്നാച്ചന്ദ്രസേനനു, ത—
ന്നാരോമൽക്കമലാക്ഷിയോടഭിമതം—
പോലൊത്തിണങ്ങുന്നതിൽ
ഘോരോദർക്കവിളംബമിങ്ങനെ പറ—
ഞ്ഞുണ്ടാക്കയാൽ, 'ജ്യോതിഷ—
ക്കാരോളം കഠിനത്വമാർക്കുലകിലെ'—
ന്നാരന്നു തന്മന്ത്രിമാർ. 79

''മാസം മൂന്നിനുമേലുള്ളൊരു മഹിതമുഹൂ—
ർത്തത്തിനങ്ങോട്ടയല്ലോ,—
മാസക്തോൽക്കണ്ഠനാകും മമ മകനെ മുറ—
യ്ക്കേ''ന്ന സന്ദേശമോടും,
വാസസ്സൗവർണ്ണഭൂഷാദികളരുളി വധൂ—
താതദൂതാഗ്ര്യനെസ്സോ—
ല്ലാസം തൻദൂതനോടൊത്തഥ തിരികെയയ—
ച്ചീടിനാൻ നൈഷധേന്ദ്രൻ. 80

ചെന്നാദ്ദൂതർ സമുല്ലലാധിപതിയോ—
ടെല്ലാമുണർത്തിച്ചവാ—
റെ, ''നാലങ്ങനെതന്നെ''യെന്നനുവദി—
ച്ചാചാരവിത്താമവൻ
നന്നായ് തൃപ്തിവരുംവിധം വിവിധമാം
സമ്മാനമേകി ദ്രുതം
തന്നാട്ടിന്നു തിരിച്ചയച്ചിതു മഹാ—
സേനന്റെ നൽദ്ദൂതനെ. 81

കാലം തെല്ലൊന്നു വൈകീടില്ല,മശുഭമുഹൂ—
ർത്തത്തെ വർജ്ജിക്കുവാനായ്—
ക്കാലജ്ഞന്മാർകളാകും ജനകരിതുവിധം
തീർപ്പുചെയ്തോരുശേഷം,

ബാന്ധവ...ങ്ങൾ = ബന്ധുക്കളാകുന്ന ചെമ്പോത്തുകൾ. മാന്യ...മതം=മാന്യന്മാരായ ഗ്രഹശാസ്ത്രകോവിദന്മാരുടെ (ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ) അഭിപ്രായം. മൂന്നുമാസത്തിനുശേഷമേ വേളിക്കു മുഹൂർത്തമുള്ളൂ എന്നതു് ബന്ധുക്കൾക്കു് അല്പം വൈമനസ്യത്തിനു കാരണമായെന്നു താൽപര്യം.

79. ഘോരോദ...ളംബം = ഭയങ്കരമായ ഭാവിഫലത്തോടുകൂടിയ താമസം. തന്മന്ത്രിമാർ = ചന്ദ്രസേനസചിവന്മാർ.

80. ആസ...ജ്ഞൻ = ഔത്സുക്യമുള്ളവൻ. വാസ...ദികൾ = വസ്ത്രം സ്വർണ്ണാഭരണം മുതലായവ. അരുളി = കൊടുത്തു്. വധൂതാതദൂതാഗ്ര്യൻ = വസുദത്തന്റെ ശ്രേഷ്ഠദൂതൻ.

81. ആചാരവിത്തു് = നാട്ടുനടപ്പു് അറിയുന്നവൻ. വിവിധം = പലതരത്തിലുള്ളതു്. ദ്രുതം = വേഗത്തിൽ.

Digitized By Kerala Sahitya Akademi

ലോലന്മാരാം വധൂവല്ലഭർ ദിനഗണനം
ചെയ്തുടപ്പിച്ചിട്ടന്നോ—
രാ ലഗ്നം കാത്തിരിപ്പായ് പരമിതുപരിഷ-
ക്കാരുമുൽക്കണ്ഠയോടേ. 82

ഇങ്ങനെ വിവാഹനിശ്ചയം അഞ്ചാം സർഗ്ഗം

ആറാം സർഗ്ഗം

തുലിതാംഗജചന്ദ്രസേനചിത്രം
ചലിതന്തർദ്ധൃതി കണ്ടനാൾമുതല്ക്കേ
വലിയോരു കുഴക്കിലാണ്ടു, താരാ—
വലിയാം കന്യക താർശരന്റെ മുഷ്ടാൽ. 1

വെളിവാംവിധമാദ്യവീക്ഷണത്തിൽ—
ത്തെളിവാർന്നീടിന കണ്ണിനും കരൾക്കും
കുളിർചേർത്ത കമാരചിത്രരൂപം
തളിർമെയ്യാൾക്കഥ താപഹേതുവായീ. 2

മനമൊന്നു തണുക്കുവാൻ രഹസ്സിൽ—
സ്സനമദ്ധ്യാർപ്പിതമാം പ്രിയന്റെ ചിത്രം
അനഘദ്യുതികൊണ്ടു മാത്രമല്ലാ
കനലായീ, കമനിക്കവസ്ഥകൊണ്ടും. 3

മദനാനലതപ്തനല്ലി മുന്നേ,
ഹൃദയാധിഷ്ഠിതനായ ചന്ദ്രസേനൻ;
സുദതിക്കവനാ സ്ഥിതിക്കു താപ—
പ്രദനായ്ത്തീർന്നതു കുററമല്ലയല്ലോ. 4

സ്വയമാപ്തസഖീജനത്തൊടൊപ്പം
പ്രിയസംബന്ധികഥാപ്രവൃത്തിതാനും

---

82. കാലജ്ഞന്മാർ = കാലത്തെ അറിയുന്നവർ. ജനകർ = പിതാക്കന്മാർ. ലോലന്മാർ=ഉൽക്കണ്ഠിതർ. വധൂവല്ലഭർ = താരാവലിയും ചന്ദ്രസേനനും. ദിനഗണനംചെയ്ത് = ദിവസങ്ങളെ എണ്ണി. ലഗ്നം = മുഹൂർത്തം.

1. തുലി...ചിത്രം = കാമതുല്യനായ ചന്ദ്രസേനന്റെ ഛായ. ചലി... ദ്ധൃതി = ഉൾക്കരുത്തിളകുമാറ്.

3. തീക്കനൽപോലെ തിളങ്ങുന്ന പ്രിയന്റെ ചിത്രം കമനിയെ തപിപ്പിച്ചുവെന്നു താൽപര്യം.

4. ഹൃദയാധിഷ്ഠിതൻ = മനസ്സിലിരിക്കുന്നവൻ. അഗ്നിതപ്തമായ വസ്തു, അതിനെ വഹിക്കുന്നവർക്ക് എങ്ങനെ ചൂടുണ്ടാക്കാതിരിക്കും?

Digitized By Kerala Sahitya Akademi

ഭയദവ്യഥ ബാലികയ്ക്കുയററീ;
പ്രിയവും വിപ്രിയമാം ദശാവിശേഷാൽ. 5

കമനീയത തൻ പ്രിയയ്ക്കിടിക്കും
കമനീമുത്തവളെക്കയെത്തു വെൽവാൻ
സുമബാണനു ബാണമായ്ച്ചമഞ്ഞു,
സുമനസ്സാം ഗുണചക്രവത്തി ചന്ദ്രൻ. 6

അതിചാരുതയാൽ സ്വവൈരിയാകും
ക്ഷിതിഭൃൽപുത്രനെ മുമ്പു പാട്ടിലാക്കി,
രതിതൻ പതി തത്സഹായനായി—
ധൃതികൂടുന്നൊരവരുക്ക പീഡയേററി. 7

സുരനന്നു വിരോധിയാകയാലേ,
പരകാന്ത്യാ രതിയായ പങ്കജാക്ഷി
അരതിസ്ഥിതിയെന്നുമാൻറു ഹാ, ഹാ,
ചിരമസ്വസ്ഥത തോഴികൾക്ക ചേത്തു. 8

ദിവസംപ്രതിയുണ്ണ,റക്കമെന്നു—
ള്ളവയും ഹന്ത, ചുരുങ്ങി, മൗനമാൻറും
അവരം പഞ്ചശരാഗ്നികുണ്ഡമദ്ധ്യേ
നിവസിച്ചും വിരഹവ്രതം ചരിച്ചു. 9

അനഘക്കളിർവെണ്ണിലാവു മെയ്യിൽ—
ക്കനമേറുന്നൊരു ചൂടണയ്ക്കയാലോ,
വനജേക്ഷണതൻ മുഖം വെടിഞ്ഞു
തനതാം പുഞ്ചിരിവെണ്ണിലാവിനേയും. 10

കരളാണ്ട പരാത്മകാന്തരൂപം
ചിരമീക്ഷിച്ചവളുംവലിഞ്ഞ കണ്ണാൽ,

---

5. ആപ്തസഖീജനം = ഇഷ്ടതോഴിമാർ. പ്രിയ...വൃത്തി = പ്രിയനെസ്സംബന്ധിച്ച കഥകളെപ്പറയൽ. ഭയദവ്യഥ = ഭയങ്കര ദുഃഖം. ദശാവിശേഷാൽ = അവസ്ഥാഭേദത്താൽ.

6. സുമനശ്ശബ്ദത്തിനു നിമ്മലഹൃദയനെന്നും പുഷ്പമെന്നും, ഗുണത്തിനു സൗന്ദയ്യാദി എന്നും, ഞാണു് എന്നും ശ്ലേഷം.

7. തൽസഹായൻ = അവൻ (രാജപുത്രൻ) ആകുന്ന സഹായത്തോടുകൂടിയവൻ. ധൃതി = ധൈയ്യം. കായ്യസിദ്ധിക്ക ശത്രുക്കളെക്കൂടി പാട്ടിൽ വെയ്ക്കുക നീതിതന്ത്രജ്ഞന്മാരുടെ പതിവാണു്.

8. പരകാന്ത്യാ = ശ്രേഷ്ഠശോഭകൊണ്ടു്. അരതിസ്ഥിതി = രതിയല്ലാത്ത നില, ഒന്നിലും താൽപയ്യമില്ലായ്മ എന്നും.

9. ആഹാരനിദ്രാവജ്ജനം, മൗനം പഞ്ചാഗ്നിമദ്ധ്യവാസം ഇവ വ്രതത്തിൻെറ അംഗങ്ങളാണല്ലോ.

Digitized By Kerala Sahitya Akademi

ഒരയോഗിനിയെങ്കിലും, സമാധി—
സ്ഥിരയാം യോഗിനിപോലനന്യഹൃത്തായ്. 11

കരളാലവൾ, ഭീരു താൻതനിച്ചേ
കരകാണാക്കടലും കടന്നു ചിത്രം,
വരനാം നിഷധേശ്വരാത്മജൻതൻ
ചരണാന്തത്തിലണഞ്ഞു വിശ്രമിച്ചു. 12

''ഇവിടുന്നഴകാൽജ്ജയിച്ച കാമൻ
സവിരോധം തവ ദാസിയാകുമെന്നിൽ
വിവിധാർത്തി വളർത്തിടുന്നു; നാഥൻ
ഭുവി മേ മററവനാ,ര്യപുത്രനെന്ന്യേ?'' 13

മതിഭാവനയാലടുത്തു കാണും
പതിയോടീവിധമാവലാതി ചൊല്ലേ,
പ്രതിബോധിതയായ്സ്സഖീജനത്താ—
ലതിലജ്ജാവശയായിതാക്ഷമാരി. 14

''ജയ, മന്മഥ, ദേവ! ദൂരസംസ്ഥ—
പ്രിയയാമീയബലയ്ക്കു വിക്രമത്താൽ
ഭയപീഡകളേകിടുന്ന നീയേ
നിയതം നിസ്തുലനായ ലോകവീരൻ!'' 15

സ്ഥിതി കണ്ടു സഖീജനങ്ങളേവം
സ്തുതിനിന്ദാവചനങ്ങൾ ചൊല്ലയാലേ
അതിരോഷിതനായ്ച്ചമഞ്ഞപോലാ,
മതിബിംബാസ്യയെ മാലിലാഴ്ത്തി മാരൻ. (യുഗ്മകം) 16

''സ്മര, ദിവ്യപുമാന,ശേഷലോകേ—
ശ്വരനാം ശ്രീപതിതൻ തനൂഭവൻ നീ;

11. പരാ...രൂപം = പരാത്മാവ് (ശ്രേഷ്ഠദേഹൻ) ആയ കാന്തന്റെ രൂപം, പരാത്മാവിൻെറ (ബ്രഹ്മത്തിൻെറ) കാന്തമായ രൂപമെന്നും. ഉൾവലിഞ്ഞ = കണ്ണിൽപ്പോയ, അന്തർമ്മുഖമായ എന്നും. അയോഗിനി = വിരഹിണി, യോഗിനി അല്ലാത്തവളെന്നും. അനന്യഹൃത്ത് = മററൊന്നിൽ മനസ്സില്ലാത്തവൾ.

12. ഭീരു = ഭയശാലിനി.

13. സവിരോധം = വൈരത്തോടുകൂടി. കലീനകൾ ഭർത്താവിനെ ആര്യപുത്രനെന്നാണു വ്യവഹരിക്കുക.

14. മതിഭാവന = മനസ്സങ്കല്പം. പ്രതിബോധിത = ഉണർത്തപ്പെട്ടവൾ.

15. സ്വതേ അബല; ഭർത്താവരികത്തില്ലതാനും; ഇങ്ങനെയുള്ള ഒരുവളെ ഉപദ്രവിക്കുന്ന നിൻെറ വീരത്വം കേമംതന്നെ.

16. സ്തുതി...നങ്ങൾ = സ്തുതികൊണ്ടു നിന്ദയെ സൂചിപ്പിക്കുന്ന വാക്കുകൾ. അതിരോഷിതൻ = അധികം കോപിച്ചവൻ.

Digitized By Kerala Sahitya Akademi

ശരമെന്നിൽ വിടൊല്ല! യോഗ്യമോ തേ
പരമീപ്പെൺകൊലയായ പാപകർമ്മം? 17

ധൃതശൈശവനായ നിൻപിതാവാൽ
ഹതയാം പൂതന രാക്ഷസത്തിയല്ലോ;
കൃതസാഹസനായിടായ്ക, ലക്ഷ്മീ-
സുത, നീ മാനുഷനാരിയാകമെങ്കൽ!'' 18

ഹിതമിങ്ങനെ ചൊല്ലിലും, കലേശ-
സ്മിതയാരംക്കർദ്ദനകാരിയായി കാമൻ,
ജിതകാശിയിവൻ, ജനാർദ്ദനൻതൻ-
സുതനെന്മട്ടു മറിച്ചു തീർന്നിടുന്നു? 19

മതിനേർമുഖിയാരംക്ക, പൂക്കളേക്കാരം
മൃതിരും മാർദ്ദവമുള്ള മഞ്ജുദേഹം,
രതിനായകബാണമായ പൂവേ-
ററതിഖേദാകുലമാകിലെന്തു ചിത്രം! 20

ധരണീശ്വരപുത്രിതന്റെ ചേതോ-
ഹരഗാത്രം സ്വതവേ സുവർണ്ണമല്ലോ;
സ്മരപാവകതപ്തമാമതിന്ന-
ന്നൊരപൂർവ്വച്ഛവി നാരംക്കനാളുയർന്നു. 21

തരളായതനേത്രയാരംക്ക, തീവ്ര-
സ്മരതാപാകുലമാം മുഖാരവിന്ദം
തരണിദ്യുതിയാൽത്തളർച്ച് പാരം
തിരളും തിങ്കളൊടങ്കമേല്പതായി. 22

തടവററു വിയോഗവഹ്നിതൻ പാ-
ർപ്പിടമാം നെഞ്ചിനകത്തെരിഞ്ഞമൂലം

---

17. ശ്രീപതി = കൃഷ്ണൻ.

18. ''എന്റെ അച്ഛൻതന്നെ സ്ത്രീവധം ചെയ്തിട്ടുണ്ടല്ലോ'' എന്നാണെങ്കിൽ. ധൃതശൈശവൻ = ശിശു. ഹത = കൊല്ലപ്പെട്ടവരം.

19. കലേശസ്മിതയാരം = ചന്ദ്രനെപ്പോലെയുള്ള പുഞ്ചിരിയോടുകൂടിയവരം. അർദ്ദനകാരി = പീഡയെ ചെയ്യുന്നവൻ. ജിതകാശി = ജയംകൊണ്ടു ശോഭിക്കുന്നവൻ. ജനാർദ്ദനനെന്നതിനു ജനങ്ങളെ പീഡിപ്പിക്കുന്നവനെന്നും അർത്ഥമുണ്ട്. അച്ഛന്റെ പ്രകൃതി മക്കളിൽ പ്രതിഫലിക്കുന്നതാണല്ലോ.

20. കാമബാണങ്ങരം പുഷ്പങ്ങളാണെങ്കിലും പുഷ്പാധികസൗകുമാര്യമുള്ള അവളുടെ ദേഹത്തിൽ പരിക്കേല്പിച്ചതിൽ ആശ്ചര്യമില്ലെന്നു ഭാവം.

21. സുവർണ്ണം = നല്ല നിറമുള്ളതു്; സ്വർണ്ണമെന്നും. അപൂർവ്വച്ഛവി = മുൻപില്ലാത്ത കാന്തി. തീയിൽ കാച്ചിയ സ്വർണ്ണത്തിനെന്നപോലെ, കാമതപ്തമായ രാജകുമാരിയുടെ ദേഹത്തിനു് ഒരു പുതിയ ശോഭ വർദ്ധിച്ചുവന്നു.

22. തരണിദ്യുതി = സൂര്യരശ്മി.

Digitized By Kerala Sahitya Akademi

തടവാർമുല തപ്തമായി തന്വി—
ക്കി;—ടരാക്ഷം പുര വേകിലേല്ലുമല്ലോ. 23

ദയിതന്റെ കഴുത്തിൽ വെച്ചിടേണ്ടും
കയിൽവാണീഭുജവല്ലി രണ്ടു,മേററം
ഇയിരേകിയ വിപ്രയോഗതാപാൽ,
വെയിലത്തിട്ട മൃണാളിപോലെ വാടീ. 24

ശിവനേ, വിരഹോഷ്ണളങ്ങളായോ—
രവൾതൻ നൽത്തുടകൾക്കു സാമ്യമോതാൻ,
ഉവർമണ്ണുരിയും മരുസ്ഥലത്തു—
ള്ളവയാം വാഴകൾ വേണമെന്നുവന്നു. 25

നളകൂബരതുല്യരൂപനായോ—
രളകേശപ്രിയസൂനുവിൻ വിയോഗാൽ
വളരെപ്പരിതാപമാർന്നജസ്രം
വിളറും തത്തുട രംഭതന്നെയായീ. 26

വിതതം വിരഹോഷ്ണഭാരമേറും,
ബത, തൻനെഞ്ചു കനത്ത പോർകുചത്താൽ
കൃതമാം തടവാർന്നപോലെ, പൊട്ടി—
ച്ചിതറാഞ്ഞിട്ടവളാത്മനിന്ദചെയ്തു. 27

കരിവാർകുഴലാൾ വിയോഗപുഷ്യൽ—
പരിതാപാൽപ്പുതുമെയ്‌ ചടച്ചു പാരം,
എരിവെയ്‌ലിയലുന്ന വേനലിങ്കൽ—
പ്പരിശോഷിച്ചൊരു പൊയ്കപോലെയായീ. 28

സുവിലാസവിയുക്തമായ്‌, വിപാണ്ഡു—
ച്ഛവിയായ്‌ത്തീർന്ന കൃശാംഗിതൻ മുഖത്തെ,
കവിളൊട്ടി വരണ്ട ചുണ്ടുമായ്‌ക്ക—
ണ്ടവിടെത്തോഴികളല്ലലാർന്നിതേററം. 29

മതിഭാഷിണിതന്നുരോജഭാരം
ബത, കാഠിന്യവിഹീനമായ്‌ തദാനീം:

---

23. വിയോഗവഹ്നി = വിരഹാഗ്നി.
25. വിരഹോഷ്ണളങ്ങൾ = വിരഹംനിമിത്തം ചൂടുള്ളവ.
26. ഇതുവരെ അവളുടെ തുട രംഭ(വാഴ)പോലെയേ ആയിരുന്നുള്ളു; ഇപ്പോൾ രംഭ(ഒരപ്സരസ്ത്രീ)തന്നെയായി. രംഭ അളകേശന്റെ (വൈശ്രവണന്റെ) പുത്രനായ നളകൂബരന്റെ ഭാര്യയാകുന്നു.
27. വിതതം = വ്യാപിച്ചതു്. കൃതം = ചെയ്യപ്പെട്ടതു്.
28. വിയോ...താപാൽ = വിരഹംനിമിത്തം വർദ്ധിക്കുന്ന ചൂടാൽ. പരിശോഷിക്ക = വററിവരളുക.
29. സുവി...യുക്തം = നല്ല വിലാസങ്ങളോടു വേർപെട്ടതു്. വിപാണ്ഡുച്ഛവി = വിളത്ത നിറത്തോടുകൂടിയതു്.

Digitized By Kerala Sahitya Akademi

അതനുവ്യസനാനുഭൂതിയാലേ
ദ്രുതമാക്കും കഠിനത്വമൊന്നു നീണ്ടും. 30

ദിവസേന മെലിഞ്ഞു, മദ്ധ്യമേററം
വിവശപ്പെട്ടു വിളർത്തു തോളിടിഞ്ഞും,
അവരംതൻ തനു ചാരുതാവശേഷം
നവചന്ദ്രക്കലപോലെ കാണുമാറായ്. 31

ഉയരും സ്മരതാപശക്തിയാൽ സ്വാ-
ശ്രയമാം നെഞ്ചു പൊടിഞ്ഞുപോകുമെന്നായ്
ഭയമാർന്നവിധം വിറച്ചു കൊങ്ക-
ദ്വയ,മഞ്ചാലിക നീണ്ട വീർപ്പയച്ചു. 32

ഘനവേണി വിയോഗശോകനമ്രാ-
നനയായ്ത്തൂകിന കണ്ണുനീർക്കണങ്ങൾ
അനലംകൃതഗാത്രിയാമവൾക്കാ-
സ്തനകുംഭങ്ങളിൽ മുത്തുമാല ചാർത്തി. 33

കദനംപെടുമാറകത്തു കത്തും
മദനത്തീയു കെടുത്തുകൊള്ളുവാനോ
ഹൃദയേ നയനാംബുധാര തൂകീ,
വദനം താഴ്ത്തിയിരുന്നു വാരിജാക്ഷി. 34

''സ്വയമെങ്കലണഞ്ഞരക്ഷണം മേ
പ്രിയനായ്ച്ചേർച്ചപെടുന്നതിന്നു, നിദ്രേ,
ദയചെയ്തിടയാകകെ,ൻെറ ദുഃഖോ-
ദയമൊന്നോർക്കുക! നാരിയല്ലീ നീയും?'' 35

ഇതുമാതിരി രാത്രിതോറുമർത്ഥി-
ച്ചതുകൊണ്ടും തെളിയാതെ, നിദ്ര നിത്യം
പുതുതേന്മൊഴിയോടകന്നുനിന്നു;
പൊതുവിൽ സ്ത്രീകളസൂയയുള്ള കൂട്ടർ. (യുഗ്മകം) 36

---

30. മിതഭാഷിണി = അല്പംമാത്രം സംസാരിക്കുന്നവൾ. ഉരോജഭാരം = കനത്ത കുചം. അത...ഭൂതി = അതനുവായ (അനല്പമായ) വ്യസനത്തെ, ദുഃഖത്തെ എന്നും അനുഭവിക്കൽ. ദുഃഖാനുഭവത്തിനു കാഠിന്യമുള്ളവരെ മൃദുകരിപ്പാൻ ഒരു ശക്തിയുണ്ടല്ലോ.

31. ചാരുതാവശേഷം = ചാരുത(സൗന്ദര്യം)മാത്രം ബാക്കിയുള്ളതു്.

32. സ്വാശ്രയം = സ്വന്തം പാർപ്പിടം.

33. വിയോ...നന = വിരഹദുഃഖംനിമിത്തം മുഖം താഴ്ത്തിയവൾ. അന...ഗാത്രി = മെയ്യാഭരണങ്ങളണിയാത്തവൾ. കണ്ണുനീർത്തുള്ളികൾ അനലംകൃതങ്ങളായ സ്തനങ്ങളിൽ മുത്തുമാലയണിഞ്ഞതുപോലെ ശോഭിച്ചു.

34. കദനം = പീഡ. ഹൃദയേ = മാറിൽ.

36. അർത്ഥിക്ക = അപേക്ഷിക്കുക.

Digitized By Kerala Sahitya Akademi

ശിവ, രാമ, ശിരീഷപുഷ്പമെയ്യാ—
ളിവളെങ്ങ്?—ഞെരിയും വിയോഗതാപം?
ധ്രുവമീയൊരു ചിന്തകൊണ്ടു നക്ത—
ന്ദിവമാളീ മന,മാളിമാർക്കശേഷം. 37

കളിരേല്പതിനാ,ളിമാരിളഞ്ചെ—
ന്തളിരാൽത്തുത്തു ചമച്ച മെത്തയിന്മേൽ
ലളിതാംഗി ശയിച്ചു, സാന്ധ്യരാഗം
തെളിയും വാനിൽ മൃഗാങ്കലേഖപോലേ. 38

ശിവനേ, വിരഹം പൊറാഞ്ഞു മൃത്യൂ—
ത്സവലബ്ധിക്കെരിതീയ്യിൽ വീണപോലേ,
നവപല്ലവമെത്തമേൽക്കിടക്കു—
ന്നവളോമൽ സഖിമാർക്കു ശോകമേകീ. 39

സ്മരനമ്പുകളായ പൂക്കളൊലേ
വിരചിച്ചോരു വിശേഷമെത്തയിന്മേൽ,
വിരഹാതുരയായ തമ്പി നൂനം
ശരശയ്യാശയനം സമാചരിച്ചു. 40

കനിവിൽ സഖിമാരിടയ്ക്കിടയ്ക്കാ—
പ്പനിനീർ പാററിയ പല്ലവൗഘതല്പം
വനിതാമണിയാൾക്കു വൻവിയോഗ—
പ്പനി മൂപ്പിച്ചതിലെന്തു ചിത്രമുള്ളു? 41

നിശി നീളെ നിലാവിൽ നീർ ചുരത്തും
ശശികാന്തോപലവേദിയും ക്ഷണത്താൽ,
ശിശിരാംശുമുഖിക്കു മെയ്യണയ്ക്കേ
നിശിതാക്കാതപമേററ പാറപോലായ്. 42

കളഭാഷിണിതൻ, മൃണാളഗവ്യം
കളയും കൈകളിലുററ ചൂടു മാറാൻ

37. ശിരീഷപുഷ്പം = നെന്മേനിവാകപ്പൂവ്. നക്തന്ദിവം = രാപ്പകൽ. ആളിമാർ = സഖികൾ.

38. ഇതുമുതൽ ഏതാനും ശ്ലോകങ്ങളെക്കൊണ്ടു് ശീതോപചാരത്തെ വർണ്ണിക്കുന്നു. സാന്ധ്യരാഗം = അന്തിച്ചുകപ്പ്. മൃഗാങ്കലേഖ = ചന്ദ്രക്കല.

39. മൃത്യൂത്സവലബ്ധിക്കു് = മൃത്യുവാകുന്ന ഉത്സവം ലഭിപ്പാൻ.

40. നൂനം, ഉൽപ്രേക്ഷാവാചകം. ശരശയ്യാശയനത്തെ സമാചരിച്ചുവോ എന്നു തോന്നും. പുഷ്പശയ്യയിലുള്ള കിടപ്പ് ശരശയനംപോലെ ദുസ്സഹമായി എന്നു ഭാവം.

41. പനിനീർ എന്നതിന്നു പനിയെ ഉണ്ടാക്കുന്ന നീരെന്നും അർത്ഥം.

42. ശശി...വേദി = ചന്ദ്രകാന്തക്കൽത്തിണ്ണ. നിലാവു തട്ടുമ്പോൾ ചന്ദ്രകാന്തക്കല്ലിൽനിന്നു വെള്ളം കിനിയുമത്രേ. നിശിതാക്കാതപം=തീക്ഷ്ണമായ വെയിൽ.

Digitized By Kerala Sahitya Akademi

വളയായയ് സഖിമാരിട്ടന്ന തണ്ടാർ—
വളയം വാടി വരണ്ടു കാൽക്ഷണത്താൽ. 43

ചലമീന്മിഴിയാറംക്ക ചൂട്ടമാററാൻ
മുലമേൽച്ചേർത്ത നറും മൃണാളനാളം
വിലകെട്ടു വൃഥാവിലായ്ച്ചമഞ്ഞു:
ഫലമെന്തൊന്നു തരുന്ന ദീർഗ്ഘസൂത്രം? 44

ഭയമാർന്നി,ഹ താപകാരി മാരൻ
നിയതം പാഞ്ഞൊഴിയേണമെന്നുവെച്ചോ,
പ്രിയതോഴികറം തനചിതൻെറ നെഞ്ചിൽ
സ്വയമുണ്ടാക്കിയുദാരഹാരവാസം! 45

അനഘദ്യുതി മുത്തുമാല, മുഗ്ദ്ധാ—
നനപാഥോജമൃണാളവല്ലിപോലെ,
സ്തനചന്ദനപങ്കലഗ്നയായി—
ക്കനകാംഗിക്കു വിളങ്ങി മാറിടത്തിൽ. 46

അവശം, ചെറുമുത്തുമുള്ളിലില്ലാ—
ത്തവറംതൻ നെഞ്ചു പുറത്തു വേണ്ടുവോളം
ധവളോത്തമമുത്തു ചേർത്തിതന്നാ—
ളെ;—വനം നോക്കിട്ടു,മുള്ളുകള്ളി മൂടാൻ. 47

ഘനസാരപടീരസാരമേററം
ഘനസാരാപഹവേണിതൻ വപുസ്സിൽ
തനതാളികറം പൂശിട്ടമ്പൊഴേക്കും
ഘനസന്താപവശാൽപ്പൊടിഞ്ഞുതിർന്നു. 48

---

43. പരാജിതൻ ജേതാവിൻെറ സന്നിധിയിൽ എത്രനേരം കരുത്തോടു കൂടി നില്ലും?

44. ചെയ്യേണ്ടുന്നവയെ 'പിന്നെയാവാം പിന്നെയാവാം' എന്നിങ്ങനെ നീട്ടിവെയ്ക്കുന്ന സമ്പ്രദായമാണ് ദീർഘസൂത്രം. താമരവളയവും ദീർഘമായ സൂത്രത്തോടു(നൂലോടു)കൂടിയതാണല്ലോ.

45. ഇഹ=ഇവിടെ (നെഞ്ചിൽ) ഹാരവാസം = മുത്തുമാലകളുടെ ഇരിപ്പ്; ഹരസംബന്ധിയായ വാസം (ശിവൻെറ പാപ്പ്) എന്നും. കാമൻ, രുദ്രനുള്ള ടത്തു നില്ലാൻ ധൈര്യപ്പെടുന്നതല്ലല്ലോ.

46. മുഗ്ദ്ധാ...വല്ലി = സുന്ദരമായ മുഖമാകുന്ന താമരപ്പൂവിൻെറ നീണ്ട മൃണാളം. സ്തന...ലഗ്ന = സ്തനങ്ങളിലെ (ചൂടുമാററാൻ പൂശിയ) ചന്ദനപങ്കം (ചന്ദനച്ചാറു്) ആകുന്ന പങ്കത്തിൽ (ചളിയിൽ) പററിയതു്.

47. മുത്തിനു സന്തോഷമെന്നും, മുക്താമണി എന്നും അർത്ഥം. അകത്തെ ദാരിദ്ര്യത്തെ പുറമോടികൊണ്ടു മറയ്ക്കാൻ നോക്കുന്നതു പ്രായേണ ലോകസ്വഭാവമാണല്ലോ.

48. ഘന...സാരം = കർപ്പൂരം ചേർത്ത ചന്ദനച്ചാറു്. ഘന...വേണി = ഘനസാരത്തെ (മേഘസൗന്ദര്യത്തെ) കളഞ്ഞ തലമുടിയോടുകൂടിയവറം.

Digitized By Kerala Sahitya Akademi

കളട്ടംഗനിനാദിഗന്ധമോലും
കളഭം തങ്കലണഞ്ഞിടുമ്പൊഴേററം
മിളദാമയയായ്, വിയോഗമാർന്നു—
ള്ളിളകും പത്മിനിയായൊരക്കുമാരി. 49

പടുതേന്മൊഴി തന്റെ മന്ദഹാസ—
ത്തൊടു മാത്സര്യമെഴും പടീരസാരം
കടുതാപമിവൾക്കു നീക്കുവാൻ നോ—
ക്കിടുമോ? തോഴികൾ പാഴ്വേല ചെയ്തു. 50

വിഷഭൃത്തുകളോടു ചേർച്ചമൂലം
വിഷമുൾപ്പെട്ടിതു ചന്ദനത്തിനെന്നോ!
വിഷഹിക്കരുതാഞ്ഞ,തിൻ വിലേപാൽ
വിഷമിച്ചു വിരഹാർത്തയാം കുമാരി. 51

നിജതോഴികൾ ശീതളദ്രവാർദ്ര—
വ്യജനംകൊണ്ടു ശരിക്കു വീശിടുമ്പോൾ,
ദ്വിജരാജമുഖിക്കു കാമധൂമ—
ധ്വജനൂർജ്ജസ്വലനായ്സമുജ്ജ്വലിച്ചു. 52

"ചിരമിങ്ങനെ വീശു തോഴി, വീണ്ടും
സ്മരഘോരാഗ്നി പടർന്നു കത്തിയെന്നെ
തരസാ പൊടിഭസ്മമാക്കുവാനെ"—
ന്നരചെയ്താളവൾ, വീശുമാളിയോടായ്. 53

സമയോചിതമീദൃശോപചാരം
സമനുഷ്ഠിച്ചിടുമാളിമാർക്കജസ്രം
ശ്രമദായകമാം സ്വജീവിതത്തെ—
സ്സുമനസ്സാമവൾ കേവലം വെറുത്തു. 54

---

49. ഗന്ധത്തിനു മദജലമെന്നും, കളഭത്തിനു് ആനക്കുട്ടി എന്നും, വിയോഗത്തിനു പക്ഷികളുടെ ചേർച്ച എന്നും, പത്മിനിക്കു് താമരപ്പൊയ്ക എന്നുംകൂടി അർത്ഥമെടുക്കണം. നാലുതരം സ്ത്രീജാതിയിൽവെച്ചു ശ്രേഷ്ഠയായ പത്മിനിയുടെ ലക്ഷണങ്ങൾ കാമശാസ്ത്രത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ടു്.

50. തന്റെ വൈരിയായ മന്ദഹാസത്തിന്റെ ആവിർഭാവത്തിനു ഹേതുഭൂതമായ താപശമനത്തെ വരുത്തുന്നതിൽ, പടീരസാരം വിമുഖമായിട്ടേ ഇരിക്കയുള്ളുവല്ലോ.

51. വിഷഭൃത്തുകൾ = സർപ്പങ്ങൾ. പാമ്പുകൾക്കു ചന്ദനവൃക്ഷവാസം പ്രിയതരമാണു്. വിലേപം = തേയ്ക്കൽ.

52. ശീത...ജനം = പനിനീർ മുതലായവ തളിച്ച വിശറി. കാമധൂമധ്വജൻ = കാമാഗ്നി. ഊർജ്ജസ്വലൻ = പ്രബലതരൻ. വീശുന്ന കാററു് അഗ്നിയെ ഉജ്ജ്വലിപ്പിക്കുമല്ലോ.

54. ഈദൃശോപചാരം = ഇപ്രകാരമുള്ള ശുശ്രൂഷ. സമനുഷ്ഠിക്ക = നന്നായിച്ചെയ്യുക. ശ്രമദായകം = ക്ലേശതരം. സുമനസ്സ് = നിർമ്മലഹൃദയം.

Digitized By Kerala Sahitya Akademi

പരിതാപശമാഭ്യുപായമോക്ഷം
പരിചുള്ളാളികളാൽ ഗൃഹീതയായി;
കരിയാമിനിയന്നൊരിക്കൽ മേട—
ഞ്ഞുരികത്തുള്ളൊരു പുഷ്പവാടി പുക്കാൾ. 55

പുരുപുഷ്പസമൃദ്ധിപൂണ്ട നാനാ—
തരുവല്ലീനിര തിങ്ങുമാ പ്രദേശം
ഒരു ഭീതി, വിയുക്തയാമിവൾക്ക—
ന്നരുളീ പുഷ്പശരാസ്ത്രശാലപോലെ. 56

ഭുവനാക്ഷിമനോഹരം, വസന്തോ—
ത്സവലക്ഷ്മീവിളയാട്ടമാർന്നമൂലം
നവമാമഴകൊത്തൊരാ മലക്കാ—
വവൾതൻ ചേതസി പീഡ ചേർത്തു വീണ്ടും. 57

ചുണപൂണ്ട നൃപാത്മജാജയത്തിൽ—
ക്കിണയും പഞ്ചശരന്നു, വേണ്ടിവന്നാൽ
തുണചെയ്‌വതിനോ, ചിരാലവങ്കൽ
പ്രണയം വായ്ച്ച വസന്തമങ്ങണഞ്ഞു! 58

അരുണാധരിയെ ക്ഷണേന നില്പാ—
നരുതാത്താർത്തി കലൎന്നു കാൺകയാലേ,
പുരുസംഭ്രമമോടു തോഴിമാര—
ങ്ങൊരു വെൺകൽക്കളിർതിണ്ണമേൽക്കിടത്തി. 59

പടുതോഴികൾ പാരമാശ്വസിപ്പി—
ച്ചിടുമപ്പേശലഗാത്രി പേർത്തുപേർത്തും
ചുടുവീർപ്പുകളിട്ടു ചുണ്ടു വാട്ടി—
ക്കടുഖേദാകുലമായ്‌ക്കഥിച്ചിതേവം: 60

''സുമബാണശതങ്ങൾ, പഞ്ചബാണ—
ന്നമരാടാനുളവാക്കിടും വസന്തം
പ്രമദാൽപ്പെരുമാറുമീ സ്ഥലത്തോ
മമ സൗഖ്യം വരുമെന്നുറച്ചു നിങ്ങൾ? 61

വിടരും പല പൂക്കൾ കണ്ടു വണ്ടിൻ—
പടലം പാടിമുരണ്ടിടുന്ന ഘോഷം

---

55. ഗൃഹീത = ഗ്രഹിക്ക(പിടിക്ക)പ്പെട്ടവൾ.
56. പുഷ്പ...ശാല = കാമൻെറ ആയുധശാല.
57. ഭുവ...ഹരം = ലോകങ്ങളുടെ കണ്ണും കരളും കവരുന്നതു്!
58. ജയിക്കപ്പെടേണ്ടവൾ രാജപുത്രി; കാമനോ പഞ്ചശരൻ; ഈ സ്ഥിതിക്ക് അവൻെറ മിത്രമായ വസന്തം സഹായത്തിന്നെത്തുന്നതു് ആവശ്യമാണല്ലോ.
61. സുമബാണശതങ്ങൾ = അസംഖ്യം പൂവമ്പുകൾ. പ്രമദാൽ = വലിയ ഗർവാൽ.

Digitized By Kerala Sahitya Akademi

സ്ഫുടമാമൃതുരാജഘോഷയാത്രാ—
പടഹച്ചാർത്തൊലിപോലുയർന്നിടുന്നു. 62

ഒരു നീറൽ, വിഷംകണക്കു മെയ്യി—
ന്നരുളുന്നീച്ചെറുതെന്നൽ തെന്നലല്ലാ;
പെരുതാകിയ ചന്ദനാദ്രിയിന്മേൽ
മരുവും പാമ്പുകളൂതിടുന്നതത്രേ. 63

അവിയുക്തജനങ്ങളെക്കുഴക്കാ—
നിവിടെ ത്രാണിപെടാഞ്ഞു ദുർവസന്തം
സ്വവിഭംഗമിതോർത്തു വീർപ്പിടുന്നു
സവിഷാദം, മൃദുലാനിലച്ഛലത്താൽ. 64

ഭുവനാന്തകദിക്കുകാരനാമീ—
പ്പവനൻ വന്നതിൽ ഞാൻ വൃഥാ രസിച്ചു;
ഇവനെന്നുയിർ കൊണ്ടുപോയിടാതേ,
വിവശാവസ്ഥ വളർക്കയാണു വീണ്ടും. 65

പരപുഷ്ടകദുഷ്ടരെൻ ചെകിട്ടിൽ—
ത്തരസാ പഞ്ചമരാഗകൈതവത്താൽ,
ഹരനേത്രഹുതാശതപ്തമാകും
സ്മരനാരാചമിതാ, കടത്തിടുന്നു!'' 66

''കളഗാനമിതൊന്നു നിർത്തി, നീയൊ—
ട്ടിളതാം മാന്തളിരുണ്ടു വിശ്രമിക്കൂ!
കളകണ്ഠ, രസം കലർന്നിവണ്ണം
വളരെപ്പാടുകിൽ വായ്കഴയ്ക്കുമല്ലോ. 67

പികമേ, മമ പഥ്യവാക്കു കേട്ടി—
ട്ടുകയാലോ തവ കൺ ചുകന്നു, കൊള്ളാം;
പക തൻകുലപോഷകർക്കുമേറ്റം
വകയല്ലേ പരപുഷ്ടരായ നിങ്ങൾ?'' 68

---

62. പടലം = കൂട്ടം. ഋതുരാജൻ = വസന്തം.

64. അവിയുക്തജനങ്ങൾ = വിരഹികളല്ലാത്ത ജനങ്ങൾ. സ്വവിഭംഗം = തന്റെ തോല്വി. സവിഷാദം = മനോഭംഗത്തോടുകൂടി. മൃദു...ച്ഛലത്താൽ = മന്ദമാരുതവ്യാജേന.

65. ഭുവ...കാരൻ = തെക്കൻ. പവനൻ = കാററു്.

66. പര...ദുഷ്ടർ = ദുഷ്ടരായ കുയിലുകൾ. ഹര...തപ്തം = ശിവന്റെ കണ്ണിലെ തീയ്യുതട്ടി ചുട്ടുപഴുത്തതു്. സ്മരനാരാചം = കാമബാണം.

67. കളകണ്ഠ = കുയിലേ!

68. കുലപോഷകർ = വംശത്തെ വളർത്തുന്നവർ (കാക്കകൾ). കുയിലുകൾ പൊതുവേ ലോഹിതാക്ഷങ്ങളും, തങ്ങളെ പോററിവളർത്തുന്ന കാക്കകളോടു വൈരമുള്ളവയുമാകുന്നു.

Digitized By Kerala Sahitya Akademi

''സ്മരബന്ധു വസന്തമാളിമാരേ,
വിരഹിക്കുട്ടരെയൊക്കെ വെന്തെരിപ്പാൻ,
നിരപായമശോകശാഖിതോറും
വരപുഷ്പക്കനൽ ശേഖരിച്ചിടുന്നു. 69

സ്മരനായുധമാണിതെന്നറിഞ്ഞും
ദുരശോകങ്ങളിലാശു പൂവുദിപ്പാൻ
ചരണത്തളിരാൽ വളം കൊടുക്കും
തരളാപാംഗികളെത്ര സാഹസക്കാർ! 70

ശിവനേ, സഹകാരമോടു ചേർന്നീ
നവമല്ലീലത നല്ല പൂക്കളാലേ
അവലേപവശാൽ ഹസിച്ചിടുന്നു,
വിവശപ്പെട്ട വിയുക്തയാകുമെന്നെ. 71

വിരഹിവ്രജരക്തഭുക്തിചെയ്യും
ദുരഹങ്കാരി വസന്തരാക്ഷസൻെറ
പരമോൽക്കടദംഷ്ട്രയെജ്ജനാന്തഃ—
കരണഭ്രാന്തി പലാശപുഷ്പമാക്കീ. 72

സുമചാപനു ചാപമൗർവിയാകും
ഭ്രമരൗഘത്തെയടുത്തു കിട്ടിയെന്നാൽ
വിമഥിച്ചുവിടും മണംകലർന്നീ—
യമരും ചമ്പകമെത്ര പുണ്യശാലി! 73

ഒരു വാസന, കണ്ണികാരമാകും
തരുവിൻപൂവിനു പൂജ്യമാണുപോലും;
ഗുരുവാമഴൽ മന്ദഭാഗ്യയാം മേ
തരുവാൻ വാസന വേണ്ടതുണ്ടിതിന്നും! 74

---

69. വരപുഷ്പക്കനൽ = നല്ല പൂവാകുന്ന തീക്കനൽ.

70. ദുരശോകങ്ങൾ = ദുഷ്ടങ്ങളായ അശോകങ്ങൾ. ആശു = വേഗത്തിൽ. അകാലത്തു് എന്നു ഭാവം. സുന്ദരിമാരുടെ പാദതാഡനം അശോകവൃക്ഷങ്ങളെ പുഷ്പിപ്പിക്കുമത്രേ.

71. സഹകാരം = മാവു്. നവമല്ലീലത = പുതിയ മുല്ലവള്ളി, അനുരൂപനായ ഭർത്താവോടു ചേന്ന യുവതി എന്നു പ്രതീതി. അവലേപവശാൽ = ഗർവ്വിനിമിത്തം. വിയുക്ത = വിരഹിണി.

72. വിരഹിവ്രജരക്തഭുക്തി = വിരഹികളുടെ ചോര കുടിക്കൽ. ജനാ... ഭ്രാന്തി = ജനങ്ങളുടെ മനസ്സിലുള്ള തെററിദ്ധാരണ. വിരഹികളുടെ ദേഹം വിളർക്കുമാറു് തദ്രക്തപാനംചെയ്തു തകക്കുന്ന വസന്തമാകുന്ന രാക്ഷസൻെറ ഉഗ്രദംഷ്ട്രയെ പലാശപുഷ്പം (പ്ലാശിൻപൂവു്) ആണെന്നു ജനങ്ങൾ തെറ്റിദ്ധരിക്കുന്നു.

73. സുമചാപൻ = കാമൻ. ചാപമൗർവി = വില്ഞാണു്. ഭ്രമരൗഘം = വണ്ടിൻകൂട്ടം. ''ധനുഃ പൗഷ്പം മൗർവീ മധുകരമയീ'' എന്നു പ്രസിദ്ധം. വിമഥിക്ക = മട്ടിക്ക. ചമ്പകപുഷ്പഗന്ധം വണ്ടുകൾക്കു മരണകരമാണു്.

74. ആദ്യത്തെ വാസനയ്ക്കു് സൗരഭ്യമെന്നും, രണ്ടാമത്തേതിനു താൽപര്യമെന്നും അർത്ഥം. ഗുരു = കനത്തതു്.

Digitized By Kerala Sahitya Akademi

മുതിരുന്ന വസന്തനാളിലാപ-
ത്തതിമാത്രം വിരഹിവ്രജത്തിനെല്ലാം;
അതിനാലെ, 'വസന്ത'മെന്നു ചൊല്ല-
ന്നതിനാപന്മയമെന്നൊരർത്ഥമുണ്ടായ്." 75

"സുരതുല്യ, വസന്ത, വേദരത്നാ-
കരമാം ബ്രഹ്മനിൽനിന്നു ജാതനാം നീ
പരമിപ്പടി വിപ്രയോഗിഹിംസാ-
പരനായ്ത്തീർന്നതിനെന്തു ഹന്ത, ബന്ധം! 76

ഭുവനത്തെ വസന്തമേ, മുടിക്കും,
തവ ദുശ്ചേഷ്ടിതമെന്നൊരിണ്ടൽകൊണ്ടോ
വിവശം നെടുവീർപ്പുവിട്ടു മുന്നേ
വേദൽപ്പാദനതൽപരൻ വിരിഞ്ചൻ!" 77

"മധുരപ്രണയാർദ്രനായ്ത്തുണയ്ക്കി
മധുവെക്കൂട്ടി മദാന്ധനാം മനോജൻ
വിധുചൂഡനൊടേററു വെന്തടിഞ്ഞു:
മധുസേവാഫല,മാത്മനാശമല്ലോ. 78

വിധുരക്ക് വിപത്തണയ്ക്കുവോരീ
മധുവെ സ്വാത്മജമിത്രമെന്നുവെച്ചോ,
വിധുരാവനജാഗരൂകനാകും
മധുവിദ്വേഷി വധിച്ചിടാതിരുന്നു. 79

ഘൃണയററു വിയോഗിപീഡനത്തി-
ന്നണയും ദുഷ്ടവസന്തമോടിദാനീം

---

75. ഒന്നിലധികം ആപത്തുകൾ നേരിടുമ്പോൾ, അതിനെ വസന്തമെന്നു ചിലേടങ്ങളിൽ ജനങ്ങൾ പറയാറുണ്ട്.

76. വേദരത്നാകരം = വേദങ്ങളാകുന്ന രത്നങ്ങളുടെ വിളനിലം. വിപ്ര... പരൻ = വിപ്രയോഗികളുടെ (വിരഹികളുടെ, ബ്രാഹ്മണസന്യാസികളുടെ എന്നും) ഹിംസയിൽ തൽപരൻ.

77. വേദൽപ്പാതനതൽപരൻ = നിന്നെ സൃഷ്ടിപ്പാൻ ഒരുങ്ങിയവൻ. ശ്രീ മഹാശിവപുരാണം, രുദ്രസംഹിത, ദ്വിതീയഖണ്ഡം എട്ടാമദ്ധ്യായത്തിൽ ബ്രഹ്മാവിൻെറ വാക്കായ,

"ചിന്താവിഷ്ടസ്യ മേ തിസ്യ നിശ്വാസോ യോ വിനിസ്സൃതഃ
തസ്മാദ്വസന്തഃ സഞ്ജാതഃ പുഷ്പവ്രാതവിഭൂഷിതഃ"

എന്ന ശ്ലോകമാണ്, വസന്തോല്പത്തി ബ്രഹ്മനിശ്വാസത്തിൽനിന്നാണെന്നുള്ളതിന്നു പ്രമാണം.

78. മധുവെ = വസന്തത്തെ. വിധുചൂഡൻ = ശിവൻ. മധുസേവാഫലം = മദ്യപാനത്തിൻെറ ഫലം.

79. വിധുരപദത്തിനു വിരഹികളെന്നും, ആത്മന്മാരെന്നും, അർത്ഥമുണ്ട്. സ്വാത്മജമിത്രം = സ്വാത്മജൻെറ (കാമൻെറ) സ്നേഹിതൻ. മധുവിദ്വേഷി = മധു എന്ന അസുരനെ നിഗ്രഹിച്ചവൻ (വിഷ്ണു.)

Digitized By Kerala Sahitya Akademi

"ക്ഷണമെൻ മലർവാടി വിട്ടുപൊയ്ക്കൊ-
ള്ളണ'മെന്നോതുക തോഴി, മദ്വചസ്സാൽ.'' 80

''താപം മുത്തു വസന്തമേ, വിവശയാം
ഞാനങ്ങയെക്കൊണ്ടധി-
ക്ഷേപം ചൊന്നതിനെ,ന്നസുക്കളം പിഴയായ്—
ക്കല്പിച്ചു വാങ്ങി ക്ഷണാൽ
പാപം നീക്കിയനുഗ്രഹിക്ക, മറുജ-
ന്മത്തിൽ ശരിക്കാ യുവ-
ക്ഷ്മാപൻതൻ കഴൽ ചേരുമാറടിയനെ
ബ്രഹ്മാത്മജാതൻ ഭവാൻ!'' 81

''ഘോരം പ്രേയോവിയോഗവ്യസനമിതൊതനാളം—
പോലുമിന്നിസ്സഹിപ്പാൻ
പോരല്ലോ തോഴിമാരേ, പരമവിവശ ഞാൻ;
പിന്നെയോ മൂന്നുമാസം?
ദൂരസ്ഥം ദേശവും, കാലവു; മിതിനകമാ-
ക്കെന്തു പററീടുമെന്നി-
ങ്ങാരയ്യോ, കണ്ടിരിപ്പൂ? വിധിയുടെ വിളയാ—
ട്ടങ്ങളം നാനാവിധങ്ങളം. 82

എന്നാലി,ത്തോഴിമാക്കെൻ പരിചരണപരി—
ക്ലേശമേല്ക്കേണ്ട മേലാ—
ലെന്നാക്കി,ക്കെട്ടൊരെൻ ജീവിതമുടനെയെടു—
ക്കേണമേ ദൈവമേ, നീ!''
എന്നാർത്തിപ്പെട്ടപേക്ഷിച്ചിടുമവള,തിസം—
ഭ്രാന്തി കണ്ടാലെവന്നും
വന്നാളംമാറു വല്ലാത്തൊരു നിലയിലക—
പ്പെട്ടു നിശ്ചേഷ്ടയായി. 83

അന്നേരത്താളിമാർതൻ കരുണകളകളം
കേട്ടു വൃത്താന്തമോടി—
ച്ചെന്നേറെസ്സംഭ്രമത്തിൽപ്പരിജനമറിയി—
ച്ചപ്പൊഴ്,വേഗമോടും

80. ഘൃണ = ദയ. മദ്വചസ്സാൽ = എൻെറ വാക്കാൽ.

81. അസുക്കളം = പ്രാണങ്ങളം. സാക്ഷാൽ ബ്രഹ്മാവിൻെറ പുത്രനു പാപം നീക്കി അനുഗ്രഹിപ്പാൻ അഹ്തയുണ്ടല്ലോ.

82. പ്രേയോ...സനം = പ്രിയവിരഹദുഃഖം.

83. പരി...ക്ലേശം = ശുശ്രൂഷാക്ലേശം. അതിസംഭ്രാന്തി = ഏററവും പരിഭ്രമം. നിശ്ചേഷ്ടയായി = മൂർച്ഛിച്ചുവീണു.

Digitized By Kerala Sahitya Akademi

വന്നേറിത്തത്ര താരാവലിയുടെ പിതൃമാ—
താക്കൾ 'ഭദ്രം കുമാരി—
ക്കെ'ന്നേവം ബോധമാർന്നേററടിയിണ പണിയും
പുത്രിയെപ്പുണർന്നുകൊണ്ടാർ. 84

'ആലസ്യം തയ്യൽ താങ്ങില്ലിഹ ദുഃഖ;—മളകാ—
ധീശനെൻ മിത്രമല്ലോ,
വൈലക്ഷ്യം പിന്നെയെന്താണിതിലി?വളെ വിവാ—
ഹത്തിനങ്ങോട്ടയയ്ക്കാം;
കാലക്ഷേപം സഹിപ്പാൻ, കണവനുടെയട—
ത്താകിലുണ്ടാം കരുത്തീ—
ബ്ബാലയ്ക്കെ'ന്നോതിയുറച്ചാൻ സഭയിലഥ വധൂ—
താതഭൂപൻ സഭാര്യൻ. 85

അപ്പടിക്കവെനടത്ത നൽത്തിഥിയിലുത്തമോപകരണാഢ്യമാം
കപ്പലേററിയഥ യാത്രയാക്കിയളകാപുരിക്ക നിജപുത്രിയെ;
അപ്പയോജമുഖി താതമന്ത്രിയുടെ രക്ഷയിൽപ്പരിജനങ്ങളോ—
ടൊപ്പമുൽക്കടവിശങ്കടക്കടൽവഴിക്ക പോന്നിതുദിതോത്സുകം.

ഒട്ടനാളുകളിലനിഷ്ടമൊന്നുമണയാതെ ദൂരവഴിയാശു പി—
ന്നിട്ടു പോരുമവരുതന്റെ കപ്പൽ—വിധിയോഗമെന്തു പറ
യേണ്ടു ഹാ;
മട്ടു മാറിയിളകിച്ചുമഞ്ഞുലറുമാഴിയിൽ,ക്കൊടിയ കാറ്റിലുമ—
പ്പെട്ടടഞ്ഞിതതിലുള്ള കൂട്ടരുടെ ജീവിതസ്പൃഹയൊടൊപ്പമേ!

ആ മാന്യപ്രിയദർശനോത്സവമട—
ത്താകും ക്ഷണംതോറുമേ
സീമാതീതമനോരഥങ്ങളകമേ
ചിന്നുന്ന തന്വംഗിയെ
പ്രേമാവാസപിതാക്കൾതൻ മടിയിൽനി—
ന്നാകർഷണംചെയ്തിതാ,
ഭീമാംഭോധിയിലാഴ്ത്തിയിട്ടു ശിവനേ,
പെട്ടെന്നു ദുഷ്ടൻ വിധി. 88

84. കരുണകളകളം = കോലാഹലം. ഉദ്വേഗം = നെഞ്ചിടിപ്പ്. തത്ര = അവിടെ (പുകാവിൽ). പിതൃമാതാക്കൾ = വസുദത്തനും മകരാക്ഷിയും. ഭദ്രം കുമാരിക്ക് = മകൾക്ക മംഗളം ഭവിക്കട്ടെ. എന്നേവം = എന്നു പറഞ്ഞുകൊണ്ട്.

85. ആലസ്യം = പാരവശ്യം. ഇഹ = ഇവിടെയായാൽ. വൈലക്ഷ്യം = ലജ്ജ. കാലക്ഷേപം = കാലതാമസം. വധൂതാതഭൂപൻ = വസുദത്തൻ.

86. ഉത്ത...ണാഢ്യം = വേണ്ടുന്ന ഉപകരണങ്ങൾ ധാരാളമുള്ളത്. വിശങ്കടം = വരപ്പുള്ളത്. ഉദിതോൽസുകം = ഉൽക്കണ്ഠയോടെ.

87. ജീവിതസ്പൃഹ = ജീവിക്കുന്നതിനുള്ള ആഗ്രഹം.

88. പ്രേമാ...താക്കൾ = പ്രേമത്തിന്നിരിപ്പിടങ്ങളായ അച്ഛനമ്മമാർ.

Digitized By Kerala Sahitya Akademi

ആരീയാപത്തു ബന്ധുപ്പരിഷയൊടറിയി-
　　പ്പാനു?—മക്കപ്പൽയാത്ര-
ക്കാരീടേറും കടൽക്കോളിനു പരമിരയായ്—
　　ത്തീർന്നിതെപ്പേരുമൊപ്പം;
''ഈരീതിക്കുള്ള രത്നം വെടിയുക ശരിയ—
　　ല്ലെ''ന്നുവെച്ചോ, പിടിച്ചാ
നാരീരത്നത്തെ രത്നാകരമഹഹ, ബലാ—
　　ലന്നു തൻ കീഴടക്കി! 89

പണ്ടാത്മാധീനയാകും രമ സുരഹൃതയായ്—
　　പ്പോയ ഹാനിക്കു, നിന്നാൽ
തണ്ടാർമാതൊത്ത താരാവലി സലിലനിധേ,
　　നീതയായെന്നു കേട്ടാൽ,
കൊണ്ടാടത്തക്കമെട്ടാമിവളുടെ നിനവേ
　　ചേർന്നൊരച്ചന്ദ്രസേന—
നുണ്ടാം പ്രക്ഷോഭമെന്നോർത്തിവിടെ വിടണമേ
　　രാമവീര്യജ്ഞനാം നീ! 90

ഇങ്ങനെ താരാവലീസമുദ്രപാതം ആറാം സർഗ്ഗം

ഏഴാം സർഗ്ഗം

ഘോരാപത്തിത്തുവിധമാത്മജീവനാഡി—
ക്കാരാലേറ്റൊരു കഥ ചെറ്ററിഞ്ഞിടാതേ,
ആ രാമാമണിയുടെ വേളിവേള താനും—
ത്താരാലോത്ഥുകയിൽ വാണു ചന്ദ്രസേനൻ. 1

ചെന്നാത്മപ്രണയിനിയോടു ചേരുവാനു—
ള്ളന്നാളിന്നിടയിലെഴുന്ന വാസരങ്ങൾ
ഒന്നായിട്ടറുപതു നാഴികയ്ക്കു നാലു—
ഞ്ചെന്നാലും ബത, കഴിയാഞ്ഞവൻ മുഷിഞ്ഞു. 2

---

89. രത്നാകരമുണ്ടോ ഉത്തമരത്നത്തെ ഉപേക്ഷിക്കുന്നു?

90. ആത്മാധീന = സ്വാധീന. രമ = ലക്ഷ്മി. സുരഹൃത = ദേവകളാൽ അപഹരിക്കപ്പെട്ടവൾ. ഹാനിക്കു = കുറവുതീർപ്പാൻ. നീത = കൊണ്ടുപോകപ്പെട്ടവൾ. നിനവേ = വിചാരംമാത്രം. രാമവീര്യജ്ഞൻ = രാമന്റെ വീര്യത്തെ അറിയുന്നവൻ. വിടാഞ്ഞാൽ നിനക്കു പണ്ടു രാമന്റെ കോപംനിമിത്തം ഉണ്ടായതുപോലെയുള്ള അസ്വാസ്ഥ്യം തത്തുല്യനായ ചന്ദ്രസേനന്റെ ക്ഷോഭംകൊണ്ടും സംഭവിച്ചേക്കാം.

1. ആത്മജീവനാഡി = തന്റെ പ്രാണൻ (താരാവലി). ആരാൽ = ദൂരത്തുവെച്ച്. രാമാമണി = സുന്ദരീരത്നം വേളിവേള = വിവാഹസമയം.
2. വാസരങ്ങൾ = ദിവസങ്ങൾ.

Digitized By Kerala Sahitya Akademi

പ്രേമത്താലവനനിശം മനസ്സിലോർക്കു—
ന്നോമൽപ്പെൺമണിയുടെ യാനമേതുമട്ടോ,
ആമട്ടിൽദ്ദിനതതിയാനവും സമുൽക്ക—
ണ്ഠാമഗ്നന്നതിതരമന്ദമെന്നു തോന്നീ. 3

നീണ്ടും, തൻ ഗതിയിലതീവ മന്ദഭാവം
പൂണ്ടും, ദ്ദീനവടിവാർന്നൊരാദ്ദിനൗഘം
വീണ്ടും സോത്സുകതരനാമിവന്നു താപം
തീണ്ടുംമാറൊരു 'ശനി'യായ്ച്ചമഞ്ഞു മുററും. 4

'ചെററില്ലങ്ങിളവ,തുകൊണ്ടു കാലചക്രം
ചുററിക്കുന്നവനിഹ കൈ കഴയ്ക്കയാലോ
പററിപ്പോയ് ദിനഗതിമാന്ദ്യ'മെന്നകക്കെ—
ല്പററിട്ടാസ്സുഖികളൊടോതിനാൻ കുമാരൻ. 5

സൂതാഗ്ര്യൻ ഗരുഡസഹോദരൻ തെളിക്കും
വാതാശ്വത്തലവർ വഹിച്ച തേരിലേറി
വീതാഘം വിയതി ചരിക്കുമീ രവിക്കും
കൈതാന്നു ഗതിജവമെന്നവന്നു തോന്നീ. 6

'അത്താരാവലിയൊടു ചേർന്നു ഞാനുമങ്ങ—
ള്ളോത്താളായ് വിലസിടുമന്നുതൊട്ടു നിത്യം
സത്താമങ്ങിതുവിധമേറെ നീണ്ടുകൊൾകെ'—
ന്നത്താപാകുലനവനല്ലിനോടു ചൊല്ലീ. 7

ലോലാത്മാവവനു മഹോത്സവങ്ങൾ തിങ്ങി—
ച്ചേലാർന്നപ്പുരിയിൽ വിനോദഹേതു രണ്ടേ;
നീലാക്ഷീമണിയുടെ ചിത്രവും, നറും ന—
ർമ്മാലാപം പ്രിയസഖരൈവർ ചെയ്വതും താൻ. 8

ആരോമൽപ്പരിണയലഗ്നമൊട്ടടുപ്പി—
ച്ചോരോരോ ഞൊടിയിടയും ഗമിച്ചിടുമ്പോൾ,

---

3. ദിനതതിയാനം = ദിവസക്കൂട്ടത്തിൻെറ പോക്ക്. സമുൽക്കണ്ഠാമഗ്നൻ = ഔത്സുക്യത്തിൽ മുഴുകിയവൻ. അതിതരമന്ദം = ഏററവും പതുക്കെയുള്ളത്.

4. സോത്സുകതരൻ = അത്യുൽക്കണ്ഠിതൻ. ശനി=ഉപദ്രവകരം. ആ ദിനൗഘത്തിനു (വിവാഹത്തിന്നിടയ്ക്കുള്ള ദിവസങ്ങൾക്ക്) പറഞ്ഞ വിശേഷങ്ങളെല്ലാം ശനിഗ്രഹത്തിനും യോജിക്കും. ശനിയുടെ നീളം (ശരീരദൈർഘ്യം, മന്ദത, ദ്ദീനവടിവ് (കറുപ്പ്), ദുഃഖകരത്വം ഇവ ജ്യോതിഃശാസ്ത്രപ്രസിദ്ധങ്ങളാകുന്നു.

5. ഇളവ്=വിശ്രമം. ദിനഗതിമാന്ദ്യം=ദിവസങ്ങളുടെ പോക്കിനു മന്ദത.

6. ഗരുഡസഹോദരൻ = അരുണൻ. വാതാശ്വത്തലവർ=കാററുപോലെ വേഗമുള്ള മികച്ച കുതിരകൾ. വീതാഘം = ദുഃഖം കൂടാതെ; തടവില്ലാതെ എന്നു സാരം. വിയതി=ആകാശത്തിൽ കൈതാന്നു=കുറഞ്ഞു. ഗതിജവം=ഗമനവേഗം.

7. സത്ത് = നല്ലവൻ. ഉത്താപം = ഉയൻ്ന താപം. അല്ല് = രാത്രി. താരാവലിക്ക് നക്ഷത്രസമൂഹമെന്നും അർത്ഥമുണ്ടല്ലോ.

8. നറും നർമ്മാലാപം = മധുരമായ കേളീസല്ലാപം.

Digitized By Kerala Sahitya Akademi

ദൂരോൽക്കണ്ഠിതനവനാശ്വസിച്ചയയ്ക്കും
സ്ഫാരോച്ഛ്വാസവുമനുയാത്രചെയ്തിരുന്നു. 9

അത്താരാവലിയെ നിജാശയത്തിലിച്ഛ—
യ്യോത്താഴ്ത്തീടിന കടലികളെന്നപോലേ,
തത്താദൃശദശ പെട്ടമായവങ്കലന്നാ—
ളുത്താളപ്രചുരമനോരഥോർമ്മി ചിന്നീ. 10

കിമാംഭോനിധിതലമാണ്ട തന്വിയാളെ—
ങ്ങീ? മാന്യന്നുഭയമനോരഥങ്ങളെങ്ങോ?
വാമാവസ്ഥയിലമരും വിധിക്കു, ദേഹി—
സ്തോമാശാവിഘടനമല്ലയോ വിനോദം! 11

ആ രാജാത്മജനി,ഹ തന്റെ ജീവിതത്തെ
സ്വാരാജ്യോത്സവമയമാക്കുമാ മുഹൂർത്തം
ദൂരാലെത്തിടുമളവെ,ത്രതന്നെയുള്ളാ—
ലാരാധിക്കിലുമൊരു തൃപ്തി വന്നതില്ല. 12

എത്തേണ്ടും സുദിനമടുത്തവാറു വേളി—
ക്കു,ത്തേജസ്വിയലിന കൊച്ചുതമ്പുരാനെ
മുത്തേന്തി ശ്വശുരപുരത്തിലേക്കയെപ്പാ—
നൊത്തേർപ്പാടുകളഥ ചെയ്തു താതഭൂപൻ. 13

വീരശ്രീയുവനൃവരോപയാമയാത്രാ
പ്രാരംഭപ്രസൃതമഹോത്സവോദയത്താൽ
പൗരന്മാരഖിലരുമൊന്നുപോലെ ഹർഷി—
ച്ചാരമ്യം പുരമൊരപൂർവ്വമോടി തേടി. 14

സല്ലാപം നൃപസുതവേളിയാത്രയെക്കൊ—
ണ്ടല്ലാതില്ലെവിടെയുമപ്പുരത്തിലെന്നായ്;
ഉല്ലാസം പെരുകിന പൗരർതൻ തിരക്കും,
വല്ലാതേ കളകളവും ക്രമാൽ വളർന്നു. 15

---

9. ദൂരോൽക്കണ്ഠിതൻ=അത്യുത്സുകൻ. സ്ഫാരോച്ഛ്വാസം = ദീർഘശ്വാസം. വല്ലവിധത്തിലും ഒരുനിമിഷനേരം കഴിഞ്ഞുപോകുന്നതുതന്നെ അവനു നെടുവീർപ്പുണ്ടാകുമാറ് ആശ്വാസപ്രദമായിരുന്നു.

10. നിജാശയത്തിൽ = തന്റെ അടിത്തട്ടിൽ. തത്താദൃശദശ = താരാവലിയെ നിജാശയത്തിൽ (തന്റെ മനസ്സിൽ) ആഴ്ത്തുക എന്ന സമുദ്രതുല്യമായ അവസ്ഥ. ഉത്താള...രഥോർമ്മി = ഉയർന്ന വളരെ മനോരാജ്യമാകുന്ന തിരമാല.

11. വാമാവസ്ഥ=പ്രതികൂലസ്ഥിതി. ദേഹി...നം=പ്രാണിവർഗ്ഗത്തിന്റെ ആഗ്രഹങ്ങളെ കെടുക്കൽ.

12. ഇഹ=ഭൂമിയിൽ. സ്വാരാ...മയം=സ്വർഗ്ഗസുഖപൂർണ്ണം. ദൂരാൽ=അകലത്തുനിന്ന്. തൃപ്തി = അലംഭാവം.

13. മുത്ത് = സന്തോഷം. ശ്വശുരപുരം = സമ്മല്ലലം.

14. വീര...ദയത്താൽ=യുവരാജാവിന്റെ വിവാഹയാത്രാരംഭത്താൽ വ്യാപിച്ച മഹോത്സവസമൃദ്ധിയാൽ. അപൂർവ്വമോടി = നൂതനഭംഗി.

Digitized By Kerala Sahitya Akademi

തന്നാലേ ചിരമഭിവാഞ്ഛിതം വിവാഹ–
ത്തിന്നായിസ്സുതനെയയയ്ക്കുകെന്ന കാര്യം,
മന്നാളും പ്രഭുവഥ നല്ലനാളിൽ വേണ്ടും
സന്നാഹത്തൊടു സകളത്രനായ് നടത്തി. 16

ദോഷജ്ഞപ്രിയസഖക്ലൃപ്തവേളിയാത്രാ–
വേഷത്താൽ സുഭഗതമൻ കുമാരനന്നാൾ,
തോഷശ്രീയുടയ പിതാക്കളെ,സ്സകൗതു–
ന്മേഷം ചെന്നവനതമൗലിയായ് വണങ്ങി. 17

പീനാഹ്ലാദമൊടവരും 'കുമാരനായു–
ഷ്മാനാകെ!' ന്നിടറിന തൊണ്ടകൊണ്ടു ചൊല്ലി
നാനാനൽപ്പുടയ ഗൃഹസ്ഥഭാവമേന്തീ–
ടാനായ്പ്പോം മകനുടെ മൂർദ്ധ്നി കൈകൾവെച്ചു. 18

കാലമ്പിൽ തൊഴുത കുമാരനെ ധരിത്രീ–
പാലൻ സപ്രിയനഥ മാറണച്ചു പുല്കി,
ആലക്ഷ്യോല്പുളകമനുഗ്രഹിച്ചു വീണ്ടും
നാലംഗപ്പടയൊടുകൂടി യാത്രയാക്കി. 19

ഓരോരോ ശുഭവിധി ചെയ്തു തൻ ഗുരുക്ക–
ന്മാരോടൊക്കെയുമടികുപ്പി യാത്രചൊല്ലി;
ആരോമൽസ്സഹചരരാകുമഞ്ചമാത്യ–
ന്മാരോടൊത്തവനിപസൂനു നിർഗ്ഗമിച്ചു. 20

സൽക്കാന്താസമുദയരത്നലാഭമായോ–
രിക്കാര്യം വരുവതിനാരൊരാദിമൂലം,
അക്കാത്യായനിയൊടു,മക്കൃതജ്ഞനമ്പൊ–
ത്തുൾക്കാമ്പാലനവധി വന്ദനം പറഞ്ഞു. 21

പിമ്പാ,രാലെഴുമൊരു കൊമ്പനാനതൻ ന–
ല്ലമ്പാരിച്ചമയമണിപ്പുറത്തു കേറി,

---

16. അഭിവാഞ്ഛിതം=ആഗ്രഹിക്കപ്പെട്ടത്. മന്നാളും പ്രഭു = മഹാസേനൻ. സന്നാഹം = ഒരുക്കം. സകളത്രൻ = ഭാര്യയോടുകൂടിയവൻ.

17. ദോഷ...വേഷം = അററകുററങ്ങളറിയുന്നവരായ പ്രിയസഖന്മാർ (സുബാഹുമുഖ്യന്മാർ) അണിയിച്ച വിവാഹയാത്രാവേഷം. സുഭഗതമൻ=സൗന്ദര്യം കൂടിയവൻ. തോഷശ്രീ = സന്തോഷസമൃദ്ധി. സകൗതുകോന്മേഷം = കൗതുകോന്മേഷങ്ങളോടുകൂടി. അവനതമൗലി = തലകുനിഞ്ഞവൻ.

18. പീനാഹ്ലാദം = വലിയ സന്തോഷം. ആയുഷ്മാൻ = ദീർഘായുസ്സോടുകൂടിയവൻ. നാനാനല്പം = പലഗുണം. മൂർദ്ധ്നി = തലയിൽ.

19. സപ്രിയൻ = സഭാര്യൻ. ആലക്ഷ്യോൽപുളകം = വെളിവായിപ്പൊങ്ങിയ രോമാഞ്ചത്തോടുകൂടുംവണ്ണം.

20. നിർഗ്ഗമിച്ചു = പുറപ്പെട്ടു.

21. സൽക്കാ...ലാഭം = നല്ല സുന്ദരീരത്നത്തിന്റെ ലാഭം. കൃതജ്ഞൻ = ഉപകാരസ്മരണയുള്ളവൻ.

Digitized By Kerala Sahitya Akademi

തൽപാർശ്വേ സചിവരുമായ,വൻ ഗമിച്ചാ—
നെമ്പാടും പടകൾ ചുഴന്നുദ്ഘഘോഷം. 22

ദാനത്തിൻ പൃഥുലതരപ്രവൃത്തി, ലീലാ—
യാനത്തിൻ വടിവിവ കൂടമക്ഷമാരൻ
സ്ഥാനംകൊണ്ടിഭതിലകന്നു മേലെയായി—
ട്ടാനന്ദം ജനമിഴികൾക്കു കൈവളർത്തി. 23

ശ്രീവന്മാളികമുകളേറി വൃദ്ധപൗര—
സ്ത്രീവർഗ്ഗം മലരവനിൽപ്പൊഴിപ്പതപ്പോൾ,
ധാവള്യോല്ലസിതസിതാതപത്രചന്ദ്രാ—
സേവയ്ക്കായ് വരുമുഡുരാജിപോലെ കാണായ്. 24

മോടിക്കൊത്തിടമൊരുടുപ്പുകൊണ്ടു ദേഹം
മൂടിപ്പൊൻപിടിനെടുവാളരയ്ക്കു തൂക്കി,
കേടില്ലാക്കുതിരകൾതൻ പുറത്തു കേറി—
ച്ചാടിക്കാർ ചില ഭടർ മുന്നിലായ്ഗമിച്ചു. 25

ചെന്താരിൻപ്രിയനുടെ വാജികൾക്കുമുള്ളം
വെന്താളിച്ചപജയമേകമാ ഹയങ്ങൾ,
യന്താക്കൾക്കുടയ നവാതപാപ്തിദീപ്യൽ—
ക്കുന്താഗ്രച്ചെറുകൊടി പാറിയുല്ലസിച്ചു. 26

ചൊല്ലൊള്ളും രവിവിജയിപ്രതാപനാകു—
ന്നക്കൊച്ചുക്ഷിതിപതിതന്നകമ്പടിക്കാർ
കൈക്കൊണ്ടോരസിഫലകങ്ങളേറെ മിന്നാ—
നാക്കൊണ്ടാ നവരവി തൻകരം നടത്തീ. 27

സാമന്തപ്രവര,രിടപ്രഭുക്കളും, രക്ഷാ—
സാരഥ്യംതടവിന ശൂരർ പൗരമുഖ്യർ

22. ആരാൽ = സമീപത്തു്. പാർശ്വേ = രണ്ടു വശത്തും. ഉദ്ഘഘോഷം = കോലാഹലം ഉയരുമാറു്.

23. ദാനത്തിനു മദജലമെന്നും അർത്ഥം. കൂടം = കൂടുതലായുള്ള. ഇഭതിലകന്നു് = നല്ല കൊമ്പനാനയ്ക്കു്.

24. ധാവ...സേവയ്ക്കായ്=നല്ല വെളുപ്പുള്ള അവന്റെ വെൺകൊററക്കുടയാകുന്ന ചന്ദ്രനെ സേവിപ്പാൻ. ഉഡുരാജി = നക്ഷത്രസമൂഹം. രാജാവിന്റെ യാത്രാവസരത്തിൽ വൃദ്ധപൗരസ്ത്രീകൾ ലാജവർഷം ചെയ്യുക എന്നതു് ഒരാചാരവിശേഷമാകുന്നു.

25. ഇനി ഏതാനും ശ്ലോകങ്ങൾകൊണ്ടു സൈന്യത്തെ വർണ്ണിക്കുന്നു.

26. ചെന്താരിൻപ്രിയൻ = സൂര്യൻ. യന്താക്കൾ=സാദികൾ. നവാ...കൊടി = ഇളവെയിൽതട്ടി പ്രകാശിക്കുന്ന, കുന്തത്തലയ്ക്കലെ ചെറുകൊടി. വിജയം നേടിയവർ കൊടി പാറിക്കുക സാധാരണയാണല്ലോ.

27. രവി...താപൻ=ആദിത്യനെ ജയിച്ച പ്രതാപമുള്ളവൻ. അസിഫലകങ്ങൾ=വാളും പരിചയും. നവരവി = ബാലസൂര്യൻ. കരം = രശ്മി, കൈ. പ്രഭാതസമയത്തായിരുന്നു ചന്ദ്രസേനന്റെ യാത്ര.

Digitized By Kerala Sahitya Akademi

ഗ്രാമത്തിൽപ്പെരിയവർ, സാംഗവേദശാസ്ത്ര—
ഗ്രാമത്തിൽപ്പരിചയമേറുമാരണന്മാർ, 28

വേട്ടക്കാ,രരയർ, പടജ്ജനങ്ങൾ,തൻ മേൽ—
നോട്ടക്കാര,ഗദകരേന്ദ്രർ, വാണിഭക്കാർ,
ആട്ടക്കാർ, ഗണികകൾ, പാട്ടുകാർ, കഴക്കൂ—
ത്താട്ടക്കാർ ബഹുവിധവാദ്യവാദകന്മാർ, 29

ദൈവജ്ഞദ്വിജർ, പലജാതി ശില്പവേല—
ക്കാർ, വന്ദിപ്പരിഷ തുടർന്നസംഖ്യമാൾക്കാർ
സ്വാവസ്ഥാസദൃശവിശുദ്ധവേഷരായാ—
ദ്ദേവൻതൻ മകനെ രസേന പിന്തുടർന്നു. (വിശേഷകം) 30

ആ മോടിപ്പൊലിമപെടും ജനങ്ങളെല്ലാ—
മാമോദം പുറമെയു,മുള്ളിലും വഹിച്ചു;
വ്യാമോചിച്ചിതു പരദേവനും, മുഷിപ്പെ—
ന്നീ മോശപ്രകൃതിയിൽനിന്നു മെയ്യു, മുള്ളും. 31

യാനത്തിൽക്കയറിയു,മാശു കാൽനടയ്ക്കും
ധ്വാനംപൂണ്ടിളകിടുമാജ്ജനോൽക്കരത്താൽ,
വാനത്തെക്കളിർപുഴയാൽ ഭഗീരഥൻപോ—
ലാനന്ദിച്ചനുഗതനായവൻ വിളങ്ങി. 32

ആനപ്പാറകൾ, പല തേരുരുളു, വാജീ—
ന്ദ്രാനല്പത്തിരകൾ, പദാതിജന്തുവർഗ്ഗം
ഊനം വിട്ടിവയെ വഹിച്ചവന്റെ പശ്ചാൽ—
സ്ഥാനത്താത്തിളകി മഹാചമൂസമുദ്രം. 33

ധാരാളം വസുകൃതപുഷ്ടിപൂണ്ടു,ദാര—
ന്മാരാമശ്വികളൊടുകൂടി ശ്രദ്ധഘോഷം

---

28. സാംഗ...മത്തിൽ = വേദവേദാംഗശാസ്ത്രസമൂഹത്തിൽ. പരിചയം = അറിവ്. ആരണന്മാർ = ബ്രാഹ്മണർ.

29. അഗദകരേന്ദ്രർ = വൈദ്യവരന്മാർ.

30. ദൈവജ്ഞദ്വിജർ=ജ്യോത്സ്യബ്രാഹ്മണർ. വന്ദിപ്പരിഷ=സ്തുതിപാഠകസമൂഹം. സ്വാവസ്ഥാ...വേഷർ = തങ്ങളുടെ അവസ്ഥയ്ക്കു തക്കതും, വിശുദ്ധവുമായ വേഷത്തോടുകൂടിയവർ. ദേവൻ = രാജാവ്.

31. ആമോദം = സൗരഭ്യം, സന്തോഷം. വ്യാമോചിച്ചിതു = വേർപെട്ടു. മുഷിപ്പ്=മാലിന്യം, അനുന്മേഷത. എല്ലാവരും സുഗന്ധദ്രവ്യങ്ങളെ പെരുമാറിയവരും, സന്തുഷ്ടരും, വിശുദ്ധവേഷരും, ഉന്മേഷഭരിതരുമായിരുന്നു.

32. യാനം = വാഹനം. ധ്വാനം = ശബ്ദം. വാനത്തെക്കളിർപുഴയാൽ = ഗംഗയാൽ. അനുഗതൻ = പിന്തുടരപ്പെട്ടവൻ.

33. പശ്ചാൽസ്ഥാനത്ത് = പിന്നിൽ. മഹാചമൂസമുദ്രം = വമ്പിച്ച സൈന്യമാകുന്ന കടൽ.

Digitized By Kerala Sahitya Akademi

ആ രാജാഭരണകുമാരകന്നു പിൻചേ—
ന്നാരാജിച്ചിതു പട ദേവസേനപോലെ. 34

ആ വായ്ച്ചീടിന പടതൻ ഭരം സഹിപ്പാ—
നാവാഞ്ഞിട്ട,വിരളധൂളികൈതവത്താൽ
ഭൂവാരാൽ സുരപഥസീമ്നി ചെന്നുപററീ;
സേവാർഹം, ഹരിപദമാർത്തരക്ഷിയല്ലോ. 35

ചൊല്ലാളും നൃപസുതവേളിയാത്ര കാണ്മാ—
നെല്ലാരും പലപടി മോടികൂട്ടി നില്ക്കേ,
വല്ലാതാപ്പടകളുയർത്തിടും രജസ്സാ—
ലുല്ലാസപ്പുതുപ്പുട ചാർത്തി ദിഗ്വധൂക്കൾ. 36

ചേലേറ്റും വഴികളിലാച്ചമൂവിമർദ്ദ—
ത്താലേററം ചിതറിയ ശോണരേണുജാലം
ചാലേ ദിക്കരിവരകുംഭസീമ്നി സിന്ദൂ—
രാലേപം ശുഭകരമാചരിച്ചു നൂനം. 37

സൂതപ്രേരിതഹയചംക്രമോത്ഥപാംസു—
വ്രാതത്താൽ ദ്യുമണി മറഞ്ഞിരുണ്ട വാനിൽ
തേർതൻ വെൺകൊടിനിര കാററിലാടി മിന്നീ,
കാർതങ്കുംപൊഴുതണിവെള്ളിൽമാലപോലെ. 38

വാനം തേരുരുളൊലിയാൽ മുഴങ്ങവേ, നൽ—
ഗാനംപൂണ്ടുപവനബർഹിണങ്ങൾ ഭങ്ഗ്യാ
പീനശ്രീ യുവനൃപഘോഷയാത്ര കണ്ടി—
ട്ടാനന്ദം പെരുകിയപോലെ നൃത്തമാടീ. 39

ഉന്നിക്കും മുകിലുകൾപോലെ, മിന്നലൊക്കും
പൊന്നിങ്കോപ്പുഴകിലണിഞ്ഞ കുഞ്ജരങ്ങൾ

34. വസുകൃതപുഷ്ടി=വസുക്കളാൽ(ദ്രവ്യങ്ങളാൽ, അഷ്ടവസുക്കളാൽ എന്നും) ഉണ്ടാക്കപ്പെട്ട പുഷ്ടി. അശ്വികൾ=കുതിരക്കാർ. അശ്വിദേവകളെന്നും. രാജാ... കന്നു = രാജശ്രേഷ്ഠപുത്രന്. ചന്ദ്രശേഖരസുതന്(സ്കന്ദന്). ആരാജിക്ക = ശോഭിക്ക. സ്കന്ദൻ ദേവസേനാപതിയെന്നു പുരാണപ്രസിദ്ധം.

35. അവി...വത്താൽ = അനല്പമായ പൊടിയെന്ന വ്യാജേന. ആരാൽ = ദൂരെ. സുരപഥസീമ്നി=ആകാശത്തു്. ഹരിപദം=വിഷ്ണുപദം, അഥവാ സൂര്യസ്ഥാനം(ആകാശം) വിഷ്ണുപദമെന്നും. ആർത്തരക്ഷി = കുഴങ്ങിയവരെ രക്ഷിക്കുന്നതു്.

36. എല്ലാവരും=എല്ലാസ്ത്രീകളും. രജസ്സാൽ = പൊടിയാൽ. ദിഗ്വധുക്കൾ = ദിക്കുകളാകുന്ന സ്ത്രീകൾ.

37. ചമൂവിമർദ്ദം=സൈന്യമർദ്ദനം. ശോണരേണുജാലം = ചുകന്ന പൊടിപടലം. ദിക്കരി...സീമ്നി=ദിഗ്ഗജങ്ങളുടെ മസ്തകത്തിൽ. സിന്ദൂരം പൂശുക നടപ്പുണ്ടു്.

38. സൂത...വ്രാതത്താൽ=സൂതന്മാരാൽ തെളിക്കപ്പെട്ട കുതിരകളുടെ സഞ്ചാരത്താലുണ്ടായ ധൂളീജാലത്താൽ. ദ്യുമണി=സൂര്യൻ. വെള്ളിൽമാലയ്ക്കു് (വെള്ളിൽപ്പക്ഷിക്കൂട്ടത്തിനു) മേഘസമ്പർക്കം വളരെ പ്രിയമാണു്.

39. ഉപവനബർഹിണങ്ങൾ = ഉദ്യാനമയൂരങ്ങൾ, രഥശബ്ദം കേട്ടിട്ടു മയിലുകൾക്കു് ഇടിമുഴക്കമാണെന്ന ഭ്രമം ജനിച്ചുവെന്നു സാരം,

Digitized By Kerala Sahitya Akademi

ദന്തികൾപ്പുതുമദവാരി തൂകി വാനം
ചിന്നിപ്പോരിടിയെതിർബൃംഹിതം മുഴക്കി. 40

തേരിന്നുള്ളൊലി, ഗജഗർജ്ജിതങ്ങൾ, ചേതോ—
ഹാരിത്വം തടവുമനേകവാദ്യനാദം
പാരിക്കുംവിധമിവയൊത്തുചേർന്ന ഘോഷം
പൂരിച്ചു ഭുവനകടാഹകത്തിലെങ്ങും. 41

മാതംഗപ്പിറകിലെഴും മഹാജവാശ്വ—
വ്രാതത്തെക്കിമപി പതുക്കവേ നടത്താൻ,
ചേതസ്സിൻതടവിനു യോഗനിഷ്ഠർ തേടു—
ന്നാതങ്കം സമനുഭവിച്ചു സാദിമുഖ്യർ. 42

വാൾ, കന്തം, വടിയിവ തോളിൽ വെച്ചൊ,രേമ—
ട്ടാകും മെയ്യുളവുമുടപ്പുമാർന്ന യോധർ
ളുകും നല്ലഴകൊടൊരേ പദക്രമത്തിൽ—
പ്പോകുംപോക്കതിസുഖമക്ഷികൾക്കു നല്കീ. 43

ആരാവം പെരുകിടുമാറു പിൻനടക്കും
വാരാശിപ്രതിനിധിയായ സേനയാലേ
പാരാകെ പ്രബലതരം കലക്കിയുംകൊ—
ണ്ടാ രാജാത്മജനെഴുനള്ളിനാനുദാരം. 44

യാനംചെയ്തിടുമവനെ സ്വമാളികാഗ്രേ
സാനന്ദം മരുവിന മന്നവൻ സദാരൻ.
സേനത്തേക്കോടിനിരയും ക്രമാലദൃശ്യ—
സ്ഥാനത്താംവരെ മിഴികൊണ്ടു പിന്തുടർന്നു. 45

സ്വാലോകാൽ ജനപദപട്ടണങ്ങൾതോറും
മാലോകർക്കഭിനവനേത്രഭാഗ്യമേകി,

---

40. മിന്നലെന്നതിന്നു തടിത്തെന്നും, ഉജ്ജ്വലത എന്നും അർത്ഥം. ബൃംഹിതം = ചിന്നംവിളി.

41. ചേതോഹാരിത്വം = മനോഹരത്വം. പൂരിച്ചു = നിറഞ്ഞു.

42. മാതംഗപ്പിറകിൽ = ആനയുടെ പിന്നിൽ. മഹാ...തത്തെ = വമ്പിച്ച വേഗമുള്ള കുതിരക്കൂട്ടത്തെ. കിമപി = കുറഞ്ഞൊന്നു്. ചേതസ്സിൻതടവിനു = ചിത്തനിരോധത്തിനു്. യോഗനിഷ്ഠർ = യോഗം ശീലിക്കുന്നവർ. ആതങ്കം = ക്ലേശം. സമനുഭവിച്ചു = വഴിപോലെ അനുഭവിച്ചു.

43 മെയ്യുളവു് = ദേഹത്തിന്റെ വലിപ്പം. ഒരേ പദക്രമത്തിൽ = കാലടികൾ ഒപ്പം വെച്ചുകൊണ്ടു്.

44. വാരാശിപ്രതിനിധി = സമുദ്രതുല്യം.

45. യാനംചെയ്യുക = പോവുക. മഹാസനനും മദനാരമയും ഏകപുത്രങ്കലുള്ള വാത്സല്യാതിശയം സവിശേഷം സൂചിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

വ്യാലോലോത്സവമവർതൻ ശ്രുദ്ധോപചാരം
ഭൂലോകേശ്വരസുതനാസ്ഥയോടുമേററു. 46

പൂവല്ലീനിരകളെ മെല്ലെയൊന്നിളക്കി,—
ക്കാർവണ്ടിൻകളരവമാർന്ന കാട്ടുതെന്നൽ,
കൈവന്നോരവസരമാദരിച്ചു മാർഗ്ഗേ
ഭൂവജ്ഞീപ്രിയസുതനെസ്സുഖം ഭജിച്ചു. 47

പാലായിപ്പൊരുത ജലം കളിത്ത കാററിൽ—
ച്ചേലാർന്നൊന്നിളകി, നന്നത്തൊരോളമേന്തി
ലീലാർഹം പ്രകൃതിയണിഞ്ഞ താരഹാരം—
പോലാകും പല പുഴ കണ്ടവൻ രസിച്ചു. 48

മെച്ചപ്പെട്ടഭിനവസസ്യമണ്ഡലത്താൽ
പച്ചപ്പട്ടുചിതതരം വിരിച്ചപോലെ
നൽച്ചന്തം തടവിന മന്നിടങ്ങൾ കണ്ടി—
ട്ടച്ചന്ദ്രപ്രതിമനു കൺകുളുത്തിതേററം. 49

ചൂടേററാതലകിന ജീവനത്തെ വർഷി—
ച്ചീടും കാർമുകിലുകളെശ്ശിരസ്ഥലത്തിൽ
ചൂടും വൻഗിരികളു,ദാരശീലരെക്കൊ—
ണ്ടാടുന്നോരവനതിഹർഷമേകി മാർഗ്ഗേ. 50

നേരാംമട്ടുപകരണങ്ങളൊത്തു, നാട്ടാ—
രാരാൽച്ചെന്നടിയറവെച്ചു വസ്തു തിങ്ങി,
ആരാമക്കളിനിലയങ്ങളെന്നപോലെ—
യാ, രാജാത്മജനു വഴിക്കു പാർപ്പിടങ്ങൾ. 51

നാനാഭ്രൂപ്രകൃതികൾ കണ്ടു ഹർഷവാസ്സാൽ
യാനാഭിക്ലമമറിയാതവൻ ക്രമത്താൽ,

---

46. സ്വാലോകാൽ=തന്റെ ദർശനത്താൽ. ജനപദം=നാട്ടുമ്പുറം. വ്യാലോലോത്സവം = ഉത്സവങ്ങളിളകുമാറു്. ഏററു = സ്വീകരിച്ചു.

47. തനിക്കു ദുർല്ലഭതരമായ ഭൂവജ്ഞീപ്രിയസുത (രാജകുമാര) ജനം സാധിപ്പാൻ അനായാസേന ലഭിച്ച അവസരത്തെ കാട്ടുതെന്നൽ എങ്ങനെ ശുഷ്കാന്തിയോടുകൂടി കൊണ്ടാടാതിരിക്കും? എന്നു സാരം.

48. പാലായിപ്പൊരുത = പാലുപോലെ ധവളവും മധുരവുമായ. താരഹാരം = വെണ്മയേറിയ മുത്തുമാല.

49. അഭി...ലത്താൽ=പുതിയ സസ്യസമൂഹത്താൽ.

50. ജീവനം = ജലം, കഴിച്ചിലിനുള്ള വക. ഉദാരശീലന്മാരെ അഭിനന്ദിക്കുക എന്നതു രാജകുമാരനു പ്രകൃത്യാ പ്രിയപ്പെട്ട കാര്യമാണു്; അതാണിവിടെ പർവ്വതങ്ങൾ അനുഷ്ഠിക്കുന്നതു്. ജീവനവർഷംകൊണ്ടു ലോകസന്താപത്തെ കെടുത്തുന്ന മേഘങ്ങളുടെ ഔദാര്യം ഏററവും സ്പൃഹണീയമാണല്ലോ.

51. ആരാമക്കളിനിലയങ്ങൾ = പൂങ്കാവിലുള്ള കളിമേടകൾ.

Digitized By Kerala Sahitya Akademi

വാനാർന്നപ്പൊടിയണിവൈജയന്തി പിന്നും
സേനാസഞ്ചയമൊട്ട വേതസത്തിലെത്തി. 52

വാരാശിത്തിരനിരയിങ്കലാവതോളം
നീരാടിത്തെളിവിൽ വരും ദിനാന്തവാതം
ദൂരാധ്വശ്രമമെഴമാസ്സസൈന്യനാകം
വീരാഗ്ര്യനതുപൊഴുതുററ സൗഖ്യമേകീ. 53

വാരാശിക്കരയിൽ വിളങ്ങുമപ്പുരത്തി-
ന്നാരാൽച്ചെന്നളവ,വനെ പ്രവൃദ്ധഹർഷം
പാരാതേ സ്വയമെതിരേററു വേതസേശൻ,
താരാധീശനെയലയേന്തുമാഴിപോലെ. 54

നമ്രാത്മാവഥ ജയകേതു മുൻനടന്നു,-
ന്നമ്രാട്ടധ്വജമണിതോരണാദിയാലേ
കമ്രാഭം വിലസിന തൻപുരേ ഭവിഷ്യൽ-
സമ്രാട്ടാമിവനെയണച്ചു സേനയോടും. 55

താരമ്പൻതിരുവടിയും തരംകെട്ടുംമാ-
റാരമ്യദ്യുതികലരും കമാരകങ്കൽ
പൗരപ്പെൺകൊടികഠം തദാ പൊഴിച്ചുകൊണ്ടാർ
സാരസ്യോല്ലസിതവിലോചനോല്പലൗഘം. 56

നീരന്ധ്രപ്രസൃതമരുത്സമാംഗഭാസ്സാൽ
പൗരസ്ത്രീകമലിനികഠംക്കിളക്കമേകി,
ശ്രീരഞ്ജിപ്പിയലിന രാജധാനി പുക്കാൻ
സൈ്വരം തന്നനുചരരൊത്തു ചന്ദ്രസേനൻ. 57

വേണംപോലവനു, വികസ്വരാദരത്താൽ-
ത്താണംകൊണ്ടഥ ജയകേതു പൂജചെയ്തു

---

52. യാനാദിക്ലമം=യാത്രാക്ഷീണം. വൈജയന്തി=കൊടിക്കൂറ. വേതസം= 5-ാംസർഗ്ഗത്തിൽ പ്രസ്താവിച്ചിട്ടുള്ള പട്ടണം.

53. ദിനാന്തവാതം = സന്ധ്യാസമയത്തെ കാററു്. ദൂരാധ്വശ്രമം = വളരെ വഴി പിന്നിട്ടതിനാലുള്ള ക്ഷീണം.

54. പുരത്തിന്നാരാൽ = പുരത്തിൻെറ അടുത്തു്. അലയേന്തുമാഴിയെ ഉപമാനമാക്കകയാൽ വേതസേശൻ (ജയകേതു) ആഠംക്കാരോടുകൂടിയാണു് ചന്ദ്രസേനനെ എതിരേററതെന്നു ധ്വനിക്കുന്നു.

55. നമ്രാത്മാവു് = വണങ്ങിയവൻ. ഉന്ന...യാലേ = ഉയൎന്ന കൊത്തളം, കൊടിമരം, രത്നതോരണം മുതലായവകൊണ്ടു്. കമ്രാഭം=മനോഹരശോഭയോടുകൂടുംവണ്ണം. ഭവിഷ്യൽസമ്രാട്ടു് = ഭാവിചക്രവൎത്തി.

57. നീര...ഭാസ്സാൽ = ഇടതിങ്ങിപ്പരന്ന. മരുത്സമം = ദേവതുല്യം (വായുതുല്യമെന്നും) ആയ ദേഹകാന്തികൊണ്ടു്. പൗര...നികഠം = വേതസപുരസ്ത്രീകളാകുന്ന താമരപ്പൊയ്കകഠം.

Digitized By Kerala Sahitya Akademi

കാണുന്നോക്തിഥി ഗൃഹേശനും, ഗൃഹേശൻ
ചേണുറേറാരതിഥിയുമായി മാറുമാറേ. 58

നില്ലാതാപ്പുരപരിഭൃത്യരാചരിക്കും
സല്ലാരാൽസ്സുഖമൊട്ട സേന വിശ്രമിക്കേ,
പുക്കാനങ്ങവനിപപുത്രനും കിടപ്പാൻ
സല്ലാന്തിപ്രചുരിമപൂണ്ട സൗധരത്നം. 59

തക്കത്തിൽജ്ജനൽകളിലൂടെ മാളികസ്ഥം—
പ്പുക്കംഗം തടവിന വാരിരാശിവാതം,
അക്കന്യാമണിയെ നിനച്ചിട്ടം കുമാര—
ന്നൽക്കണ്ഠാനലശിഖയെത്തുലോം വളർത്തി. 60

''ചിന്നിക്കൊണ്ടലകലതം മഹാബ്ധി ലംഘി—
ച്ചെന്നിഷ്ടാംഗനയെ ലഭിച്ചുകൊൾവനോ ഞാൻ,
മന്നിങ്കൽ സ്ഥിരമതി വിഘ്നജാലമെല്ലാം
പിന്നിട്ടിട്ടഭിമതസിദ്ധിയെക്കണേക്കേ! 61

ആ മുഗ്ദ്ധപ്രണയിനിതൻ വിയർപ്പുതുള്ളി—
ത്തുമുത്തിൻനിര ചിതറുന്ന പാണിപത്മം
മെയ്മുറ്റും പുളകിതമാംവിധം ഗ്രഹിച്ചും—
പ്പൂമുത്തിൻ പുതുനിധിയായ്ബ്ഭവിപ്പനോ ഞാൻ! 62

ചേലഞ്ചും നവപരിണീതമാക്കചേതും
വൈലക്ഷ്യപ്രണയഭയാദി മേളനത്താൽ
ലീലപ്പൂമണിയറയിൽപ്പതുങ്ങി നില്ക്കും
ബാലപ്പെണ്മണിയെ ഹഠേന പൂണ്മനോ ഞാൻ!'' 63

ഈവണ്ണം പ്രിയജനചിന്ത വന്നണഞ്ഞാ—
പ്പൂവമ്പപ്രഭനെ വശത്തണസ്സുമൂലം,

---

58. വേണമ്പോൾ = വേണ്ടുംവിധം. വികസ്വരം = വിടർന്നത്. കാണികം അതിഥിയെ ഗൃഹസ്ഥനെന്നും, ഗൃഹസ്ഥനെ അതിഥിയെന്നും മാറിധരിക്കുന്ന വിധം. എന്നുവെച്ചാൽ സ്വഗൃഹത്തിലെ സർവ്വസ്വാതന്ത്ര്യവും ചന്ദ്രസേനനിൽ സമർപ്പിച്ചുകൊണ്ട് എന്നു താൽപര്യം.

59. ആപ്പുരപരിഭൃത്യർ = ജയകേതുവിന്റെ ആളുകാർ.

60. വാരിരാശിവാതം = കടൽക്കാറ്റ്. കാറ്റ് അനലശിഖയെ (അഗ്നിജ്വാലയെ) വളർത്തുമല്ലോ.

61. ലംഘിച്ച = കടന്ന്. ഇഷ്ടാംഗന = പ്രിയസുന്ദരി.

62. പുളകിതം = രോമാഞ്ചമുണ്ടായത്. ഉത്പ്പൂമുത്തിൻ = മനസ്സന്തോഷത്തിന്റെ.

63 നവപരിണീതമാർ = വേളി കഴിഞ്ഞിട്ടേറെയായിട്ടില്ലാത്ത സ്ത്രീകൾ. വൈലക്ഷ്യ...നത്താൽ = ലജ്ജ, പ്രേമം, സാധ്വസം മുതലായവയുടെ ചേർച്ചയാൽ. ഹഠേന = ബലാൽക്കാരേണ.

Digitized By Kerala Sahitya Akademi

വൈവശ്യം തടവുമവന്നു നിദ്ര തീരെ—
ക്കൈവന്നീലി,രവത്തു പാതിചെല്ലുവോളം. 64

ആ രാവിന്നറുതിയില,ഗ്ര്യവാഗ്വിലാസ—
ന്മാരാകും സുമതികൾ സൂതനന്ദനന്മാർ,
നേരാംമട്ടുപചിതമാമുണച്ച്യാലേ
പേരാളുന്നവനെയുണർത്തുവാനൊരുങ്ങീ: 65

''രാവിതാ, മുഴുമിച്ചു; രാജകുമാര, വീര, കിടക്കയെ—
ക്കൈവിടാൻ തവ കാലമായിതു കാലവേദിശിഖാമണേ!
ദ്യോവിലെത്തി മുഴങ്ങിടുന്നിതു കോഴി കൂകിടുമാരവം
ശ്രീവിഭാതസമാഗമോത്സവകാഹളധ്വനിപോലവേ. 66

നാടകല്മഷമാക്കുവാൻ നവഹേതികൊണ്ടിഹ താമസീ—
കൂടരാക്ഷസിയെബ്ബലാൽക്കൊലചെയ്തു തച്ചുടുചോരയാൽ
പാടലാംബരനാകമിപ്പുലർകാലവീരനെ വിസ്മയ—
ത്തോടണഞ്ഞു പുകഴ്ത്തിടുന്നു കളസ്വനം ദ്വിജമണ്ഡലം. 67

ചന്ദ്രസേന! ഭവാന്റെ പാതിയഭിഖ്യകൊണ്ടതിരമ്യനാം
ചന്ദ്രനിങ്ങനെ വാരുണീപരിസേവചെയ്തു മയങ്ങവേ,
ഇന്ദ്രദിങ്മുഖമാണു ഹന്ത ചുകന്നിടുന്നതി,തെന്തു; നി—
സ്തന്ദ്രമാം പ്രമദംകലർന്നു ചിലപ്പതോ ചില പക്ഷികൾ! 68

ജ്വാലപൂണ്ടു,ദയാചലാടവിതന്നിലാടിയ കാട്ടുതീ
പോലവേ, പുരുഹൂതദിക്കു ചുഴന്ന ശോണരുചിവ്രജം
ജാലരന്ധ്രവഴിക്കു കേളിനികേതനങ്ങളിലെത്തി;യു—
ദ്വേലമാം വിരഹാഭിതാപമിയററിടുന്നു യുവാക്കളിൽ. 69

---

64. പ്രിയജനചിന്തയും നിദ്രയും സ്ത്രീലിംഗമാകയാൽ, ഒരു പത്നീമാത്സര്യം ദ്യോതിപ്പിക്കുന്നു.

65. ഉണച്ച്=ഉത്സാഹം. പള്ളിയുണർത്തുന്നവർ, രാജകുമാരന്റെ സമവയസ്സുകളാണെന്നു കാണിപ്പാനാണ്, സൂതനന്ദനന്മാർ എന്നു പ്രയോഗിച്ചിരിക്കുന്നതു്.

66. കാലവേദിശിഖാമണി = കാലത്തെ അറിയുന്നവരിൽ മുമ്പൻ. ദ്യോവ് = ആകാശം. ശ്രീവി...ധ്വനി=പ്രഭാതത്തിന്റെ വരവാകുന്ന ഉത്സവത്തിന്റെ കാഹളശബ്ദം.

67. അകല്മഷം എന്നതിനു നിഷ്കണ്ടകം എന്നു നിഷ്കൃഷ്ടാർത്ഥം. ഹേതിക്കു സൂര്യപ്രഭയെന്നും, ആയുധമെന്നും അർത്ഥം. താമ...ക്ഷസി = താമസി (രാത്രി) എന്നു പറയുന്ന രാക്ഷസി. അംബരശബ്ദം ആകാശവസ്ത്രവാചിയാകുന്നു. ദ്വിജമണ്ഡലം = പക്ഷിഗണം, ബ്രാഹ്മണസമൂഹമെന്നും. രാക്ഷസീനിഗ്രഹം, ബ്രാഹ്മണർക്കു സവിശേഷം സന്തോഷകരമാണല്ലോ.

68. അഭിഖ്യ = പേർ, കാന്തി. വാരുണീപരിസേവ = പശ്ചിമാശാപ്രാപ്തി; മദ്യപാനമെന്നും. ഇന്ദ്രദിങ്മുഖം=കിഴക്കേ ദിക്കിന്റെ മുഖം. പ്രമദം = സന്തോഷം, ലഹരി. ഒരാൾ കുടിച്ചു; മറ്റൊരാൾക്കു മുഖം ചുകന്നു; വേറെ ചിലർക്കു ലഹരി; ഇതു് അത്ഭുതം തന്നെ!

69. ഉദയാചലാടവി = ഉദയപർവ്വതത്തിലെ കാട്. പുരുഹൂതദിക്ക് = കിഴക്കേ ദിക്ക്. ശോണരുചിവ്രജം = ചുകന്ന ശോഭാപടലം. ജാലരന്ധ്രവഴിക്ക് =

Digitized By Kerala Sahitya Akademi

ആവതോളമുദാരസൗരഭമാമുപായനവസ്തുവെ—
പ്പൂവനങ്ങളിൽനിന്നെടുത്തു പുറപ്പെടും പുലർകാററിതാ
ശ്രീവളർന്ന സദാഗതിപ്രിയനായ നിന്തിരുമേനിയെ—
സ്സേവചെയ്‌വതിനെന്നപോലിഹ വന്നിടുന്നു പതുക്കവേ. 70

സീമയററ നിറപ്പകിട്ടൊടു മിന്നിടുന്നു, തുടുപ്പെഴും
പൂമരത്തളിരിൽപ്പതിച്ച വിശുദ്ധമാം ഹിമശീകരം;
കാമസുന്ദര, കാണികൾക്കിതു വാസരോദയവേളതൻ
കോമളാധരമാർന്ന പുഞ്ചിരിയെന്നുതോന്നുമസംശയം. 71

ധൗതമുത്തെതിർമഞ്ഞുതുള്ളിയുതിർത്തിടുന്നിതു സാമ്പ്രതം
വാതമേററു വിറച്ച പത്രകരങ്ങളാൽത്തരുവല്ലികൾ;
ഭൂതലേന്ദ്രകുമാര, നിൻ തിരുയാത്രയിൽപ്പുരവൃദ്ധമാർ
പൂതമാമുപചാരവെൺമലർ തൂകിടുന്നിതുപോലവേ. 72

മങ്കമാർ മടിവിട്ടുണർന്നെഴുന്നേററു ഹന്ത, ഗൃഹങ്ങൾത—
ന്നങ്കണത്തറമേൽ വരിപ്പടിയായ്‌ വിരിച്ച സുമങ്ങളെ,
തിങ്കൾതൻ കഥ തീർന്നമൂലമനാഥതാധി പൊറാഞ്ഞു, വാ—
നിങ്കൽനിന്നു പതിച്ച താരകളെന്നു കാണികളോർത്തുപോം! 73

ചെമ്പരുത്തിനിറം വഹിക്കുമഹർമ്മുഖത്തെയടുത്തു ക—
ണ്ടമ്പരന്നതുപോലെ പാഞ്ഞൊഴിയുന്നു കൂരിരുൾ ദൂരവേ;
വമ്പനാം തവ രോഷരൂഷിതമായ്‌ച്ചുമഞ്ഞ മുഖത്തെയുൾ—
ക്കമ്പമേറിടുമാറു കാണുമരാതിസേനകണക്കിനേ. 74

ജനല്പഴുതിലൂടെ. കേളിനികേതനങ്ങൾ = ലീലാഗൃഹങ്ങൾ ഉദ്വേലം=കരകവിഞ്ഞതു്. കാട്ടുതീയ്യ്‌ താപത്തെ ഉണ്ടാക്കുമല്ലോ.

70. ഉദാരസൗരഭ്യം = മികച്ച സൗരഭ്യം. ഉപായനവസ്തു = കാഴ്ചവെപ്പാനുള്ള സാധനം. സദാഗതിപ്രിയൻ=സത്തുക്കളുടെ ആഗതിയിൽ (ആഗമനത്തിൽ), സദാഗതിയിൽ (വായുവിൽ) പ്രീതിയുള്ളവൻ. തിരുമേനി പള്ളിയുണർന്നു് ഈ സേവാലോലനായ പ്രഭാതവായുവിനെസംഭാവനം ചെയ്യാലും എന്നു താൽപര്യം.

71. തളിരിനെ വാസരോദയവേള (പ്രഭാതസമയം) ആകുന്ന സുന്ദരിയുടെ കോമളാധരത്തോടും, ഹിമശീകരത്തെ (മഞ്ഞിൻതുള്ളിയെ) പുഞ്ചിരിയോടും സാമ്യപ്പെടുത്തിയിരിക്കുന്നു.

72. ധൗതം=നിർമ്മലം. വാതം=കാററു്. പത്രകരങ്ങൾ=ഇലകളാകുന്ന കൈകൾ. പുരവൃദ്ധമാരും വാതം(വാർദ്ധക്യത്തിലുണ്ടാകുന്ന വാതവികാരം) ഏററു വിറച്ച കൈകൊണ്ടാണല്ലോ, മംഗളലാജപുഷ്പം ചെയ്യാറുള്ളതു്.

73. അങ്കണം = മുററം. അനാഥതാധി = നാഥനില്ലാതായതുനിമിത്തമുള്ള ദുഃഖം. പതിച്ച = പ്രാണത്യാഗത്തിന്നെന്നപോലെ വീണ. താരകൾ = നക്ഷത്രങ്ങൾ പുലർകാലത്തു മുററത്തു പൂവിടുക എന്നതു പലേടങ്ങളിലും സ്ത്രീകൾ പതിവായി ആചരിക്കുന്ന മംഗളകർമ്മമാകുന്നു.

74. അഹർമ്മുഖം = പ്രഭാതം. രോഷരൂഷിതം = കോപവ്യാപ്തം. അരാതിസേന = ശത്രുസൈന്യം.

Digitized By Kerala Sahitya Akademi

സച്ചരിത്ര, കിഴക്കുഭാഗമൊരച്ഛമായ നിറപ്പകി—
ട്ടുല്ലലിച്ചു,മിരുട്ടിനാൽ മറുദിക്കിരുണ്ടുമിരിക്കയാൽ
തല്ലലക്കിയലക്കുകാരനൊരററമാസകലം വെളു—
പ്പിച്ചതാം മലിനാംബരത്തൊടു തുല്യമിപ്പൊഴുതംബരം. 75

ഗോകദംബഗുണങ്ങളാലൊരുണച്ചയെങ്ങുമണച്ചിടും
ലോകബാന്ധവനിങ്ങയച്ചൊരന്തുരുവിൻെറ സമാഗമാൽ
ഭീകരോഗ്രതമസ്സിൽനിന്നൊരുമട്ടൊഴിഞ്ഞു തെളിഞ്ഞ ദി—
ക്കാകവേ നെടുവീർപ്പിടുന്നു തുഷാരമാരുതകൈതവാൽ. 76

ലാലസിപ്പിതു പൂർവ്വദിക്കിൽ നവാരുണദ്യുതിയാം തിര—
ശ്ശീല; ഭേരിയൊലിക്കുതുല്യമിരമ്പിടുന്നു മഹാർണ്ണവം;
ലീലയാ മൃദുഗാനരീതി മുതിർത്തിടുന്നു ഖഗങ്ങളും;
ബാലസൂര്യനടപ്രവേശവിധിക്കു താമസമില്ലിനി. 77

മിക്ക ദേഹികളും വെടിഞ്ഞുകഴിഞ്ഞ നിദ്ര, ഗുഹസ്ഥകം—
പുക്കമർന്ന ദിവാന്ധപക്ഷികളോടു ചേർച്ച തുടർന്നതേ;
സൽക്കലാശ്രയ, കാലഭേദവശാൽ നിരാശ്രയരായവ—
ർക്കിക്കണക്കറുമൂർഖരോടുമിണങ്ങിടേണ്ടിവരില്ലയോ? 78

സ്ഫീതനിദ്രയിതേവരെപ്പിടിപെട്ടിരുന്ന ചരാചര—
വ്രാതമിപ്പൊഴുണർച്ചപൂണ്ടു ലസിച്ചിടുന്നിതു നീളവേ,
വീതമായി നിശീഥശാന്തത; ദിക്കുകൾക്കു തെളിച്ചവും
ജാതമായ്; പുലർകാലമീയുലകത്തെയൊന്നു പുതുക്കിയോ! 79

ഊനമെങ്ങുമണയാതിവർണ്ണമിരവിന്നു
പിമ്പു പകലും, സദാ
വേനലിൻപിറകിൽ വർഷവും, പുനരഴല്ക്കു—
ശേഷമൊരു സൗഖ്യവും,

---

75. അച്ഛം = നിർമ്മലം. ഉല്ലലിച്ചും = ഉയർന്നും. മറുദിക്ക് = പടിഞ്ഞാറ്, മലിനാംബരം = മുഷിഞ്ഞ വസ്ത്രം. അംബരം = ആകാശം.

76. ഗോകദംബഗുണങ്ങൾ = ഗോക്കളുടെ (രശ്മികളുടെ, വാക്കുകളുടെ) സമൂഹത്തിൻെറ നന്മകൾ. ലോകബാന്ധവൻ = സൂര്യൻ; ലോകബന്ധു. അന്തുരു = അരുണൻ. തമസ്സ് = ഇരുട്ട്, അജ്ഞാനം. തുഷാരമാരുതകൈതവാൽ=തണുത്ത കാറെറന്ന വ്യാജേന. അന്തുരുവിന്ന് ഒരു മഹാഗുരുവിൻെറ ശിഷ്യനായ മതപ്രാസംഗികൻെറ സ്ഥാനമാണ് ഇതിൽ കല്പിച്ചിരിക്കുന്നതു്.

77. ലാലസിപ്പിതു = ശോഭിക്കുന്നു. ഖഗങ്ങൾ = പക്ഷികൾ.

78. ദിവാന്ധപക്ഷികൾ = മൂങ്ങകൾ. സൽക്കലാശ്രയ = നല്ല കലകൾക്ക് (വിദ്യകൾക്ക്), അഥവാ നല്ല കലകളുള്ളവർക്ക് ആലംബമായവളേ!

79. സ്ഫീതനിദ്ര=വമ്പിച്ച ഉറക്കം. വീതം=നശിച്ചതു്. ജാതം=ഉണ്ടായതു്.

Digitized By Kerala Sahitya Akademi

പീനതുഷ്ടികരമേർപ്പെടുത്തിയൊരു കാല—
ത്രപനഖിലേശ്വരൻ
മാനവേശ്വരകുമാര, മംഗളമഭംഗു—
രം തവ തരേണമേ!'' 80

വൈദഗ്ദ്ധ്യംപൂണ്ട വൈതാളികതനയരുഷ—
സ്സന്ധ്യ വർണ്ണിച്ചു കർണ്ണാ—
മോദം വന്നേറുമാറങ്ങനെ മധുരവചോ—
മാധ്വി മന്ദം പൊഴിക്കേ,
കാദംബസ്വച്ഛതല്പോപരി ചിതറിയതിൻ
ബാക്കിയാമംഗരാഗ—
ക്ഷോദത്താൽത്തൂമണം വീശിടുമുടലൊടുണ—
ന്നേററിതുർവ്വീന്ദ്രപുത്രൻ. 81

തൻകല്യക്രിയയും കഴിച്ചഥ, ചമൂ—
വൃന്ദത്തെയപ്പട്ടണ—
ത്തിങ്കൽത്തന്നെ നിറുത്തി, വേതസപതി—
സ്വാമാത്യസംയുക്തനായ്,
തിങ്കൾക്കൊക്കുമവൻ കുറച്ചു പരിവാ—
രത്തോടുമൊത്തുഗ്രമായ്
വൻകല്ലോലമടിച്ചിരമ്പിയ കടൽ—
ത്തീരത്തു ചെന്നെത്തിനാൻ. 82

ഇങ്ങനെ ചന്ദ്രസേനവിവാഹയാത്ര ഏഴാം സർഗ്ഗം

---

80. പീനതുഷ്ടികരം = കൂടുതലായ സന്തോഷത്തെ ഉണ്ടാക്കുന്നതു്. അഭംഗുരം = അക്ഷയം.

81. വൈദഗ്ദ്ധ്യം=സാമർത്ഥ്യം. മധു...മാധ്വി=നല്ല വാക്കുകളാകുന്ന തേൻ. കാദം...പരി=അരയന്നത്തെപ്പോലെ വെളുത്ത കിടക്കമേൽ. അംഗരാഗക്ഷോദത്താൽ=കുറിക്കൂട്ടിൻപൊടിയാൽ. ''കാദംബസ്വച്ഛതല്പോപരി ചിതറിയതിൻ ബാക്കിയാമംഗരാഗക്ഷോദത്താൽ'' എന്നതുകൊണ്ടു രാജകുമാരൻ ഏറെനേരം ഉറക്കംവരാതെ കിടക്കമേൽ കിടന്നുരുണ്ടതായി വ്യഞ്ജിക്കുന്നു.

82. കല്യക്രിയ = പ്രഭാതകൃത്യം. ചമൂവൃന്ദം=സേനാഗണം. വേതസ...നായ് = വേതസപതിയോടും (ജയകേതുവോടും), തന്റെ അമാത്യരോടുംകൂടി. കല്ലോലം = തിര. അതിയായ വഴിയകലംനിമിത്തം സൈന്യത്തിൽ ഒരു ചെറിയ ഭാഗത്തെ മാത്രമേ സമുല്ലലദ്വീപിലേക്കു കൊണ്ടുപോകുന്നുള്ളു.

Digitized By Kerala Sahitya Akademi

എട്ടാം സർഗ്ഗം

നേരററ ഗംഭീരതയാലധൃഷ്യമായ്—
പ്പാരം മഹത്വംപെട്ടപയോധിയെ
പാരത്തു കണ്ടാനതിനോടു തുല്യനാ—
യൊരക്കുമാരൻ കുതുകോത്തരംഗിതൻ. 1

വാഹാർത്ഥമുന്നും സഗരന്റെ മക്കൾതൻ
ബാഹാബലസ്മാരകവസ്തുപോലവേ,
മാഹാത്മ്യവൃത്ത്യാ വിലസും സമുദ്രമു—
ത്സാഹാനമോദങ്ങളവന്നു നല്കിതേ. 2

ഭൂവിന്നു രത്നോജ്ജ്വലകാഞ്ചി, ലക്ഷ്മിയാം
ദേവിക്കു താതൻ, നദികൾക്കു വല്ലഭൻ,
ഗോവിന്ദനന്തഃപുരമെന്നനേകധാ
കേൾവിപ്പെട്ടന്നർണ്ണവമാർക്കു വർണ്ണ്യമാം? 3

പേർവിണ്ടിടും തത്തദവസ്ഥമൂലവും
ഹാ, വിശ്വദിഗ്വ്യാപിമഹത്വമൂലവും,
ശ്രീവിഷ്ണുവിന്നൊക്കമിതിന്റെ രൂപമി—
ങ്ങാവില്ലൊരാൾക്കും വിവരിച്ചുരയ്ക്കുവാൻ. 4

ജന്തുക്കളൊട്ടല്ല ചുവട്ടിൽ, മീതെയോ
വൻതുംഗപോതങ്ങളു,—മെന്നിരിക്കിലും
ചിന്തുന്നതില്ലംബുധി ഭാവഭേദമേ—
റെറ;—ന്തും ഗഭീരക്കു വികാരമേകിടാ. 5

---

1. ഗംഭീരത = ആഴം, ഗാംഭീര്യം. അധൃഷ്യം = ആക്രമിച്ചുകൂടാത്തതു്. മഹത്വം=വലിപ്പം, മഹിമ. പയോധി=സമുദ്രം. അതിനോടു്=പയോധിയോടു്. കുതുകോത്തരംഗിതൻ=കുതുകംകൊണ്ടു് ഉത്തരംഗിതൻ (തിരമാലകൾ ഉണ്ടായവൻ); വമ്പിച്ച കൗതുകത്തോടുകൂടിയവൻ എന്നു ഭാവം.

2 വാഹാർത്ഥം=അശ്വമേധീയാശ്വലാഭത്തിന്നുവേണ്ടി. ഉന്നും=ഉദ്യമിക്കുന്ന. ബാഹാ...വസ്തു=കയ്യൂക്കിനെ ഓർമ്മിപ്പിക്കുന്ന വസ്തു. പണ്ടു സഗരരാജാവിന്റെ അശ്വമേധീയാശ്വത്തെ ഇന്ദ്രൻ പാതാളത്തിൽ കൊണ്ടുചെന്നു് ഒളിപ്പിച്ചു. അതിനെ തിരഞ്ഞുപിടിപ്പാനായി സഗരപുത്രന്മാർ, (അറുപതിനായിരം പേർ) ഭൂമിയെ കൈനഖങ്ങൾകൊണ്ടു കുത്തിക്കുഴിച്ചുകൊണ്ടു സഞ്ചരിച്ചു. പിന്നീടു ഗംഗാജലത്താൽ നിറയപ്പെട്ട ആവക കുഴികളാണുപോൽ സമുദ്രങ്ങൾ.

3. രത്നോജ്ജ്വലകാഞ്ചി=രത്നങ്ങളെക്കൊണ്ടു തിളങ്ങുന്ന അരഞ്ഞാൺ. സമുദ്രം രത്നാകരമാണല്ലോ. അന്തഃപുരം = കിടപ്പറ. അനേകധാ = പലതരത്തിൽ. വർണ്ണ്യം = വർണ്ണിപ്പാൻ കഴിയുന്നതു്.

4. തത്തദവസ്ഥ = അതാതുനില. വിശ്വ...മഹത്വം=എല്ലാദിക്കുകളിലും വ്യാപിക്കുന്നതായ വലിപ്പം. വിവരിക്കുവാൻ=ഇന്നപ്രകാരമെന്നും ഇത്രയെന്നും നിർദ്ദേശിപ്പാൻ.

5. വൻതുംഗപോതങ്ങൾ = വളരെ വലിയ കപ്പൽ മുതലായവ.

Digitized By Kerala Sahitya Akademi

നിന്നാവതോളം ചൊരിയട്ടെ മാരിതാൻ,
വന്നാക്രമിക്കട്ടെ വരട്ടുവേനൽതാൻ,
എന്നാലുമേററക്കുറവേതുമേല്പതി-
ല്ലെ,ന്നാളുമേറെപ്പെരിപ്പൂണ്ണമണ്ണവം. 6

താനാണു രത്നാകരമിണ്ടു, ലക്ഷ്മിയാം
താനാണു തമ്പുത്രിയുമെന്നൊരുങ്കിനാൽ,
സ്ഥാനാലഗാധാശയമൊക്കുമീയുദ-
ന്വാനാക്രമിച്ചീടുവതില്ല വേലയെ. 7

ശാന്തം ചിലേടം, ചിലഭാഗമൂർമ്മികാ-
ക്രാന്തം, ചിലേടം പെരികെബ്ഭയങ്കരം,
കാന്തം ചിലേടം വിലസുന്നിതേവമാ-
സ്വാന്തപ്രഹഷ്പ്രദമാം മഹാണ്ണവം. 8

ചേരായ്വരും വിഷ്ണുപദം, സസത്വനാം
ധീരാശയന്നന്നറിവേകിടുമ്പടി
വാരാശി വാനത്തൊടൊരൈക്യമാർന്നതായ്
ദൂരാവലോകത്തിലവന്നു തോന്നിതേ. 9

സൂരന്റെ രശ്മിവ്രജമേററുയർന്നിടും
നീരന്ധ്രമാമാവിയെ നീരരാശിയിൽ
ദൂരത്തവൻ കണ്ടിത,തിന്റെയുള്ളിലു-
ള്ളോരഗ്നിതൻ നല്ലൂക്കയെക്കണക്കിനേ. 10

പൂമാത്തു പല്ലും പുതുമേനികൊണ്ടു ത-
ജ്ജാമാതൃസാമ്യം തടവും കുമാരനെ
പ്രേമാൽത്തിരക്കൈകളെ മുന്നിൽ നീട്ടിയാ
ശ്രീമാൻ സരസ്വാനെതിരേററുകൊണ്ടിതോ! 11

---

7. ഉങ്കിനാൽ=ഗർവിനാൽ സ്ഥാനാൽ=താൻ നില്ക്കുന്നേടത്തുനിന്നു്. ഉദന്വാൻ=സമുദ്രം വേല=മര്യാദ, തീരം. ഉള്ളിന്നാഴമുള്ളവർ, എത്രതന്നെ സമൃദ്ധിയുണ്ടായാലും, മര്യാദാലംഘനം ചെയ്യുന്നതല്ലെന്നു താൽപര്യം.

8. ഊർമ്മികാക്രാന്തം = തിരകളടിച്ചുകേറിക്കൊണ്ടിരിക്കുന്നതു്. കാന്തം = സുന്ദരം. സ്വാന്ത...പ്രദം = മനസ്സിന്നു ഹഷത്തെ കൊടുക്കുന്നതു്.

9. വിഷ്ണുപദം=വിഷ്ണുവിന്റെ കാൽ, ആകാശം. സസത്വൻ=സത്വത്തോടുകൂടിയവൻ; ജന്തുക്കളോടുകൂടിയവ എന്നും. ധീരാശയൻ = ഗംഭീരാത്മാവു്. ദൂരത്തേക്കു നോക്കുമ്പോൾ, സമുദ്രം ആകാശത്തു മുട്ടിയിരിക്കുന്നതായി തോന്നുമല്ലോ.

10. സൂരൻ = സൂര്യൻ. നീരന്ധ്രം=നിബിഡം. നീരരാശിയിൽ=കടലിൽ. അതിന്റെയുള്ളിലുള്ളോരഗ്നി = ബഡബാഗ്നി.

11. തജ്ജാമാതൃസാമ്യം=അതിന്റെ (സമുദ്രത്തിന്റെ) ജാമാതാവോടു (വിഷ്ണുവോടു) തുല്യത. പ്രേമാൽ എന്നതു പ്രേമത്താൽ എന്നതിന്റെ ലോപമാകുന്നു. സരസ്വാൻ = സമുദ്രം.

Digitized By Kerala Sahitya Akademi

സൂനായുധാഭൻ, സുഹൃദഭ്യുപേതനായ്—
ത്താനാഴിവക്കത്തഥ തെല്ലിടയ്ക്കവൻ
നാനാതരം കാഴ്ചകൾ കണ്ടു സഞ്ചരി—
ച്ചാനാളുകൾക്കങ്ങൊരു നല്ല കാഴ്ചയായ്. 12

വന്നാർത്തുകൊണ്ടക്കരയിൽക്കരേറിയി—
ട്ടൊന്നാഞ്ഞു തല്ലിച്ചിതറുന്ന വീചികൾ;
നന്നായെഴും വേലകളിൽക്കയററമൊ—
ത്തെന്നാൽ, ജലശ്രേണി നിലയ്ക്കു നില്ക്കുമോ? 13

ഒന്നായ് വിദേശീയപദാർത്ഥമൊക്കെ വി—
റെറാന്നാന്തരം ലാഭമെടുത്ത വാണിജർ
അന്നാട്ടിൽനിന്നാർന്ന ചരക്കുകപ്പലേ—
റുന്നാ വിധം കണ്ടു രസിച്ചിതങ്ങവൻ. 14

പാരം പണിപ്പെട്ടി,ടറും ശുഭോക്തി ചൊൽ—
വോരസ്വബന്ധുക്കളുമായ് പിരിഞ്ഞഹോ!
ദൂരപ്രയാണത്തിനു കപ്പലേറിടു—
ന്നോര,ങ്ങവൻതാൻ മനമാർദ്രമാക്കിനാർ. 15

ദൂരാൽച്ചിരം കപ്പൽവഴിക്കു വന്നണ—
ഞ്ഞോരാം സുഹൃത്തുക്കളെയുൾകുളിക്കവേ
പാരാതടുത്താളുകളാദരിപ്പത—
ങ്ങാ രാജപുത്രന്നുളവാക്കി കൗതുകം. 16

പിഞ്ചായ കൈച്ചെന്തളിരാൽക്കിടാങ്ങളാ—
പ്പഞ്ചാരപോലാം മണൽ വാരിയങ്ങനെ
വൻചാരുവായ്ക്കേളികൾ ചെയ്‌വതങ്ങു ക—
ണ്ടഞ്ചാതവന്നുള്ള കളിത്തിതേററവും. 17

പച്ചത്തുകിൽപ്പട്ടെതിർപട്ടു ചുററുമായ്
മെച്ചപ്പെട്ടും പൊൻകുടമൊത്ത കാഴ്ചളാൽ

12. സൂനായുധാഭൻ = കാമസുന്ദരൻ സുഹൃദഭ്യുപേതൻ = സ്നേഹിതന്മാരോടു കൂടിയവൻ. രാജകുമാരൻ സമുദ്രതീരത്തെ കാഴ്ചകൾ കണ്ടുംകൊണ്ടു സഞ്ചരിക്കുമ്പോൾ, അവിടെയുള്ളവർ കൗതുകാതിശയത്താൽ അദ്ദേഹത്തെത്തന്നെ നോക്കിക്കൊണ്ടു നിന്നു.

13. വേലകളിൽ = തീരങ്ങളിൽ; ഉദ്യോഗങ്ങളിൽ എന്നും. ജലശ്രേണി = വെള്ളക്കൂട്ടം; മൂഢവർഗ്ഗം എന്നും.

14. വിദേശീയപദാർത്ഥം = മറുനാട്ടിലെ സാമാനം. വാണിജർ = കച്ചവടക്കാർ.

15. ശുഭോക്തി = ആശീർവാദം മുതലായതു്. ദൂരപ്രയാണം = ദൂരയാത്ര.

17. കേളികൾ = കളികൾ.

Digitized By Kerala Sahitya Akademi

നൽച്ചന്തമാർന്ന,ക്ഷിസുഖാമൃതം പൊഴി—
ച്ചുച്ചണ്ഡങ്ങളാം തെങ്ങുകളങ്ങു നില്പൂതേ. 18

താലാളിപത്രങ്ങളിൽ മർമ്മരസ്വനം
ലീലാഭിഘാതാല്പളവാക്കി മെല്ലമേൽ,
ഏലാവനത്തുമണമേന്തി വീശിടും
വേലാമരുത്തങ്ങവനേകി നൽസുഖം. 19

ചേലാർന്ന പൂക്കൈതെ, ഫലവ്രജാർദ്ദിതം—
പോലാം കവുങ്ങെന്നിവയാലലംകൃതം,
നീലാബ്ദനീകാശതമാലമാലമാ
വേലാതലം കാൺകിലാർക്ക തൃപ്തിയാം? 20

''എന്നാലിനിക്കപ്പലിലേറിടാം നമു—
ക്കെ''ന്നാസ്ഥയോടജ്ജയകേതു ചൊല്ലയാൽ
ചെന്നാനടൻ സജ്ജിതമായ കപ്പൽ നി—
ല്ക്കുന്നാസ്ഥലത്തേക്കളകേശനന്ദനൻ. 21

ആ മന്ത്രിമാരും, ചില മററു മാന്യരും
സാമന്തനാകും ജയകേതുതാനുമായ്
ശ്രീമംഗളാത്മാവവനങ്ങു കേറിനാൻ,
സാമഗ്രിയൊട്ടുക്കടയോരു കപ്പലിൽ. 22

ആമാതിരിക്കപ്പൊഴ,വശ്യനേയമാം
സാമാനവുംകൊണ്ടു ചുരുക്കമൊളകൾ
ക്ഷേമാവഹം മറെറാരു കപ്പലേറിനാ—
രാ മാനവാധീശസുതൻെറ സൈനികർ. 23

പാരാതെതാൻ, പാടവമുള്ള നാവിക—
ന്മാരാദരാൽ വിട്ടിതു രണ്ടു കപ്പലും;

---

18. അക്ഷിസുഖാമൃതം = നേത്രസുഖമാകുന്ന അമൃതു്. ഇതു പൊഴിപ്പാനുള്ള ഉപകരണമാണു്, പൊൻകുടംപോലുള്ള കായ്കൾ. ഉച്ചണ്ഡങ്ങൾ = ഉയന്നവ.

19. താലാളിപത്രങ്ങൾ = കരിമ്പനക്കൂട്ടത്തിൻെറ ഓലകൾ. ലീലാഭിഘാതം = പതുക്കെ തട്ടൽ. വേലാമരുത്തു് = കരക്കാററു്.

20. ഫലവ്രജാർദ്ദിതംപോലാം = താങ്ങാൻകഴിയാത്തവിധം കായ്കനികൾ നിറഞ്ഞതായ. നീലാ...മാലം=കാർമേഘംപോലെയുള്ള പച്ചിലമരക്കൂട്ടത്തോടു കൂടിയതു്. വേലാതലം = തീരപ്രദേശം.

21. സജ്ജിതം = തയ്യാറാക്കപ്പെട്ടതു്.

22. ശ്രീമംഗളാത്മാവു്=ശ്രീമത്തായ മംഗളം ആത്മാവിൽ (മനസ്സിൽ) ഉള്ളവൻ; യാത്രാസമയത്തു വേണ്ടതായ മംഗളപ്രാർത്ഥന ചെയ്യുവൻ എന്നു സാരം. സാമഗ്രി = ഉപകരണം.

23. അവശ്യനേയം = കൊണ്ടുപോയേ കഴിയൂ എന്നുള്ളതു്. സൈനികർ = സേനയിലുള്ളവർ.

Digitized By Kerala Sahitya Akademi

വാരാശിമേൽ, നൈരൃതദിക്കിനെക്കുറി—
ച്ചാ രാജപോതങ്ങൾ തുടൎന്നു യാത്രയും.. 24

സ്ഫാരസ്വനം പാൎശ്വളിൽ വന്നടിച്ചീട്ട—
ന്നോരത്തിരക്കാറ്റുതകം ജവത്തോടും,
സ്വൈരം നഭസ്സീമനി പക്ഷിരാജർപോ—
ലാ രണ്ടു പോതങ്ങൾ ചരിച്ചിതാഴിയിൽ.. 25

നീരാഴിമേലൂൎമ്മികളെപ്പിളൎത്തുകൊ—
ണ്ടാരാൽ ഗമിക്കുന്ന മരക്കലങ്ങളെ
തീരാൽ, കുമാരന്നനുയാത്രയായി വ—
ന്നോരാം ജനത്തിൻമിഴി പിന്തുടൎന്നുതേ. 26

മുല്ലാടടിത്തട്ട,ഥ മധ്യപാളി, പി—
മ്പപ്പാമരത്തുക്കൊടിയും മറഞ്ഞഹോ,
കെല്ലാളുമപ്പോതയുഗം കരയ്ക്കുമേൽ
നില്പാം ജനൗഘത്തിനദൃശ്യമായ് ക്രമാൽ. 27

വാരാണ്ട പോതങ്ങളിൽനിന്നു ചൂഴവും
ദൂരാൎപ്പിതാക്ഷിദ്വയരായി നോക്കവേ,
പാരാകെയംഭോമയമെന്നപോലെ ക—
ണ്ടോരാ,സ്സമുദ്രാധ്വഗരാത്തവിസ്മയം. 28

സ്സായഗ്രസംചേരുമവൎക്കു കാണുമാ—
റായ,ബ്ധിമദ്ധ്യേ ചില ചീൎത്ത പാറകൾ,
തോയം കണക്കറ്റു കുടിക്കയാൽ ജഡ—
പ്രായം മയങ്ങീടിന കാർകൾപോലവേ. 29

ചീററം കലൎന്നുൽക്കടമായ കാററടി—
ച്ചേററംബരത്തട്ടിലുരുമ്മുമൂൎമ്മികൾ,
ക്കുററന്മഹീഭൃച്ഛിഖരങ്ങളെന്നപോ—
ലേററം മുദാ കണ്ടു ചിലേടമങ്ങവർ. 30

കാലേ, നദീകാമുകനാൎത്തി പൂണ്ടു മേ—
ന്മേലേ നകന്നുള്ളിലൊതുങ്ങിടായ്കയാൽ

24. നാവികന്മാർ = കപ്പൽക്കാർ. നൈരൃതദിക്കു് = തെക്കുപടിഞ്ഞാറു്. രാജപോതങ്ങൾ = രാജാർഹങ്ങളായ കപ്പലുകൾ.

25. സ്ഫാരസ്വനം = ശബ്ദം പെരുകുമാറു്. നഭസ്സീമനി = ആകാശത്തു്.

26. ആരാൽ = അകലെ. തീരാൽ = കരയ്ക്കുനിന്നു്.

27. മധ്യപാളി = നടുസ്ഥലം. അദൃശ്യം = കാണ്മാൻ കഴിയാത്തതു്.

28. ദൂരാൎപ്പിതാക്ഷിദ്വയർ = കണ്ണു രണ്ടും അകലത്തേക്കയച്ചവർ. അംഭോമയം = ജലമയം. സമുദ്രാധ്വഗർ = കടലിലൂടെ യാത്രചെയ്യുന്നവർ. ആത്തവിസ്മയം = ആശ്ചൎയ്യത്തോടുകൂടുംവണ്ണം.

29. തോയം = ജലം. ജഡപ്രായം = തീരെ നിശ്ചേഷ്ടങ്ങളായിത്തീരുമാറു്.

30. ഊൎമ്മികൾ = തിരകൾ. മഹീഭൃച്ഛിഖരങ്ങൾ = കുന്നിൻകൊടുമുടികൾ.

Digitized By Kerala Sahitya Akademi

ചാലേ വമിച്ചീടിന ചന്ദ്രികോച്ചയം—
പോലേ ചിലേടം വിലസീ മണൽപ്പുറം. 31

പാടേ പരപ്പാർന്നുയരുന്ന ധൂമമ—
മ്പോടേ ചിലേടത്തവർ കണ്ടിതാഴിയിൽ,
ഈടേറുമോമൽപ്രകൃതിക്കു നിന്നു കൂ—
ത്താടേണ്ടതിന്നിട്ടൊരു പന്തൽപോലവേ. 32

പൊന്തിപ്പടർക്കും പവിഴങ്ങളുംതൻ നിറം
ചിന്തിപ്പരക്കും ചിലഭാഗമാഴിയിൽ,
അന്തിച്ചുകപ്പേന്തിയ വാനിനൊത്തിടും
പന്തിക്കു കണ്ടാർ പരിഹൃഷ്ടരായവർ. 33

ശ്രീരോചമാനം പല വൻതുരുത്തു,ദു—
ർവ്വാരോഗ്രവെയ്ലാൽ വരളുന്ന ദിക്കുകൾ
നീരോളമിത്യാദികൾ പാർത്തുകണ്ടുകൊ—
ണ്ടോരോ സമുദ്രങ്ങൾ കടന്നിതധ്വഗർ. 34

ആ രാജപുത്രന്നുടനേ നടന്നിടും
താരാവലീമംഗളവേളി കാണുവാൻ
ദൂരാത്തകൗതൂഹലരാമവന്റെയാൾ—
ക്കാരാ വഴിക്ലേശമറിഞ്ഞതില്ലഹോ! 35

ഓരോ കടൽക്കാഴ്ചകളിൽക്കളിക്കുമു—
ത്താരോടു മേവും നൃപസൂനുതന്നൊടായ്
സാരോക്തിദക്ഷൻ ജയകേതു സാധുവാം
ഗീരോതിനാനംബുധിയെക്കുറിച്ചുതാൻ: 36

'ധാരാളമായ്ക്കണ്ടവനും നവാഭ,മീ
വാരാശിനൈസർഗ്ഗികരാമണീയകം,
ഹേ രാജസൂനോ, പുതുകാണികൾക്കു കൺ
പോരാതെയാക്കുന്നതിലെന്തൊരത്ഭുതം? 37

---

31. നദീകാമുകൻ = സമുദ്രം. ആർത്തി = കൊതി. വമിച്ചീടിന = ഛർദ്ദിച്ച. ചന്ദ്രികോച്ചയം = നിലാവിൻകൂട്ടം.

32. ധൂമം = ആവി.

34. ശ്രീരോചമാനം=സമ്പത്തുകൊണ്ടു ശോഭിക്കുന്നതു്. ദുർവ്വാരോഗ്രവെയ്ലാൽ = തടുത്തുകൂടാത്ത കഠിനമായ വെയ്ലാൽ. നീരോളം = വെള്ളത്തിലെ ഓളം. അധ്വഗർ = യാത്രക്കാർ.

35. ദൂരാ...ഹലർ = ഏറ്റവും കൗതുകംപൂണ്ടവർ.

36. സാരോക്തിദക്ഷൻ = നന്നായി പറവാൻ വിരുതുള്ളവൻ. ഗീരു് = വാക്കു്. കടൽക്കരയിൽ പാർക്കുന്നവനായ ജയകേതുവിന്നു സമുദ്രത്തെക്കുറിച്ചു് അധികം അറിവുണ്ടായിരിക്കാനിടയുണ്ടല്ലോ.

37. നവാഭം = പുതിയതായി തോന്നുന്നതു്. വാരാശിനൈസർഗ്ഗികരാമണീയകം = സമുദ്രത്തിന്റെ സ്വാഭാവികഭംഗി. പോരാതെ = പിൻവാങ്ങാതെ.

Digitized By Kerala Sahitya Akademi

താപിഞ്ഛനേർവണ്ണമൊട്ടെട്ടുദിക്കിലും
വ്യാപിച്ചതായ്,ക്കേവലമപ്രമേയമായ്,
ദീപിച്ചിടും വിഷ്ണുപദപ്പകർച്ചയെ
പ്രാപിച്ച പാഥോധിയിതംബരോപമം. 38

ഉപ്പാർന്ന തൻനീ,രിനനാഡികൾക്കകം
വെപ്പാനയച്ചിട്ടമൃതാക്കുമിക്കടൽ;
പില്ലാടതല്ലോ, മഴയായ് വരുന്നതി-
ങ്ങി,-പ്പാരിനാരിങ്ങനെ ജീവനപ്രദൻ? 39

സ്ഥാരാചലത്താൽ നിജമന്ഥനം തുട-
ന്നോരാദിതേയപ്പരിഷയ്ക്കുമിക്കടൽ
വാരാണ്ട രത്നങ്ങളനേകമേകിപോ-
ലാ;രാണുദാരത്വമിവണ്ണമുള്ളവൻ? 40

ക്ഷാമം പെടാതന്നിതിൽനിന്നു ലബ്ധമാ-
മാ മജ്ജുരത്നോൽക്കരമില്ലയെങ്കിലോ,
നാമത്ര വാഞ്ഛിച്ചുവരുന്ന വിണ്ണിനെ-
ന്തീ, മന്നിനെക്കാളൊരു മെച്ചമുള്ളതും? 41

എന്നാളുമീയാഴി ഭരിപ്പതുണ്ട്, നീ-
രൊന്നായ് വിഴുങ്ങീടുമൊരാശ്രയാശനെ:
വന്നാശ്രയിപ്പോന,പകാരകാരിയാ-
ണെന്നാകിലും, കൈവെടിയാ മഹത്തുകൾ. 42

സ്വാരാജ്യവജ്രായുധലൂനപക്ഷരായ്-
ത്തീരാതെയുണ്ടദ്രികളിപ്പൊളെങ്കിലോ,
പൗരാണികച്ചൊല്ലിലതിന്നു ഹേതു,വീ
വാരാശിതന്നാശ്രിതരക്ഷണവ്രതം. 43

---

38. താപി...വണ്ണം = ശ്യാമളവണ്ണം. അപ്രമേയം = കണക്കാക്കാൻ കഴിയാത്തതു്. ദീപിച്ചിടും = ശോഭിക്കുന്ന. വിഷ്ണുപദപ്പകർച്ച=വിഷ്ണുപദം (വിഷ്ണുവിന്റെ പാപ്പിടം) എന്ന കീർത്തി. ആകാശത്തിന്നു വിഷ്ണുപദം എന്നു പേരുണ്ട്. പാഥോധി = സമുദ്രം. അംബരോപമം = ആകാശതുല്യം.

39. ഇനനാഡികൾ=ജലത്തെ വഹിക്കുന്ന വയായ സൂര്യരശ്മികൾ. അമൃതു്=അമൃതുപോലെയുള്ള ശുദ്ധജലം. ജീവനശബ്ദത്തിന്നു ജലമെന്നും കഴിച്ചിലിന്നുള്ള വക എന്നും അർത്ഥം.

40. സ്ഥാരാചലത്താൽ = വമ്പിച്ച മന്ദരപർവ്വതംകൊണ്ടു്. നിജമന്ഥനം = തന്നെക്കടയൽ. ആദിതേയപ്പരിഷ = ദേവഗണം. രത്നങ്ങൾ = ശ്രേഷ്ഠവസ്തുക്കൾ. തങ്ങളെ പീഡിപ്പിക്കുന്നവരെക്കൂടി സവിശേഷം സൽക്കരിക്കുന്നവരുടെ ഔദാര്യം അലോകസാമാന്യം തന്നെ!

41. സമുദ്രരത്നങ്ങളായ ശ്രേഷ്ഠവസ്തുക്കൾതന്നെയാണ്, സ്വർഗ്ഗത്തെ ഭൂമിയേക്കാളേറെ സ്പൃഹണീയമാക്കിയിരിക്കുന്നതു്.

42. നീരൊന്നായ് വിഴുങ്ങീടുമൊരാശ്രയാശനെ = ബഡവാഗ്നിയെ.

43. സ്വാരാ...പക്ഷർ = ഇന്ദ്രന്റെ വജ്രായുധംകൊണ്ടു ചിറകററവർ. അദ്രികൾ = പർവ്വതങ്ങൾ. പൗരാണികച്ചൊല്ലിൽ = പുരാണകർത്താക്കന്മാർ പറയുന്ന

Digitized By Kerala Sahitya Akademi

ഈ വമ്പുകൂട്ടം ലവണാംബുരാശിതൻ
സേവയ്ക്കു ഭൂഭൃജ്ജനിതാപഗാശതം
ഹാ, വന്നുചേരുന്നു രസാഢ്യമായ് സദാ:
ലാവണ്യവാനിൽക്കൊതിവിട്ട പെണ്ണുവരോ? 44

പാരം സസത്ത്വൗഘനദീമുഖാംബുവിൻ
പൂരത്തെ വായ്ക്കൊണ്ടിഹ വൻതിമിവ്രജം
നീരമ്പു മേല്പോട്ടു വിടുന്നു, രന്ധ്രമു-
ള്ളോരശ്ശിരസ്സാൽജ്ജലയന്ത്രരീതിയിൽ. 45

ചീൎക്കം ഭവൽകീൎത്തിചയത്തൊടീൎഷ്യയാ
നേൎക്കും നരക്കട്ടെ ചുഴിക്കകത്തിതാ,
നേൎക്കുണ്ടു ചക്രംതിരിയുന്നു, കാൺകിതൊ-
ന്നാ:—ൎക്കം മഹദ്വൈരമനൎത്ഥകാരണം. 46

കണ്ടാലുമീയംബുധിഭാഗമെത്രയോ
കണ്ടാർന്നനങ്ങാതെ കിടപ്പിതെങ്ങുമേ:
കൊണ്ടാടിടേണ്ടുമ്പടി ശാന്തഭാവമെ-
ങ്ങുണ്ടാകയില്ല,ള്ളിനൊരാഴമൊക്കകിൽ? 47

മിന്നാമിനുങ്ങിൻനിരപോലെ ദീപ്തി മെ-
യ്യിന്നാർന്ന ജന്തുവ്രജമീക്കയങ്ങളിൽ
തന്നാഭ മിന്നിച്ചു ചുവട്ടിലൊക്കെയും
സന്നാഹി ദീപാവലി ചേർപ്പതുണ്ടുപോൽ! 48

ഇത്താഴ്ചകൂടുന്ന കയങ്ങളംതന്നടി-
യ്യെത്താൻ കഴിഞ്ഞെങ്കിൽ നമുക്കു കണ്ടിടാം,

പ്രകാരം. ഇന്ദ്രൻ പൎവ്വതപക്ഷച്ഛേദനത്തിന്നൊരുങ്ങിയപ്പോൾ, മൈനാകാദി പൎവ്വതങ്ങൾ സമുദ്രത്തെ ശരണംപ്രാപിച്ച്, തങ്ങളുടെ പക്ഷങ്ങളെ വജ്രത്തിൽ നിന്നു രക്ഷിച്ചതായി പുരാണങ്ങളിൽ പറയുന്നുണ്ടല്ലോ.

44. ഭൂഭൃ...ശതം = മലകളിൽനിന്നുണ്ടായ അനേകം നദികൾ, രാജകുമാരീമാരെന്നും വ്യഞ്ജിക്കുന്നു. രസത്തിനു ജലമെന്നും, സന്തോഷമെന്നും അൎത്ഥം. ലാവണ്യവാനിൽ = സുന്ദരപുരുഷനിൽ. സമുദ്രവും ലാവണ്യവാൻ (ഉപ്പുരസം ഉള്ളത്) ആണല്ലോ.

45. സസ...ഖാംബു = ജന്തുക്കളോടുകൂടിയ നദീമുഖത്തിലെ ജലം. പൂരം = പ്രവാഹം. വൻതിമിവ്രജം = വലിയ തിമിംഗലമത്സ്യക്കൂട്ടം. രന്ധ്രം = ദ്വാരം. അഴിമുഖത്തു വായും പിളൎത്തിക്കൊണ്ടു കിടന്ന്, ജന്തുക്കളോടുകൂടിയ നദീജലം വായിൽ നിറഞ്ഞുകഴിഞ്ഞാൽ, വായ് കൂട്ടി വെള്ളം മുഴുവൻ ശിരസ്സിലെ ദ്വാരങ്ങളിലൂടെ പുറത്തുവിട്ടു, ജന്തുക്കളെ ഭക്ഷിക്കുക തിമിംഗലങ്ങളുടെ സമ്പ്രദായമാണത്രേ.

46. ഭവൽകീൎത്തിചയം = അങ്ങയുടെ യശസ്സമൂഹം. നേൎക്കും = എതിരിടുന്നു. മഹദ്വൈരം = വലിയവരോടു മത്സരം.

47. മനസ്സിന്ന് ആഴമുള്ളവർ ഒരിക്കലും പതറുന്നതല്ലല്ലോ.

48. ദീപ്തി = പ്രകാശം. മിന്നാമിനുങ്ങുകളെപ്പോലെ സ്വയംപ്രകാശമുള്ള പലതരം പ്രാണികൾ ചില കടൽക്കയങ്ങളുടെ അടിയിൽ കാണപ്പെടുന്നുണ്ടത്രേ.

Digitized By Kerala Sahitya Akademi

മത്താർപ്പു നാനാനിറമുജ്ജ്വലിപ്പതി-
ന്നൊത്താളുമസ്സത്ത്വവിചിത്രസൃഷ്ടിയെ. 49

ഇല്ലാ, വക പ്രാണികളെങ്കിലാതപം
ചെല്ലാത്തൊരീക്കണ്ടുകളേതുകാലവും
വല്ലാതിരുട്ടാണ്ടു കിടന്നിടേണ്ടയോ?
ചൊല്ലാവതല്ലീശ്വരസൃഷ്ടിവൈഭവം!'' 50

ഏവം സുഹൃൽഭാഷണതോഷിയാം യുവ-
ക്ഷ്മാവല്ലഭൻതൻ തടവററ യാത്രയെ
ദൈവം സഹിച്ചീല; സമുദ്രമഞ്ജസാ
ഭാവം പകർന്നൊന്നിളകീ ഭയങ്കരം. 51

താനേകിട്ടും ജീവനമേററമാസ്വാദി-
ച്ചൂനേതരൗജ്ജിത്യമിയന്ന കാറുകൾ
വാനേറി മേളിപ്പതു കണ്ടഹന്തയാൽ
സ്ഥാനേ മുതിർന്നാത്തു ജലേശിതാവഹോ! 52

കട്ടിക്കരിങ്കാർപടലം പൊടുന്നനെ-
പ്പൊട്ടിപ്പുറപ്പെട്ടിടചേർന്ന വാനിടം,
പട്ടിക്കുപ്പടർപ്പിൽപ്പിടിപെട്ടെരിഞ്ഞ തീ
തട്ടിക്കരിഞ്ഞീടിന കാടുപോലെയായ്. 53

ക്രൂരാനിലൻ ചീററിയടിച്ചുലച്ചിട്ടും
വാരാകരം തുംഗതരംഗബാഹുവായ്,
ആ രാജപോതങ്ങളടിച്ചുടച്ചുവാൻ
പോരാർന്നൊരുമ്പെട്ടുപടിക്കിരമ്പിതേ. 54

താരാപഥം തത്ര ഘനോച്ചലത്തമോ-
ഭാരക്രമത്താൽ മലിനീഭവിക്കവേ,
ഓരാതെ നേരിട്ട വിപത്തു കാണുമാ
വാരാശി പാന്ഥക്കൈതാരുമേവമായ്. 55

---

49. സത്ത്വവിചിത്രസൃഷ്ടിയെ = അത്ഭുതസൃഷ്ടികളായ പ്രാണികളെ.

50. ആതപം = വെളിച്ചം.

51. ഏവം = ഇപ്രകാരം. സുഹൃൽഭാഷണതോഷി = സ്നേഹിതന്റെ വാക്കുകൾ കേട്ടു സന്തോഷിക്കുന്നവൻ. അഞ്ജസാ = പെട്ടെന്നു്.

52. തന്റെ സഹായംകൊണ്ടു് ഉന്നതിയെ പ്രാപിച്ചവരെ കാണുമ്പോൾ ജളപ്രഭു ഔദ്ധത്യത്തെ പ്രകാശിപ്പിക്കുന്നതു സാധാരണമാണല്ലോ. സ്ഥാനേ എന്നതിന്നു യുക്തമെന്നർത്ഥം.

53. പട്ടിക്കുപ്പടർപ്പിൽ = മുളംകൂട്ടത്തിൽ.

54. വാരാകരം = സമുദ്രം. തുംഗ...ബാഹു = തിരകളാകുന്ന കൈകളുയർത്തിക്കൊണ്ടു്.

55. താരാപഥം = ആകാശം. ഏവമായ് = ഘനോച്ചലത്തമോഭാരക്രമത്താൽ (ഘനമാകുംവണ്ണം പൊങ്ങുന്ന ഇരുട്ടിന്റെ ആധിക്യം വല്ലാതെ ആക്രമിക്കുക

അഞ്ചാറുനാളംകൊണ്ടു സമുല്ലലക്കര—
സ്ഥുഞ്ചാതടക്കാമി,നിയെന്നിരിക്കവേ,
നെഞ്ചാളമാറുള്ളൊരപായഭീതിയാ—
സ്സഞ്ചാരികൾക്കേററു യത്ഥ്യയായഹോ! 56

താരാവലീവല്ലഭനെത്തിടുന്ന ദു—
ർവ്വാരാത്തി കാണ്മാനരുതാഞ്ഞു ദിക്കുകൾ
ധാരാധരധ്വാന്തനിചോളികാംബരം
പാരാതെടുത്തിട്ടിതു തന്മുഖങ്ങളിൽ. 57

ലോലന്മുകിൽച്ചാത്തൊലി കൂട്ടിയും തടി—
ത്താലങ്ങിടയ്ക്കൊക്കെയിളിച്ചുകാട്ടിയും,
നീലം വിഹായസ്സു, വിപൽപിശാചിതൻ—
കോലംകണക്കേ വിലസീ ഭയാനകം. 58

അപ്പാന്ഥർതൻ പ്രാണധനങ്ങളെബ്ബലാൽ
കപ്പാൻ മുതിർന്നക്കരിമേഘതസ്കരർ
തപ്പാതിടിക്ഷ്വേളകളിട്ടു മേല്ക്കുമേൽ
മുപ്പാർമുഴക്കിശ്ശരധാര തൂകിനാർ. 59

സ്ഫീതക്കൊടുങ്കാറെറാടു മാരി പെയ്യവേ
ഹാ, തത്ര കീഴ്മേൽമറിയും പയോധിയിൽ
പോതങ്ങൾ രക്ഷപ്പെടുവാൻ പ്രയാസമെ—
ന്നാതങ്കമാർന്നു പടുകർണ്ണധാരരും. 60

ഉള്ളം ഭ്രമിച്ചേവരുമൊത്തു കപ്പലിൻ—
വെള്ളക്കൊടിപ്പായ്കൾ ചുരുട്ടി വെച്ചുടൻ
വെള്ളത്തിൽ, വൻചങ്ങലയിൽ കൊളുത്തിയി—
ട്ടുള്ളക്കരിങ്കല്ലുകളിട്ടു ചുററുമേ. 61

ഒന്നുഗ്രഭംഗാളിയിലുന്നതങ്ങളായ്
നിന്നും, ക്ഷണാൽത്താന്നുമുഴന്ന നൗകകൾ,

യാൽ) മലിനീഭവിച്ചതായി. ആകാശപക്ഷത്തിൽ മലിനീഭവിക്കുക എന്നതിനു കറുക്കുക എന്നർത്ഥം.

57. ധാരാ...ബരം = മഴക്കാറുകൊണ്ടുള്ള ഇരുട്ടാകുന്ന മൂടുപടം.

58. ലോല...ത്തൊലി=ഇളകുന്ന മേഘനിരയുടെ ഒച്ച. തടിത്തു്=മിന്നൽ. നീലം = കറുത്തതു്. വിഹായസ്സു്=ആകാശം. വിപൽപിശാചി = ആപത്താകുന്ന പിശാചു്.

59 പ്രാണധനങ്ങൾ = പ്രാണങ്ങളാകുന്ന ധനങ്ങൾ. കരിമേഘതസ്കരർ = കാർമേഘങ്ങളാകുന്ന കള്ളന്മാർ ഇടിക്ഷ്വേളങ്ങൾ = ഇടികളാകുന്ന അട്ടഹാസങ്ങൾ. ശരധാര = മഴ; അമ്പിൻകൂട്ടമെന്നും.

60. പടുകർണ്ണധാരർ = സമർത്ഥന്മാരായ കപ്പിത്താന്മാർ

61. വെള്ളക്കൊടിപ്പായ്കൾ = വെളുത്ത കൊടികളോടുകൂടിയ പായ്കൾ. കപ്പൽ ഇളകാതെ നില്പാൻവേണ്ടി, കപ്പൽക്കാർ സാധാരണമായി ചെയ്യുന്ന ഉപായമാണിതു്.

Digitized By Kerala Sahitya Akademi

എന്നും പ്രപഞ്ചസ്ഥിതിയിപ്രകാരമാ—
ണെന്നുള്ള തത്ത്വം വെളിവാക്കി നിർഭരം. 62

തോയാകരത്തിൽപ്പലപാട്ടു ചുററിട്ടു—
ന്നാ യാനപാത്രങ്ങളിൽ മേവുമാളുകൾ
ഭീയാർന്നനല്പം വരളും മുഖങ്ങളാൽ —
സ്സായാസഹാഹാരവമിട്ടു മേല്ക്കുമേൽ. 63

ജന്തുക്കളൊക്കത്തിങ്ങുമപാരസാഗരം,
പൊന്തും തിരക്കോളിടി, മിന്നൽ, തെന്നലും,
ചിന്തുന്ന പേമാരിയും;—മറ്റു വേണ്ടതൊ—
ന്നെന്തുണ്ടിനി പ്രാണഭയം വളർത്തുവാൻ? 64

ആ വിസ്തൃതാപത്തൊഴിയാതെ കാൺകയാൽ—
ജ്ജീവിപ്പതിൽത്തീരെ നിരാശരായവർ;
ദേവി, പ്രസീദ! പ്രകൃതിപ്രകോപമോ—
ടാവില്ലയല്ലോ, പൊരുതാനൊരുത്തനും. 65

'വന്നുഗ്രയാദസ്സുകൾ നമ്മെയൊക്കെയും
തിന്നുല്ലസിച്ചോട്ടെ യഥേഷ്ടമബ്ധിയിൽ!
ഒന്നും പെടാഞ്ഞാൽമതി കൊച്ചുതമ്പുരാ—
ന്നെ'ന്നൽപ്രണാദം മുറയിട്ടിതാളുകൾ. 66

പേർത്തങ്ങു തന്നാളുകളിൽത്തഴച്ചിട്ടു—
ന്നാർത്തസ്വരത്താൽ പ്രവിലുപ്തധൈര്യനായ്,
പാർത്ഥിവനീശന്റെ സുതൻ സഖാക്കളെ—
പ്പാർത്തശ്രുകണ്ഠസ്ഥിതിപൂണ്ടു ചൊല്ലിനാൻ: 67

''ഹാ, ഹന്ത, കാലപ്പിഴവെന്തു ചൊൽവു! നി—
ർവ്വാഹം നമുക്കില്ലിഹ രക്ഷകിട്ടുവാൻ;

---

62. ഉഗ്രഭംഗാളി = കടുത്ത തിരമാല. നൗകകൾ = കപ്പലുകൾ. എന്നും... തത്ത്വം = പ്രപഞ്ചത്തിൽ ഉയർച്ചയും താഴ്ചയും ഉടനുടൻ മാറി മാറി വന്നുകൊണ്ടിരിക്കുമെന്ന വസ്തുത. നിർഭരം = ഏററവും.

63. തോയാകരം = സമുദ്രം. യാനപാത്രങ്ങളിൽ = കപ്പലുകളിൽ. ഭീ= ഭയം. സായാ...രവം = പണിപ്പെട്ടുകൊണ്ടുള്ള നിലവിളി.

65. വിസ്തൃതാപത്ത് = വലിയ ആപത്ത്. ദേവീ, പ്രസീദ! എന്നത് അനുകമ്പാദ്യോതകമാകുന്നു.

''കാന്താരേഷ്വവസന്നാനാം മഗ്നാനാം ച മഹാർണ്ണവേ
ദസ്യുഭിർവാ നിരുദ്ധാനാം ത്വം ഗതിഃ പരമാ നൃണാം.''

എന്നു യുധിഷ്ഠിരകൃതദുർഗ്ഗാസ്തോത്രത്തിൽ പറഞ്ഞിരിക്കയാൽ ഈ സന്ദർഭത്തിൽ ദേവീസ്മരണം വിശേഷിച്ചും ഉചിതംതന്നെ.

66. ഉഗ്രയാദസ്സുകൾ = ക്രൂരജലജന്തുക്കൾ. ഉൽപ്രണാദം = ഉച്ചസ്വരത്തോടുകൂടുംവണ്ണം.

67. പ്രവിലുപ്തധൈര്യനായ് = ധൈര്യം തീരെ നശിച്ചവനായി. അശ്രുകണ്ഠസ്ഥിതി = തൊണ്ടയിടർച്ച.

Digitized By Kerala Sahitya Akademi

സ്നേഹം തികഞ്ഞുള്ളവരെത്തിമിംഗല—
വ്യൂഹത്തിന്നുണാക്കിയ പാപിയായി ഞാൻ! 68

മന്നിൽപ്പുകഴ്ന്നുള്ളൊരു മന്ദഭാഗ്യനാ—
മെന്നിൽ പ്രിയം കൂടിയ നിങ്ങളൊക്കെയും
മുന്നിട്ടനില്ക്കുന്നപമൃത്യുവിൻ മുഖം—
തന്നിൽപ്പതിക്കുന്നേതു കാണ്മതെങ്ങനെ? 69

അക്കാഴ്ച കാണാതെകഴിക്കുവാൻ തിര—
ത്തിക്കാളുമീ വങ്കടലിൽപ്പതിച്ചു ഞാൻ
ധിക്കാരയോഗ്യം മമ കെട്ട ജീവിതം
നില്ലാതുപേക്ഷിച്ചു കൃതാർത്ഥനാകുവൻ. 70

ഹാ താത, ഹാ മജ്ജനയിത്രി, മിത്രസം—
ഘാതാപദുൽപാദനദൂഷിതൻ സുതൻ
പ്രേതാലയംപുക്കതിൽ നിങ്ങൾ ശോചിയാ—
യ്ക്കേ,താദൃശൻ സൂനു ഭവൽകുലാർഹനോ? 71

താരാവലീ, ത്വൽസ്മരണയ്ക്കുമഹ്ന—
ളളീ, രാജപുത്രാധമനത്ര ദുർഭഗൻ!
ഓരാതെ, ഞാൻ ഹന്ത, വിശ്രുദ്ധമാകമ—
പ്പേരാലപിച്ചാല,തശുദ്ധമായ് വരും. 72

ചേക്കും ശുഭം തേ ജഗദീശനെ''ന്നു മാൽ
ചീക്കംപടിക്കോതി മനസ്വിയാമവൻ,
ആക്കം തടുപ്പാൻ കഴിയുന്നതിന്നുമു—
മ്പാക്കം പയോരാശിയിലാശു ചാടിനാൻ. 73

''ഹാ, ഹാ, ചതിച്ചേ''ന്നവനോടുകൂടവേ
സാഹായ്യസന്നദ്ധരമാത്യരൈവരും
സൗഹാർദ്ദവാനാം ജയകേതുവും ജവാൽ—
ദ്ദേഹാർപ്പണംചെയ്തിതു തോയരാശിയിൽ. 74

ആവശ്യമാം രക്ഷ തികഞ്ഞിരുന്നൊരാ—
ബഭ്രുവല്ലദേന്ദ്രാത്മജപോതയുഗ്മവും

---

70. ധിക്കാരയോഗ്യം = നിന്ദ്യം.

71. മിത്ര...ഷിതൻ=മിത്രസംഘാതത്തിന്ന് (സുഹൃദ്വർഗ്ഗത്തിന്ന്) ആപത്തുണ്ടാക്കുകയാൽ ദുഷ്യനായിത്തീർന്നവൻ. ശോചിയശ്ലേ = ദുഃഖിക്കരുത്. ഏതാദൃശൻ = ഇപ്രകാരമുള്ളവൻ. ഭവൽകുലാർഹൻ = നിങ്ങളുടെ വംശത്തിനു യോഗ്യൻ.

72. ആലപിച്ചാൽ = പറഞ്ഞാൽ.

73. മനസ്വി = ഉറക്കുരുത്തുള്ളവൻ—ദൃഢനിശ്ചയൻ. ആക്കം = ഇരമ്പുന്ന. മുൻസർഗ്ഗത്തിൽ, വിവാഹയാത്രാവർണ്ണനയിൽ 38-ം, 39-ം, 40-ം ശ്ലോകങ്ങളിൽ ദുർനിമിത്തപ്രതീതി വരുത്തിയിട്ടുള്ളതു ഈ ആപത്തിന്റെ സൂചകമാകുന്നു.

74. സൗഹാർദ്ദവാൻ = സൗഹാർദ്ദം (സ്നേഹം) ഉള്ളവൻ. തോയരാശിയിൽ ദേഹാർപ്പണംചെയ്തിതു = സമുദ്രത്തിൽ ചാടി.

Digitized By Kerala Sahitya Akademi

താവൽക്ഷണംകൊണ്ടു തകർന്നിതാഴിയിൽ:
ദൈവം ബലീയസ്സിഹ; ഫല്ഗു പൗരുഷം. 75

മാലാർന്ന പോതങ്ങളുടഞ്ഞവാറു മേ-
ന്മേലാഴിവെള്ളത്തിൽ വീഴും ജനങ്ങളിൽ
വേലാതിഗപ്രാണഭയാലുയർന്നിടും
കോലാഹലം കോളൊലിയെജ്ജയിച്ചുതേ. 76

താരാവലീവേളിമഹോത്സവങ്ങളിൽ-
ച്ചേരാമടുത്തെന്നു രസിച്ചിരുന്നവർ
ഓരാതിതാ, ജീവിതസംശയത്തിലാ-
യാ-രാൽ ഗണിക്കാവതു ദൈവകല്പിതം? 77

കേടാർന്ന കപ്പൽക്കകമേ തരംകെടും-
പാടാം പരിക്കേറ്റു പരേതരായ്ച്ചിലർ;
ഈടാളുമംഭോനിധിതന്റെ ജീവന-
ത്തോടാശു ചേർത്തു നിജജീവനം ചിലർ. 78

ലോലാംബുവിയിൽച്ചെന്നു പതിച്ചു തെല്ലുപേർ
കീലാലജന്തുപ്പരിഷയ്ക്കു ഭക്ഷ്യമായ്;
കാലാലയം പൂകിയശേഷമേ ഭയ-
ത്താലാർന്നതുള്ളു വരുണാലയം ചിലർ. 79

താരാവലീമജ്ജനകഷ്ടവാർത്ത കേ-
ട്ടാ രാമയെത്തേടുവതിന്നുവേണ്ടിയോ,
വാരാശിയിൽത്താന്നിതു, തൽപ്രിയാനുഗ-
ന്മാരാകമക്കൂട്ടരിലൊട്ടുപേരുടൻ. 80

ഏന്തിത്തിമർക്കും ലവണാംബു പാരമായ്
മോന്തിത്തരംകെട്ടു മയങ്ങിനാർ ചിലർ;

---

75. ധ്രുവ...ധ്രുവം = രാജാധിരാജകുമാരന്റെ രണ്ടു കപ്പലും. ബലീയസ്സ് = ബലവത്തരം. ഫല്ഗു = നിസ്സാരം.

76. വേലാതിഗപ്രാണഭയാൽ = അതിർകവിഞ്ഞ പ്രാണഭയംനിമിത്തം.

77. ഗണിക്കാവതു് = മുൻകൂട്ടി അറിയാവുന്നതു്.

78. പരേതരായ് = മരിച്ചു. തങ്ങളുടെ ജീവനം (ആയുസ്സ്) ഈടുകുറഞ്ഞതാണെന്നു കണ്ടിട്ടാണോ അതിനെ ഈടേറിയ സമുദ്രജീവന(ജല)ത്തോടു ചേർത്തതു് എന്നു തോന്നും. ചിലർ കപ്പലിൽത്തന്നെ വെച്ചും മററുചിലർ സമുദ്രത്തിൽവീണ നിമിഷത്തിലും മൃത്യുവെ പ്രാപിച്ചു എന്നു സാരം.

79. ലോലാംബുധി = ഇളകിമറിയുന്ന കടൽ. കീലാ...രിഷ = ജലജന്തുക്കൂട്ടം. കപ്പൽ വിട്ടു സമുദ്രത്തിലെത്തുന്നതിനിടയ്ക്കുവെച്ചുതന്നെ ചിലർ മരിച്ചുപോയി എന്നു് ഉത്തരാർദ്ധത്തിന്റെ താൽപര്യം.

80. താരാവലീമജ്ജനകഷ്ടവാർത്ത = താരാവലി മുങ്ങിപ്പോയ ദുഃഖവൃത്താന്തം. തൽപ്രിയാനുഗന്മാർ = തൽപ്രിയന്റെ (അവളുടെ പ്രിയന്റെ—ചന്ദ്രസേനന്റെ) അനുചരന്മാർ.

Digitized By Kerala Sahitya Akademi

ക്കാന്തിപ്പെട്ടം കൈകളലച്ചു,താതിടം
നീന്തിത്തുടങ്ങീ ചിലർ ജീവിതാശയാൽ. 81

പാരാകെത്തൻകടക്കീഴമരുമൊരളകാ—
നായകന്നേകപുത്രൻ,
താരാർമാതൊത്ത താരാവലിയുടെ തരുണ—
പ്രേമസർവ്വസ്വപാത്രം,
ആ രാജശ്രീയുവാവന്നരണൊടിയിടയാ—
ലധ്വമദ്ധ്യത്തിൽവെച്ചി—
ഗ്ഘോരാപത്തിൽപ്പതിച്ചു: ശിവ,ശിവ നരർതൻ—
കാര്യമിങ്ങെത്ര തുച്ഛം! 82

അല്ലായ്കിലെന്തിനഴലിങ്ങു? സമുല്ലലത്തിൽ—
ച്ചെല്ലാനിടം വരികി,ലാത്മവധൂവിനാശം
നില്ലാതറിഞ്ഞ,കമെരിഞ്ഞി,തിലും കവിഞ്ഞ
വല്ലായ്മ തേടുമിവനെ,ന്നതു തീച്ച്യല്ലോ. 83

ആരമ്യദ്യുതി ചന്ദ്രസേനനെയു,മ—
ത്താരാവലീനാമക—
സ്ത്രീരത്നത്തെയുമൊന്നുപോലെ വിരചി—
ച്ചാ,രക്തരാക്കിസ്സമം,
ഹാ, രണ്ടാളെക്കുമൊരേതരം കടുവിപ—
ത്തേല്പിച്ചു, ധാതാവതി—
ക്രൂരൻ ദുർല്ലഭമാക്കിനാനിഹ നര—
ക്കന്യൂനനേത്രോത്സവം. 84

നഷ്ടം നാട്ടാക്കു പററുംപടി നൃപസുതനെ—
ക്കൂട്ടുകാരൊത്തിവണ്ണം
കഷ്ടപ്പാടിൽപ്പെട്ടത്തീട്ടഥ ചെറുതിടയാ—
ലക്കൊട്ടുങ്കാററടങ്ങീ;

---

81. ലവണാംബു = ഉപ്പുവെള്ളം.

82. അധ്വമദ്ധ്യത്തിൽ = മാർഗ്ഗമദ്ധ്യത്തിൽ. തുച്ഛം = നിസ്സാരം.

83. ആത്മവധൂവിനാശം = തന്റെ പ്രിയയുടെ നാശം.

84. സമം = ഒപ്പം. ആരക്തരാക്കി = അനുരക്തരാക്കി. ധാതാവു് = ദൈവം. അന്യൂ...ത്സവം = പരിപൂർണ്ണമായ നേത്രോത്സവം. സൗന്ദര്യാദി ഗുണങ്ങളെക്കൊണ്ടു് അത്യന്തം അനുരൂപന്മാരായ ഈ വധൂവരന്മാർ മുറയ്ക്കു ദമ്പതികളായിത്തീർന്നുവെങ്കിൽ, അതു മനുഷ്യക്കു് ഒരു മഹത്തായ നയനോത്സവത്തെ പ്രദാനംചെയ്യുമായിരുന്നു; അതിന്നു ദൈവം സംഗതിവരുത്തിയില്ല.

Digitized By Kerala Sahitya Akademi

ഇഷ്ടം സാധിച്ചപോലേ, ഘനകലുഷമൊഴി–
ഞ്ഞംബരാന്തം തെളിഞ്ഞു;
രുഷ്ടത്വം വിട്ട ശിഷ്ടാശയനുടെ നിലയിൽ
സിന്ധുവും ശാന്തമായി. 85

ഇങ്ങനെ ചന്ദ്രസേനസമുദ്രപാതം എട്ടാം സർഗ്ഗം

ഒമ്പതാം സർഗ്ഗം

ഭയദാബ്ധിയിലാണ്ട ഭൂപതി–
പ്രിയപുത്രാനുഗരാം ജനങ്ങളിൽ,
ജയകേതുവിനെത്തനിച്ചസു–
ക്ഷയമെന്യേ കരകേററിനാൻ വിധി. 1

അലയാലതിദൂരനീതനായ്–
ച്ചിലനാളാൽക്കരപററിയോരവൻ
ചലനം വെടിയെക്കിടന്നിത–
ങ്ങ,ലസം ചീർത്തുവിളർത്ത മെയ്യുമായ്. 2

ചിരമംബുധിയിൽക്കിടക്കയാൽ
മരവിച്ചുള്ള തദംഗമപ്പൊഴേ
തരമൊത്തു തലോടിനാൻ, നഭോ–
ന്തരസംസ്ഥൻ രവി തങ്കരങ്ങളാൽ. 3

ഒരുമട്ട ചിരാലെണീററു നി–
ന്നൊ,രു ജീവച്ഛവമെന്നപോലവൻ
ഗുരുവാമുടലു,പ്പുനീർ പൊഴി–
പ്പൊരു വസ്ത്രങ്ങൾ പിഴിഞ്ഞു തോർത്തിനാൻ. 4

അരചൻ, നിജലബ്ധമായൊരാ–
ക്കരയേതോ മരുഭൂമിയെന്നുതാൻ

85. ഘനകലുഷം = മഴക്കാറുകൊണ്ടുള്ള കറുപ്പ്. രുഷ്ടത്വംവിട്ട = കോപം നീങ്ങിയ. ശിഷ്ടാശയൻ = വിശിഷ്ടചിത്തൻ.

1. ഭയദാബ്ധിയിൽ = ഭയങ്കരസമുദ്രത്തിൽ. ഭൂപതിപ്രിയപുത്രാനുഗർ = ഭൂപതിയുടെ പ്രിയപുത്രന്റെ (ചന്ദ്രസേനന്റെ) കൂട്ടുകാർ. അസുക്ഷയം = ജീവനാശം.

2. അതിദൂരനീതൻ = വളരെ അകലത്തു കൊണ്ടുപോകപ്പെട്ടവൻ. ചലനം = ഇളക്കം; ചേഷ്ട.

3. തദംഗം = ജയകേതുവിന്റെ ദേഹം. നഭോന്തരസംസ്ഥൻ = ആകാശമധ്യസ്ഥിതൻ. കരങ്ങൾ = രശ്മികൾ, കൈകൾ. ഉച്ചയ്ക്കുലെ കടുത്ത വെയിൽ തട്ടുന്നതു്, അവന്റെ ശരീരത്തിനു കേവലം തലോടുന്നതുപോലെ സുഖകരമായിരുന്നു.

4. ചിരാൽ = ഏറെനേരം കഴിഞ്ഞിട്ടു്. ഗുരു = കനത്തതു്.

Digitized By Kerala Sahitya Akademi

പരമാർത്ഥമറിഞ്ഞു, ചുററുമ–
സ്ഥിരമാം കണ്ണിണകൊണ്ടു പാർത്തതിൽ. 5

അവിടുന്നു, വിശപ്പു ചെന്നപാ–
ടെവിടെക്കെന്നറിയാതെ പോയവൻ
രവിതപ്തമണൽപ്പുറം കട–
ന്നവിദൂരത്തൊരു കാട്ടിലെത്തിനാൻ. 6

ചില കായ്കനികൊണ്ടു ജാഠരാ–
നലനെയത്ര തടുത്തശേഷമേ
തലയിൽബ്ബത, കേറിയുള്ളൂ ഭൂ–
തലപാലന്നിഹ ലോകചിന്തകൾ. 7

ഉടനേ, വിഭുചന്ദ്രസേനനാ–
ക്കടലിൽച്ചാടിയതോർമ്മയാകയാൽ
ഇടർപൂണ്ടു മയങ്ങി വീണുപോയ്,
കടയററൊരു മരംകണക്കിവൻ. 8

പുനരൊട്ടിടയാൽ പ്രബുദ്ധനായ്
ഗ്ലാനഖേദാലെഴുന്നേററിരുന്ന,വൻ
ജനനാഥകുമാരനിൽപ്പെട്ടും
നിനവോടേ പലതേവമോതിനാൻ: 9

''ഹ ഹ ഹാ, ഹതനായി ഞാൻ; സുദു–
സ്സഹമിദ്ദുർവ്വിധി ദുർവ്വിജൃംഭിതം;
ദഹനൻ പിടിപെട്ടപോലകം
സഹസാ കത്തിയെരിഞ്ഞിടുന്നു മേ! 10

പരമെന്നുടെ ചന്ദ്രസേനനാം
നരചന്ദ്രൻ–, നിരുപിക്കവയ്യ മേ!
ഹര, ശങ്കര, നാട്ടുകാർക്കിതിൽ–
പ്പരമാപത്തു വരേണ്ടതെന്തിനി? 11

ധരയും വസുദത്തപുത്രിയും
വരനായിട്ടു വരിച്ചിരിപ്പവൻ,

5. അരചൻ = വേതസരാജാവ് (ജയകേതു). നിജലബ്ധം = തനിക്കു കിട്ടിയതു്. അസ്ഥിരം = സ്ഥൈര്യമില്ലാത്തതു്, ദുർബ്ബലമെന്നു താൽപര്യം.

6. രവിതപ്തമണൽപ്പുറം = വെയിൽകൊണ്ടു ചുട്ടുപഴുത്ത മരുഭൂമി. അവിദൂരം = അകലത്തല്ലാത്തേടത്തു്.

7. ജാഠരാനലനെ (ജഠരാഗ്നിയെ) തടുക്കുക = വിശപ്പടക്കുക.

8. ഉടനേ—ഇഹലോകചിന്തകൾ തലയിൽകേറിയ ക്ഷണത്തിൽ.

9. പുനഃ = വീണ്ടും. പ്രബുദ്ധൻ = ബോധം വന്നവൻ. ജനനാഥകുമാരൻ = രാജപുത്രൻ (ചന്ദ്രസേനൻ).

10. സുദുസ്സഹം = സഹിപ്പാൻ വയ്യാത്തതു്. ദുർവിധിദുർവിജൃംഭിതം = ഹതദൈവദുർവിലാസം. ദഹനൻ = അഗ്നി. സഹസാ = പെട്ടെന്നു്.

Digitized By Kerala Sahitya Akademi

സുരരൂപി, യുവാവകാലദു—
മ്മരണത്തിന്നടിപെട്ടതില്ലയോ! 12

കടലാൽച്ചുഴലപ്പെടുന്ന മ—
ന്നിടമൊട്ടുക്ക ഭരിച്ചിടേണ്ടവൻ
കടലിന്നിരയായ്ക്കഴിഞ്ഞു; ഹാ,
തടവില്ലുഗ്രവിധിക്കൊരേടവും. 13

പുരുഷോത്തമനാം കമാരനെ—
പ്പെരുമാൾപ്പട്ടമണിഞ്ഞു കാണ്മവാൻ
പെരുതായ്ക്കൊതിപൂണ്ടിതിജ്ജനം;
കരുതീലി,ച്ചതിപററുമെന്നഹോ! 14

വടിവൊത്തിഹ ചക്രവത്തിതൻ
മുടി ചാത്തേണ്ട ശിരസ്സിലല്ലയോ,
കൊടിയോരപമൃത്യുവാകമീ—
യിടിവാൾ വന്നുപതിച്ചതീശ്വരാ! 15

ഭയമാർന്നവിധം, ശിവൈകസം—
ശ്രയനാം മൽപ്രഭുവിന്റെ നാട്ടിലേ
കയറാത്തൊരകാലമൃത്യു തൽ—
പ്രിയദായാദനെയാക്രമിക്കയോ! 16

ഗുരുസൽഗുണപൂത്തികൊണ്ടു ത—
ന്തിരുമേനിക്ക ജഗൽപിതാമഹൻ
പുരുഷാഗ്ര്യത നല്കിയിട്ടു,മ—
പ്പുരുഷായുസ്സുരുളാഞ്ഞതെന്തുവാൻ? 17

ധരയിൽബ്ബഹുരത്നസഞ്ചയാ—
കരമാമീക്കടലിന്നു കേവലം

---

12. ധര = ഭൂമി. വസുദത്തപുത്രി = താരാവലി. സുരരൂപി = ദേവകൾക്കു തുല്യമായ സൗന്ദര്യമുള്ളവൻ.

14. പെരുമാൾപ്പട്ടം = ചക്രവത്തിപട്ടം.

15. മുടി = കിരീടം.

16. ശിവൈകസംശ്രയൻ = ശിവങ്ങളിൽ മാത്രം നിഷ്ഠയുള്ളവൻ, അല്ലെങ്കിൽ മഹാശിവഭക്തൻ. മൽപ്രഭു = എന്റെ സ്വാമി (മഹാസേനൻ). തൽപ്രിയദായാദനെ = അദ്ദേഹത്തിന്റെ പ്രിയപുത്രനെ. മൃത്യു ശിവഭക്തന്മാരെ ഭയപ്പെടാതിരിക്കില്ലല്ലോ. മഹാസേനന്റെ രാജ്യത്തെങ്ങും അപമൃത്യുബാധ ഉണ്ടായിരുന്നില്ലെന്നു പ്രഥമസഗ്ഗം 67-ാം ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

17. അദ്ദേഹത്തിന്നു മഹത്തുക്കളായ സൽഗുണങ്ങളുടെ പരിപൂർണ്ണതകൊണ്ടു പുരുഷാഗ്ര്യത (പുരുഷശ്രേഷ്ഠത) കൊടുത്ത ബ്രഹ്മാവ്, പുരുഷായുസ്സ് ("ശതായുഃ പുരുഷഃ" എന്നതിനെ അനുസരിച്ചു നൂറു വയസ്സെങ്കിലും) കൊടുക്കാഞ്ഞതു മഹാ കഷ്ടംതന്നെ!

Digitized By Kerala Sahitya Akademi

ദുര തീർപ്പതിനോ, മികച്ചൊരീ
നരരത്നത്തെ രചിച്ചു നീ വിധേ! 18

ഇവനെത്ര കൃതഘ്നനെ,ൻ പ്രഭു–
പ്രവരൻതൻ പ്രിയപുത്രനെ ക്ഷണാൽ
ലവണാംബുധിയിൽ ത്യജിച്ചു, ത–
ന്നവനാർത്ഥം കര കേറിയില്ലയോ! 19

മൃതിരും പ്രഭുഭക്തിമൈത്രികം–
ക്കെതിരായ് സ്വാർത്ഥമിതാചരിക്കയാൽ
അതിനിന്ദിതനായ് ച്ചമഞ്ഞു ഞാൻ;
മൃതിഭീതേ, കൃതകൃത്യയാക നീ! 20

തറിപോലുടൽ വീണുപോകുമെ–
ന്നറിവോനും മൃതിയെന്നു കേൾക്കവേ
നെറികെട്ടു മയങ്ങിടുന്നു: നിൻ–
മറിമായം ചെറുതല്ല ദൈവമേ! 21

സ്വയമണ്ണവ, പോതഭംഗദു–
ഷ്ക്രിയയാൽത്തൃപ്തിവരാത്തമൂലമോ,
പ്രിയരാജസുതങ്കൽനിന്നക–
റ്റിയതെന്നെജ്ജലചക്രവർത്തി നീ! 22

ചിരമിക്കടൽ വിട്ടുപോന്നു ദു–
സ്തരദുഃഖക്കടലിൽപ്പതിച്ചു ഞാൻ;
മരണത്തിനുമെന്നെ വേണ്ട; നി–
ഷ്ഠുരമയ്യോ, മമ ഭാഗ്യവിപ്ലവം. 23

ധരണീന്ദ്രനെയേകപുത്രദു–
ഷ്മരണോദന്തമുണർത്തി മേല്ക്കുമേൽ

---

18. അനവധി രത്നങ്ങളുടെ ആകരമായിട്ടും, ''പ്രായോ ധനവതാമേവ ധനേ തൃഷ്ണാ ഗരീയസീ'' എന്നതിനെ അനുസരിച്ച് പിന്നേയും രത്നലുബ്ധനായിരിക്കുന്ന സമുദ്രത്തിന്ന്, ഇദ്ദേഹം ലോകോത്തരമായ ഈ പുരുഷരത്നത്തെ (ചന്ദ്രസേനനെ) ലഭിക്കയാൽ ദുര തീർന്നിരിക്കും എന്നു സാരം.

19. തന്നവനാർത്ഥം = ആത്മരക്ഷയ്ക്കുവേണ്ടി.

20. സ്വാമിഭക്തിക്കും സ്നേഹത്തിനും വിപരീതമായി തന്നെക്കൊണ്ട് ഈ സ്വാർത്ഥത്തെ ആചരിപ്പിച്ചതു്, മൃതിഭീതി (മരണഭയം) ആണെന്നു കല്പിച്ച്, അതിനെ നിന്ദിക്കുന്നു.

22. മരണഭയം നിമിത്തമല്ലാ, കടൽത്തിരകളുടെ ശക്തികൊണ്ടാണ് താൻ രാജകുമാരനുമായി വേർപെട്ടുപോയതെന്നുള്ള വാസ്തവത്തെ ഓർത്തു് സമുദ്രത്തിനോടു പറയുന്നു. പോതഭംഗദുഷ്ക്രിയ = കപ്പലുടയ്ക്കുക എന്ന ദുഷ്കർമ്മം. ജലചക്രവർത്തി എന്നതിന്നു ജലപ്രഭുവെന്നും അർത്ഥം.

23. ദുഃഖക്കടൽ ദുസ്തരമാകയാൽ, മറ്റെക്കടലിനെക്കാൾ ഭയങ്കരമായിരുന്നു ഭേദം എന്നു ഭാവം. നിഷ്ഠുരം = കഠിനം. ഭാഗ്യവിപ്ലവം = നിർഭാഗ്യത.

Digitized By Kerala Sahitya Akademi

കരയിപ്പതിനോ, കടന്നു മാം
കരയേററീ കഠിനാശയൻ വിധി! 24

അയി രാജകുമാര, ത്വല്പദാ—
ശ്രയികൾക്കൊററൊരു കല്പവൃക്ഷമേ,
ത്വയി ദുർമ്മൃതി കൈപതിക്കയാ—
ലുയിരില്ലാസ്ഥിതിയാർന്നിതിജ്ജനം! 25

അതിദാരുണപുത്രശോകമെൻ
പതിയാമാത്മപിതാവിനേകിയും
ക്ഷിതിയിൽ പ്രജകൾക്കനാഥദുഃ—
സ്ഥിതി ചേർത്തും ദ്രുതമെങ്ങുപോയ് ഭവാൻ!'' 26

പരിണാമസുഖേശ്വരേച്ഛയാ—
ലൊരിടം ഹാ, കരപ്പെട്ടിരിക്കുമോ?
ദുരിതാപഹ,മത്ര ഭാഗ്യമി—
പ്പരിഷയ്ക്കോ? പഴതേ ദുരാഗ്രഹം. 27

'ചിതമല്ലിതിലിത്രയും നിരാ—
ശത;—യദ്ദേഹവുമെന്റെമാതിരി
ഹതമൃത്യുമുഖത്തിൽനിന്നു വി—
ച്യുതനായെന്നുവരാവതല്ലയോ? 28

അതിനാൽ, മമ കൊച്ചുഭൂപനെ—
ക്ഷിതിയെങ്ങും തിരയേ'ണമെന്നവൻ
ധൃതിപൂണ്ടതിനായിറങ്ങിനാ—
ന;—തിരാശയ്ക്കിഹ കണ്ടതാരുവാൻ? 29

യുവഭൂപനെയെത്ര ദിക്കിലീ—
യവനീജാനി തിരഞ്ഞു ഖിന്നനായ്!

---

24 ധരണീന്ദ്രൻ = മഹാസേനൻ. ഏകപുത്രദുർമ്മരണോദന്തം = ഏകപുത്രന്റെ ദുർമ്മരണവർത്തമാനം.

25. അങ്ങയ്ക്കാണ് ദുർമ്മരണം പററിയതെങ്കിലും, ഇയ്യുള്ളവരാണ് നിഷ്പ്രാണന്മാരായത്ത്. അങ്ങയുടെ നിര്യാണത്തിൽ ഞങ്ങളെല്ലാം മൃതതുല്യന്മാരായിത്തീർന്നു.

26. പതി = സ്വാമി. ആത്മപിതാവിന് = തന്റെ അച്ഛന് (മഹാസേനന്). മഹാസേനൻ ഈ കഠിനവർത്തമാനം കേട്ടാൽ പിന്നെ ക്ഷണനേരമെങ്കിലും ജീവിച്ചിരിക്കുകയില്ല. അതിനെയാണ് പ്രജകൾക്കു നാഥനില്ലായ്മയാകുന്ന ദുർദ്ദശ ചേർത്തും, എന്നതുകൊണ്ടു സൂചിപ്പിച്ചിരിക്കുന്നത്.

27. പരി...ച്ഛയാൽ = അവസാനത്തിൽ സുഖകരമായിത്തീരുന്ന ദൈവകല്പിതത്താൽ. ദുരിതാപഹം = പാപഹരം.

28. നിരാശത = ആശയില്ലായ്മ. ഹതമൃത്യുമുഖം = കെട്ട മൃത്യുവിന്റെ മുഖം. വിച്യുതൻ = ഒഴിഞ്ഞുപോന്നവൻ.

29. ധൃതി = ധൈര്യം.

Digitized By Kerala Sahitya Akademi

ശിവനേ, കട്ടമൃത്യു തീണ്ടിയോ—
രവനെങ്ങെ?—ങ്ങിവനാർന്നിടും ശ്രമം? 30

നിയതിച്ചുവശാലൊരേടമീ
പ്രയതാത്മാവഥ കണ്ടുമുട്ടിനാൻ,
ജയപാലന,ശോകസേനനീ
പ്രിയരാജാത്മജമന്ത്രിമുഖ്യരെ. 31

അവരും ജലരാശിയിങ്കൽനി—
ന്നിവനെപ്പോലെ കരയ്ക്കണഞ്ഞഹോ!
സ്വവയസ്യഗവേഷണോൽകരായ്—
ബ്ഭുവനം ചുററുകയാണ,താതിടം. 32

കരുതാത്തൊരു കാഴ്ച കൂടിടും
പുതുകണ്ണീരൊടു പാഞ്ഞുചെന്നവൻ,
ഒരു വെമ്പലൊടൊത്തടുത്തിട്ട—
ന്നിരുപേരേയുമണച്ചു പുല്കിനാൻ. 33

ഇടർ വായ്ച്ചിവർ മൂവരും കുറ—
ച്ചിട വല്ലാത്തൊരവസ്ഥ തേടിനാർ;
സ്ഫുടമാർത്തിതടാകസേതുവി—
ന്നടവേകുന്നു സുഹൃൽസമാഗമം. 34

കരയേറിയതും പലേടവും
തരസാ തങ്ങളും വൃഥാ നടന്നതും
ഉരചെയ്തു സഖാക്കളാകുലാ—
ക്ഷരമായ്;—തൻകഥ വേതസേശനും. 35

അവകേശി, സുഹൃന്നൃപന്റെയും
വ്യവസായദ്രുമമെന്നറിഞ്ഞവർ
യുവരാജനിലാശ തീരെയ—
ററവശം ഹാ, വിലപിച്ചു വീണ്ടുമേ: 36

30. അവനീജാനി = ജയകേതുരാജാവ്.

31. നിയതി = ദൈവമതം. പ്രയതാത്മാവ് = ശുദ്ധചിത്തൻ.

32. സ്വവ...ണോൽകർ = തങ്ങളുടെ സ്നേഹിതരെ (ചന്ദ്രസേനാദികളെ) അന്വേഷിക്കുന്നതിൽ ഉൽസുകർ.

33. ഇരുപേരേയും = ജയപാലാശോകസേനരെ.

34. വല്ലാത്തൊരവസ്ഥ = അനിർവാച്യമായ ഒരവസ്ഥ. ആർത്തി...സേതു = ദുഃഖമാകുന്ന ജലാശയത്തിന്റെ ചിറ. സുഹൃത്തുക്കളുമായുള്ള ചേർച്ചയിൽ ദുഃഖം ഇളകിപ്പുറപ്പെട്ടുമെന്നു സാരം.

35. വൃഥാ = (ചന്ദ്രസേനനെ കണ്ടുകിട്ടാഞ്ഞതിനാൽ) നിഷ്ഫലമായി. തൽക്കഥ വേതസേശനും (ജയകേതുവും) ഉരചെയ്തു എന്നു് അന്വയം.

36. അവകേശി = നിഷ്ഫലം. സുഹൃന്നൃപൻ = ജയകേതു. വ്യവസായദ്രുമം = ഉത്സാഹമാകുന്ന വൃക്ഷം.

Digitized By Kerala Sahitya Akademi

''എവിടേക്കെഴുന്നള്ളി ദൈവമേ,
ഭുവി പേർപൊങ്ങിന കൊച്ചുതമ്പുരാൻ,
സുവിദഗ്ദ്ധജനാഭിപൂജിതൻ,
സവിശേഷസ്പൃഹണീയപൗരുഷൻ! 37

ക്ഷിതിപാത്മജ, ലൗകികാഗ്നിയെ
ദ്യുതിയാൽ വെന്ന ഭവാൻ, മഹോദ്യമൻ
എതിരാം ബഡവാഗ്നിയെജ്ജയി-
പ്പതിനാഴിക്കുടിയിൽ ഗമിച്ചിതോ! 38

അരുണാത്മജതൻ ജലത്തിലാ-
ണ്ടൊരു ചന്ദ്രാംഗദനെക്കണക്കിനേ
തിരുമേനിയെ നീരധിക്കു കീഴ്-
മരുവും നാഗികൾ കൊണ്ടുപോകയോ! 39

വളരെപ്പുകൾവെണ്മ പൂശിടു-
ന്നളകാധീശ്വരവംശമുത്തിനെ
ഇള നൻമുല ചേർക്കുവാൻ കൊതി-
പ്പുളവേ ഭദ്ദിധി കൊണ്ടുമണ്ടിനാൻ. 40

അളകേശനപുത്രനായ്; ഗുണം
വളരും തൽക്കുലതന്തു നഷ്ടമായ്;
വിളയാട്ടിനു തക്ക പൊന്മണി-
ക്കളരിത്തട്ടു രമയ്ക്കുടഞ്ഞുപോയ്; 41

ഗതികെട്ടവരായി ഞങ്ങൾ; നിൻ-
ചതി കൂട്ടച്ചതിയായി ദൈവമേ!
ക്ഷിതി കഷ്ടമനാഥകല്പയായ്;
സതി താരാവലി നിത്യകന്യയായ്. (യുഗ്മകം) 42

---

37. സുവിദഗ്ദ്ധജനാഭിപൂജിതൻ = വിദ്വജ്ജനങ്ങളാൽ മാനിതൻ.

38. ലൗകികാഗ്നിയെ = സാധാരണാഗ്നിയെ. ദ്യുതി = തേജസ്സ്. മഹോദ്യമൻ = മഹത്തായ ഉത്സാഹത്തോടുകൂടിയവൻ.

39. അരുണാത്മജ = സൂര്യപുത്രി (കാളിന്ദി.) നീരധി = കടൽ. നാഗികൾ = സർപ്പസ്ത്രീകൾ. ഇതിൽ സൂചിപ്പിച്ച ഇതിഹാസം ശിവപുരാണത്തിൽ തിങ്കളാഴ്ചമാഹാത്മ്യത്തിലുള്ളതാണ്.

40. അള...മുത്ത് = അളകാധീശ്വരന്റെ (മഹാസേനന്റെ) വംശം ആകുന്ന, വംശത്തിൽ (മുളയിൽ) ഉണ്ടായ മുത്ത്. മുളയിൽ മുത്തുണ്ടാകുന്നതായി മഹാകവികൾ വർണ്ണിച്ചിട്ടുണ്ടല്ലോ. ഇള = ഭൂമി. തൻമുല ചേർക്കുവാൻ കൊതിപ്പുളവേ എന്നതിനു പ്രതിസ്ഥാനാരോഹണം സമീപിച്ചിരിക്കേ എന്നു താൽപര്യം.

41. തൽകുലതന്തു = അളകേശന്റെ വംശതന്തു. രമ = ലക്ഷ്മി.

42. അനാഥകല്പ = നാഥനില്ലാത്തതുപോലെയുള്ളത്. സതിയായ താരാവലി മനസ്സുകൊണ്ടു വരിച്ച ചന്ദ്രസേനനെയല്ലാതെ മറ്റൊരു പുരുഷനെ ഭർത്താവാക്കുക എന്നുള്ളതുണ്ടാകാൻ ഇടയില്ലായ്കയാൽ, നിത്യകന്യയായ് (മരണം വരെ കന്യകയായിത്തന്നെ) ഇരിക്കേണ്ടിവന്നു.

Digitized By Kerala Sahitya Akademi

ഉലകിൽ സദ്ഗുണൈകവർത്തിയാ—
യ,ലഘുസ്നേഹധൃതപ്രസാദമായ്
വിലസീടിന പൊൻവിളക്കിതാ,
ജലപാതാൽ സഹസാ പൊലിഞ്ഞുപോയ്! 43

ധൃതചാപലമായ ശൈശവം—
മുതലൊന്നിച്ചു രമിച്ച കൂട്ടരെ
ബത, ശാശ്വതമായ്പ്പിരിച്ചിതാ
ഹതമാം ദൃഷ്ടിന;മെങ്ങിനിസ്സുഖം? 44

ലളിതാർഭകലീലയിൽബ്ഭവാ—
നൊളിവാർന്നാൽ,പ്പിടികിട്ടുവോളവും
വെളിവറ്റവരായി ഞങ്ങളും, നിൻ—
നളിനശ്രീവദനാവിലോകനാൽ; 45

ധ്രുവമങ്ങനെ വായ്ച്ച വേഴ്ചയാ—
ലവബദ്ധാശയർ ഞങ്ങളെങ്ങുവാൻ?
ശിവനേ, നിനയാതണഞ്ഞൊരീ—
ബ്ഭവദത്യന്തവിയോഗമെങ്ങുവാൻ? (യുഗ്മകം) 46

ജനനീമുലനീരുപോലുമി—
ജ്ജനമോടൊത്തു നുകർന്നുപോന്ന നീ,
അനവദ്യമതേ, നിവാപനീർ
പുനരൊറ്റയ്ക്കു കുടിക്ക യുക്തമോ? 47

നൃവരാത്മജ, മറ്റു മുഖ്യർതാൻ
തവ വിശ്വാസ്യര,മാത്യരൈവരിൽ;
ധ്രുവ,മാപദി ത്വൽപ്പദം വെടി—
ഞ്ഞവരിങ്ങുള്ളവർ കൂടസേവകർ. 48

സ്വവപുസ്സുപഹാരമാക്കി ഹാ,
ഭവദാരാധനചെയ്ത ഭക്തരിൽ

---

43. സദ്ഗുണൈകവർത്തി = സൽഗുണങ്ങളിൽത്തന്നെ വർത്തിക്കുന്നതു്, നല്ല നൂൽത്തിരിയുള്ളതു് എന്നും. സ്നേഹശബ്ദത്തിന്നു് എണ്ണ എന്നും അർത്ഥം. ജലപാതാൽ = വെള്ളത്തിൽ വീണതുനിമിത്തം, വെള്ളം വീണതുകൊണ്ടു് എന്നും.

44. ധൃതചാപലം = ചാപല്യമുള്ളതു്. ശൈശവം = കുട്ടിക്കാലം. ശാശ്വതമായ് = എന്നെന്നേക്കുമായി.

45. ലളി.. ലീല = ഭംഗിയുള്ള ബാലക്രീഡ. നളി...ലോകനാൽ = താമരപ്പൂപോലെയുള്ള തിരുമുഖം കാണായ്കയാൽ.

46. അവബദ്ധാശയർ = കെട്ടപ്പെട്ട ഹൃദയത്തോടുകൂടിയവർ.

47. ജനനീമുലനീരു് = അമ്മയുടെ മുലപ്പാൽ. നിവാപനീർ = ശേഷക്രിയയിൽ നൽകപ്പെടുന്ന ഉദകം.

48. വിശ്വാസ്യർ = വിശ്വാസയോഗ്യർ. ആപദി = ആപത്തിൽ. കൂടസേവകർ = കള്ളസ്സേവകർ.

Digitized By Kerala Sahitya Akademi

ഇവർതൻ ബലി യാദസാംപതേ,
തവ ഭ്രൂതങ്ങൾ തൊടാഞ്ഞതെന്തുവാൻ! 49

നിയമേന വിഷാമൃതാഖ്യ നേ-
ടിയ നീരം സുജനത്തിനൊക്കെയും
ക്ഷയദം വിഷമായ;-ഭാഗ്യരാ-
കിയ ഞങ്ങൾക്കമൃതായ് വിധിച്ചയാൽ! 50

ധരണീന്ദ്രകുമാര, തന്മക-
ന്നരപേറുന്നൊരു കുററുകാരനെ
തിരയും മഘവാവിനേകിയോ,
തിരയാൽ നിന്നെ ഹരിച്ചപാംപതി! 51

ദിവി ഹന്ത, ജയന്തനിൽത്തുലോം
കവിയും നിൻ ദ്യുതി കാൺകിലശ്ശചി,
അവിതർക്കമസൂയപൂണ്ടുപോ-
മിവിടത്തെജ്ജനയിത്രിതൻെറമേൽ! 52

സുരനാരികളസ്സമുല്ലലേ-
ശപുണ്യപ്പുതുവല്ലി താവകം
സ്ഥിരചിത്തമുലച്ചതോത്ത ത-
ദ്വരസൗഭാഗ്യഗുണം കൊതിക്കുമേ! 53

ഭുവനൈകവിനോദസാധനം,
പ്രവരാംഗിപ്രിയതൻ പ്രതിച്ഛദം

---

49. ചന്ദ്രസേനാദികളോടൊപ്പം തങ്ങളെയും മരിപ്പിക്കാത്ത സമുദ്രത്തെ അധിക്ഷേപിക്കുന്നു. സ്വവപുസ്സ് = നിജശരീരം. ഉപഹാരം = ബലി. ഇവർതൻ = തങ്ങളുടെ. യാദസാംപതേ = ജലജന്തുക്കളുടെ സ്വാമിൻ. തവ ഭ്രൂതങ്ങൾ = യാദസ്സുകൾ.

50. വെള്ളത്തിന്നു വിഷമെന്നും അമൃതമെന്നും പേരുണ്ട്. ക്ഷയദം = നാശമുണ്ടാക്കുന്നതു്. അഭാഗ്യർ = ഭാഗ്യരഹിതർ. ''വിഷമപ്യമൃതം ക്വചിൽ ഭവേദമൃതം വാ വിഷമീശ്വരേച്ഛയാ.''

51. തന്മകന്നു = ജയന്തന്നു്. മഘവാവിന്നു് = ഇന്ദ്രന്നു്. അപാംപതി = വരുണൻ. ധരണിയിലെ ഇന്ദ്രന്റെ പുത്രനായ അവിടുന്നു് ഇന്ദ്രപുത്രൻെറ കുററക്കാരനായിരിപ്പാൻ അർഹനാണു്. ദിക്പാലകനായ വരുണൻ അഷ്ടദിക്പാലകന്മാരിൽ അഗ്രഗണ്യനായ ഇന്ദ്രന്റെ അഭിമതം സാധിപ്പാൻ നിർബ്ബന്ധിതനുമാണല്ലൊ.

52. ദിവി = സ്വർഗ്ഗത്തിൽ. ദ്യുതി = തേജസ്സ്. ശചി = ഇന്ദ്രാണി. അവിതർക്കം = തീർച്ചയായും. ജനയിത്രി = അമ്മ.

53. അങ്ങയുടെപേരിൽ അഭിനിവേശം ജനിച്ച അപ്സരസ്ത്രീകൾ, അങ്ങയുടെ സ്ഥിരമായ മനസ്സിനെ ഇളക്കാൻ ശ്രമിച്ചിട്ടു പററാഞ്ഞയാൽ സമുല്ലലേശപുണ്യപ്പുതുവല്ലി(താരാവലി)യുടെ സൗഭാഗ്യം കിട്ടിയാൽക്കൊള്ളാമെന്നു് ആശിപ്പാൻ സംഗതിയുണ്ടു്.

Digitized By Kerala Sahitya Akademi

സ്വവശേ കരുതാതെ പോകയാൽ
തവ വിണ്ണിങ്കലുമെങ്ങഹോ, സുഖം! 54

ശിവനേ, വസുദത്തപുത്രിയീ
വിവരം കേൾപ്പതുമേതുമട്ടിലാം!
അവൾതന്നഖിലം മനോരഥം
ഭവദേകപ്രതിബദ്ധമല്ലയോ? 55

തനുഗാത്രി ചിരാലസഹ്യമാ-
മനുരാഗത്തുയിർകൊള്ളുമക്കഥ
നനു തത്ര മുഹൂർത്തനിശ്ചയ-
ത്തിനു പോയ്‌വന്നവർ ചൊല്ലിയില്ലയോ! 56

യതിപൂജിത സർവ്വമംഗളാ-
കൃതി കാത്യായനി ലോകപാവനി
സതി, മുന്നമനുഗ്രഹിച്ചതും
പതിരായസ്സുഭഭാഗ്യശക്തിയാൽ! 57

തിരുവേളികഴിച്ചു ചെല്ലുവാൻ
ഗുരു കല്പിച്ചതു ചെയ്തിടാതെ നീ,
ഗുരുഭക്തി മറന്നപോലെ മ-
റ്റൊരുദിക്കിന്നു ഗമിച്ചതെന്തുവാൻ? 58

സ്വവധൂയുതനായ് മകൻ മഹോ-
ത്സവമെത്തുന്നതു കാത്തുകൊണ്ടുതാൻ
നിവസിച്ചിടുമപ്പിതാക്കളോ-
ടിവരെന്തോന്നറിയിച്ചിടേണ്ടു ഹാ! 59

യുവരാജനിരർഗ്ഘജീവിതം
ജവമോടെത്തി ഹരിച്ചിതന്തകൻ;
ഇവർതന്നുയിർ തുച്ഛമാകയാ-
ലവനിച്ഛിക്കുവതില്ലെടുക്കുവാൻ! 60

54. പ്രവരാംഗി = അത്യുത്തമാംഗി. പ്രതിച്ഛദം = ചിത്രപടം.

55. ഭവദേകപ്രതിബദ്ധം = ഭവാനൊരാളിൽ ബന്ധിക്കപ്പെട്ടതു്.

56. അനുരാഗത്തുയിർ = പ്രണയംനിമിത്തമുള്ള പീഡ.

57. അനുഗ്രഹിച്ചതു് = ''കുമാര, കല്യാണമിയറ്റുകണ്ടയിൽ കുമാരമാതാവു കലാദ്രിനന്ദിനി" എന്നും മറ്റും (നാലാംസർഗ്ഗം നോക്കുക) ആശീർവ്വാദം ചെയ്തതും.

58. ഗുരു = അച്ഛൻ.

59. സ്വവധൂയുതൻ = തന്നാളുടെ സ്നുഷയോടുകൂടിയവൻ. മഹോത്സവം = വമ്പിച്ച ഉത്സവത്തോടുകൂടുംവണ്ണം. പിതാക്കൾ = അച്ഛനമ്മമാർ (മനോരമാമഹാസേനന്മാർ). ഇവർ = ഞങ്ങൾ.

60. യുവ...വിതം = ഇളയ രാജാവിന്റെ വിലയേറിയ ജീവൻ. അവൻ = അന്തകൻ. നല്ലതിലേ ആർക്കും ആശയുണ്ടാകൂ എന്നു താൽപര്യം.

Digitized By Kerala Sahitya Akademi

സമയത്തിനു വീർപ്പിടാനുമ-
ക്ഷമരായ് മാഴ്കിടുമീയനാഥരെ
ശ്രമദായകജീവിതപ്പെരും-
ചുമടേററിച്ചതു പോരയോ വിധേ!'' 61

നവശോകവിമൂഢചിത്തരാ-
മവരേവം വിലപിച്ചിടുംവിധൗ,
വിവശൻ ജയകേതു ധൈര്യമൊ-
ട്ടവലംബിച്ചുരചെയ്തു സാന്ത്വനം: 62

''ഫലമെന്തി,ഹ നമ്മളീവിധം
വിലപിച്ചിട്ടു വിവേകശീലരേ?
അലമാപദി ധൈര്യമേന്തിയു-
ള്ളലയാതാക്കിടുവോർ ഭവാദൃശർ. 63

അതിരാഗമപായശങ്കിയാ-
ണ!—തിനാൽ, നിങ്ങൾ നിനച്ചിടുംവിധം
മൃതി തേടിയിരിക്കയില്ലി,ളാ-
പതിമുഖ്യാത്മജനെന്നു മന്മതം. 64

അവിടുന്നൊരിടം കരസ്ഥണ-
ഞ്ഞവിപന്നസ്ഥിതിപൂണ്ടിരിക്കുമേ:
ഭവിതവ്യതതൻ സ്വതന്ത്രത-
യ്ക്കെവിടത്തിൽത്തടവെന്ന വാർത്തയും? 65

പുരുഷായുഷലക്ഷണങ്ങള-
ത്തിരുമേനിക്കു തികച്ചുമില്ലയോ?
പരുഷാപമൃതിക്കു പാത്രമാ-
യ്വരുമോ താദൃശഭാഗ്യശാലികൾ? 66

തല വെട്ടുകിലും മരിച്ചിടാ,
ബലമായുസ്സിനിരിക്കിലാരുമേ;

---

61. അക്ഷമർ=അസമർത്ഥർ. ശ്രമ...ചുമട്=ക്ഷീണത്തെ ഉണ്ടാക്കുന്ന ജീവിതമായ വലിയ ഭാരം.

62. നവ...ചിത്തർ = പുതുതായ ദുഃഖംകൊണ്ടു മനസ്സു കെട്ടവർ. സാന്ത്വനം = ആശ്വാസവാക്ക്.

63. ഭവാദൃശർ = നിങ്ങളെപ്പോലെയുള്ളവർ വിവേകശീലരേ എന്ന സംബുദ്ധി, നിങ്ങൾക്കു മററാരാലും ഹിതോപദേശം ചെയ്യേണ്ടതില്ലെന്നു ദ്യോതിപ്പിക്കുന്നു.

64. അതിരാഗം = അതിസ്നേഹം. അപായശങ്കി = ആപത്തിനെ ശങ്കിക്കുന്നതു്. മന്മതം = എന്റെ പക്ഷം.

65. അവിപന്നസ്ഥിതി = ആപത്തൊഴിഞ്ഞ നില. ഭവിതവ്യത = ദൈവഗതി.

66. പുരുഷായുഷലക്ഷണങ്ങൾ = പൂർണ്ണായുർലക്ഷണങ്ങൾ. പരുഷാപമൃതിക്ക് = കഠിനമായ അപമൃത്യുവിന്ന്.

Digitized By Kerala Sahitya Akademi

അലറിക്കിഴമേൽ മറിഞ്ഞിടു—
ന്നലയിൽച്ചാടിയ നമ്മളും ചത്തുവോ? 67

അതിനാൽച്ചെറുതമ്പുരാനെ നാം
പ്രതിദേശം തിരയേണമിന്നിയും;
അതിമാത്രനിരാശതാലസ—
സ്ഥിതിമംഗല്യവിരോധിയല്ലയോ? 68

പരമേതൊരവസ്ഥയിങ്കലും
മരണാഹ്വാനമിതാര്യഗർഹിതം;
കരളും കെട്ടുയിർ കൈവിടായ്കിലോ
നരനെത്തും ശുഭ,മെപ്പൊഴെങ്കിലും'' 69

സ്വവചസ്സിതിലല്പമാശ്വസി—
ച്ചവരാം സ്നേഹിതരൊത്തു വീണ്ടുമേ
നൃവരൻ ജയകേതു തേടിനാ—
നവനീന്ദ്രാത്മജമാർഗ്ഗണശ്രമം. 70

പലദിക്കിലുമാവതോളമാ—
കുലരായ്ച്ചുററിയലഞ്ഞ മൂവരും,
ഫലമീശ്വരനേകിടായ്കയാ—
ലലസം വേതസപൂരിലെത്തിനാർ. 71

യുവഭൂഭൃദുദന്തമപ്പുരേ
നിവസിക്കുന്ന തദീയസേനയെ,
ദവവഹ്നി വനത്തിനെക്കണ—
ക്കവശാരാവപരീതമാക്കിതേ. 72

പരിതാപഭരാല,ചേതന—
പ്പരിഷസ്സും കരളും വിണ്ടുപോംവിധം,

---

67. അലയിൽ = കടലിൽ.

68. പ്രതിദേശം = ദേശംതോറും. അതി...സ്ഥിതി = അതിർകവിഞ്ഞ നിരാശതകൊണ്ടുള്ള ഉത്സാഹഹാനി. മംഗല്യവിരോധി = നന്മയെ തടുക്കുന്നതു്.

69. മരണാഹ്വാനം = മരണത്തെ വിളിച്ചുവരുത്തൽ; മരിപ്പാൻ തുനിയുക എന്ന ഭാവം. ആര്യഗർഹിതം = സജ്ജനനിന്ദിതം. ''ഏതി ജീവന്തമാനന്ദോ നരം വർഷശതാദപി'' എന്നുണ്ടു്.

70. നൃവരൻ=പുരുഷശ്രേഷ്ഠൻ. അവ...ശ്രമം = രാജപുത്രനെ തിരയലാകുന്ന ശ്രമം.

71. അലസം = മാന്ദ്യത്തോടുകൂടും വണ്ണം. വേതസപൂരിൽ = ജയകേതുവിന്റെ പുരിയിൽ.

72. യുവഭൂഭൃദുദന്തം = ഇളയ രാജാവു സമുദ്രത്തിൽ മുങ്ങിയ വർത്തമാനം. അപ്പുരേ = വേതസപുരത്തിൽ. തദീയസേനയെ = ചന്ദ്രസേനന്റെ സൈന്യത്തെ. ദവവഹ്നി = കാട്ടുതീ. അവ...രീതം = ദീനസ്വരങ്ങളാൽ ചുററപ്പെട്ടതു്.

Digitized By Kerala Sahitya Akademi

പരിവാരജനങ്ങളങ്ങിളോ—
പരി വീണാർത്തു തൊഴിച്ചിതാർത്തരായ്. 73

സചിവാത്മജരെ, സ്വസാന്ത്വവാ—
ഗ്രചിതാശ്വാസചമൂസമേതരായ്
അചിരാലളകയ്ക്കയച്ചു പി—
ന്നു,ചിതജ്ഞാഗ്രണി വേതസേശ്വരൻ. 74

സ്ഫുടദുർഭരശോകമൂകമാം
പടയോടൊത്തു, വിവർണ്ണരൂപരായ്,
ചുടലയ്ക്കു ഗമിച്ചിടുംവിധം
നടകൊണ്ടാർ നിജനാട്ടിലേക്കവർ. 75

മിളദുൽക്കടദുഃഖചിഹ്നമായ്—
ത്തളരുന്നപ്പട ചെന്നടുക്കവേ
അളകാപുരിയിങ്കലാളുകൾ—
ക്കളവായ് വന്നിതൊരുഗ്രസംഭ്രമം. 76

സകളത്രകുമാരകാഗമോ—
ത്സുകരാം പൗര,രുദന്തമഞ്ജസാ
സുകഠോരമറിഞ്ഞവാറതി—
പ്രകടാർത്തസ്വരമായിതപ്പുരം. 77

നൃപസത്മമണഞ്ഞു, പൗരർതൻ
കൃപണാക്രന്ദ,മമന്ദനിസ്വനം
സപരിഗ്രഹനാം മഹീശനെ—
സ്സപദി വ്യാകുലചിത്തനാക്കിതേ. 78

ഉടനേ, യുവമന്നവന്റെ കൂർ—
ത്തടവും മന്ത്രികൾ രണ്ടുപേരിവർ,
ഉടലാർന്ന ഭയാമയങ്ങൾപോ—
ലിടരേററിത്തിരുമുമ്പിലെത്തിനാർ. 79

---

73. അചേതനപ്പരിഷ = വൃക്ഷലതാദിവർഗ്ഗം. ഇളോപരി = നിലത്തു്.

75. സ്ഫുട...മൂകം = വെളിവായതും, ചുമപ്പാനരുതാത്തതുമായ വ്യസനം കൊണ്ടു നിശ്ശബ്ദമായിട്ടുള്ളതു്. വിവർണ്ണരൂപർ = നിറംകെട്ടവർ

76. മിള.. ചിഹ്നം = ഉഗ്രമായ ദുഃഖത്തിന്റെ അടയാളത്തോടു ചേർന്നു്.

77. സക...ത്സുകർ = സഭാര്യനായ രാജകുമാരന്റെ വരവും കാത്തിരിക്കുന്നവർ. ഉദന്തം = വർത്തമാനം. സുകഠോരം = അതികഠിനം. വർത്തമാനമറിഞ്ഞപ്പോൾ പുരവാസികൾ കൂട്ടത്തോടെ നിലവിളിച്ചു.

78. നൃപസത്മം = രാജധാനി. കൃപണാക്രന്ദം = ദയനീയമായ മുറവിളി. സപരിഗ്രഹൻ = ഭാര്യാന്വിതൻ. സപദി = പെട്ടെന്നു്. വ്യാകുലചിത്തൻ = സംഭ്രാന്തമാനസൻ.

79 മന്ത്രികൾ രണ്ടുപേരിവർ = ജയപാലാശോകസേനർ. ഉടലാർന്ന ഭയാമയങ്ങൾപോലെ = ഭയവും ദുഃഖവും ഓരോ ദേഹമെടുത്തമാതിരി.

Digitized By Kerala Sahitya Akademi

വ്യഥയോടവരെ, 'ങ്ങ വത്സനെ'—
ന്നഥ ചോദിച്ച നരേന്ദ്രനോടഹോ,
പ്രഥമം ചെവികൾക്കസഹ്യമ—
ക്കഥ കണ്ണീരുകളാലുണർത്തിനാർ. 80

ജവമോടവശാനുകമ്പിയാം
യുവരാട്ടാഴിയിലാണ്ട വാർത്തയെ
അവരെങ്ങനെയോ മനോരമാ—
ധവനോടങ്ങറിയിച്ചു മെല്ലവേ. 81

'ശിവ, രാമ, ചതിച്ചു ദൈവ'മെ—
ന്നവലുപ്തേന്ദ്രിയവൃത്തിയായുടൻ
വിവശാകൃതി വീണിതുഴിമേ—
ലവരോധേശ്വരിയൊത്തു മന്നവൻ. 82

പരിവാരജനങ്ങളക്ഷണം
പെരികെട്ടീനരവം മുഴക്കവേ,
ശരിയായഴൽ പങ്കുകൊണ്ടപോ—
ലരികത്താർത്തു വിലാസപക്ഷികൾ. 83

വ്യജനാദ്യപനീതമൂർച്ഛനായ്
പ്രജകൾക്കീശ്വരനിഷ്ടദാരവാൻ
നിജധൈര്യമിടിഞ്ഞു, വൻമനോ—
രുജയോടേ വിലപിച്ചു വിഹ്വലൻ: 84

''മകനേ, മമ ചന്ദ്രസേന, ഹാ,
മകരാങ്കോപമമഞ്ജുളാകൃതേ,
സുകഠോരമിതിപ്പൊഴെൻ ചെവി—
ക്കകമേ വീണതു തീക്ഷ്ണവജ്രമോ! 85

---

80. വ്യഥ = ദുഃഖം. വത്സൻ = ഉണ്ണി. പ്രഥമം = ആദ്യം. ജയപാലാശോകസേനന്മാർ യാതൊന്നും പറവാൻ ശക്തരാകാതെ കണ്ണുനീർവാർത്തുകൊണ്ടു നിന്നപ്പോൾ ഉണ്ണിക്കെന്തോ ആപത്തുപിണഞ്ഞുവെന്നു മഹാസേനന്നു മനസ്സിലായെന്നു ഭാവം.

81. ജവമോട് = വേഗേന; ആർക്കും തടുപ്പാൻ കഴിയാത്തവിധത്തിൽ എന്നു ഭാവം. അവശാനുകമ്പി എന്നതിന് അനുകമ്പനിമിത്തം അനുചരന്മാർക്കു നേരിട്ടുന്ന ആപത്തു കാണാൻ ധൈര്യമില്ലാത്തവൻ എന്നു നിഷ്കൃഷ്ടാർത്ഥം. യുവരാട്= യുവരാജാവ്. മനോരമാധവൻ = മഹാസേനൻ.

82. അവലുപ്തേന്ദ്രിയവൃത്തി = ഇന്ദ്രിയവ്യാപാരമില്ലാത്തവൻ. മൂർച്ഛിതൻ എന്നു താൽപര്യം. അവരോധേശ്വരി = പട്ടമഹിഷി (മനോരമ).

83. വിലാസപക്ഷികൾ = നേരമ്പോക്കിന്നായി വളർത്തപ്പെട്ടുന്ന പക്ഷികൾ.

84. വ്യജ...മൂർച്ഛൻ = വീശുക മുതലായവകൊണ്ടു മോഹാലസ്യം നീങ്ങിയവൻ. പ്രജകൾക്കീശ്വരൻ=രാജാവ്. ഇഷ്ടദാരവാൻ = പ്രിയഭാര്യയോടുകൂടിയവൻ. വന്മനോരുജ = വലിയ മനോവേദന. വിഹ്വലൻ = വിവശൻ.

85. മക...കൃതേ = കാമതുല്യസുന്ദരരൂപ!

Digitized By Kerala Sahitya Akademi

ഹതമെൻ സകലം മനോരഥം;
ക്ഷതമയ്യോ, നിഷധേശ്വരാന്വയം;
സുതരാം സുഭഗത്വമാർന്ന മ–
ത്സുതനിൽ ദുർവ്വിധി കയ്യുവെയ്ക്കയാൽ! 86

ജനിതദ്യുതി മൽകുലാംശുമാ–
നിനിമേലാലുദയംപെടാപ്പടി,
തനിയേ കടലിൽപ്പതിക്കയാ–
ലനിശം മേ ഭുവനം തമോമയം. 87

സുത, നിന്റെ ഗഭീരതാദിയാൽ
കൃതഭംഗാകുലമായ സാഗരം
ധൃതമത്സരവൃത്തി നിന്നെ ഹാ,
മൃതനാക്കീ സ്വവിഷപ്രയുക്തിയാൽ. 88

സിതരശ്മി, തവാത്മജൻ സമു–
ത്ഥിതനാംപോളതിവേല,മംബുധേ,
വിതതോദ്രസനൃത്തനാം ഭവാൻ
സുതശോകം നിനയാഞ്ഞതെന്തു മേ? 89

സുകളേബരകാന്തിയേന്തുമെൻ
മകനെക്കണ്ടു, മഹോദധേ, ഭവാൻ
അകമേ നിജപുത്രി ലക്ഷ്മിതൻ
മകനെന്നോർത്തഥ കൊണ്ടുപോകയോ! 90

വിപരീതവിധാനനാം വിധേ,
കൃപവിട്ടെൻ തരുണൈകപുത്രനെ
അപമൃത്യു കടന്നു തീണ്ടുവാ–
നപരാധം ചെറുതെന്തു ചെയ്തു ഞാൻ? 91

---

86. ഹതം = നഷ്ടം. ക്ഷതം = മുറിഞ്ഞതു്. കാററി മുടിഞ്ഞതു് എന്നു ഭാവം.

87. ജനിതദ്യുതി = തേജസ്സുള്ളവൻ. മൽകുലാംശുമാൻ = എന്റെ വംശത്തിന്നു സൂര്യനായിട്ടുള്ളവൻ. അനിശം = എന്നെന്നും. തമോമയം = വെറും കൂരിരുട്ടായതു്.

88. സുത = മകനേ! ഭംഗശബ്ദത്തിന്നു തോൽമ എന്നും, തരംഗമെന്നും അർത്ഥം. ധൃത...വൃത്തി = വൈരത്തെ വഹിച്ചതു്. വിഷത്തിന്നു ജലമെന്നും ഗരളമെന്നും അർത്ഥം. നേരിട്ടു പൊരുതാൻ കരുത്തില്ലാത്തവർ വിരോധിയെ വിഷംകൊടുത്തും മററും കൊന്നുകളയുമല്ലോ.

89. സിതരശ്മി = ചന്ദ്രൻ. സമുത്ഥിതനാംപോൾ = ഉദിച്ച പൊഴുതെപ്പോലും. അതിവേലം = കര കവിയുമാറു്. രസശബ്ദത്തിന്നു വെള്ളമെന്നും അർത്ഥം. സുതശോകം = പുത്രദുഃഖം. പുത്രദർശനത്തിൽ ഇത്ര സന്തോഷം കാണിക്കുന്ന നീ, പുത്രനാശത്തിൽ ഒരാൾക്കു് ഉണ്ടാകാവുന്ന സന്താപത്തെ ഗണിപ്പാൻ തീർച്ചയായും അർഹനാണു്.

90. ലക്ഷ്മിതൻമകൻ = കാമദേവൻ.

Digitized By Kerala Sahitya Akademi

ഗുരു ജീവിഹതിക്കയെല്ലെയു—
ള്ളരുകിക്കേണവളാണു മൃത്യു പോൽ!
പരുഷത്തൊഴിൽ ചെയ്തുചെയ്തു തൻ—
കരുണാജാഡ്യമവളൊഴിഞ്ഞിതോ! 92

കടമന്ത്യമൊഴിക്കുവാനൊരാൽ—
ക്കടെയത്താജ്ജിതമെന്മഹാധനം
കടലിൽപ്പിടിവിട്ടുപോയ സ—
ങ്കടമാരോടുരചെയ്തിടേണ്ടു ഞാൻ! 93

തനയക്ഷയസങ്കടക്കടും—
കനലിൽപ്പൂഴ്ക്കുവതിന്നുവേണ്ടിയോ,
അനപത്യത തീർത്തു ഹഷ്മെ—
ന്മനതാക്കൊട്ടിട നല്ലിയീശ്വരൻ! 94

സ്വയമാഹിതജാതകർമ്മമാ—
കിയ കൈകൊണ്ടുദകപ്രദാനവും
നിയമിച്ച നിനക്കു ദൈവമേ,
ദയയെന്നുള്ളതു തെല്ലുമില്ലയോ! 95

മുഖരാബ്ധിയെ മുൻനിറുത്തിയു—
ച്ഛ്രിഖദുഷ്ടത്തൊഴിൽ ചെയ്തു നീ വിധേ!
സുഖദം ഭുവി മറെറാരുത്തിതൻ—
മുഖമുണ്ടോ മമ കണ്ടിരിക്കുവാൻ? 96

ഖരദാരുണമേകപുത്രമ—
മ്മരണാതങ്കഭരം വഹിക്കിലും

---

92. പണ്ടു്, ലോകത്തിൽ പ്രാണികളുടെ അമിതമായ വദ്ധനയെ തടുപ്പാനായി, ബ്രഹ്മാവു് മൃത്യുവെന്ന ഒരു ദേവിയെ സൃഷ്ടിച്ചു. അവളോടു പ്രാണിഹിംസാധികാരിണിയായിരിപ്പാൻ ആജ്ഞാപിക്കുകയും ചെയ്തു. അതുപ്രകാരം ആ അബല 'ഈ അധർമ്മകൃത്യത്തിൽ എന്നെ നിയോഗിക്കരുതെ'ന്നു വീണ്ടും വീണ്ടും ദുഃഖപര്യാകുലയായി കേണപേക്ഷിച്ചുതുടങ്ങി. ഒടുവിൽ ബ്രഹ്മാവു് 'ഇതുകൊണ്ടു യാതൊരധർമ്മവും നിന്നെ ബാധിക്കുകയില്ലെ'ന്നും മററും അനുഗ്രഹിച്ചു സമാധാനപ്പെടുത്തിയതിനുശേഷമാണു്, മൃത്യുദേവി പ്രാണിഹിംസാജോലി കയ്യേററതു്. ഇങ്ങനെ ഒരിതിഹാസം ശ്രീമഹാഭാരതത്തിലുണ്ടു്. ഗുരു = അച്ഛൻ (ബ്രഹ്മാവു്). ജീവിഹതി = പ്രാണിഹിംസ. പരുഷത്തൊഴിൽ = ക്രൂരകർമ്മം. കരുണാജാഡ്യം = അനുകമ്പകൊണ്ടുള്ള മന്ദത.

93. അന്ത്യമായ കടം = പിതൃകടം. ഉദ്ഭക്കടെയത്താജ്ജിതം = വളരെപ്പണിപ്പെട്ടു സമ്പാദിക്കപ്പെട്ടതു്. മഹാധനം = പുത്രനാകുന്ന വമ്പിച്ച ധനം.

94. തന...കനൽ = പുത്രനാശമാകുന്ന കടുത്ത തീക്കനൽ. അനപത്യത = സന്താനഹീനത.

95. ആഹിതജാതകർമ്മം = ജാതകർമ്മം ചെയ്യപ്പെട്ടതു്.

96. മുഖരാബ്ധിയെ = ഇരമ്പുന്ന സമുദ്രത്തെ. ഉച്ഛ്രിഖം = ഉദഗ്രം. 'പ്രാണികളെ' ക്രൂരകൃത്യങ്ങളെ ചെയ്യുന്നതു്, പൊതുജനങ്ങൾക്കു തങ്ങളിൽ ശങ്ക ജനിക്കാതിരിപ്പാൻ വല്ല വായാടികളെയും മുൻനിർത്തിക്കൊണ്ടായിരിക്കുമല്ലോ.

Digitized By Kerala Sahitya Akademi

തരസാ തകരാതിരിക്കുമെൻ—
കരഠം കല്ലിൻെറ കട്ടത്ത കാതൽതാൻ. 97

സുതനെബ്ഭത, പിന്തുടർന്ന,ചി—
ന്തിതമെന്തിന്നു തിരിച്ചുപോന്നു നീ?
ഹതജീവിതമേ, സ്വയംകൃതോ—
ദിതദുഃഖങ്ങഠം സഹിച്ചുകൊഠംകിനി! 98

മകനേ സ്നുഷയോടുപേതനായ്
നികടേ കാണ്മതിനാശവെയ്ക്കയാൽ,
മികവുള്ളവനെത്തനിച്ചു കാ—
ണുകയും കൂടിയസാദ്ധ്യമായി മേ! 99

വരനെസ്സമയേ സമുല്ലലേ—
ശ്വരനേകാഞ്ഞനൃതപ്രതിജ്ഞനായ്
നരകത്തിൽ വിഴേണ്ടിവന്നു ഹാ,
ശരണംകെട്ടൊരഭാഗ്യമൂർത്തി ഞാൻ! 100

അളകേശ്വരവംശലക്ഷ്മിയും,
വളർചേലാഠം വസുദത്തപുത്രിയും,
ഇളയിങ്കലനാഥമാർകളായ്
കളവേറും വിധിതൻെറ മുഷ്ടിനാൽ. 101

വിഭവാന്വിതനായിരിക്കിലും,
ശുഭമെന്നുള്ളതെനിക്കു തീൎന്നപോയ്;
ഉഭയാന്വയഭൃത്രിഹേതുവ—
സ്സുഭഗൻ നമ്മെ വെടിഞ്ഞതില്ലയോ? 102

സമയേ പരലോകമാർന്നിടും
മമ ശേഷക്രിയ ചെയ്യിടാതെ നീ
ക്ഷമ വിട്ടു ഗമിച്ചതെന്തൊര—
ക്രമമെൻ പ്രാക്തനപുണ്യപുഞ്ജമേ! 103

സമദുഃഖസുഖം സുഹൃജ്ജനം;
സുമഹാവത്സലരച്ഛനമ്മമാർ;

---

97. ഖരദാരുണം = കഠിനവും, ഭയങ്കരവുമായിട്ടുള്ളതു്.

98. അചിന്തിതം = വിചാരിയാതെ. സ്വയം...ഖങ്ങഠം = തൻെറ പ്രവൃത്തിമൂലമുണ്ടായ സങ്കടങ്ങഠം.

100. വരൻ = വിവാഹപുരുഷൻ. സമയേ = നിശ്ചിതാവസരത്തിൽ. അനൃതപ്രതിജ്ഞൻ = വാഗ്ദാനംചെയ്യതു പാഴായവൻ.

101. വളർചേലാഠം = വളൎന്ന ചേലോടു(സൗന്ദര്യത്തോടു)കൂടിയവഠം.

102. വിഭവാന്വിതൻ = സമ്പത്തുള്ളവൻ ഉഭ...ഹേതു = രണ്ടു വംശത്തിൻെറയും (പിതൃമാതൃവംശങ്ങളുടെ) നന്മയ്ക്കു കാരണഭൂതൻ.

103. പ്രാക്തനപുണ്യപുഞ്ജം = പൂൎവ്വസുകൃതോച്ചയം. ക്ഷമയ്ക്കു ഭൂമിയെന്നോ തിതിക്ഷയെന്നോ അൎത്ഥമെടുക്കാം.

Digitized By Kerala Sahitya Akademi

വിമലപ്രണയാവബദ്ധ,യാ
രമ തോഴ്കും വസുദത്തനന്ദിനി; 104

അവരാംതൻ പ്രിയതോഴി, കേവലം
നൃവരശ്രീ;—യനുരക്തർ നാട്ടുകാർ;
നവചാരുവയസ്സി;—തൊന്നുമേ
ധ്രുവമോർക്കാതെവിടേക്കു പോയി നീ! (യുഗ്മകം) 105

മയമെന്നിയെ ഞാൻ നിനക്കു വി—
പ്രിയമായ് വല്ലതുമാചരിച്ചിതോ?
നിയതം, മമ നീയൊഴിഞ്ഞൊരാ—
ശ്രയമില്ലെന്നുടെ പൊന്നുപൈതലേ! 106

പരിവാരവിപത്തിശങ്കയിൽ
ത്വരിതം തൻതനുവെ ത്യജിക്കയാൽ,
ശരിയാമനുകമ്പയിന്ന മാ—
തിരിയാണെന്നു തിരിച്ചു കാട്ടി നീ? 107

സുതനി,ഷ്ടസുഹൃത്തു, മന്ത്രി നീ
ഹിതശിഷ്യൻ, മഹിതാസ്ത്രവിദ്യയിൽ;
ബത, നിന്നെ ഹരിച്ച ദുർന്നയൻ
മൃതരാട്ടെ,ന്തു ഹരിച്ചതില്ല മേ? 108

അവകുഞ്ചിതകുന്തളാഞ്ചിതം,
നവനാളീകദളായതേക്ഷണം,
ധവളസ്മിതശീതളം മുഖം
തവ കാണാതെ പൊറുപ്പതെങ്ങനെ! 109

തിരുവിഷ്ടപശില്പിതൻെറ കൈ—
വിരുതേ, വിശദമിഴിക്കു തിങ്കളേ,

---

104. സമദുഃഖസുഖം = സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുന്നതു്. സുഹൃൽസവത്സർ = അതിസ്നേഹമുള്ളവർ.

105. അവരാംതൻ (താരാവലിയുടെ) പ്രിയതോഴി = താരാവലിയെപ്പോലെ നിന്നെ ഭർത്താവാക്കാൻ കൊതിച്ചിരിക്കുന്നവരാം. നൃവരശ്രീ = രാജലക്ഷ്മി. നവചാരുവയസ്സ് = യൗവനം.

106. വിപ്രിയം = അനിഷ്ടം.

107. പരിവാരവിപത്തിശങ്ക = പരിജനങ്ങൾക്കു് ആപത്തുപിണഞ്ഞാലോ എന്ന സംശയം. ത്വരിതം = വേഗത്തിൽ.

108 മഹിതാസ്ത്രവിദ്യയിൽ ഹിതശിഷ്യൻ (പ്രിയശിഷ്യൻ) എന്നതു്, രണ്ടാംസർഗ്ഗത്തിൽ രാജകുമാരൻെറ വിദ്യാഭ്യാസം വർണ്ണിച്ച ഘട്ടത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണു്. മൃതരാട്ടു് = യമൻ.

109. അവകുഞ്ചിതം = ചുരുണ്ടതു്. ധവ...തളം = വെൺപുഞ്ചിരികൊണ്ടു് ആർദ്രം.

Digitized By Kerala Sahitya Akademi

അരുതേ മമ കൊച്ചുതങ്കമേ,
പെരുതാം നിൻ വിരഹം സഹിക്കുവാൻ! 110

ലയമാർന്ന സമുദ്രവായുവിൽ
പ്രിയനെൻ പ്രാണസമീര,നെങ്കിലും
ക്ഷമയററുയിർപൂണ്ടിരിപ്പു ഞാൻ;
കയറില്ലാത്തൊരു കെട്ടിതുഗ്രമേ! 111

സ്വയശസ്സിനെ മന്നിൽ നിർത്തി മൽ—
പ്രിയപുത്രൻ ദ്രുതമെങ്ങു പോയിതോ,
സ്വയമെന്നെയുമങ്ങയയ്ക്കുവാൻ
ദയചെയ്കിക്ഷണമെന്റെ ദൈവമേ!'' 112

ഈവണ്ണം പുത്രശോകക്ഷുഭിതഹൃദയനാം
പുരുഷേന്ദ്രന്റെ ചാരേ
വൈവർണ്ണ്യംപൂണ്ടു വന്നെത്തിയ സചിവ,രുപാ—
ദ്ധ്യായർ മുമ്പാം ജനങ്ങൾ
ആ വൻക്ലേശത്തിനാശാജനകമൊഴികളാ—
ലല്പമാശ്വാസമേകി—
ജ്ജീവത്യാഗോഗ്രകർമ്മോദ്യമവുമൊരുവിധം
പിൻവലിപ്പിച്ചുകൊണ്ടാർ. 113

മഹിഭരമമാത്യകൽ സ്ഥാപിച്ചിളേശ്വരനനന്തരതാൻ
മഹിഷിയൊടുമൊത്ത,ശ്ശോകത്താലനന്യമനസ്സനായ്
വിഹിതവിഷയത്യാഗൻപോലേ വിശുദ്ധതപോരതൻ
മഹിതനഗരോപാന്തക്ഷേത്രത്തിലേക്കെഴുന്നള്ളിനാൻ. 114

'ഊക്കാളും മൃത്യു പാഞ്ഞെത്തിയ മുനിസുതനെ—
പ്പോലെയെൻ ബാലനെക്കേ—
ടേല്ക്കാതേ വീണ്ടെടുത്തേകുക തിരുവടിതാ'—
നെന്നു മൃത്യുഞ്ജയങ്കൽ

---

110. തിരുവിഷ്ടപശില്പി = ബ്രഹ്മാവ്.
111. പ്രാണസമീരൻ = പ്രാണവായു ഉഗ്രം = കഠിനം.
113. പുത്ര...ദയൻ = പുത്രദുഃഖംകൊണ്ടു മനസ്സിളകിമറിഞ്ഞവൻ. ആശാജനകമൊഴികൾ = ആശയെ ഉണ്ടാക്കുന്ന വാക്കുകൾ. ജീവ...ദ്യമം = പ്രാണത്യാഗമെന്ന കടുംകൈയിന്നുള്ള ഒരുക്കം.
114. മഹിഭരം = ഭൂഭാരം. അമാത്യങ്കൽ = പ്രധാനമന്ത്രിയായ നയഗുപ്തങ്കൽ. അനന്യമനസ്സൻ = മറെറാന്നിൽ മനസ്സില്ലാത്തവൻ. വിഹിതവിഷയത്യാഗൻ = സംസാരമുപേക്ഷിച്ചവൻ. വിശുദ്ധതപോരതൻ = വിശുദ്ധമായ തപസ്സു ചെയ്യുവാനായി. മഹി...ക്ഷേത്രം = പൂജ്യമായ നഗരത്തിന്നടുത്തുള്ള പര ദൈവതക്ഷേത്രം.

Digitized By Kerala Sahitya Akademi

വാക്കാലും ഹൃത്തിനാലും വളരെ വളരെ നേ—
ന്നുണ്ണിയെത്തേടുവാൻ ത—
ന്നാൾക്കാരെച്ചൊല്ലിവിട്ടാ ക്ഷിതിപതി ഭഗവ—
ത്സേവചെയ്തങ്ങു വാണാൻ. 115

ഇങ്ങനെ മഹാസേനന്റെ പുത്രദുഃഖം ഒമ്പതാംസർഗ്ഗം

പത്താം സർഗ്ഗം

കടലിലുഴലവേ, നൃപാലപുത്ര—
ന്നുടയൊരു മന്ത്രി സുബാഹുവിന്നടക്കൽ,
സ്ഫുടകരുണകലർന്ന ഭാഗ്യലക്ഷ്മീ—
കടമിഴിപോലൊരു കൊച്ചുതോണി കാണായ്. 1

പുനരുപനതജീവിതാശയിൽപ്പോ—
ലനഘനതിൽ ദ്രുതമേറി യാത്രചെയ്തേ,
വനനിധിയിലണഞ്ഞിടും മഹീഭൃ—
ത്തനയനെയൊട്ടരികത്തു കണ്ടുമുട്ടി. 2

സരഭസമവനെപ്പിടിച്ചമാത്യേ—
ശ്വരസുതനാച്ചെറുതോണിയിൽക്കയററി,
നിരവധിവിഷയാർണ്ണവത്തിൽനിന്നും
കരളിനെ യോഗി സമാധിയിൽക്കണക്കേ. 3

പല പരിജനമൊത്തു കപ്പലിങ്കൽ
സുലഭസുഖം നിവസിച്ച രാജപുത്രൻ,
അലയിലൊരു സഹായിമാത്രമൊക്കം
നിലയിലിതാ, ചെറുതോണി പുക്കിരിപ്പായ്! 4

സ്ഫുടജലമയമാണു ഹന്ത, നോക്കു—
ന്നിടമഖിലം; ചെറുതില്ല ദിഗ്വിബോധം!

---

115. മുനിസുതനെ = മാർക്കണ്ഡേയനെ. മൃത്യുഞ്ജയങ്കൽ = തന്റെ കുലദേവതയായ ശിവങ്കൽ. ഹൃത്തു് = മനസ്സ്.

1. ഭാഗ്യലക്ഷ്മീകടമിഴി = ഭാഗ്യലക്ഷ്മിയുടെ കടാക്ഷം.
2. പുന...താശ = വീണ്ടും വന്നുചേർന്ന ജീവിതേച്ഛ. അതിൽ = കൊച്ചുതോണിയിൽ. വനനിധിയിൽ = സമുദ്രത്തിൽ. മഹീഭൃത്തനയനെ = രാജപുത്രനെ (ചന്ദ്രസേനനെ.)
3. സരഭസം = വെമ്പലോടുകൂടി. അമാത്യേശ്വരസുതൻ = മന്ത്രീന്ദ്രപുത്രൻ (സുബാഹു) നിര...ർണ്ണവം = അവസാനമില്ലാത്ത സംസാരസമുദ്രം.
4. സുലഭസുഖം = സുലഭമായ സുഖത്തോടുകൂടുംവണ്ണം.

Digitized By Kerala Sahitya Akademi

ഇടരൊടുമവർ മൃത്യുജീവിതങ്ങൾ—
ക്കിടയിലെഴും നിലപൂണ്ടതിങ്കൽ വാണു! 5

ജലപരിചിതിയാലവർക്കു മെയ്പ്പോ—
ലലഘുജഡസ്ഥിതി പൂണ്ടിതോ മനസ്സും
നിലവിട്ടമതിലന്നു പൗരുഷത്തിൻ
തിലസദൃശാംശവുമില്ല ബാക്കിയായി! 6

വിരവൊടു വിധിയെന്നപോലെ വീണ്ടും
പരമനുകൂലതപൂണ്ടു കാററുതന്നെ;
തരണിയിലതിതാന്തരായി ദേവ്യം
നരതിലകക്കൊരു കർണ്ണധാരനായി. 7

ഉരപെരുകിന കപ്പലിന്നലബ്ധം
നരപതിനന്ദനരക്ഷണൈകഭാഗ്യം
കരഗതമതിനെന്ന തുഷ്ടികൊണ്ടോ
തിരകളിലച്ചെറുവഞ്ചി നൃത്തമാടി! 8

അലകളിലിളകുന്ന തോണി ചിന്താ—
കുലതരമാമവർതൻ മനോരഥത്തെ
നലമൊടനുകരിച്ചു യാത്രചെയ്തി—
ജ്ജലനിധിതൻ കരയിൽച്ചിരാലണഞ്ഞു. 9

വിരചിതപൃഥുപോതഭംഗമാം ദു—
സ്തരജലരാശിയിൽനിന്നവർക്കു കേറാൻ
ശരണ,മൊരു പൊതുമ്പുതോണിയായീ;
ഹര, ഹര, ദൈവമതങ്ങളാരറിഞ്ഞു! 10

---

5. ദിഗധിഗമബോധം = ദിക്കുകളുടെ അറിവ്.

6. ജലപരിചിതിയാൽ = വെള്ളത്തിൽ കിടക്കുകയാൽ; മൂഢസംസർഗ്ഗത്താലെന്നും. ജഡസ്ഥിതി = തണുത്തു മരവിക്കുക എന്ന അവസ്ഥ; ജാള്യം എന്നും. തിലസദൃശാംശം = എൺപണിയോളവും.

7. അനുകൂലത = ആനുകൂല്യം: കൂലത്തെ (തീരത്തെ) അനുസരിച്ചുകൊണ്ടുള്ള നില എന്നും. തരണി = തോണി. അതിതാന്തർ = ഏററവും ക്ഷീണിച്ചവർ. കർണ്ണധാരൻ = തോണി ഊന്നുന്നുകാരൻ.

8. ഉരപെരുകിന = ജലവാഹനങ്ങളിൽവെച്ചു പ്രാധാന്യമേറിയ. അലബ്ധം = കിട്ടാത്തതു്. നര...ഭാഗ്യം = രാജകുമാരനെ രക്ഷപ്പെടുത്തുക എന്ന മുഖ്യഭാഗ്യം. കരഗതം = കൈയിലായതു്. അതിനു് = ചെറുവഞ്ചിക്കു്. തുഷ്ടി = സന്തോഷം.

9. പല ചിന്തകളാൽ കിടന്നിളകുന്ന അവരുടെ മനോരഥത്തെപ്പോലെതന്നെ, തോണിയും തിരമാലകളിൽ തുള്ളിക്കളിച്ചുകൊണ്ടാണു യാത്ര ചെയ്തതു്.

10. വിര...ഭംഗം = പെരിയ കപ്പലുകളെ ഉടച്ചുകളഞ്ഞതു്. പൊതുമ്പുതോണി = പൊതുമ്പുപോലെ ചെറുതായ തോണി.

Digitized By Kerala Sahitya Akademi

ഉടനൊരു നെടുവീർപ്പയച്ചുകൊണ്ടാ—
ത്തടഭുവി തോണിയിൽനിന്നിറങ്ങി മുമ്പേ,
സ്ഫുടവിനയനമാത്യനാത്തമാം മ—
ട്ടുടയ കുമാരനെയും പിടിച്ചിറക്കി. 11

പടുതയൊടുടനാ സ്ഥിതിക്കു സാധി—
ച്ചിടുമുപചാരവുമാചരിച്ചു,വങ്കൽ
പെടുമൊരു ജഡതയ്ക്കുദ്ഗ്രഹം
വിടുതിവരുത്തി, വിധിക്കു നന്ദിചൊല്ലി. 12

ഒരുനിലയിലുമൊത്തുകൂടലില്ലാ—
പ്പെരുവഴിപൂക്കു പിരിഞ്ഞൊരാസ്സഖാക്കൾ
ഗുരുനിയതിവശേന വീണ്ടുമൊന്നി—
ച്ചൊരുപൊഴുതാർന്ന വികാരമെന്തു ചൊല്ലാം? 13

കരതം കളിതമമാത്യനെ,സ്സമുദ്ര—
ത്തിരയിലുലഞ്ഞു കുഴഞ്ഞ കൈകളാലേ
ഉരസി ദൃഢമണച്ചുകൊണ്ടു നിന്നാൻ
ചിരമതിസൗഹൃദശാലി ചന്ദ്രസേനൻ! 14

ജനപതിസുതനെ,സ്സമുദ്രമദ്ധ്യേ
വിനപിണയാതെ ലഭിക്കയാലമാത്യൻ
പുനരപി ഭുവനം സജീവമായെ—
ന്നനഘമുദാ ഹൃദി തന്നെയും മറന്നു. 15

ഭൃതിഭയമൊഴിവായ യാനമായ്ച്ചേ—
ന്നതിലിഹ തോഴരു വായ്ച്ച തുഷ്ടി കണ്ടും,
ക്ഷിതിപസുതരു മററു കൂററുകാർതൻ—
ഗതിയറിയാഞ്ഞഴലാർന്നിരുന്നു ചിത്തം. 16

മറുപിറവി ലഭിച്ചപോലെ, പെട്ടെ—
ന്നറുതിയൊഴിഞ്ഞിടചേർന്ന സഖ്യമാന്മാർ

---

11. തടഭുവി = കരയിൽ. സ്ഫുടവിനയൻ = വെളിവായ താഴ്മയോടുകൂടിയവൻ. ആർത്തമാംമട്ട് = വൈവശ്യം.

12. ഉപചാരം = ശുശ്രൂഷ. ആചരിച്ച് = ചെയ്ത്. ഉദ്ഗ്രഹം = ഹർഷത്തോടുകൂടി. വിധിക്കു നന്ദിചൊല്ലി = രാജകുമാരനെ രക്ഷപ്പെടുത്തിയതിനു ദൈവത്തെ സ്തുതിച്ചു.

13. അസ്സഖാക്കൾ = സുബാഹുചന്ദ്രസേനന്മാർ. ഗുരുനിയതിവശേന = മഹത്തായ ദൈവയോഗത്താൽ. ഒന്നിച്ച = ഒത്തുകൂടിയ.

14. ഉരസി = മാറിൽ. ചിരം = ഏറെനേരം. അതി...ശാലി = വളരെ സ്നേഹമുള്ളവൻ.

15. പുനരപി (വീണ്ടും) ഭുവനം സജീവം (ജീവനുള്ളത്) ആയ—സമുദ്രമഗ്നനായ രാജകുമാരന് ആപത്തു പിണയായ്കയാൽ ലോകത്തിന്റെ പോയ ജീവൻ തിരിയെ വന്നു. അനഘമുദാ = നിർവ്യാജസന്തോഷംനിമിത്തം. ഇഹ = ഈ ഘട്ടത്തിൽ.

Digitized By Kerala Sahitya Akademi

ചെറുതിട, വിവിധം മനോവികാരം
പെരുമിടരാലൊരു മൗനമാർന്നു നിന്നു. 17

ക്ലമമൊരുവിധമൊന്നൊതുക്കിയിട്ടാ—
സ്സുമതി കുമാരനമാത്യനോടുരച്ചു:
''കമലനിധിയിൽനിന്നു കേറിയാലും
മമ ഗതി ഹന്ത, ചുവട്ടിലേക്കുതന്നേ! 18

അനുചരരെയശേഷമീസ്സമുദ്ര—
ത്തിനു മടിയാതുപഹാരമായി നല്കി,
നനു തനതുയിർ വീണ്ടെടുത്തവൻ ഞാ-
നനുപമപാതകി ഭൂതലത്തിലോർത്താൽ. 19

അരുണസുതപുരത്തിലേക്കു മുന്നിൽ—
പ്പെരുവഴികാട്ടി നടന്നു, നിഷ്ഠുരൻ ഞാൻ
ഒരുമയൊടൊരുമിച്ചു പോന്നൊരസ്സൽ-
പുരുഷരെ ഹന്ത, ചതിച്ചു പിന്തിരിച്ചു! 20

പരിജനപടലത്തെയും, വിശേഷാ—
ലരിമ മുഴുത്തൊരമാത്യർ നാൽവരേയും,
പെരിയ സുമതി വേതസേശനേയും
ഹരി, ഹരി, കാലനു നല്കിയില്ലയോ ഞാൻ! 21

സുമതികളവർ നാൽവർ നിന്നൊടൊപ്പം
സമസുഖദുഃഖരെനിക്കു സോദരന്മാർ;
സമമറുതിയവർക്കുമേകിയിട്ടി-
ങ്ങമരുവതെങ്ങനെ ഞാനഭംഗമയ്യോ! 22

ഉദധിയിലഹികൾക്കു ഭോജ്യമായീ
മദസുമരുത്തുകളഞ്ചിൽവെച്ചു നാലും!
വദ, പുനരിവനിങ്ങു ജീവനോദ്യൽ—
കദനമിരിക്കില്ല,മെത്ര നാളിരിക്കും? 23

---

17. മറുപിറവി = പുനർജ്ജന്മം. വിവിധം = പലതരം.

18. ക്ലമം = തളച്ച്. കമലനിധി = സമുദ്രം.

19. അധോഗതിയുടെ കാരണങ്ങൾ വിവരിക്കുന്നു: ഉപഹാരം = ബലി. തനതുയിർ = തന്റെ പ്രാണൻ. അനുപമപാതകി = നിസ്തുല്യനായ പാപി. പാപികൾക്ക് ഊർദ്ധ്വഗതി ഉണ്ടാകുന്നതല്ലല്ലോ.

20. അരുണസുതപുരം = കാലാലയം. നിഷ്ഠുരൻ = ക്രൂരൻ. സൽപുരുഷരെ = കാലഗൃഹത്തിലേക്കുകൂടി സ്നേഹാതിശയത്താൽ അനുഗമിച്ചവരായ വിശിഷ്ട പുരുഷന്മാരെ.

21. അമാത്യർ നാൽവരേയും = ജനപാലൻ, അശോകസേനൻ, ശാന്തൻ, ഗുണമിത്രൻ ഇവരേയും. വേതസേശൻ = ജയകേതുരാജാവ്.

22. സോദരന്മാർ = സഹോദരന്മാർ. അഭംഗം = ഹാനികൂടാതെ.

23. ഉദധിയിൽ=സമുദ്രത്തിൽ അഹികൾക്ക്=പാമ്പുകൾക്ക്. ഭോജ്യം= ഇര. മദസുമരുത്തുകൾ=എന്റെ പ്രാണവായുക്കളെ. വദ = പറയുക. ജീവനോദ്യ

Digitized By Kerala Sahitya Akademi

സുമഹിതസഖർ നാലുപേരെയല്ലാ,
മമ പുരുഷാർത്ഥചതുഷ്ടയത്തെയല്ലോ
സമമലകടലിൽക്കളഞ്ഞു പോന്നു,
ക്ഷമയിൽ മികച്ചൊരു മന്ദഭാഗ്യനീ ഞാൻ! 24

നരവൃഷഭരവർ നാലുപേർക്കും
മരണമിണക്കിയ മച്ചേഷ്ടിതത്താൽ
ധര, വൃഷചരണങ്ങൾ നാലിനോടും
വിരഹമണഞ്ഞവിധത്തിലായിതയ്യോ! 25

ഇവനെയനുസരിച്ച കാരണത്താൽ
വിവശിതരെത്ര ജനങ്ങൾ ചത്തൊടുങ്ങീ!
അവനിയിലിവനിപ്പൊഴെത്രപേരെ-
ശ്ശിവ, ശിവ, ബന്ധുവിനാശദൂനരാക്കീ! 26

തുലിതസുരവധൂടിയായ താരാ-
വലിയെ വരിക്കുവതിൽദ്ദുരാഗ്രഹത്താൽ
കലിതദുരിതനായ്ച്ചമഞ്ഞു ഹാ, ഞാൻ;
വലിയതിലാശ നികൃഷ്ടനിങ്ങനർത്ഥം. 27

രമയുടെ നില മോശമാക്കിടുന്നാ
രമണിയിലുറ്റപ്രിയമേറുമെങ്കലേവം
രമയുടെ ജനകൻ ജലേശനേറ്റം
വിമതതപൂണ്ടു വിപത്തണച്ചതാവാം! 28

ജലനിപതിതരാക്കി നാട്ടുകാരെ-
പ്പലരെയുമിപ്പടി കൊന്നൊടുക്കയാലേ

ല്ലദനം = ജീവിച്ചിരിക്കുകനിമിത്തം ഉണ്ടാകുന്ന സങ്കടത്തോടുകൂടംവണ്ണം. നിങ്ങൾ അഞ്ചു മന്ത്രിമാരാണ് വാസ്തവത്തിൽ എന്റെ പഞ്ചപ്രാണങ്ങൾ. അതിൽ നാലും നഷ്ടമായിക്കഴിഞ്ഞു. ഭവാനാകുന്ന ഒരു പ്രാണവായു മാത്രമേ ഇനി ബാക്കിയുള്ളുവല്ലോ. ഈ നിലയിൽ ഞാൻ ജീവിച്ചിരുന്നാൽത്തന്നെയും, അതു് എത്രയും മിതമായ ഒരു സമയത്തേക്കു മാത്രമായിരിക്കും.

24. സുമഹിതസഖർ=മാന്യസ്നേഹിതന്മാർ. പുരുഷാർത്ഥചതുഷ്ടയം=ധർമ്മാർത്ഥകാമമോക്ഷങ്ങൾ. ആ നാലു സ്നേഹിതന്മാരുടെ വിയോഗംനിമിത്തം ഞാൻ നാലു പുരുഷാർത്ഥങ്ങളും നശിച്ചാലത്തെ സ്ഥിതിയിലായിരിക്കുന്നു.

25. നരവൃഷഭർ = പുരുഷശ്രേഷ്ഠന്മാർ. മച്ചേഷ്ടിതം=എന്റെ പ്രവൃത്തി. ധര = ഭൂമി. വൃഷചരണങ്ങൾ = വൃഷരൂപിയായ ധർമ്മത്തിന്റെ കാലുകൾ.

26. അനുസരിച്ച = പിന്തുടർന്ന. ബന്ധു...ദൂനർ=ബന്ധുക്കളുടെ നാശംനിമിത്തം ദുഃഖിക്കുന്നവർ

27. തുലി...ധൂടി = ദേവസ്ത്രീതുല്യ. കലിതദുരിതൻ = പാപം നേടിയവൻ. നികൃഷ്ടൻ = താണതരത്തിലുള്ളവൻ.

28. രമ = ലക്ഷ്മി. രമണി = സുന്ദരി. ജലേശൻ = സമുദ്രം. വിമതത = ശത്രുത.

Digitized By Kerala Sahitya Akademi

ഖലനിവന,സമഞ്ജനെന്നപോലേ
കലപതിയാം ജനകന്നു ഹേയനായീ! 29

പരിജനനികരത്തിനൊക്കെയും ഹാ,
പെരിയൊരകാലവിപത്തണച്ചൊരീ ഞാൻ
ദുരിതകരദുരാപയാം പിതാവിൻ—
പുരിയതിലെങ്ങനെ ചെന്നു കേറിടുന്നു? 30

നിജജനകന തൻ പിറപ്പിനാൽസു—
പ്രജത വരുത്തിയ മൽപിതാക്കളയ്യോ,
സുജനവര, ദുരാത്മജോദയോദ്യ—
ദ്രുജയറിയേണ്ടവരായി ഞാൻനിമിത്തം! 31

പരിചഖിലജനാവനത്തിൽ, വിശേഷാ—
പരി തടവും നിഷധേശരാനയത്തെ
പരിമിളിതകളങ്കമാക്കിയല്ലോ,
പരിജനഘാതുകനായ ചന്ദ്രസേനൻ! 32

നിരുപമശുഭമെന്നു മാശ്രിതന്മാ—
ക്കരുളിയിരുന്നവരെ,ന്റെ പൂർവ്വികന്മാർ;
പുരുഷഹതകനെന്നെ നാഥനായി—
ക്കരുതിയവർക്ക ഫലം കഠോരനാശം. 33

തവ ജനകനൊരാളൊഴിഞ്ഞു, മററു—
ള്ളവനിപമന്ത്രിവരിഷ്ഠരെന്നെ നോക്കി,
അവരുടെ സുതരെക്കുറിച്ചു ചോദ്യം
ജവമൊടു ചെയ്യുകിലെന്തൊരുത്തരം മേ? 34

സുരസുതസദൃശാനുഭാവര,സ്സ—
ദരസഖരാ,യവർ നാൽവർതൻ വിയോഗം

---

29. ജലനിപതിതർ = വെള്ളത്തിൽ വീണവർ. ഖലൻ = ദുഷ്ടൻ. അസമഞ്ജൻ = അയോദ്ധ്യയിലെ ഒരു രാജകുമാരൻ. ഇയ്യാളുടെ നിത്യവിനോദം, പൗരന്മാരെ സരയൂജലത്തിൽ മുക്കി കൊല്ലുകയായിരുന്നു; അതിനാൽ അച്ഛൻ ഇയ്യാളെ ഉപേക്ഷിച്ചുപോൽ. ജനകന്നു് = അച്ഛന്നു്. ഹേയൻ = ത്യാജ്യൻ.

30. ദുരി...രാപ = ദുരിതം ചെയ്യുവക്ക കടപ്പാൻ പാടില്ലാത്തതു്.

31. സുപ്രജത = നല്ല സന്താനമുള്ളവനെന്ന അവസ്ഥ. മൽപിതാക്കൾ = എന്റെ അച്ഛനമ്മമാർ. ദുര...ദ്രുജ = ദുഷ്പുത്രോൽപത്തിമൂലമുണ്ടാകുന്ന വേദന (ദുഃഖം). എന്റെ അച്ഛനമ്മമാർ, അവരുടെ പിതാക്കൾക്ക് ഉത്തമസന്താനമാണു്; ഇവക്കുണ്ടായ സന്താനമോ (ഞാൻ) നേരെ മറിച്ചായി; കഷ്ടം! എന്നു ഭാവം.

32. പരിച്ച് = പാടവം. അഖി...വനം = എല്ലാ ജനങ്ങളെയും സംരക്ഷിക്കൽ. വിശേഷാപരി = എല്ലാററിനും മീതെ. പരിമിളിതകളങ്കം = കളങ്കത്തോടു ചേന്നതു്. പരിജനഘാതുകൻ = പരിജനങ്ങളെ കൊന്നവൻ.

33. പുരുഷഹതകൻ = ദുഷ്ടപുരുഷൻ. പൂർവ്വികന്മാരുടെ സ്ഥിതിക്കുനേരെ വിപരീതമാണു് എന്റെ സ്ഥിതി എന്നു സാരം.

Digitized By Kerala Sahitya Akademi

ചിരമഹഹ, സഹിച്ചിരിക്കുമോ, നി—
ർഭരസുതവത്സലരായ തൽപിതാക്കൾ? 35

ധ്രുവമുലകിതുടൻ വിടുന്ന മന്ത്രി—
പ്രവരരെയല്ലൽ പൊറാഞ്ഞു മൽപിതാവും;
ശിവ,ശിവ നിരുപിക്കിലൊട്ടി വയ്യി—
ങ്ങ;—വരവിടേക്കസുനിർവ്വിശേഷരല്ലോ. 36

ഒരു ഞൊടിയിടകൊണ്ടു രാജ്യമൊട്ട—
ക്കിരുളിലുമാക,മരാജകത്വയോഗാൽ;
കരുമനകളിതൊക്കെ വന്നുകൂടാൻ
പെരുവഴിവെച്ചതു ഞാനൊരുത്തനല്ലേ? 37

ചരമഗതിയടഞ്ഞു താതനീയെൻ—
കരജലമെങ്ങനെ പാനയോഗ്യമാകും?
നരഹതിദുരിതാഭിദൂഷിതൻ ഞാൻ;
പരമവിടുന്നു നിസർഗ്ഗസത്വശുദ്ധൻ. 38

നിയതമഹഹ, സർവ്വഥാ നിരർത്ഥം,
പ്രിയജനശോച്യമനാര്യജീവിതം മേ;
ലയമിതിനു വരുത്തുകെന്ന പുണ്യ—
ക്രിയയെ മുടക്കുവതെന്തിനാണു തോഴൻ? 39

ചിരമുഴറിയ മൃത്യുജിഹ്വ പോരാ—
ത്തരമൊടൊഴിച്ച മദഗ്രജീവിതത്തെ
അരഞൊടിയിടയാൽസമാസ്വദിച്ചെ,—
ന്നരയിലെ വാളിതു കേളിപൂണ്ടിടട്ടേ!'' 40

---

35. സുര...മാവർ = ദേവപുത്രന്മാർക്കു തുല്യമായ മഹിമാവുള്ളവർ. അസ്മദരസഖർ = നമ്മുടെ ശ്രേഷ്ഠസുഹൃത്തുക്കൾ. ചിരം = ഏറെ ദിവസം. നിർഭ...ത്സലർ = അധികമായ പുത്രവാത്സല്യമുള്ളവർ.

36. മൽപിതാവും എന്നു നിർത്തിയതു്, പിന്നത്തെതു് അമംഗളമാകയാലാണു്. അസുനിർവ്വിശേഷർ = പ്രാണതുല്യന്മാർ. മന്ത്രിശ്രേഷ്ഠന്മാർ പുത്രദുഃഖം സഹിയാതെ പ്രാണത്യാഗംചെയ്താൽ, പിന്നെ ക്ഷണനേരംപോലും അച്ഛൻ ജീവിച്ചിരിക്കുന്നതല്ല, നിശ്ചയം.

37. അരാജകത്വയോഗാൽ = രാജാവില്ലെന്നുള്ള നില വരികയാൽ.

38. ഈ വിധം ഇഹലോകത്തെ വെടിയുന്ന അച്ഛനു ശേഷക്രിയ ചെയ്‌വാൻകൂടി താൻ അർഹനല്ലെന്നു പറയുന്നു. എൻകരജലം = എന്റെ കൈകൊണ്ടു കൊടുക്കുന്ന ഉദകം. നര...ഷിതൻ = നരഹത്യാപാപംനിമിത്തം കെട്ടവൻ.

39. തീരെ നിഷ്പ്രയോജനവും, നികൃഷ്ടവുമായ എന്റെ ജീവിതത്തെ നശിപ്പിക്കുക എന്ന പുണ്യകർമ്മത്തെ മുടക്കുകയല്ല, അതിന്നു് ഒത്താശചെയ്കയാണു് സ്നേഹമുള്ളവർ ചെയ്യേണ്ടതു്. അതിനാൽ സ്നേഹിതനായ ഭവാൻ എന്നെ പ്രാണത്യാഗംചെയ്‌വാൻ അനുവദിക്കണം.

40. മദഗ്രജീവിതത്തെ (എന്റെ കടുത്ത പ്രാണനെ) ആസ്വദിപ്പാൻ ഏറെനേരം ശ്രമിച്ചിട്ടു സാധിക്കായ്കയാൽ ഒഴിഞ്ഞുകളകയാണല്ലോ, മൃത്യുജിഹ്വ (അന്തകന്റെ നാവു) ചെയ്തതു്; എന്നാൽ ആ കൃത്യം അരനിമിഷംകൊണ്ടു് അനായാ-

Digitized By Kerala Sahitya Akademi

പുനരപി, പരിവാരശോകഭാരാ—
ലനഘനവന്നസുധാരണം വെറുത്തു;
മനമലിവെഴുമുത്തമക്ക മന്നിൽ—
ത്തനതുപജീവികൾ ജീവിതാധികന്മാർ. 41

യുവനൃപപരിദേവനാന്ത്യഭാഗം
ശ്രവണങ്ങരമ്പിനു കത്തി വെച്ചിടുമ്പോൾ
വിവശത സഹിയാതെയായ മന്ത്രി—
പ്രവരനതിതരമിത്തരം പറഞ്ഞാൻ: 42

''അരുത, രുത. ശുഭേതരോക്തിയെന്തിതിമ്മ—
ട്ടരുളുവതെന്നുടെ പൊന്നുതമ്പുരാനേ!
ഒരുപൊഴുതുമുരത്ത സാഹസത്തിൻ—
വരുതിയിലായ്‌വരുമോ ഭവാദൃശന്മാർ? 43

മതിയുടയ ഭവാൻ കനിഞ്ഞു കാര്യ—
സ്ഥിതി നിരുപിച്ചരുളാത്തതെന്തിദാനീം?
അതിരറുമനുകമ്പ നിൻവിവേക—
പ്രതിഭകളാസകലം വിഴുങ്ങിയെന്നോ! 44

വിപദുദയമിതിന്നു ഹേതു, പെട്ടെ—
ന്നുപനതമാം പ്രകൃതിപ്രകോപമല്ലേ?
നൃപസുത, മതിവിഭ്രമം ഭവിച്ചോ
സ്വപരിജനപ്രണയം മുഴുക്കയാൽ തേ? 45

ഭസന സാധിച്ചിട്ട്, എന്റെ ഈ അരവാൾ, വമ്പിച്ച പടയാളികളുടെ ഖഡ്ഗത്തിനു ഉപമാനഭൂതമായ മൃത്യുജിഹ്വയെ ജയിച്ചു എന്ന കീർത്തി നേടട്ടേ. അരവാൾകൊണ്ടു കണ്ഠച്ഛേദം ചെയ്‌വാൻ ഞാൻ ഉറച്ചുകഴിഞ്ഞു എന്നു ഭാവം.

41. ആപത്തിൽനിന്നു് ഒരുവിധം രക്ഷപ്പെട്ടിട്ട് ഏറെനേരം കഴിയുന്നതിനു മുമ്പുതന്നെ, രാജകുമാരനു്, വീണ്ടും പ്രാണത്യാഗം ചെയ്‌വാൻ മനസ്സു വന്നതു് എന്തുകൊണ്ടാണെന്നു പറയുന്നു. പുനരപി = വീണ്ടും. പരിവാരശോകഭാരാൽ = പരിവാരനാശംമൂലമുള്ള ദുഃഖാതിശയത്താൽ. അസുധാരണം = ജീവിച്ചിരിക്കൽ. തനതുപജീവികൾ = തങ്ങളെ ആശ്രയിച്ചു കഴിയുന്നവർ. ജീവിതാധികന്മാർ = പ്രാണനേക്കാളും മീതെയായിട്ടുള്ളവർ.

42. യുവ...ഭാഗം = യുവരാജാവിന്റെ വിലാപത്തിന്റെ അവസാനഭാഗം (''നിയതമഹഹ സർവ്വഥാ നിരർത്ഥം'' എന്നു തുടങ്ങിയതു്). ശ്രവണങ്ങരമ്പിനു കത്തിവെച്ചിടുമ്പോൾ = കർണ്ണസിരകൾക്കു്, ആയുധംകൊണ്ടു ഛേദിക്കുമ്പോളുണ്ടാകുന്നവിധത്തിലുള്ള കഠിനവേദനയെ ഉണ്ടാക്കുന്ന സമയത്തു്. അതിതരം = ഏററവും വെമ്പലോടുകൂടി.

43. വരുതിയിൽ = കീഴിൽ. ഭവാദൃശന്മാർ (അങ്ങയെപ്പോലെയുള്ള വിവേകശീലന്മാർ) ഒരിക്കലും ആത്മഹത്യാരൂപമായ കഠിനസാഹസത്തെ പ്രവർത്തിക്കുന്നതല്ല.

44. അതിരില്ലാത്ത അനുകമ്പനിമിത്തം അങ്ങയുടെ വിവേകവും പ്രതിഭയുമെല്ലാം അസ്തമിച്ചുപോയി എന്നോ!

45 വിപദുദയമിതിന്നു് = ഈ ആപൽസംഭവത്തിന്നു്. ഉപനതം = വന്നുചേർന്നതു്. മതിവിഭ്രമം = ഉന്മാദം. തേ = അങ്ങേയ്ക്കു്.

Digitized By Kerala Sahitya Akademi

ഗുണനിലയ, തുലോം കവിഞ്ഞുപോകിൽ
ഗുണവുമൊരുത്തനു ദോഷമായ്ബ്ഭവിക്കാം,
ക്ഷണമനു വളരും വദാന്യഭാവാ—
ലൃണധരനായ് ബലി കീഴ്പതിച്ചതില്ലേ? 46

കതിപയപരിവാരനാശഖേദാൽ,
ക്ഷിതിതലവാസിജനത്തിനാകമാനം
അതിവിപുലവിപന്നിദാനമാമീ
പ്രതിഭയസാഹസമോർപ്പതെന്തഹോ, നീ? 47

സുലളിതസുഗുണൈകപുത്രശോകാ—
കുലത പിതാവിനു;—തോന്നിടേണ്ട, പോട്ടേ!
അലഘുമഹിമ നൈഷധാവനീട്ടൽ—
കുലനിലനില്പിനു മററു താങ്ങലുണ്ടോ? 48

അനഘരിലിവിടുന്നമൂല്യമാണീ—
യനുചിതസംഭവ;—മെന്നുതാൻ വരട്ടേ;
നനു നിജപതിയാം ഭവാനുവേണ്ടി—
ത്തനു വെടിയേണ്ടവരല്ലീ, ഞങ്ങളെല്ലാം? 49

ഭവദനുചരർ, ഞങ്ങളൊട്ടുപേരീ—
യവനിയിൽ മേവുകിലെന്തു, ചാകിലെന്തോ?
അവനവിധിവിദഗ്ധനാം ഭവാനോ,
ഭുവനതലത്തിനൊരദ്വിതീയനാഥൻ. 50

വിലയമനുചരർക്കണയ്ക്കിലും, ഹാ,
വിലപെരുകും ഭവദീയജീവിതത്തെ
കുലതിലക, തിരിച്ചു തന്നതിന്നീ—
ജ്ജലധിയൊടേവരുമെത്ര നന്ദി ചൊല്ലും! 51

---

46. ക്ഷണമനു = നിമിഷംതോറും. വദാന്യഭാവാൽ = ഔദാര്യം (ദാനശീലത്വം) നിമിത്തം. ഋണധരനായ് = (വാമനമൂർത്തിയായ വിഷ്ണുവിന്നു വാഗ്ദാനംചെയ്യപ്പെട്ട മൂന്നടിനിലം കൊടുക്കാൻ കഴിയായ്കയാൽ) കടക്കാരനായിട്ട്. **ബലി** = മാബലി. കീഴ്പതിച്ചതില്ലേ = അധോഗതിയെ പ്രാപിച്ചില്ലേ; പാതാളത്തിൽ പോയി പാർക്കേണ്ടിവന്നില്ലേ? എന്നു താൽപര്യം. ദാനശീലത്വം എന്ന ഗുണം തുലോം കവിഞ്ഞുപോയതു മഹാബലിക്കു ദോഷമായിത്തീർന്നു.

47. കതി...ഖേദാൽ = ഏതാനും പരിജനങ്ങൾ നശിച്ചുപോയതുകൊണ്ടുള്ള ദുഃഖംനിമിത്തം. അതി...ദാനം = ഏററവും വലിയ ആപത്തിന്നു കാരണം. **പ്രതിഭയം** = ഭയങ്കരം.

48. സുല...കുലത = സുഭഗനും, സൽഗുണവാനുമായ ഏകപുത്രന്റെ മരണംനിമിത്തമുള്ള ദുഃഖപാരവശ്യം.

49. നിജപതി = തങ്ങളുടെ സ്വാമി. തനു = ദേഹം.

50. അവ...ദഗ്ധൻ = രക്ഷാകർമ്മത്തിൽ സമർത്ഥൻ. **അദ്വിതീയനാഥൻ** = ഏകനാഥൻ.

51. വിലയം = നാശം. ഭവദീയജീവിതം = അങ്ങയുടെ പ്രാണൻ.

Digitized By Kerala Sahitya Akademi

സലിലനിധിവിസൃഷ്ടനാം ഭവാനെ,
ജ്വലിതമഹാമണിയെക്കണക്കു ഭാഗ്യാൽ
അലിവൊടു ഹൃദി ചാർത്തിടട്ടെ, താരാ—
വലിയുടെയിഷ്ടസപത്നിയാം ധരിത്രി. 52

ലവവുമൊരഴൽ വേണ്ട ധീരരാമാ
പ്രവരവയസ്യരെയോർത്തു ചിത്തതാരിൽ;
അവരുമൊരുവിധത്തിൽ നമ്മളെപ്പോ—
ലവശത വിട്ടു കരയ്ക്കണഞ്ഞിരിക്കും! 53

ഒരുവനുമറിയാവതല്ല, ദൈവം
കരുതുവതിന്നവിധത്തിലെന്നതൊന്നും:
വരുണനു വശരാക്കി നമ്മെയാദ്യം,
കരുണകലർന്നഥ വീണ്ടെടുത്തുതാനും! 54

ഒരിടമിഹ ചുവട്ടിലേക്കു തള്ളും,
തിരികെയെടുത്തപരത്ര പൊക്കിവെയ്ക്കും—
പെരിയ വിധി മുറയ്ക്കു നമ്മളെക്കൊ—
ണ്ടരിമയൊടും പല കേളിയാടിടുന്നു! 55

ഭവദസുവിനെ വീണ്ടുതന്ന ദൈവം
തവ ബഹുജീവിതരാം സഖാക്കളേയും
നവകൃപയൊടു കാത്തിടാതിരിക്കി—
ല്ല;—വശത കൈവിടുകത്യുദാരബുദ്ധേ! 56

പടുതരനിജധീരതയ്ക്കിടം ന—
ല്കിടുക മനസ്സിൽ! നമുക്കു നന്മയുണ്ടാം:
കടുവിപുലവിപത്തിൽനിന്നുതാനേ
വിടുതി ലഭിച്ചതു ഭാഗ്യശംസിയത്രേ.'' 57

പലതിതുവിധമസ്സുബാഹു ഖേദം
കലരുമിളേന്ദ്രകുമാരനോടുരച്ചു,

---

52. സലി...സൃഷ്ടൻ = സമുദ്രത്താൽ വിടപ്പെട്ടവൻ. ജ്വലി...മണി = മിന്നിത്തിളങ്ങുന്ന ശ്രേഷ്ഠരത്നം. താരാവലിയും ഭൂമിയും അങ്ങയെ, സമുദ്രത്തിൽനിന്നു കിട്ടിയ ഒരു ശ്രേഷ്ഠരത്നത്തെപ്പോലെ, ദ്വിഗുണീഭൂതമായ സന്തോഷത്തോടുകൂടി ഹൃദയത്തിൽ അലങ്കരിച്ച് (ഭർത്താവാക്കി വരിച്ച്) ശോഭിക്കുമാറാകട്ടെ എന്നു ഭാവം.

53. ലവവും = ലേശവും. പ്രവരവയസ്യരെ = ഉത്തമസ്നേഹിതന്മാരെ.

54. വരുണനു വശരാക്കി = കടലിൽ ചാടിച്ചു.

55. അപരത്ര = മറ്റൊരേടത്ത്. വിധി = ദൈവം. കേളി = കളി.

56. ഭവദസുവിനെ = അങ്ങയുടെ പ്രാണനെ. ബഹുജീവിതർ = പ്രാണതുല്യന്മാർ; വളരെ ആയുസ്സുള്ളവരെന്നും വ്യഞ്ജിക്കുന്നു.

57. ഭാഗ്യശംസി = ഭാഗ്യസൂചകം.

Digitized By Kerala Sahitya Akademi

ജലധിയിലവഗാഹനത്തിനത്യു—
ജ്ജ്വലരിരുതാപസരാ സ്ഥലത്തിലെത്തി. 58

'ഇവനതുലകുലീന'നെന്നു കാണു—
ന്നവർ കരുതുംപടിവാർന്ന ചന്ദ്രസേനൻ,
വിവശത വെളിവാക്കമാനനത്താ—
ലവരിലണച്ചിതു സാദരാർദ്രഭാവം. 59

സമമവരിരുപേരുമംഗമേറ്റും
യമനിയമങ്ങൾകണക്കെയുള്ളു ചെല്ലേ,
സുമതി നൃപസുതൻ സഹാത്തൊടൊപ്പം
കിമപി ശിരസ്സു കനിച്ചു കൈവണങ്ങി. 60

നരപതിതനയന്നു, സൗമ്യരാമീ
നിരഘതപസ്വികൾതൻ സമാഗമത്തിൽ
കരൾ കിമപി കുളിർത്തപോലെ തോന്നി:
പരസുഖസാധനമല്ലി സാധുസംഗം? 61

'ചിരകുശലികളാക നിങ്ങളെ'ന്നായ്—
ക്കരതളിർ പൊക്കിയനുഗ്രഹിച്ചശേഷം,
വരമുനികളിലേകനങ്ങു ശാന്ത—
സ്വരമുരചെയ്തു കുമാരനോടിവണ്ണം: 62

''അവനിയിലുരപേറുമേതുവംശം
ഭവദവതാരമഹോത്സവത്തിനാലേ,
ദിവസപതിയുദിച്ചുയർന്ന വാനിൻ
നവസുഷമാതിശയത്തെ നേടിടുന്നു? 63

കൃതികളിഹ ജപിപ്പതായിരിക്കും
പതിവിനു താവകനാമപുണ്യമന്ത്രം!
അതിശുചിതയൊടക്ഷരങ്ങളേതേ—
തതിൽ വിലസുന്നു? സുഭവ്യദിവ്യമൂർത്തേ! 64

---

58. അവഗാഹനം = സ്നാനം. അത്യുജ്ജ്വലർ = അതിതേജസ്വികൾ. ഇരു താപസർ = രണ്ടു മുനിമാർ.

59. അതുലകുലീനൻ = നിസ്തുലനായ കുലീനൻ (ഉത്തമവംശജാതൻ). അവരിലണച്ചിതു സാദരാർദ്രഭാവം = അവർക്ക് ആദരവും, അലിവും ഉണ്ടാക്കി.

60. സമം = ഒപ്പം. യമനിയമങ്ങൾ = യോഗത്തിന്റെ എട്ടംഗങ്ങളിൽ ആദ്യത്തെ രണ്ടു കൂട്ടം. കിമപി = കുറഞ്ഞൊന്നു്.

61. നിരഘതപസ്വികൾ = നിഷ്പാപന്മാരായ താപസർ. പരസുഖസാധനം = ഉൽകൃഷ്ടമായ സുഖത്തെ ഉണ്ടാക്കുന്നതു്. സാധുസംഗം = സജ്ജനസംസർഗ്ഗം.

62. ഏകൻ = ഒരാൾ. ശാന്തസ്വരം = ശാന്തമായ ഒച്ചയോടുകൂടും വണ്ണം.

63. ദിവസപതി = സൂര്യൻ. നവസുഷമാതിശയം = പുതിയ ശോഭയുടെ ആധിക്യം. ഏതു പ്രസിദ്ധവംശത്തിലാണു്, അങ്ങയുടെ ജനനം?

64. കൃതികൾ = സുകൃതികൾ. താവ...മന്ത്രം = അങ്ങയുടെ പേരാകുന്ന പുണ്യമന്ത്രം. അങ്ങയുടെ പരിശുദ്ധമായ നാമധേയമെന്താണു്?

Digitized By Kerala Sahitya Akademi

സതതമപി ഭവദ്വിയോഗമുൽക്ക—
ണ്ഠിതജനമാക്കിയ രാജ്യമേതിദാനീം?
ബത, ബഹുവഴിയാത്രകൊണ്ടു സൗഖ്യോ—
ചിതതനുവെന്തിനുവേണ്ടി വാട്ടിടുന്നു? 65

പുരുഷമണി ഭവാൻ നിജാംഗലക്ഷ്മീ—
വിരുതിനു ചേർച്ചപെടാത്ത വേഷമാന്നും,
ഒരു സഹചരനോടുമാത്രമൊത്തും
മരുവിതിലിന്നണയാനുമെന്തു ബന്ധം? 66

തവ മുഖനളിനത്തിലെന്തുകൊണ്ടാ—
ണ,വനിനിഴൽച്ചളി ചന്ദ്രനിൽക്കണക്കേ,
നവമൊരഴൽ പതിഞ്ഞു കാണ്മത?—യ്യോ,
വിവരമിതൊക്കെയു,മിച്ഛയുണ്ടു കേൾപ്പാൻ.'' 67

സപദി സകലവാർത്തയും ക്രമത്താൽ
നൃപതനയേംഗിതവേദി മന്ത്രി ചൊന്നാൻ;
കൃപയൊടുമതു കേട്ടു, സാന്ത്വവാക്ക—
ങ്ങപരതപോധനനോതിനാനിവണ്ണം: 68

''അരുതഴലെ;—വനം സുഖാസുഖത്തെ—
ത്തരുവതു, തന്നുടെ പൂർവ്വകർമ്മമത്രേ;
ഒരുവിധവുമിതിന്നു നീക്കപോക്കൊ—
ന്നരുളുവതിന്നെളുതല്ല ദേവകൾക്കും. 69

ദിനരജനികൾപോലെ മുമ്പുപിമ്പാ—
യനഘ! ശരീരികളിൽ സുഖാസുഖങ്ങൾ
അനവരതമണഞ്ഞുകൊണ്ടിരിക്കും!
പുനരിതിലെന്തിനു മോദഖേദബന്ധം? 70

---

65. സതതമപി = എല്ലായ്പോഴും. ഭവദ്വിയോഗം = അങ്ങയുടെ വേർപാട്. ഉൽക്കണ്ഠിതജനം = ഉൽസുകരായ ജനങ്ങളോടുകൂടിയതു്. ഏതാണു് അങ്ങയുടെ രാജ്യം? സൗഖ്യോചിതതനു = സുഖത്തെ അർഹിക്കുന്ന ദേഹം. എന്തിനാണു് ഇങ്ങനെ സഞ്ചരിക്കുന്നതു്?

66. ആകൃതിവിശേഷത്താൽ ഒരു മഹാനുഭാവനാണെന്നു തോന്നിക്കുന്ന ഭവാൻ മോടിയിലും ധാടിയിലും താണനിലയിൽ ഈ മരുസ്ഥലത്തു വന്നിരിക്കുന്നതെന്തിനാണ്?

67. ചന്ദ്രനിൽ കാണുന്ന കറുപ്പു്, ഭൂമിയുടെ നിഴലാണല്ലോ.

68. സപദി = ഉടനെ. നൃപ...വേദി = രാജകുമാരന്റെ അന്തർഗ്ഗതത്തെ അറിയുന്നവൻ. അപരതപോധനൻ = മററ താപസൻ.

69. സുഖാസുഖത്തെ = സുഖദുഃഖങ്ങളെ.

70. ദിനരജനികൾ = പകലും രാത്രിയും. അനവരതം = ഇടവിടാതെ. പുനഃ = പിന്നെ. ഇതിൽ (സുഖദുഃഖാഗമനത്തിൽ) മോദഖേദബന്ധം (സന്തോഷസന്താപസംബന്ധം) എന്തിനു്? വെറുതെയാണു്.

Digitized By Kerala Sahitya Akademi

അതികഠിനവിപത്തിലും, പുമാന്മാർ
മതിചലിയാതെ ശുഭങ്ങൾ ചെയ്തിടേണം!
ഇതിനൊരു മറുകയ്യതാണു; ദേഹ—
ക്ഷതിയുളവാക്കിടുമല്ലലല്പ നൂനം. 71

ഒരുവിധ,മതിനാൽ സധൈര്യനായ് നീ
സുരുചിരമെയ്യിതു കാത്തുകൊണ്ടിടേണം
പുരുഷവര, ശരീരമുള്ളനാളേ—
തൊരു പുരുഷാർത്ഥമസാദ്ധ്യമായ്വരുന്നു? 72

പരമൊരു തരുണൻ ഭവാൻ, വിശേഷാൽ
പരമസുലക്ഷണയുക്തനാണുതാനും;
നരവര, തവ ഭാവി തീർച്ചയായും
നിരവധിമംഗളശോഭിയായിരിക്കും!'' 73

സ്വവചനമിതിലല്പമാശ്വസിക്കും
യുവനൃപനോടു മുനീന്ദ്രർ ചൊല്ലി വീണ്ടും:
''ജവമൊടുമിനിയസ്മദാശ്രമത്തിൽ,
സുവദന, പോവുകയല്ലി വിശ്രമിപ്പാൻ? 74

പ്രതിനവസുകൃതൈകലഭ്യരാം ര—
ണ്ടതിഥികളിൽപ്പരിചര്യ ചെയ്തിദാനീം
മതിയിലിതുവരെക്കിടച്ചിടാത്തു—
ള്ളതിതരനിർവൃതി നേടിടട്ടെ ഞങ്ങൾ.'' 75

അതിഥികളൊടു വേണ്ടമട്ടിതോതി
ക്ഷിതിപതിപുത്രനെ മന്ത്രിയോടുകൂടേ
യതിവരരവർ കൊണ്ടുപോയിതാ, വെ—
ണ്മതിനിറമാണ്ട മണൽപ്പുറത്തിലൂടേ. 76

പരിണതരവിതൻെറ തങ്കവർണ്ണ—
പ്പരിചിയലും കതിരേല്ക്കുയാൽത്തദാനീം,

---

71. ഇതിന്ന് = വിപത്തിന്ന്. അതു് = ശുഭാചരണം. ദേഹക്ഷതി = ശരീരനാശം.

72. ശരീരമുണ്ടെങ്കിൽ, സകല പുരുഷാർത്ഥങ്ങളും സാദ്ധ്യങ്ങളാണു്; അതിനാൽ ശരീരരക്ഷണം അവശ്യകർത്തവ്യമാകുന്നു എന്നു സാരം.

73. തരുണൻ = യുവാവു്. പര...യുക്തൻ = മേത്തരം നല്ല ലക്ഷണങ്ങളുള്ളവൻ. ഭാവി = വരാൻപോകുന്ന കാലം. നിര...ശോഭി = അനേകം മംഗളങ്ങൾ കൊണ്ടു ശോഭിക്കുന്നതു്.

74. അസ്മദാശ്രമം = ഞങ്ങളുടെ ആശ്രമം. സുവദനൻ = സുമുഖൻ.

75. പ്രതി...ലഭ്യർ = അസാധാരണമായ സുകൃതംകൊണ്ടു മാത്രം കിട്ടാവുന്നവർ. പരിചര്യ=സൽക്കാരം. അതിതരനിർവൃതി = ഏററവും വലിയ സുഖം.

Digitized By Kerala Sahitya Akademi

തരിമണൽമയമാത്തടപ്രദേശം
പെരികെ മനോഹരമായ് ലസിച്ചിരുന്നു. 77

യുവനൃപജനനാൽപ്പവിത്രമായോ—
രവനിയിൽനിന്നതിദൂരമീ പ്രദേശം,
ഇവനതിഥിനിലയ്ക്കണഞ്ഞതോർത്തോ,
നവരുചിയെസ്സുതരാം വെളിപ്പെടുത്തി. 78

ക്ഷമയെയൊരു കിടങ്ങുപോലെ രക്ഷി—
ച്ചമരുമപാംനിധിതന്റെ കീർത്തിപുഞ്ജം
സമഹിതമൊരു മെയ്യെടുത്തതാണീ,
വിമലമണൽപ്പുറമെന്നവന്നു തോന്നി. 79

സ്വരുചി മറയുമെന്ന പേടിയാൽപ്പോ—
ലൊ,രു ചെറുപുല്ലൊടിയേയുമേന്തിടാതേ
സുരുചിരശരദംബരംകണക്കാ—
പ്പെരുതിടമാർന്ന മണൽപ്പുറം വിളങ്ങി. 80

അകൃതകധവളാംബരാഭകോലും
പ്രകൃതമണൽപ്പുറമപ്രമേയഭംഗ്യാ
പ്രകൃതിരമണിതൻ കിടക്കപോലാ—
സ്സുകൃതികളാം പഥികർക്കു ഹർഷമേകി. 81

ദിനവിരതിയിലർക്കനാപ്പരപ്പേ—
റിന സികതാമയമായ പട്ടുതന്മേൽ
തനതലസകരങ്ങളാൽപ്പലേടം
കനകലസൽക്കസവിട്ടു കാന്തികൂട്ടി. 82

---

77. പരിണതരവി = ദിനാന്തസൂര്യൻ. തദാനീം = അപ്പോൾ. തടപ്രദേശം = കടൽക്കര.

78. യുവനൃപജനനാൽ = ചന്ദ്രസേനന്റെ ജനനംനിമിത്തം. പവിത്രം = ശുദ്ധം. അതിദൂരം = സർവ്വഥാ അകലത്തു കിടക്കുന്നതു്. നവരുചി = പുതുശോഭ. സുതരാം = ഏററവും. സുകൃതികൾക്ക മാത്രം സുലഭമായ ഉത്തമാതിഥിയുടെ ആഗമനത്തിൽ ആരും നവരുചിയെ (സവിശേഷശ്രദ്ധയെ) പ്രത്യക്ഷപ്പെടുത്തുമല്ലോ.

79. ക്ഷമ = ഭൂമി. അപാംനിധി = സമുദ്രം.

80. സ്വരുചി = തന്റെ കാന്തി. സുരുചിരശരദംബരം = പ്രകാശമാനമായ ശരൽക്കാലത്തെ ആകാശം.

81. അകൃ...രാഭ = അകൃത്രിമമായ ധവളാംബരത്തിന്റെ (വെളുത്ത ആകാശത്തിന്റെ, വസ്ത്രത്തിന്റെ) ആഭ, (ശോഭ). പ്രകൃതമണൽപ്പുറം = ഈ മണൽപ്പുറം. പ്രകൃതിരമണി = പ്രകൃതിയാകുന്ന സുന്ദരി. ആ സുകൃതികളാം പഥികർക്കു് = ചന്ദ്രസേനനും സുബാഹുവിന്നും.

82. ദിനവിരതിയിൽ = പകലിന്റെ അവസാനത്തിൽ. അർക്കൻ = സൂര്യൻ. സികതാമയം = മണൽപ്പുറം. അലസകരങ്ങൾ = തീക്ഷ്ണതയില്ലാത്ത രശ്മികൾ. കനകലസൽക്കസവ് = മിന്നുന്ന പൊൻകസവു്.

Digitized By Kerala Sahitya Akademi

ആ മനോഹരമണൽപ്പുറം തദനു പിന്നി—
ലാക്കി മുനിപൂജിതൻ,
ഭൂമഹേന്ദ്രസുതനാത്മമന്ത്രിയൊടുമാശ്രു—
മാഗ്ര്യമതിലെത്തിനാൻ,
വ്യോമമണ്ഡലമതിക്രമിച്ചു,നഘബാല—
ഖില്യസമുപാസിതൻ
ധാമനായകനനൂരുവൊത്തു ചരമാച—
ലേന്ദ്രകടകത്തിലും. 83

രീതിക്കൊത്താ മുനികളുടനേ
വന്യവസ്തുക്കളാൽച്ചെ—
യ്താതിഥ്യത്താൽ പ്രശമിതവപു—
സ്സാദനായ്സ്സാധുശീലൻ,
പ്രീതിപ്രോങ്ഖൽപതഗരവമുരം—
ച്ചേർന്ന തച്ഛിഷ്യവേദോൽ—
ഗീതിദ്ധ്വാനം വിരതിയറിയി—
ച്ചോരു രാവങ്ങു പോക്കി. 84

ഇങ്ങനെ ചന്ദ്രസേനരക്ഷാലബ്ധി പത്താം സർഗ്ഗം

പതിനൊന്നാം സർഗ്ഗം

നേരം പുലർന്നപ്പൊളുണർന്നെണീററു
നൃപാത്മജൻ സാന്ധ്യവിധിക്കശേഷം
അടുക്കലെത്തിത്തല താഴ്ത്തി വന്ദി—
ച്ചത്താപസന്മാരൊടു യാത്രചൊല്ലീ. 1

''മാർഗ്ഗം ശുഭോം മംഗളമാക നിങ്ങരം—
ക്കെ''ന്നേവമാശിസ്സരുചെയ്തുടൻതാൻ,

83. ബാലഖില്യന്മാർ, സൂര്യോപാസകന്മാരായ (സൂര്യനെ കൂടെ നടന്നു ഭജിക്കുന്ന) ഒരുവക മഹർഷിമാരാകുന്നു. ധാമനായകൻ = സൂര്യൻ. അനൂരു = അരുണൻ. ചര...ത്തിലും = അസ്തമയപർവ്വതപ്രദേശത്തും. എത്തിനാൻ എന്നു് അന്വയം. ചന്ദ്രസേനന്റെ ആശ്രമപ്രവേശവും, ചണ്ഡഭാനുവിന്റെ അസ്താദ്രിഗമനവും ഒന്നിച്ചു വർണ്ണിച്ചതുകൊണ്ടു തേജസ്വിയായ ചന്ദ്രസേനന്റെ താൽക്കാലിക വൈവർണ്ണ്യാദികരം ധ്വനിക്കുന്നു.

84. വന്യവസ്തുക്കരം = കായ്കനി മുതലായവ. പ്രശ...സ്സാദൻ = ശരീരത്തിന്റെ തളർച്ച നീങ്ങിയവൻ. പ്രീതി.. രവം = സന്തോഷംകൊണ്ടിളകുന്ന പക്ഷികളുടെ ശബ്ദം. തച്ഛി...ധ്വാനം = ആ മഹർഷിമാരുടെ ശിഷ്യർ വേദം ഉച്ചരിക്കുന്ന ഘോഷം. വിരതി = അവസാനം. അങ്ങു് = ആശ്രമത്തിൽ.

1. സാന്ധ്യവിധി = പ്രഭാതസന്ധ്യാവന്ദനം.

Digitized By Kerala Sahitya Akademi

മഹർഷിമാർ മന്ത്രിസമേതനായ
മഹീശദായാദനെ യാത്രയാക്കി. 2

അസംഖ്യസേനയ്ക്കധിപൻ, നൃപേന്ദ്ര—
കുമാരനനേകസഹായനായി,
ഹാ, ഹാ, വെറും പ്രാകൃതവേഷനായ്ക്കാൽ—
നടയ്ക്കുതാൻ യാത്രതുടർന്നു മെല്ലേ! 3

അവൻെറയീദൃഗ്ദ്ദശ കണ്ടൊരിണ്ട—
ലാപ്പെട്ട പോലാ,ശ്രമപാദപങ്ങൾ
അപ്പോളുഷക്കാററിലുലഞ്ഞ പത്ര—
നേത്രങ്ങളാലേ തുഹിനാശ്രു തൂകി. 4

അങ്ങാശ്രമക്ഷോണിയിൽ, നല്ല പുല്ലു—
ള്ളേടത്തു മേയും ഹരിണപ്രജങ്ങൾ
ശിരസ്സു പൊക്കിച്ചിതമേറിടും ക—
ണ്ണാലാ വിശാലാക്ഷനെ നോക്കിനിന്നു. 5

ക്രമേണ പുണ്യാശ്രമഭൂമി പിന്നി—
ട്ടോ,രോതരം ഘോരപഥത്തിലൂടേ
നടക്കയായീ നൃപസൂനു, നഷ്ട—
സുഹൃജ്ജനാന്വേഷണജാഗരൂകൻ! 6

അവൻ മഹാർഗ്ഘാസ്തരണോപശോഭി—
ശ്രീപാദപീഠോചിതമാം പദത്താൽ
മുഹുശ്ചരിച്ചാൻ, മുനകൂർത്ത കല്ലും
മുള്ളും നിറഞ്ഞീടിന ദുർഗ്ഗമാർഗ്ഗേ. 7

കീഴ്പ്പെന്നവന്മാരുടെ കുപ്രരത്ന—
കിരീടമായ്ച്ചേർന്ന തദീയപാദം

---

3. നൃപചന്ദ്രകുമാരൻ = ചക്രവർത്തിപുത്രൻ. ഏകസഹായൻ = ഒരാൾ മാത്രം തുണയ്ക്കുള്ളവൻ.

4. ആശ്രമപാദപങ്ങൾ = ആശ്രമപ്രദേശത്തുള്ള വൃക്ഷങ്ങൾ. ഉഷക്കാററിൽ = പ്രഭാതവായുവേററ്. പത്രനേത്രങ്ങൾ = ഇലകളാകുന്ന കണ്ണുകൾ. തുഹിനാശ്രു = മഞ്ഞാകുന്ന കണ്ണീർ.

5. ഹരിണപ്രജങ്ങൾ = മാൻകുട്ടങ്ങൾ. ആ വിശാലാക്ഷനെ = നീണ്ടിടംപെട്ട കണ്ണുകളോടുകൂടിയ രാജകുമാരനെ.

6. ഘോരപഥം = ഭയങ്കരമാർഗ്ഗം. നഷ്ട...രൂകൻ = ആപന്നന്മാരായ സ്നേഹിതന്മാരെ അന്വേഷിക്കുന്നതിൽ ശ്രദ്ധിക്കുന്നവൻ. സ്നേഹിതന്മാരെ തിരഞ്ഞുകൊണ്ട്, രാജകുമാരൻ വളരെദിവസം പല കാടുകളിലും മററും സഞ്ചരിച്ചു; ആ സഞ്ചാരത്തെ വർണ്ണിപ്പാനാണ്, ഇവിടെ ആരംഭിക്കുന്നതു്.

7. മഹാ...ചിതം = വിലയേറിയ മേൽവിരിപ്പുകൊണ്ടു ശോഭിക്കുന്ന ശ്രീപാദപീഠത്തിൽവെച്ചു ശീലിച്ചതു്. പദത്താൽ = കാലുകൊണ്ട്. മുഹുഃ = വീണ്ടും വീണ്ടും. ചരിച്ചാൻ = നടന്നു.

Digitized By Kerala Sahitya Akademi

ചരൽപ്രദേശത്തു ചിരം ചരിച്ചു
ചോരച്ചതായ്ക്കണ്ടഴലാണ്ടു മന്ത്രി. 8

അഹോ, കഷ്ടം വഴിയിൽച്ചിലേടം
'തൊട്ടാലുടൻ വാടുവതായ പുല്ലും'
തന്മുള്ളിനാൽ, വീരർ തലയ്ക്കണിഞ്ഞ
തൽപാദയുഗ്മത്തെ മുറിപ്പെടുത്തി! 9

മഹാതപത്രോചിതമൗലിയാമീ
മനുഷ്യലോകേന്ദ്രസുതന്നു മാർഗ്ഗേ
താലദ്രുമംതാൻ തപനാംശുവാളും
മുച്ചയ്ക്കു പച്ചക്കുടയായ് ചിലേടം. 10

അതേവരെച്ചാരുതരാംഗരാഗ-
മണിഞ്ഞിരുന്നോരു തദീയഗാത്രം
പരുത്ത കാററിൽപ്പതറുന്ന മാർഗ്ഗ-
പാംസുക്കളാൽ ധൂസരമായ്ച്ചമഞ്ഞു. 11

മൃഷ്ടാന്നമിഷ്ടപ്പടി വേണ്ടനേരം
ഭുജിച്ചു ശീലിച്ച കുമാരനയ്യോ,
വല്ലപ്പൊഴും കിട്ടിവരുന്ന കാട്ടു-
വസ്തുക്കളെക്കൊണ്ടു വിശപ്പടക്കി. 12

പതിച്ച പത്രാവലി ചേർത്തമാത്യൻ
വിരിച്ചതന്നാറു പഥിരാത്രിതോറും
വഹിച്ചു, നൽപ്പട്ടുകിടക്കപോലാ-
ക്കല്യന്റെ കല്യാണകളേബരത്തെ. 13

നിശപ്പിശാചിൻ നെടുവായിൽനിന്നു
ചിന്തുന്ന ചെന്തീപ്പൊരിയെന്നപോലെ,

---

8. തദീയപാദം (ചന്ദ്രസേനന്റെ കാൽ) കുമ്പിട്ടു കുപ്പുന്ന സാമന്തരാജാക്കന്മാരുടെ വിലയേറിയ കല്ലുകൾ (രത്നങ്ങൾ) പതിച്ചിട്ടുള്ള കിരീടങ്ങളിലാണു് പെരുമാറിയിരുന്നതു്, ഇപ്പൊഴോ, വെറും ചരലുകൾ നിറഞ്ഞ പ്രദേശത്തു്! സുബാഹുവിന്നു സങ്കടപ്പെടുവാൻ ഇതിൽപ്പരം എന്തു വേണം?

9. തൊട്ടാലുടൻ വാടുവതായ പുല്ലു് = 'തൊട്ടാൽവാടി' എന്നു പേരായ പുല്ലു്. എത്ര വീരനായാലും, ഗ്രഹപ്പിഴക്കാലത്തു് മഹാദുർബ്ബലന്മാരാൽക്കൂടി പീഡിപ്പിക്കപ്പെടുമെന്നു താൽപര്യം.

10. മഹാ...മൗലി = രാജചിഹ്നമായ വെൺകൊററക്കുട പിടിച്ചു ശീലിച്ച ശിരസ്സോടുകൂടിയവൻ. മനുഷ്യലോകം = ഭൂമി. താലദ്രുമം = കരിമ്പന. തപനാംശു = വെയിൽ. ഈ സഞ്ചാരം വേനൽക്കാലത്തായിരുന്നു.

11. ചാരു...രാഗം = ഏററവും നല്ല കുറിക്കൂട്ടു്. മാർഗ്ഗപാംസുക്കളാൽ = വഴിയിലെ പൊടികൾ പററി. ധൂസരം = മലിനം.

12. ഭുജിച്ചു് = ഭക്ഷിച്ചു്.

13. പതിച്ച = കൊഴിഞ്ഞുകിടക്കുന്ന. പത്രാവലി = ഇലക്കൂട്ടം. പഥി = മാർഗ്ഗത്തിൽ. കല്യാണകളേബരത്തെ = സുന്ദരശരീരത്തെ.

Digitized By Kerala Sahitya Akademi

മിന്നാമിനുങ്ങിൻനിര പാർശ്വദേശേ
മിന്നുന്നതദ്ധന്യനു പൊൻവിളക്കായ്. 14

ചിലേട,മാവൽച്ചിറകൊച്ച കൂടി-
ച്ചേർന്നേറെ വാച്ചും ചീകിടിന്റെ ശബ്ദം,
ഉഷസ്സിൽ മുന്നേട്ടുണരാനവന്നു
സതൂര്യവൈതാളികഗീതമായി. 15

വ്യായാമദാർഢ്യാഞ്ചിതമെങ്കിലും, നൽ-
സുഖാർഹമാം തത്സുകുമാരഗാത്രം
സുദുർഗ്ഗമാർഗ്ഗാടനസാഹസത്താൽ
ക്ഷീണിച്ചുകാണായിതു നാലഞ്ചുനാളിൽ. 16

വിയുക്തമിത്രൈകസമർപ്പിതസ്വാന്താ-
വിവൻ ഗണിച്ചീലിഹ പീഡയൊന്നും
തത്താദൃശക്ലേശസഹിഷ്ണുഭാവം
സത്ത്വാധികന്മാർക്കു നിസർഗ്ഗസിദ്ധം, 17

അന്നേകദാ, ചണ്ഡമരീചിദേവ-
നാകാശമധ്യത്തെയലങ്കരിക്കെ,
വഴിക്കൊരാലിന്റെ ചുവട്ടിലെത്തി
വാണാൻ സമിത്രൻ വസുധേശപുത്രൻ. 18

ആ നല്ല പേരാലിനു ചുററുമുള്ളോ-
രനാവൃതപ്രായനിലങ്ങളപ്പോൾ
ആദിത്യരശ്മിപ്രകരം പതിഞ്ഞി-
ട്ടത്യുഗ്രമായ് ചുട്ടുപഴുത്തിരുന്നു. 19

---

14. നിശാപിശാചിൻ = രാത്രിയാകുന്ന പിശാചിന്റെ.

15. സതൂ...ഗീതം = പള്ളിയുണർത്തുന്നവരുടെ വാദ്യഘോഷത്തോടുകൂടിയ പാട്ട്.

16. വ്യായാ...ഞ്ചിതം = വ്യായാമം നിമിത്തമുണ്ടായ ദാർഢ്യം (ദൃഢത—കട്ടിത്തം)കൊണ്ടു മനോഹരം. നൽസുഖാർഹം = നല്ല സുഖങ്ങളെ ശീലിച്ചുപോന്നതു്. സുദു...ഹസം = അതിദുർഘടങ്ങളായ വഴികളിലൂടെ സഞ്ചരിക്കലാകുന്ന സാഹസം.

17. വിയു...ന്താവ് = വേർപെട്ടുപോയ സുഹൃത്തുക്കളിൽത്തന്നെ പതിഞ്ഞ മനസ്സോടുകൂടിയവൻ. തത്താ...ഭാവം = ആ മാതിരി കഷ്ടപ്പാടുകളെ സഹിപ്പാൻ കുശലിപ്പായ്. സത്ത്വാധികന്മാർ = സത്ത്വഗുണം ഏറിയവർ. നിസർഗ്ഗസിദ്ധം = സഹജം.

18. അന്ന്—ഇങ്ങനെ ചുററിനടക്കുന്ന കാലത്ത്. ഏകദാ = ഒരുദിവസം. ചണ്ഡമരീചി (സൂര്യൻ) ആകാശമധ്യത്തെ അലങ്കരിക്കെ = ഉച്ചനേരത്ത്. സമിത്രൻ = മിത്രത്തോട് (സുബാഹുവോട്) കൂടിയവൻ. വസുധേശപുത്രൻ = രാജകുമാരൻ.

19. അനാ...ലങ്ങൾ = മുക്കാലും മറവില്ലാത്ത (വൃക്ഷലതാദികളില്ലാത്ത) വയലായ പ്രദേശങ്ങൾ.

Digitized By Kerala Sahitya Akademi

അന്നേരമുർവീശ്വരസൂനുതന്നോ-
ടമാത്യനേവം പറവാൻ തുടങ്ങി:
''അഹോ, പൊറാവല്ല, തിഭീഷണങ്ങ-
ളഹോ മഹായൗവനജൃംഭിതങ്ങൾ! 20

ബാല്യത്തിലെസ്സൗമ്യതയൊക്കെ വിട്ടി
യുവാംശുമാനെത്ര കഠോരനായി!
താരുണ്യകാലത്തമൃദുസ്വഭാവം
തഴച്ചുകാണുന്നിതു മിക്കപേർക്കും. 21

രാജന്യസംബന്ധി നിദാഘകാലം,
രാജന്യസൂനോ, തവ താപമേവം
തരുന്നതെന്താണ്? വിശേഷണത്തെ
രണ്ടായ് മുറിച്ചാൽപ്പൊരുളൊക്കവാനോ? 22

ത്വഷ്ടാവു, പൃഷ്ഠാഭ പുലർത്തുമാറു
കടഞ്ഞൊരിദ്ദിവ്യമണിപ്രകാണ്ഡം
നോട്ടത്തിനായിട്ടമലാംബരത്തിൻ,
നടക്കിതാ, നമ്മയിൽ വെച്ചിരിപ്പൂ. 23

ജഗത്തിനേകുന്നു കനത്ത താപം,
വിയത്തിൽ മദ്ധ്യസ്ഥതപൂണ്ട സൂര്യൻ;
അത്യുന്നതസ്ഥാനഗരന്യപീഡാ-
കൃത്യം തുടർന്നാൽ ഗതിയെന്തു പിന്നെ? 24

ചൂടഭ്യസിക്കുന്നതിനാണു ചണ്ഡ-
കരാംശു നിത്യം നിശി പാവകങ്കൽ

---

20. അഹോ...തങ്ങൾ = അഹസ്സിന്റെ (പകലിന്റെ) വലിയ യൗവനത്തിന്റെ (മദ്ധ്യാഹ്നസമയത്തിന്റെ) പുളപ്പുകൾ.

21. യുവാംശുമാൻ = മദ്ധ്യാഹ്നസൂര്യൻ. താരുണ്യകാലത്തു് = യൗവനത്തിൽ. അമൃദുസ്വഭാവം = കാഠിന്യം.

22. നിദാഘകാലം (ഗ്രീഷ്മം) രാജന്യസംബന്ധി (ക്ഷത്രിയസംബന്ധി) ആണെന്നു വേദത്തിൽ പറഞ്ഞിട്ടുണ്ട്. വിശേഷണത്തെ (രാജന്യസംബന്ധിയെന്ന പദത്തെ), രണ്ടായ് മുറിച്ചാൽ രാജനി അസംബന്ധി (രാജാവിങ്കൽ ചാർച്ചയില്ലാത്തതു്) എന്നാകുമല്ലോ. കാലദോഷം നേരിട്ടവർക്കു് സംബന്ധികൾപോലും വിരോധികളായിത്തീരുന്നതു സാധാരണമാണു്. അതിനാൽ നാം വ്യസനിക്കേണ്ടതില്ലെന്നു ധ്വനി.

23. ത്വഷ്ടാവു് = വിശ്വകർമ്മാവു്. ദിവ്യമണിപ്രകാണ്ഡം = നല്ല ആകരരത്നം(സൂര്യൻ). സൂര്യനെ വിശ്വകർമ്മാവു് യന്ത്രത്തിൽ വച്ചു കടഞ്ഞതായി പുരാണത്തിൽ കാണുന്നു. അംബരത്തിന്നു് ആകാശമെന്നും വസ്ത്രമെന്നും ശ്ലേഷം.

24. താപം = ചൂടു്, വ്യസനം. വിയത്തു് = ആകാശം. ഏറ്റവും ഉയർന്ന നിലയിലുള്ളവർ, മദ്ധ്യസ്ഥതയെ വഹിച്ചുകൊണ്ടു ദ്രോഹം ചെയ്തു തുടങ്ങുന്നതായാൽ, മററുള്ളവർക്കു് അതു സഹിക്കുകയേ നിവൃത്തിയുള്ളു.

Digitized By Kerala Sahitya Akademi

ചെല്ലുന്നതെങ്കിൽ, ഗുരുദക്ഷിണയ്ക്കു
കാലം സമീപിക്കുകയില്ല, വൈകീ! 25

മുക്കണ്ണനായീടിന തമ്പുരാന്റെ
വലത്തുകണ്ണല്ലി ദിനേശബിംബം?
അതും, ലലാടേക്ഷണമെന്നപോലേ
ക്രമേണ ചെന്തീമയമായ്ച്ചമഞ്ഞോ! 26

ലങ്കാപുരം ചുട്ടുകരിച്ച വായു—
തനൂജനെ വ്യാകരണത്തൊടൊപ്പം
ദാഹപ്രയോഗാഗമവും പഠിപ്പി—
ച്ചിരിക്കുമന്നീദ്ദഹനാഭനർക്കൻ! 27

ഇപ്പോളുനല്പാതപമെങ്ങുമേററി—
ട്ടിപ്പഞ്ചഭൂതാത്മകമാം പ്രപഞ്ചം
ഹുതാശനൈകാത്മകമായിതെന്നു
തോന്നുംവിധം കത്തിയെരിഞ്ഞിടുന്നു. 28

മാറേററിടുംമാറിനബിംബഹേമ—
ഗോളത്തിനെക്കാലകളാദനിപ്പോൾ
വാനാം നെരുപ്പോടിലുരുക്കി മന്നി—
ലൊഴിപ്പതാണോ,തപമല്ലിതെന്നോ! 29

കടുത്ത വെയ്‌ലാൽ മരുഭൂവിതേറെ—
ക്കത്തിജ്ജ്വലിക്കുന്നിതു, നാലുപാടും
താനേ പിളർന്നോരനലാചലത്തിൻ—
താഴ്‌വാരമീമാതിരിയായിരിക്കും! 30

ദൂരാൽ ജലഭ്രാന്തിയൊടോടിയെത്തും
മൃഗങ്ങൾതൻ തൃഷ്ണയെ മാററിടാതേ

---

25. ചണ്ഡകരാംശു (സൂര്യതേജസ്സ്) രാത്രിതോറും അഗ്നിയിൽ സംക്രമിക്കുന്നതായി വേദം പറയുന്നു. 'സൗരം തേജഃ സായമഗ്നിം സംക്രമതേ.'

26. മുക്കണ്ണൻ = സൂര്യചന്ദ്രാഗ്നിമയങ്ങളായ മൂന്നു കണ്ണുള്ളവൻ. ലലാടേക്ഷണം = നെററിയിലെ കണ്ണ്.

27. ദഹനാഭൻ (അഗ്നിതുല്യൻ) ആയ അർക്കന് അഗ്നിസഖനായ വായുവിന്റെ തനൂജനെ (ഹനൂമാനെ) വിദ്യാഭ്യാസംചെയ്യിക്കുന്നതിൽ അസാധാരണമായ ശുഷ്കാന്തിയുണ്ടാവാൻ അവകാശമുണ്ടല്ലോ. അതിനാൽ. വ്യാകരണം മാത്രമല്ല, ദാഹപ്രയോഗാഗമവും (ചുട്ടെരിക്കുന്ന രീതിയെ പ്രതിപാദിക്കുന്ന ശാസ്ത്രവും) പഠിപ്പിച്ചിരിക്കാം; ആ പഠിച്ചറിവിനെയാണ്, ശിഷ്യൻ ലങ്കാപുരത്തിൽ പ്രദർശിപ്പിച്ചതു് എന്നൂഹിക്കാവുന്നതാണ്.

28. ഹുതാശനൈകാത്മകം = കേവലാഗ്നിമയം.

29. ഇന...ഗോളം = സൂര്യബിംബമാകുന്ന പൊൻകട്ട. കാലകളാദൻ = കാലമാകുന്ന പൊൻപണിക്കാരൻ. ആതപം = വെയിൽ.

30. അനലാചലം = അഗ്നിപർവ്വതം.

Digitized By Kerala Sahitya Akademi

വളർത്തിടുന്നൂ മൃഗതൃഷ്ണ മേന്മേ—
ലാ;—ക്കും സഗോത്രാഭ്യുദയേച്ഛയുണ്ടാം. 31

ദവാഗ്നിയാണാളിന വെയ്‌ലിതെന്നു
ധരിച്ചപോ,ലഗ്നിസഖൻ മരുത്തും
ഇതിൻ കടുജ്വാലകൾ നാലുപാടു—
മെത്തിച്ചുകൊണ്ടങ്ങനെ വീശിടുന്നു. 32

ആകാശദേശാർണ്ണവമാശു കാല—
പ്രചോദനത്താൽബ്‌ഭുവനം ദഹിപ്പാൻ
അക്കാതപച്ഛദ്‌മമൊടത്യുഗ്ര—
മൗർവ്വാനലജ്ജ്വാല വമിക്കയാണോ! 33

പരിജ്വലിക്കും പരുഷാതപത്തിൽ—
പ്പാരം ഭയപ്പാടുളവാകയാലോ,
മരങ്ങൾതൻ മൂലതലത്തെ വിട്ടു—
മാറുന്നതില്ലാ നിഴൽപോലുമിപ്പോൾ! 34

തിളയ്ക്കുമിപ്പല്വലനീരിൽനിന്നു
മീനങ്ങളിനെക്കൊത്തിയെടുത്തുകൊൾവാൻ
പററാഞ്ഞിതോ, കൊററികൾ ജോലി നിർത്തി—
ത്തീരത്തു ചൂരൽത്തണൽ ചേർന്നിരിപ്പായ്! 35

കുലായവൃക്ഷങ്ങളണഞ്ഞു പക്ഷി—
ക്കൂട്ടങ്ങൾ കൂട്ടിന്നകമാർന്നമന്ദം
ചൂടേററു വാടുന്ന ശിശുക്കളെത്തൻ—
പക്ഷങ്ങളാൽ സംപ്രതി വീശിടുന്നു. 36

പതഞ്ഞ വെള്ളം പധി വായിൽനിന്നു
തൂകുന്ന കന്നാലിയെ മുൻനടത്തി,

---

31. സഗോത്രാഭ്യുദയേച്ഛ (തുല്യഗോത്രക്കാരുടെ അഭിവൃദ്ധിയിലുള്ള താൽപര്യം) ആർക്കും ഉണ്ടാകുന്നതാകയാൽ, മൃഗതൃഷ്ണ (കാനൽ) മൃഗതൃഷ്ണയെ (മൃഗങ്ങളുടെ തണ്ണീർദാഹത്തെ) വർദ്ധിപ്പിക്കുന്നതു് ഉചിതംതന്നെ.

32. വെയിൽ, അഗ്നിസഖനായ മരുത്തും (കാററിനുപോലും) ഇതു ദവാഗ്നി (കാട്ടുതീ)യാണെന്നു തെററിദ്ധരിച്ചു പററിപ്പിടിക്കാറു കഠിനമായി കത്തിജ്ജ്വലിക്കുന്നു.

33. ആകാശദേശാർണ്ണവം = ആകാശമാകുന്ന സമുദ്രം. കാലപ്രചോദനത്താൽ = കാലത്തിന്റെ പ്രേരണയാൽ. അക്കാതപച്ഛദ്‌മമൊടു് = വെയിലെന്ന വ്യാജേന. ഔർവാനലജ്ജ്വാല = ബഡവാഗ്നിജ്വാല.

34. പരുഷാതപം = കടുത്ത വെയിൽ.

35. പല്വലം = അല്പസരസ്സ് (കുറച്ചുമാത്രം വെള്ളമുള്ള പൊയ്ക). ചൂരൽത്തണൽ = ചൂരൽച്ചെടിക്കൂട്ടത്തിന്റെ നിഴൽ.

36. കുലായവൃക്ഷങ്ങൾ = കൂടുകെട്ടിയ മരങ്ങൾ. അമന്ദം = വേഗത്തിൽ. പക്ഷങ്ങളാൽ = ചിറകുകൾകൊണ്ടു്. സംപ്രതി = ഇപ്പോൾ.

Digitized By Kerala Sahitya Akademi

നുകം കരിക്കോലിവ തോളിലും വെ—
ച്ചിതാ, കൃഷിക്കാർ വയൽ വിട്ടിടുന്നു. 37

പരന്ന പാടത്തിഹ പഞ്ച കാക്കും
പെണ്ണുങ്ങളഭ്യർണ്ണലതാഗൃഹത്തിൽ,
ഗ്രാമീണവീണാക്വണിതം കലർന്ന
ഗാനം മുതിർക്കുന്നു വിനോദനാർത്ഥം. 38

ക്രമേണ ശീതോഷ്ണസുഖാസുഖാദി—
ദ്വന്ദ്വങ്ങളെല്ലാമൊരുപോലെയാക്കാൻ
മനസ്സിരുത്തും മുനിമുഖ്യരിപ്പോൾ
മാദ്ധ്യാഹ്നികവ്യാപൃതരായിരിക്കും. 39

സന്ധ്യയ്ക്കു സന്ധ്യയ്ക്കു സമാക്രമിക്കും
മന്ദേഹരെസ്സാർത്ഥകസംജ്ഞരാക്കാൻ,
ദ്വിജാർഘ്യമാമായുധമിസ്സഹസ്ര—
ഹേതിക്കു തേടേണ്ടിവരുന്നപോലും! 40

ഗ്രാമീണരുച്ചയ്ക്കുഴമൂൺ കഴിച്ചു
ഗൃഹാന്തികത്തോപ്പിലിരുന്നിദാനീം,
സലീലമാംമാറയൽവീട്ടുകാരായ്—
സംഭാഷണംചെയ്യുകയായിരിക്കും. 41

ഉൾനാട്ടുതോറും വഴിയമ്പലങ്ങൾ—
ക്കുദാരതാദായകമീ മുഹൂർത്തം;

---

37. വയൽവിട്ടിടുന്നു = പാടത്തുനിന്നു പണിനിർത്തി പോകുന്നു.

38. അഭ്യർണ്ണലതാഗൃഹം = അടുത്തുള്ള വള്ളിക്കുടിൽ (മാടം). ഗ്രാമീ...ണിതം = അപരിഷ്കൃതമായ (ചിരട്ട മുതലായവകൊണ്ടുണ്ടാക്കിയ) വീണയുടെ ശബ്ദം.

39. ശീതോ...ദ്വന്ദ്വങ്ങൾ = ശീതം ഉഷ്ണം, സുഖം, ദുഃഖം മുതലായ ദ്വന്ദ്വങ്ങൾ. മാദ്ധ്യാഹ്നികവ്യാപൃതർ = മദ്ധ്യാഹ്നകർമ്മങ്ങളിൽ വ്യാപരിച്ചിരിക്കുന്നവർ. കടുംചൂടുള്ള ഈ നട്ടുച്ചനേരത്തും സാധാരണജനങ്ങൾ വിശ്രമത്തെ അപേക്ഷിക്കുന്നു; മുനികളോ, മദ്ധ്യാഹ്നകർമ്മാചരണങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കയാണ്. ഇതു്, അവർക്കു് ശീതോഷ്ണാദികളിലുള്ള സമബുദ്ധിയെ പ്രത്യക്ഷമാക്കുന്നു.

40. മന്ദേഹരെ = തന്നാമകരാക്ഷസന്മാരെ. സാർത്ഥകസംജ്ഞർ = യഥാർത്ഥമായ പേരോടുകൂടിയവർ. (മന്ദമായ ഈഹയോടുകൂടിയവർ = ഇച്ഛാഭംഗം വന്നവർ.) ദ്വിജാർഘ്യം = ബ്രാഹ്മണർ ഊകുന്ന വെള്ളം. സഹസ്രഹേതി = സൂര്യൻ. അസംഖ്യം ആയുധങ്ങളോടുകൂടിയവനെന്നും, മൂന്നു സന്ധ്യകളിലും മന്ദേഹരെന്ന ഒരുകൂട്ടം രാക്ഷസർ ആദിത്യനെ ചെന്നുപദ്രവിക്കുന്നു എന്നും, അവരെ അകറ്റുന്നതു ബ്രാഹ്മണരുടെ (ബ്രഹ്മാസ്ത്രതുല്യമായ) അർഘ്യജലമാണെന്നും വൈദികമതം.

41. ഗ്രാമീണർ = നാട്ടുമ്പുറങ്ങളിലുള്ള ആളുകൾ. ഇദാനീം = ഇപ്പോൾ. സലീലമാംമാറു് = നേരമ്പോക്കായി.

Digitized By Kerala Sahitya Akademi

ചേരുന്ന താപാലവയെബ്ഭജിപ്പാൻ
ചെന്നീടുമല്ലോ പല പാന്ഥരിപ്പോൾ. 42

ഭാസ്വൽകരോഷ്മാർദ്ദിതഭവ്യലോക–
രക്ഷോപകാരത്തൊഴിൽ ചെയ്തിദാനീം,
പുരങ്ങൾതോറും വിലസുന്ന പൂങ്കാ–
വാരാമശബ്ദം ചരിതാർത്ഥമാക്കും. 43

കാന്താകരാന്ദോളിതതാലവൃന്ത–
ക്കാറേററു ചൂടേതുമറിഞ്ഞിടാതെ,
ഇപ്പോളണിപ്പൊൻകളിർമച്ചിനുള്ളി–
ലിരിക്കയാം നാഗരികപ്രഭുക്കൾ. 44

തീയും തിരിഞ്ഞോടിയ വെയ്ലിണങ്ങു–
മീയുച്ചനേരത്തളകാപുരത്തിൽ,
മണംപെറും പൂങ്കുലയിങ്കൽനിന്നു
ചിന്തുന്ന തേൻതുള്ളികൾകൊണ്ടജസ്രം, 45

നറുംമരുത്തിന്നണിമുത്തുമാല
നൽകുന്ന നാനാതരുവല്ലിജാലം
വിളങ്ങുമുദ്യാനതലങ്ങൾതോറും
വിലാസിലോകം വിഹരിപ്പതുണ്ടാം. (യുഗ്മകം) 46

ഇപ്പോൾ മഹാസേനപുരിക്കകത്തു
ഭവന്നികേതോപവനാന്തരത്തിൽ
വിളങ്ങുമാ വിശ്രമശാലമാത്രം
വിവിക്തതാദ്ദൃശപൂണ്ടിരിക്കും. 47

---

42. ഉദാരതാദായകം = ഔദാര്യത്തിനെ കൊടുക്കുന്നതു്. മുഹൂർത്തം = സമയം.

43. ഭാസ്വൽ...ത്തൊഴിൽ = ഭാസ്വാന്റെ (സൂര്യന്റെ) കരങ്ങളുടെ (രശ്മികളുടെ) ഊഷ്മാവിനാൽ അർദ്ദിതരായ ഭവ്യലോകങ്ങളുടെ (വലിയ ആളുകളുടെ) രക്ഷയാകുന്ന ഉപകാരപ്രവൃത്തി; ഭാസ്വത്തായ (തിളങ്ങുന്ന) കരോഷ്മാവു് (ഭുജശൗര്യം) കൊണ്ടു് അർദ്ദിതഭവ്യലോകർ (സജ്ജനങ്ങളെ കുഴക്കിയവർ) ആയ രക്ഷസ്സുകളുടെ (രാക്ഷസന്മാരുടെ) അപകാരം (നിഗ്രഹം) ആകുന്ന തൊഴിൽ എന്നും. പുരങ്ങൾ = പട്ടണങ്ങൾ. ആരാമശബ്ദം = ആരാമം എന്ന ശബ്ദം, ആ രാമൻ എന്ന ശബ്ദമെന്നും. ചരിതാർത്ഥം = യഥാർത്ഥം.

44. കാന്താ...ക്കാററു് = സുന്ദരിമാർ കൈകൊണ്ടു വീശുന്ന വിശറികളിൽനിന്നു വരുന്ന കാററു്. നാഗരികപ്രഭുക്കൾ = പട്ടണങ്ങളിലെ ധനികർ.

45. പട്ടണപ്രസ്താവത്താൽ സ്വന്തം അളകാപുരം ഓർമ്മയിൽവന്നിട്ടു പറയുന്നു.

46. നറുംമരുത്തിന്നു (മന്ദാനിലന്നു) മൗക്തികമാലയെ നൽകുന്നു എന്നതുകൊണ്ടു്, തരുവല്ലിജാലം കല്പദ്രുമതുല്യമാണെന്നു ധ്വനിക്കുന്നു. വിലാസിലോകം = യുവജനം. വിഹരിപ്പതുണ്ടാം = ക്രീഡിക്കുന്നുണ്ടായിരിക്കും.

47. മഹാസേനപുരിക്കകത്തു് = അളകയിൽ. ഭവ... ന്തരം = ഭവാന്റെ ഗൃഹത്തിന്നടുത്തുള്ള പൂങ്കാവിന്നടു. വിവിക്തതാദൃശ = വിജനത്വമാകുന്ന ദുരവസ്ഥ.

Digitized By Kerala Sahitya Akademi

അതിങ്കലോമന്മണിപഞ്ജരസ്ഥ-
മാപ്പഞ്ചവർണ്ണക്കിളിയിപ്പൊഴയ്യോ!
അങ്ങുന്നു ചെല്ലാത്തതുകൊണ്ടു പുറു-
മസ്വസ്ഥമായ് നോക്കുകയായിരിക്കും. 48

'പ്രസീദ താരാവലി! ദാസനാമീ
പ്രിയങ്ക'ലെന്നിങ്ങനെ, ഞങ്ങൾ കേൾക്കേ
കളോക്തി ചൊന്നാക്കിളി ജാതലജ്ജ-
നാക്കീലയോ, മുമ്പൊരുനാൾ ഭവാനെ? 49

ഇന്നേരമന്തഃപുരദേശമുൾപ്പു-
ക്കിളാമരുത്വാനി,വിടുത്തെയച്ഛൻ
വന്ദിസ്തുതിപ്പാട്ടുകൾ കേട്ടുകൊണ്ടു
വിശ്രാന്തി തേടീടുകയായിരിക്കും. 50

മഹൻ വിവാഹക്രിയയാചരിച്ചു
മടങ്ങിയെത്താത്തതുകാരണത്താൽ,
മനസ്സുഖം സമ്പ്രതി മാന്യരാം നിൻ-
മാതാപിതാക്കൾക്കു കുറഞ്ഞിരിക്കും. 51

ഭവ്യാംഗിയാം വല്ലഭയോടുകൂടി-
ബ്ഭവാൻ തിരിച്ചെത്തുമൊരുത്സവത്തെ
സോൽക്കണ്ഠരായ് കാക്കുകയായിരിക്കു;-
മെപ്പേരുമിപ്പോളളകാപുരത്തിൽ. 52

അണിഞ്ഞ പൊന്നിൻകടകങ്ങൾ ചിന്നി-
ക്കിലുങ്ങി മിന്നും കരപല്ലവത്താൽ
ചന്തത്തിൽ വാരാംഗനമാർകൾ വീശും
ഗന്ധദ്രവാർദ്രവ്യജനങ്ങളാലും, 53

ഉൽഫുല്ലവല്ലീപടലത്തെ മെല്ലെ-
ന്നുലച്ചുമുദ്യാനമരുത്തിനാലും,
വല്ലാത്ത ചൂടിൻ കഥപോലുമോർമ്മ-
യില്ലാതെയാക്കും മണിമേടയിങ്കൽ, 54

---

48. ഓമന്മണിപഞ്ജരസ്ഥം = നല്ല രത്നമയമായ കൂട്ടിലിരിക്കുന്നതു്.

49. കളോക്തി = അവ്യക്തമധുരമായ വാക്കു്. ജാതലജ്ജൻ = നാണംപൂണ്ടവൻ. താരാവലിയെക്കുറിച്ചു് ഉത്സുകനായ ചന്ദ്രസേനൻ, ഒരിക്കൽ സ്വപ്നദൃഷ്ടയോ, മനോരഥോപാനതയോ ആയ അവളെ അനുനയിപ്പാനായി പറഞ്ഞ വാക്യത്തെ സമർത്ഥനായ കിളി കേട്ടു പഠിച്ചുകളഞ്ഞു.

50. ഇളാമരുത്വാൻ = ഭൂമിയിലെ ഇന്ദ്രൻ.

51. ഇപ്പോൾ, ചന്ദ്രസേനൻ അളകയിൽനിന്നു പോന്നിട്ടു്, തിരിച്ചെത്തുവാൻവേണ്ടേടത്തോളം ദിവസങ്ങൾ ഏതാണ്ടു കഴിഞ്ഞിരിക്കുന്നു.

53 ഗന്ധ..ജനങ്ങൾ = പനിനീർ മുതലായവ തളിച്ച വിശറികൾ.

54. ഉൽഫു..ടലം = പൂത്ത വള്ളിക്കൂട്ടം.

Digitized By Kerala Sahitya Akademi

മനോജ്ഞമായ് വന്ദിജനങ്ങൾ ശുകം
മംഗല്യസംഗീതസുധാരസത്തെ
കർണ്ണദ്വയംകൊണ്ടു മുദാ നുകന്നും,
കഥാവിശേഷാദിവിനോദമാന്നും, 55

മദ്ധ്യാഹ്നകാലങ്ങൾ കഴിച്ചിരുന്ന
മഹാഹ്ജന്മാ വിവിടുന്നിദാനീം
ആലിൻചുവട്ടിൽപ്പഥി വിശ്രമിപ്പ—
താഹന്ത! കണ്ടെൻ കരൾ വിണ്ടിടുന്നു! (കലാപകം) 56

നാനാതരം ദുർഗ്ഗപഥത്തിലെത്ര—
നാളായ് ഭവാൻ ചുററിനടന്നിടുന്നു!
നിർവ്യാജസൗഹാർദ്ദഗുണത്തിനുററ
നിദർശനം നിൻചരിതം നിനച്ചാൽ. 57

അശ്രാന്തസഞ്ചാരവശാൽ നിറംകെ—
ട്ടാഹന്ത! വാടും തവ കാന്തഗാത്രം
നിതാന്തശോച്യസ്ഥിതിയാർന്നിതല്ലോ,
നിശാന്തപീയൂഷമരീചിപോലേ! 58

എന്നാൽ, സുഹൃന്മാർഗ്ഗണകൃത്യഭാര—
മെന്നിൽച്ചുമത്തിസ്സദയം ദയാലോ!
ഭവാദൃശന്മാർക്കനുരൂപമല്ലാ—
ത്തിസ്സാഹസം നീ മതിയാക്കിടേണം! 59

അഭിജ്ഞരാം വല്ല ജനങ്ങളോടും
ചോദിച്ചു മാർഗ്ഗങ്ങൾ മനസ്സിലാക്കി,
ആവുന്നവേഗേന ഗമിച്ചു നമ്മൾ—
ക്കണഞ്ഞിടാം വേതസപത്തനത്തിൽ. 60

അങ്ങെത്തിയിട്ടു,ച്ചനെ വർത്തമാന—
മാശ്വാസമാംമാററിയിച്ചശേഷം

55. മംഗ...രസം = മംഗളാഹ്മായ സംഗീതമാകുന്ന അമൃത്.

56. മഹാഹ്ജന്മാവ് = മേത്തരമായ ജനനത്താടുകൂടിയവൻ (ഭാഗ്യശാലി).

57. നിർവ്യാ...ഗുണം = നിഷ്കളങ്കമായ സ്നേഹം എന്ന ഗുണം. നിദർശനം = ദൃഷ്ടാന്തം.

58. അശ്രാ...വശാൽ = ഇടവിടാതെയുള്ള കാൽനടനിമിത്തം. നിശാ...രീചി = പ്രഭാതസമയത്തിലെ ചന്ദ്രൻ.

59. സുഹൃ...ഭാരം = സ്നേഹിതന്മാരെ തിരയുകയാകുന്ന കാര്യത്തിൻെറ ചുമതല. ഭവാദൃശന്മാർ = അങ്ങയെപ്പോലെയുള്ളവർ.

60. ഈ സാഹസത്തിൽനിന്നു വിരമിപ്പാനുള്ള മാർഗ്ഗത്തെ പറയുന്നു. അഭിജ്ഞർ = അറിവുള്ളവർ. മാർഗ്ഗങ്ങൾ—ഈ പ്രദേശത്തുനിന്നു വേതസപുരത്തിലേക്കുള്ള വഴികൾ.

Digitized By Kerala Sahitya Akademi

തത്രസ്ഥരാം സൈനികരൊത്തു വീണ്ടും
സമുല്ലലത്തേക്കെഴുന്നള്ളിടാം തേ. 61

ഉൾച്ചൂടൊടുൽക്കണ്ഠിതരായിരാനീം
ഭവൽപ്രിയാബാന്ധവചാതകങ്ങൾ
കാലേ ഭവാനാം ജലദത്തെയെത്തി-
ക്കാണാഞ്ഞുഴന്നീടുകയാകമല്ലോ. 62

അങ്ങ,ദ്വിതീയൻ, ദ്ദൂതമാശ്രമത്താൽ
ദ്വിതീയനായ്ത്തൻപുരി പൂകിടുമ്പോൾ,
അവശ്യ,മാ മാന്യവയസ്യരെക്കൊ-
ണ്ടഞ്ചാമനായ് ഞാനെതിരേററുകൊള്ളാം! 63

വീണ്ടും ഭവാൻ വേതസപൂരിൽനിന്നു
വേളിക്കെഴുന്നള്ളിടുമക്ഷണത്തിൽ,
സഖാക്കളെത്തേടുവതിന്നു ഞാനും
സഹായവാനായ് നടകൊള്ളുമല്ലോ. 64

തഴച്ച കൂറാൽ, പ്രഭുകാര്യമെന്നും
തങ്കാര്യമായോർപ്പതു ഭൃത്യധർമ്മം;
തങ്കാര്യമായും, പ്രഭുകാര്യമായു-
മിരിപ്പതീ, സ്നേഹിതമാർഗ്ഗണം മേ. 65

അക്കൂട്ടരും നമ്മളെയങ്ങുമിങ്ങു-
മാരാഞ്ഞലഞ്ഞീടുകയായിരിക്കും;
അതാണു കാണാത്തത;—പായശങ്ക
വേണ്ടാ നമുക്കായവരിൽത്തരിമ്പും! 66

---

61. തത്രസ്ഥർ = അവിടെ പാർപ്പുള്ളവർ തേ = അങ്ങയ്ക്കു്. സമുല്ലലത്തിലേക്കു് എഴുന്നള്ളാം; ഞാൻ അവിടെനിന്നു് അങ്ങയെ വിട്ടു സുഹൃജ്ജനാന്വേഷണത്തിന്നു പുറപ്പെടാനാണു വിചാരിക്കുന്നതു്. 64-ാം ശ്ലോകം നോക്കുക.

62. ഭവൽ...കങ്ങൾ = ഭവാന്റെ പ്രിയയുടെ ബന്ധുക്കളാകുന്ന വേഴാമ്പലുകൾ. കാലേ = നിശ്ചിതസമയത്തു്. ജലദം = മേഘം.

63. അദ്വിതീയൻ = കിടയ്ക്കു നില്ക്കാൻ ആരും ഇല്ലാത്തവൻ; ദ്വിതീയനല്ലാത്തവൻ എന്നും. ആശ്രമത്താൽ ദ്വിതീയനായ് = നാലാശ്രമങ്ങളിൽവെച്ചു രണ്ടാമത്തേതായ ഗൃഹസ്ഥാശ്രമത്തെ സ്വീകരിച്ചവനായിട്ടു് (വേളി കഴിച്ചിട്ടു്) തൻ പുരി പൂകിടുമ്പോൾ = അളകയിൽ തിരിച്ചെത്തുന്നസമയത്തു്. അവശ്യം = തീർച്ചയായും. ആ മാന്യവയസ്യരെക്കൊണ്ടഞ്ചാമനായ് = ആ നാലു മാന്യസ്നേഹിതന്മാരോടുകൂടി.

64. അതു് എങ്ങനെ എന്നു പറയുന്നു. സഹായവാനായ് = സഹായികളോടുകൂടി.

65. ''ഇതിൽ, ഇവിടുന്നു പ്രത്യേകം ആജ്ഞാപിക്കേണ്ടതില്ല'' എന്നു് ഉപന്യസിക്കുന്നു.

66. അവരെ കണ്ടുപിടിച്ചുകൊള്ളാമെന്നു ധൈര്യപ്പെടുവാനുള്ള കാരണത്തെ പറയുന്നു.

Digitized By Kerala Sahitya Akademi

ആളുകളാരുമായ് ഞാൻ പലദിക്കിലൊപ്പ—
മാരാഞ്ഞു കണ്ടെത്തുവനാണ്ടജനത്തെ!
അക്ഷുദ്രമായുള്ളൊരു പൗരുഷത്തി—
ന്നധീനമാം ദൈവവുമെന്നു കേൾപ്പൂ. 67

അതല്ല, നാം വേതസപുരിലെത്തു—
ന്നതിന്നിടയ്ക്കധ്വനി ക്ലറുകരെ
കണ്ടെത്തിയാലോ ശുഭമായിതാനും!
കാലം പ്രസാദിക്കകിലെന്തസാദ്ധ്യം! 68

ഏതാകിലും, വേതസമാം പുരിക്ക
തിരിക്കവാനാശു മുതിർന്നിടേണം;
എങ്ങിത്തരം ദുർഗ്ഗമമാർഗ്ഗചാര?—
മെങ്ങിസ്സുഖാർഹം തിരുമെയ്യുദാരം?'' 69

അന്നീവിധം മന്ത്രി നിനച്ചുറച്ച—
തംഗീകരിച്ചീല കുമാരനാദ്യം;
അവൻ, പ്രണഷ്ടസ്വജനൈകതാന—
നാത്മാവിനെക്കൂടി മറന്നിരുന്നു! 70

അമാത്യനിർബ്ബന്ധവശാലൊടുക്ക—
മർദ്ധാംശമായിട്ടതു സമ്മതിച്ചു;
ആലോചനാശാലികൾ ചൊല്ലും പത്ഥ്യവാക്യ—
മനിഷ്ടമായാലുമൊടുക്കമല്ലോ. 71

പിന്നെക്കുമാരൻ കുറെനേരമെന്തോ
ചിന്തിച്ചിരുന്നിട്ടുരചെയ്തിതേവം:
''നോക്കൂ നമുക്കെത്ര സുഖം തരുന്നു,
നിരർഗ്ഘമാമീ വടവൃക്ഷരത്നം! 72

കൊമ്പത്തു കൂടാർന്നമരും ഖഗങ്ങൾ
കൊഞ്ചും രവത്താൽ കുശലോക്തി ചൊല്ലി,
വിലോലപത്രാവലികൊണ്ടു താൻതാൻ
വീശുന്നു വൃക്ഷാധിപ,നാതിഥേയൻ. 73

---

67. സ്വയം സഞ്ചരിച്ചും, ആളുകളെ അയച്ചും പല ദിക്കുകളിൽ ഒരേ സമയത്തു് അന്വേഷണം നടത്തുമ്പോൾ അവരെ വേഗത്തിൽ കണ്ടെത്താതിരിക്കില്ല. അക്ഷുദ്രം = ഉൽകൃഷ്ടം. 'ബലീഃ പുരുഷകാരോ ഹി ദൈവമപ്യതിവർത്തതേ.'

68. അധ്വനി = വഴിക്കുവെച്ചു്.

70. പ്രണ...താനൻ = നഷ്ടന്മാരായ സ്നേഹിതന്മാരിൽത്തന്നെ ഉറച്ചുനില്ക്കുന്ന മനസ്സോടുകൂടിയവൻ.

71. അർദ്ധാംശം = പകുതി.

72. നിരർഗ്ഘം = വില മതിക്കാനാവാത്തതു്. വടം = പേരാൽ.

73. ഖഗങ്ങൾ = പക്ഷികൾ. വിലോലപത്രാവലി = ഇളകുന്ന ഇലക്കൂട്ടം. ആതിഥേയൻ = അതിഥിസൽക്കാരപ്രിയൻ.

Digitized By Kerala Sahitya Akademi

നട്ടുച്ചനേരത്തിതു, നമ്മെയെന്ന
പോലെ,ത്തുലക്ഷം പഥികവ്രജത്തെ
തണുപ്പെഴും തൻ തണൽകൊണ്ടു രക്ഷി–
ച്ചിരിക്കയുഗ്രാതപബാധ നീക്കി! 74

നരേന്ദ്രരാണെന്നു നടിച്ചിരിപ്പോർ
നാട്ടാരിലാപൽക്കൊടി നാട്ടിടുമ്പോൾ,
അചേതനം വൃക്ഷമിതേതവർക്കു–
മപേതമാക്കുന്നു കഠോരതാപം. 75

ചൊല്ക്കൊണ്ട രാജേശ്വരർതാൻ ശിരസ്സിൽ–
ച്ചുമന്നുകൊള്ളട്ടെ മഹാകിരീടം!
താപാതുരോജ്ജീവനപുണ്യഭാരം
താങ്ങേണ്ടതുണ്ടീത്തരുരാജനേറ്റം. 76

വിശങ്കടാത്മാവിവനെത്ര ജീവ–
ജാലങ്ങളെസ്സാധു ഭരിച്ചിടുന്നു!
എന്നാൽ,ക്കുടിക്കാർക്കിഹ രാജഭോഗ–
മേകീടുകെന്നുള്ളതുകൂടി വേണ്ടാ! 77

എല്ലാപ്രകാരത്തിലുമപ്രമേയ–
മാഹാത്മ്യവാനീത്തരുസാർവ്വഭൗമൻ;
ലോകോപകാരം നിറവേറ്റിടുന്ന
മഹത്ത്വമാകുന്നു, മഹത്ത്വമല്ലോ. 78

എരിഞ്ഞ വെയിലും, മഴ, മഞ്ഞു, കാറ്റു–
മേറ്റീ മൃതപ്രായനിലത്തിലേവം
ലോകോപകാരവ്രതസുസ്ഥിരാത്മാ–
വായിട്ടു മേവുന്നിതു പുണ്യശാലി! 79

നമ്മെച്ചുടാനെത്തിടുമാതപത്തി–
നാത്മാവിനെത്തന്നെയിതേകിടുന്നു:

---

74. പഥികവ്രജത്തെ = പാന്ഥസമൂഹത്തെ.

75. അചേതനം = നിർജ്ജീവം. അപേതമാക്കുന്നു = ശമിപ്പിക്കുന്നു. പൂർവ്വാർദ്ധം ആത്മനിന്ദാഗർഭമാകുന്നു.

76. രാജാക്കന്മാരുടെ കിരീടമെല്ലാം ഇതിന്നു സമർപ്പിക്കേണ്ടതാണ് എന്ന വിചാരത്തെ തൽക്ഷണംതന്നെ നിഷേധിക്കുന്നു. താപാ...ഭാരം = താപംകൊണ്ടു കഷ്ടപ്പെട്ടവരെ രക്ഷിക്കുന്നതുകൊണ്ടുള്ള മഹാസുകൃതം.

77. വിശങ്കടാത്മാവ് = ആത്മാവിന് (ദേഹത്തിന്ന്, മനസ്സിന്ന്) വിസ്താരമുള്ളവൻ. ഇവൻ = ഈ വൃക്ഷരാജാവ്. സാധു = വഴിപോലെ. രാജഭോഗം = നികുതി.

78. അപ്ര...ത്മ്യവാൻ = അളവില്ലാത്ത മാഹാത്മ്യം (വലിപ്പം, മഹിമ) ഉള്ളവൻ.

79. വൃക്ഷം, സുസ്ഥിരാത്മാവ് (സ്ഥാവരം) ആണല്ലോ.

Digitized By Kerala Sahitya Akademi

പിറാവിനെത്തിന്നതിനാഞ്ഞടുത്ത
പരുന്തിനന്നാശ്ശിബിയെന്നപോലെ! 80

പത്രങ്ങൾ തിങ്ങിച്ചുഴലെപ്പടന്നു
വാനംമറച്ചും പല കൊമ്പിനാലേ
നൽപ്പച്ചമേലാപ്പുടയോരു പന്തൽ–
പോലീ വടത്തിൻചുവടുല്ലസിപ്പു. 81

തപ്തക്കു കല്പദ്രുമമാമിതിന്റെ
പത്രങ്ങളിൽപ്പററിയെഴും പഴങ്ങൾ
മിന്നുന്നു, പച്ചത്തുകിലിങ്കൽവെച്ച
സുരക്തരത്നങ്ങൾകണക്കു ഭംഗ്യാ. 82

പടൎന്നു ചായും ചില കൊമ്പിൽനിന്നു
ചെമ്പിൻനെടുങ്കമ്പികളെന്നപോലേ
തൂങ്ങീടുമീ വേടുകൾ മാടുമേറ്റും
പിള്ളർക്കഴിഞ്ഞാലുകളായിടുന്നു! 83

പേരാൎന്ന പേരാലിലതന്നിലല്ലോ,
കല്പാന്തബാലൻ ഭഗവാൻ ശയിച്ചു:
അതൊന്നുതാൻ പോരു,മുദാരമാമീ
വടദ്രുവിൻ വംശവിശുദ്ധി കാട്ടാൻ. 84

പ്രതപ്തരെ പ്രത്യുപകാരവാഞ്ഛ
പെടാതെ പാലിക്കുകയെന്ന ധൎമ്മം
നിഷ്കാമകൎമ്മസ്ഥിതിപൂണ്ടു നേടു–
മിശ്ശാഖിതൻ ജീവിതമെത്ര ധന്യം! 85

തദാനീം വിശ്രാന്തിക്കുതകിയ വടശ്രീവിടപിയെ
പ്രശംസിച്ചീമട്ടാം പ്രകൃതിമധുരവ്യാഹൃതികളാൽ

80 ശിബിയെന്ന രാജാവു്, ബുഭുക്ഷിതമായ പരുന്തിന്നു് തന്റെ ശരീരത്തെത്തന്നെ പകരമായി കൊടുത്തു്, പരുന്തിനൊപ്പടിച്ചു തന്നെ ശരണംപ്രാപിച്ച പിറാവിനെ രക്ഷിച്ച കഥ പ്രസിദ്ധമാണല്ലോ.

81. പത്രങ്ങൾ = ഇലകൾ.

82. തപ്തർ = വെയിലേററു വലഞ്ഞവർ. പത്രങ്ങൾ = ഇലകൾ. സുരക്തരത്നങ്ങൾ = നല്ല ചുകപ്പുകല്ലുകൾ. കല്പദ്രുമം വിശിഷ്ടങ്ങളായ വസ്ത്രരത്നാദികൾ കായ്ക്കുന്നതാണല്ലോ.

84. കല്പാന്തബാലൻ = പ്രളയകാലത്തു ബാലരൂപത്തെ ധരിച്ചവൻ. വടദ്രുമം = പേരാൽവൃക്ഷം.

85. പ്രതപ്തരെ = വെയിലേററു വാടിയവരെ. നിഷ്കാമകൎമ്മസ്ഥിതി = ഫലത്തെ ആഗ്രഹിക്കാതെ കൎമ്മംചെയ്യുന്നവന്റെ നില. ശാഖി = വൃക്ഷം.

Digitized By Kerala Sahitya Akademi

കൃതജ്ഞതചം കാട്ടി, ക്കഠിനവെയിലൊന്നാറുമളവാ
പ്രദേശം കൈവിട്ടാൻ പ്രിയസഖയുതൻ പാൎത്ഥിവസുതൻ. 86

ഇങ്ങനെ കരണീയനിശ്ചയം (ചന്ദ്രഃസനസഞ്ചാരം)
പതിനൊന്നാം സൎഗ്ഗം

പന്ത്രണ്ടാം സൎഗ്ഗം

അടുത്തനാൾ, യുവനൃപനച്ഛനേരമൊ—
ട്ടടുത്തവാറ,നുചരനോട്ടുകൂടവേ,
കടുത്തിടും വെയിലിനെ മാമരങ്ങളാൽ—
ത്തടുത്തിടുന്നൊരു വിപിനത്തിലെത്തിനാൻ. 1

നതാഗ്രമാംപടി ഫലപുഷ്പഭാരിയാം
ലതാതരുവ്രജമിടതിങ്ങുമാ വനം
നിതാന്തനിർവൃതിയുടനാത്തപാതപ—
പ്രതാന്തരാം പഥികവരൎക്കു നല്കിതേ. 2

പെരുത്തു പൂംപരിമളമേന്തി വീശിടും
മരുത്തിനാലപഹൃതമാൎഗ്ഗഖേദനായ്,
കരുത്തനാം ധരയുടെ ഭാവികാന്തന—
ങ്ങൊരുത്തമദ്രുമതലസീമ്നി മേവിനാൻ. 3

തദാഗമം കരുതി രസിച്ചവണ്ണമാ
മദാലസഭ്രമരനിനാദിയാം വനം
സദാഗതിപ്രചലിതവൃക്ഷശാഖയാ—
ലുദാരനാമവനിലുതിൎത്തു പൂക്കളെ. 4

മരങ്ങൾതന്നുപരി മദിച്ചെഴും ഖഗോൽ—
കരങ്ങൾതൻ കളരവമാക്കലാപരൻ

86. വിശ്രാന്തി = വിശ്രമം. വടശ്രീവിടപി = പേരാലാകുന്ന ശ്രീമത്തായ വൃക്ഷം. വ്യാഹൃതികൾ = വാക്കുകൾ. തങ്ങൾക്കു് ഉപകാരം ചെയ്യുവരെ ശ്ലാഘിക്കുന്നതു കൃതജ്ഞന്മാരുടെ ലക്ഷണമാണല്ലോ.

1. വിപിനം = കാടു്.

2. നതാഗ്രമാംപടി = തലചായുമാറു്. ഫലപുഷ്പഭാരി = കായ്കളുടേയും, പൂക്കളുടേയും ഭാരത്തോടുകൂടിയതു്. നിതാന്തനിർവൃതി = പരമസുഖം. താപാ... താന്തർ = തപത്തിലെ (വേനലിലെ) ആതപം(വെയിൽ)കൊണ്ടു തളൎന്നവർ. പഥികവരർ = ഉത്തമപാന്ഥന്മാർ.

3. അപ...ഖേദൻ = വഴിക്ഷീണം മാററപ്പെട്ടവൻ. ധരയുടെ ഭാവികാന്തൻ = യുവരാജാവു്. ഉത്ത...സീമ്നി = നല്ല മരത്തിന്റെ ചുവട്ടിൽ.

4. തദാഗമം = യുവരാജാവിന്റെ വരവു്. മദാ...നാദി = മദിച്ച വണ്ടുകളുടെ ശബ്ദത്തോടുകൂടിയതു്. സദാ...ശാഖ = കാററിളക്കിയ മരക്കൊമ്പു്. രാജാഗമനത്തിൽ, ആനന്ദകോലാഹലത്തോടെ പുഷ്പവൎഷം ചെയ്യുക എന്നതു സാധാരണമാണല്ലോ.

Digitized By Kerala Sahitya Akademi

സ്വരംഗനാസമുദയഗാനമോഹന—
സ്വരംകണക്കിരുചെവിയാൽ നുകന്നുതേ. 5

തരുക്കൾതൻ മധുരഫലങ്ങളും ക്ഷണാ—
ലരുക്കരം ശിശിരതടാകതോയവും
പെരുക്കമാദരവൊടു മന്ത്രി കൊണ്ടുവ—
ന്നൊരുക്കിനാൻ പ്രഭുവിനു ഭോജനത്തിനായ്. 6

അഖേദമായ് വിലസിന രാജസൂനുവിൻ—
മുഖേന്ദു വാഗമൃതമഥ തൂകി തോഴനിൽ:
''സുഖേതരം വനതലവാസമെന്നു നാം,
സഖേ, നിനയ്ക്കുവതൊരു മൗഢ്യമല്ലയോ? 7

തടസ്ഥമില്ല,രിയ പഴങ്ങളുണ്ണുവാൻ;
സ്ഫുടം സരസ്സുരഭിജലം നുകർന്നിടാം;
കിടക്കുവാൻ പരിമൃദുശാദ്വലങ്ങളു—
ണ്ട;—ടവ്യധിഷ്ഠിതനൊരു ചിന്തയെന്തുവാൻ? 8

അതർക്കിതപ്രകൃതിവിലാസചാതുരീ—
ശതങ്ങളുണ്ട,നഘവിനോദനങ്ങളായ്;
സ്വാതന്ത്ര്യത്തിന്നൊരു കുറവില്ല; കാനന—
സ്ഥിതന്നു മാലെവിടെ? മഹോത്സവം സദാ! 9

മുഖത്തരഭ്രമമൊടു കൃത്രിമങ്ങളാം
സുഖങ്ങളെപ്പലപടി തേടിടുന്നു നാം;
അഖണ്ഡമായ് പ്രകൃതി തരുന്നൊരീ മഹാ—
സുഖങ്ങൾതൻ വിലയറിയുന്നതില്ലഹോ! 10

---

5. ഉപരി = മുകളിൽ. ഖഗോൽക്കരങ്ങൾ = പക്ഷിക്കൂട്ടങ്ങൾ. കലാപരൻ = സംഗീതാദികലകളിൽ താൽപര്യമുള്ളവൻ. സ്വര...സ്വരം = സ്വർഗ്ഗസ്ത്രീഗണങ്ങളുടെ പാട്ടിന്റെ മധുരമായ സ്വരം. വൃക്ഷങ്ങളുടെ അസാമാന്യമായ പൊക്കവും, പക്ഷിരവത്തിന്റെ മാധുര്യാതിശയവും സ്തുതിക്കുന്നു.

6. അരുക്കരം = രുക്കരം (രോഗത്തെ ഉണ്ടാക്കുന്നതു്) അല്ലാത്തതു്; നിർമ്മലം എന്നു സാരം. ശിശി...തോയം = തണുത്ത പൊയ്കവെള്ളം. പ്രഭു = സ്വാമി (ചന്ദ്രസേനൻ).

7. അഖേദമായ് = ഭോജനംകൊണ്ടു് ക്ഷീണം മാറിയതായി. മുഖേന്ദു = (മുഖചന്ദ്രൻ) വാക്കാകുന്ന. അമൃതുതൂകി = പറഞ്ഞു. വനതലവാസം = കാട്ടിൽപ്പാർപ്പു്. സുഖേതരം = ദുഃഖകരം.

8. സ്ഫുടം = നിർമ്മലം. സര...ജലം = സരസ്സിലെ സുഗന്ധമുള്ള വെള്ളം. പരിമൃദുശാദ്വലങ്ങൾ = മാർദ്ദവമുള്ള പച്ചപ്പുൽപ്രദേശങ്ങൾ. അടവ്യധിഷ്ഠിതൻ = കാട്ടിൽ വസിക്കുന്നവൻ.

9. അത...തങ്ങൾ = അപ്രതീക്ഷിതങ്ങളായ അനേകം പ്രകൃതിവിലാസഭംഗികൾ. സ്വാതന്ത്ര്യമാണല്ലോ, സാക്ഷാൽ സുഖത്തിന്റെ അടിസ്ഥാനം.

10. മുഖത്തരഭ്രമം = മേത്തരമാണെന്നുള്ള തെറ്റിദ്ധാരണ. അഖണ്ഡം = സമഗ്രം.

Digitized By Kerala Sahitya Akademi

പലക്ഷ്പെദ്രവമൃതകാതി,ഹത്തിലും,
പരത്തിലും പരമസുഖം ലഭിക്കുവാൻ
അരണ്യമേ, സുമുഖ, ഭജിപ്പതില്ലയോ
നിരന്തരം ചിലര,വർ തത്ത്വവേദികൾ. 11

പുരാംഗനാധനവിഭവാദിയൊക്കെയും
വിരാഗരായ് വെളിയിൽ വെടിഞ്ഞ ധന്യരും
ചിരാൽ വശത്തമരുമരണ്യഭൂമിതൻ
സുരാമണീയകഗുണമെത്ര മേത്തരം! 12

വിമുഗ്ദ്ധരായ് വിഷയരസത്തിൽ മുങ്ങിടും
നമുക്കു കാടസുഖമയം, ഭയങ്കരം!
മുമുക്ഷുവാം മഹിതജനത്തിനോ, സദാ
സമുത്സവപ്രദമിതു സൗമ്യമൈത്രയും. 13

മിതാവലോകികൾ പുനരെന്തു കാണു,മീ—
ത്തതാഭമാം വനതലസൗഭഗോദയം?
ജിതാക്ഷരാം സുകൃതിജനങ്ങളേ, ശരി—
ക്കിതാസ്വദിപ്പതിനു സമർത്ഥരായ്‌വരു.'' 14

സമിദ്ധസമ്മദമൊരു യാമമങ്ങു വി—
ശ്രമിച്ചിരുന്നവനിമഹേന്ദ്രനന്ദനൻ
സമിത്രനാ വിപിനവഴിക്കു തെല്ലിടം
ഗമിച്ചവാറൊ,രു കുളിർപ്പൊയ്ക കണ്ടുതേ. 15

പരത്ര വന്നരുളിയ മാനസാഖ്യമാം
സരസ്സുപോലെയു,മതു പമ്പപോലെയും,

---

11. അരണ്യമേ = കാടിനെത്തന്നെ. തത്ത്വവേദികൾ=സൂക്ഷ്മമറിഞ്ഞവർ. പരഹിംസാസ്പർശംകൂടാതെ ഐഹികാമുഷ്മികസുഖത്തെ സമ്പാദിക്കുക എന്നുള്ളതാണ്, മനുഷ്യജന്മത്തിൻെറ പരമഫലം. ഇതിന്നു കാനനവാസമേ യോജിക്കു എന്നു മനസ്സിലാക്കി, അനുഷ്ഠിക്കുന്ന മുനിമാർ തത്ത്വവേദികൾതന്നെ.

12. വിരാഗരായ് = വിരക്തന്മാരായി. അരണ്യഭൂമിയെ ഒരു സ്ത്രീയാക്കി കല്പിച്ചിരിക്കുന്നു. സുരാ.. ഗുണം = മനോഹരമായ സൗന്ദര്യഗുണം. വിരക്തിവന്നു സർവ്വത്തെയും ഉപേക്ഷിച്ച മഹാമനസ്സന്മാരെ വശീകരിപ്പാൻ, ചില്ലറ സൗന്ദര്യമൊന്നും മതിയാകയില്ലല്ലോ.

വിമുഗ്ദ്ധർ = മൂഢർ—തത്ത്വമറിയാത്തവർ. മുമുക്ഷു=മോക്ഷേച്ഛു. സമുത്സവപ്രദം = ഉത്സവങ്ങളെ കൊടുക്കുന്നതു് (സുഖകരം).

14. മിതാവലോകികൾ = സ്വല്പംമാത്രം കാണുന്നവർ (നമ്മെപ്പോലെയുള്ളവർ). തതാഭം=വിസ്തൃതമായ ശോഭയുള്ളതു്. വന...ദയം = കാടിൻെറ സൗഭാഗ്യോല്ക്കർഷം. ജിതാക്ഷർ = ഇന്ദ്രിയങ്ങളെ ജയിച്ചവർ. ആസ്വദിപ്പതിനു്= കണ്ടു രസിപ്പാൻ.

15. സമിദ്ധസമ്മദം = സന്തോഷമാളുമാറു്. അവനിമഹേന്ദ്രനന്ദനൻ = രാജപുത്രൻ.

Digitized By Kerala Sahitya Akademi

നിരങ്കമാം മലരണിനീർ നിറഞ്ഞു, ന—
ന്തരങ്ങളാൽപ്പരിവൃതമായ് വിളങ്ങിതേ. 16

അഹാര്യശോഭസ്സുതു, കരമേലെഴും മഹീ—
രുഹാദിതൻ പ്രതിമപതിഞ്ഞ നീരുമായ്
സ്പൃഹാകരം വിലസി, വനാന്തലക്ഷ്മിതൻ
മഹാർഹമാം മണിമുകുരംകണക്കിനേ. 17

ചിലേടമാമ്പലുകളും, ചിലേടമുൽപലം,
ചിലേടമോ തുടുനളിനങ്ങളിങ്ങനെ,
പലേനിറം തടവിന പട്ടമെത്തയെ—
ബ്ബലേന വെന്നഴകിൽ വിളങ്ങി നീരതിൽ. 18

സുലംഘ്യമല്ലതിനുടെയാഴമെങ്കിലും
ജലം പളുങ്കിനു ശരിയായിരിക്കയാൽ
നലംപെടും തരിമണൽതന്നെയാമടി—
സ്ഥലം തടസ്ഥിതനു തെളിഞ്ഞുകണ്ടിടാം. 19

കരയ്ക്കുമേലിയലിന കല്പവൃക്ഷനേർ—
മരങ്ങളും, രന്ധ്രുരട്ടകളാലതിൻജലം
ചിരം ഗ്രഹിച്ചതിനെ മരന്ദകൈതവാൽ
നിരന്തരം ദ്വിജനികരത്തിനേകിനാർ. 20

അതിങ്കലെസ്സുമധുരതോയമാസ്വദി—
പ്പതിന്നൊരാറുക്കൊരുകുറി യോഗമെത്തുകിൽ
കൃതിത്തിടമ്പവനമൃതാഖ്യ നീരിനി—
ട്ടതിൻ മഹൗചിതിയെ മുദാ പുകഴ്ത്തിടും. 21

തടദ്രുമപ്രസവശതത്തിലോ, ജലേ
വിടർന്നെഴും വിവിധസുമവ്രജത്തിലോ

---

16. പരത്ര = മറ്റൊരേടത്തു്. അതു് = സരസ്സ്. നിരങ്കം = നിർമ്മലം. പരിവൃതം = ചുറ്റപ്പെട്ടതു്.

17. അഹാര്യശോഭസ്സ് = അക്ഷയമായ ശോഭയോടുകൂടിയതു്. മഹീരുഹാദി= മരം മുതലായതു്. പ്രതിമ = പ്രതിബിംബം. സ്പൃഹാകരം = ലോഭനീയം. മഹാർഹം = മേത്തരം. മണിമുകുരം = മണിമയമായ കണ്ണാടി.

18. തുടുനളിനങ്ങൾ = ചെന്താമരപ്പൂക്കൾ.

19. സുലംഘ്യം = സുഖേന ലംഘിക്കാവുന്നതു്. നലം = നന്മ. തടസ്ഥിതൻ = കരയ്ക്കു നില്ക്കുന്നവൻ.

20. മുരട്ടുകൾ = വേരുകൾ. ഗ്രഹിച്ച് = എടുത്തു്. മരന്ദകൈതവാൽ = പൂന്തേനെന്ന വ്യാജേന. നിരന്തരം = നിത്യം. ദ്വിജൗഘം = പക്ഷിസമൂഹമെന്ന വാച്യം. ആ സരസ്സിലെ ജലം പൂന്തേനിനൊത്തു ഹൃദ്യമാണെന്ന ഭാവം.

21. പൂന്തേൻപോലെ എന്നു പറഞ്ഞാൽ പോരാ, അമൃതെന്നു പറഞ്ഞേ മതിയാകൂ. കൃതിത്തിടമ്പ് = സുകൃതിശിരോമണി. അമൃതാഖ്യ = അമൃതം എന്ന പേർ. മഹൗചിതി = വലിയ ഔചിത്യം.

Digitized By Kerala Sahitya Akademi

കടന്നു തേൻ നുകരുകവേണ്ടുവെന്ന തീ–
പ്പുടൻ വരാഞ്ഞിവിടെയുഴന്നു വണ്ടുകൾ. 22

സുമാവലീമധുരസകേസരാദിയെ–
സ്സമാസ്വദിച്ചതിമധുരസ്വരങ്ങളാൽ
സുമാന്യമാമതിനെ മുദാ പുകഴ്ത്തി വി–
ഭ്രമാഞ്ചിതം വിവിധവിഹംഗമണ്ഡലം. 23

അകല്മഷാംബുവിലിഹ കോകപങ്ക്തിതൻ
സുകമ്രമാം തനു നിഴലിച്ചതാതിടം
അകം കവർന്നിടുമൊരു ചില്ലുമേശത–
ന്നകത്തു പൊന്നണികൾകണക്കു മിന്നിതേ. 24

വരിക്രമാൽക്കമലിനിതൻ ദളങ്ങളിൽ–
പ്പരിസ്സുരിച്ചിതു പല സാരസവ്രജം,
ശരിക്കിളംതൃണമണിമന്നിടത്തിലായ്
വിരിച്ച വെൺ പുതുതുകിലെന്നപോലവേ. 25

കളത്രമായ്ക്കളിമൊഴി ചൊൽവതിൻവിധം
കളസ്വനം വിതറിന ഹംസപക്ഷിയെ
ഇളക്കിടും ചെറുതിരയാലൊരബ്ജിനീ–
ദളത്തിൽനിന്നിതരദളത്തിലാക്കിയും, 26

സ്ഫുടാംബുജപ്പൊടി ചുഴലെപ്പരത്തിയും,
തടാശ്രിതദ്രുമമലർ നീരിൽ വീഴ്ത്തിയും,

---

22. തട...ശതം = കരയിലെ വൃക്ഷങ്ങളുടെ അസംഖ്യം പൂക്കൾ. വിവിധസുമവ്രജം = പലതരം പുഷ്പഗണം.

23. സുമാ...രാദി = പുഷ്പഗണത്തിന്റെ തേൻ, അല്ലി മുതലായതു്. വിഭ്രമാഞ്ചിതം = വിലാസങ്ങൾകൊണ്ടു സുന്ദരം. വിവി...ണ്ഡലം = പലജാതി പക്ഷിക്കൂട്ടം. പക്ഷികളുടെ സ്വരത്തിന്നു് അത്ര മാധുര്യം വരുവാൻ കാരണം, സുമാവലീമധുരസകേസരാദി സമാസ്വാദനമാണോ എന്നും അവ കുകന്നു സരസ്സിനെ പുകഴ്ത്തി ഗാനം ചെയ്യുകയാണോ എന്നും തോന്നുമെന്നു സാരം.

24. അകല്മഷാംബു = സ്വച്ഛജലം. ഇഹ = സരസ്സിൽ. കോകപങ്ക്തി = ചക്രവാകസമൂഹം. സുകമ്രം = അതിമനോജ്ഞം. നിഴലിച്ച = പ്രതിബിംബിച്ച. പൊന്നണികൾ = സ്വർണ്ണാലങ്കാരങ്ങൾ. ചക്രവാകങ്ങളുടെ നിറം സ്വർണ്ണതുല്യമാണു്.

25. വരിക്രമാൽ = വരിവരിയായി. കമലിനി = താമരക്കൂട്ടം. ദളങ്ങൾ = ഇലകൾ. പരിസ്സുരിച്ചിതു = ശോഭിച്ചു. സാരസങ്ങളുടെ നിറം വെളുപ്പാണു്.

26. കളത്രമായ് = ഭാര്യയോടുകൂടി. കളിമൊഴി = നർമ്മവാക്കു്. ചെറുതിരയാൽ എന്നതിന്നു ചെറുതായ ഇര കാട്ടി എന്നും അർത്ഥമെടുക്കണം. അബ്ജിനീദളം = താമരയില. ഇതരദളം = മറ്റൊരില.

Digitized By Kerala Sahitya Akademi

വിടാതെകണ്ടനിലകിശോരനെന്നുമാ—
ത്തടാകമാർന്നഴകൊടു കേളിയാടിനാൻ. (യുഗ്മകം) 27

തടദ്രുവല്ലികളുടെ പൂവിനത്തിലും,
വിടർന്നിടും ജലകുസുമവ്രജത്തിലും
സ്ഫുടം സദാ മലർമടവാരതിങ്കലേ—
തിടത്തിലും വിലസി വിഭക്തമൂർത്തിയായ്. 28

തെളിഞ്ഞു തണ്ടലർവളയങ്ങളും തിന്നകം
കളിത്ത ഹംസികളുടെ കൂകൽ കേൾക്കകിൽ,
കളിച്ചുകൊണ്ടതിലതുളുന്ന ലക്ഷ്മിതൻ
കിളിത്ത കാൽത്തളരവമെന്നു തോന്നിടും. 29

സ്വയം മഹാത്മത പെടുമസ്സരസ്സയോ—
മയങ്ങളാം കിടിതനുവീപ്പകൾക്കും
കയററിയിട്ടനുദിനമദ്രിഭ്രുവിലേ—
ക്കയച്ചു, തൻ ശുഭ്രജലമന്യദുർല്ലഭം. 30

അതിങ്കലെക്കമലിനി, കൊമ്പനാന വ—
ന്നതിപ്രിയം തടവി രമിച്ചുകൊൾകയാൽ
മുതിർന്ന വണ്ടണിമുടിവേണി ചിന്നിയും,
ദ്യുതിസ്ഫുരദ്ബിസവലയങ്ങളും പൊട്ടിയും, 31

സിതച്ഛദച്ഛടവയുടുപ്പു നീങ്ങിയും,
ദ്രുതസ്ഖലൽപൃഷതവിയർപ്പു പററിയും,
ധൃതക്ലമം പരിമളമാർന്ന തെന്നലാം
കിതപ്പുമായ്ചിലപൊഴുതുല്ലസിച്ചുതേ. (യുഗ്മകം) 32

കളിത്ത കാററടിയിലുലഞ്ഞ വല്ലിക—
ത്തളിർക്കരം തടഭുവി കാട്ടി മെല്ലവേ

---

27. സ്ഫുടാംബുജപ്പൊടി = വിടർന്ന താമരപ്പൂക്കളുടെ പൊടി. തടാ...മലർ = കരയിലെ വൃക്ഷങ്ങളുടെ പൂവ്. അനിലകിശോരൻ = മന്ദവായുവാകുന്ന ബാലൻ. തടാകം = സരസ്സ്.

28. മലർമടവാർ = ലക്ഷ്മി. വിഭക്തമൂർത്തിയായ് = പല ദേഹം എടുത്തുകൊണ്ട്.

29. ഹംസികൾ = അരയന്നപ്പേടകൾ.

30. അയോമയങ്ങൾ = ഇരുമ്പുകൊണ്ടുണ്ടാക്കിയവ. കിടി...വീപ്പകൾ = പന്നികളുടെ ദേഹങ്ങളാകുന്ന വീപ്പകൾ. അനുദിനം=നാൾതോറും. അദ്രിഭ്രുവ്=പർവ്വതപ്രദേശം. ആ പൊയ്കയിൽ പന്നികൾ പതിവായി വന്നു വെള്ളം കുടിച്ചിരുന്നു എന്നു താൽപര്യം.

31. കമലിനി = താമരക്കൂട്ടം. ദ്യുതി...യങ്ങൾ = പ്രകാശമാനങ്ങളായ താമരവട്ടയങ്ങളാകുന്ന വളകൾ.

32. സിത...ടുപ്പ് = അരയന്നങ്ങളാകുന്ന ഉടുചേല. ദ്രുത...വിയർപ്പ് = വേഗേന ചിതറുന്ന നീർത്തുള്ളികളാകുന്ന വിയർപ്പ്. ധൃതക്ലമം = വാട്ടത്തോടുകൂടി. പരിമ

Digitized By Kerala Sahitya Akademi

വിളിച്ചിതോ വിഹഗരവങ്ങളാലതീ—
വിളിപ്പെട്ടും പഥികരെയങ്ങു ചെല്ലുവാൻ. 33

അവര്‍ണ്ണ്യമാമമ്മതെതിർ തജ്ജലത്തിലു—
ത്സവം വളർത്തമരുമുദാരപക്ഷികൾ
ഇവക്കെഴും ചെവികളിലുല്ലസൽകളാ—
രവച്ഛലാലമൃതു പൊഴിച്ചു മേല്ക്കുമേൽ. 34

അളിവ്രജക്കറുനിര, പായലായ കാ—
റൊളിക്കചം വികചപയോരുഹാനനം,
തെളിഞ്ഞ ചെങ്കമലദളാധരം, മനം—
കളിത്തിടും കുമുദവിലാസസുസ്മിതം, 35

നനുത്ത കാററഴകിലിയററുമോളമാം
കനത്ത ചില്ലികള,ണിമീനദൃഷ്ടികൾ,
അനത്തമദ്യുതിയുതകോകവാർകുചം,
മിനുത്ത തണ്ടലരിലയാം മുലപ്പടം, 36

മൃണാളികാഭുജകൾ, വിമുഗ്ധമൗക്തികാ—
ഗുണാഭമാം സലിലദുകൂല—മിങ്ങനെ
ഗുണാഢ്യയാം സരസിയെയങ്ങു കൗതുകോ—
ല്ബണാക്ഷിയാൽ നകതമിളേന്ദ്രപുത്രനിത്, 37

പെരും സുഹൃദ്വ്യസനരസത്തിൽ മഗ്നമാ—
യിരുന്ന തൻപ്രിയജനചിന്ത വീണ്ടുമേ
കരുത്തുയർന്നിതു: പുതുരമ്യവസ്തുവേ—
തൊരുത്തനിൽക്കിമപി വികാരമേകിടാ? (കലാപകം) 38

സ്വയം കരങ്ങൊരുദിശി ചെന്നിരുന്ന,വൻ
പ്രിയപ്പെട്ടും സചിവനൊടേവമോതിനാൻ:

ളം = സൗരഭ്യം. ഈ യുഗ്മകം രതിശ്രാന്തയായ ഒരു യുവതിയെ വ്യഞ്ജിപ്പിച്ചിരിക്കുന്നു.

33. ഈ വിളിപ്പെട്ടും (പ്രഖ്യാതന്മാരായ) പഥികരെ = ചന്ദ്രസേനസ്വബാഹുക്കളെ.

34. ഉല്ല...ച്ഛലാൽ = പൊങ്ങുന്ന കളസ്വനമെന്ന വ്യാജേന.

35. ചെങ്ക...ധരം = ചെന്താമരപ്പൂവിൻെറ ഇതളാകുന്ന ചുണ്ട്.

36. അന...കുചം = മേത്തരം ശോഭയോടുകൂടിയ ചക്രവാകമാകുന്ന പോർകൊങ്ക.

37. മൃണാ...ഭുജകൾ = താമരവളയങ്ങളാകുന്ന കൈകൾ. വിമു...ഗുണാഭം = നല്ല മുത്തിൻനിരയോടു ശരിയായ ശോഭയോടുകൂടിയതു്. സലിലദുകൂലം = വെള്ളമാകുന്ന വെളുത്ത വസ്ത്രം. സരസി = പൊയ്ക. കൗതു...ണാക്ഷി = കൗതുകം കലർന്ന കണ്ണു്.

38. പെരും...രസം = വലിയ മിത്രശോകമാകുന്ന ജലം. മഗ്നം = മുഴുകിയതു്. പ്രിയജനചിന്ത = പ്രിയയെക്കുറിച്ചുള്ള വിചാരം. പുതുരമ്യവസ്തു = മുൻകണ്ടിട്ടില്ലാത്ത മനോജ്ഞപദാർത്ഥം.

Digitized By Kerala Sahitya Akademi

''വയസ്യ കാൺക, ലർ നിറയെപ്പുളകൊളി—
പ്പയസ്സുമായ് വിലസിടുമിസ്സരസ്സിനെ! 39

ദരസ്ഫുരൽകുമുദമരന്ദശീകരോൽ—
കരം ഗ്രഹിച്ചു, ളിരവമാവഹിച്ചിതാ,
കരസ്ഥു കണ്ടതിധികളായ നമ്മെയീ—
സ്സരസ്സമീരണനെതിരേററിടുന്നിതോ! 40

സദാ തണ്ടപ്പെഴുമിഹ പാടലാദികൾ—
ക്കുദാരമാം മലരിതു കാണ്കിൽ മാത്രമേ,
പ്രദാഹകദ്യുമണികരങ്ങളാളുമീ—
നിദാഘമാം സമയമറിഞ്ഞിടായ്‌വരൂ! 41

നിരന്തരപ്രമദവിഹംഗമോൽഗത—
സ്വരങ്ങളാൽ മുഖരിതമീസ്സരോവരം
സരസ്വതീപതി മതികൊണ്ടു തീർത്തൊരാ—
സ്സരസ്സിനെപ്പൊരുതിടുവാൻ വിളിക്കയോ! 42

സുരമ്യമാമിതിനു ജനങ്ങൾ ചണ്ടിയെ—
ന്നുരച്ചിടും മലിനപദാർത്ഥപംക്തിയും
ഒരുത്തുതപ്രഭയുതകന്നു, യാമിനീ—
കരന്നഹോ, കരിമൃഗരേഖപോലവേ. 43

കരങ്ങളേഴും വിടപികൾ, കാററടിച്ചുല—
ഞ്ഞൊരം ജലോപരി പൊഴിയുന്ന പൂക്കളാൽ,
നിരംഘജീവനമിതുകൾക്കു നല്ലമീ—
സ്സരസ്സിനായ്സമുചിതപൂജ ചെയ്കയോ! 44

സുതുംഗമാം സുരതരുഷണ്ഡവും കിഴി—
ഞ്ഞൊതുങ്ങുമീബ്ബഹുവിധപാദപങ്ങളിൽ

---

39. പയസ്സ് = ജലം.

40. ദര...കരം = സായങ്കാലം സമീപിച്ചിരിക്കയാൽ അല്പം വിടരുന്ന ആമ്പൽപ്പൂക്കളുടെ തേൻതുള്ളികളുട്ടം. സരസ്സമീരണൻ = പൊയ്കയിലെ കാററ്.

41. പാടലാദികൾ = പാതിരിവൃക്ഷം മുതലായവ. പ്രദാ...രങ്ങൾ = പൊള്ളിക്കുന്ന സൂര്യരശ്മികൾ. നിദാഘം = വേനൽ. പാതിരിമരങ്ങൾ ഗ്രീഷ്മകാലത്തു പൂക്കുന്ന വയാണ്. ഇവിടെ വേനൽക്കാലത്തുപോലും ചൂടറിയുകയില്ല എന്നു ഭാവം.

42. നിര...ങ്ങൾ=എപ്പോഴും മദിച്ച പക്ഷികളിൽനിന്നു പുറപ്പെടുന്ന ശബ്ദങ്ങൾ. മുഖരിതം = മുഴക്കപ്പെട്ടതു്. സരോവരം= നല്ല പൊയ്ക. സരസ്വതീപതി (ബ്രഹ്മാവ്) മതി(മനസ്സ)കൊണ്ടു തീർത്തൊരാസ്സരസ്സിനെ = മാനസസരസ്സിനെ.

43. മലിനപദത്തിന്നു കറുത്ത എന്നും, അഴകുള്ള എന്നും അർത്ഥം. ചീത്ത വസ്തുവിനെ 'ചണ്ടി' എന്നും പറയുമല്ലോ. ഉതകുന്നു = കൊടുക്കുന്നു. യാമിനീകരന്ന് = ചന്ദ്രന്ന്. "നല്ലാകാരമതിന്നലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും.''

44. നിരംഘജീവനം = വിലമതിക്കാത്ത വെള്ളം, വൃത്തിധനം. ജീവനപ്രദന്മാരായ പ്രഭുക്കന്മാരെ പൂജിക്കുക എന്നതു കർത്തവ്യകർമ്മമാണല്ലോ.

Digitized By Kerala Sahitya Akademi

അതുല്യമാമഴകൊടു ചേർന്നു കാണ്മതു—
ണ്ടൃതുക്കളാറിനുമിയലും വിഭൂതികൾ. 45

കനത്ത പൂങ്കുലകൾ ചുമന്നു, ശാഖകൾ—
ക്കനേകമൊട്ടുടയ ലതാമതല്ലിയെ
പുനഃപുനഃ പുണരുവൊരീസ്സമീരണൻ
മനസ്സിനെ പ്രസഭമിളക്കിടുന്നു മേ. 46

മനോജ്ഞമാം മലരണിമാവുമേൽ സ്വയം
വിനോദമായ്ക്കുയിലിതു കൂകിടുംരവം
മനോഭവാഗമനകരാളകാഹള—
സ്വനോപമം ചെവികളിലേശിടുന്നു മേ. 47

മനം കളിത്തഗമുകളാർന്ന കേകിതൻ
കനത്തു തുങ്ങിടുമൊരു പീലി കണ്ടിതോ?
വനപ്രഭാംഗനയുടെ, ചിത്രമാല്യമൊ—
ത്തനല്പഭാസ്സിയലിന കുന്തൽപോലവേ. 48

ജലാന്തരേ കമലിനി കാൺക തോഴിതൻ
പലാശമാം പുതിയൊരു പച്ചറൗക്കിമേൽ
വിലാസമുത്തുകളിത, ചാർത്തിടുന്നു, നി—
ർമ്മലാംബുവിൻകണികകളെന്ന കൈതവാൽ. 49

ക്ഷണാലകംകവിയെ വളർന്നരാഗമീ—
ക്ഷണാർഹമാമരുണിമചേർത്ത കോകിനാൽ
മൃണാളിതൻ മുറികൾ മരാളികക്കിതാ,
മണാളനാം ഖഗമണി നല്കിടുന്നതേ. 50

കുടുംബിനീയുതമൊരു ടിട്ടിഭം നട—
ന്നിടുന്നു നീൾവെരി, നിജായതാംഘ്രിയാൽ;

---

45. സുതുംഗം = അത്യുന്നതം. സുരതരുഷണ്ഡം = കല്പവൃക്ഷസമൂഹം. ബഹുവിധപാദപങ്ങൾ = പലതരം മരങ്ങൾ. വിഭൂതികൾ = സമൃദ്ധികൾ.

46. ലതാമതല്ലിയെ (ഉത്തമലതയെ) ഒരു സുന്ദരിയായും, സമീരണനെ കാമുകനായും കല്പിച്ചിരിക്കുന്നു.

47. മനോ...പമം = കാമന്റെ ആഗമനത്തിലെ കരാളം (ഘോരം അഥവാ സുന്ദരം) ആയ കാഹളശബ്ദത്തോടു തുല്യം.

48. അഗമുകൾ = വൃക്ഷാഗ്രം. കേകി = മയിൽ. വനപ്രഭാംഗന = വനലക്ഷ്മിയാകുന്ന സുന്ദരി. ചിത്രമാല്യം = പലനിറത്തിലുള്ള പൂക്കൾകൊണ്ടു കെട്ടിയ മാല

49. ജലാന്തരേ = വെള്ളത്തിന്റെ നടുവിൽ. പലാശം = ഇല. നിർമ്മലാംബുവിൻ കണികകൾ = സ്വച്ഛജലബിന്ദുക്കൾ.

50. മുറികൾ = ഖണ്ഡങ്ങൾ. മരാളിക = അന്നപ്പേട. കൊക്കിന്റെ ആരുണ്യം, മനസ്സു കവിഞ്ഞു പുറത്തേക്കു പുറപ്പെട്ട ഈക്ഷണാർഹം (ദൃശ്യം) ആയിത്തീർന്ന രാഗം (ഭാര്യാസ്നേഹം) ആണോ എന്നു തോന്നും.

Digitized By Kerala Sahitya Akademi

മിട്ടക്കെഴും നരനിതു ജാലവിദ്യയിൽ—
പ്പെട്ടന്ന കയ്യി;—തിനു നിസർഗ്ഗസിദ്ധമാം. 51

തടസ്ഥലാഭരണതരുവ്രജത്തിൽനി—
ന്നിടയ്ക്കിടെപ്പയസി വീഴുന്ന പൂക്കളിൽ,
വിടർന്നിടും കുവലയപംക്തിയെ ത്യജി—
ച്ചുടൻ പറന്നണയുവതുണ്ടു വണ്ടുകൾ. 52

ജലത്തിൽ വീണലർനിരയാണ്ടുപോയിടാ—
തലയ്ക്കുമേലിളകിമറഞ്ഞിടുന്നിതാ,
അലംഘ്യമാമുദധിയിലന്നു, ഖിന്നരാ—
യലഞ്ഞ നമ്മുടെ ചെറുതോണിപോലവേ! 53

ബതാ,ഞ്ജസാ സലിലപിപാസ നിർത്തി,യീ
ഹതാശനാമനംഗജനഘ്നനെന്റെ മേൽ,
ഇതാ, മൃഗീയുതമൊരു കൃഷ്ണസാരമു—
ന്നതാസ്യമായ് മിഴികൾപതിപ്പതെന്തിനോ? 54

'അലസ്സുകത്തനംഗരെയിട്ടു കൊന്നതി—
നലക്കണച്ചുടുകടൽ നിന്നെ മുക്കിടും'
ജലസ്ഥമാമൊരു ചെറുനത്തിതാകുമോ
ചിലപ്പതെ,ന്നഭിമുഖദത്തദൃഷ്ടിയായ്! 55

സ്വതന്ത്രനായ് സപദി സപുഷ്പമല്ലികാ—
മതല്ലിയെത്തഴുകിന മന്ദമാരുതൻ,
ചിതപ്പെട്ടും ജലമിതിൽ മുങ്ങിയെങ്കിലും,
വിതർക്കമീത്തൊടുവതെനിക്കു ദുസ്സഹം! 56

51. കുടുംബിനീയുതം = ഭാര്യമാരോടുകൂടിയതു്. ടിട്ടിഭം = നീർക്കോഴി. നിജായതാംഘ്രി = തന്റെ നീണ്ട കാൽ. മിടുക്കു്—മററു പ്രാണികൾക്കില്ലാത്ത വിശേഷബുദ്ധി, ഇതു വെള്ളത്തിന്റെ മീതെ നടക്കൽ.

52. പയസി = ജലത്തിൽ.

53. അല = ഓളം.

54. അലർനിര കണ്ടിട്ടു് ചെറുതോണി ഓർമ്മയിലായതോടുകൂടി, കൂററുകാരെപ്പററിയും സ്മരണവന്നിട്ടു പറയുന്നു. സലിലപിപാസ = വെള്ളം കുടിപ്പാനുള്ള ഇച്ഛ. ഹതാശൻ = ആശാഭംഗപ്പെട്ടവൻ. അനംഗജനഘ്നൻ=കൂററുകാരെ ഹനിച്ചവൻ. മൃഗീയുതം = മാൻപേടകളോടുകൂടിയതു്. കൃഷ്ണസാരം = കൃഷ്ണമൃഗം. ഉന്നതാസ്യമായ് = മുഖമുയർത്തി.

55. അലക്കണച്ചുടുകടൽ = കാമാസ്രുനിരയാകുന്ന തപ്തസമുദ്രം. അഭി... ദൃഷ്ടിയായ് = നേരെ നോക്കിക്കൊണ്ടു്.

56. വിതർക്കം = സംശയംകൂടാതെ. മല്ലികാമതല്ലി (നല്ല മുല്ലവള്ളി) പുഷ്പവതിയാണു്; പുഷ്പവതിയെ (തീണ്ടാരിസ്ത്രീയെ) പുണർന്നവൻ കേവലം സ്നാനം കൊണ്ടു ശുദ്ധനാകുന്നതല്ലല്ലോ സൌരഭ്യം, മാന്ദ്യം, ശൈത്യം എന്നീ ഗുണങ്ങൾ തികഞ്ഞ വായു പ്രിയാവിയുക്തനായ എന്നെ പീഡിപ്പിക്കുന്നു എന്നു സാരം.

Digitized By Kerala Sahitya Akademi

തുടുത്ത ഭാസ്സരരുചി കണ്ടു കോകിയാ—
ളടുത്ത വേർപിരിയൽ നിനച്ചു ദീനയായ്,
എടുത്ത ചെങ്ങഴിമലരല്ലി കൊക്കിനാൽ—
ക്കൊടുത്തിടും കണവനെ നോക്കിടുന്നിതാ! 57

പരിഗ്രഹത്തൊടു തവ, ചക്രവാകമേ,
പിരിഞ്ഞിടാൻ സമയമടുത്തതോർത്തു നീ
ഭരിച്ചിടായ്കഴലൊ;—രു കാലക്ലൃപ്തി വെ—
ച്ചിരിപ്പതാം വിരഹമിതെത്ര കോമളം! 58

നലത്തൊടാ പ്രിയജനമൊത്തുകൂടിയീ
സ്ഥലത്തു നാമഹഹ, വസിപ്പതാകിലോ,
സുലക്ഷ്യയാമളകയെ മാത്രമല്ല, വി—
ണ്ടലത്തെയും കിമപി കൊതിക്കയില്ല ഞാൻ!'' 59

സ്ഫുടപ്രഭാതരളിതമാസ്സരസ്സൊരുൾ—
ത്തടച്ചലിപ്പുതകിയ രാജനന്ദനൻ
ഇടംപെടും വനമഥ കണ്ടുകൊ,ണ്ടതിൻ—
തടത്തിലായ് സചിവനുമൊത്തു ലാത്തിനാൻ. 60

പ്രതിക്ഷണം, പരിണതഭാസ്സരന്റെ ചെം—
കതിർക്കുലം തൃണസുമപല്ലവാദിയിൽ
പതിക്കയാൽപ്പലനിറമേന്തുമാ വന—
ക്ഷിതിക്കകം വിലസി വിചിത്രഭംഗിയിൽ. 61

പെരുകുവോരഴകൊടു, ചമ്പകങ്ങളാം
തരുക്കളിൽ ചിലതിഹ പൂത്തിടാത്തതും
ഉരുക്കുപൊന്നൊളിമലരാർന്നമട്ടിലായ്,
സ്വരുക്കിനെ ദ്യുമണി പതിക്കയാൽത്തദാ. 62

പ്രമത്തരാമളികൾ പറന്ന പാടല—
ദ്രുമങ്ങളിൽക്കിമപി കളിച്ചുരുമ്മിയും,

---

57. തുടുത്ത ഭാസ്സരരുചി = വൈകുന്നേരത്തെ വെയിൽ. കോകിയാൾ = ചക്രവാകപ്പിട. ചക്രവാകങ്ങൾ രാത്രിയിൽ ഇണക്കൂടില്ലെന്നു പ്രസിദ്ധം.

58. ചക്രവാകത്തോടു നേരിട്ടു പറയുന്നു; കാലക്ലൃപ്തി = സമയനിർണ്ണയം. കോമളം—മൃദു (സഹ്യം). അവധിയില്ലാത്ത എന്റെ വിരഹമല്ലയോ, മഹാ കഠിനം?

59. പ്രിയജനം = ഇഷ്ടപ്പെട്ട ആളുകൾ. സുലക്ഷ്യ = ദർശനീയ. വിണ്ടലം= സ്വർഗ്ഗം. കിമപി = ഏതും.

60. ഉൾത്തടച്ചലിപ്പ് = മനസ്സിളക്കം.

61. പ്രതിക്ഷണം = നിമിഷംതോറും. പരിണതഭാസ്സരൻ = അസ്തമയസൂര്യൻ.

62. സ്വരുക്ക് = തന്റെ രശ്മി. ദ്യുമണി = സൂര്യൻ.

Digitized By Kerala Sahitya Akademi

സുമസ്സുരൽസുമധുരമല്ലികാമണം
ചുമന്നുമപ്പൊഴുതിഹ വീശി മാരുതൻ. 63

കരാംക്കകം കളിരെ, വയസ്യനപ്പൊഴി—
ത്തരം യുവക്ഷിതിപതിയോടു ചൊല്ലിനാൻ:
“ഒരഗ്രിമാശ്രമപദമായിരിക്കുമീ—
യരണ്യമെന്ന,നഘ, നിനച്ചിടുന്നു ഞാൻ. 64

പ്രശാന്തമാം ഖഗമൃഗയൂഥവും, സമിൽ—
കുശാദിതൻ സുലഭതയും വിശുദ്ധിയും,
ഭൃശാത്മനിർവൃതിയെ നമുക്കു നല്കുമീ
വിശാലഭൂവൃഷിവനമെന്നു ചൊൽവുതേ. 65

ദ്രുപംക്തിതൻ നിബിഡതമൂലമായ് മഹാ—
തപത്തിനില്ലിടമിവിടത്തിലെങ്കിലും,
അപങ്കവും, വിജനവുമായിരിക്കയാൽ
തപസ്ഥിതിക്കനുഗുണ,മീ വനാന്തരം. 66

ദ്വിജർഷിമാരിഹ മരുവുന്നു; ദുഷ്കരാം,
രജസ്സുകറ്റുകിലവരെന്നു കാട്ടുവാൻ
അജസ്രമീ മൃദുലശിരീഷപംക്തിതൻ
രജസ്സുമിങ്ങനിലനകറ്റിടുന്നതേ! 67

ധരിത്രിയിൽ പുതുമലർഞെട്ട,താതിടം
പരിക്ഷതത്തളിരിവ കാണ്മതില്ലയോ?
ചരിഷ്ണുമാർ മുനിസുതമാർകൾ പൂ പറി—
ച്ചിരിക്കു,മീ ലതകളിൽനിന്നു സാമ്പ്രതം! 68

ശ്രുതാനുഷക്തകളിവർ നവ്യയൗവനാ—
ഞ്ചിതാഭമാമഴകുടയോർകളെന്നതും,

---

63. പ്രമത്തർ = ഏററവും മദിച്ചവ. അളികൾ = വണ്ടുകൾ. പാടലദ്രുമങ്ങൾ = പാതിരിമരങ്ങൾ. സുമ.. മണം = പൂക്കളാൽ ശോഭിക്കുന്ന മനോഹരമുല്ലയുടെ സൗരഭ്യം.

64. വയസ്യൻ = സ്നേഹിതൻ (സംബോ). അഗ്രിമാശ്രമപദം = വിശിഷ്ടമായ ആശ്രമസ്ഥാനം.

65. ഭൃശാത്മനിർവൃതി = അധികമായ മനസ്സുഖം. വിശാലഭൂവ് = പരന്നു കിടക്കുന്ന പ്രദേശം.

66. ദ്രുപംക്തി = മരക്കൂട്ടം. നിബിഡത = ഇടതൂർന്ന്. മഹാതപം = വലിയ ആതപം (അപസ്സ്) വെയിൽ. അപങ്കം = നിർമ്മലം. തപസ്ഥിതി = തപസ്സിലിരിപ്പ്; ഗ്രീഷ്മത്തിന്റെ സ്ഥിതി എന്നും. അനുഗുണം = അനുകൂലം.

67. രജസ്സ് = രജോഗുണം, പൊടി. മൃദു...പംക്തി = മൃദുവായ നെന്മേനിവാകപ്പൂനിര.

68. പരിക്ഷതത്തളിർ = മുറിഞ്ഞ പല്ലവം. സാമ്പ്രതം = ഇപ്പോൾ.

Digitized By Kerala Sahitya Akademi

ലതാന്തികേ തരിമണലിൽപ്പതിഞ്ഞു കാ—
ണ്മതായ നൽക്കഴലടികൊണ്ടറിഞ്ഞിടാം. 69

പുരങ്ങളിൽത്തരുണികൾ പൂരുഷാശയ—
മിരട്ടിടും വിരുതുകളഭ്യസിക്കവേ,
അരണ്യഭൂവിതിലൃഷിപാദസേവയാൽ
വിരക്തി നേടിടുമിവരെത്ര ധന്യമാർ!'' 70

കഥാവിധിക്കതിവിരുതുള്ള മന്ത്രിതൻ
യഥാർത്ഥവാക്കുകളിവ കേട്ടു ഹൃഷ്ടനായ്
യഥാസുഖം പലദിശി സഞ്ചരിച്ചു, സൽ—
പഥാടനപ്രിയനവനാ വനാന്തരേ. 71

''ജലത്തിൽ വീണനുഗജനങ്ങൾ നഷ്ടരാ—
യ,ലഞ്ഞു ഞാനടവികളിൽ ചരിക്കയായ്,
സ്ഥലം തുലോം വിജനമിതാശ്രമോപമം;
വലത്തുകയ്യിളകുവതെന്തിനദ്യ മേ!'' 72

പൊടുന്നനെ, ക്ഷിതിപതിപുത്രനിത്ഥമോ—
തിടുമ്പൊഴാ,പ്പെരിയ സരസ്സിൽനിന്നഹോ,
പടുസ്വനം നിലവിളിയൊന്നുയർന്നു വ—
ന്നടുത്തു തച്ചെവിയിലലച്ചു മേല്ക്കുമേൽ. 73

അരണ്യഭൂവ,നഘവധൂസ്വരത്തിലു—
ള്ളൊരപ്പെരുംമുറവിളിയാൽ മുഴങ്ങവേ,
പരന്ന സംഭ്രമമൊടു പാഞ്ഞുചെന്നിതാ—
സ്സരസ്സിലേക്കിവ,രവശാനുകമ്പികൾ. 74

പെരുത്തു പൂ തടഭുവി വെച്ചു,തിൽക്കളി—
ച്ചിരുന്ന നമ്മുനിസുതമാരിലേകയെ
കുരുന്നുകാൽ മുതല വിഴുങ്ങി നില്പതാ—
ക്കരുത്തരങ്ങഥ കനിവാർന്നു കണ്ടുതേ. 75

നൃപാത്മജൻ പയസി കുതിച്ചുചാടലും,
കൃപാണിയാൽ മുതലയെയീർന്നുതള്ളലും,

---

69. വ്രതാനുഷ്ഠാതാക്കൾ = തപോനിരതന്മാർ.
70. പുരങ്ങളിൽ = നഗരങ്ങളിൽ. വിരക്തി = വൈരാഗ്യം.
71. കഥാവിധിക്ക് = സംസാരിപ്പാൻ. സൽപഥാടനപ്രിയൻ=സന്മാർഗ്ഗ സഞ്ചരണത്തിൽ താൽപര്യമുള്ളവൻ.
72. പുരുഷന്മാർക്ക് വലംകൈ ഇളകുന്നതു ശുഭസൂചകമാണത്രെ.
73. പടുസ്വനം = നല്ല ഒച്ചയോടുകൂടിയതു്. തച്ചെവിയിൽ = അവരുടെ (ചന്ദ്രസേനസുബാഹുക്കളുടെ) കർണ്ണത്തിൽ.
74. അനഘവധൂസ്വരം=നല്ല സ്ത്രീസ്വരം. അവശാനുകമ്പികൾ=ആർത്തരിൽ അലിവുള്ളവർ.
75. ഏകയെ = ഒരുത്തിയെ.

Digitized By Kerala Sahitya Akademi

കൃപാലുവാം സചിവനതോർപ്പതിന്നമു—
മ്പ,പായമററ,രഞൊടിയാൽ കഴിഞ്ഞുതേ. 76

ഹ്രദസ്ഥമാം മുതലയെ നിഗ്രഹിച്ചുടൻ
തദർദ്ദിതാവനവിധി ചെയ്ത വീരനെ,
സുദർശനായുധനുടെ മൂർത്തിഭേദമായ്
മുദാനചിതം കരുതി മുനീന്ദ്രകന്യമാർ. 77

കുമാരനെജ്ജലചരവക്ത്രമുക്തയാം
കുമാരിമാർകുലമണി കണ്ടമാത്രയിൽ
'മമാധുനാ മുതല മഹോപകാരി'യെ—
ന്നമായമാം കുതുകഭരാൽ നിനച്ചുപോയ്! 78

സുകന്യകോത്തമയുടെ ലോചനങ്ങളു—
ത്സുകതയോട,വളുടെ രക്ഷിതാവിനെ
നുകർന്നു, തന്നലഘുവിശാലതാഫലം
തികച്ചുമാർന്നനുവിധമുല്ലസിച്ചുതേ. 79

''ആരാണെൻ, ചിത്രദൃഷ്ടപ്രിയജനസദൃശാ—
കാരമാമിജ്ജനം? നി—
ർവൈരാത്മാവായ്ത്തെളിഞ്ഞോ വിധി? വെറുതെ വല—
യ്ക്കേണ്ട വീണ്ടും ദുരാശേ!
ആ രാജസ്ഥാനമെങ്ങ്?ങ്ങടവിയിതു?''വളീ—
വണ്ണമോർക്കുന്നവാറു,ൾ—
ത്താരാൽ താരാവലീകാന്തനമിതുവിധമേ
ഹന്ത, ചിന്തിച്ചിരുന്നു. 80

സാകൂതം സ്വാമി നോക്കുമ്പൊഴുത''ടിയനുമി—
ശ്ശങ്കയുണ്ടി;ന്നപാടേ
പോകു എന്നില്ല ദൈവത്തിനു; തവ ശുഭ!''മെ—
ന്നോതി മെല്ലെന്നമാത്യൻ,

---

76. കൃപാണി = വാൾ. അപായമററ് = തകരാറൊന്നുംകൂടാതെ.

77. ഹ്രദസ്ഥം = കയത്തിൽ കിടക്കുന്നതു്. തദ...വിധി = അതിനാൽ (മുതലയാൽ) കഷ്ടപ്പെട്ട ആളെ രക്ഷിക്കുക എന്ന കർമ്മം. പണ്ടു നക്രത്തെ ചക്രം കൊണ്ടു നിഗ്രഹിച്ച് ഗജേന്ദ്രനെ രക്ഷിച്ച വിഷ്ണുതന്നെ വാളാകുന്ന ആയുധമെടുത്തു മററൊരുരൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെട്ടിരിക്കയാണെന്നു മുനികന്യകമാർക്കു തോന്നി.

78. ജല...മുക്ത = മുതലയുടെ വായിൽനിന്നു് ഒഴിഞ്ഞുപോന്നവൻ. ഇത്രയും വിശിഷ്ടനായ ഒരു പുരുഷനെ കാണ്മാൻ ഇടവരുത്തിയതുതന്നെ, മഹോപകാരം.

80. ചിത്ര...കാരം = ചിത്രത്തിൽ കാണപ്പെട്ട പ്രിയജനത്തോടു തുല്യമായ ആകൃതിയോടുകൂടിയതു്. നിർവൈരാത്മാവ് = വൈരം വിട്ട മനസ്സോടുകൂടിയവൻ. ഇതു് എന്റെ പ്രിയജനംതന്നെയോ എന്നു വിചാരിക്കുന്നതു ദുരാശയാണെന്നു മൂന്നാംപാദംകൊണ്ടു സ്ഥാപിക്കുന്നു. താരാവലീകാന്തനും = ചന്ദ്രസേനനും.

Digitized By Kerala Sahitya Akademi

മാൽക്കൂട്ടം തോഴിയെക്കാത്തവനുടെ വിവരം
കേൾക്കുവാൻ വെമ്പലുള്ളാ-
പ്പാൽക്കുപ്പംവാണിമാരോട,വരെയറിയുവാൻ
തക്ക ചോദ്യങ്ങൾചെയ്തു. 81

പാരാവാരത്തിൽനിന്നന്നലതിരകൾ കര-
യ്ക്കാക്കിയാറേ, യദൃച്ഛ-
യ്ക്കാരാൽക്കണ്ടെത്തിയാത്മാശ്രമമരിയ മതം-
ഗർഷിയാൽ നീതയായി,
നൈരാശ്യം വിട്ടു തദ്രക്ഷയിലവിടെ വസി-
ക്കുന്ന തൻകാന്ത താനാ-
ണാ രാജീവാക്ഷിയാളെന്നൃഷിസുതകൾ പറ-
ഞ്ഞങ്ങറിഞ്ഞൂ കുമാരൻ. 82

''നാനാ ദുഃഖങ്ങളേവം, സുദതി, ഭവതിയിൽ-
ച്ചേർത്തോരച്ചന്ദ്രസേനൻ-
താനാണീക്രൂരനെ''ന്നിപ്പടി ധൃതിയൊടവൻ
ഗദ്ഗദംപൂണ്ടുരയ്ക്കെ,
തേനാറാടുന്നൊരഭ്യോക്തിയില''ഹഹ, മമ
പ്രാണ—''യെന്നുള്ളലഞ്ഞാ
മീനാക്ഷിത്തയ്യൽ മോഹിച്ചുടനടി കണവൻ
കാട്ടിടും കയ്യിൽ വീണു. 83

ഓരാതേ കണ്ടുകിട്ടീടിന കദനപരി-
ക്ലാന്തയാം കാന്തയെക്കൈ-
ത്താരാൽത്താങ്ങിക്കുമാരൻ ശിശിരവിധികളാ-
ലാശ്വസിപ്പിച്ചിടുമ്പോൾ,
സ്സാരാനന്ദാദ്ഭുതം തേടിയ മുനിസുതമാ-
രോടു തദ്വാർത്തയെല്ലാം
നേരായ്ത്തോഴൻ പ്രഹർഷസ്ഖലിതമൊഴികളാൽ
സംഗ്രഹിച്ചങ്ങുരച്ചു: 84

81. സാകൂതം = അഭിപ്രായത്തോടുകൂടുംവണ്ണം. ഇശ്ശങ്ക = ഇവിടെയുള്ളപോലെയുള്ള ശങ്ക. തവ ശുഭം = അങ്ങേയ്ക്കു മംഗളം ഭവിക്കട്ടെ.

82. പാരാവാരം = സമുദ്രം. ആരാൽ = അരികിൽ. ആത്മാശ്രമം = തന്റെ ആശ്രമം. മതംഗർഷി = മതംഗനെന്ന മുനി. നീതം = പ്രാപിക്കപ്പെട്ടവൾ. നൈരാശ്യം = ഇനി ഭർത്തൃസമാഗമം ഉണ്ടാകുന്നതല്ല എന്നുള്ള നിരാശത. തദ്രക്ഷയിൽ = മതംഗമുനിയുടെ രക്ഷയിൽ.

83. അവൾ വീഴാൻ ഭാവിക്കുമ്പോഴേയ്ക്കും ചന്ദ്രസേനൻ കൈകാട്ടി.

84. കദനപരിക്ലാന്ത = പീഡകൾകൊണ്ടു ക്ഷീണിച്ചവൾ. ശിശിരവിധികൾ = ശീതോപചാരങ്ങൾ. തോഴൻ = സുബാഹു. പ്രഹർഷസ്ഖലിതമൊഴികൾ = സന്തോഷാധിക്യത്താൽ ഇടറിയ വാക്കുകൾ. സംഗ്രഹിച്ചു = ചുരുക്കി.

Digitized By Kerala Sahitya Akademi

"എന്നാലിദ്ദൈവയോഗം സപദി ജനകനെ—
ച്ചെന്നണത്തിക്ക നമ്മൾ—
ക്കെ''ന്നായ്ച്ചൊല്ലി മതംഗാത്മജയെയനസരി—
ച്ചാശ്രമത്തിങ്കലേക്കായ്,
തന്നാളീകാക്ഷിയാളും സചിവനമൊരുമി—
ച്ചാശു പോയാൻ, തനിക്കീ—
വന്നാനന്ദം ഭുജിപ്പാൻ പ്രിയസഖരവരി—
ല്പാഞ്ഞു മാഴ്കും കുമാരൻ. 85

ഇങ്ങനെ താരാവലീസമാഗമം പന്ത്രണ്ടാം സർഗ്ഗം

പതിമൂന്നാം സർഗ്ഗം

ആ രമ്യപ്പൊയ്ക വിട്ടൊട്ടുദൂരം പിന്നിട്ടവാറവൻ
സൈ്വരം കണ്ടാൻ, മതംഗർഷിവീരൻെറ വിമലാശ്രമം. 1

ഫലസമ്പത്തിനാൽ നമ്രനിലപൂണ്ടു ശാഖികൾ
പുലർത്തുന്നുണ്ടു പതിവായ്പ്പലജാതി ദ്വിജാളിയെ. 2

ഇടംതോറും മുനിവധൂഘടസ്തനപയസ്സിനാൽ
വിടപിത്തൈകളവിടെ സ്ഫുടമായ് വളരുന്നുതേ. 3

ആലവാലാംബുവെപ്പക്ഷിജാലപാനാവശേഷമേ
ബാലവൃക്ഷങ്ങളവിടെക്കാലംതോറും നുകർന്നിടൂ! 4

കേവലം മുനിമാർക്കു ദേവപൂജ നടത്തുവാൻ
ആവതോളം സുമൗഘത്തെയാവഹിക്കുന്നു വല്ലികൾ. 5

സരസം തത്ത്വമസ്യാദിവരസൂക്തങ്ങളങ്ങഹോ,
മരന്ദംപോലെ തൂകുന്നു മരപ്പൊത്താർന്ന തത്തകൾ. 6

---

85. ജനകനെ = അച്ഛനെ. മതംഗാത്മജ = മതംഗമഹർഷിയുടെ മകൾ. പ്രിയസഖരവർ = ജയപാലാദികൾ.

2. നമ്രനില = താണമട്ട്. ദ്വിജാളി = പക്ഷിഗണം, ബ്രാഹ്മണസമൂഹം. ഫലസമ്പത്തിൽ സർവസാധാരണമായ ഔദ്ധത്യം അവിടെ വൃക്ഷങ്ങൾക്കില്ലെന്നും, അവ വിനയത്തോടുകൂടി, അതിനെ (ഫലസമ്പത്തിനെ) ദ്വിജസംരക്ഷണത്തിന്നായി ഉപയോഗിക്കയാണു ചെയ്യുന്നതെന്നും പറഞ്ഞതുകൊണ്ടു് സ്ഥലമാഹാത്മ്യം ദ്യോതിക്കുന്നു.

3. പയസ്സിന്നു വെള്ളമെന്നും, പാലെന്നും അർത്ഥം. മുനിവധുക്കൾ ബാലവൃക്ഷങ്ങളെ, മക്കളെപ്പോലെ സ്നേഹിച്ചു പോററിവളർത്തുന്നു എന്നു ഭാവം.

4 ആലവാലാംബു = തടത്തിൽ ഒഴിക്കപ്പെടുന്ന വെള്ളം. അവിടെ ബാലവൃക്ഷങ്ങൾക്കുകൂടി നിർവ്യാജമായ ജീവകാരുണ്യവും മററുമുണ്ടെന്നു സാരം.

5 അവിടെ വല്ലികൾ പുഷ്പങ്ങളെ വഹിക്കുന്നതു്, മുനിമാർക്കു ദേവപൂജയ്ക്കു വേണ്ടി മാത്രമാണു്; വിഷയോപഭോഗങ്ങൾക്കായിട്ടല്ല.

6. മരന്ദം = പൂന്തേൻ. മഹർഷിമാർ ഉച്ചരിക്കുന്ന 'തത്ത്വമസ്യാ'ദി മഹാവാക്യങ്ങളെ തത്തകൾ കേട്ടു പഠിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

മുനിനല്ലാർ തനയരെത്തനിയേ താഴെവെച്ചഹോ,
കനിഞ്ഞു മടിയിൽച്ചേർത്തോമനിപ്പൂ മാൻകിടാങ്ങളെ. 7

പരിചിൽദ്ദർഭ, ചമത, വരി, കായ്കനിയെന്നിവ
ഭരിച്ചുകൊണ്ടന്യവനാൽത്തിരിച്ചെത്തിയ താപസർ, 8

സ്ഫുടം തദ്ദീപ്തിതൻ ചൊല്ക്കീഴടങ്ങിയ ഹുതാശനാൽ
അടവാർന്നെതിരേല്ക്കപ്പെട്ടുടജം പൂകിടുന്നതേ. (യുഗ്മകം) 9

ഓടൽക്കായ്കളിടിച്ചാസ്ഥയോടങ്ങശ്മതലത്തെയും
പാടവേ സ്നിഗ്ദ്ധമാക്കുന്നു കേടകന്ന തപസ്വികൾ. 10

നിയമീന്ദ്രജനത്തിന്റെ നിയമാപ്ലവനാദിയാൽ
പ്രയതസ്വച്ഛമാം തോയാശയമുണ്ടങ്ങതാതിടം. 11

വെയിലാറിടുകയാൽ, പർണ്ണശാലാങ്കണതലങ്ങളിൽ
ചേലാർന്ന ധാന്യങ്ങൾ ചിതംപോലായ്ക്കൂട്ടിയിരിപ്പതും, 12

മരത്തിൻ ചാഞ്ഞ കൊമ്പത്തും, വിരക്തമുനിമാരുടെ
കരംപോലാർദ്രമാം ചീരനിര തോരാൻ വിരിച്ചതും, 13

സയത്നം ശേഖരിച്ചീടും ക്രിയയ്ക്കുള്ള കുശങ്ങളും
സ്മയംപൂണ്ടൃഷിമാർ കാൺകെ സ്വയം മാനുകൾ തിന്മതും, 14

കുടത്തിനൊക്കുമകിടാലുടനേ പാൽ ചുരത്തിയും,
ഇടയ്ക്കുമ്പാരവം പൂണ്ടുമുടജംപുക്ക പൈക്കളെ 15

തൽക്കിടാങ്ങൾ മുദാ വാലും പൊക്കിപ്പാഞ്ഞണയുന്നതും
മുക്കി, രാജകുമാരന്റെ ദൃക്കിനെക്കൗതുകാബ്ധിയിൽ. (കുളകം) 16

ധൂമണംതിരളും ഹോമധൂമരാജിയെ നീളവേ
വ്യോമത്തിങ്കൽപ്പരത്തീടുമോമനത്തെന്നലേല്ക്കയാൽ, 17

---

7. താപസിമാർ മാൻകുട്ടികളെ മക്കളെക്കാളും അധികം സ്നേഹിക്കുന്നു.

8. അന്യവനാൽ = മറ്റൊരു കാട്ടിൽനിന്നും.

9. തദ്ദീപ്തി = താപസരുടെ തേജസ്സ്. ഹുതാശനൻ = അഗ്നി. അടവാർന്ന = അദൃശ്യനായി. ഉടജം = പർണ്ണശാല. മറ്റൊരേടത്തു പോയിട്ട് ആശ്രമത്തിൽ തിരിച്ചെത്തുന്ന ആഹിതാഗ്നികളെ, അഗ്നി, അദൃശ്യനായി എതിരേല്ക്കുമെന്നു വേദവാക്യമുണ്ട്.

10. അശ്മതലത്തെയും = പാറപ്പുറത്തെയും. രാഗദ്വേഷാദിരഹിതന്മാരായ തപസ്വികളുടെ പെരുമാററത്താൽ, അവിടെ പാറകൾകൂടി സ്നിഗ്ദ്ധങ്ങൾ (ദ്വേഷവർജ്ജിതങ്ങൾ) ആയിരിക്കുന്നു.

11. നിയമീന്ദ്രജനം = മുനിശ്രേഷ്ഠഗണം. നിയമാപ്ലവനം = നിത്യസ്നാനം. പ്രയതസ്വച്ഛം = ശുദ്ധവും നിർമ്മലവുമായിട്ടുള്ളത്.

12. അങ്കണതലങ്ങൾ = മുററങ്ങൾ. ധാന്യങ്ങൾ = വരിനെല്ലു മുതലായവ.

13. ആർദ്രം = നനഞ്ഞ, അലിവുള്ള. ചീരനിര = മരവുരിക്കൂട്ടം.

14. സ്മയം = പുഞ്ചിരി. മഹർഷിമാർക്കു മൃഗങ്ങളിലുള്ള വാത്സല്യാതിശയത്തെ കാണിച്ചിരിക്കുന്നു.

16. ദൃക്ക് = കണ്ണ്.

Digitized By Kerala Sahitya Akademi

ജനനാഥതനൂജനും, തനതിഷ്ടവയസ്യനും
വനംമാലാധവേ നീങ്ങിക്കനംവിട്ടതുപോലെയായ്. (യുഗ്മകം)

അചിരാലാശ്രമം പുക്ക സചിവാഢ്യകുമാരനെ
ഉചിതംപോലെ പൂജിച്ചു, ശുചിമാനസർ താപസർ. 19

ധൃതഹർഷമവൻ സന്ധ്യോചിതമായ വിധികൾമേൽ
മതംഗമുനിയെബ്ഭക്തിനതനായ്ച്ചെന്നു കണ്ടുതേ. 20

സുരീതിപിംഗളച്ഛായാധുരീണശ്രീജടാഭരം
നിരീഹരാജ്യസാമ്രാജ്യകിരീടംപോലെ ചൂടിയും, 21

ചീർത്ത വെണ്മയെഴും ഭസ്മം ചേർത്തണിഞ്ഞ വപുസ്സിനാൽ
മൂർത്തസത്ത്വഗുണഭ്രാന്തി പാർത്തവർക്കുളവാക്കിയും, 22

ചേലാർന്നിടും കൃഷ്ണമൃഗത്തോലാമൊരുടുചേലയാൽ
നീലാംബുദാവൃതപ്രസ്ഥകൈലാസരുചി കാട്ടിയും, 23

ഗൗരവക്ഷസ്സിലാരക്തചീരം ബന്ധിച്ചിരിക്കയാൽ
പാരമന്തിച്ചുകപ്പേററ ശാരദാഭ്രത്തിനൊത്തുമേ, 24

പവിത്രസൗമ്യാകൃതിയാൽ സുവിശ്വാസം വളർത്തിയും,
ചെവിമേൽത്തൂക്കിയ സിതച്ഛവിസ്ഫടികമാലയാൽ, 25

വിരിഞ്ഞു കണ്ണംവരെ നീണ്ടിരിക്കും കണ്ണിലൂടവേ
വരിഷ്ഠമാം ശാന്തരസം ചൊരിയും മോടി നേടിയും, 26

ശർമ്മദായിനിയാം തന്റെ ധർമ്മപത്നിയൊടൊത്തഹോ,
നിഷ്കലശ്രദ്ധ ചേരും സൽക്കർമ്മംപോലെ വിളങ്ങിയും, 27

വീരാസനത്തിൽ വാഴുന്നാധീരാത്മാവെസ്സുഖാവുമായ്
പേരാലപിച്ചു വന്ദിച്ചാൻ പേരാളിന നൃപാത്മജൻ. 28

---

19. അചിരാൽ = താമസിയാതെ.

21. സുരീ...ഭരം = നല്ലമട്ടിലുള്ള പിംഗളവർണ്ണത്തെ വഹിക്കുന്ന ജടാഭാരം. രീതി എന്നതിന്നു പിച്ചള എന്നും അർത്ഥമെടുക്കാം. നിരീ...രീടം = നിരീഹന്മാരുടെ (വിരക്തന്മാരുടെ) ചക്രവർത്തിത്വത്തിന്നു് ഉചിതമായ കിരീടം.

22. മൂർത്ത...ഭ്രാന്തി = ദേഹമെടുത്ത സത്ത്വഗുണമാണെന്ന ഭ്രമം. കവിസങ്കേതപ്രകാരം, സത്ത്വഗുണത്തിന്റെ നിറം വെളുപ്പാണു്. പാർത്തവർ = കാണികൾ.

23. നീലാം...രുചി = കാർമേഘങ്ങളാൽ ചുററപ്പെട്ട താഴ്വാരങ്ങളോടുകൂടിയ കൈലാസപർവ്വതത്തിന്റെ ശോഭ.

24. ഗൗരവക്ഷസ്സിൽ = ഭസ്മലേപനംകൊണ്ടു വെളുത്ത മാറിൽ. ആരക്തചീരം = ചുവന്ന മരവുരി. ശാരദാഭ്രം = ശരൽക്കാലത്തെ മേഘം.

25 സിത...ലയാൽ = വെളുത്തനിറത്തിലുള്ള സ്ഫടികമാലനിമിത്തം. മോക്ഷാർത്ഥികൾ സ്ഫടികമാലയാണു് മുഖ്യമായി ഉപയോഗിക്കുക.

26. വരിഷ്ഠം = ശ്രേഷ്ഠം.

27. ശർമ്മദായിനി = സുഖത്തെ കൊടുക്കുന്നവൾ.

28. യോഗശാസ്ത്രവർണ്ണിതങ്ങളായ പല ആസനങ്ങളിൽ (ഇരിപ്പുകളിൽ) ഒന്നാണു്, വീരാസനം. പേരാലപിച്ചു = ചന്ദ്രസേനോഹമഭിവാദയേ (ചന്ദ്രസേനനായ ഞാൻ വന്ദിക്കുന്നു), എന്നു പറഞ്ഞുകൊണ്ടു്.

Digitized By Kerala Sahitya Akademi

ജയദാശിസ്സിവന്നേകീ നിയമീന്ദ്രൻ, കളത്രവാൻ,
ജയന്തന്നൻപിലദിതിപ്രിയനെന്നകണക്കിനേ. (കുളകം) 29

അരുൾചെയ്തതുപോലെല്ലാമവരുമാ മുനിതന്നുടെ
തിരുമുമ്പിൽത്തൊഴുതുകൊണ്ടിരുന്നാർ പിന്നെയാസ്ഥയിൽ. 30

ഇന്ദ്രപൂജ്യൻ മുനിശ്രേഷ്ഠൻ, മന്ദ്രസൗമ്യസ്വനത്തിലായ്
ചന്ദ്രകാന്തിസ്മിതംപൂണ്ടു ചന്ദ്രസേനനൊടോതിനാൻ: 31

"അവനീന്ദ്രകുലോത്തംസ, തവ വൃത്താന്തമിപ്പൊഴേ
ഇവളെൻ പുത്രി, യമുന വിവരിച്ചിട്ടറിഞ്ഞു ഞാൻ. 32

വരുവാനല്ലതെ,ൻ വത്സ, വരുമെങ്ങനെയെങ്കിലും;
കരുതീട്ടുള്ളതോ, ഹർഷഗുരുവാമീസ്സമാഗമം? 33

എങ്ങു ദുസ്തരവാരാശി?—യെങ്ങു തീരാധിരോഹണം?
എങ്ങു ഹന്ത, വിശേഷിച്ചിത്തിങ്ങും മാലാർന്ന ബാലയാൾ? 34

പുഷ്ടസന്തോഷദം, പേർത്തും കഷ്ടപ്പെട്ടുളവാം സുഖം;
മൃഷ്ടഭോജ്യം വിശേഷിച്ചുമിഷ്ടമല്ലോ ക്ഷുധാർത്തിയിൽ. 35

ഒരുപോലിശ്ശുഭോദർക്കപുരുദുഃഖം ഭുജിക്കയാൽ
പെരുതൈക്യം കാട്ടി നിങ്ങളിരുപേർ, സദാധ്വവർ. 36

നന്നെ യോജിച്ച രണ്ടാളുമൊന്നെന്നാംമാറി,വണ്ണമേ
വന്നെത്തും സുഖദുഃഖങ്ങളെന്നെന്നും പങ്കുകൊള്ളുവിൻ! 37

ചിത്രസന്ദർശനത്താൽത്താനിത്രയുള്ളൊത്ത നിങ്ങളിൽ
പുത്ര, ദാമ്പത്യധർമ്മാസക്തിയെത്രയും പിഷ്ടപേഷണം. 38

എന്നാലാകുന്ന വേഗത്തിലിന്നാളീകാക്ഷിയെബ്ഭവാൻ
തന്നാട്ടിൽ കൊണ്ടുപോയ് വേൾക്ക; വന്നാലൊക്കില്ല താമസം. 39

ആ ലഗ്നംവരെ നിൻ വിശ്ലേഷാലസ്യത്തെസ്സഹിപ്പതും
ബാലയ്ക്കു സാദ്ധ്യമായല്ലോ; കാലംവൈകൊല്ല വീണ്ടുമേ. 40

ശിവരാമ, വിശേഷിച്ചുമിവളീ വന്യവൃത്തിയാൽ
അവശപ്പെട്ടിരിക്കുന്നു, നവപല്ലവഗാത്രിയാൾ. 41

29. ജയദാശിസ്സ് = ജയത്തെക്കൊടുക്കുന്ന ആശീർവാദം. കളത്രവാൻ = ഭാര്യാസഹിതൻ. അദിതിപ്രിയൻ = ഇന്ദ്രന്റെ പിതാവായ കശ്യപമുനി.

31. മന്ദ്രസൗമ്യസ്വരം = ഗംഭീരവും സൗമ്യവുമായ ഒച്ച. ചന്ദ്രകാന്തിസ്മിതം = ചന്ദ്രശ്രീപോലുള്ള പുഞ്ചിരി.

33. ഹർഷഗുരു = കനത്ത സന്തോഷത്തോടുകൂടിയതു്.

34. തീരാധിരോഹണം = കരകേറൽ.

35. മൃഷ്ടഭോജ്യം = വെടിപ്പുള്ള ഭക്ഷണസാധനം. ക്ഷുധാർത്തിയിൽ = വമ്പിച്ച വിശപ്പുള്ളസമയത്തു്.

36. ശുഭോ...ദുഃഖം = നല്ല ഭാവിയോടുകൂടിയ വലിയ ദുഃഖം. ഭുജിക്കയാൽ = അനുഭവിക്കനിമിത്തം. ഐക്യം = ഒരുമ.

40. വിശ്ലേഷാലസ്യം = വിരഹപീഡ.

41. വന്യവൃത്തി = ഫലമൂലാദികൾകൊണ്ടുള്ള ഉപജീവനം.

Digitized By Kerala Sahitya Akademi

പേലവാംഗിയുമായ് നാളെക്കാലത്തേ നടകൊണ്ടു നീ
മാലേറുംമാറളകപ്പക്കാലംബിക്ക ഗൃഹാശ്രമം. 42

ശരിക്കുവേളിക്കായ്ച്ചെന്ന വരിഷ്ഠശ്വശുരൻ തവ
പരിതാപാനുബന്ധാൽ വിട്ടിരിക്കില്ലിപ്പൊഴപ്പുറം! 43

വസുദത്തമഹാസേനവസുധേശ്വരർ സാമ്പ്രതം
സ്വസുതോദന്തമറിയാഞ്ഞുസ്വഖപ്പെട്ടിരിക്കയാം. 44

ആകയാലുടനേ ചെന്നു പുകണം തൻപുരത്തിൽ നീ;
ശോകമെന്നുള്ള, സന്താനശോകംപോലവിഷഹ്യമായ്? 45

ചേരരുള്ള ചൊറ്റുമഴലീ;—ത്താരാവലികണക്കിനേ
പാരാതെ നിങ്കലെത്തീട്ടും, നേരായ് മറ്റു വയസ്യതാം.'' 46

തുടർന്നിതോതിനാൻ, തെല്ലൊരിട മിണ്ടാതിരുന്നവൻ:
''കിടക്കുകിനി, രാവിപ്പോരാം സ്ഫുടം പാതി കഴിഞ്ഞുപോയ്. 47

വിടപിച്ചാത്തങ്ങടങ്ങായ.—ടങ്ങീ മൃഗപക്ഷികരം!
കടന്നുകൂടുന്നിതൊതൽക്കടശാന്തത നീളവേ. 48

ചലനം വിട്ടറങ്ങീടുമുലകിന്നേകസാക്ഷിയായ്
വിലസുന്നു, വിയന്മദ്ധ്യസ്ഥലത്തു കളിർതിങ്കളം.'' 49

നിറഞ്ഞു കനിവോടേവം പറഞ്ഞുതിഥിമുഖ്യരെ
ഉറങ്ങുവാനയച്ചാനാ മറയോർമണി മാമുനി. 50

ഓടലെണ്ണവിളക്കോട്ടക്കൂടവേ തോൽവിരിപ്പുകരം
കേടറ്റുചേർന്നൊരുടജ,മാടലററവർ പുകിനാർ. 51

മെത്തമേൽച്ചെന്നിരിപ്പായോരുത്തമശ്രീകുമാരനെ
ചിത്തം കുളിരുമാറീക്ഷിച്ചിത്തരം മന്ത്രി ചൊല്ലിനാൻ: 52

''ഹാ ഭാഗ്യം! സുപ്രസന്നങ്ങരം ഭൂഭാഗങ്ങരം, തവാധുനാ
സൗഭാഗ്യശാലിദയിതാലാഭാനന്ദം ഭവിക്കയാൽ. 53

---

42. പേലവം = കോമളം. ഗൃഹാശ്രമം ആലംബിക്ക = വേളികഴിക്കുക.

43. വിവാഹാത്ഥം സ്വല്ലലദ്വീപിലേക്കല്ലാ, അളകയിലേക്കുതന്നെയാണ് യാത്ര വേണ്ടതെന്നു പറഞ്ഞതിന്റെ കാരണം ഈ ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നു. മുൻ നിശ്ചയമനുസരിച്ച് വേളിക്കായി അളകയിൽ എത്തിയിരിക്കാവുന്ന നിന്റെ വരിഷ്ഠശ്വശുരൻ (വസുദത്തരാജാവ്). പരിതാപാനുബന്ധം = നിങ്ങരം രണ്ടുപേരുടെയും ഗതിയറിയാഞ്ഞിട്ടുള്ള ദുഃഖംനിമിത്തം ഇപ്പോരം അപ്പുറം (അളക) വിട്ടിരിക്കില്ല. (അളകയിൽനിന്നു തിരിച്ചു പോന്നിട്ടുണ്ടായിരിക്കില്ല.) അതിനാൽ അളകയിലേക്കുതന്നെയാണു നിങ്ങരം പോകേണ്ടതു്.

44. സ്വസുതോദന്തം = തങ്ങളുടെ മക്കളുടെ വൃത്തമാനം.

45. അവിഷഹ്യം = സഹിച്ചുകൂടാത്തതു്.

46. ചന്ദ്രസേനന്റെ മുഖത്തു മിത്രജനചിന്താജന്യമായ സന്താപം സ്ഫുരിച്ചു കണ്ടിട്ടു പറയുന്നു.

48. വിടപിച്ചാത്തു് = വൃക്ഷഗണം.

53. സുപ്രസന്നങ്ങരം = നന്നായി തെളിഞ്ഞവ. സൗഭാ...നന്ദം = സൗഭാഗ്യശാലിനിയായ പ്രിയയെ കിട്ടിയതുനിമിത്തമുള്ള ആനന്ദം.

Digitized By Kerala Sahitya Akademi

സുമുഖീശൂന്യമായുള്ള സത്കുലമണഞ്ഞിടാൻ
നമുക്കന്നിടയാക്കാത്ത സമുദ്രമുപകാരിതാൻ. 54

നാം തത്ര ചെന്നുചേർന്നെങ്കിൽക്കാന്തയില്ലാഞ്ഞയാൽബ് ഭവാൻ
ശാന്തം പാപം! വധുവിനെത്താൻതന്നേ താങ്ങിയീശ്വരൻ. 55

മുമ്മാസവും വിരഹമമ്മാ, ദേവിക്കസഹ്യമായ്;
ഇമ്മാതിരി മനസ്സംഗം നമ്മാൽ വിദിതപൂർവ്വമോ? 56

വേളിലഗ്നമുറപ്പാൻ പോയാളിതന്നോതിയെങ്കിലും,
കേളിത്ര പററും, തൊണ്ണൂറുനാളിടയെന്നതോർത്തിതോ?'' 57

ഇടയ്ക്കോതീ യുവനൃപൻ: ''കടലെങ്ങെ? ങ്ങൊരംഗന?
തടമേററിയതി,ത്തന്വിക്കടയോരാത്മശുദ്ധിതാൻ. 58

ഇവന്നൊട്ടല്ല മാലീ,യുത്സവത്തിൽപ്പങ്കുകൊള്ളുവാൻ
സവയസ്സുകളാം മാന്യരവരില്ലാഞ്ഞയാൽ സഖേ! 59

അവന്ധ്യവാക്കായ മുനിപ്രവരന്റെയനുഗ്രഹം
അവരേയും നമുക്കേകും ധ്രുവമെന്നോർത്തിടുന്നു ഞാൻ.'' 60

താരാവലീഗുണപ്രേമസാരാദ്യത്തെക്കുറിച്ചിവർ
നേരാസ്സുടർന്ന സല്ലാപം തീരാതാ, രാത്രി തീർന്നുപോയ്. 61

പ്രാതഃകാലത്തു, യമുനാതാതനായ മഹർഷിയെ,
സ്ഥിതശ്രീസൂര്യനെപ്പോലേ പ്രീതരായ്ച്ചെന്നു കുപ്പിനാർ. 62

ക്ഷാത്രശ്രീപോലെഴും പത്മനേത്രയൊത്തു കുമാരനെ
യാത്രയാക്കാൻ പ്രണീതാഗ്നിഹോത്രൻ മുനിയൊരുങ്ങിനാൻ. 63

പുരുഷോത്തമനോടാസ്സൽഗുരു താപസനിങ്ങനെ
അരുളിച്ചെയ്തു, വാത്സല്യകരുണാമസൃണാക്ഷരം: 64

---

54. സുമുഖീശൂന്യം = താരാവലി ഇല്ലാത്തതു്.

55. അന്നു്, മുറയ്ക്കു സത്കുലത്തിലെത്തിയെങ്കിൽ, കാന്താനാശദുഃഖം നിമിത്തം അങ്ങുന്നു നിശ്ചയമായും ആത്മഹത്യ ചെയ്യുമായിരുന്നു. അതിനൊന്നും സംഗതിവരാതെ വധുവിനെ (താരാവലിയെ) ഈശ്വരൻതാൻതന്നെ താങ്ങി (വൈധവ്യദുഃഖം നേരിടാതെ രക്ഷിച്ചു).

56. മനസ്സംഗം = അനുരാഗാതിശയം. വിദിതപൂർവ്വം = മുമ്പു് അറിയപ്പെട്ടതു്.

57. ഒമ്പതാംസർഗ്ഗത്തിലെ അമ്പത്താറാം ശ്ലോകം നോക്കുക.

58. തടം = കര.

59. സവയസ്സുകൾ = സഖാക്കൾ. അവർ = ജയപാലാദികൾ.

60. അവന്ധ്യവാക്കു് = വാക്കു പാഴാക്കാത്തവൻ.

61. താരാ...രാദ്യം = താരാവലിയുടെ ഗുണങ്ങൾ (ചാരിത്രാദികൾ) പ്രേമം, സാരം (സൗന്ദര്യം) മുതലായതു്.

62. സൂര്യനും യമുനാ(കാളിന്ദി)താതനാണല്ലോ.

63. ക്ഷാത്രശ്രീ = ക്ഷത്രിയലക്ഷ്മി. പ്രണീതാഗ്നിഹോത്രൻ = അഗ്നിഹോത്രം കഴിച്ചവൻ.

64. പുരുഷോത്തമൻ = പുരുഷശ്രേഷ്ഠൻ (ചന്ദ്രസേനൻ). വാത്സ...ക്ഷരം = വാത്സല്യം, ദയ ഇവകൊണ്ടു സ്നിഗ്ദ്ധങ്ങളായ അക്ഷരങ്ങളോടുകൂടുംവണ്ണം.

Digitized By Kerala Sahitya Akademi

''മാനവേശ്വരസൂനോ നിന്നാനന്ദദസമാഗമാൽ
ഞാനപ്രയാസമായ്ക്കന്യാദാനം സാധിച്ചു സാമ്പ്രതം! 65

വിമുഗ്ദ്ധഗാത്രി നിൻകാന്ത, നമുക്കന്നു യദൃച്ഛയാ
സമുദ്രം തന്ന മകളീ യമുനയ്ക്കുററ സോദരി. 66

ഈ രാജസുതയെസ്സിന്ധുതീരാലെന്നോ ലഭിച്ചു മേ;
നേരായന്നേമുതലിരുപേരായ് ഞങ്ങടെ പുത്രിമാർ. 67

മമാശയത്തെസ്സുതരാമമായപരിചര്യയാൽ
സമാവർജ്ജിച്ചിരിക്കുന്നു കുമാരി, കുലനന്ദിനി. 68

ഈ മാനിനി മമാപത്യപ്രേമായതനമാകയാൽ,
ശ്രീമാൻ നീ വസുദത്തനും ജാമാതാവിജ്ജനത്തിനും! 69

അനല്പമംഗളാശംസാധനത്തോടിക്കുമാരിയെ
നിനക്കിതാ, തന്നു, തപോധനർ ഞങ്ങൾ നൃപാത്മജ! 70

പാലനംചെയ്യുകങ്ങുന്നീബ്ബാലയെബ്ബഹുസൗഖ്യമായ്,
കാലത്താൽക്കൈവരും ഭ്രൂവപ്പോലവേ പുരുഷർഷഭ.'' 71

''ആരാൽ വരിക, മൽപുത്രി, താരാവലി, സുലോചനേ!
താരായ്പ്പോരും മുഖം കണ്ണുനീരാൽക്കലുഷമാക്കൊലാ! 72

അനഘേ, നിൻ വിരഹമീ വനവാസിമുനിക്കുമേ
ഘനസന്താപദം; ബന്ധുജനത്തിൻ കഥയെന്തിനി? 73

ചെന്നാത്മബാന്ധവക്കെല്ലാം നന്നായാശ്വാസമേകി നീ
തന്നാഥാനുഗയായ് മന്നിലൊന്നാം ഗൃഹിണിയാകെടോ! 74

---

65. അപ്രയാസം = ആയാസംകൂടാതെ. കന്യാദാനം = പെൺകൊട.

66. താരാവലിയെ വിവാഹം കഴിച്ചുകൊടുക്കുന്നതിൽ ഞാൻ ഇവളുടെ അച്ഛനെപ്പോലെത്തന്നെ ചുമതലക്കാരനായിത്തീർന്നിരിക്കുന്നു എന്നഭിപ്രായം.

68. മമ = എന്റെ. ആശയത്തെ = മനസ്സിനെ. സുതരാം = ഏററവും. സമാവർജ്ജിക്കുക = ആകർഷിക്കുക.

69. അപ...തനം = സന്താനസ്നേഹത്തിനു് ഇരിപ്പിടം. ജാമാതാവു് = പുത്രീഭർത്താവു്.

70. തപോധനന്മാരായ ഞങ്ങൾ മംഗളാശംസയാകുന്ന ധനമല്ലാതെ മറെറന്തു സ്ത്രീധനം തരുവാൻ ശക്തരാകും? എന്നു സാരം.

71. കാലത്താൽ = കാലക്രമേണ. ഭ്രുവു് = ഭൂമി.

72. പ്രിയസമാഗമത്താൽ പ്രഹർഷിതയാണെങ്കിലും ഏറെനാളത്തെ പരിചയംകൊണ്ടു സ്വന്തം ഭവനംപോലെയായിത്തീർന്ന ആശ്രമത്തെ വിട്ടുപോകുന്നതിൽ നിർവ്യാജമായ വ്യസനംകൊണ്ടു പര്യാകുലയായ താരാവലിയോടു പറയുന്നു.

73. ഘനസന്താപദം = കനത്ത ദുഃഖത്തെ കൊടുക്കുന്നതു്.

74. ആത്മബാന്ധവർ = സ്വന്തം ബന്ധുക്കൾ. തന്നാഥാനുഗ = തന്റെ ഭർത്താവിനെ അനുസരിക്കുന്നവൾ. ഒന്നാം ഗൃഹിണി = ഒന്നാംതരം ഭാര്യ.

Digitized By Kerala Sahitya Akademi

ഇതാ, നിന്നെസ്സമർപ്പിച്ചേൻ രത്നാത്മാവാം വരങ്കൽ ഞാൻ
കൃതാർത്ഥനാ,യാഹുതിയെ ഹുതാശങ്കൽക്കണക്കിനേ. 75

അപത്യരത്നപ്രസവാൽ സ്വപതിക്കേറ്റമിഷ്ടയായ്
ഉപശോഭിക്ക നീ, ഭാവിസപത്നി മഹിപോലവേ!'' 76

അകം കനിഞ്ഞേവമോതിസ്സകളത്രനൃപേശ്വരൻ
മികവോടെ പുണർന്നേറ്റം മുകർന്നാൻ മൂർദ്ധ്നി മുഗ്ദ്ധയെ. 77

ജഗതീശാത്മജൻ ഹർഷാൽ സഗദ്ഗദമിതോതിനാൻ:
''സുഗതിക്കർഹരായ് ഞങ്ങൾ, ഭഗവൻ, ത്വദനുഗ്രഹാൽ. 78

ലോകബന്ധോ, ഭവൽപുണ്യാലോകം സിദ്ധിച്ചമാത്രയിൽ
ഹാ കരൾക്കിരുളാം ബന്ധുശോകം നീങ്ങിത്തെളിഞ്ഞു ഞാൻ. 79

ചിരാൽ സഫലമായ,സ്മൽപുരാണസുകൃതദ്രുമം;
ദുരാപം മേ ലഭിച്ചല്ലോ പരാർദ്ധ്യത്വദവലോകനം. 80

താവകാനുഗ്രഹാൽ പോയ ജീവനെക്കൂടി നേടി ഞാൻ;
ഈ വരാരോഹയാലല്ലോ, കേവലം മമ ജീവിതം. 81

ദാനത്തിൽ മീതെയാം പ്രാണദാനത്തെച്ചെയ്ത ധന്യനിൽ
സാനന്ദം പകരം ചെയ്‌വാൻ വാനവേന്ദ്രന്നുമാവതോ? 82

വിശേഷിച്ചും, ഭവാന്മാരിങ്ങശേഷാശയുമറ്റവർ,
കൃശേതരതപസ്സിദ്ധിവിശേഷങ്ങൾ തികഞ്ഞവർ. 83

അഥവാ, പ്രത്യുപകൃതികഥയെങ്ങിങ്ങ്? നിങ്ങളിൽ
പ്രഥമാനം, ജഗത്താപവ്യഥ പോക്കൽ ഘനവ്രതം. 84

---

75. ആഹുതി = ഹവിസ്സ്.

76. അപ...സവാൽ = സന്താനങ്ങളാകുന്ന രത്നങ്ങളെ ജനിപ്പിക്കുന്നതു നിമിത്തം. സ്വപതി = തന്റെ ഭർത്താവ്. ഭാവിസപത്നി = മേലിൽ സപത്നിയായിത്തീരുന്ന.

78. ജഗതീശാത്മജൻ = രാജപുത്രൻ.

79. ലോകബന്ധുവിന്റെ (സൂര്യന്റെ) ആലോകം (പ്രകാശം) ഇരുളിനെ അകറ്റുന്നതാണല്ലോ.

80. അസ്മൽ...ദ്രുമം = ഞങ്ങളുടെ പൂർവ്വപുണ്യമാകുന്ന വൃക്ഷം. ദുരാപം = ദുർല്ലഭം. പര...കനം = ശ്രേഷ്ഠമായ നിന്തിരുവടിയുടെ ദർശനം.

81. വരാരോഹ = സുന്ദരി.

82. ദാനത്തിൽ = എല്ലാദാനങ്ങളിലുംവെച്ച്.

83. കഴിയുന്ന പ്രത്യുപകാരം ചെയ്യാമെന്നു വെയ്ക്കുകയാണെങ്കിലോ, നിങ്ങൾ തീരെ നിസ്സ്പൃഹന്മാർ; പോരെങ്കിൽ? വല്ല ആഗ്രഹവും ഉണ്ടായിവന്നാൽ അതിനെ ഉടനടി നിറവേറ്റുവാൻ വേണ്ടുന്ന തപസ്സിദ്ധികളെല്ലാം ഉള്ളവരും.

84. അല്ലെങ്കിൽ, ഇവിടെ പ്രത്യുപകാരം എന്ന ശബ്ദമേ ഉപയോഗിക്കേണ്ടതില്ല. മേഘം വർഷംകൊണ്ടു ലോകസന്താപത്തെ നീക്കുന്നതു പ്രത്യുപകാരത്തെ ഇച്ഛിച്ചിട്ടല്ലല്ലോ. ഘനവ്രതം എന്നതിന്നു കനത്ത വ്രതമെന്നും, മേഘത്തിന്റെ മട്ട് എന്നും അർത്ഥമെടുക്കണം. പ്രഥമാനം = പ്രസിദ്ധം.

Digitized By Kerala Sahitya Akademi

സ്പൃഹകൂടാതെ, ലോകാനുഗ്രഹമേ കരുതിസ്സദാ
ബൃഹൽകർമ്മമനുഷ്ഠിപ്പു മഹർഷികൾ, ഭവാദൃശർ. 85

പാവനക്രിയരാം നിങ്ങൾ പാവകങ്കൽ വിധിപ്പടി
ആവർജ്ജിക്കും ഹവിസ്സല്ലോ, ജീവനം പാരിനൊക്കെയും. 86

താത, ഗാർഹസ്ഥ്യമെന്നോതും നൂതനാശ്രമമങ്ങയാൽ
നീതരാം ഞങ്ങളാം, മംഗല്യശ്രീതഴച്ച വധൂവരർ. 87

ബാലർ ഞങ്ങൾക്കു ധർമ്മൈകമൂലമാമീഗ്ഗൃഹാശ്രമം
മാലററു പോററുവാനേറോരാലംബം ഭവദനുഗ്രഹം.'' 88

പറഞ്ഞാൻ താപസൻ: ''നിനിപ്പുറപ്പെട്ടുക, വത്സരേ!
മുററു സർവശ്രേയസ്സും നിറഞ്ഞീടട്ടെ നിങ്ങളിൽ. 89

യമുനേ, കൺ നിറയ്ക്കായ്കീസ്സുമുഹൂർത്തത്തിൽ; നിൻസഖി
വിമുക്തക്ലേശയായെന്നു നമുക്കിങ്ങാശംസിച്ചിടാം!'' 90

ഉരുവെ, ത്തോഴിതൻ തോളം ചേർത്തിരുന്ന ഭുജവല്ലിയാൽ
പുരുബാഷ്പം പുണർന്നോതീ പുരുഷാധീശപുത്രിയും: 91

''ഹാ, താത, ഞാനെങ്ങനെയീപ്പുണ്യാശ്രമപദത്തെയും
ഏതാദൃക്സഖിമാരേയും വീതാതങ്കം വെടിഞ്ഞുപോം? 92

നിരാലംബനയാമെന്നെച്ചിരാൽക്കാത്ത ഭവാനുടെ
വരാശ്രമമിതെൻ, ദേശാന്തരാപ്തപിതൃമന്ദിരം. 93

ഹാ, വത്സലേ, മജ്ജനനി, കൈവന്നീടുന്നതെന്നിനി,
പാവനം പുണ്യലഭ്യം മേ ഭവൽകപാദദർശനം?'' 94

സ്ഫുരദ്വാത്സല്യമിടർപൂണ്ടുരച്ചു മുനിപത്നിയും:
''കരഞ്ഞീടായ്കു, മകളേ, കരളിൽദ്ധൈര്യമേല്ക്കു നീ. 95

---

85. ബൃഹൽകർമ്മം = വലിയ കർമ്മം.

86. ജീവനം = ഉപജീവനദ്രവ്യം, വെള്ളം. മഹർഷിമാർ അഗ്നിയിൽ ഹോമിക്കുന്ന ഹവിസ്സാണ് മഴയുടെ ആദികാരണമെന്നു മനു പറഞ്ഞിരിക്കുന്നു:

''അഗ്നൗ പ്രാസ്താഹുതിസ്സമ്യഗാദിത്യമുപതിഷ്ഠതേ।
ആദിത്യാജ്ജായതേ വൃഷ്ടിർവൃഷ്ടേരന്നം തതഃ പ്രജാഃ''

87. നീതർ = പ്രാപിപ്പിക്കപ്പെട്ടവർ.

88. ബ്രഹ്മചര്യം, വാനപ്രസ്ഥം, സന്ന്യാസം എന്നീ മൂന്ന് ആശ്രമങ്ങളിൽ വർത്തിക്കുന്നവരും ഗൃഹസ്ഥാശ്രമികളെ ആശ്രയിച്ചാണല്ലോ, സ്വസ്വധർമ്മത്തെ അനുഷ്ഠിക്കുന്നതു"; അതിനെ സൂചിപ്പിപ്പാനാണ്, ഗൃഹസ്ഥാശ്രമത്തിനു ധർമ്മൈകമൂലം എന്ന വിശേഷണം.

90. വിമുക്തക്ലേശ = കഷ്ടപ്പാടൊഴിഞ്ഞവൾ.

91. തോഴി = യമുന. പുരുബാഷ്പം = ഏറെക്കണ്ണീരോടുകൂടുംവണ്ണം. പുരു... പുത്രി = രാജപുത്രി (താരാവലി).

92. വീതാതങ്കം = സങ്കടംകൂടാതെ.

93. ദേശാ...ന്ദിരം = അച്ഛന്റെ മറെറാരുഭാഗത്തുള്ള ഗൃഹം.

Digitized By Kerala Sahitya Akademi

ഇളമ്പുല്ലേകി നീതന്നേ വളർത്തും മാൻകിടാവിതാ,
തളർന്ന നിന്നെ നോക്കുന്നി,തിളകം നീണ്ട കണ്ണിനാൽ. 96

ചേലഞ്ചുമീക്കൊച്ചുമൃഗത്താലല്ലോ ശീലമാക്കി നീ,
കാലത്താൽ വേണ്ടിവരുമാബ്ബാലലാളനശൈലികൾ. 97

ക്ഷിതി നിൻപുത്രനാൽ രാജന്വതിയായ്ത്തീർന്നതിന്നുമേൽ
ഇതികളെത്താം വീണ്ടും തേ, പതിയൊത്തു തപസ്വിനിയായ്. 98

ധാതാവു സദയം തന്ന നേതാവോടൊരുമിച്ചിനി
സ്ഥിതാദരമനുഷ്ഠിക്ക വൈതാനാഗ്നിപ്രദക്ഷിണം.'' 99

വരഷിചൊന്നാൻ: ''ശോഭിപ്പു വരനായ്ച്ചേർന്ന സാദ്ധ്വി നീ,
സ്വരഓങ്കാരയാം പഞ്ചാക്ഷരവിദ്യകണക്കിനേ. 100

നവഹർഷന്തനാണങ്ങുന്നി;—വളന്യശകുന്തള:
തവ ഞാനിവളെത്തന്നു ഭുവനേ കണ്വതുല്യനായ്! 101

ഭൂപസൂനുക്കളേ, യുഷ്മദ്ദ്രൂപസൃഷ്ടിപരിശ്രമം
ശ്രീപത്മജന്നുമിപ്പോഴത്താപസിക്കുമമോഘമായ്.'' 102

ജ്വലന്മഹസ്സാം വൈതാനാനലനെപ്പോലപ്രഷീന്ദ്രനെ
വലത്തുവെച്ചു വന്ദിച്ചാർ പലവട്ടം വധൂവരർ. 103

''സാഹചര്യാൽ സതി വൃഷവാഹനനഗജപോലവേ
സ്നേഹമേന്തും പ്രിയനർദ്ധദേഹമായ്ത്താൻ ഭവിക്ക നീ!'' 104

''സാരജ്ഞരായ സചിവന്മാരശേഷരുമൊത്തിനി,
വീരസൂവാം പ്രിയയുമായ് വീര, സാമ്രാജ്യമേല്ക്ക നീ!'' 105

---

97. ബാല...ലികൾ = കുട്ടികളെ ലാളിക്കുന്ന രീതികൾ.

98. രാജന്വതി = നല്ല രാജാവോടുകൂടിയതു്. യുവാവായ പുത്രനെ രാജ്യത്തിൽ വാഴിച്ചു തങ്ങൾ തപോവനത്തെ ആശ്രയിക്കുക എന്നതും ക്ഷത്രിയരാജാക്കന്മാരുടെ സമ്പ്രദായങ്ങളല്ലോ.

99. ധാതാവ് = ദൈവം. നേതാവ് = നായകൻ (ഭർത്താവ്). വൈതാ...ക്ഷിണം = അപ്പോൾ ഉജ്ജ്വലിപ്പിക്കപ്പെട്ട യജ്ഞാഗ്നികളെ വലംവെയ്ക്കുക.

100. സ്വരഓങ്കാരം = സ്വരത്തായ പ്രണവത്തോടുകൂടിയതു്. പഞ്ചാക്ഷരവിദ്യ = നമശ്ശിവായ എന്ന മന്ത്രം. രണ്ടുപേരും ഒന്നിച്ച് അഗ്നിപ്രദക്ഷിണം ചെയ്യുമ്പോഴാണ്, മുനി ഇപ്രകാരം പറഞ്ഞതു്.

101. ഈ ശ്ലോകംകൊണ്ടു കവി സ്വയം സമ്മതിച്ചതായി വിചാരിക്കാവുന്ന 'ശകുന്തള' ചതുർത്ഥാങ്കച്ഛായാപഹരണം ഇവിടെ സ്വല്പംമാത്രമേ ഉള്ളുവെന്നും സന്ദർഭസാമ്യമാണ് പ്രധാനമായി ശകുന്തളാപ്രസ്ഥാപനത്തെ അനുസ്മരിപ്പിക്കുന്നതു് എന്നും കുറെ സൂക്ഷ്മമായി നോക്കിയാൽ അറിയാവുന്നതാണ്.

102. താപസി (കാത്യായനി) ചെയ്ത രൂപസൃഷ്ടിപരിശ്രമം ഛായാചിത്രനിർമ്മാണംതന്നെ.

103. അഗ്നിപ്രദക്ഷിണാനന്തരം സദാരനായ മുനിയെയും വലത്തുവെച്ചു വന്ദിച്ചു.

104. സാഹചര്യാൽ = സഹധർമ്മാനുഷ്ഠാനംനിമിത്തം. വൃഷവാഹനൻ = ശിവൻ. അഗജ = പാർവ്വതി. ഇതു് ആശിസ്സുമാണ്, ഉപദേശവുമാണ്.

105. വീരസൂ = വീരരെ പ്രസവിക്കുന്നവൾ.

Digitized By Kerala Sahitya Akademi

കവിഞ്ഞനുഗ്രഹിച്ചേവം വനിതാവരരെ ക്രമാൽ,
'ഇനിപ്പുറപ്പെടാ'മെന്നാർ മുനിദമ്പതിമാരവർ. 106

''അന്യന്റെ ധനമായുള്ള കന്യയെക്കാത്തനേകി ഞാൻ
ധന്യ, നിർവൃതനായ്ത്തീർന്നു സന്ന്യസ്തഭരനാകയാൽ. 107

നീ താൻ, സുബാഹോ, ദാമ്പത്യശ്രീതാവുന്നൊരിവക്കിനി
ത്രാതാവു മാഗ്ഗേ; സൗമിത്രി സീതാരാമക്കുപോലവേ.'' 108

തെല്പിടം തദനു പിന്തുടന്നു, പഥി മന്ത്രി-
യോടു പലതീവിധം
ചൊല്ലി, നൂറുരുവണച്ചു പൂണ്ടു മുനി യാത്ര-
യാക്കിയ കുമാരകർ,
പുല്ലിനെബ്ഭുത, വെടിഞ്ഞു മാനിണകാം നോക്കി
നില്ക്കു, മയിലിന്റെ നൽ-
ച്ചൊല്ലിയാട്ടവുമൊഴിഞ്ഞൊരാശ്രമപദത്തെ
വിട്ടു നടകൊാകയായ്. 109

ഇങ്ങനെ മതംഗമുനിസമാഗമം പതിമൂന്നാം സർഗ്ഗം

പതിനാലാം സർഗ്ഗം

കർമ്മകോവിദസുഹൃത്സഹായനാ
നിർമ്മലൻ നൃപസുതൻ സദാരനായ്,
ശർമ്മമോട,രഹിതാത്ഥകാമമാം
ധർമ്മമെന്നപടി യാത്രചെയ്തുതേ. 1

കോമളാംഗി സചിവാനുഗാമിയാ-
മാ മണാളനൊടുകൂടെ മിന്നിനാം;
പ്രേമമാന്ന മധു മുൻനടന്നിടും
കാമനൊത്തു രതിദേവിപോലവേ. 2

---

107. സന്ന്യസ്തഭരൻ = ഭാരമൊഴിച്ചവൻ.

108. ത്രാതാവ് = രക്ഷിതാവ്. ദമ്പതിമാർ മിഥസ്സമാഗമഹർഷത്താൽ മതിമറന്നവരായിരിക്കുമെന്നു കണ്ടിട്ടാണ്, വാത്സല്യശാലിയായ മുനി മന്ത്രിയെ രക്ഷാകർമ്മത്തിൽ പ്രത്യേകിച്ചും ജാഗരൂകനാക്കുന്നതു്.

109. പഥി = അനുയാത്രചെയ്യുന്ന വഴിക്കുവെച്ച്. കുമാരകർ = താരാവലീചന്ദ്രസേന സുബാഹുക്കൾ.

1. കർമ്മ...ഹായൻ = എന്തിനും സാമർത്ഥ്യമുള്ള സുഹൃത്തോടു (സുബാഹുവോടു)കൂടിയവൻ. ശർമ്മം = സുഖം. അര...കാമം = അർത്ഥകാമങ്ങളോടുചേന്നതു്.

2. മധു = വസന്തം. മന്ത്രി മുമ്പിലും, വധൂവരന്മാർ ഒന്നിച്ചും ആയി നടന്നുകൊണ്ടാണ്, ഇവരുടെ യാത്ര.

Digitized By Kerala Sahitya Akademi

പ്രായശസ്സ്വമുഖലഗ്നദൃഷ്ടിയാം
നായകന്റെ മുഖമിച്ഛപോലവേ
ആയതാക്ഷിമൃനയാൽ നകർന്നിടാ-
നായവാൾക്ക തടവായി ലജ്ജയാൽ. 3

വല്ലഭൻ സചിവനൊത്തു ലീലയാ
സല്ലപിപ്പളവിടങ്ങിടങ്ങതിൽ
മല്ലമഞ്ജുമുഖി ലജ്ജതാന്തമായ്
മല്ലടിച്ചു ലഘു പങ്കുകൊണ്ടതേ. 4

ദൈവലംഭിതമിഥസ്സമാഗമാൽ-
ക്കൈവെളർന്ന ഹൃദയോത്സവത്തിലും
ഭാവഭേദമുളവാ,യിടങ്ങിട-
ങ്ങാ വധൂവരരിൽ മിത്രചിന്തയാൽ. 5

ദൂരദുർഗ്ഗമവനാന്തമാർഗ്ഗസ-
ഞ്ചാരഖിന്നതരയാം കൃശാംഗിയെ
പാരമുൾക്കനിവൊടൊത്തു പാർത്തുകൊ-
ണ്ടാ രസേന്ദ്രസുതനേവമോതിനാൻ: 6

''പൂവു പോലുമറിയാതെ തട്ടിയാൽ
നോവു,മത്ര മൃദുവായ നിൻ പദം,
ആവു, മൂത്ത ചരൽ മുള്ളിതൊക്കെയും
താവുമിപ്പഥി പതിപ്പതെങ്ങനെ! 7

മല്ലികാക്ഷഗമനേ,തവാധുനാ
നല്ലിളന്തളിർതൊഴുന്ന കാലിനാൽ
കല്ലിലിപ്പടി നടപ്പതിന്നു ഞാ-
നല്ലി, സംഗതിവരുത്തി നിർദ്ദയൻ! 8

നിൻ കഴൽത്തളിർ മുറിപ്പെടുത്തുവാൻ
ശങ്കയററ ശഠരിണ്ടു രണ്ടുപേർ:
തിങ്കൾബിംബമുഖി, ഞാനു,മാസ്സുര-
സ്സിങ്കലാണ്ടു കടികൊണ്ട നക്രവും. 9

---

3. പ്രായശഃ = മിക്കപ്പോഴും. സ്വമു...ദൃഷ്ടി = തന്റെ മുഖത്തു പതിഞ്ഞ കണ്ണുകളോടുകൂടിയവൻ.

4. ലീലയാ = കളിയായി. ലജ്ജതാന്തമായ് മല്ലടിച്ചു = പണിപ്പെട്ടു ലജ്ജയെ കുറഞ്ഞൊന്നു കീഴൊതുക്കി. ലഘു = സ്വല്പമായി.

5. ദൈവ...ഗമാൽ-ദൈവത്താൽ നല്കപ്പെട്ട അന്യോന്യസമാഗമം ഹേതുവായി. മിത്രചിന്ത = സുഹൃജ്ജനങ്ങളെപ്പററിയുള്ള വിചാരം.

6. ദൂര...തര = അതിദീർഘഘടമായ കാട്ടുവഴിക്കുള്ള സഞ്ചാരംകൊണ്ടുതന്നെ തളർന്നവൾ. രസേന്ദ്രസുതൻ = രാജകുമാരൻ. രസാ ഭൂപര്യായമാകുന്നു.

8. മല്ലികാക്ഷം = ഹംസം.

Digitized By Kerala Sahitya Akademi

ഹാ, വിരുദ്ധവിധികല്പിതത്തിനാ—
ലാ, വിവാഹവിധികാംക്ഷമുന്നമേ
പൂവിനൊത്ത മൃദു നിൻപദാന്ത,മെൻ—
ജീവിതേശി, കടുകല്ലിലേററി ഞാൻ! 10

സ്വല്പമല്ല സുകൃതങ്ങൾ ചെയ്തതീ—
കല്ലറമ്പതികഠോരമാകിലും:
ഉൽപലാക്ഷി മണിമന്ദിരാർഹമീ
ത്വൽപദം തൊടലധന്യലഭ്യമോ? 11

പാദചംക്രമപരിശ്രമോദിത—
സ്വേദബിന്ദു ചിതറുന്ന നിൻമുഖം
വേദനാകരമെനിക്കഹോ, തുഷാ—
രോദകാർദ്രകമലംകണക്കിനേ. 12

മുത്തണിഞ്ഞവിധമായി, ത്തുവിയ—
ർപ്പൊത്ത നിൻ തനു തളർന്നിരിക്കലും
മത്തകാശിനി, മനോജ്ഞവസ്തുവി—
നുത്തമദ്യുതികരം വികാരവും! 13

ഹാ, കടുംപവനനേററു പിമ്പുറ—
ത്തേകവേണി, ഘനദീർഘവേണി, തേ
ആകമാനമുലയുന്നിതാ, സതീ—
ലോകനിർജ്ജയപതാകപോലവേ. 14

വല്ലവണ്ണവു,മിവന്റെ ജീവിതം,
വല്ലഭേ, വിജയപൂർണ്ണമാകുവാൻ
അല്ലലേററനുസരിപ്പതോർക്കിലൊ—
ട്ടല്ലഹോ, തവ മനസ്വിനീഗുണം! 15

---

10. വരൻ വധുവിന്റെ കാൽകൊണ്ടു കല്ലു ചവിട്ടിക്കുക എന്നതു വേളിച്ചടങ്ങുകളിൽ ഒന്നാകുന്നു.

11. മണിമന്ദിരാർഹം = രത്നമയങ്ങളായ ഗൃഹങ്ങളിൽ സഞ്ചരിക്കത്തക്കതു്. അധന്യലഭ്യം = സുകൃതമില്ലാത്തവർക്കു കിട്ടാവുന്നതു്.

12. പാദ...ബിന്ദു = കാൽനടയായുള്ള തളർച്ചകൊണ്ടുണ്ടായ വിയർപ്പുതുള്ളി. വേദനാകരം = ദുഃഖകരം. തുഷാ...കലം = മഞ്ഞുവെള്ളംകൊണ്ടു നനഞ്ഞ താമരപ്പൂവു്.

13. ഉത്തമദ്യുതികരം = മേത്തരം ശോഭയെ ഉണ്ടാക്കുന്നതു്. വികാരം = പ്രകൃതിഭേദം.

14. ഏകവേണി = ഒന്നായി മെടഞ്ഞിട്ട തലമുടി. സതീ...താക = പതിവ്രതാജനങ്ങളെയെല്ലാം ജയിച്ചതിന്നു് അടയാളമായ കൊടിക്കൂറ. സാധ്വിമാർ ഭർത്തൃവിരഹത്തിൽ തലമുടി ചീകുകയുംമററും ചെയ്യാതെ ഒന്നായി മെടഞ്ഞിടുന്നതു സാധാരണമാണു്.

15. മനസ്വിനീഗുണം = വിശാലഹൃദയത.

Digitized By Kerala Sahitya Akademi

അദ്യ സൽഗുരുവിൽനിന്നു നീ, മഹാ
വിദ്യപോലെ മമ ലബ്ധയാകയാൽ,
ഹൃദ്യരൂപിണി, ഹൃദന്ധകാരമ-
റ്റു,ദ്യദൂർദ്ധ്വഗതിയായ്ച്ചമഞ്ഞു ഞാൻ!'' 16

പ്രേമശക്തി പറവാൻ തിടുക്കിയും,
വാമലജ്ജയഥ വായ പൊത്തിയും,
കാമമാകുലത ചേർത്ത മുഗ്ദ്ധയും
കോമളസ്വരമുരച്ചിതിങ്ങനെ: 17

''സങ്കടത്തിനു, ഭവത്സനാഥയാ-
മെങ്കലിന്നിയവകാശമെങ്ങുവാൻ?
തിങ്കൾ വന്നു വിലസുന്ന വാറിരുൾ-
പ്പങ്കസംഗതി നിശയ്ക്കുദിക്കുമോ? 18

അല്ലലെങ്ങനെയടുക്കു,മങ്ങയാം
നല്ല നാഥനൊടു ചേർന്ന ധന്യരിൽ?
വല്ലഭ, ത്വദനുവർത്തനങ്ങളിൽ-
പ്പല്ലവം, മമ പരുത്ത പാറയും. 19

നാകവും നരകസന്നിഭം, ത്വദാ-
ലോകനോത്സവമിയന്നിടായ്കിൽ മേ;
സാകമങ്ങയൊടു വാഴ്വതാകിലോ,
ഭീകരോഗ്രവനവും മണീഗൃഹം. 20

ഹാ, ജഗത്തിതു മനോജ്ഞമായി മേ,
പൂജനോചിതഭവൽപദാപ്തിയാൽ;
നൈജഭർത്തൃസഹചര്യയല്ലയോ,
സ്ത്രീജനത്തിനൊരു പാവനോത്സവം? 21

---

16. ഹൃദന്ധകാരം = ഉള്ളിലെ ഇരുട്ട്, (ദുഃഖം, അജ്ഞാനം). ഉദ്യദൂർദ്ധ്വഗതി = അഭ്യുന്നതി ഉണ്ടായിവരുന്നവൻ.

17. വാമലജ്ജ = വാമ (പ്രതികൂല, അല്ലെങ്കിൽ ഭംഗിയുള്ളത്) ആയ ലജ്ജ. കാമം = ഏറ്റവും. ലജ്ജയെ പണിപ്പെട്ട് അടക്കി, പ്രേമാതിശയത്തോടുകൂടി മറുപടി പറഞ്ഞു എന്നു സാരം.

18. ഭവത്സനാഥ = അങ്ങയെക്കൊണ്ടു നാഥനുള്ളവൾ. (നാഥനായ ഭവാനെ പ്രാപിച്ചവൾ) ഇരുൾ...ഗതി = ഇരുട്ടാകുന്ന പങ്കത്തിന്റെ (മാലിന്യത്തിന്റെ) ചേർച്ച.

19. ത്വദനുവർത്തനങ്ങളിൽ = അങ്ങയെ അനുസരിക്കുമ്പോൾ. പല്ലവം എന്നതിനു തളിർപോലെ മൃദുലമെന്നു താൽപര്യം.

20 നാകം = സ്വർഗ്ഗം. ത്വദാ...ത്സവം = അങ്ങയെ കാണുക എന്ന ഉത്സവം. സാകം = കൂടി. ഭീകരോഗ്രവനം = ഭയങ്കരമായ കൊടുങ്കാട്.

21. പൂജ...ദാപ്തി = പൂജ്യനായ അങ്ങയുടെ പാദത്തെ പ്രാപിക്കൽ. നൈ...ചര്യ = സ്വന്തം ഭർത്താവിന്റെ സഹചരണം.

Digitized By Kerala Sahitya Akademi

സീത, പാർവ്വതി തുടർന്ന സാധ്വിമാ—
രേതവസ്ഥയിലുമാത്മനാഥരെ
പ്രീതഭാവമൊടു പിന്തുടർന്നു സം—
വൃതമാം പുകഴു പുലർത്തിയില്ലയോ? 22

ദൈവമാണു, സതികൾക്കു തൻ ഗളേ
കേവലം ചരടുവെച്ച പൂരുഷൻ;
ദേവരൂപ, പതി മാത്രമല്ല, മേ
ജീവദായകനുമല്ലയോ ഭവാൻ? 23

ക്ഷീണയാമിവളെ നക്രമൃത്യു നി—
ര്യാണമേകുവതിനാക്രമിച്ചതിൽ
ത്രാണകാരിയിവിടുന്നു മാമക—
പ്രാണനാഥത വെളിപ്പെടുത്തിതേ. 24

ഹേ ദയാകര, ഭവാൻ വരാഞ്ഞിലോ,
യാദസാംപതി വെടിഞ്ഞ ജീവനെ
പാദലഗ്നമൊരു തോയജന്തു നി—
ർവ്വാദമായ്ക്കവരുമായിരുന്നു മേ! 25

ഉൽപ്പതിച്ച മമ ജീവനെബ്ഭവാൻ
സൽപ്പതേ,സപദി വീണ്ടെടുത്തതിൽ
ത്വൽപ്പദാവിരതദാസ്യമാമതി—
സ്വല്പനിഷ്കൃതി പരിഗ്രഹിക്ക മേ!'' 26

ഓമലാളുടെ മനോജ്ഞഭാഷണ—
പ്പൂമരന്ദരസമാസ്വദിക്കയാൽ
രോമഹർഷമിയലും കുമാരനോ—
ടാ മഹാമതി സുബാഹു ചൊല്ലിനാൻ: 27

---

22. ആത്മനാഥരെ = സ്വന്തം ഭർത്താക്കന്മാരെ. സമ്വൃതം = പരിശുദ്ധം.

23. ഗളേ (കഴുത്തിൽ) ചരടുവെയ്ക്കുകമാത്രം ചെയ്ത പുരുഷൻ, ദ്രോഹിയായിരുന്നാൽക്കൂടി സാധ്വിമാർക്ക് ഈശ്വരതുല്യനാണ്; എന്നിരിക്കെ, എന്നാൽ മനസ്സുകൊണ്ടു ദൃഢം വരിക്കപ്പെട്ട ഭർത്താവും, എന്റെ പ്രാണരക്ഷചെയ്ത ആളുമായ ഇവിടുത്തെ കഥ പറയാനുണ്ടോ?

24. നക്രമൃത്യു = മുതലയാകുന്ന അന്തകൻ. നിര്യാണം = മരണം. ത്രാണകാരി = രക്ഷിച്ചവൻ. ഭർത്തൃപദ്വായമായ പ്രാണനാഥശബ്ദത്തെ ഭവാൻ സ്വന്തം പ്രവൃത്തികൊണ്ടു യഥാർത്ഥമാക്കിച്ചെയ്തു.

25. യാദസാംപതി (സമുദ്രം) വെടിഞ്ഞ ജീവനെ = സമുദ്രപാതംകൊണ്ടു വിട്ടുപോകാത്ത പ്രാണനെ. പാദലഗ്നം = കാലിന്മേൽ പിടികൂടിയതു് തോയജന്തു = ജലജന്തു.

26 ഉൽപതിച്ച = മേല്പോട്ടു പോകാൻ തുടങ്ങിയ. ത്വൽപ...ദാസ്യം = അങ്ങയുടെ തൃക്കാല്ക്കൽ എന്നെന്നും ശുശ്രൂഷചെയ്യുക. അതി...ഷ്കൃതി = നന്നേ ചെറുതായ ഒരു പ്രത്യുപകാരം. പരിഗ്രഹിക്ക = സ്വീകരിക്കുക.

27. രോമഹർഷം = രോമാഞ്ചം.

Digitized By Kerala Sahitya Akademi

''ദ്യോവിനൊത്തനടുവാണു ഭാസ്കരൻ!
ദേവി നന്നെ വലയുന്നു വെയ്‌ലിനാൽ:
ഈ വിശാലതരസാലമൂലസീ—
മാവിലൊട്ടിട തളർച്ച തീർത്തിടാം. 28

ദേവ, സാന്ധ്യവിധിയും കഴിച്ചിടാ,—
മാ വയല്ക്കരികിലുള്ള പൊയ്കയിൽ.''
ഏവമിഷ്ടസചിവന്റെ * വാക്കു താ—
രാവലീരമണനാദരിച്ചുതേ. 29

സാലശീതളതലേ സഖാവിനാൽ
ബാലപത്രകൃതമായ മെത്തയിൽ
പേലവാംഗിയൊടുകൂടി മേവിനാൻ,
കാലയോഗ്യനിയമം കഴിച്ചവൻ. 30

പൂജ്യശീലനഥ മന്ത്രിസത്തമൻ
ഭോജ്യസാധനമൊരുക്കിടുംവിധൗ,
പ്രാജ്യഹർഷമളിവേണിയാളൊടാ
രാജ്യപാലസുതനോതി ലീലയാ: 31

''ഭൂരുഹോത്തമസുമങ്ങളേന്തി, രം—
ഭോരു! നിന്നളിനിഭാളകങ്ങളെ
ചാരുലീലയൊടുലച്ചു വീശുമീ
മാരുതൻ തവ സുഖം തരുന്നിതോ? 32

ശ്രീവിളങ്ങിയ ഭവാനനേന്ദുവിൻ
തൂവിയർപ്പ,മൃതബിന്ദുപോലവേ
ലാവി ലാക്കിൽ നുകരും സമീരനിൽ,—
ദ്ദേവി, കേവലമസൂയയുണ്ടു മേ. 33

ഇന്നു നിൻ സഹജഗാത്രഗന്ധമൊ—
ട്ടൊന്നു നേടുവതിനാശകൊണ്ടുതാൻ,

---

28. ദ്യോവ് = ആകാശം. വിശാ...മാവ് = ഏറ്റവും വിസ്തീർണ്ണമായ വൃക്ഷത്തിന്റെ ചുവട്.

29. സാന്ധ്യവിധി = മദ്ധ്യാഹ്നസന്ധ്യാകൃത്യം. ആ എന്നതു് ഹ്രസ്വനിർദ്ദേശമാകുന്നു. * 'വാക്യമേ-ബ്ഭ്രവലാരിസുതനാദരിച്ചുതേ' എന്നു പാഠഭേദം.

30. സാലശീതളതലേ = വൃക്ഷത്തണലിൽ. ബാലപത്രകൃതം = തളിരുകൾ കൊണ്ടുണ്ടാക്കപ്പെട്ടതു്.

31. പ്രാജ്യഹർഷം = വളരെ ഉൾക്കുളിരുകാവണ്ണം.

32. ഭൂരു...മങ്ങൾ = നല്ല മരത്തിന്റെ പൂക്കളെ.

33. നായികാമുഖചുംബനത്തിൽ നായകനുള്ള അത്യൗത്സുക്യം വ്യഞ്ജിക്കുന്നു.

Digitized By Kerala Sahitya Akademi

വന്നു, ഭാമിനി, ഭവന്നിഷേവചെ—
യ്യുന്ന ഗന്ധവഹനെന്നു മന്ദതം. 34

കാർകരിങ്കുഴലി, ഞാൻനിമിത്തമീ—
യേകവേണിത വഹിച്ച നിൻ കചം;
ശ്രീകരം, സതി, വിടുർത്തുചീകുവാൻ
ഹാ, കരങ്ങളുഴറുന്നിതദ്യ മേ. 35

പിന്നില,ല്ലമിട ഞാനഴിച്ചിട്ടും
നിന്നിതാംകുഴൽ കുരുന്നുമെത്തയിൽ
ചിന്നിടട്ടെയിഹ, സാന്ധ്യമാം നിറം
മിന്നിടും നഭസി കൊണ്ടൽപോലവേ! 36

കഷ്ടമാർഗ്ഗപരിചംക്രമാലതി—
ക്ലിഷ്ടമായ തവ പാദപല്ലവം
ഹൃഷ്ടനായ് മടിയിലേററിവെച്ചു ഞാ—
നിഷ്ടമാംപടി തലോടിടട്ടയോ! 37

താണതെന്തു, തരുണാരവിന്ദവും
താണ താവകമുഖം രഹസ്സിതിൽ?
നാണമെങ്ങനെ ചുമക്കു,മീ വഴി—
ക്ഷീണമുള്ളപൊഴുതും കൃശാംഗി, നീ? 38

നീ വിരക്തിയിൽ വെടിഞ്ഞ പൊന്മണി—
ശ്രീവിഭൂഷകരം സുബാഹുവിൻവശം
രാവിലെ,സ്സമസുവർണ്ണലോഷ്ടനാ—
മാ വിശിഷ്ടമുനി നല്കിയില്ലയോ, 39

മാനിനി, തവദനുഷംഗഹാനിയാൽ,
ഞാനിതേവരെയുമെന്നപോലവേ,

34. ഭവന്നിഷേവ = ഭേതിയുടെ സേവനം. നായികയുടെ പത്മിനീത്വം ധ്വനിക്കുന്നു.

35. ഏകവേണിത = ഏകവേണിയെന്ന അവസ്ഥ.

36. സാന്ധ്യമാംനിറം = അന്തിച്ചുകപ്പ്. നഭസി = ആകാശത്തിൽ.

37. കഷ്ട...ക്രമാൽ = ചീത്തവഴികളിലൂടെ നടന്നതുനിമിത്തം. അതിക്ലിഷ്ടം = ഏററവും ക്ലേശിച്ചത്.

38. തൽക്ഷണം ലജ്ജാവതിയായ നായികയെ വിനോദിപ്പിക്കുന്നു. തരുണാരവിന്ദം = പുതിയ താമരപ്പൂവ്.

39 പൊന്മ...ഷകരം = സമുദ്രത്തിൽനിന്നു കരസ്ഥണഞ്ഞപ്പോഴം ദേഹത്തിലുണ്ടായിരുന്ന ഏതാനും സ്വർണ്ണാഭരണങ്ങൾ. സമസുവർണ്ണലോഷ്ടൻ = പൊന്നും മൺകട്ടയും തുല്യമായി കാണുന്നവൻ. 13-ാംസർഗ്ഗത്തിലെ അന്ത്യശ്ലോകത്തിൽ 'മന്ത്രിയോടു പലതീവിധം ചൊല്ലി' എന്നതിൽ, ഈ ആഭരണങ്ങൾ കൊടുത്തേല്പിക്കുകയും ഉൾപ്പെട്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

ഗ്ലാനിതേടുമവ നിന്റെ മഞ്ജുപു—
മേനി ചേർന്നു വിലസട്ടെയിപ്പൊഴേ! (യുഗ്മകം) 40

സ്സാരശോഭ,മൃഷിദത്തമീയല—
ങ്കാരമിപ്പൊഴണിയട്ടെ നിങ്കൽ ഞാൻ
സ്വൈരമാത്മകൃതിയിങ്കൽ വാസന—
ക്കാരനായ കവിയെന്നപോലവേ!'' 41

വ്രീളതേടിയ വിലോലനേത്രതൻ
ലാളനങ്ങളിൽ മുതിർന്നുകൊണ്ടവൻ,
ആളലാർന്ന വെയിൽ മിക്കതും ശമി—
പ്പോളമങ്ങനുഭവിച്ചു വിശ്രമം. 42

വാരുണാശയൊടു വാരിജപ്രിയൻ
ചേരുമപ്പൊഴഥ മന്ത്രിദാരവാൻ
ചാരുവായ്‌ജലധിയോടടുത്തെഴ—
ന്നോരു പർവ്വതനിരപ്പിലെത്തിനാൻ. 43

അക്കടല്ക്കരയിലേക്കു മന്ത്രിയെ—
ത്തക്ക കപ്പൽ തിരയാനയച്ചുടൻ
പൊക്കമുള്ളൊരു ശിലയ്ക്കുമേലവൻ
സൽക്കളത്രയുതനേറി മേവിനാൻ. 44

ആ മലച്ചെരുവിലെദ്ദിനാത്യയ—
ശ്രീമനോജ്ഞതയിലുൾ കുളിക്കയാൽ
കാമനീയകപതാകയാളൊടാ—
ക്കാമരൂപി പറവാൻ തുടങ്ങിനാൻ: 45

''ക്രൂരരശ്മിനിരയാലിതേവരെ,—
സ്സാരസാക്ഷി, ബഹുദുർന്നിരീക്ഷനായ്
പാരശേഷവുമെരിച്ചിരുന്നൊരാ—
സ്സൂരനിപ്പൊഴുതു നേത്രഗമ്യനായ്. 46

---

40. ത്വദ...ഹാനി = വേർതിയുമായി സമാഗമം ഇല്ലായ്ക. ഗ്ലാനി = വാട്ടം.

41. വാസനക്കാരനായ കവി സ്വന്തം കവിതയെ അണിയിക്കുന്ന അലങ്കാരവും ഋഷിദത്തം (വാല്മീകിവ്യാസാദികളാൽ കൊടുക്കപ്പെട്ടതു)തന്നെ.

42. വ്രീള = ലജ്ജ. ലാളനങ്ങളിൽ—തലമുടി വിടുർത്തു ചീകിക്കെട്ടിക്കുക, ആഭരണങ്ങൾ അണിയിക്കുക മുതലായവയിൽ.

43. വാരുണാശ = പടിഞ്ഞാറെദ്ദിക്ക്. വാരിജപ്രിയൻ = സൂര്യൻ. മന്ത്രിദാരവാൻ = മന്ത്രിയോടും പത്നിയോടും കൂടിയവൻ.

44. തക്ക = തങ്ങളുടെ യാത്രയെ സൗകര്യപ്പെടുത്തുന്ന. സൽക്കളത്രയുതൻ = ഭാര്യയോടുകൂടിയവൻ.

45. ദിനാ...ജ്ഞത = സന്ധ്യാസമയലക്ഷ്മിയുടെ ഭംഗി. കാമ...കയാൾ = സൗന്ദര്യക്കൊടിക്കൂറപോലെയുള്ള താരാവലി. കാമരൂപി = കാമദേവനെപ്പോലെ സുന്ദരൻ.

46. ബഹുദുർന്നിരീക്ഷൻ = ഏറ്റവും ദുർദ്ദർശൻ (നോക്കിക്കൂടാത്ത നിലയിലുള്ളവൻ). നേത്രഗമ്യൻ = കണ്ണുകൾകൊണ്ടു നോക്കിക്കാണാവുന്നവൻ.

Digitized By Kerala Sahitya Akademi

വന്നണഞ്ഞ ചരമാർക്കരശ്മിയാൽ
കന്നണിഞ്ഞ വനഭൂവിതോമലേ!
കൊന്നവൃക്ഷനിര പൂത്തുനില്ക്കിലൊ—
ക്കുന്നതായൊരൊളി നേടിടുന്നതേ. 47

നിന്നകൃത്രിമതനുപ്രഭാർജ്ജന—
ത്തിന്നതീവ കൊതിപൂണ്ടപോലിതാ
കന്നൽമഞ്ജുമിഴി, പോക്കുവെയ്‌ലിനാൽ—
പ്പൊന്നണിഞ്ഞു ചില വന്യവല്ലികൾ. 48

തോയനായകദിഗന്തലംബിയാ—
മീയഹർപ്പതി സരോജലങ്ങളിൽ
ആയതപ്രതിമകൊണ്ടു കാഞ്ചന—
പ്രായമാകമൊരു പാലമിട്ടിതോ! 49

സാരലക്ഷ്മിയമരുന്നിടങ്ങളാം
സാരസങ്ങളെയടച്ചുപൂട്ടിയും
പോര, മീതെയളിമുദ്രവെച്ചുമി—
ന്നേരമർക്കനപരാശ പൂകിനാൻ. 50

ഉച്ചശൈലതടപാദപങ്ങൾതൻ
പച്ചയാകിയ പലാശപംക്തിയിൽ
ഉച്ചലിച്ചു വിലസുന്നിതേ,ററവും
മെച്ചമൊത്തു രവിരശ്മിരേഖകൾ. 51

ഇന്നഹപ്പിറവിതൊട്ടിതേവരെ—
ത്തിന്നതിന്നു മതിയായ്‌വരുംജലം
സന്നതാംഗി, ഗിരിപല്വലങ്ങളിൽ—
ച്ചെന്നണഞ്ഞു നുകരുന്നു ദന്തികൾ. 52

പങ്കസങ്കലിതമായ പല്വല—
ത്തിങ്കൽനിന്നു കയറുന്ന പന്നികൾ,

---

48. അകൃ...ർജ്ജനം = സ്വാഭാവികമായ ശോഭയെ സമ്പാദിക്കുക. വന്യവല്ലികൾ = കാട്ടുവള്ളികൾ.

49. തോയ...ലംബി = പടിഞ്ഞാറെദിക്കിൽ ചാഞ്ഞുനില്ക്കുന്നവൻ. അഹർപ്പതി = ആദിത്യൻ. ആയതപ്രതിമ = നീണ്ട പ്രതിബിംബം. കാഞ്ചനപ്രായം = സ്വർണ്ണമയം.

50. ലക്ഷ്മി = ശ്രീദേവി പത്മാലയയാണല്ലോ. അപരാശ = പടിഞ്ഞാറെദിക്ക്, അന്യദിക്ക് എന്നും. ഒരു ധനികൻ മറുദിക്കിലേക്കു പോകുമ്പോൾ ലക്ഷ്മി (സമ്പത്ത്) ഇരിക്കുന്ന ഗൃഹങ്ങളെ പൂട്ടി മുദ്രവെയ്ക്കുന്നതു സാധാരണമാണല്ലോ. സൂര്യാസ്തമയത്തിൽ താമരപ്പൂക്കൾ കൂമ്പുമെന്നാണ് കവിസങ്കേതം.

51. പലാശപംക്തി = ഇലക്കൂട്ടം. മെച്ചം = വർണ്ണോൽക്കർഷം.

52. അഹപ്പിറവി = പ്രഭാതം. ആനകൾക്ക് ഒരുദിവസത്തെ തീററയ്ക്കൊടുവിൽ നന്നായിട്ടൊരു വെള്ളംകുടിയാണു പതിവ്.

Digitized By Kerala Sahitya Akademi

ശങ്കവിട്ടിനി വരും തമസ്സുതൻ
കിങ്കരപ്രവരരായ്‌വരാമിവർ. 53

വാരുണീഭജനരക്തനായ്‌ച്ചമ—
ഞ്ഞോരു സൂര്യനതിസന്നപാദനായ്,
ആരു താങ്ങിടും? ഇതാ, പതിക്കയായ്
ഭീരു, ഭൈരവതരാംബുരാശിയിൽ! 54

താനിതേവരെ നവോപലാഭമാം
വാനിടത്തു നടകൊണ്ടമുലമോ,
ഗ്ലാനിപൂണ്ടരുണമായ് സുവർച്ചലാ—
ജാനിദേവനുടെ പാദമൊക്കെയും! 55

പാർത്തിടാതെയുളവാം നിശാഗമം
പാർത്തിതാ, വരുണദിഗ്വധൂടിയാൾ
മൂർത്തിരക്തിമ കലർന്ന സൂര്യനാൽ—
ച്ചാർത്തി കുങ്കുമവിലാസചിത്രകം! 56

സ്വീയസൽക്കരസഹസ്രവും തുണ—
യ്ക്കായതില്ലഹഹ, കാലവൈഭവാൽ
ശ്രീയണിത്തരണി, നമ്മുടേതുപോ—
ലായതാബ്ധിയിലിതാ, മറിഞ്ഞുപോയ്! 57

ലോകബന്ധുവസുനാശമാർന്നു നിഃ—
ശ്രീകനായ നില കണ്ടു പക്ഷികൾ
കൂകൽകൊണ്ടു വിലപിച്ചിടുന്നിതോ!
ശോകമില്ലെവനു മിത്രഹാനിയിൽ? 58

53. പങ്കസങ്കലിതം = ചളി നിറഞ്ഞതു്. തമസ്സ് = ഇരുട്ട്.

54. വാരു...രക്തൻ = വാരുണീജനം—പടിഞ്ഞാറെ ദിക്കിനെ പ്രാപിക്കൽ (കള്ളുകുടി)കൊണ്ടു ചുകന്നവൻ. പാദശബ്ദത്തിന്നു രശ്മി എന്നും കാൽ എന്നും അർത്ഥം. ആരു താങ്ങിടും എന്നതു് അനുകമ്പാദ്യോതകം. ഇവിടെ രണ്ടു പേരും സമുദ്രപാതക്ലേശമനുഭവിച്ചവരാണല്ലോ.

55. നവോപലാഭം = പുത്തൻ കല്ലുപോലെയുള്ളതു് (കറുത്തതു്). അരുണമായ് = ചുട്ടതു്. സുവർച്ചലാജാനി = സൂര്യൻ. സൂര്യന്റെ ഒരു ഭാര്യയുടെ പേർ സുവർച്ചല എന്നാകുന്നു.

56 പാർത്തിടാതെ = താമസിയാതെ. നിശാഗമം = രാത്രിയുടെ വരവ്. വരു...ടിയാൾ = പടിഞ്ഞാറെദിക്കാകുന്ന സ്ത്രീ. മൂർത്തിരക്തിമ = ഉടൽച്ചുകപ്പ്. സ്ത്രീകൾ സായങ്കാലത്തു് അംഗപ്രസാധനം ചെയ്യുന്നതു സാധാരണമാണല്ലോ. ചിത്രകം = തിലകം.

57. സ്വീയ...ഹസ്രം = തന്റെ നല്ല ആയിരം രശ്മികൾ, സ്വീയന്മാരുടെ (സ്വന്തം ആളുകളുടെ) നല്ല ആയിരം കൈകൾ എന്നും. ശ്രീയണിത്തരണി = ശ്രീമാനായ സൂര്യൻ; സമൃദ്ധമായ കപ്പൽ. നമ്മുടേതു് = നമ്മുടെ കപ്പൽ. ആയതാബ്ധി = വിസ്തീർണ്ണമായ സമുദ്രം.

58. ലോകബന്ധുവസുനാശം എന്നേടത്തു വസുനാശം (രശ്മിനാശം) അസുനാശം (മരണം) എന്നു രണ്ടുവിധം പദച്ഛേദം. ലോകബന്ധു മിത്രശബ്ദങ്ങൾ സൂര്യപര്യായങ്ങളുമാണല്ലോ.

Digitized By Kerala Sahitya Akademi

പീവരസ്തനി, വികസ്വരോൽപല—
പ്പൂവണിപ്പുതുമണത്തെയാർന്നിതാ,
താവകീനനെടുവീർപ്പിനൊത്ത മ—
ട്ടായ്‌വരുന്നു മൃദുസാന്ധ്യമാരുതൻ. 59

ലാലസിപ്പിതു സമുദ്രവീചികാ—
മാലയിൽപ്പതിതമർക്കമണ്ഡലം
ലോലമായടിയിൽനിന്നു ബാഡബ—
ജ്വാല തെല്ലുടനുയർന്നതിൻവിധം. 60

കേളി,ദേവരെ നിജാന്ധ്യകാരിയാം
ഹേളി വൻകടലിൽ വീണ കാഴ്ചയെ
പാളിനോക്കി രസമുൾക്കലർന്നിതാ,
മൂളിടുന്നു മരമാർന്ന മൂങ്ങകൾ! 61

പാവനപ്രകൃതി, കർമ്മസാക്ഷിയാം
ദേവനസ്തമിതനായകാരണം
ദ്യോവടച്ചു, വരവർണ്ണിനി,ക്ഷണാൽ—
ക്കൈവളർന്നു ബഹുവർണ്ണസങ്കരം. 62

നൈകവർണ്ണഘനവൃന്ദമംബരേ
ഹാ, കലർത്തുമുടനേ തുടച്ചിടും:
ഹേ കലാവതി, ദിനാന്തവേളയ—
സ്തോകചിത്രകലയഭ്യസിക്കയോ! 63

താനണിഞ്ഞ മണി സൂര്യനാഴിയാൽ
നൂനമിങ്ങു ഹൃതനായ്‌ബ്ഭവിക്കയാൽ

---

59. ഈ സന്ദർഭത്തിൽ താരാവലിക്കു നിശ്വാസമുണ്ടാവുന്നതു്, (കപ്പലുടയുക മുതലായ) മുൻകഥകൾ എല്ലാം ഓർമ്മയിൽ വരുന്നതുകൊണ്ടാണ്. പത്മിനീജാതിയിലുള്ള സ്ത്രീകളുടെ നെടുവീർപ്പിനു സൗരഭ്യമുണ്ടായിരിക്കുമത്രേ.

60. ലാലസിപ്പിതു = ശോഭിക്കുന്നു. പതിതം = വീണതു്. ബാഡബജ്വാല = ബഡബാഗ്നിയുടെ ജ്വാല.

61. നിജാന്ധ്യകാരി = തങ്ങൾക്കു് ആന്ധ്യത്തെ (കണ്ണു കാണായ്കയെ) ഉണ്ടാക്കിയവൻ. ഹേളി = സൂര്യൻ. അവനവനു് ഉപദ്രവമുണ്ടാക്കുന്നവർക്കു് ആപത്തു പററിക്കാണുന്നതു്, ആർക്കും രസകരമാണല്ലോ.

62. കർമ്മസാക്ഷിയായ ദേവന്റെ അഭാവത്തിൽ, ബഹുവർണ്ണസങ്കരം (പല ജാതിക്കാരുടെ കൂടിക്കലർച്ചയാകുന്ന അധർമ്മം) വർദ്ധിച്ചുവരുന്നതാണല്ലോ. ആകാശം നാനാവർണ്ണങ്ങളോടു (നിറങ്ങളോടു) കൂടിയതായിത്തീരുന്നു എന്നു ഭാവം.

63. നൈക...വൃന്ദം = പല നിറത്തിലുള്ള മേഘസമൂഹം. അംബരേ = ആകാശത്തിൽ, വസ്ത്രത്തിൽ. ദിനാന്തവേള = സന്ധ്യ, അതാകുന്ന ഒരു സ്ത്രീ. അസ്തോകചിത്രകല (മഹത്തായ ചിത്രമെഴുത്തു്) അഭ്യസിക്കുന്നവർ പടത്തിൽ പലതരം ചായങ്ങൾകൊണ്ടു് ഓരോന്നെഴുതുകയും, നന്നാകാഞ്ഞിട്ടു് ഉടനേ മായ്ച്ചുകളകയും ചെയ്തുകൊണ്ടിരിക്കുമല്ലോ.

Digitized By Kerala Sahitya Akademi

മാനസത്തിലരിശം മുഴുത്തിതാ,
വാനതീവ പരിപാടലാഭമായ്! 64

ദ്രോഹമക്കനിലിയാററവേ, ദ്വിജ—
വ്യൂഹപാതിതശരാർഘ്യപംക്തിയാൽ
ദേഹമപ്പടി മുറിപ്പെടുന്ന മ—
ന്ദേഹർതൻ രുധിരമോ നഭസ്സിതിൽ! 65

സന്തതപ്രചലപക്ഷിഘോഷമു—
ണ്ട;—ന്തരിക്ഷതലമോ വിപാണ്ഡുരം;
ഹന്ത, രാവിലെയിനോൽഗതിക്കു മു—
മ്പെന്തവസ്ഥ;യതു തന്നെയിപ്പൊഴും.'' 66

ഇപ്പറഞ്ഞൊരിടയാൽത്തിരിച്ചുവ—
ന്നപ്പടുതപനിധി, മന്ത്രി ചൊല്ലിനാൻ:
''നില്പുതുണ്ടൊരു വണിക്പ്രമാണിതൻ
കപ്പലിങ്ങ;തു ശരിപ്പെടുത്തിനേൻ. 67

യാതമാ,മവിടെനിന്നു രാവിലി—
പ്പോതവര്യമൊരു യാമമെത്തിയാൽ;
വീതവിഘ്നമിതു നാലുനാൾക്കകം
വേതസത്തിലണയുന്നതാണുപോൽ.'' 68

ദൂരയാത്ര ലഘുവാക്കുവാൻ തരം
സ്വൈരമൊത്തതിൽ മനംതെളിഞ്ഞുടൻ
ആരചിച്ചിതു പിതൃപ്രസൂനമ—
സ്സാര,മൂഴിപസുതൻ പിതൃപ്രിയൻ. 69

പിന്നെയും,പെരിയ സാന്ധ്യഭംഗിയെ—
ത്തന്നെ നോക്കി, നവസൂക്തിമാധുരിയാൽ
പൊന്നെതിർദ്യുതിശരീരവല്ലിയാം—
തന്നെയത്തരുണനാർദ്രയാക്കിനാൻ. 70

---

64. ഹൃതൻ=അപഹരിക്കപ്പെട്ടവൻ. പരിപാടലാഭം=ചുകന്ന നിറത്തോടു കൂടിയതു്.

65. ദ്വിജ...പംക്തി = ബ്രാഹ്മണവൃന്ദത്താൽ വീഴ്ത്തപ്പെട്ട (പ്രയോഗിക്കപ്പെട്ട) ശരാർഘ്യങ്ങളുടെ (ജലാഞ്ജലികളുടെ, ബാണാഞ്ജലികളുടെ) കൂട്ടം. രുധിരം = രക്തം. പതിനൊന്നാംസർഗ്ഗത്തിലെ 40-ാം ശ്ലോകത്തിന്റെ ടിപ്പണി നോക്കുക.

66. ഇനോൽഗതി = സൂര്യോദയം.

67. തിരിച്ചുവന്നു = കടൽവക്കത്തുനിന്നു തിരിച്ചെത്തി.

68. യാതമാം = പോകും,

69. ലഘുവാക്കുവാൻ = എളുപ്പപ്പെടുത്തുവാൻ. ആരചിച്ചിതു = ചെയ്തു. പിതൃ...സ്സാരം = സന്ധ്യാവന്ദനവിധി. പിതൃപ്രസൂശബ്ദം സന്ധ്യാപര്യായമാകുന്നു.

70. സന്ധ്യാവന്ദനാനന്തരവും മധുരമായ സന്ധ്യാവർണ്ണനംകൊണ്ടു നായികയെ രസിപ്പിച്ചു എന്നു സാരം.

Digitized By Kerala Sahitya Akademi

''ശസ്തരാഗമരുണാനുവൃത്തിപൂ-
ണ്ടസ്തശൈലതടമാർന്ന സന്ധ്യയെ
ധ്വസ്തയാക്കുവതിനു,ന്ധകാരമ-
വ്യസ്തമായി മുതിരുന്നിതഞ്ജസാ. 71

ദാരുണാത്യയമടുത്ത സന്ധ്യതൻ
ചാരുലക്ഷ്മി ഗിരിധാതുഭൂവിലും;
ദാരുപല്ലവകദംബകത്തിലും;
ചേരുമാറു വിഭജിച്ചു വെച്ചിതോ! 72

ദിക്കശേഷമിരുളുന്നു, ദൃഷ്ടിതൻ-
പക്കൽനിന്നു പിരിയുന്നു പാടവം,
ചിക്കനെത്തടമുടച്ചു തള്ളിവി-
ട്ടക്കരിങ്കടലലച്ചു കേറിയോ! 73

ലീലയാ കിമപി വിദ്യകാട്ടുവാൻ,
കാലമെന്ന കുശലൈന്ദ്രജാലികൻ
നീലമായ നിബിഡാന്ധകാരമാം
ചേലകൊണ്ടുലകു മൂടിടുന്നിതോ! 74

ഏതിടത്തുമൊരുവസ്തുപോലുമേ
വേർതിരിച്ചറികവയ്യിരുട്ടിനാൽ
നീതിശാലിനി, മഹാതമഃപരാ-
ഭൂതിയിൽബ്ബത, വിവേകമെങ്ങുവാൻ? 75

കണ്ടുകൊള്ളുകി,രുളായ ചാണകം-
കൊണ്ടു തേച്ച ഗഗനാങ്കണസ്ഥലേ,
വണ്ടുചൂഴ്മലർവേണി പൂവിടു-
ന്നുണ്ടു താരകമിഷേണ ശർവരി. 76

---

71. ശസ്തരാഗം = നല്ല രാഗത്തോടു് (ചുകപ്പോടു്, അനുരാഗത്തോടു്) കൂടും വണ്ണം. അരുണാനുവൃത്തി = സൂര്യനെ അനുസരിക്കൽ. ധ്വസ്തയാക്കുവതിനു് = ധ്വംസിപ്പാൻ (നശിപ്പിപ്പാൻ). അവ്യസ്തം = സമഗ്രം. ഭർത്താവിനെ അനുഗമിച്ചു മലച്ചെരുവിൽ എത്താൻ സംഗതിവന്ന ഒരു സാധ്വിയെ പീഡിപ്പിപ്പാനായി ദുർജ്ജനം ഒരുമ്പെടുന്നു എന്നു ധ്വനി.

72 ദാരുണാത്യയം = ഭയങ്കരമായ നാശം. ലക്ഷ്മി = ശോഭ, സമ്പത്തു്. ദാരു...ബകം = മരങ്ങളുടെ തളിർക്കൂട്ടം. മരണം അടുത്തിരിക്കുന്നവർ, തങ്ങളുടെ ധനത്തെ ഇഷ്ടപ്പെട്ടവർക്കായി ഭാഗിച്ചുകൊടുക്കുക എന്നതു് സാധാരണമാണല്ലോ.

73. പാടവം = ദർശനസാമർത്ഥ്യം.

74. ഇന്ദ്രജാലവിദ്യക്കാർ ഒന്നിനെ മറ്റൊന്നായി കാണിപ്പാൻ ആദ്യം ഒരു വസ്ത്രംകൊണ്ടു കുറേനേരം മൂടിവെയ്ക്കും.

75. മഹാതമഃപരാഭൂതി = വമ്പിച്ച തമസ്സിന്റെ (അജ്ഞാനത്തിന്റെ, ഇരുട്ടിന്റെ) ആക്രമം.

76. ഗഗനാങ്കണസ്ഥലേ = ആകാശമാകുന്ന മുറ്റത്തു്. താരകമിഷേണ = നക്ഷത്രങ്ങളെന്ന വ്യാജേന. ശർവ്വരി = രാത്രി.

Digitized By Kerala Sahitya Akademi

സൂരമണ്ഡലമതസ്തപർവ്വത—
പ്പാറമേൽ പ്രകൃതി തച്ചുടച്ചിതാ,
താരമാക്കി വിതറുന്നു വാനിലാ—
ത്താറയേ മധുരഗാത്രി, ലീലയാ! 77

ശ്വേതമായൊരൊളി ശക്രദിക്കിലുദ്—
ഭൂതമാകുവതു കാൺക വല്ലഭേ!
വാതലോലുദയാചലസ്ഥലീ—
കേതകപ്പൊടി പരക്കയായ്‌വരാം. 78

പേടിപൂണ്ടപടി പൂർവ്വദിക്കിൽനി—
ന്നോടിടുന്നു തിമിരദന്തിപോൽക്കരം;
ധാടിയോടുദയമേറുവാൻ തുട—
ന്നീടിനാൻ നിയതമിന്ദുകേസരി. 79

രാജസൂയമഖമാചരിച്ചവൻ,
രാജശബ്ദമനുരൂപമാർന്നവൻ,
രാജമാനന,മൃതാംശു, താരകാ—
രാജനഭ്യുദയമാർന്നിടുന്നിതാ! 80

പന്തണിസ്തനി, കരങ്ങളാലിതാ—
ക്കുന്തളങ്ങളെയൊതുക്കി മെല്ലവേ
ചന്തമാർന്നു മുകരുന്നു ചന്ദ്രനു;—
ത്യന്തരാഗരുചി പൂർവ്വദിങ്മുഖം. 81

സോമരശ്മികളുയർന്നൊരിടങ്ങളിൽ,—
ത്താമസപ്പരിഷ താന്ന ദിക്കിലും:
നേമമായുലകിൽ നന്മതിന്മകൾ—
ക്കോമലേ സമനുരൂപമീ സ്ഥിതി. 82

കണ്ണുനററൊരളിയൻ, ഹരന്നിടം—
കണ്ണു,നംഗന സുമംഗളാസ്പദം,

---

77. താരം എന്നതു് ജാത്യേകവചനം; താരങ്ങൾ (നക്ഷത്രങ്ങൾ) എന്നർത്ഥം. ഒരു ബാലലീല ദ്യോതിക്കുന്നു.

78 ശ്വേതം = ധവളം. ശക്രദിക്കിൽ = കിഴക്കേ ദിക്കിൽ. വാത...പ്പൊടി= കാറേററിളകുന്ന ഉദയപർവ്വതത്തിലെ കൈതപ്പൂക്കളുടെ പൊടി.

79. കേസരിയുടെ ആവിർഭാവത്തിൽ ദന്തിപോൽക്കരം (ആനക്കൂട്ടം) പേടിച്ചോടാതിരിക്കില്ലല്ലോ.

80. രാജമാനൻ = ശോഭിക്കുന്നവൻ. താരകാരാജൻ = ചന്ദ്രൻ.

81. കരശബ്ദം രശ്മിപാണിവാചിയാകുന്നു. രാഗത്തിന്നു ചുകപ്പെന്നും അനുരാഗമെന്നും ശ്ലേഷം. പൂർവ്വദിങ്മുഖം = കിഴക്കേ ദിക്കിന്റെ (അതാകുന്ന സ്ത്രീയുടെ) മുഖം.

82. താമസപ്പരിഷ = തമസ്സംബന്ധിയായ വർഗ്ഗം (ഇരുൾക്കൂട്ടം). ലോകത്തിൽ, നന്മ ഉയർന്നേടത്തും, തിന്മ താണേടത്തുമായിട്ടേ ഇരിക്കൂ.

Digitized By Kerala Sahitya Akademi

വിണ്ണവർക്കമൃതു, പാല്ക്കടല്ക്കു തൂ—
വെണ്ണ, വെണ്മതി മിഴിക്കൊരുത്സവം. 83

മങ്കമാർമണി, തവാമലാനന—
ത്തിങ്കലെ ദ്യുതി കൊതിക്കമൂലമോ,
നിൻകവിൾത്തടമണഞ്ഞു വാഴ്‌വതി—
ത്തിങ്കൾബിംബ,മനുബിംബകൈതവാൽ? 84

നേർക്കു, നീ മൃഗകുലത്തെ ലീനമായ്—
ത്തീർക്കുമീ മിഴി മൃഗാങ്കനിൽച്ചിരം
ചേർക്കുകിൽ, സ്വമൃഗമുക്തനായിവൻ
നേർക്കുമേ തവ മുഖത്തിനോടുതാൻ. 85

പോക കപ്പൽ കയറാൻ നമുക്കു; സോ—
ദ്രേകമീ പ്രകൃതിരാമണീയകം
ഹാ, കഥിക്കിലവസാനമെങ്ങു? കാ—
ണ്കാ, കവേ ചിതറി ചന്ദ്രികോച്ചയം. 86

വെള്ളി നീളവെയുരുക്കി വീഴ്ത്തിയോ!
തെള്ളി വെണ്മണൽ വിരിച്ചുകൊണ്ടിതോ!
ഉള്ളിലിങ്ങനെ വിശങ്ക ചേർത്തു, പാ—
ർക്കുള്ളിലൊക്കെ വിലസുന്നു കൗമുദി. 87

വെണ്ണിലാവണിയുമീ മണൽപ്പുറം
കണ്ണിണക്കുളിരിയ പാല്ക്കുഴമ്പുതാൻ;
ഉണ്ണി, ചന്ദ്രനുടെ മേന്മ കണ്ടു മാൻ—
കണ്ണി, തുള്ളി മറിയുന്നിതുണ്ണുവം.'' 88

വണ്ടാർപൂവേണിയോടിങ്ങനെ പലതരുളി,—
ത്തോഴനെപ്പിന്നുടനും—
കൊണ്ടാഹ്ലാദിച്ചണഞ്ഞാൻ യുവനൃപതി വണി—
ക്കിന്റെ കപ്പല്ക്കടുക്കൽ

---

83. അളിയൻ = ഭാര്യാസഹോദരൻ. ലക്ഷ്മിയും ചന്ദ്രനും പാലാഴിയിൽനിന്നു ജനിച്ചവരാകയാൽ അവർക്കു തമ്മിൽ സോദരീസോദരത്വമുണ്ടല്ലോ. അമൃതു് = ഭക്ഷണസാധനം.

84 അനുബിംബകൈതവാൽ = പ്രതിബിംബം എന്ന വ്യാജേന. കവിൾത്തടത്തിന്നു ദർപ്പണസാമ്യം ധ്വനിക്കുന്നു.

85. ലീനം = ഒളിക്കുന്നതു്. ചിരം = ഏറെ നേരം. സ്വമൃഗമുക്തൻ = തന്റെ മാനിനാൽ ഉപേക്ഷിക്കപ്പെട്ടവൻ. നിന്റെ നീണ്ടിടംപെട്ട കണ്ണു കണ്ടിട്ടു് ചന്ദ്രങ്കലെ മൃഗം ലജ്ജിച്ചോടിയൊളിപ്പാനും തന്നിമിത്തം നിഷ്കളങ്കനായിത്തീരുന്ന ചന്ദ്രൻ നിന്റെ മുഖസാമ്യഗർവ്വത്താൽ മത്സരിപ്പാനും ഇടവന്നേക്കാം. അതിനാൽ ചന്ദ്രങ്കൽ ഏറെനേരം ദൃഷ്ടിപതിപ്പിക്കാതിരിക്കയാണു നല്ലതു്.

86. സോദ്രേകം = അതിശയത്തോടു (ആധിക്യത്തോടു) കൂടിയതു്. പ്രകൃതിരാമണീയകം = പ്രകൃതിയുടെ സൗന്ദര്യം.

87. കൗമുദി = നിലാവു്.

Digitized By Kerala Sahitya Akademi

രണ്ടാം ശ്രീയായ താരാവലിയെ നറുനിലാ–
  വത്തു മിന്നിത്തിളങ്ങി–
ക്കണ്ടാ ശ്രീലുബ്ധനാം വാണിജനതനുബലാൽ
  വഞ്ചനത്തിന്നുറച്ചു. 89

'ആരമ്പിൽ കീഴ്പെടില്ലീയഴകിനു ശിവനേ!
  വല്ലപാടും നമുക്കീ
സ്ത്രീരത്നം കൈവരാഞ്ഞാൽപ്പെരികെ വിഫലമീ
  രത്നസമ്പാദ്യമെല്ലാം!'
പാരം കാമാർത്തിപൂണ്ടീവക നിനവൊടവൻ
  കർണ്ണധാരൻക്കു ഗൂഢാ–
കാരം കൈമുദ്ര കാണിച്ചിതു കമനി കരേറു–
  മ്പൊഴാക്കപ്പൽ നീക്കാൻ. 90

മുമ്പേ മൂർദ്ധാംഗിയാളെപ്പെരിയ തരണിയിൽ–
  ക്കേററി, രാജാത്മഭൂവും
പിമ്പേ തന്മന്ത്രിതാനും ഹരി, ഹരി, കയറാ–
  നായ്ത്തുടങ്ങുമ്പൊഴേക്കും
എൻപേനയ്ക്കില്ല, ശേഷം വിവരമെഴുതുവാൻ
  ശേഷി! മേന്മേൽ സ്ഫുരൻത–
ന്നമ്പേല്ലുന്നാ വണിക്കിൻ വഹനമുദധിയിൽ–
  ദ്ദൂരമെത്തിക്കഴിഞ്ഞു! 91

ഇങ്ങനെ താരാവലീഹരണം പതിനാലാം സർഗ്ഗം

പതിനഞ്ചാം സർഗ്ഗം

കുരരിപോലബലാമണി കേണിടും
സ്വരമുയർന്ന വണിഗ്വഹനം ക്ഷണാൽ
തിരകളാലെ മറഞ്ഞു, ജഡീഭവൽ–
കരണരായ കുമാരകർ കാൺകവേ. 1

---

89. ശ്രീലുബ്ധൻ = ശ്രീയിൽ (ലക്ഷ്മിയിൽ, സമ്പത്തിൽ) ദുരയുള്ളവൻ. വാണിജൻ=കച്ചവടക്കാരൻ. അതനുബലാൽ=വലിയ ശക്തിയാൽ, കാമന്റെ കരുത്താൽ. വഞ്ചനത്തിന്നു് = വല്ലവിധത്തിലും താരാവലിയെ അപഹരിപ്പാൻ.

90. ഗൂഢാകാരം = ഉപായത്തിൽ.

91. രാജാത്മഭൂവും = രാജപുത്രനും. വാഹനം = കപ്പൽ. ഈ ദാരാപഹരണത്തെയാണു്, മുൻസർഗ്ഗത്തിൽ, ''നീ താൻ, സുബാഹോ''ത്യാദി ശ്ലോകത്തിലെ ''സൗമിത്രി സീതാരാമൎക്കപോലവേ'' എന്ന ഉപമകൊണ്ടു ദിവ്യദൃക്കായ മതംഗമുനി സൂചിപ്പിച്ചിരിക്കുന്നതു്; ഈ സർഗ്ഗത്തിലെ 71-ാംശ്ലോകവും ഇതിന്റെ സൂചനമുഖപ്പെട്ടതാകുന്നു.

1. കുരരി = കുരരം (അഴകരികിൽ) എന്ന പക്ഷിയുടെ പിട. വണിഗ്വഹനം = കച്ചവടക്കാരന്റെ കപ്പൽ. ജഡീഭവൽകരണർ = ഇന്ദ്രിയങ്ങൾ സ്തംഭിക്കുന്നവർ. കുമാരകർ = ചന്ദ്രസേനസുബാഹുക്കൾ.

Digitized By Kerala Sahitya Akademi

ചെറുതുമേ നിനയാതെ പിണഞ്ഞൊരീ–
യറുവിടാഭിഭവാലവരന്നഹോ,
കറുനരിച്ചതിയേററ മൃഗേന്ദ്രർപോ–
ലറുതിയററഴലിങ്കലുഴന്നുപോയ്. 2

കിതവവൈശ്യനവന്ന തദാ തദിം–
ഗിതമറിഞ്ഞൊരു നാവികർപോലവേ,
സതതമാഹിതചാപലവൃത്തിയാം
ഹതസമീരനമത്യനുകൂലനായ്! 3

ജലധിയും, ജലജന്തുവുമാക്രമി–
ച്ചലസയാക്കി വെടിഞ്ഞ കുമാരിയെ
കലജനാം പ്രിയനെക്കണികാട്ടി ഹാ,
ജലധിവാണിജനേകി ശഠൻ വിധി! 4

'അഹഹ,വഞ്ചിതമിജ്ജന'മെന്നു ദു–
ർവ്വഹവിഷാദവിഷാക്രമണത്തിനാൽ
നിഹതചേതനനായ് നൃപസൂനുവാ–
സ്സഹചരൻെറ കരങ്ങളിൽ വീണുതേ. 5

''ശിവ, ശിവ, പ്രജകാക്കഴൽ കാണ്കയോ,
തവ, വിധേ തരമൊത്തിടുമുത്സവം?
അവശമെത്ര കടുത്ത വിപത്തിലാ–
ണവപതിച്ചതു ഞങ്ങളരക്ഷണാൽ! 6

പ്രതിഭയം ശിവനേ, മനുജൻെറ ദു–
ഷ്കൃതി പരേംഗിതഗോപനപാടവം!
ചതിയനാണു വണിക്കിവനെന്നഹോ,
മതിയിൽ ഞാൻ കരുതീലൊരുലേശവും. 7

വിനപെടാത്ത ശുഭാകൃതിയാലു,മാ–
വിനയസൂചകവാക്കുകളാലുമേ

2. അറുവിടാഭിഭവാൽ = പരമവിടൻെറ ആക്രമംനിമിത്തം.

3. കിതവവൈശ്യൻ = ധൂർത്തവണിക്ക്. തദിംഗിതം = അവൻെറ അഭിപ്രായം. അറിഞ്ഞൊരു = ആംഗ്യംകാണിച്ചതിൽനിന്നു ധരിച്ച. നാവികർ = കപ്പിത്താന്മാർ. ആഹിതചാപലവൃത്തി = ചാപലവൃത്തി (ചാപല്യം, ഇളക്കം) ഉള്ളവൻ. ഹതസമീരൻ = കെട്ട (ദുഷ്ടനായ) കാററ്. കാററിൻെറ ആനുകൂല്യവും, കപ്പിത്താന്മാരുടെ കൈമിടുക്കും നിമിത്തം കപ്പൽ ക്ഷണനേരംകൊണ്ടു ദൂരത്തായി മറഞ്ഞു എന്നു ഭാവം.

4. കലജൻ = കലീനൻ. ജലധിവാണിജൻ = കടൽക്കച്ചവടക്കാരൻ.

5. എന്നു = എന്നു പറഞ്ഞുംകൊണ്ട്. നിഹതചേതനൻ = ബോധം കെട്ടവൻ. സഹചരൻ = സചിവൻ.

6. അവപതിക്കുക = വീഴുക.

7. പ്രതിഭയം = ഭയങ്കരം. ദുഷ്കൃ...ടവം = ദുഷ്ടമ്പരമായ വിചാരത്തെ മറയ്ക്കാൻ (പുറത്തറിയിക്കാതിരിപ്പാൻ) ഉള്ള കൗശലം. മതിയിൽ = മനസ്സിൽ.

Digitized By Kerala Sahitya Akademi

അനഘനീ യുവവാണിജനെന്നു തെ—
ല്ലനവധാനത ഞങ്ങളിലാണ്ടുപോയ്! 8

പെരുതഴക്കുകളുള്ളിൽ നിറച്ചു ന—
ല്ലൊരു പുറന്തൊലികൊണ്ടു പൊതിഞ്ഞഹോ,
ഗുരുവിരിഞ്ചി രചിക്കുവതെന്തിനീ,—
യൊരുതരം നരഹിംസ്രമൃഗങ്ങളെ. 9

നളിനജൻ പുറമേ മൃദുചായമി—
ട്ടൊളികയററിയ ദുഷ്ടമൃഗങ്ങളാൽ
വെളിവിൽ വഞ്ചിതരായ് വലയുന്നു ദുർ—
ല്ലളിതഖേദമൃജുക്കൾ പലപ്പൊഴും!'' 10

പെരുകുമീവക ചിന്തകളാൽ മന—
സ്സുരുകുമസ്സചിവൻ സലിലാദിയാൽ,
പരുഷശോകപരിപ്ലുതനാകുമാ—
റൊരുവിധത്തിലുണർത്തി കുമാരനെ. 11

ചിരസമാർജ്ജിതമാം ധനമാശു ത—
സ്കരർ കവർന്ന ദരിദ്രനുതുല്യമേ
നരവരാത്മജനാകുലനായ്, പ്രിയാ—
ഹരണശോകഭരം സഹിയായ്കയാൽ. 12

സഹജധൈര്യവുമൊക്കെയവന്നു ദു—
സ്സഹതരവ്യഥ തട്ടിയുടഞ്ഞുപോയ്!
ഹഹ, ഘനാത്യയവിലൂക്കനൊഴുക്കിനാൽ
പ്രഹതമാം പുഴവക്കുകണക്കിനേ. 13

അനനുഭൂതചരപ്രബലവ്യഥാ—
ഘനതമസ്സിലിരുണ്ടു ഹൃദംബരം;
പുനരുടൻ നയനോദകവർഷവും,
ജനപതിപ്രിയപുത്രനു ജാതമായ്. 14

---

8. അനഘൻ = നല്ലവൻ. അനവധാനത = മനസ്സിരുത്തായ്ക.

9. അഴക്കുകൾ എന്നതിന്നു ദുഷ്ടതകൾ എന്നു താൽപര്യം. ഗുരു = ലോകപിതാമഹൻ. നരഹിംസ്രമൃഗങ്ങൾ = മനുഷ്യരാകുന്ന ക്രൂരമൃഗങ്ങൾ.

10. ദുർല്ലളിതഖേദം = ദുരന്തമായ ഖേദത്തോടുകൂടുംവണ്ണം. ഋജുക്കൾ = കള്ളത്തരമറിഞ്ഞുകൂടാത്ത ശുദ്ധഹൃദയർ.

11. പരു...പ്ലുതൻ = കഠിനദുഃഖംകൊണ്ടു പര്യാകുലൻ. ഉണർത്തി = ബോധം വന്നവനാക്കി

12. ചിരസമാർജ്ജിതം = വളരെക്കാലംകൊണ്ടു സമ്പാദിക്കപ്പെട്ടത്. ആശു = സമ്പാദിച്ച ഉടനെ.

13. ഘനാത്യയവിൽ = വർഷകാലത്ത്. പ്രഹതം = താഡിതം.

14. അന...മസ്സ് = മുമ്പ് അനുഭവിച്ചിട്ടില്ലാത്ത പ്രബലദുഃഖംനിമിത്തമുള്ള ഘനതമസ്സ് (വമ്പിച്ച വ്യാമോഹം—ഇതികർത്തവ്യതാമൗഢ്യം). ഘനതമ

Digitized By Kerala Sahitya Akademi

വളരെ നീണ്ടുവരും ചുടുവീർപ്പൊട്ടും
വിളറിവാടി വരണ്ട മുഖത്തൊട്ടും,
ഇളയഭൂപനിരുന്നൊരിരിപ്പു ക—
ണ്ടിളകി വൻകടലും മറയിട്ടിതോ! 15

കരുണമാം രസമംഗമെടുത്തപോ—
ലരുളമാ പ്രഭുവിൻനില കാൺകയാൽ
ഉരുകി തോഴനൊ,രിത്തിരി ബാക്കിയായ്—
ക്കരുതിവെച്ച കരളുറപ്പും ക്ഷണാൽ. 16

ഇടയിലാശ്വാസനോക്തി കഥിക്കുവാൻ
തുടരുമിഷ്ടസുഹൃത്തിനു മേല്ക്കുമേൽ
ഇടരിയറ്റുമൊരുഗ്രദശാന്തരം
തടവി രാജസുതൻ വിലപിക്കയായ്: 17

"ധരണിയിങ്കലഭാഗ്യതയെന്നതിൻ
പരമകാഷ്ഠ ലഭിച്ചുകഴിഞ്ഞു മേ;
പരവശസ്ഥിതി തേടിയതില്ലയോ,
കരമണഞ്ഞൊരു മംഗളലക്ഷ്മിയും! 18

വ്രതമണിഞ്ഞിഹ ഞാൻ മുഴുകീടിലീ,—
സ്സതതപൂർണ്ണപയോനിധിപോലുമേ,
അതനുതാപദമാം മദഭാഗ്യതാ—
വിതതിയാൽബ്ബത, വററി വരണ്ടുപോം! 19

പുരിയിൽനിന്നു വിദേശഗനായി ഞാൻ,
പരിജനങ്ങളും മുടിഞ്ഞു സഖാക്കളും;
ഹരി, ഹരി, പ്രിയ ലബ്ധവിനഷ്ടയായ്;
ഒരിതമീവിധമേവനു കൈവരും? 20

ഖലവണിഗ്ഗഹനത്തിലനാഥയായ്
നിലവിളിച്ചു, നിതാന്തചലാക്ഷിയായ്

സ്സ് എന്നതിന്നു രോമങ്ങളെക്കൊണ്ടുള്ള ഉടുപ്പ് എന്നും അർത്ഥം. ഹൃദംബരം = മനസ്സാകുന്ന ആകാശം. നയനോദകോദ്ഗമം = കണ്ണുനീർമഴ. ജാതമായ് = ഉണ്ടായി.

15. മറയിട്ടിതോ എന്ന ഉൽപ്രേക്ഷയുടെ ബീജം, കടലിന്റെ ഇരമ്പൽ തന്നെ.

16. കരുണമാം രസം = ദുഃഖരസം. പ്രഭു = സ്വാമി. കരളുറപ്പ് = ധൈര്യം.

17. ഇടയിൽ = വിലാപമദ്ധ്യത്തിൽ.

18. അഭാഗ്യത = ഭാഗ്യമില്ലായ്മ. പരവശസ്ഥിതി = അന്യാധീനമെന്നുള്ള നില.

19. സത...നിധി = എന്നും നിറഞ്ഞിരിക്കുന്ന സമുദ്രം. അതനുതാപദം = വലിയ താപത്തെ (ദുഃഖത്തെ, ചൂടിനെ) ദാനംചെയ്യുന്നത്. മദ...തതി = എന്റെ ഭാഗ്യമില്ലായ്മയുടെ വലിപ്പം.

20. വിദേശഗൻ = മറുദിക്കിനെ പ്രാപിച്ചവൻ. ലബ്ധവിനഷ്ട = കിട്ടിയ ഉടനെ പോയ്പോയവൾ.

Digitized By Kerala Sahitya Akademi

വലയ്യ,മിപ്പൊഴതെൻ പ്രിയ! കഷ്ടമേ,
വലയിൽ വീണൊരു മാൻപിടപോലവേ. 21

പ്രണയമെന്നിലിയന്നതുമൂലമാ—
ഗ്ഗുണവതികഴെൽ പെട്ടിതു വീണ്ടുമേ;
ക്ഷണമനുവ്യസനം ഫല,മെങ്കൽ വ—
ന്നണയുവോക്ക്;—ഈ സിദ്ധമനേകധാ! 22

മമ വിയോഗവു,മച്ചപലന്റെയാ—
ക്രമവുമെൻ പ്രിയകല്പകവല്ലിയെ
സമമെരിച്ചു കളഞ്ഞിടുമിപ്പൊഴേ;
സമരുദഗ്നിശിഖാവലിപോലവേ. 23

നില വെടിഞ്ഞു വിടൻ പെരുമാറവേ
ജലധിതാനബലയ്ക്കവലംബനം:
കുലവധൂടികൾ ജീവനിലും തുലോം
വിലമതിക്കുവതല്ലി സതിവ്രതം? 24

അപരനാരൊരു കശ്മലനെൻ കിട—
യ്ക്കു?പചിതപ്രിയയാകിയ സാധ്വിയെ
വിപദി ഹാ ബത, വീഴ്ത്തിയതില്ലയോ,
സപദി, രക്ഷണമാചരിയാതെ ഞാൻ! 25

ശ്വശുരനോടിനിയെന്തുരചെയ്യു,മി—
ശ്ശിശുമൃഗേക്ഷണതൻ കഥതീർത്ത ഞാൻ
അശുഭതേയ്ക്കൊ,രു കാൽനിമിഷം, വിധേ
പശുവിനെപ്പറയൻവശമാക്കി നീ! 26

അനുപദം ബത, പാതകി ഞാൻ നിന—
ക്കനുപമാർത്തികൾ ചേർത്തവനെങ്കിലും!
അനുവദിക്കുക, വിണ്ണണയുന്ന നി—
ന്നനുഗതിക്കിവനെപ്പതിദേവതേ! 27

---

22. ക്ഷണമനു = ക്ഷണംതോറും. അനേകധാ = പലപ്രകാരം. സിദ്ധം = അനുഭവിച്ചറിയപ്പെട്ടതു്.

23 പ്രിയ...വല്ലി = പ്രിയപ്പെട്ട കല്പവല്ലി; കല്പവല്ലിപോലെ സർവ്വേഷ്ടദായിനിയായ പ്രിയതമ എന്നു സാരം. സമം = ഒപ്പം (ഒന്നായിച്ചേർന്ന്) സമ... വലി = കാറ്റോടുകൂടിയ തീജ്ജ്വാലക്കൂട്ടം.

24. കുലവധൂടികൾ = കുലീനകളായ സ്ത്രീകൾ. ചാരിത്രരക്ഷയ്ക്കായി ആ കുലീനയായ അബല കടലിൽച്ചാടി പ്രാണത്യാഗംചെയ്യുമെന്നു സാരം.

25. ഉപചിതപ്രിയം = പ്രണയം വദ്ധിച്ചവൾ. വിപദി = വിപത്തിൽ.

25 ശ്വശുരൻ = വസുദത്തൻ. പറയന്റെ കൈയിൽ കിട്ടിയ പശുവിന്റേതുപോലെയായി, എന്നെ പ്രാപിച്ച സാധ്വിയുടെ സ്ഥിതി എന്നു സാരം.

27. അനുപദം = അടിയ്ക്കടി. അനുഗതി = പിന്തുടരൽ. പതിദേവതമാർ (മഹാസാധ്വിമാർ) ഭർത്താവിന്റെ ദ്രോഹങ്ങളെ മറന്നും, അവനു ഹിതം ചെയ്യുന്നവരാണല്ലോ.

Digitized By Kerala Sahitya Akademi

ജവമൊടെന്നപരാധമശേഷവും,
ഭുവനസാധ്വി, പൊറുത്തു കൃപാബലാൽ
ഭവതിയെന്നെയനുഗ്രഹിയാഞ്ഞിലീ,—
യിവനു ദുർന്നരകം ഗതി സർവ്വഥാ! 28

വിതതദുഷ്കൃതനാണിവനെങ്കിലും,
സതതമെൻ പരലോകസുഖത്തിനായ്
ധൃതദയം ഹൃദി നേരണമേ, സുഹൃദ്—
വ്രതവിശുദ്ധർ ഭവാദൃശരേവരും!'' 29

അരചനന്ദനനത്ര വിധംപകർ—
ന്നരയിൽനിന്നു—ഹരേ, ഹര, ശങ്കര!
ത്വരയൊടേററു തടഞ്ഞൊരുമട്ടിലി—
ത്തരമുരച്ചു സുബാഹു സഗദ്ഗദം: 30

''ഉരപെറും തവ വാക്കുകൾ കഴുത്തിത—
ല്ലിര; വധൂഹരദുർഗ്ഗളമാകണം;
പരജനത്തിലുടൻ പകവീട്ടിടാ—
തരമടങ്ങുക പൂരുഷധർമ്മമോ? 31

എവിടെയോടിയൊളിക്കുകിലും, തിര—
ഞ്ഞവിടെയെത്തി, വിടന്റെ ശിരസ്സിനെ
ഭുവി പനമ്പഴമാംപടി വീഴ്ത്തിടാ—
ത,വിനയത്തൊഴിൽ ചെയ്യുകയോ ഭവാൻ? 32

വഴിപിഴച്ചൊരവന്നു, തുണയ്ക്കുവാൻ
മിഴികളായിരമുള്ളവനേല്ക്കിലും,
കഴിയുമോ ഭവദസ്ത്രപഥത്തിൽനി—
ന്നൊഴിയുവാന,യി വീരശിഖാമണേ! 33

കനകഖണ്ഡമിതെന്നു കടുത്ത തീ—
ക്കനലു വാരിയെടുത്ത വണിക്കവൻ,

29. ദുഃഖവൈവശ്യംനിമിത്തം പ്രാണത്യാഗംചെയ്യാൻ ഉറച്ചിട്ട് മന്ത്രി മയാട്ടതന്നെ വീണ്ടും പറയുന്നു: സുഹൃദ്വ്രതവിശുദ്ധർ = മൈത്രീധർമ്മാനുഷ്ഠാനം കൊണ്ടു പരിശുദ്ധർ. ഭവാദൃശന്മാരുടെ ഹൃദയംഗമങ്ങളായ പ്രാർത്ഥനകൾകൊണ്ടേ, ദുഷ്കൃതപൂർണ്ണനായ എനിക്ക പരലോകത്തിൽ നന്മയുണ്ടാകാൻ വഴിയുള്ളു.

30. ഒരസാമാന്യപുരുഷനായ നായകൻ ആത്മഹത്യയ്ക്കായി, രണ്ടാമത്തും അരവാളെടുക്കുന്നതായ അമംഗളസന്ദർഭത്തിൽ ഭഗവന്നാമോച്ചാരണമല്ലാതെന്തു ഗതി! ത്വര = വെമ്പൽ.

31. വധൂഹരദുർഗ്ഗളം = ഭാര്യയെ അപഹരിച്ചവന്റെ കെട്ട കഴുത്ത്. പരജനം = ശത്രുജനം.

32. അവിനയത്തൊഴിൽ = ആത്മഹത്യാരൂപമായ മൂഢകൃത്യം.

33. വഴിപിഴച്ചൊരു = ദുർമ്മാർഗ്ഗചാരിയായ. ഭവദസ്ത്രപഥം = അങ്ങയുടെ ആയുധം ചെല്ലുന്ന വഴി.

Digitized By Kerala Sahitya Akademi

അനഘ, താമസിയാതെ ലഭിക്കണം,
തനതു വൻദുരതൻ ശരിയാം ഫലം! 34

'സതിയെയല്ലൊരു, മൂർത്തിയെടുത്ത ദുർ—
മ്മതിയെയാണി,ഹ ഞാൻ വിധിചോദനാൽ
മതിമറന്നു വശത്തിലണച്ചതെ'—
ന്നതിജവത്തിലവന്നറിവാകണം! 35

അവശമായുഴൽ തേടുവതിന്നിത—
ല്ലവസരം; സ്ഥിരമാക്കുക മാനസം;
നൃവര, നമ്മൾ പുറപ്പെടുകീ വഴി—
ക്കവനെയാശു തിരഞ്ഞുപിടിക്കുവാൻ. 36

പരുഷമോഷകനെസ്സകുലം വധി—
ച്ചുരുബലാൽ ജയലക്ഷ്മിയൊടൊപ്പമേ,
തരുണിമാർമണിദേവിയെ വീണ്ടെടു—
ത്തരുൾക, രാഘവനെന്നവിധം ഭവാൻ. 37

ബത, സദാ തുണയായ്, സകലോപരി—
സ്ഥിതസതീവ്രതശക്തിയിരിക്കവേ
സുതനുവിങ്കലപായവിശങ്കയോ?
ഹതമമംഗളമെൻ പ്രിയദൈവമേ! 38

സ്ഫുരിതതീവ്രസതീവ്രതദീപ്തിയാം
പെരിയ സാദ്ധ്വി ദുരാസദയേവനും:
എരിയുമഗ്നി പടർന്നു ചുഴന്നെഴും
ഗിരിതടക്ഷിതിയാർക്കു വിലംഘ്യയാം? 39

ചതിയനാശു കവർന്നതിലാർത്തയാം
സതിയെ ഹാ വെടിയുന്നതു യുക്തമോ?

---

34. കനകഖണ്ഡമിതെന്ന് = ഇതു പൊൻകട്ടയാണെന്നു തെററിദ്ധരിച്ച്.

35. താരാവലി ഒരു സതിയാണെന്ന് ഇപ്പോഴത്തന്നെ രേവൻ ധരിച്ചുകഴിഞ്ഞിരിക്കും; ഇതുകൊണ്ടായില്ല, ഇവൾ തനിക്കു ശരീരിണിയായ ദുർമ്മതിയാണെന്നുകൂടി അവന് ഉടനെ അനുഭവം വരുത്തണം.

36. ഈ വഴിക്ക് = കടല്ക്കരയിലൂടെത്തന്നെ.

37. പരുഷമോഷകനെ = ക്രൂരനായ ഭാര്യാപഹാരിയെ. സകലം = വംശത്തോടെ. രാഘവൻ = ശ്രീരാമൻ.

38. പ്രിയാമരണശങ്കയെ നിഷേധിക്കുന്നു. സക...ശക്തി = എല്ലാ ശക്തികൾക്കും മേലെയായ പാതിവ്രത്യശക്തി. ഹതം അമംഗളം = അപായത്തെ ശങ്കിച്ചുപോയതുകൊണ്ടുള്ള അമംഗളം ഹതമാകട്ടെ (ശമിക്കട്ടെ).

39. സ്ഫുരി...ദീപ്തി = സ്ഫുരിതവും (ഉജ്ജ്വലവും) തീവ്രവും ആയ ചാരിത്രമതജസ്സോടുകൂടിയവൾ. ദുരാസദ = ദുർധർഷ (അടുത്തുകൂടാത്തവൾ). അഗ്നി=കാട്ടുതീ. ഗിരിതടക്ഷിതി = മലയുടെ താഴ്വാരം.

Digitized By Kerala Sahitya Akademi

പ്രതിഹരിക്കുക, ദാനവനീതയാം
ശ്രുതിയെ വിഷ്ണുകണക്കു വരാംഗിയെ. 40

ഝടിതി ധീരതപൂണ്ടെഴുന്നള്ളുകീ-
യടിയനൊത്ത,രിയെത്തിരയാൻ പ്രഭോ!
കൊടിയ പീഡകളെത്ര ഭവിക്കിലും,
വെടിയുകില്ല മനസ്വികൾ പൗരുഷം. 41

അലസബുദ്ധികൾപോലെ വിപത്തിലും-
ച്ചലനമെങ്ങനെയേല്പു ഭവാദൃശർ?
മല കുലുങ്ങിടുമോ മരമെന്നപോ-
ല,ലഘുവാകിയ കാററടി കൊൾകിലും? 42

അരിശമെന്നതു വേണ്ടുമിടത്ത,കം
കരിയുമല്ലൽ മഹാശയനങ്ങയും,
അരിജനാന്തക, തേടുവതാകിലോ,
പെരിയ കാതരർതൻ കഥയെന്തിനി? 43

ക്ഷിതിയിലാരി,വിടേക്കു ഹിതാഹിത-
സ്ഥിതി പറഞ്ഞുതരാന,റിവിൻനിധേ?
പുതിയ മാലിലുറങ്ങിയതായ നി-
ന്മതിയെ മുററുമുണർത്തുകയാണു ഞാൻ.'' 44

പരസഖൻെറ സധൈര്യവചസ്സിനാൽ
വിരതസാഹസനായ നൃപാത്മജൻ
ധരയിലാ നെടുവാൾത്തലയൂന്നി, നിർ-
ഭരവിചാരമൊടും നിലവായിതേ. 45

''ഇതുവരെ പ്രിയബാന്ധവരെത്തിര-
ഞ്ഞതു വെടിഞ്ഞരിയെത്തിരയാമിനി!
അതുലമെൻ ദുരിതോദയ''മെന്നുര-
ച്ചിതു, ചുടും നെടുവീർപ്പൊടുമൊത്തവൻ. 46

വിമതനിൽച്ചൊടിയും, പ്രിയമേറുമാ-
ക്കമനിയിൽക്കനിവും, വിരഹാർത്തിയും

---

40 പ്രതിഹരിക്കുക = വീണ്ടെടുക്കുക. ദാനവനീത = ഹയഗ്രീവാസുരനാൽ കൊണ്ടുപോകപ്പെട്ടതു്. (അപഹൃത) ശ്രുതി = വേദം.

41. മനസ്വികൾ = ഉൾക്കരുത്തുള്ളവർ.

42. അലസബുദ്ധികൾ = മന്ദന്മാർ (മൂഢന്മാർ). അലഘു = മഹത്തു്.

43. കാതരർ = ഭീരുക്കൾ.

44. പുതിയ = മുമ്പു് അനുഭവിച്ചിട്ടില്ലാത്ത.

45. വിരതസാഹസൻ = സാഹസത്തിൽനിന്നു പിൻവലിച്ചവൻ.

Digitized By Kerala Sahitya Akademi

സമമുയൻറ മനസ്സിലൊരുൽക്കട-
ക്രമമിയററി കുമാരനു വീണ്ടുമേ. 47

യുവനൃപൻ, ചളിയിൽക്കളഭംകണ-
ക്കവെപതിച്ചു ഗഭീരതരാർത്തിയിൽ;
അവനെയന്നതിൽനിന്നു കരേററുവാ-
നവശചിത്തനമാത്യനശക്തനായ്. 48

പെരിയ താപഭരാൽ നൃപസൂനുവിൻ
വിരിവിയന്ന ലലാടതടം തദാ,
പരിണതാനലപർവ്വതസാനുവിൻ
പരിചിലാംപടി ചുട്ടുപഴുത്തുപോയ്! 49

വ്യഥ മുഴക്കമെവന്നു മനസ്സിൽ മുൻ-
കഥകൾ മാഞ്ഞുതുടങ്ങി പതുക്കവേ:
പ്രഥമസന്ധ്യയടുത്തിടവേ മരുൽ-
പഥതലത്തിലുഡുക്കൾകണക്കിനേ. 50

പരവിചിന്തകളൊക്കെ മറന്നുപോയ്-
പ്പുരമവൻ ദയിതാമയനായ് ക്രമാൽ;
വിരഹിതൈഷണനായൊരു താപസൻ
പരചിദാത്മകനായ്ച്ചമയുംവിധം. 51

''വരികെടോ, വസുദത്തകുമാരിത-
ന്നരികിലേക്കുടനെ''ന്നുരചെയ്തവൻ
ത്വരിതമോടി മഹാബ്ധിതടത്തിൽനി-
ന്നരിയ പർവ്വതസാനുവിലെത്തിനാൻ. 52

'തനുതരോദരിയെങ്ങു ഗമിച്ചു'വെ-
ന്ന,നുചരൻ പലപാടു തടുക്കിലും,

---

47. വിമതൻ = ശത്രു (പത്നിയെ അപഹരിച്ചവൻ). ചൊടി = അമർഷം. സമം = ഒപ്പം. ഉൽക്കടക്രമം = പ്രബലമായ വാട്ടം.

48. കളഭം = ആനക്കുട്ടി.

49. ലലാടതടം = നെററി. പരി...സാനു = പാകംവന്ന അഗ്നിപർവ്വതത്തിൻെറ താഴ്വര. അതിമഹത്തായ സന്താപം, തലച്ചോറിനെ വേവിച്ചു.

50. പ്രഥമസന്ധ്യ=പ്രഭാതകാലം. മരുൽപഥതലത്തിൽ=ആകാശത്തിൽ. ഉഡുക്കൾ = നക്ഷത്രങ്ങൾ.

51. പരവിചിന്തകൾ = മററു വിചാരങ്ങൾ. ദയിതാമയനായ് = പ്രിയയെക്കുറിച്ചുള്ള ചിന്ത ഒന്നുമാത്രം ശേഷിച്ചവനായി. വിരഹിതൈഷണൻ=മൂന്ന് ഏഷണങ്ങളും ഇല്ലാതായവൻ.

52. നായകൻെറ ഉന്മാദാവസ്ഥയെ വർണ്ണിപ്പാൻ തുടങ്ങുന്നു. പർവ്വതസാനുവിൽ—മുൻപു രണ്ടാളുംകൂടി ഇരുന്ന മലച്ചെരുവിൽ.

Digitized By Kerala Sahitya Akademi

അനുഗിരീന്ദ്രതടം വിപിനത്തിലാ—
മനുജകേസരി മണ്ടിനടക്കയായ്! 53

നൃപസുതന്നഴലൊട്ടറിയായ്‌വതി—
ന്നപകരിച്ചു തദാ മതിവിഭ്രമം;
വിപദുദഗ്രത കാണമമാത്യനോ
സപദി വിണ്ടു തകർന്നിതു മാനസം. 54

''അവിടെയുണ്ടലസേക്ഷണ, കണ്ടു ഞാ—
നി,വിടെയല്ലിതിനപ്പുറമായ്‌വരാം!''
അവികലഭ്രമമിങ്ങനെയാ മഹാ—
ടവിയിലോടിയലഞ്ഞു നൃപാത്മജൻ. 55

''അചലമേ, വിധിതൻ നവരൂപസ—
ൃചനയെൻ ചലമാന്മിഴിയെങ്ങു പോയ്?
അചലവും, ദുരവാപവുമായ തൽ—
സുചരിതം ബഹു നിന്നിലുമുന്നതം. 56

കുടിലകേശി, ഗിരീശ, തവാന്തികേ
വടിവിലാഗതയായിതു, നിർണ്ണയം!
മുടികളാലവ വെണ്മ ഘനങ്ങൾ നി—
ന്മുടിയിലാണ്ടു പതുങ്ങുവതില്ലയോ! 57

എവിടെ മൽപ്രിയ? നീ പറയാഞ്ഞിൽ, ഞാ—
നിവിടെ നിൻതല തട്ടിനിരത്തിടും;
സുവിപുലാർത്തിയൊടെന്തിനു കണ്ണുനീർ
ഭുവി പൊഴിപ്പതിവൻ ബഹുഭീരുതാൻ!'' 58

ചിലയിടം നെടുചോലയൊലിക്കുമാ
മലയൊടിപ്പടി തൻപ്രഭു ചൊല്ലവേ,
നിലപെടാത്തഴലാൽ മിഴിയിങ്കൽ നി—
ന്നലമൊലിച്ചിതു ചോല സഖാവിനും. 59

---

53. എന്നു = എന്നു പറഞ്ഞുകൊണ്ട്. അനുചരൻ = സഹായി (സുബാഹു). അനു...തടം = പർവ്വതതടങ്ങൾതോറും. വിപിനം = വനം.

54. മതിവിഭ്രമം = ഭ്രാന്ത്. വിപദുദഗ്രത=ആപത്തിന്റെ ഉൽക്കടാവസ്ഥ.

55. അവികലഭ്രമം = മുഴുഭ്രാന്തോടുകൂടുംവണ്ണം. മഹാടവി = വൻകാട്.

56. നവ...ചന = പുതിയ സൗന്ദര്യത്തിന്റെ നല്ല സൃഷ്ടി. അചലം = സ്ഥിരം. ദുരവാപം = അന്യദുർല്ലഭം. തൽസുചരിതം = അവളുടെ ചാരിത്രം. ബഹു ഉന്നതം = വളരെ ഉയർന്നതു്. അത്യന്തസുചരിതയായ അവളെ ഔന്നത്യസ്പൃഹയുള്ളവനായ നീ കണ്ടു സൽക്കരിപ്പാൻ ഇടയുണ്ട് എന്നു് ആശയം.

57. മേഘങ്ങൾ മലമുകളിൽ പററിയിരിക്കുന്നതിനെ, ആ സുകേശി അവിടെ ചെന്നതിന്റെ സൂചകമായി കല്പിച്ചിരിക്കുന്നു.

58. കണ്ണുനീർ പൊഴിക്കുന്നു എന്നു തോന്നിയതിന്റെ കാരണം അനന്തരശ്ലോകത്തിൽനിന്നു വിശദമാകും.

59. മിഴിയിങ്കൽനിന്നു് അലം (ഏററവും) ചോല ഒലിച്ചു എന്നതിന്നു്, കണ്ണീർ ധാരയായി ഒഴുകി എന്നു സാരം.

Digitized By Kerala Sahitya Akademi

''അപഹരിച്ചതു വാണിജനല്ലയോ,
കപടവൃത്തിയിൽ നിൻ പ്രിയപുത്രിയെ?''
കൃപണമിങ്ങനെ മന്ത്രി കഥിക്കവേ,
നൃപസുതൻ ധൃതിപൂണ്ടുരിയാടിനാൻ: 60

''നനു വണിക്കവനെൻ മഹിതായുധ—
ത്തിനു കല്യാണാകരമാമിരയല്ലയോ?
ധനുഷി മൗർവി മുറുക്കിയ ചന്ദ്രസേ—
നനു ജഗത്ത്രയവും തൃണവും സമം! 61

സ്വമതസിദ്ധിവരാത്ത,സഹായയാം
മമ കൃശാംഗിയിലെ,ൻ പ്രിയമിത്രമേ,
ക്ഷമ വെടിഞ്ഞു കടുക്രിയ വല്ലതും
കുമതി ചെയ്യുകിലോ, ബത, ഞാൻ ഹതൻ!'' 62

വെളിവിടയ്ക്കുളവായിവരും തമോ—
മിളിതരാജതനൂജഹൃദന്തവും,
കുളിർനിലാവഗവല്ലിനിഴൽക്കിട—
യ്ക്കൊളിയുമാ വനവും സമമായ് തദാ. 63

''കുലവധൂമണി, മൽകരബദ്ധമാ—
മലരണിക്കുഴൽ വീണ്ടുമഴിഞ്ഞിതോ?''
ചിലതിവണ്ണമുരച്ചൊ,രു ദിക്കിലേ—
യ്ക്കലസബുദ്ധി നൃപാത്മജനോടിനാൻ. 64

''തരുകശാഖയിലൊന്നിലുറക്കമായ്
മരുവിടും മയിലിൻനെടുപീലിയെ
തിരുമനസ്സു മറിച്ചു ധരിച്ചു''വെ—
ന്നൊരുവിധം പ്രിയമന്ത്രി വിലക്കിനാൻ. 65

വനതലേ യുവഭൂപതി പൂങ്കല—
ക്കനമിയന്നൊരശോകസുവല്ലിയെ,

---

60. കൃപണം = ദയനീയമാകുംവണ്ണം. ധൃതി = വെമ്പൽ.

61. കല്യാണാകരം = ഐശ്വര്യത്തെ ഉണ്ടാക്കുന്നതു്. ധനുഷി = വില്ലിൽ. മൗർവി = ഞാൺ.

62. അസഹായ = തുണയില്ലാത്തവൾ.

63. വെളിവ് = ബോധം. തമോ...മന്തം = തമസ്സ് (മൗഢ്യം, ഇരുട്ട്) ചേർന്നതായ രാജകുമാരന്റെ മനസ്സ്. അഗവല്ലിനിഴൽ = വൃക്ഷങ്ങളുടെയും വള്ളികളുടെയും ഛായ. ഒളിയും = മിന്നുന്ന. സമം = തുല്യം.

64. മൽകരബദ്ധം = എന്റെ കൈകളാൽ കെട്ടപ്പെട്ടതു്. ഈ കേശസംസ്കരണവും മറ്റും കഴിഞ്ഞ സർഗ്ഗത്തിലെ വ്രീള മതേടിയ ഇത്യാദി ശ്ലോകത്താൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അലസബുദ്ധി = ബുദ്ധി മന്ദീഭവിച്ചവൻ.

65. തരുകശാഖ = ചെറുവൃക്ഷക്കൊമ്പ്.

Digitized By Kerala Sahitya Akademi

സ്തനഭരാനതയാം പ്രിയയെന്നൊരീ
നിനവൊടോടിയണഞ്ഞു പുണർന്നതേ. 66

സുചിരമോടിവലഞ്ഞൊരി,ടത്തവൻ
നിചിതനിശ്വസിതം നിലകൊൾകവേ
ഉചിതസാന്ത്വമുരച്ചുതുടങ്ങിടും
സചിവനാ;-യതൊരൂഷരവർഷമായ്. 67

ക്ഷപയുമപ്പൊഴുത,ബ്ധിവണിക്കു ക-
ണ്ടപഹരിച്ച കുമാരികയോടുടൻ
നൃപസുതാർത്തികൾ ചൊൽവതിനെന്നപോ-
ലപരസിന്ധുവിലേക്കു ഗമിക്കയായ്. 68

ഉടനെ,യാ നിശയാം നിജകാന്ത വൻ-
കടലണഞ്ഞു മറഞ്ഞതുകാരണം
സ്ഫുടവിവർണ്ണതപൂണ്ടു നൃപാത്മജ-
ന്നുടയ സാദൃശി നേടി നിശേശ്വരൻ. 69

വിരതനിദ്രവിഹംഗമകൂജിത-
സ്വരമുയർന്ന വനം പുലർവേളയിൽ,
നവവരാത്മജദുർദ്ദശ കണ്ടു നിർ-
ഭരശുചാ വിലപിപ്പതുപോലെയായ്. 70

അവനിതന്നിലമർന്ന തമോഭരം
നവരവിദ്യുതിയാൽ പരിലുപ്തമായ്,
യുവനൃപന്റെ മനസ്സിലെഴും തമോ-
നിവഹമോ നിലവിട്ടു വളർന്നതേ! 71

''ഇവനിതാ, സലിലാർദ്രഗല്യ,മഹർപ്പതേ!
തവ തരുന്നു, കനിഞ്ഞുരചെയ്യണേ!
നവപലാശസുമാധരിയെങ്ങു പോയ്!
ഭുവനലോചനമല്ലി വിഭോ, ഭവാൻ?'' 72

---

66. സ്തനഭരാനത = കുചഭാരംകൊണ്ടു കുനിഞ്ഞൊന്നു ചാഞ്ഞവൾ.

67. നിചിതനിശ്വസിതം = ഏറ്റവും കിതപ്പോടുകൂടുംവണ്ണം. ഊഷരവർഷമായ് = ഉവരുള്ള സ്ഥലത്തു പെയ്ത മഴപോലെ വ്യർത്ഥമായി.

68. ക്ഷപ = രാത്രി. നൃപസുതാർത്തികൾ = രാജപുത്രന്റെ ദുഃഖങ്ങൾ. അപരസിന്ധു = പടിഞ്ഞാറേസ്സമുദ്രം. നേരം പുലർന്നുതുടങ്ങി എന്നു സാരം.

69. സാദൃശി = സാമ്യം. നിശേശ്വരൻ = ചന്ദ്രൻ.

70. വിരത...സ്വരം = ഉറക്കുണർന്ന പക്ഷികൾ കൂകുന്ന ശബ്ദം. നിർഭരശുചാ = തീവ്രദുഃഖംനിമിത്തം

71. തമോഭരം = കൂരിരുൾ. പരിലുപ്തം = നശിക്കപ്പെട്ടതു്. തമോനിവഹം = വ്യാമോഹപരമ്പര (ഉന്മാദം).

72. അഹർപ്പതി (സൂര്യൻ) ഭുവനലോചനം (ലോകചക്ഷുസ്സ്) ആകയാൽ, എവിടെയായാലും കാണ്മാൻ കഴിയുമല്ലോ.

Digitized By Kerala Sahitya Akademi

''സുതനു വാരിയിലാഗളമഗ്നയാ,—
യിത, സഖേ! ലുളിതാളകമാം മുഖം!
മുതല വീണ്ടുമടിക്ക പിടിച്ചിതോ?
ബത! കഷ്ടമിതെന്നു'' സസംഭ്രമം, 73

സ്മരദളിവ്രജമായി വിടർന്നിടും
സുരഭിയായൊരു തണ്ടലർ കാൺകയാൽ,
പരവശസ്ഥിതി പാർത്ഥിവനന്ദനൻ
സരസി ചാടുവതിന്നു തുടങ്ങിനാൻ. (യുഗ്മകം) 74

''പിടയുമായ്‌ മരുവും പ്രിയകോകമേ!
ഘടനിഭസ്തനിയെപ്പററി കണ്ടിതോ?
തടവൊഴിഞ്ഞുരചെയ്യുക, നിങ്ങൾതൻ—
കിടയിൽ ഞങ്ങൾ തുലോം വിരഹാസഹർ.'' 75

''കദളി! കൗതുകദം തവ കാഴ്ച! നിൻ
സുദളസക്തതുഷാരകണങ്ങളിൽ
അദരമാം മഴവില്ലൊളി വാച്ചതു—
ണ്ടു,ദയദർക്കമരീചി പതിക്കയാൽ. 76

കദളികാകമനീയതരോരു മൽ—
സുദതി നിൻ സവിധത്തിലണഞ്ഞിതോ?
കദനമാർന്നു വിറയ്ക്കുവതെന്തു നീ!
വദ സഖിക്കഴൽ വല്ലതുമേററിതോ?'' 77

''അലസയാനവിലാസമിതാരിൽനി—
ന്നല്പഭാഗ്യവശാൽ വശമാക്കി നീ;
നലമൊടെൻ പ്രിയയാമവളെങ്ങുവാൻ
വിലസിടുന്നു? കഥിക്ക മഹേഭമേ!'' 78

---

73. വാരി = വെള്ളം. ആഗളമഗ്ന = കഴുത്തോളം ആണ്ടവൾ. ലുളിതാളകം = അളകങ്ങൾ ചിന്നിയതു്.

74. സ്മരദളിവ്രജം = വരിവണ്ടുകളിരിക്കുന്നതു്. സുരഭി=സുഗന്ധി. പരവശസ്ഥിതി = പരന്ന (അന്യന്നു) വശമായ സ്ഥിതിയോടു് (നിലയോടു്) കൂടിയവൻ. ചാടാൻ തുടങ്ങുമ്പോൾ സുബാഹു പിടിച്ചുനിർത്തി എന്നു താൽപര്യം.

75. പ്രിയകോകമേ = പ്രിയപ്പെട്ട ചക്രവാകമേ! വിരഹാസഹർ = വിയോഗത്തെ സഹിക്കാത്തവർ

76 സുദ...ണങ്ങൾ = നല്ല ഇലകളിൽ പററിയ മഞ്ഞുതുള്ളികൾ. അരം = അനല്പം. ഉദ...രീചി = ഉദയത്തായ (ഉദിച്ചുവരുന്ന) അർക്കന്റെ രശ്മി.

77 കദ...രോരു = വാഴപോലെ അഴകുള്ള തുടയോടുകൂടിയവൾ. മൽസുദതി = എന്റെ സുന്ദരി (പ്രിയ). കദനം = ദുഃഖം. കാററേററിട്ടുള്ള ചലനത്തെ ക്ലേശവേപഥുവാക്കി കല്പിച്ചിരിക്കുന്നു. വദ = പറഞ്ഞാലും.

78. അല...ലാസം = മന്ദഗമനഭംഗി. മഹേഭം = വലിയ ആന. ഇത്ര അഴകുള്ള മന്ദഗമനം അഭ്യസിപ്പിപ്പാൻ അവളല്ലാതെ മററാരും ഇല്ലാത്തതുകൊണ്ടു നീ തീർച്ചയായും അവളെ കണ്ടിരിക്കുമെന്നു് ആശയം.

Digitized By Kerala Sahitya Akademi

പെരിയൊരെൻ പ്രണയം ഗണിയാതിവൻ
ഗിരിതടക്ഷിതി കത്തിയുടച്ചുവാൻ
ത്വരിതമിങ്ങു തുടർന്നിതു ലീലയാ;
ശരി; ഗുരുസ്മൃതിയെന്നു മദാന്ധരിൽ? 79

''ഹരിണി! നീ വനവർത്മനി കണ്ടിതോ,
ഹരിവധൂവടിവൊത്തൊരു തന്വിയെ?
വിരിവുമീക്ഷണഭംഗിയുമുള്ളതാ—
ണറിയ തന്മിഴി, നിന്മിഴിപോലവേ.'' 80

''നളിനലോചനയെങ്ങിതു ചൊല്ലിലി,—
ന്നളികളും കൈവെടിയും തവ പൂക്കളെ
ലളിത ചമ്പകമേ! മമ കാന്തത—
ന്നളിയെതിർക്കുഴൽ ചേർത്തണിയിക്കവൻ.'' 81

''തുളകളിൽക്കുളിർകാററു നിറഞ്ഞ ന—
ന്മുളകളേ! വനഗായകർ നിങ്ങളിൽ
വളരുമാദരവോടിഹ വന്നിതോ
കളതരസ്വരയാം മമ കാന്തയാം?'' 82

''പ്ലവഗമേ! പറകെ;—ൻെറ പരിഗ്രഹം
തവ വിലോചനഗോചരമായിതോ?
സ്വവനിതാപ്തിയിൽ വന്തുണ മൈഥിലീ—
ധവനു ചെയ്തതു, പൂർവികരല്ലി തേ!'' 83

''മനമലിക്കുമൊരഞ്ചിതപഞ്ചമ—
സ്വനമുതിർത്തു രസിക്കുവതെന്തു നീ?

---

79. പ്രണയം = പ്രാർത്ഥന. ഗുരുസ്മൃതി = ഗുരുവിൻെറ ഓർമ്മ. ഗുരുവായ (കാന്തയെ) ഓർമ്മ എന്നും. മദത്തിന്നു ഗർവ്വെന്നും, മദമ്പാടെന്നും അർത്ഥം. മദാന്ധനായ നീ നിനക്കു അലസയാനവിലാസം പഠിപ്പിച്ച ഗുരുവിനെ (എൻെറ പ്രിയയെ) വിസ്മരിച്ചതിൽ അത്ഭുതമില്ല. മദാന്ധന്മാർക്കു് (ലഹരിപിടിച്ചവർക്കു്) സ്മൃതി (മുൻകഥകളെപ്പററി ഓർമ്മ) ഉണ്ടാകുന്നതല്ലല്ലോ.

80. വനവർത്മനി = കാട്ടുവഴിയിൽ. ഹരിവധൂവടിവു് = ലക്ഷ്മീസാദൃശ്യം. ഈക്ഷണഭംഗി = അഴകുള്ള നോട്ടം.

81. സൌരഭ്യരൂക്ഷതകൊണ്ടു വണ്ടുകൾ ഉപേക്ഷിക്കുന്ന ചമ്പകപ്പൂക്കൾക്കു് വണ്ടിനെതിരായ തലമുടിയോടു സമാഗമം ലഭിക്കുന്നതു് ഒരു മാനമാണല്ലോ.

82. വനഗായകർ = കാട്ടിലെ പാട്ടുകാർ. എല്ലാ നാട്ടുകളിലെയും സംഗീതരീതികളെ ധരിച്ചിട്ടുള്ള സംഗീതവിദുഷിയായ എൻെറ പ്രിയ കാട്ടിലെ പാട്ടുകാരുടെ സമ്പ്രദായങ്ങളറിവാൻ നിങ്ങളുടെ അടുക്കൽ വന്നേക്കാനിടയുണ്ടു് എന്നു ഭാവം.

83. പ്ലവഗം = കുരങ്ങൻ. വിലോചനഗോചരം = ദൃഷ്ടിവിഷയം. സ്വവനിതാപ്തി = നിജപത്നീലാഭം. മൈഥിലീധവൻ = രാമൻ.

Digitized By Kerala Sahitya Akademi

വനമിതിൽ,ക്കയിലേ! മധുലക്ഷ്മി പോ—
ല,നഘരൂപിണി മൽപ്രിയ വന്നിതോ?'' 84

''പ്രവരമാലതി! മാലതിയായൊരെ—
ന്നവനതാംഗി തവാന്തികമാർന്നിതോ?
അവരംകണക്കലകിൽ സുമനസ്സു നീ
വിവരമെന്നോടുടൻ പറയേണമേ!'' 85

ഘോരാന്ധ്യമാർന്നഗമൃഗാദികളോടുമേവം
ദാരാനുയോഗപരനായ്, ച്ചിരമങ്ങുമിങ്ങും,
താരാവലീവരനമാത്യന ഹന്ത, കണ്ണീർ
തോരാതെയാക്കി വനവീഥികളിൽച്ചരിച്ചു. 86

പകലിരവൊതുപോലായ്, സൂര്യചന്ദ്രാതപത്താൽ
മികവെഴുമുടൽ ചുട്ടും, ഭുക്തിനിദ്രാദി വിട്ടും,
അകമഴലിൽ മയങ്ങും മന്ത്രിതാനൊത്തു, നാനാ—
വകവിഷമപഥത്തിൽച്ചുററിനാൻ ചന്ദ്രസേനൻ. 87

ഇങ്ങനെ ചന്ദ്രസേനന്റെ വിരഹോന്മാദം പതിനഞ്ചാം സർഗ്ഗം

പതിനാറാം സർഗ്ഗം

ഏതാനുംനാരംകൊണ്ടു, ദൈവം വിയോഗോ—
ദ്ധൂതാത്മാവാമാ യുവക്ഷ്മാശിതാവെ,
സ്ത്രീതാപത്തിൻ നൂതനാകാരമായി—
ട്ടോതാവുന്നോതുഗ്രവൻകാട്ടിലാക്കി! 1

ആരാന്നും ഹാ! കാളരാത്രിക്ക തീർത്തു—
ള്ളാരാമംപോലാ വനം കണ്ടമാത്യൻ
ഘോരാനർഗ്ഘം വീണ്ടുമെത്തുന്നതായ്ത്താൻ
നേരായോത്തും നെഞ്ചിടിപ്പാർന്നിതേററം. 2

84. മധുലക്ഷ്മി = വസന്തലക്ഷ്മി. വസന്തം കയിലിന്നു് ആഹ്ലാദകരമാണല്ലോ.

85. മാലതി = പിച്ചകം. മാൽ അതിയായ = ദുഃഖമേറിയ. സുമനസ്സ് എന്നു പിച്ചകപര്യായമാണ്, ശുദ്ധഹൃദയയെന്നും അർത്ഥമെടുക്കണം.

86. ഘോരാന്ധ്യം = ഭയങ്കരമായ ഉന്മാദം. ദാരാനുയോഗപരൻ = ഭാര്യയെപ്പററി ചോദ്യങ്ങൾ ചെയ്യുന്നവൻ.

87. വിഷമപഥത്തിൽ = ദുർഗ്ഗമമാർഗ്ഗത്തിൽ.

1. വിയോഗോദ്ധൂതാത്മാവ് = പ്രിയാവിരഹത്താൽ കമ്പിതമായ മനസ്സോടുകൂടിയവൻ. യുവക്ഷ്മാശിതാവെ = ഇളയരാജാവിനെ.

2. ഓത്തും = സൂചിപ്പിക്കുന്ന. ആരാമം—ഉദ്യാനപര്യായം.

Digitized By Kerala Sahitya Akademi

നാനാജാതി ക്രൂരപക്ഷിവ്രജത്തിൻ,
പീനാരാവം പേർത്തുമാക്കാനനത്തിൽ,
കീനാശൻതൻ പ്രൗഢഗീ കീർത്തിപ്പതാകും
ഗാനാഘോഷംപോലെ കേൾക്കായിവന്നു. 3

കാലേ, കാലേ മൃത്യുവാം ദേവി ഹർഷ-
ത്താലേ ലീലാനൃത്തമങ്ങാചരിക്കേ,
ചാലേ ചിന്നും തൽപദാലക്തപങ്കം
പോലേ കാണായ് ശുഷ്കരക്തം ചിലേടം. 4

ഏററം ശല്യം തോന്നിടുംമാറു നാനാ-
നാററം മൂക്കിൽക്കൊണ്ടു കുത്തിച്ചെലുത്തി,
ക്രൂററൻ മൃത്യുവാളമൂതുന്ന മട്ടിൽ-
ച്ചീററത്തോടേ വീശി വൻകാററതിങ്കൽ. 5

ധാരാളം ദുർഗ്ഗന്ധപുഷ്പദ്രുമത്താൽ
താരാമാർഗ്ഗം മൂടുമക്കാടു പൂകേ,
സ്ഫാരാടോപം പത്തുനൂറുഗ്രവേട-
ന്മാരാത്തിത്തീടുന്നതാ വീരർ കണ്ടു. 6

ആ വർഷാരംഭത്തിൽ വാനത്തു തിക്ക-
ണ്ടായ് വന്നിട്ടേതാനുമംഭോധരങ്ങൾ
സ്വാവാസസ്ഥാനത്തിനു മന്നാർന്നിതോയെ-
ന്നേവം തോന്നിച്ചീടിനാരാക്കിരാതർ. 7

താലപ്രായം നീണ്ടു, കുന്നിച്ച കട്ടി-
ക്കോലം പൂണ്ടുള്ളാപ്പുളിന്ദവ്രജത്താൽ
നീലക്കൊണ്ടൽച്ഛായ, നിർവാഹമുണ്ടെ-
ന്നാലക്കാടിനൊന്നുകൂടിക്കനത്തു. 8

ഉന്തിത്തള്ളും പല്ലു,ണക്കത്തൂണത്തിൻ-
പന്തിക്കൊക്കും മീശ, വക്രിച്ച മൂക്കും

3. പീനാരാവം = വലിയ ശബ്ദം. കീനാശൻ = അന്തകൻ.

4. തൽപദാലക്തപങ്കം=അവളുടെ (മൃത്യുദേവിയുടെ) കാലുകളിലെ ചെമ്പഞ്ഞിച്ചാറ്. ശുഷ്കരക്തം = ഉണങ്ങിയ ചോര. ആ കാട്ടിൽ അനവധി കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നു താൽപര്യം.

5. ശല്യം = പീഡ. മൃത്യുവാളം = മൃത്യുവാകുന്ന സർപ്പം.

6. ദുർഗ്ഗ...ദ്രുമം = ചീത്ത നാററത്തോടുകൂടിയ പൂക്കളുള്ള മരം. താരാമാർഗ്ഗം = ആകാശം. സ്ഫാരാടോപം = വമ്പിച്ച ആടോപത്തോടുകൂടുംവണ്ണം.

7. വർഷാരംഭത്തിൽ = മഴക്കാലത്തിന്റെ ആരംഭത്തിൽ. ഇപ്പോൾ മഴക്കാലം തുടങ്ങിയിരിക്കുന്നു. അംഭോധരങ്ങൾ = മേഘങ്ങൾ. സ്വാവാസസ്ഥാനം = തങ്ങളുടെ വാസം. കിരാതർ = കാട്ടാളന്മാർ

8. താലപ്രായം = കരിമ്പനയ്ക്കൊപ്പം. നീലക്കൊണ്ടൽച്ഛായ = കാർമേഘത്തിനൊത്ത വർണ്ണം.

Digitized By Kerala Sahitya Akademi

ചെന്തീയ്യാളും കണ്ണുമുള്ളാനനത്തിൽ,—
ച്ചിന്തിച്ചാലും പേടിയാം ക്രൗര്യമാർന്നും, 9

നാശം നാനാജീവജാലത്തിനേകാ—
നാശങ്കിക്കാതുള്ള തന്നുള്ളപോലേ
ലേശംപോലും സ്നേഹമേല്ക്കാത്ത ചപ്ര—
ക്കേശം വക്രിച്ചീന്തിനാൽക്കെട്ടിവെച്ചും, 10

ദണ്ഡം, പാശം, തോട്ടി, കുന്തം, നിഷംഗം,
ചണ്ഡം, വില്ലിത്യാദി തോളിൽദ്ധരിച്ചും,
ഗണ്ഡം കോട്ടി,ക്കയ്യിലുണ്ടാമിഷത്തിൻ
ഖണ്ഡം കൂടെക്കൂടെ നോക്കിക്കടിച്ചും, 11

ശൂലപ്രോതക്ഷുദ്രജന്തുക്കൾ ചാകും
കാലത്തുണ്ടാം പീഡ കാട്ടിപ്പിടയ്ക്കേ
ലീലയ്ക്കായിത്തമ്മിലോരോന്ന ചൊല്ലി—
സ്ഥൂലക്കൽത്തൂണൊത്ത കൈ പൊക്കിയാർത്തും, 12

പാറയ്ക്കുന്നംചേർത്ത പാരുഷ്യമേന്തും
മാറത്തെങ്ങും പ്രാണിരക്തം തെറിച്ചും,
ചേറംഗത്തിൽച്ചാർത്തിയും, വില്വപത്ര—
ക്കീറച്ചേലംകൊണ്ടു മദ്ധ്യം മറച്ചും, 13

കണ്ടാൽ കാലാനീകിനിക്കും ഭയാലുൾ—
ത്തണ്ടാറ്റുംമാറെത്തുമാ വേടയൂഥം
രണ്ടാൾ നേരേ നോക്കി നില്ക്കുന്നതീക്ഷി—
ച്ചു,ണ്ടാമുത്സാഹത്തൊടൊന്നാർത്തു കൂക്കി. (കുളകം) 14

''കൈവന്നിട്ടേ ഇല്ല നമ്മൾക്കിതിന്മു—
മ്പേവം തേജസ്സേന്തിടും പുമ്പശുക്കൾ;
ഹാ, വമ്പേറും ദേവിയാം തൻ ഭാഗ്യമോതീ—
ടാവല്ലേ''ന്നാക്കൂട്ടർ പാഞ്ഞോറിതൊപ്പം. 15

9. വക്രിച്ച = വളഞ്ഞ. ചിന്തിച്ചാലും = നേരിട്ടു കാണാതെ വിചാരിക്കമാത്രം ചെയ്താൽക്കൂടി. പേടിയാം = ഭയമുണ്ടാക്കുന്നവിധം. ക്രൗര്യം = ക്രൂരത.

10. ആശങ്കിക്കാതുള്ള = കൂസലില്ലാത്ത. സ്നേഹത്തിന്ന് എണ്ണ എന്നും അർത്ഥം.

11. ദണ്ഡം = ഉലക്ക. പാശം = കയർ. നിഷംഗം = ആവനാഴി. ചണ്ഡം = ക്രൂരം. ഗണ്ഡം = കവിൾ. ആമിഷം = മാംസം. ഖണ്ഡം = കഷ്ണം.

12. ശൂല...ന്തുക്കൾ = ശൂലത്തിന്മേൽ കോർത്തിട്ടിരിക്കുന്ന ചെറുജീവികൾ. സ്ഥൂലം = തടിച്ചുള്ള്.

13. പാരുഷ്യം = കട്ടപ്പം. വില്വപത്രക്കീറച്ചേലം = കൂവളത്തിലകൾ തുന്നിയുണ്ടാക്കിയ കീറവസ്ത്രം. മദ്ധ്യം = അര.

14 കാലാനീകിനി = അന്തകസൈന്യം. വേടയൂഥം = കാട്ടാളക്കൂട്ടം. ഈക്ഷിച്ചു = കണ്ടു.

15. പുമ്പശുക്കൾ = പുരുഷപശുക്കൾ. 'ബലി'കഴിപ്പാൻ നിയമിക്കപ്പെടുന്ന പ്രാണികളെ പശുക്കൾ എന്നാണ് വ്യവഹരിക്കുക.

Digitized By Kerala Sahitya Akademi

വാരാളുന്നീ വേടരോ, വിന്ധ്യകേതു-
പ്പേരാർന്നാത്മസ്വാമിതൻ ശാസനത്താൽ,
ഘോരാരണ്യേ പുരുഷന്മാരെയങ്ങി-
ങ്ങാരായുന്നോരാണു, ദേവീബലിക്കായ്. 16

നേരാംമാർഗ്ഗം, ദേവിയെബ്ഭക്തി കൈക്കൊ-
ണ്ടാരാധിപ്പാനെത്രയുണ്ടാ!—യതൊന്നും
പോരാഞ്ഞിട്ടോ, കഷ്ടമീ പ്രാണിഹിംസാ-
ഘോരാകൃത്യം മർത്ത്യരിങ്ങാചരിപ്പൂ! 17

കാരുണ്യക്കാമ്പായ തായല്ലു, മുന്നിൽ-
ച്ചേരും പ്രാണിച്ചോരയാൽ പ്രീതിയാമോ?
ആരും കൈക്കൊള്ളാത്ത കാടക്ക മാത്രം
ചേരുന്നൊന്നീ,യന്ധവിശ്വാസമോർത്താൽ. 18

വിശ്വം പോററും ദേവിതൻ സുപ്രസാദം
വിശ്വദ്രോഹംകൊണ്ടു നേടാനൊരുങ്ങി,
ശശ്വദ്ധർമ്മാധർമ്മബോധംപെടാതേ
പശ്വന്വേഷംചെയ്യയാണീപ്പശുക്കൾ. 19

നീതാനല്ലോ, നിത്യ,മമ്മേ, മനുഷ്യ-
ക്കേതാദൃക്കാം മോഹവും നല്കിടുന്നു?
ഏതായാലും രണ്ടു സിംഹങ്ങളാണീ;—
സ്സ്വീതാന്ധ്യന്മാരിന്നു കാണും പശുക്കൾ. 20

വീരന്മാരെബ്ബന്ധനത്തിൽപ്പെടുത്താ-
നാരംഭിക്കും വേടരെ,ത്തൽക്ഷണത്തിൽ,

---

16. ശാസന = ആജ്ഞ. ആരായുന്നോർ = അന്വേഷിച്ചുനടക്കുന്നവർ. ദേവീബലിക്കായ് = ദേവിക്കു വെട്ടി കുരുതികഴിപ്പാൻ. ബലിപുരുഷന്മാർ സുന്ദരന്മാരും യുവാക്കന്മാരും ആയിരുന്നാൽ, അധികം ഫലമുണ്ടെന്നത്രെ, ഇവരുടെ വിശ്വാസം.

17. പ്രാണി...കൃത്യം = ജീവികളെ ഹിംസിക്ക എന്നുള്ള ഭയങ്കരദുഷ്കർമ്മം.

18. തായ—ലോകാംബിക. മഹാമൂഢന്മാരെ കാടർ എന്നു പറയാറുണ്ടല്ലോ.

19. വിശ്വദ്രോഹം = ലോകപീഡനം. ശശ്വൽ = എപ്പോഴും. പശ്വന്വേഷം = പശുക്കളെ (ബലിപുരുഷരെ) അന്വേഷിക്കൽ. പശുക്കൾ = വിശേഷബുദ്ധിയില്ലാത്തവർ. തങ്ങൾതന്നെ പശുക്കളായിരിക്കുന്ന സ്ഥിതിക്ക്, ഇവർ വേറെ പശുക്കളെ തിരഞ്ഞു നടക്കുന്നതു് എന്തിനു്? എന്നു് അഭിപ്രായം.

20. ഇക്കൂട്ടരുടെ അന്ധവിശ്വാസത്തെ നിന്ദിപ്പാൻ തുടങ്ങിയതിനെ നിഷേധിക്കുന്നു. ഏതാദൃക് = ഇപ്രകാരമിരിക്കുന്നതു്. മോഹം = അന്ധത്വം. സ്വീതാന്ധ്യന്മാർ = അന്ധത മുഴുത്തവർ. ശൌര്യംകൊണ്ടു സിംഹതുല്യരായ രാജമന്ത്രികുമാരന്മാരെ പശുക്കളായി കാണ്മാൻ കാരണം, ഈ വനേചരന്മാരുടെ അന്ധതാവിശേഷംതന്നെ എന്നു ഭാവം.

Digitized By Kerala Sahitya Akademi

ധീരം നോക്കും തന്മുഖത്തിൽപ്പുറപ്പെ—
ട്ടോരത്തേജസ്സൊന്നു പിന്നോട്ടു മാററി. 21

''എന്തിന്നാണീ നിങ്ങളാംതന്നുദ്യമം? ഹാ,
ചെന്തീയ്യിൽപ്പോയ്പ്പാററ ചാടായ്ക നല്ലു;
ചിന്തിക്കേണ്ടാ, പർവ്വതത്തെപ്പുഴക്കി—
പ്പൊന്തിക്കാനെ''ന്നജ്ഞരോടോതി മന്ത്രി. 22

ഓമൽഗ്ഗാനം പോത്തു കൊണ്ടാടിയേക്കാം!
സാമം മൂർഖന്മാരിലുണ്ടോ ഫലിപ്പൂ?
ആ മന്ദന്മാർ വീണ്ടുമാത്തേററു, ഭാസ്വൽ—
സോമന്മാരെക്കൈക്കലാക്കാനൊരുങ്ങി. 23

താന്താത്മാവാം ചന്ദ്രസേനന്നു,മീ ദൃ—
പ്താന്താനീകം മുഷ്ടിനാവേള്ളയാലേ
കാന്താവിശ്ലേഷോദിതോന്മാദമെല്ലാം
താന്താൻ നീങ്ങിത്തുക്കടെക്കൺ ചുകന്നു. 24

കെട്ടാനായിപ്പാശവും കൊണ്ടടുക്കും
മുട്ടാളന്മാർതൻ പെരുംകൈനിണത്താൽ,
വെട്ടാൻ വേഗം വീരർ കൈക്കൊണ്ട പാമ്പിൻ—
മട്ടാം വാളിൻ വീരപാണം നടന്നു. 25

കൃത്താംഗന്മാരായ മുൻകൂട്ടരെക്ക—
ണ്ടുത്താളോദ്യൽക്രോധരാം ലുബ്ധകന്മാർ,
ചത്താലും പിൻവാങ്ങുകില്ലെന്നമട്ടിൽ—
ക്കത്താനും വെട്ടാനുമായ്പ്പാഞ്ഞുകേറി. 26

ലോകാരാധ്യൻ രാജദായാദനേ,റെ—
പ്പേർ കാറൊക്കും കാടരെമ്പാടുമേല്ക്കേ,

21. ബന്ധനത്തിൽപ്പെട്ടത്താൻ = പിടിച്ചുകെട്ടുവാൻ. ധീരം = സധൈര്യം. തന്മുഖത്തിൽ = രാജപുത്രികുമാരന്മാരുടെ മുഖത്തിൽ.

22. അജ്ഞർ = മൂഢർ. ഈ രാജകുമാരനെ ആക്രമിക്കുക എന്നതു പാററ തീയിൽച്ചാടുന്നതുപോലെ സദ്യോനാശകരവും, പർവതത്തെ പുഴക്കിപ്പൊക്കുവാൻ വിചാരിക്കുന്നതുപോലെ അസാധ്യവുമാണെന്ന് എന്നു സുബാഹു പറഞ്ഞു.

23. മന്ദന്മാർ = മൂഢന്മാർ ഭാസ്വൽസോമന്മാരെ (സൂര്യചന്ദ്രന്മാരെ) പിടിപ്പാൻ ശ്രമിക്കുന്നതുപോലെയാണ്, ആ വീരന്മാരെ ബന്ധനത്തിൽപ്പെടുത്താൻ ഒരുങ്ങുന്നതു് എന്നു ഭാവം.

24. താന്താത്മാവ് = ദേഹവും മനസ്സും തളർന്നവൻ. ദൃപ്താന്താനീകം=ദൃപ്തന്മാരുടെ സേന. കാന്താ...ന്മാദം = പ്രിയാവിരഹത്താലുണ്ടായ ചിത്തഭ്രമം.

25 പെരുംകൈനിണം = വലിയ കൈകളുടെ രക്തം. വീരപാണം=യുദ്ധാരംഭത്തിൽ യോദ്ധാക്കൾ ആചരിക്കുന്ന മധുപാനം.

26. കൃത്താംഗന്മാർ = മുറിക്കപ്പെട്ട അവയവങ്ങളോടുകൂടിയവർ. ഉത്താളോദ്യൽക്രോധർ = കോപം മുഴുത്തുവരുന്നവർ. ലുബ്ധകന്മാർ = കാട്ടാളന്മാർ.

Digitized By Kerala Sahitya Akademi

സ്വാകാരത്താൽ തുല്യമാക്കി കരിങ്കൽ—
പ്രാകാരം ചുഴറ്റൊരിന്ദ്രധ്വജത്തെ. 27

പോരാടീടും വേടരാം, ശിക്ഷിതാസ്ത്ര—
ന്മാരാമുർവീന്ദ്രാത്മഭൂവും സബാഹും
ഘോരാകാരം വാളു വീശുന്ന കാറ്റേ—
റ്റാരാൽ വീണു ശുഷ്കപത്രങ്ങൾപോലേ. 28

ഇക്കാട്ടാളന്മാരിൽ വീരാസിഘാതാൽ
മുക്കാലുംപേർ ചത്തുവീണപ്പൊഴേക്കും,
ധിക്കാരത്തോടന്യദാ വന്യസൈന്യം
നില്ക്കാതേ പാഞ്ഞെല്ലതാഹന്ത! കാണായ്. 29

സാമാത്യോർവീനാഥപുത്രങ്കലോററാ—
ബ്ഭീമാഭന്മാരസ്ത്രവർഷം തുടങ്ങി;
ശ്യാമാംഭോവാഹങ്ങൾ ശൈലങ്ങൾതന്മേൽ
സീമാതീതം മാരി തൂകുന്നപോലേ. 30

ഉത്തുംഗാടോപത്തൊടെമ്പാടുമൊന്നി—
ച്ചെത്തും കൈരാതായുധവ്രാതമെല്ലാം,
തത്തും ഭൂഭൃത്സൂനുവിൻവാളു തട്ടി—
പ്പത്തും നൂറും കഷ്ണമായിത്തെറിച്ചു. 31

നാട്ടാർക്കോമൽത്തമ്പുരാൻ, വൈരിഗർവം
കൂട്ടാക്കാത്താ ക്രൂരകൗക്ഷേയകത്തെ
കാട്ടാളന്മാർക്കുള്ള കട്ടിക്കരിങ്കൽ—
ക്കൂട്ടാം നെഞ്ചിൽച്ചേർത്തുടൻ മൂർച്ഛകൂട്ടി! 32

---

27. ലോകാരാദ്ധ്യൻ = ലോകപൂജ്യൻ. രാജദായാദൻ = രാജപുത്രൻ. സ്വാകാരം = തന്റെ ആകൃതി. പ്രാകാരം = മതിൽ. ഇന്ദ്രധ്വജം = ഒരുവക കൊടിമരം.

"ചതുരശ്രം ധ്വജാകാരം രാജദ്വാരേ പ്രതിഷ്ഠിതം
ആഹുശ്ശക്രധ്വജം നാമ പൗരലോകസുഖാവഹം."

28. ശിക്ഷിതാസ്ത്രന്മാർ = ആയുധാഭ്യാസം ചെയ്തവർ. ഉർവ്വീന്ദ്രാത്മഭൂവ് = രാജപുത്രൻ. സബാഹു = [illegible] (സുബാഹു). ആരാൽ = അകലെ. ശുഷ്കപത്രങ്ങൾ = ഉണക്കിലകൾ. ശിക്ഷിതാസ്ത്രന്മാരായ വേടന്മാർ അനായാസേന വധിക്കപ്പെട്ടു എന്നു താൽപര്യം.

29. വീരാസിഘാതാൽ = വീരന്മാരുടെ വാളേറ്റിട്ട്. വന്യസൈന്യം = കാട്ടാളപ്പട.

30. സാമാ...പുത്രങ്കൽ = മന്ത്രിയിങ്കലും, രാജകുമാരങ്കലും. ഭീമാഭന്മാർ = ഭയങ്കരാകൃതികൾ. ശ്യാമാംഭോവാഹങ്ങൾ = കാർമേഘങ്ങൾ. ശൈലങ്ങൾ = പർവ്വതങ്ങൾ. ഉപമകൊണ്ടു കിരാതരുടെ അസ്ത്രവർഷം മന്ത്രിക്കും രാജകുമാരനും യാതൊരു കുലുക്കവുമുണ്ടാക്കീലാ എന്നു ധ്വനിക്കുന്നു.

31. കൈരാതായുധവ്രാതം = കാട്ടാളന്മാരുടെ ആയുധക്കൂട്ടം. തത്തും = സവിലാസം ചലിക്കുന്ന. ഭൂഭൃത്സൂനു = രാജപുത്രൻ.

32. കൗക്ഷേയകം = വാൾ.

Digitized By Kerala Sahitya Akademi

ചീറിച്ചാടും ലുബ്ധകക്കാ,ക്കടുക്കും
മാറിൽഗ്ഗാഢം മന്ത്രിതൻ വാൾ പതിക്കേ
പാറിക്കൊണ്ടും തീപ്പൊരിച്ചാർത്തു മേലേ
കേറിച്ചെമ്പൻമീശ കത്തിക്കരിഞ്ഞു. 33

എല്ലിൽക്കേറിസ്സാരരാൽക്കാരമാർന്നും,
നല്ലിമ്പത്താൽ മാംസളാംഗത്തിലാണ്ടും,
മല്ലിട്ടീടും വേടർതൻ മെയ്യിലെല്ലാം
വല്ലിക്കൊക്കും വീരഖഡ്ഗം കളിച്ചു. 34

ആ രാജന്യേന്ദ്രാത്മജൻ പള്ളിവാളാൽ
കൈരാതാനീകത്തെയാഞ്ഞാഞ്ഞു വെട്ടി,
ധാരാളം ചെഞ്ചോര ചുററും തെറിപ്പി—
ച്ചാരാൽച്ചേർത്തു പല്ലവം വല്ലിതോറും. 35

പേടിച്ചിട്ടുത്താളവേതാളികൾക്കും—
കൂടിഗ്ഗർഭം വീഴമാറാ,പ്പുളിന്ദർ
ചാടിപ്പാഞ്ഞേററട്ടഹാസങ്ങളിട്ടാ—
ക്കാടിന്നെങ്ങും വൻമുഴക്കം വരുത്തീ. 36

ഒട്ടും വൈകാതാ, പ്രിയാന്വേഷണത്തിൽ—
ത്തട്ടും വിഘ്നം നീക്കുവാനായ്ക്കുമാരൻ
വെട്ടും വെട്ടൊന്നിന്നു മാററാരെ,യൊന്നി—
ച്ചെട്ടും പത്തുംപേരെ വീഴ്ത്തിത്തുടങ്ങി. 37

വാൾ കണ്ഠത്തിൻനേക്കെട്ടുകുന്ന കാറേറ—
ററാകമ്പിക്കും വേടർതൻ മസ്തകങ്ങൾ,
പാകംവന്നിട്ടുള്ള താലദ്രുമത്തിൻ—
കായ്കൾക്കൊപ്പം വീണിതാ ക്ഷോണിതന്നിൽ. 38

പാരം വട്ടക്കണ്ണു രണ്ടും തുറിച്ചും,
തേരട്ടച്ചുണ്ടൊന്നമർത്തിക്കടിച്ചും,
ഘോരം പാരിൽത്തത്ര ചിന്നിക്കിടന്നു,
വൈരംകൂട്ടും വേടർതന്നാനനങ്ങൾ. 39

34. സ്സാരരാൽക്കാരം = വർദ്ധിച്ചതായ 'രം' എന്ന ശബ്ദം. മാംസളാംഗത്തിൽ = അധികം മാംസമുള്ള അവയവത്തിൽ. ആണ്ടും = മഗ്നമായും (അകത്തേക്കു കടന്നും).

35. കൈരാതാനീകം = കിരാതസംബന്ധിയായ സൈന്യം. വല്ലികളിൽ (വള്ളികളിൽ) തെറിച്ച രക്തം പല്ലവം(തളിർ)പോലെ കാണപ്പെട്ടു എന്നു ഭാവം.

36. ഉത്താളവേതാളികൾ = വലിയ വേതാളസ്ത്രീകൾ. വീഴമാററ് = അലസിപ്പോകത്തക്കവണ്ണം. പുളിന്ദർ = കാട്ടാളന്മാർ.

38. ആകമ്പിക്കും = വിറയ്ക്കുന്ന (ഇളകുന്ന). മസ്തകങ്ങൾ = തലകൾ. താലദ്രുമം = കരിമ്പനമരം.

Digitized By Kerala Sahitya Akademi

ലോലത്തായ്‌ക്കൈരണ്ടിലും ചേർന്ന ശസ്ത്രം
സ്ഥൂലധ്വാനം കൂട്ടിമുട്ടുംവിധത്തിൽ,
താലശ്രീലാർന്നക്കബന്ധങ്ങളെല്ലാം
കാലം തുള്ളി 'ക്കോലടിക്കുത്ത്' കാട്ടി. 40

സ്വീതാംഗന്മാരാകമാഗ്ഘാതുകന്മാർ
ജാതാക്രന്ദം ചത്തുവീഴും കനത്ത
ഹാ! താങ്ങാഞ്ഞങ്ങൂഴി പാരം കുനിഞ്ഞു;
'പാതാളംതാൻ പാപി ചെന്നേടമെല്ലാം.' 41

വെട്ടിൽക്കണ്ണുംവിട്ടു മേല്പോട്ടു പോയ്‌, പ്പാ—
ത്തട്ടിൽ ഗാഢം വീണ മാററാർശിരസ്സാൽ
തട്ടിപ്പോടേ തത്ര പന്താടി മേന്മേൽ,
കുട്ടിക്ഷോണീപാലദോർവ്വീര്യലക്ഷ്മി. 42

'തെല്ലെന്നാലും നൽത്തലച്ചോറിവററി—
ന്നില്ലെന്നോ? നോക്കേണ'മെന്നോർത്തപോലെ,
നില്ലെന്നാക്കും നീചർതന്നുത്തമാംഗ—
ക്കല്ലെമ്പാടും മന്ത്രി വെട്ടിപ്പൊളിച്ചു. 43

കൈകാലററും, കണ്ണുനാളം മുറിഞ്ഞും,
ശോകാലാത്തും, ശോണിതൗഘം ചൊരിഞ്ഞും,
ചാകാറായും, ചത്തുമൊട്ടേറെയത്യു—
ഗ്രാകാരന്മാർ വീണു കാണായി മന്നിൽ. 44

നേരായ്‌ സാക്ഷാൽക്കാലസേനാവകപ്പിൽ—
ച്ചേരാൻ നന്നീക്കൂട്ടരെന്നോർക്കയാലോ,
വീരാഗ്ര്യന്മാരന്നു തെക്കോട്ടയച്ചു,
ക്രൂരാഭന്മാരായ മാററാരെയേററം! 45

ഏററംപേരെക്കാലനൂരേററിയിട്ടും
കൂററന്മാരിൽക്കണ്ടതില്ലാരംച്ചുരുക്കം,
ചീറാത്തോടേ വേടർ മേന്മേലെ വന്നാ—
ത്തോററമ്പീടും സേനയിൽച്ചേർന്നിരുന്നു. 46

---

40. ലോലത്തായ്‌ = ഇളകിക്കൊണ്ട്‌. ശസ്ത്രം = ആയുധം. സ്ഥൂലധ്വാനം = വലിയ ഒച്ചയോടുകൂടി. കബന്ധങ്ങൾ = തലപോയ ഉടലുകൾ. കോലടിക്കുത്ത്‌ = കോലടി എന്ന കളി. താലശബ്ദത്തിന്‌ 'ലളയോരഭേദ'ത്താൽ താളം എന്നും അർത്ഥമെടുക്കാം.

41. സ്വീതാംഗന്മാർ = തടിയന്മാർ. ഘാതുകന്മാർ = പ്രാണിഹിംസകന്മാർ. ജാതക്രന്ദം = മുറവിളിയോടുകൂടി.

42. ഗാഢം = വീണ്ടും മേല്പോട്ടു തെറിക്കത്തക്ക ശക്തിയിൽ. മാററാർശിരസ്സ്‌ = ശത്രുക്കളുടെ തല. ദോർവീര്യം = കൈയൂക്ക്‌.

43. നൽത്തലച്ചോറ്‌ = ബുദ്ധി. ഉത്തമാംഗക്കല്ല്‌ = കല്ലുപോലെയുള്ള തല.

44. ശോണിതൗഘം = രക്തപ്രവാഹം.

Digitized By Kerala Sahitya Akademi

ഘോരാനീകം, ഹാനി യാതൊന്നുകൊണ്ടും
ചേരാതേ മുമ്പട്ടിൽ നേരിട്ടെതിർത്തു;
പാരാവാരം മുക്കിവററിപ്പതിന്നായ്,
പോരാടുന്നീ വീരർതൻ ഭൂരിയത്നം. 47

പോരെന്തിന്നാണെ,ത്ര കാട്ടാളർ വീണ്ടും
പോരെന്നായാലെത്തു,മെന്നുള്ളതൊന്നും
തീരെത്തേറീടാതെ, രണ്ടാളുമേല്ക്ക—
ന്നോരെശ്ശീഘ്രം കൊന്നൊടുക്കിത്തുടങ്ങി! 48

വ്യക്തശ്യാമാകാരകൈരാതസൈന്യേ
ശക്തക്ഷോണീന്ദ്രാത്മജൻതൻ കൃപാണം,
രക്തംപററിത്താമ്രമായ്ച്ചിന്നി മിന്നി;
നക്തം വാനിൽക്കൊള്ളിമീനെന്നപോലേ. 49

സ്നേഹം കൂടും സ്വാമി വാൾച്ചോര വാമ—
ശ്രീഹസ്തത്താൽത്താൻ തുടസ്സംക്ഷണത്തിൽ,
ഹാഹന്താമാത്യന്റെ വാളിന്നു വൈരി—
വ്യൂഹപ്രാണാംശങ്ങളേറെക്കിടച്ചു! 50

'പററിപ്പോയീ വീരരോടേല്ക്കലാകം
തെററിങ്ങെ'ന്നായ് നാക്കടിച്ചുക്കടെങ്ങി
പററിക്കാണായ് പാരിലീ,ടററ ചക്കിൻ—
കററിക്കൊക്കം കാടർതൻ പ്രേതദേഹം. 51

നീരന്ധ്രാസ്ഥിവ്യാപ്തമായ്, മാംസമജ്ജാ—
ഭാരത്തോടൊത്താ,ന്ത്രകേശങ്ങൾ ചിന്നി,

---

47. ഘോരാനീകം = ഭയങ്കരസൈന്യം. വളരെപ്പേർ ചത്തുവീണെങ്കിലും, ടേന്മാർ, കൂട്ടങ്ങളെ എത്തിച്ചേർന്നിരുന്നതിനാൽ അക്ഷയമായ വേടസൈന്യത്തെ കൊന്നൊടുക്കുവാനായി, ഈ രണ്ടു വീരന്മാർ ചെയ്യുന്ന മഹായത്നം, പാരാവാരം (സമുദ്രം) മുക്കി വററിപ്പാനായി ശ്രമിക്കുന്നതുപോലെ നിഷ്ഫലംതന്നെ എന്ന ഭാവം.

48. തേറീടാതെ = അറിയാതെ.

49. വ്യക്ത...സൈന്യേ = വെറും കറുപ്പുനിറമായ കാട്ടാളസേനയിൽ. കൃപാണം = വാൾ. താമ്രം = ചുട്ടത്തത്. നക്തം = രാത്രിയിൽ.

50. വാമശ്രീഹസ്തത്താൽ = ഇടത്തെ തൃക്കൈകൊണ്ട്. വൈരി...ശങ്ങൾ = ശത്രുസമൂഹത്തിന്റെ പ്രാണഭാഗങ്ങൾ (ഓഹരികൾ). ഒരു ക്ഷണത്തിൽ ചന്ദ്രസേനൻ എത്രപേരെ കൊല്ലുമോ, അത്രപേരെക്കൂടി സുബാഹു വെട്ടിവീഴ്ത്തി എന്നു സാരം.

51. തെററുപററിയവർ നാക്കടിക്കുന്നതു് (നാവു കടിക്കുന്നതു്) സ്വാഭാവികമാണല്ലോ. ഈടററ = പഴക്കംചെന്നതിനാൽ പറിച്ചിട്ട.

Digitized By Kerala Sahitya Akademi

ചോരച്ചേറാണ്ടാപ്പടച്ചേരി നാനാ—
കാരക്രവ്യാശർക്കു നൽക്കുത്തരങ്ങായ്. 52

മെത്തിപ്പൊങ്ങും മെയ്യിൽ വാളേല്ക്കെ, മാടി,—
ന്നൊത്തിട്ടുള്ളാ വേടയൂഥത്തിനേറ്റം
കുത്തിച്ചാടീ കാവിമൺചോലപോലേ,
ചെത്തിപ്പൂവിൻനേർനിറം ചേർന്ന രക്തം. 53

നേരറ്റീടും കാടതിന്നൊന്നുകൂടി—
ഗ്ഘോരത്വം ചേർത്തസ്രപൂരസ്രവന്തി,
സൈ്വരം, മേന്മേൽ വീണ കൈരാതമെയ്യാം
തീരം തല്ലിത്തള്ളിയുക്കോടൊലിച്ചു. 54

വീരച്ഛിന്നം വേടനിസ്സാരശീർഷം
ചോരക്കോളിൽക്കാണുമാറായ് പലേടം:
ആരക്തശ്രീപൂണ്ട വർഷാസരിത്തിൽ—
ക്കേരപ്രായം ഫേനകൂടം കണക്കേ. 55

സ്ഫാരക്രോധക്ഷുബ്ധരാം ലുബ്ധകർക്കാ—
ച്ചോരത്തണ്ണീരാറു കേറിക്കടെപ്പാൻ
പ്രാരബ്ധാന്തം വന്ന ചണ്ഡാതിമാർതൻ
വാരഞ്ചും മെയ്തന്നെ ചണ്ഡാടമായീ. 56

ഉൾക്കൊമ്പികൾ,ച്ചോര കണ്ടേറെ മത്താ—
ണ്ടക്കാട്ടാളന്മാരനേകായുധത്താൽ
വക്കാണത്തിന്നേറ്റു വൻപീഡ നല്കീ
സൽക്കാരാർഹശ്രീകുമാരർക്കു പേർത്തും. 57

കാലത്താരംഭിച്ച പോരാണു; സായ—
ങ്കാലം വന്നു; കണ്ടകന്മാരെയേറ്റം
കാലന്നേകീ കല്യരെ;ന്നിട്ടുമയ്യോ!
കാലംകൂട്ടുംപാട്ട കണ്ടീല തെല്ലും. 58

---

52. നീരന്ധ്രാസ്ഥിവ്യാപ്തം=ഇടതൂർന്ന അസ്ഥികളാൽ വ്യാപിക്കപ്പെട്ടതു്. ആന്ത്രകേശങ്ങൾ = കുടർ, തലമുടി ഇവ. പടച്ചേരി = പോർക്കളം. നാനാ...വ്യാശർ = പലജാതി മാംസഭോജികൾ (കഴുകു്, കുറുനരി മുതലായവ).

53. മാടു് = മല.

54. അസ്രപൂരസ്രവന്തി = രക്തപ്രവാഹമാകുന്ന പുഴ. കൈരാതമെയ്യ് = കിരാതശരീരം.

55. വീരച്ഛിന്നം = വീരരാൽ (ചന്ദ്രസേനസുബാഹുക്കളാൽ) മുറിക്കപ്പെട്ടതു്. ശീർഷം=തല. ആരക്തശ്രീ = ചുകപ്പു്. വർഷാസരിത്തിൽ = മഴക്കാലത്തെ പുഴയിൽ. കേരപ്രായം = തേങ്ങയോളം പോന്ന. ഫേനകൂടം = നുരക്കട്ട.

56. സ്ഫാരക്രോധക്ഷുബ്ധർ = വർദ്ധിച്ച കോപംകൊണ്ടു ക്ഷോഭിച്ചവർ. ചോരത്തണ്ണീരാറു് = രക്തനദി. പ്രാരബ്ധാന്തം = മരണം. വാരഞ്ചും=വലിപ്പമുള്ള.

58. കാലത്തു = പൂർവാഹ്നത്തിൽ. സായങ്കാലം = വൈകുന്നേരം. കണ്ടകന്മാരെ = ദുഷ്ടരെ. ഏറ്റം = വളരെപ്പേരെ. കാലംകൂട്ടുംപാട്ട = അവസാനിക്കുന്ന മട്ടു്.

Digitized By Kerala Sahitya Akademi

ഏറ്റാറംനേരം, രണ്ടു പേർ താനനേകം
കൂറ്റന്മാരായിട്ടു മല്ലിട്ടുമൂലം,
ചീററംപൂണ്ടെത്തുന്ന ശത്രുവ്രജത്തിൻ
കേററം നിർത്താൻ കെല്പവർക്കില്ലമായി. 59

പോരാ, മാർഗ്ഗക്ലേശദുഃഖാദികൊണ്ടും
ധീരാഗ്രസ്ഥന്മാർ ചിരാൽത്താന്തരല്ലോ;
ആരാലാകും പാരിലെ,ന്നിട്ടുമേവം
പോരാടി പ്രത്യർത്ഥിവർഗ്ഗത്തെ വീഴ്ത്താൻ. 60

ആരെ,ബ്ഭീത്യാ രണ്ടു സംഹാരരുദ്ര—
ന്മാരെന്നോർത്തു തങ്ങളൊട്ടേറെനേരം:
നേരെത്താത്താക്കല്ല്യരിൽത്തെല്ലിളപ്പം
ചേരെക്കണ്ടോരത്തേറ്റുകേറീ കിരാതർ. 61

ഭീമായാസാൽ ഭ്രമിട്ടൽസ്വനവിന്നും,
സ്വാമാത്യന്നും സാദമേറിത്തുടങ്ങീ;
ആ മാറാരോ ഭൂരിശസ്ത്രങ്ങൾ തൂകീ,
സീമാതീതോന്മേഷഘോഷങ്ങളോടേ. 62

മല്ലാടീടും വേടർതന്നായുധൌഘം
വല്ലാതേറ്റിട്ടാറ ഗാത്രങ്ങൾതോറും
നില്ലാതോലും ചോരയാൽ രണ്ടുപേരും
ഫുല്ലാശോകങ്ങൾക്കുനേരായ് വിളങ്ങീ. 63

ആ രാജന്യേന്ദ്രാത്മജന്നെ,ങ്ങുമെന്നും,
പോരാന്നെന്നാൽത്തങ്കലെത്തും ജയശ്രീ
നേരായന്നാളങ്ങു ദുഷ്പ്രാപയായീ:
താരാവല്യാഖ്യാനയാം ദേവിപോലേ! 64

ഹാ! രാജ്യം വിട്ടിഷ്ടർ ചത്ത,ഖ്വാഖേദം,
ദാരാപായം തൊട്ടു ദുഃഖങ്ങളേല്ലേ,
പോരാഞ്ഞിട്ടോ, ദൈവമീ നീചമദ്ധ്യ—
ക്രൂരാപത്തും ചന്ദ്രസേനന്നു ചേർത്തു! 65

60. മാർഗ്ഗക്ലേശദുഃഖാദി = വഴിക്ഷീണം, പ്രിയജനവിയോഗദുഃഖം മുതലായതു്. ധീരാഗ്രസ്ഥന്മാർ = ധീരന്മാരിൽവെച്ചു മുമ്പന്മാർ. ചിരാൽ = വളരെ ദിവസമായി. താന്തർ = തളർന്നവർ. പ്രത്യർത്ഥിവർഗ്ഗം = ശത്രുഗണം.

61. ഇളപ്പം = ശക്തിക്ഷയം.

62. ഭീമായാസാൽ = ഭയങ്കരമായ അദ്ധ്വാനംനിമിത്തം. സാദം = തളച്ച്.

64. ദുഷ്പ്രാപം = കിട്ടാൻ ഞെരുക്കമുള്ളതു്. താരാവല്യാഖ്യാന = താരാവലി എന്ന പേരോടുകൂടിയവൾ.

65. ദാരാപായം = ഭാര്യാനാശം. നീച . ത്തു് = നീചന്മാരുടെ ഇടയിൽപ്പെട്ടു കഴങ്ങുക എന്ന ആപത്തു്.

Digitized By Kerala Sahitya Akademi

രണ്ടാളും മെയ്‌വാട്ടമൊട്ടൊട്ടടക്കി-
ക്കൊണ്ടാ,വുംമട്ടുക്കൊട്ടും പോരടിക്കെ,
കണ്ടാക്കും കാട്ടാളരേല്പിച്ച ശസ്ത്രം—
കൊണ്ടാരാൽപ്പോയ് വീണു കൈവാളു രണ്ടും. 66

കാക്കാലന്മാർ വല്ലപാടും വിഷപ്പൽ
പോക്കാൻ യോഗംവന്ന സർപ്പങ്ങൾപോലെ,
ഊക്കാളും വാൾ പോയൊരാ വീരർ ദൂരെ—
ക്കേൾക്കാവുംമട്ടുഗ്രമായുച്ഛ്വസിച്ചു. 67

പോയാൽ പോട്ടേ ഖഡ്ഗമെന്നുള്ളമട്ടിൽ,
പ്രേയാനോടുംകൂടി രാജന്യപുത്രൻ
തീയായ്ത്തോന്നും മുഷ്ടിയാൽ ചുട്ടെരിച്ചാ—
നീ,യാമ്പാററല്ലാത്ത മാററാരെ മേന്മേൽ. 68

എന്തായിട്ടെന്തോ?—ട്ടുപത്തല്ലയല്ലോ,
ഹന്താക്കന്മാരായ ശത്രുക്കൾ ചുററും;
കുന്താഗ്രം ഹാ! നെഞ്ചിലേററിട്ടു—ദൈവം
പിന്താങ്ങീലാ! വീണുപോയ് ചന്ദ്രസേനൻ. 69

ഒട്ടേറെപ്പേർ ചുഴെ മാററാർകളസ്ത്രം
വിട്ടേററിട്ടും, താൻ ചിരം വീര്യവായ്പാൽ
രുട്ടേന്തിപ്പോർചെയ്തൊടുക്കം മയക്കം
പെട്ടേവം ഹാ, വീണു പാർത്ഥാത്മജാതൻ. 70

സാഹങ്കാരം ക്ലൃപ്തിയാക്കും കിരാത—
വ്യൂഹം മട്ടിച്ചാത്തനായ്ക്കാൽക്ഷണത്താൽ
മോഹംപൂണ്ടാമട്ടിൽ വീണു സഖാവും;
ദേഹം, പ്രാണൻ പോകിലെത്രയ്ക്കു നില്ക്കും? 71

ഏകാന്തോദ്യന്മൂർച്ഛരായിപ്പരിക്കാ—
ന്താകാരന്മാരായ രണ്ടാളുമൊപ്പം

---

66. ആരാൽ = അകലെ.

67. ഉച്ഛ്വസിച്ചു = നെടുവീർപ്പിട്ടു.

68. പ്രേയാൻ = സ്നേഹിതൻ.

69 ഹന്താക്കന്മാർ = ഘാതകന്മാർ.

70. അസ്ത്രം വിട്ടു = ആയുധം പ്രയോഗിച്ചു. രുട്ട് = കോപം. മയക്കം = മൂർച്ഛ. പാർത്ഥാത്മജാതൻ = അഭിമന്യുതുല്യൻ.

71. സാഹങ്കാരം = അഹങ്കാരത്തോടെ. മോഹം = മോഹാലസ്യം. ചന്ദ്രസേനൻ വീണതോടുകൂടി, സുബാഹുവിന്റെ സ്ഥിതി, പ്രാണൻപോയ ദേഹത്തിന്റേതുപോലെയായിക്കഴിഞ്ഞിരുന്നു എന്നു സാരം.

Digitized By Kerala Sahitya Akademi

ഹാ! കാണായീ ക്ഷോണിയിൽ—പുണ്യമററി—
ട്ടാകാശാന്താൽ വീണ താരങ്ങൾപോലേ. 72

ഒന്നായ്ച്ചേരും ചോരയാൽത്തീക്കനൽച്ചാ—
ത്തെന്നായ്ത്തോന്നും വീരദേഹത്തെ വേഗം
ചെന്നാരാൽത്തൊട്ടീടുവാൻ ധൈര്യമെന്യേ
നിന്നാ, ബന്ധോദ്യുക്തരാം വേടർ ചുററും. 73

നേരമ്പോക്കിൽക്കുംഭികുംഭസ്ഥലത്തെ—
സ്സൈരം തല്ലിക്കീറുമാക്കേസരീന്ദ്രർ
പാരം ക്ലാന്തിപ്പെട്ടുറങ്ങുന്നവാറും
ചാരത്തെങ്ങാൻ ചെൽവതാണോ മൃഗങ്ങൾ? 74

വല്ലെന്നാലും, കാലദൂതാഭരെങ്ങും
ചൊല്ലെത്തുന്നക്കല്യരെ, പ്ഫുല്ലഹർഷം
മെല്ലെച്ചെന്നാഹന്ത! ബന്ധിച്ചനങ്ങാ—
വല്ലെന്നാക്കിത്തോളിലേററിത്തിരിച്ചാർ. 75

മോഹാലസ്യം നീങ്ങി നോക്കുന്നവാറോ,
ബാഹാവീര്യാനല്പരാസ്സൽപ്പുമാന്മാർ,
ഹാ ഹാ! കഷ്ടം തങ്ങളത്യുഗ്രകാരാ—
ഗേഹാന്തത്തിൽപ്പെട്ടതായിട്ടു കണ്ടു. 76

'എന്തിന്നാണീക്കാടർ വൈരം കലർന്നി—
പ്പന്തിക്കെല്ലാം ചെയ്‌വതെ'ന്നുള്ളതുള്ളാൽ
ചിന്തിപ്പാനും ശേഷിയില്ലാതെ, യല്ലൽ—
ച്ചെന്തീയ്യിൽപ്പെട്ടാർത്തരായ് രണ്ടുപേരും. 77

ഈ മട്ടിൽത്താൻ; വേടരാജന്റെയാളുകാർ
ഹേമം ചെയ്തെത്തിച്ച നാനാപ്പുമാന്മാർ
ധീമങ്ങുംമാറാധിയാമാഴിയിൽപ്പേ—
ത്താമഗ്നന്മാരായ്ക്കിടപ്പുണ്ടതിങ്കൽ. 78

---

72. ഏകാന്തോദ്യന്മൂർച്ഛർ = ഏററവും മോഹാലസ്യപ്പെട്ടവർ. പരി...ഭന്മാർ = വാടിയ ദേഹത്തോടുകൂടിയവർ. ആകാശാന്താൽ = ആകാശമദ്ധ്യത്തിൽനിന്നു്. താരങ്ങൾ = നക്ഷത്രങ്ങൾ.

73. ബന്ധോദ്യുക്തർ = ബന്ധിപ്പാൻ ഒരുങ്ങിയവർ.

75. കാലദൂതാഭർ = യമകിങ്കരതുല്യന്മാരായ കാട്ടാളർ. ചൊല്ല് = പ്രസിദ്ധി. ഫുല്ലഹർഷം = പെരുകിയ സന്തോഷത്തോടുകൂടുംവണ്ണം.

76. ബാഹാവീര്യാനല്പർ = വളരെ കൈയ്യൂക്കുള്ളവർ. അത്യുഗ്രകാരാഗേഹാന്തം = അതിഘോരമായ കാരാഗൃഹമദ്ധ്യം.

78. ഹേമംചെയ്ത് = ബന്ധിപ്പിച്ച്. നാനാപുമാന്മാർ = പല ജാതിക്കാരായ പുരുഷന്മാർ. ആമഗ്നന്മാർ = മുങ്ങിയവർ. അതിങ്കൽ = കാരാഗൃഹത്തിൽ.

Digitized By Kerala Sahitya Akademi

പാരാതെന്നും മൃത്യുവോർത്താർത്തചിത്താ-
ന്മാരാം മർത്ത്യന്മാരെയുള്ളിൽച്ചെലുത്തി,
ഘോരാകാരപ്പാഴ് പെരുമ്പാമ്പുതൻ ദുഷ്-
പൂരാസ്യത്തിന്നൊത്തിതാണ്ടന്ധവേശ്മം. 79

പൊങ്ങിക്കാണും ഭിത്തിതൻമേലൊരേടം
മങ്ങിക്കത്തും കൽവിളക്കിൻ വെളിച്ചം
അങ്ങിങ്ങൊ,ട്ടൊട്ടാക്കമാരക്ക കാട്ടി,
തിങ്ങിദ്ധ്വാന്തം ചേരുവോരാ സ്ഥലത്തെ. 80

കാരാഗാരേ തത്ര കാണായ് പലേടം
വാരാണ്ടിട്ടം ഭോഗഭൃൽകഞ്ചുകങ്ങൾ;
തീരാതെങ്ങും ധൂളിചേർന്നാ സ്ഥലത്തിൽ-
ച്ചേരാതാമോ വൻഭുജംഗപ്രചാരം? 81

വല്ലാത്തേതോ പ്രേതസങ്കേതമെന്നോ,
ചൊല്ലാൻതുള്ളോരന്ധതാമിസ്രമെന്നോ,
എല്ലാ ക്ലേശത്തിന്റെയും വ്യക്തിയെന്നോ,
ചൊല്ലാ,മാ വൻകല്ലറക്കണ്ടു കണ്ടാൽ! 82

നോവ,സ്ത്രൗഘച്ഛിന്നമാം മെയ്യിനേക്കാൾ
കൈവന്നേററം വാട്ടമുള്ളോട്ടുകൂടി,
ഹാ! വല്ലാത്തുള്ളിസ്ഥലത്തെത്രനേരം
ജീവൻ താങ്ങും, മാനി രാജന്യപുത്രൻ! 83

ആരാജ്ഞചെയ്യവിധ,മക്രമിയാം ജനത്തെ-
ക്കാരാഗൃഹങ്ങളിലിട്ടുന്ന ഭടോത്തമന്മാർ;
ആ രാജരാജനുടെ സൂനുവിതാ കിരാത-
കാരാഗൃഹേ—കഠിനമെന്തിതിലേറെ വേണ്ടു? 84

79. മൃത്യു = മരണം. ദുഷ്പൂരാസ്യം = നിറയാൻ പ്രയാസമുള്ള (അതിവിസ്തീർണ്ണമായ) വായ്. ബന്ധവേശ്മം = കാരാഗൃഹം.

80. ധ്വാന്തം = ഇരുട്ട്.

81. തത്ര കാരാഗാരേ = ആ കാരാഗൃഹത്തിൽ. ഭോഗഭൃൽകഞ്ചുകങ്ങൾ = സർപ്പവളകൾ. ധൂളി = പൊടി, ധൂത്തസ്ര്തീ. ഭുജംഗപ്രചാരം = ഭുജംഗങ്ങളുടെ (സർപ്പങ്ങളുടെ, വിടന്മാരുടെ) സഞ്ചാരം.

82. വ്യക്തി = മൂർത്തി.

83. നോവ് = വേദന. അസ്ത്രൗഘച്ഛിന്നം = ആയുധഗണം തട്ടി മുറിഞ്ഞത്. മാനി = മാനശാലി.

84. അക്രമി = മര്യാദ വിട്ട. കിരാതകാരാഗൃഹേ = കാട്ടാളന്മാരുടെ കല്ലറയിൽ.

Digitized By Kerala Sahitya Akademi

നിതാന്തം സംശ്രദ്ധം കല;മമലധർമ്മൈകപരരാ—
പ്പിതാക്കന്മാർ; താനോ തദനുഗുണസദ്‌വൃത്തവിഭവൻ;
ഹതാപത്തെന്നിട്ടും പ്രതിനിമിഷമോരോന്നിവനെ വ—
ന്നിതാ തീണ്ടീടുന്നൂ, ഹരി, ഹരി, ഹതം നീ സുകൃതമേ! 85

ഇങ്ങനെ ചന്ദ്രസേനന്റെ കാരാഗൃഹപ്രവേശം പതിനാറാം സർഗ്ഗം

പതിനേഴാം സർഗ്ഗം

പരമാക്കല്ലറയിൽ,പ്പുഴ—
നിരകളരിക്കുന്ന പൂഴിയിലൊരേടം
നരപതിസൂനു കിടപ്പായ്
നരകത്തിൽപ്പോലവേ, സഖാവോടും! 1

ഹര! ഹര തമ്മിലൊരക്ഷര—
മുരചെയ്‌വാനും സമർത്ഥരാകാതേ,
നിരതിശയവ്യഥയാലതി—
പരവശരായിക്കിടന്നിതിരുപേരും. 2

മൃതിപററായ്‌വാൻ വനചര—
പതികിങ്കരർ ബന്ദികൾക്കു രാവിങ്കൽ
പതിവിന്മട്ടു കൊലച്ചോ—
റെതിരാം ഭോജ്യം കൊടുത്തതിൻശേഷം, 3

പുരുഷപശുക്കൾ ചടഞ്ഞേ—
വരുമവിടവിടെക്കിടക്കമായളവിൽ,
ഇരുൾമയമാമക്കല്ലറ—
യുരുതരനിശ്ശബ്ദതയ്ക്കു കീഴാകേ, 4

---

85. അമലധർമ്മൈകപരർ = നിർമ്മലമായ ധർമ്മത്തിൽത്തന്നെ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നവർ. പിതാക്കന്മാർ = അച്ഛനമ്മമാർ. തദ...ഭവൻ = അതിനനുസരിച്ച സദ്‌വൃത്തിസമ്പത്തോടുകൂടിയവൻ. ഹതാപത്ത് = കെട്ട (മുഷ്ടമായ) അനർത്ഥം. പ്രതിനിമിഷം = ക്ഷണംതോറും. സുകൃതമേ! നീ ഹതമായി (നിന്റെ കഥ തീർന്നു.) നിന്നെ സേവിക്കുന്നവക്ക് ഇപ്രകാരം മേല്ക്കുമേൽ ആപത്താണു ഫലം എന്നു വന്നതുകൊണ്ട്, മേലിൽ നിന്നെ ആരും സ്വീകരിക്കുകകൂടി ചെയ്യുന്നതല്ല.

1. സഖാവ് = സുഹൃത്ത്.

2 നിരതിശയവ്യഥ = അതിരില്ലാത്ത ദുഃഖം.

3. മൃതി = മരണം. വനചരപതികിങ്കരർ = വിന്ധ്യകേതുവിന്റെ ആളുകാർ. ബന്ദികൾ = കാരാഗൃഹത്തിലിടപ്പെട്ടവർ. കൊലച്ചോറ് = കൊല്ലാൻ തുടങ്ങുമ്പോൾ കൊടുക്കുന്ന ഭക്ഷണം. ഭോജ്യം = ഭക്ഷ്യം.

4. പുരുഷപശുക്കൾ = കരുതിക്കുള്ള ആളുകൾ. ഉരുതര (ഏററവും വലിയ) നിശ്ശബ്ദതയ്ക്കു കീഴാക = ഒരു മഹത്തായ നിശ്ശബ്ദതയാൽ വ്യാകുലമായിരിക്കുമ്പോൾ.

Digitized By Kerala Sahitya Akademi

ഒരു മൂലയിൽനിന്നാരോ
ഇരുപേരിടർപൂണ്ടു തമ്മിലീവണ്ണം
കരുണോക്തികൾ ചൊല്ലുവതീ–
പ്പുരുഷപ്രവരർക്കു കേൾക്കുമാറായീ. (വിശേഷകം) 5

"വരൂ, വരൂ; വധുവൊത്തസ്മൽ–
ത്തിരുമേനിയിതാ, വരുന്നു സാഘോഷം,
കരുണാനിധിയാം ദൈവം
കരുമനപററാതെ കാത്തുരക്ഷിച്ചു!" 6

"പ്രിയസഖ, കിനാവിലെങ്കിലു–
മിയലുറ്റാമോദം ഭവാനു സിദ്ധിച്ചു
ദയവത്ര ഭാഗ്യവിപ്ലവ–
മിയലുന്നെൻ പേരിലില്ല നിദ്രയും!" 7

"നാട്ടിന്നുത്സവമിതു മമ
കാട്ടിത്തന്നൊരു കണ്മയക്കത്തെ
ആട്ടിപ്പായിച്ചിതു കടി–
ക്കൂട്ടിസ്സഹസാ കഠോരമാക്കീടം!" 8

"ശരി താൻ, നിദ്രയിലങ്ങി–
ത്തിരിയിടയിക്കണ്ടതെന്നു കേൾപ്പാനും
വരികില്ലല്ലോ, മൃത്യുവി–
നരികേ മേവും നമുക്കു യോഗമിനി!" 9

"വാമാത്മാവാം വിധി പുന–
രാ മാന്യവയസ്യർ മുവ്വരെയുമേവം .
പ്രേമാർദ്രമാത്തിരുമുഖം
കാണ്മാൻ കഴിയാതെയാക്കിയില്ലല്ലി!" 10

"ഹാ മാതൃശാവലംബന,
ഹാ മാനവചന്ദ്ര, ചന്ദ്രസേന, വിഭോ,

---

5. കരുണോക്തികൾ = ദീനവാക്കുകൾ. ഇപ്പുരുഷപ്രവരർക്ക്—ചന്ദ്രസേന സുബാഹുക്കൾക്ക്.

6. വധു = ഭാര്യ. അസ്മൽത്തിരുമേനി = നമ്മുടെ തമ്പുരാൻ.

7. ഇയലുറ്റാമോദം = ഇത്ര സന്തോഷം. ഭാഗ്യവിപ്ലവം = ഭാഗ്യഹീനത.

8. ഇതു് = തിരുമേനിയുടെ വരവു്. സഹസാ = പെട്ടെന്നു്. കീടം = പുഴു. സ്വപ്നസുഖം അനുഭവിക്കുന്ന മദ്ധ്യേ പുഴുക്കടിയേററു ഞാൻ ഉണർന്നുപോയി എന്നു സാരം.

9. അങ്ങു സ്വപ്നത്തിൽ കണ്ട മംഗളസംഭവം വാസ്തവത്തിൽ നടന്നതുതന്നെ എന്നു കേട്ടു സന്തോഷിപ്പാൻപോലും ആസന്നമരണരായ നമുക്കു് ഇനി ഭാഗ്യമുണ്ടാകുന്നതല്ലല്ലോ.

10. വാമാത്മാവു് = പ്രതികൂലൻ.

Digitized By Kerala Sahitya Akademi

സീമാതിഗാനുകമ്പ,
ശ്രീമാൻ തിരുമേനിയെവിടെയാണിപ്പോൾ!'' 11

അവശപ്പെട്ടു കിടക്കും
യുവനരപതിയെസ്സഖാവിനോടൊപ്പം
ജവമൊടുമെഴുന്നേല്പിച്ചു,
ശ്രവണപഥത്തിൽപ്പതിക്കുമീ മൊഴികൾ. 12

ഉടനീ,ക്കൃപണോക്തികൾത-
ന്നുടമസ്ഥരിരിക്കുമാ സ്ഥലത്തെത്തി,
ഉടൽ കുനിയുംപടി നിന്നൊ-
ട്ടിട,യവർ സൂക്ഷിച്ചു നോക്കിയിരുവരെയും. 13

'ഹാ! മൽസ്നേഹിതരെ'ന്നഥ
കോൾമയിർപൂണ്ടാശ്രു പണിയുമായവരെ
വ്യാമർദ്ദപ്പുണ്ണുമുറിവു-
ള്ളോമന്മാറത്തണച്ചു രാജസുതൻ. 14

''കരൾമറിവോ! ഇതു കടലിൻ-
കരകേറിയ കൊച്ചുതമ്പുരാൻതാനോ,
ഹര, ഹര, സുബാഹുയുക്തൻ
ചിരമുഴലും നമ്മെ വന്നു പുണരുന്നു!! 15

ദുരുദർക്കമീയനർത്ഥം
തിരുമേനിക്കും പിണഞ്ഞിതോ ശിവനേ!''
പെരുതിടരോടിതുരച്ചു-
ള്ളരുകിത്തേങ്ങിക്കരഞ്ഞിതാത്തരുണർ. 16

കാന്താകൃതി നിഷധമഹീ-
കാന്താഭവന്റെ തങ്കമെയ്യയ്യോ!
കാന്താരദുർഗ്ഗചംക്രമ-
കാന്താവിരഹാദിയാൽ ക്ലമപ്പെട്ടും, 17

---

11. മാദൃശാവലംബന = എന്നെപ്പോലെയുള്ളവർക്ക് ആശ്രയമായവനേ! സീമ...കമ്പ = അവസാനമില്ലാത്ത അനുകമ്പയോടുകൂടിയവനേ!

12. ശ്രവണപഥം = കർണ്ണമാർഗ്ഗം. ചന്ദ്രസേനനും സുബാഹുവും ഈ വിലാപം കേട്ടമാത്രയിൽ തങ്ങളുടെ വൈശ്യത്തെ മറന്ന് എഴുന്നേററു എന്നു താൽപര്യം.

13. കൃപണോക്തികൾതന്നുടമസ്ഥർ = ദീനവാക്കുകൾ പറഞ്ഞവർ.

14. വ്യാമർദ്ദപ്പുണ്ണുമുറിവ് = കിരാതയുദ്ധത്തിലേററ ആർദ്രവ്രണം.

15. സുബാഹുയുക്തൻ = സുബാഹുവോടുകൂടിയവൻ.

16. ദുരുദർക്കം = ചീത്തയായ ഭാവിഫലത്തോടുകൂടിയതു്. തരുണർ = യുവാക്കന്മാർ.

17. കാന്താകൃതി = സുന്ദരശരീരൻ. നിഷ...ഭവൻ = മഹാസേനപുത്രൻ. കാന്താ...ഹാദി = കാട്ടിൽസ്സഞ്ചാരം, പ്രിയാവിരഹം മുതലായതു്. ക്ലമപ്പെട്ടും = തളർന്നും.

Digitized By Kerala Sahitya Akademi

മലിനപടമൊന്നുടുത്തും,
മെലിഞ്ഞു മേന്മേലഴുക്കുകൾ പുരണ്ടും,
ബലിശബരഘോരശസ്ത്രാ-
വലി തട്ടി മുറിഞ്ഞു ചെന്നിണം വാർന്നും, 18

നരബലിപരരുടെ കാരാ-
നരകേ പെട്ടെന്നു ദൃഷ്ടമായളവിൽ,
കരളിലുയർന്നൊരു ഹർഷം
ദരപായാർത്തിയിലിവർക്കു വിലയിച്ചു. (വിശേഷകം) 19

ഇവരോ തീർണ്ണമഹാർണ്ണവർ,
യുവനൃപമിത്രങ്ങൾ, ഭാനുഗുണമിത്രർ,
സ്വവയസ്യാന്വേഷണമാ-
ന്നവശം കാട്ടിൽക്കിരാതവശരായോർ. 20

ലീലയൊടുദയൻ വിധി, നര-
പാലസുതന്മൂഴൽ പരം പുഷ്ക്കാനോ,
കാലം കഴിയാൻപോമള-
വാലക്ഷിതരാക്കിയീസ്സുഹൃദ്വരരെ! 21

നാൽവരുമശ്രു പൊഴിച്ചതി-
വൈവശ്യംപൂണ്ടു, വിക്ലബസ്വരരായ്,
വാ വരളുംപടി തമ്മിൽ-
ത്താവൽപര്യന്തകഥകളറിയിച്ചാർ. 22

ജയകേതുഭൂപസംയുത-
ജയപാലാശോകസേനർതൻ ചരിതം
സ്വയമപ്പൊഴുമറിയാഞ്ഞാ,
പ്രിയസഖരതുകൊണ്ടുമാകുലപ്പെട്ടു! 23

---

18. മലിനപടം = മുഷിഞ്ഞ വസ്ത്രം. ബലി...വലി = കരുത്തന്മാരായ കാട്ടാളന്മാരുടെ ഭയങ്കരമായ ആയുധക്കൂട്ടം.

19. നരബലിപരർ = നരബലിയിൽ താൽപര്യമുള്ളവർ. കാരാനരകേ = കല്ലറയാകുന്ന നരകത്തിൽ. ദൃഷ്ടം=കാണപ്പെട്ടതു്. ദരപായാർത്തി = മരണത്തെ ഓർത്തിട്ടുള്ള ദുഃഖം. വിലയിച്ചു = മറഞ്ഞു.

20. തീർണ്ണമഹാർണ്ണവർ = വൻകടലിൽനിന്നു കരകേറിയവർ. സ്വവ... ഷണം = തങ്ങളുടെ സ്നേഹിതന്മാരെ തിരഞ്ഞുനടക്കുക. അവശം = അസ്വതന്ത്രമാകുംവണ്ണം. കിരാതവശർ = കാട്ടാളന്മാരുടെ കൈയിൽ അകപ്പെട്ടവർ.

21. കാലം കഴിയാൻപോമളവു് = ആസന്നമരണനായിരിക്കുന്ന അവസരത്തിൽ. ആലക്ഷിതർ=കാണപ്പെട്ടവർ. ഈസ്സുഹൃദ്വരരെ = ഭാനുഗുണമിത്രന്മാരെ.

22. വിക്ലബസ്വരർ = ക്ഷീണിച്ച ഒച്ചയോടുകൂടിയവർ. താവൽപര്യന്തകഥകൾ = ഇതുവരെയുള്ള വർത്തമാനങ്ങൾ.

23. ജയ...സേനൻ = ജയകേതുവോടുകൂടിയ ജലപാലനും, അശോകസേനനും. ചരിതം = വൃത്താന്തം. അതുകൊണ്ടും = അറിയാത്തതുകൊണ്ടും.

Digitized By Kerala Sahitya Akademi

''ഹാ! താരാവലി, ഭവതി—
ക്കേതാദൃശിയാമവസ്ഥയോ പെട്ടു!
ത്രാതാവാം മാമുനിയുടെ
പൂതാശിസ്സും വൃഥാവിലായെന്നോ!'' 24

ചിലതേവമോതി, വിധിദുർ—
വിലസിതമോർത്തോർത്തു ഭാനുഗുണമിത്രർ
നിലയില്ലാത്തഴൽ പൂണ്ടാ
നിലത്തുടൻ വീണു നിലവിളിക്കുകയായ്. 25

നിലവിളിയതു കേട്ടിട്ടാ—
നിലവറയിൽ നിരുദ്ധരാം പുമാന്മാരിൽ
ചിലരെഴുന്നേററു തുനിഞ്ഞാ—
രലമലിവോടിവരെയാശ്വസിപ്പിപ്പാൻ. 26

അവരൊരമാനുഷവടിവാം
യുവനൃപനിലുമീ വിപത്തു കാണുകയാൽ,
അവരുടെ ദുർദ്ദശയാലു—
ള്ളവശതകൾ മറന്നു ചൊല്ലിനാരേവം: 27

''ക്ലേശമിതെന്തിനു നമ്മൾ—
ക്കീശവിധിക്കെന്തു നീക്കുപോക്കുള്ളൂ?
ആശയമുറപ്പിൽ വെയ്ക്കുക:
നാശം ലോകസ്വഭാവമാണല്ലോ. 28

പീവരയോധസഹസ്രം
കാവലെഴുന്നീ സ്ഥലത്തുനിന്നിനിമേൽ
വൈവസ്വതനുടെ പുരിയിൽ—
പ്പോവതിനെന്ന്യേ നമുക്കു വഴി കിടയാ. 29

ഹാ! വൻനരകോർവ്വിയിതിൽ—
ജ്ജീവച്ഛമടേററുകെന്ന സങ്കടവും
ഈ വരുമസിതചതുർദ്ദശി—
നാൾവരെയല്ലേ നമുക്കു വേണ്ടിവരൂ? 30

---

24. ഏതാദൃശി = ഇപ്രകാരമുള്ളത്. ത്രാതാവ് = രക്ഷിച്ചവൻ. മാമുനിയുടെ = മതംഗന്റെ. പൂതാശിസ്സ് = പരിശുദ്ധമായ ആശീർവ്വാദം.

26 നിരുദ്ധർ = നിരോധിക്ക(അടച്ചു)പ്പെട്ടവർ.

27. അവർ = ആശ്വസിപ്പിപ്പാൻ ചെന്നവർ. ദുർദ്ദശ = ദുരവസ്ഥ.

28. ഈശവിധി = ദൈവകല്പിതം. ആശയം = മനസ്സ്.

29. ഇവിടെനിന്നു ചാടിപ്പോയി രക്ഷപ്പെടാമെന്നുവെച്ചാൽ, അതിന്നും നിർവ്വാഹമില്ലെന്നു പറയുന്നു. പീവ . ഹസ്രം = തടിയന്മാരായ വളരെ ഭടന്മാർ. വൈവസ്വതൻ = യമൻ.

30 വൻനരകോർവ്വി = വമ്പിച്ച നരകഭൂമി. അസിതചതുർദ്ദശി = കറുത്ത പതിന്നാൽ.

Digitized By Kerala Sahitya Akademi

ബലി ശബരരാജനന്നാം
ബലിമഥനസഹോദരിക്കു വിധിപോലെ
ബലിയാക്കി വെട്ടുമല്ലോ,
കലിതായുധയോധനീതരാം നമ്മെ! 31

അക്കാലാലയമാർഗ്ഗം
മുക്കാലും നാം കടന്നിരിക്കുന്നു;
ഇക്കാലമിനി,പ്പരസുഖ-
മുൾക്കാമ്പിൽ നേർന്നുകൊൾകയേ വേണ്ടു! 32

തെരുതെരെ നമ്മുടെ രക്ത-
ക്കുരുതി കുടിച്ചാർത്തു ചീർത്ത കാളികളിൽ
തിരുമിഴിചേർക്കും ചണ്ഡിക-
യരുളട്ടെ നമുക്കു നല്ല പരഗതിയെ!'' 33

ചാരത്തായ് സ്തുതിയെന്ന-
ന്നേരത്തു ധരിച്ച ധരണിഭൃത്തനയൻ
''ആരണ്യകപതിയുടെയീ-
യാരംഭമനുഗ്രഹം നമുക്കെ''ന്നാൻ. 34

''കടലും, കദനദവാഗ്നി-
ച്ചുടയും തള്ളിക്കളഞ്ഞ മദസുവിനെ
ഉടനിങ്ങെടുക്കുമെന്നാ-
ലടവീശ്വരവാൾക്കിതാ, നമസ്കാരം! 35

പ്രണയിജനാപത്തിനുതാൻ
ക്ഷണമനു ചേഷ്ടിച്ചോരെങ്കല,ന്തക! നീ

---

31. കറുത്ത പതിന്നാലോടുകൂടി നമ്മുടെ ക്ലേശങ്ങൾക്ക് അവസാനമായി എന്നു പറയുന്നു: ബലി = കരുത്തൻ ശബരരാജൻ = കാട്ടാളരാജാവ്. ബലി... ദരി = വിഷ്ണുവിന്റെ സോദരി (ദുർഗ്ഗാദേവി). കലി.. നീതർ = ആയുധംധരിച്ച യോധന്മാരാൽ ക്ഷേത്രത്തിലെത്തിക്കപ്പെട്ടവർ.

32. അക്കാ...മാർഗ്ഗം = ആ കാലപുരത്തിലേക്കുള്ള വഴി. പരസുഖം = പരലോകസൗഖ്യം.

33. പരലോകസൗഖ്യത്തെ പ്രാർത്ഥിക്കുന്നു. തിരുമിഴിചേർക്കും = തന്റെ പരിചാരികമാരായ കാളികൾ രക്തപാനംചെയ്തു മത്തടിക്കുന്നതു കണ്ടു രസിക്കുന്ന.

34. ചാരത്തായ് = അടുത്തു്. അന്നേരത്തു് = അപ്പോൾ മാത്രം. ധരണിഭൃത്തനയൻ = ചന്ദ്രസേനൻ. ആരണ്യകപതി = കാടരുടെ രാജാവു്.

35. കടലും കദനദവാഗ്നിച്ചുടയും (ദുഃഖങ്ങളാകുന്ന കാട്ടുതീയ്യുകളുടെ കൂട്ടവും) തള്ളിക്കളഞ്ഞ (കടലിൽ മുങ്ങിയിട്ടും, എരിതീപോലുള്ള പല പീഡകളിൽപ്പെട്ടിട്ടും ദേഹത്തെ വിട്ടുപോകാത്തതായ) മദസുവിനെ = എന്റെ പ്രാണനെ. അടവീശ്വരവാൾ = കാട്ടുരാജാവിന്റെ വാൾ.

Digitized By Kerala Sahitya Akademi

ഘൃണവിട്ടിപ്പോളെങ്കിലു-
മണയാനേർപ്പെട്ടതെത്രയോ ഭാഗ്യം! 36

പ്രതിഭയപീഡകളെങ്കൽ
പ്രതിനിമിഷം ഹന്ത! ചേർത്തു ചേർത്തധുനാ
രതിവന്നമൂലമോ മമ
മൃതി ചേരാൻ കനിവൊടനുവദിച്ചു വിധി! 37

ഭയമിതുതാൻ മമ; ഭാഗ്യ-
ക്ഷയഹതനാമെന്നെയനുസരിക്കുകയാൽ,
പ്രിയസഖർ നിങ്ങൾ പരത്തിലു-
മുയരെക്കഷ്ടപ്പെടേണ്ടിവന്നിടുമോ? 38

ഹേ! സൽഗുണവതി! താരാ''—
ഹാ! സങ്കടമാർന്ന യുവനൃപനുടനേ
ശ്വാസം തടഞ്ഞു നില്പാ-
യാസകലമുലച്ചുപൂണ്ട കണ്ഠത്തിൽ. 39

ഉപഗതമാം മരണത്തോടു
നൃപതനയൻ സ്വാഗതം കഥിക്കുമ്പോൾ,
അപരിചിതർപോലുമവിടെ-
ക്കൃപപൂണ്ടി,ടനെഞ്ഞു പൊട്ടി വിഷമിച്ചു. 40

ആയാസഖിന്നനാം നൃപ-
ദായാദനെയും സുബാഹുവേയുമുടൻ
സ്വീയാങ്കശയിതരാക്കി
പ്രേയാന്മാരായ ഭാനുഗുണമിത്രർ. 41

കാരാഗൃഹത്തിൽ മുൻചെ-
ന്നോരാമിവർ തമ്പുരാനുമിഷ്ടനും;
നേരായങ്ങെളുതാമുപ-
ചാരാനുവിധാനമാചരിച്ചു സദാ. 42

---

36. പ്രണ .. ത്തിന = പ്രിയജനങ്ങൾക്ക് ആപത്തുണ്ടാക്കാൻ. ക്ഷണമനു = ക്ഷണംതോറും. ചേഷ്ടിച്ചു = വ്യാപരിച്ചു. ഘൃണ = ജുഗുപ്സ.

37. പ്രതിഭയപീഡകൾ = ഭയങ്കരദുഃഖങ്ങൾ. പ്രതിനിമിഷം = ക്ഷണംതോറും. രതി = തൃപ്തി.

38. അനുസരിക്കുക = അനുഗമിക്കുക. പരത്തിലും = പരലോകത്തിലും.

40. ഉപഗതം = അടുത്തെത്തിയതു്. അപരിചിതർ = പരിചയമില്ലാത്തവർ.

41. ആയാസഖിന്നൻ=ഇത്രയും സംസാരിച്ചതുകൊണ്ടു വീണ്ടും തളർന്നവൻ. സ്വീയാങ്കശയിതർ = തങ്ങളുടെ മടിയിൽ കിടക്കുന്നവർ. പ്രേയാന്മാർ=സ്നേഹിതന്മാർ.

42. ഇവർ=ഭാനുവും ഗുണമിത്രനും. ഉപചാരാനുവിധാനം=ശുശ്രൂഷാകൃത്യം.

Digitized By Kerala Sahitya Akademi

ഗഹനാർത്തികളാലസുനി—
സ്പൃഹനാം നൃപസൂനു കാത്തിരുന്നിടവേ,
ഹ ഹ ഹ! കറുത്ത പതിന്നാ—
ലിഹ വന്നെത്തി, കറച്ചനാറ്റംകളിൽ. 43

പെരുത്ത വനേചരരൊത്ത—
ന്നരുണന്മരിക്കെ്ധൃതായുധന്മാരായ്
പുരുഷപശുക്കളെയെല്ലാ—
മിരുളറയിൽനിന്നിറക്കിനാർ വെളിയിൽ. 44

സരസി കുളിച്ചഥ പാടല—
മരവുരി ചുററി,ക്കചന്ദനം പൂശി,
സരസമുയിർവാണ ഗളാ—
ന്തരഭുവി പുതുചെമ്പരത്തിമാലയുമായ്, 45

കടചരിതൻ കാട്ടരചൻ
നെടുവാൾ കണ്ഠത്തിൽ വെപ്പതിൻമുന്നേ
തുടുനിണമൊഴുകിയമട്ടൊ—
ത്തിട്ടമാകൃതിപൂണ്ട വദ്ധ്യപുരുഷരവർ, 46

മലർമാലകൾ, ചുററുമൊരേ—
നിലയിൽക്കത്തുന്ന കൽവിളക്കിവയാൽ
വിലസിന സാക്ഷാൽ ദേവീ—
നിലയനമുപനീതരായിതാബ്ടേരാൽ. (വിശേഷകം) 47

ഗൗരമണിപ്പല്ലുകളും,
സ്ഥാരചലദ്ദീപഹേതിജിഹ്വയുമായ്
വീരശിരോലംകൃതമതി—
ഘോരം യമവക്ത്രസദൃശമാ ക്ഷേത്രം. 48

---

43. ഗഹനാർത്തികൾ = ഗംഭീരദുഃഖങ്ങൾ. അസുനിസ്പൃഹൻ = ജീവനിൽ കൊതിയററവൻ.

44. ധൃതായുധന്മാർ = ആയുധങ്ങളെടുത്തവർ.

45. സരസി = പൊയ്കയിൽ. പാടലം = ചുകന്നതു്. കുചന്ദനം = രക്തചന്ദനം. സരഭസം = ത്വരയോടുകൂടി. ഗളാന്തരഭുവി = കണ്ഠമദ്ധ്യത്തിൽ (കഴുത്തിൽ).

46. കടചരിതൻ = ക്രൂരചേഷ്ടിതൻ. വദ്ധ്യപുരുഷന്മാർ = കൊല്ലപ്പെടുവാനുള്ള ആളുകൾ.

47. ദേവീനിലയനം = ചണ്ഡികാക്ഷേത്രം. ഉപനീതർ = പ്രാപിതർ.

48. ഗൗരമണിപ്പല്ലുകൾ = ഗൗരമണികൾ (വെളുത്ത രത്നങ്ങൾ) ആകുന്ന പല്ലുകൾ. സ്ഥാര...ജിഹ്വ = ധാരകളായി ഇളകുന്ന വിളക്കിൻജ്വാലയാകുന്ന നാവു്. വീരശിരോലംകൃതം = വീരന്മാരുടെ (മുൻബലി കഴിക്കപ്പെട്ട വീരപശുക്കളുടെ) ശിരസ്സാൽ അലങ്കരിക്കപ്പെട്ടതു്. നരബലിക്കാർ, നല്ല വീരപുരുഷന്മാരെ ബലികഴിച്ചാൽ അവരുടെ തല ദേവീക്ഷേത്രങ്ങളിൽ കെട്ടിത്തൂക്കുമത്രെ. യമവക്ത്രസദൃശം = കാലമുഖതുല്യം. കാണായി എന്നോ മറെറാ ഒരു ക്രിയ അദ്ധ്യാഹരിക്കണം.

Digitized By Kerala Sahitya Akademi

''നാലാമ്നായപ്പൊരുളേ!
ലീലാകൃതലോകസൃഷ്ടിമരണലയേ!
ശൈലാങ്കാലങ്കാരിണി
കാലാന്തകമഹിഷി! കൈവണങ്ങുന്നേൻ. 49

ഏറിയ ഖലരെക്കരത്തി–
ക്കീറി നിണംമുകിട്ടും ത്രിശൂലത്താൽ
പാരിൻ താപം തീർക്കും
ഭൂരിവിലാസാഞ്ചിതേ! ജയിക്ക ശിവേ! 50

ഏകലമായപ്രണയാൽ
സങ്കടശതമനുഭവിച്ചൊരാസ്സുതിയെ—
എൻകഥനമെന്തിനഥവാ?
ശങ്കരി! നീ സുജനഭരണപരയല്ലോ!'' 51

ഉപചിതഭക്ത്യുൽപ്പുളകൻ
നൃപസുതനേവം മഹേശിയെ നമിക്കേ,
സപദി ശിവപൂജയ്ക്കു–
ണ്ടുപഗതനായ് വിന്ധ്യകേതു ശബരേന്ദ്രൻ. 52

തുംഗശ്യാമൻ, വനചര–
പുംഗവന,രുണാന്തരീയപരിധാനൻ,
സംഗതധാതുപര്യക–
ജംഗമനീലാഞ്ജനാദ്രിനില കാട്ടി. 53

വിരുതിലഹോ! തലവെട്ടി–
ക്കരുതികഴിപ്പാൻ കിരാതപതി ചെല്ലേ,
തരുണപശുക്കൾക്കു മുഖ–
ത്തൊരുതുള്ളിയുമില്ല ചോരയെന്നായി! 54

ശങ്കരിയാം ചണ്ഡികതൻ
ചെങ്കഴലിൽത്താണു തൊഴുതതിൻശേഷം,

---

49. ആമ്നായം = വേദം. ലീലാ...ലയേ = കളിയായി ലോകസൃഷ്ടിസ്ഥിതിപ്രളയങ്ങൾ ചെയ്യുന്നവളേ! ശൈലാ...രിണി = ശൈലത്തിന്റെ (അച്ഛനായ ഹിമവാന്റെ; അഥവാ മുഖ്യവാസസ്ഥലമായ വിന്ധ്യന്റെ) അങ്കത്തെ അലങ്കരിക്കുന്നവളേ! മഹിഷി = ഭാര്യ.

50. ഖലർ = ദുഷ്ടർ (മഹിഷാദ്യസുരന്മാർ).

51. കഥനം = വിജ്ഞാപനം.

52. ഉപ...ളകൻ = വർദ്ധിച്ച ഭക്തികൊണ്ടു കോൾമയിർക്കൊണ്ടവൻ. ഉപഗതനായ് = വന്നെത്തി. ശബരേന്ദ്രൻ = വേടരാജാവു്.

53. തുംഗശ്യാമൻ=ഉയർന്ന കറുത്തവൻ. വനചരപുംഗവൻ = വേടശ്രേഷ്ഠൻ. അരു...ധാനൻ = ചുകന്ന വസ്ത്രമുടുത്തവൻ. സംഗ...നില = ധാതുക്കൾ ചേർന്നു താഴ്വരയോടുകൂടി സഞ്ചരിക്കുന്ന നീലാഞ്ജനപർവ്വതത്തിന്റെ പരിപാടി.

54. തരുണപശുക്കൾ = യുവാക്കന്മാരായ ബലിപുരുഷന്മാർ.

Digitized By Kerala Sahitya Akademi

ശങ്കയൊടൊതുങ്ങി നില്ക്കും
കിങ്കരരോടോതിനാൻ കിരാതേന്ദ്രൻ: 55

''ആരയി, കൊന്നു, പിടിപ്പാ-
നാരംഭിക്കവെപൊഴെന്റെ ഭടർ പലരെ,
ആ രണ്ടുപേർ, മഹാപുരു-
വീരർ തനിച്ചെന്റെ മുമ്പിൽ നില്ക്കട്ടെ.'' 56

'തിരുവച്ചനല്ലു മുമ്പിലു-
മരുളന്നോ ബലികളെ'ന്ന ശങ്കയൊടേ
പരുഷഭടർ കല്പനല്ലോ-
ത്തിരുവരെയും കൊണ്ടുനിർത്തി പതിനികടേ. 57

ചാരംമൂടിയ തീയിനു
പാരം ശരിയായ് വിവർണ്ണനരചസുതൻ
ആരണ്യേന്ദ്രപുരോഭുവി
ധീരം നിന്നാൻ സുബാഹുവോടൊപ്പം. 58

ഹാ! ലോഭനീയസൽഗ്ഗുണ-
ശീലോജ്ജ്വലനായ ചന്ദ്രസേനനിതാ
ഭൂലോകസ്ഥിതി രണ്ടോ,
നാലോ ഞൊടികൊണ്ടു തീൎന്നുപോമല്ലോ! 59

ആ മാന്യരാജവംശ-
ശ്രീമാണിക്യത്തെ വനചരാധീശൻ
'സാമാന്യപുരുഷനല്ലീ
ശ്രീമാൻ ദൃഢ'മെന്നു നിപുണമായ് നോക്കി. 60

മുന്നമൊരത്ഭുതമാർന്നതു
തന്നകമേ ശങ്കയായി മാറുകയാൽ
ഖിന്നത ചെറുതാർന്നടവീ-
മന്നവ''നാരാണയേ, ഭവാ''നെന്നാൻ. 61

''ആരാകിലെന്തു? കൃത്യം
പാരാതെ നടന്നിടട്ടെ''യെന്നല്ലോ,

---

57. പൂജയ്ക്കുശേഷമേ ബലികഴിക്കുക പതിവുള്ളു. ഇതാണു ഭടരുടെ ശങ്കയ്ക്കു കാരണം. പതിനികടേ = സ്വാമിയുടെ അരികിൽ (മുന്നിൽ).

58. വിവർണ്ണൻ = നിറംകെട്ടവൻ. ആര.. ഭുവി = കാട്ടുരാജാവിന്റെ മുൻവശത്തു്. ധീരം = കൂസൽ കൂടാതെ.

59. ലോഭ...ജ്ജ്വലൻ = സ്പൃഹണീയങ്ങളായ സൽഗ്ഗുണങ്ങൾകൊണ്ടും, ശീലം (സ്വചരിതം) കൊണ്ടും ശോഭിക്കുന്നവൻ. ഭൂലോകസ്ഥിതി = ഭൂവാസം.

60. മാന്യ...ണിക്യം = മാന്യമായ രാജവംശത്തിനു നല്ല മാണിക്യമായ.

61. അത്ഭുതം = അസാധാരണപുരുഷദർശനംനിമിത്തമുള്ള ആശ്ചര്യം. അടവീമന്നവൻ = കാട്ടുരാജാവു്.

Digitized By Kerala Sahitya Akademi

ഹാ! രാജസൂനു ചൊല്ലി:
ധീരാത്മാക്കൾക്കു മൃതിയൊരുത്സവമോ! 62

ഗൗരവമികവാൽ ശബര—
ക്രൂരകർം വിറപെടുത്തുമീ മൊഴിയെ
സ്വൈരം താങ്ങരുതാഞ്ഞോ,
പാരതിൽ മോഹിച്ചുവീണു വനരാജൻ! 63

ഹേ ജഗദംബ, ഹാ൪ാൽത്തവ
പൂജകനെത്തട്ടിയിട്ടതെന്തേവം?
നൈജമനോരഥമെന്തും
രാജകുമാരനു സാദ്ധ്യമല്ലെന്നോ! 64

ക്ലമലവമായ്പ്പരിചയമീ—
സ്സമയംവരെയും പെടാത്തൊരപ്പെരുമാറം
തമസി പതിച്ചതിലതിസം—
ഭ്രമമൊടു ശുശ്രൂഷചെയ്തു ശബരന്മാർ. 65

“ഹാ! മൽസ്വാമിൻ! നൈഷധ—
സോമ! മഹാസേന! സാർവ്വഭൗമ! വിഭോ!
ശ്രീമൽകരുണൈകധൃത—
ക്ഷേമൻ ഞാൻ പകരമങ്ങിതോ ചെയ്തു! 66

ഇത്ര കൃതഘ്നനില്ലല്ലോ,
തത്രഭവാൻ സുപ്രസാദസുധ തൂകി!
ക്ഷത്രകുലേന്ദ്ര! ഭവൽപ്രിയ—
പുത്രനിൽ ഞാനാചരിച്ചതെന്തയ്യോ! 67

പരമഫലം പെറുമളകേ—
ശ്വരകുലകല്പദ്രുമത്തിനടിയിൽത്താൻ
കരവാളം വെപ്പതിനല്ലോ,
വിരവിലൊരുമ്പെട്ടു ദുഷ്ടചരിതനിവൻ! 68

---

62. പാരാതെ=ശങ്കിക്കാതെ. താൻ ഇന്ന ആളാണെന്നു പറഞ്ഞാൽ, വിന്ധ്യകേതു കുമാരനെ വിട്ടയപ്പാൻ സംഗതിയുണ്ട് എന്നു സൂചിപ്പിക്കുന്നു.

64. ഹാ൪ാൽ=ബലാൽക്കാരേണ. നൈജമനോരഥം=തൻെറ മനോരാജ്യം. എന്തും—എല്ലാ ആശകളേയും വിട്ടു മരണത്തെ മാത്രം കാംക്ഷിക്കുന്നതായാൽ, അതുപോലും.

65. ക്ലമലവം=തളർച്ചയുടെ ലേശം. തമസി=ബോധക്കേടിൽ ശുശ്രൂഷ=ശീതോപചാരം. ശബരന്മാർ = കാട്ടാളന്മാർ.

66. നൈഷധസോമ = നിഷധരാജ്യത്തിന്നു ചന്ദ്രനായുള്ളവനേ. ശ്രീമൽ... ക്ഷേമൻ = അവിടുത്തെ കൃപ ഒന്നുകൊണ്ടു സുഖം നേടിയവൻ.

67. കൃതഘ്നൻ=ഉപകാരസ്മരണാശൂന്യൻ സുപ്രസാദസുധ=നല്ല പ്രസാദമാകുന്ന അമൃതം. ക്ഷത്രകുലേന്ദ്ര=ക്ഷത്രിയവംശശ്രേഷ്ഠ! ഭവൽപ്രിയപുത്രൻ = അവിടുത്തെ ഇഷ്ടപുത്രൻ.

68. പരമഫലം=ശ്രേഷ്ഠഫലം. അള...ദ്രുമം=അളകേശ്വരവംശമാകുന്ന കല്പവൃക്ഷം. അടിയിൽ = ചുവട്ടിൽ (വേരിന്മേൽ).

Digitized By Kerala Sahitya Akademi

ഭൂമിപ! ഗതിയെന്തിനി?യീ
സ്വാമിദ്രോഹപ്രവർത്തനത്താലേ
ഹാ! മികവേറിയ പാതക–
മീ മിതമതിയാം ജനത്തിനാപ്പെട്ടു! 69

സമനുഗുണദണ്ഡനത്താൽ
ശമമീ ദുരിതത്തിനെത്തുമാറാക്കാൻ
മമ കൊച്ചുതമ്പുരാനേ
കിമപി ഭവാൻ ചന്ദ്രസേന, കനിയണമേ! 70

ആ വനചരപതി വെളിവാ–
ർന്നേവം വിലപിച്ചുകൊണ്ടു വിഹ്വലനായ്,
ഭാവമലിഞ്ഞീടിന യുവ–
ദേവന്റെ പദത്തിൽ വീണു കേണു ചിരം. 71

മാലാളും പതിയുടെയീ–
യാലാപം കേട്ടു വേടർ ഞെട്ടിപ്പോയ്:
കാലാശു തങ്ങടെ പാമ്പിൻ–
മേലാണർപ്പിച്ചതെന്നറിഞ്ഞവിധം. 72

ഹന്ത! കിരാതേശ്വരനെയൊ–
രന്തകനായ്ക്കണ്ട വദ്ധ്യപുരുഷക്കും
അന്തഃകരണമിവന്റെ ദു–
രന്തവ്യഥ കണ്ടലിഞ്ഞുപോയ് സഹസാ. 73

''പരദൈവത്തിലുമതുപോ–
ലരചനിലും ഭക്തി, നീതി തൊട്ടവയാൽ,
നരബലി മതഭേദവശാൽ
വിരചിച്ചാലും വിശുദ്ധശീലനിവൻ.'' 74

ഗുണമിത്രനൊടീവിധമുൾ–
ബണഹർഷം ഭാനു മെല്ലെയുരചെയ്തു,

---

69. സ്വാമി...ർത്തനം = സ്വാമിദ്രോഹം ചെയ്യുക. പാതകം = പാപം. മിതമതി = അല്പബുദ്ധി.

70. സമ...നത്താൽ=തക്ക ശിക്ഷയാൽ. ശമം=നാശം. കുറ്റത്തിന്നനുരൂപമായ ശിക്ഷ അനുഭവിച്ചാൽ, കുറ്റക്കാരൻ പാപവിമുക്തനാകുമെന്നാണല്ലൊ, ധർമ്മശാസ്ത്രസിദ്ധാന്തം.

71. വെളിവ് = ബോധം. വിഹ്വലൻ = വിവശൻ. ഭാവം = മനസ്സ്. യുവദേവൻ = ഇളയ രാജാവ്. ചിരം = ഏറെനേരം.

72. പതി = സ്വാമി. ആലാപം = വാക്ക്.

73. കിരാതേശ്വരനെ=വേടരാജനെ. അന്തഃകരണം=മനസ്സ്. ദുരന്തവ്യഥ=വല്ലാത്ത സങ്കടം. സഹസാ = പെട്ടെന്ന്.

Digitized By Kerala Sahitya Akademi

ഗ്ഗുണവാനാം വനപതിയെ—
പ്രണയേന സുബാഹുവാശ്വസിപ്പിച്ചാൻ: 75

''നൃപതിസഖ! വിന്ധ്യകേതോ!
ചപലോചിതമീ വിഷാദമെന്തിനിതിൽ?
ഉപചിതഭാഗ്യാൽ നമ്മൾ—
ക്കപകടമൊന്നും പിണഞ്ഞതില്ലല്ലോ. 76

ഓരാതടുത്തു കൂട്ടിയ
ഘോരാപത്തൊഴികയല്ലയോ ചെയ്തു?
നേരായ്ച്ചിറ തീർത്തു ഭവാൻ,
നീരാകെയൊലിച്ചുപോവതിൻമുന്നേ! 77

ക്രിയകൾക്കപ്പുറമാണ;റി—
വിയലാനിടവന്നതെങ്കിലെന്തു ഗതി?
നിയതം, നിഖിലേശ്വരിതൻ—
പ്രിയഭക്തൻ, ഭാഗ്യശാലിതന്നെ ഭവാൻ!'' 78

ചൊല്ലാർന്ന രാജസുതനിങ്ങു, യഥാർഹമട്ടി—
ലല്ലാതുഴന്നവിധമെത്തിയ വാർത്ത കേൾപ്പാൻ
നില്ലാതൊരുത്സുകതപൂണ്ടു വനേശനോടൊ—
ട്ടെല്ലാം ചുരുക്കിയുരചെയ്തിതമാത്യർ പിന്നെ. 79

വല്ലാതാശ്ചര്യഖേദാദിയിൽ മുഴുകുമര—
ണ്യേശിതാവോടടൻതാൻ,
''ചൊല്ലാം ദേവ്യർച്ചനാനന്തരമിനി വിവരി—
ച്ചൊക്കെ''യെന്നാൻ കുമാരൻ;
ഭില്ലാഗ്ര്യൻ പിന്നെ, ''ഞാൻ നിങ്ങളെ വിപുലമുദാ
വിട്ടിരിക്കുന്നു: പൊയ്ക്കൊൾ—
കെല്ലാരും സ്വൈര!''—മെന്നാബ്ബലിനരരൊട്ടര—
ച്ചിട്ടു പൂജയ്ക്കൊരുങ്ങീ. 80

75. ഉൽബണഹർഷം=തെളിഞ്ഞ ഉൾക്കളിരോടുകൂടംവണ്ണം. പ്രണയേന=സ്നേഹത്തോടെ.

76. നൃപതിസഖ = രാജാവിന്റെ (മഹാസേനന്റെ) സ്നേഹിത! ചപലോചിതം = ഉൾക്കരുത്തില്ലാത്തവർക്കു തക്കതു്. ഉപചിതം = വർദ്ധിച്ചതു്.

77. നീർ ആകെ = വെള്ളം മുഴുവൻ.

78. നിയതം = നിശ്ചയമായും.

79. യഥാർഹമട്ടിൽ = സ്വാവസ്ഥാനുരൂപം. ഉത്സുകത = ഔത്സുക്യം. വനേശൻ = വിന്ധ്യകേതു അമാത്യർ = സുബാഹുവാനുഗുണമിത്രർ.

80. അരണ്യേശിതാവു് = കാട്ടുരാജാവു്. ഭില്ലാഗ്ര്യൻ = വേടശ്രേഷ്ഠൻ. വിപുലമുദാ = രാജകുമാരസമാഗമത്താലുള്ള മഹാസന്തോഷംനിമിത്തം; സ്വൈരം= യഥേഷ്ടം. ബലിനരർ = പശുപുരുഷന്മാർ.

Digitized By Kerala Sahitya Akademi

ജീവൻ കിട്ടികയാലാ,പ്പശുപുരുഷരതി—
പ്രീതരായ് ചെന്നു ചെംതൃ—
ക്കാൽ *വന്ദിക്കും യുവക്ഷ്മാപനൊട,വരിലൊരാ,
ളൊന്നുണർത്തിച്ചിതപ്പോൾ:
''ദേവ! ക്ഷേത്രാഗ്ര്യതീർത്ഥാടനനിരതനെനി—
ക്കൊട്ടുനാളിന്നുമുമ്പേ
ഭാവല്ലാപായദുഃഖാൽത്തളരുമളകയിൽ—
പ്പോകുവാൻ യോഗമുണ്ടായ്. 81

സാമന്തൻ ജയകേതുവൊത്തു ജയപാലാ—
ശോകസേനാഹ്വയ—
ശ്രീമന്ത്രീന്ദ്രകമാരരംബുധിയിൽനി—
ന്നേറിച്ചിരാലങ്ങയെ,
ശ്രീമൻ! തേടി നിരാശരായഥ തിരി—
ച്ചങ്ങെത്തിനാര;—ന്നതൊ—
ട്ടാ, മന്നോർമണി നിൻപിതാവഴൽ പൊറാ—
ഞ്ഞയ്യോ! തപംചെയ്യയായ്. 82

അമാത്യരവർ തത്ര വന്നതിനടുത്തനാൾ നമ്മ നേ—
ന്നുമാപതിപദസ്ഥരാം തവ പിതാക്കൾതന്നന്തികേ,
കുമാരി കടലിൽ പതിച്ചതു വഴിക്കറിഞ്ഞാർത്തിയാൽ
സമാകുലരണഞ്ഞു, നിൻ ശ്വശുരഭൂപനും ശ്വശ്രുവും. 83

കാററമ്പേ പ്രതികൂലമായ്, ജലധിയിൽ—
ക്കഷ്ടം! വഴിത്തെററുമാ—
ണ്ടേററംനാളുഴലേണ്ടിവന്ന വസുദ—
ത്തോർവീന്ദ്രനാൾക്കാരുമായ്
നീററംപൂണ്ട മനസ്സൊടങ്ങണയവേ,
സന്താനദുഃഖങ്ങൾ കൈ—
മാററംചെയ്തവിധത്തിലായ്, ശ്വശുരരും,
നിൻ താതമാതാക്കളും! 84

---

81. അവരിൽ = പ്രാണലാഭത്താൽ പരിതുഷ്ടരായി പാദവന്ദനംചെയ്ത ബലിപുരുഷന്മാരിൽവെച്ച്. ക്ഷേത്രാ...രതൻ = പുണ്യക്ഷേത്രങ്ങളിലും, തീർത്ഥങ്ങളിലും സഞ്ചരിക്കുന്നതിൽ തൽപരൻ (തീർത്ഥയാത്രക്കാരൻ). ഭാവ...ദുഃഖാൽ = ഭാവന്റെ നാശത്താലുള്ള ദുഃഖംനിമിത്തം.

* 'വന്ദിക്കുമ്പൊളക്കൂട്ടരിലൊരുവനിളാപന്ദ്രനോടൊന്നുണർത്തി' എന്നു പാഠാന്തരം.

82. നിരാശർ = ആശകെട്ടവർ.

83. തത്ര = അളകയിൽ. ഉമാ...പദസ്ഥർ = ശിവക്ഷേത്രവാസികൾ. പിതാക്കൾ = അച്ഛനമ്മമാർ. അന്തികേ = അടുക്കൽ. കുമാരി = താരാവലി. ആർത്തി = ദുഃഖം. ശ്വശുരഭൂപൻ = വസുദത്തരാജാവ്. ശ്വശ്രു—'മകരാക്ഷി' എന്ന രാജ്ഞി.

84. മുൻനിശ്ചയപ്രകാരം വേളിക്കുതക്കവണ്ണം അളകയിൽ എത്തേണ്ടിയിരുന്ന വസുദത്തനു വിളംബം നേരിട്ടതിന്റെ കാരണം പൂർവ്വാർദ്ധംകൊണ്ടു വിവരി

Digitized By Kerala Sahitya Akademi

കുമാരാന്വേഷണത്തിന്നനുദിശമനേകം ഭടരെ വി–
ട്ടമാത്യന്യസ്തോർവീഭരരിരുനൃപന്മാരുമധുനാ
ഉമാനാഥക്ഷേത്രേ കഠിനനിയമം പൂണ്ടരുളുകയാ–
ണ;–മാന്തിക്കാതങ്ങുന്നുടനെയവിടേക്കെത്തണമിനി.'' 85

അക്ഷയ്യാദരമീ യഥാർത്ഥകഥനം
  കേട്ടാ,സ്സുഹൃദ്വീരരും
രക്ഷപ്പെട്ടതിലാർന്ന തുഷ്ടിഭരവും
  താരാവലീചിന്തയാൽ
നക്ഷത്രം പകലെന്നപോലെ വിലയി–
  ച്ചാലും, യഥാർഹോക്തിയാൽ–
സ്സുക്ഷത്രേശകുമാരനക്കഥകനിൽ–
  ക്കാണിച്ചു, തൻ നന്ദിയെ. 86

ശ്രദ്ധാപൂർവം കൃതാഭ്യർച്ചനനഥ ശബര–
  സ്വാമി സാമാത്യനാക–
ന്നദ്ധാത്രീശാത്മഭൂവെത്തനതു വസതിയിൽ–
  ക്കൊണ്ടുപോയ്, വേണ്ടപോലെ,
യുദ്ധായാസത്തിലേറ്റോരുടൽമുറിവുകളിൽ–
  ബ്ഭേഷജം വെച്ചുകെട്ടി,–
ശ്ശുദ്ധാഹാരാദി നല്കിപ്പെരികെയുപചരി–
  ച്ചീടിനാനൂഢഹർഷം. 87

ഇങ്ങനെ കാരാഗൃഹമുക്തി പതിനേഴാം സർഗ്ഗം

ച്ചിരിക്കുന്നു. നീററ. പൂണ്ട = സന്താപതപ്തമായ. സന്താനദുഃഖങ്ങൾ = സന്താന നാശംമൂലമുള്ള ദുഃഖങ്ങൾ. ശ്വശുരർ = ഭാര്യയുടെ അച്ഛനമ്മമാർ. ചന്ദ്രസേനനാശത്തെ വസുദത്തനും, താരാവലീനാശത്തെ മഹാസേനനും ഇപ്പോൾ മാത്രമേ അറിഞ്ഞുള്ളു.

85. കുമാരാന്വേഷണത്തിന്ന് = കുട്ടികളെ (താരാവലിയേയും, ഭോനേയും) തിരയുവാൻ. അനുദിശം = ദിക്കുകൾ (ദിക്ഷുകൾ) തോറും. അമാ...ഭരർ = മന്ത്രിമാരിൽ അർപ്പിക്കപ്പെട്ട രാജ്യഭാരത്തോടുകൂടിയവർ. ഇരുനൃപന്മാരും = വസുദത്തനും മഹാസേനനും. കഠിനനിയമം = ഉഗ്രതപോനുഷ്ഠാനം.

86. അക്ഷയ്യാദരം = അളവററ ആദരത്തോടുകൂടിയതു്. യഥാർത്ഥകഥനം = സത്യവചനം. ആസ്സുഹൃദ്വീരർ = ജയകേതുപ്രഭൃതികൾ. തുഷ്ടിഭരം = സന്തോഷാതിശയം. താരാവലീചിന്ത = താരാവലിയെക്കുറിച്ചുള്ള വിചാരം. വിലയിച്ചാലും = മറഞ്ഞുവെങ്കിലും. യഥാർഹോക്തിയിൽ = തക്കവാക്കു പറഞ്ഞു്. സുക്ഷത്രേശകുമാരൻ = രാജപുത്രൻ. കഥകൻ = വർത്തമാനങ്ങൾ പറഞ്ഞവൻ.

87. കൃതാഭ്യർച്ചനൻ = ദേവീപൂജ കഴിച്ചവൻ. ശബരസ്വാമി = വേടരാജൻ. സാമാത്യൻ = മന്ത്രിമാരോടുകൂടിയവൻ. ധാത്രീശാത്മഭൂവെ = രാജകുമാരനെ. വസതി = പാർപ്പിടം. ഭേഷജം = മരുന്നു്. ശുദ്ധാഹാരാദി = പരിശുദ്ധമായ ഭക്ഷണം മുതലായതു്. ഉപചരിച്ചീടിനാൻ = ശുശ്രൂഷിച്ചു.

Digitized By Kerala Sahitya Akademi

പതിനെട്ടാം സർഗ്ഗം

നരനാഥസൂനു കഥയൊക്കെ മുറ—
യ്ക്കുരചെയ്തു കേട്ട ശബരപ്രവരൻ
പരമാത്ഭുതാകുലവചസ്സുകളാൽ—
ച്ചിരമോർത്തു വാഴ്ത്തി ഭവിതവ്യതയെ. 1

ഉരിയാടി പിന്നെ യുവമന്നവനോ
ടെ:—''രിയാസ്സു തൃക്കരം വിചിന്തകളാൽ
അരിയോരു പത്നിയെയുമാശു, വിഭോ!
തിരിയേ ലഭിക്കുമിവിടെസ്സുദൃഢം. 2

തവ മൃത്യു തീണ്ടിയൊരു ജീവനെയും,
ഭവദീയബാന്ധവരെയേവരെയും,
നൃവതംസ! വീണ്ടരുളിയോരുവിധം
ഭുവനേശി കാന്തയെയുമിങ്ങു തരും! 3

ദുരദൃഷ്ടചോദിതവണിക്ചപലൻ
തരസാ ഹരിച്ച സതിമാർമണിയാം
നിരപായമങ്ങയൊടണഞ്ഞിടുമെ—
ന്നരചെയ്‌വതുണ്ടു ദൃഢമെന്റെ മനം. 4

തരുണീഗവേഷണവിധിക്കുടനേ
വിരുതുള്ള യോധരെ വിടാമടിയൻ;
തിരുമേനിയോടു പിഴചെയ്തതിനെ—
ന്തൊരു മറ്റു നിഷ്കൃതി നമുക്കെളുതാം? 5

ഇവനീ വിടും വിപിനചാരികൾ പോയ്—
ത്തവ ദേവിതൻ ഗതിയറിഞ്ഞു വരും:
ജവമോടു രാഘവവധൂചരിതം
പ്ലവഗേശ്വരന്റെ ഭടരെന്നവിധം. 6

തിരുമെയ്യിനീ മുറികൾ തുന്നു സുഖം—
വരുവോളമിങ്ങു നിവസിച്ചയി, തേ

---

1. മുറയ്ക്കു = സവിസ്തരം. ഭവിതവ്യതയെ = ദൈവഗതിയെ.

2. വിചിന്തകൾ = വിചാരങ്ങൾ. അരിയോരു = പ്രിയപ്പെട്ട

3. ഭവദീയബാന്ധവർ = അങ്ങയുടെ സ്നേഹിതന്മാർ. നൃവതംസ = പുരുഷന്മാർക്ക് ഉത്തംസമേ! ഭുവനേശി = ചണ്ഡികാദേവി.

4. ദുര...ചപലൻ = ദുർവിധിയാൽ പ്രേരിതനായ ചപലവാണിജൻ. ഹരിച്ച = അപഹരിച്ച. നിരപായം = കേടെന്നിയേ. മനം = മനസ്സാക്ഷി.

5. തരു...വിധിക്കു = തരുണിയെ (താരാവലിയെ) തിരയുവാൻ. നിഷ്കൃതി = പ്രതിവിധി.

6. വിപിനചാരികൾ = കാട്ടാളന്മാർ. ഗതി = മാർഗ്ഗം. രാഘ...രിതം = രാമപത്നിയുടെ (സീതയുടെ) വൃത്താന്തം. പ്ലവഗേശ്വരൻ = സുഗ്രീവൻ.

Digitized By Kerala Sahitya Akademi

പെരുതാം സമൃദ്ധി ഭവദാശ്രിതരിൽ-
പ്പെരുമാറിടുംനിലകൾ പാർത്തീയാം. 7

ഒരു രണ്ടുനാലു ദിവസത്തിനകം
തിരുമേനി മുൻനിലയിലാം, നിയതം:
പുരുഷേന്ദ്ര! നന്മുറിമരുന്നുകളീ-
യൊരു കാടർപോലിതരരാരറിയും?'' 8

ഗുരുസൗഹൃദാനുഗുണമായ് വിപിന-
പ്പെരുമാളിവണ്ണമുപചെയ്തിടവേ;
ഒരു കല്യഭില്ലഭടനാനതനായ്-
ത്തിരുമുമ്പിലെത്തിയറിയിച്ചിതിദം: 9

''സ്വൈരം പ്രഭോ! ബഹുധനാനുഗനായൊ,രഗ്ര്യ-
സ്ത്രീരത്നമോടുമൊരുമിച്ചു വണിക്കൊരുത്തൻ
ദൂരത്തുനിന്നി,ഹ ഭവൽഭടനീതനായി
ദ്വാരസ്ഥലത്തു നിലവുണ്ടി-നിയാജ്ഞപോലെ'' 10

ഏവം ശ്രവിച്ചു നൃവരാത്മജനും, സഖാക്കളും
മൂവർക്കുമാ വനചരേന്ദ്രനുമൊന്നുപോലെ
'ആ വഞ്ചകപ്രവരനായ വണിക്കുതാനോ,
ഈ വന്നതെ!'ന്നൊരിളതാം കുളിർകാററു തട്ടി. 11

''ആയാളെയംഗനയൊടൊത്തിവിടേക്കുതന്നെ
പോയാശു കൊണ്ടുവരി''കെന്നരുൾചെയ്തവണ്ണം,
ആ യാമിനീശമുഖിയൊത്ത വണിക്കുതന്നെ-
സ്വീയാധിപൻെറ സവിധത്തിലണച്ചു യോധൻ. 12

---

7. ഗുൻ്ഠ് = നികന്ന് (ഉണങ്ങി) നിവസിച്ചു = പാർത്തു. തേ = അങ്ങേയ്ക്ക്. സമൃദ്ധി = സമ്പത്ത്. ഭവദാശ്രിതർ = ഭവാന്മാരുടെ സേവകർ. അച്ഛൻതിരുമനസ്സിലെ കരുണയാൽ, ഇവിടത്തെ യഥോചിതം ഉപചരിപ്പാൻ തക്ക ധനപുഷ്ടി അടിയന്നുണ്ട് എന്നാശയം.

8. നന്മുറിമരുന്നുകൾ = നല്ല സാദ്ധ്യാവ്രണൗഷധങ്ങൾ. ഇതരർ = അന്യർ. മുറിമരുന്നും വിഷമരുന്നും കാട്ടാളരെപ്പോലെ മററാർക്കും, അത്രയധികം അറിഞ്ഞുകൂടാ.

9. ഗുരു...ഗുണം = മഹത്തായ സ്നേഹത്തിന്ന് അനുരൂപം. ഉപചെയ്തിടവേ എന്നതുകൊണ്ടു വിന്ധ്യകേതു പാവാൻ തുടങ്ങിയതു മുഴുവനായിട്ടില്ല എന്നു സൂചിപ്പിക്കുന്നു. കല്യഭില്ലഭടൻ = കരുത്തനായ വേടയോധൻ. ആനതനായ് = വണക്കത്തിൽ. ഇദം = ഇതിനെ (താഴെ പറയുന്നതിനെ).

10. ബഹുധനാനുഗൻ=വളരെ ധനങ്ങളും ആൾക്കാരുമുള്ളവൻ. വണിക്ക്= കച്ചോടക്കാരൻ. ഭവൽഭടനീതൻ = അങ്ങയുടെ ഭടന്മാരാൽ കൊണ്ടുവരപ്പെട്ടവൻ. ദ്വാരസ്ഥലത്ത് = വാതില്ക്കൽ ആജ്ഞ = കല്പന.

11. ശ്രവിച്ചു = കേട്ടു ആ=താരാവലിയെ അപഹരിച്ച. ഇളതാം കുളിർ കാററ് എന്നതിന്നു സുഖകരമായ ശങ്ക എന്നു ഭാവം.

12. യാമിനീശമുഖി = ചന്ദ്രമുഖി. സ്വീയാധിപൻ = തൻെറ സ്വാമി. സവിധം = സമീപം.

Digitized By Kerala Sahitya Akademi

ആ രാജസൂനു മുതലായവരഞ്ചുപേരു-
മാരായ്വരേണമവരെന്നു കൊതിച്ചിരുന്നു;
നേരായ്ത്തെളിഞ്ഞു വിധി, ഹന്ത, കൃശാംഗിയാളാ-
ത്താരാവലീതരുണിതാ;നതുതാൻ വണിക്കും. 13

''ഹാ! ഭാഗ്യ!മിസ്സുതി സമുല്ലലമേദിനീശ-
സൗഭാഗ്യരത്നനവകല്പകവല്ലിതന്നേ!
ദുർഭാഗമാകെയിരുളാക്കിടുവാൻ തുടർന്ന
ലോഭാന്ധനാം ഖലവണിക്കവനി,യ്യിവൻതാൻ! 14

തണ്ടാരിൽമാതിനെതിരാകിയ ദേവി ഹാ ഹാ!
കണ്ടാൽ ശരിക്കറിയുവാൻ കഴിയാത്തമട്ടിൽ
കൊണ്ടാടിടേണ്ടുമുടൽ വാടി മെലിഞ്ഞു; വേനൽ-
കൊണ്ടാടലേററ ലതപോലെ ചമഞ്ഞുവല്ലോ.'' 15

എന്നായ്സുബാഹു ധൃതിപൂണ്ടുരചെയ്തു,യോടി-
ച്ചെന്നാത്മകാന്തയുടെ കോമളമാം ഗളത്തിൽ
നന്നായ് സ്വബാഹുയുഗളത്തെയണച്ചുകൊണ്ടു-
നിന്നാനഹോ! മതിമറന്ന മഹീന്ദ്രപുത്രൻ. 16

''എന്താണിതെന്റെ കരളിൻമറിവോ? കിനാവോ?
ഹന്താഖിലം ശംബരർതൻ മറിമായമെന്നോ?
ഹന്താര്യപുത്രപദമേ ഗതി''യെന്നു നാനാ-
ചിന്താന്ധയായിതു കുമാരി കുറച്ചുനേരം. 17

മാലിന്നഭീക്ഷ്ണമിടയാക്കിയ വിപ്രയോഗ-
മാലിന്യമാശു കഴുകിക്കളയുന്നതിന്നായ്
ചേലിൽത്തുടർന്നപടി, നേത്രജലത്തെ മേല്ക്കു-
മേലിങ്ങു തൂകി ചിരമാസ്സവധൂവരന്മാർ. 18

---

13. അഞ്ചുപേർ = ചന്ദ്രസേനൻ, സുബാഹു, മാന, ഗുണമിത്രൻ, വിന്ധ്യകേതു.

14. സമുൽ...വല്ലി = വസുധാതലത്തിന്റെ സൗഭാഗ്യരത്നത്തിന്നു പുതിയ കല്പലത; ശ്രേഷ്ഠസൗഭാഗ്യദായിനി (താരാവലി). ലോഭാന്ധൻ = ലോഭം (അലഭ്യവസ്തുവിലുള്ള ആഗ്രഹം)കൊണ്ട് അന്ധൻ. ഖലവണിക്കവൻ = ആ (താരാവലിയെ വഹിച്ച) ദുഷ്ടനായ കച്ചവടക്കാരൻ.

15. ലത = വള്ളി.

16. ധൃതിപൂണ്ട് = വെമ്പലോടെ. ആത്മകാന്ത = തന്റെ പ്രിയതമ. സ്വബാഹുയുഗളം = തന്റെ കൈകൾ രണ്ടും. മതിമറന്ന = ഹർഷാതിശയത്താൽ ഉന്മത്തനായ.

17. ആര്യപുത്രപദം = ഭർത്തൃപദം. നാനാചിന്താന്ധ = പലതരം വിചാരങ്ങൾകൊണ്ടു വെളിവില്ലാത്തവൾ. കുമാരി = രാജപുത്രി (താരാവലി).

18. അഭീക്ഷ്ണം = പിന്നെയും പിന്നെയും. വിപ്ര...ലിന്യം = വിരഹമാകുന്ന മാലിന്യം. നേത്രജലം = കണ്ണീർ. ചിരം = ഏറെനേരം.

Digitized By Kerala Sahitya Akademi

'ദേവി! ക്രമേണ പറയാം വിവരം; വനേശ—
നീ വിന്ധ്യകേതുവഴി നന്മയിതൊക്കെയെന്നായ്,
മാൽവിട്ടിടുംവിധമുരച്ചഥ ചന്ദ്രസേന—
നാ വിഹ്വലാംഗിയെയിരുത്തി നിജാന്തികത്തിൽ. 19

ലോലാക്ഷിതന്റെ ചിരകാലമുപോഷിതങ്ങൾ—
പോലായ ലോചനചകോരകിശോരകങ്ങൾ
ചേലാർന്നൊരാത്മരമണാനനചന്ദ്രകാന്തി—
ജാലാമൃതത്തെ നിതരാം നിഭൃതം നുകർന്നു. 20

സ്നേഹം ചിരന്തനമൊഴുക്കിടുമക്കടാക്ഷ—
വ്യൂഹത്തെ വല്ലഭ മുറയ്ക്കു പതിക്കയാലേ,
ഹാ ഹന്ത! മന്നവസുതന്റെ മനോജ്ഞമായ
ദേഹവ്രണവ്യഥയൊഴിഞ്ഞവിധം തെളിഞ്ഞു. 21

തീരാത്ത ഹർഷമൊടു തത്ര സഖാക്കളെം ചൊന്നാർ:
''ഘോരാചലം ഗതിയിടയ്ക്കു മുടക്കിയാലും,
വാരാശിയാം വരനിൽ വല്ലവഴിക്കുമെത്തി—
ച്ചേരാതിരുന്നിടുകയില്ല സരിത്തു നൂനം.'' 22

വന്തിയുകത്താണ്ട വണിക്കിനോടി—
പ്പന്തിക്കു ചോദിച്ചിതു വിന്ധ്യകേതു:
''എന്തിന്നു വിശ്വസ്തരിൽ വഞ്ചനയ്ക്കു
ചിന്തിച്ചു നീ? ചൊല്ലുക സത്യമെല്ലാം.'' 23

ദീനാക്ഷരം കൈതൊഴുതോതി വൈശ്യൻ:
''മാനാർഹരേ! തെല്ലലിവെങ്കൽ വേണം;
ഞാനാന്ധ്യമുൾക്കൊണ്ടൊരു പാററപോലേ
തീനാണു തീയെന്നു നിനച്ചുപോയി! 24

'തൊട്ടാൽക്കുലംകൂടി നശിക്കു'മെന്ന—
മട്ടായ നിക്ഷേപമിതെങ്കിലും, മേ

---

19. വിഹ്വലാംഗിയെ = വിവശഗാത്രിയെ. നിജാന്തികത്തിൽ = തന്റെ അരികിൽ.

20. ഉപോഷിതങ്ങൾ = ഭർത്തൃവിരഹത്താൽ ഉപവാസം അനുഷ്ഠിച്ചവ. ലോച...കങ്ങൾ = കണ്ണുകളാകുന്ന ചകോരങ്ങളുടെ ശാബകങ്ങൾ. ...കാന്തി... = ഭർത്താവിന്റെ മുഖമാകുന്ന ചന്ദ്രന്റെ ശോഭാനിരയാകുന്ന അമൃതു്. നിതരാം = ഏററവും. നിഭൃതം = നിശ്ചലം.

21. കടാക്ഷവ്യൂഹം = കടാക്ഷക്കൂട്ടം. വ്രണവ്യഥ = കിരാതയുദ്ധത്തിലേററ മുറിവുകളെക്കൊണ്ടുള്ള വേദന. ചിരന്തനമായ (പഴകിയ) സ്നേഹം (നെയ്യ് മുതലായതു്) വ്രണരോപണമാണെന്നു വൈദ്യമതം.

22. സഖാക്കളെ = വിന്ധ്യകേതുപ്രഭൃതികൾ. ഘോരാചലം=പെരുംകുന്നു്. വാരാശി = സമുദ്രം. വരനിൽ = ഭർത്താവിൽ. സരിത്തു് = നദി. നൂനം = നിശ്ചയം.

24. ദീനാക്ഷരം = വിവശങ്ങളായ അക്ഷരങ്ങളോടുകൂടുംവണ്ണം. മാനാർഹർ = പൂജ്യന്മാർ. ആന്ധ്യം = മൗഢ്യം.

Digitized By Kerala Sahitya Akademi

കിട്ടാമൊരിക്കൽ ഗുണമെന്ന തീവ്ര–
തചിട്ടാട്ടമീസ്സാദ്ധ്വിയിലാശവെച്ചേൻ. 25

ചെന്നാലയംപുക്കിവളെ ക്രമേണ
നന്നായ് നയംചൊല്ലി വഴിപ്പെടുത്താം:
കന്നാകിലും വെട്ടി നികത്തുമാറു–
ണ്ടെ,ന്നായിരുന്നു ഹതമെൻ വിചാരം. 26

ഹാ! വല്ലപാടും ഭവനത്തിലെത്താ–
നീ വൻവനപ്രാന്തപഥത്തിലൂടേ
വൈവശ്യമാർന്നാശു ഗമിക്കുമെന്നെ–
ദ്ദൈവം ഭവാന്മാരുടെ മുൻപിലാക്കി! 27

വല്ലായ്മയൊന്നേവമെനിക്കു പററി;
മുല്ലായുധന്നാരിഹ കീഴ്പെടാതെ?
എല്ലാം ക്ഷമിച്ചീടണമേ ഭവാന്മാർ,
നല്ലാളുകൾക്കുൾക്കൃപ ചേരുമല്ലോ.'' 28

''ഭാവം വിനീതം, മൊഴി തേനാകും ന–
ഞ്ഞീ;–വണ്ണമാം ദുർജ്ജനലക്ഷണങ്ങൾ
ദൈവം കുറയ്ക്കാതിവനേകിനാ''നെ–
ന്നേവം തദാ മന്ത്രി സുബാഹു ചൊന്നാൻ. 29

സന്തപ്തനാം വാണിജനെസ്സരോഷം
സന്തർജ്ജനംചെയ്തു കിരാതരാജൻ:
''എന്തത്ര ജല്പിപ്പതു നീ! ദുരാത്മൻ!
ക്ഷന്തവ്യമോ നിൻ കഠിനാപരാധം? 30

ഇസ്സാർവഭൗമപ്രഭുപുത്രനേയു,–
മിസ്സാദ്ധ്വിയാം രാജകുമാരിയേയും
ദുസ്സാഹസാലിത്ര വലച്ച നിന്റെ
നിസ്സാരദേഹം കഴു തിന്നിടട്ടേ!'' 31

രുട്ടാർന്നിവണ്ണം ശബരാഗ്ര്യനഗ്ര–
മട്ടായുരഞ്ഞു,പ്പടകൈത്തരിപ്പാൽ

---

25. മേ = എനിക്ക്. തീവ്രതചിട്ട് = ദുരാസദമായ പാതിവ്രത്യതേജസ്സ്.

26. ആലയം = ഭവനം. ഹതം = കെട്ടത്.

27. വൻ...പഥം = വലിയ കാട്ടിന്റെ ഒരറ്റത്തുകൂടിയുള്ള വഴി. വൈവശ്യം = അന്യന്റെ ധനത്തെ അപഹരിച്ചവർക്ക് സ്വാഭാവികമായുണ്ടാകുന്ന ഭയം നിമിത്തമുള്ള ആകുലത്വം. ഗമിക്കും = യാത്രചെയ്യുന്ന.

29. വിനീതം = വിനയമുള്ളത്. കുറയ്ക്കാതെ = പൂർത്തിയായി.

30. സന്തപ്തൻ = ദുഃഖിതൻ. വാണിജൻ=കച്ചോടക്കാരൻ. സരോഷം = ക്രോധത്തോടെ. സന്തർജ്ജനംചെയ്തു = ഭർത്സിച്ച, ശകാരിച്ചു. ജല്പിക്കുക = നിരർത്ഥമായി പ്രലപിക്കുക. ക്ഷന്തവ്യം = ക്ഷമിക്കത്തക്കത്.

Digitized By Kerala Sahitya Akademi

മട്ടാളനശ്ശിക്ഷ വിധിച്ച കയ്യിൽ—
ക്കിട്ടാൻ ധൃതിപ്പെട്ടു കിരാതയോധർ. 32

ധൃത്താർന്ന വൈശ്യന്നയിരംഗനാശ—
വാർത്താശ്രവംമൂലമുഴന്നപോലേ,
പേർത്താസ്സതീകോമളബാഹുവല്ലി
ചാർത്താൻ കൊതിച്ചോരു കഴുത്തിലേറി! 33

താരാവലീസംഗമമാർഗ്ഗചിന്താ—
ഭാരാർത്തനായ്ത്തീർന്ന വിടന്റെ ശീർഷം
തീരാത്ത വിശ്രാന്തിയെടുത്തു മന്നിൽ—
ച്ചേരാനിനിത്താമസമില്ലയല്ലോ! 34

ഘോരാത്മനാശം ഫലമാക്കു,മന്യ—
ദാരാശയാലെന്നതനേകമട്ടിൽ
നേരായറിഞ്ഞിട്ടുമഹോ! പുമാന്മാ—
രാരാൽ വിടുന്നീല വിടസ്വഭാവം! 35

''സ്ത്രീകൾക്കസാധാരണരൂപധേയം,
ശോകംപെടുത്തുന്നൊരു ശത്രു''വത്രേ!
ഹാ! കഷ്ടമീ വാക്കിനൊരർത്ഥമുണ്ടോ,
ലോകത്തിലില്ലാ വിടരെന്നിരിക്കിൽ? 36

ആ വദ്ധ്യനാം ക്ഷുദ്രവണിക്കിനങ്ങു
ജീവൻ കൊടുപ്പിച്ചിതു ചന്ദ്രസേനൻ;
പാവപ്പെടുംമാററരികൾക്കുമല്ലൽ
കൈവന്നു കണ്ടാൽക്കനിവൂ മഹാന്മാർ. 37

''ധനമഖിലവുമീട്ടയാലുവാകും
വനചരരാജനു കാഴ്ചവെച്ചു, കുപ്പി,

---

32. മട്ട് = കോപം. ഉഗ്രമട്ട് = ക്രൂരസ്വഭാവം; അല്ലെങ്കിൽ ഉഗ്രന്റെ 'സംഹാരരുദ്രന്റെ' മട്ട്. ധൃതിപ്പെട്ട് = വെമ്പി. കിരാതയോധർ = വേടഭടന്മാർ.

33. അംഗ . ശ്രവം = ദേഹനാശകഥ കേൾക്കൽ. സതീ ..വലി = സതിയുടെ (താരാവലിയുടെ) മാർദ്ദവമുള്ള കൈ. സതീദ്രോഹപ്രവൃത്തനായ വണിക്ക് കണ്ഠപ്രാണനായിത്തീർന്നു എന്നു സാരം.

34. താരാ...രാർത്തം = താരാവലിയോടു ചേരാനുള്ള വഴികൾ ആലോചിക്കുക എന്ന ഭാരംകൊണ്ടു ക്ഷീണിച്ചത്. ശീർഷം = തല. തീരാത്ത = എന്നെന്നേക്കുമുള്ള. വിശ്രാന്തി = വിശ്രമം.

35. ഘോരാത്മനാശം = ഭയങ്കരമായ ആത്മനാശം. അന്യദാരാശ = പരസ്ത്രീകാംക്ഷ. ആരാൽ = അകലെ.

36. അ.സാ...ധേയം = അസാമാന്യമായ സൗന്ദര്യം. ശോകം = ദുഃഖം.

37. വദ്ധ്യൻ = വധാർഹൻ. അരികൾക്കും = അപകാരം ചെയ്ത ശത്രുക്കൾക്കും. കനിവൂ = ദയ ചെയ്യുന്നു.

Digitized By Kerala Sahitya Akademi

തന്നുയിരിനെ വീണ്ടുകൊള്ളുകെ''ന്നാ—
ജ്ജനപതിസൂനു വണിക്കിനോടുരച്ചു. 38

''പലവുരുവിവ കേണിരന്നപോലീ,
വിലപെരുകും മണിഭൂഷണങ്ങൾ വാങ്ങി
അലസമിഴിയെ വിട്ടയച്ചുവെന്നാ—
ലലഘു ധനം മമ കിട്ടുമായിരുന്നു! 39

കൈവശമുള്ളതുമിന്നഹ പോയെ''—
ന്നേവമുയന്നു ഖലന്നനുതാപം;
ആ വക ലുബ്ധജനത്തിനു വിത്തം
ജീവനിലും പ്രിയമേറിയതല്ലോ. 40

സ്ഥിതികരമാദ്യമായ പുരുഷാർത്ഥമൊഴിഞ്ഞ വഴി—
ച്ചുതിദുരയന്തിമത്തിലുളവായതു നിഷ്ഫലമായ്,
ക്ഷതി ബത! മദ്ധ്യമത്തിനുമണഞ്ഞു, ഗമിച്ചിതവൻ:
സതിയുടെ കണ്ണുനീർക്കനലിലെന്തുരുകില്ലുലകിൽ? 41

കനലെരിവിയോഗത്താൽക്കഷ്ടിച്ചുഴന്നു നടന്നതും,
വനചരർ ബലാൽക്കാരാഗാരത്തിലാക്കിയടച്ചതും,
ജനകനഗരീവൃത്തം കാലത്തൊരാളറിയിച്ചതും,
വനജമുഖിയോടെല്ലാം ചൊല്ലീ കുമാരനമാത്യവാൻ. 42

തടവുമുറിയിൽപ്പാർപ്പുംകൂടി പ്രിയന്നു പിണഞ്ഞതും
കടലലയിൽനിന്നിഷ്ടന്മാരൊക്കെ രക്ഷയണഞ്ഞതും
സ്ഫുടമറികയാൽ ഖേദാഹ്ലാദങ്ങളാമിരുശക്തികൾ—
ക്കിടയിലവശപ്പെട്ടു തന്വംഗിയാൾക്കു മനം ചിരം. 43

---

38. ജനപതിസൂനു = ചന്ദ്രസേനൻ.

39. ഈ = ഇവൾ (താരാവലി) അണിഞ്ഞിരിക്കുന്ന. ഈ മണിഭൂഷണങ്ങളെപ്പററി 14-ാംസർഗ്ഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

40. കൈവശമുള്ളതും=കൈയിലുള്ള ധനവും. ഖലന്ന്=ദുഷ്ടവണിക്കിന്ന്. അനുതാപം=പശ്ചാത്താപം. ദ്രവ്യത്തെ ജീവിതാധികമായി കരുതുന്ന ലുബ്ധൻ, പ്രാണലാഭത്തിൽ സന്തോഷിക്കേണ്ടതിന്നു പകരം, ധനനാശത്തെ ഓർത്ത് പശ്ചാത്തപിച്ചതു് ആശ്ചര്യമല്ലെന്നു സാരം.

41. സ്ഥിതികരം = ലോകത്തെ നിലനിർത്തുന്നതു്. ആദ്യമായ പുരുഷാർത്ഥം = ത്രിവർഗ്ഗമെന്നു പറയപ്പെടുന്ന ധർമ്മാർത്ഥകാമങ്ങളിൽ ഒന്നാമത്തേതായ ധർമ്മം. അന്തിമത്തിൽ = ഒടുക്കത്തേതിൽ (കാമത്തിൽ). ക്ഷതി = നാശം. മദ്ധ്യമത്തിനും=നടുവിലത്തേതിനും (അർത്ഥത്തിന്നും). അവൻ = വണിക്ക്. സതീദ്രോഹം സർവ്വനാശമാകുന്നു എന്നു നാലാം പാദത്തിന്റെ താൽപര്യം.

42. ജനകനഗരീവൃത്തം = അച്ഛന്റെ പുരിയിലെ (അളകയിലെ) വർത്തമാനം. കാലത്തു്=രാവിലെ. വനജമുഖി = പത്മമുഖി. അമാത്യവാൻ = മന്ത്രിമാരോടുകൂടിയവൻ.

43. തടവുമുറി = കാരാഗൃഹം. സ്ഫുടം = സ്പഷ്ടമായി. ഖേദാഹ്ലാദങ്ങൾ = സന്താപസന്തോഷങ്ങൾ.

Digitized By Kerala Sahitya Akademi

ദുരാധിവശരാം പിതാക്കളെ നിനച്ച ബാഷ്പോദ്ഗമം
ചിരാൽ ചെറുതടക്കിയിട്ടിടറി മഞ്ജുവാമൊച്ചയിൽ
''ഒരാളെയളകക്കയച്ചിടുക വേണ്ടയോ വേഗ''മെ—
ന്നരാളകനചില്ലിയാളഥ മണാളനോടോതിനാൾ. 44

''പ്രിയബന്ധുജനത്തിനൊക്കെയും
ഭയദാപത്തൊരുപോലിയററി ഞാൻ
ഭയനീയത ചേർത്തതില്ലയോ?
നിയതം നിന്ദിതമെന്റെ ജാതകം!'' 45

വരനപ്പൊഴിടയ്ക്കു ചൊല്ലി ''നിൻ—
വരചാരിത്രഗുണൗഘമൊന്നുതാൻ
കരഭോരു കരേററി, ദുർഭ്ഭരോൽ—
ക്കരഗർത്തത്തിലുഴന്ന ഞങ്ങളെ. 46

നാളെയളകക്കു വിവരങ്ങളറിയിപ്പാ—
നാളെ വിടുമീശ്ശബരരാജനചിതജ്ഞൻ;
വാളെതിർചലന്മിഴി, നമുക്കു ഹിതമെന്തും
നീളെ നിറവേററുവൊരു ബാന്ധവനിതല്ലോ.'' 47

പീനാനന്ദമോദമൊടഥ വിന്ധ്യകേതുവാ—
ദൂനാംഗിയാകിയ വസുദത്തപുത്രിയെ
സ്നാനാനുലേപനവിമലാംബരാദിയാൽ
നാനാതരം സമുപചരിച്ചു സാദരം. 48

എന്നിട്ടമാത്യന്മാരൊത്ത ഭർത്താ—
വൊന്നിച്ചണച്ചാൻ തന്നമ്പലത്തിൽ;
ചെന്നിന്ദുബിംബശ്രീവക്ത്രയാളും
കന്നിൻകുമാരീപദങ്ങൾ കുപ്പി. 49

''സമസ്തലോകേശകളേബരാർദ്ധമേ,
സമഗ്രസൗഭാഗ്യവിലാസരംഗമേ!

---

44. ദുരാധിവശർ = വല്ലാത്ത ദുഃഖത്തിൽപ്പെട്ടവർ. പിതാക്കൾ = അച്ഛനമ്മമാർ. ബാഷ്പോദ്ഗമം = കണ്ണീരുതിർച്ച. ചിരാൽ = ഏറെനേരംകൊണ്ട്. മഞ്ജു = മനോജ്ഞം. അരാളം = വളഞ്ഞത്.

45. ഭയദാപത്ത് = ഭയങ്കരമായ വിപത്ത്.

46. ഇടയ്ക്ക് = താരാവലി പറഞ്ഞുതീരുന്നതിനുമുമ്പ്. വര...ണൗഘം = ശ്രേഷ്ഠങ്ങളായ ചാരിത്രഗുണങ്ങളാകുന്ന ഗുണങ്ങളുടെ (കയറുകളുടെ) ഓഘം (കൂട്ടം). കരഭോരു = കരഭം (കൈപ്പടത്തിൽ ചെറുവിരലിൻകീഴ്ഭാഗം തുടങ്ങി മണിബന്ധംവരെയുള്ള ഭാഗം) പോലെയുള്ള തുടകളോടുകൂടിയവൾ. ദുർഭ്ഭ...ഗർത്തം = ദുരവസ്ഥാഗണമാകുന്ന കുഴി.

48. പീനാനന്ദമോദം = വലിയ സന്തോഷം. ദൂനാംഗി = ദേഹം ക്ഷീണിച്ചവൾ. സ്നാനാ...രാദി = കുളി, കുറി, നല്ല വസ്ത്രം മുതലായത്. സമുപചരിച്ചു = ഉപചാരം ചെയ്തു.

Digitized By Kerala Sahitya Akademi

സുമഞ്ജുളതരസ്മിതവെണ്ണിലാവുതാൻ
തമസ്സിൽ മാഴ്കീടുമെനിക്കൊരാശ്രയം. 50

ഹൃഷ്ടനായഥ വനേശ്വരനങ്ങാ—
ശ്ലിഷ്ടരാം പുതിയ ദമ്പതിമാരെ
വിഷ്ടപേശിയുടെ മുന്നിൽ, വിളങ്ങും
വിഷ്ടരങ്ങളിലിരുത്തി യഥാർഹം. 51

കൃതകേതരസൗഷ്ഠവാംഗിയാംതൻ
കൃതസംസ്കാരവിശുദ്ധഗാത്രരത്നം,
ചിതമൊത്തൊരു കാന്തി നാലുപാടും
ചിതറുംമാറതിരമ്യമായ് വിളങ്ങി. 52

മുനിവൃത്തി വഹിച്ചിടുന്ന കാത്യാ—
യനിപോലുള്ളവരംഗസൗഷ്ഠവത്തെ
ജനിതാദരമത്രയേറെ വാഴ്ത്താൻ
തുനിയില്ലെന്നിഹ മന്ത്രികൾക്കു തോന്നി. 53

തത്ര ശുദ്ധതരവേഷനിളാഭൃൽ—
പുത്രനാ രുചിരഗാത്രിയൊടൊപ്പം
മിത്രവര്യമിഴിയിൽ സുധ തൂകീ
ചിത്രയൊത്ത കളിരമ്പിളിപോലെ. 54

"കൃത്തദാനവകണ്ഠനാളനിണക്കളത്തിൽ നിരർഗ്ഗളം
മത്തടിച്ചു തിമർത്തു നൽതിരുനൃത്തമാടിയ ചണ്ഡികേ!
ഉത്തമോത്തരമായ ദമ്പതിമാരിവർക്കഴലൊപ്പെടാ—
തുത്തരോത്തരമംഗളങ്ങളുയർത്തുകെൻ പരദേവതേ!" 55

ഗൗരിയോടിരുമട്ടിൽ മുന്നുരു കുപ്പി റോസ്, തനിച്ച ക—
സ്തൂരി, മുത്തു തുടങ്ങിയേറെ വിലപ്പെട്ടും പല സാധനം

---

50. സമ...രാദ്ധം = മഹേശ്വരന്റെ പകുതി ദേഹം. സമ...രംഗം = പരിപൂർണ്ണമായ സൗഭാഗ്യത്തിന്റെ നൃത്തരംഗ്. സുമ...വ് = ഏറ്റവും മനോഹരമായ നിന്തിരുവടിയുടെ പുഞ്ചിരിയാകുന്ന ചന്ദ്രിക. തമസ്സ് = മൗഢ്യം (ഇരുട്ട്).

51. ഹൃഷ്ടൻ = ഉൾക്കുളിർത്തവൻ. ശിഷ്ടർ = ഉത്തമന്മാർ. വിഷ്ടപേശി = ലോകേശ്വരി. വിഷ്ടരങ്ങൾ = ആസനങ്ങൾ. യഥാർഹം = വേണ്ടുംപോലെ.

52. കൃത...വാംഗി = അകൃത്രിമമായ അഴകുള്ള ദേഹത്തോടുകൂടിയവൾ. കൃത...രത്നം = സംസ്കാരം (സ്നാനാദി) ചെയ്തതുകൊണ്ട് വിശേഷേണ നിർമ്മലമായ ദേഹമാകുന്ന രത്നം.

53. മുനിവൃത്തി = മൗനവ്രതം (അത്യാവശ്യം മാത്രമേ സംസാരിക്കു എന്ന സമ്പ്രദായം). അംഗസൗഷ്ഠവം = ദേഹസൗന്ദര്യം. അന്ന് കാത്യായനി താരാവലിയുടെ സൗന്ദര്യത്തെ സ്വല്പം മാത്രമേ പ്രശംസിച്ചുള്ളു എന്നു സാരം.

54. തത്ര = ദേവീക്ഷേത്രത്തിൽ. ഇളാഭൃൽപുത്രൻ = രാജകുമാരൻ. ചിത്ര = ചിത്രാനക്ഷത്രം.

55. കൃത്ത...ക്കളം = കഴുത്തറുക്കപ്പെട്ട അസുരന്മാരുടെ രക്തപടലം. നിരർഗ്ഗളം = തടവില്ലാതെ. ഉത്ത...ളങ്ങൾ = മേല്ക്കുമേലുള്ള നന്മകൾ.

Digitized By Kerala Sahitya Akademi

പാരിനാഭരണങ്ങളായിടുമാ വധൂവരർതൻപദ—
ത്താരിൽവെച്ചിതു കാഴ്ചയായ്, വിപുലാദരൻ വിപിനേശ്വരൻ. 56

ഭാവനോചിതഭാജനത്തിൽ നിറച്ച നൻമൃഗനാഭിതൻ—
മേൽ വരിപ്പടിയായ് നിരത്തിയ വെൺനറും പുതുമുത്തുകൾ
ശ്രീവളർന്നവർതൻപദത്തിൽ വിളങ്ങി, തന്നഖചന്ദ്രസം—
സേവനത്തിനു വാനൊടൊപ്പമണഞ്ഞ താരകൾപോലവേ. 57

വല്ലഭാനുചിതനായ രാജസുതങ്കലേറിയ ഭക്തിയാൽ
ഭില്ലഭൂപനൊരുത്സവത്തെയുമങ്ങു നീളെ വളർത്തിനാൻ;
നല്ലതാലഫലത്തിനൊത്ത കുചദ്വയങ്ങൾ കുലുങ്ങുമാ—
റുല്ലസിച്ചു പുളിന്ദിമാർ നടമാടിനാരാഹ പാടിനാർ. 58

അടുത്തനാൾ, മഹാളകാപുരിക്കു തക്ക പത്രവും
കൊടുത്തു കാനനേശിതാവയച്ച ഭില്ലകിങ്കരൻ
തൊടുത്തുവിട്ടൊരമ്പുപോലനല്പവേഗമങ്ങു ചെ—
ന്നടുത്തവാറു കണ്ട കാഴ്ചയെത്രയോ ഭയങ്കരം! 59

പടർന്നുയർന്നു കത്തിടുന്നു, തത്ര ശംഭുകോവിലിൻ,—
നടുക്കലിന്ധനാഢ്യകുണ്ഡമണ്ഡലൈധിതാനലൻ,
സ്ഫുടം പുരാരിതൻ ശരാസമാം മഹാദ്രിസേവനം
തുടർന്നിടാനണഞ്ഞിതോ ഇതെന്നു തോന്നിടുംവിധം. 60

വലംവെച്ചീടുന്നു ഹുതവഹനെ,യാ നൈഷധസമുൽ—
ക്കലക്ഷോണീശന്മാർ നിയമകൃശദാരാനുഗതരായ്;
അലയ്ക്കുന്നുണ്ടെങ്ങും, ഹഹഹ, ചുഴലെക്കൂടിയ മനം
കലങ്ങും പൗരന്മാരുടെ കരുണകോലാഹലരവം. 61

സുതാപായോത്താപം, പ്രതിനിമിഷമേറുന്നതു പൊറാ—
ഞ്ഞിതാ! ചാടുന്നു തീക്കുഴിയിലവരൊന്നായ നിലയിൽ

---

56. ഗൗരി = ചണ്ഡികാദേവി. വിപുലാദരൻ = വലിയ ആദരവോടുകൂടിയവൻ. വിപിനേശ്വരൻ = കാട്ടുരാജാവ് (വിന്ധ്യകേതു).

57. ഭാവ...ജനം = കാഴ്ചയ്ക്കുതക്ക പാത്രം. മൃഗനാഭി = കസ്തൂരി. തന്ന...വനം = കാലിലെ നഖങ്ങളാകുന്ന ചന്ദ്രന്മാരെ സേവിക്കൽ. താരകൾ = നക്ഷത്രങ്ങൾ.

58. വല്ലഭാനുചിതൻ = പ്രിയയോടു ചേർന്നവൻ. ഭില്ലഭൂപൻ = വേടരാജൻ. താലഫലം = കരിമ്പനക്കായ്. പുളിന്ദിമാർ = കാട്ടാളപ്പെണ്ണുങ്ങൾ. നടം = നൃത്തം.

59. പത്രം = എഴുത്ത്. കാനനേശിതാവ് = കാട്ടുരാജാവ്. അനല്പവേഗം = വളരെ വേഗത്തോടുകൂടുംവണ്ണം.

60. ശംഭുകോവിൽ = ശിവക്ഷേത്രം. ഇന്ധ...നലൻ = വിറക നിറച്ച വട്ടക്കുഴിയിൽ വളർത്തിയ തീ. പുരാരിതൻ (ശിവന്റെ) ശരാസമാം (വില്ലായ) മഹാദ്രി = മേരുപർവ്വതം. സേവനം തുടർന്നിടാൻ = സ്വാമിയെ ഭജിപ്പാൻ.

Digitized By Kerala Sahitya Akademi

''ഇതാഹാ! ചെയ്യാമയ്യേ''ന്നുപരിവിചലൽബാഹുതലനായ്,
ദ്രുതായാസശ്വാസത്തോടുമരികിലെത്തീ വനഭടൻ. 62

ധരണിപരവനെക്കണ്ടുദ്യമം നിർത്തി പെട്ടെ—
ന്ന;രഞ്ഞൊടിയിടകൊണ്ടാട്ടിക്ക നിശ്ശബ്ദമായീ;
നരരഖിലമൊരേമട്ടാ,ശ്ശുഭാനന്ദവാർത്താ—
ഹരനെ,യിമപെടാതേ നിശ്ചലം നോക്കിനിന്നാർ. 63

കാമിനീമണിസമേതനാമിളയ തമ്പുരാൻ
വിപിനസീമ്നി മൽ—
സ്വാമിയാമരിയവിന്ധ്യകേതുവിനടുക്ക—
ലുണ്ട,നുഗർ മുഖ്യരും!
ഈ മികച്ച മൊഴിയാകിയോരമൃതമാശു
തൂകി, നിഖിലക്ഷ്മാ—
ശ്യാമികാവൃതശരീരമാം ശബരമേഘ—
മന്നു കുളിരേകിനാൻ. 64

പൗരശ്രേണിയിൽവെച്ചു, തത്ര, ജയപാ—
ലാശോകസേനാഖ്യയു—
ള്ളാ രണ്ടുൽസുകരാം കലാപികൾ വിശേ—
ഷിച്ചും രസിച്ചാടവേ,
ആരണ്യേന്ദ്രഭടൻ കൊടുത്ത വിവര—
ക്കത്താകെ വായിച്ചു കേ—
ട്ടോരക്ഷോണിഭൃദഗ്രിമർക്കരുവിപോ—
ലുണ്ടായി ബാഷ്പസ്രവം. 65

---

62. സുത...ത്താപം = മക്കളെ കണ്ടുകിട്ടാഞ്ഞതിനാലുള്ള സന്താപം. പ്രതിനിമിഷം = ക്ഷണംതോറും. ഉപ ... തലൻ = മുകളിൽ ഇളകുന്ന കൈപ്പടത്തോടുകൂടിയവൻ. ദ്രുതായാസശ്വാസം = ശീഘ്രഗമനംകൊണ്ടുള്ള കിതപ്പ്. വനഭടൻ = വേടൻ.

63. ധരണിപർ = മഹാസേനവസുദത്തന്മാർ. ഉദ്യമം = തീയിൽച്ചാടാനുള്ള ഒരുക്കം. നരർ = ആളുകൾ. അഖിലം = മുഴുവൻ. ശുഭാ...ഹരൻ = നല്ല സന്തോഷവർത്തമാനം കൊണ്ടുചെന്നവൻ.

64. കാമി...മേതൻ = സ്ത്രീരത്നത്തോടു(താരാവലിയോട്)കൂടിയവൻ. വിപിനസീമ്നി = കാട്ടിൽ. അനുഗർ = അനുചരന്മാർ. അമൃതം = വെള്ളം. ശ്യാമി...ശരീരം = കറുപ്പിനാൽ വ്യാപിക്കപ്പെട്ട ദേഹത്തോടുകൂടിയതു്. ശബരമേഘം = കാട്ടാളനാകുന്ന കാറു്.

65. പൗരശ്രേണി = പൗരസമൂഹം. കലാപികൾ = മയിലുകൾ. ആടവേ = നൃത്തംചെയ്യവേ. ബാഷ്പസ്രവം = കണ്ണീരൊഴുക്കു്. ശബരമേഘത്തിന്റെ അമൃതവർഷമാണല്ലോ മുൻ ശ്ലോകത്തിൽ ഉപന്യസിച്ചതു്; വർഷത്തിൽ മയിലുകൾ രസിച്ചു നൃത്തംചെയ്യുന്നതും, ക്ഷോണിഭൃദഗ്രിമർക്കു് (വലിയ പർവ്വതങ്ങൾക്കു്) അരുവി ഒഴുകുന്നതും സാധാരണം.

Digitized By Kerala Sahitya Akademi

തിയ്യിൽച്ചാടാൻ തുടർന്നിട്ട,മൃതസരസി പോയ്
വീഴ്ചയാലുള്ള ഹർഷം
മെയ്യിൽത്താങ്ങാവതല്ലാഞ്ഞവശനിലപെട്ടും
രാജ്ഞിമാരോടുകൂടി,
ഇയ്യിഷ്ടോദന്തമെത്തിച്ചവനു സമുചിത—
പ്രീതിസൽക്കാരമെല്ലാം
ചെയ്യിച്ചാപ്പാർത്ഥിവന്മാർ സുരുചിരപുരി പൂ—
കീടിനാരുദ്ധഘോഷം. 66

വെളിവററിരുന്ന നില വിട്ടു, സാമ്പ്രതം
തെളിവാർന്ന നാഥനൊടു ചേർന്ന കാരണം,
ലളിതാളകാംഗനയലംകൃതാംഗിയാ—
യൊളി കൈവളർത്തി നിതരാം വിളങ്ങിനാൾ. 67

വളരുമുത്സവരസാൽ നിമിഷംപോ—
ലളകയിൽത്തിഥികൾ മൂന്നു കഴിഞ്ഞു
ഇളയ ഭൂപനെഴുനള്ളിടുമാ നാ—
ളിളയിൽ വന്നവതരിച്ചു മനോജ്ഞം. 68

നിഷധഭൂപനതുനാളിൽ നിജേഷ്ട—
സ്നുഷയെ വർത്മനി മുറയ്ക്കെതിരേല്പാൻ,
വിഷഗളന്റെ കൃപയോത്തമനോവാ—
ഗവിഷയഹർഷനെഴുനള്ളി സുദൂരം. 69

പെരുത്തു പൗരപൃതനാവൃതനായാ—
ത്തിരുമനസ്സു വസുദത്തനൊടൊപ്പം
ഒരു മഹാരഥമേറി വിളങ്ങീ:
വരുണനൊത്ത വലവൈരികണക്കേ. 70

സ്ഫുടതരം മുരജകാഹളഢക്കാ—
പടഹശംഖമുഖവാദ്യനിനാദം

---

66. അമൃതസരസി = അമൃതിൻപൊയ്കയിൽ. ഇഷ്ടോദന്തം = പ്രിയപ്പെട്ട വർത്തമാനം. സമു...ക്കാരം = തക്ക പ്രീതിയോടുകൂടിയുള്ള സംഭാവന. സുരുചിരപുരി = അപ്പോൾ ചെയ്ത അലങ്കാരങ്ങൾകൊണ്ട് ഏററവും ശോഭിക്കുന്ന രാജധാനി (അളക).

67. സാമ്പ്രതം = ഇപ്പോൾ. നാഥൻ = മഹാസേനൻ. ലളിതാളകാംഗന = ലളിതയായ അളകയാകുന്ന സ്ത്രീ; ലളിതാളക (നല്ല അളകങ്ങളുള്ളവൾ) ആയ സ്ത്രീ എന്നും. ഒളി = ശോഭ.

68. തിഥികൾ = പക്കങ്ങൾ (ദിവസങ്ങൾ). അവതരിച്ചു = പിറന്നു.

69. നിജേഷ്ടസ്നുഷ = തന്റെ പ്രിയപുത്രഭാര്യ. വർത്മനി = വഴിക്കു വെച്ച്. വിഷഗളൻ = ശിവൻ. അമ...ഹർഷൻ = മനസ്സിന്നും വാക്കിന്നും ഗോചരമല്ലാത്ത ഹർഷത്തോടുകൂടിയവൻ. സുദൂരം = വളരെ ദൂരം.

70. പൗര...വൃതൻ = പൗരന്മാരാലും, സേനയാലും ചുററപ്പെട്ടവൻ. മഹാരഥം = മേത്തരം തേർ. വലവൈരി = ഇന്ദ്രൻ.

Digitized By Kerala Sahitya Akademi

പടകാന്തൻ പലതരം ധ്വനിതത്തോ—
ടിടകലർന്ന ദിശി പൊങ്ങി മുഴങ്ങീ. 71

അകലെനിന്നഥ വനേചരസേനാ—
നകഘനധ്വനികം കേട്ടുതുടങ്ങീ;
വികചഹർഷമിഹ ചാതകമട്ടിൽ—
സ്സുകതുപൂണ്ടിളകി നൈഷധസൈന്യം. 72

അതിനുമേലകലെ, ഹന്ത യുവോർവ്വീ—
പതി വരും വരവു കണ്ടുതുടങ്ങി;
മതിയുദിച്ചുയരവേ കടൽതേടും
സ്ഥിതിയിലായി നൃപസേന തദാനീം. 73

പലനിറമിടചേർന്നോരഗ്ര്യമാം വാജിതൻമേൽ,
കലജവധുവിനോടുംകൂടി മേവും കുമാരൻ,
സുലളിതമയിലിന്മേൽദ്ദേവസേനേശ്വരൻപോ—
ലലമനിമിഷരാമിപ്പൗരരാൽ ദൃഷ്ടനായീ! 74

വാനവപ്പുഴ കളിന്ദകന്യകയൊടെന്നപോലമലവേഷമാം
മാനവേന്ദ്രന്റെ സൈന്യമാശ്ശബരസേനതന്നൊടിടചേരവേ,
യാനഖിന്നതുരഗത്തിൽനിന്നവനിറങ്ങി,യിഷ്ടജനയുക്തനായ്—
ത്താനണഞ്ഞഥ രഥാവരൂഢപിതൃപാദസീമനി വണങ്ങിനാൻ. 75

ഹാ! കല്യാണാംഗി താരാവലി നിഷധനരേ—
ന്ദ്രന്റെ പെൺപൈതലെന്നും,
ശ്രീ കത്തും ചന്ദ്രസേനൻ തിരുവടി വസുദ—
ത്തന്റെ സൽപുത്രനെന്നും

---

71. മുര...നാദം = മദ്ദളം, കാഹളം, ഇടയ്ക്ക, പെരുമ്പറ, ശംഖ് മുതലായ വാദ്യങ്ങളുടെ ശബ്ദം. ധ്വനിതം = ശബ്ദം.

72. വനേ...നികം = കാട്ടാളസൈന്യത്തിന്റെ ചെരുമ്പറകളുടെ കനത്ത ശബ്ദങ്ങളെ. വികചഹർഷം = വികസിച്ച സന്തോഷത്തോടുകൂടുംവണ്ണം. നൈഷധസൈന്യം = മഹാസേനന്റെ സേന. ഘനധ്വനികം (ഇടിമുഴക്കങ്ങളെ) ചാതകങ്ങളെ (വേഴാമ്പൽപ്പക്ഷികളെ) ഹർഷതരളിതങ്ങളാക്കുമല്ലോ.

73. അതിനുമേൽ = അനന്തരം. യുവോർവ്വീപതി = ഇളയ രാജാവ്. മതി = ചന്ദ്രൻ. നൃപസേന = മഹാസേനസൈന്യം. തദാനീം = അപ്പോൾ.

74. അഗ്ര്യം = ശ്രേഷ്ഠം. വാജി = അശ്വം. കലജവധു = കുലീനയായ പ്രിയതമ. ദേവസേനേശ്വരൻ = ദേവസേന എന്നവളുടെ ഭർത്താവ് (സുബ്രഹ്മണ്യൻ). അനിമിഷർ = കണ്ണിമയ്ക്കാത്തവർ, ദേവന്മാർ എന്നും. ദൃഷ്ടനായി = കാണപ്പെട്ടു.

75. വാനവപ്പുഴ = ഗംഗ. കളിന്ദകന്യക = കാളിന്ദീനദി. അമലവേഷം = നിർമ്മലമായ ഉടുപ്പോടുകൂടിയത്. യാനഖിന്നതുരഗം = ദൂരയാത്രകൊണ്ടു ക്ഷീണിച്ച കുതിര. ഇഷ്ടജനയുക്തൻ = പ്രിയയോടും സുഹൃത്തുക്കളോടുംകൂടിയവൻ. രഥാ...മനി = തേരിൽനിന്നിറങ്ങി നില്ക്കുന്ന പിതാക്കന്മാരുടെ (മഹാസേനവസുദത്തന്മാരുടെ) കാല്ക്കൽ.

Digitized By Kerala Sahitya Akademi

ലോകം മാറിദ്ധരിക്കുംപടി, വിനതവധൂ—
　　കാന്തരെത്തൽപ്പിതാക്ക—
ന്മാർ കണ്ണീരിൽക്കുളിപ്പിച്ചതിരറുമരിമ—
　　യ്ക്കൊത്തു ലാളിച്ചു മേന്മേൽ. 76

''ദൈവഭക്തി, ദയ, സൗഹൃദംമുതലനേക—
　　സൽഗ്ഗുണമിണങ്ങിടു—
ന്നീ വനാധിപതിയാണു തന്നതു, നമുക്കു
　　നമ്മുടെ കിടാങ്ങളെ''
ഏവമശ്രുഗളനായുരച്ചഥ സമുല്ക—
　　ലേശനു, യഥോചിതം
കൈവണങ്ങുമൊരു വിന്ധ്യകേതുവെ മനസ്വി—
　　ലാക്കിയളകേശ്വരൻ. 77

ദാഹംമൂത്തവർ പൊയ്ക കണ്ടു ധൃതിയിൽ—
　　പ്പാഞ്ഞെത്തിടുംപോലണ—
ഞ്ഞാഹന്താംഘ്രിതലത്തിൽ വീണ ജയപാ—
　　ലാശോകസേനാഖ്യരെ
സ്നേഹവ്യാകുലനാം കുമാരനെഴനേ—
　　ല്പിച്ചാ,ക്കിരാതായുധ—
വ്യൂഹം തട്ടി മുറിഞ്ഞതിൻ വടുവെഴും
　　മാറത്തണച്ചാൻ ദൃഢം. 78

പ്രിയസഖസചിവന്മാരെവരും, പ്രാണതുല്യ—
പ്രിയയുമഹഹ! രക്ഷപ്പെട്ടു കൈവന്നമൂലം
സ്വയമൊരു കൃതകൃത്യാവസ്ഥ പൂണ്ടുംകുളിർക്കും
പ്രയതമതി കുമാരൻ പൗരമദ്ധ്യേ വിളങ്ങി. 79

സാരോല്ലാസിവചോവിലാസഹസിത-
　　സ്നിഗ്ദ്ധാവലോകാദിയാ—
ലോരോരുത്തരെയും യഥാർഹമഭിന—
　　ന്ദിച്ചാ യുവക്ഷ്മാവരൻ

---

76. വിനതവധൂകാന്തർ = വണങ്ങിയ വധൂവരന്മാർ. തൽപ്പിതാക്കന്മാർ = അവരുടെ അച്ഛന്മാർ. അരിമ = സ്നേഹം. മഹാസേനൻ താരാവലിയിലും, വസുദത്തൻ ചന്ദ്രസേനനിലും, സ്വസന്താനനിർവിശേഷമായ പ്രേമത്തെ പ്രകാശിപ്പിച്ചു എന്നു താൽപര്യം.

77. സൗഹൃദം = സ്നേഹം. അശ്രുഗളനായ് = തൊണ്ടയിടച്ച്യോടെ. സമുല്കലേശനു് = വസുദത്തനു്.

78. അംഘ്രിതലത്തിൽ = കാല്ക്കൽ. കിരാതായുധവ്യൂഹം = കാട്ടാളന്മാരുടെ ആയുധക്കൂട്ടം. വടു = കിണം. ദൃഢം = മുറുകെ.

79. പ്രിയസഖസചിവന്മാർ = പ്രിയസുഹൃത്തുക്കളായ മന്ത്രിമാർ. കൃതകൃത്യാവസ്ഥ = കൃതാർത്ഥത. പ്രയതമതി = പരിശുദ്ധഹൃദയൻ.

Digitized By Kerala Sahitya Akademi

ദാരോപേതമുദാരമാമൊരു രഥം
 കേറി,പ്പിതാക്കളൊക്കെ പി–
ന്നാരോമന്നഗരിക്ക സൈന്യയുഗളം
 ചൂഴവെഴുന്നള്ളിനാൻ. 80

ചേണാർന്നൊരു തുറന്ന തേരിനകമേ,
 സൗഭാഗ്യസർവസ്വമാ–
മേണാങ്കാനനയൊത്തു മേവിന മഹാ–
 സേനാത്മജന്മാവിനെ,
പ്രാണാപായമുറച്ചിരുന്ന നരർ ക–
 ണ്ടി'ത്തങ്കരത്നങ്ങളെ–
ക്കാണാൻ കൺകഴകേണ'മെന്ന നിലയിൽ–
 ക്കണ്ണീരു പൂണ്ടീടിനാർ. 81

തങ്കം രത്നത്തൊടിമ്മാതിരി നിയതമിണ–
 ങ്ങീടുവാൻ ഹേതുവായി–
സ്സങ്കല്പിച്ചിട്ടു കാത്യായനിയെ വാ–
 ഴ്ത്തുന്ന വാമാക്ഷിമാർകൾ
തൻകൺനോട്ടക്കരിംകുവളമലർനിരയെ–
 സ്സൗധവാതായനൗഘ–
ത്തിങ്കൽച്ചാർത്തിത്തിളങ്ങുന്നളകയിലഥ ചെ–
 ന്നെത്തിനാൻ ചന്ദ്രസേനൻ! 82

''ജയിക്ക യുവമന്നവൻ സുമതി ചന്ദ്രസേനൻ ചിരം;
ജയിക്ക വസുമത്തഭ്രമണപുത്രി താരാവലി!''
ലയിച്ചിതി,തുമട്ടിലുള്ളനഘമംഗളാശംസയിൽ,
'ക്ഷയിച്ചു നിജപുണ്യ'മെന്നിരുളടഞ്ഞിരുന്നാപ്പുരം. 83

പാരാതന്തഃപുരംപുക്ക,ടിതൊഴുമളവ–
 ങ്ങമ്മമാർ ചെയ്തു തൃക്ക–
ണ്ണീരാം തീർത്ഥം തളിച്ചാടിയ സുഭഗവധൂ–
 കാന്തതൻ വേളി പിന്നെ,

80. സാദരാ...കാദി = സാദരമായ വാക്ക്, പുഞ്ചിരി, സ്നേഹത്തോടു കൂടിയ നോട്ടം മുതലായതു്. യഥാർഹം = തക്കപോലെ. ദാരോപേതം = ഭാര്യയോടുകൂടി. ഉദാരം = ഉൽകൃഷ്ടം. സൈന്യയുഗളം = മഹാസേനന്റെയും, വിന്ധ്യകേതുവിന്റെയും സേനകൾ.
81. ഏണാങ്കാനന = ചന്ദ്രമുഖി. മഹാ...ന്മാവ് = മഹാസേനന്റെ പുത്രൻ. പ്രാണാപായമുറച്ചിരുന്ന = മരിച്ചതായി വിശ്വസിച്ചിരുന്ന.
82. ഹേതു = കാരണഭൂത. സൗധ..നൗഘം = മാളികയുടെ ജനൽക്കൂട്ടം.
83. ഇതുവരെ തന്റെ സുകൃതമെല്ലാം ക്ഷയിച്ചുപോയി എന്നോർത്തു വ്യസനിച്ചിരുന്ന ആ പുരം ഇപ്പോൾ ഇത്തരത്തിലുള്ള മംഗളാശംസകളിൽ മഗ്നമായിത്തീർന്നു.

Digitized By Kerala Sahitya Akademi

പാരാം പാരാകെ രമ്യോത്സവലഹരികളിൽ—
ത്തള്ളുമാറൊ,ത്ത ലഗ്നം
നേരായ്ച്ചേർന്നൊരു നാളിൽ,ബഹുസുകൃതി മഹാ—
സേനഭൂപൻ നടത്തീ. 84

തന്നുള്ളിൻ തുംഗതയ്ക്കും, വിഭവമികവിനും, പുത്രവാത്സല്യപൂര—
ത്തിന്നും യോജിക്കുമാറാ, നൃപതിമണി നടത്തും വിവാ—
ഹോത്സവത്തിൽ,
പിന്നും മോദേന താരാവലിയുടെ ജനകൻ രത്നസമ്പൂർണ്ണമാം തൻ
മന്നും കൂടിത്തനൂജാവരനു സമുചിതസ്ത്രീധനത്വേന നല്കി. 85

അന്നുദഗ്രസുമഹോത്സവത്തിലിഹ പങ്കുകൊൾവതിനു ഹൃഷ്ടനായ്
വന്നുചേർന്നു ജയകേതു, ദമ്പതികളാലനല്പമനുമോദിതൻ
''ഇന്നു താൻ ബത! തൃതീയമായ പുരുഷാർത്ഥമത്ര ചരിതാർത്ഥമാ—
യെ''ന്നു ഭാനുഗുണമിത്രരാദികളുമായ് രസിച്ചു മരുവീ ചിരം. 86

കാലത്താൽ വന്യവൃത്തിപ്രണിഹിതമതിയാ—
മച്ഛനർപ്പിച്ച ഭൂവെ,-
ബ്ബാലപ്പെണ്മൗലി താരാവലിയൊടു ശരിയായ്
വെച്ചുലാളിച്ചജസ്രം
സ്ഥൂലക്ഷേമം പുലർത്തി, പ്രിയസഖസചിവ—
പ്രൗഢരഞ്ചാളുമൊന്നി—
ച്ചാ, ലക്ഷ്മീലാസ്യഭൂവാമളകയിൽ വിളയാ—
ടീടിനാൻ ചന്ദ്രസേനൻ. 87

ഇങ്ങനെ ബന്ധുസമാഗമം പതിനെട്ടാം സർഗ്ഗം
സമാപ്തം

---

84. ഒത്ത ലഗ്നം = രണ്ടുപക്ഷം യോജിച്ച മുഹൂർത്തം.

85 ഉള്ളിൻതുംഗത = മനസ്സുന്നതി. വിഭവമികവ് = സമ്പൽപുഷ്ടി. മന്ന് = രാജ്യവും. തനൂജാവരനു = ജാമാതാവിന്ന്. സമു...ത്വേന = ഉചിതമായ സ്ത്രീധനമെന്ന നിലയിൽ. താരാവലിയുടെ ജനകൻ എന്നതുകൊണ്ട്, വസുദത്തനു വേറെ സന്താനമില്ലെന്നു സൂചിക്കുന്നു.

86. ഇഹ = ഇവിടെ ഉദഗ്രസുമഹോത്സവത്തിൽ = ഉൽകൃഷ്ടമായ മഹത്തരോത്സവത്തിൽ. ദമ്പതികളാൽ = താരാവലീചന്ദ്രസേനന്മാരാൽ. അനല്പം = ഏററവും. അനുമോദിതൻ = അഭിനന്ദിക്കപ്പെട്ടവൻ. തൃതീയമായ പുരുഷാർത്ഥം= കാമം. ചരിതാർത്ഥം = കൃതാർത്ഥം. ചിരം = വളരെദിവസം.

87. കാലത്താൽ = കാലക്രമേണ. വന്യ...മി = വാനപ്രസ്ഥാശ്രമത്തിൽ മനസ്സു വെച്ചവൻ. അർപ്പിച്ച = ഏല്പിച്ചുകൊടുത്ത. ഭൂവെ = ഭൂമിയെ. അജസ്രം = എപ്പോഴും. സ്ഥൂലക്ഷേമം = മഹത്തായ സുഖം. ലക്ഷ്മീലാസ്യഭൂവ് = ശ്രീഭഗവതിയുടെ നൃത്തരംഗം.

—കാറിപ്പുറത്തു കിട്ടുണ്ണിനായർ

Digitized By Kerala Sahitya Akademi

ഗ്രാമസൗഭാഗ്യം

(ഒരു പ്രാചീനശൃംഗാരകാവ്യം)

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

അവതാരിക

'ബോധിസത്ത്വാപദാനകല്പലത'യ്ക്കെന്നപോലെ ഈ 'ഗ്രാമസൗഭാഗ്യ'ത്തിന്നും, ഞാൻതന്നെ അവതാരിക എഴുതുവാൻ തുനിയുന്നതിന്നു തെല്ലൊരു വിശേഷകാരണം ഇല്ലെന്നില്ല. മഹാകവി വള്ളത്തോളിൻെറ ശ്രദ്ധയിൽ ഇതിൻെറ മൂലഗ്രന്ഥം എത്തിച്ചതും, പരിഭാഷപ്പെടുത്തുവാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നതും, ഞാനാണെന്നുള്ളതു മാത്രമാണ്, അതു്. ആ സ്ഥിതിക്കു് 'പറഞ്ഞാൽ കേൾക്കുക' അന്യോന്യം വേണ്ടതാണല്ലോ എന്നുള്ളതും ഒരു കാരണമാക്കാം.

എൻെറ ശ്രദ്ധയിൽ ആ മൂലകൃതി കടന്നുകൂടിയ കഥയും, പറയാൻ കൊള്ളാവുന്നതാണു്; മൂലഗ്രന്ഥത്തിൻെറ ഉൽകൃഷ്ടദ്യോതകമാണു്. സംസ്കൃതത്തിലെ സുപ്രസിദ്ധസാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ പലതിലും, ഉത്തമകാവ്യത്തിന്നുദാഹരണമായിട്ടുദ്ധരിക്കുന്നതു് വെറും 'പ്രാകൃത'ശ്ലോകങ്ങളാണു്; സംസ്കൃതശ്ലോകങ്ങളല്ല. ആനന്ദവർദ്ധനൻ, അഭിനവഗുപ്തൻ, മമ്മടൻ തുടങ്ങിയ ലോകോത്തരനിരൂപകന്മാരാണു്, ആ ശ്ലോകങ്ങളുടെ സ്വാരസ്യസൗന്ദര്യഗാംഭീര്യങ്ങളെ പരത്തിപ്പുകഴ്ത്തിപ്പറഞ്ഞിരിക്കുന്നതും! രസധ്വന്യാദ്യുദാഹരണത്തിന്നു്, സംസ്കൃതസാഹിത്യത്തിൽനിന്നു് ഇത്ര ഒത്ത പദ്യങ്ങൾ കിട്ടാതെ കാവ്യരത്നവൈകടികന്മാരായ ആ ആലങ്കാരികധൗരേയന്മാർ, ഈ പ്രാകൃതഗാഥകളെ ആശ്രയിക്കാൻ ഇടയായിരിക്കുന്നു! ഇത്ര മഹത്തമങ്ങളായ ഈ പദ്യങ്ങളുടെ ആകരമേതു് എന്ന അന്വേഷണത്തിലാണു്, 'ഹാലഗാഥ' അഥവാ 'ഗാഥാസപ്തശതി' എന്ന പേരുള്ള ആ മൂലപുസ്തകം ഞാൻ സമ്പാദിക്കുവാനും, പരിചയിക്കുവാനും ഇടയായതു്. പിൽക്കാലത്തു്, സംസ്കൃതസാഹിത്യത്തിൽ 'മുരിശൃംഗാരമേ' ഉള്ളു എന്നുംമററുമുള്ള ആക്ഷേപഘോഷം നവീനജനങ്ങളിൽനിന്നു കേൾക്കുവാനിടയായപ്പോൾ, പാശ്ചാത്യന്മാർക്കുകൂടി പഥ്യവും പ്രിയതമവുമായ ഇതിനെപ്പററി സാമാന്യജ്ഞാനം സിദ്ധിക്കത്തക്കവണ്ണം ഒരു ലേഖനം തയാറാക്കണമെന്നു തീരുമാനിക്കുകയും, അങ്ങനെ തയാറാക്കിയ ആ പ്രബന്ധം, പുരോഗാമികളുടെ പുരോഹിതനായ ശ്രീ എ. ബാലകൃഷ്ണപിള്ളയുടെ 'കേസരി'പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ഉണ്ടായി. പിന്നേയും, ഏതാനും വർഷങ്ങൾക്കുശേഷം, എൻെറ 'ജ്യോതീരഥം' എന്ന ഉപന്യാസസംഗ്രഹഗ്രന്ഥത്തിൽ, അതു പോവാതെ, പുനർമ്മുദ്രിതമാക്കപ്പെട്ടിട്ടുമുണ്ടു്. അതിലെ വിഷയങ്ങളിൽ ചിലതു് ഇവിടെ

Digitized By Kerala Sahitya Akademi

യും അനുസ്മരിക്കേണ്ടിയിരിക്കുന്നു. ഒന്നാമത്തു്, മൂലഗ്രന്ഥകാര നേയും മൂലകൃതിയേയും അധികരിച്ചാണു പറയുവാനുള്ളതു്.

മൂലഗ്രന്ഥകാരൻ

കവിവത്സലൻ, സാതവാഹനൻ, ഹാലൻ എന്നെല്ലാം പേരുകളുള്ള ഒരു രാജാവാണു്, മൂലഗ്രന്ഥകാരൻ. അദ്ദേഹത്തിന്റെ സ്വന്തം കൃതിയല്ല മൂലമെന്നും വിശേഷാൽ ഗ്രഹിക്കണം. കവിവത്സലനായ അദ്ദേഹത്തിന്റെ സന്നിധിയിൽ അനേകായിരം ശ്ലോകങ്ങൾ, അനവധി മഹാകവികളുടെ വകയായി, സമർപ്പിക്കപ്പെട്ടുവന്നിരുന്നു. ആ സമർപ്പിതകൃതികളിൽനിന്നു തിരഞ്ഞെടുത്തതും, തന്റെ കൃതികളിൽനിന്നു തിരഞ്ഞെടുത്തതുംകൂടി, ഒരു 'സുഭാഷിതകോശ'മെന്ന നിലയിൽ, കവിവത്സലൻ സമാഹരിച്ചതാണു് മൂലഗ്രന്ഥം.

ഹാലന്റെ കാലം—ഏ. ഡി. 1—ാം ശതവർഷമാണെന്നാണു്, ചരിത്രകാരന്മാരുടെ പക്ഷം. ശകാബ്ദത്തിന്റെ പ്രവർത്തകനായ ശാലിവാഹനൻ ഈ രാജാവുതന്നെയാണത്രേ. വായുപുരാണം, മത്സ്യപുരാണം, വിഷ്ണുപുരാണം, ഭാഗവതപുരാണം എന്നിവയിൽ ഹാലനാമം സ്മരിക്കപ്പെട്ടിട്ടുണ്ടു്. ബൃഹൽകഥാമഞ്ജരി, കഥാസരിൽസാഗരം, രാജതരംഗിണി, പ്രബന്ധകോശം, വാത്സ്യായനകാമസൂത്രം, ഹർഷചരിതം, സരസ്വതീകണ്ഠാഭരണം, സൂക്തിമുക്താവലി, രാമചരിതം, ഉദയസുന്ദരി എന്നിവയിലെല്ലാം ഹാലനെപ്പററി പ്രസ്താവങ്ങളുണ്ടു്. കുന്തളരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന പ്രതിഷ്ഠാന(അലഹബാദ്)മായിരുന്നു, ഹാലന്റെ ജന്മഭൂമി. ശതകർണ്ണനെന്നും, ദീപകർണ്ണനെന്നും ഹാലന്റെ അച്ഛന്നു പേരുണ്ടായിരുന്നു; തന്നിമിത്തം, ശാതകർണ്ണി, ദൈപകർണ്ണി എന്നുള്ള പേരുകളും ഹാലന്നു വന്നുകൂടിയിട്ടുണ്ടു്. പിൽക്കാലത്തു ജീവിച്ചിരുന്ന ഒരു സാതവാഹനനിൽനിന്നു ഹാലനെ വേർതിരിക്കുവാൻ ഈദൃശനാമങ്ങൾ ഉപയോഗിക്കപ്പെട്ടുംപോന്നിരുന്നു.

ദ്വാരകമുതൽ കാമഗിരിവരെ ആയിരുന്നു, പണ്ടത്തെ കുന്തളരാജ്യം. അദ്ദേഹം ഗുജറാററുകൂടി സ്വാധീനമാക്കുകയും, അവിടത്തെ രാജാവായിട്ടു് 'ശ്രീപാലിതൻ' എന്ന പ്രസിദ്ധനായ ഒരു ഉത്തമകവിയെ വാഴിക്കുകയും ചെയ്തുവത്രേ. അതുപോലെ, തന്റെ വ്യാകരണഗുരുവും ആസ്ഥാനപണ്ഡിതനുമായിരുന്ന ശർവ്വവർമ്മാവിന്നു ഭരുകച്ഛം (ബ്രോച്ചു്) സമ്മാനിച്ചതായും പറയപ്പെടുന്നു. ഗുണാഢ്യൻ മുതലായവർ അദ്ദേഹത്തിന്റെ ആസ്ഥാനസദസ്യരായിരുന്നു. ശകന്മാരെ യുദ്ധത്തിൽ പരാജിതരാക്കിയിട്ടുണ്ടു്, ഇദ്ദേഹം; ശകാബ്ദപ്രവർത്തകത്വത്തിന്റെ മൂലം അതാണു്. കശ്മീരരാജാക്കന്മാർ പലരും, ഹാലവംശ്യരാണെന്നു പറയപ്പെടുന്നു; ഇന്നത്തെ മൈസൂർരാജവംശവും

Digitized By Kerala Sahitya Akademi

ഹാലവംശശാഖയിൽ പെട്ടതാണെന്നാണ്, ഐതിഹ്യം. മലയവതി എന്നായിരുന്നു ഹാലൻെറ പത്നിയുടെ പേർ. ആ പത്നി, വ്യാകരണത്തിൽ തുലോം പാണ്ഡിത്യം നേടിയിരുന്നു. പത്നി ഒരിക്കൽ. ഹാലൻെറ കരണജ്ഞാനവൈരള്യത്തെ ആക്ഷേപിക്കകയുണ്ടായെന്നും, അതുനിമിത്തമാണ് അദ്ദേഹവും വ്യാകരണപാണ്ഡിത്യം നേടിയതെന്നും മററും കഥകളുണ്ട്. നവീനമായ ഒരു 'കാളിയമർദ്ദനം'തുള്ളലിൻെറ അവതാരികയിൽ ആ കഥ ഞാൻ ഇത്തിരി വിസ്തരിച്ചു പറഞ്ഞിട്ടുമുണ്ട്. ഇവിടെ വിസ്തരിക്കേണ്ടതില്ല.

ഗ്രന്ഥം

'ഗാഥാസപ്തശതി' 'ഹാലസപ്തശതി' 'സുഭാഷിതകോശം' എന്നിങ്ങനെ പല പേരുകളും മൂലഗ്രന്ഥത്തിനുണ്ട്. പ്രാകൃതഭാഷയിലുള്ള 700—പദ്യങ്ങൾ (ഗാഥകൾ) ആണ്, ഗ്രന്ഥശരീരം. ഈ 700—ൽ, 50—പദ്യങ്ങളോളമേ ഹാലൻെറ വകയായിട്ടുള്ളൂ. മററെല്ലാം, ഹാലൻെറകാലത്തും, അതിനുമുമ്പും ഉണ്ടായിരുന്ന ചില മഹാകവികളുടെ കൃതികളത്രേ. മകരന്ദസേനൻ, അമരരാജൻ, ശ്രീരാജൻ, ഭീമസ്വാമി, കൃതജ്ഞശീലൻ, മന്മഥൻ, മുഗ്ദ്ധദീപൻ, വാനയായിതൻ, കല്യാണൻ—ഇത്യാദിയാണ്, ആ കവികളുടെ നാമങ്ങൾ. ഈ കൃതിക്കു 19 വ്യാഖ്യാനങ്ങൾ സംസ്കൃതത്തിൽ ഉളവായിട്ടുണ്ട്. അവയിൽ, കേവലം ശൃംഗാരപരമായിട്ടുള്ള അർത്ഥം പ്രതിപാദിക്കുന്ന വ്യാഖ്യാനമാണ്, ഇപ്പോൾ പ്രചരിപ്പിക്കപ്പെട്ടിട്ടുള്ളതു്. ഗ്രന്ഥസ്വഭാവം കേവലം അങ്ങനെതന്നെയാണെന്നു പറഞ്ഞുകൂടാ. നേരിട്ടു ശൃംഗാരസ്പർശമുള്ള പദ്യങ്ങൾ വളരെക്കുറച്ചേ ഉള്ളൂ; 'ശൃംഗാരയോഗ്യമായ പ്രകരണം ഊഹിച്ചുണ്ടാക്കി,' 'ശൃംഗാരശ്ലോകങ്ങ'ളാക്കിയിരിക്കുന്നവയാണ്, മററുള്ളവ. അത്രയും, ധ്വനിവ്യാപാരബലത്താലും! പ്രകരണഭേദം അനുമാനിച്ച്, നീതിയിലേക്കോ വൈരാഗ്യത്തിലേക്കുതന്നെയോ കൊണ്ടുപോകാവുന്ന പദ്യങ്ങളും ഒട്ടേറെ ഇതിലുണ്ട്. പ്രാധാന്യേന അന്യാപദേശകോശമെന്നോ സുഭാഷിതകോശമെന്നോ പറയുന്നതായിരിക്കും അധികം ഉചിതമെന്നും തോന്നുന്നു. ഭട്ടബാണൻ 'സുഭാഷിതകോശം' എന്നാണ്, ഗണിച്ചുകാണുന്നതു്.

''അവിനാശിനമഗ്രാമ്യമകരോൽ സാതവാഹനഃ
വിശുദ്ധജാതിഭിഃ കോശം രത്നൈരിവ സുഭാഷിതൈഃ.''

എന്ന് അദ്ദേഹം 'ഹർഷചരിത'ത്തിൽ കീർത്തിച്ചിരിക്കുന്നതു ശ്രദ്ധേയമാണ്. അപ്പോൾ, ഭർത്തൃഹരിയുടെ 'സുഭാഷിതത്രിശതി'യും മററുംപോലെയാണ്, ഈ 'ഗാഥാസപ്തശതി'യും എന്നു സിദ്ധാന്തിക്കപ്പെടാം; അതിൽ കുറെ ശൃംഗാരപദ്യങ്ങളും ഉൾപ്പെടുന്നുവെന്നുമാത്രം. ഇങ്ങനെ കരുതുന്നതു് ഈ ഗാഥാസപ്ത

Digitized By Kerala Sahitya Akademi

ശതിക്കു് ഉൽകഷ്ഠാധായകമാണെന്നും എനിക്കഭിപ്രായമുണ്ടു്. എന്നാലും പ്രചാരിതവ്യാഖ്യാനവശാൽ കേവലശൃംഗാരകൃതികളുടെ നിലയിലാണു്, ഇന്നു സപ്തശതി മാനിക്കപ്പെട്ടുവരുന്നതു്. ഈ ഗ്രന്ഥം ഒന്നാമതടിപ്പിച്ചതു് സുപ്രസിദ്ധ പൗരസ്ത്യാഭിമാനിയായിരുന്ന 'വെബർ' എന്ന ജർമ്മൻപണ്ഡിതനത്രേ. പിന്നീടു്, പണ്ഡിതദുർഗ്ഗാപ്രസാദശാസ്ത്രി, ബോംബെയിലെ കാവ്യമാലാഗ്രന്ഥപരമ്പരയിൽ ചേർത്തും പ്രസിദ്ധീകരിച്ചു. പ്രാകൃതപദ്യങ്ങളെ സംസ്കൃതത്തിലാക്കിയെടുക്കമ്പോൾ, വൃത്തത്തിന്നു് അല്പസ്വല്പം കോട്ടവും കുറവും വന്നുകൂടും. അത്തരം സംസ്കൃതപദ്യങ്ങളാണു്, ശ്രീ ദുർഗ്ഗാപ്രസാദപണ്ഡിതർ ചേർത്തിരുന്നതും. എന്നാൽ, ജയപ്പൂരിലെ മഹാകവി ഭട്ട ശ്രീ മഞ്ജുനാഥശാസ്ത്രി ശുദ്ധസംസ്കൃതവൃത്തത്തിൽത്തന്നെ പദ്യങ്ങളെ പരിഷ്കരിച്ചെടുക്കുകയും, അവ മാത്രം (മൂലഗാഥകൾ കൂടാതെ) കാവ്യമാലാപ്രസാധകന്മാരെക്കൊണ്ടു പുനഃപ്രസിദ്ധീകരിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ആ പുസ്തകമേ ഇപ്പോൾ വില്പനയ്ക്കുള്ള എന്നു തോന്നുന്നു. ഗോവർദ്ധനാചാര്യരുടെ 'ആര്യാസപ്തശതി', ഈ 'ഗാഥാസപ്തശതി'യെ ഒരുതരത്തിൽ ശരിക്കനുകരിച്ചുകൊണ്ടുള്ള സംസ്കൃതകൃതിയാണു്. അമരുകശതകം, പുഷ്പബാണവിലാസം മുതലായ മററു സംസ്കൃതശൃംഗാരകാവ്യങ്ങളും ഗാഥാസപ്തശതിയുടെ അനുകരണാന്തരങ്ങളാണെന്നു പറയാം.

പാശ്ചാത്യപണ്ഡിതന്മാരെയും, നവീനജനങ്ങളെയും സവിശേഷം ആകർഷിക്കുന്ന പല ഗുണങ്ങൾ ഈ കൃതിക്കുണ്ടു്. അവയെ ഇങ്ങനെ സംഗ്രഹിക്കാം: സ്വാഭാവികസംഗതികളെപ്പററി, സ്വാഭാവികങ്ങളായ വർണ്ണനങ്ങൾ; നായികാനായകന്മാരുടെ ഗ്രാമീണത്വം; നായികമാരുടെ അകൃത്രിമവിലാസം, യഥേഷ്ടപ്രണയം; ഗ്രാമീണയുവാക്കന്മാരായ നായകന്മാരുടെ സ്വച്ഛന്ദചര്യ; കൃഷിസമൃദ്ധങ്ങളായ ഗ്രാമപരിസരങ്ങളും, ആററുവക്കുകളും, വള്ളിക്കുടിലുകളും ചുള്ളിക്കാടുകളും മററും സങ്കേതസ്ഥാനങ്ങളായിരിക്കുന്നതു്; സർവോപരി ശൃംഗാരപ്രകടനശൈലിയിലെ ഉച്ഛൃംഖലത്വം; പിന്നെ, ഗ്രന്ഥസമകാലികമായ ഭാരതീയസാമാന്യജനചരിത്രത്തിൻെറ ഒരു ഭാഗം സാരസ്യത്തോടേ ഇതിൽ പ്രതിബിംബിച്ചിരിക്കുന്നതു്. രാധാമാധവരെയോ, പാർവതീപരമേശ്വരന്മാരെയോ മറേറാ പിടികൂടി ഗ്രാമ്യശൃംഗാരവർണ്ണനം നിർവഹിക്കുന്ന അനന്തരകാലീനകവിശൈലിയിൽനിന്നു തുലോം ഭിന്നവും സരസവും സ്വാഭാവികവുമാണല്ലോ, മേൽക്കാണിച്ച ശൃംഗാരവർണ്ണനാപ്രസ്ഥാനം. സാമാന്യജനങ്ങളെ വളരെയധികം ആകർഷിക്കുകയും ആസ്വാദിപ്പിക്കുകയും ചെയ്യുന്ന ശൈലി ഇതാണു്. അതിനോടുകൂടി, നിരതിശയമായ വ്യംഗ്യവൈഭവംകൊണ്ടു് ഉത്തമോജ്ജ്വലമുക്തകകാവ്യമാണു് കൃതി മുഴുവനും എന്നുള്ളതു്, സ്വർണ്ണത്തിന്റെ

Digitized By Kerala Sahitya Akademi

സൗഗന്ധ്യംപോലെ സ്പൃഹണീയവും രമണീയവുമായിരിക്കുന്നതുമുണ്ടല്ലോ! ഇതിലധികം മെച്ചം എന്തു വേണം?

പരിഭാഷ

'ഗ്രാമസൗഭാഗ്യം' എന്ന പേർ ഗ്രന്ഥസ്വഭാവം അനുസരിച്ചു കല്പിച്ചതാണ്. 'ഭാഷാഗാഥാസപ്തശതി' എന്നതന്നെയാണ്, അതിന്റെ ആന്തരാത്മം. ഔചിത്യവേദിയായ കവി അവിടെയും ഒരു കവിത്വം കാണിച്ചിരിക്കുന്നു എന്നുമാത്രം. മൂന്നുകൊല്ലത്തോളമായി പരിഭാഷ എഴുതിക്കഴിഞ്ഞിട്ട് എന്നെനിക്കറിയാം; ഇതിന്റെ ചിലചില ഭാഗങ്ങൾ, ഓരോ മാസികകളിലും, വാരികകളിലും, വിശേഷാൽപ്രതികളിലും മററും, മുമ്പുതന്നെ പ്രസിദ്ധീകൃതങ്ങളായി, കേരളീയസഹൃദയന്മാരെ കോൾമയിർക്കൊള്ളിക്കുകയും കഴിഞ്ഞിരിക്കുന്നു. സമീപകാലത്തുണ്ടായ ഭാഷാഭിവൃദ്ധിയിൽ ഏററവും ശ്രദ്ധേയവും സ്തുത്യർഹവുമായിത്തീർന്നിട്ടുള്ളതു്, ബോധിസത്ത്വാപദാനകല്പലതാതർജ്ജമയും, ഗാഥാസപ്തശതീപരിഭാഷയും മലയാളവായനക്കാർക്കു കിട്ടിക്കഴിഞ്ഞതുതന്നെയാണെന്നു 'പുരോഗാമി' എന്ന വാരികയിൽ ഞാൻ എഴുതുകയും ചെയ്തിരുന്നു. അവയിൽ 'ഗ്രാമസൗഭാഗ്യ'ത്തിന്റെ നിലപാട് അന്യാദൃശവും അത്ഭുതകരവുമായിട്ടുണ്ടെന്നു്, പ്രസിദ്ധസാഹിത്യകാരനും കവിയും നിരൂപകനും വിവിധസാഹിത്യവിദഗ്ദ്ധനുമായ സർദാർ കെ. എം. പണിക്കർ എഴുതിയയച്ചിട്ടുള്ളതു്, എടുത്തുപറയേണ്ടുന്ന വസ്തുതയാണു്. ഗ്രാമസൗഭാഗ്യത്തിലെ ആദ്യശതകത്തിന്റെ കൈയെഴുത്തുപ്രതി വായിച്ചിട്ടു്, അദ്ദേഹം വിവർത്തകന്നെഴുതിയയച്ച കത്തു് ഇവിടെ ഉദ്ധരിച്ചുകാണിക്കാം:

ചീനത്തിലെ ഇന്ത്യനെംബസി,
പെക്കിംഗ് (ചീനം)
12—11—'50

പ്രിയസുഹൃത്തേ,

'ഗാഥാസപ്തശതി'യുടെ ആദ്യശതകം അയച്ചതു് ഇന്നലെയാണു വന്നുചേർന്നതു്. അതു മുഴുവൻ അപ്പോൾത്തന്നെ വായിച്ചു എന്നു പറയേണ്ടതില്ലല്ലോ. ഇന്നു പിന്നെയും ഒരു പ്രാവശ്യംകൂടി ശ്രദ്ധയോടെ പഠിക്കുകതന്നെ ചെയ്തു. നിങ്ങളുടെ തർജ്ജമകളിൽ ഭാഷാഗുണം ഇതുപോലെ തികഞ്ഞിട്ടുള്ള ഒരു കവിതയില്ലെന്നു് എനിക്കു തീർച്ചതന്നെ! ഇതു പ്രസിദ്ധപ്പെടുത്തിയാൽ കേരളീയഭാഷാരീതിക്കുതന്നെ ഒരു പരിവർത്തനമുണ്ടാകുമെന്നാണു്, എ

Digitized By Kerala Sahitya Akademi

നിക്ക തോന്നുന്നതു്. വാക്കുകളുടെ ഉപയോഗരീതി മാറുന്നതിലാണല്ലോ, ഭാഷയ്ക്കു മാററംവരുന്നതു്. അങ്ങനെയുള്ള മാററങ്ങൾ കൃഷ്ണഗാഥകൊണ്ടും, എഴുത്തച്ഛൻെറ മഹാഭാരതംകൊണ്ടും, വെണ്മണിമുതലായവരുടെ കൃതികൾകൊണ്ടും മലയാളത്തിൽ മുമ്പുണ്ടായിട്ടുണ്ടു്. എന്നാൽ ഇതുപോലെ ഒരു മാററം കവിതാശൈലിയിലും ഭാഷാശൈലിയിലും ഈയിടെയെങ്ങുമുണ്ടായിട്ടില്ലെന്നു തീച്ചതന്നെ.

ഹാലകൃതിക്കു് ഇത്ര വൈശിഷ്ട്യമുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല. ഈ സപ്തശതിയോടുപമിക്കുമ്പോൾ, ആചാര്യഗോവർദ്ധനൻെറ സപ്തശതി എത്ര കൃത്രിമം—അമരുകംപോലും തലകുമ്പിടേണ്ടിയിരിക്കുന്നു! അതേപ്പററി പറയേണ്ട കാര്യമില്ലല്ലോ. തർജ്ജമയ്ക്കു് ഇങ്ങനെ 'സംസ്കൃത—പ്രാകൃത'ഭംഗികൾ നിങ്ങൾ എങ്ങനെ ഒന്നിച്ചു ചേർത്തു എന്നാണു് ഞാൻ ആശ്ചര്യപ്പെടുന്നതു്.

ഏതായാലും, സപ്തശതി ഉടനെ പ്രസിദ്ധപ്പെടുത്തേണ്ടതു് അത്യാവശ്യം... ഇത്ര വിശേഷപ്പെട്ട ഒരു കൃതി അച്ചടിപ്പിക്കാതെ വെച്ചിരിക്കുന്നതു് ഒട്ടും നന്നല്ല.

കെ. യം. പണിക്കർ (ഒപ്പു്)

700 പദ്യങ്ങളിൽവെച്ചു നൂറെണ്ണംമാത്രം കണ്ടു് ആസ്വാദിച്ചെഴുതിയിരിക്കുന്നതാണു്, ഈ കത്തെന്നു പറയേണ്ടതില്ലല്ലോ. അപ്പോൾ എഴുനൂറും വായിച്ചു തീരുമ്പോൾ, ആ പരമരസികനുണ്ടാവുന്ന ആനന്ദവും ആശ്ചര്യവും ആവേശവും എത്ര വലുതായിരിക്കും! പലപലതരത്തിലുള്ള ഭാഷാപ്രയോഗപാടവവും കാവ്യസൗന്ദര്യദീക്ഷയും മേല്ലോട്ടുമേല്ലോട്ടു് കാണപ്പെടുവാനുണ്ടു്. വള്ളത്തോളിൻെറ ഈ 'സ്വത്വം' അദ്ദേഹത്തിൻെറ ആദികാലകൃതികളിൽത്തന്നെ അല്പാല്പമായിട്ടു് ഇല്ലായ്കയില്ല. 'ചിത്രയോഗ'ത്തിൽ അതൊന്നുകൂടി പ്രകടീഭവിച്ചു; അനിരുദ്ധനിലും വിലാസലതികയിലും മററും അതു പിന്നേയും വളൎന്നുവളൎന്നു വന്നു. ആ പരിണാമത്തിൻെറ പാരമ്യമാണു് ഇപ്പോൾ 'ഗ്രാമസൗഭാഗ്യ'ത്തിൽ ആദ്യന്തം ഒരുപോലെ പ്രതിഭാസിക്കുന്നതു്. ഇത്ര ഗുണഗൗരവത്തോടുകൂടി, 'സപ്തശതി' മുഴുവൻ മലയാളത്തിന്നു കിട്ടിക്കഴിഞ്ഞതു് ഒരു മഹാഭാഗ്യമായി കണക്കാക്കുന്നതു നമ്മുടെ അവകാശമാണു്. കാവ്യാഭ്യാസികൾക്കു് ഉത്തമകാവ്യരചനാസമ്പ്രദായത്തിൻെറ ഉൽകൃഷ്ട മാതൃകയായിട്ടും, സഹൃദയശിരോമണികൾക്കു് ധ്വനികാവ്യാസ്വാദനത്തിന്നുള്ള പരമൗപയികമായിട്ടും, സാധാരണ വായനക്കാർക്കു് അസാധാരണകൗതുകം ജനപ്പിക്കുന്ന ഒരു പുതുകൃതിയായിട്ടും, നമ്മുടെ സാഹിത്യസമുച്ചയത്തിൽ ഇതെന്നെന്നും

Digitized By Kerala Sahitya Akademi

ളിവീശിക്കൊണ്ടിരിക്കുമെന്നു നിസ്സംശയം അഭിപ്രായപ്പെടാം. 'ആര്യാസപ്തശതി'യും മറ്റും സമ്പൂർണ്ണമായി മലയാളത്തിൽ കൊണ്ടുവരുവാൻ കവികൾക്കു് ഇതൊരു പ്രേരകമായിട്ടും ഭവിക്കുന്നതാണു്. ബങ്കാളി, ഹിന്ദി, മറാട്ടി മുതലായി, വളരെ വളർന്നുകഴിഞ്ഞു എന്നുവെച്ചിട്ടുള്ള ഭാരതീയഭാഷകൾക്കും, അവയിലെ മഹാകവികൾക്കും അത്ഭുതവും അത്യാദരവും ഉളവാക്കുന്ന സാഹിത്യസൃഷ്ടികൾ ചെയ്തു കാണിച്ചുകൊടുക്കുന്നതിനു വല്ലത്തോളൊരാൾ മാത്രമേ ആധുനികകേരളത്തിൽ സംജാതനായിട്ടുള്ളു എന്നതു്, അദ്ദേഹത്തിന്റെ അനശ്വരയശസ്കരമായ മാഹാത്മ്യമാണു്. വാർദ്ധക്യവൈക്ലബ്യാദികളും, ആരോഗ്യവിശ്രമാദികളും ഒന്നും വകവെയ്ക്കാതെ അദ്ദേഹം ഭാഷാസാഹിത്യസാമ്രാജ്യത്തിലെ 'പെൻഷൻ' പററാത്ത ഒരു 'ഉദ്യോഗസ്ഥ'നായി നിരന്തരം പണിയെടുത്തുപോരുന്നു. ന്യത്തകലോദ്ധാരണത്തിന്നുള്ള കനത്തപണി വേറെയും. ജഗദീശ, ഞങ്ങളുടെ ഈ 'കവിസാർവ്വഭൗമ'നായ 'ആസ്ഥാനമഹാകവി'ക്കു പൂർണ്ണായുഷം മുഴുവനും കല്പിച്ചു നല്കേണമേ!

ബ്രഹ്മവിലാസം,
തിരുവനന്തപുരം
14-7-1952

പണ്ഡിതർ—ഇ. വി. രാമൻനമ്പൂതിരി

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാം ശതകം

ഗ്രന്ഥാരംഭമംഗളം:

തൊഴുവിൻ, ശിവയുടെ രോഷാ—
രുണമാം മതിനേർമുഖം പതിഞ്ഞതിനാൽ
അർഘ്യത്തങ്ങലർ ചേർന്നതു
പോലായ ഹരന്റെ സാന്ധ്യകാഞ്ജലിനീർ! 1

കാവ്യപ്രയോജനം:

അമൃതം പ്രാകൃതകാവ്യം
ചൊൽവാനും കേൾക്കുവാനുമറിയാതേ
കാമപ്പൊരുളാലോചി—
ക്കുന്നവരെമ്മട്ടു ലജ്ജിക്കാ? 2

ഗ്രന്ഥസംഗ്രഹണം:

ഒരു കോടിയിൽനിന്നെഴുന്നൂ—
റുചിതാലംകൃതികളായ ഗാഥകളെ
വഴിപോലെ സംഗ്രഹിച്ചാൻ
കവിവത്സലനായ ഹാലനൃപൻ. 3

ഒരുവൾ കാമുകനു സങ്കേതസ്ഥലം കാട്ടിക്കൊടുക്കുന്നു:

കാൺകൊരു വെള്ളിൽപ്പിട ചെ—
ററിളകാതെ ലസിപ്പൂ പങ്കജദളത്തിൽ,
മരകതമണ്ണുത്തളികയിൽ
വിനിഹിതയാം ശംഖശുക്തിയെന്നവിധം. 4

---

1. രോഷത്തിനു കാരണം, ഭർത്താവ് അന്യസ്ത്രീയെ ധ്യാനിക്കുകയാണെന്ന ശങ്കയാണ്. അർഘ്യത്തങ്ങലർ = അർഘ്യത്തിന് (സൂര്യപൂജയ്ക്ക്) ഉചിതമായ തങ്ങലർ; ചെന്താമരപ്പൂവ് എന്നാണ്, വിവക്ഷ. സാന്ധ്യ...നീർ = സന്ധ്യാവന്ദനത്തിൽ ഊക്കാൻ കൈക്കുടന്നയിലെടുക്കുന്ന വെള്ളം.

2. അമൃതം = അമൃതുപോലെ മധുരം. ശൃംഗാരപ്രാകൃതകാവ്യം പഠിച്ചാലേ കാമശാസ്ത്രസിദ്ധാന്തം മനസ്സിലാകൂ.

3 കവിവത്സലനായ—കവികളുടെ ഗാഥകളെ (പദ്യങ്ങളെ) സംഗ്രഹിച്ചതിനാൽ, അവർക്കു പ്രിയപ്പെട്ടവനായ. ഹാലൻ—ശാലിവാഹനരാജാവിന്റെ മറെറാരു പേർ. കവിവത്സലനെന്നും പേരുണ്ട്.

4 ദളം = ഇല. വിനിഹിത = വെയ്ക്കപ്പെട്ടതു്. ശംഖശുക്തി = ശംഖിന്മേൽ പടിപ്പിച്ച മുത്തുച്ചിപ്പി. വെള്ളിൽപ്പക്ഷി ഇളകാതെ ഇരിക്കുന്നു എന്നതു വിജനതയെ വ്യഞ്ജിപ്പിക്കുന്നു; അതുകൊണ്ടു സങ്കേതാർഹതയെയും.

Digitized By Kerala Sahitya Akademi

ഉപരിരതപ്രസംഗത്തിൽ ഗർവ്വുള്ള ഒരുവളെക്കുറിച്ച് ഒരുവൻ പറയുന്നു:

കുവലയദളസമരുചിയാം
മിഴിയിണ കുമ്പാതിരിപ്പതുവരെയ്ക്കു
പരിശോഭിക്കുകയുള്ളൂ,
രതിവേളയിലംഗനാവിലാസങ്ങൾ! 5

തന്റെ പൂങ്കാവിലെ ഇലഞ്ഞിമരത്തെ പത്നിയെക്കൊണ്ടു് ആശ്ലേഷിപ്പിപ്പാൻ മുതിർന്ന നായകനോടു് പത്നിയുടെ സഖി പറയുന്നു:

തിരയുന്നീല തനിക്കൊരു
വള;—മിതിലഞ്ഞിക്കു താങ്കൾ തിരയുന്നു;
എന്നായ്സ്സുഭഗേ, ചിരിക്കൊ—
ള്ളുന്നു വദനം തിരിച്ചു നിൻപത്നി! 6

വസന്തത്തിൽ യാത്രയ്ക്കൊരുങ്ങിയ നായകനെ നായികാസഖി നിരുത്തുന്നു:

ചുടുവിക്കുമശോകഗണം
പടുവനിതകളെ പ്രിയന്റെ വേർപാടിൽ
ആരാന്റെ കാൽച്ചവുട്ടൊരു
പോരിമയുള്ളോർ പൊറുത്തിടുമോ? 7

ഒരുവൾക്കു കാമുകനോടു ചേരാൻ സങ്കേതമായിരുന്ന എള്ളിൻ വയൽ കൊയ്ത്തുകഴിഞ്ഞപ്പോൾ മറവില്ലാത്തതായിപ്പോയി. അതിനാൽ മറ്റൊരു സങ്കേതം ഏർപ്പെടുത്തേണമെന്നു കാമുകനെ ധരിപ്പിപ്പാൻ, അവൾ ശ്വശ്രു(ഭർത്തൃമാതാ)വിനോടു പറയുന്നു:

അസ്മൽഗ്രാമവിഭൂഷണ—
മത്രയ്ക്കുഴകാർന്നിരുന്ന നളിനവനം,
കൊയ്ത്തുകഴിഞ്ഞോരെൾവയൽ
പോലായ്പ്പോയ് ശ്വശ്രു, ശിശിരത്താൽ! 8

6. സ്ത്രീകളുടെ ആലിംഗനം ഇലഞ്ഞിവൃക്ഷത്തെ പുഷ്പിപ്പിക്കുമത്രേ. താങ്കൾക്കല്ല, ഇലഞ്ഞിക്കാണ് താങ്കൾ വളം (പുഷ്പോൽപ്പാദനമാർഗ്ഗം പുത്രോൽപ്പാദനമാർഗ്ഗം) തിരയുന്നതു് എന്നു കണ്ടു താങ്കളുടെ മൗഢ്യത്തെ മാഴ്വു പരിഹസിക്കുന്നു! സുഭഗേ—'ഹേ സുഭഗ' എന്നു സംബുദ്ധി.

7. സുന്ദരിമാരുടെ കാൽച്ചവുട്ടു് അശോകത്തെ പുഷ്പിപ്പിക്കുമത്രേ. മുമ്പ് നായികയുടെ ചവുട്ടേററ അശോകഗണം വേർപാടുഹത്തിൽ നായികയെ തപിപ്പിക്കാതിരിക്കയില്ല. പോരിമയുള്ളവർ പ്രതികാരം ചെയ്യാതിരിക്കുമോ? പടുവനിതകൾ = വിദഗ്ദ്ധസ്ത്രീകൾ.

8. അസ്മൽ...ഷണം = നമ്മുടെ ഗ്രാമത്തിന്നു് അലങ്കാരം. നളിനവനം = താമരപ്പൊയ്ക. ശിശിരകാലത്തു താമര നശിക്കും.

Digitized By Kerala Sahitya Akademi

സങ്കേതസ്ഥാനമായിരുന്ന നെല്ലാടം (കൊയ്ത്തുകഴിഞ്ഞതിനാൽ) വെളുത്തുപോയതിൽ ദുഃഖിക്കുന്ന യുവതിയോട്ട് ഒരു സഖി പറയുന്നു:

തല ചായ്ച്ചു കേഴ്വതെന്തിനു
വിളനെല്ലാടം വെളുത്തുപോയതിൽ നീ?
വടനേ മനയോലപ്പൊടി
വിതറിയ നടിപോലെയായി, ശണവാടി! 9

കലഹാന്തരിതയായ നായികയെ സഖി ഭർത്താവിനോടിണക്കുവാൻ നോക്കുന്നു:

മതിനേർമുഖം തിരിച്ചയി
സഖി, നീ കരയായ്കി; ഭേവിധമിരിക്കും,
ഇളതാം വെള്ളരിവള്ളി—
യ്യൊപ്പം വളവാർന്നൊരനുരാഗം. 10

പ്രണയകുപിതയായ നായികയെ പ്രസാദിപ്പിപ്പാൻ നായകൻ കാല്ക്കൽ നമസ്കരിച്ചപ്പോഴത്തെ അവസ്ഥാവിശേഷം:

അടിമലരിൽ വീണ നായക—
നടെ മുതുകത്തുണ്ണി ചെന്നു കേറുകയാൽ
സ്ഫുടരോഷവിവശയെങ്കിലു—
മുടനൊന്നു ചിരിച്ചുപോയ് ഗൃഹിണി! 11

പ്രിയവിരഹതപ്തയായ നായികയാൽ പ്രേഷിതയായ ദൂതി നായകനെ ഉദ്ബോധിപ്പിക്കുന്നു:

അറിയാമവൾക്കു വാസ്തവ—
മനുരൂപനിലേ ചിതപ്പെട്ട രാഗം;
മരണംപററാ—മിഹ ഞാൻ
പറയില്ലിത—വൾക്കു മരണവും ശ്ലാഘ്യം! 12

അടുക്കളജോലിക്കു മടിക്കുന്ന ഒരു ഗൃഹിണിയോടു സഖി പറയുന്നു:

---

9. പുഷ്പിച്ച ശണവാടി (ചണത്തോട്ടം) സങ്കേതമാകാമല്ലോ.

10. വെള്ളരിവള്ളി അടുത്തുള്ളതിന്മേൽ പുററിപ്പടരും; തൊട്ടൊന്നു വലിച്ചാൽ പൊട്ടുകയും ചെയ്യും. അതുകൊണ്ട്, ഇയ്യാളെ അന്യാസക്തനാകാതെ പിടിച്ചുനിർത്തിക്കൊള്ളുക.

11. രോഷം = പ്രണയകോപം.

12. അവൾ അനുരൂപനായ ഭവാനിൽ അനുരക്തയാണ്; അങ്ങയുടെ വിരഹം അവളെ മരിപ്പിച്ചേക്കും. എന്നാൽ അതു ഞാൻ പറകയില്ല. അവൾക്ക് മരണവും ശ്ലാഘ്യമെന്നു മതാന്നത്തക്ക ദുർദ്ദശ വന്നിരിക്കുന്നു. അവളെ സമാഗമംകൊണ്ടു രക്ഷിക്കുക എന്നു ഹൃദയം.

Digitized By Kerala Sahitya Akademi

വെപ്പുമുറിക്കരി പററിയ
കൈകൊണ്ടു തുടച്ച ഗൃഹിണിതൻ വദനം,
കളിർമതിയോടു സമമെന്നായ്—
കളിയാക്കിച്ചൊല്ലുമേ കണവൻ! 13

ഊതിയിട്ടും തീ കത്താത്തതിൽ ശുണ്ഠിയെടുത്ത ഒരു വെപ്പുകാരിയോടു തദനുരക്തനായ ഒരു യുവാവു പറയുന്നു:

അരിവെപ്പുകാരി, ചെംപാ—
തിരിമലർമണമാർന്ന നിന്മുഖാനിലനെ
നുകരാൻ പുകയുകകൊണ്ടാ—
ണനലൻ കത്താത്തതു;—രിശമതുതിഹ തേ! 14

നിനക്കു് എന്തെന്തിലാണു താൽപര്യമെന്നു സഖിമാരാൽ ചോദിക്കപ്പെട്ടപ്പോൾ ഒരു ഗർഭിണിയായ നവോഢയുടെ ഭാവം:

എന്തെന്തിലാശ ഭവതി—
ക്കെ,ന്നാളികൾ മുഗ്ദ്ധയോടു ചോദിക്കേ,
ആ നവഗർഭിണിയാളുടെ
കൺമുന കണവങ്കലേ ചേർന്നു! 15

പ്രോഷിതഭർത്തൃകയായ നായികയുടെ അഭ്യർത്ഥനം:

അമൃതാത്മാവേ, രജനീ—
മുഖചിത്രകമേ, വിയന്മുടിപ്പൂണ്ടേ,
പ്രിയതമനെത്തൊട്ട കരം—
കൊണ്ടേ തൊടുകെന്നെയും മൃഗാങ്ക, ഭവാൻ! 16

''പ്രിയൻ ഇന്നോ നാളെയോ വരും; വന്നാൽ നീ പ്രേമകോപത്തോടെ അദ്ദേഹത്തെ ശകാരിക്കണം'' എന്നാശ്വസിപ്പിക്കുന്ന സഖിയോടു പ്രോഷിതഭർത്തൃകയായ നായികയുടെ മറുപടി:

''വരു,മാ പ്രോഷിതനും; ഞാ—
നരിശപ്പെട;—മനുനയം തുടങ്ങുമവൻ''

13. വെപ്പുമുറിക്കരി = അടുക്കളയിലെ കരി. ചന്ദ്രന്റെ കളങ്കമെന്നപോലെ നിന്റെ മുഖത്തെക്കരി ഭർത്താവിന്നു് ആഹ്ലാദകരമായിരിക്കും.

14. 'കത്തിയാൽ നീ ഊതൽ നിർത്തും; അപ്പോൾ നിന്റെ മുഖവായുവിനെ നുകരാൻ കിട്ടില്ല. ഇതുകൊണ്ടാണു്, തീ കത്താത്തതു്! ചുകന്ന പാതിരിപ്പൂവു് അഗ്നിക്കു മുഖ്യമത്രെ.

15. അവൾക്കു ഭർത്തൃദർശനത്തിലേ ആശയുള്ളു; മറ്റൊന്നും വേണ്ട. ആളികൾ = സഖിമാർ. മുഗ്ദ്ധ = ലജ്ജാവതി.

16. ചിത്രകം = തിലകം. കരം = രശ്മി, കൈയു്.

Digitized By Kerala Sahitya Akademi

ഭാഗ്യവതിയിലീ നിനവിൻചാ-
ർത്തൊരുവൾക്കെന്താൻ ഫലിച്ചേക്കാം! 17

''എന്താണ്, താങ്കൾക്കൊരു ദൗർബ്ബല്യം'' എന്നു സുഹൃത്തിനാൽ ചോദിക്കപ്പെട്ട നായകന്റെ ബഹുസ്ത്രീജനാകൃഷ്ടത്വം വ്യഞ്ജിപ്പിച്ചുകൊണ്ടു നായിക ഈർഷ്യയോടേ മറുപടി പറയുന്നു:

''ദീനകുടുംബാകർഷണ-
മെന്തു പൊറുക്കം, നനഞ്ഞ ഞാനെ''ന്നായ്
കരയുന്ന തുമ്പിൽനിന്നി-
റ്റിററജലംകൊണ്ടു, നോക്കുക,ദ്ദമുണ്ടും! 18

പരാധീനനും, എന്നാൽ അനുരാഗവാനുമായ് ഒരു യുവാവ് തന്റെ അവസ്ഥയെ വ്യഞ്ജിപ്പിച്ചുകൊണ്ട് നായികയുടെ കാളക്കുട്ടിയോടു പറയുന്നു:

പുതുമാന്തളിർനിറക്കുന്നിന
ചെറുവൃഷമേ, നേക്കുയർന്ന ചെവികളൊടും
തന്നാലയിലെല്ലായ് നട-
കൊള്ളുന്ന നിനക്കു വരിക ധവളത്വം. 19

ഉള്ളറിയാൻ ഉറക്കംനടിച്ചു കിടക്കുന്ന പ്രിയതമനോട് ഒരുവൾ പറയുന്നു:

നിദ്രാകപടമൊടക്ഷിയ-
ടച്ച ഭവാൻ സുഭഗ, തരികെനിക്കൊരിടം:
കവിളിൽ മുകർന്നതിൽ നിന്നുടൽ
പുളകിതമായ്; താമസിക്കുകില്ലിനി ഞാൻ! 20

ഒരു വേശ്യയെ കൂട്ടിക്കൊണ്ടുപോകാൻ നായകന്റെ സുഹൃത്തു ചെന്നപ്പോൾ, അവളെത്തു മറ്റൊരു വിടനുണ്ടെന്ന വാസ്തവം മറച്ചുവെച്ചുകൊണ്ട് അവളുടെ അമ്മ വിളിച്ചുപറയുന്നു:

അണി മുഴമിക്കാതേ താൻ
പോയ്ക്കൊൾകകളുകവാന്റെ സദനത്തിൽ:

17. പ്രോഷിതൻ = മറുനാട്ടിൽ പോയവൻ. നിനവിൻചാർത്ത് (മനോരഥസമൂഹം) ഒരു ഭാഗ്യവതിക്കു നിറവേറി എന്നു വരാം; എനിക്കു ഭാഗ്യമുണ്ടോ, ആവോ?

18. ദീന...ഷ്ണം = ദീന(ദരിദ്ര)കുടുംബത്തിന്റെ (അലക്കകാരുടെ) ആകർഷണം (പിടിച്ചുവലിക്കൽ). വളരെ (ധനലുബ്ധ)സ്ത്രീകൾ ഇദ്ദേഹത്തെ പിടിച്ചുവലിക്കുന്നുണ്ട്; അതുകൊണ്ടാണ് ഈ ബലക്ഷയം.

19. ധവളശബ്ദത്തിനു വലിയ കാള എന്നും ശ്രേഷ്ഠൻ എന്നും രണ്ടർത്ഥം. തന്നാല = തനിക്കിഷ്ടമായ തൊഴുത്ത്. ശ്രേഷ്ഠനെന്ന് ഇവിടെ സ്വാതന്ത്ര്യമെന്നാണ് നിഷ്കൃഷ്ടാർത്ഥം.

20. രോമാഞ്ചംകൊണ്ടറിയാം, ഭവാൻ ഉറങ്ങുകയല്ലെന്ന്.

Digitized By Kerala Sahitya Akademi

കാമോൽക്കണ്ഠ തണുത്താ—
ലവനുടെ ഹൃദി നില്ക്കില്ല നീ മകളേ! 21

ഒരു നാഗരികൻ ഒരു രജസ്വലയുടെ ചുംബനം വർണ്ണിച്ച്, തന്റെ അതിയായ കാമുകത്വം വെളിപ്പെടുത്തുന്നു:

അൻപാൽക്കനിച്ചു ചുണ്ടോടു,
നെററിയമക്കാതെ, മൂക്കണയ്ക്കാതെ,
വർണ്ണാഘൃതലിപ്തമുഖിയാ—
മവളെ പരിചുംബിച്ചതോർക്കുന്നേൻ! 22

ആകാരഗോപനമാണ്, ധാർഷ്ട്യമല്ലാ, നായകനു പ്രീതികരം എന്ന്, അഹങ്കാരത്തള്ളലേറിയ ഒരുവളോടു സഖി ഉപദേശിക്കുന്നു:

ഹർഷിച്ചു, വിരികവിളുമായ്
നൂറാജ്ഞ രതത്തിലേകിവന്നവളും
കാലത്തു നമ്രമുഖിയാം:
തോന്നില്ല,വളാണിതെന്നാർക്കും! 23

ഒരുവൾ ഭർത്താവിന്റെ അന്യവനിതാനുരാഗത്തേയും തങ്കൽ അനുരാഗമില്ലായ്മയേയും ഭംഗ്യന്തരേണ വെളിപ്പെടുത്തുന്നു:

പ്രിയവിശ്ലേഷവു,മപ്രിയ—
ദർശനവും രണ്ടു പെരിയ ദുഃഖങ്ങളാം;
അങ്ങയെയിഹ കൊണ്ടുനട—
ക്കുന്ന കുലശ്രേഷ്ഠതയ്ക്കു കൂപ്പുന്നേൻ! 24

''പോകാനൊരുങ്ങിയിട്ട് ഇപ്പോൾ പോകാത്തതെന്താ''ണെന്നു ചോദിച്ച ഒരുവനോടു നായകന്റെ സ്നേഹിതൻ പറയുന്നു:

ഒരു കൃഷ്ണസാരവുമയ—
യ്ക്കുകയില്ല പുറപ്പെടാൻ, വലംവെച്ചാൽ;
ഉണ്ടോ പിന്നെ, പ്രിയയുടെ
വാഹാർദ്രിതമായ രണ്ടു മിഴി! 25

---

21. അണി = ചമയൽ. കുതുകവാൻ = അഭിലാഷവാൻ. കാമോൽക്കണ്ഠ നിലനിന്നാലേ അവൻ നിന്നെ സ്മരിക്കൂ; വേഗത്തിൽ പൊയ്ക്കൊൾക.

22. ചില നാടുകളിൽ രജസ്വലമാർ മുഖത്തു വർണ്ണാഘൃതം (മഞ്ഞയും മററും ചേർത്ത നെയ്യ്) പുരട്ടും; ഒരാചാരവിശേഷം. അൻപ് = സ്നേഹം.

23. രതാവസരത്തിൽ ധാർഷ്ട്യം; മററവസരങ്ങളിൽ അടക്കം.

24. എന്നെ കാണുന്നതു് അങ്ങയ്ക്കു പ്രിയമല്ല; ആ സങ്കടം സഹിച്ചും അങ്ങ് എന്റെ അടുക്കൽ വരുന്നതു കുലീനതകൊണ്ടു മാത്രമാണ്.

25. ഒരു കൃഷ്ണസാരവും (ഒരു കൃഷ്ണമൃഗംതന്നെയും) വലത്തുവെയ്ക്കുന്നതു് അശുഭമത്രേ. പിന്നെയുണ്ടോ, കൃഷ്ണസാരമായ (കറുത്തു് അഴകുള്ളതായ) രണ്ടു മിഴി പുറപ്പെടാൻ സമ്മതിക്കുന്നു? പ്രിയയുടെ വെള്ളംനിറഞ്ഞ കണ്ണുകളാണ് യാത്രയെ തടയുന്നതു്. വാഹശബ്ദത്തിന്നു പ്രാകൃതഭാഷയിൽ വ്യാധൻ എന്നും ബാഷ്പം

Digitized By Kerala Sahitya Akademi

അനുനയിക്കപ്പെട്ടിട്ടും മാനം (പ്രണയകോപം) വിടാത്ത നായകനോടു നായിക പറയുന്നു:

ഇരവിൽസ്സുസുഖമുറങ്ങി—
ച്ചെറ്റുണരുന്നോരു ശൂന്യപാർശ്വതയാൽ
വരുമൊരു വഞ്ചനവേദന—
യറിയുകിലരിശപ്പെടില്ല ഭവാൻ. 26

കലഹിതരായ ദമ്പതിമാരുടെ രാത്രിവൃത്താന്തമറിയാൻ ചെന്ന പ്രിയസഖി പ്രണയകോപം മാററാൻവേണ്ടി പറയുന്നു:

പ്രണയത്താൽക്കലഹിതരായ്
നിദ്ര നടിക്കുന്ന രണ്ടു മാനികളും
നിർത്തിയടക്കിയ വീർപ്പിൽ—
ച്ചെവിവെപ്പതുമുണ്ടി;—തിങ്കളാരെതിരാളി? 27

നായിക ദേവര(ഭർത്തൃസോദര)നിൽ അനുരക്തയാകയാൽ അവളെ കിട്ടില്ലെന്നു ദൂതി ജാരനെ ധരിപ്പിക്കുന്നു:

പുതുലതികകൊണ്ടു തല്ലാൻ
മുതിരുന്നു ഭർത്തൃസഹജനേതേതിൽ,
അതതംഗത്തിൽപ്പുളകം
നിവരുന്നു പെൺകൊടിക്കു വടിപോലേ. 28

പ്രോഷിതകയായ നായിക പ്രിയതമൻെറ അടുക്കലേക്കു പോകുന്ന ഒരു വഴിപോക്കനോടു്, അദ്ദേഹത്തെ എത്രയും വേഗത്തിൽ കൂട്ടിക്കൊണ്ടുവരാൻവേണ്ടി, പറയുന്നു:

എന്നും അർത്ഥംവരും. മൃഗപക്ഷത്തിൽ വ്യാധപീഡിതത്വം; നയനപക്ഷത്തിൽ ബാഷ്പപീഡിതത്വം.

26. ശൂന്യപാർശ്വത = കിടക്കയുടെ ഒരുവശത്തു് ആരുമില്ലെന്ന സ്ഥിതി. ഭർത്താവു് ഇടയ്ക്കുണരുമ്പോൾ ഭാര്യയെ കിടക്കമേൽ കാണാതാവുകയാലുള്ള വഞ്ചനവേദന (ഭാര്യ പരപുരുഷൻെറ അരികത്തേക്കു പോവുക എന്ന ചതികൊണ്ടുണ്ടാകാവുന്ന മനോവേദന) ഭവാൻ അറിഞ്ഞിട്ടില്ല; അതുകൊണ്ടാണു്, ഇത്ര കോപിക്കുന്നതു്. എൻെറ പാതിവ്രത്യം അങ്ങയെ കോപിക്കാൻ ധൈര്യപ്പെടുത്തുന്നു!

27. മാനികൾ = മാനവതിയും മാനശാലിയും. പ്രണയകലഹം നീങ്ങിക്കിട്ടാൻ രണ്ടാൾക്കുമുണ്ടു് അഭിലാഷം. ഇതിൽ, ആരാണു് എതിരാളി? പ്രണയകലഹം നിർത്തുന്നതിൽ എതിരാളിയായി ആരുമില്ല; യഥേഷ്ടം നിർത്തിക്കൊള്ളാം.

28. ദേവരൻ പിഞ്ചുവള്ളികൊണ്ടു് ഏതേതവയവത്തിൽ തല്ലാൻ കളിയായി മുതിരുന്നുവോ, പെൺകൊടിക്കു് (വധുവിനു്) അതതവയവത്തിൽ പുളകം (രോമാഞ്ചം) വടിപോലെ (പകരംതല്ലാനെന്നപോലെ) നിവരുന്നു! ഇത്ര അനുരാഗമുണ്ടു്, ദേവരനും വധുവിനും തമ്മിൽ; അപ്പോൾ അവളെ അന്യനെങ്ങനെ കിട്ടും?

Digitized By Kerala Sahitya Akademi

അവിടത്തൊട്ട വേർപെട്ടി,—
ന്നനുഭൂതസുഖം സ്മരിക്കമെൻ ചെവിയിൽ
പുതുമുകിലിടിവെട്ടേല്പതു,
കൊലയാളിച്ചെണ്ടകൊട്ടുപോലല്ലോ! 29

ഗ്രാമപാലപുത്രനെ ഒരു ഗ്രാമീണയുവതിയോട ചേരാൻ ഉത്സാഹിപ്പിച്ചുകൊണ്ടു് ദൂതി ശകാരമട്ടിൽ പറയുന്നു:

നിർദ്ദയ, ജായാഭീരോ,
ദുർദ്ദർശ, നിംബകീടസന്നിഭനേ,
നിന്നെച്ചൊല്ലി ഗ്രാമം
മെലിയുന്നു ഗ്രാമപാലനന്ദനനേ! 30

ഒരു ഭടൻെറ പത്നിയെ കാമിക്കുന്ന ഒരു യുവാവിനെ ദൂതി ഉത്സാഹിപ്പിക്കുന്നു:

അവനുടെ മുറിവടുവിഷമോ—
രസി കഷ്ടപ്പെട്ടുറങ്ങുവോരം പത്നി;
ഗ്രാമത്തലയാളമകനുടെ
മാറത്തോ, സസുഖനിദ്രിതം, ഗ്രാമം! 31

ഓർക്കാതെ അന്യസ്ത്രീയുടെ പേർ വിളിച്ചു് അനുനയിപ്പിക്കുന്ന നായകനെ പ്രണയകപിതയായ നായിക സവിനയം ശകാരിക്കുന്നു:

ബഹുമതമാകിയ വഴിയിതു
സുഭഗ, ഭവാൻ മാത്രമേ വരിച്ചുള്ളു;
ഇക്കാലത്താളുകളുടെ
നാക്കിന്മേലൊന്നു, വേറെയൊന്നുള്ളിൽ! 32

29. കൊല...കൊട്ടു്—കൊല്ലാൻ കൊണ്ടുപോകുന്നവർ വധ്യൻെറ കുററങ്ങളെ വിളിച്ചുപറഞ്ഞുകൊണ്ടു് പെരുമ്പറകൊട്ടുന്നതു്. ഓരോ ഇടിയൊച്ചയും എന്നെ മരണത്തോടടുപ്പിക്കുന്നു!

30. ജായാഭീരോ=ഭാര്യയെ പേടിക്കുന്നവനേ. ദുർദ്ദർശ= കണ്ടുകിട്ടാവതല്ലാത്തവനേ. ഗ്രാമം—ഗ്രാമത്തിലെ സുന്ദരിമാർ. അങ്ങയെ കിട്ടാഞ്ഞു ദുഃഖിച്ചു മെലിയുകയാണു്, ഗ്രാമസ്ത്രീകൾ; അങ്ങോ, വേപ്പുമരത്തിലെ പുഴപോലെ കയ്പനുഭവിച്ചു (സുന്ദരിമാരോടുചേർന്ന സുഖം അനുഭവിക്കാതെ) കഴിഞ്ഞുകൂടുന്നു!

31. മുറി...രസി = യുദ്ധത്തിൽപ്പറ്റിയ മുറിവുകളുടെ വടുക്കളെക്കൊണ്ടു വിഷമ(നിമ്നോന്നത)മായ ഉരസ്സിൽ (മാറത്തു്) പത്നി അവനോടു ചേരുന്നതു് അവനെ പേടിച്ചാണു്, രസിച്ചല്ല; അതിനാൽ അവളെ കിട്ടും. ഗ്രാമത്തലവൻെറ—മകനായ ഭവാൻെറ—മാറത്താകട്ടെ, ഗ്രാമസ്ത്രീകൾ സുഖമായി ഉറങ്ങുന്നു; ഭവാൻ ഗ്രാമാംഗനമാർക്കു കാമ്യനാണു്. അതുകൊണ്ടും, അവളെ കിട്ടുക എളുപ്പംതന്നെ.

32. അങ്ങയുടെ വാക്കിലും ഹൃദയത്തിലും അവൾതന്നെയാണുള്ളതു്; മററുള്ളവരോ, ഒന്നു പറയും, മറെറാന്നു മനസ്സിൽ കരുതും. അങ്ങയുടെ നടപടി ശ്ലാഘ്യംതന്നെ.

Digitized By Kerala Sahitya Akademi

പ്രണയകോപത്താൽ തിരിഞ്ഞുകിടന്ന നായിക, അവളുടെ പുറം നോക്കി കിടക്കുന്ന നായകനോടു പറയുന്നു:

മനമഴലാലെരിയിച്ചി—
ട്ടെന്തിനു ഭവാൻ കിടക്കയുടെ വക്കിൽ
വിട്ടുതിരിഞ്ഞുകിടന്നിടു—
മെന്റെ പുറം നീററിടുന്നു ചുടുവീർപ്പാൽ? 33

ഒരു വിരഹിണിയുടെ അസ്വസ്ഥത ദൂതി പ്രിയനെ ധരിപ്പിക്കുന്നു:

വൈകിക്കും തവ വിരഹാ—
ലവളുടെ മിഴിനീരൊലിച്ചിരുണ്ട മുഖം
ഛായയെ നേടുന്നേ ഇ—
ല്ലർക്കരഥാഗ്രധ്വജംപോലെ! 34

നവവധുവിനോട് ഒരു ചാച്ചുക്കാരി പാതിവ്രത്യരക്ഷണമാർഗ്ഗം നിർദ്ദേശിക്കുന്നു:

നിലതെററിയ ദേവരനെ—
കുലജ പതുക്കെപ്പറഞ്ഞു കേൾപ്പിപ്പൂ,
തൻ ചുമരിന്മേലെഴുതിയ
രാമാനുഗലക്ഷ്മണന്റെ നടപടികൾ! 35

നാശകാരണമുണ്ടായാലും, നല്ലവർക്കു നാശം വരില്ലെന്നുപന്യസിച്ച്, ഒരു ദുർവൃത്തയുവതി സ്വദോഷത്തെ മറയ്ക്കുന്നു:

പുര നാൽവഴിയിൽക്കുലട—
ച്ചരികത്തഴകണ്ടു, കണവനകലത്താം;
തരുണി, വെറും നിർദ്ധന ഞാൻ;
നെറിവു മുറിഞ്ഞിട്ടുമില്ലല്ലോ! 36

---

33. അങ്ങ് എന്റെ മനസ്സിനെ ദുഃഖസന്തപ്തമാക്കി; അതു പോരാഞ്ഞിട്ടോ, എന്റെ പുറത്തെയും ചുടുനിശ്വാസങ്ങൾകൊണ്ടു വല്ലാതെ തപിപ്പിക്കുന്നതു്?

34. അർക്ക(സൂര്യ്യ)രഥാഗ്രധ്വജത്തിനു ഛായ (നിഴൽ) കിട്ടില്ലല്ലോ. അതുപോലെ, അവളുടെ മുഖം ഛായ(ശോഭ)യെ നേടുന്നില്ല; മങ്ങിക്കരിഞ്ഞിരിക്കുന്നു.

35. നിന്നെ ദേവരൻ കാമിച്ചു എന്നുവന്നാൽ, നീ ചുമരിന്മേലെഴുതിയ രാമാനുയായിയായ ലക്ഷ്മണന്റെ നടപടികൾ (ലക്ഷ്മണൻ, ജ്യേഷ്ഠന്റെ ഭാര്യയെ അമ്മയായികരുതി പെരുമാറിയിരുന്നതു്) പതുക്കെ (മററാരും കേൾക്കാതെ) പറഞ്ഞുകേൾപ്പിച്ച്, അയാളെ ദുർവിചാരത്തിൽനിന്നു പിന്മാററിക്കൊള്ളുക എന്നു താൽപര്യം. കുലജ = കുലീനയായ പത്നി.

36. നാലുകൂട്ടംവഴിയിൽ, ഒരു തേവിടിശ്ശിയുടെ അരികത്താണ് എന്റെ പുര. ഇങ്ങനെയൊക്കെയാണെങ്കിലും നെറിവ് (മര്യാദ, ചാരിത്ര്യം) മുറിഞ്ഞിട്ടുമില്ല; എന്റെ പാതിവ്രത്യം അഖണ്ഡിതമായിത്തന്നെ ഇരിക്കുന്നു.

Digitized By Kerala Sahitya Akademi

പുഴക്കരയിലെ കടമ്പിൻവള്ളിക്കുടിലാകുന്ന സങ്കേതത്തിൽ, 'ഞാൻ പോയി; താങ്കൾ വന്നില്ല' എന്നു നായിക ജാരനെ കേൾപ്പിച്ചുകൊണ്ട്, സഖിയോടു പറയുന്നു:

ചുഴിനിരയിൽച്ചുററിയല-
ഞ്ഞലരല്ലി കൊഴിഞ്ഞ നീർക്കടമ്പുമരം,
വണ്ടുകൾ കിഞ്ചന മുണ്ടി-
പ്പൊങ്ങിടുമാറൊഴുകിടുന്നു, നിറപുഴയിൽ. 37

ആ പതിവ്രത പണത്തിന്നു വഴങ്ങില്ലെന്നു ദൂതി കാമുകനെ ധരിപ്പിക്കുന്നു:

വറുതിയിലും കുലജമതി-
പ്പുടയ മണാളന്റെ മഹിമ നിലനിർത്താൻ
ശ്രുണ്ടിയെടുക്കുന്നു, പണം
കൊണ്ടുവരും ബന്ധുവോടുപോലുമവൾ! 38

കാമുകരെ അകററാനായി ദൂതി നായികയുടെ ചാരിത്രനിഷ്ഠയെ സൂചിപ്പിക്കുന്നു:

ദയിതൻ വശഗതനെങ്കില്ല,-
യുത്സവകാലത്തുമവളൊരണി ചാർത്താ,
പതിയകുലത്താമൊരയ-
ല്ലാരി ദരിദ്രയ്ക്കിളക്കമേശായ്‌വാൻ. 39

നായകനെ അനുകൂലിപ്പിക്കാനായി ദൂതി നായികയുടെ അനുരാഗാതിശയം വർണ്ണിക്കുന്നു:

നിന്നിടമെന്നു മനസ്സും,
നിന്നെക്കണ്ടെത്തുകളെന്നു കണ്ണുകളും,
നിൻവേർപാടിൽ മെലിഞ്ഞവ-
യെന്നംഗങ്ങളുമവൾക്കു രുചിതങ്ങൾ. 40

37. ആപത്തിൽ(ജലപ്രവാഹത്തിൽ)പ്പെട്ട സമയത്തും കടമ്പിനെ വണ്ടുകൾ ത്യജിക്കുന്നില്ല; ഇതാണ് നിർവ്യാജസ്നേഹം. നിറപുഴ = നിറഞ്ഞ നദി. കിഞ്ചന = കറഞ്ഞൊന്നു്.

38. കുലജമതിപ്പ് = കുലീനനെന്ന അഭിമാനം. അവൾ ബന്ധുക്കളുടെ പോലും ധനസാഹായ്യം സ്വീകരിക്കില്ല; അതു ഭർത്താവിന്റെ അന്തസ്സിന്നു ഹാനികരമാകുമല്ലോ.

39. അയല്ലാരി ദരിദ്രയാണ്; അവളുടെ ഭർത്താവ് അകുലത്തുമാണ്. അവൾക്കു മനസ്സിളക്കവും, തദ്വാരാ ചാരിത്രഭംഗവും പററും താൻ ആഭരണമണിഞ്ഞതു കണ്ടാൽ എന്നു ശങ്കിച്ച് അലങ്കരണമേ ഉപേക്ഷിച്ച അവളുടെ ചാരിത്രനിഷ്ഠ എത്ര ശ്ലാഘ്യം!

40. ഭവാന്റെ ഇടം (പാർപ്പിടം) എന്നു കരുതി അവൾ തന്റെ മനസ്സിനേയും അങ്ങയെ കണ്ടവ എന്നു കരുതി കണ്ണുകളേയും, ഭവാന്റെ വിരഹത്താൽ

Digitized By Kerala Sahitya Akademi

അപ്രിയങ്ങൾ ചെയ്ത നായകനാൽ അനുനയിക്കപ്പെടുന്ന ഈർഷ്യാവതിയായ നായിക തായാളോടു പറയുന്നു:

ഗുണവും സ്നേഹവുമൊത്തു-
ള്ളനുരക്തപ്രമദാരുചിത,മനുരാഗം;
അന്യമനസ്കരിൽ മന-
സ്സർപ്പിക്കുകിലോ, ജനങ്ങൾ ചിരിക്കൂട്ടും. 41

മനോരാജ്യപാരനായ നായകനെ നായികയോടു ചേരാൻ ദൂതി ഉത്സാഹിപ്പിക്കുന്നു:

യത്നം ചെയ്താൽ മനുജ-
ന്നുളവാം നൂനം, വിഭൂതിയോ, മൃതിയോ;
യത്നിക്കായ്കിലുമുണ്ടാ-
മാ മൃതി;യെന്നാൽ വിഭൂതിയുണ്ടാകാ. 42

''ദീർഘവിരഹത്തെയും സ്ത്രീകൾ സഹിക്കും; നീ ഇത്ര വല്ലായ്മപ്പെടുന്നതെന്തിനെ''ന്നു ചോദിച്ച ഒരു സ്ത്രീയോട് വിരഹോൽക്കണ്ഠിതയായ നായിക പറയുന്നു:

അമ്മേ, പ്രിയവിരഹത്തെ-
സ്സഹിച്ചുപോരുന്നതാ,ശകൊണ്ടല്ലോ;
മൃതിയെക്കാൾക്കഷ്ട,മൊരേ-
ഗ്രാമത്തിലകന്നിരിക്കൽ ദുഃഖം! 43

ഭർത്താവിന്റെ ബഹുസ്ത്രീനിരതത്വവും ഭാര്യയ്ക്കു കൊള്ളാമെന്നു ദൂതി ഈർഷ്യാവതിയായ നായികയെ ഉദ്ബോധിപ്പിക്കുന്നു:

പരനാരികളെ രമിപ്പി-
ക്കുന്നവനു മനസ്സിലണയുമോമനയാൾ.
സദൃശഗുണം കാണുകയാ-
ല,സദൃശഗുണമൊന്നദൃഷ്ടമാകുകയാൽ! 44

പ്രണയകുപിതയായ നായികയെ പ്രസാദിപ്പിപ്പാൻ ദൂതി പറയുന്നു:

മെലിഞ്ഞവ എന്നു കരുതി അവയവങ്ങളെയും സ്നേഹിച്ചുപോരുന്നു! രുചിതങ്ങൾ = പ്രിയപ്പെട്ടവ.

41. അന്യമനസ്സൻ = മറ്റൊന്നിൽ (മറ്റു സ്ത്രീയിൽ) മനസ്സ് ചെന്നവൻ.

42. അവൾ ലക്ഷ്മിപോലെ ഭോഗനോടു ചേരാൻ ഭവാന്റെ പരിശ്രമത്തെ പ്രതീക്ഷിക്കയാണ്.

43. അമ്മ—തന്നെക്കാൾ പ്രായം ചെന്നവളോടുള്ള സംബുദ്ധി. ഞങ്ങൾ ഇരുവരും ഒരേ ഗ്രാമത്തിലാണു താമസിക്കുന്നത്; എന്നാലും സമാഗമമില്ലതാനും!

44. ഓമനയാൾ = പ്രിയതമ. ചില സ്ത്രീകളിൽ ഭാര്യയ്ക്കൊത്ത ഗുണം കാണും; ചിലരിൽ ഒക്കാത്ത ഗുണം അദൃഷ്ടമാകും (=കാണപ്പെടില്ല). അപ്പോൾ സ്വന്തം പ്രിയതമ ഓർമ്മയിലെത്തും!

Digitized By Kerala Sahitya Akademi

പുഴനീർപ്പൊക്കംപോലാം
യൗവന;മെന്തോ കുതിപ്പു ദിവസങ്ങൾ;
തിരിയെവരികില്ലിവയുക—
ളെ;—ന്തിനു കെട്ടമാനമെന്മകളേ? 45

നേരം പുലർന്നാൽ പോകേണമെന്നുറച്ച പ്രിയനെ നിർത്താൻ വേണ്ടി, വിരഹാസഹയായ ഒരുവൾ രാത്രിയോടഭ്യർത്ഥിക്കുന്നു:

പുലരിയിലെങ്ങോ പോകും
പ്രിയതമനെന്നുണ്ടു, കേൾപ്പൂ സംസാരം;
ദേവി, നിശേ, നീണ്ടരുൾകാ,
നിഷ്ഠുരനാണു പുലരിയെ പിറക്കായ്‌വാൻ! 46

പോകാൻ നിശ്ചയിച്ച നായകനെ നിർത്താൻവേണ്ടി നായികയുടെ സഖി പറയുന്നു:

പതി യാത്ര ചൊല്ലേയുയിർകൊൾ—
വതിൻ രഹസ്യം വിയോഗസഹമാരിൽ
ചോദിച്ചറിയാൻ പ്രതിഗൃഹ—
മലയുന്നു, ഭാവിപഥികപത്നിയഹോ! 47

സ്വാധീനഭർത്തൃകയായ നായിക ഭർത്താവിന്റെ അന്യസ്ത്രീ വൈമുഖ്യത്തെ ആസ്പദമാക്കി, തന്റെ സൗഭാഗ്യത്തിൽ അഭിമാനം കൊള്ളുന്നു:

ഈശ്വര, ചേർത്തരുൾകെൻ ചി—
ത്തേശ്വരനു പരാംഗനാനുഷക്തി ഭവാൻ;
തന്നിൽത്തന്നെ രസിപ്പവ—
നറിയില്ലല്ലോ, ശരിക്കു ഗുണദോഷം! 48

ഒരുവൾ ഒരു വഴിപോക്കനോടു പറയുന്നു:

നട്ടുച്ചവെയിലിനിയിതാ,
പേടിച്ചു,ടലിൻ ചുവട്ടിലെത്തണലും

45. കൊട്ടമാനം—ശപിക്കപ്പെട്ട പ്രണയകോപം.

46. നിഷ്ഠുരനാൻ—ദയയുള്ളവനാണെങ്കിൽ, വിരഹാസഹയായ പ്രിയതമയെ വിട്ടുപോകാൻ നിശ്ചയിക്കില്ലല്ലോ.

47. വിയോഗസഹമാർ—ഭർത്തൃവിരഹം സഹിക്കുന്ന സ്ത്രീകൾ. ഭാവി... പത്നി = പഥികനാകാൻപോകുന്ന (മറുനാട്ടിൽപ്പോകാൻ തുടങ്ങുന്ന) വന്റെ പത്നി ഭർത്താവു യാത്രപറയുമ്പോൾത്തന്നെ ഇവൾ മരിക്കും, അങ്ങനെ മരിക്കാതെ വിരഹം സഹിച്ചിരിക്കുന്ന സ്ത്രീകളുണ്ടല്ലോ; അവരോട് അതിന്റെ 'സൂത്രം' എന്തെന്നു ചോദിച്ചറിയാൻ പ്രതിഗൃഹം (വീടുതോറും) ചുററിനടക്കുന്നു.

48. ചിത്തേശ്വരൻ = ഭർത്താവ്. പരാ...ഷക്തി = അന്യസ്ത്രീകളിൽ ഇടപെട്ടാലറിയാം, എന്റെ അന്യാദൃശഗുണങ്ങൾ എന്നു സൗഭാഗ്യാഭിമാനം.

Digitized By Kerala Sahitya Akademi

വെളിയിൽ വരുന്നീലൊത്തും;
പഥിക, ഭവാനെന്തു വിശ്രമിക്കാത്തൂ? 49

വിരഹോൽക്കണ്ഠിതയായ നായിക വൈകി വന്ന പ്രിയനെ ഭംഗ്യന്തരേണ ശകാരിക്കുന്നു:

മമ സുഖമന്വേഷിപ്പാൻ
ദുർല്ലഭനെയുമിങ്ങണച്ചോരുപകാരം
ചെയ്ത ഭവാനെന്നുയിർ ക-
ട്ടാലും കുററപ്പെടാ, ജ്വരമേ! 50

'പനി മാറിയില്ലേ' എന്നു ചോദിപ്പാൻ ചെന്ന പ്രിയനോടു ഖണ്ഡിതയായ നായിക ഈർഷ്യയോടെ പറയുന്നു:

മാറി,യജീർണ്ണപ്പനി മേ
മാറീലി; —തിലൊളുകൾക്ക നിനവെന്താം?
സുഖപൃച്ഛക, സുഭഗ, സുഗ-
ന്ധോദാര, തൊടായ്ക, നാററമുള്ളെന്നെ. 51

വികാരത്തള്ളലാൽ ഉപരിരതത്തിലേർപ്പെട്ട സ്വല്പായാസത്താൽത്തന്നേ തളർന്നുപോയ കോമളാംഗിയെ പ്രിയൻ പരിഹസിക്കുന്നു:

• പീലിത്തലമുടി ചിതറി—
ത്തുടകൾ വിറക്കൊണ്ടു, കൺ പകുതി കൂമ്പി
ഉപരിരതമൊട്ടു ചെയ്തഥ
നിർത്തിയ നീയറിയണേ, പുമാന്റെയഴൽ! 52

മുന്പു പുറംതള്ളപ്പെട്ടവനും, വീണ്ടും പണം കൊണ്ടുവന്നവനുമായ വിടനെ കൈക്കൊള്ളാൻ പ്രേരിപ്പിക്കുന്ന അമ്മയോടു വേശ്യ പറയുന്നു:

---

49. തണ്ണൽപോലും പുറത്തേക്കു വരുന്നില്ല. പിന്നെ ആളുകൾ വരുമോ? ഈ വിജനം കണ്ടിട്ടും ഭവാൻ വിശ്രമിക്കാത്തതെന്തു്? നമുക്കു നിശ്ശങ്കം രമിക്കാമല്ലോ!

50. ദുർല്ലഭനെയും (കിട്ടാൻ പ്രയാസമുള്ള ഇദ്ദേഹത്തെയും) എന്റെ സ്വാസ്ഥ്യം അന്വേഷിപ്പാൻ ഇവിടെ കൊണ്ടുവന്ന ഉപകാരിയായ നീ എന്റെ പ്രാണനെ അപഹരിച്ചാൽപ്പോലും കുറ്റക്കാരനാകയില്ല. ജ്വരമേ, അത്ര മഹത്തായ ഉപകാരമാണു് നീ ചെയ്തതു്!

51. എന്റെ അജീർണ്ണപ്പനി മാറി, അല്ലെങ്കിൽ മാറീല. ഇതിൽ മററുള്ളവർക്കെന്തു വിചാരം? സുഖപൃച്ഛക = സുഖം ചോദിക്കുന്നവനേ. സുഭഗ—വളരെ സ്ത്രീകൾക്കു പ്രിയപ്പെട്ടവനേ. സുഗന്ധോദാര—അവരുടെ ദേഹങ്ങളിൽ പകർന്നു നിന്നു കിട്ടിയ സുഗന്ധമുള്ളവനേ. നാററം—ജ്വരഗന്ധം എന്നെ തൊട്ടു്, പ്രിയമാരിൽ നിന്നു കിട്ടിയ സുഗന്ധത്തെ ദുഷിപ്പിക്കണ്ടാ!

52. ഇടയ്ക്കുവെച്ചു നിർത്തിയാൽ പുരുഷന്മാർക്കുണ്ടാകുന്ന സങ്കടം മനസ്സിലാക്കണമേ!

Digitized By Kerala Sahitya Akademi

പ്രത്യക്ഷവിപ്രിയത്വാൽ—
ച്ചേച്ച്സ്സ്തിരായ്ച്ചമഞ്ഞതാം പ്രേമം,
വെച്ചു തിളപ്പിച്ചാറിയ
വെള്ളംപോലേ വിരസമായ്പ്പോം! 53

തട്ടിപ്പറിക്കാരാൽ തടവിലാക്കപ്പെട്ട സ്ത്രീകളിലൊരുവൾ സ്വഭർത്താവിന്റെ ശൗര്യത്തെക്കുറിച്ചുള്ള മതിപ്പിനെ ഒരാൾ വിവരിക്കുന്നു:

പതിയുടെയിടിവാൾക്കെതിരാം
പടവിൽ ഞാണൊച്ച കേട്ടതോടൊപ്പം,
കൂട്ടുതടവുകാരികളുടെ
കണ്ണീരും തോർത്തിനാൾ തടവുകാരി! 54

ഒരു തടവുകാരിയിൽ അനുരക്തനായ തസ്കരയുവാവ് ഭർത്തൃശൗര്യാഭിമാനിയായ അവൾക്ക് ഉത്സാഹഭംഗം വരുത്താനായി പറയുന്നു:

ഇത,കാലഗർജ്ജിതാംബുദ—
മിടിവാൾ വീഴിച്ചതിന്റെ മാറ്റൊലിയാം;
പതിഞാണൊലിയെന്നു, വൃഥാ
പുളകംകൊള്ളുന്നു തടവുപെണ്ണേ, നീ! 55

ഒരു വേശ്യാമാതാവ് മററു വിടന്മാരെ കൊതിപ്പിക്കാൻ, മകളുടെ അംഗിയായ സൗകുമാര്യവും സുരതക്ഷമത്വവും വെളിപ്പെടുത്തിക്കൊണ്ട്, മുമ്പേത്തെ വിടനെ ശകാരിക്കുന്ന നാട്യത്തിൽ പറയുന്നു:

ആവാ,മാവാമെന്നു—
ക്കെട്ടവിരുതൻ രതി തുലോം മുതിർക്കുകയാൽ,
വാടിയ വാകപ്പൂവുകൾ
പോലായിതി,വൾക്കവയവങ്ങൾ! 56

ഒരുവളുടെ അനുരാഗാതിശയം ദൂതി നായകനെ അറിയിക്കുന്നു:

53. പ്രത്യ...ത്വാൽ=അപ്രിയം നേരെ കാണപ്പെടുന്നതിനാൽ. വിരസം=സ്വാദില്ലാത്തതു്.

54. 'ഇടിവാളൊച്ചയില്ലാത്ത പോർവില്ലിൻ ഞാണൊലി കേട്ടില്ലേ, അതു് എന്റെ ഭർത്താവിന്റേതാണ്. അദ്ദേഹം തസ്കരസംഘത്തെ ജയിച്ചു നമ്മെ തടവിൽനിന്നു വിട്ടുവിക്കും' എന്നു പറഞ്ഞു കണ്ണീരും തോർത്തിനാൾ (കണ്ണീർ തുടച്ചു) കൂട്ടുകാരെയും ആശ്വസിപ്പിച്ചു.

55. അകാ...ദം = അകാലത്തിരമ്പുന്ന മേഘം. ഇതു് ഇടിവാളിന്റെ മാറ്റൊലിയാണ്; ഭർത്താവിന്റെ ഞാണൊലിയാണെന്നു വിചാരിച്ചു നീ ആഹ്ലാദിച്ചു കോൾമയിർക്കൊള്ളുന്നതു വെറുതേ. നിനക്കു മോചനമില്ല. എന്നോടു ചേർന്നുകൊള്ളുക!

56. വാക = നെന്മേനിവാക.

Digitized By Kerala Sahitya Akademi

മററുയുവാക്കളെ നണ്ണാ—
ത,യി പാമര, ലോകരീതിയും തള്ളി
ച്ചുററി നടക്കുകയാണവ—
ളെങ്ങും മിഴിനീട്ടിയങ്ങയെച്ചൊല്ലി! 57

ഭാര്യമാർ വളരെയുള്ള ഒരുവൻെറ സതിയായ ഭാര്യ ശ്വശ്രുവിനോടു ഭർത്താവിൻെറ ശൗര്യവും, അസതികളായ സപത്നിമാരുടെ അഭിസരണോദ്യമവും സൂചിപ്പിക്കുന്നു:

ഇന്നേ പോയാനവിടു—
ന്നി;—ന്നേ നാട്ടാക്കുറക്കമില്ലാതായു്;
ഇന്നേ ഗോദാവരിയുടെ
കരകൾ പരം മഞ്ഞളിച്ചു, മഞ്ഞളിനാൽ! 58

ഒരു കുലീനനവോഢയ്ക്കു് ഒരു ചാച്ചുക്കാരി ഉപദേശം കൊടുക്കുന്നു:

ദേവരനുടെയനുചിതമാം
ഭാവമമഷ്സ്വഭാവനാം പ്രിയനിൽ
പറയില്ല ഗൃഹച്ഛിദ്രം
കരുതിച്ചുടവേല്ല,മുത്തമസ്നുഷയാൾ. 59

കലഹാന്തരിതയായ നായികയുടെ ഉള്ളറിയാൻവേണ്ടി ചോദിച്ച കാന്തനോടു സഖി പറയുന്നു:

ഹൃദയാനീതപ്രിയനൊടു
ചേർന്ന,രിശത്തിൻെറ ഹേതു നണ്ണിയിവൾ
താനേ കലഹിക്കുന്നു;
തോഴികളോ, കേഴ്വു—പരിഹസിപ്പീല! 60

---

57. അയി പാമര = അല്ലയോ കഥയില്ലാത്തവനേ. ലോകരീതി = നാട്ടുമര്യാദ. അങ്ങയെച്ചൊല്ലി = ഭവാനെ ഒന്നു കണ്ടെത്താൻ.

58. അവിടുന്നു്—പോരാളിയായ അദ്ദേഹം പോയപ്പോൾ ആളുകൾക്കു പോരാടിഭയംമൂലം ഉറക്കം വരാതായി എൻെറ ചാരിത്രഹീനകളായ സപത്നിമാർ അഭിസരിക്കാൻ ഒരുങ്ങുകയാണു്: അവർ കുളിക്കാനുപയോഗിച്ച മഞ്ഞൾകൊണ്ടു ഗോദാവരീതീരങ്ങൾ മഞ്ഞനിറത്തിലായിരിക്കുന്നു!

59. ദേവരൻ (=ഭർത്താവിൻെറ അനുജൻ) തന്നെ കാമിക്കുക; ഭർത്താവു് ശുണ്ഠിക്കാരനും. ഈ സ്ഥിതിയിൽ ദേവരൻെറ ദുർവ്വിചാരം ഉത്തമയായ സ്നുഷ (=വധു) ഭർത്താവിൻെറ അടുക്കൽ പറയില്ല. ഗൃഹച്ഛിദ്രം വന്നുകൂടുമെന്നു ശങ്കിച്ചു് (ദുഃഖത്താൽ) മെലിയുകയേ ചെയ്യൂ. നീയും ഇതിൻവിധം ചെയ്യേണമെന്നുപദേശം.

60. ഇവൾ സങ്കല്പംകൊണ്ടു കാന്തനെ വരുത്തി, താനേ (മററാരുമില്ലാതെ) കലഹിച്ചുപോരുന്നു; അവളുടെ മനസ്സംഗാതിശയം കണ്ടിട്ടു് സഖിമാർ പരിഹസിക്കുന്നതിനുപകരം സങ്കടപ്പെട്ടു കരയുകയാണു ചെയ്യുന്നതു്!

Digitized By Kerala Sahitya Akademi

ഗൂഢസമാഗമാഭിലാഷിയായ നാഗരികനോട് ഒരു കലീനയായ അഭിസാരിക വൈദഗ്ധ്യത്തോടേ പറയുന്നു:

ഹൃദയജ്ഞരുമായ്ച്ചെയ്യുവ—
തവസാനിക്കായ്കിലും വരുന്ന സുഖം,
ഇതരരുമായ്ച്ചെയ്യുവത—
ങ്ങവസാനിച്ചാലുമുളവാകാ! 61

പോകാൻ തുടങ്ങുന്ന കാന്തനെ നിർത്താൻ, നായിക വർഷകാലാരംഭം സൂചിപ്പിച്ചുംകൊണ്ടു പറയുന്നു:

ഒട്ടു തുറന്നൊരു ചിപ്പിയ—
ളക്കിലെഴുന്നരണവാൽ മുനയ്ക്കൊപ്പം,
നോക്കുചി,നണ്ടി പഴത്തൊരു
മാങ്ങയിൻ ഞെട്ടി വെളിയിലെയ്യെത്തി! 62

ഒരു യുവതി സങ്കേതഗൃഹത്തിന്റെ ജീർണ്ണതയും ജനസഞ്ചാരമില്ലായ്മയും സൂചിപ്പിച്ച്, ജാരന്റെ പേടിയും വെമ്പലും ശമിപ്പിക്കുന്നു:

മച്ചിലെ മാറാലയിലൊരു
ലൂതയിതാ, കാല്ലും പൊക്കി നില്ക്കുന്നു,
ഒററയിലഞ്ഞിപ്പൂവൊരു
ചെറുനൂലിൽക്കോർത്തതിന്നൊപ്പം! 63

പഴയ കോവിലിൽ ആരുമുണ്ടാകയില്ലെന്നു് ഒരു കുലട ജാരനെ സങ്കേതം അറിയിക്കുന്നു:

മുകളിലൊരിത്തിരി കാണും
കോൽമേലമരും പിറാക്കളെത്തന്നൊലിയാൽ,
നൊന്തുഞരങ്ങുകയാണോ,
ശൂലത്തിൽക്കോർത്തപോലെയാം കോവിൽ! 64

''ഭർത്താവിനു തന്നെ സ്നേഹംതോന്നാത്ത ഒരു ദുർഭഗയായ എന്നെക്കൊണ്ടു് താങ്കൾക്കെന്തുവേണം'' എന്നു നിരസിക്കുന്ന നായികയോടു് കാമുകൻ യുക്തിവാദം തുടരുന്നു:

അൻപില്ല നിന്നിലായാൾ—
ക്കെങ്കിൽ,ത്തളരാതുറങ്ങുകെന്നേ നീ,

---

61. ഹൃദയജ്ഞർ = ഉള്ളറിഞ്ഞവർ.
63. ലൂത = മാറാലപ്രാണി; ചിലന്തി.
64. താഴികക്കുടം വെച്ചിരുന്നതാണു്, കോൽ; താഴികക്കുടം ഉടഞ്ഞുപോയിരിക്കുന്നു. കോലിനെ അമ്പലത്തിന്റെ ഉള്ളിലേക്കു കുത്തിയിറക്കപ്പെട്ട ശൂലത്തിന്റെ അഗ്രമാക്കിക്കല്പിച്ചിരിക്കുന്നു. നൊന്തു—ശൂലം കുത്തിയിറക്കിയതിനാൽ വേദനപ്പെട്ടു്.

Digitized By Kerala Sahitya Akademi

പുതുപാൽ കുടിച്ചു മത്തേ—
ന്തിയൊരെരുമക്കുട്ടിപോലെ നിച്ചലുമേ! 65

പ്രോഷിതഭർത്തൃകയായ കുലടയോട് ഒരു ചാർച്ചക്കാരി അപവാദഭയത്താൽ പറയുന്നു:

നെടിയ ഹിമാഗമനിശകളി—
ലിടമുറിയാതെ കിടന്നുറങ്ങാം തേ;
സുചിരപ്രോഷിതപതികേ,
സമുചിതമല്ലാ, പകലുറക്കം. 66

''കാല്ക്കളിൽ ചളിപററാതിരിപ്പാനാണ്, സ്നേഹത്താലല്ല ഇവളെന്റെ കാലടിപ്പാടുകളിൽ കാൽവെച്ചു നടന്നതു്,'' എന്നിങ്ങനെ വാസ്തവം മറയ്ക്കാൻ നോക്കുന്ന യുവാവിനോട് ഒരുവൻ ചോദിക്കുന്നു:

ചളികരുതിയാണു, നിൻകാ—
ലടിയിൽക്കഴൽവെച്ചതലസഗതയെങ്കിൽ,
സുഭഗ, ഭവാനുടെയുടലിതു
പുളകിതമായ്ത്തീർന്നതെന്തുകൊണ്ടാവാം? 67

അത്യന്തരക്തനെങ്കിലും അറുപിശുക്കനായ വിടനെ ഒഴിപ്പാൻ വേശ്യാമാതാവ് മകൾക്ക് ഒരുപദേശമായിവരുമാറു പറയുന്നു:

വിലസാ വൈകിയൊരുത്സവ,—
മതിപുലർകാലത്തു വാർമതികണക്കേ;
പരിണതിവിരസം കാമം—
പോലെ,യനൗദാര്യമാം പ്രമോദവുമേ! 68

ആരംഭത്തിൽത്തന്നേ ഇണക്കവും പിണക്കവും വിദഗ്ദ്ധർക്കു മനസ്സിലാവുമെന്നതിന്നു് ഒരുവൻ ഉദാഹരണം പറയുന്നു:

കരതാർ പിടിക്കുമളവേ
ഗിരിജാസൗഭാഗ്യമാളിമാർ കണ്ടു,

---

65. അയ്യോ കഷ്ടം നിങ്കൽ സ്നേഹമില്ലെങ്കിൽ, നീ രാത്രി മുഴുവൻ ഉറങ്ങുക തന്നെയോ? വേറെയില്ലേ പുരുഷന്മാർ? നിച്ചലും = നിത്യം.

66. ഭർത്താവ് ഏറെനാളായി അകലത്തു പോയിരിക്കുന്നു; ഹേമന്തത്തിലെ നീണ്ട രാത്രികളിൽ അവിച്ഛിന്നമായി ഉറങ്ങാം എന്നിരിക്കെ, ഇങ്ങനെ പകലുറങ്ങിയാൽ, ആളുകൾ എന്തെല്ലാം പറഞ്ഞുണ്ടാക്കില്ല?

67. അലസഗത(മന്ദഗാമിനി)യ്ക്ക് ഒരു പുരുഷന്റെ വേഗത്തിൽ നടക്കുക തന്നെ പ്രയാസം. അവൾ കാലടിപ്പാടിൽ കാൽ വെച്ചതിനാൽത്തന്നെ കാമുകൻ കോൾമയിർക്കൊണ്ടുപോയി!

68. പരിണതിവിരസം = അവസാനത്തിൽ വിരസമായിത്തീരുന്ന. ഔദാര്യം (പണം കൊടുക്കൽ) ഇല്ലാത്ത സന്തോഷം ശോഭിക്കില്ല; നേരം നന്നെ വെളുത്താൽ ചന്ദ്രനും, സമയത്തല്ലാത്ത ഉത്സവവുമെന്നപോലെ നിറംകെട്ടിരിക്കയേ ഉള്ളൂ!

Digitized By Kerala Sahitya Akademi

ഗിരിശൻ വാസുകിവളയെ-
പ്പെരുതകലത്തേയ്ക്കു നീക്കുകയാൽ! 69

ദൂരത്തേക്കു പോയ ഭർത്താവു്, മഴ തുടങ്ങുമ്പോഴേക്കും തിരിച്ചു വരാമെന്നാണു് പ്രതിജ്ഞചെയ്തിരിക്കുന്നതു്; അതിൻപ്രകാരം വന്നെത്താത്തതിനാൽ വല്ലായ്മപ്പെടുന്ന നായികയെ സഖി സമാശ്വസിപ്പിക്കുന്നു:

ഇവ, വേനലിൽ വനദഹന-
ക്കരികൊണ്ടു കറുത്ത വിന്ധ്യശിഖരങ്ങൾ;
പ്രോഷിതപതികേ, മാഴ്കാ-
യ്കു, ഭിനവവർഷാംബുദങ്ങളല്ലല്ലോ! 70

പ്രഥമസംഗമത്തിൽത്തന്നേ അത്യനുരാഗം കാണിക്കുന്ന ബഹുഭാര്യനായ പ്രിയതമനെ നായിക വിലക്കുന്നു:

എത്രയ്ക്കു സാദ്ധ്യമെന്നാ-
ലത്രയ്ക്കേ നല്ലവേണ്ടു മേ പ്രണയം;
പ്രീതി നിലച്ചാൽ വരുമഴ-
ലെല്ലാവർക്കും സഹിക്കവയ്യല്ലോ! 71

''പ്രിയേ, ഇപ്പോഴും എന്താണീ മുഷിച്ചിൽ'' എന്നു ചോദിച്ച പ്രിയനോടു് ഒരു മാനവതിയുടെ മറുപടി:

പ്രിയമാരേറിയ പുരുഷ-
ന്നരിമപ്പെട്ടോൾക്കൊരഞ്ചുനാൾ തേടാം;
ആറാമതെന്തു തേടാം;
പാരിൽ വെട്ടപ്പും പരപ്പുമെങ്ങുള്ളു? 72

ഒരുവൾ സ്വഭർത്താവിനു് അന്യാംഗനാസക്തിക്കവകാശമില്ലെന്നു സമർത്ഥിച്ചുകൊണ്ടു്, തന്റെ സൗഭാഗ്യത്തെയും അനുരാഗാധിക്യത്തെയും വെളിപ്പെടുത്തുന്നു:

എന്നുടെയേതേതംഗം
കണ്ണിമവെട്ടാതെ നോക്കുമദ്ദേഹം,

69. പാർവ്വതിക്കു ഭയം തോന്നാതിരിപ്പാനാണു്, വാസുകി (പാമ്പു) വളയെ അകലത്തേക്കു നീക്കിയതു്; ഇതുകൊണ്ടറിയാം, ഗിരിജയുടെ സൗഭാഗ്യം (= ഭർത്തൃപ്രിയാത്വം).

70. പ്രോഷിതപതികേ = പതി (ഭർത്താവു്) അകലെപ്പോയിരിക്കുന്നവളേ. വനദഹനൻ = കാട്ടുതീയു്.

71. സഹിക്കുന്നവരുണ്ടാകാം; ഞാനാളാവില്ല! പ്രീതി = പ്രേമം.

72. മൂലം സന്ദിഗ്ദ്ധം.

Digitized By Kerala Sahitya Akademi

അതത്തു മറസ്സും ഞാനാ,—
സ്സുഭഗൻ കാണേണമെന്ന കാംക്ഷയൊടേ! 73

കലഹാന്തരിതയായ നായികയെ കനിയിപ്പാൻ പ്രിയനെ സഖി പ്രോത്സാഹിപ്പിക്കുന്നു:

മുറുകെ മുഷിഞ്ഞാലുമിവരം—
രരിമപ്പെട്ടോനിലുള്ളതാമരിശം
കുരുകുരനെച്ചോർന്നിടുമേ,
നിറയെക്കയ്യിൽപ്പിടിച്ച മണൽപോലേ! 74

ഒരുവരം സമയദൈൎഘ്യത്തിന്നായി, പ്രിയനെ മററൊന്നിൽ ശ്രദ്ധിപ്പിക്കുന്നു:

നോക്കുക; തത്തപ്പറവ—
പ്പരിഷയിതാ, മുകളിൽനിന്നിറങ്ങുന്നു,
ഗഗനശ്രീഗളവിഗളിത—
മരകതമാണിക്യകണ്ഠികകണക്കേ! 75

കററം ചെയ്ത ഭർത്താവിനോടൊപ്പം തടവിലിടപ്പെട്ട ഒരുവരം ജാരപ്രേഷിതയായ ദൂതിയോടു പറയുന്നു:

പരദേശബന്ധനവും
പരിതാപദമല്ലെനിക്കു ദുർഗ്ഗതിയും,
പ്രണയികളഭിലഷിതാർത്ഥം
നേടാതെ തിരിച്ചുപോവതിന്നൊപ്പം! 76

ഒരു വഴിപോക്കനെന്ന നാട്യത്തിൽ രാത്രിയിൽ ഇറയത്തു വന്നുകിടക്കുന്ന ജാരനെപ്പററി കുലടയോടു ദൂതി പറയുന്നു:

കാട്ടിൽ മരത്തടി കത്തി—
ച്ചുടൽ കാക്കാം, ഗ്രാമസീമ്നി പുൽകൊണ്ടും;

---

73. മറസ്സുന്നതോടുകൂടിത്തന്നെ, അദ്ദേഹം കാണണമെന്നു ഞാനാശിക്കുക
യും ചെയ്യും!

74. കുരുകുരനെ—മണൽ ചോന്നുപോകുമ്പോഴത്തെ ഒച്ച. അരിമപ്പെ
ട്ടോൻ = പ്രിയൻ.

75. ഗഗ...കണ്ഠിക = ഗഗനശ്രീയുടെ (ആകാശലക്ഷ്മിയാകുന്ന സുന്ദരി
യുടെ)കണ്ഠത്തിൽനിന്നൂർന്നുവീണ മരകതമാണിക്യങ്ങൾകൊണ്ടുള്ള കണ്ഠിക (ക
ണ്ഠാഭരണം). തത്തകളുടെ പച്ചവർണ്ണത്തെ മരകതത്തോടും ചുവന്ന കൊക്കിനെ
മാണിക്യത്തോടും ഉപമിച്ചിരിക്കുന്നു.

76. മറുനാട്ടിൽ തുറുങ്കിൽക്കിടക്കുക, ദുർഗ്ഗതി (ദാരിദ്ര്യം) എന്നിവ സഹി
ക്കാം; പ്രണയികൾ (=സ്നേഹമുള്ളവർ) ചെയ്ത അപേക്ഷയെ നിറവേററാതെ,
അവരെ വൃഥാ തിരിച്ചയയ്ക്കുക എന്നതാണ്, എനിക്കു സഹിക്കവയ്യാത്ത സങ്കടം!

Digitized By Kerala Sahitya Akademi

നഗരത്തിലോ, തണുപ്പാ—
ലഴൽപൂണ്ട വിറയ്ക്കയാണു വഴിപോക്കൻ! 77

ഒരു നാഗരികൻ ഒരു കാമിനിയെ പ്രലോഭിപ്പിപ്പാൻ തന്റെ വിദഗ്ദ്ധകാമുകതയെ വെളിപ്പെടുത്തുന്നു:

ചൊടി തൊടവേ തല കുതറി-
ക്കറുനിരകളുലഞ്ഞ തന്വിതൻ വദനം
ഞാനോക്കന്നേൻ, പരിമള—
തരളാളിപരീതനളിനസമം! 78

ഒരു വിടൻ കൂട്ടുകാരനെ പ്രലോഭിപ്പിപ്പാൻ, ഒരുത്തിയുടെ സൗന്ദര്യഗർവിനെ സൂചിപ്പിക്കുന്നു:

ഉത്സാഹേന സപത്നിക—
ളുത്സവകാലേ കളിച്ചണി ധരിക്കേ,
നീരാടാൻ തുനിയാതേ
ചാരുതയെക്കാട്ടിനാൾ വധൂരത്നം! 79

ഒരു ഋതുസ്നാതയുടെ ദേഹശുചീകരണോദ്യമം കണ്ടിട്ട്, ഒരു കാമി ചോദിക്കുന്നു:

കളിമഞ്ഞൾ ചേർന്ന ചീപ്പിൻ
മുനയിടകളിൽ നേർത്തുമൂർത്ത മുളമുള്ളാൽ
കുത്തി വെടുപ്പുവരുത്തും
നീയിന്നെവനെക്കൃതാർത്ഥനാക്കീടും? 80

വിദേശത്തേക്കു പോകാൻ തുടങ്ങുന്ന നായകനെ നിർത്താനായി നായികാസഖി ഉദ്ബോധിപ്പിക്കുന്നു:

ഇടിയും കാണാതായാ—
ല,ധികം കണ്ടാലുമിടിയുമനുരാഗം,
ഏഷണിക്കൂട്ടന്നോരുടെ
പാഴ്വചനത്താലുമിങ്ങിടിയും. 81

77. നഗരത്തിലാകട്ടെ, മരത്തടിയും കിട്ടില്ല, പല്ലും (വയ്ക്കോലും) കിട്ടില്ല. ഈ സാധുവഴിപോക്കനെ തണുപ്പിൽനിന്നു രക്ഷിപ്പാൻ നീതന്നെ വേണം!

78 പരി...സമം=സുഗന്ധംമൂലം പാറിപ്പറക്കുന്ന വണ്ടുകളാൽ ചുററപ്പെട്ട താമരപ്പൂവിനു തുല്യം. വദനത്തിന്റെ വിശേഷണം.

79. അണി = ആഭരണം. സ്വഭാവസുന്ദരമായ ആകൃതിക്കെന്തിനു് സ്നാനാലങ്കരണാദികൾ? ചാരുത = സൗന്ദര്യം.

80. കളിമഞ്ഞൾ—കളിക്കുമ്പോൾ ഉപയോഗിച്ച മഞ്ഞൾ. ചീപ്പ്— തലമുടി ചീകുന്ന സാധനം. ഇത്രയും ശുചിത്വം വരുത്തുന്ന നിന്നെ ഇന്നു് ഏതൊരു ഭാഗ്യവാൻ പുണരും?

81–82. സ്നേഹഭംഗകാരണങ്ങൾ; അവ ആരാരിൽ ഫലിക്കുമെന്നും.

Digitized By Kerala Sahitya Akademi

കാണാതായാൽ സ്ത്രീകരം—
ക്കധികം കണ്ടാൽ നികൃഷ്ടപുരുഷന്നും,
ഏഷണിക്കുട്ടന്നോരുടെ
പാഴ്വചനത്താൽ ഖലന്നമജ്ഞന്നും. 82

പ്രഥമഗർഭയായ നായിക പ്രസവജന്യമായ യൗവനക്ഷയത്തിലും സ്നേഹിക്കപ്പെടേണ്ടവൾതന്നെ എന്നു സഖി നായകനെ ധരിപ്പിക്കുന്നു:

'ഉന്നതമാം നിലയിതിൽനി—
ന്നുദരോപരി വീഴ്കിൽ നാശമൽപ്പെട്ടമേ'
എന്നോർക്കുമ്പോളമാവാം,
മുലകൾക്കു മുഖം കറുത്തിടുന്നതഹോ! 83

കാമുകൻെറ അനുരാഗാതിശയത്തെ ദൂതി നായികയോടു പറയുന്നു:

നിന്നെ നിനച്ചുത്രമെലി—
ഞ്ഞിരിപ്പു, സദ്ഭാര്യനക്കൃഷകപുത്രൻ;
ഈർഷ്യാവതിയാം പത്നിയു—
മവനു ശുഭേ, ദൂതിയായ്ച്ചമഞ്ഞല്ലോ! 84

കലഹിതയായ നായിക വൈകിച്ചെന്ന കാന്തനെ സസ്നേഹം ശകാരിക്കുന്നു:

മര്യാദയോർത്തു വന്നവ—
നെങ്കിലുമെന്നെബ്ഭവാൻ സുഖിപ്പിപ്പൂ;
സുഭഗ, ഭവാൻ പ്രണയത്താൽ—
ച്ചെന്ന വധൂകളുടെ സൗഖ്യമെന്താവും! 85

പ്രഹരിക്കപ്പെട്ടിട്ടും ഭർത്താവു തുല്യം ഉപചരിക്കുന്നു എന്നിങ്ങനെ, ഒരുത്തി തൻെറ സൗഭാഗ്യത്തെ പ്രഖ്യാപിക്കുന്നു:

---

83. ഉദരോപരി = വയറിന്മേൽ. ഉന്നതസ്ഥിതിയിൽനിന്നു വയറിന്മേൽ വീഴുക (വയറു പോററാൻ വഴി നോക്കേണ്ടിവരിക)യാകുന്ന ദുർദ്ദശപററിയാലത്തെ സങ്കടം ചെറുതല്ലല്ലോ!

84. സദ്ഭാര്യൻ = നല്ല (സുന്ദരിയായ) ഭാര്യയുള്ളവൻ. കൃഷകപുത്രൻ = കൃഷിക്കാരൻെറ മകൻ. കർഷകയുവാവു് ഈർഷ്യയുള്ള ഭാര്യതന്നെ ദൂതിയായി പുറപ്പെട്ടതു് ഭർത്തൃമരണഭയത്താലാണല്ലോ; ഇത്രയും കഷ്ടത്തിൽപ്പെട്ടിരിക്കുന്ന ആ യുവാവിനെ നീ കൈക്കൊള്ളാഞ്ഞാൽ നിനക്കു നരഹത്യാപാപം പററും! ശുഭേ = സുന്ദരി. അവൻെറ ഭാര്യ സുന്ദരിയായിരിക്കേ, അവൻ നിന്നെ കാമിച്ചതു്, നിൻെറ സൗന്ദര്യാധിക്യംകൊണ്ടുതന്നെ എന്നു സ്തുതി ധ്വനിക്കുന്നു.

85. ഭവാൻ എൻെറ അടുക്കൽ വന്നതു മര്യാദ കരുതി മാത്രമാണു്; എന്നിട്ടും എനിക്കെത്ര മനസ്സുഖം; അപ്പോൾ ഭവാൻ സ്നേഹംകൊണ്ടു പ്രാപിച്ച വധുക്കൾക്കു് (സ്ത്രീകളുടെ) സുഖം എന്തായിരിക്കും!

Digitized By Kerala Sahitya Akademi

ർച്ചേനൊരുകയ്യാൽ ഞാൻ;
നോവറുവാനുതിനാനവനതിന്മേൽ;
മറേറക്കൈകൊണ്ടവനുടെ
കണ്ഠത്തെച്ചുററിനേൻ, ചിരിച്ചഥ ഞാൻ! 86

പ്രണയകലഹത്താൽ ഇറങ്ങിപ്പോയി, കാന്തനാൽ അനുഗമിക്കപ്പെടുന്ന നായികയെ സഖി പിന്തിരിപ്പിക്കുന്നു:

അരിശനടിപ്പോടിഹ പി-
ന്തിരിഞ്ഞു നിൻ പൃഷ്ഠജാതരോമാഞ്ചം,
മനമഭിമുഖമാണെന്നു
ചൊല്ലിക്കൊള്ളും, വരുന്ന കണവനൊടായ്! 87

ദീർഘരോഷംപൂണ്ട നായികയ്ക്കു് ഒരുപദേശമാകുമാറു് മറെറാരു മാനിനിയെ സഖി പുകഴ്ത്തുന്നു:

അനുനയവിധിയാൽ മുഴുവനു-
മററിട്ടില്ലരിശമെന്നറിയിപ്പാൻ,
വിജനത്തിലുമൊരൊരുത്തക്കം
നിലനിർത്തുമവൾക്കുതന്നെ വിരുതേററം. 88

ഒരുത്തിയിൽത്തന്നെ അനുരാഗമിയന്ന ബഹുഭാര്യനായ നായകനോടു് ഒരുവൾ കൃഷ്ണനോടെന്നപോലെ പറയുന്നു:

രാധയുടെ കണ്ണിലെപ്പൊടി-
യൂതിക്കളയുന്നതോടുകൂടിയഹോ,
ഈ മററിടയത്തികളുടെ
മേന്മയകററുന്നതുണ്ടു നീ കൃഷ്ണ! 89

പലവുരു കുററംചെയ്തിട്ടു് മാപ്പുചോദിക്കുന്ന കാന്തനോടു് ഈർഷ്യാവതിയായ നായിക പറയുന്നു:

ചെയ്തവയോ, സുഭഗ, ഭവാൻ
ചെയ്വവയോ ചെയ്യുവാനിരിപ്പവയോ,

---

86 അതിന്മേൽ— തച്ച കൈയിന്മേൽ. അതു നൊന്തുവോ എന്ന മട്ടത്തിലാണു് ഊതിയതു്.

87. നിൻെറ പൃഷ്ഠജാത (പുറത്തുണ്ടായ) രോമാഞ്ചം കണ്ടാൽ കാന്തനു മനസ്സിലാവും, നിൻെറ മനസ്സ് അനുകൂലംതന്നെയാണെന്നു്; അതു കാണത്തക്കവണ്ണം പിന്തിരിഞ്ഞു പോന്നുകൊള്ളുക. അപ്പോൾ കണവൻ പിറകേ വന്നുകൊള്ളും.

88. അനുനയവിധി = പ്രസാദിപ്പിക്കൽ.

89. രാധയുടെ കണ്ണിലെ പൊടി പോകുന്നതോടൊപ്പം മററിടയത്തികളുടെ മേന്മയും പോകുന്നു; കൃഷ്ണനു് രാധയിങ്കലാണു് അധികം സ്നേഹമെന്നു കാണുന്നതു് അവൾക്കൊരു കുറച്ചിലല്ലേ?

Digitized By Kerala Sahitya Akademi

അപരാധങ്ങളിലെവ ഞാൻ,
പറക, പൊറുക്കേണ്ട ലജ്ജകെട്ടവനേ! 90

ദുർവ്വിദഗ്ദ്ധനായ നായകനു ദൂതി ഉപദേശം നല്കുന്നു:

എവർ കാട്ടാ പ്രഭുഭാവം,
കുപിതയെയെവർ ദാസർപോലെ കനിയിക്കും,
അവരേ പ്രിയരംഗനമാ-
ർക്കെ;—ജമാന്മാർ, മററു പാവങ്ങൾ. 91

പ്രിയതമ ഗർഭിണിയായപ്പോൾ പ്രേമം കുറഞ്ഞുതുടങ്ങിയ നായകനെ ഭ്രമരാപദേശേന ദൂതി പഴിക്കുന്നു:

മുമ്പാദരവാൽ വണ്ടേ,
വിഹരിക്കാറില്ല മററു പൂക്കളിൽ നീ;
ഇന്നു,ദിതഫലഭരത്താൽ—
ക്കനത്ത മാലതിയെ നീയുപേക്ഷിപ്പൂ. 92

ഒരു നാഗരികനുവേണ്ടി ദൂതിയായ്ച്ചെന്നു് ആയാളുടെ സൗന്ദര്യം വർണ്ണിച്ച അമ്മായിയോട്, ആയാളിൽ അനുരക്തയായ നായിക പറയുന്നു:

അമ്മായി, മതിവരേസ്സും
കാണേണ്ടുന്നവനെയൊന്നു കണ്ടതിനാൽ
തീർന്നില്ല തൃഷ്ണയെ മമ
കിനാവിൽ വെള്ളം കുടിക്കയാൽപോലേ. 93

''നമ്മുടെ സങ്കേതസ്ഥാനമായിരുന്ന പേരാൽമരം പുഴങ്ങിവീണുപോയി; നാം വേറെ സങ്കേതം കണ്ടുപിടിക്കണം.'' എന്നു ജാരനെ ധരിപ്പിപ്പാൻ, ഒരു കുലട സജ്ജനപ്രശംസാവ്യാജേന പറയുന്നു:

എവിടമലംകൃതമായ് ന-
ല്ലവരാല,വർ വിട്ടകിലസ്ഥലംതന്നേ,
ഊരിന്നരികത്തിൽക്കടെ—
പുഴങ്ങി വീണോരു വടമരംപോലാം! 94

''എന്നെ ഓർമ്മിക്കണേ!'' എന്നു യാത്രപറഞ്ഞു പോകാൻ തുടങ്ങുന്ന പ്രിയനോടു നായിക പറയുന്നു:

---

91 പ്രഭുഭാവം = പ്രഭുത്വം.

92. ആദരവാൽ—മാലതിയെ (പിച്ചകവള്ളിയെ)ക്കുറിച്ചുള്ള ബഹുമാനത്താൽ. നായികയുടെ ഗർഭാലസ്യം, ഉപരിസുരതാക്ഷമത്വം എന്നിവ ധ്വനിക്കുന്നു.

93 തൃഷ്ണയെ (= ഇച്ഛ, ദാഹംതടന്ന) തീർന്നില്ല (ശമിച്ചില്ല). സ്വപ്നത്തിൽ കുടിച്ച വെള്ളംകൊണ്ടു ദാഹം മാറില്ലല്ലോ.

94. ഊരു് = ഗ്രാമം. വടമരം = പേരാൽവൃക്ഷം.

Digitized By Kerala Sahitya Akademi

ഹൃദയത്തിൽനിന്നു ഞൊടിയിട-
യെങ്കിലുമൊഴിവോനെയല്ലി,യോക്കേണ്ടു?
ഓക്കേണ്ടിവരുവതോടേ
നടകൊണ്ടുകഴിഞ്ഞു രാഗമശരണമായ്. 95

സ്നേഹക്കുറവുമൂലം കാണത്തന്നെ ചുരുങ്ങിയ നായകനെ ഇണക്കുവാൻ ദൂതി നായികയുടെ അനുരാഗാതിശയം വർണ്ണിക്കുന്നു:

ന്യാസംപോലേ നിന്നുടെ
ദന്തക്ഷതമണ്ഡലം കവിളിലിന്നും
പുതുപുളകവേലികെട്ടി-
സ്സംരക്ഷിക്കുന്നു, സാധു പൈതലവൾ. 96

''കാര്യഗൗരവത്താലാണ് കാന്തൻ നിശ്ചിതസമയത്തു വരാത്തതെ''ന്നു് ആശ്വസിപ്പിക്കുന്ന അമ്മായിയോടു് നായിക നിർവ്വേദത്തോടും അസൂയയോടുംകൂടി പറയുന്നു:

മാംപൂ കണ്ടേൻ, മധുമണ-
മേറേറൻ, തെങ്കാററിനെസ്സഹിച്ചേൻ ഞാൻ;
കാര്യങ്ങൾതന്നെ വലിയവ!-
ക്കാരിൽ സ്നേഹമമ്മായി? 97

''ഭർത്താവു് എപ്പോഴും അരികത്തുള്ളതിനാൽ, അദ്ദേഹം മറുനാട്ടിൽപ്പോയി തിരിച്ചെത്തിയാലത്തെ രസം നീ അനുഭവിച്ചിട്ടില്ല'' എന്നഭിപ്രായപ്പെട്ട സഖിയോടു് സ്വാധീനഭർത്തൃകയായ നായിക പറയുന്നു:

വിഹരിച്ചിട്ടൊരടി ഗമി-
ച്ചദ്ദേഹം പുണരുവാൻ തിരിച്ചണകേ
പ്രോഷിതഭർത്തൃകയാം ഞാ-
ന;-ദ്ദേഹം ഹാ, പ്രവാസിയുമാം. 98

ഒരു യുവാവിങ്കൽ അഭിലാഷം ജനിച്ച വേശ്യ സ്വഭർത്താവിനെക്കുറിച്ചു് വൈരാഗ്യം സൂചിപ്പിക്കുന്നു:

95. രാഗം = പ്രേമം. അശരണം = നിരാലംബം.

96. ന്യാസം = സൂക്ഷിപ്പാൻ ഏല്പിക്കപ്പെട്ട വസ്തു. ദന്തക്ഷതമണ്ഡലം = വട്ടത്തിലുള്ള ദന്തവ്രണത്തിന്റെ വട്ടം.

97. ഒരു വിരഹിണി മാമ്പൂവു കാണുകയും മററും ചെയ്യുന്നതു നിസ്സാരം; കാര്യങ്ങൾ വലിയവയും! തെൻകാററു് = ദക്ഷിണാനിലൻ. ആക്കും ആരിലുമില്ല, സ്നേഹം!

98. പ്രവാസി = മറുനാട്ടിൽപ്പോയവൻ. സഖി പറഞ്ഞ രസം അവൾ നിത്യം അനുഭവിക്കുന്നുണ്ടു്.

Digitized By Kerala Sahitya Akademi

അതിമാത്രദർശനീയത,
സമസുഖദുഃഖത,മുററസദ്ഭാവം,
തങ്ങളിലൊട്ടിയ മനവും
ചേർന്നവർ സുകൃതൈകസംപ്രാപ്യർ. 99

''ദ്രോഹിക്കുന്ന ഭർത്താവിനെ ഇത്ര സ്നേഹിക്കയോ'' എന്നിങ്ങനെ കുറ്റപ്പെടുത്തുന്ന ദൂതിയെ പതിവ്രത തട്ടിനീക്കുന്നു:

സ്നേഹിക്കപ്പെട്ട ജനം
ദ്രോഹിക്കുവതും സുഖപ്രദംതന്നേ.
പ്രിയനുടെ നഖക്ഷതത്താൽ
നോവുകിലും കൊങ്ക കോൾമയിർക്കൊൾവു! 100

രസികപ്രിയമായ്ക്കവിവര-
കവിവത്സലമുഖ്യർ തീർത്തൊരെഴുനൂറിൽ
ഒന്നാമത്തെഗ്ഗാഥാ-
ശതകമിതാ, പൂർണ്ണമായ്ത്തീർന്നു.

രണ്ടാം ശതകം

മാനം (ഈർഷ്യാകോപം) നടിച്ചു നായകൻെറ അനുനയത്താലുള്ള സുഖമനുഭവിക്കാൻ നായികയോടുപദേശിക്കുക എന്നു പറഞ്ഞ ഒരുത്തിയോടു് നായികാസഖിയുടെ മറുപടി:

ആളികളുപദേശം സദയ-
മാക്കിയതാക്കിയതു ചോർന്നുപോകുന്നു,
അവളുടെയലർശരശരമേ-
ററോട്ടപ്പെട്ടുള്ള ഹൃദയത്തിൽ! 1

നിശ്ചയിക്കപ്പെട്ട നദീതീരസങ്കേതസ്ഥലത്തിന്നു വെള്ളപ്പൊക്കംമൂലം തകരാറുപററിയതു, ജാരൻ കേൾക്കെ, നായിക സഖിയോടു പറയുന്നു:

കരയിൽ കുട്ടിലിരിക്കും
ചെറുകുട്ടികളെബ്ഭരിപ്പതിൽത്തന്നേ
കരൾവെച്ചു കാകി കരുമന
കരുതാതെയൊലിച്ചിടുന്നു നീക്കത്തിൽ! 2

ഇരിപ്പപ്പൂവറുക്കാനെന്ന വ്യാജേന അഭിസരിച്ച ഒരു കുലട, തനിക്കു സുചിരം രമിപ്പാനുള്ള താൽപര്യം ജാരനെ ധരിപ്പിക്കാൻ വേണ്ടി, ഇരിപ്പവൃക്ഷത്തോടപേക്ഷിക്കുന്നു:

99. സദ്ഭാവം = ഉള്ളിൽ തട്ടൽ.
2. കാകി = പെൺകാക്ക. സ്ത്രീകളുടെ സ്നേഹദാർഢ്യവും ധ്വനിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

വമ്പിച്ച പൂക്കനത്താൽ—
ക്കൊമ്പുകൾ തറ തൊട്ട നീ കനിഞ്ഞാലും;
നിൻപോക്കു മെല്ലെ വേണം,
സംഭൃതഗോദാതടീമധുകതരോ! 3

ഒരിരിപ്പമരത്തിന്റെ അരികത്തുള്ള വള്ളിക്കുടിൽ ഒരുത്തിക്കു സങ്കേതമായിരുന്നു; ആ മരത്തിന്മേൽ പൂവില്ലാതായാൽ, പൂവറുക്കാനെന്ന വ്യാജേന അവിടെ ചെല്ലുക വയ്യാതാവും. അതുകൊണ്ട്, അതിന്മേൽ ശേഷിച്ച കുറേ പൂക്കൾ ദുഃഖിച്ചു കരഞ്ഞുകൊണ്ടാണ് അവൾ നുള്ളിയെടുക്കുന്നത്. അതു കണ്ടിട്ട് ഒരു നാഗരികൻ കൂട്ടുകാരനോടു പറയുന്നു:

ബാക്കിയിരിപ്പപ്പൂനിര
കണ്ണുഴലാൽക്കേണുകൊണ്ടു കുലടയിവൾ
ചിതയിലൊരു ബന്ധുതന്നുടെ—
യസ്ഥിപെറുക്കുന്നപോലറുക്കുന്നു! 4

പ്രേമസ്ഥൈര്യമില്ലാത്ത നായകന്റെ വാക്കു സ്വീകരിക്കാത്ത നായികയെ അയാളിൽ ഇണക്കാൻവേണ്ടി ഒരു വിദഗ്ദ്ധൻ മനസ്സിനോടെന്നപോലെ പറയുന്നു:

അരുവിയിലൊലിച്ചുപോകു—
ന്നൊരു നെടുമരമുട്ടിപോലെ മനമേ, നീ
അങ്ങിങ്ങു പററി നിന്നാൽ—
ക്കത്തികപ്പെട്ടുപോയേക്കും! 5

ബഹുഭാര്യനായ നായകന്നു ഒരു ഭാര്യയിൽ അധികം പ്രേമമുള്ളതിനെ ഒരുവൾ പറയുന്നു:

അവളുടെ ചുണ്ടിൻ യാതൊരു
തുടുനിണമോ രാത്രിയിൽ പ്രിയൻ പോക്കീ,
അതുതാൻ സപത്നിമാരുടെ
മിഴിയിൽക്കാണായി പുലർകാലേ! 6

3 തറ = നിലം. പോക്കു = പൂക്കൾ കൊഴിഞ്ഞുപോകൽ. പൂക്കൾ കൊഴിഞ്ഞാൽ കനം നീങ്ങി കൊമ്പുകൾ ഉയരും, മറവില്ലാതാകുമല്ലോ. സംഭൃതം = അടിച്ച. ഗോദാതടീ = ഗോദാവരീതീരം. മധുകതരു = ഇരിപ്പവൃക്ഷം.

4. ഒരു ബന്ധുവിന്റെ അസ്ഥിസഞ്ചയനം അനുഷ്ഠിക്കുമ്പോൾ കരച്ചിൽ വരുമല്ലോ. ഇരിപ്പപ്പൂവിന്റെ നിറം വെളുപ്പാണ്.

5. ഒലിച്ചുപോകുന്ന മുട്ടി അവിടവിടെ പററിനിന്നാൽ ആരെങ്കിലും വിറകാക്കി കത്തിച്ചേക്കും. അതിനാൽ ഇയ്യാളുടെ മനസ്സിനെ വല്ലേടത്തും പററിനില്ക്കാനയയ്ക്കാതെ, നിങ്കൽത്തന്നെ നിർത്തണമെന്നു ധ്വനി.

6. ഭർത്താവിന്നു അവളിൽ അതിപ്രേമം കണ്ടിട്ട് കാലത്തു സപത്നിമാരുടെ കണ്ണുകൾ (ഈർഷ്യയാൽ) തുടുത്തു.

Digitized By Kerala Sahitya Akademi

ഒരു കൃഷിക്കാരനായ തറവാട്ടുകാരന്റെ സ്നുഷ ഭർത്തൃപ്രേമം പരീക്ഷിപ്പാൻ ചെയ്ത ഉപായം ഒരുവൾ സഖിയോടു പറയുന്നു:

ഗൃഹപതിസുതനെഗ്ഗോദാ-
വരിയരികിൽക്കണ്ടു കൃഷകസ്നുഷയാൾ,
ചെറുതുമിറങ്ങാവല്ലാ-
ത്തൊരു വഴിയിലിറങ്ങുവാനൊരുമ്പെട്ടാൾ! 7

ഒരുവൾ അവളിൽ ഭർത്താവിനുള്ള സ്നേഹാതിശയത്തെ, കാമുകൻ കേൾക്കെ, സഖിയോടു പറയുന്നു:

എന്തു സുഖം ഹാ! മിണ്ടാ-
തെൻകാല്ക്കലിരുന്നു നിഭൃതമദ്ദേഹം
എൻകാൽപ്പെരുവിരലിന്മേൽ-
ച്ചുററിയ തന്മുടി ദൃഢം വലിക്കുകയായ്! 8

സങ്കേതസ്ഥലത്തു് ഒരു വഴിപോക്കൻ വന്നുകൂടിയിരിക്കുന്നു എന്ന വിഘ്നം, ജാരൻ കേൾക്കെ, ഒരു കുലട തോഴിയോടു പറയുന്നു:

ഇക്കുളിർകാലാധ്വന്യൻ
കഗ്രാമക്കോവിൽനടയിൽ, നോക്കിടുവിൻ;
വട്ടേറാൽത്തീയ്യിനെയൂതി-
ച്ചീക്കന്നൊരു കരടിയെപ്പടട്ടുന്നു! 9

ഗ്രാമക്കുളത്തിന്നടുക്കലുള്ള സങ്കേതസ്ഥലത്തു് ജാരൻ യഥാനിശ്ചയം എത്തിച്ചേർന്നില്ല; കാമിനി പുലച്ചുട്ടു വെള്ളം കോരാനെന്ന വ്യാജേന അവിടെ ചെന്നിരുന്നുതാനും. ഇതു് അയാളെ ധരിപ്പിക്കാൻവേണ്ടി അവൾ അച്ഛൻപെങ്ങളോടു്, അയാൾ കേൾക്കെ, അത്ഭുതം നടിച്ചു പറയുന്നു:

അല്ലിത്താർകൾ ചതഞ്ഞി-
ട്ടില്ല, പറന്നിട്ടുമില്ല ഹംസങ്ങൾ;
ഗ്രാമക്കുളത്തിലാരോ
മലത്തിയിട്ടാൻ നഭസ്സു പിതൃഭഗിനി! 10

---

7. ഗൃഹപതിസുതനെ = ഭർത്താവിനെ. അപായത്തിൽനിന്നു ഭാര്യയെ രക്ഷിപ്പെടുത്താൻ ആയാൾ വെമ്പൽകൊണ്ടുവെങ്കിൽ സ്നേഹമുണ്ടെന്നുസ്പഷ്ടമല്ലോ.

8. ഭർത്താവിന്റെ തലമുടി ഭാര്യയുടെ കാൽപ്പെരുവിരലിന്മേൽ ചുററി. തന്റെ അനുനയം കൈക്കൊള്ളാഞ്ഞ ഭാര്യയുടെ നേരെ വൈമുഖ്യം അയാൾക്കു് ഉണ്ടായില്ല.

9. കുളിർകാലാധ്വന്യൻ = ഹേമന്തപാന്ഥൻ. പുകയുടെ കറുപ്പും തീയിന്റെ ചുകപ്പുംകൂടി ഒരു ആൺകരടിയുടെ രൂപമുളവാക്കി. ഹേമന്തത്തണുപ്പുകൊണ്ടു് പഥികൻ തീ കായുകയാണു്. പടട്ടുന്നു = സൃഷ്ടിക്കുന്നു. കോവിൽ = അമ്പലം.

10. പറന്നിട്ടില്ല = പറന്നുപോയിട്ടുമില്ല ആകാശം വെള്ളത്തിൽ പ്രതിബിംബിച്ചാൽ മലർന്നതായി തോന്നുമല്ലോ. പിതൃഭഗിനി = അച്ഛൻപെങ്ങളേ എന്നു സംബുദ്ധി.

Digitized By Kerala Sahitya Akademi

ജാരൻ വിദേശത്തേക്കു പോകാൻതുടങ്ങുകയാണെന്നു കേട്ടിട്ടു ദുഃഖിച്ചു ഗൃഹജോലികളെടുക്കാതായ വധുവിനെക്കുറിച്ചു ശ്വശ്രു പറയുന്നു:

ആശ ഫലിക്കാഞ്ഞാരോ
പേശിയിരിക്കും, പ്രവാസവൃത്താന്തം;
നഞ്ഞേററപോലനങ്ങാ—
തായല്ലോ, പെൺകിടാവിനംഗങ്ങൾ! **11**

ഒരുവൾ തോഴിക്കു് ഇംഗിതാകാരഗോപനം ഇതിഹാസദ്വാരാ ഉപദേശിക്കുന്നു:

'ഇന്നുമൊരു പൈതൽ മാധവ'—
നെന്നൊക്കെ യശോദ കൊഞ്ചിയുരചെയ്കെ,
കണ്ണന്റെ മുഖത്തൊട്ടിയ
കണ്ണോടുമേ ചിരിയടക്കി, ഗോപികമാർ! **12**

ഒരുവൾ സജ്ജനസ്തുതിവ്യാജേന, ദൃഢസ്നേഹമനുവർത്തിപ്പാൻ നായകനെ ഉദ്ബോധിപ്പിക്കുന്നു:

നിറമാററം കലരാതേ
നാൾതോറും പെരുകിയേവർതൻ സ്നേഹം
പകരുന്ന കടംപോലേ
പുത്രരില,പ്പുരുഷസത്തമർ ചുരുക്കം! **13**

മററുള്ളവർ കാൺകെ വികാരത്തള്ളൽ വെളിപ്പെടുത്തുന്ന സഖിയെ ഒരുവൾ അടക്കിനിർത്തുന്നു:

'നൃത്തോദ്യോഗാലോകപടാൽ—
ച്ചുംബിച്ചാളരികിൽനിന്നു വിരുതത്തി,
ഞങ്ങാതിയിടച്ചികളുടെ
വെൺകവിളിൽ പ്രതിഫലിച്ച കാർനിറനെ! **14**

പ്രിയതമന്റെ യാത്ര നിർത്തിക്കാൻ ഒരുവൾ, മഴക്കാലം തുടങ്ങി എന്നറിയിക്കുന്നു:

ഹരിദന്തങ്ങളിലിളകി—
ച്ചെരിവുകളിൽച്ചേർന്നുകൂടി,യന്യോന്യം

11. പ്രവാസം = വിദേശഗമനം. അംഗങ്ങൾ = അവയവങ്ങൾ.
12. ഗോപികൾക്കറിയാമല്ലോ, കൃഷ്ണൻ എത്രകണ്ടു കുട്ടിയാണെന്നു്! എങ്കിലും, അവർ യശോദയുടെ മുമ്പിൽ ചിരിക്കാതെ കഴിച്ചുകൂട്ടി.
14. നൃത്തം കേമംതന്നെ എന്നു് ഓരോ ഇടച്ചിയുടേയും ചെവിയിൽ പറയാനെന്ന നാട്യത്തിൽ, വെൺകവിളിൽ (കണ്ണാടിപോലെ സ്വച്ഛമായ കവിൾത്തടത്തിൽ) പതിഞ്ഞ കൃഷ്ണനെ ചുംബിച്ചു; ഇങ്ങനെയാണു്, വിരുതത്തി(വിദഗ്ദ്ധ)മാർ വികാരത്തെ ഒളിപ്പിക്കുക!

Digitized By Kerala Sahitya Akademi

പിരിയുന്ന കാറിനത്താൽ
മരവുരിയെയഴിച്ചിതോ, വിന്ധ്യൻ! 15

അതുതന്നെ ഭംഗ്യന്തരേണ പറയുന്നു:

കൊടുമുടികളിൽക്കേത്തിയ
നെടുവില്ലിൽച്ചാരിനിന്നു നോക്കുന്നു,
ആനകരംപോലെ പുത്തൻ—
കാറുകരം നിറയുന്ന വിന്ധ്യനെച്ചുബരർ. 16

പ്രോഷിതഭർത്തൃകയെ ആശ്വസിപ്പിക്കുന്ന സഖി, മഴക്കാലം കഴിഞ്ഞതിനാൽ വഴിപോക്കർ തിരിച്ചുവരാറായി എന്നു സൂചിപ്പിക്കുന്നു:

വനദഹനക്കരി പററിയ
വിന്ധ്യൻ വിലസുന്നു വെള്ളമുകിലുകളാൽ,
കടയും പാല്ക്കടലിൻ പാർ
തിരുവുടലിങ്കൽത്തെറിച്ച ഹരിപോലേ. 17

നായിക മററൊരു സുഭഗയുവാവിനെ പ്രീതിപൂർവം നോക്കിയതിൽ കുപിതനായ നായകനെ സഖി ഉദ്ബോധിപ്പിക്കുന്നു:

ബന്ധുവധവ്യഥയില്ല,മ—
ച്ചോരയുവാവെ, പ്രവീരനെന്നൻപാൽ
നോക്കീ പിടിയിൽപ്പെട്ടവരം:
ആർക്കുള്ളു, ഗുണങ്ങളിൽ ദ്വേഷം? 18

അതിസുരതാസക്തനായ ഒരു യുവാവിനെ കൂട്ടുകാരൻ വിലക്കുന്നു:

ഇന്നെത്ര ദിവസമായ്;
ഒരു യൗവനദൃപ്തപ്പു ശബരത്തി
ചെത്തിയ വില്ലിൻ തോല്പൊടി—
യെന്ന മിഷാലഴകതിർപ്പു പാതകളിൽ! 19

---

15. പെരിവുകളിൽ കൂടിച്ചേർന്ന മേഘസമൂഹം അന്യോന്യം പിരിയുന്നതു കണ്ടാൽ, വിന്ധ്യഗിരി വല്ക്കലം അഴിക്കയാണെന്നു തോന്നും. ഹരിദന്തങ്ങരം = ദിഗന്തങ്ങരം.

16. വിന്ധ്യശിഖരത്തിൽ ശബരർ (=വേടന്മാർ) നില്ക്കുന്നതുകൊണ്ടു്, ആക്കാട്ടിൽ അഭിസരിപ്പാൻ പേടിയുണ്ടെന്നു നായിക ജാരനോടു പറയുന്നതായും ഈ ഗാഥയെ ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു.

17. വനദഹനൻ = കാട്ടുതീ. ഹരി = വിഷ്ണു.

18. അച്ചോരയുവാവെ = ബന്ധുക്കളെക്കൊന്നു് അവളെ പിടിച്ചുവെച്ച തസ്കരയുവാവിനെ. അൻപു് = സ്നേഹം. അവന്റെ വീരത്വത്തെ ബഹുമാനിച്ചാണു്, അവരം നോക്കിയതു്.

19. ദൃപ്ത = ഗർവിത. മിഷാൽ = വ്യാജേന. തോല്പൊടിയല്ല, അഴകാണു്, വേടത്തി വഴികളിലുതിർക്കുന്നതു്. അവളുടെ അഴകു് അവളുടെ ഭർത്താവി-

Digitized By Kerala Sahitya Akademi

ഇതുതന്നെ ഭംഗ്യന്തരേണ പറയുന്നു:

ചുഴലിക്കാറ്റൊരു ശബരാം–
ഗനതൻ മുററത്തുനിന്നു പൊങ്ങിപ്പൂ
നോക്കുക, വിൽത്തോല്പൊടിയെ,–
സ്സൗഭാഗ്യധ്വജപതാകയെപ്പോലെ! 20

അനുരക്തമായ കാര്യവും അടയാളംകൊണ്ടു് ആളുകൾ അറിഞ്ഞുപോകും; അതുകൊണ്ടു് ആകാരഗോപനം അത്യാവശ്യമെന്നു് ഒരുവൾ സഖിയോടു പറയുന്നു:

ആനകൾ കവിളുകളുരസി–
ട്ടാനക്കറ തങ്ങുമുങ്ങുകൊമ്പുകളാൽ
ഊഹിച്ചു ഭർത്തൃമരണം,
പിതൃഗേഹാൽത്തിരിയെ വന്ന വേടത്തി. 21

മുമ്പേത്തെ പ്രിയയെ സ്നേഹിക്കതന്നെ വേണമെന്നു്, ഒരു നാഗരികൻ കൂട്ടുകാരനെ ഒരു വേടന്റെ നടപടി വർണ്ണിച്ചു് ഉദ്ബോധിപ്പിക്കുന്നു:

മുൻപ്രിയ മുഷിയായ്വാൻ പുതു–
ദയിതാസ്നേഹാൽ മെലിഞ്ഞ വേടനിതാ,
ചെറുതാക്കുകിലും ചലയേ–
റാവല്പാച്ചിലയുമാഗമിപ്പു വനേ! 22

എങ്ങാനെയോ പ്രിയതമയോടു കോപിച്ചു്, ''അവൾ എനിക്കു വേണ്ടേ വേണ്ട'' എന്നു പ്രതിജ്ഞചെയ്യുന്ന ഒരു യുവാവിനെ ഒരുത്തി പരിഹസിക്കുന്നു:

അഹഹ, കടിഞ്ഞൂൽപ്പേറിലൊ–
രബലാമണി ലോകരെച്ചിരിപ്പിച്ചു,

നെ അതിസുരതാസക്തനാക്കിയിരിക്കുന്നു; ഇതു് അവളെ ക്ഷീണിപ്പിക്കയാൽ തോൽവില്ലു കുലയ്ക്കാൻ കഴിയാഞ്ഞു്, ചെത്തി കനം കുറയ്ക്കുയാണു്. അതിസംഭോഗം ബലക്ഷയഹേതുവാകയാൽ വർജ്ജ്യമെന്നു ധ്വനി.

20. സൗഭാ...താക = അവളുടെ സൗഭാഗ്യധ്വജത്തിന്റെ കൊടിക്കൂറ.

21. ദാനക്കറ = മദനീരിന്റെ കറ. അവളുടെ ശൂരനായ ഭർത്താവു് ജീവിച്ചിരിപ്പുണ്ടെങ്കിൽ, ആനകൾ ഇങ്ങനെ ഇറങ്ങിവരില്ല. പിതൃഗേഹാൽ = അച്ഛന്റെ വീട്ടിൽനിന്നു്.

22. മുമ്പേത്തവൾ മുഷിയുമെന്നു കരുതി പുതിയ പ്രിയയോടു ചേരാതെ വേടൻ തദ്വിരഹംകൊണ്ടു മെലിയുകയാണു്. ഇങ്ങനെ ദുഃഖം സഹിച്ചും അവൻ പ്രഥമപത്നിയെ അനുവർത്തിച്ചുപോരുന്നു; ഈ ദക്ഷിണനായകത്വം സകലരും പുലർത്തിപ്പോരികതന്നെവേണം. ചില = വില്ലു്. വേടന്റെ പ്രഥമപത്നിയെ കിട്ടുമെന്നു ദൂതി ജാരനോടു പറയുന്നതാണിതെന്നും ഒരഭിപ്രായമുണ്ടു്.

Digitized By Kerala Sahitya Akademi

'ഇനി, മേ പ്രിയനുടെ പേരും
മതി'യെന്നൊരു നൂറുതവണ പേശുകയാൽ! 23

''ഭർത്താവു നിഷ്കളങ്കപ്രണയനാണു്; മറിച്ചൊന്നും ശങ്കിക്കേണ്ട'' എന്നിങ്ങനെ ആശ്വസിപ്പിക്കുന്ന മാതുലപത്നിയോടു് പ്രോഷിതഭർത്തൃക നിർവേദപൂർവ്വം പറയുന്നു:

നിഷ്കൈതവമാം പ്രേമം
നരലോകത്തില്ലതന്നെ,യമ്മായി;
ഉണ്ടെങ്കിലാർക്കു വിരഹം?
വിരഹാപ്തിയിലാരുയിർക്കൊള്ളും? 24

പ്രേമഭാജനമായ യുവതിയെ കുളിക്കുമ്പോഴും വസ്ത്രം മാറുന്ന നിലയിൽ കണ്ടിട്ടു പരിതൃപ്തനായ ഒരു യുവാവു് കാമിനിമാരുടെ മനം കവരുവാനായി, തന്റെ കാമുകത്വാതിശയം വെളിപ്പെടുത്തുന്നു:

അത്ഭുതമാമൊരു നിധിയും
വിൺകോയ്മയുമമൃതപാനവുംപോലായ്,
ഉടുപുടവ മാറുമവളെ-
ക്കണ്ടെത്തിയ കാണിനേരം മേ! 25

അസ്ഥിരപ്രണയതയാൽ അന്യസ്ത്രീയിൽ ആസക്തനായ നായകനോടു് ഒരുവൾ പറയുന്നു:

പ്രിയയവൾ തേ, മമ നീയും;
നീ ദ്വേഷ്യനവൾക്കു, ഞാനിഹ നിനക്കും;
ബാലിശ, തുറന്നുചൊല്ലാം:
പ്രണയമനേകപ്രകാരമെന്നേങ്ങൾ! 26

ഭർത്താവിന്റെ വൈദഗ്ദ്ധ്യവും തന്റെ സൗഭാഗ്യവിനയാദിഗുണങ്ങളും സൂചിപ്പിച്ചുകൊണ്ടു് ഒരു സ്വാധീനഭർത്തൃക ചമയിക്കുന്ന ദാസിയോടു പറയുന്നു:

ഞാനൊരു ലജ്ജാവതി;-യ-
ദ്ദേഹത്തിൻ പ്രണയമത്രയും പ്രബലം;

23. പ്രസവവേദനയിൽ സ്ത്രീകൾക്കു തോന്നും, മേലിൽ ഭർത്തൃസംഗമം വേണ്ടാ എന്നു്; ഇതുപോലെയാണു് താങ്കളുടെ പ്രതിജ്ഞയും. അരിശം നീങ്ങിയാൽ താങ്കൾ വീണ്ടും അവളുടെ അടുക്കൽ എത്തിച്ചേരും.

24. നിർവ്യാജപ്രേമമെന്നൊന്നുണ്ടെങ്കിൽ അദ്ദേഹം വിട്ടുപോകുമോ? വിട്ടുപോയിരിക്കെ, ഞാൻ ജീവിച്ചിരിക്കുമോ? വിരഹാപ്തി = വിയോഗംവരൽ.

25. നിധി = നിധികിട്ടൽ. വിൺകോയ്മ = സ്വർഗ്ഗാധിപത്യം.

26. ഞാൻ നിന്നെ സ്നേഹിക്കുമ്പോഴും, നീ എന്നെ വെറുത്തു് അവളെ സ്നേഹിക്കുന്നു—അഹോ, പ്രണയത്തിന്റെ ബഹുപ്രകാരത! മമ നീയും = എനിക്കു നീയും പ്രിയൻ. ഞാനിഹ നിനക്കും = ഞാൻ നിനക്കും ദ്വേഷ്യ.

Digitized By Kerala Sahitya Akademi

സഖിമാർക്കു വിരുതുമൊട്ടു-
ള്ള;—കലെപ്പോകെ,ന്തിനാം കഴൽച്ചായം? 27

വനത്തിൽ സങ്കേതം നിശ്ചയിച്ച ഒരു ഇടയത്തി വിരഹപീഡ സഹിക്കാതെ അങ്ങോട്ടു പോയ്ക്കഴിഞ്ഞതു സൂചിപ്പിച്ചുംകൊണ്ടു് ദൂതി ജാരനോടു പറയുന്നു:

വാസന്തക്കാററലയും
വണ്ടൊലിയും വായ്ച്ച കാട്ടിലൊരിടച്ചി
വിരഹാക്ഷരങ്ങൾ കെട്ടി-
പ്പാടുന്നു, പഥികമോഹനമായ്! 28

നായിക വെറുതെ മാനം വെച്ചുകൊണ്ടിരുന്നതിനെ നിന്ദിക്കയാണെന്ന നാട്യത്തിൽ ദൂതി ജാരനു പ്രവേശിപ്പാൻ തരമുണ്ടെന്നു് അറിയിക്കുന്നു:

മാനധനയാമവൾ വൃഥാ
മാനത്തെ വിടാതെ വെച്ചുപോററുകയാൽ
കനിയിച്ച തൽപ്രിയനൊരേ-
ഗ്രാമത്തിൽത്താൻ പ്രവാസിയായ്ത്തീൻ! 29

വിദഗ്ദ്ധമാർ ഭർത്താവിന്റെ പരസ്ത്രീസക്തിയെ ഉപായംകൊണ്ടു തടുക്കുമെന്നു്, ഒരുവൾ സഖിക്കുപദേശമായിപ്പറയുന്നു:

കതിരോൻ തെളിഞ്ഞുനില്ക്കേ
വേണ്ടെന്നാലും പിടിച്ചു കഴുകിപ്പൂ
ചിരികൂട്ടും പതിയുടെ കാൽ
ചിരികൂട്ടിക്കൊണ്ടുതാൻ ഗൃഹിണി! 30

നായകൻ നായികയെ മറെറാരുത്തിയുടെ പേർകൊണ്ടു വിളിച്ചപ്പോൾ, "അങ്ങയുടെ കണ്ണിന്നും കാഴ്ചകുറഞ്ഞുവോ" എന്നു ചോദിച്ച സഖിയെ തടുത്തുകൊണ്ടു ഖണ്ഡിതയായ നായിക നായകനെ താഴ്മയോടെ ശകാരിക്കുന്നു:

27. കഴൽച്ചായം = കാലടിയിൽ ചായം തേയ്ക്കൽ, ഈ ചായം ഇങ്ങിനെയെങ്ങാനും അദ്ദേഹത്തിൽ പകർന്നുകണ്ടാൽ, എന്റെ വിശ്രുഭസഖിമാർ പരിഹസിച്ചു്, എന്നെ ലജ്ജിപ്പിച്ചുകളയും.

28. അലം = ഇളക്കം, വീശൽ. പഥികമോഹനമായ്—നമ്മുടെ പതിമാരും ഇങ്ങനെ വിരഹഗാനം പാടുകയായിരിക്കുമെന്നു്, വഴിപോക്കർ മൂർച്ഛിച്ചുപോകുമാറു്.

29. അവളുടെ പ്രിയൻ അവളുടെ ഗ്രാമത്തിൽത്തന്നെയുണ്ടു്. എന്നാലും. കപിതയായ അവളുടെ അടുക്കൽ വരാതെ, പ്രവാസി(വിദേശവാസി)പോലെയായിത്തീന്നിരിക്കുന്നു ഇതു താങ്കൾക്കു നല്ലൊരവസരമാണു്.

30. സന്ധ്യയ്ക്കു മുമ്പേ കാൽ കഴുകിക്കുന്നതു്, ഭർത്താവു പുറത്തേക്കു പോകാതിരിപ്പാനാണു്. ഈ ഉപായമറിഞ്ഞു ഭർത്താവു ചിരിച്ചു; ഒപ്പം ഭാര്യയും ചിരിച്ചു!

Digitized By Kerala Sahitya Akademi

എന്നെയവാം തന്റെ പേരാൽ
വിളിച്ചുകൊള്ളട്ടെ;-യെന്തിനിതിൽ വാദം?
എങ്ങാനുമുറയ്ക്കട്ടേ
പ്രേമം; മിണ്ടായ്ക തോഴിമാരൊന്നും! 31

ദുർവൃത്തിക്കു പ്രേരിപ്പിക്കുന്ന ദൂതിയെ ഒരു പതിവ്രതയായ വിരഹിണി നിരസിക്കുന്നു:

വടിവുണ്ടു മിഴിയിൽ നില്പൂ;
തൊടലംഗത്തിൽ;-സ്സുഭാഷിതം ചെവിയിൽ;
കരമാം കരളിൽ വെച്ചിരിപ്പൂ;
വിധിയെന്തിനൊടിഞ്ഞു വിരഹമുളവാക്കി? 32

ഒരു പ്രോഷിതഭർത്തൃകയുടെ വിരഹദുർദ്ദശയെ ഭർത്തൃസമീപത്തേക്കു പോകുന്ന ഒരു പാന്ഥനോടു സഖി പറയുന്നു:

അവരാം മിഴി ചിമ്മി പ്രിയനെ-
സ്സങ്കല്പത്താൽക്കിടക്കയിൽ വരുത്തി,
അവളെത്തന്നെ പുണർന്നാരം
വളകളഴിഞ്ഞുള്ള കയ്യിണയാൽ! 33

തമ്മിലിടഞ്ഞു പിരിഞ്ഞ യുവദമ്പതിമാരെ ഇണക്കാൻ അങ്ങോട്ടും ഇങ്ങോട്ടും നടന്നു തളർന്ന വൃദ്ധദൂതി ഒടുവിൽ തന്നെത്തന്നേ നിന്ദിക്കുന്നു:

ഞങ്ങരാം വലഞ്ഞു, പരിഭവ-
മേല്ക്കിലും വീട്ടിൽ വിട്ടീലണ്ണാത്ഥം
ദിവസംപ്രതി ചുററിയല-
ഞ്ഞിടുമിച്ചിരജീവി ദശ്ധകായത്താൽ! 34

ദുഷ്ടസംസർഗ്ഗമരുതെന്നു് ഒരാരം കൂട്ടുകാരനോടുപദേശിക്കുന്നു:

സ്നേഹം നല്കി വളത്ത-
പ്പെട്ടുംകൊണ്ടെങ്ങു മേവുമോ ദുഷ്ടൻ,

---

31. ഇദ്ദേഹത്തിന്റെ പ്രേമം ഏതെങ്കിലും ഒരു സ്ത്രീയിൽ ഉറച്ചുനില്ക്കട്ടെ; എന്നാൽ, അസ്ഥിരഹൃദയൻ എന്ന അപഖ്യാതി വരില്ലല്ലോ!

32. വടിവു്—അദ്ദേഹത്തിന്റെ രൂപം. സുഭാഷിതം = മധുരഭാഷണം. ഒന്നിനോടും എനിക്കു വിരഹം സംഭവിച്ചിട്ടില്ല.

34. അണ്ണാത്ഥം = അന്യന്നുവേണ്ടി എന്നും അന്നത്തിന്നുവേണ്ടി എന്നും രണ്ടത്ഥം. ഇതും കായമെന്നതും പ്രാകൃതപദങ്ങളാണു്. കായം = ശരീരം, കാക്ക. ചിരജീവി = പ്രായമേറിയതു്; കാകപര്യായങ്ങളിലൊന്നുമാണു്, ചിരജീവി. പരിഭവമേല്ക്കിലും (കല്ലേറും മറ്റും കൊണ്ടാലും) കാക്ക അന്നത്തിന്നുവേണ്ടി ഓരോ വീട്ടിലും ചെല്ലുന്നതുപോലെ, ഞാൻ ശകാരം കേട്ടുകൊണ്ടു് അന്യക്കുവേണ്ടി അവിടെയും ഇവിടെയും നടന്നു വലഞ്ഞു! എന്റെ ഈ ദഗ്ദ്ധ(കെട്ട)ദേഹം ഒരു കാക്കയെപ്പോലെയായിരിക്കുന്നു!

Digitized By Kerala Sahitya Akademi

അവിടെ,യുടൻ പൊട്ടവിള—
ക്കെന്നെവിധം കരി പിടിപ്പിക്കും! 35

വിടനെക്കൊണ്ടു പണം കൊടുപ്പിക്കാൻ കുട്ടിനി (വേശ്യയെ ഒരുക്കിക്കൊടുക്കുന്നവൾ) പിശുക്കന്മാരെ നിന്ദിക്കുന്നു:

ഉണ്ടായാലും വെറുതേ
തന്നെ, പിശുക്കന്റെ വിത്തസമ്പത്തി,
വേനൽവെയിലേററെരിഞ്ഞൊരു
വഴിപോക്കനു, തന്റെ നിഴൽപോലേ! 36

ഇടത്തെക്കണ്ണു വിറച്ച ഒരു പ്രോഷിതഭർത്തൃക (സ്ത്രീകൾക്കു വാമനയനസ്പന്ദം ശുഭമത്രേ) പ്രിയതമന്റെ പ്രത്യാഗമനം കരുതി സന്തോഷിക്കുന്നു:

നിൻവിറയാൽദ്ദയിതനിടം—
കണ്ണേ, വന്നെത്തുമിന്നിവിടെയെങ്കിൽ,
വലതുമിഴി ചിമ്മി നിന്നെ—
ക്കൊണ്ടേ ദർശിപ്പനവനെ ഞാൻ സുചിരം! 37

നായികയ്ക്കുള്ള അനുരാഗാധിക്യത്തെ നായകനോടു ദൂതി പറയുന്നു:

പട്ടികളേറിയൊരുരിതിൽ
നിന്നെച്ചൊല്ലി,ഗ്ഗൃഹത്തിൽനിന്നു ഗൃഹേ
ചൂതു കണക്കെച്ചുററിടു—
മപ്പെൺതയ്യിന്നു കടി പിണഞ്ഞേക്കാം! 38

ഭവതി ആരെ കാമിക്കുന്നുവോ ആ യുവാവു് ഒരു അസ്ഥിരപ്രണയനാണെന്നു് (തെണ്ടിയാണെന്നു്) അഭിപ്രായപ്പെട്ട സഖിയോടു് നായിക സൗഭാഗ്യഗർവിനാൽ പറയുന്നു:

വേറേവേറേ മലർമധു
നുകരാൻ ഭ്രമരം കൊതിപ്പതുണ്ടെങ്കിൽ,

---

35. സ്നേഹപദത്തിന്നു് എണ്ണ എന്നും അർത്ഥമെടുക്കണം. ദുഷ്ടനെ സൽക്കരിച്ചാൽ, അനർത്ഥം ഫലം!

36. തന്റെ നിഴൽകൊണ്ടു തണുപ്പു കിട്ടില്ലല്ലോ.

37. നിന്നെക്കൊണ്ടേ = നിന്നെക്കൊണ്ടുതന്നെ.

38. അപ്പെൺതയ്യ് അങ്ങയെ കണ്ടെത്താൻ ഓരോ വീട്ടിലും ചുററിയലയുകയാണു്, ചൂതുകളിയിൽ ചൂതു് ഒരു കള്ളിയിൽനിന്നു മറെറാന്നിലേക്കു പോകുന്നതുപോലെ ഈ ഊരിൽ (ഗ്രാമത്തിൽ) നായ്ക്കൾ (വിടന്മാർ) വളരെയുള്ളതുകൊണ്ടു്, അവൾക്കു കടി (മാനഭംഗം) പററിയേക്കാം! അതിന്നിടവരുത്താതെ പോയി അവളുടെ അടുക്കൽ ചെല്ലുക.

Digitized By Kerala Sahitya Akademi

അതു, നീരസമലരുകൾതൻ
കുററം; വണ്ടിൻെറയാവില്ല! 39

സ്നേഹം കുറഞ്ഞുതുടങ്ങിയ നായകനെ വീണ്ടും ആസക്തനാക്കാൻ ദൂതി നായികയുടെ അനുരാഗാതിശയം വർണ്ണിക്കുന്നു:

നയനോൽപലങ്ങൾ പാതയിൽ
വിതറി,ത്തവ വരവു കാത്തിരിക്കുകയാം.
ഇരുമംഗളകലശംപോ—
ലുരസിജയുഗളം പടിക്കൽ വെച്ചുമവൾ. 40

കലഹാന്തരിതയായ നായിക അനുനയത്തെ കൈക്കൊള്ളാത്തതിനാൽ അനുനയിക്കൽ നിർത്തിയ നായകനെ വീണ്ടും ഔത്സുക്യപ്പെടുത്താൻവേണ്ടി, അവളുടെ പശ്ചാത്താപത്തെ ദൂതി പറയുന്നു:

കേണാൾ കേഴാവുംവരെ;
വാടീ, വാടാവതോളമംഗങ്ങൾ;
പാവം നെടുവീർപ്പുകളും
വിട്ടാൾ, വീർപ്പിൻെറ കഴിവുവരെ! 41

മൃതഭാര്യനായ ഒരുവൻ അതിൽ തനിക്കുള്ള വ്യസനത്താൽ തൻെറ പ്രേമസ്ഥൈര്യം സൂചിപ്പിച്ചു്, മററൊരു യുവതിയെ ഇണക്കാൻ നോക്കുന്നു:

സമസുഖദുഃഖവളർച്ചയിൽ
മെല്ലെ പ്രേമം മുളച്ച യുഗ്മത്തിൽ
മൃതി പെട്ടമാൾ ജീവിപ്പൂ;
മററുള്ളവരോ, മരിക്കുന്നു! 42

വസന്താരംഭത്തിൽ, പ്രിയതമൻ മറുനാട്ടിൽ പോകാൻ തുടങ്ങുകയാണെന്നു കേട്ടിട്ടു ദുഃഖിക്കുന്ന കുലവധുവിനെ വിദഗ്ദ്ധയായ സഖി ആശ്വസിപ്പിക്കുന്നു:

---

39. നീരസമലരുകൾ = രസം (തേൻ) ഇല്ലാത്ത പുഷ്പങ്ങൾ. ഞാനാകുന്ന സരസപുഷ്പത്തെ പ്രാപിച്ചുകഴിഞ്ഞാൽ, ഈ ഭ്രമരം പിന്നെ മററൊരു പൂവിനെ തേടില്ല!

40. ഉരസിജയുഗളം = സ്തനയുഗ്മം. അങ്ങയുടെ ആഗമനം കരുതി അവൾ വഴിയിൽ പൂക്കൾ വിതറുന്നു; മംഗളകലശങ്ങളും പടിക്കൽ വെച്ചിരിക്കുന്നു!

41. കേഴാവുംവരെ = കരയാവുന്നിടത്തോളം. ഇപ്പോൾ വീർപ്പുവിടാൻതന്നെയും അവൾക്കു ശക്തിയില്ല. അവൾ ചത്തുപോകും; ദയ ചെയ്യുക!

42. സുഖദുഃഖങ്ങൾ ഒപ്പമനുഭവിച്ചു വളർന്നവരും, ക്രമേണ പ്രേമം ജനിച്ചവരുമായ ദമ്പതിമാരിൽ (യുഗ്മം = സ്ത്രീപുരുഷന്മാർ) മരിച്ചുപോയ ആൾ (സ്ത്രീയോ പുരുഷനോ) ജീവിക്കുന്നു; മററുള്ളവർ (അങ്ങനെയല്ലാത്തവർ), മൃതപ്രായർ!

Digitized By Kerala Sahitya Akademi

യാത്രാകലശസ്ഥിതമാം
പുതുപൂങ്കുലയൊത്ത മാവിളന്തളിർതാൻ
നിർത്തിക്കൊള്ളും, പ്രിയനുടെ—
ഗമനത്തെ;—കരയൊലാ മകളേ! 43

അനുനയിക്കാൻ ചെന്ന കാന്തനോട്, കലഹാന്തരിതയായ നായിക സ്വാനുരാഗം വ്യഞ്ജിപ്പിച്ചു നേരമ്പോക്കു പറയുന്നു:

തോഴികൾ പഴതെങ്ങനെയോ
കണ്ടെൻ കരളിൽക്കടത്തിയ പിണക്കം
പ്രിയനെക്കണ്ടതൊടൊപ്പം
മറഞ്ഞിതൊളികാമുകൻപോലേ! 44

കയിമ്പിൻപൂവറുക്കാൻ പോയ സപത്നിക്കു ചാരിത്രഭംഗം പററിയിരിക്കുന്നു എന്നു് ഒരുവൾ സൂചിപ്പിക്കുന്നു:

'മുലമേൽപ്പററിയിരിപ്പു
കയിമ്പുപൂ'വെന്നു സഖികളുരചെയ്കേ,
നഖമുറിവുകളെത്തട്ടി—
ക്കളയുകയായ് മുഗ്ദ്ധ, ചിരി വരുംവണ്ണം! 45

ഒരുവൾ സ്നേഹം കുറഞ്ഞുതുടങ്ങിയ നായകനെ അനുകൂലനാക്കാൻവേണ്ടി, തന്റെ മരണഭയം സൂചിപ്പിക്കുന്നു:

കുത്തിപ്പറിച്ചെടുപ്പൂ
മമ നെഞ്ചിനെ രാഗമററ നിൻ നോട്ടം—
വിലവെയ്ക്കാണ്ണെത്തങ്ങോട്ടെ—
ന്നില്ലാതേ പതറുമിപ്പകുതിനോട്ടം! 46

കാണൽ ചുരുങ്ങിയ കാന്തനോടു് ഒരുവൾ, തന്റെ വിരഹവൈവശ്യം അറിയിക്കുന്നു:

നെടുവീക്കുന്നില്ല, ചിരം
കരയുന്നില്ലാ മെലിഞ്ഞിടുന്നില്ല—

---

43. ഞാൻ യാത്രാമംഗളകലശത്തിൽ മാവിന്റെ ഇളം(പുതിയ)തളിരും വെച്ചിട്ടുണ്ട്; അതു കണ്ടാൽ, വസന്താരംഭം കരുതി പ്രിയൻ യാത്ര നിർത്തിക്കൊള്ളും!

44. പിണക്കം (പ്രണയകോപം) തോഴികൾ എങ്ങനെയോ ഒരു പഴുതു കണ്ടെത്തി എന്റെ ഉള്ളിൽ കടത്തിയതാണു്; ഞാൻ സ്വീകരിച്ചതല്ല. പ്രിയനെ (അങ്ങയെ) കണ്ട ക്ഷണത്തിൽ അതു്, ജാരനെന്നപോലെ മറഞ്ഞുകഴിഞ്ഞു!

45. ജാരകൃതങ്ങളായ നഖവ്രണങ്ങളെയാണു്, സഖികൾ കയിമ്പുമരത്തിന്റെ പൂവെന്നു പറഞ്ഞതു്; അവ തട്ടിയാൽ പോകുമോ? തട്ടുന്നതു കണ്ടു് അവർ ചിരിച്ചു.

46. ഭവാന്റെ വിരക്തിസൂചകമായ നോട്ടംതന്നെ എനിക്കു മരണോൽകണ്ഠയുളവാക്കും!

Digitized By Kerala Sahitya Akademi

ബഹുദയിത, നീ ദയിതന-
ല്ലേവക്കാ, സ്ത്രീകൾ സുകൃതിനികൾ! 47

കിടപ്പറയിൽനിന്നു പുറത്തുപോന്ന പ്രിയതമയുടെ തിരിഞ്ഞു നോട്ടം വർണ്ണിച്ച് നായകൻ തന്റെ സൗഭാഗ്യത്തെ വെളിപ്പെടുത്തുന്നു:

നിദ്രക്കുറവാൽ വട്ടം-
ചുററിവിലങ്ങിച്ചലിച്ച കൺമുനയാൽ
മതിമുഖി നോക്കിയ നോട്ടമ-
തോരോന്നും ദുസ്സഹം മനോജന്നും! 48

ഒരുവൾ, തനിക്കു ജാരനിൽ അനുരാഗമുണ്ടെന്നും, ചിരപ്രോഷിതനായ ഭർത്താവു തിരിച്ചെത്തുമെന്ന ആശയില്ലെന്നും വെളിപ്പെടുത്താനായി, ഹൃദയത്തെ നിന്ദിക്കുന്നു:

പ്രാണാവശേഷയാം ഞാ-
നെങ്ങനെയോ പേറിനേൻ പ്രണയബന്ധം:
ഇനി നിത്തുക കെട്ടമനമേ!
രാഗം കൊള്ളായ്കൊരുത്തനിലും! 49

നായകന്നു് അനുരാഗം വർദ്ധിപ്പിപ്പാൻവേണ്ടി, ഒരുവളുടെ ദന്തനഖക്ഷതാവലോകനകൗതുകത്തെ ദൂതി വർണ്ണിക്കുന്നു:

പെണ്മണി പുതുനഖമുറിവുകൾ
നോക്കിക്കാൺകെദൃഗുൽപലപ്പൂക്കളെ
പ്രതിബിംബിപ്പൂ, യൗവന-
ഗരിമോന്നതമായ കുളിർമുലമേൽ. 50

സ്ത്രീസേവാവിമുഖനായ നായകനെ അഭിമുഖീകരിപ്പാൻ നിസ്സൃഷ്ടാർത്ഥദൂതി വിഷ്ണുവിന്റേയും ലക്ഷ്മിയുടേയും കാമപരതയെ വന്ദനവ്യാജേന വെളിപ്പെടുത്തുന്നു:

സൂര്യനിൽ നിരങ്കശശിപോ-
ലാരുടെ മാറത്തു കൗസ്തുഭത്തിന്മേൽ

47. ബഹുദയിത = വളരെ പ്രിയമാരുള്ളവനേ. ഭവാൻ ദയിതനല്ലാത്ത സ്ത്രീകൾ എവരോ, ആ ഭാഗ്യവതിമാക്കു നെടുവീർപ്പിടുകയും മററും വേണ്ടിവരില്ല; എനിക്കു്, ഭവാൻ ദയിതനാകയാൽ, ഇതൊക്കെ വേണ്ടിവന്നു!
48. മനോജന്നും = കാമന്നുപോലും.
49. ഒരുത്തനിലും രാഗംകൊള്ളായ്ക—പോയാൽ തിരിച്ചുവരാത്തവരെ സ്നേഹിക്കാതിരിക്കുക എന്നു സാരം.
50. ദൃഗുൽപലപ്പൂക്കളെ = ദൃക്കു (കണ്ണു) കളാകുന്ന കുവലയപുഷ്പങ്ങളെ. പെണ്മണിയുടെ നഖവ്രണദർശനൗത്സുക്യവും കളിർമുലയുടെ സ്വച്ഛതയും മററും വ്യഞ്ജിക്കുന്നു.

Digitized By Kerala Sahitya Akademi

നിഴലിപ്പൂ തിരുമാറിൻ
വദന,മവന്നായ്‌ വണങ്ങിടുവിൻ!

കലഹാന്തരിതയോടു കാന്തനെ അനുനയിക്കാൻ ദൂതി പറയുന്നു:

എതിർപക്ഷിനു സുഖമേകാ—
യ്കി,ണക്കുകൊന്നിപ്രസാദലോലുപനെ;
മെലിയാല്ലൊരു കുമ്പാരം
പോലു,ടൽ കനമേറുമീഷ്യയാൽ മകളേ! 52

ഒരു വിരഹിണിയുടെ വിരഹവേദനയെ ദൂതി കാന്തനോടു പറയുന്നു:

തനപിക്കു തീവ്രവേർപാ—
ടറുക്കുവാളാൽപ്പിളർന്നിടും നെഞ്ചിൽ,
മഷിചേർന്നിരുണ്ട കണ്ണീർ
നീളുന്നുണ്ട,ളവുന്നൽപോലേ! 53

ഒരു വിദഗ്ദ്ധയുവതിയെ കാമിക്കുന്ന യുവാവിന്നു് ആസക്തി വളർത്താൻ ദൂതി നിഷേധമട്ടിൽ പറയുന്നു:

ഒരു 'പോക്കുമുതലി'തെന്നായ്‌—
വരുമേ, ചെയ്യൊല്ല സാഹസം മകനേ;
തിരിയേ കിട്ടി,ല്ലിവളിൽ—
പ്പുരി നിക്ഷേപിച്ച മനമൊന്നും! 54

നായികയ്ക്കു മതിവന്നില്ലെന്നു തോന്നുകയാൽ ലജ്ജിതനായ നായകനെ ദൂതി ഉദ്ബോധിപ്പിക്കുന്നു:

രതമാടുകിലും സുരത—
വ്യപരതിയറിയായ്കുകൊണ്ടു പെൺകൊടിയാൾ

---

51. നിരങ്കശശി = കളങ്കമില്ലാത്ത ചന്ദ്രൻ. തിരുമാറു് = ലക്ഷ്മീദേവി. അവന്നു്—വിഷ്ണുവിന്നു്. ലക്ഷ്മിയുടെ ഉപരിസുരതം സൂചിപ്പിച്ചു്, അതിൽ നായികയ്ക്കു താൽപര്യം ജനിപ്പിക്കുക എന്നതുകൂടി ദൂതി സാധിക്കുന്നു.

52. എതിർപക്കിനു്—സപത്നീജനത്തിനു്. പ്രസാദലോലുപൻ = പ്രസാദത്തെ (കോപഭാവത്തെ) കൊതിക്കുന്നവൻ. പയറോ മററോ കൂട്ടിയതിന്നുമേൽ ഒരു കനം വെച്ചാൽ, ആ കുമ്പാരം ഒന്നു ചെറുതാകുമല്ലോ; അതുപോലെ, കനമേറിയ ഈഷ്യ വെയ്ക്കുന്നതുകൊണ്ടു് നിന്റെ ഉടൽ മെലിയരുതു്. ഇയാൾ അഭിമാനക്കാരനാകയാൽ ഇങ്ങോട്ടനുനയത്തിന്നൊരുങ്ങില്ല; അങ്ങോട്ടനുനയിച്ചു് ഇണക്കിക്കൊൾക.

53. തീവ്ര...വാളാൽ = ദുസ്സഹമായ വേർപാടാകുന്ന ഈർച്ചവാൾകൊണ്ടു്. അറുക്കപ്പെടുന്ന മരത്തിന്മേൽ കറുത്ത അളവുനൂലിടാറുണ്ടല്ലോ.

54. അവളിൽ വെയ്ക്കപ്പെട്ട മനസ്സു്, 'പോക്കുമുതൽ' (തിരിയേ കിട്ടാത്ത ധനം)പോലെ തിരിച്ചുകിട്ടുകയുണ്ടാവില്ല. അതിനാൽ അവളിൽ മനസ്സുവെയ്ക്കുക എന്ന സാഹസം ചെയ്യരുതേ! അവളുടെ മനോഹരഗുണാതിശയം ധ്വനിക്കുന്നു.

Digitized By Kerala Sahitya Akademi

കരം നില്പാതോർക്കുകയാ—
ണു,'ങ്ങാം മററൊന്നാക്കൂടി'യെന്നേവം! 55

വിടന്മാർക്ക് ഔത്സുക്യം വളർത്താൻ കുട്ടിനി വേശ്യമാരുടെ പ്രേമത്തെ പുകഴ്ത്തുന്നു:

വിജയിക്കുക, സകലർക്കും
രതിസുഖതൃഷ്ണാപ്രശാന്തി ചേർപ്പവയും
ബഹുകപടകല്പിതങ്ങളു—
മാകിയ വേശ്യാനുരാഗങ്ങൾ! 56

''എന്താണു നിനക്കിത്ര മെലിച്ചിൽ'' എന്നു പരിഹാസപൂർവ്വം ചോദിച്ച നായകനോട് വിരഹോൽക്കണ്ഠിത പറയുന്നു:

'എന്തിച്ചുടവു നിനക്കെ'—
ന്നിങ്ങു ചിരിക്കുന്നു, മാൽപെടാത്ത ഭവാൻ;
സുചപലദയിതജനത്തോടു
ചേർന്നാലറിയാ,മിതിന്റെ മറുപടി തേ! 57

വൈകി വന്ന ജാരനോട് വിരഹോൽക്കണ്ഠിത സനിർവേദം പറയുന്നു:

തോഴിമൊഴി തള്ളി,യങ്ങയെ—
യെന്തിന്നോ ഞാൻ പുരാ രമിപ്പിച്ചു
അസ്സുഖമോരോന്നമിതാ,
ജീവിതസന്ദേഹകാരിയായ്ത്തീർന്നു! 58

അയല്ക്കാരിയോടു സംസാരിക്കുകയാണെന്ന നാട്യത്തിൽ, ദൂതി മധൂകനികുഞ്ജത്തെ സങ്കേതമാക്കിയ ജാരനോടു പറയുന്നു:

ഈർഷ്യാവശാലിരിപ്പ—
പ്പൂനുള്ളാൻ വിടുകയില്ലവളെ രാവിൽ;
താൻ താൻ നുള്ളിപ്പോരുക—
യാണ,തിസരളസ്വഭാവനാം കണവൻ! 59

---

55. നായിക മുഗ്ദ്ധയും നായികേച്ഛാനുവർത്തിയുമാണെന്നു വ്യഞ്ജിക്കുന്നു.

56. വേശ്യമാരുടെ അനുരാഗങ്ങൾ (പ്രേമവിലാസങ്ങൾ) സർവ്വോൽക്കർഷേണ വർത്തിക്കട്ടെ!

57. മാൽ—പ്രിയയുടെ അപരാധംകൊണ്ടുള്ള വ്യസനം. പെടാത്ത = പിണഞ്ഞിട്ടില്ലാത്ത. സുച...ജനം = സ്നേഹസ്ഥിരതയില്ലാത്ത പ്രിയജനം (ചപലസ്ത്രീകൾ). ഞാൻ സ്ഥിരതയുള്ളവളാണ്; അങ്ങയുടെ അസ്ഥിരസ്നേഹം എന്നെ ഈ നിലയിലാക്കി.

58. സുഖത്തിന്റെ കാര്യമിരിക്കട്ടെ; ഭവദ്വിരഹത്താൽ എനിക്കു പ്രാണസംശയംതന്നെ നേരിട്ടിരിക്കുന്നു.

59. ഇരിപ്പപ്പൊന്തയിലേക്കു പോകണ്ട. അവിടെ അവളുടെ കണവൻ തന്നെയാണ്, ദുശ്ശങ്കമൂലം പൂവുനുള്ളാൻ വരിക; ആ അതിസരളസ്വഭാവൻ (കള്ള

Digitized By Kerala Sahitya Akademi

പിടിക്കപ്പെട്ട വസ്ത്രത്തുമ്പു ബലേന വലിച്ചെടുത്തു് അനുനയം സ്വീകരിക്കാതെ പോകുന്ന നായികയോടു നായകൻ പറയുന്നു:

വസനത്തുമ്പു വലിച്ചു പു-
റപ്പെട്ടവളേ, നടക്ക മന്ദം നീ;
കളിർകൊങ്കതൻ കനത്താ-
ലിടർ തേടിന നടുവൊടിഞ്ഞാലോ! 60

ഒരു നാഗരികൻ, തന്റെ അറിവു വെളിപ്പെടുത്താൻവേണ്ടി, ഒരു പഥികനും തണ്ണീർപ്പന്തൽക്കാരിയും തമ്മിലുള്ള അനുരാഗത്തെ ക്കുറിച്ചു കൂട്ടുകാരനോടു പറയുന്നു:

വിരലുകളകന്ന കയ്യാൽ
വാങ്ങുന്നു വെള്ളമുന്മുഖൻ പഥികൻ;
തണ്ണീർപ്പന്തൽക്കാരിയു-
മൊട്ടൊട്ടായിട്ടൊഴുക്കുന്നു. 61

ഒരതിദുർല്ലഭനായികയെ കാമിക്കുന്ന ഒരു യുവാവു് അവളെ കാണാൻ, മററുപായമില്ലാത്തതിനാൽ ഭിക്ഷ ചോദിപ്പാനെന്ന വ്യാജേന അവളുടെ ഗൃഹത്തിൽ ചെന്നു; ഭിക്ഷ കൊടുപ്പാൻ അവൾ തന്നെ പോയി. അവൾ മടങ്ങിവരാൻ വൈകിയതിനാൽ, അതിനെപ്പററി അന്വേഷിച്ച ശ്വശ്രുവിനോടു സപത്നി പറയുന്നു:

പിച്ചക്കാരൻ പൊക്കിള-
മവൾ തദ്വദനാബ്ജവും നിരീക്ഷിപ്പൂ;
അവരുടെ ചോററിൻ തൊണ്ടും
കോരിയും കാക്ക കൊത്തുകയായു്! 62

കലഹിതയായ നായികയോടു പ്രിയനെ അനുനയിക്കാൻ സഖി ഉപദേശിക്കുന്നു:

ജീവാലംബനമാര,വ-
നനുനേയൻ തന്നെ, തെററു ചെയ്യുകിലും;

ത്തരമൊന്നും അറിഞ്ഞുകൂടാത്തവൻ) ഇരിപ്പപ്പൊന്തയിലേക്കു പോകുന്ന തഞ്ചിൽ താങ്കൾ അവളുടെ ഗൃഹത്തിൽത്തന്നെ ചെന്നുകൊള്ളുക.

60. എന്റെ പ്രണയം ഒടിഞ്ഞുകൊള്ളട്ടേ; ദ്രുതഗമനത്താൽ നിന്റെ നടു (അര) ഒടിയാതെ നോക്കേണ്ടയോ?

61. ഉന്മുഖൻ = മേല്പോട്ടു നോക്കിയവൻ. അധികനേരം പകർന്നുകിട്ടാൻ വേണ്ടി പഥികൻ കൈവിരലുകൾ അകത്തിപ്പിടിച്ചിരിക്കുന്നതിനാൽ, വെള്ളമൊക്കെ ചോർന്നുപോകുന്നു; അയാൾ അവളുടെ മുഖം നോക്കി രസിക്കുകയാണു്. അവളും അയാൾക്കനുകൂലമായി വെള്ളം പകർന്നുകൊടുത്തുകൊണ്ടു നില്ക്കുന്നു!

62. പൊക്കിൾ ..അവളുടെ നാഭി തദ്വദനാബ്ജം=അവന്റെ മുഖപദ്മം. നിരീക്ഷിപ്പൂ=നോക്കുന്നു. പിച്ചക്കാരന്റെ ചോററിൻതൊണ്ടും (ഭിക്ഷാപാത്രവും) അവളുടെ കോരികയും കാക്ക കൊത്തുന്നതു്, അന്യോന്യാനുരാഗജനിതമായ നിശ്ചലതയാൽ അവരറിയുന്നില്ല; കാക്കയെ ആട്ടുന്നതുമില്ല!

Digitized By Kerala Sahitya Akademi

പുരി ചുട്ടെരിക്കിലുമേവ—
ക്കരിമപ്പെടുകില്ല, ചൊല്ലഗ്നി? 63

വിദഗ്ദ്ധനായകനു താൽപര്യം വളർത്താൻവേണ്ടി, ഒരുവൾ ഗ്രാമനിന്ദാവ്യാജേന തൻെറ വൈദഗ്ദ്ധ്യത്തെ വെളിപ്പെടുത്തുന്നു:

ആർ നോക്കുന്നു മുഖത്തെ—
യ്യോ,ക്കു സുഖംതാൻ, കഥിക്ക, ദുഃഖംതാൻ?
ആരോടൊത്തു ചിരിക്കും,
പാമരരേറുന്ന കെട്ടവൂരിൽ? 64

മനോരഥസിദ്ധിയിലെന്നപോലെ അതിനു ഹേതുവായിട്ടുള്ളതിലും മനോവികാരമുണ്ടായിവരുമെന്നു്, ഒരു നാഗരികൻ കൂട്ടുകാരനു ചൂണ്ടികാട്ടിക്കൊടുക്കുന്നു:

സുദിനം പാർത്തു, പരുത്തി—
പ്പാടമുഴാൻ കരയിൽ മംഗളം ചെയ്യെ
കിടുകിടെ വിറകൊള്ളുന്നൂ,
ചില നിനവുകൾക്കൊണ്ടു കുലടതൻ കൈകൾ! 65

സഖിക്കു് ഒരുപദേശമായിവരുമാറു്, ഒരുത്തി ധൂർത്തസ്ത്രീകളുടെ നടപടി പറയുന്നു:

വഴിപോക്കർ നുള്ളിയേക്കാ—
മെന്നു വിശങ്കിച്ചു വേശകാമിനിമാർ
ഇരുളേറിയ പേരാൽത—
ന്നിലകളിലരിമാവുനീർ തളിക്കുന്നു! 66

---

63. ജീവാലംബനം = പ്രാണനു് ആശ്രയം. അനുനേയൻ = അനുനയിക്കപ്പെടേണ്ടവൻ. പുരിയെ (നഗരത്തെ) ചുട്ടെരിക്കുകയാകുന്ന അപരാധം ചെയ്താലും അഗ്നി എല്ലാവർക്കും പ്രിയപ്പെട്ടവൻതന്നെ. അഗ്നിയെക്കൂടാതെ പചനവും മററും നടക്കുകയില്ലല്ലോ.

64. സുഖം താൻ ദുഃഖം താൻ = സുഖമോ, ദുഃഖമോ. പാമരർ (ഇംഗിതാനഭിജ്ഞർ) ഏറിയ ഒരു കെട്ടവൂരു് (ശപിക്കപ്പെട്ട ഗ്രാമം) ആണിതു്; ഇവിടെ ആരുമില്ല, എൻെറ വിലാസചേഷ്ടകൾ കണ്ടറിയാൻ. അതിനാൽ വിദഗ്ദ്ധനായ അങ്ങയെ ഞാൻ സ്നേഹിക്കുന്നു.

65. സുദിനം പാർത്തു = നല്ല ദിവസം നോക്കി. മംഗളം—കലപ്പമേൽ മംഗളദ്രവ്യങ്ങൾ തേക്കുകയും മററും കൃഷിക്കാരുടെ ഒരാചാരമത്രേ. ചില നിനവു്—പരുത്തി വളൎന്നു മറവുണ്ടായാൽ, ഈ പാടം സങ്കേതസ്ഥലമാക്കാമെന്നും മററുമുള്ള മനോരാജ്യം.

66 വേശകാമിനിമാർ=കുലടമാർ. വഴിപോക്കർ ഇല പറിച്ചാൽ, പേരാലിൻചുവട്ടിൽ ഇരുൾ (മറവു്) ഇല്ലാതാവുകയും, അവിടം സങ്കേതനാർഹമായിത്തീരുകയും ചെയ്യും. അതിനാൽ അരി അരച്ചുകലക്കിയ വെള്ളം തളിച്ചു് ഇലകളെ കാകപുരീഷദൂഷിതങ്ങൾ പോലെയാക്കിത്തീർക്കുന്നു; അപ്പോൾ ഇല ആരും നുള്ളിയെടുക്കില്ലല്ലോ!

Digitized By Kerala Sahitya Akademi

പല്ലുതേപ്പാൻ, സങ്കേതസ്ഥാനമായ ഉങ്ങിന്റെ കൊമ്പ് ഒടിക്കുന്ന ഒരു ഗോസായിയെ ഒരു കുലട പരിഹസിക്കുന്നു:

അമരതലകിലേക്കു കേറാൻ
പുഴയുങ്ങിൻ കൊമ്പൊടിക്കുമെങ്ങയുടെ
കാലിപ്പൊഴുതും മന്നിൽ—
ത്തന്നേ നില്ക്കുന്നതെന്തു ഗോസായീ? 67

മറ്റൊരു നായികയെ പ്രലോഭിപ്പിപ്പാനായി, ഒരു നാഗരികൻ തന്റെ പ്രേമസ്ഥൈര്യത്തേയും കാമുകത്വത്തേയും കൂട്ടുകാരനോട് പറയുന്നു:

നില്ക്കട്ടേ, പ്രണയിനിതൻ
വിലയേറിയ വദനദർശനം മധുരം
ആ ഗ്രാമക്കോവിലുത—
ന്നയൽ കണ്ടാൽത്തന്നെ സുഖമുളവാം! 68

ഭാര്യ മരിച്ചുപോയെങ്കിലും ഒരു കൃഷിക്കാരന്ന് അവളിലുള്ള പ്രേമത്തെ പ്രശംസിക്കയാണെന്ന വ്യാജേന, ഒരുവൾ മന്ദസ്നേഹനായ മണാളനെ അഭിമുഖീകരിക്കാൻ നോക്കുന്നു:

തൊഴിൽ തീർന്നാലും വയൽ വി—
ട്ടസ്സാധു ഗൃഹത്തിലേക്കു പോകില്ലാ,
ദയിതാമൃതിയാൽ ശ്ശൂന്യത
തടവിന കുടിലിങ്കലെത്തുയിർ പെടായ്‌വാൻ! 69

ഒരു പ്രോഷിതഭർത്തൃകയുടെ സഖി നായകസമീപത്തേക്കു പോകുന്ന പഥികനോട് പറയുന്നു:

ചീററിയ കാററാൽ മേച്ചിൽ—
പ്പുല്ല് പാറന്നോരു കുടിലിൽ മഴ വീഴ്കേ,
അവധി ചുമർമേൽക്കുറിച്ചതു
മായായ്‌വാൻ മുഗ്ദ്ധ പൊത്തുന്നു! 70

സങ്കേതത്തിലെത്തിച്ചേർന്ന ജാരന്റെ കാമാവസ്ഥയെ ദൂതി കുലടയോട് അന്യാപദേശേന പറയുന്നു:

---

67. അമരുലക് = സ്വർഗ്ഗം. ഗോസായി ഉയരത്തിലുള്ള കൊമ്പൊടിപ്പാൻ കാൽത്തലപ്പൂന്നിയാണ് നില്ക്കുന്നത്; അതിനെ സ്വർഗ്ഗത്തിലേക്കു ചാടാനുള്ള ഒരുമ്പെടലാക്കിക്കല്പിച്ചു പരിഹസിക്കുന്നു. പുഴയുങ്ങ് = നദീതീരത്തിലെ ഉങ്ങ് എന്ന വൃക്ഷം.

68. ആ—അവൾ വസിക്കുന്നേ. അയൽ സമീപപ്രദേശം.

69. ത്തുയിർ = ദുഃഖം. ഇതാണ്, യഥാർത്ഥപ്രേമം!

70. അവധി—ഭർത്താവു തിരിച്ചെത്തുന്ന തീയതി. ആ തീയതിക്കു ഭർത്താവു വന്നുചേരാഞ്ഞാൽ സാധു ജീവിച്ചിരിക്കില്ല!

Digitized By Kerala Sahitya Akademi

ഗോദാവരീതടാന്ത
വെൺകുടകിലപോയ്കൂടിച്ചേരും കുരങ്ങൻ
ഖക്ഖ കരയുന്നു, വായ—
ററത്തടിക്കുന്നു, ചാടുന്നു! 71

മുമ്പു പ്രിയതമയായിരുന്നവളുടെ ആഭരണം അന്യയുവതിയെ അണിയിപ്പാനിച്ഛിക്കുന്ന നായകനോട്, സഖി സ്വഭർത്താവിന്റെ സ്നേഹസ്ഥൈര്യത്തെ പ്രതിപാദിക്കുന്നു:

ചത്തൊരു പോത്തിൻ കടമണി—
യേന്തിച്ചിരമായിരം പശ്രുച്ചാർത്തിൽ
കൊണ്ടുനടന്നിട്ടമ്മ—
ക്കോവിലിലഥ തൂക്കിനാൻ, ഗൃഹാധിപതി! 72

സപത്നിമാരുടെ വിഭവാധിക്യം കണ്ടു വിഷാദിച്ച നവോഢയെ, സമ്പത്തിനേക്കാൾ സൗഭാഗ്യമാണ് (ഭർതൃപ്രിയതയാണ്) സാരമെന്ന്, സഖി സമാശ്വസിപ്പിക്കുന്നു:

മയിലിൻ പീലികൾ ചൂടി—
ച്ചുററിനടക്കുന്നു ദൃപ്ത ശബരത്തി,
ആനത്തലമുത്തുകളാം
മണിപൂണ്ട സപത്നികൾക്കിടയിൽ! 73

ഒരു കുട്ടിനി ഒരു വിടനെ പ്രോത്സാഹിപ്പിക്കുന്നു:

വളവൊത്ത കണ്ണേറിയല്ലും
വളവേറിയ കൊഞ്ചൽ, വളവെഴും നടയും,
വളവുററ ചിരിയുമുള്ളോ—
ക്കരിമപ്പെട്ടോൻ, സുകൃതി കുഞ്ഞേ! 74

71. ഖക്ഖ—ശബ്ദാനുകരണം. കുരങ്ങനെപ്പോലെയായിരിക്കുന്നു, നിന്റെ ജാരൻ; വേഗത്തിൽ ചെല്ലുക.

72. പശ്രുച്ചാർത്തിൽ = നാല്പാലിവർഗ്ഗത്തിൽ; പോത്തിൻകൂട്ടത്തിൽ. ഗൃഹാധിപതി = വീട്ടുടപ്പൻ; സഖിയുടെ ഭർത്താവ്. ചത്ത പോത്തിനൊത്ത ഒരു പോത്തിനെ കണ്ടുകിട്ടാഞ്ഞതിനാൽ അദ്ദേഹം കടമണി അമ്മക്കോവിലിൽ (ചണ്ഡികാക്ഷേത്രത്തിൽ) തൂക്കുകയാണു ചെയ്തതു്; നോക്കൂ, എന്റെ ഭർത്താവിനു ചത്ത പോത്തിനെക്കുറിച്ചുകൂടി എത്ര സ്നേഹം! താങ്കളോ, ജീവിച്ചിരിക്കുന്ന പ്രിയപത്നിയുടെ ആഭരണം അവളോട് ഒന്നുകൊണ്ടും തുല്യയല്ലാത്ത ഒരുത്തിയെ അണിയിപ്പാൻ തുടങ്ങുന്നു; എന്തൊരനൗചിത്യം!

73. ദൃപ്ത = ഗർവിത. ''കൊമ്പനാനകളെക്കൊന്ന്, അവയുടെ മസ്തകങ്ങളിലെ മുത്തുമണികൾ നിങ്ങളെ അണിയിച്ചുപോന്ന ഭർത്താവ്, ഇപ്പോൾ എന്നോടുകൂടി അതിമാത്രം രമിക്കുന്നതിനാൽ ദുർബ്ബലനായി, മയിലുകളെ മാത്രം കൊല്ലാനേ ആളാകുന്നുള്ളു'' എന്നത്രേ, മയിൽപ്പീലി ചൂടിയ ശബരത്തിയുടെ സൗഭാഗ്യഗർവ്വ്!

74. ഉള്ളോക്ക് = ഉള്ള സ്ത്രീകൾക്ക്. ഈ വിലാസങ്ങളൊക്കെയുള്ളവളാണ് എന്റെ മകൾ; അവൾ നിങ്കൽ അനുരക്തയായിരിക്കുന്നു. അതിനാൽ നീ സുകൃതീ(പുണ്യവാൻ)തന്നെ!

Digitized By Kerala Sahitya Akademi

ഗോദാവരീതീരത്തുള്ള വിജനമായ ലതാഗൃഹത്തിൽ ധ്യാനവും മററുമനുഷ്ഠിച്ചുകൊണ്ടു സങ്കേതവിഘ്നം വരുത്തുന്ന ഗോസായിയോട് ഒരു കുലട പറയുന്നു:

ഗോസായി, കരുതിനില്ക്കണ-
മാ നായിനെയിന്നു കൊന്നിരിക്കുന്നു,
ഗോദാതടാന്തനിബിഡ-
പ്പൊന്തയിൽ മേവുന്ന ചുണയെഴും സിംഹം! 75

''നിന്റെ ഉള്ള് എനിക്കു മനസ്സിലായി'' എന്നിങ്ങനെ ഒരുവൻ ഒരു യുവാവിനെ പരിഹസിക്കുന്നു:

കാററാൽപ്പാറന്ന കണ്ണ്രോൽ-
പലരേണു പതിച്ച കണ്ണിലുതുനോക്കാം,
കൊതി തീരാതേ മുകരും
നീ ദേവന്മാരിലാരാവാം? 76

ഒരു പ്രോഷിതഭർത്തൃക കാമാർത്തി നടിച്ചുംകൊണ്ടു കാന്തനെ കൂട്ടിക്കൊണ്ടുവരുവാൻ തോഴിയെ തിടുക്കപ്പെടുത്തുന്നു:

നോവിക്കുന്നു കടമ്പിൻ-
പൂവെന്നെത്തോഴി, മററലരിനെക്കാൾ:
ഗുളികാശരമേന്തുകയാ-
ണിന്നാളിലനംഗനെന്നു തോന്നുന്നു! 77

ഒരു വിരഹോൽക്കണ്ഠിതയുടെ സഖി തൽകാന്തനോടു സ്ത്രീവധപാതകം സൂചിപ്പിച്ചുംകൊണ്ടു പറയുന്നു:

ഞാൻ ദൂതിയല്ല, വല്ലഭ-
നല്ല ഭവാനെ,ന്തെനിക്കിതിൽക്കാര്യം?
അവൾ ചാകും, തവ പേർ കെട്ടു;-
മതിനാൽധർമ്മാക്ഷരം ചൊന്നേൻ! 78

കാല്ക്കൽ വീണുനയിക്കുന്ന കാന്തനെ ഖണ്ഡിതയായ നായിക അന്യാസംഗമചിഹ്നം കാട്ടിക്കൊണ്ടു നിന്ദിക്കുന്നു:

---

75. ഈ പൊന്തയിൽ ഒരു സിംഹമുണ്ട്; നീ ഇവിടെ ഇരുന്നാൽ നിന്നെയും അതു് ആ നായയെ എന്നപോലെ കൊന്നുകളയും! ഗോദ = ഗോദാവരി

76. കണ്ണിൽ = നായികയുടെ നയനത്തിൽ. അവളുടെ മുഖം കണ്ണിമവെട്ടാതെ നോക്കുന്ന നീ അനിമിഷന്മാരായ ദേവന്മാരിൽ ആരാണ്? പ്രസിദ്ധ ദേവന്മാർക്കില്ല ഇത്ര പുണ്യഫലാനുഭവം! കണ്ണ്രോൽപലരേണു = കാതിലണിഞ്ഞ കരിംകൂവളപ്പൂവിന്റെ പൊടി.

77. ഗുളികയുടെ വടിവാണ്, കടമ്പിൻപൂവിന്ന്. വിരഹികൾക്കു വസന്തത്തെക്കാളും ദുസ്സഹമാണ്, വർഷകാലം എന്നു ധ്വനി.

78. സ്ത്രീവധദുശ്ശസ്സുണ്ടാകാതിരിക്കേണമെങ്കിൽ ഭവാൻ അവളുടെ അടുക്കൽ ചെല്ലുക.

Digitized By Kerala Sahitya Akademi

അവളാൽതൻമുഖാൽത്തവ മുഖ—
ത്ത,ഥ നിൻവദനത്തിൽനിന്നു മമ കഴൽമേൽ
കൈമാറിക്കൈമാറി—
പ്പകർന്നു, യത്നേന നിർമ്മിതം തിലകം! 79

''ഇവളും ഇവനും അനുരക്തയാണെ''ന്ന് ഒരു നാഗരികൻ കൂട്ടുകാരനെ ധരിപ്പിക്കുന്നു:

കൃഷകസുതൻ ഞാവൽത്തളിർ
ചെവിയിലണിഞ്ഞിങ്ങു സഞ്ചരിക്കുമ്പോൾ,
പകുതിമിഴികൊണ്ടു നോക്കും
തരുണിക്കു മുഖം കറുക്കുന്നു! 80

ഒരു കലഹാന്തരിതദൂതിയോടു കാന്തനെ അനുനയിക്കാൻ പറയുന്നു:

ദൂതി, മിടുക്കുള്ള നിന—
ക്കറിയാമേ, കഠിന - മൃദുലസല്ലാപം;
അടവിൽച്ചൊറിഞ്ഞു തകരാ—
റണയാത്തവിധത്തിലാക്കുകായാളെ! 81

ബഹുഭാര്യനായ ഒരു നായകനോടു ദൂതി ഒരുത്തിക്ക് അയാളിലുള്ള അനുരാഗം പറയുന്നു:

വനിതാശതങ്ങളും തിങ്ങിയ
നിൻകരളിലിടം കിടച്ചിടാതെയവൾ
മററു തൊഴിൽ,വിട്ടു നിത്യം
മെലിയിപ്പു സുഭഗനേ, മെലിഞ്ഞൊരുടൽ! 82

ഒരുവൻ ഒരുവളിലുള്ള അനുരാഗാധിക്യത്തെ കൂട്ടുകാരനോടു പറയുന്നു:

---

79. മുഖാൽ = മുഖത്തിൽനിന്ന്. അവളാൽ ഭവത്സംഗമത്തിന്നു യത്നേന (പണിപ്പെട്ടു) നിർമ്മിതമായ തിലകം എന്റെ കഴലിന്മേൽ സംക്രമിച്ചു; ഈ അടയാളം കണ്ടുകൊണ്ട്, അങ്ങയുടെ അന്യാംഗനാസംഗമാപരാധം ഞാനെങ്ങനെ ക്ഷമിക്കും?

80. കൃഷകസുതൻ = കൃഷിക്കാരന്റെ മകൻ, കൃഷകയുവാവ്. ഞാവൽത്തളിർ സങ്കേതസ്ഥലത്തെ സൂചിപ്പിക്കുന്നു. അവിടെ സമയത്തു ചെല്ലാൻ തരുണിക്കു തരംകിട്ടിയില്ല; അതുകൊണ്ടാണ്, ഇവളുടെ മുഖം കറുത്തതു്. ഇവർ അന്യോന്യാനുരക്തർതന്നെ.

81. കർക്കശമായും മൃദുവായും സംസാരിപ്പാൻ നിപുണയാണ് നീ. അടവിൽ (സൂത്രത്തിൽ) ചൊറിഞ്ഞ്, അയാൾക്കു വേദന തോന്നിക്കാതെ അയാളുടെ അരിശം ശമിപ്പിക്കുക! തഞ്ചത്തിൽ ചൊറിഞ്ഞാൽ ചൊറി മാറും; കുഴപ്പം വേറെ ഒന്നും വരികയുമില്ല.

82. സുഭഗനേ = സുഭഗനായുള്ളോനേ. നന്നേ മെലിഞ്ഞാൽ നിന്റെ മനസ്സിൽ ഇത്തിരി സ്ഥലം കിട്ടിയേക്കാമല്ലോ! നാൾക്കുനാൾ ഭവത്സമാഗമോപായചിന്തയാൽ മെലിയുന്നു!

Digitized By Kerala Sahitya Akademi

അനുദിനമതിസന്താപം
നല്കിടുമത്തരുണി കാൽക്ഷണംപോലും.
വെടിയുന്നീലെൻ നെഞ്ചിനെ,—
യൊളിപാതകശങ്കയെന്നവിധം! 83

ഒരു സുശീല അനുനയിക്കുന്ന അപരാധിയായ കാന്തനോട് പ്രണയകോപത്തോടേ പറയുന്നു;

ഇല്ലരിശം മേ; കഴുകി—
ക്കൊൾക; ഭവാനെന്തിനജ്ഞ, കനിയിപ്പൂ;
അങ്ങയ്ക്കസുഖമിയറ്റും
കോപം ഞാൻ കൊൾവതും വെറുതേ! 84

ഒരു വിരഹോൽക്കണ്ഠിതയുടെ സഖി തൽക്കാന്തനോടു പറയുന്നു:

പെരുകിന ചുടുനെടുവീർപ്പാ—
ലെരിപൊരികൊണ്ടു,കണ്ണീരിലാറാടി,
'ശ്യാമശബളം' ചരിപ്പൂ
ധ്രുവ,മവൾതൻചുണ്ടു നിൻ വിയോഗത്തിൽ! 85

ഒരു മദ്ധ്യാഹ്നാഭിസാരിക സങ്കേതസ്ഥലമായ ജലാശയതീരനികുഞ്ജത്തിൽ എത്തിച്ചേർന്നു; എന്നാൽ, ജാരൻ ചെന്നില്ല. അതിനാൽ അവൾ അയാളോടു സ്നേഹസ്ഥൈര്യത്തെ സജ്ജനഹൃദയപ്രശംസാവ്യാജേന പറയുന്നു:

വെളിയിൽച്ചൂടൊടുമുള്ളിൽ—
ക്കുളിരോടും വൻകയങ്ങൾതൻ സലിലം
കോപിച്ച സജ്ജനമനം
പോലെ ചമഞ്ഞൂ ശരൽക്കാലേ! 86

ദൂതി ഒരുത്തിയുടെ മുഗ്ദ്ധതയെ വർണ്ണിക്കുകയാണെന്ന വ്യാജേന പ്രഥമാഭിസരണസ്വീകരണം സൂചിപ്പിക്കുന്നു:

---

83. ഒളിപാതകശങ്ക (പ്രച്ഛന്നപാപശങ്ക) നെഞ്ചിനെ (ഹൃദയത്തെ) വെടിയില്ല; വലിയ സന്താപത്തെ ജനിപ്പിക്കുകയും ചെയ്യും. ഇതുപോലെ അത്തരുണിയും!

84. അജ്ഞ = അറിവില്ലാത്തവനേ. അനഭിജ്ഞകൾ അരിശംകൊണ്ടെന്തു ഫലം? കനിയിപ്പൂ = അനുനയിക്കുന്നു.

85. തിയ്യിൽച്ചാടിയിട്ട് ഉടൻ വെള്ളത്തിൽ ചാടുക എന്ന വ്രതമത്രേ, ശ്യാമശബളം. അവളുടെ അധരം നിശ്വാസത്തീയ്യിൽ തപിച്ച് കണ്ണുനീരിലാറാടുന്നു. ചരിപ്പൂ = ആചരിക്കുന്നു.

86. സജ്ജനങ്ങൾ കോപിച്ചാലും, അവരുടെ ഹൃദയം തണുത്തുതന്നെയിരിക്കും; സ്നേഹശാലികളാണവർ.

Digitized By Kerala Sahitya Akademi

''ആയാം വന്നാലെന്തിവൾ
ചെയ്തിട്ട,മെന്തോതുമൊന്നി,തെന്തായ്പ്പോം?''
എന്നു കിടുകിടെ വിറപ്പൂ
പരമാദിമസാഹസോന്മുഖിക്കു മനം! 87

ഒരു കലഹാന്തരിത കാന്തന്റെ അനുനയം സ്വീകരിച്ചില്ല. ഇതു് അവളുടെ വാശികൊണ്ടല്ലെന്നു, ദൂതി ലജ്ജിതനായ അയാളെ ഉദ്ബോധിപ്പിക്കുന്നു:

അടിമലരിൽ വീണ പതിയുടെ
മുടി തലയിന്മേലുടക്കിനിന്നതവൾ
വിടുവിച്ചതിനാൽത്തന്നേ
സ്ഫുടമറിയാം, വിട്ടു കോപമെന്നല്ലോ! 88

ഒരുത്തിയുടെ അനുരാഗാതിശയം ദൂതി നായകനെ അറിയിക്കുന്നു:

അങ്ങയുടെയംഗലേപന—
മുരംച്ചേർന്ന കടുത്ത ഞാവൽവെള്ളത്താൽ
നീരാടിപോൽ മൃദുലമെ—
യ്യാളവൾ ഗോദാവരിക്കരയിൽ! 89

ഒരു വിരഹോൽക്കണ്ഠിത പ്രിയന്റെ സമുദായനായകത്വത്തെ സഖീജനത്തോടു വർണ്ണിച്ചു പറയുന്നു:

ഇന്നേ പോയാനകലെ—
യ്യാ;—ന്നേ ശൂന്യങ്ങളാകയും ചെയ്തു,
പാതത്തലയും നാല്പെരു—
വഴിയും തൃക്കോവിലും മമ മനസ്സും! 90

ഒരു വേശ്യയെ വിടജനങ്ങൾ പ്രശംസിക്കുന്നതു സഹിക്കാതെ ഒരുവൾ സ്വഗുണങ്ങളെ വ്യഞ്ജിപ്പിച്ചുകൊണ്ടു പറയുന്നു:

---

87. ആദിമസാഹസോന്മുഖി = ഒന്നാമതായി സാഹസ(അഭിസരണ)ത്തിന്നു് ഒരുങ്ങിയവൾ. കിടുകിടുക്കുന്ന ഹൃദയത്തോടെ ആ മുഗ്ദ്ധ സമ്മതിച്ചു എന്നു സാരം.

88. സ്നേഹഭംഗം വന്നിട്ടില്ലാത്ത മാനിനിമാർ വാക്കുകൊണ്ടോ മുഖസ്തോഭം കൊണ്ടോ വെളിപ്പെടുത്താത്ത പ്രസാദം ചേഷ്ടകൊണ്ടു വെളിപ്പെടുത്തും. അവൾ തലയിന്മേലുടക്കിയ ഭർത്തൃകേശം വിടുവിച്ചില്ലേ? അതുകൊണ്ടുതന്നെ അറിയാമല്ലോ, അവൾ കോപമുക്തയായി എന്നു്. അറിയാഞ്ഞു്, അങ്ങയുടെ അവിദഗ്ദ്ധത; അവൾ വാശി പിടിച്ചിട്ടില്ല. പതിയുടെ—ഭർത്താവായ ഭവാന്റെ.

89. അങ്ങയുടെ അംഗസംഗമത്തിൽ അഭിലാഷമുള്ളതുകൊണ്ടാണു് അങ്ങയുടെ അംഗലേപനം (ദേഹത്തിലെ കറിക്കൂട്ടു്) ചേർന്ന കടുത്ത ഞാവൽവെള്ളം (ഞാവൽത്തൊലിയിട്ടു തിളപ്പിച്ചവെള്ളം)കൊണ്ടു് ആ കോമളാംഗി കുളിച്ചതു്!

90 അദ്ദേഹം അകലത്തേക്കു പോയതോടുകൂടി ശൂന്യങ്ങളായിപ്പോയി. പാതത്തല = വെട്ടുവഴിയുടെ മുകപ്പു്. നാല്പെരുവഴി = നാൽക്കൂട്ടുന്ന വഴി. തൃക്കോവിൽ = ക്ഷേത്രം.

Digitized By Kerala Sahitya Akademi

സാസൂവറിയാത്ത നിര—
ക്ഷരമാം വധൂത്തെയും കനംകൂട്ടി
തോളത്തേററി നടപ്പൂ
നരർ, തട്ടാൻ തൻ തുലാസ്സിനെപ്പോലേ! 91

ഒരു കലഹാന്തരിതയുടെ കാന്തൻ ഉൽക്കണ്ഠ പോക്കാൻവേണ്ടി കൂട്ടുകാരനോടു പറയുന്നു:

കവിളം ചെണ്ടിച്ചുണ്ടു വിറ—
ച്ചക്ഷ,രമിടറിത്തൊടാസ്സയെന്നോതി,
അരിശമൊടകന്നുപോകും
ദയിതയെ ഞാൻ സംസ്മരിക്കുന്നേൻ! 92

ഒരു നാഗരികൻ, തൻെറ കണ്ടുപിടുത്തം വെളിപ്പെടുത്താൻവേണ്ടി കൂട്ടുകാരനോടു പറയുന്നു:

ഗോദയിലിറങ്ങുമളവിലൊ—
രിടർ ഭാവിച്ചു,ടലവൻെറ ഹൃദി ചേർത്താൾ;
അനുകമ്പ നടിച്ചവനും
മുറുകെത്തഴുകീടിനാനവളെ! 93

മന്ദസ്നേഹനായിത്തീർന്ന നായകനെ അനുകൂലിപ്പിക്കാൻ ദൂതി നായികയുടെ അനുരാഗം വർണ്ണിക്കുന്നു:

അങ്ങുന്നേകൂത്തു നല്കിയൊ—
രവമാലികയെ,സ്സുഗന്ധമററിട്ടും
സുഭഗ, വഹിക്കുന്നുണ്ടവ—
ളു,ദ്വാസിതക്ഷേത്രമൂർത്തിപോലിന്നും! 94

ഈർഷ്യാകോപം കൊള്ളണമെന്നുപദേശിക്കുന്ന ചാർച്ചക്കാരിയോടു് ഒരുവൾ പറയുന്നു:

എളുതല്ല,തിർ വിട്ടവനാ—
മവനിൽക്കളിയായ്ച്ചൊടിക്കുകെന്നതു മേ,

91. നരർ (ആളുകൾ) സാസൂ എന്നറിയാത്ത നിരക്ഷരയായ (എഴുത്തറിയാത്ത) ഈ പെണ്ണിനെപ്പോലും ശിരസാ ശ്ലാഘിക്കുന്നു, കഷ്ടം! തട്ടാന്മാർ തുലാസ്സ് തോളിൽ തൂക്കിയിടുന്നതു്, അതിൻെറ കനംകൊണ്ടും മററുമല്ലല്ലോ.

93. ഹൃദി = നെഞ്ചിൽ. വീഴാൻ തുടങ്ങുന്ന ആളെ അനുകമ്പയുള്ളവൻ താങ്ങാതിരിക്കുമോ!

94. അവമാലിക = ഉപയോഗിക്കപ്പെട്ടു വാടിയ പൂമാല. ക്ഷേത്രത്തിലെ ഉദ്വാസിക്കപ്പെട്ട (പൂജ കഴിഞ്ഞാൽ ദേവതയെ തിരിച്ചയയ്ക്കും) വിഗ്രഹംപോലെ അവൾ നിർജ്ജീവയായിരിക്കുന്നു; എങ്കിലും, അങ്ങു സ്വഹസ്തംകൊണ്ടു നല്കിയ പൂമാലയെ ഇപ്പോഴും ധരിച്ചുപോരുന്നു. അവളുടെ സ്നേഹം വാടിയിട്ടില്ല; സ്നേഹത്തിൻെറ സൗരഭ്യവും നശിച്ചിട്ടില്ല!

Digitized By Kerala Sahitya Akademi

അമ്മേ, ഇന്നുകിട്ടിയ—
പോലായീയവശഗാത്രത്താൽ! 95

കാമുകാനുരഞ്ജനത്തിനായി ഒരുവൾ, തന്റെ പുരുഷായിതവൈദഗ്ധ്യം സൂചിപ്പിച്ചുംകൊണ്ടു്, 'തെരുപ്പറന്നു' കളിക്കുന്ന പെൺകുട്ടിയെ തടുക്കുന്നവളോടു പറയുന്നു:

ഇവൾ കളിയായിട്ടു 'തെരു—
പ്പറന്നു'കൊള്ളട്ടെ നിങ്ങൾ തടയേണ്ട;
ജഘനം കനത്തു പുരുഷാ—
യിതത്തിൽ ബാധായ്‌വതിന്നു തെളിയട്ടേ! 96

ചാരിത്രഭംഗം പററിപ്പോയതിൽ ലജ്ജിതയായിത്തീർന്ന ഒരു കുലീനയെ സ്നേഹിത സമാശ്വസിപ്പിക്കുന്നു:

ഗ്രാമം തരുണർ നിറഞ്ഞൊ—
ന്നലർമാസം, യൗവനം, പതി വയസ്സൻ,
പഴയ മധു കൈവശത്തു—
ണ്ട;—സതീത്വം വയ്യ, ചാവുകയോ! 97

നായകനെ ആകർഷിപ്പാൻ ദൂതി നായികയുടെ അനുരാഗാതിശയം അറിയിക്കുന്നു:

അങ്ങെൻപക്കൽത്തന്നൊരു
സന്ദേശം പെരുതുതവണ ചൊല്ലുകിലും,
'കേട്ടീലെ'ന്നെൻസ്വാമിനി—
ന്നുരുവ വീണ്ടും കഥിപ്പിപ്പൂ! 98

ഒരു കുലീനയ്ക്കു് ഒരു യുവാവിനെക്കുറിച്ചുള്ള അനുരാഗവും അവൾ അതു മറച്ചുവെയ്ക്കുന്ന കൗശലവും ദൂതി അവനെ അറിയിക്കുന്നു:

---

95. അതിർവിട്ടവനാം (കണ്ടാലപ്പോൾ പിടിച്ചുപൂട്ടുന്നവനായ) അവനിൽ നേരമ്പോക്കായിട്ടുപോലും ചൊടിക്ക (അരിശംകൊള്ളുക) സാധ്യമല്ല. അവനെ കണ്ടാലപ്പോൾ, എന്റെ ഗാത്രം (അവയവങ്ങൾ) എനിക്കു് ഇന്നുകിട്ടിയതുപോലെയായിത്തീരും, എന്റേതല്ലാതായിത്തീരും!

96. 'തെരുപ്പറക്കൽ' എന്നതു കുന്തിച്ചിരുന്നു പറക്കംപോലെയുള്ള ഒരുതരം ചാതനോൽപതനമത്രേ. ജഘനത്തിനു കനവും അരയ്ക്കു തടിയും വരാതിരിപ്പാൻ ഈ വ്യായാമം നന്നു്; അതു മേലിൽ ഇവൾക്കുപകാരപ്പെടും! പുരുഷായിതം—ഉപരിസുരതം.

97. ഗ്രാമത്തിൽ യുവാക്കന്മാർ വളരെ; കാലം അലർമാസം (വസന്തം); പ്രായം യൗവനം; ഭർത്താവു് കിഴവൻ, പഴയ (വീര്യംകൂടിയ) മധു (മദ്യം) സ്വാധീനം—എന്നാലും, അസതീത്വം (പാതിവ്രത്യമില്ലായ്മ) വയ്യപോൽ. എങ്കിൽ ചാവുകയേ ഗതിയുള്ളു!

98. കഥിപ്പിപ്പൂ = ചൊല്ലിക്കുന്നു. അങ്ങയുടെ ആ സന്ദേശം എത്ര പ്രാവശ്യം കേട്ടാലും അവൾക്കു മതിവരുന്നില്ല!

Digitized By Kerala Sahitya Akademi

അതിയാം സ്നേഹം കാണി–
ച്ചെങ്ങനെയോ നോക്കിനാൾ ഭവാനെയവൾ,
അങ്ങനെ മറ്റൊരുവനെയും,
പരമാർത്ഥം മൂടിവെപ്പാനായ്. 99

താൻ 'പെറ്റെണീറ്റു' കഴിഞ്ഞു എന്നു ഭർത്താവിനെ ധരിപ്പിക്കാൻ ഒരുവൾ ചെയ്യുന്നതു് ഒരുത്തി സ്നേഹിതയോടു പറയുന്നു:

മകനു നടാടെ മുളച്ചു–
ള്ളിരുപല്ലിൻപാടു ചേർന്ന ലന്തക്കായ്,
'വാങ്ങുകിതു നോക്കുകെ'ന്നായ്–
ക്കണവന്നേകുന്നു സസ്മിതം പത്നി! 100

രസികപ്രിയമായ്ക്കവിവര–
കവിവത്സലമുഖ്യർ തീർത്താരെഴുനൂറിൽ
രണ്ടാമത്തെഗ്ഗാഥാ–
ശതകമിതാ, പൂർണ്ണമായ്ത്തീർന്നു.

മൂന്നാം ശതകം

'ആളുകൾ വെറുതെ പറകയാണെ'ന്നു സമാധാനിപ്പിക്കുന്ന കാന്തനോടു മാനിനി പ്രണയകോപത്തോടേ പറയുന്നു:

ചൊല്ലിക്കൊള്ളട്ടെ കട–
ന്നാളുകൾ; നിജ ചിത്തമേ പ്രമാണം തേ;
ഒന്നു പിഴയ്ക്കപ്പെടുവാൻ–
പോലുമനർഹൻ, നലം നിലച്ച ഭവാൻ! 1

ഒരു കുലട ഹൃദയത്തെ നിന്ദിക്കുകയാണെന്ന വ്യാജേന അഭിമത കാന്തപ്രാപ്തിയെ സൂചിപ്പിച്ച്, ഒരു യുവാവിന്നു താൽപര്യമുളവാക്കുന്നു:

തോന്നിയപോലേ പായും–
പതിവാൽ ദുർല്ലഭ്യസുഖദരെത്തേടി
വാനത്തു ചുറ്റിയലയും
മനമേ, നീ വീണടഞ്ഞേക്കും! 2

99. അങ്ങയെ എന്നപോലെ മറ്റൊരുവനെയും നോക്കി. ഈ വിദ്യ ആളുകൾ വാസ്തവമറിയാതിരിപ്പാനാണ്.

100. മകന്നു പല്ലു മുളച്ചിട്ടില്ല. അവൾ തന്നെയാണ്, ലന്തക്കായ കടിച്ചതു്; അതു ഭർത്താവിന്നു മനസ്സിലാകാനത്രേ പുഞ്ചിരിയിട്ടതു്!

1. നലം നിലച്ച = സ്നേഹം നശിച്ച.

2. പായുംപതിവാൽ = ഓടിനടക്കുന്ന ശീലംകൊണ്ടു്. നിന്റെ ചുറ്റിയലയൽ നിർത്താൻ ഏതൊരു സുഭഗനുള്ളൂ? എനിക്കറിഞ്ഞുകൂടാ!

Digitized By Kerala Sahitya Akademi

ഒരിക്കൽ സമാഗമിച്ചവനും പിന്നീടു താൽപര്യം കുറഞ്ഞവനുമായ വിടനെപ്പററി, ഒരു ഗുണഗർവിതയായ ഗണിക ദൂതിയോടു നിന്ദിച്ചു പറയുന്നു:

ഗുണമേ, പതിരാണൊന്നുകി-
ല,ല്ലെങ്കിലയാൾക്കറിഞ്ഞുകൂട ഗുണം;
ഒന്നുകിൽ ഞാനൊരു നിർഗ്ഗുണ;—
യല്ലെങ്കിലവൻെറയാൾക്കു ഗുണമേറും! 3

''പരാംഗനാസക്തനായ പ്രിയനെ നീ സ്വദുഃഖം അറിയിച്ചു തടുക്കാത്തതെന്താണെ''ന്നു ചോദിച്ച അമ്മായിയോടു് ഒരുവൾ നിർവേദത്തോടേ പറയുന്നു:

നെഞ്ചു പിളർത്താൽത്തന്നെയു—
മെമ്മട്ടറിയിക്കുമവനെയമ്മായി;
കണ്ണാടിയിൽ നിഴലിടൽപോ—
ലവനിൽപ്പതിയില്ല പരിതാപം! 4

പണിപ്പെട്ടു കിട്ടിയ യുവതിയെപ്പോലും വിമൃശ്യകാരിത്വം മൂലം പ്രാപിക്കാത്ത നായകനെ പ്രോത്സാഹിപ്പിക്കാൻ ദൂതി അന്യാപദേശേന പഴിക്കുന്നു:

കൊത്തുന്നീലാ, വിരഹിണി
വെച്ചുകൊടുത്തിട്ടുമുരുളയെക്കാകൻ,
നതകരവിഗളിതവളയുടെ
നടുവിൽക്കണ്ടിട്ടു, കെണി കരുതി! 5

ഒരു പ്രോഷിതഭർത്തൃകയുടെ സഖി ഭർത്താവിൻെറ സത്വരപ്രത്യാഗമനത്തിന്നുവേണ്ടി, തത്സമീപത്തേക്കു പോകുന്ന ഒരു പഥികനോടു പറയുന്നു:

അവധിദിനാഗമനത്തെ—
ശ്ശങ്കിച്ചിട്ടാളിമാരുപായത്തിൽ

3. പതിരു്—നിസ്സാരം. അവൻെറയാൾക്കു്—അവൻെറ പ്രിയതമയ്ക്കു്. അതുകൊണ്ടായിരിക്കാം, എന്നെ ബഹുമാനിക്കാത്തതു്.

4. ഹൃദയം പൊളിച്ചു കാണിച്ചാലും, അവന്നു മനസ്സിലാവില്ല; അന്യൻെറ ദുഃഖം പ്രതിബിംബിക്കുന്ന കണ്ണാടിയല്ല, അവൻെറ മനസ്സു്! അവന്നു പരദുഃഖം അറിഞ്ഞുകൂടാ.

5. കാക്കയ്ക്കു വെച്ചുകൊടുത്ത ചോററുരുള നതകരവിഗളിതമായ (ചാഞ്ഞ കൈയിന്മേൽനിന്നു് ഊർന്നുവീണ) വളയുടെ നടുവിലായി കണ്ടിട്ടു്, അതു് ഒരു കെണിയാണെന്നു തോന്നുകയാൽ കാക്ക കൊത്തുന്നില്ല. ഇതുപോലെ, അസ്ഥാനത്താണു് അതിനുടെ ശങ്ക. അവൾ വിരഹിണിയാണു്. ഭർത്താവു മറുനാട്ടിൽ പോയിരിക്കുന്നു; പേടിക്കാനൊന്നുമില്ല. വള ഊർന്നുവീണതു് അവളുടെ വിരഹകാർശ്യത്തെ ധ്വനിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

മാച്ചുന്നു, ചുമരിന്മേലെഴുതിയ
വരകളിലേ രണ്ടുമൂന്നെണ്ണം! 6

ഒരു കാമുകൻ സ്വാഭിലാഷത്തെ വെളിപ്പെടുത്തിക്കൊണ്ടു്, ചന്ദ്രവർണ്ണനവ്യാജേന നായികയോടു പറയുന്നു:

നിന്നുടെ വദനത്തോടു കിട–
നില്ക്കുന്നില്ലെന്നുകണ്ടു മുഴുമതിയെ
മറെറാരുമട്ടാൽച്ചേർപ്പാൻ
ചെത്തിമുറിക്കുന്നു വിധി വീണ്ടും! 7

മറെറാരു ഗ്രാമത്തിലേക്കു പോകാനൊരുങ്ങി മറെറാരു ഗൃഹത്തിലിരിക്കുന്ന നായകന്റെ യാത്ര നിർത്താൻവേണ്ടി, നായികയുടെ അവസ്ഥ സഖി പറയുന്നു:

ഇന്നാം പോയി, നാം പോ–
യിന്നാം പോയെന്നു വിരലുകൊണ്ടെണ്ണി
വരയിട്ടു ചുമർ നിറച്ചാ–
ളൊന്നാംനാളിന്റെ പകുതിയിൽത്തന്നേ! 8

മുമ്പേ സ്വീകരിക്കാത്തവളും, പിന്നെ വളരെ അപേക്ഷിച്ചതിനാൽ സ്വീകരിച്ചവളും, പ്രഥമസമാഗമത്തിൽത്തന്നെ കാമുകന്റെ ഗുണങ്ങളാൽ രഞ്ജിച്ചവളും, തന്നിമിത്തം ആദ്യംതന്നെ സ്വീകരിക്കാതിരുന്നതിൽ ലജ്ജ തോന്നിയവളുമായ ഒരു തരുണിയെപ്പററി ഒരു കാമുകൻ സ്വഗുണഗർവോടെ കൂട്ടുകാരനോടു പറയുന്നു:

രണ്ടാംനാളിൽ വിലക്ഷത
കൊണ്ട മുഖപ്പൂവു കണ്ടതിൽപ്പോലെ
ഉണ്ടായീലാ, ദ്യദിനേ
കൊണ്ടാടിപ്പുല്കിയതിലുമത്രരസം! 9

---

6. അവധി(നിശ്ചിത)ദിവസത്തിൽ ഭർത്താവു വന്നില്ലെങ്കിലോ എന്നു ശങ്കിച്ചു സഖിമാർ (അവധിയായില്ലെന്നു തോന്നിപ്പാൻ) ഒന്നുരണ്ടു വരകൾ മായ്ച്ചുകളയുന്നു എന്നതിനാൽ, ഭർത്താവു നിശ്ചിതദിവസത്തിൽത്തന്നെ വന്നുചേർന്നില്ലെങ്കിൽ, ഇവൾ പ്രാണൻ വെടികതന്നെയും ചെയ്യേക്കുമെന്നു ധ്വനിക്കുന്നു.

7. വിധി—സ്രഷ്ടാവു്. പൂർണ്ണചന്ദ്രൻ വീണ്ടും ക്ഷയിച്ചു കലാരൂപനായിത്തീരുന്നതിനെ ചെത്തിമുറിക്കലായി ഉൽപ്രേക്ഷിച്ചിരിക്കയാണു്. ഇത്രയും സൗന്ദര്യവതിയായ നിന്നെ എന്നെപ്പോലുള്ളവർ എങ്ങനെ കാമിക്കാതിരിക്കും?

8. ഇന്നാം = ഇന്നു്. ഒന്നാംനാളിന്റെ—ഭവാൻ പോകാൻ നിശ്ചയിച്ച ദിവസത്തിന്റെ. ഭവാൻ പോകുന്നതിന്നുമുമ്പുതന്നേ പോയതായി കരുതി, ചുമർ നിറയെ വരയിട്ടവൾ ഭവദ്വിരഹത്തെ എത്ര സഹിക്കും?

9. വിലക്ഷത = ലജ്ജ. കൊണ്ട = വഹിച്ച. ഈ ലജ്ജയാണല്ലോ കാമുകന്നു സ്വഗുണഗർവിനെ ഉൽപാദിപ്പിച്ചതു്!

Digitized By Kerala Sahitya Akademi

''പൂവുതന്നെയോ, കാമദേവന്റെ അമ്പ്''' എന്നു ചോദിച്ച സഖിയോട് ഒരുവൾ വൈദഗ്ദ്ധ്യത്തോടെ പറയുന്നു:

നേരിട്ടുവന്ന കാന്തൻ
കടന്നുപോയിത്തിരിഞ്ഞുനോക്കിടുകിൽ,
അതുതാൻ സ്മരശരമേതോ—
ക്കാ;—യിക്കൊള്ളട്ടെയാളുകൾക്കെന്തും! 10

ഒരു സുന്ദരിയോട്, സാഭിലാഷനായ ഒരുവൻ സ്വാഭിപ്രായം വെളിപ്പെടുത്തി പറയുന്നു:

ഇതരന്നു കിട്ടുകില്ലാ,
നിൻജഘനാരോഹസൗഖ്യസൗഭാഗ്യം;
അഗ്നിജലങ്ങളിലല്ലോ,
പൊൻനൂലിനു മാററു കൂടുന്നു! 11

കാമുകന്നു കൗതുകം വളർത്താൻ ദൂതി നായികയുടെ സൗഭാഗ്യാതിശയം വർണ്ണിക്കുന്നു:

ഉള്ള വിഭവത്തെയാളുകൾ
നല്കുന്നതിലെന്തുവാനൊരാശ്ചര്യം?
ഇല്ലാത്തൊരു ദൗർഭാഗ്യവു—
മവളേകി, സപത്നികൾക്കല്ലോ. 12

വിദേശത്തു പോയ ഒരുവൻ ഉൽക്കണ്ഠ പോകാൻവേണ്ടി പ്രിയയെ സ്മരിച്ചുംകൊണ്ടു കൂട്ടുകാരനോടു പറയുന്നു:

അവളുടെ മുഖമമ്പിളിയൊടു
സമ;—മവൾതൻ മുഖരസം സുധാസദൃശം;
തലമുടി പിടിച്ചു രഭസാൽ
മുകരുന്നതിനുപമയെന്തുള്ളു? 13

---

10. അതുതാൻ—ആ കടാക്ഷംതന്നെ. ആളുകൾക്ക് (മററുള്ളവക്ക്) എന്തും സ്മരശരമായിക്കൊള്ളട്ടെ; എന്റെ അഭിപ്രായത്തിൽ, ആ കടാക്ഷമാണ്, കാമബാണം!

11. തീയിൽ കാച്ചി വെള്ളത്തിൽ മുക്കപ്പെട്ടതിനാൽ മാററുകൂടിയ പൊന്നിൻനൂൽ നിന്റെ ജഘനത്തെ പ്രാപിച്ചിരിക്കുന്നു; നിന്റെ ജഘനത്തിൽ ആരോഹണംചെയ്യുന്നതിന്റെ സുഖവും സൗഭാഗ്യവുമൊക്കെ ലഭിക്കേണമെങ്കിൽ, അഗ്നിജലവ്രതം (വീണ്ടും വീണ്ടും തീയിലും വെള്ളത്തിലും പ്രവേശിക്കുക എന്ന ഒരുതരം വ്രതം) അനുഷ്ഠിക്കുകതന്നെ വേണം. ഇതരന്ന് (അതനുഷ്ഠിക്കാത്തവന്ന്) കിട്ടുകയില്ല.

12. ഇല്ലാത്ത—അവൾക്കില്ലാത്ത. ഭർത്താവ് അവളിൽത്തന്നെ ആസക്തനായിത്തീർന്നതിനാൽ സപത്നിമാക്കു ദൗർഭാഗ്യം വന്നുകൂടി.

13. മുഖത്തെ ചന്ദ്രനോടും, മുഖ(അധര)രസത്തെ അമൃതിനോടും ഉപമിക്കാം; രഭസാൽ (ഔത്സുക്യത്തോടെ) ചുംബിക്കുന്നതിനെ ഒന്നിനോടും ഉപമിക്കുക വയ്യാ!

Digitized By Kerala Sahitya Akademi

വിചാരിച്ചു വിചാരിച്ചു കഴിയുന്ന നായകനെ ദൂതി ഉത്സാഹിപ്പിക്കുന്നു:

കാര്യം ഫലിക്കുമളവിൽ—
ഗ്ഗുണദോഷവിചിന്തനം മുഴുക്കുകയാൽ
സുചിരമമാന്തിച്ചമരും
പുരുഷൻ കാര്യം കെടുക്കുന്നു! 14

വിരഹാസഹയായ ഒരുവൾ പ്രണയകുപിതനായ കാന്തനെ പ്രസാദിപ്പിക്കുന്നു:

പെരുത്തു ഭവാനെക്കാളും
പ്രിയമെന്നുയിർതാനെനിക്കു ചപലാത്മൻ;
അതു നില്പീല്ലങ്ങയെവി—
ട്ടു:—തിനാൽ നിന്നരിശമാററുന്നേൻ! 15

പ്രണയകുപിതയായിരുന്ന നായിക, "ഞാൻ ഏഷണി കേട്ടു തെററിദ്ധരിച്ചുപോയി" എന്നു കരഞ്ഞുംകൊണ്ടു പറഞ്ഞപ്പോൾ, പ്രസാദനാർത്ഥം കാല്ക്കൽ വീണ നായകൻ പറയുന്നു:

ഓ, വിശ്വസിച്ചുകൊള്ളുക;
കരയും നിൻ കണ്ണുനീർക്കണങ്ങളിവ
എൻമുതുകിൽ പുളകത്താൽ—
ച്ചിതറിപ്പോകായ്കിൽ വിശ്വസിക്കാ നീ! 16

നായകന്റെ സ്നേഹമുറപ്പിക്കാൻവേണ്ടി, നായിക ദൂതിയോടു സദൃഷ്ടാന്തം പറയുന്നു:

ചുമരിൽ വരച്ചൊരു രൂപം
പോല,ഴലിലുമന്യദേശകാലത്തും
പിന്തിരിയാതേ നില്ക്കു—
ന്നവനത്രേ, മിത്രമാക്കേണ്ടു. 17

ഒളിക്കപ്പെട്ടതും ധൂർത്തർ അറിയുമെന്നു് ഒരു നാഗരികൻ, തന്റെ അഭിജ്ഞത്വം വെളിപ്പെടുത്തിക്കൊണ്ടു കൂട്ടുകാരനോടു പറയുന്നു:

14. ദീർഘസൂത്രത്വം കാര്യനാശകമാകുന്നു.

15. ചപലാത്മൻ = അല്ലയോ ചപലഹൃദയ, അങ്ങയെ വിട്ടു് (ഭവാനെ കൂടാതെ) അതു് (എനിക്കു ഭവാനെക്കാളും പ്രിയപ്പെട്ടതായ ഉയിർ) നില്ക്കില്ല. അതിനാൽ എന്റെ പ്രാണൻ പോകാതിരിപ്പാനാണ്, ഞാൻ അങ്ങയുടെ അരിശം ആററുന്നതു് (തണുപ്പിക്കുന്നതു്, ശമിപ്പിക്കുന്നതു്).

16. നിന്റെ കണ്ണുനീർ പാലും എന്റെ മുതുകത്തു രോമാഞ്ചമുണ്ടാകുന്നു; ഇതു കണ്ടില്ലെങ്കിൽ നീ ഇപ്പോഴും വിശ്വസിക്കുകയില്ലായിരുന്നു—ഏഷണി കേട്ടു് ഞാൻ അനുരക്തനെന്നുതന്നെ വിചാരിക്കുമായിരുന്നു.

17. ആപത്തിലും ദേശാന്തരകാലാന്തരങ്ങളിലും ആർ പിന്തിരിയാതെ നില്ക്കുമോ, ആ ആളെ വേണം സുഹൃത്താക്കുക.

Digitized By Kerala Sahitya Akademi

പെണ്ണിന്നാററിൻപൊന്തയി-
ലാദ്യോപ്പസതീത്വഹാനി കാണ്കയാൽ
ചിറകൊലികൊണ്ടു,യ്യോ എ-
ന്നരചെയ്തയരെപ്പറക്കയായ് കിളികൾ! 18

ഒരു പ്രോഷിതഭർത്തൃകയുടെ സഖി, അവളുടെ കാന്തനെ ചെല്ലാൻ തിടുക്കപ്പെടുത്തുന്നു:

നേർ പറയാം ഞാൻ കുഞ്ഞേ;
മലർമാസത്തിന്നസാധ്യമില്ലൊന്നും;
എന്നാൽ, ബകുളമണംകൊ-
ണ്ടുളവായിട്ടില്ലവൾക്കു പിഴയേതും. 19

ഒരുവളുടെ അനുരാഗാതിശയത്തെ ദൂതി നായകനോടു പറയുന്നു:

ഓരോ വേലിച്ചുററി-
ന്നിടയിലുമിളകുന്ന കൺ നടത്തിയവൾ
കൂട്ടിൽക്കിളിപോലായ്പ്പോയ്-
പ്പൊന്മകനേ, നീ കടന്നു പോന്നപ്പോൾ! 20

''അവളുടെ വീട്ടിന്റെ വഴിയിലൂടെ പോയപ്പോഴും അവൾ എന്നെ നോക്കിയില്ല'' എന്നു പറയുന്ന ജാരനോടു് ദൂതിയുടെ മറുപടി:

വേലിയിൽ മുട്ടിയ മുലയൊടു
കാൽപ്പെരുവിരലാൽ ഞെരുങ്ങിനിന്നിട്ടും
കണ്ടീലങ്ങയെയെങ്കിൽ-
പ്പുരമവളെന്തൊന്നു ചെയ്യട്ടേ! 21

ഒരു പ്രോഷിതഭർത്തൃകയെ കാമിക്കുന്നവനോടു ദൂതി അവളുടെ ഭർത്തൃസ്നേഹാതിശയം സൂചിപ്പിച്ച്, 'സാദ്ധ്യമല്ലെ'ന്നു പറയുന്നു:

---

18. ആദ്യ...ഹാനി = ഒന്നാമതായി നേരിട്ട ചാരിത്രഭംഗം. പെണ്ണ് (വധു) ജാരനോടുകൂടി ആററിൻപൊന്തയിൽ (നദീതീരനികുഞ്ജത്തിൽ) ചെന്നതാണ്, കിളികൾ (പക്ഷികൾ) പറന്നുപോകാൻ കാരണം. അവയുടെ ചിറകടിയൊച്ചയെ നിലവിളി എന്നുൽപ്രേക്ഷിച്ചിരിക്കുന്നു.

19. വസന്തത്തിലെ ബകുള(ഇലഞ്ഞിപ്പൂ)മണം ആരുടെ ഹൃദയത്തിലും കാമമുദ്ദീപിപ്പിച്ച് ചാരിത്രഭംഗത്തിനിടവരുത്തും; അവൾക്ക് ആ പിഴ(ചാരിത്രഭ്രംശം) പററിക്കഴിഞ്ഞിട്ടില്ല. അതിന്നുമുമ്പെ അവളെ സമീപിക്കുക.

20. പൊന്മകനേ —വാത്സല്യത്തോടുകൂടിയ സംബുദ്ധി. ഇതു നായകന്റെ ദർശനീയത്വത്തെ ദ്യോതിപ്പിക്കുന്നു. കടന്നുപോന്നപ്പോൾ—അവളുടെ ഗൃഹത്തിന്റെ അരികിലൂടെ. കൂടിന്റെ പഴുതുകളിലൂടെ തെരുതെരെ നോക്കിക്കൊണ്ടിരിക്കുമല്ലോ, അതിലടയ്ക്കപ്പെട്ട പക്ഷി; അവളുടെ അസ്വാതന്ത്ര്യത്തെ ധ്വനിക്കുന്നു.

21. കുചങ്ങൾ വേലിമേൽ തട്ടിച്ച് ഞെരുങ്ങി (പ്രയാസപ്പെട്ടു്) ഏന്തിനിന്നിരുന്നു, അവൾ; എന്നാൽ വേലിയുടെ ഉയരംമൂലം അങ്ങയെ കണ്ടില്ല. ഇതിൽ അവളെ കുററപ്പെടുത്താമോ?

Digitized By Kerala Sahitya Akademi

പ്രിയനെ നിനച്ചിട്ടൊഴുകിന
മിഴിനീർ വീണണക്കുമെന്നൊരു ഭയത്താൽ
ഹന്ത, കഴുത്തു ചെരിച്ചാ-
ണ'ന്തിത്തിരി' വെപ്പതപ്പഥികപത്നി! 22

ഒരു യുവാവിനെ അനുരഞ്ജിപ്പിക്കാൻവേണ്ടി, ദൂതി ഒരുവളുടെ സ്നേഹവൈവശ്യസൂചകമായ തിരിഞ്ഞുനോട്ടത്തെ വർണ്ണിക്കുന്നു:

കണ്ണേ, തിരിഞ്ഞിതവൾത-
ന്നംഗങ്ങൾ, ഭവാൻ കടന്നുപോന്നപ്പോൾ,
മിഴിനീർ നട്ടപ്പുറത്തേ-
ക്കൊഴുകിക്കൊണ്ണപ്പെട്ടുംമാറായ്! 23

പ്രിയവിരഹത്തിൻെറ ദുസ്സഹതയെ ഒരുവൾ അന്യാപദേശേന പറയുന്നു:

നല്ലവരിടത്തരക്കാർ;
വേണ്ടാ ദുഷ്ടൻ. വിശിഷ്ടനിതവരുമേ;
കണ്ടാൽച്ചുടുവിപ്പൂ ഖലൻ;
കാണാഞ്ഞാലപ്പടിക്കു സജ്ജനവും! 24

ഒരുവൾ, അവളുടെ ഭർത്താവിനെ സാഭിലാഷം നോക്കുന്ന ഒരുത്തിയോട് ഈർഷ്യാപൂർവം പറയുന്നു:

നിർത്തുക കടാക്ഷനോട്ടം;
സ്വാഭാവികമാംവിധത്തിൽ നോക്കുക നീ;
അവനെശ്ശരിയായ്ക്കാണാം;
പാവം നീയെന്നവരികയുംചെയ്യും! 25

മറുനാട്ടിൽ പോയ ഒരുവൻ, അയാളുടെ തറവാട്ടമ്മയായ പത്നിയുടെ നടപടി സ്മരിച്ചുകൊണ്ട് ചങ്ങാതിയോടു പറയുന്നു:

ശ്രുണിയൊടടൽ വാഴ്കിലും,
പകൽ മുഴുവൻ വീട്ടുജോലികൾ നടത്തി,

---

22. ഭയത്താൽ = കണ്ണീർവീണു തിരി കെട്ടുപോകുമെന്നു പേടിച്ച്. പഥികപത്നി = പഥികൻെറ (മറുനാട്ടിൽപ്പോയവൻെറ) പത്നി. സന്ധ്യാസമയത്ത് ഗൃഹത്തിൻെറ ഇറയത്തും മററും ഹിന്ദുസ്ത്രീകൾ തിരി കൊളുത്തിവെയ്ക്കും; ഇതാണ് 'അന്തിത്തിരി' വെയ്ക്കൽ

24. ഇടത്തരക്കാർ (ദുഷ്ടനോ ശിഷ്ടനോ അല്ലാത്തവ)രാണ്, ഭേദം; ഖലൻ (ദുഷ്ടൻ) കണ്ടാൽ ചുടുവിപ്പൂ (സന്തപിപ്പിക്കുന്നു); കാണാഞ്ഞാൽ സജ്ജനവും സന്തപിപ്പിക്കുന്നു. അവളുടെ വിരഹതാപത്തിൻെറ ദുസ്സഹത വ്യഞ്ജിക്കുന്നു.

25. സ്വാഭാവികമായി നോക്കിയാൽ ഇദ്ദേഹത്തെ നന്നായി കാണാം. നീ ഒരു പാവം (വിലാസചേഷ്ടകളറിയാത്ത മുഗ്ദ്ധ) ആണെന്നു തോന്നി, ഇദ്ദേഹം കനിഞ്ഞു എന്നും വരാം.

Digitized By Kerala Sahitya Akademi

അരിശത്താലുരിയാടാ-
തവളെൻ കാല്ക്കൽക്കിടന്നതോർക്കുന്നേൻ! 26

ഒരനുരക്തനായ ധനികനെ, അയാളുടെ അധമസ്ത്രീസംഗദോഷത്താൽ വെടിയുന്ന വേശ്യയോട് അമ്മ ഉപദേശിക്കുന്നു:

പറയച്ചാളയിലും ക്രതു-
ശാലയിലും പ്രോജ്ജ്വലിക്കു,മഗ്നി സമം;
അതിനാൽ ത്യജിച്ചുകൂടാ,
കീഴ്മേൽനില പുക്ക പുരുഷരെ. 27

ഒരു കുലട സ്വഭർത്താവിങ്കൽ വൈരാഗ്യം സൂചിപ്പിച്ചുകൊണ്ട് പതിവ്രതയായ സ്വപത്നിയെ ബഹുമാനിക്കുന്ന ഒരു യുവാവിനോട് അടവിൽ പറയുന്നു:

സതിയാണു തവ കുടുംബിനി;
സുഭഗാത്മൻ, ഞങ്ങളൊക്കെയസതികളും;
അതിലെന്ത,ങ്ങല്ലാത്തൊരു
യുവനരനില്ലെന്ന വിത്തു പിളരട്ടേ! 28

ഒരുത്തി ഒരുവങ്കലുള്ള അനുരാഗാതിശയത്തെ വെളിപ്പെടുത്തിക്കൊണ്ട് ദൂതിയോടു പറയുന്നു:

മുതലാകെ വെന്തുപോകിലു-
മൊരു നിർവൃതിയാണുദിച്ചതു മനസ്സിൽ,
ഗ്രാമം കത്തിയപൊഴുതിൽ-
ക്കുടമവനെൻകയ്യിൽനിന്നു വാങ്ങുകയാൽ! 29

വീട്ടുജോലികളെടുക്കുന്ന ഒരു വേശ്യ, കാമുകന്റെ അഭിലാഷം നിറവേറ്റാൻ കഴിവില്ലാഞ്ഞതിനാൽ, ആയാളുടെ ദൂതിയോട് അന്യാപദേശേന പറയുന്നു:

ഉണ്ടായ്ക്കൊള്ളട്ടെ വനേ,
കൊമ്പില്ലാതിലകൊഴിഞ്ഞു കുറിയ മരം;
ഉണ്ടാകായ്ക നൃലോക-
ത്തു,ദാരനും, രസികനും ദരിദ്രനുമേ! 30

---

26. കോപതാപങ്ങളിലും അവരു ഗൃഹകൃത്യജാഗരൂകതന്നെ.
27. ക്രതുശാല = യാഗശാല. സമം = ഒരേമട്ടിൽ. പുരുഷന്മാരുടെ കീഴ്നിലയോ മേൽനിലയോ ഗണിക്കേണ്ടതില്ല.
28. ഞങ്ങളൊക്കെ അസതികളുമാണ്. വിത്തു പിളരട്ടേ = പിളർന്നു മുളയ്ക്കട്ടെ; പ്രഖ്യാതമാകട്ടെ. ഭവാന്റെ നിസ്തുലഗുണങ്ങളാണ് അവളുടെ പാതിവ്രത്യത്തിന്റെ വിത്ത്; ഭവാനെ കിട്ടിയാൽ ഞങ്ങളും സതികളായിച്ചമയും.
29. അദ്ദേഹത്തെ സ്പർശിക്കാൻ കഴിഞ്ഞല്ലോ!
30. ഉദാരൻ = പണം കൊടുക്കുന്നവൻ. ഉദാരനും രസികനുമായ അദ്ദേഹത്തെ സ്വീകരിക്കാൻ കഴിയാഞ്ഞതു്, എന്റെ ദരിദ്രത (ധനമില്ലായ്ക, തന്മൂലക

Digitized By Kerala Sahitya Akademi

ജാരനെക്കുറിച്ചുള്ള അനുരാഗാതിശയം സൂചിപ്പിച്ചുംകൊണ്ട് ഒരുവൾ അവന്റെ സ്നേഹിതനോട് പറയുന്നു:

അവനുടെ സൗഭാഗ്യത്തെയു-
മെൻവനിതാനർഹസാഹസത്തേയും
അറിയും, ഗോദാവരിയുടെ
നീക്കുത്തും; വർഷകാലരാനടുവും! 31

''നീ ഇപ്രകാരം സതിയായിത്തീർന്നതെങ്ങനെ?'' എന്ന് ഒരു കാമുകൻ പരിഹസിച്ചതിന്ന് ഒരു കുലടയുടെ മറുപടി.

അച്ചങ്ങാതികൾ ദൂരഗ-
ര; കുഞ്ജങ്ങൾക്കു കുററിതാൻ ബാക്കി;
ഞങ്ങളുറുമുത്തികളുമായ്—
മുരക്കാടേ മുടിഞ്ഞുപോയ്, പ്രണയം! 32

ഒരു പ്രായംചെന്ന കുലടയോട് ഒരു നാഗരികൻ പരിഹസിച്ചു പറയുന്നു:

ഗതയൗവനമാർതൻ സ്തന-
ജഘനനിതംബത്തിൽ നഖരചിഹ്നങ്ങൾ
കാണാം, പൊളിഞ്ഞ കാമ-
ക്ഷേത്രത്തിൻ മൂലശിലകളെന്നവിധം! 33

''നിങ്ങൾ വളരെപ്പേർ അവളെ കണ്ടു വരികയാണല്ലോ; അവളുടെ ആകൃതി എങ്ങനെ?'' എന്നു ചോദിച്ച നായകനോട് കൂട്ടുകാർ പറയുന്നു:

അവളുടെയംഗങ്ങളിൽവെ-
ച്ചേതേതിൽച്ചെന്നണഞ്ഞിതോ മുമ്പേ,
അതതിൽത്താൻ തങ്ങീ ക-
ണ്ണു;—ടൽ മുഴുവൻ കണ്ടതില്ലാരും! 34

വിരഹത്താൽ ചുട്ടെരിഞ്ഞു മറുനാട്ടിൽനിന്നു തിരിച്ചെത്തിയ ഒരുവൻ പ്രിയാസമാഗമത്താൽ സന്തുഷ്ടനായിട്ടു പറയുന്നു:

———

മായ അവ സരമില്ലായ്മ) കൊണ്ടാണല്ലോ; അതിനാൽ ഈ മൂന്നു തരക്കാരും മനുഷ്യലോകത്തുണ്ടാകാതാവട്ടെ!

31. വനി.. ഹസം = സ്ത്രീകൾക്കു ചേർന്നതല്ലാത്ത സാഹസം. മഴക്കാലത്ത്, അർദ്ധരാത്രിയിൽ, വെള്ളം നിറഞ്ഞൊഴുകുന്ന ഗോദാവരി കടന്നാണ്, ഞാൻ അവനെ അഭിസരിക്കാറുള്ളത്. രാനടു = പാതിരാ.

32. അച്ചങ്ങാതികൾ—അന്നത്തെ സ്നേഹിതന്മാർ. കുഞ്ജങ്ങൾ—അന്നത്തെ സങ്കേതസ്ഥലങ്ങളായ വള്ളിക്കുടിലുകൾ. ദൂരഗർ = അകലെപ്പോയവർ.

33. നഖരചിഹ്നങ്ങൾ = നഖവ്രണവടുക്കൾ. മൂലശിലകൾ = അടിയിലിട്ട കല്ലുഷണങ്ങൾ.

Digitized By Kerala Sahitya Akademi

വിരഹത്തിൽ ദുസ്സഹതര-
വിഷരൂപിണി, സംഗമത്തിലമൃതമയി;
രണ്ടും സമമായ്ച്ചേർത്തോ
നിർമ്മിതയായ് ദയിത നാന്മുഖനാൽ! 35

നെടുനാളാൽ മറുനാട്ടിൽ പോയി തിരിച്ചെത്തിയ ഒരു വിടനാൽ ശകാരിക്കപ്പെട്ട വേശ്യാമാതാവു്, മകൾ മറ്റൊരുവനോടു ചേർന്നതിൽ കുറ്റമൊന്നുമില്ലെന്നു പറയുന്നു:

കാണാതാവുകിൽ മകനേ,
സ്നേഹത്താൽപ്പുഴുത്തു നേക്കെടുക്കുകിലും
കാലേന ചോർന്നുപോകുന്നു-
മനുരക്തി, കടന്നനീർപോലെ! 36

ഒരു യുവാവിനോടു ദൂതി പെണ്ണുങ്ങളുടെ കള്ളത്തരം വെളിപ്പെടുത്തിക്കൊണ്ടു പറയുന്നു:

തേൾ കുത്തിയെന്നു കയ്യിണ
കുടയും പെൺകൊടിയെ നിപുണമാർ സഖിമാർ
കണവന്റെ മുന്നിൽനിന്നേ
താങ്ങിയണയ്ക്കുന്നു, ജാരവൈദ്യഗൃഹേ. 37

മുമ്പു പ്രിയതമയായിരുന്നവൾ, നീചരുടെ കാര്യമാത്രതൽപരതയെ സൂചിപ്പിച്ചുകൊണ്ടു്, പുതിയ പത്നിയെ സ്നേഹിച്ചുതുടങ്ങിയ കാന്തനോടു് അന്യാപദേശേന പറയുന്നു:

ഭോഷനൊരെരുതിനുവേണ്ടി-
പ്പുതപ്പു വില്ക്കുന്നു മാഘമാസത്തിൽ,
പുകയാത്തൊരഗ്നിത്തീപോ-
ലൊരു പെണ്ണിൻ കൊങ്ക കാണുകയാൽ! 38

സ്ത്രീകളെ ഒരിക്കലും വിശ്വസിക്കരുതെന്നു്, ഒരുവൾ ബന്ധുജനത്തോടുപദേശിക്കുന്നു:

---

35. രണ്ടും—വിഷവും അമൃതും. നിർമ്മിതയായ് = സൃഷ്ടിക്കപ്പെട്ട.

36. സ്നേഹത്തെ ഓട്ടയടക്കുന്ന വസ്തുവാക്കിക്കല്പിച്ചിരിക്കുന്നു. കാലേന = കുറെക്കഴിഞ്ഞാൽ. അനുരക്തി = അനുരാഗം. കടന്നനീർ = കൈക്കുടന്നയിലെടുത്ത വെള്ളം.

37. നിപുണമാർ—അവക്കറിയാം, പെൺകൊടിയുടെ അഭിമതം. ജാരനായ വൈദ്യന്റെ ഗൃഹത്തിൽ പോകാനാണു്, അവൾ തേൾ കുത്തി എന്നു നുണ പറഞ്ഞതു്. പെൺകൊടി(മുഗ്ദ്ധ)മാക്കുതന്നെ ഇത്രയും കാപട്യമുണ്ടു്; പ്രൗഢമാരുടെ കഥ പിന്നെ പറയാനുണ്ടോ?

38. എരുതു് = കാള. മാഘമാസം തണുപ്പേറിയ കാലമാണു്; ഉമിത്തീപോലെയുള്ള കൊങ്കകൊണ്ടു തണുപ്പുമാറ്റാമെന്നാണു്, അവന്റെ വിചാരം!

Digitized By Kerala Sahitya Akademi

നേർ പറയാം: ഞാൻ ചാകാൻ
നില്ക്കുകയാണ,നഘതാപികാതീരേ;
ഇപ്പൊഴുമമ്മട്ടേ ക-
ണ്ണോ വള്ളിക്കുടിലിലേക്കു പായുന്നു! 39

ഭർത്താവിനെ കുലടമാർ അഭിസരിക്കുകയാൽ, ഒരു കുലവധു സഖിമാരോടു പറയുന്നു:

കുരുടന്റെ ചട്ടിയേപ്പോ-
ലെൻപതിയെത്തായ്ക്കളേ, പിടുങ്ങുന്നു;
എന്നൊടു പകയുംകൊളുവൂ;
വാലിന്മേൽനിന്നുയർന്നു പടം! 40

താണനിലയിലുള്ളവൾക്കു് ഇത്തിരി വല്ലതും കിട്ടിയാൽമതി ഊററംകേറാനെന്നു സമർത്ഥിച്ചുംകൊണ്ടു് ദൂതി ഒരുത്തിയെ സ്വല്പധനംകൊണ്ടു കൈയിലാക്കാമെന്നു നായകനോടു പറയുന്നു:

ദുർല്ലഭമായൊരു തുട്ടുതുണി
കിട്ടുകയാൽ,ത്തന്വി കൃഷകസുതപത്നി
നോക്കുകൊള്ളുണ്ടാത്തതായ്പ്പോയ്,
വിരിവേറും ഗ്രാമവഴികളിലും! 41

നേരേ കാണപ്പെട്ട അപരാധത്തെ പരിഹരിപ്പാൻതക്ക മറുപടി ഉപദേശിച്ചുകൊടുത്ത സഖിയെ ഒരുവൾ ശ്ലാഘിക്കുന്നു:

എതിർവാദത്തെ മടക്കി—
പ്പരനു മനംകുളിരുമാറു വേണ്ടപ്പോൾ
പ്രിയവചനങ്ങൾ കഥിപ്പാൻ
കഴിവുള്ള ജനം ചുരുക്കംതാൻ! 42

നായകന്നു് അനിഷ്ടയായിരിക്കേ ഈർഷ്യാകോപംപൂണ്ട നായികയോടു സഖി ഉപദേശിക്കുന്നു:

കളിയജമാനനു കൊള്ളാം,
ക്ഷമ ശക്തന്നും, പിണക്കമോമലിനും,

---

39. ഞാൻ അനഘതാപികാ(പുണ്യമായ താപീ)നദിയുടെ തീരത്തു ചാകാൻ നില്ക്കുകയാണെന്നു വിചാരിക്കുക; ഇപ്പോഴും കണ്ണു് അമ്മട്ടേ (മുമ്പിലത്തെപ്പോലെതന്നെ) ആ (മുമ്പു സങ്കേതമായിരുന്ന) വള്ളിക്കുടിലിലേക്കു പായുന്നു. എങ്ങനെ വിശ്വസിക്കും, പെണ്ണുങ്ങളെ?

40. ചട്ടി = ഭിക്ഷാപാത്രം. തായ്ക്കളേ—അമ്മമാരേ എന്നു സംബുദ്ധി; പിടുങ്ങുന്നു—കുലടമാർ തട്ടിയെടുക്കുന്നു; എന്നോടു പകയും കൊള്ളുന്നു. ഇതു പാമ്പിന്റെ വാലിന്മേൽനിന്നു പടം ഉയരുന്നതുപോലെ എത്ര വിപരീതം!

41. തന്വി = മെലിഞ്ഞവൾ; എങ്കിലും, വിശാലങ്ങളായ ഗ്രാമവീഥികളിൽ ഒതുങ്ങുന്നില്ല. കൃഷകസുതപത്നി = കൃഷിക്കാരന്റെ സ്നുഷ. ഊററംകൊണ്ടു് അത്ര തടിച്ചു!

42. നിനക്കു ഇത്തരം പ്രിയവചനങ്ങൾ പറയാനറിവുള്ള.

Digitized By Kerala Sahitya Akademi

സംസാരിക്കയെഭീജ്ഞനു,—
മൊന്നും മിണ്ടാട്ടയജ്ഞനും! 43

''പ്രിയനു് ഒരു കാമലേഖനമെഴുതുക'' എന്നഭിപ്രായപ്പെട്ട സഖിയോടു് പ്രോഷിതഭർത്തൃക പറയുന്നു:

പ്രിയസഖി, വേർപ്പു വിറയ്ലും
വിരലുകളിലെഴുത്തുകോലിടർക്കൊരകെ
മുഴമിക്കാ 'സ്വസ്തി'പദം—
തന്നെയു;—മെന്തൊന്നു ഞാനെഴുതും? 44

''കാര്യം സാധിച്ചുവോ'' എന്നു ചോദിച്ച ഒരുവളോടു് ദൂതി തന്റെ കുററമല്ലെന്നു പറയുന്നു:

വിധി പിന്തിരിഞ്ഞുനിന്നാൽ
ചേർക്കപ്പെട്ടതിനുമിങ്ങു ചേർച്ചവരാ;
മണൽമതിൽപോലേ, കാര്യം
കെട്ടാനേ പററുകില്ലൊരുനിലയ്ക്കും. 45

മുമ്പേ അമ്മായിയാൽ സൗന്ദര്യാദിഗുണങ്ങൾ വർണ്ണിക്കപ്പെട്ട നായകൻ തങ്കൽ തുലോം അനുരക്തനായിരിക്കുന്നു എന്നു് ഒരുവൾ പ്രേമപൂർവം പറയുന്നു:

അമ്മായി, ഞാൻ കുളിക്കും—
പൊഴുതെ,ന്റെ മനം നുകർന്നതായ്ത്തോന്നീ,
കുളിമഞ്ഞളിന്റെയെരിവോ—
ടൊഴുകിന വെള്ളം കുടിച്ച തരുണനവൻ! 46

പ്രണയകലഹം പൂണ്ട ദമ്പതിമാരുടെ അരിശം നീക്കാൻ സഖി പറയുന്നു:

ജീവിതമസ്ഥിരമത്രേ;
തിരിയെവരാ, പോയ്ക്കഴിഞ്ഞ താരുണ്യം;

---

43. ശക്തൻ = ത്രാണിയുള്ളവൻ. ഓമൽ = പ്രിയ. നീ ഭർത്താവിന്നു് അപ്രിയയായിരിക്കെ, ഈർഷ്യാമകോപം പൂണ്ടതു യുക്തമല്ല.

44. തുടക്കത്തിൽ 'സ്വസ്തി' എന്നെഴുതുക ഒരു സമ്പ്രദായമാണല്ലോ; അതു തന്നെയും (ആ രണ്ടക്ഷരംപോലും) എഴുതിത്തീരില്ല!

45. പിന്തിരിഞ്ഞുനിന്നാൽ — പ്രതികൂലമായാൽ. കെട്ടാനേ—കെട്ടാൻ തന്നെയും. മണൽകൊണ്ടു മതിൽ ഘടിപ്പിക്കുകതന്നെയും അസാദ്ധ്യമാണല്ലോ.

46. ആ യുവാവു മഞ്ഞൾചേർത്ത വെള്ളമെടുത്തു കുടിച്ചതു്, അതു് എന്റെ ദേഹത്തെ സ്പർശിച്ചതാണെന്ന ബഹുമാനത്താലാണല്ലോ; അത്രയും അനുരക്തനായ അവനെ എനിക്കു കിട്ടുമാറാക്കുക എന്നു സാരം.

Digitized By Kerala Sahitya Akademi

നാളൊക്കെയൊന്നുപോല-
ല്ലാ;—ളുകളെന്തിന്നു ശങ്കുകൂട്ടുന്നു? 47

സ്വത്തൊക്കെ വേശ്യയ്ക്കു കൊടുക്കുന്ന പ്രിയനോടു് ഒരുവൾ അസൂയപൂണ്ടു് അന്യാപദേശേന പറയുന്നു:

ഖലർ വിത്തം നേടുകിലും,
പാത്രമതിന്നാരുവാൻ? ഖലൻതന്നേ;
കാക്കകൾമാത്രം തിന്നു,
വേപ്പുകൾതൻ കായു് പഴുത്താലും! 48

കാമുകനോടു ദൂതി നായികയുടെ അനുരാഗാതിശയം വെളിപ്പെടുത്തിക്കൊണ്ടു പറയുന്നു:

ഇന്നു ഗമിക്കേണം ഞാൻ
കൂരിരുളിൽപ്പോലുമാലയത്തിങ്കൽ;
മിഴി ചിമ്മി പ്രഭുസുതയു-
ണ്ടസ്സുഭഗന്നിടമൊരുക്കുന്നു! 49

അപ്രിയം ചെയ്യുവനെ ദ്രോഹിപ്പാനൊരുങ്ങിയ ഒരുവനെ തടുക്കാൻവേണ്ടി ഒരാൾ സജ്ജനസ്വഭാവത്തെ വർണ്ണിക്കുന്നു:

നല്ലവനരിശപ്പെടുകി-
ല്ല;-രിശപ്പെട്ടാലുമപ്രിയം കരുതാ;
കരുതുകിൽ മിണ്ടുകയില്ലാ;
മിണ്ടുകിലോ, ലജ്ജയുൾക്കൊള്ളും! 50

മേലിൽ പണം കിട്ടുമെന്നാശിച്ചു് ഒരു വിടങ്കൽ അനുരാഗം പൂണ്ട മകളെ വിലക്കാൻ വേശ്യാമാതാവു് ഉപദേശിക്കുന്നു:

കൈവന്നതെന്തതു ധനം;
ദുഃഖത്തിൽ വിടാത്തതാരവൻ മിത്രം;

47. ഇന്നത്തെപ്പോലെയായിരിക്കില്ല, നാളെ; വെറുതെ പിണങ്ങി സുഖാനുഭവത്തെ തടുക്കരുതു്.

48. പാത്രം = ഭാജനം. വേപ്പിൻകായ പഴുത്താൽത്തന്നെയും, കാക്കയേ അതു തിന്നുകയുള്ളു!

49. ഇന്നു ഞാൻ ആ സുഭഗനെ (പ്രഭുകുമാരിയുടെ അനുരാഗഭാജനമായ യുവാവിനെ) കൂട്ടിക്കൊണ്ടുവരാൻ അയാളുടെ ഗൃഹത്തിൽ പോകേണ്ടിയിരിക്കുന്നു; ആയാൾക്കായി മിഴി ചിമ്മി (മറ്റൊന്നും നോക്കാതെ) സ്ഥലമൊരുക്കുകയാണു് അവൾ ചെയ്യുന്നതു്. അതിനാൽ, ഇന്നു ഭവാൻെറ അഭിലാഷം നിറവേറാവുന്നതല്ല.

50. അപ്രിയകാരിയെ ദ്രോഹിക്കുക എന്നതു നല്ലവനായ ഭവാനുചിതമല്ല.

Digitized By Kerala Sahitya Akademi

ഗുണമെങ്ങ,ത്തു സൗന്ദര്യം;
ധർമ്മസ്ഥിതിയെങ്ങ,തേ ജ്ഞാനം. 51

ഏറെനാളാകൊണ്ടു വിദേശത്തുനിന്നു തിരിച്ചുവന്ന നായകൻ പ്രിയതമയെ സന്തോഷിപ്പിക്കാനായി പറയുന്നു:

ചന്ദ്രമുഖി, ചന്ദ്രധവളം,
ദീർഘം, ദീർഘാക്ഷി, നിൻ വിയോഗത്തിൽ
യാമം നാലുള്ളിരവൊരു
നൂറുള്ളതുപോലെ പോക്കിനേൻ കൃച്ഛ്രാൽ! 52

ദുർജ്ജനങ്ങളുടെ സ്നേഹം ഏറെ നിലനില്ക്കില്ലെന്നു സഖി നായികയോടുപദേശിക്കുന്നു:

അകലീനം, ദ്വിമുഖയുതം,
ചോറിട്ടാൽ മധുരവാദി ദുഷ്ടജനം,
ചോറു ദഹിച്ചാൽ വിരസ-
ധ്വനി കൂട്ടുകയായി, മദ്ദളംപോലേ! 53

വിദഗ്ദ്ധർ കണ്ടതോടേ ഭാവം വെളിപ്പെടുത്തുമെന്നും, കണ്ടറിയുമെന്നും ഒരു നാഗരികൻ കൂട്ടുകാരനോടുപദേശിക്കുന്നു:

സുതനുടെ പത്നി പത്തുക്കെ-
ക്കണ്ടു നയാലത്ര നോക്കുകനിമിത്തം,
ഗൃഹപതി വിലക്കിയെങ്കിലു-
മിറയത്തു കിടക്കയായു് പഥികൻ! 54

കാര്യം സാധിക്കാതെയോ, സാധിച്ചിട്ടുതന്നെയോ, ആത്മപ്രശംസ ചെയ്യരുതെന്നു സാമാന്യമായി പറഞ്ഞു് ഒരാൾ അറിവുവെളിപ്പെടുത്തുന്നു:

---

51. പണം കൈക്കലാക്കിയിട്ടുമതി, ഇവനെ സ്വീകരിക്കുക എന്നു സാരം. സൗന്ദര്യഗർവ്വിതയായ ഒരു നിർഗ്ഗുണയോടു് ഒരുവൾ. തന്റെ ഗുണോൽക്കർഷം സൂചിപ്പിച്ചുകൊണ്ടു പറയുന്നതാണിതെന്നും വ്യാഖ്യാനിക്കാം.

52. ചന്ദ്രധവളം (=ചന്ദ്രനെക്കൊണ്ടു വെളുത്തതു്), ദീർഘം (=നീണ്ടതു്) എന്നിവ രണ്ടും ഇരവിന്റെ (രാത്രിയുടെ) വിശേഷണം. നൂറുള്ളതു്—നൂറു യാമമുള്ളതു്. കൃച്ഛ്രാൽ = പണിപ്പെട്ടു്.

53. അകലീനം = തറവാടിത്തമില്ലാത്ത; മദ്ദളപക്ഷത്തിൽ, കുവിൽ (ഭൂമിയിൽ, നിലത്തു്) ഇരിക്കാത്തതു്. മദ്ദളം അരയിലിട്ടാണല്ലോ, കൊട്ടുക. ദ്വിമുഖയുതം = രണ്ടു മുഖം ഉള്ളതു്; നേരിട്ടു പറയുന്നതൊന്നു്, നേരിട്ടല്ലാതെ പറയുന്നതൊന്നു് എന്ന തരത്തിലുള്ളതു് മദ്ദളത്തിനുമുണ്ടല്ലോ, രണ്ടു മുഖം— ഇടന്തലയും വലന്തലയും. ചോറിട്ടാൽ—ചോറുകൊടുത്താൽ. ചോറിട്ടാലേ മദ്ദളത്തിന്റെ ശബ്ദം മധുരമാകൂ. ദുർജ്ജനവും മദ്ദളവും ഒന്നുപോലെ. ദഹിച്ചാൽ എന്നതിനു്, മദ്ദളപക്ഷത്തിൽ അടർന്നുപോയാൽ എന്നർത്ഥം

54. സുതനുടെ പത്നി—ഗൃഹപതിയുടെ (വീട്ടുടമസ്ഥന്റെ) സ്നുഷ. അത്ര—അത്രയ്ക്കുന്നി. വിദഗ്ദ്ധനായ പഥികനു് അവളുടെ ഉള്ളറിയാൻ ഒരു പ്രയാസവുമുണ്ടായില്ല; പിന്നെയുണ്ടോ, അവൻ ഒഴിഞ്ഞുപോകുന്നു?

Digitized By Kerala Sahitya Akademi

പർവതസമനെപ്പോലും
പതിരാക്കും, സപദി രണ്ടു കാര്യങ്ങൾ:
ചെയ്യാത്തതു ചൊല്ലുകയും,
ചെയ്തതിനെപ്പററി മേനിക്കുട്ടുകയും! 55

പടിക്കൽ നിന്നു ചാരിത്രത്തെ ഭ്രംശിപ്പിക്കുന്ന ഒരു കുലീനയെ കുട്ടിനി വിശ്വസിപ്പിക്കുന്നു:

ഏതൊരുവനെ നീയുയർമുല
പൊങ്ങിച്ചു പടിക്കൽനിന്നു നോക്കുന്നു,
മകളേ, കലശനിവേശിത–
പൂജാകമലത്തിനൊത്ത വദനമൊടേ? 56

മറയ്ക്കാൻവേണ്ടി നിർത്തപ്പെട്ടാലും, ഖലൻ രഹസ്യം വെളിപ്പെടുത്തുകതന്നെ ചെയ്യുമെന്നു്, ഒരു നാഗരികൻ കൂട്ടുകാരനെ ധരിപ്പിക്കുന്നു:

ഇല വേലിപ്പഴുതിൽ വെളി–
പ്പെട്ടൊരു കടലാവണക്കു തരുണരൊടായ്,
'കുചമിത്രപോന്ന കൃഷക–
പ്പെണ്ണുണ്ടീ വീട്ടിലെ'ന്നു പറയുന്നു! 57

''അവളെ വേഗത്തിൽ കൊണ്ടുവരൂ'' എന്നാവശ്യപ്പെട്ട വിടനോടു് കുട്ടിനി അയാൾക്കഭിലാഷം വളർത്താൻവേണ്ടി, മകളുടെ മന്ദഗാമിനീത്വത്തെ നിന്ദാവ്യാജേന സ്തുതിക്കുന്നു:

കെട്ടമുലകൾ കളഭകുംഭ–
പ്പടി പൊങ്ങിവളർന്നു തിങ്ങിവിങ്ങുകയാൽ
ആളല്ല, വീർപ്പയപ്പാൻ–
കൂടിയുമവൾ; പിന്നെയോ, വഴിനടക്കാൻ? 58

ഒരു കുട്ടിനി വിടനെ നർത്തകിയായ സ്വപുത്രിയിൽ സാഭിലാഷനാക്കിത്തീർക്കാൻ, രമണീയവസ്തുക്കൾക്കു സന്ദർഭവിശേഷാൽ രമണീയത വർദ്ധിക്കുമെന്നു പ്രതിപാദിക്കുന്നു:

പൊററിട്ട തിങ്ങൾ ചെന്നോ–
ളേ,കഠിനജ്വരിത, മാസമാറായോരം,

55. ചൊല്ലുക—ചെയ്തു എന്നറിയിക്കുക. മേനിക്കുട്ടുക—ആത്മപ്രശംസ ചെയ്യുക.

56. കല...കമലം = കലശ(മംഗളകുംഭ)ത്തിന്മേൽ വെയ്ക്കപ്പെട്ട പൂജാപത്മം. അവനാരെന്നു പറഞ്ഞാൽ, ഞാൻ ഉടനെ കൂട്ടിക്കൊണ്ടുവരാം.

57. ഇത്രപോന്ന—കടലാവണക്കിൻകായയോളംപോന്ന.

58. കളഭകുംഭപ്പടി = ആനക്കുട്ടിയുടെ മസ്തകംപോലെ.

Digitized By Kerala Sahitya Akademi

കുത്തു കഴിഞ്ഞവളിവരെ—
സ്സുരസം കാമിച്ചുകൊൾക നീ മകനേ! 59

പീനോന്നതസ്തനിയായ ഒരുവളോടു് ഒരു യുവാവു് സാഭിലാഷം വെളിപ്പെടുത്തിക്കൊണ്ടു പറയുന്നു:

എതിരാളരിശത്തിൻ ക—
ന്നഴകിൻ കുംഭം, മനോജഗജകുംഭം,
പുരുഷശതഹൃദയ വിധൃതം
കുചമെന്തിനു നീ ഞെരുങ്ങിയേന്തുന്നു? 60

വിരോധികളും ചിലപ്പോൾ അനുകൂലരായിത്തീരുമെന്നു കാട്ടിക്കൊണ്ടു് ഒരുവൻ പറയുന്നു:

ഭാവിപഥികനു പത്നീ—
നിബിഡകുചാശ്ലേഷകേളിലാഭത്താൽ
സുഖദങ്ങളാകുമേ, ദു—
സ്സുകുനച്ചൊവ്വാഴ്ച വിഷ്ടിദിവസങ്ങൾ. 61

ഒരു യുവാവിനോടു് ഒരുവളുടെ അനുരാഗാതിശയം ദൂതി പറയുന്നു:

മകനേ, നിന്നെച്ചൊല്ലി—
പ്പകൽ മുഴുവനുമേ പടിക്കമാനത്തിൽ
കേറിയിരുന്നവൾ പാവം,
വന്ദനമലർമാലപോലെ വട്ടുരുന്നു! 62

സ്വതേ ഗുണമില്ലാത്തവസ്തു് ഉണ്ടാക്കിത്തീർത്ത കൃത്രിമമായ ഗുണം ഏറെ നിലനില്ക്കില്ലെന്നു് ഒരുവൾ അന്യാപദേശേന പറയുന്നു:

കൈകൊട്ടിച്ചിരികൂട്ടി
വരൾപേരാല്ക്കൽ ഗമിച്ച വഴിപോക്കർ,

---

59. തിങ്ങൾ—ഒരു മാസം. ഏകദിനജ്വരിത = ഒരു നാൾ മാത്രം പനിയുണ്ടായവൾ: മാസമാറായവൾ=ഷണ്മാസഗർഭിണി. കുത്തുകഴിഞ്ഞവൾ=ആട്ടം (നൃത്തം) നിർത്തിയവൾ. ഇവരൊക്കെയത്രേ, സുരതസുഖം വളർത്തുന്നവർ.

60. എതി...കന്നു് = സപത്നിമാരുടെ (അസൂയയാലുള്ള) അരിശത്തിന്റെ കുമ്പാരം. അഴകിൻകുംഭം = ലാവണ്യകലശം. മനോജഗജകുംഭം = കാമനാകുന്ന ആനയുടെ മസ്തകം. പുരു...ധൃതം = വളരെ പുരുഷന്മാരുടെ ഹൃദയങ്ങളാൽ വഹിക്കപ്പെട്ടതു്; കാമിക്കപ്പെട്ടതു്. ഞെരുങ്ങി—കഷ്ടപ്പെട്ടു് എന്നു സാരം. ഈ കുചങ്ങൾകൊണ്ടു് എന്നെപ്പോലെയുള്ളവരെ കൃതാർത്ഥരാക്കുകയല്ലേ ചെയ്യേണ്ടതു്?

61. ഭാവിപഥികൻ = വിദേശത്തേക്കു പോകാനൊരുങ്ങിയവൻ. അവനെ പത്നി വിശേഷേണ മുറുകെ കെട്ടിപ്പുണരുമല്ലോ. ചൊവ്വാഴ്ച, വിഷ്ടിദിവസം എന്നിവയിൽ യാത്ര പുറപ്പെടുന്നതു് അശുഭമത്രെ.

62. പടിക്കമാനം = പടിയുടെ മുകളിലെ കമാനം; അതിന്മേൽ വന്ദനപ്പൂമാല തൂക്കും. നിന്നെ കാണാൻ അവൾ നിത്യം കമാനത്തിന്മേൽ ഇരിക്കും!

Digitized By Kerala Sahitya Akademi

ഇലയും പഴവുംപോലാം
തത്തക്കൂട്ടം പറന്നുപോയപ്പോൾ! 63

ഭർത്താവുമായി കലഹിച്ച നായികയുടെ രാത്രിവൃത്താന്തം അറിഞ്ഞു തിരിച്ചെത്തിയ സഖി, അതിനെപ്പററി ചോദിച്ച അമ്മായിയോടു പറയുന്നു:

ചിരിവന്നുപോയെനിക്കി—
ന്നമ്മായി; കടന്നു കാല്ക്കൽ വീണിതയാൾ;
അവളാകട്ടെ, വിളക്കിൻ
കത്തും തിരി പേർത്തു തെളിയിച്ചാൾ! 64

ഭർത്താവു മുമ്പേ പ്രിയതമയായിരുന്നവളോടിണങ്ങുന്നതു കണ്ടിട്ടു നിർവേദമടഞ്ഞ നവപ്രണയിനിയെ സഖി സമാശ്വസിപ്പിക്കുന്നു:

അപ്രിയരോടുമിണക്കം
കൊൾവൂ ഭാവപ്പകച്ച് കലരാതെ,
സ്വാതന്ത്ര്യശാലിയെങ്കിലു—
മഭിജാതത്വത്തിനടിമയാം സുജനം. 65

ഈർഷ്യാകോപം പൂണ്ട പൂർവ്വപ്രിയതമയെ തിരസ്കരിച്ചു പരാംഗനാസക്തനായിത്തീർന്ന ദുർവിദഗ്ദ്ധനോടു് ഒരു വൃദ്ധ ഉപദേശിക്കുന്നു:

അനുദിനമാദരവേററിയ
വിദ്യാദികളാലുയർന്ന കുലജാതർ
മകനേ, ദുർല്ലഭരല്ലോ,
പ്രണയത്തിന്നിടിവുപററുകിലും. 66

വിദഗ്ദ്ധനെ കാമിക്കുന്ന ഒരുവൾ സ്വഭർത്താവിങ്കൽ വിരക്തി സൂചിപ്പിക്കുന്നു:

---

63. പച്ചച്ചിറകും ചുട്ടത്ത കൊക്കുമുള്ള തത്തകളെ കണ്ടിട്ടു് ഇലയും പഴവുമാണെന്നു മാറിദ്ധരിച്ചാണു്, വഴിപോക്കർ ഉണങ്ങിയ പേരാലിന്റെ ചുവട്ടിൽ വിശ്രമിപ്പാൻ ചെന്നതു്! സങ്കേതമാക്കപ്പെട്ട പേരാല്ക്കൽ ആളുകൾ വന്നു കൂടിയിരിക്കുന്നു എന്നു് അഭിസാരികയെ വിലക്കുന്ന ദൂതിയുടെ വാക്കാണെന്നത്രെ, ചിലരുടെ വ്യാഖ്യാനം.

64. അവളുടെ അന്യാദൃശമായ സൗഭാഗ്യം (ഭർത്തൃപ്രിയത) മററാളുകളും കാണട്ടേ എന്നു കരുതിയായിരിക്കുമല്ലോ, അവൾ കത്തുന്ന വിളക്കു വീണ്ടും തെളിയിച്ചതു്; അതിൽ എനിക്കു ചിരിവന്നു.

65. അഭിജാതത്വം (കുലീനത) മൂലമാണു്, സ്നേഹംകൊണ്ടല്ല, നല്ലവനായ ഭർത്താവു പൂർവ്വപ്രിയയോടിണങ്ങുന്നതു്.

66. ഏററിയ = വർദ്ധിപ്പിച്ച. വിദ്യാദികൾ = വിജ്ഞാനം മുതലായ ഗുണങ്ങൾ, ഉയർച്ച = ഉന്നതി. കുലജാതർ = കുലീനർ. കോപിച്ചിരിക്കുന്നു എങ്കിലും, വിജ്ഞാനാദിമഹിമയുള്ളവളും തന്മൂലം ആദരണീയയുമാണിവൾ; അതിനാൽ അവളെ പ്രസാദിപ്പിക്കുക.

Digitized By Kerala Sahitya Akademi

ജ്ഞാനഗുണത്താൽ മുന്തിയ
പുരുഷൻതൻ ദ്വേഷ്യഭാവവും രമ്യം;
എന്നാൽ, വിനിന്ദിതൻതൻ
പ്രിയതയിലും ലജ്ജ തോന്നുവോർ, ഞങ്ങൾ! 67

ഒരു പീനോന്നതസ്തനിയിൽ അനുരക്തനായ ഒരുവൻ അടുത്ത വസരത്തിൽത്തന്നേ അവളുടെ മുല വീണതു കണ്ടിട്ടു സ്നേഹിതനോടു പറയുന്നു:

അവളുടെയത്ര നിസർഗ്ഗാ—
ലഘുവാം പോർകൊങ്ക വീണപോയെന്നോ!
അഥവാ, നെടുനാൾ നി—
ല്പാക്കുളളു, സ്ത്രീകൾതൻ നെഞ്ചിൽ? 68

നായകനെ പ്രലോഭിപ്പിക്കാൻവേണ്ടി സഖി നായികയുടെ മുഖം വർണ്ണിക്കുന്നു:

വദനം തൊടുന്ന രവിയെ—
ത്തടവി, തടുക്കായ്ക, സാരിതൻതുമ്പാൽ,
ഇത്തിരി കിട്ടട്ടെയവ—
ന്നി,ത്തണ്ടാരിൻെറയും സുഖസ്പർശം. 69

മധുപാനമദത്താൽ ഈർഷ്യാകോപം നീങ്ങുമെന്നു കണ്ടിട്ടു് ഒരു നാഗരികൻ മാനിനിമാരുടെ അരിശം മാററാനുള്ള ഉപായം കൂട്ടുകാരനു പറഞ്ഞുകൊടുക്കുന്നു:

പ്രിയനുടെ വായ്ക്കൊണ്ടീടിന
മധു മാനമരുന്നുപോലെ സേവിപ്പൂ,
ഇരുകൈകൾ വെച്ചു പൊക്കിയ
വായ്ക്കുമ്പിളിനാൽ മനസ്വിനിയാൾ! 70

നായകനെ പ്രലോഭിപ്പിക്കുവാൻ ദൂതി നായികയുടെ സൗന്ദര്യാധിക്യം വർണ്ണിക്കുന്നു:

---

67. ദ്വേഷ്യഭാവം = ദ്വേഷ്യത്വം. ദ്വേഷിക്കപ്പെടേണ്ടുന്നവൻ എന്ന അവസ്ഥ. നിന്ദിതൻെറ പ്രീതിയെക്കാൾ വിജ്ഞാനവാൻെറ ദ്വേഷ്യത്വമാണു രമ്യം!

68. നിസർഗ്ഗാലഘു = സ്വഭാവേന കനത്തതു്. സ്ത്രീകളുടെ നെഞ്ചിൽ (മാറിൽ, മനസ്സിൽ) ആരും നീണാൾ നില്ക്കുകയില്ല; സ്ത്രീകൾ അസ്ഥിരസ്നേഹകളാണു്!

69. വെയിൽ തട്ടാതിരിപ്പാൻ സാരിത്തുമ്പു തലയിലിട്ടതു സൂര്യനെ തടുക്കലാക്കി കല്പിക്കപ്പെട്ടിരിക്കുന്നു. പത്മബന്ധുവായ സൂര്യനു് ഈ പത്മത്തിൻെറയും (മുഖത്തിൻെറയും) സുഖസ്പർശം ഇത്തിരി കിട്ടിക്കൊള്ളട്ടെ!

70. മാനമരുന്നു് = ഈർഷ്യാകോപം. ശമിപ്പാനുള്ള ഔഷധം. വായ്ക്കുമ്പിൾ = വായയാകുന്ന കുമ്പിൾ. പ്രിയൻ തൻെറ വായിൽ നിറച്ച മധു പ്രിയയുടെ വായിലേക്കു പകന്നുകൊടുക്കുന്നു; അതു നുകന്നതോടേ ആ മനസ്വിനിയുടെ അരിശം നീങ്ങുന്നു!

Digitized By Kerala Sahitya Akademi

എങ്ങനെ പുകഴ്ത്തുമവളെ?—
തദ്ഗാത്രങ്ങളിലൊരെണ്ണമീക്ഷിച്ചാൽ,
ചളിയിൽപ്പുഴ്ന്നൊരു ദുർബല—
പശുപോലേ നിന്നുപോം നയനം! 71

ഒരുവനുവേണ്ടി സംസാരിക്കുന്ന ദൂതിയോട് ഒരുവൾ, അവന്റെ സ്നേഹം സ്ഥിരമല്ലെന്നു് അഭിപ്രായപ്പെടുന്നു:

മായും സ്നേഹം ദുഷ്ടനിൽ,
നീർവരപോലേ തുടങ്ങുമളവിൽത്താൻ;
അതു ശിഷ്ടനിലായാലോ,
നിലനില്ക്കും, കൽവരയ്ക്കൊപ്പം. 72

നെടുനാൾകൊണ്ടു മറുനാട്ടിൽനിന്നു തിരിച്ചുവന്നിട്ടു് വീണ്ടും ഉടനേ പോകാനൊരുങ്ങുന്ന നായകനോട് ഒരുവൾ ദീനയായി പറയുന്നു:

ആവൂ, ദുഷ്കരകർമ്മൻ,
വീണ്ടും പോകാൻ നിനയ്ക്കയാണു ഭവാൻ;
ഒന്നു നിവർന്നുകഴിഞ്ഞി—
ട്ടില്ലിപ്പൊഴ്,മെൻ ചുരുണ്ട പിന്നൽമുടി! 73

വകതിരിവില്ലായ്കയാൽ ഉത്സാഹിക്കാത്ത ഒരു ദ്വിദശധനിക്കു പ്രവൃത്തിസാമർത്ഥ്യമുണ്ടാക്കാൻ ഒരു ധൂർത്ത ഉള്ളിൽത്തട്ടിയ സ്നേഹത്തെ പ്രശംസിക്കുന്നു:

അത്ര രുചിക്കാ, പ്രണയാ—
വൃത്തിരസം ചേർന്ന കുശലരതിപോലും,
ഏതെങ്കിലുമെങ്ങനെയെ—
ങ്കിലുമുള്ള യഥാർത്ഥരാഗരതിപോലേ! 74

''നിനക്കെന്തൊണീ ചടപ്പ്?'' എന്നു ചോദിച്ച കാന്തനോടു പൂർവ്വപ്രണയിനി പറയുന്നു:

---

71. തദ്ഗാത്രങ്ങളിൽ (അവളുടെ അവയവങ്ങളിൽ) യാതൊന്നിനെ നോക്കമോ, കണ്ണു് അതിൽനിന്നു വിട്ടുപോരില്ല. മററവയവങ്ങളും കണ്ടാലല്ലേ, വർണ്ണിക്കാൻ പററൂ?

72. നീർവര = ജലരേഖ. അതു = സ്നേഹം. ശിഷ്ടൻ = നല്ലവൻ. കൽവര = ശിലാരേഖ. നിലനില്ക്കും = ഒരിക്കലും മായുകയില്ല

73. ദുഷ്കരകർമ്മൻ = ദുഷ്കരം ചെയ്യുന്നവനേ എന്നു സംബുദ്ധി. സതിമാരായ വിരഹിണിമാർ തലമുടി ഒന്നായി മെടഞ്ഞിടും. പിന്നൽമുടി = മെടഞ്ഞമുടി.

74. യഥാർത്ഥരാഗരതി = യഥാർത്ഥമായ (ഉള്ളിൽത്തട്ടിയ) സ്നേഹത്തോടുകൂടിയ സംഭോഗം.

Digitized By Kerala Sahitya Akademi

ച്ചേസ്സുന്നു താങ്കളെ പ്രിയ;—
യെന്നിട്ടും താങ്കൾ ചടവു ചോദിപ്പൂ;
മുഗ്ദ്ധ, മുകൾച്ചുമടാലേ
മുരിക്കും മെയ്മെലിച്ചിൽ വരും! 75

മറുനാട്ടിൽനിന്നു തിരിച്ചെത്തിയ പ്രിയതമന്റെ സുരതതത്വര യെപ്പററി ചോദിച്ച സഖിയോടു് നായിക അനുരാഗത്തോടേ പറയുന്നു.

ഒരുമട്ടിൽ വിടുത്താൻ, മമ,
മുറുകെക്കെട്ടിപ്പിടിച്ച കൈകളവൻ;
ഞാനും പറിച്ചെടുത്തേ—
നവനുടെ മാറത്തു നട്ട കൊങ്കകളെ! 76

കലഹിതയെ പ്രസാദിപ്പിച്ചു തിരിയേവന്ന സഖി കാന്ത നോടു പറയുന്നു:

അനുനയമൊഴിയാലരിശം
കൈവിട്ടിട്ടിവൾ ഭവാന്റെ തെററുകളെ
ചിരമെണ്ണിക്കൊണ്ടിരു,കൈ—
വിരലുകൾ പോരാഞ്ഞു കേണു ചിരം! 77

നൃത്തംകൊണ്ടു വിയർത്ത മകളുടെ സൗന്ദര്യാധിക്യത്തെ കുട്ടിനി കാമുകനെ പ്രലോഭിപ്പിപ്പാൻവേണ്ടി വർണ്ണിക്കുന്നു:

അവളുടെയഴകിതു കൃശമാ—
മുടലിലൊതുങ്ങാതെ വേർപ്പുനീരായി
ഒഴുകുന്നുവെന്നു തോന്നും,
ത്രിവലിക്കോണിപ്പടിയിലൂടേ! 78

വിടനെ ആഭിമുഖ്യപ്പെടുത്താൻവേണ്ടി കുട്ടിനി, ഒരുവൾക്കു് പണവും ബഹുമതിയും കിട്ടിക്കഴിഞ്ഞിട്ടില്ലെന്ന കുറവിനെ പരി ഹരിച്ചു്, അവളുടെ സൗന്ദര്യപ്പെരുമയെ അന്യാപദേശേന വർണ്ണി ക്കുന്നു:

വിധിവശമല്ലേ ഫല,മെ
ന്തിഹചെയ്യും? ഞങ്ങളിത്രയും പറയാം:

75. പ്രിയയായ ഞാൻ അങ്ങയെ മനസ്സിൽ ചുമക്കുന്നു; എന്നിട്ടും, അങ്ങു ചോദിക്കുന്നു, ചടപ്പെന്താണെന്നു്! മുകൾച്ചുമടു (പുറത്തേററിയ ഭാരം) കൊണ്ടു മുരിയും (കാളയും) മെലിയുകില്ലയോ?

76. ഒരുമട്ടിൽ—ത്തുലോം പ്രയാസപ്പെട്ടു്.

77. എണ്ണിയാൽ തീരാത്ത അപരാധങ്ങൾ ഭവാൻ ചെയ്തിരിക്കുന്നു; എങ്കി ലും ഞാൻ അവളെ പ്രയാസപ്പെട്ടു പ്രസാദിപ്പിച്ചു. ഇനിമേൽ ഭവാൻ ഇങ്ങനെ ചെയ്യരുതു്.

78. ത്രിവലി = വയററത്തുള്ള മൂന്നു ചുളിവു്.

Digitized By Kerala Sahitya Akademi

നിയതമശോകത്തളിരിനു
കിടനില്ലാ മററുതളിരൊന്നും! 79

വിരഹവൈവശ്യത്താൽ കരയുന്ന കലഹിതയായ കാന്തയെ ചൂണ്ടിക്കാട്ടി, അവളെ പ്രസാദിപ്പിപ്പാൻവേണ്ടി ചെന്ന പ്രിയതമൻ സ്വസൗഭാഗ്യം വെളിപ്പെടുത്തിക്കൊണ്ടു കൂട്ടുകാരനോടു പറയുന്നു:

നോക്കൂ, ഭോറുകയാണോ,
കവിൾകളിൽ നിഴലിച്ച തിങ്കൾതന്നങ്കം,
അവിരതമശ്രുപൊഴിക്കും
കൺപാനികൾകൊണ്ടു മാനിനിയാൾ! 80

ജ്ഞാതിഗൃഹത്തിൽനിന്നു ഭർതൃഗൃഹത്തിലേക്കു പുറപ്പെട്ട ഒരുത്തിയുടെ ജാരൻ, ''ഇവളെ ബഹുഭാര്യനായ ഭർത്താവു് അധികം സ്നേഹിക്കുന്നില്ല; അതിനാൽ ഇവൾ ഇങ്ങോട്ടുതന്നെ തിരിച്ചുപോരും; എന്തിനു താങ്കൾ വേവലാതിപ്പെടുന്നു?'' എന്നാശ്വസിപ്പിക്കുന്ന സ്നേഹിതനോടു് അന്യാപദേശേന പറയുന്നു:

മാലകളിലിടിവു പററാ
പിച്ചകമലരിന്നു നന്മണംമൂലം
മറെറാന്നാണു, മഹത്വം
പെടുമതിനുടെ ഭൂരിസൗരഭ്യം! 81

പാപ്പരായിത്തീർന്ന വിടനെ പ്രോത്സാഹിപ്പിക്കാൻ കുട്ടിനി സൽപുമാന്മാരെ ശ്ലാഘിക്കുന്നു:

കുനിയുന്നു ഫലസമൃദ്ധിയി—
ല്യ;യരുന്നു ദുരേലാം, ഫലപ്രണാശത്തിൽ;
സൽപുരുഷന്റെ ഹൃദയം
പെരിയ മരത്തിന്റെ കൊമ്പുപോലത്രേ! 82

---

79. ധനലാഭവും ബഹുമതിലാഭവുമൊക്കെ വിധിയുടെ കൈയിലാണ്. ഞാൻ ഇത്രമാത്രം പറയാം; അവൾക്കൊത്ത ഒരു സുന്ദരി വേറെയില്ല. നിയതം = തീർച്ചയായും.

80. അങ്കം = കളങ്കം. പാനി = ചെറിയ കുടം. ചന്ദ്രന്റെ കളങ്കം കഴുകിക്കളയാനാണു്, കണ്ണീരൊഴുക്കുന്നതെന്നു തോന്നും! എന്റെ സൗഭാഗ്യം (ഭാര്യാപ്രിയത്വം) കുറച്ചൊന്നുമല്ല.

81. മാലകളിൽ (വിവിധ പുഷ്പമാലകളുടെ ഇടയിൽ) നല്ല പിച്ചകപ്പൂവിന്നു് ഒരിടിവും (ഹാനിയും) വരില്ല. അത്ര മണമുണ്ടു്, അതിന്നു സൗരഭ്യം. മഹത്വം—മററു മാലകളെ താഴ്ത്തുന്ന മേന്മ. മറെറാന്നാണു് = ഇതരവിലക്ഷണമാണു് (അന്യാദൃശമാണു്).

82. സമ്പത്തിൽ വിനയം; ദാരിദ്ര്യത്തിൽ ഉന്നതി. അതിനാൽ, സൽപുരുഷനായ ഭവാൻ സമ്പന്നാശമോർത്തു വ്യസനിക്കരുതു്.

Digitized By Kerala Sahitya Akademi

ഒരു പ്രോഷിതഭർത്തൃകയുടെ സഖി, ഭർത്താവു വേഗത്തിൽ തിരിച്ചെത്താൻവേണ്ടി, തത്സമീപത്തേക്കു പോകുന്ന പഥികനോടു പറയുന്നു:

ഒന്നു തിരിഞ്ഞു കിടക്കും
പഥികപ്രിയതൻകരം നിലപൊറാതേ
മറിയുകയാലുളവാകിന
വളയൊലിയാൾക്കാരെയാശ്വസിപ്പിപ്പൂ! 83

മുതൽ മുടിഞ്ഞുപോയാലും നായകൻ മഹാമനസ്കൻതന്നെ എന്നു സൂചിപ്പിച്ചു് ദൂതി നായികയെ അനുരഞ്ജിപ്പിക്കുന്നു:

ഉന്നതമായ്ത്താൻ നില്ക്കും,
സുമതികളുടെ ചിത്തമന്ത്യദശകളിലും,
അസ്തമയത്തിലു,മിനനുടെ
രശ്മികൾ മേല്പോട്ടുതന്നെയിളകുന്നു! 84

മഹാമനസ്കയായ നായികയെ അനുരഞ്ജിപ്പിക്കുന്ന ദൂതി നായകന്റെ ഔദാര്യം, പരോപകാരിത്വം എന്നിവയെ പ്രസ്താവിപ്പാൻ പിശുക്കനെ നിന്ദിക്കുകയും സൽപുരുഷനെ പ്രശംസിക്കുകയും ചെയ്യുന്നു:

വയർ പോററുന്നുണ്ടമ്മേ,
പറവകൾപോലും ചെടിപ്പുകൂടാതേ;
ഉണ്ടെങ്കിലായി, ദീനോ—
ദ്ധൃതിപരരാം സജ്ജനങ്ങൾ ചിലർ. 85

പ്രേമം നടിച്ചും സ്ത്രീകൾ പുരുഷന്മാരെ രസിപ്പിക്കുമെന്നു് അഭിപ്രായപ്പെട്ട ഒരുവളോടു് ഒരു വിദഗ്ദ്ധ പറയുന്നു:

ഹൃദയം ശരിയായ്പ്പതിയാ—
താകൃഷ്ടിക്കപ്പെടാ യഥാർത്ഥജ്ഞർ;
ആരാളാകും, കിഴവ—
നൂച്ചുകളെക്കാടികൊണ്ടു വഞ്ചിപ്പാൻ? 86

---

83. പഥികപ്രിയ = പ്രോഷിതഭർത്തൃക. കൈ ഇളകി, വളക്കിലുക്കം പുറപ്പെട്ടതുകൊണ്ടു്, ഇവൾ മരിച്ചിട്ടില്ലെന്നു് ആൾക്കാർ (പരിജനം) ആശ്വസിക്കുന്നു!

84. ഇനൻ = സൂര്യൻ. ഇളകുന്നു = പ്രസരിക്കുന്നു. നിർദ്ധനനെങ്കിലും ദാനശീലനും, അധമസ്ത്രീയെ കാമിക്കുന്നവനുമാണു്, ഇദ്ദേഹം.

85. ദീനോദ്ധൃതി(അവശജനോദ്ധാരണ)പരരായ ചില സജ്ജനങ്ങൾ ഉണ്ടെങ്കിലായി—നന്നേ ചുരുക്കമായിരിക്കും! ഇദ്ദേഹം അങ്ങനെയുള്ള ഒരാളാണു്.

86. മനസ്സു പതിഞ്ഞിട്ടില്ലാത്ത പെരുമാററം യഥാർത്ഥജ്ഞരെ (നേരറിയുന്നവരെ) ആകൃഷ്ടിക്കുകയില്ല; കിഴവനൂച്ചുകൾക്കു കടിപ്പാൻ കാടിവെള്ളം വെച്ചുകൊടുത്താൽ, അവ കടിക്കുമോ?

Digitized By Kerala Sahitya Akademi

ഭർത്താവു് ആഭരണവുംമററും കൊടുക്കായ്കയാൽ സന്തോഷമില്ലാതായ നായികയെ ഇണക്കാൻ ദൂതി അകാരണസ്നേഹത്തെ അന്യാപദേശേന പ്രശംസിക്കുന്നു:

പുൽ തിന്നുന്നു കാട്ടിൽ,—
ത്തണ്ണീർ കാട്ടിൽ സ്വയം കുടിക്കുന്നു;
എങ്കിലു,മാൺപെൺമാനുകൾ
തമ്മിൽ സ്നേഹിപ്പൂ, ചാവോളം. 87

എരിപൊരിക്കൊള്ളൽ ശമിപ്പിപ്പാൻ ചന്ദനം പൂശിക്കുകയും മററും ചെയ്യുന്ന ഒരുവളെ ഒരു വിരഹിണി വിലക്കുന്നു:

ദുസ്സഹമാം വേനലിലും
തമ്മിൽത്തഴുകിസ്സുഖിക്കലെത്രയ്ക്കോ,
അത്രയ്ക്കു ചൂടുകററാ,
കാമിയുഗങ്ങൾക്കു ചന്ദനച്ചാറും. 88

സപത്നിയുടെ ദുർന്നടപ്പു വെളിപ്പെടുത്താൻവേണ്ടി, അവളുടെ മുഗ്ദ്ധാംഗനാവിരുദ്ധമായ പ്രഥമാർത്തവയോഗസൂചനത്തെ ഒരുവൾ ഈർഷ്യയോടെ ആക്ഷേപിക്കുന്നു:

''നെയ്യ് തേച്ചതെന്തിനു മുഖ''—
ത്തെന്നായ്ച്ചോദിച്ചപോതു ചിരിപൂണ്ടാൾ
ജഘനസ്ഥാനത്തിരുതുണി
ചുററിയ തൈമങ്ക ലജ്ജയാൽ നതയായ്. 89

ഒരു ബന്ധുസ്ത്രീ കുലവധുവിന്നു കുലാംഗനമാരുടെ നടപടി പറഞ്ഞുകൊടുക്കുന്നു:

ഉള്ളിൽത്തന്നെയൊതുക്കീ,
വീട്ടിലെ വകയോക്യയാൽക്കഥിച്ചീലാ,
ബാന്ധവദുർവ്വചനത്തെ—
പ്പോലേ ഗർഭത്തെ നിർദ്ധനവധുടി. 90

---

87. ആൺമാൻ പെൺമാനിന്നു വല്ലതും കൊടുക്കുന്നുണ്ടോ? എങ്കിലും അവ തമ്മിൽ യാവജ്ജീവം സ്നേഹിച്ചുപോരുന്നു, നിരുപാധികപ്രേമമാണു ശ്ലാഘ്യം.

88. കാമിയുഗങ്ങൾ = കാമമുള്ള സ്ത്രീപുരുഷന്മാർ.

89. രജസ്വലകൾ മുഖത്തു നെയ്യ് പുരട്ടുക ചിലേടങ്ങളിലെ ആചാരമത്രെ. ഇരുതുണി = രണ്ടുവസ്ത്രം. തൈമങ്ക(ബാലിക, മുഗ്ദ്ധ)ക്കുചിതമല്ല, രജസ്വലാത്വം വെളിപ്പെടുത്തി ലജ്ജിച്ചു ചിരിക്കൽ എന്നു ഹൃദയം.

90. വീട്ടിൽ വകയൊന്നുമില്ലെന്നു കണ്ടിട്ടു നിർദ്ധനവധുടി (ദരിദ്രപത്നി) തനിക്കു ഗർഭമുണ്ടെന്നു വെളിക്കു പറഞ്ഞില്ല; ബന്ധുക്കളുടെ ശകാരത്തെ മറച്ചു വെയ്ക്കുന്നതുപോലെ, ഉള്ളിൽത്തന്നെ ഒതുക്കുകയാണു ചെയ്തതു്. നോക്കൂ, അവളുടെ വകതിരിവും, കുടുംബസ്നേഹവും; ഇങ്ങനെയായിരിക്കണം, നിന്റെയും നടപടി.

Digitized By Kerala Sahitya Akademi

സപത്നിയുടെ കുലസ്ത്രീവിരുദ്ധമായ ധൃഷ്ടതയെ വെളിപ്പെടുത്തിക്കൊണ്ട് ഒരുവൾ ബന്ധുസ്ത്രീകളോടു പറയുന്നു:

കൈകൊണ്ടഴിഞ്ഞ മുടിയും
തുണിയും താങ്ങിപ്പിടിച്ചു പായുന്ന,
ക്ഷുരകഭയത്താലോടിയ
പൈതലിനെത്തേടുവാൻ ഗൃഹിണി. 91

വിടനെ പ്രലോഭിപ്പിപ്പാൻ ദൂതി നായികയുടെ പ്രായവും സൗഭാഗ്യവും വർണ്ണിക്കുന്നു:

പെൺകൊടിയുടെയംഗങ്ങളിൽ
നവയൗവനഭംഗി തിങ്ങിടുന്തോറും
അവളുടെയരയും ദയിതനു-
മെതിരാളികളും ചടയ്ക്കുന്നു! 92

വൃദ്ധനായ ഭർത്താവിനെ വെറുത്ത കുലവധുവിനോട് ഒരുവൾ പതിവ്രതാസമ്പ്രദായം ഉപദേശിക്കുന്നു:

ഭർത്താവിനു വാർദ്ധകമോ
വൈകൃതമോ വറുതിയോ വരുന്തോറും;
കുലപാലികമാർക്കുവനിൽ-
ക്കൂടുതലായ്ത്തീർന്നിടും, പ്രേമം. 93

ഒരു യുവാവിങ്കൽ അനുരക്തയായിത്തീർന്ന കാമിനി തുല്യവയസ്സ്വഭാവയായ അമ്മായിയോടു പറയുന്നു:

വേനലിലൂരിലെയൊററ-
ക്കയർവെള്ളത്തെക്കണക്കൊരുവിധത്തിൽ
നേടുന്നിതാരെ വേശ്യക-
ളൂഴംവെച്ചാ, യുവാവിതാ, മാമി. 94

പരസ്ത്രീലമ്പടനായ ഭർത്താവിൻെറ സങ്കേതസ്ഥലം നശിച്ചതിൽ സന്തുഷ്ടയായ ഒരു പതിവ്രത അച്ഛൻപെങ്ങളോടു പറയുന്നു:

---

91. ക്ഷുരകഭയത്താൽ = ക്ഷൗരക്കാരനെ പേടിച്ച്, കുലസ്ത്രീകൾ ഇങ്ങനെ പുറത്തിറങ്ങിപ്പാഞ്ഞുപോകുമോ?

92. അംഗങ്ങൾ = അവയവങ്ങൾ. ദയിതൻ ചടയ്ക്കുന്നതു്, അത്യാസക്തികൊണ്ടു്; എതിരാളികൾ (സപത്നിമാർ) ചടയ്ക്കുന്നതു്, അസൂയകൊണ്ടു്.

93. വൈകൃതം = വൈരൂപ്യം.

94. ഒററക്കയർവെള്ളം=ഒരേ കയർകൊണ്ടു കോരിയെടുക്കേണ്ടുന്ന വെള്ളം; ഇതു് ഊഴംവെച്ചു കോരാതെ തരമുള്ളവല്ലോ. ഒരുവിധത്തിൽ—പണിപ്പെട്ടു്. അത്ര സ്പൃഹണീയനായ യുവാവിതാ എനിക്കു് അനായാസേന ലബ്ധനാകുന്നു! മാമി—അമ്മായി (പ്രാകൃതപദം).

Digitized By Kerala Sahitya Akademi

ഗ്രാമപ്പേരാൽത്തരുവിൻ
വെള്ളില കൊഴിയുന്നു കാററടിക്കുകയാൽ,
വദനം വിളർത്ത വേശ്യാം-
ഗനമാരുടെ നെഞ്ചുപോലെ, പിതൃഭഗിനി! 95

ഒരു നാഗരികൻ, തന്റെ ഇംഗിതജ്ഞതയെ വെളിപ്പെടുത്തിക്കൊണ്ടു കൂട്ടുകാരനോടു പറയുന്നു:

എവിടെയ്ക്കോ നോക്കുന്നു,
നെടുവീക്കുന്നു, വൃഥാ ചിരിക്കുന്നു,
പേശുന്നു സ്ഫുടത പെടാ-
തേ;—താണ്ടൊന്നുണ്ടിവൾക്കുള്ളിൽ! 96

കുലടകളുടെ പ്രത്യുൽപന്നമതിത്വത്തെ ഒരു നാഗരികൻ കൂട്ടുകാരന്നുപദേശമായി പറഞ്ഞുകൊടുക്കുന്നു:

''നമ്മെശ്ശരണം പുക്കാൻ;
രക്ഷിക്കിവനെ'' ഗ്ഗൃഹേശനെന്നോതി,
പെട്ടെന്നണഞ്ഞ കണവ-
ന്നർപ്പിപ്പു കുലട ജാരനെ ക്ഷിപ്രം! 97

മറച്ചുവെയ്ക്കപ്പെട്ടാലും ഭാവം സ്വഭാവേന വെളിപ്പെടുമെന്നു ഒരുവൾ സഖിയോടുപദേശിക്കുന്നു:

''ഹൃദയസ്ഥന്നു കൊടുക്കുക;
കണ്ടീലേ മെയ്യ്ച്ചടപ്പു പിതൃഭഗിനി?''
''ഹൃദയസ്ഥനെന്തു ഞങ്ങൾ-
ക്കെ?''—ന്നുടനേ മൂർച്ഛതേടി പെൺകൊടിയാൾ! 98

വിടനെ പ്രലോഭിപ്പിപ്പാൻ ദൂതി നായികയുടെ സുരതാവസാനോപചാരചാതുര്യം വർണ്ണിക്കുന്നു:

വേനലിലപരാഹ്നരതാൽ
വാടിയ കണവന്റെ നെഞ്ചിൽ വെയ്ക്കുന്നു,

---

95. വെള്ളില = വെളുത്ത (വിളർത്ത) ഇല. നെഞ്ച് = ഹൃദയം. ഇല കൊഴിഞ്ഞു മറവില്ലാതാകുന്നതുകൊണ്ടു തേവിടിശ്ശികൾക്കു ഉപമിച്ച ആശാഭംഗം.

96. നെടുവീക്കുന്നു = നെടുവീർപ്പിടുന്നു. സ്ഫുടത പെടാതെ = അസ്പഷ്ടമായി. പേശുന്നു = പുലമ്പുന്നു.

97. ''ഇയ്യാൾ നമ്മെ ശരണംപ്രാപിച്ചവനാണ്; രക്ഷിക്കണം.'' ഇതു കേട്ടാൽ ഗൃഹനാഥൻ മറിച്ചൊന്നും ശങ്കിക്കില്ലല്ലോ!

98. ''ഇവളുടെ ഹൃദയത്തിൽ ഒരു യുവാവ് ഇരിപ്പുണ്ടു; ഇവളെ അവനു കൊടുക്കണം. ഇവൾ അവനെത്തന്നെ ഓർത്തു മെലിയുന്നതു കണ്ടില്ലേ?'' എന്നു ഒരു വിദഗ്ദ്ധ പിതൃഭഗിനിയോടു പറഞ്ഞു; ഉടനെ പെൺകൊടിയാൾ (കുമാരി), ''ഞങ്ങൾക്കുണ്ടോ ഹൃദയത്തിൽ വല്ലവനും'' എന്നു ഉള്ളു മറയ്ക്കാനായി നിഷേധിക്കുകയും, മോഹാലസ്യപ്പെടുകയും ചെയ്തു!

Digitized By Kerala Sahitya Akademi

നീരാടലിൻമണം ചേ-
ന്നലർ കൊഴിയുന്നീറനായ തലമുടിയെ! 99

നിലാവത്തു്, വിലാസരസികനായ ഒരു യുവാവു് കാന്തയുടെ കപോലശോഭയെ വർണ്ണിക്കുന്നു:

പുതുദശനവ്രണമണ്ഡല-
യുതമാം കമലാക്ഷിതന്റെ കവിളിണയിൽ
നിഴലിച്ച വെൺമതിയിതാ,
കുങ്കുമമുഴച്ചേർന്ന ശംഖളക്കായി! 100

രസികപ്രിയമായ്ക്കവിവര-
കവിവത്സലമുഖ്യർ തീർത്തൊരെഴുന്നൂറിൽ
മൂന്നാമത്തെഗ്ഗാഥാ-
ശതകമിതാ, പൂർണ്ണമായ്ത്തീർന്നു.

നാലാം ശതകം

ഭർത്താവു കൊള്ളരുതാത്തവനായാൽ, കുലടമാർ ജാരനെ എങ്ങനെയെങ്കിലും ഒളിപ്പിക്കുമെന്നു നാഗരികൻ കൂട്ടുകാരനോടുപദേശിക്കുന്നു:

നമ്മുടെ ഗൃഹത്തിൽനിന്നിഹ
വന്നവനാണെന്നുരച്ചു തേവിടിയാൾ,
പെട്ടെന്നു വന്ന പതിയുടെ
കണ്ഠേ ചേർക്കുന്നു ജാരനെ ത്വരിതം! 1

കാരണമില്ലാതെയും അനുനയിക്കുന്നതിൽ ഭർത്താവു ശ്രദ്ധിക്കുന്നതുകൊണ്ടു നായികയുടെ സൗഭാഗ്യത്തെ സഖി വെളിപ്പെടുത്തുന്നു:

തോർത്തീ ദയിതൻ സാഞ്ജന-
മിഴിനീരെന്നോർത്തു മാനിനീവദനേ
കർണ്ണാഭരണേന്ദ്രമണി-
പ്രഭ തട്ടിയ ചന്ദ്രരശ്മികളെ! 2

99. അപരാഹ്നരതാൽ = വൈകുന്നേരത്തെ സുരതം നിമിത്തം. നീരാടലിൻമണം = സ്നാനത്തിന്റെ സൌരഭ്യം. കർത്തൃപദം നായികതന്നെ.

100. പുതു...യുതം = പുതിയ വട്ടത്തിലുള്ള ദന്തവ്രണങ്ങളോടുകൂടിയതു്. കമലാക്ഷി = മാൻകണ്ണാൾ. പുതുദന്തവ്രണമുട്ടപ്പതന്നെ, കുങ്കുമം. ശംഖളക്ക് = ശംഖുകൊണ്ടുള്ള അളുക്കു്.

1. കണ്ഠേ ചേർക്കുന്നു = ആശ്ലേഷിപ്പിക്കുന്നു.

2. സാഞ്ജനം = അഞ്ജനത്തോടു(കണ്ണിലെഴുതിയ മഷിയോടു)കൂടിയതു്. മാനിനീവദനേ = മാനിനിയുടെ മുഖത്തു്. കർണ്ണാ...പ്രഭ = കാതുകളിലെ ആഭ-

Digitized By Kerala Sahitya Akademi

നായകനെ പ്രലോഭിപ്പിക്കാൻ ദൂതി ഒരുവളുടെ സൗന്ദര്യാതിശയം വർണ്ണിക്കുന്നു:

സുന്ദരിമാരായിരമു-
ണ്ടെങ്കിലു,മിതുപ്പോലൊന്നു ഭുവനത്തിൽ
അവളുടെ വലത്തുപകുതി-
ക്കൊത്തതി,ടത്തേപ്പകുതിമാത്രം! 3

''പ്രിയൻ അപരാധം ചെയ്തിട്ടും നീ അരിശംകൊള്ളാത്തതെന്തെ''ന്നു ചോദിച്ച സഖിയോടു് ഒരുവൾ തന്റെ അനുരാഗവും സ്നേഹസ്ഥൈര്യവും സൂചിപ്പിച്ചു പറയുന്നു:

കണവനുടെ കൊട്ടിനൊപ്പം
തുള്ളുന്നേൻ, പ്രേമഹാനി ഗണിയാതെ;
ചുററുന്ന വള്ളി, ജാത്യാ
നിശ്ചലമാം ശാഖിതന്മേലും! 4

വളരെ പാടുപെട്ടു കിട്ടിയ നായകന്റെ അനഭിജ്ഞത വെളിപ്പെടുത്തിക്കൊണ്ടു് ഒരുവൾ സഖിയോടു നിർവേദത്തോടേ പറയുന്നു:

പ്രിയനെക്കിട്ടാൻ വിഷമം;
കിട്ടുകിലോ, പാട്ടിലാക്കുവാൻ വിഷമം;
കിട്ടുകിലും കിട്ടാത്തോൻ
തന്നെ; മാനംപോലെ വരികില്ല! 5

പശ്ചാത്താപം തോന്നിയ കലഹിത പ്രിയസഖിയോടു പറയുന്നു:

അനുനയസുഖകുതുകത്താൽ,—
ച്ചെയ്യാത്തതു ചെയ്തുവെന്നുരച്ചയ്യോ,
സരളാത്മാവാം പ്രിയനെയു-
മവിനയവഴിയിൽപ്പിടിച്ചണച്ചേൻ ഞാൻ! 6

രണങ്ങളിലുള്ള ഇന്ദ്രനീലരത്നങ്ങളുടെ ശോഭ. ചന്ദ്രരശ്മികൾ, മുഖത്തു പ്രതിബിംബിച്ചവയാണു്; മുഖത്തിന്റെ സ്വച്ഛത വ്യഞ്ജിക്കുന്നു.

3. അവളുടെ ശരീരം നിസ്തുല്യസൗന്ദര്യത്തോടുകൂടിയതാണു്.

4. ''നിരാശ്രയതമൂലം ലത വല്ല വൃക്ഷത്തിന്മേലും ചുററുന്നതുപോലെ, ഞാൻ നാട്യംകൊണ്ടു്, ഈ അനനുരക്തനായ അധമനിൽ ചേർന്നുനില്ക്കയാണു്; നല്ല ഒരുവനെ കിട്ടുന്നതുവരെ ഇങ്ങനെ പററിനില്പും'' എന്നിങ്ങനെ ഒരു കുലടദൂതിയോടു പറയുന്നതായിട്ടും വ്യാഖ്യാനിക്കാം.

5. ഇത്തരത്തിലുള്ളവനെ കിട്ടിയാലും, കിട്ടാത്തപോലെതന്നെ.

6. അനുനയസുഖകുതുകത്താൽ—പ്രിയൻ അനുനയിക്കുമ്പോഴത്തെ സുഖം അനുഭവിപ്പാൻവേണ്ടി. സരളാത്മാവു് = ഋജുസ്വഭാവൻ. ചെയ്യാത്തതു്—അദ്ദേഹം ചെയ്തിട്ടില്ലാത്ത അപരാധം. പിടിച്ചു്—ബലാൽക്കാരേണ.

Digitized By Kerala Sahitya Akademi

പ്രോഷിതഭർത്തൃകയുടെ വിരഹദുഃഖവും മുഗ്ദ്ധതയും സൂചിപ്പിച്ചുകൊണ്ടു ദൂതി നായകന്റെ സമീപത്തേക്കു പോകുന്ന പാന്ഥനോടു പറയുന്നു:

കൈകാലുകളുടെ വിരലുകൾ
മുഴുമിച്ചുകഴിഞ്ഞു, നാൾകളെണ്ണിയതിൽ;
'ഇനിയെന്തൊന്നാലെണ്ണും
പേർത്തെ,' നാരചെയ്യു കേഴ്കയാം, പാവം! 7

മറുനാട്ടിലേക്കു പുറപ്പെട്ട നായകന്റെ യാത്ര നിർത്താൻവേണ്ടി ഒരുവൾ ദുശ്ശകുനങ്ങളുംച്ചേർന്ന വസന്തത്തെ വർണ്ണിക്കുന്നു:

വിലസുന്നു മന്നിടത്തിൽ,—
തത്തക്കൊക്കെതിർപിലാശലർക്കൂട്ടം,
വന്ദിച്ചു ഭിക്ഷുസംഘം
ബുദ്ധൻതൻ കാല്ക്കൽ വീണതിൻവണ്ണം! 8

അനുനയത്തെ സ്വീകരിപ്പിക്കാനായി സഖി മാനവതിയോടു പറയുന്നു:

കൃശമായ്ത്തീർന്നു കൃശോദരി,
നിന്നുടെ തടിപൂണ്ട ഗാത്രമോരോന്നും;
ചടവുററതൊക്കെയങ്ങോ—
ളവുമായ്പ്പോയെ;ന്തിനിങ്ങരിശം! 9

"അവൾ സ്വഭർത്താവിനുതന്നെ പ്രിയപ്പെട്ടവളല്ല; എന്നിരിക്കെ അവളുടെ ഗുണങ്ങളെ നീ സ്തുതിച്ചതെന്താണെ"ന്നു ചോദിച്ച അഭിയോജ്യ*നോടു ദൂതി മറുപടി പറയുന്നു:

പാട്ടിൽ വരില്ല ഗുണത്താൽ;—
തക്കതുകൊണ്ടേ ജനങ്ങൾ പാട്ടിൽ വരൂ;
മുത്തുകൾ കൈവിട്ടു പെറു—
ക്കുന്നു കുന്നിക്കുരുക്കൾ, ശബരന്മാർ! 10

7. നാൾകൾ—ഭർത്താവു പോയതിൽപ്പിന്നെയുള്ള ദിവസങ്ങൾ. നായകൻ കഴിയുന്നവേഗത്തിൽ തിരിച്ചെത്തണമെന്നു്, അദ്ദേഹത്തെ തിടുക്കപ്പെടുത്തുക.

8. തത്ത......ക്കൂട്ടം = തത്തക്കൊക്കുകൾപോലെയുള്ള പിലാശിൻപൂക്കളുടെ സമൂഹം. ബൗദ്ധഭിക്ഷുസംഘത്തെ കാണുന്നതു ദുശ്ശകുനമാണപോൽ. അന്നത്തെ ബുദ്ധമതദ്വേഷം!

9. തടി(വണ്ണം)പൂണ്ട കുചാദിയായ ഗാത്രം (അവയവം) ഓരോന്നും മെലിഞ്ഞുകഴിഞ്ഞു; ചടവുററതൊക്കെ (അരമുതലായതു്) അങ്ങോളവുമായ് (അങ്ങേ അററംവരെ) മെലിഞ്ഞുപോയി. ഇനിയും അരിശം വിടാതെ ക്ഷീണയായിത്തീരരുതു്.

* അഭിയോജ്യൻ = പേക്ഷിക്കപ്പെടേണ്ടവൻ.

10. തക്കതുകൊണ്ടേ—ഇഷ്ടപ്പെട്ടതുകൊണ്ടേ. മുത്തുകൾ—വേട്ടയിൽ പിളത്തപ്പെട്ട ഗജമസ്തകങ്ങളിൽനിന്നു കൊഴിഞ്ഞ മുത്തുമണികൾ ഭർത്താവു് അഗുണജ്ഞനാണു്!

Digitized By Kerala Sahitya Akademi

''യാത്ര ചോദിച്ചതിന്നു നീ മറുപടിയൊന്നും പറയാത്തതെന്താണെ''ന്നു ചോദിച്ച പ്രിയനോടു് വധുവിന്റെ ചാർച്ചക്കാരിയായ ഒരു കിഴവി പറയുന്നു:

പേടിപ്പിപ്പു ജനങ്ങളെ,
വസന്തമാസാൽ വളച്ച് കിട്ടിയതായ്
ആപീതലോഹിതവുമായ്
ലങ്കയിൽ മേവും പലാശനിര മകനേ! 11

നായികയ്ക്കു കാന്തനിലുള്ള അനുരാഗാതിശയം സഖി പറയുന്നു:

'കാന്തനിൽ വിതറുവനെ'ന്നൊരു
പിടി നല്ലൊടിയേന്തിയിട്ട ഹസ്തത്താൽ
വിറയുമുഴററും കൊൾകെ,—
ക്കയ്യിലുറന്നു സുഗന്ധജലം! 12

സപത്നി ദേവരനെ അഭിസരിച്ചതു സൂചിപ്പിച്ചുകൊണ്ടു് ഒരു സപത്നി അവളോടു പറയുന്നു:

ഭവനപ്പിന്നങ്കോല—
ത്തളിരൊട്ടിയ നിൻപുറം തുടച്ചേക്കുക:
നിന്നെ വലയ്ക്കൊയ്ക്ക, കൃശോ—
ദരി, സരളേ, കുശലദേവരാംഗനമാർ. 13

അപരാധം ചെയ്ത പ്രിയനിൽ അരിശംകൊള്ളിക്കുന്ന സഖിയോടു് ഒരുവൾ, തന്റെ അനുരാഗാതിശയം പറയുന്നു:

---

11. വസന്തമാസാൽ = വസന്തമാസം ഹേതുവായിട്ടു്; പ്രാകൃതഭാഷയിൽ വസന്തമാസത്തിന്നു വസ, ആന്ത്രം (=കുടർ), മാംസം എന്നും അർത്ഥം വരും. വസാന്ത്രമാംസങ്ങളെ തിന്നു വളച്ച് കിട്ടുക (തടിക്കുക). ആപീതലോഹിതം = ഒട്ടു മഞ്ഞ—ചുകപ്പുനിറങ്ങളുള്ളതു്; ലോഹിത(=രക്ത)ത്തെ കുടിച്ചതു് എന്നും. ലങ്കയ്ക്കു വൃക്ഷത്തിന്റെ കൊമ്പെന്നും അർത്ഥമുണ്ടു്. പലാശനിര = പിലാശിൻക്കൂട്ടം; രാക്ഷസഗണമെന്നും. ശ്ലേഷംകൊണ്ടു പിലാശിൻപൂക്കളെ രാക്ഷസരാക്കിയിരിക്കുന്നു; ഈ രാക്ഷസരെ പേടിച്ചിട്ടാണു്, ഇവൾ മിണ്ടാത്തതു്. നീ പോയാൽ, വിരഹാതുരയായ ഇവളെ ഈ രാക്ഷസർ കൊന്നുകളയും.

12. നല്ലൊടി—സുഗന്ധചൂർണ്ണം. ഉഴററു് = ഔത്സുക്യം. സാത്വികഭാവങ്ങളിലൊന്നായ വിയർപ്പുമൂലം നായികയുടെ കൈയിലെ സുഗന്ധചൂർണ്ണം സുഗന്ധജലമായി മാറി!

13. ഭവ...ത്തളിർ = ഗൃഹത്തിന്റെ പിൻവശത്തുള്ള അങ്കോലവൃക്ഷത്തിന്റെ ഇല. ഈ വൃക്ഷത്തിന്റെ ചുവടായിരുന്നു, സങ്കേതസ്ഥലം. പുറത്തു് ഈ ഇല കണ്ടാൽ, കുശലദേവരാംഗനമാർ (മിടുക്കത്തികളായ ദേവരന്റെ ഭാര്യമാർ) നിന്നെ വലച്ചേക്കും (കളവു പുറത്താക്കി കഷ്ടപ്പെടുത്തിയേക്കും); അതുകൊണ്ടു പുറം തുടച്ചു മുൻസ്ഥിതിയിലാക്കിക്കൊൾക. സരളേ = അഭിസരണം മറച്ചുവെപ്പാൻ കഴിവില്ലാത്തവളേ!

Digitized By Kerala Sahitya Akademi

അവനെക്കണ്ടാൽപ്പൊത്തി—
ക്കൊള്ളാം ഞാൻ കൈകൾകൊണ്ടു മിഴി രണ്ടും;
പുളകംപൂണ്ടു കടമ്പിൻ—
പൂപോലാമംഗമെങ്ങനെ മറയ്ക്കും? 14

നായകന്റെ സമീപത്തേക്കു പോകുന്ന ഒരു പഥികനോടു നായികയുടെ അവസ്ഥയും, ഗൃഹത്തിന്റെ ജീർണ്ണതയും സഖി സന്ദേശിക്കുന്നു:

ചീറിയ കാററാൽപ്പുല്ലുകൾ
പാറിയ പുരയിൽ,പ്പതിപ്രയാണത്താൽ
സഹികെട്ടിരിക്കുവോളെ—
ക്കാറിനു കാട്ടിക്കൊടുപ്പൂ, മിന്നലൊളി! 15

ഗ്രാമ്യസ്ത്രീകളിൽ സക്തികുറഞ്ഞ നായകനെ ദൂതി അന്യാപദേശേന പ്രേരിപ്പിക്കുന്നു:

കിട്ടിയതശിച്ചുകൊള്ളുക;
കുഗ്രാമപ്പതിരുനെല്ലിനോ, ലവണം?
എന്തുള്ളു സുഭഗ, ലവണം
താവുകിലും, സ്നേഹമില്ലായ്കിൽ? 16

വിരസവും അനുരാഗംമൂലം സരസമായിത്തീരുമെന്നു് ഒരുവൾ തോഴിയോടു പറയുന്നു:

സുഖപൃച്ഛിക സുരഭിമുഖ—
ത്തണ്ടലർകൊണ്ടുതിയുഷ്ണമാററുകയാൽ
കയ്പുകഷായവുമിത്തിരി
ബാക്കിവരാതേ കുടിക്കയായു് കൃഷകൻ! 17

''അവൾ വന്നില്ല; ഞാനാകട്ടേ, വള്ളിക്കുടിലിൽ വളരെനേരമിരുന്നു തിരിച്ചുവരികയാണു്'' എന്നു പറഞ്ഞ ജാരനോടു് ദൂതി പറയുന്നു:

---

14. അദ്ദേഹത്തെ കണ്ടാൽക്കഴിഞ്ഞു, എന്റെ ദേഹം മുഴുവൻ കോൾമയിർക്കൊണ്ടുപോകും; പിന്നെ ഞാൻ എങ്ങനെ അരിശംകൊള്ളും?

15. പുല്ലുകൾ—മേഞ്ഞ വയ്ക്കോലും മററും. പാറിയ = പറന്നുപോയ. പതിപ്രയാണത്താൽ = ഭർത്താവു പോയതുകൊണ്ടു്. സഹികെട്ടു്—വിരഹതാപം സഹിക്കാനാകാതെ. 'ഭവാന്റെ ഉദയത്താൽ, ഇതാ, ഇവൾ ഈ നിലയിലായിരിക്കുന്നു; അതിനാൽ ഇവളുടെ ഭർത്താവിനെ ഉൽക്കണ്ഠപ്പെടുത്തുക' എന്നിങ്ങനെ മിന്നൽ സ്വഭർത്താവായ മേഘത്തെ പ്രേരിപ്പിക്കയാണെന്നു തോന്നും.

16. ലവണം = ഉപ്പു്; ലാവണ്യം. സ്നേഹം = നെയ്യോ മററോ; പ്രേമം. ഇവൾ കുഗ്രാമവാസിയാകയാൽ മോടിപ്പുകിട്ടില്ലാത്തവളാണെങ്കിലും ഭവാങ്കൽ പ്രേമവതിയാണു്.

17. സുഖപൃച്ഛിക—സുഖം (രോഗത്തിനു ശമമില്ലേ എന്നു്) ചോദിക്കുന്ന നായിക. ഉഷ്ണം = ചൂടു്.

Digitized By Kerala Sahitya Akademi

നടകൊണ്ടാ നീർവഞ്ചി–
ക്കാട്ടിൽത്താൻ, താവളം മറക്കകയാൽ
തിരയുകയാണവളങ്ങയെ,
നിധി വീണ നിലത്തെയെന്നവിധം! 18

അപരാധംചെയ്തുപോയതിനാൽ ഭയംമൂലം നായകന്റെ അടുക്കൽച്ചെല്ലാൻ മടികാണിക്കുന്ന കൂട്ടുകാരനെ ഒരുവൾ ധൈര്യപ്പെടുത്തുന്നു:

അരിശം മൂത്തിരുളുകിലും
സുജനമുഖത്തപ്രിയം പുറപ്പെടുമോ?
രാഹു വിഴുങ്ങുകിലും,ശശി–
യുടെ കതിരമൃതേ പൊഴിക്കുന്നു! 19

ജാരന്റെ അഭിലാഷം നിറവേററാൻ കഴിവില്ലായ്കയാൽ അയാളുടെ സമ്മാനം കൈക്കൊള്ളാതിരുന്ന ഒരുവൾ ''എന്താണിതിൽ ദോഷം?'' എന്നു ചോദിച്ച ദൂതിയോടു പറയുന്നു:

അവമാനിക്കപ്പെടുകിലു–
മഴൽ നിർദ്ധനസജ്ജനത്തിനത്ര വരാ,
മാനിപ്പതിന്നു പകരം
ചെയ്‌വാൻ കഴിവററവന്നൊപ്പം! 20

വിശ്വാസകഥനത്തിന്നു പ്രോത്സാഹിപ്പിക്കുന്ന നായികയോടു ദൂതി അന്യാപദേശേന പറയുന്നു:

കലഹങ്ങളിലും വെളിയിൽ–
ച്ചാടാതുള്ളിൽക്കിടന്നു പഴകുകയാൽ,
സുജനം ചെയ്ത രഹസ്യം
ചത്താൽച്ചെന്തീയിൽ വെന്തുപോകുന്നു! 21

ഒരു പ്രോഷിതഭർത്തൃകയുടെ വീട്ടിൻമുററത്തു മുല്ലവള്ളികൾ തിങ്ങിപ്പടർന്നിരിക്കുന്നതിനാൽ പകൽനേരത്തു തന്നേ അഭിസരിക്കാമെന്നും, വസന്താഗമനത്താൽ ഉൽക്കണ്ഠ മുഴുത്തിരിക്കുന്ന അവളെ എളുപ്പത്തിൽ കിട്ടുമെന്നും ദൂതി കാമുകനെ ധരിപ്പിക്കുന്നു:

---

18. അവൾ ആ നീർവഞ്ചി (ആററുവഞ്ചി)ക്കാട്ടിൽത്തന്നെയുണ്ട്. സങ്കേതസ്ഥലം മറന്നുപോകയാൽ അങ്ങയെ, നിധി (ധനം) വീണുപോയ സ്ഥലത്തെ എന്നപോലെ തിരഞ്ഞുനടക്കുകയാണ്.

19. നല്ലവനായ നായകൻ ഭവാനെ ശകാരിക്കുകയോ മററോ ചെയ്യുകയില്ല. ശശി = ചന്ദ്രൻ.

20. നിർദ്ധനസജ്ജനത്തിന് (ദരിദ്രനായ നല്ലവന്ന്) മാനിച്ചതിന്നു പകരംചെയ്‌വാൻ കഴിവില്ലായ്കയാണ്, അവമാനിക്കപ്പെടുന്നതിനെക്കാളും സങ്കടം. എന്നെ മാനിക്കുന്ന അദ്ദേഹത്തെ പകരം മാനിക്കാൻ ഞാനാളല്ല എന്നതു് എന്നെ ഉല്ലോം വ്യസനിപ്പിക്കുന്നു.

21. നല്ലവരുടെ രഹസ്യം ഏതൊരവസ്ഥയിലും പുറത്തുവിടുകയില്ല; ചെന്തീയിൽ (ചുടലത്തീയിൽ) വെന്തടിഞ്ഞു പോകുകയേയുള്ളു.

Digitized By Kerala Sahitya Akademi

മുററത്തു വായ്ച്ച മുല്ല-
പ്പൂങ്കുലനിരയാൽപ്പടിക്കൽ മറവീണു;
കിടയാതായ് ഗതപതികൾ-
ക്കധ്വഗസന്ദർശനപ്പൊറുതിപോലും! 22

നായികയ്ക്കു കാന്തനെക്കുറിച്ചുള്ള അനുരാഗാതിശയവും കണ്ണിന്റെ ഭംഗിയും സഖി പ്രതിപാദിക്കുന്നു:

പ്രിയദർശനസുഖരുചിയാ-
ലവളുടെ നയനങ്ങൾ ചിമ്മുകില്ലെങ്കിൽ,
എങ്ങനെ തിരിച്ചറിഞ്ഞിടു-
മവളുടെ കർണ്ണസ്ഥനീലനളിനത്തെ? 23

അഭ്യുദയഹേതുവും കാര്യവശാൽ ഉദ്വേഗജനകമായേക്കുമെന്ന്, ഒരു നാഗരികൻ കൂട്ടുകാരനോടു പ്രതിപാദിക്കുന്നു:

ചളിയിൽപ്പൂഴ്ന്നൊരു കരികൊ-
ണ്ടുഴുതു വശംകെട്ട പതിയുറങ്ങുകയാൽ
സുരതസുഖം കിടയാതേ
ഘോഷത്തി ശപിപ്പു വർഷത്തെ! 24

പോകാനൊരുങ്ങിയ ഭർത്താവിന്റെ യാത്ര നിർത്തിക്കാൻ വേണ്ടി ഒരുവൾ വിരഹത്തിന്റെ ദുസ്സഹത വെളിപ്പെടുത്തിക്കൊണ്ട്, കാമബാണങ്ങൾക്കു നമസ്കാരം പറയുന്നു:

അഴൽ നല്കും; സുഖമേകും;
രാഗമുദിപ്പിച്ചിടും; രമിപ്പിക്കും;
അരതിരതിമിത്രരാകിയ
മദനശരങ്ങൾക്കു പേർത്തു തൊഴാം! 25

ഒരുവൾ കാമബാണവ്യാപാരവൈചിത്ര്യം വർണ്ണിച്ച്, ഒരു യുവാവിനെച്ചൊല്ലി തനിക്കുള്ള മന്മഥവ്യഥയെ വ്യഞ്ജിപ്പിക്കുന്നു:

പൂവെങ്കിലുമതികഠിനം,
തൊടലില്ലെങ്കിലുമസഹ്യതാപകരം,

22. ഗതപതിക = ഭർത്താവു (മറുനാട്ടിൽ) പോയവൾ. വഴിപോക്കരെ നോക്കി ഉൾക്കണ്ഠ ശമിപ്പിക്കാൻപോലും തരമില്ലെന്നു വന്നിരിക്കുന്നു.

23. പ്രിയ...രുചി = പ്രിയനെ കാണുകയാകുന്ന സുഖാസ്വാദനം. കർണ്ണസ്ഥനീലനളിനം = ചെവിയിലണിഞ്ഞ കുവലയം. കുവലയത്തിന്റെ തത്സ്വരൂപത്തിലുള്ളതാണ്, അവളുടെ കണ്ണ്.

24. വർഷകാലം അഭ്യുദയ(വിഭവ)ജനകമാണ്; എന്നാൽ, അതു ഘോഷത്തിക്കു (ഭർത്താവു തളർന്നുറങ്ങിയതിനാൽ) ദുഃഖകാരണമായിത്തീർന്നു. "കൃഷീവലൻ ക്ഷീണിച്ചുറങ്ങുകയാണ്; അവന്റെ ഭാര്യയെ കിട്ടാൻ പ്രയാസമില്ല" എന്നു ദൂതി ജാരനോടു പറയുന്നതായും വ്യാഖ്യാനിക്കാം.

Digitized By Kerala Sahitya Akademi

പിളരുകിലും രതിജനകം,
മദനന്റെ ശരം വിചിത്രതരം! 26

ഉൽക്കണ്ഠ നീക്കാനായി ഒരു പ്രോഷിതഭർത്തൃക പ്രിയതമന്റെ ഗുണങ്ങൾ വർണ്ണിക്കുന്നു:

ഈർഷ്യ വരുത്തും; മദനനെ—
യാളിക്കും; വിപ്രിയം സഹിപ്പിക്കും;
വിരഹത്തിൽ മൃതിക്കു വിടാ;
ഹഹ, നാനാവിധ,മവന്റെ ഗുണം! 27

''നിങ്കൽ അനുരക്തയായ അവൾ അട കൊടുക്കാനെന്ന വ്യാജേന വീടുതോറും നടന്നു, നിന്റെ വീട്ടിലും പോയി; അവിടെയും നിന്നെ കണ്ടുകിട്ടിയില്ല'' എന്നിങ്ങനെ ദൂതി ഒരുവനെ ശകാരിക്കുന്നു:

പുതിയൊരു ചെഞ്ചേലയുടു—
ത്തോ,രോരോ വീട്ടിലും വരാകിയവൾ
അട കൊണ്ടുചെല്ലയുണ്ടാ—
യി,ന്നകരുണ, നിന്നെയൊന്നു കണ്ടെത്താൻ! 28

ഒരു ദരിദ്രനിൽ ആസക്തയായ നായികയെ സഖി അവന്റെ ലക്ഷണം സൂചിപ്പിച്ചു തടുക്കുന്നു:

അറിയാം വറുതിക്കാരനെ,
മഞ്ഞിൻകാലത്തു നൽ ചുരുങ്ങിയതായ്
പുകയാൽക്കറുത്തു വരടി—
ത്തീമണവും ചേർന്നതാം പഴന്തുണിയാൽ! 29

ശിശിരകാലത്തു മറുനാട്ടിൽ പോകാനൊരുങ്ങിയ നായകന്റെ യാത്ര നിർത്തിക്കാൻവേണ്ടി, നായിക ശിശിരപ്രവാസിയുടെ അവസ്ഥ വർണ്ണിക്കുന്നു:

ശിശിരപ്പുലരിയിലധ്വഗ—
നരസുന്തു പരുപരുത്ത വസ്ത്രാലാൽ,

---

28. അകരുണ = ദയയില്ലാത്തവനേ! വരാകി = പാവം. വിശേഷദിവസങ്ങളിൽ പുതുവസ്ത്രം ധരിച്ച്, അയൽവീടുകളിൽ അടയുംമററും കൊണ്ടുകൊടുക്കുക ചിലേടങ്ങളിൽ ഒരാചാരമത്രേ. നിന്നെ കാണാൻ ഇത്രയും പാടുപെടുന്ന അവളിൽ നീ ദയചെയ്താലും!

29. വറുതിക്കാരൻ = ദരിദ്രൻ. മഞ്ഞിൻകാലം = ഹേമന്തം. വരടിത്തീമണം = ഉണങ്ങിയ ചാണകവട്ടുകൊണ്ടു കത്തിച്ച തീയിന്റെ നാററം. ഒരു നല്ല വസ്ത്രമില്ല, പുതയ്ക്കാൻ; തന്മൂലം ചാണകവട്ടു കത്തിച്ചു തീ കായുകയാണ്. ഇതുകൊണ്ടറിയാമല്ലോ, അവന്റെ ദാരിദ്ര്യം.

Digitized By Kerala Sahitya Akademi

ആചമനജലാർദ്രിതമാം
കൈ തട്ടുകയാൽത്തരിച്ച ഗാത്രങ്ങൾ! 30

ഉത്തമസ്ത്രീയെ കടന്നുപിടിച്ച അധമചോരന്റെനേർക്കു കാമുകർ പാഞ്ഞുചെല്ലുമ്പോൾ, ഉൽകൃഷ്ടനായികയെ പിടിക്കാൻ മുതിർന്ന നികൃഷ്ടന്റെ ഒരുവൻ അന്യാപദേശേന നിഷേധിക്കുന്നു:

പിന്തുടരുന്നു, നികൃഷ്ടൻ
നുള്ളിച്ചൂടിയ രസാലമഞ്ജരിയെ
അളിതരുണർ കൊണ്ടുപോക-
പ്പെട്ടിടുമൊരു തടവുകാരിയെപ്പോലേ! 31

'നിന്റെ അഭിപ്രായം ഞാനറിഞ്ഞു' എന്നു വ്യഞ്ജിപ്പിച്ചുകൊണ്ടു ദൂതി നായകനെ വിശ്വസിപ്പിക്കാനായി പറയുന്നു:

സൂര്യന്നെന്ന നടിപ്പോ-
ടാർക്കുക്കൽ നടത്തിടുന്നു നീ മകനേ?
ദേവനമസ്കാരത്തിൽ-
ച്ചേരില്ല, കടാക്ഷവും ചിരിയും! 32

ദൂതി ചൗര്യരതത്തെ പ്രശംസിച്ചു നായികയെ ഉൽക്കണ്ഠപ്പെടുത്തുന്നു:

ഊതി വിളക്കു കെടുത്തി,
ശ്വാസമടക്കി,പ്പതുക്കെയുരിയാടി,
'അരുതരുതെ'ന്നധരമറാ-
തൊളിസ്സുരതം ചെയ്‌വതെത്ര സുഖം? 33

രഹസ്യം പറഞ്ഞു ദൂതി നായികയെ വിശ്വസിപ്പിക്കുന്നു:

പാട്ടെന്നു നടിച്ചെ,വനെ-
ക്കരുതിക്കരയുന്നു നീ ഘനോൽക്കണ്ഠം,

---

30. ആചമനജലാർദ്രിതം = ആചമനത്തിന്നായി (മുഖം കഴുകാനുംമറ്റും) വെള്ളമെടുക്കുകയാൽ നനഞ്ഞതു്. തീ കായാൻ ഇത്തിരി വിറകുമപാലും കിട്ടില്ല. ഇപ്പോൾ ഭവാൻ പോകയാണെങ്കിൽ, ഭവാനും ഈ ദുർദ്ദശതന്നെ സംഭവിച്ചേക്കും.

31. നികൃഷ്ടൻ (അധമൻ) നുള്ളി (പറിച്ചെടുത്തു) ചൂടിയ രസാലമഞ്ജരി (മാമ്പൂങ്കുല)യെ അളിതരുണർ (യുവഭ്രമരങ്ങൾ) പിന്തുടരുന്നു; ഇതിൻവണ്ണം ഉത്തമസ്ത്രീയെ പിടിച്ചാൽ നിന്നെ യുവാക്കന്മാർ പിന്നാലെ വന്നുപദ്രവിക്കും; അതിനാൽ, ഈ സാഹസത്തിനു തുനിയേണ്ടാ. ഒരു സ്ത്രീയെ തടവുകാരിയാക്കി ക്കൊണ്ടു പോകുമ്പോൾ ആളുകൾ പിന്നാലെ കൂടുമല്ലോ.

32. നിന്റെ കടാക്ഷഹാസങ്ങൾകൊണ്ടറിയാം, നീ ഇവളെ കാമിക്കുന്നു എന്നു്.

33. ഉരിയാടി = സല്ലപിച്ചു്. അരുതരുതെന്നു് = അമത്തു കടിക്കരുതെന്നു വിലക്കി. അധരം അററാൽ (മുറിഞ്ഞാൽ) ആളുകൾ ഊഹിച്ചാറിയുമല്ലോ.

Digitized By Kerala Sahitya Akademi

അഴൽമുററിയ തൊണ്ടയിൽ നി—
ന്നിടറിവരുന്നക്ഷരങ്ങളുമായ്? 34

ഒരുത്തി സ്വയം ദൂതിയായിട്ട് അയൽപക്കക്കാരനായ ജാരനെ തക്കം അറിയിക്കുന്നു:

ഇരുളേറിയ കെട്ടരാവി;—
ന്നത്രേ പോയ് പതി; ഗൃഹത്തിലില്ലാരും;
ശ്രദ്ധിച്ചാൽ മതി, നമ്മൾ—
ക്കമളി പെടാതേ ഭവാനയല്ക്കാര! 35

ഒരു പ്രോഷിതഭർത്തൃകയുടെ സഖി, ഭർത്താവു സത്വരം തിരി ച്ചെത്താൻവേണ്ടി, തത്സമീപത്തേക്കു പോകുന്ന പഥികനോടു പറ യുന്നു:

സുതനുടെ സഞ്ജീവനിയെ—
പ്പോലേ, ശ്വശ്രുവും കാത്തുപോരുന്നു,
പുതുമുകിൽ കണ്ടു ഗളാഗത—
ജീവിതയാം സ്നുഷയെയേകതാനതയാ! 36

പ്രഭാതത്തിൽ വന്നുചേർന്ന നഖദന്തവ്രണാദ്യങ്കിതനായ കാ ന്തനോടു ഖണ്ഡിതനായിക ഈർഷ്യയോടേ പറയുന്നു:

തീച്ച ഭവാൻ ഹൃൽസ്ഥിതയാം
പതിയൊടൊത്താണിരിപ്പതെന്നുള്ളിൽ;
അല്ലെങ്കിലെൻ മനോരഥ—
മെവ്വണ്ണം സുഭഗ, കണ്ടറിഞ്ഞിതവൾ? 37

---

34. ഘനനാൽക്കണ്ഠം = നിറഞ്ഞ ഉൽക്കണ്ഠയോടുകൂടുംവണ്ണം. അവനാരെന്നു പറഞ്ഞാൽ, ഞാൻ കൂട്ടിക്കൊണ്ടുവരാം.

35. കനത്ത ഇരുട്ടുണ്ട്; ഭവാൻ വരുന്നതു് ആരും കാണില്ല. പതി (ഭർത്താവ്) ഇന്നാണ്, മറുനാട്ടിലേക്കു പോയതു്; അദ്ദേഹം വരുമെന്നു ശങ്കിക്കേണ്ടതില്ല. ഗൃഹത്തിൽ ആരുമില്ല; ഗൃഹംതന്നേ, നമ്മുടെ സങ്കേതസ്ഥലം. നമുക്കു ചീത്തത്തമൊന്നും പററാത്തവിധത്തിൽ ഭവാൻ മനസ്സിരുത്തിയാൽക്കഴിഞ്ഞു.

36. സഞ്ജീവനിയെപ്പോലെ—ജീവനൗഷധിയെ എന്നപോലെ. ഏകതാനതയാ = മറെറാന്നിലും മനസ്സുവെയ്ക്കാതെ. സ്നുഷ വർഷാരംഭം കണ്ടിട്ടു കണ്ഠഗതപ്രാണയായിരിക്കുന്നു; ഇവൾ മരിച്ചുപോയാൽ, പുത്രനും മരിക്കും. ഈ ഭയത്താൽ ശ്വശ്രുവിനു സ്നുഷയെ സംരക്ഷിക്കുക മാത്രമായിരിക്കുന്നു ജോലി. അദ്ദേഹം അടിയന്തരമായി തിരിച്ചുവരേണ്ടിയിരിക്കുന്നു; ഇല്ലെങ്കിൽ ആപത്തു പററും.

37. എൻമനോരഥം—ഭവാങ്കൽ നഖദന്തവ്രണാദികൾ ഏല്പിക്കണമെന്നുള്ള ആഗ്രഹം; ഇതു് ആ പതി അറിഞ്ഞതുകൊണ്ടാണല്ലോ, ഭവാങ്കൽ നഖദന്തവ്രണാദികൾ ഏല്പിച്ചതു്. അതിനാൽ, അവളോടുകൂടിത്തന്നെയാണ്, ഭവാൻ എന്റെ ഹൃദയത്തിലിരിക്കുന്നതു്! സുഭഗേ—സംബുദ്ധി.

Digitized By Kerala Sahitya Akademi

ദൂതി നായകനോടു നായികയുടെ അനുരാഗാതിശയം സൂചിപ്പിക്കുന്നു:

സുഭഗ, ഭവാൻ പോന്നതിനാ—
ലവളുടെ കർണ്ണാന്തദീർഘനയനങ്ങൾ
ഉദകം നല്കീ ദർശന—
സൗഖ്യങ്ങൾക്കൊഴുകിവാർന്ന കണ്ണീരാൽ! 38

ഒരു പ്രോഷിതഭർത്തൃക കാന്തനു ഗാഥാരൂപമായ സന്ദേശമയയ്ക്കുന്നു:

നിനവാൽ വന്ന ഭവാന്റെ
വദനാംബുജമൊന്നു പാർത്തുകണ്ടതിനാൽ
നിലനിന്ന ജീവിതാശയൊ—
ടാതുര ഞാൻ കാലമെത്ര പോക്കേണം? 39

രൂപയൗവനങ്ങൾ നശിച്ച ഒരു കുലടയോട് കുട്ടിനി പറയുന്നു:

എവനെദ്ദുഃഖിപ്പിക്കി—
ല്ലഴകും വടിവും മറഞ്ഞ നീ മകളേ,
പണ്ടേത്തവരില്ലാതേ
കാണാകിയ ജനനഭൂപോലേ? 40

“സ്നേഹിതന്റെ അഭിമതം സാധിക്കുമോ” എന്നു ചോദിച്ച നായകസഹചരനോടു ദൂതിയുടെ മറുപടി:

ആരാംനടുവിൽവെച്ചു ചൊന്നാ—
നവന,തിമോദാൽ വിടർന്ന കണ്ണുകളാൽ;
അംഗീകരിച്ചുകൊണ്ടാൾ
വേർപ്പണിയംഗങ്ങളാലവളും! 41

അന്യോന്യാനുരക്തരെങ്കിലും രണ്ടു സ്ത്രീപുരുഷന്മാർ, തക്ക സങ്കേതസ്ഥലമില്ലായ്കയാൽ അഭിമതം സാധിച്ചില്ലെന്ന്, ഒരു നാഗരികൻ കൂട്ടുകാരനോടു പറയുന്നു:

---

38. കർണ്ണാ...നങ്ങൾ = ചെവിവരെ നീണ്ട കണ്ണുകൾ. ഭവാൻ പോന്നതിനാൽ (ദർശനമാർഗ്ഗം വിട്ടതിനാൽ) അവൾക്കു കണ്ണീരൊഴുകി. അതു കണ്ടാൽ, കണ്ണുകൾ ദർശനസുഖങ്ങൾക്ക് ഉദകക്രിയ കഴിക്കയാണെന്നു തോന്നും. അവളുടെ ദർശനസുഖമെല്ലാം മരിച്ചു(നശിച്ചു)പോയി.

39. നിനവാൽ(സങ്കല്പംകൊണ്ടു) വന്ന (സമീപപ്രാപ്തനായ) ഭവാന്റെ മുഖം ഒരുനോക്കു കണ്ടതുകൊണ്ടാണ്, എന്റെ ജീവിതാശ നിലനിന്നത്. ഇങ്ങനെ, ആതുര(വിവശ)യായ ഞാൻ എത്രകാലം കഴിക്കണം? അധികകാലം കഴിക്കാനാവുന്നതല്ല; വേഗത്തിൽ വന്നുചേരുക.

40. വടിവ് = രൂപഗുണം. ഒരാൾ മറുനാട്ടിൽപ്പോയി ചിരേണ പിറന്ന നാട്ടിൽ തിരിച്ചെത്തുമ്പോൾ, അവിടെ മുമ്പുണ്ടായിരുന്നവരാരുമില്ലെങ്കിൽ, അവന്നെത്ര സങ്കടമുണ്ടാകും!

41. ചൊന്നാൻ—അഭിലാഷം അറിയിച്ചു. വിയർപ്പ് സാത്വികഭാവമാണല്ലോ.

Digitized By Kerala Sahitya Akademi

തമ്മിൽ സന്ദേശമയ—
ച്ചനുരാഗംകൊണ്ടു കൗതുകം വാഴ്കേ,
നിനവു നിറവേറിടാതേ
കഷ്ടത്തിൽക്കഴികയാണി,ണകൾ! 42

ഒരുവങ്കൽ അനുരാഗം തോന്നിയതു മറച്ചുവെയ്ക്കുന്ന നായികയോടു സഖി പറയുന്നു:

വല്ലഭനേല്ലവനെന്നാ—
ല,വനുടെ പേർ ചൊന്നതെന്തിനെൻതോഴി?
വിരിയുന്നതുണ്ടു നിന്നുടെ
വദനം, വെയിലേററ തണ്ടലർക്കൊപ്പം. 43

''കോപിച്ചിരുന്ന നീ എങ്ങനെ പ്രസന്നയായി?'' എന്നു ചോദിച്ച അമ്മായിയോട്ട് ഒരുവൾ പറയുന്നു:

മാനമരത്തിന്നു കൊടും—
കാററും, സർവാംഗനിർവൃതിപ്രദവും,
രതിനാടകപൂർവാംഗവു—
മായ പുണർച്ചയ്ക്കു ശുഭമസ്തു! 44

ഒരു യുവാവിങ്കൽ അനുരക്തയായ ഒരുവൾ, തന്റെ ഹൃദയത്തെ വിലക്കുകയാണെന്ന വ്യാജേന, സമാഗമൗത്സുക്യം വെളിപ്പെടുത്തുന്നു:

തൻനിലയോർത്തിങ്ങൽ വിട്ടും
മനമേ, നീയൊന്നടങ്ങിനില്ക്കുകിനി;
എന്തിനു പതിരാക്കുന്നു,
നേരറിയാത്താളിലൊട്ടിനിന്നെന്നെ? 45

ജാരനെ മോഹിപ്പിക്കാൻ ദൂതി നായികയുടെ സൗന്ദര്യാതിശയം പ്രഖ്യാപിക്കുന്നു:

ചന്ദ്രാഗർഘ്ദാനനിയമികൾ—
ളിന്ദുഭ്രാന്ത്യാ തദീയവദനത്തിൽ

42. നിനവ് = മനോരഥം. ഇണകൾ—സ്ത്രീകളും പുരുഷന്മാരും.

44. പുണർച്ചയ്ക്ക് (ആലിംഗനത്തിന്നു) ശുഭമസ്തു = നല്ലതുവരട്ടെ. പ്രിയൻ എന്നെ കടന്നു കെട്ടിപ്പിടിച്ചതോടെ, എന്റെ മാനം (അരിശം) എങ്ങോ പോയി മറഞ്ഞു!

45. തൻനിലയോർത്ത്—അങ്ങോട്ടു സ്നേഹമുള്ളതുകൊണ്ട്, ഇങ്ങോട്ടുമുണ്ടാവുമെന്നൂഹിച്ച്. ഇങ്ങൽ വിട്ടും—ശങ്കകൂടാതെ അദ്ദേഹത്തിൽ ചെന്നണയുന്നു. നേര് അറിയാത്ത—വാസ്തവമറിയപ്പെടാത്ത ഒരുവങ്കൽ അഭിലാഷംവെച്ചാൽ, പതിരിന്നൊത്ത ലഘുത്വം പററുമല്ലോ.

Digitized By Kerala Sahitya Akademi

പുഷ്പാഞ്ജലി നല്കി വില–
ജ്ജിച്ചതിൽ, വാഴ്ത്തിച്ചിരം ചിരിച്ചു പതി! 46

എന്താണീച്ചടപ്പെന്നു ചോദിച്ച സഖിമാരോടു നീ മറുപടി പറയാത്തതെന്താണെന്നു ചോദിച്ച ധൂർത്തനായകനോടു നായിക പറയുന്നു:

അങ്ങരികത്തുള്ളപ്പൊഴ–
മംഗം നിത്യം മെലിഞ്ഞുപോരും ഞാൻ
ബാലിശ, ചോദ്യം വന്നാ,–
ലറിയുന്നീലാ,രൊടെന്തോതും? 47

മുമ്പേ ചാരിത്രഭംഗം വരുത്തി, പിന്നീടു് ആസക്തി കുറഞ്ഞ ഒരുവനെ അനുകൂലിപ്പിക്കാൻ ദൂതി ശകാരിക്കുന്നു:

നെടുതാം കരയൽ പഠിപ്പി–
പ്പോനേ, ഗാത്രച്ചടപ്പുണപ്പോനേ,
നെറികേടിയറുവോനേ,
നീയിനിയവളെ സ്മരിക്കരുതേ! 48

മറുനാട്ടിൽ പോകാനൊരുങ്ങിയ നായകന്റെ യാത്ര നിർത്തിക്കാൻവേണ്ടി ഒരുവരം പറയുന്നു:

പ്രിയതമനുടെ വേർപാടിൽ–
പ്പെരുതാം കനമോടുദിച്ച ദുഃഖത്തെ
മരണവിനോദംകൊണ്ടു–
ല്ലാതെ നിലപ്പിക്കുകയസാധ്യം! 49

ഒരുവരം, തന്റെ അനുരാഗവും നായകന്റെ അത്യാസക്തിയും സൂചിപ്പിച്ചുകൊണ്ടു് അവനോടു പറയുന്നു:

മൂഢ, ഭവാന്റെ ഗുണങ്ങളെ–
യസതികരുതൻ മുന്നിൽവെച്ചു വാഴ്ത്തുകയാൽ

---

46. ചന്ദ്രാ...ർഥികരും = ചന്ദ്രന്നു് അർഘ്യം (പുഷ്പാഞ്ജലി) നല്കുക എന്ന വ്രതം കൊണ്ടവർ. ഇന്ദുഭ്രാന്ത്യാ = ചന്ദ്രനാണെന്നു മററിദ്ധരിച്ചു്. പുഷ്പാഞ്ജലി നല്കിയതിന്നുശേഷമാണു്, ചന്ദ്രനല്ല, നിന്റെ മുഖമാണെന്നു് അവരറിഞ്ഞതു്; അപ്പോഴം അവർ ലജ്ജിച്ചു അതു കണ്ടു പതി (ഭർത്താവു്) വാഴ്ത്തി (നിന്റെ മുഖശോഭയെ പ്രശംസിച്ചു്) ചിരം (ഏറെനേരം) ചിരിച്ചു!

47. മുമ്പു് അങ്ങയുടെ വിരഹത്തിലേ മെലിച്ചിൽ വന്നിരുന്നുള്ളു; ഇപ്പോഴം, ബാലിശ(ഉചിതാനഭിജ്ഞ)നായ അങ്ങു സമീപത്തിരിക്കുമ്പോഴം ഞാൻ ദുഃഖത്താൽ ചടച്ചുപോരുന്നു. ഈ സ്ഥിതിയിൽ, ചോദ്യം വന്നാൽ (എന്താണു ചടപ്പെന്നു് ആരെങ്കിലും ചോദിച്ചാൽ) എന്തു പറയേണ്ടു എന്നെനിക്കറിഞ്ഞുകൂടാ. അങ്ങയുടെ ധൂർത്തതയാണു് എന്നെ മെലിയിക്കുന്നതു്.

48. അവളുടെ ദുർദ്ദശയ്ക്കു നീതന്നെ ഹേതുഭൂതൻ.

49. നിലപ്പിക്കുക = അടക്കുക. ഭവാൻ പോയാൽ ഞാൻ മരിക്കും.

Digitized By Kerala Sahitya Akademi

ഞാൻതാൻ ദുർല്ലഭനാക്കീ
താങ്കളെ;—യാരോടു കോപിക്കും? 50

ഒരുവൾ സൗഭാഗ്യപ്രകടനത്തിന്നായി, താനും പ്രിയനും തമ്മിലുള്ള അനുരാഗം വർണ്ണിക്കുന്നു:

മുല്ലാടഴിഞ്ഞു നീങ്ങിയ
പുടവക്കുത്തൊന്നു തപ്പിനോക്കുകയാൽ
ലജ്ജിതനായാനവിടു-
ന്നൊ,രു ചിരി പൂണ്ടാഞ്ഞുപുല്കിനേൻ ഞാനും! 51

അന്യാസക്തനായ നായകനെ അനുകൂലിപ്പിക്കാൻ ദൂതി നായികയുടെ വിരഹവൈവശ്യം പറയുന്നു:

കുററംചെയ്യു ഭവാനി—
ന്നാ, വടിപോലൃജ്ജ്വകയായ സാധുവിനെ
നിത്യം ചടഞ്ഞിരിപ്പും
നില്ലാത്ത കരച്ചിലും പഠിപ്പിച്ചു! 52

ദാക്ഷിണ്യത്താലനുനയിപ്പിക്കുന്ന ശഠനായ നായകനോടു് ഒരുവൾ പറയുന്നു:

ഉണ്മയിൽനിന്നകലത്താ—
മിദ്ദക്ഷിണഭാഷിതങ്ങളെത്രയേ്യാ,
അത്രയ്ക്കുഴൽപ്പെടുത്തു—
ന്നില്ലെന്നെസ്സുഭഗേ, നിൻ പിഴകൾ! 53

പ്രിയയുടെ ഉള്ളറിവാൻ നടത്തപ്പെട്ട കൈകളെ ഉറക്കം നടിച്ചു ശകാരിക്കുന്ന നായികയോടു നായകൻ പറയുന്നു:

പ്രിയയെപ്പുണരാനുഴറി—
ച്ചുററിനടക്കുന്ന കൈകൾതൻനേരേ
കോപിക്കായ്ക മനസ്വിനി,
നിഭൃതം കരയുന്ന വദനവുമായ്! 54

---

50. ഞാൻ വർണ്ണിച്ച ഭവദ്ഗുണങ്ങൾ കേട്ടിട്ടു് അസതി(കുലട)മാർ ഭവാനെ എങ്കൽനിന്നു് തട്ടിക്കൊണ്ടുപോയ്ക്കളഞ്ഞു; ഇതിൽ ഞാൻ ആരോടു കോപിക്കും? ഞാൻതന്നെയാണു്, എനിക്കു് ഈ അനർത്ഥം വരുത്തിയതു്!

51. മുല്ലാടു്—പ്രിയൻ തൊടുന്നതിന്നുമുമ്പുതന്നെ.

52. ഒരു വടിപോലൃജ്ജ്വക(കളവില്ലാത്ത, കളവറിഞ്ഞുകൂടാത്ത സരള)യാണവൾ.

53. ഭവാന്റെ അപരാധങ്ങളല്ല, ഈ ഉള്ളിൽത്തട്ടാത്ത അനുനയവാക്കുകളാണു്, എന്നെ അധികം അഴൽപ്പെടുത്തുന്നതു്.

54. നിഭൃതം = നിശ്ശബ്ദമാംവണ്ണം. കരച്ചിൽ കോപഭാവത്തെ വ്യഞ്ജിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

പൂവറുക്കാനെന്ന വ്യാജേന സങ്കേതസ്ഥലത്തേക്കു പോകുന്ന കാമുകനെ ഒരു വൃദ്ധകുട്ടിനി പരിഹസിക്കുന്നു:

പോകായ്ക പൂവറുക്കാൻ:
ദേവന്മാർ കനിയുമേ, ജലാഞ്ജലിയാൽ;
മകനേ, ഗോദാവരിയുടെ
കരകൾ പുഴക്കും സുവൃത്തത്തെ! 55

ഒരു യുവാവിങ്കൽ സാഭിലാഷയും, അഭിലാഷത്തെ ലജ്ജകൊണ്ടു മറയ്ക്കുന്നവളുമായ നായികയോടു സഖി പറയുന്നു:

വാക്കിനു വാക്കിനു സഖി, നീ
തലയാട്ടി ശ്രദ്ധിയാതെ മൂളുകയാം;
നെടുവീർപ്പുകളമിടുന്നു-
ണ്ടേ;-ഞങ്ങളെയെന്തിനു മാഴ്കിപ്പൂ? 56

അപരാധംചെയ്ത കാന്തനെ പ്രണയിനി കൈക്കൊള്ളില്ലെന്നു ദൂതി അറിയിക്കുന്നു:

പ്രേമസ്ഥിതി ചോദിച്ചതി,-
'നില്ലെ'ന്നേ ശപഥമിട്ടു ചിരിയോടേ
ചൊല്ലിക്കരയിച്ചാൾ, നിൻ
വല്ലഭയെന്നെക്കുമാരകനേ! 57

സങ്കല്പംകൊണ്ടുതന്നെ സാത്ത്വികഭാവങ്ങൾ പുറപ്പെടുമെന്നു്, ഒരുവൾ സ്വവൈദഗ്ധ്യം വെളിപ്പെടുത്താൻവേണ്ടി സഖിയോടു പറയുന്നു:

'ഇവിടെ രമിക്കേണമെനി-
ക്കവളൊന്നിച്ചെ'ന്ന ചിന്തചെയ്തുഴവൻ
നടുമൊരു തുവര കരത്തിൻ
വേർപ്പാലെ നനഞ്ഞു വഴുത്തുന്നു! 58

55. ദേവന്മാര (ഈശ്വരന്മാർ) ജലാഞ്ജലികൊണ്ടുതന്നേ പ്രസാദിക്കും. നീ പൂവറുക്കാൻ പോകണ്ട. ഗോദാവരീതീരങ്ങൾ സുവൃത്തത്തെ (നല്ലനടപ്പിനെ, ചാരിത്രത്തെ) പുഴക്കിവീഴ്ത്തിക്കളയും. ചാരിത്രത്തിന്നു വൃക്ഷത്വം വ്യഞ്ജിക്കുന്നു. നീ പൂവറുക്കാനല്ല, അവളെപ്പുണരാനാണു് പോകുന്നതെന്നെനിക്കറിയാം.

56. ഞങ്ങളെ വ്യസനിപ്പിക്കാതെ തുറന്നു പറഞ്ഞാൽ ഞങ്ങൾ നിന്റെ അഭിലാഷം സാധിപ്പിക്കാം.

57. പ്രേമസ്ഥിതി (സ്ഥിരസ്നേഹത്വം) നിനക്കില്ലെന്നു് അവൾ ആണയിട്ടു പറഞ്ഞതിനാൽ, നിന്നെ അവൾ സ്വീകരിക്കില്ലെന്നു കണ്ടു, ഞാൻ വ്യസനിക്കുന്നു. കുമാരകനേ—മകനേ എന്നു സംബുദ്ധി.

58. ഈ തുവര തഴച്ചുവളന്നാൽ, ഇവിടം അവളോടൊന്നിച്ചു രമിപ്പാൻ സങ്കേതമാക്കാമെന്നു വിചാരിച്ചതോടെ ഉഴവ(കൃഷിക്കാര)ന്നു കൈ വിയത്തുപോയി! വിയപ്പു്, സാത്ത്വികഭാവങ്ങളിലൊന്നത്രേ.

Digitized By Kerala Sahitya Akademi

ഒരുവൾ സ്വഭർത്താവിങ്കൽ ഒരുവൾക്കുള്ള അനുരാഗം സൂചിപ്പിച്ചു സഖിയോടു പറയുന്നു:

കൊയ്ത്തുകഴിഞ്ഞു ഗൃഹപതി—
സുതനെങ്കിലു,മിപ്പരുത്തിഞെട്ടുകളിൽ
വെറുതേ ചുററിനടപ്പൂ,
ചെറുപെണ്ണിൻ പുളകമാന്ന വേർത്ത കരം. 59

ഒരുവൻ സ്വവൈദഗ്ദ്ധ്യം വെളിപ്പെടുത്തിക്കൊണ്ടു സ്നേഹിതനോടു പറയുന്നു:

രതസുഖിതയായ തരുണിയെ
'മൃത'യെന്നുഴവൻ വെടിഞ്ഞു പാഞ്ഞപ്പോൾ
ചിരികൂട്ടി, ചെററു പിളരും
ഞെട്ടിൻ ഭാരാൽക്കുനിഞ്ഞൊരു പരുത്തി! 60

ഒരുവൾ ആത്മനിന്ദാവ്യാജേന കാന്തനെക്കുറിച്ചുള്ള അനുരാഗാതിശയത്തെ സഖിയോടു പ്രതിപാദിക്കുന്നു:

വിറ, രോമാഞ്ചം, നെടുവീ—
ർപ്പിവയൊടു നടമാടിടുന്ന സുകൃതിനികൾ;
ഇയ്യുള്ളവർ, തങ്ങളെയും
തീരെ മറക്കുന്നു, കാന്തനെക്കണ്ടാൽ! 61

അഭീഷ്ടസിദ്ധിക്കായി ദൂതി നായികയോടു വ്യാജസ്തുതിചെയ്യുന്നു:

മെലിയുകിലും മെലിയുന്നു,
തളരുകിലും തടവൊഴിഞ്ഞു തളരുന്നു;
മദ്ധ്യസ്ഥതയില്ലമീയര
നിന്നെ വലയ്ക്കുന്നതെന്തുവാൻ മകളേ? 62

ഒരുവൾ തന്റെ വിദഗ്ദ്ധതയും അനുരാഗവും സൂചിപ്പിച്ചുകൊണ്ടു് ഒരുവനോടു പറയുന്നു:

---

59. ഗൃഹപതിസുതൻ—ആര്യപുത്രൻ, ഭർത്താവു്. അദ്ദേഹത്തിൽ അനുരാഗം മൂലമാണു്, ഈ ചെറുപ്പക്കാരി കൊയ്ത്തുകഴിഞ്ഞ പരുത്തിയുടെ ഞെട്ടുകളിൽ കൈവെയ്ക്കുന്നതു്!

60. ഉഴവൻ പരുത്തിപ്പാടത്തുവെച്ചു് ഒരു തരുണിയെ രമിപ്പിച്ചു; അവൾ ആ സുഖംകൊണ്ടു് നിശ്ചലയായി കണ്ണടച്ചു. അതു കണ്ടപ്പോൾ അവൻ, അവൾ മരിച്ചുപോയി എന്നു വിചാരിച്ചു പേടിച്ചോടി. ഈ മടയത്തം അചേതനമായ പരുത്തിയെപ്പോലും ചിരിപ്പിക്കാതിരിക്കുമോ? ഭാരാൽ = കനംമൂലം.

61. അവരല്ല, തങ്ങളെത്തന്നെയും മറക്കുന്ന ഞങ്ങളാണു് ധന്യമാർ എന്നു് വ്യതിരേകാലങ്കാരം വ്യഞ്ജിക്കുന്നു.

62. മദ്ധ്യസ്ഥൻ ഉപദ്രവിക്കില്ലല്ലോ; നിന്റെ അരയാകട്ടെ വീണ്ടും മെലിഞ്ഞും തളർന്നും നിന്നെ കഷ്ടപ്പെടുത്തുന്നു!

Digitized By Kerala Sahitya Akademi

വറുതിയൊടേ സ്വജനങ്ങളിൽ
വാഴ്വതും, വൈദ്യരഹിതമാം ഗദവും,
രിപുവിൻ സമൃദ്ധി കാണ്മതു-
മെന്നവിധം ദുസ്സഹം, തവ വിയോഗം! 63

ഒരു വേശ്യാമാതാവു് മകളുടെ പീനോന്നതസ്തനതയെ പ്രതിപാദിച്ചു്, രാജാവിനെ അനുകൂലിപ്പിക്കാൻ ചാടുവചനം പറയുന്നു:

ആരാളാമുലകിൽത്തവ
വിപുലോന്നതവിമലമായ നെഞ്ചിനെയും
വാനത്തെയും മറയ്ക്കാൻ
വസുദേശ, പയോധരങ്ങളല്ലാതേ? 64

സങ്കേതസ്ഥലത്തു വന്ന ജാരനെ കുട്ടിനി സമാശ്വസിപ്പിക്കുന്നു:

കേറുക്കം, കുഞ്ജതലത്തിൽ-
സ്സങ്കേതത്തെക്കുറിച്ച തേവിടിയാൾ,
ഇലകൾകൊഴിഞ്ഞവ കാലടി-
വെപ്പാൽ നീങ്ങുന്ന മർമ്മരകം. 65

ഒരു വിടനെ പ്രലോഭിപ്പിക്കാൻ ദൂതി ഒരുവളുടെ മുഖസൗരഭ്യം വർണ്ണിക്കുന്നു:

വന്നടിയുന്നു വീർപ്പിൻ
സൗരഭ്യാൽ വട്ടമിട്ടഹോ, ഭ്രമരർ
ശശിയാൽത്തോൽവിയറിഞ്ഞി-
ട്ടില്ലാപ്പുതുപദ്മമായ തദ്വദനേ! 66

ദൂതി നായികയുടെ അനുരാഗാതിശയം സൂചിപ്പിച്ചുകൊണ്ടു നായകനോടു പറയുന്നു:

ഗുരുജനസവിധേ ധൈര്യം
കൊള്ളുകിലും, താങ്കൾ വിട്ടുപോന്നപ്പോൾ

63. ഗദം = രോഗം.

64. വിപുലം = വിശാലം. പയോധരങ്ങൾ = (എന്റെ മകളുടെ) സ്തനങ്ങൾ; മേഘങ്ങളെന്നും.

65. അങ്ങയുടെ കാൽ തട്ടിയിളകിയ ഇലകളുടെ മർമ്മരത്തിൽ അവൾ ശ്രദ്ധിക്കുന്നുണ്ടാവും; ഇതു കേട്ടാൽ ഉടനടി അവൾ വന്നുചേരും.

66. സാധാരണപദ്മം ചന്ദ്രനാൽ കൂമ്പിക്കപ്പെടുന്നു; ആ തോൽവി അറിഞ്ഞിട്ടില്ലാത്ത ഒരു പുതു (അപൂർവ്വ) പദ്മമാണു്, അവളുടെ മുഖം. ഭ്രമരർ = വണ്ടുകൾ; കാമുകർ എന്നും. തദ്വദനേ = അവളുടെ മുഖത്തു്.

Digitized By Kerala Sahitya Akademi

വീണു, പക്ഷ്മസ്ഥിതമാ—
മശ്രുവവൾക്ക,ക്ഷി ചിമ്മുകയാൽ! 67

മാനവതിക്കു തങ്കലുള്ള അനുരാഗാതിശയവും തന്റെ സൗഭാഗ്യവും ഒരു നാഗരികൻ കൂട്ടുകാരനോടു സൂചിപ്പിക്കുന്നു:

ഞാനോർപ്പൂ, പിന്തിരിഞ്ഞേ
കിടന്നു കോപം നിലച്ചമൂലമവൾ
കള്ളയുറക്കത്തിലുരു—
ണ്ടുയർമുല തട്ടിച്ചതിന്റെ സുഖം! 68

ഒരുവളുടെ ദേഹത്തിൽ ജാരൻ ചളിയുണ്ടു കണ്ടിട്ടു്, അവൾക്കു് അവങ്കലുള്ള അനുരാഗാതിശയം സൂചിപ്പിച്ചു സഖി അവളെ പരിഹസിക്കുന്നു:

ചളി പൂശിച്ചാനാരോ,
പിഴയില്ലാ, ഫാൽഗുനോത്സവത്തിങ്കൽ;
കുചകലശാഗ്രവിയർപ്പാൽ—
ക്കഴുകിയതെന്തിന്നു കഴുകുന്നു! 69

''നീ പറഞ്ഞതിനാലാണു ഞാൻ അവളുടെ അടുക്കൽ പോയതു്; എന്നാൽ, അവൾ എന്നെ കണ്ടിട്ടും ഒന്നും മിണ്ടിയില്ല'' എന്നു നായകൻ പറഞ്ഞപ്പോൾ ദൂതി പറയുന്നു:

നിന്നൊടു ജഡ, മിണ്ടീലേ
ഗ്രാമാധിപപുത്രിയാൾ ഗുരുസമക്ഷം,
മുഖമൊട്ടൊട്ടു തിരിച്ചി,മ
വെട്ടാത്ത കടാക്ഷവീക്ഷകളാൽ. 70

അതുതന്നെ ഭംഗ്യന്തരേണ പറയുന്നു:

മിഴികൾക്കകത്തു വട്ടം—
ചുററിയ കണ്ണീരുകൊണ്ടു മന്ഥരമായ്
പേർത്തും പേർത്തും നോക്കിയ
നോട്ടം ജഡ, നിന്നൊടെന്തു ചൊല്ലീലാ? 71

67. ധൈര്യം കൊള്ളുകിലും—ചാപല്യമൊന്നും കാട്ടീലെങ്കിലും. അക്ഷി (കണ്ണ്) ചിമ്മിയപ്പോൾ, പക്ഷ്മങ്ങളിൽ തിങ്ങിനിന്നിരുന്ന കണ്ണീർ താഴെ വീണുപോയി!

69. ഫാല്ഗുനോത്സവത്തിൽ, ആളുകൾതമ്മിൽ ചളി വാരി പൂശിക്കുക എന്നൊരു നടപ്പു ചിലേടങ്ങളിലുണ്ടത്രേ. അയാൾ പൂശിച്ച ചളി അയാളിൽ അനുരക്തയായ നിന്റെ കുചകുംഭസ്വേദത്താൽ കഴുകപ്പെട്ടുപോയി; വെറെ കഴുകിക്കളയേണ്ടതില്ല!

70. ഗുരുജനങ്ങളുടെ അടുക്കൽ വെച്ചു് ഒരു കുലീന കാമുകനോടു സംസാരിച്ചേക്കുമോ? എന്നാൽ, അവളുടെ നിർന്നിമേഷകടാക്ഷത്തിന്റെ അർത്ഥം ഹേ ജഡ (ഇംഗിതജ്ഞനല്ലാത്തവനേ) ഭവാനു മനസ്സിലായില്ല!

Digitized By Kerala Sahitya Akademi

ഒരുവൾ യൗവനദശയിൽ സുരതസമയത്തു ഗണപതിയെ (ബിംബത്തെ) തലയണയാക്കിപ്പോന്നു; അവൾ വാർദ്ധക്യത്തിൽ ആ ഗണപതിയെത്തന്നെ പൂജിച്ചുകൊണ്ടു ജരയെ നിന്ദിക്കുന്നു:

യാതൊരു ഗണപതിയെത്തല
വെയ്ക്കാൻ മമ തന്നുപോന്നുവോ തരുണർ,
അവനെത്തന്നെ തൊഴുന്നേൻ
ഞാനിന്നു രസിച്ചുകൊൾക ശപ്പജരേ! 72

മരിച്ചുപോയ ഒളിമങ്കയെപ്പററി വ്യസനിക്കുന്ന ഒരുവനോടു് ഒരുത്തി അന്യാപദേശേന പറയുന്നു:

ഉള്ളാൽമാത്രമൊരെരിപൊരി—
കൊള്ളുന്നു ദാരരഹിതമാം പുരയിൽ,
നിധിയുടെ കുഴികൾകണക്കേ
കേളീസ്ഥാനങ്ങൾ പാർത്തു കൃഷകസുതൻ! 73

ഈർഷ്യാകോപം കൊള്ളാനുപദേശിക്കുന്ന സഖിയോടു് ഒരുവൾ പറയുന്നു:

നിദ്ര ലഭിക്കായ്ക, നെടും—
നിശ്വാസം, മുഴവിളർപ്പിതോരോന്നും
ഉളവാമാരുടെ വിരഹാ—
ല,വനോടു പിണക്കമെങ്ങനെയാം? 74

അപരാധംചെയ്ത കാന്തനോടു് ഒരുവൾ പ്രണയകോപത്തോടെ പറയുന്നു:

സുഭഗ, ഭവാങ്കൽത്തങ്ങിയ
മനമൊടു ചത്താൽബ്ഭവാങ്കലേ വീണ്ടും
ചേർന്നേക്കാം;—മതുകൊണ്ടാ—
ണിന്നു മരിക്കാത്തത,ത്തൽ തിങ്ങിയ ഞാൻ! 75

ഒരുവൾ ധൈര്യവും അനുരാഗവും വ്യഞ്ജിപ്പിച്ചുകൊണ്ടു്, കൃതാപരാധനായ നായകനോടു പറയുന്നു:

പിഴ ചെയ്തുകൊൾകശങ്കം;
സുഭഗ, സമസ്തം സഹിക്കുമേ ഞങ്ങൾ;

---

73. നിധിയുടെ കുഴികൾ—നിധി മാന്തിയെടുത്തുപോയ കുഴികൾ. കൃഷകസുതൻ പാമരനെങ്കിലും പത്നീമരണസന്താപം പുറത്തുകാണിക്കുന്നില്ല; മനസ്സിലടക്കുകയേ ചെയ്യുന്നുള്ളു. ഭവാനോ, അഭിജ്ഞനെങ്കിലും പ്രച്ഛന്നപ്രണയിനിയുടെ മരണത്തിൽ ഇങ്ങനെ ദുഃഖിക്കുന്നു; ഇതു യുക്തമല്ലതന്നെ.

74. 'നീ കോപിച്ചതെന്തെ'ന്നു ചോദിച്ച നായകനോടു ധീരനായിക പറഞ്ഞ മറുപടിയാണിതെന്നു ചിലർ.

75. മറുജന്മത്തിൽ അങ്ങയോടുതന്നെ ചേന്നാൽ അന്നും ഇത്രതന്നെ ദുഃഖിക്കേണ്ടിവരുമല്ലോ; അതു കരുതിയാണു്, ഞാൻ ഇപ്പോൾ മരിക്കാത്തതു്!

Digitized By Kerala Sahitya Akademi

ഗ്ഗുണപൂരിതമാം ഹൃത്തിൽ,—
ത്തേറുക, ദോഷത്തിനില്ലൊരിടം! 76

ദൂതി നായകനെ വെമ്പിക്കാൻ, നായികയുടെ വിരഹദുഃഖം പ്രതിപാദിക്കുന്നു:

സാധുവിനു വല്ലഭസ്മൃതി—
സൂചകമായ് ലോചനസ്ഥമാം ബാഷ്പം
പെരുകി നിറഞ്ഞു വഴിഞ്ഞൊഴു—
കുന്നൂ, മാലിന്റെയോവുനീർപോലേ! 77

നായികയുടെ അനുരാഗാതിശയം ദൂതി നായകനോടു പ്രതിപാദിക്കുന്നു:

എന്തെന്തു ചെയ്യു,മെന്തെ—
ന്തോതിടു,മെന്തെന്തു നോക്കുമോ താങ്കൾ,
അതതനുകരിച്ചുപോരു—
ന്നവൾക്കു നീളുന്നതില്ല ദിനം! 78

രാത്രിയിൽ പഥികനൊന്നിച്ചു രമിച്ച ഒരുവൾ പ്രഭാതത്തിൽ അവന്റെ ഗുണാതിശയത്താൽ വിരഹകാതരയായിത്തീർന്നു കരയുന്നു എന്നു്, ഒരു നാഗരികൻ കൂട്ടുകാരനോടു തന്റെ ഊഹപടുത്വം വെളിപ്പെടുത്തുന്നു:

വഴിപോക്കനെ പഴി ചൊല്ലി—
ക്കൊണ്ടു കിടക്കാൻ കൊടുത്ത വയ്ക്കോൽതാൻ
പുലർകാലത്തു കരഞ്ഞും—
കൊണ്ടംഗന വാരി മാറ്റുന്നു! 79

ഒരുവൻ കൂട്ടുകാരനു ഗാംഭീര്യം പഠിപ്പിക്കാൻ, സൽപുരുഷന്മാരെ പ്രശംസിക്കുന്നു.

വിനയിൽ നടുങ്ങാ; ഞെളിയാ
സമ്പത്തിൽ; കൂസിടാ ഭയപ്പാടിൽ;
സമവിഷമങ്ങളിലൊരുപോ—
ലല്ലോ, സത്തുക്കൾതൻ പ്രകൃതി. 80

76. എന്റെ ഹൃദയം ഭവാന്റെ ഗുണങ്ങൾകൊണ്ടു നിറഞ്ഞതാണു്; അവിടെ ഭവാന്റെ ദോഷത്തിനു സ്ഥലം കിട്ടില്ല! തേറുക = അറിഞ്ഞുകൊൾക.

77. സാധുവിനു—ആ സാധുസ്ത്രീക്കു്. സ്മൃതി = സ്മരണം.

78. ഭവാന്റെ ചേഷ്ടിതമനുകരിച്ചു വിനോദിക്കയാണവൾ!

79. വഴിപോക്കനെ ശകാരിച്ചതു്, ആളുകൾ കളവറിയാതിരിപ്പാനാണു്. അംഗന = ശ്രേഷ്ഠസ്ത്രീ.

80. വിന = ആപത്തു്.

Digitized By Kerala Sahitya Akademi

ഒരു വിദേശവാസി പ്രേയസിയെ സ്മരിച്ചു പുലർകാലത്തു് ഒരു പാട്ടുപാടി; അതു കേൾക്കകയാൽ വിരഹാഗ്നി കത്തിജ്ജ്വലിച്ച ഒരു പ്രോഷിതഭർത്തൃക സഖിയോടു പറയുന്നു:

ഇന്നൊരുവൻ സഖി, കാല—
ത്തേ,തോ വല്ലഭയെയോർത്തുകൊണ്ടാവാം,
പാടിയതിൽ വിണ്ടുപോയ്, മേ
മദനശരഹതിവ്രണം മനസി! 81

മേലാൽ ദുഃഖജനകമായിട്ടുള്ളതു് അപ്പോൾത്തന്നെ ദുഃഖമൂലവാക്കമെന്നു്, ഒരുവൻ കൂട്ടുകാരനെ ധരിപ്പിക്കുന്നു:

പുതുപെണ്ണിന്റെ പുളപ്പൊടു
പൊങ്ങിവരും പോർകുചങ്ങൾ കാണുകയാൽ,
ഒട്ടിയ കവിളുകളോടേ
നെടുവീർപ്പിട്ടാൻ പ്രഥമപതി. 82

സ്നേഹം കുറഞ്ഞ നായകനെ അനുകൂലിപ്പിക്കാനായി ഒരുവൾ അന്യാപദേശേന പറയുന്നു:

പശിയാൽ വലയുകിലും ഗജ—
മരുമപ്പിടിതൻ മുഖം സ്മരിക്കുകയാൽ,
തുമ്പിക്കയ്യിലിരുന്നേ
വാടിപ്പോയ്, തീററയാം നറുമൃണാളം! 83

വാക്കുകൊണ്ടും വല്ലഭനെ ഉദ്വേഗപ്പെടുത്തരുതെന്നു സഖിയെ പഠിപ്പിക്കാൻ ഒരുവൾ, ധീരയായ നായികയും നായകനും തമ്മിൽ നടന്ന സംഭാഷണം വിവരിക്കുന്നു:

'കനിയുക കാന്തേ'; 'രുഷയാ—
ക്ക്?'—'നഘാംഗി, നിനക്കു'; 'കോപമന്യനിലോ'
'ആരന്യൻ?' 'നാഥ, ഭവാൻ';
'എന്തൊരു ദുരിതപ്രഭാവം മേ!' 84

81. മനസി = മനസ്സിൽ. മദനശരഹതിവ്രണം = കാമാസ്ത്രമേററ മുറിവു്.

82. പുതുപെണ്ണിന്റെ—നവോഢയുടെ പതിതസ്തനിയായിത്തീർന്നതന്നെ വെടിഞ്ഞ ഭർത്താവു് ഈ ഉന്നതസ്തനിയിൽത്തന്നെ ആസക്തനായിത്തീരുമെന്നു്, ആദ്യഭാര്യ വ്യസനിക്കുന്നു.

83. അരുമപ്പിടി = ഓമനപ്പിടിയാന. മൃണാളം = താമരവളയം. ഒരു തിര്യക്കായ ആനപോലും പ്രിയാസ്മരണത്താൽ തീററ ഉപേക്ഷിച്ചു; മനുഷ്യനായ ഭവാനോ, എന്നെ വെടിഞ്ഞു് അന്യസ്ത്രീകളെ രമിപ്പിച്ചുപോരുന്നു!

84. രുഷ = കോപം. നാഥ = ഭർത്താവേ. താൻ കാന്തക്കു് ഒരന്യനായിത്തീർന്നിരിക്കുന്നു എന്നു കേട്ടപ്പോൾ ഭർത്താവു തന്റെ ദുരിതപ്രഭാവത്തെ (പാപശക്തിയെ) പഴിക്കുന്നു.

Digitized By Kerala Sahitya Akademi

വിപ്രലബ്ധ(പ്രിയൻ വരാത്തതിനാൽ വഞ്ചിത)യായ നായികയുടെ അനുരാഗാതിശയവും, വിരഹവ്യഥയും ദൂതി നായകനോടു പ്രതിപാദിക്കുന്നു:

താങ്കരം വരുമെന്നു,റഞ്ഞാ—
തൊരു നിമിഷംപോലെ പോക്കി രാപ്പകുതി;
ബാക്കി കഴിഞ്ഞതു താപാ—
കലയാരംക്കി,രാറു തിങ്ങരംപോലത്രേ! 85

'ഇതാ, ഒരു ഭൂതാവിഷ്ടയായ സ്ത്രീ ചുററിനടക്കുന്നു' എന്നു ശങ്കിക്കുന്ന ജനങ്ങളോട്, പ്രോഷിതഭർത്തൃകയുടെ ഒരു സഖി പറയുന്നു:

ശങ്കിക്കേണ്ട, പിടിക്കുവി—
നി;—വല്ലൊരു പിണിയേററു ചുററുവോളല്ല;
പെട്ടെന്നിടി കേട്ടു ഭയ—
പ്പെട്ടോടിയ പാന്ഥപത്നിയാളത്രേ. 86

ഒരുവരം, തൻെറ ഗുണോൽക്കർഷത്തെ പ്രഖ്യാപിച്ചുകൊണ്ട് അനേകസ്ത്രീലമ്പടനായ കാന്തനെ ഭ്രമരവ്യാജേന നിന്ദിക്കുന്നു:

പൊടിയല്ലികരം പെരുകിയ പൊയ്—
ത്താരിൽത്തേനുള്ള നാരംവരെയ്ക്കെങ്കിൽ,
മററലരിലുമതുവരെയേ
ചുററിനടക്കു ഭവാൻ; ഭ്രമര, കൊള്ളാം! 87

രമണീയവസ്തുക്കരംക്കു വല്ലായ്മയും ശോകാകരംതന്നെ എന്ന്, ഒരുവൻ കൂട്ടുകാരനു കാട്ടിക്കൊടുക്കുന്നു:

അരിമാവിനാൽ വെളുത്തൊരു
കൃഷകാത്മജയെക്കൊതിച്ചു നോക്കുന്നു,
പാല്ക്കടലിൽനിന്നു കേറും
ശ്രീയെപ്പോലേ,നിമിഷാക്ഷർ വഴിപോക്കർ. 88

85. എന്ന്—എന്നു കരുതി.

86. ഇടിവെട്ട് ഈ ഭർത്തൃവിരഹിതയെ പേടിപ്പിച്ചുകളഞ്ഞു! പിണി = പിശാച്. ചുററുവോരം = അലഞ്ഞുനടക്കുന്നവരം.

87. അതുവരെയേ = തേനുള്ള നാരംവരെയേ.

88. ശ്രീ(ലക്ഷ്മീദേവി)യുടെ ദേഹത്തിൽ പാൽത്തുള്ളിപോലെ, കൃഷകപുത്രിയുടെ ദേഹത്തിൽ അരിമാവു പററിയതും ശോഭാവഹംതന്നെ! അനിമിഷാക്ഷർ = കണ്ണിമയ്ക്കാത്തവർ; ദേവന്മാരെന്നും. 'ഈ പഥികന്മാർ കൃഷകപുത്രിയെപ്പോലും കൊതിച്ചുനോക്കുന്നു; ഇവരെ ഗൃഹത്തിൽ താമസിപ്പിച്ചുകൂടാ' എന്നിങ്ങനെ ഒരു നാഗരികൻ കൂട്ടുകാരനോടു പറഞ്ഞതാണിതെന്നത്രേ, ചിലരുടെ വ്യാഖ്യാനം.

Digitized By Kerala Sahitya Akademi

ഒരു കലഹാന്തരിതയുടെ ഖേദാതിശയം ദൂതി നായകനോടു പറയുന്നു:

'ആരെ സ്മരിപ്പൂ നീയെ'—
ന്നപ്പോളാ,—'രുണ്ടോരാളെനിക്കെ'ന്നായ്
ചൊല്ലിത്തേങ്ങിക്കരയുക—
കൊണ്ടവൾ കരയിച്ചു ഞങ്ങളെയും! 89

വാശിപിടിച്ച മാനവതിയെ സഖി കോപിച്ചു ഭയപ്പെടുത്തുന്നു:

കാല്ക്കൽപ്പതിച്ച കണവനെ—
യെഴുന്നേല്പിക്കാത്തതെന്തു നീ ചേട്ടേ;
ഇതുകൊണ്ടുതന്നെ തീർന്നു
പെരുകിപ്പോന്നുള്ളതെങ്കിലും പ്രേമം! 90

തന്റെ വിപരീതാഭിലാഷം സൂചിപ്പിച്ചുകൊണ്ടു നായിക പ്രിയനോടു പറയുന്നു:

കൈത്തുമ്പു കരയിൽ വെച്ചിഹ
നീരലയാൽ പിന്നലഞ്ഞ പെൺതവള
തൻപ്രതിബിംബേ ചെയ്വൂ
പുരുഷായിത,മെന്നു തോന്നുന്നു! 91

കയിമ്പിൻതോപ്പിൽ സങ്കേതം കുറിച്ച ഒരുവൾ, തന്റെ ഒളിരതം മറച്ചുവെപ്പാൻവേണ്ടി പറയുന്നു:

സീൽക്കാരം, മുഖചലനം,
മണിതം, കൈത്താർ കുടഞ്ഞതിൻ ക്വണിതം
ഇവ ശീലിക്കട്ടേ, നിൻ
കനിവാലിളമങ്കമാർ കുസുംഭതരോ! 92

ഒരുവൾ ജാരനെ അനുരാഗാതിശയം കേൾപ്പിപ്പാനായി, നിതംബത്തെ നിന്ദിക്കുന്നു:

---

89. എന്നപ്പോൾ—എന്നു ഞങ്ങൾ ചോദിച്ചപ്പോൾ. അങ്ങയോടു കലഹിച്ചതിൽ അവൾക്കു കുറച്ചൊന്നുമല്ല, പശ്ചാത്താപം; അതു കണ്ടു ഞങ്ങളും കരഞ്ഞുപോയി!

90. ഇതുകൊണ്ട്—ഈ ഉദാസീനതകൊണ്ടു. തീർന്നു = അവസാനിച്ചു.

91. കൈത്തുമ്പ് = മുൻകാലുകളുടെ അററം. പിന്ന് = പിൻഭാഗം. തൻപ്രതിബിംബേ = തന്റെ പ്രതിബിംബത്തിൽ (വെള്ളത്തിൽ പ്രതിഫലിച്ചതിൽ). പുരുഷായിതം = ഉപരിസുരതം.

92. ഇളമങ്കമാർ = ചെറുപ്പക്കാരികൾ. കുസുംഭതരോ = കയിമ്പുവൃക്ഷമേ. 'എനിക്കിവിടെ സീൽക്കാരാദികളുണ്ടായതു കയിമ്പിൻമുള്ളു തറഞ്ഞതിനാലാണെ'ന്നു വാസ്തവത്തെ മറയ്ക്കുന്നു.

Digitized By Kerala Sahitya Akademi

എന്തേ, വഴിയുടെയളവി-
നൊക്കുവതാകാഞ്ഞു നീ നിതംബകമേ,
ഗുരുജനലജ്ജാവ്യപസൃത-
നാകിലുമസ്സുഭഗനെത്തൊടുംമാററായ് ! 93

ഒരുവൾ, പുൽപ്പൊന്തയാണ് സങ്കേതസ്ഥലമെന്നു ജാരനെ കേൾപ്പിക്കുന്നു:

മരകതസൂചിത്തുമ്പാൽ-
ക്കുത്തിയ മത്തെന്നപോലെ മഴനാളിൽ
പുല്ക്കൊടിമേൽത്തങ്ങിയ നീർ-
ത്തുള്ളി കുടിപ്പൂ, കഴുത്തുനീട്ടി മയിൽ! 94

അഭിസാരിക കൃഷ്ണപക്ഷരാത്രിയിൽ അഭിസരിപ്പാൻ പററിയ നീലറവുക്ക ധരിച്ചതു് ദൂതി നായകനെ ഇളക്കിത്തീർക്കാൻവേണ്ടി കേൾപ്പിക്കുന്നു:

നീലറവുക്കയണിഞ്ഞതി-
ത്തുംഗം വിലസുന്നിതാര്യതൻെറ കുചം,
നീർമുകിലിന്നിടയിൽച്ചെ-
ററുദിച്ച വാർതിങ്കളെന്നവിധം. 95

മറുനാട്ടിൽ പോകാനൊരുങ്ങിയ ഭർത്താവിൻെറ യാത്ര നിർത്തിക്കാൻവേണ്ടി ഒരുവൾ, വസന്തം പഥികൎക്കു ഭയങ്കരമായിരിക്കുമെന്നു പ്രതിപാദിക്കുന്നു:

രാജവിരുദ്ധവുമധ്വഗ-
നധ്വഗനോടാത്തശങ്കമോതിപ്പോം:
'മാവുകളുടെയിലനിന്നേ-
ടത്തു പുറപ്പെട്ടിതല്ല,മെന്തൊന്നോ.' 96

''പ്രിയനെ സ്വപ്നത്തിൽ കണ്ടു വിരഹദുഃഖം പോക്കിക്കൂടെയോ'' എന്നു ചോദിച്ച അയല്ക്കാരികളോടു് ഒരുവൾ പറയുന്നു:

സ്വപ്നത്തിലെങ്കിലും തൻ-
പ്രിയനെക്കാണുന്ന മാതർ സുകൃതിനികൾ;
അവനില്ലാതെയുറക്കം-
തന്നെ വരാ; സ്വപ്നമാക്കുളവാം! 97

---

93. ഗുരുജനലജ്ജാവ്യപസൃതൻ = ഗുരുജനങ്ങൾമൂലം നാണിച്ചു് അകന്നു നടന്നവൻ. നിതംബത്തിനു വഴിയുടെ വീതിക്കൊത്ത വിസ്താരം ഉണ്ടായിരുന്നുവെങ്കിൽ, അകന്നുനടന്നാലും ആ സുഭഗനെ തൊടാമായിരുന്നു!

95. ആര്യ = യജമാനത്തി; അല്ലെങ്കിൽ സുന്ദരി.

96. മാവിന്മേൽ പൂമൊട്ടു മുളച്ചു എന്നു പറയുന്നതു നിയമവിരുദ്ധമാണെങ്കിൽത്തന്നെയും, വസന്താരംഭഭയത്താൽ പഥികർ തമ്മിൽ പറഞ്ഞുപോകും!

97. മാതർ = സ്ത്രീകൾ. അനുരാഗാതിശയം ധ്വനിക്കുന്നു.

Digitized By Kerala Sahitya Akademi

മുമ്പു മുതല്ക്കാരനും കാലവശാൽ സ്വത്തു നശിച്ചുപോയവനുമായ ഒരുവനെ സമാധാനിപ്പിക്കാൻ ദൂതി അന്യാപദേശേന പറയുന്നു:

കവിളിൽപ്പററിയ കനക-
ത്തോടകളാൽ വിലസിനിന്ന കാതുകളും
പനയോലക്കമ്മലുകളെ-
യണിയേണ്ടിവരുന്നു, കാലവശാൽ. 98

'ഇങ്ങനെയുള്ള വേനലിൽ എങ്ങനെ വന്നെത്തും, എന്റെ പ്രിയൻ' എന്നാലോചിക്കുന്ന നായികയോടു സഖി പറയുന്നു:

വേനലിലുച്ചയ്ക്കു നട-
ന്നാലും പഥികനു ചൂടു തോന്നില്ലാ,
ഹൃൽസ്ഥിതദയിതാമുഖമാം
ചന്ദ്രന്റെ നിലാവൊഴുക്കത്താൽ! 99

അസമയപ്രാർത്ഥിതയായ നായികയാൽ നിരസിക്കപ്പെട്ട നായകനെ ദൂതി സമാധാനിപ്പിക്കുന്നു:

സ്ഥലകാലങ്ങളെ നോക്കാ-
തർത്ഥിക്കപ്പെട്ടകിലാക്കു ശുണ്ഠിവരാം;
രതിസമയത്തു കരഞ്ഞാ;-
ലമ്മ ശപിച്ചേക്കു,മോമലുണ്ണിയെയും! 100

ഇതിൽ മുഴമിച്ചു നാലാം
ഗാഥാശതകം, സ്വഭാവരമണീയം;
ഇതു കേട്ടാലമൃതിലുമേ
മാധുര്യം തോന്നുകില്ലല്ലോ!

അഞ്ചാം ശതകം

ഒരു പ്രണയകാംക്ഷിണി നായകനുകൽ അനുരക്തമായ സ്വഹൃദയത്തോടു പറയുന്നു:

വേവുകിൽ വേവുക, വററുകിൽ
വററുക,ടഞ്ഞീടിലുടയുകെന്മനമേ;
എങ്കിലുമറിഞ്ഞുവല്ലോ,
നേക്ക്ഗ്ഗളിതാനുരാഗനെ ഞാൻ! 1

99. ഹൃൽസ്ഥിതം = ഹൃദയത്തിലിരിക്കുന്നതു്.

1. അയാൾക്കു് എന്നിൽ സ്നേഹം ഇല്ലാതായിരിക്കുന്നു എന്നു ഞാൻ ശരിക്കറിഞ്ഞുവല്ലോ; അതൊരു ലാഭംതന്നെ!

Digitized By Kerala Sahitya Akademi

യവപ്പാടം സങ്കേതസ്ഥലമെന്നു ജാരനെ കേൾപ്പിച്ചുംകൊണ്ടു് ഒരുവൾ മററുള്ളവൎക്കു ഭയം തോന്നിക്കാൻവേണ്ടി പറയുന്നു:

തൻകുഞ്ഞിനു വിരിമോന്തയിൽ-
നിന്നു പുറപ്പെട്ടു തേററ കണ്ടിട്ടും,
പെൺപന്നിയുണ്ടു വെറുതേ
ഗ്രാമസമീപേ യവത്തിൽ മേയുന്നു! 2

അഭിസരിക്കുന്നതിൽ ഭയമുള്ള ഒരുവളെ അനുകൂലിപ്പിക്കാൻ ദൂതി നായകന്റെ ഗ്രാമപ്രാധാന്യവും നിഗ്രഹാനുഗ്രഹശക്തിയും അന്യാപദേശേന പ്രതിപാദിക്കുന്നു:

കളിയായു് തുമ്പിക്കയ്യാൽ-
ജ്ജലമെല്ലാം കോരിയാഴി നിലമാക്കി,
തടവുററുയർന്ന ബഡബാ-
ഗ്നിയെ വാനിൽ നിറച്ചു വെൽവു, ഗണനാഥൻ! 3

ഒരുവൻ കാമിനിമാരെ അനുരഞ്ജിപ്പിക്കാൻവേണ്ടി, തന്റെ സ്ത്രീലമ്പടത്വത്തെ അശോകപല്ലവവ്യാജേന പറയുന്നു:

ഇതുകൊണ്ടുതന്നെയെല്ലാ-
ക്കുറവും തീർന്നു നിനക്കശോകതരോ;
ഉപമിക്കുന്നുണ്ടല്ലോ
നിൻതളിരൊടു സുന്ദരീഹസ്തം! 4

ഇതുതന്നെ ഭംഗ്യന്തരേണ പറയുന്നു:

രസിക, വിദഗ്ദ്ധ, വിലാസിൻ,
സമയജ്ഞ, ശരിക്കു നീയശോകംതാൻ;
സരസം വിലസുന്നല്ലോ,
രമണികാംതൻ കാലലർച്ചവുട്ടാലും! 5

ദോഷമാരോപിക്കപ്പെട്ട ജാരന്റെ പരിഹാസ(നൎമ്മവാക്യ) കൗശലം ദൂതി തൽപ്രിയയെ ആനന്ദിപ്പിക്കാൻവേണ്ടി പറയുന്നു:

വാക്കാൽബ്ബലിയെബ്ബന്ധി-
പ്പതിലദ്ഭുതവും പടുത്വവും കാട്ടി,

---

2. വിരിമോന്ത = വിശാലമുഖം. പന്നിക്കുട്ടികൾ തേററ മുളച്ചു; താനേ ഇര തേടാം. എന്നിട്ടും തള്ള വിട്ടുപോകുന്നില്ല. യവപ്പാടത്തു് ഒരു തള്ളപ്പന്നിയുണ്ടെന്നു പറയുന്നതു് ആളുകൾ പേടിച്ചു് അവിടെ വരാതിരിപ്പാനാണു്!

3. ഗണനാഥൻ = ഗണപതി; ഗ്രാമത്തലവനെന്നും. പേടിക്കേണ്ടാ, ഗ്രാമത്തലവനു കടൽ കരയാക്കാൻകൂടിയും കരുത്തുണ്ടു്.

4. അശോകപല്ലവംപോലെ സർവ്വസ്ത്രീകൾക്കും പ്രിയപ്പെട്ടവനാണു്, ഞാൻ!

5. രമണികളുടെ കാലലർ(പൂപോലെയുള്ള കാൽ)ച്ചവുട്ടു് അശോകത്തെ പുഷ്പിപ്പിക്കുമത്രേ. അശോകത്തിന്നു ശോകരഹിതമെന്നും അർത്ഥം.

Digitized By Kerala Sahitya Akademi

സുരസാർത്ഥതുഷ്ടികരനായ്
വാമനരൂപൻ ജയിപ്പൂ ഹരി! 6

ഒരുവൾ പ്രിയനെ അനുരഞ്ജിപ്പിക്കാൻ, മരിച്ച ഭർത്താവിങ്കലും സ്ത്രീകൾ അത്യനുരക്തകളായിരിക്കുമെന്നു പറയുന്നു:

ഗൃഹപതിപുത്രി കെട്ടത്തി-
ക്കളെയും, കത്തിപ്പടർന്ന തിയ്യിനെയും,
അനുമൃതിയിൽദ്ദയിതദൃഢാ—
ശ്ലേഷസുഖംകൊണ്ടു വേർത്ത കുളിർമെയ്യാൽ! 7

ഒരുവൾ ജാരന്റെ മനസ്സു കവരാൻ മുൻഗാഥയിലെ അർത്ഥത്തിൽ പറയുന്നു:

ജാരനുടെ ചിതാഭസ്മം
തൊട്ടു സുഖംകൊണ്ടു മെയ് വിയർക്കുകയാൽ
പൂശൽപ്പണി തീരുകയി—
ല്ല,ഭിനവകാപാലികയ്ക്കവിടെ! 8

അതു കാരണത്താൽ ഒന്നിന്നുതന്നേ അനേകഭാവങ്ങൾ വരുമെന്ന്, ഒരുവൾ കൂട്ടുകാരനു കാട്ടിക്കൊടുക്കുന്നു:

മകനുടെയും പ്രിയനുടെയും
മദ്ധ്യഗയാം ഗേഹിനിക്കു നഖയോഗാൽ
ഒരു മുല ചുരന്നിടുന്നു;
മററതു കോരിത്തരിക്കുന്നു! 9

ഗ്രാമത്തലവന്റെ മകളിൽ അഭിലാഷം ജനിച്ച ഒരുവൻ നേരമ്പോക്കിൽ പറയുന്നു:

---

6. ബലി = ബലവാൻ. മാബലി. സുര...നായ് = സുരസമായ അർത്ഥം (ആശയം)കൊണ്ടു സന്തോഷമുളവാക്കി; സുരസാർത്ഥ(ദേവഗണ)ത്തിനു സന്തോഷമുളവാക്കി എന്നും. ബന്ധിക്കു എന്നതിന്ന് എതിർവാദിയെ മിണ്ടാതാക്കുക എന്നും, ബന്ധനസ്ഥനാക്കുക എന്നും രണ്ടർത്ഥം. ഈ യുവാവിനെപ്പററി ആളുകൾ കുററംപറയുന്നതു വെറുതെയാണ്; വചനപടുത്വംകൊണ്ടു മാബലിയെ ബന്ധനത്തിലാക്കിയ വാമനവിഷ്ണുവിനൊത്ത നർമ്മവാഗ്വിലാസമുള്ളവനാണിയാൾ.

7. ഗൃഹപതിപുത്രി = കുലീന എന്നു താൽപര്യം. അനുമൃതി = കൂടെ മരിക്കൽ, 'ഉടന്തടിചാട്ടം'. മൃതഭർത്താവിനെ ആലിംഗനംചെയ്യുമ്പോഴും സാത്വികഭാവമായ വിയർപ്പുണ്ടാകും! തിയ്യ്—ചിതാഗ്നി.

8. അഭിനവകാപാലിക—ജാരമരണത്താൽ നിർവ്വേദംപൂണ്ടു പുതുതായി കാപാലികവ്രതമെടുത്തവൾ. കാപാലികവ്രതക്കാർ ചിതാഭസ്മമെടുത്തു പൂശും. പൂശിയ ചിതാഭസ്മം വിയർപ്പിനാൽ കുതിർന്നുപോകുന്നതുകൊണ്ടു പൂശൽ അവസാനിക്കുന്നില്ല. അവിടെ—പട്ടടയിൽ.

9. മദ്ധ്യഗ = ഇടയിലിരിക്കുന്നവൾ. ഗേഹിനി = ഗൃഹിണി. നഖയോഗാൽ = നഖം തട്ടിയതുകൊണ്ട്, മററതു്—മറേറ മുല.

Digitized By Kerala Sahitya Akademi

ഇത്ര ചെറുപ്രായത്തിൽ—
ത്താനെ മയക്കം മനസ്സിനേകുന്നു;
ഗ്രാമേശസുത മുതിർന്നാൽ,
വിഷകന്ദളിപോലനൎത്ഥമൂലവാകും! 10

പ്രിയനാൽ 'ത്രൈവിക്രമ'ബന്ധരതംകൊണ്ടു രസിപ്പിക്കപ്പെട്ട ഒരുവൾ വിഷ്ണുവിന്റെ മേല്പോട്ടുപോയ പാദത്തെ നമസ്കരിച്ച്, അന്യാപദേശേന പറയുന്നു:

താണുവണങ്ങുവന്നു,ഴി—
ത്തട്ടിലൊതുങ്ങാതെ വാനണഞ്ഞു ചിരം
താരാകുസുമാഞ്ചിതമായ്
മേവിന ഹരിതൻ തൃതീയപദം! 11

ഉൽക്കണ്ഠിതയായ ഒരുവൾ, 'ഉറങ്ങൂ' എന്നു പറഞ്ഞ സഖിമാരോടു പറയുന്നു:

'തീർന്നിതു,രണ്ടുക, മൂന്നാം
യാമവു'മെന്നരുൾവതെന്തു തോഴികൾ മാം?
നിങ്ങളുറങ്ങിക്കൊള്ളുവി;—
നെന്നെയുറക്കാ, ചെമന്തിമണം! 12

''തോഴി എന്തിനാണിങ്ങനെ ആ നിൎദ്ദയനെ സ്മരിക്കുന്ന''തെന്നു ചോദിച്ച സഖിമാരോടു വിരഹോൽക്കണ്ഠിത പറയുന്നു:

ഓക്കാതിരിക്കുമെങ്ങനെ—
യമ്മട്ടായ്ത്തീർന്ന മാമകാംഗത്തിൽ,
സുരതം കഴിഞ്ഞപോതും
സുരതരതൻപോലെ നോക്കുമോയാളെ? 13

ഒരുവൾ ജാരനെ സങ്കേതസ്ഥലം അറിയിക്കുന്നു:

പാരിച്ച ചളിയുണങ്ങീ;
മീനാമകൾ വേനൽകൊണ്ടു വലയുന്നു;

---

10. മുതിർന്നാൽ—യുവതിയായാൽ. കന്ദളി = അങ്കുരം.

11. താരാകുസുമാഞ്ചിതം=നക്ഷത്രങ്ങളാകുന്ന പൂക്കൾകൊണ്ടു പൂജിക്കപ്പെട്ടത്. തൃതീയപദം—മൂന്നാമത്തെ കാൽവെപ്പ്. വാമനരൂപനായ വിഷ്ണു മാബലിയെ കീഴടക്കാൻ മൂന്നടികൊണ്ടു മൂന്നു ലോകങ്ങൾ അളന്നു എന്ന പുരാണകഥ സ്മരിക്കുക.

12. ചെമന്തിപ്പൂക്കളുടെ സൗരഭ്യം ഇങ്ങനെ വ്യാപിക്കെ, എനിക്കുറക്കം വരുമോ?

13. അമ്മട്ടായ്ത്തീർന്ന—വാടിത്തളൎന്ന. മാമകാംഗത്തിൽ = എന്റെ അവയവങ്ങളിൽ. രതൻ = തൽപരൻ.

Digitized By Kerala Sahitya Akademi

കാണായ് മുൻകണ്ടിട്ടി–
ല്ലാത്ത കളത്തിൻ ചുവടിദാനീം! 14

ഒരുവൾ ഒരുത്തിയോടു പരിഹസിച്ചു പറയുന്നു:

പെരിയൊരിരുട്ടുള്ള നട–
ക്കരുതെഴുകൾ, ചൗര്യസുരതകൗതുകത്താൽ
ഇരുളുള്ളേടത്തധികം
തെളിയും നീ, ദീപശിഖപോലേ! 15

സങ്കേതസ്ഥലം കത്തിപ്പോയതിൽ കുലട ദുഃഖിക്കുന്നു എന്നു് ഒരുവൾ കൂട്ടുകാരനോടു പറയുന്നു:

ചൊല്ലിനു മറുപടിനല്ലു–
ന്നില്ലോ;രോരുത്തനോടുമുണ്ടു, വൃഥാ
ശ്രുണ്ണിയെടുക്കുന്നു, പുഴ–
ക്കര കത്തിപ്പോകയാലസതി! 16

''നീ കുലടയാണെ''ന്നു പറഞ്ഞ അയല്ക്കാരിയോടു് ഒരുത്തിയുടെ മറുപടി:

ഓ, ഞങ്ങളസതിമാർ; സതി,
മാറിക്കൊൾക,നഘമല്ലി നിൻഗോത്രം?
കണ്വരുടെ പെൺപോലേ,
ക്ഷുരകനെ വാഞ്ഛിപ്പതില്ലെങ്ങൾ. 17

ഒരുവൾ, അവളുടെ അനുരാഗാതിശയം നായകനോടു പറയുന്നു:

ചൊന്നതു കേൾക്ക,മുറങ്ങിടു–
മക്ഷരമിടറിപ്പുലമ്പുകില്ലൊന്നും;
സുഭഗ, ഭവാനെക്കണ്ടി–
ട്ടില്ലാത്ത വധൂജനങ്ങളേ സുഖികൾ! 18

ഒരുവളുടെ അനുരാഗാതിശയം ദൂതി നായകനോടു പ്രതിപാദിക്കുന്നു:

---

14. ചുവടു് = അടിത്തട്ടു്. വെള്ളം വററിയതിനാൽ കുളത്തിലേക്കു് ആളുകൾ വരികയില്ല; അവിടം നമുക്കു സങ്കേതമാക്കാം.

15. തെളിയും—സ്പഷ്ടമായി കാണപ്പെടും. ശിഖ = ജ്വാല.

17. മാറിക്കൊൾക = വിട്ടുപോയ്ക്കൊള്ളുക. അനഘം = പരിശുദ്ധം. കണ്വരുടെ പെൺപോലെ—എല്ലാപ്പുരുഷന്മാരെയും കൈക്കൊള്ളുന്ന നിന്നെപ്പോലെ. നീ ക്ഷുരകനെപ്പോലും കാമിക്കുന്നു!

18. അല്ലയോ സുഗേ, ഭവാനെ ഒന്നു കണ്ടാൽക്കഴിഞ്ഞു, സ്ത്രീകൾക്കു് ശ്രവണശക്തിയും ഉറക്കവും ഇല്ലാതാകും; ഗദ്ഗദംകൂടാതെ സംസാരിപ്പാനും വയ്യാതാകും. അതിനാൽ അങ്ങയെ കണ്ടെത്താത്ത സ്ത്രീകൾക്കുതന്നെ സുഖം!

Digitized By Kerala Sahitya Akademi

കുട്ടൻ കൊടുത്ത ലന്ത—
ക്കുരു രണ്ടും കാതിലിട്ട പെൺകൊടിയാൾ
പോന്നു ഗൃഹത്തെയ്ക്കുരിൻ—
പാതയിലൂടേ, സലജ്ജയെന്നാലും! 19

പ്രിയനെക്കുറിച്ച് ഈർഷ്യാകോപം നീങ്ങിയ ഒരുവൾ പശ്ചാത്തപിച്ചു സഖിമാരോടു പറയുന്നു:

നിർഭാഗ്യ ഞാനനനയം
കേൾക്കാത്തതിൽ നാണമാർന്നവൻ പോകേ
ഇളകീലല്ലോ, പരരെ—
ക്കൊട്ടിത്തുള്ളിച്ചിടും നിങ്ങൾ! 20

വിദഗ്ദ്ധനായ പ്രിയനെ കിട്ടാത്ത ഒരുവൾ സഖിയോടു പറയുന്നു:

കണ്ടാൽക്കണ്ണിന്നു സുഖദൻ,
കരസ്പർശത്തിലേ കുളിർമ ചേർപ്പോൻ,
ചന്ദ്രൻപോലെ കലാനിധി
കാന്തൻ കൈവരികയില്ലപേക്ഷകളാൽ! 21

ഒരുവൾ ജാരനെ സങ്കേതസ്ഥാനഭംഗം കേൾപ്പിക്കാൻ, കാലത്തിൻെറ സർവ്വംകഷതയെ പ്രതിപാദിക്കുന്നു:

കരിവണ്ടണിക്കനെത്താൽ—
പ്പൂങ്കുല തിന്നാററുവക്കിൽ നിന്നിതെവ,
ആ നീർവഞ്ചികൾ കുററിക—
ളായ്പ്പോയീ പ്രിയവയസ്യ, കാലത്താൽ! 22

നായകൻെറ അസ്ഥിരസ്നേഹതയാൽ ഭയം തോന്നിയ ഒരുവൾ ദൃഢപ്രണയനായ ഒരു പ്രിയനെ കിട്ടാൻ ഇച്ഛയുണ്ടെന്ന വ്യാജേന ഒരുവന്ന് അവസരം നല്കാൻവേണ്ടി പറയുന്നു:

ഇന്നെങ്ങളെ മാഴ്കിപ്പൂ
ചിററമ്മേ, കണ്ടതോടെ മായുവതായ്

---

19. കുട്ടൻ—ഓമനയായ, ഭോൻ. നിസ്സാരവസ്തുവും ഭോൻ കൊടുത്താൽ അവൾ വിലവെയ്ക്കും; അത്രയുണ്ട്, അവൾക്കു ഭോങ്കൽ പ്രേമം!

20. നിങ്ങളുടെ കൊട്ടിന്നു തുള്ളുകയാണ്, പ്രിയനോടു പിണങ്ങിയ ഞാൻ ചെയ്തതു്; നിങ്ങളോ, തിരിച്ചുപോകുന്ന അദ്ദേഹത്തെ തടുത്തുനിർത്തിയില്ല. നിങ്ങളുടെ വാക്കു കേട്ട് ഞാൻ സങ്കടത്തിലകപ്പെട്ടു!

21. കരം = കൈ; രശ്മി. കാന്തപക്ഷത്തിൽ കലാശബ്ദത്തിന്നു വിദ്യകൾ എന്നർത്ഥം. അപേക്ഷകളാൽ—ആശിച്ചതുകൊണ്ടു മാത്രം കിട്ടില്ല; ഭാഗ്യം വേണം.

22. കുററികളായ്പ്പോയി—ഇലയും പൂവുമൊക്കെ കൊഴിഞ്ഞു്, മരവിപ്പിലായി. പ്രിയവയസ്യ = ഹേ പ്രിയസ്നേഹിത.

Digitized By Kerala Sahitya Akademi

സ്വപ്നത്തിൽ നിധി ലഭിച്ചതു–
പോലാം ക്ഷണഭംഗുരപ്രേമം! 23

കുറച്ചുനാൾകൊണ്ടുതന്നെ ഖണ്ഡിതപ്രണയയായ ഒരുവൾ ധൂർത്തനായ കാന്തനോടു് അന്യാപദേശേന പറയുന്നു:

വില്ലു വിടുന്നു, ഗുണാഗത–
മായ നിസർഗ്ഗർജ്ജുവാം ശരത്തെയും;
കുടിലർജ്ജുക്കളും തമ്മിൽ–
ച്ചേർന്നാല,തു നില്ക്കുമോ സുചിരം? 24

ഒരുവളുടെ സ്തനത്രിവലികളുടെ മേന്മ സാഭിലാഷനായ ഒരുവൻ വർണ്ണിക്കുന്നു:

മുമ്പേ വാമനവടിവും
പിന്നെപ്പെരുതാം വളർച്ചയും തേടി
ബലിബന്ധത്തെ നടത്തി,
ഹരിപോലിവൾതൻ കുചദ്വന്ദ്വം! 25

ദുഷ്ടൻ സജ്ജനങ്ങൾക്കു് അപകാരം മാത്രമല്ല, ദുർജ്ജനങ്ങൾക്കു് ഉപകാരവും ചെയ്യുമെന്നു്, ഒരാൾ അന്യാപദേശേന പറയുന്നു:

പിച്ചകമലരിനെ വാട്ടുക
മാത്രത്താൽത്തൃപ്തമായ്‌വരാ ശിശിരം;
ഗുണമില്ലാക്കുന്ദങ്ങൾ–
ക്കളവാക്കേണം സമൃദ്ധിയെയും! 26

യൗവനം നശിച്ച ഒരുവളുടെ കുചങ്ങൾ നോക്കി ഒരുവൻ പരിഹസിക്കുന്നു:

നൽച്ചേർച്ച,യുന്നതി, സുഖ–
ക്ഷതഭംഗി,യിതൊക്കെയൊത്ത വാർമുലകൾ,
രണ്ടു കൃതകാര്യരാം ഭടർ
പോലേ നിപതിച്ചതും രമ്യം! 27

---

24. ഗുണത്തിന്നു സൗന്ദര്യാദി എന്നും ഞാൺ എന്നും, ഋജുവിന്നു വളവില്ലാത്തതു് എന്നും കളവില്ലാത്തതു് എന്നും ഈരണ്ടർത്ഥം. ഭവാൻ കുടിലനാണു്; ഞാൻ സരളയുമാണു്; നമ്മുടെ ചേർച്ച ഏറെനാൾ നില്ക്കുകയില്ല.

25. വാമനവടിവു് = വലുപ്പമില്ലായ്മ. ബലിബന്ധം = ബവയോരഭേദത്തിൽ വലികളുമായി (ത്രിവലി) ചേർച്ച; മാബലിയെ ബന്ധിക്കൽ എന്നും.

26. 'ഞാൻ നിനക്കു ദൌർഭാഗ്യം വരുത്തുക മാത്രമല്ല, നിന്റെ സപത്നിമാരെ സൗഭാഗ്യപ്പെടുത്തുകകൂടി ചെയ്യു'മെന്നു നായകൻ അപ്രിയവാദിനിയായ നായികയോടു് അരിശംകൊണ്ടു പറഞ്ഞതാണിതെന്നത്രേ ചിലരുടെ വ്യാഖ്യാനം. കുന്ദങ്ങൾ = കുരുക്കുത്തിമുല്ലകൾ; ഇവ ശിശിരത്തിലത്രേ തഴച്ചുപൂക്കുക.

27. നൽച്ചേർച്ച=ഇടതിങ്ങൽ എന്നു്, കുചപക്ഷത്തിൽ. ഉന്നതി=പൊക്കം, മേന്മ. സുഖക്ഷതഭംഗി = സുഖകരമായ ക്ഷതം(നഖവ്രണം)കൊണ്ടുള്ള ഭംഗി;

Digitized By Kerala Sahitya Akademi

ഒരുവൻ ഒരു യുവതിയുടെ തടിച്ചുയർന്ന കുചങ്ങളെ വർണ്ണിക്കുന്നു:

മർദ്ദനസുഖത, കനം, പഴു-
തില്ലായ്മ,യലംകൃതി പ്രകാശമിവ
തടവിന കുചങ്ങളാരുടെ
നെഞ്ചിൽക്കാവ്യങ്ങൾപോലവേ പതിയാ? 28

വേണ്ടുന്നതും ചിലപ്പോൾ വേണ്ടാത്തതായിവരുമെന്നതിന്ന് ഒരുവൻ ഉദാഹരണം പറയുന്നു:

പ്രിയനെപ്പുണരുമ്പോൾക്കുച-
ഹാരത്തെയകററിടുന്നു യുവതിജനം;
മാനിതരാം ഗുണികൾക്കും
പററുമിളപ്പം, ദശാഭേദാൽ! 29

ഒരുവൾ തനിക്കു് ഒരുവങ്കലുള്ള അനുരാഗവും മദനവ്യഥയും സൂചിപ്പിച്ചുകൊണ്ടു സഖിയോടു പറയുന്നു:

മറെറാന്നാണു, ശപിക്ക-
പ്പെട്ട മനോജാഗ്നിതൻ തരം തോഴി;
നീരസരിൽക്കെട്ടടിയും;
സരസരിലാളിപ്പടർന്നിടും, സപദി! 30

ഈർഷ്യാകോപം വെടിയായ്കയാൽ സഖിക്കു വന്ന സൗഭാഗ്യഭംഗം ഒരുവൾ സവിസ്മയം അമ്മായിയോടു പറയുന്നു:

മാനിച്ചു വളർത്തു ചിര-
പ്രണയത്താൽബദ്ധമൂലമേതൊന്നോ,
കേട്ടീലാ,യാളുടെയാ
പ്രേമമരം വീണൊരൊലിയുമമ്മായി! 31

നായകന്റെ അനുനയം കൈക്കൊള്ളാഞ്ഞ നായികയോടു സഖി സവിഷാദം പറയുന്നു:

നോക്കീല, കാല്ക്കൽ വീണതു;
വിപ്രിയമേ ചൊല്ലി നീ, പ്രിയോക്തികളും;

പോരാളികൾക്കും മുറിവേല്ക്കുന്നതു് ഒരു ഭൂഷണമാണല്ലോ. കൃതകാര്യർ = കാര്യം ചെയ്തുകഴിഞ്ഞവർ. ഭടൻ = പടയാളി. നിപതിക്ക = വീഴുക; മരിച്ചുവീഴുക.

28. മർദ്ദനസുഖത = കാവ്യപക്ഷത്തിൽ ക്ഷോദക്ഷമത്വം; കനം = അർത്ഥഗൗരവം. പഴുതില്ലായ്മ = ഇടതിങ്ങൽ; നിർദ്ദോഷിത എന്നും. അലംകൃതി = ഹാരാദ്യാഭരണം; ഉപമാദ്യലങ്കാരമെന്നും.

29. ഗുണികൾ = ഗുണം (ചരടു് എന്നും) ഉള്ളവർ.

30. രസശബ്ദത്തിന്നു വെള്ളമെന്നും അർത്ഥം. രസമില്ലാത്തേടത്തു കെടുക, രസമുള്ളേടത്തു് ആളിപ്പടരുക—ഇതാണു്, മദനാഗ്നിയുടെ വിലക്ഷണത!

31. ഒരു വൃക്ഷം വീണാൽ ഒച്ച കേൾക്കാം; അയാളുടെ പ്രേമമരം വീണപ്പോഴാകട്ടെ ഒച്ചപോലുമുണ്ടായില്ല!

Digitized By Kerala Sahitya Akademi

പോകുംപൊഴുതു തടഞ്ഞീ—
ലാ;—ർതൻനേർക്കായിരുന്നു, നിന്നരിശം! 32

ഒരുവൾ സപത്നിയുടെ ദന്തക്ഷതം സൂചിപ്പിച്ചു, നിന്ദാപൂർവം പറയുന്നു:

ചെററിട മാഴ്കുന്നു, കഴ—
കുന്നു, ചെററിടയമർത്തുടഴ്കുന്നു,
പുത്തുമങ്ക, കൊങ്കമേൽ പ്രിയ—
നർപ്പിച്ച നഖവ്രണത്തെ മുഗ്ദ്ധതയാൽ! 33

താൻ സങ്കേതസ്ഥലത്തു പോകയുണ്ടായെന്നു ജാരനെ ധരിപ്പിക്കാൻ ഒരുവൾ ശരൽക്കാലത്തെ വർണ്ണിക്കുന്നു:

തുംഗപയോധരമഴനാൾ,
താരുണ്യംപോലെ പോയ്ക്കഴിഞ്ഞതിനാൽ
ഭൂമി നരച്ചതുപോലേ
കാണാകുന്നു നവീനകാശസുമം! 34

മറുനാട്ടിലേക്കു പുറപ്പെട്ട പ്രിയതമൻെറ യാത്ര നിർത്തിക്കാൻ, ഒരുവൾ വർഷകാലത്തെ വർണ്ണിക്കുന്നു:

എങ്ങു ഗമിച്ചു കതിരവ—
നെ,ങ്ങു മറഞ്ഞു മൃഗാങ്കതാരങ്ങൾ?
ചോക്കുവരയിടുകയാണോ,
കാലം വാനത്തു വെള്ളിലിൻനിരയാൽ! 35

ഒരുവൾ ശങ്കിതനായ ജാരൻെറ ശങ്ക പോക്കുന്നു:

ഘനനവജലധാരകളാം
കയറുകളിലുടക്കിവെച്ച മേദിനിയെ

---

32. അദ്ദേഹം കാല്ക്കൽ വീണു; നീ നോക്കീല. അദ്ദേഹം പ്രിയം പറഞ്ഞു; നീ അപ്രിയം സംസാരിച്ചു. അദ്ദേഹം പോകുമ്പോൾ നീ തടഞ്ഞില്ല. അനുനീതന്മാർ പ്രിയങ്കൽ പെരുമാറുക ഇങ്ങനെയാണോ?

33. പുത്തുമങ്ക = ആരബ്ധയൗവന. മുഗ്ദ്ധത—രതിലീലാനഭിജ്ഞത.

34. പയോധരത്തിന്നു മേഘമെന്നും, സ്തനമെന്നും രണ്ടർത്ഥം. ഞാൻ നമ്മുടെ സങ്കേതമായ കാശ (കതിരവാൽപ്പുല്ല്) പ്രദേശത്തു പോയി; ഭവാൻ വന്നില്ല. ഈ പദ്യം മറെറാരുവിധത്തിലും വ്യാഖ്യാനിക്കാം: ഒരു വൃദ്ധയെ വിടൻ പരിഹസിച്ചു; അപ്പോൾ അവൾ പറകയാണ്: ''എനിക്കു മാത്രമല്ല, വാർദ്ധക്യം; ഭൂമിയും ഇതാ, കതിരവാൽപ്പുല്ലിൻപൂക്കൾകൊണ്ടു നരച്ചിരിക്കുന്നു.''

35. സൂര്യനും ചന്ദ്ര-നക്ഷത്രങ്ങളും എവിടെ എന്നു 'വിചാരി'പ്പാൻ കാലമാകുന്ന ജ്യോത്സ്യൻ ആകാശത്തു രാശിചക്രം ചുണ്ണാമ്പുകൊണ്ടു വരച്ചതാണെന്നു തോന്നും, മേഘസമീപത്തു വെള്ളിൽപ്പക്ഷിനിരയെ കണ്ടാൽ. മഴക്കാലം തുടങ്ങി; ഭവാൻ ഇപ്പോൾ പോയ്ക്കൂട.

Digitized By Kerala Sahitya Akademi

പൊക്കാനെളുതാകാഞ്ഞോ
നിലവിളികൂട്ടുന്നു, നീരദം നോക്കൂ! 36

കാന്തനെ കൊണ്ടുവരുന്നതിൽ തോഴിയെ വെമ്പിക്കാനായി ഒരുവൾ ഹൃദയത്തെ നിന്ദിക്കുക എന്ന വ്യാജേന, തൻ്റെ പീഡ വെളിപ്പെടുത്തുന്നു:

ഹാ, മനമേ, വല്ലഭനോടെ—
യവധി തദാ സമ്മതിച്ചുനിന്ന ഭവാൻ
പെട്ടെന്നവകാശപ്പെട്ടിഹ
വിശ്വാസഹതിക്കൊരുമ്പെടാനെന്തേ! 37

സുരതാവസരത്തിൽ ജാരനാൽ വളകൾ പൊട്ടിക്കപ്പെട്ട സപത്നിയുടെ ചാരിത്രഭംഗം ഒരുവൾ വെളിപ്പെടുത്തുന്നു:

അറിയാത്തോരോടു,മവൻ
പൊട്ടിച്ചാൻ വളകളെന്നുരച്ചേക്കാം,
കളവില്ലാസ്സാധ്വപ്പെ—
ണ്ണു;—ല്ലെന്നാലാ ഹതാശതൻ ദയിതൻ! 38

ഒരുവൻ ഒരുത്തിയുടെ സൗന്ദര്യം വർണ്ണിച്ചുകൊണ്ടു്, ചുംബനാഭിലാഷം വെളിപ്പെടുത്തുന്നു:

പെൺമണിയുടെ പെരുതാകിയ
താരുണ്യത്താൽത്തുടിച്ച പൂങ്കവിളിൽ
ചാഞ്ഞ മുഖംകൊണ്ടഴകിനെ
നുകരുകയാണോ, ചെവിപ്പണ്ടം! 39

അന്യപുരുഷാസക്തിയാൽ ബാഹ്യമൊന്നും അറിയാതായ ഒരുത്തിയുടെ വൃത്താന്തം ഒരുവൾ സഖിക്കുപദേശമായി പറയുന്നു:

അസ്സുഭഗൻതന്നുടെ പേർ
ചൊല്ലിസ്സർവ്വാംഗവും വിയർത്തവളായ്

---

36. വലിയ മഴ; ഇപ്പോൾ ആരും ഇങ്ങോട്ടു വരില്ല. പേടിക്കേണ്ട, നീരദം (=മേഘം) ഇടിവെട്ടുന്നതിനെ നിലവിളിയാക്കി കല്പിച്ചിരിക്കുന്നു.

37. വല്ലഭൻ്റെ പ്രത്യാഗമനം ഇന്ന തീയതിക്കു് എന്നു നീ സമ്മതിച്ചിരിക്കെ, ആ അവധിക്കുമുമ്പു പെട്ടെന്നു വൈവശ്യംകൊള്ളുന്നതു് ഒരു വിശ്വാസഭംഗമല്ലയോ? അവധി കാത്തിരിക്കാൻ ഞാനാളല്ലെന്നു്, തോഴിയെ ധരിപ്പിക്കുന്നു.

38. കളവില്ലാസ്സാധ്വപ്പെണ്ണു് കഥയൊന്നുമറിഞ്ഞിട്ടില്ലാത്ത ആളുകളോടും കടന്നു പറഞ്ഞേക്കാം, അവൻ വള പൊട്ടിച്ചു എന്നു്; അല്ലെങ്കിൽ ആ ഹതാശയുടെ പ്രിയൻ പറഞ്ഞേക്കാം. ദുർന്നടപ്പു വെളിപ്പെടുത്തിക്കൂടാ എന്ന കരുതൽ അവൾക്കുമില്ല, അവളുടെ പ്രിയനുമില്ല.

39. ചെവിപ്പണ്ട(കർണ്ണാഭരണ)ത്തിൻ്റെ മുഖം (തലപ്പു്) കവിളിൽ ചാഞ്ഞിരിക്കുന്നതു കണ്ടാൽ, അതു സൗന്ദര്യത്തെ പാനംചെയ്യുകയാണെന്നു തോന്നും. അചേതനത്തിനും മുഖസൗന്ദര്യപാനത്തിൽ ഇത്ര അഭിലാഷം; അപ്പോൾ, സചേതനരായ രസജ്ഞർക്കു് എത്രയുണ്ടാവും!

Digitized By Kerala Sahitya Akademi

ദൂതിയെയയച്ചു, ചെന്നാ—
ദുവനുടെ വീട്ടിന്റെ മുററത്തേ! 40

ഒരുവരം മന്മഥവന്ദനവ്യാജേന തന്റെ ദുസ്സഹവിരഹവേദനയെ വെളിപ്പെടുത്തിക്കൊണ്ടു്, പ്രിയനെ കൂട്ടിക്കൊണ്ടുവരുന്നതിൽ തോഴിമാരെ ത്വരിപ്പിക്കുന്നു:

മററു പിറപ്പിലുമുയിർകൊ—
ണ്ടച്ചിക്കാം മദന, തൃപ്പദങ്ങളെ ഞാൻ,
എന്നേലെയ്യ ശരംകൊ—
ണ്ടവനെയുമൊന്നെയ്യുമങ്ങെങ്കിൽ! 41

ഒരുവൻ ഒരു ബാലികയെ പുണരാനൊരുമ്പെട്ടതു കണ്ടറിഞ്ഞിട്ടു്, അവനെ വിലക്കാനോ 'ഉൽഫുല്ലകരണം' പഠിപ്പിക്കാനോ വേണ്ടി, ഒരു വിദഗ്ദ്ധ അന്യാപദേശേന പറയുന്നു:

പട്ടതയൊട്ട മെയ്ക്കനം തൻ—
ചിറകുകളിൽപ്പേർത്താതുക്കിയാത്തരസം
വികസിപ്പിച്ചു നുകർന്നീ—
ട്ടുന്നു, നറുംപിച്ചിമൊട്ടിനെ ഭ്രമരം. 42

ഒരു ചിരവിരഹിതയായ യുവതിയെ സഖി ആശ്വസിപ്പിക്കുന്നു:

മാഴ്കിപ്പോം, കുരുപതിപോ—
ലധ്വന്യൻ മാധവാഗമത്തിങ്കൽ,
പെട്ടെന്നു ഭീമദക്ഷിണ—
വാതത്തിൻ സ്പർശനത്താലേ! 43

യൗവനം വന്നിട്ടില്ലാത്ത പത്നിയുമായി രമിക്കുന്നവനെ പരിഹസിച്ചു്, അവങ്കൽ അനുരക്തയായ ഒരുവരം അന്യാപദേശേന പറയുന്നു:

മൊട്ടിത്തിരി വിരിയുവതിൻ—
മുല്ലാടേ പിഞ്ചുപിച്ചിമലരിനെ നീ

40. ദൂതിയെ അയച്ചതു മറന്നു!

41. അങ്ങു് എന്നെ എയ്യ ശരംകൊണ്ടു് അദ്ദേഹത്തെയും ഒന്നെയ്താൽ അദ്ദേഹം ഇവിടെ ഓടിയെത്തുമല്ലോ!

42. ഇങ്ങനെ മൃദുവായി വേണം, ബാലികയെ രമിപ്പിക്കുക.

43. കുരുപതി = ദുര്യോധനൻ. അധ്വന്യൻ = പഥികൻ, പ്രിയാവിരഹിതൻ. മാധവപദത്തിന്നു വസന്തമെന്നും കൃഷ്ണനെന്നും. ഭീമപദത്തിന്നു ഭയങ്കരമെന്നും ഭീമസേനനെന്നും ഈരണ്ടർത്ഥങ്ങൾ. ദക്ഷിണവാതം = തെക്കൻകാററു്; പ്രാകൃതഭാഷയിൽ വാതം പാദവുമാകുമെന്നതുകൊണ്ടു് വലത്തേകാൽ എന്നും. വസന്തം ആരംഭിച്ചതുകൊണ്ടു് പ്രിയൻ താമസിയാതെതന്നെ തിരിച്ചെത്തും.

Digitized By Kerala Sahitya Akademi

മത്തിച്ചിടുന്നവല്ലോ,
മധുപാനക്കൊതിയനാം വണ്ടേ! 44

സ്നേഹം കുറഞ്ഞുതുടങ്ങിയ ജാരനെ അടുപ്പിക്കാൻവേണ്ടി ഒരുവൾ മുമ്പു കഷ്ടപ്പെട്ടു ചെയ്തുപോന്നതു പറയുന്നു:

അകൃതജ്ഞനേ, നിനക്കായ്
ഞാനോരോ വർഷകാലരാത്രിയിലും
ഗ്രാമച്ചേറു ചവുട്ടിയ-
തിപ്പൊഴുമോർക്കുന്നതുണ്ടലജ്ജിതനേ! 45

മുഗ്ദ്ധവധുവിന്നു് ഉപരിസുരതത്തിൽ താൽപര്യം ജനിപ്പിക്കാൻ ഒരു നാഗരികൻ ഒരുത്തിയുടെ പുരുഷായിതം വർണ്ണിക്കുന്നു:

കുന്തലഴിഞ്ഞാ;രമുല-
ഞ്ഞി,രു തോടകളും കിഴിഞ്ഞു പെൺകൊടിയാൾ,
പകുതിയുയർന്നൊരു വിദ്യാ-
ധരിപോലെ വിളങ്ങു,മുപരിസുരതത്തിൽ! 46

ആത്മാരാമനും നിരതിശയാനന്ദനിധിയുമാണെങ്കിലും, ഭക്താനുഗ്രഹത്തിന്നായി ലീലാദേഹമെടുത്ത ശ്രീകൃഷ്ണനു ജാരത്വം കല്പിച്ചു് ഒരു സൗഭാഗ്യഗർവിതയായ ഗോപസ്ത്രീ പറയുന്നു:

ചുററിക്കൊൾകീവിധമേ
സ്വൈരം സൗഭാഗ്യഗർവൊടായർപുരേ,
നാരികൾതൻ ഗുണദോഷം
നോക്കാനാളെങ്കിൽ നീ കൃഷ്ണ! 47

മാനവതിയെ അനുനയിക്കാനൊരുങ്ങാത്ത നായകനോടു് സഖി അന്യാപദേശേന പറയുന്നു:

സന്ധ്യയ്ക്കു തൃക്കൈനയിൽ
നീർ കോരിയെടുത്തി,ടത്തുകൈ നീക്കി,
ഗൗരിക്കായ് ക്കോശനിപാ-
നോദ്യമിപോലായ ശംഭുവെത്തൊഴുവിൻ! 48

---

44. എന്നെപ്പോലെയുള്ള താരുണ്യവതികളെ വിട്ടു ഭവാൻ അസ്ഥാനത്തു വെറുതേ ക്ലേശിക്കുന്നു.

45. ഗ്രാമച്ചേറു ചവുട്ടിയതു്—ഗ്രാമത്തിലെ ചളിനിറഞ്ഞ വഴിയിലൂടെ താങ്കളുടെ അടുക്കൽ വന്നുചേർന്നിരുന്നതു്.

46. ആരം = ഹാരം. പകുതിയുയർന്ന—ആകാശത്തേക്കു് പകുതി പൊങ്ങിയ.

47. ആയർപുരേ = അമ്പാടിയിൽ. എന്നെപ്പോലുള്ള ഒരു ഗുണവതിയെ നീ ഇവിടെ കണ്ടെത്തില്ല!

48. ഇടത്തുകൈ നീക്കി—വെള്ളം വലത്തുകൈയിൽത്തന്നെ നിർത്തി. ഗൗരിക്കായ് — പാർവ്വതിയെ വിശ്വസിപ്പിക്കാൻ. കോശനിപാനോദ്യമി = കോശപാനത്തിന്നു് ഒരുങ്ങിയവൻ. കോശപാനം എന്നതു്, 'ശുചീന്ദ്രത്തു

Digitized By Kerala Sahitya Akademi

ഒരുവൾ, സൗഭാഗ്യത്തിന്റെ സ്വീകാര്യത സഖിയോടു പ്രതിപാദിക്കുന്നു:

പ്രിയമാരെല്ലാമനമൃതി—
വേഷത്തൊടു നില്ക്കെ, മർമ്മപീഡയിലും,
ഗ്രാമാധിപന്റെ നോട്ടമൊ—
രോമനയുടെമേൽ നടന്നലയും! 49

''നീയെന്താണിങ്ങനെ കാന്തന്റെ പ്രിയവചനത്തെയും തള്ളുന്നതെ''ന്നു ചോദിച്ച അമ്മായിയോട് ഒരുത്തിയുടെ മറുപടി:

അക്ഷരമൊന്നായാലും
വ്യത്യാസപ്പെട്ടിരിക്കുമറിയാട്ടം
സ്നേഹമയമൊന്നു വേറെ;
ദ്രോഹമയം വേറെയമ്മായി! 50

പരസ്ത്രീസക്തനും ദാക്ഷിണ്യംകൊണ്ടു പ്രിയഭാഷിയുമായ നായകനോട് ഒരുവൾ സരോഷം പറയുന്നു:

ഹൃദയങ്ങളിൽനിന്നു പുറ—
ത്തെക്കു വരും വാക്കു വേറെയൊന്നത്രേ;
മാറിപ്പോവുക; ചുണ്ടാൽ
മാത്രമിതൊക്കെക്കഴിപ്പതെന്തിനവാൻ? 51

മറ്റൊരുത്തിയുടെ പേർ വിളിച്ചു കാന്തനോടു ധീരയായ നായിക വിദഗ്ധതയോടേ പറയുന്നു:

ഉണ്ടോ, സൗഭാഗ്യമവൾ—
ക്കെന്നോടൊപ്പം ഭവാങ്കൽ നാഥ്, പ്രണനേ?
അപ്പേർ കക്കുന്നു ഭവാൻ;
കട്ടതു മമ തരികയുംചെയ്വു! 52

കൈമുക്കലും' മറ്റുംപോലെയുള്ള ഒരു സത്യപരീക്ഷയത്രെ. 'ഞാൻ കുററംചെയ്തിട്ടില്ലെ'ന്നു വിളിച്ചുപറഞ്ഞ്, ഉഗ്രദേവതകളുടെ അഭിഷേകജലം മൂന്നു പോങ്ങ കുടിക്കുകയാണ് ശങ്കിക്കപ്പെട്ടവൻ ചെയ്യേണ്ടതു്; വേറെയും പടങ്ങുകളുണ്ട്. താൻ അപരാധിയല്ല—പരസ്ത്രീസക്തനല്ല—എന്നു പാർവ്വതിക്കു വിശ്വാസംവരുത്താൻ ശിവൻപോലും സത്യപരീക്ഷയ്ക്കൊരുങ്ങുന്നു; സന്ധ്യാവന്ദനംതന്നെയും പാർവ്വതിയെ വിശ്വസിപ്പിച്ചിട്ടു വേണമെന്നേടത്തോളമുണ്ട്, ശിവന്റെ അനുനയത്വര! അങ്ങും ഇവളെ വേഗത്തിൽ അനുനയിക്കുക.

49. ആസന്നമരണനായി മർമ്മവേദനകൊള്ളുമ്പോഴും ഗ്രാമത്തലവന്റെ നോട്ടം സുഭഗയായ ഒരൊററ ഓമലാളിൽ മാത്രമായിരിക്കും; മററു പ്രിയമാരൊക്കെ ഉടന്തടിചാട്ടത്തിന്നുള്ള വേഷം ധരിച്ചുനിന്നാലും, അയാൾ അവരിൽ കണ്ണയയ്ക്കില്ല; ഇത്രയ്ക്കുണ്ട് സൗഭാഗ്യത്തിന്റെ മഹിമ!

50. സ്നേഹത്തോടെ പറയുന്നതും, ദ്രോഹമയവും (വഞ്ചിപ്പാനായി സ്നേഹം നടിച്ചു പറയുന്നതും) ഒന്നുപോലെയല്ല!

51. ചുണ്ടാൽമാത്രം—ഹൃദയംകൊണ്ടില്ലാതെ.

52. ഭവാങ്കൽ സൗഭാഗ്യമുണ്ടോ—അവളുടെ പേർകൊണ്ടാണല്ലോ, ഭവാൻ എന്നെ വിളിക്കുന്നതു്; അതിന്നു തക്കവണ്ണം, അവൾ ഞാനെന്നപോലെ അങ്ങയെ വശീകരിച്ചിരിക്കുന്നുവോ?

Digitized By Kerala Sahitya Akademi

വിരഹംമൂലം താൻ മെലിഞ്ഞുപോയതറിയാതെ ഒരു പ്രോഷിതഭർത്തൃക സഖിയോടു ചോദിക്കുന്നു:

സഖി, ഞാനുള്ളിൽത്തട്ടി-
ച്ചോദിക്കുകയാണു: വനിതമാർക്കെല്ലാം
വലുതായ്പ്പോമോ കൈവള,
ദയിതൻ ദേശാന്തരം പോയാൽ? 53

രോഗിയോ, ദരിദ്രനോ ആയിത്തീർന്ന ഭർത്താവിനെ ത്യജിക്കാൻനോക്കുന്ന പരപുരുഷാഭിലാഷിണിയെ, ഒരുവൾ അന്യാപദേശേന തടുക്കുന്നു:

മാഴ്കും, ചൂഴെ നടക്കും,
തുമ്പിക്കൈ നീട്ടിടും കരമ്മേററാൻ,
കൊമ്പൻ ചളിയിൽത്താന്നാൽ,
പ്രണയത്തുടരിട്ട പിടിയാന! 54

പാർവതിക്കു ലജ്ജയിലും സ്നേഹത്തെ വ്യഞ്ജിപ്പിപ്പാനുള്ള വിദഗ്ദ്ധതയെ ഒരുവൾ സഖിയുടെ അറിവിന്നായി വർണ്ണിക്കുന്നു:

രതിയിലുടയാട നീക്കിയ
ഹരനടെയിരുകണ്ണു രണ്ടു കൈത്തളിരാൽ
പൊത്തിഗ്ഗിരിസുത മൂന്നാം
മിഴിയിൽച്ചുംബിച്ച ചുംബനം വെൽവൂ! 55

ഒരു കൃഷിക്കാരനു് ഒരുവളിലുള്ള അനുരാഗത്താൽ അവളെത്തല്ലേണമെന്നു തോന്നിയതു സൂചിപ്പിച്ചുംകൊണ്ടു് ഒരു നാഗരികൻ അവനോടു പറയുന്നു:

പുതുലതയെടുത്ത നിന്നുടെ
മുമ്പേ പായുന്നു, മുന്നിൽ നില്ക്കുന്നു,
ചുററുന്നു രണ്ടുവശവും;
സാധുവിനെത്തച്ചുകൊൾക കൃഷകസുത! 56

---

53. വള കൈയിന്മേലിരുന്നുതന്നേ വലുതായതുകൊണ്ടാണു് ഊർന്നുവീഴുന്നതെന്നു് അവൾ കരുതുന്നു!

54. പ്രണയത്തുടർ = പ്രേമമാകുന്ന ചങ്ങല. കൊമ്പൻ ചളിയിൽ താന്നാൽ (ആപത്തിൽപ്പെട്ടാൽ) പിടിയാന അവനെ ത്യജിക്കയല്ല ചെയ്യുന്നതു്; രക്ഷിക്കാൻ നോക്കുകയാണു്.

55. മൂന്നാംമിഴിയെ (നെററിക്കണ്ണിനെ) ചുംബനംകൊണ്ടും മറച്ചു.

56. രണ്ടു വശവും—ഇടത്തും വലത്തും. കൃഷകസുത = ഹേ കൃഷിക്കാരൻകുട്ടി. താങ്കൾ നവലതാകുഞ്ജമാകുന്ന സങ്കേതസ്ഥലത്തു പോയി; ഇവൾ പോകയുണ്ടായില്ല. ആ തെററിന്നു് ഈ സാധുപ്പെണ്ണിനെ പ്രഹരിച്ചുകൊൾക. എന്നിങ്ങനെ കുട്ടിനി കൃഷകയുവാവിനെ പരിഹസിക്കുന്നതായും ഈ പദ്യത്തെ വ്യാഖ്യാനിക്കാം!

Digitized By Kerala Sahitya Akademi

കൃത്രിമമൊക്കെ പരിഹാസ്യമാണെന്നു്, ഒരുവൻ സ്വവൈദഗ്ധ്യം പ്രകടിപ്പിച്ചുകൊണ്ടു കൂട്ടുകാരനു കാട്ടിക്കൊടുക്കുന്നു:

പുതുപെണ്ണിൻ കൃത്രിമമാ–
മാനന്ദപ്പടവ സഖികൾ വീശുമ്പോൾ,
ചിരി ചേർന്ന കണ്ണുകൊണ്ടതു
നോക്കിക്കാണ്മൂ, കുമാരിതൻ ജാരൻ! 57

ശിശിരകാലത്തു ചുണ്ടിന്മേൽ മെഴുക പിടിപ്പിക്കുന്ന യുവതിയെ കണ്ടിട്ടു് ഒരുവൻ സ്വവൈദഗ്ധ്യം പ്രകടിപ്പിച്ചു പറയുന്നു:

മന്ദം മന്ദം മൃദുവാം
കൈവിരലാൽ മെഴുക വെയ്ക്കുകെന്ന മിഷാൽ
വെള്ളമുറിത്തുണി കെട്ടുക–
യാണോ, മുറി പെട്ട ചുണ്ടുമേൽത്തരുണി! 58

ഒരുവൾ കുലാംഗനയുടെ നടപടി സഖിയെ പഠിപ്പിക്കുന്നു:

രതിവിരതിയിൽ നാണം പൂ–
ണ്ടു,ടുതുകിൽ ചിക്കെന്നെതന്നെ കിട്ടായ്കിൽ,
ജഘനസ്ഥലം മറയ്ക്കും,
പ്രിയതമനെപ്പുണരൽകൊണ്ടു കുലനാരി! 59

ഒരുവൾ ഒരുവളുടെ സൗഭാഗ്യത്തെ അന്യാപദേശേന പറയുന്നു:

നോക്കുക; വെളിപ്പെടുത്തീ
സൗഭാഗ്യം പയ്യിതാ,ലതന്നുള്ളിൽ
കൊലയെരുതിൻ കൊമ്പിന്മേൽ–
ച്ചൊറി തോന്നിയ നയനമുരസുകയാൽ! 60

ജാരനെ പ്രലോഭിപ്പിപ്പാൻ ദൂതി ഒരുവളുടെ സുരതലമ്പടതയെ പ്രതിപാദിക്കുന്നു:

വെമ്പലിലിളകിപ്പാറിയ
പുതുചെന്നുകിൽ കാണ്കു വല്ലിഗേഹത്തിൽ,

---

57. പെണ്ണു തിരണ്ടാൽ, അവളുടെ വസ്ത്രം (ഇതിന്നു് ആനന്ദപ്പടവ എന്നത്രേ പേർ) ബന്ധുക്കൾ ആളുകളെ വീശിക്കാട്ടുക എന്നൊരാചാരമുണ്ടത്രേ, ചിലേടങ്ങളിൽ. ഈ കുമാരിയുടെ തിരളലിന്നു കാരണഭൂതൻ താനാണെന്നു ജാരന്നറിയാം; അതുകൊണ്ടാണു് അവന്നു ചിരിവന്നതു്.

58. ശിശിരകാലത്തു ചുണ്ടിന്മേൽ മെഴുക വെയ്ക്കുന്നതു്, കാററുതട്ടി ചുണ്ടുവിള്ളാതിരിപ്പാനാണു്. മിഷാൽ = വ്യാജേന. വെള്ളമുറിത്തുണി = മുറി കെട്ടുന്ന വെളുത്ത ശീല.

59. പ്രിയതമനെ ആശ്ലേഷിച്ചു്, വസ്ത്രകാര്യം സാധിക്കും.

60. ആല = തൊഴുത്തു്. കൊലയെരുതിന്റെ (കത്തിക്കൊല്ലുന്ന കാളയുടെ) കൊമ്പിന്മേൽ കണ്ണുരസേണമെങ്കിൽ, പയ്യിന്നു് എത്ര വശീകരണശക്തിയുണ്ടായിരിക്കണം.

Digitized By Kerala Sahitya Akademi

രതലോല കുലട നാട്ടിയ
ധാർഷ്ട്യക്കൊടിയാടയെന്നവിധം! 61

ഒരു വിടനെക്കുറിച്ച് ഒരുവൾക്കുള്ള അനുരാഗാതിശയം ദൂതി പ്രതിപാദിക്കുന്നു:

കൈവെച്ചാൽ, കുറവുഗ്ഗുണം—
കൊണ്ടു പുരത്തും, മുതുക്കിയാം പയ്യും;
കണ്ടാൽത്തന്നെ പുരത്തു—
ന്നവളെക്കിട്ടും, മകന്നു പുണ്യത്താൽ! 62

ഒരുവന്റെ ജിജ്ഞാസയും, മറ്റൊരുവന്റെ വിജ്ഞാനവിരുതും, അവരുടെ ചോദ്യോത്തരരൂപേണ നാഗരികൻ കൂട്ടുകാരനെ ധരിപ്പിക്കുന്നു:

'മെല്ലെ നടക്കുന്നതൊടേ
മുഖമെന്തിതടിക്കടിക്കു ചുളിയുന്നു?'
'അവളുടെയരഞ്ഞാണുരസു—
ന്നുണ്ടാം, ശ്രോണീനഖവ്രണാവലിയിൽ!' 63

സപത്നിയുടെ കാലിന്മേലുള്ള ചെമ്പഞ്ഞിച്ചാറു കൈയിന്മേൽ പററിയിട്ടുള്ള നായകനോട് ഖണ്ഡിത ഈർഷ്യയോടേ പറയുന്നു:

സംവാഹണതോഷിതമായ്
ലക്ഖത്തെത്തവ കരത്തിലേകുകയാൽ,
അവളുടെ ചരണം പരിശീ—
ലിച്ചു, നൃപവിക്രമാക്ചരിതത്തെ! 64

ഈർഷ്യാകോപത്തെ പെട്ടെന്നു വെടിഞ്ഞ സഖിയെ പഠിപ്പിക്കാനായി ഒരുവൾ ഈർഷ്യാകോപത്തിന്റെ ബഹുസുഖജനകത്വം പ്രതിപാദിക്കുന്നു:

കാല്ക്കളിൽ വീഴൽ, വിമുഗ്ദ്ധേ,
രഭസാൽക്കേറിപ്പിടിച്ചു ചുംബിക്കൽ—

---

61. വല്ലീഗേഹം = വള്ളിക്കുടിൽ. രതലോല = സുരതലോലുപ. ധാർഷ്ട്യക്കൊടിയാട = കുസലില്ലായ്മയുടെ കൊടിക്കൂറ.

62. മകന്ന് = പ്രിയപ്പെട്ട നിനക്ക്. നിന്നെക്കണ്ടാൽത്തന്നെ അവൾക്കു മനസ്സലിയും; അങ്ങനെയുള്ളവളെ കിട്ടാൻ പുണ്യം വേണം! നീ അവളെ പ്രാപിക്കുക.

63. അവളുടെ അരഞ്ഞാൺ ശ്രോണിയിലെ (നിതംബത്തിലെ) നഖവ്രണത്തിൽ തട്ടുന്നതുകൊണ്ടുള്ള വേദനമൂലമാണ്, അടിക്കടിക്കു മുഖം ചുളിയുന്നത് എന്ന്, വിജ്ഞാനവിരുതന്റെ മറുപടി.

64. സംവാഹണത്തിന്നു പ്രാകൃതഭാഷയിൽ തലോടൽ, സംബാധനം (സംഹാരം) എന്നും, ലക്ഖത്തിന്നു ലാക്ഷ (ചെമ്പഞ്ഞിച്ചാറ്) എന്നും ലക്ഷമെന്നും ഈരണ്ടർത്ഥം. അങ്ങു തലോടി സന്തോഷിപ്പിച്ചതിന്ന് അവളുടെ കാൽ അങ്ങയ്ക്കു ലാക്ഷ സമ്മാനമായിരുന്നു, വിക്രമാദിത്യരാജാവ് ശത്രുസംഹാരം സാ

Digitized By Kerala Sahitya Akademi

ഇത്യാദി ബഹുസുഖം തേ
പോയ്പ്പോയ്, കണ്ടപ്പൊഴേ കനിഞ്ഞതിനാൽ! 65

പ്രണയകുപിതയായ കാന്തയെ ഒരുവൻ പ്രസാദിപ്പിക്കുന്നു:

സുതനു, കനിഞ്ഞരുളുകിപ്പോ—
ള;—രിശത്തിന്നിനിയുമവസരം കിട്ടും;
എന്നാൽ,ച്ചന്ദ്രോജ്ജ്വലമീ—
യുത്സവനിശ പോകയായി, ചന്ദ്രമുഖി! 66

''ആ കാമാതുരസ്സു ചികിത്സചെയ്‌വാൻ ഭവാൻതന്നെയേ ശക്തനാകൂ'' എന്നു ദൂതി ഒരുവനോട് അന്യാപദേശേന പറയുന്നു:

ആവണ്ണമാം കുലത്തെ—
പ്പൊന്തിക്കാൻ രണ്ടുപേർകളേ പോരൂ;
മലമാതിന്റെ മനഃപ്രിയ—
ന,ല്ലെങ്കിൽ ശാലിവാഹനക്ഷ്മാപൻ! 67

ഒരു ദുഷ്ടസ്ത്രീയിൽ ആസക്തനായ ഒരുവനെ പിന്മാററാൻ ഒരുവൾ അന്യാപദേശേന പറയുന്നു:

മകനേ, കേറരുതേ, നി—
ഷ്കാണ്ഡതാദുരാപയായ പാടലിമേൽ;
കേറിയതോടേ വീഴി—
ച്ചീലാരാരെത്ത്ദുരാശയവൾ! 68

ഗ്രാമാധിപന്റെ വനിതയിൽ ആസക്തനായ ദേവരനെ പിന്മാററണമെന്ന അഭിപ്രായത്താൽ ഒരുവൾ അന്യാപദേശേന പറയുന്നു:

ധിച്ചുവന്ന ലക്ഷം (പണം) നശിക്കുന്നതുപോലെ! അവളുടെ കാൽ തലോടാൻതന്നെ പോയ്ക്കൊൾക.

65. നീ കാന്തനെ കണ്ടക്ഷണത്തിൽത്തന്നെ കനിഞ്ഞി(ഈർഷ്യാകോപം വെടിഞ്ഞി)ട്ടില്ലായിരുന്നുവെങ്കിൽ, അദ്ദേഹം കാല്ക്കൽ വീഴുന്നതും മററുമായ വളരെ സുഖങ്ങൾ അനുഭവിക്കാമായിരുന്നു; നിന്റെ വിമുഗ്ധത(കഥയില്ലായ്മ) കൊണ്ട് അതൊക്കെ നഷ്ടമായി!

66. ഈ ഉത്സവരാത്രി പോയാൽപ്പിന്നെ കിട്ടില്ല!

67. ആവണ്ണം എന്ന പദത്തിന്ന് പ്രാകൃതഭാഷയിൽ അപർണ്ണാ(പാർവ്വതീ) സംബന്ധി എന്നും, ആപന്നം (ആപത്തിൽപ്പെട്ടത്) എന്നും അർത്ഥങ്ങൾ വരും. പാർവ്വതീകുലത്തെ പൊങ്ങിക്കാൻ മലമാതിന്റെ മനഃപ്രിയനും ആപത്തിൽപ്പെട്ട കുലത്തെ ഉദ്ധരിക്കാൻ ശാലിവാഹനരാജാവുമേ ശക്തരാകൂ; അതുപോലെ, ആ കാമപീഡിതയ്ക്കു ശാന്തിവരുത്താൻ ഭവാനേ ആളാകയുള്ളൂ. അവളെ ഉപേക്ഷിക്കരുത്.

68. നിഷ്കാണ്ഡതാദുരാപ = കാണ്ഡം (തടി, അവസരം) ഇല്ലായ്കയാൽ ദുഷ്പ്രാപ. പാടലി = പാതിരി എന്ന വൃക്ഷം. ആ ദുരാശയായ സ്ത്രീ അടുത്തവരെയൊക്കെ അധഃപതിപ്പിച്ചവളാണ്!

Digitized By Kerala Sahitya Akademi

ഗ്രാമേശഗൃഹത്തിലെയൊരു
പാതിരിയേ നിയതമുരിതിൽക്കാണൂ;
ശ്വശ്രു, പെരുതുണ്ടുതാനും
പാതിരിമലർ ദേവരങ്കലി;–ഇു നന്നോ? 69

വിടനെ പ്രലോഭിപ്പിപ്പാൻ ദൂതി ഒരുവളുടെ കടാക്ഷതീക്ഷ്ണത വൎണ്ണിക്കുന്നു:

മററു മണിമങ്കമാക്കും
പക്ഷ്മളധവളങ്ങൾ നീലനീൾമിഴികൾ
ഉണ്ടു മുഖത്തെന്നാലും,
വീക്ഷിപ്പതിനില്ല, വിജ്ഞാനം! 70

ജൈത്രയാത്രയ്ക്കൊരുങ്ങിയ രാജാവിനെ വിലക്കാൻ രാജ്ഞി രാജസ്തുതിവ്യാജേന വൎഷാകാലത്തെ വൎണ്ണിക്കുന്നു:

രണാഘനകാലഭയത്താൽ–
പ്പറന്നു പക്ഷം തളൎന്ന നിന്നരികൾ,
ഹംസങ്ങൾപോലെ പദ്മാ–
ശയുമെന്ന്യേ മാനസം ഗമിക്കുന്നു! 71

അനായാസേന കിട്ടാവുന്നതേ തേടാവൂ എന്നു തോഴിയോട്ട് ഒരുവൾ ഉപദേശിക്കുന്നു:

നിസ്വഗൃഹത്തിൽ ഗൎഭിണി
ഗൃഹിണി പതിക്കാകലത്വമണയായ്വാൻ,
സ്പൃഹ ചോദിക്കപ്പെട്ടാൽ–
ത്തണ്ണീരേ പേൎത്തുമൎത്ഥിക്കൂ! 72

69. ഒരു പാതിരിയേ ഈ ഗ്രാമത്തിലുള്ളു; ദേവരൻ വളരെ പാതിരിപ്പൂ ചൂടുന്നുമുണ്ട്. ഇതുകൊണ്ടൂഹിക്കാമല്ലോ, ഇയ്യാളുടെ ഗ്രാമേശഗൃഹഗമനം. ഇതു നല്ലതല്ല; നിൎത്തിക്കണം.

70. മണിമങ്കമാർ = സുന്ദരിമാർ. നീലനീൾമിഴികൾ = കറുത്തു നീണ്ട കണ്ണുകൾ. ഇവൾക്കാകട്ടെ, കണ്ണുകൊണ്ടു നോക്കാനും അറിയാം!

71. രണാഘനകാലഭയം = രണം (അങ്ങയുടെ യുദ്ധം) ആകുന്ന മഴക്കാലത്തെക്കുറിച്ചുള്ള ഭയം. പക്ഷം = പങ്ക് (തുണക്കാർ); ചിറക് എന്നും. പദ്മാശ = ലക്ഷ്മിയി(സമ്പത്തി)ലുള്ള ആശ; പദ്മങ്ങളിലുള്ള ആശ എന്നും. മാനസം ഗമിക്കുന്നു—അങ്ങയുടെ മനസ്സിനെ അനുവൎത്തിക്കുന്നു, അങ്ങേയ്ക്കു കീഴടങ്ങുന്നു. മാനസസരസ്സിലേക്കു പോകുന്നു എന്നും. മഴക്കാലത്തു് അരയന്നങ്ങൾ പേടിച്ചു മാനസസരസ്സിലേക്കു പോകുമത്രേ. പറന്നു എന്നതിന്നു കതിച്ചുപാഞ്ഞു് എന്നു് ഒന്നാമത്തെ അൎത്ഥം.

72. നിസ്വഗൃഹം = ദരിദ്രഭവനം. ആകലത്വം = വല്ലായ്ക. സ്പൃഹ = ഗൎഭിണികൾക്കുണ്ടാകാവുന്ന അഭിലാഷം. എന്തിലാണ് താൽപര്യം എന്നു ചോദിച്ചാൽ അദ്ദേഹത്തിന്നു കഷ്ടപ്പാടുണ്ടാകരുതെന്നു കരുതലാൽ, ഗൎഭിണിയായ ഗൃഹിണി, വെള്ളമേ വേണ്ടു എന്നു പറഞ്ഞൊഴിയും; അതു വേണം ഇതു വേണം എന്നൊന്നും അപേക്ഷിക്കുകയില്ല.

Digitized By Kerala Sahitya Akademi

വേനലിൽക്കുളിച്ചാൽത്തന്നെ തരുണിമാർ രമിപ്പിക്കുമെന്നു്, ഒരുവൻ സുഹൃത്തിനോടഭിപ്രായപ്പെടുന്നു:

വൈകുന്നേരത്തു കുളി-
ച്ചീ,റന്തുണികൊണ്ടു ജഘനവും തുടയും
വെളിവാക്കിയ ചെമ്മിഴിമാ-
ക്ലെരമ്പൻ വില്ലെടുക്കേണ്ടാ! 73

ഒരുവൻ തേവടിശ്ശികളുടെ സർവ്വമോഹനതയെ പ്രതിപാദിക്കുന്നു:

ആരെ വശത്താക്കീലാ,—
ക്കിടിവേകീലാ,ക്കു വറുതി ചേർത്തീലാ,
എന്നെണ്ണിയ വരകുംകണ—
ക്കണ്ടാം, നഖരക്ഷതങ്ങൾ വേശ്യകളിൽ! 74

മറുനാട്ടിൽനിന്നു വന്ന മണാളനെ ഒരുവൾ വിരഹദുഃഖം വൈദഗ്ധ്യത്തോടെ ധരിപ്പിക്കുന്നു:

വിരഹം മന്ദരഗിരിപോ-
ലകമാം പാലാഴിയെക്കടഞ്ഞയ്യോ,
മമ സൗഖ്യങ്ങളെയകലെ-
പ്പോക്കി, രത്നങ്ങളെപ്പോലേ! 75

''ഭർത്താവിന്നു പ്രിയംതന്നേ സദാ ചെയ്യുപോരണ''മെന്നഭിപ്രായപ്പെട്ട സഖിയോടു് ഒരുവൾ ഭർത്താവിൻെറ വിദഗ്ദ്ധതയും ഈർഷ്യയും നെഞ്ചിടിപ്പോടെ പറയുന്നു:

രൂക്ഷരതിയിൽത്തോഷിക്കാ;
കടിലത്തിൽ ശിക്ഷണം വിശങ്കിക്കും;
ഇതിൽവെച്ചധന്യയാം ഞാൻ
പ്രിയനിൽ പ്രിയമെപ്പടിക്കു ചെയ്യേണ്ടു? 76

രതികൗശലം കാണിച്ചതിൽ അന്യഥാ ശങ്കിച്ച പ്രിയനോടു് ഒരുവൾ പറയുന്നു:

പെണ്ണുങ്ങൾക്കാരൊരു ഗുരു,
വിവിധവിലാസാഭിരാമമാം രതിയിൽ?

---

73. ചെമ്മിഴിമാർ—സ്നാനം മൂലം കണ്ണു ചുവന്ന യുവതികൾ കാമചാപാപേക്ഷകൂടാതെതന്നെ പുരുഷന്മാരെ കാമിപ്പിച്ചുകൊള്ളും.

74. ഇടിവു്—വ്രതഭംഗവും മററും. നഖരക്ഷതങ്ങൾ = നഖവ്രണങ്ങൾ.

75. അങ്ങു പോയതിനാൽ, എനിക്കു സർവ്വസുഖവും നശിച്ചു; മേലിൽ എന്നെ വിട്ടു പോകരുതേ; പാലാഴിമഥനകഥ അനുസ്മരിക്കുക.

76. രൂക്ഷരതി = വിലാസരഹിതമായ സംഭോഗം; കടിലത്തിൽ—വിലാസാന്വിതമായ സംഭോഗത്തിൽ. ശിക്ഷണം വിശങ്കിക്കും—'ഇവൾ ഇതൊക്കെ ആരിൽനിന്നു പഠിച്ചു' എന്നു ശങ്കിക്കും. ഒന്നാമത്തേതിൽ പ്രിയൻ ഇഷ്ടപ്പെടില്ല; രണ്ടാമത്തേതിലാകട്ടെ, ശങ്കിച്ചുതുടങ്ങും. പിന്നെ എങ്ങനെ ഭാഗ്യംകെട്ട ഞാൻ പ്രിയംചെയ്യും?

Digitized By Kerala Sahitya Akademi

പഠിയ്ക്കാത്തതുമേവക്കും
പഠിയും, സ്നേഹാനുബന്ധത്താൽ! 77

നായകന്റെ സൗന്ദര്യത്തെ വെളിപ്പെടുത്തിക്കൊണ്ടു ദൂതി നായികയെ കൊതിപ്പിക്കുന്നു:

മേനികാഠിപ്പു, കണ്ടി—
ട്ടില്ല, ഗുണം കേട്ടറിഞ്ഞ നീയവനെ;
പരമാർത്ഥത്തില,യാളെ—
ക്കണ്ടാൽ നിർബ്ബാധമായ്വരാ ഗാത്രം! 78

പുതിയ വിഷയത്തിൽ അനുരാഗം തോന്നിയവൻ മുമ്പനുഭവിച്ചതിനെ ആദരിക്കാതാവുമെന്നു് ഒരുവൻ ചങ്ങാതിക്കു പറഞ്ഞുകൊടുക്കുന്നു:

വേളിയടുത്താൽ,പ്പുതുപെൺ—
ചേച്ചുഴും വരുന്നു ഹൃദയത്തിൽ
കുടികൊള്ളാതായിപ്പോം,
മുമ്പേത്തെപ്പത്നിതൻ സുരതം! 79

കാമബാധ മുഴുത്ത ഒരുവൻ, ദോഷമറിയാമെങ്കിലും രാഗോൽക്കണ്ഠയാൽ പ്രിയയുടെ കൂട്ടുകാരിയോടു പറയുന്നു:

ലോകവിനിന്ദിതമാകാം,
നെറികേടാകാ,മമംഗളവുമാകാം;
എന്നാലും, പുഷ്പവതീ—
ദർശനമേകുന്നു ഹൃദയസൗഖ്യത്തെ! 80

രജസ്വലയെ തൊടാൻ പേടിക്കുന്ന കാന്തനെ അവൾ സവിനയം ശകാരിക്കുന്നു:

പുഷ്പിണിയെത്തൊടുകില്ലെ—
ന്നാലെ,ന്തിനു മുന്നിൽ നില്പു, വാരിതനായ്?
തൊട്ടേക്കാം, ചുളുചുളനെ—
ക്കുത്തിയ കൈകൊണ്ടു പാഞ്ഞണഞ്ഞങ്ങൾ! 81

78. ഒരുത്തി: അയാളെ കണ്ടാൽക്കഴിഞ്ഞു, കാമപീഡിതയായിപ്പോകും; നിനക്കു ദേഹാസ്വാസ്ഥ്യമൊന്നുമില്ലാത്തതുകൊണ്ടു നിശ്ചയിക്കാം, നീ അവനെ കണ്ടിട്ടില്ലെന്നു്. അവന്റെ ഗുണം ആളുകൾ പറഞ്ഞുകേട്ടിട്ടു നീ അടിഞ്ഞിരിക്കുന്നു (അവനു വശപ്പെട്ടിരിക്കുന്നു) എന്നേ ഉള്ളൂ!

80. പുഷ്പവതി = രജസ്വല.

81. വാരിതനായ് = തടുക്കപ്പെട്ടവനായ്; (പോകാനയയ്ക്കപ്പെടാത്തവൻ പോലെ). ഞങ്ങളുടെ (രജസ്വലമാരുടെ) കൈയിന്നു് ഒരു ചുളുചുളെക്കുത്തലുണ്ടു്; അതു മാറാൻ ഓടിവന്നു തൊട്ടു എന്നുവരാം! തൊടരുതെന്നുണ്ടെങ്കിൽ പോയ്ക്കൊൾക.

Digitized By Kerala Sahitya Akademi

നായികയുടെ വിരഹാവസ്ഥ പറഞ്ഞു ദൂതി നായകന്റെ അപരാധം വെളിപ്പെടുത്തുന്നു:

അണി പാഴായ് വിളറി,യുറ—
ങ്ങാഞ്ഞു കലങ്ങിക്കനെത്ത കൺകളുമായ്
ലജ്ജിപ്പൂ, ലജ്ജാവതി—
യപ്പാവം സുഭഗേ, തോഴിമാരിലുമേ! 82

ഗർഭഭാരത്താൽ തളരുന്ന സഖിയെ ഒരുവൾ പരിഹസിക്കുന്നു:

കാന്തനിൽ വിപരീതരതം
കിട്ടാത്തതുകൊണ്ടു ഖേദമെന്തുള്ളോ,
അന്തുള്ളില്ലാ വധുവി—
ന്നി,ഗ്ഗർഭത്തിൻ പെരുംകനംകൊണ്ടും. 83

ദൂതി നായികയുടെ അനുരാഗം വെളിപ്പെടുത്തി നായകനെ ഉൽക്കണ്ഠപ്പെടുത്തുന്നു:

ലോകാപവാദമെല്ലാ—
താ,വോളം ഗുരുജനങ്ങളെത്തള്ളി
കേണാൾ മുഖം തിരിച്ച—
പ്പാവം, നിൻകാഴ്ച മറകയാൽ സുചിരം! 84

പ്രോഷിതഭർത്തൃകയോ, തത്സഖിയോ, നായകന്നു് അയച്ച എഴുത്തു്:

കരൾ കരളിൽ വെച്ചിരിപ്പൂ;
ചിത്രകൃതംപോലെ, നിന്മുഖത്തു മിഴി;
അംഗങ്ങൾ മാത്രമത്രേ,
പുണരൽ കിടയ്ക്കാഞ്ഞു മെലിയുന്നു! 85

വിരഹത്താൽ അത്യന്തദുഃഖിതയായ ഒരുവൾ അഭിജ്ഞയായ സഖിയോടു പറയുന്നു:

വിരഹാൽ മെലിഞ്ഞുപോയ് ഞാൻ;
തീവ്രം വിരഹാഗ്നി; ജീവനിളകുന്നു;
എന്തുരചെയ്യേണ്ടു സഖി?
നീതന്നേ തക്കതറിയുന്നോൾ! 86

---

82. അണി = ആഭരണധാരണം. പാഴായ്—ഹേ സുഭഗേ, ഭവാൻ വരാഞ്ഞതുകൊണ്ടു നിഷ്പ്രയോജനമായി. തോഴിമാരിലും—തോഴിമാരെ കാണുമ്പോൾ പോലും.

83. ഉപരിസുരതവിഘ്നംകൊണ്ടാണു്, വധുവിന്നു് ഏറെ സങ്കടം!

84. ഗുരുജനങ്ങൾ അരികത്തുള്ളതും തീരെ ഗണിക്കാതെ.

85. ചിത്രകൃതം = ചിത്രത്തിൽ വരയ്ക്കപ്പെട്ടതു്. അവളുടെ ഹൃദയത്തിന്നും കണ്ണിന്നും ഭവാന്റെ വിരഹമില്ല. പുണരൽ—ഭവാന്റെ ആലിംഗനം.

86. പ്രിയനെ കൂട്ടിക്കൊണ്ടുവരികതന്നേ, തക്കതു്.

Digitized By Kerala Sahitya Akademi

കലഹാന്തരിതയുടെ വിരഹദുഃഖം ദൂതി നായകനോടു പറയുന്നു:

ത്വദ്വിരഹജാഗരത്താൽ
സ്വപ്നത്തിലുമില്ല, ദർശനസുഖങ്ങൾ;
നോക്കി വിനോദിക്കെന്നതു—
മില്ലാതായ്പ്പോ,യവൾക്കു കണ്ണീരാൽ! 87

അനുരക്തനായ കാന്തനെ ഒരുവൾ ശകാരിക്കുന്നു:

അന്യാപരാധകുപിതൻ
കനിയും, കാലേന വല്ലമട്ടിലുമേ;
ദ്വേഷാപരാധകുപിതനെ—
യെങ്ങനെ കനിയിക്കവേണ്ടു ഞാൻ? 88

ഉള്ളിൽത്തട്ടാതെ പെരുമാറി പ്രിയം പറയുന്ന നായകനെ ഒരുവൾ നിന്ദിക്കുന്നു:

കാണാൻ വരും, പുലമ്പും
പ്രിയ,മങ്ങയ്ക്കിത്രതന്നെ സദ്ഭാവം;
സുഭഗേ, കഥിക്ക; ശരിക്കാ—
രാ,രുടെ ഹൃദയം പൊളിച്ചു കാണിക്കും? 89

ഒരുവൾ അസ്ഥിരസ്നേഹനായ ഭർത്താവിനെ അന്യാപദേശേന ശകാരിക്കുന്നു:

വെള്ളം കിടച്ചിലപ്പോൾ—
ത്തല പൊന്തിക്കുന്നു, കേമമായ്ച്ചിലപേർ;
തീർന്നാൽക്കുനിയുന്നു ചിരം;
കെട്ടപൂരുഷർ തേക്കുകുട്ടകൾക്കൊപ്പം! 90

ഒരു തിമിരാഭിസാരിക, ദിക്കിലെങ്ങും വെണ്ണിലാവു പരന്നതിനാൽ പ്രിയസംഗമം ലഭിക്കാഞ്ഞു്, നെഞ്ചിടിപ്പോടെ ആത്മഗതമായി പറയുന്നു:

പ്രിയസംഗമം മുടക്കാൻ
വാൻപൊയ്കയിലെത്രയാം, നിലാവെള്ളം;

88. അന്യാപരാധകുപിതൻ = മററപരാധങ്ങൾ (അനുസരിക്കായ്ക മുതലായവ) കൊണ്ടു കോപിച്ചവൻ; ദ്വേഷാപരാധകുപിതൻ = ദ്വേഷം (അദ്ദേഹത്തിനു എങ്കൽ സ്നേഹമില്ലായ്ക) ആകുന്ന അപരാധത്തിൽ അരിശംകൊണ്ടവൻ. എങ്കൽ അദ്ദേഹത്തിന്നു സ്നേഹമില്ലായ്കയാണു്. എന്റെ അപരാധം!

89. സദ്ഭാവം = ഉള്ളിൽത്തട്ടൽ. അങ്ങയുടെ വാക്കു് അമൃതു്; മനസ്സു വിഷം!

90. തീർന്നാൽ—കിട്ടിയ വെള്ളം അവസാനിച്ചാൽ. "ജീവനഗ്രഹണേ നമ്രാ ഗൃഹീത്വാ പുനരുന്നതാഃ; കിം കനിഷ്ഠാ കിമു ജ്യേഷ്ഠാ ഘടീയന്ത്രസ്യ ദുർജ്ജനാഃ?"

Digitized By Kerala Sahitya Akademi

തിങ്കളൊളിയോവിലൂടേ
കത്തിയൊലികുന്നു, നില്ലാതേ! 91

നായികയുടെ അനുരാഗം ദൂതി നായകന്റെ അടുക്കൽ സൂചിപ്പിക്കുന്നു:

സുന്ദരതരുണർ നിറഞ്ഞോ-
ടത്തും ഭവദീയദർശനം തേടി,
കാട്ടിൽപ്പോലിണ്ടലൊടേ
ചുററിനടക്കുന്നു, സാധ്വിയിൻ നോട്ടം! 92

ഒരു പ്രോഷിതഭർത്തൃകയുടെ വിരഹാവസ്ഥയെ സഖി തൽകാന്തസമീപത്തേക്കു പോകുന്ന പഥികനോടു പറയുന്നു:

ശ്രുണ്ഠിമുഴുത്തവളാകും
ശ്വശ്രുവിനെയും ഗതപ്രിയ സ്നുഷയാറം
കരയിച്ചാറം, കാല്ക്കൽ നമി-
ച്ചപ്പോറം വള രണ്ടുമൂന്നുവീണതിനാൽ! 93

മറുനാട്ടിൽ പോകാനൊരുങ്ങിയ കാന്തന്റെ യാത്ര നിർത്തിപ്പാൻ ഒരുവറം വേനൽവെയിലിന്റെ ദുസ്സഹത്വം വർണ്ണിക്കുന്നു:

വേനലിലുച്ചയ്ക്കതിദു-
സ്സഹമാം വെയിലേററു വേകയാൽക്കാട്ടിൽ
കരയുന്നുവെന്നു തോന്നും,
കടുചിലികിടൊലികൊണ്ടു വൃക്ഷങ്ങറം! 94

''സങ്കേതമാക്കപ്പെട്ട സരസ്തീരത്തു ഞാൻ പോയി, താങ്കറം വന്നില്ല'' എന്നു ജാരനെ ധരിപ്പിക്കാൻ ഒരുവറം താമരക്കുളത്തെ വർണ്ണിക്കുകയെന്ന വ്യാജേന സഖിയോടു പറയുന്നു:

മുമ്പേ ചേർന്ന നറുംതേൻ-
കൊതിയന്മാരളികറം മുളമൊച്ചയൊട്ടും
വിരിയുന്നു, വിഭാവസുവിൻ
കതിർനിര ചുംബിച്ച കമലവനം. 95

91. വാൻപൊയ്ക = ആകാശമാകുന്ന സരസ്സ്. തിങ്കളൊളിയോവ് = ചന്ദ്രരശ്മിയാകുന്ന ഓവ്.

92. എത്ര സുന്ദരന്മാരുണ്ടായാലും, ആ സ്ഥലം ആ സാധ്വസ്ത്രീക്കു അങ്ങയെ കണ്ടില്ലെങ്കിൽ, വെറും കാടുപോലെ ശൂന്യമാണു!

93. ഗതപ്രിയ = പ്രിയൻ പോയവറം, പ്രോഷിതഭർത്തൃക. വള രണ്ടും ഊരി വീഴത്തക്കവണ്ണം മെലിഞ്ഞിരിക്കുന്നു, സ്നുഷ. അതു കണ്ടപ്പോറം, ശ്രുണ്ഠിക്കാരിയായ ശ്വശ്രൂവിപോലും കരഞ്ഞുപോയി!

94. അചേതനങ്ങറംപോലും കരയുന്നു, അപ്പോറം, സചേതനരുടെ അവസ്ഥ എന്തായിരിക്കും! ചികിടിനെ ചിലർ ചീവീടെന്നു പറയുന്നു.

95. മുമ്പേ ചേർന്ന—മുൻകൂട്ടി വന്നുചേർന്ന. അളികറം = വണ്ടുകറം. വിഭാവസു = സൂര്യൻ. കമലവനം = താമരക്കുളം.

Digitized By Kerala Sahitya Akademi

മാനവതിയുടെ കോപം നീക്കാൻ നായകനെ പ്രേരിപ്പിക്കേണമെന്നു ദൂതി നായകൻെറ കൂട്ടുകാരനോടു പറയുന്നു:

പ്രിയനുടെ ഗോത്രസ്ഖലനം
കേട്ടതിനാലീ മഹോത്സവദിനത്തിൽ,
നോക്കുവിന,വളുടെയണി,യൊരു
ബലിമഹിഷത്തിൻെറ മാലപോലായ്പ്പോയ്! 96

കാന്തനെ കൊണ്ടുവരുന്നതിൽ സഖിയെ തിടുക്കപ്പെടുത്താൻ ഒരുവൾ ദുസ്സഹമായ വിരഹാവസ്ഥയെ വിവരിക്കുന്നു:

മണമണെയായ് മലയക്കാ-
റ്റെ;–ന്നെ ശ്വശ്രു പുറത്തയയ്ക്കില്ല;
അങ്കോലസൗരഭത്താൽ–
ച്ചത്തവരും ചത്തുപോയവർതാൻ! 97

ഒരുവൻെറ സമാഗമോദ്യമം നിരസിപ്പാൻ ദൂതി ദമ്പതിമാരുടെ അന്യോന്യാനുരാഗം വർണ്ണിക്കുന്നു:

പതി നോക്കിടു,മവൾതൻ മുഖ;–
മവളും സൂക്ഷിച്ചുനോക്കി മത്താടും;
മററില്ല പെണ്ണുമാണും
മന്നിൽ,ച്ചരിതാർത്ഥരിരുപേർക്കും! 98

കുശലം ചോദിച്ച ഒരുത്തിയോടു് ഒരു പ്രോഷിതഭർത്തൃകയുടെ മറുപടി:

എവിടെക്കുശലം, കുശലം?
കുറുമാവൊന്നെൻപടിക്കലുണ്ടല്ലോ;

---

96. ഗോത്രസ്ഖലനം = പേർ മാറുക; മറെറാരു സ്ത്രീയുടെ പേരുകൊണ്ടു വിളിക്കുക. ബലിമഹിഷത്തിൻെറ (ദേവിക്കു വെട്ടാൻ നിർത്തപ്പെട്ട പോത്തിൻെറ) മാല അതിൻെറ ആസന്നമരണത്വത്തെയാണല്ലോ സൂചിപ്പിക്കുന്നതു്; അതുപോലെ, അവളുടെ ആഭരണധാരണവും, നായകൻ അനുനയിക്കാത്തതിനാൽ, മരണസൂചകമായിരിക്കുന്നു. അവൾ അഭിമാനത്താൽ മരിച്ചുപോകുന്നതിനുമുമ്പ് അനുനയിക്കണം.

97. മണമണെയായ്—അതിസൗരഭ്യത്തെ പരത്തുന്നു. സുഗന്ധിമലയമാരുതനാൽ ഉദ്ദീപിതമദനയായ ഞാൻ ഹൃദയം പൊട്ടി മരിച്ചേക്കുമെന്നു കരുതി ശ്വശ്രു എന്നെ പുറത്തേക്കു വിടില്ല. എന്നാൽ, ഗൃഹത്തിൽത്തന്നെയിരുന്നു് അങ്കോലസൗരഭ്യമേററു ഞാൻ മരിച്ചുപോകും; ആ മരണവും മരണംതന്നെയാണല്ലോ! ഞാൻ അങ്ങനെ മരിക്കുന്നതിനുമുമ്പ് പ്രിയനെ കൂട്ടിക്കൊണ്ടുവരിക.

98. സൂക്ഷിച്ചുനോക്കി—ഭർത്താവിൻെറ മുഖം ഉററുനോക്കി. മത്താടും—ആനന്ദോന്മത്തയായിത്തീരും. അങ്ങനെ ചാരിതാർത്ഥ(കൃതാർത്ഥ)രായ അവരിരുവരുടേയും അഭിപ്രായത്തിൽ, ഭൂലോകത്തു വേറെ ഒരു സ്ത്രീയുമില്ല, വേറെ ഒരു പുരുഷനുമില്ല! ഇങ്ങനെ ഭർത്താവിനെ മാത്രം പുരുഷനായി ഗണിക്കുന്ന പരമപതിവ്രതയെ പ്രാപിക്കാൻ താങ്കൾ ഉദ്യമിക്കുന്നതു വെറുതെയാണു്.

Digitized By Kerala Sahitya Akademi

അതിനുടെ മുകപ്പിൽനിന്നൊരു
വിന പൊട്ടിമുളച്ചിരിക്കുന്നു! 99

നായകൻ മറുനാട്ടിൽപ്പോകയാണെന്നറിഞ്ഞിട്ടു നായികയിൽ അഭിയോഗംപൂണ്ടു ജാരനെ നിരസിപ്പാൻ ദൂതി പറയുന്നു:

വിടചോദിക്കുമ്പൊഴുതൊളി—
മങ്ങിയ പത്നീമുഖമുറ്റു നോക്കുകയാൽ
അഴലിൻചങ്ങല കെട്ടിയ
പഥികനു, നടക്കയേ വയ്യാ! 100

രസികപ്രിയമായ്ക്കവിവര—
കവിവത്സലമുഖ്യർ തീർത്തോരെഴുന്നൂറിൽ
അഞ്ചാമത്തെഗ്ഗാഥാ—
ശതകമിതാ, പൂർണ്ണമായ്ത്തീർന്നു.

ആറാം ശതകം

ജനാപവാദഭയംമൂലം പ്രിയതമനെ യഥേഷ്ടം നോക്കിക്കാണാത്ത ഒരു കുലട സഖിയോടു പറയുന്നു:

ഊശിത്തുളയിലുലക്ക—
ത്തണ്ടു കടത്തുന്ന കെട്ടജനംമൂലം,
ഏകഗ്രാമസ്ഥിതിയിലു—
മിരുകണ്ണാൽ നോക്കിയില്ല, കാന്തനെ ഞാൻ! 1

ഭർത്താവു പോയാൽ താൻ മരിച്ചേക്കാമെന്നു സൂചിപ്പിച്ചുംകൊണ്ടു് ഒരുവൾ ഭർത്തൃയാത്ര നിർത്തിക്കാൻ സഖിയോടു പറയുന്നു:

ഇന്നൊരുനാൾമാത്രം ഞാൻ
കരയട്ടേ; സഖി, തടുത്തിടായ്കെന്നെ;
കാലത്തവൻ ഗമിച്ചാൽ—
ച്ചാകാതെയിരിക്കിൽ ഞാൻ കരയാ! 2

99. കുറുമാവു് = കുറിയ (പൊക്കം കുറഞ്ഞ) ചൂതവൃക്ഷം. വിന = ആപത്തു്; പൂമൊട്ടിനെ ആപത്താക്കിക്കല്പിച്ചിരിക്കുന്നു. മാവു പൂക്കുന്ന വസന്തകാലം വന്നിരിക്കെ, ഒരു വിരഹിണിക്കുണ്ടോ കുശലം!

100. വിരഹകാതരയായ പത്നിയുടെ വിവർണ്ണമുഖം കണ്ടതോടേ പഥികന്നു (പോകാൻ പുറപ്പെട്ട നായകന്നു) കാൽ നീങ്ങാതായി! നായകൻ പോയാൽ തന്നെയും, ഇത്ര ഭർത്തൃപ്രേമവതിയായ നായികയെ എങ്ങനെ ഭേദനു കിട്ടും?

1. ഊശി...മൂലം—ശപിക്കപ്പെട്ട ആളുകൾ ഇത്തിരി വല്ലതും കണ്ടാൽ അത്രയേറെ പഴി പറയും; അതു പേടിച്ചിട്ടു്. ഏകഗ്രാമസ്ഥിതി = ഒരേ ഗ്രാമത്തിൽ വസിക്കൽ.

2. കാലത്തു് = രാവിലെ.

Digitized By Kerala Sahitya Akademi

രജസ്വലയായ ഒരു യുവതിയുടെ വൈദഗ്ദ്ധ്യം ഒരുവൾ സഖിക്കുപദേശമായി പറയുന്നു:

'വരികെ'ന്നു വല്ലഭതമൻ
വിളിക്കവേ, ലജ്ജയാൽ മുഖം താഴ്ത്തി,
കാൺക, കുനിഞ്ഞു ചിരിച്ചാൾ,
ജഘനത്തിൽത്തുകിലിരട്ടി ചുററിയവൾ! 3

ഒരുവൻ യുവതിയുടെ കടാക്ഷം വർണ്ണിച്ച്, തന്റെ അഭിലാഷം വെളിപ്പെടുത്തുന്നു:

കൊല്ലില്ലേതൊരുവനെ നീ
മുഗ്ദ്ധേ, രക്താന്തമായി നിശിതവുമായ്
പുരികച്ചിലമേൽച്ചേർത്തെ-
യ്തിടുമിക്കടക്കൺമുനക്കണയാൽ? 4

നായികയുടെ അനുരാഗാതിശയം ദൂതി ജാരനോടു പറയുന്നു:

ഒലി കേട്ടിട്ടു ഭവാനെ-
ക്കാണ്മാനവൾ പോന്നു വെളിയിലെത്രയടി,
അത്രയടി വേണ്ടിവന്നൂ
താങ്ങൽ, ഭവാൻ കൺമറഞ്ഞപ്പോൾ! 5

''നീയെന്തേ ഇങ്ങനെ മെലിഞ്ഞു പോയതെ''ന്നു ചോദിച്ച അമ്മായിയോട് ഒരുവൾ പറയുന്നു:

മാമി, പിണക്കവുമരിശവു-
മേശാതവികാരമിഴികൾകൊണ്ടല്ലോ
നോക്കുവതൊ,രുവളെയൊരുവൻ
പോലെ; ഞങ്ങനെ മെലിയുകില്ലെങ്ങൾ? 6

മകളുടെ സൗഭാഗ്യത്തെ സൂചിപ്പിക്കുന്ന വല്ലതുമൊന്നു മതി, അമ്മയ്ക്കു സന്തോഷിപ്പാനെന്ന്, ഒരുവൾ സഖിയോടുപദേശിക്കുന്നു:

കാററാലുടുതുകിൽ നീങ്ങിയ
തുടമേൽപ്പല്ലിന്റെ പാടു കാൺകയാൽ,

---

3. താൻ രജസ്വലയായിരിക്കുന്നു എന്നു ലജ്ജാസ്മിതംകൊണ്ടറിയിച്ചു.

4. രക്താന്തം = അററം ചുടുത്തതു്; ചോര പററിയതു് എന്നും. ചില = വില്ല്. കണ = ശരം. എന്നെ നീ സ്വീകരിക്കാഞ്ഞാൽ ഞാൻ ചത്തുപോകും!

5. കാണാൻ കൊതിച്ചു പുറത്തേക്കു പോന്നപ്പോൾ അവൾ ക്ലേശം അറിഞ്ഞില്ല; ഭവാൻ ദൃഷ്ടിപഥത്തിൽനിന്നു മാഞ്ഞപ്പോളാകട്ടെ, അവളെ ആളുകൾ താങ്ങിപ്പിടിച്ചാണ്, ഗൃഹത്തിലേക്കു തിരിയെ കൊണ്ടുപോയതു്.

6. അവികാരമിഴികൾ = നിർവ്വികാരനേത്രങ്ങൾ. ഒരുവളെയൊരുവൻ പോലെ—അദ്ദേഹത്തിന്റെ നോട്ടം കണ്ടാൽ, ഞാനുമായി അദ്ദേഹത്തിനു് ഒരു ബന്ധവുമില്ലെന്നു തോന്നും. പ്രിയതമന്റെ ഈ ഔദാസീന്യം ഞങ്ങളെ (സ്ത്രീകളെ) ചടപ്പിക്കുകില്ലയോ?

Digitized By Kerala Sahitya Akademi

നിധികുംഭമായ കണ്ടോ—
ലെന്നവിധം ഇഷ്ടയായ് വധൂജനനി! 7

ഒരുവൾ, തന്റെ ഈർഷ്യാദോഷത്തെ പരിഹരിച്ചുകൊണ്ടു്, സ്നേഹാനുവൃത്തിക്കായി പ്രിയനോടു പറയുന്നു:

മനസി വസിക്കുന്നു ഭവാൻ,
മുഷിയാറില്ലെ;ങ്കിലും ബഹുസ്നേഹാൽ
ശങ്കിക്കുന്നു ഭവാനെ,—
പ്പെണ്ണുട്ടാൽധൈര്യമറ്റെങ്ങൾ! 8

ഭാര്യയ്ക്കധീനനായ ഒരു യുവാവിങ്കൽ അഭിലാഷം ജനിച്ച ഒരുവൾ നിർവേദംപൂണ്ടു തന്റെ ഹൃദയത്തോടു പറയുന്നു:

വേറെയുമെന്തോ പിണയാം;—
മഴൽകൊണ്ടേ മങ്ങിടേണ്ട ജഡമനമേ;
അന്യാധീനജനത്തെ—
ത്തേടുന്ന നിനക്കിതെത്രയുണ്ടാം? 9

കാന്തനു മറ്റൊരുവളിൽ അനുരാഗം, അവൾക്കു് അവങ്കൽ ദ്വേഷം, തനിക്കു് അവങ്കൽ അനുരാഗം, അവനു തങ്കൽ ദ്വേഷം എന്നിവയെ സൂചിപ്പിച്ചു് ഒരുവൾ കാന്തനോടു പറയുന്നു:

നിങ്കൽ ദ്വേഷമെഴുവൾക്കോ
നീച, നിനക്കോമലാൾ നിതാന്തമവൾ
എന്നതറിഞ്ഞിട്ടും ഞാ—
നരിശംകൊണ്ടീല, ശപ്തരാഗത്താൽ! 10

മറ്റൊരു പ്രിയയുടെ നൈപുണ്യം പുകഴ്ത്തുന്ന കാന്തനോടു് ഒരുവൾ ഈർഷ്യയോടേ പറയുന്നു:

ശരി, ഗുണരൂപകതിരാ—
ണവൾ; ശരി, ഞാൻ സുഭഗേ, നിർഗ്ഗുണപ്പെണ്ണും;

---

7. പല്ലിന്റെ പാടു്—ദന്തവ്രണത്തിന്റെ വടു. ഇതുകൊണ്ടറിയാമല്ലോ, മകളിൽ ഭർത്താവിനുള്ള പ്രേമം; അതു് അമ്മയ്ക്കു് ഒരു നിധികുംഭം കണ്ടെത്തൽ തന്നെ!

8. മനസി = മനസ്സിൽ. ബഹുസ്നേഹാൽ = സ്നേഹാതിരേകംമൂലം. പെണ്ണുട്ടാൽ = സ്ത്രീസ്വഭാവത്താൽ. ശങ്കിക്കുന്നു—ഇപ്പോൾ അങ്ങയ്ക്കു സ്നേഹമുണ്ടെങ്കിലും മേലിൽ ഇല്ലാതായാലോ എന്നു സംശയിച്ചുപോകുന്നു. ഈ അധീരത സ്ത്രീകളുടെ സ്വഭാവമാണു്.

9. ജഡമനമേ (മൂഢഹൃദയമേ). നീ ദുഃഖംകൊണ്ടു മാത്രം മങ്ങേണ്ട; വേറെയും വല്ലതും (മരണം എന്നു സാരം) പററാം. അന്യസ്ത്രീയ്ക്കു് അധീനനായ പുരുഷനെ തേടുന്ന നിനക്കു് ഇതു് (ഈ ദുഃഖം) എത്രയുണ്ടു്? മരണംതന്നെ വന്നേക്കാം!

10. നീ, നിങ്കൽ ദ്വേഷമുള്ളവളെ സ്നേഹിക്കുന്നു; സ്നേഹമുള്ള എന്നെ സ്നേഹിക്കുന്നുമില്ല. ഇതറിഞ്ഞിട്ടും ഞാൻ കോപിക്കാഞ്ഞതു്, ശപ്തരാഗ(ശപിക്കപ്പെട്ട പ്രേമ)ത്താലത്രേ!

Digitized By Kerala Sahitya Akademi

പറക,വളൊട്ട കിടനില്ലാ—
ത്തവരെല്ലാം ചത്തുകൊള്ളണമോ? 11

ദുർല്ലഭോഭിലാഷിണിയായ സ്വഗൃഹവധുവിനെക്കുറിച്ചു വൈരാഗ്യമുളവാക്കാൻ ഒരുവൻ മകനോട്ട പറയുന്നു:

ഇല്ലത്തുള്ളളുമില്ലാ—
ത്തുമെവരറിയുന്നു ദുഃഖവും സുഖവും,
അവരാണു മാതർ, മകനേ;
മററവർ മനുജൎക്കു പാഴ്ജരകം! 12

ഒരുവൾ കുലവധൂനടപടി സഖിക്കു പറഞ്ഞുകൊടുക്കുന്നു:

പഴിയിൽ പുഞ്ചിരി കൊള്ളുക;
പണിയേറെയെടുക്ക മെയ്ത്തളൎച്ചകളിൽ;
കലഹത്തിങ്കൽക്കരയുക;
നന്മകൾതൻ നടപ്പി,താകുന്നു. 13

ജനാപവാദഭയത്താൽ പ്രിയതമൻ സംഭാഷണം ചെയ്വാഞ്ഞതിൽ മുഷിയരുതെന്നഭിപ്രായപ്പെട്ട ദൂതിയോട്ട് ഒരുവൾ പ്രണയകോപത്തോടേ പറയുന്നു:

സംസാരിക്കുകവേണ്ടാ,
നാട്ടുനടപ്പല്ലിതെന്ന കരുതലിനാൽ;
മുന്നിലണഞ്ഞാലഹിതൻ—
തന്നിലുമാർ കണ്ണയയ്ക്കില്ലാ? 14

സങ്കേതത്തിൽ സമയത്തിനെത്താത്ത പ്രിയയോട്ട് ഒരുവൻ ഉദ്വേഗംപൂണ്ടു പറയുന്നു:

പ്രിയവസ്തു വശഗമായാൽ—
ച്ചരിതാൎത്ഥത തോന്നുമേ ദരിദ്രനും;
പ്രിയരഹിതനാം പുമാനോ;
ക്ഷിതി കിട്ടുകിലും ദരിദ്രൻതാൻ! 15

പ്രിയതമനെ കിട്ടാഞ്ഞു് ഉള്ളിലുള്ള സ്നേഹത്തെ ലോകഭയംമൂലം മറച്ചുവെയ്ക്കുന്ന ഒരുവളോട്ട സഖി പറയുന്നു:

എന്തിനഴൽ? കരയലെന്തി—
ന്നോ?—രോരുവനോട്ടമെന്തിനരിശം തേ?

---

11. കതിർ = രശ്മി. സ്വഭഗ—സംബുദ്ധി.

12. മാതർ—ഗൃഹിണീപദാൎഹകളായ സ്ത്രീകൾ. പാഴ്ജരകം—നാശഹേതുക്കൾ.

14. അഹിതൻ = ശത്രു. എന്നെ ഒന്നു നോക്കാമായിരുന്നില്ലേ? അയാൾ അതും ചെയ്തില്ലല്ലോ!

15. പ്രിയരഹിതൻ—പ്രിയവസ്തുവശഗമാകാത്തവൻ.

Digitized By Kerala Sahitya Akademi

തടയാനാരാളാകും
സുതനു, വിഷംപോലെ വിഷമമാം പ്രേമം? 16

കൂട്ടാക്കാത്തവളെ സമ്മതിപ്പിക്കാൻ ദൂതി സ്വാനുഭൂതങ്ങളുടെ തന്നെ അനിത്യതയെ പ്രതിപാദിക്കുന്നു.

അത്തരുണരെ,ഞങ്ങളുടെയാ
യൗവന,മാ ഗ്രാമവിഭവ,മൊക്കെയുമേ
കഥയായ്ച്ചൊല്ലുന്നു ജനം;
ഞങ്ങളുമതു കേട്ടുപോരുന്നു! 17

കാന്തനാൽ ആണയിട്ടു് താനുനയിക്കപ്പെടുന്നവൾ കാന്തനോടു് ഉദ്വേഗപൂർവം പറഞ്ഞതു സഖി സഖിയോടു പറയുന്നു:

കവിൾ—ചുണ്ടുകളിൽക്കണ്ണീർ
വാർന്നവൾ പൊന്നാൾ വിലക്ഷഹാസിനിയായ്:
''ഇനിയും കോപിക്കുകയോ?
ശപഥത്തിലിരിക്കയായ് പ്രേമം!'' 18

പ്രിയന്റെ സ്നേഹക്കുറവിനെ സൂചിപ്പിച്ചു സഖി സഖിയോടു നിർവേദപൂർവം പറയുന്നു:

ചുംബിച്ചുപോന്നിതാര—
ത്യാസ്ഥയൊടെൻ മഞ്ഞനെയ്യു തേച്ച മുഖം,
ഇന്നു മടിക്കുന്നിതവൻ,
പണ്ടമണിഞ്ഞാലുമൊന്നു തൊടാൻ! 19

ഒരുവളുടെ മുഷിഞ്ഞ വസ്ത്രം കണ്ടിട്ടു് ഒഴിഞ്ഞുപോകുന്ന യുവാവിനോടു ദൂതി പറയുന്നു:

വസ്ത്രമിരുണ്ടവളെന്നോ—
ർത്തി,വളെയുപേക്ഷിച്ചു പോകൊലാ താങ്കൾ;
പട്ടായാലുമുടുത്തതു
സുരതത്തിലഴിച്ചു നീക്കിടുമേ! 20

---

16. സുതനു = ഹേ സുന്ദരി. പ്രേമമാണു് നിന്റെ ദുഃഖത്തിനു് ഹേതു; നീ വെറുതെ ആളുകളുടെനേരെ ചുണ്ടിയെടുക്കുന്നതെന്തിനു്?

17. ഇത്രയും നശ്വരമത്രേ സംസാരം; എന്നിരിക്കെ, അത്രയും വിദഗ്ധനായ പ്രിയനെ നീ ത്യജിക്കുന്നതെന്താണു്?

18. വിലക്ഷഹാസിനി=പന്തിയല്ലാതെ ചിരിച്ചവൾ. അങ്ങയുടെ പ്രേമം ആണയിടലായിക്കഴിഞ്ഞിരിക്കുന്നു; എന്നിട്ടും ഞാൻ കോപിച്ചുകളയുമോ?

19. രജസ്വലാദശയിലും എന്നെ അത്യാദരവോടെ ചുംബിച്ചിരുന്നവൻ, ഇന്നു ഞാൻ ആഭരണമണിഞ്ഞാലും, തൊടാൻ മടിക്കുന്നു; ഇത്ര നിസ്സ്നേഹനായിത്തീർന്നിരിക്കുന്നു.

Digitized By Kerala Sahitya Akademi

അതിയായ പ്രണയകോപം നന്നല്ലെന്നു്, ദൂതി മാനിനിയെ അനുനയിക്കുന്നു:

ശരിതന്നേ; കലഹത്തിൽ—
കലഹത്തിൽപ്പുത്തനായ്‌വരും, സുരതം;
എന്നാൽ മനസ്വിനി, പെരും—
മാനം പ്രേമത്തെ വേരറുത്തേക്കും! 21

അനുനയം സ്വീകരിക്കപ്പെടാഞ്ഞതിൽ മുഷിഞ്ഞ പ്രിയൻ തള്ളിക്കളഞ്ഞ കലഹാന്തരിത പശ്ചാത്താപംപൂണ്ടു ദൂതിയോടു പറയുന്നു:

മാനപ്പിച്ചു പിടിച്ചോ,രു
ഹേതുവുമില്ലാതെ പിഴ ചുമത്തിയ ഞാൻ
കാണാതാക്കി മുടിച്ചേൻ
പ്രേമത്തെ,യറുത്തുചൊന്നതിനാൽ. 22

അനുനയിക്കുന്ന അപരാധിയെ ഒരുവൾ നേരമ്പോക്കിൽ ശകാരിക്കുന്നു:

പ്രിയനോടുമപ്രിയനൊടും
ബഹുവല്ലഭ, സേവതന്നെ പറയാനും
കുപിതനു തെളിവേററാനും
താങ്കളിൽനിന്നഭ്യസിക്കണം, ലോകം. 23

സ്നേഹം കുറഞ്ഞുതുടങ്ങിയ കാന്തൻെറ കൃതഘ്നത ഒരുവൾ സഖിയോടു പറയുന്നു:

ആർക്കായ് ലജ്ജ വെടിഞ്ഞു,
നെറിവു കെടുത്തീ പരത്തി ദുഷ്പേരും,
ആയാളല്ലിയൊരാളായ്
മാറിയതെ,ന്നോമനത്തോഴി! 24

ഒരുവൾ കുലവധൂസമ്പ്രദായം സഖിയെ പഠിപ്പിക്കുന്നു:

പൽ കാട്ടാതെ ചിരിക്കും;
ലാത്തും, കോലായിൽനിന്നിറങ്ങാതേ;

---

21. പെരുംമാനം—അനുനയംകൊണ്ടും ശമിക്കാത്ത കനത്ത പ്രണയകോപം.

22. പിഴ ചുമത്തിയ—പ്രിയനിൽ അപരാധമാരോപിച്ച. കാണാതാക്കി—ഇപ്പോൾ പ്രിയനെ കാണുന്നതേ ഇല്ല. അറുത്തുചൊന്നതിനാൽ—ഇനി ഞാൻ അങ്ങയെ തൊടില്ല എന്നു് അറുത്തുമുറിച്ചു പറഞ്ഞതുകൊണ്ടു്.

23. ബഹുവല്ലഭ – വളരെ പ്രിയമാരുള്ളവനേ. തെളിവേററാനും കോപശമനം വരുത്താനും. സേവപറയലിലും മററും അങ്ങേയ്ക്കുള്ള നൈപുണ്യം ലോകോത്തരംതന്നെ!

24. ഞാൻ ആർക്കുവേണ്ടി ലജ്ജവിട്ടു്, ചാരിത്രം നശിപ്പിച്ചു്, അകീർത്തി പരത്തിയോ, അവൻ ഒരാളായി (എന്നെ കാണുകയേ ചെയ്തിട്ടില്ലാത്ത ഒരപരിചിതനായി) മാറിയിരിക്കുന്നുവല്ലോ!

Digitized By Kerala Sahitya Akademi

നോക്കും വദനാംബുജത്താ—
തി;—ഇതന്നേ, കുലവധൂമാർഗ്ഗം. 25

സ്വത്തൊന്നുമില്ലായ്കയാൽ ഒരുവനാൽ നിന്ദിക്കപ്പെടുന്ന നായകന്റെ ഗുണാതിശയം ദൂതി നായികയെ അനുകൂലിപ്പിക്കാനായി അന്യാപദേശേന പറയുന്നു:

ഉടലിൽപ്പൊടിയും ചളിയും;
പുല്ലുകൾ തിന്നാണു നാൾ കഴിക്കുവതും;
എങ്കിലു,മാനത്തലവൻ
ചൂടുന്നൂ പുകൾമിഴാവു തുംഗതയാൽ! 26

ഒരു ഭടസ്ത്രീയും, അവളെ പിടിച്ചുകൊണ്ടുപോയ ചോരനും തമ്മിൽ നടന്ന സംഭാഷണം ഒരുവൾ സഖിയെ അറിയിക്കുന്നു:

''എന്തു നടക്കുന്നൂ? നിന—
ക്കെന്തു കുറുമ്പി,ത്രമെല്ലെ നടകൊൾവാൻ?''
പൽകാണാച്ചിരിതൂകി—
ബ്ബന്ദികയാൾ ചൊല്ലി;—''ചോര, നീയറിയും!''

ഒരുവന്റെ ആവശ്യം നിരസിപ്പാൻ ദൂതി, നായികയ്ക്കു് ഋതുകാലത്തുപോലും തരം കിട്ടില്ലെന്നു് അറിയിക്കുന്നു:

പൃഥുകണ്ണീരൊടു കേണാർ
പുഷ്പിണിയാൾതൻ സപത്നിമാരെല്ലാം,
മുടിമഞ്ഞനെയ്യു പതിയുടെ
കൈമേൽ പററിയതു കാണുകയാൽ! 28

ഒരുവൻ അനുരാഗാതിശയത്താൽ രജസ്വലയോടു പറയുന്നു:

മാഴ്കും മാഴ്കട്ടെ ജനം;
പററും ദുഷ്പേര,തൊന്നു പററട്ടേ;
വരികെ,ന്നരികേ മുഴുകുക;
നിദ്ര വരുന്നില്ല പുഷ്പിണി, മേ! 29

---

26. പുകൾമിഴാവു് = യശസ്സിനെ ഘോഷിക്കുന്ന മിഴാവു് (ഒരുതരം വാദ്യം). തുംഗത = പൊക്കം; ഉൽക്കർഷം.

27. പൂർവ്വാർദ്ധം ചോരന്റെ ചോദ്യം; അതിന്നു ബന്ദിക (ബലാൽഗൃഹീത)യുടെ മറുപടി: നീയറിയും. എന്റെ വീരനായ ഭർത്താവു് ഉടനടി എന്നെ വിടുവിക്കാൻ വന്നെത്തും; അപ്പോൾ നീ അനുഭവിക്കും, നിന്റെ തെമ്മാടിത്തത്തിന്റെ ഫലം! മഹത്വമുള്ളവരുടെ മനസ്സു് ആപത്തിലും ഉന്നതംതന്നെയായിരിക്കുമെന്നു വ്യഞ്ജിക്കുന്നു.

28. ഋതുകാലത്തും ഇവളെ ഭർത്താവു വിടുന്നില്ല; ഇതിൽ സപത്നിമാർക്കു വലിയ സങ്കടം! മുടിമഞ്ഞനെയ്യ്—ദേശാചാരാനുസാരേണ രജസ്വലമാർ തലമുടിയിൽ പുരട്ടുന്ന 'മഞ്ഞൾഘൃതം'.

29. ഞാൻ രജസ്വലയായ നിന്നെ സ്പർശിച്ചതറിഞ്ഞാൽ ജനം (ഗൃഹത്തിലെ ആളുകൾ) വ്യസനിക്കും; വ്യസനിച്ചുകൊള്ളട്ടെ. മുഴുകുക—ആരും കാണാത്തവിധം പററിച്ചേരുക.

Digitized By Kerala Sahitya Akademi

ഒരുവൾ അനുരാഗാതിശയം വ്യഞ്ജിപ്പിച്ചുകൊണ്ടു് ഒരു യുവാവിനോടു പറയുന്നു:

നോക്കിയ ദിക്കിൽദ്ദിക്കിൽ-
ക്കാൺമൂ ഞാൻ നിന്നെ, ലിഖിതനെപ്പോലേ;
ദിക്കുകളിലൊക്കെയും നിൻ
ചിത്രങ്ങൾ പതിച്ചിരിക്കുന്നോ! 30

ഒന്നിൽ ആപത്തുപററിയവൻ അതിനൊത്ത മറെറാന്നിനെ, ആഗ്രഹിച്ചാലും കൈക്കൊൾവാൻ പേടിക്കുമെന്നു്, ഒരുവൻ അന്യാപദേശേന പറയുന്നു:

അകലും, കൊമ്പു കുലുക്കും,
കൊക്കെകരയ്ക്കും, മുതിർന്നിടും വീണ്ടും;
ഞാവൽപ്പഴം പറിക്കാ,
മുന്നം കുത്തേററ കീശനളിബുദ്ധ്യാ. 31

മൂഢൻ അഭിമതവും, പ്രതികൂലമെന്നു കരുതി കൈയൊഴിക്കുമെന്നു് ഒരുവൻ കൂട്ടുകാരനോടു് അന്യാപദേശേന പറയുന്നു:

ചൊറി പേടിച്ചു കുരങ്ങൻ
കയ്യാൽത്തൊട്ടുവീലിലപ്പടർപ്പിങ്കൽ,
ഞാന്നൊരു നായ്ക്കുരണപ്പൂ-
ങ്കുലപോലാം വാനരീഹസ്തം. 32

നായികയുടെ വിരഹദുഃഖം ദൂതി നായകൻെറ അടുക്കൽ സൂചിപ്പിക്കുന്നു:

വരളുന്നു സരസയെങ്കിലു;-
മറിയുന്നു വിമുഗ്ദ്ധയെങ്കിലും ദുഃഖം;
വിളറിപ്പോയു് രാഗിണിയെ-
ങ്കിലുമപ്പാവം ഭവദ്വിരഹാൽ! 33

യൗവനം പോയു്ക്കഴിഞ്ഞ ഒരുവൾക്കു മദ്യപാനത്താലുണ്ടായ മദനവികാരത്തെ ശരദച്ഛന്നവ്യാജേന പരിഹസിച്ചുകൊണ്ടു് ഒരു നാഗരികൻ കൂട്ടുകാരനോടു പറയുന്നു:

പഴയതിലോ കുന്നതിലോ
ചുററിക്കേറുന്നു കാൺക വെള്ളരികൾ;

---

30. ലിഖിതനെപ്പോലെ = ചിത്രത്തിലെഴുതപ്പെട്ടവനെ എന്നപോലെ.

31. അകലും—പിന്മാറും. കൊമ്പു്—ഞാവലിൻെറ. കൊക്കെകരയ്ക്കും—കൊക്കെ എന്ന ശബ്ദം പുറപ്പെടുവിക്കും. മുന്നം കുത്തേററ—വണ്ടിനാൽ മുമ്പൊരിക്കൽ കടിക്കപ്പെട്ട. കീശൻ = കുരങ്ങൻ. അളിബുദ്ധ്യാ—ഞാവൽപ്പഴം കണ്ടിട്ടു വണ്ടാണെന്നു മാറിദ്ധരിക്കയാൽ.

32. വാനരിയുടെ കൈയ് ഞാന്ന നായ്ക്കുരണപ്പൂങ്കുലയാണെന്നു കരുതി വാനരൻ കൈകൊണ്ടു തൊടുന്നില്ല; നായ്ക്കുരണ തൊട്ടാൽ ചൊറിയുമല്ലോ.

33. സരസ = രസം (വെള്ളം, ഇച്ഛ) ഉള്ളവൾ; വിമുഗ്ദ്ധ = അചേതനം എന്തുചെയ്യേണ്ടു എന്നറിഞ്ഞുകൂടാത്തവൾ; രാഗിണി = രാഗം (ചുടപ്പു്, പ്രേമം) ഉള്ളവൾ; ഇങ്ങനെ ഈ രണ്ടർത്ഥ . ഭവദ്വിരഹാൽ = ഭവാൻെറ വിരഹംമൂലം.

Digitized By Kerala Sahitya Akademi

കുററമിതിൽക്കുവലയന—
ന്ധണമാർന്ന കരിമ്പുകള്ളിന്നാം! 34

മുമ്പു വസന്തോത്സവമനുഭവിച്ച ഒരുവരം പ്രിയവിരഹിതയായിട്ടു്, വീണ്ടും തുടങ്ങിയ വസന്തോത്സവത്തിൽ, സഖിയോടു പറയുന്നു:

ആളുകരം കെട്ടവഴികളിലും
പായുക, പറകൊട്ടു, കളകളോദ്ഘോഷം—
ആ നല്ലുത്സവമേ ഹഹ,
തദ്വിരഹാൽ ഗ്രാമമെരിയൽപോലായ്പ്പോയ്! 35

ദുഷ്ടസംസർഗ്ഗമരുതെന്നു് ഒരുവരം സഖിയോടു പറയുന്നു:

ഉല്ലാപകാരിയായി—
പ്പാസസ്ഥിതനാം കലുക്കമെററ ഖലൻ,
ചുടലത്തരുമേൽത്തൂങ്ങിയ
ചോരൻപോലാക്കു ശങ്കയുളവാക്കാ? 36

പ്രോഷിതഭർത്തൃകയായ പ്രിയസഖിയെ സമാശ്വസിപ്പിക്കാൻവേണ്ടി സഖി അച്ഛൻപെണ്ണുങ്ങളോടു പറയുന്നു:

വൻകാര്യം തീരുവതിൻ—
മുമ്പിഹ പഥികൻ മടങ്ങിയതുകൊണ്ടോ
ചിരിക്കുന്നൂ, കടജ—
പ്പൂവാൽപ്പുതുവർഷവേള പിതൃഗേഹിനി! 37

ഒരുവൻ വർഷാരംഭത്തിൽ പഥികനെ ഗൃഹത്തിലേക്കു മടങ്ങാൻ വെമ്പൽപ്പെടുത്തുന്നു:

കാർമുകിലുയരുന്നതു ക—
ണ്ടുയിരിൽക്കൊതി തീരെയററുപോയതിനാൽ

---

34. കുന്നതു് = കനിഞ്ഞതു്. വൃദ്ധകുലടകരം വൃദ്ധനെയോ വികൃതനെയോ പ്രാപിക്കുന്നു എന്നു ഹൃദയം. വൃദ്ധയ്ക്കു് ഈ മൗനവികാരമുണ്ടായതു്, കുവലയപ്പൂവിട്ടു് സുഗന്ധപ്പെടുത്തിയ കരിമ്പുമദ്യം കുടിച്ചതിനാലാണു്. ശരൽക്കാലത്തു പഴയ വെള്ളരിവള്ളി സമീപസ്ഥത്തിന്മേൽ ചുററിപ്പടൎന്നു് പുതുതായിത്തീരുന്നു; അതുപോലെ, വൃദ്ധ യുവതിയായിച്ചമയുന്നു.

35. അദ്ദേഹം അരികത്തില്ലായ്കയാൽ, ഈ മഹോത്സവം, ഗ്രാമത്തിൽ തീപിടിച്ചതുപോലെ സംഭ്രമകരമായിത്തീൎന്നു!

36 ഉല്ലാപം = സംഭാഷണം; ഉപദ്രവിക്കൽ എന്നും. പാസം = (പ്രാകൃതഭാഷയിൽ) പാൎശ്വം എന്നും, പാശം എന്നും രണ്ടൎത്ഥം. കലുക്കം = കുമ്പൽ; അനക്കം. ശങ്ക = സംശയം, ഭയം.

37 പഥികൻ—ഒരു വലിയ കാൎയ്യത്തിന്നായി മറുനാട്ടിൽ പോയ പ്രിസഖീഭൎത്താവു്. കടജം = കുടകപ്പാല; ഇതിന്റെ പൂവു വെളുത്തതാണു്. 'എന്റെ ആവിർഭാവം കണ്ടതോടെ, പ്രിയാവിരഹം സഹിപ്പാൻ അസമൎത്ഥനായിട്ടു് ഇയ്യാരം കാൎയ്യം നടത്താതെ ഗൃഹത്തിലേക്കു തിരിച്ചു' എന്നിങ്ങനെ പുതുവർഷവേള പരിഹസിക്കയാണെന്നു തോന്നും. ഭൎത്താവു് ഇങ്ങോട്ടു മടങ്ങിപ്പോന്നിട്ടുണ്ടാവും; പ്രിയസഖി സമാശ്വസിച്ചുകൊള്ളട്ടെ.

Digitized By Kerala Sahitya Akademi

നോക്കുന്നു കേണുകൊണ്ടേ
പൈതലിനെപ്പഥികഗേഹിനിയാൾ! 38

കലഹാന്തരിത കോപത്താൽ ആഭരണങ്ങൾ പൊട്ടിഞ്ഞുവെങ്കിലും വളകൾ ഊരിയില്ലെന്നു്, അവളുടെ തന്റേടവും വിരഹച്ചടപ്പും സൂചിപ്പിച്ചുകൊണ്ടു സഖി അവളുടെ പ്രിയനോടു പറയുന്നു:

ഊർന്ന സുമംഗലവളയെ—
ത്തൽസ്ഥാനേ പേർത്തുപേർത്തണപ്പതിനാൽ
സഖിമാർതന്നേ കൈവള—
യിടുവിപ്പവരായു്, മനസ്വിനിക്കധുനാ! 39

ഒരുവൻ വർഷകാലത്തു ദരിദ്രയായ വിയുക്തവധുവിൻെറ അവസ്ഥ വെളിപ്പെടുത്തി, പഥികനെ വെമ്പൽക്കൊള്ളിക്കുന്നു:

ഓടു്ഠയിലൂടേ മഴനീർ
ചോർന്ന ഗൃഹത്തിങ്കലധ്വഗവധൂടി
നനയാത്തിടവും, മുറിയാ—
ക്കണ്ണീരുകളാൽ, നനയ്ക്കുന്നു! 40

അനുനയിക്കാൻ വന്നു് പ്രിയം കഥിക്കുന്ന കാന്തനോടു കലഹാന്തരിത സന്തുഷ്ടയായി പറയുന്നു:

നാവിനെ മധുരിപ്പിപ്പൂ;
ഹൃദയത്തിൽ വരുത്തിടുന്നു നിർവൃതിയും;
പീഡിപ്പിക്കപ്പെട്ടകിലു—
മേകുന്നു രസം, കരിമ്പുമുത്തമനും! 41

വസന്തം വന്നു എന്നു സമ്മതിക്കാത്ത ശ്വശ്രുവിനോടു് സ്നുഷ പറയുന്നു:

കാണ്മീല ചൂതമുകുളം:
വീശുന്നീലിങ്ങു മലയമാരുതനും;
ഉൽക്കണ്ഠതന്നെ ചൊൽവൂ
ശ്വശ്രൂ, വസന്തോപഗമനത്തെ! 42

---

38. 'ഈ വന്ന മഴക്കാലം ഭർത്തൃവിരഹിതയായ എന്നെ കൊന്നുകളയും; അയ്യോ, പിന്നെ ഈ കുഞ്ഞിൻെറ സ്ഥിതിയെന്താവും!' എന്ന ചിന്തയാലത്രേ, കേഴുന്നതു്.

39 സുമംഗല (നെടുമംഗല്യ) വള ഭർത്താവാണു് ഇടുവിക്കുക. ഇപ്പോൾക്കാൺകട്ടെ, അതിനു സഖിമാർതന്നെയായി! ഇത്രയും മെലിഞ്ഞുപോയിരിക്കുന്നു; അങ്ങയോടു് അരിശംകൊണ്ടു മനസ്വിനി; ഇവളെ രക്ഷിക്കുക.

40 അധ്വഗവധൂടി=പഥികഗൃഹിണി. ''പുരമേയാൻ വൈകി; ഗൃഹിണി വിരഹദുഃഖത്താലും വറുതിയാലും വലയുന്നു. വേഗത്തിൽ തിരിച്ചുപോവുക.''

41. നിർവൃതി = ദാഹശാന്തി, സുഖം; പീഡിപ്പിക്ക = പല്ലുകൊണ്ടു കടിക്കുക, ഉപദ്രവിക്കുക; രസം = നീർ, പ്രീതി എന്നു് ഈരണ്ടർത്ഥം. ഉത്തമൻ = ശ്രേഷ്ഠപുരുഷൻ.

42. വസന്തോപഗമനം = വസന്തത്തിൻെറ സമീപപ്രാപ്തി.

Digitized By Kerala Sahitya Akademi

''പ്രോഷിതഭർത്തൃകേ ആശ്വസിക്കു; വസന്തം തുടങ്ങിയിട്ടില്ല'' എന്നു പറയുന്ന സഖിയോടു നായികയുടെ മറുപടി:

മാന്തോപ്പിൽ മധുകരച്ചാ...
ർത്തുഴറിച്ചുററില്ല, കാര്യമില്ലാതേ;
തിയ്യില്ലാതെ പുകത്തു—
മ്പെങ്ങാനും കാണമാറാമോ? 43

''അനലങ്കൃതയായിരിക്കെത്തന്നേ ഇവളെ താങ്കൾ ബഹുമാനിക്കുന്നതെന്താണെ''ന്നു ചോദിച്ച കൂട്ടുകാരനോട് ഒരു വിദഗ്ദ്ധൻ അഭിപ്രായപ്പെടുന്നു:

ദയിതൻ പിടിക്കയാലൊ—
ട്ടഴിഞ്ഞ കാർക്കുന്തൽ, മദ്യഗന്ധി മുഖം—
ഇച്ചമയൽതന്നെ പോരും,
കരൾകവരാൻ തരുണിമാക്കു മദനത്തിൽ! 44

''ഇവിടെ ഗ്രാമീണസ്ത്രീകളും രമണീയമാർതന്നെ'' എന്ന്, വസന്തത്തെ വർണ്ണിക്കുന്ന ഒരുവൻ കൂട്ടുകാരനോടു പറയുന്നു:

രസികമനം കവരുന്നു
ഗ്രാമാംഗനമാർ, സുപീവരസ്തനിമാർ,
ചെഞ്ചായത്തുണിറൗക്കകൾ
മാത്രമണിഞ്ഞോർ മധൂത്സവത്തിങ്കൽ! 45

പ്രവാസം പരിചയിച്ചിട്ടില്ലാത്ത ഒരു നവീനപഥികന്റെ വിരഹവൈധുര്യം പറഞ്ഞ് ഒരുവൻ അവന്റെ പ്രവാസത്തെ വിലക്കുന്നു:

ദിക്കൊക്കെ നോക്കൽ, നെടുവീ—
ർപ്പിടൽ, പാടൽ, കരച്ചിൽ, കോട്ടുവായ്കൊള്ളൽ,
മൂർച്ഛിക്കൽ, വീഴലി,ടറലു—
മെന്തിനു പാന്ഥ, പ്രവാസം തേ? 46

---

43. കാര്യമില്ലാതെ = വെറുതേ. മധുകരച്ചാർത്ത് (ഭ്രമരസമൂഹം) മാന്തോപ്പിൽ സഞ്ചരിക്കുന്നതുകൊണ്ടൂഹിക്കാം, വസന്തം വന്നു എന്ന്.

44. മദ്യഗന്ധി = മദ്യത്തിന്റെ സൗരഭ്യത്തോടുകൂടിയതു്. ചമയൽ = ആഭരണധാരണം. മദനം = വസന്തോത്സവം. 'ചമയലെന്തിന്? വേഗത്തിൽ കാന്തന്റെ അടുക്കൽ ചെന്നെത്തുക.' എന്നു ദൂതി നായികയോടു പറയുന്നതായിട്ടാണ്, ഒരാൾ ഈ പദ്യത്തെ വ്യാഖ്യാനിച്ചിരിക്കുന്നതു്.

45. ചെഞ്ചായത്തുണിറൗക്കകൾ = ചുകന്ന ചായശ്ശീലകൾകൊണ്ടുള്ള റവുക്കകൾ. മധു = വസന്തം

46. മറുനാട്ടിൽപ്പോയവന്റെ പന്തികേടാണ്, മൂന്നു പാദങ്ങളിൽ പറഞ്ഞവ ഇങ്ങനെയിരിക്കെ, ഹേ പാന്ഥ, വേറൊന്നു പ്രവാസം എന്തിന്? മറുനാട്ടിൽ പോയ്ക്കൂടാ. ഇടറൽ—നടക്കുമ്പോൾ കാലിടറുക.

Digitized By Kerala Sahitya Akademi

നായികയുടെ രഹോവൃത്തമറിവാൻ പോയ സഖി, "ഇത്ര വൈകിയതെന്തേ വരാൻ?" എന്നു ചോദിച്ച സഖിയോടു പറയുന്നു:

നാനാവിലാസ—കരണാ—
ഞ്ചിതമാം യുവയുഗകേളി കാണുകയാൽ,
അതിൽ മനമൂന്നിയ ദീപവു—
മറിയാതായെ,ണ്ണ തീർന്നതുമേ! 47

ഒരു പ്രൗഢകാമിനിയെ ഉൽകണ്ഠപ്പെടുത്താൻ ദൂതി നായകൻെറ വിരുതൊത്ത സുരതമല്ലതയെ അന്യാപദേശേന വർണ്ണിക്കുന്നു:

വേത്തും വേത്തും കരഹതി—
യിരുകരയുമുടച്ചൂൽ, നൃറുന്നുറേവം
യൂഥാധിപൻെറ മർദ്ദന—
മിനി നർമ്മദ താങ്ങിയാലായി! 48

മുമ്പു സങ്കേതമാക്കപ്പെട്ടിരുന്ന പരുത്തിവയലിലെ അപായവും, സ്വഗൃഹത്തിൽത്തന്നേ യഥേഷ്ടം പെരുമാറാമെന്നും ജാരനെ കേൾപ്പിപ്പാൻ ഒരു കുലട ഉദ്വേഗത്തോടേ പറയുന്നു:

ചത്തു കടിയൻനായ്; വെളി—
വില്ലത്തശ്ശു;—നൃദിക്കിലാണുടയോൻ:
പോത്തു തകർത്തു പരുത്തി—
ത്തോട്ടവു;—മാരവനെയറിയിക്കാൻ? 49

കാന്തൻ, തൻെറ വായ്കൊണ്ടു കൊടുത്ത മധു മാനിനിയുടെ അരിശം പോക്കുമെന്ന്, ഒരു നാഗരികൻ കൂട്ടുകാരനുപദേശിക്കുന്നു:

കുന്തൽ പിടിച്ചുമലർത്ത—
പ്പെട്ട മുഖത്താൽക്കുടിപ്പു മാനിനിയാൾ,

---

47. നാനാ...ഞ്ചിതം = വിവിധവിലാസങ്ങൾകൊണ്ടും, കരണങ്ങൾ (കാമശാസ്ത്രോക്തങ്ങളായ ബന്ധവിശേഷങ്ങൾ)കൊണ്ടും സുന്ദരം. യുവയുഗകേളി = യുവാവിൻെറയും യുവതിയുടെയും ലീല. അചേതനമായ ദീപത്തിന്നുപോലും സ്പൃഹണീയമായിരുന്നു, അതു്. അപ്പോൾ, എന്നെപ്പോലെയുള്ളവൎക്കു് കൗതുകം അടങ്ങുമോ? ഞാൻ നോക്കിനിന്നുപോയി!

48. കരഹതി = തുമ്പിക്കൈകൊണ്ടടിക്കൽ, കൈകൊണ്ടടിക്കൽ എന്നും. ഇരുകരയും = രണ്ടു തീരവും; രണ്ടു വാരിഭാഗങ്ങളുമെന്നും. യൂഥാധിപൻ = ഗജശ്രേഷ്ഠൻ; കൂട്ടത്തലവൻ എന്നും. അവൻെറ മർദ്ദനം സഹിക്കുക നർമ്മദാനദിക്കുതന്നെ അത്ര സുകരമല്ല! നർമ്മദ = നർമ്മത്തെ (സുഖത്തെ) നല്കുന്നവൾ. വേതിയെപ്പോലുള്ള പ്രൗഢസ്ത്രീക്കുതന്നെയും ആ സുരതമല്ലനുമായി രമിക്കുക ദുഷ്കരമാകുന്നു.

49. വെളിവു് = ബോധം. അത്ത = ശ്വശ്രു. ഉടയോൻ = നാഥൻ (ഭർത്താവു്). അവനെ—ഭർത്താവിനെ. പോത്തു പരുത്തിത്തോട്ടം നശിപ്പിച്ചതു ഭർത്താവിനെ ചെന്നറിയിപ്പാൻതന്നെയും ഇവിടെ ആരുമില്ല. 'പേടിക്കാതെ എൻെറ ഗൃഹത്തിൽത്തന്നെ വന്നുകൊൾക.'

Digitized By Kerala Sahitya Akademi

രമണൻ വായ്കൊണ്ടേകിയ
മധു, വരിശമരുന്നപോലെയൊട്ടൊട്ടായ്! 50

ദുഃഖിതന്നു പരമാർത്ഥമാലോചിപ്പാൻ ത്രാണിയുണ്ടാകില്ലെന്നു് ഒരു നാഗരികൻ മദ്ധ്യാഹ്നവർണ്ണനവ്യാജേന കൂട്ടുകാരനോടു പറയുന്നു:

മലയരുവിയെന്നു, പാമ്പിനെ—
നാക്കാൽ നക്കുന്നു തപ്തമാം മഹിഷം;
പാറയുറവെന്നു, ഫണിയും
പോത്തിൻ വായ്നീർ കുടിക്കുന്നു! 51

പെൺതത്ത രഹോഭാഷിതം പറഞ്ഞതിനാൽ ലജ്ജിതയായ കുലവധു അമ്മായിയോടു പറയുന്നു:

എന്തേ, കിടപ്പറയിൽനി—
ന്നിത്തത്തയെ മാമി കൊണ്ടുപോകാത്തൂ?
വിസ്രംഭോക്തങ്ങളെയിവ—
ളാളുകളിൽ വെളിപ്പെടുത്തുന്നു! 52

പല്ലു തേപ്പാൻ ഉങ്ങിൻപൊന്തയിൽനിന്നു് ഇല നുള്ളുന്ന ഒരു പിച്ചക്കാരനായ ഗോസായിയെ കുലട പേടിപ്പെടുത്തുന്നു:

ഇത്രവരും ഗ്രാമത്തിൽ—
ക്കിട്ടീലാ ഭിക്ഷയെന്നു പേശുന്നോ?
ഉങ്ങില നുള്ളിയ നീയുയിർ—
കൊള്ളുവതേ മെച്ചമാണു ഗോസായി! 53

ഒരു കുലട ശർക്കരയ്ക്കു കൂലി ചോദിച്ച കരിമ്പുചക്കാനോടു രണ്ടർത്ഥത്തിൽ അനുരാഗസൂചകമായി പറയുന്നു:

തേടുന്നു, വെല്ലം,മെന്നി—
ച്ചുഴ്സ്സു തിരിക്കുന്നുമില്ല ചക്കിനെ നീ;
അരസിക, ചക്കാനേ, രസ—
മില്ലാത്തുളവാകുമോ, വെല്ലം? 54

---

51. എന്നു—എന്നു കരുതി. തപ്തം = താപം (ദാഹം) ഉള്ളതു്. മഹിഷം = പോത്തു്. ഫണി = പാമ്പു്.

52. വിസ്രംഭോക്തങ്ങൾ = വിസ്രംഭ (വിജന) ഭാഷണങ്ങൾ ഇവൾ—കൂട്ടിലെ പെൺതത്ത.

53. ഇത്രവരും = ഇത്രയും വലിയ. ഉങ്ങിന്റെ ഇലകൾ നുള്ളിയതിന്നു നിന്നെ ആളുകൾ തല്ലിക്കൊല്ലാത്തതുതന്നെ ഒരു ഭാഗ്യമായി ഗണിച്ചുകൊൾക! ഇലകൾ ഇങ്ങനെ നുള്ളിപ്പോയാൽ, സങ്കേതസ്ഥലമായ ഉങ്ങിൻപൊന്ത മറവില്ലാത്തതായിത്തീരുമല്ലോ; ഇതുമൂലമാണു്, കുലട ശുണ്ഠിയെടുക്കുന്നതു്.

54. രസം = നീർ; അനുരാഗമെന്നും. നീ എങ്കൽ അനുരക്തനാകുക എന്നു ഹൃദയം.

Digitized By Kerala Sahitya Akademi

കളിച്ചുകേറിയ ഒരു കറുമ്പിയെ ഒരുവൻ അനുരാഗംപൂണ്ടു കൂട്ടുകാരനോടു വർണ്ണിക്കുന്നു:

പരിചിൽക്കുളിച്ചു കേറിയ
കരിമെയ്യാൾതൻ നിതംബലഗ്നകചം
കരയുന്നുവെന്നു തോന്നും
നീർത്തുള്ളികൾകൊണ്ടു, ബന്ധനഭയത്താൽ! 55

പേരാലിൽ നിർഭയം അഭിസരിക്കാമെന്നു ജാരനെ ധരിപ്പിക്കാൻ കുലട അതിനെ വർണ്ണിക്കുന്നു:

വടമേ, ശിതിപക്ഷത്തിനെ
മുററത്തു തളച്ച നിൻെറ മുഴുമറവാൽ,
പടി കാക്കുന്നോൻ കാമിയെ
നോക്കാൻ നില്ക്കിലുമഭയമേ, ഗ്രാമം! 56

ഒരുവൾ, ഭർത്താവു കേൾക്കെ സപത്നിയുടെ ദുർന്നടപ്പിനെ പഴിക്കുന്നു:

കത്തിച്ചു മുറം; പയറു വ–
റുത്തീല; കടന്നുപോയി തരുണനവൻ;
ശ്വശ്രു ചൊടിച്ചു ഗൃഹത്തിൽ;–
ച്ചെകിടക്കിടയിൽക്കുഴൽ വിളിച്ചാൾ! 57

മറച്ചുവെയ്ക്കപ്പെട്ടതും മിടുക്കന്മാർ അറിയുമെന്ന് ഒരു നാഗരികൻ കൂട്ടുകാരനെ ഉദ്ബോധിപ്പിക്കുന്നു:

സൂചിപ്പിക്കുന്നു, ജലേ
മുങ്ങിയ രമണൻ പുണർന്ന സൗഖ്യത്തെ
കാമിനിമാരുടെ നിശ്ചല–
വിരികണ്ണും കോൾമയിർക്കവിളും! 58

55. കരിമെയ്യാൾ = കറുത്തവൾ നിതംബലഗ്നകചം = നിതംബത്തിൽ പററിപ്പിടിച്ച തലമുടി. ബന്ധനം = കെട്ടൽ; തടങ്ങലെന്നും.

56. വടം = പേരാല്. ശിതിപക്ഷം = കറുത്ത പക്ഷം. തളച്ച—നട്ടുച്ചയ്ക്കുപോലും മുററത്തു കൂരിരുട്ടിനെ നിർത്തിയ പടി കാക്കുന്നോൻ—ദ്വാരപാലനായ രാജപുരുഷൻ. കാമിയെ നോക്കാൻ നില്ക്കിലും—പേരാലിൽ കാമിനീകാമുകർ സമ്മേളിക്കുന്നതു കണ്ടുപിടിച്ചു ശിക്ഷിക്കാനാണ് കാവല്ക്കാരൻ നില്ക്കുന്നത്; എന്നാലും ഗ്രാമം (ഗ്രാമത്തിലെ കാമിജനം) അഭയം (നിർഭയം)തന്നെ. അവൻ കാണുകയുംമററുമില്ല; അത്രയ്ക്കുണ്ട്, ഇരുട്ടിവിടെ!

57. ആ യുവാവിനെ കണ്ടതോടെ അവൾ മതിമറന്നുപോയി; അയാൾ നോക്കാതെ കടന്നുപോകയും ചെയ്തു. അവളുടെ പണി, ചെകിടന്മാരുടെ ഇടയിൽവെച്ച് ഓടക്കുഴലൂതലെന്നപോലെ വെറുതെയായി!

58. ജലക്രീഡയിലെ ചേഷ്ടിതമാണിത്. കോൾമയിർക്കവിൾ = രോമാഞ്ചംപൂണ്ട കവിൾ.

Digitized By Kerala Sahitya Akademi

'കാട്ടുമയിലുകളുള്ള സങ്കേതലതാഗൃഹത്തിൽ ഞാൻ പോയി, താങ്കൾ വന്നില്ല' എന്നു ജാരനെ കേൾപ്പിപ്പാൻ ഒരു കുലട വർഷകാലം വർണ്ണിക്കുന്നു:

പുതുമഴയുടെയിടിയൊലി ചേ-
ന്നിരവുകൾപോലായ്ച്ചമഞ്ഞ പകലുകളിൽ,
ഉഴറിക്കഴുത്തു നീട്ടിയ
മയിലുകൾതൻ നർത്തനം വിളങ്ങുന്നു! 59

പോത്തിൻതൊഴുത്തിൽ രമിക്കുന്ന ഒരുവൾ ജാരനെ പ്രോത്സാഹിപ്പിക്കാൻ ദോഷത്തെ ഗുണമാക്കിപ്പറയുന്നു:

പോത്തിൻചുമലിൽപ്പററിയ
കൊതുകിൻനിര പാറിടുന്നു കൊമ്പടിയാൽ,
സിമസിമമുരണ്ടു, മീട്ടിയ
വീണയ്ക്കൊക്കുന്ന ഝംകൃതി മുഴക്കി! 60

''ആമ്പൽപ്പൊയ്കയുടെ തീരത്തുള്ള വള്ളിക്കുടിലിൽ ചന്ദ്രോദയംവരെ ഞാൻ കാത്തുനിന്നു. നീ വന്നില്ല'' എന്നു കുലടയെ ഒരുവൻ കേൾപ്പിക്കുന്നു:

ആമ്പൽപ്പൂവിതളുകളിൽ-
ച്ചലിയാതെ ലസിപ്പു മത്തമധുപങ്ങൾ;
ശശിരശ്മിയാൽ മുടിക്ക-
പ്പെട്ട തമസ്സിൻെറ തുണ്ടുകൾക്കൊപ്പം! 61

നെൽവയലിൽ തത്തകൾ പറന്നെത്തിയേക്കാമെന്നു സൂചിപ്പിച്ച് നെല്ലാവല്ലാരി സുരതത്തിനു വെമ്പുന്ന ജാരൻെറ മനസ്സിനെ മററൊന്നിലാക്കുന്നു:

നോക്കുക: ചേവൽത്തത്ത-
ച്ചാർത്തു മരപ്പൊത്തിൽനിന്നിറങ്ങുന്നു;
ശരദി പനിപെട്ട വൃക്ഷം
ഛർദ്ദിക്കുന്നോ, സരക്തപിത്തത്തെ! 62

രമിക്കുന്ന ജാരൻെറ പേടിയും വെമ്പലും പോക്കാൻ ദുർദ്ദിനാഭിസാരിക, ദുർദ്ദിനം തുടർന്നില്ലുമെന്നു ചൂണ്ടിക്കാട്ടുന്നു:

മഴനീരാൽ മുകർ കഴുകി,-
ച്ചിറകുകൾ ത്തുങ്ങി, കഴുത്തിടുങ്ങിയിതാ,

60. കൊമ്പടിയാൽ=പോത്തു കൊമ്പുകൊണ്ടടിച്ചതിനാൽ. സിമസിമ—ശബ്ദാനുകരണം. അവൾക്കു വീണാനാദതുല്യമാണ്, കൊതുകുകളുടെ മൂളൽ!

62. ചേവൽ(ആൺ)തത്തക്കൂട്ടം മരപ്പൊത്തിൽനിന്നിറങ്ങുന്നതു കണ്ടാൽ, ശരദി (ശരൽക്കാലത്തു) പനിപിടിച്ച വൃക്ഷം രക്തത്തോടുകൂടിയ പിത്തം ഛർദ്ദിക്കുകയാണെന്നു തോന്നും. രക്തം, തത്തയുടെ കൊക്ക്; പിത്തം, അതിൻെറ ശരീരവർണ്ണം.

Digitized By Kerala Sahitya Akademi

ശൂലം കോർക്കപ്പെട്ടവ
പോലേ മേവുന്നു കാകർ വേലികളിൽ. 63

പ്രിയനോടു സംസാരിക്കാത്ത കലഹാന്തരിതയെ സഖി ഉദ്ബോധിപ്പിക്കുന്നു:

അതിഭൃശമാമരിശംപൂ—
ണ്ടശ്രദ്ധം സല്ലപിക്കിലെത്രയ്ക്കോ
അത്രയ്ക്കേറെ മനോവ്യഥ
മാനിനി മിണ്ടാതിരിക്കിലുണ്ടാകാ! 64

വർഷാകാലത്തു വല്ലഭ മരിച്ചിരിക്കുമെന്നു ശങ്കിക്കുന്ന പഥികനെ കൂട്ടുകാരൻ ആശ്വസിപ്പിക്കുന്നു:

മൂത്ത കടമ്പിൻപൂമണ—
മേല്ക്കുകയാൽക്കണ്ണിൽ നീർ നിറഞ്ഞവനേ,
ധൈര്യംകൊൾക യുവാധ്വഗ
കാണാതെവരില്ല പതിയെ നീ! 65

ഇടിവെട്ടു കേട്ടിട്ടു പ്രിയതമ മരിച്ചേക്കാമെന്നു ശങ്കിച്ച പഥികൻ മേഘത്തോടപേക്ഷിക്കുന്നു:

അലറിക്കൊള്ളുകി,രിമ്പെതിർ—
മതിയാമെൻനേർക്കുതന്നെ, കഴിവുവരെ:
മുകിലേ, കൊല്ലരുതേ നീ,
ലംബാളകയായ പാവത്തെ! 66

ഹേമന്താരംഭത്തെ വർണ്ണിക്കയാണെന്ന വ്യാജേന, നെല്പാടത്തഭിസരിക്കാമെന്നു കുലട ജാരനെ കേൾപ്പിക്കുന്നു:

ചളിയാലിരുണ്ട മുട്ടുകൾ
കുത്തിപ്പാലേ നുകർന്ന വയൽനെല്ലാൽ
ആനന്ദിക്കുന്ന കൃഷി—
ക്കാരനൊരാൺകുഞ്ഞിനാൽപ്പോലേ! 67

---

63. മെല്ലോട്ടു നീട്ടിയ കൊക്കുതന്നേ, ശൂലം. ദുർഭിനദൈർഘ്യത്തിന്റെ അടയാളമാണ്, കാക്കകളുടെ ഈ ഇരിപ്പ്.

64. അതിഭൃശം അത്യധികം. അശ്രദ്ധം = ശ്രദ്ധയില്ലാതെ; ഉദാസീനമാം വണ്ണം.

65. യുവാധ്വഗ = ഹേ യുവാവായ പഥിക.

66. കഴിവുവരെ—ആവുന്നേടത്തോളം. നിന്റെ ഗർജ്ജനം ഇരിമ്പെതിർമതിയായ (ഇരിമ്പുപോലെ കഠിനമായ മനസ്സോടുകൂടിയ) ഞാൻ സഹിക്കും; ആ മൃദുലഹൃദയായ പാവമാകട്ടെ, ഇതു കേട്ടാൽ എങ്ങനെ ജീവിക്കും? ലംബാളക (അളകങ്ങൾ തൂങ്ങിയവൾ) എന്ന വിശേഷണം വിരഹചര്യയെ വ്യഞ്ജിപ്പിക്കുന്നു.

67. പാലേ—പാലുമാത്രം. നെല്ലായിപ്പരിണമിക്കുന്ന വെള്ളമത്രേ, പാൽ; മുലപ്പാലെന്നും. മുട്ടുകൾ കുത്തി എന്നതിന്ന്, നെല്ലിന്റെ പക്ഷത്തിൽ പറഞ്ഞു

Digitized By Kerala Sahitya Akademi

''രാവിലെത്തന്നെ ഞാൻ സങ്കേതസ്ഥാനമായ നെല്ലാടത്തു പോയി; താങ്കൾ വന്നില്ല'' എന്നു ജാരനെ കേൾപ്പിപ്പാൻ ഒരു ഹിമാഭിസാരിക പറയുന്നു:

എങ്ങനെ ഖലസംഗം മമ
മൂപ്പെത്തിയ നാളിലെന്നു നിനവാലോ,
തല ചാഞ്ഞു മഞ്ഞുനീരാൽ—
ക്കരയുന്നു, സസൂയനെല്ലധുനാ. 68.

പ്രദോഷാഭിസാരികയെ സങ്കേതസ്ഥലത്തേക്കു പോകാൻ തിടുക്കപ്പെടുത്തിക്കൊണ്ടു ദൂതി പ്രദോഷത്തെ വർണ്ണിക്കുന്നു:

അന്തിച്ചുകപ്പിൽ മുഴുകി—
ശ്ശോഭിപ്പൂ വാനിലാദ്യതിഥി ചന്ദ്രൻ,
ചെമ്പട്ടാൽ മൂടിയതാം
നവ്യവധുവിൻ നഖക്ഷതംപോലേ. 69

ബാലചന്ദ്രനെ ദർശിപ്പാൻ ആകാശത്തേക്കു നോക്കുന്ന ദേവരനെ ഒരുത്തി പരിഹസിക്കുന്നു:

ദേവര, വാനത്തെന്തിനു
നോക്കുന്നൂ? വളരെയർദ്ധചന്ദിരരെ
ദർശിപ്പതില്ലയോ നീ,
ഗേഹിനിതൻ ബാഹുമൂലത്തിൽ. 70

എന്റെ പ്രിയനോടു ഞാൻ പറഞ്ഞതായി ഇങ്ങനെ പറയണമെന്നു പ്രോഷിതഭർത്തൃക പ്രിയസമീപത്തേക്കു പോകുന്ന പാന്ഥനോടു പറയുന്നു:

വാക്കാലെന്തുരചെയ്യാം?
കത്തിൽപ്പുനരെത്രയൊക്കെയെഴുതീടാം?
ത്വദ്വിരഹത്തിലെനിക്കു—
ള്ളൊരു തുയിരങ്ങുതാനറിയാം. 71

എന്നർത്ഥം. നെല്ലും ആൺകുഞ്ഞും വിശേഷണങ്ങൾകൊണ്ടു തുല്യമാക്കപ്പെട്ടിരിക്കുന്നു.

68. ഖലസംഗം = ദുഷ്ടസംസർഗ്ഗം; കളത്തിൽ (നെല്ലു മെതിക്കുന്നേടത്തു) ചെല്ലൽ എന്നും. മൂപ്പെത്തിയനാളിൽ = വിളഞ്ഞപ്പോൾ; വാർദ്ധക്യകാലത്തു് എന്നും. സസൂയ = (പ്രാകൃതഭാഷയിൽ) ഓക്കോടുകൂടിയതെന്നും ശോകത്തോടുകൂടിയതെന്നും അർത്ഥം.

69. ആദ്യതിഥി = പ്രഥമ. നവ്യവധു = നൂതനപരിണീത.

70. ഗൃഹിണിയുടെ ബാഹുമൂലത്തിലുണ്ടല്ലോ, വളരെ അർദ്ധചന്ദിരർ; (ചന്ദ്രപര്യായമായ ചന്ദിരശബ്ദവും നിഘണ്ടുസമ്മതംതന്നെ) പിന്നെ മേല്പോട്ടു നോക്കുന്നതെന്തിനു്? നഖവ്രണങ്ങൾക്കു് അർദ്ധചന്ദ്രത്വം കല്പിച്ചിരിക്കയാണു്.

71. എന്റെ വിരഹംകൊണ്ടു് അങ്ങു ദുഃഖമനുഭവിക്കുന്നുണ്ടല്ലോ; അതുകൊണ്ടുതന്നെ ഊഹിക്കാം, എനിക്കു ഭവദ്വിരഹത്താലുള്ള ദുഃഖം.

Digitized By Kerala Sahitya Akademi

ഒരുവൻ ഒരുത്തിയുടെ തലമുടിയെ സാഭിലാഷം ശ്ലാഘിക്കുന്നു:

ജനനയനത്തെമയക്കും
പീലിക്കെട്ടു,ംഗജാഗ്നിതൻ ധൂമം
താരുണ്യത്തിൻ കൊടിയിവ
പോലത്രേ, മുഗ്ദ്ധതൻ സുഗന്ധികചം! 72

''തോഴി, അവന്റെ ആകൃതി എങ്ങനെ?'' എന്നു ചോദിച്ച സഖിയോടു മറ്റൊരുത്തി പറയുന്നു:

ചൊല്ലിക്കഴിഞ്ഞുവല്ലോ,
മററു പുമാന്മാരിൽനിന്നു മിഴി മാററി
കണ്ണീരൊഴുക്കമിവൾതൻ
മുഖമേ മിണ്ടാതവന്റെയാകൃതിയെ! 73

പ്രിയനോടൊന്നിച്ചുള്ള ക്രീഡാരസത്താൽ രാത്രി കഴിഞ്ഞതറിയാത്ത നായികയെ ഉദ്ബോധിപ്പിക്കാൻ സഖി പ്രഭാതത്തെ വർണ്ണിക്കുന്നു:

വിരിതണ്ടാർപ്പുരയിൽത്തേ-
നുണ്ടിട്ടിമ്പംതിരണ്ട വണ്ടിണ്ട
ഝണഝണ മുരളുന്നു, മധു-
ശ്രീതൻ ശിതിരത്നരശനയെന്നവിധം! 74

അഭിലാഷം ജനിച്ച ഒരു രസികൻ ഒരു കാമിനിയോടു പറയുന്നു:

ബഹുതരപുണ്യഫലൈക-
ദ്രുമമാകുമെവന്റെ കൈ തളിരുപോലെ,
മദനനിധികുംഭമാം നിൻ
വാർമുലമേൽ വിശ്രമംകൊള്ളും? 75

ശീലിച്ചുപോന്നതിൽനിന്നു്, അതിൽ അപായമുണ്ടെങ്കിൽത്തന്നെയും, മനസ്സു പിന്മാററാൻ ഒരു മനുഷ്യൻ ശക്തനാകില്ലെന്നു് ഒരു നാഗരികൻ കൂട്ടുകാരനോടു സോദാഹരണം പറയുന്നു:

തസ്കരർ ഭയമോടും കൊതി-
യോടും കൺ പേർത്തുപേർത്തയയ്ക്കുന്നു,

---

72. പീലിക്കെട്ടു്—ഇന്ദ്രജാലക്കാരന്റെ പിഞ്ഛിക.

73. മുഖമേ (മുഖംതന്നെ) മിണ്ടാതെ (നിരക്ഷരമായി) അവന്റെ ആകൃതിയെ ചൊല്ലിക്കഴിഞ്ഞു.

74. വിരിതണ്ടാർപ്പുര = വികസിതപദ്മമാകുന്ന ഗൃഹം. മധുശ്രീ = വസന്തലക്ഷ്മി. ശിതിരത്നരശനം = കറുത്ത രത്നങ്ങൾകൊണ്ടുള്ള അരഞ്ഞാൺ. മുരളുന്നു = ശബ്ദിക്കുന്നു, കിലുങ്ങുന്നു.

75. ഫലത്തിന്നു കായ എന്നും അർത്ഥം. നിന്റെ പീനസ്തനത്തിൽ ആരുടെ കൈ വിശ്രമിക്കുമോ, അവൻ പരമപുണ്യവാൻതന്നെ!

Digitized By Kerala Sahitya Akademi

ഫണിഗുപ്തനിധിഘടത്തിൽ—
പ്പോലെ ശൂരാംഗനാമുലമേൽ. 76

മറുനാട്ടിൽപ്പോകാനൊരുങ്ങിയ പ്രിയതമന്റെ യാത്ര നിർത്തിക്കാൻ ഒരുവൾ വർഷാകാലവർണ്ണനവ്യാജേന പറയുന്നു:

പുതുതായ് മുളച്ച പുല്ലാം
പുളകത്തെയണിഞ്ഞിടുന്നു സർവാംഗം,
വർഷശ്രീതന്റെ പയോ—
ധരഭരസംശ്ലിഷ്ടനാം വിന്ധ്യൻ. 77

ഒരുവൻ അഭിലാഷത്താൽ പ്രിയയെ അന്യാപദേശേന പ്രശംസിക്കുന്നു:

ശരി, മററുതടിനികളിലും
വൻകാടുണ്ടു,ണ്ടു സാരസാദിരുതം,
ഉണ്ടു കുളിർജലവു;—മെന്നാൽ
നർമ്മദതൻ ചില ഗുണം വേറേ. 78

ഒരുവൻ സാഭിലാഷം ഒരുത്തിയുടെ സ്തനങ്ങളെ കൂട്ടുകാരനോടു വർണ്ണിക്കുന്നു:

വരുവിൻ, നോക്കുവിനിവളുടെ
മുപ്പെത്തിയ കൂവളപ്പഴംപോലായ്
നെഞ്ചിലൊതുങ്ങാതുയർമുല
സൽപുരുഷമനോരഥം പോലേ! 79

വർഷാരംഭത്തിന്റെ കാമോദ്ദീപകതയെ സൂചിപ്പിച്ച് ഒരുവൾ കാന്തനെ കൂട്ടിക്കൊണ്ടുവരുവാൻ സഖിയെ തിടുക്കപ്പെടുത്തുന്നു:

'ഞാൻ ഞാനെ'ന്നായ്ക്കയ്യൊടു
കൈപൊരുതും കാർകൾ മൂടിവെയ്ക്കുകിലും
അദ്ഭുതരഹസ്യമെന്തോ
ചോരുന്നു വാനിൽനിന്നു, വർഷത്തിൽ! 80

---

76. ഫണി...ഘടം=പാമ്പു കാവലുള്ള നിധികുംഭം. ശൂരാംഗന = ശൂരന്റെ സ്ത്രീ, ഭാര്യ. നിധികുംഭം തൊട്ടാൽ പാമ്പു കൊത്തും; ഇവളുടെ കുചം തൊട്ടാൽ ശൂരനായ ഭർത്താവു കൊല്ലും; ഈ ഭയമുണ്ടെങ്കിലും കൊതിമൂലം വീണ്ടും വീണ്ടും കണ്ണുവെയ്ക്കുന്നു.

77. പയോധരത്തിന്നു മേഘമെന്നും കുചമെന്നും രണ്ടർത്ഥം.

78. തടിനികൾ = നദികൾ; സാരസാദിരുതം—സാരസം (വെള്ളിൽപ്പക്ഷി) മുതലായ പക്ഷികളുടെ ശബ്ദം. അന്യസ്ത്രീകൾക്കില്ലാത്ത ചില ഗുണങ്ങൾ ഇവൾക്കുണ്ട്.

79. സൽപുരുഷമനോരഥം നെഞ്ചിൽ (മനസ്സിൽ) ഒതുങ്ങാത്തവണ്ണം മഹത്തായിരിക്കുമല്ലോ.

80. അദ്ഭുതരഹസ്യം, കാമോദ്ദീപകതതന്നെ.

Digitized By Kerala Sahitya Akademi

"സഖി, ഇങ്ങനെ അതിചപലനായ പ്രിയനെ നീ അനുനയിക്കാത്തതെന്താണെ"ന്നു ചോദിച്ച തോഴിയോട് ഒരുത്തിയുടെ മറുപടി.

എത്രയ്ക്കുമാത്രമുണ്ടാം,
തെണ്ടിനടക്കും പ്രിയൻെറ സൗഭാഗ്യം,
മദനവിശപ്പേറിയ പെൺ—
മിഴിമുനയേറൊന്നു കൊള്ളുമ്പോൾ! 81

എന്നെന്നും പരഗൃഹത്തിൽ പരസ്ത്രീകളുമായി രമിച്ചുപോരുന്ന ചപലചരിതനായ യുവാവ് പുലർകാലത്തു കോഴിക്കൂകൽ കേട്ടിട്ട് എഴുന്നേററോടാൻ ഭാവിച്ചപ്പോൾ, അയാളുടെ പത്നി പറയുന്നു:

പുണരാം സ്വപത്നിയെത്താൻ,
കുക്കുടനിനദാൽപ്പിടഞ്ഞുണർന്നോനേ;
മറുവീട്ടിലാം കിടപ്പെ—
ന്നെണ്ണി, സ്വഗൃഹത്തിലും ഭയപ്പെടൊലാ! 82

ഒരു രാത്രിനാഭിസാരിക പ്രിയൻെറ മനസ്സിനെ മറെറാന്നിലാക്കുന്നു:

പരുഷക്കാററിൻതള്ളലിൽ
മലമുടിമേൽനിന്നു വീണുപോയതിനാൽ
ഉടൽ വിണ്ട നീലമുകിൽത—
ന്നുയിർപോലേ കിടുകിടുപ്പിതൊളിമിന്നൽ! 83

അതുതന്നെ ഭംഗ്യന്തരേണ പറയുന്നു:

മഴവില്ലിൻതല തട്ടി—
പ്പെരുവയറു പിളർന്നതിൻെറ വേദനയാൽ
മുറയിടുമഭ്രപ്പോത്തിൻ
കുടർപോലേ തൂങ്ങിടുന്നു പിണർമിന്നൽ. 84

പ്രവാസത്തിന്നൊരുങ്ങിയ പ്രിയൻെറ യാത്ര നിർത്തിക്കാൻ ഒരുവൾ വസന്താരംഭം വർണ്ണിക്കുന്നു:

മാകന്ദത്തിൻ പുതുതളിർ
മാലോടേ നോക്കിടുന്നു വഴിപോക്കർ,

---

81. സൗഭാഗ്യം—ഭാര്യാപ്രിയത്വം. ഇയ്യാളെ അനുനയിക്കുന്നതെന്തിന്? മററു സ്ത്രീകളുടെ കടാക്ഷമൊരുന്നററാൽ തീർന്നു, ഈ തെണ്ടിക്ക് എങ്കലുള്ള സ്നേഹം!

82. കുക്കുടനിനദാൽ = കോഴി കൂകിയതു കേട്ടിട്ട്. മറുവീട് = അന്യഗൃഹം. അങ്ങു സ്വഗൃഹത്തിലാണ് കിടക്കുന്നതു്; അന്യഗൃഹത്തിലാണെന്നു കരുതി പേടിക്കേണ്ടാ.

83. വീണതുനിമിത്തം മേഘം പൊകാൻ തുടങ്ങുകയാണെന്ന്.

84. അഭ്രപ്പോത്തു് = മേഘമാകുന്ന പോത്തു്. ഇടിയൊച്ചയെ നിലവിളിയാക്കി കല്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

പഞ്ചശരപാണീധൃതമാം
ചെഞ്ചോരപുരണ്ട കണപോലേ! 85

പ്രവാസോദ്യതനായ പ്രിയൻെറ യാത്ര നിൎത്തിക്കാൻവേണ്ടി ഒരുവരം പറയുന്നു:

പുരുഷന്നകലെപ്പോകാ-
നശിർ വരുവതു, നാരിതൻെറ പിശകാൽത്താൻ:
രണ്ടോ മൂന്നോ നാരികൾ
ചാവോളമൊടുങ്ങുകില്ല, വേർപിരിയൽ! 86

നായികയുടെ അരികത്തേക്കു ചെല്ലാൻ നായകനെ ദൂതി ത്വരിപ്പിക്കുന്നു:

അയി മൂഢ, ചെല്ലു വെക്കം;
വൈകൊല്ല; വരാകി ചത്തുപോയേക്കും;
അവരം നിൻ വിലോകനാൽത്താൻ
ജീവിച്ചിടു,മില്ല സന്ദേഹം! 87

നാശഹേതുവിനെയും മൂഢർ സുഖഹേതുവായിക്കരുതുന്നു എന്നു്, ഒരാരം കൂട്ടുകാരനോടു പറയുന്നു:

തുടുനിറമിയന്ന തീയ്യിൻ
ജ്വാലകളാളിപ്പടർന്ന, വിപിനത്തിൽ,
പ്ലാശിൻതോപ്പെന്നു നിന-
ച്ചൊഴിയാതേ നിന്നിടുന്നു മുഗ്ദ്ധമൃഗം! 88

ഒരുവരം സ്വവൈദഗ്ദ്ധ്യം ജാരനെ ധരിപ്പിക്കാൻവേണ്ടി സഖിയോടു പറയുന്നു:

ഗുരുമുന്നിൽവെച്ചു കൊഞ്ചി-
ച്ചൊന്നാരം പെൺതത്തയെൻെറ രതശില്പം;
അപ്പൊഴുതു ഞാനറിഞ്ഞീ-
ലെവിടെയ്യോടേണമെന്നമ്മേ! 89

---

85. മാകന്ദം = മാവു്. പഞ്ച...ധൃതം = കാമനാൽ കൈയിലെടുക്കപ്പെട്ടതു്. വസന്തം ആരംഭിക്കുകയായി; മാന്തളിർ കണ്ടാൽ ഞാൻ കഷ്ടപ്പെട്ടുപോകും. അതിനാൽ ഇപ്പോരം പുറപ്പെടരുതു്.

86. ഒടുങ്ങുകില്ല = അവസാനിക്കില്ല. പുരുഷന്മാരുടെ പ്രവാസം നിലയ്ക്കണമെങ്കിൽ, തന്നിമിത്തം അവരുടെ സ്ത്രീകളിൽ രണ്ടുമൂന്നുപേർ മരിക്കുകതന്നെ വേണം!

87. വിലോകനാൽത്താൻ = ദർശനംകൊണ്ടുതന്നെ.

88. മൃഗം = മാൻ. സ്ത്രീലമ്പടൻ ആപൽക്കരമായ പരസ്ത്രീസംസർഗ്ഗത്തെ സുഖകരമെന്നു കരുതി, അവരുടെ പിടിയിൽനിന്നു വിട്ടുപോകുന്നില്ല.

89. ഗുരുമുന്നിൽ = ഗുരുജനങ്ങളുടെ മുമ്പിൽ. രതശില്പം = സുരതവൈചിത്ര്യം. അമ്മേ എന്നതു് ആവേശദ്യോതകമായ സംബുദ്ധിയത്രേ.

Digitized By Kerala Sahitya Akademi

നവതരുണീസക്തനായ കാന്തനോട്ട് ഒരുവൾ അന്യാപദേശേന പറയുന്നു:

പുതുതായ് വിരിഞ്ഞൊരിതളിൽ-
ത്തെളിയും തേൻ നുകരുവാൻ കൊതിക്കുമളി
ഒരു കുന്ദകലികയിങ്കൽ-
ച്ചെയ്യാൻനോക്കാത്തതൊന്നില്ല! 90

ഒരുവൾ ഒരു നവയുവതിയുടെ സൗഭാഗ്യാതിശയം അന്യാപദേശേന വർണ്ണിക്കുന്നു:

അമ്മായി, കുന്ദവല്ലി-
യ്ക്കെന്തോ ഗുണമേന്മയുള്ളതൊന്നാവോ
കണ്ണിണകൊണ്ടേ നുകരാ-
നല്ലോ കാംക്ഷിപ്പു, ഭൃംഗങ്ങൾ! 91

നായകനെ പ്രലോഭിപ്പിപ്പാൻ ദൂതി ഒരുവളുടെ സൗന്ദര്യാതിശയം വർണ്ണിക്കുന്നു:

ഗ്രാമാധിപൻെറ മകളാ-
മൊരുവളിലേ കാണ്മതുള്ള രൂപഗുണം,
ഇമവെട്ടാദ്ദേവത്വം
നല്കീ, ഗ്രാമത്തിനൊക്കെയവൾ! 92

ഒരുവൻ അധരപാനാഭിലാഷം സൂചിപ്പിച്ചുകൊണ്ടു വൈദഗ്ധ്യത്തോടേ അഭിയോജ്യയോടു പറയുന്നു:

മമ തോന്നുന്നു, കിടച്ചീ-
ലോമനതൻ സുമധുരാധരം നുകരാൻ;
അതുകൊണ്ടല്ലോ, വാനവ-
രലയാഴി കടഞ്ഞമൃതെടുത്തു. 93

പ്രാണനാശഹേതുപോലും പ്രിയവിരഹംപോലെ വേദനിപ്പിക്കില്ലെന്ന് ഒരുവൻ പ്രിയയോടു സ്നേഹശിക്ഷണത്തിന്നായി അന്യാപദേശേന പറയുന്നു:

ചെവിവരെ വലിച്ച ക്രൂര-
മ്പുടൽമർമ്മത്തേററ പേടമാൻ പ്രിയനെ,

90 കുന്ദകലിക = കുരുക്കുത്തിമുല്ലപ്പൂമൊട്ട്. നവതരുണീത്വം ധ്വനിക്കുന്നു. എന്തും ചെയ്യാൻ നോക്കും.

91. മററു ലതകളുടെ പുഷ്പം മുഖംകൊണ്ടു നുകരണം; ഇതിൻെറ പുഷ്പം കണ്ണുകൊണ്ടു നുകന്നാൽത്തന്നെ ഭൃംഗങ്ങൾ തൃപ്തരാകുന്നു!

92. അവളെ ഗ്രാമക്കാരൊക്കെ ഇമവെട്ടാതെ നോക്കുന്നു; അങ്ങനെ അവർ നിർന്നിമേഷത്വംകൊണ്ടു ദേവകളായിച്ചമഞ്ഞിരിക്കുന്നു!

93. ദേവന്മാർക്ക് ഓമന(പ്രിയതമ)യുടെ അധരം നുകരാൻ കിട്ടിയിരുന്നുവെങ്കിൽ, അവർ അമൃതിന്നായി സമുദ്രമഥനക്ലേശം അനുഭവിക്കുമായിരുന്നില്ല. അമൃതുപോലെ മധുരമാണ്, പ്രിയതമയുടെ അധരം.

Digitized By Kerala Sahitya Akademi

കാണുകയില്ലല്ലോ ഇനി—
യെന്നോർത്തു തിരിഞ്ഞുനോക്കിനാൾ സുചിരം! 94

ഒരു രാജാവിൻെറ ശൗര്യം പ്രഖ്യാപിച്ചുകൊണ്ടു്, ഒരു സേവാനിപുണയായ സ്ത്രീ, രാജാവിനെ ഉദ്ദേശിച്ചു പറയുന്നു:

വിഷമസ്ഥിതമൊരു മാങ്കനി
കണ്ടെത്തിയ താവകീനരിപുഗൃഹിണി
പഥികരിലാരോടാരോ—
ടർത്ഥിച്ചീല്യ.ണ്ണി കരയുകയാൽ? 95

സൗന്ദര്യാദിഗുണങ്ങളുള്ള ഒരു മാലാകാരസ്ത്രീയെ അഭിലാഷത്തോടേ നോക്കിക്കൊണ്ടു് ഒരുവൻ കൂട്ടുകാരനോടു പറയുന്നു:

സുലളിതഭുജമൂലഭായ—
മിളകീടിന മാല്യകാരമാനിനിയാൾ
അപ്പോളറുത്ത പൂവുകൾ
കാട്ടി,ത്തരുണാശയങ്ങൾ നുള്ളുന്നു! 96

ഒരു വ്യാധസ്ത്രീയുടെ സ്തനോദ്ഗമത്തെ സാഭിലാഷനായ ഒരുവൻ കൂട്ടുകാരനോടു വർണ്ണിക്കുന്നു:

അര, വല്ലഭൻ, കുടുംബം,
സപത്നിമാർ, വേടരൂരിലെത്തരുണർ,
അഞ്ചും ചടച്ചുയായ്, വന—
മാതിൻ മുല പുഷ്ടമായ് വരുംതോറും! 97

മനുഷ്യൻ സ്വാഭീഷ്ടകാര്യത്തെ കപടംകൊണ്ടും സാധിക്കുമെന്നു് ഒരുവൻ കൂട്ടുകാരനു കാട്ടിക്കൊടുക്കുന്നു:

മാലാകാരിണിതൻ ഭുജ—
മൂലശ്രീ കണ്ടു തൃഷ്ണ തോന്നുകയാൽ

---

94. അമ്പേററു പാകുന്നതിലല്ല, പ്രിയവിരഹത്തിലാണ് പേടമാനിന്നു വേദന! നോക്കൂ, പ്രിയനെക്കുറിച്ചുള്ള സ്നേഹം.

95. അങ്ങു യുദ്ധത്തിനു ചെല്ലുന്നു എന്നു കേട്ടതോടെ അങ്ങയുടെ ശത്രുവിൻെറ ഗൃഹിണി പേടിച്ചരണ്ടു് എല്ലാം വെടിഞ്ഞു കുട്ടിയെ എടുത്തു കാട്ടിലെത്തിേ. അവിടെ വിഷമസ്ഥിതമായ (പറിക്കാൻ വയ്യാത്തേടത്തു നില്ക്കുന്ന) ഒരു മാമ്പഴം കണ്ടെത്തി; അതു കിട്ടാൻ കുട്ടി കരഞ്ഞുതുടങ്ങിയതിനാൽ, വഴിപോക്കരോടൊക്കെ അതു പറിച്ചുകൊടുക്കണമെന്നപേക്ഷിക്കുകയായി. അഹോ, തിരുമേനിയുടെ ശൗര്യം!

96. മാല്യകാരമാനിനിയാൾ = പൂക്കാരി. അവൾ പൂക്കളെ എന്നപോലെ യുവഹൃദയങ്ങളെ നുള്ളിയെടുക്കുന്നു!

97. അര സ്വാഭാവികതകൊണ്ടും, വല്ലഭൻ അത്യാസക്തികൊണ്ടും, കുടുംബം വസ്ത്രാദിവ്യയക്കൂടുതൽകൊണ്ടും, സപത്നിമാർ ഭർത്താവു് അവളിൽത്തന്നേ സക്തനായിപ്പോകുമെന്ന ചിന്തകൊണ്ടും വേടരൂരിലെ (വ്യാധഗ്രാമത്തിലെ) തരുണന്മാർ കാമാർത്തികൊണ്ടുമാണു് ചടച്ചുതുടങ്ങിയതു്. വനമാതു് = വേടത്തി.

Digitized By Kerala Sahitya Akademi

കളവായ്ച്ചുററിനടപ്പു
മലർവില ചോദിച്ചുകൊണ്ടു വിടതരുണൻ! 98

മുമ്പുണ്ടായ സുരതവും സങ്കേതസ്ഥലവും മററും മറന്നുപോയതിനാൽ, 'ഞാൻ നിനക്കു് ആരുമല്ലെ'ന്നു പറയുന്ന നായകനെ ഒരുവൾ പഴിക്കുന്നു:

ഇല തിങ്ങി വെയിൽ മറച്ചൊരു
മുകിലൊളിനീർവഞ്ചിയെക്കൃതാല്ല ഭവാൻ
ഓർക്കണ്ട, പോട്ടെ; ഹാ ഹാ,
നമ്മദതൻ വെള്ളവും മറന്നാനോ? 99

ഒരു തറവാട്ടുകാരന്റെ മകൾ കർഷകപുത്രനുകളുള്ള അനുരാഗവും വിരഹവൈവശ്യവും പ്രതിപാദിച്ചുകൊണ്ടു്, ആ കർഷകപുത്രനെ പഴിക്കുന്നു:

നിർവൈദ്യമായ ശഷ്പ—
ഗ്രാമമിതിൽക്കുലകമാരി ചാവുകയായ്;
കൃഷകസുതനൊന്നുമറിയാ—
ത്തവനാണാ—രോടു ചൊല്ലും ഞാൻ? 100

രസികപ്രിയമായ്ക്കവിവര—
കവിവത്സലമുഖ്യർ തീർത്തൊരെഴുനൂറിൽ
ആറാമത്തെഗ്ഗാഥാ—
ശതകമിതാ, പൂർണ്ണമായ്ത്തീർന്നു.

ഏഴാം ശതകം

''നാല്ക്കാലികൾക്കുപോലുമുണ്ടു്, അന്യോന്യാനുരാഗം; എന്നാൽ അങ്ങയ്ക്കില്ല'' എന്നിങ്ങനെ മന്ദസ്നേഹനായ നായകനെ പഴിപ്പാൻ ദൂതി അന്യാപദേശേന പറയുന്നു:

അന്യോന്യരക്ഷണാർത്ഥം
മാനിണയെയ്ത്തിനു നേരിൽ നിന്നാറേ
വേടന്നു,ഴൽകൊണ്ടൊഴുകിയ
മിഴിനീരിൽ നനഞ്ഞു വീണുപോയ് ചാപം! 1

---

98. ഭുജമൂലശ്രീ = ബാഹുമൂലസൗന്ദര്യം. മലർവില = പൂവിന്റെ വില.

99. മുകിലൊളി = മേഘശ്യാമമായ.

100. നിർവൈദ്യം = വൈദ്യന്മാരില്ലാത്തതു്. കുലകമാരി = കുലീനയായ പെൺകിടാവു്: എന്റെ രോഗം മാററാൻ വൈദ്യനില്ല; കർഷകയുവാവു് കഥയില്ലാത്തവനുമാണ്. സങ്കടം ഞാൻ ആരോടു പറയും?

1. ആണ്മാൻ പെണ്മാനിന്നും, പെണ്മാൻ ആണ്മാനിന്നും കൊമ്പുകൊള്ളാതിരിപ്പാൻവേണ്ടി എയ്ത്തിനുനേരെ നിന്നപ്പോൾ, വേടനു് അവയുടെ പരസ്പരപ്രേമം കണ്ടിട്ടു കണ്ണീരൊഴുകിപ്പോയി!

Digitized By Kerala Sahitya Akademi

മന്ദസ്നേഹനായ നായകനെ അനുകൂലിപ്പിക്കാൻ ദൂതി നായികയുടെ വിരഹവൈവശ്യം പറയുന്നു:

നില്ക്കുക ഞൊടിനേരം,മേനി
യ്ക്കുണ്ടൊന്നോ,രുവാക്കുവേണ്ടിയുരചെയ്‌വാൻ;
അഥവാ, സാഹസകാരിണി
ചരതോട്ടേ; ചൊല്‌വതില്ല ഞാൻ സുഭഗ! 2

ഈർഷ്യാവതിയായ ഒരുവൾ ഭർത്താവിനു ഗ്രാമത്തിലെ പീടികക്കാരിയിലുള്ള അനുരാഗത്തെ സൂചിപ്പിച്ചുകൊണ്ടു സഖിയോടു പറയുന്നു:

ഊരിലൊരു പീടികപ്പെ-
ണ്ണേകിയ ലഡ്ഡുക്കൾ തിന്ന കെട്ടപതിവാൽ,
ഇന്നന്യലഡ്ഡുവിൽ, 'ച്ഛീ'-
യെന്നു ചിലയ്ക്കുന്നു കഷ്കച്ചെക്കൻ! 3

രാത്രി കഴിഞ്ഞതറിയാതെ ക്രീഡാസക്തയായ സഖിയെ ഉദ്ബോധിപ്പിക്കാൻ ഒരുവൾ പ്രഭാതം വർണ്ണിക്കുന്നു:

പുലർകാലക്കതിർനിരയാൽ-
പ്പുണരപ്പെട്ടിതാവിരിഞ്ഞ താമരകൾ
ഇരവറുതിയിലൊരു വിശേഷാ-
ത്തരലക്ഷ്മിയെയുണ്ടു, മണമണപ്പിപ്പു! 4

ഒരുവൾ പരിഹസിക്കുക എന്ന വ്യാജേന ഒരുത്തിയുടെ സൗഭാഗ്യത്തെ പുകഴ്ത്തുന്നു:

കാററാൽത്തുണി പൊങ്ങിയ നീ
പൊത്തുക സുവ്യക്തനഖപദം ജഘനം.
കളികൾ മുതിർത്ത മണാളനെ
മകളേ, ജനഹാസ്യനാക്കൊല്ലാ! 5

കാമുകന്മാർക്ക് അവസരം കിട്ടില്ലെന്നറിയിപ്പാൻ ദൂതി വധുവിന്റെ നടപടിമാററം പറയുന്നു:

---

2. അഥവാ, ഞാൻ പറയുന്നില്ല; ഭവദ്വിരഹദുഃഖം സഹിക്കാഞ്ഞയാൽ അവൾ തൂങ്ങിയോ മററോ ചത്തുപോയ്ക്കൊള്ളട്ടെ! ഭവാൻ ചെല്ലാഞ്ഞാൽ, അവൾ ആത്മഹത്യചെയ്യും.

3. കെട്ടപതിവാൽ = ചീത്ത നടപടിമൂലം. അന്യലഡ്ഡുവിൽ—മററാരെങ്കിലും ലഡ്ഡു കൊടുക്കുമ്പോൾ.

4. മണമണപ്പിപ്പു = ത്വാലം സൗരഭ്യപ്പെടുത്തുന്നു. താമരപ്പൂക്കൾ വിരിഞ്ഞ്, മികച്ച ഭംഗിയോടെ സൗരഭ്യം പരത്തുന്നു.

5. സുവ്യക്തനഖപദം = സുസ്പഷ്ടങ്ങളായ (വെളിയിൽ കാണപ്പെടുന്ന നഖവ്രണങ്ങളോടുകൂടിയത്). കളികൾ മുതിർത്ത—നഖക്ഷതങ്ങൾ പെടുത്തുകയും മററും ചെയ്ത. ജനഹാസ്യൻ = ആളുകളാൽ ഹസിക്കപ്പെടാവുന്നവൻ; പരിഹാസപാത്രം.

Digitized By Kerala Sahitya Akademi

മുമ്പുദകക്രിയ ചെയ്താൾ
വിസ്രംഭിച്ചിരി—നടപ്പുകൾക്കെല്ലാം;
പിമ്പു ചുമന്നാൾ പെൺകൊടി,
തങ്ങിപ്പോകും കുടുംബഭാരത്തെ! 6

ഒരുവൾ തോഴിയുടെ സൗന്ദര്യത്തെ കളിയാക്കി പ്രശംസി ക്കുന്നു:

പോകാമവന്റെയരികേ;
വെമ്പൽകൊള്ളായ്ക; തിങ്കളുയരട്ടേ,
സുന്ദരി, പാലിൽപ്പാൽപോ—
ലാർ കാണും, തൂനിലാവിൽ നിന്റെ മുഖം? 7

ഒരുവൾ ഗ്രാമത്തലവന്റെ മകനെക്കുറിച്ചുള്ള അനുരാഗം സൂചി പ്പിച്ച് തുല്യസ്വഭാവയായ അമ്മായിയോടു പറയുന്നു:

മാഴ്കുകിൽ മാഴ്കട്ടേ പര—
ലോകൈഷികളാം ജനങ്ങളമ്മായി;
മിഴി കേറിച്ചുററുന്തു,
ഗ്രാമേശസുതന്റെ വദനത്തിൽ! 8

നായികയുടെ അനുരാഗാതിശയം ദൂതി നായകനോടു പ്രതിപാ ദിക്കുന്നു:

മുതലില്ലാപ്പുരപോലേ,
തണ്ണീരില്ലാത്തൊരുറവുകുഴിപോലേ,
പശുവില്ലാത്ത തൊഴുത്തും
പോലേ തദ്വദനമിന്നു, നിൻവിരഹാൽ! 9

ഒരുവളുടെ ലജ്ജാവൈവശ്യവും അനുരാഗാതിശയവും ദൂതി നായകനോടു പ്രതിപാദിക്കുന്നു.

നിന്നെക്കണ്ടതിനാലാ
ലജ്ജാവതിയാൾക്കുദിച്ചൊരനുരാഗം
ഹൃത്തിൽത്തന്നേ തുരുമ്പുക
യാണ,ധനമനോരഥംപോലേ! 10

---

6. ഉദകക്രിയ ചെയ്തു—തീരെ ത്യജിച്ചു എന്നു സാരം. ഇപ്പോൾ കുടുംബ കാര്യൈകവ്യഗ്രയാണവൾ.

7. നിലാവത്തഭിസരിച്ചാൽ, നിലാവിൻനിറമൊത്ത നിന്നെ ആരും കണ്ടറിയില്ല.

8. പരലോകൈഷികൾ = പരലോകത്തെ ഇച്ഛിക്കുന്നവർ; പരലോക സുഖത്തിന്നായി ചാരിത്രത്തെ രക്ഷിച്ചുപോരുന്നവർ. മാഴ്കുകിൽമാഴ്കട്ടേ— എന്റെ ചാരിത്രഹാനിയെക്കുറിച്ചു വ്യസനിക്കുമെങ്കിൽ വ്യസനിച്ചുകൊള്ളട്ടെ!

9. തദ്വദനം (അവളുടെ മുഖം) നിഷ്പ്രഭമായിരിക്കുന്നു.

10. തുരുമ്പുക—തുരുമ്പുപിടിച്ചു കിടക്കുക. അധനമനോരഥം = ദരിദ്രന്റെ മനോരാജ്യം. ലജ്ജമൂലം അനുരാഗം വെളിപ്പെടുത്താൻ അവൾ ശക്തയാകുന്നില്ല.

Digitized By Kerala Sahitya Akademi

വിദേശത്തുനിന്നു തിരിച്ചുവന്ന കാന്തൻ, 'നീയെന്തേ മെലിഞ്ഞതെ'ന്നു ചിരിച്ചുംകൊണ്ടു ചോദിച്ചപ്പോൾ, നായിക വൈദഗ്ദ്ധ്യത്തോടെ പറഞ്ഞ മറുപടി ഒരുവൾ സഖിയെ പഠിപ്പിക്കുന്നു:

''ഒരുവൾ മെലിഞ്ഞാലതിനൊരു
ഹേതു ഭവാനോ ചിരിച്ചു ചോദിപ്പാൻ?
വേനലിലെൻ''പ്രകൃതിയിതെ-
ന്നരചെയ്തു കരഞ്ഞുകൊണ്ടിതവൾ! 11

പ്രിയതമനെ ഇടമുറിയാതെ പുണരാനുള്ള അഭിലാഷം വെളിപ്പെടുത്തിക്കൊണ്ടു് ഒരുവൾ അവനോടു പറയുന്നു:

ചായപ്പണിയില്ലാഞ്ഞില്ല,-
മുണ്ടൊരു ചിത്രത്തിനിഗ്ഗുണവിശേഷം:
ക്ഷണനേരവും വിടുന്നീ-
ലല്ലോ, ഗാഢോപഗൂഢനാം കാന്തൻ! 12

മൃദുഗാത്രിയായ നവോഢയെ ഒരവിദഗ്ധൻ രമിപ്പിക്കുന്നു എന്നു് ഒരുവൾ അന്യാപദേശേന സഖിയോടു പറയുന്നു:

മലർമൊട്ടിൻ സന്ധികൾ വേർ-
തിരിയാത്ത മുഖത്തെയുല്ലസിപ്പിപ്പാൻ
അറിവില്ലാഞ്ഞ മിളിന്ദം
പുതുരസലോഭാൽ മുറിപ്പെടുത്തുന്നു! 13

ഒരുവൻ പ്രിയയെ പുരുഷായിതത്തിന്നുത്സാഹിപ്പിക്കുന്നു:

തുടയിണയൊട്ടൊട്ടു ചലി-
ച്ചി,തുമിഴികളടഞ്ഞ,ഴിഞ്ഞ കുന്തലുമായ്
പുരുഷായിതം മുതിർക്കും
പ്രിയകളിൽ നില്ക്കുന്നു, വില്ലുമായ് മദനൻ! 14

'നീ എനിക്കു് അപ്രിയം ചെയ്യരുതു്'. എന്നു വാദിക്കുന്ന വല്ലഭനോടു് ഒരു മാനവതി നെഞ്ചിടിപ്പോടെ പറയുന്നു:

അങ്ങയ്ക്കസുഖദമൊന്നും
ചെയ്യില്ല,തെനിക്കധീനമാണെങ്കിൽ;

---

11. ചിരിച്ചു ചോദിക്കുന്നതു കേട്ടാൽ തോന്നും, വേദവിരഹമാണു്, എന്റെ മെലിച്ചിലിന്നു ഹേതുവെന്നു്!

12. ഗാഢോപഗൂഢൻ = ദൃഢാലിംഗിതൻ. ചിത്രത്തിലെ ആലിംഗനം അവിച്ഛിന്നമായിരിക്കുമെന്നൊരു മെച്ചമുണ്ടു്!

13. മിളിന്ദം = വണ്ടു്. മലർമൊട്ടിന്റെ മുഖം മുറിപ്പെടുത്തുകയാണു്, കഥയില്ലാത്ത വണ്ടു ചെയ്യുന്നതു്! പുതുരസലോഭാൽ = പുതിയ രസം(തേൻ) നുകരാനുള്ള കൊതിമൂലം.

14. അത്യന്തം കാമോദ്ദീപകമാണു്, പ്രിയമാരുടെ പുരുഷായിതം (ഉപരിസുരതം).

Digitized By Kerala Sahitya Akademi

എന്നാൽ ഞാൻതാനസുഖിത—
യെതിനാല;തെനിക്കധീനമോ, സുഭഗേ? 15

പ്രിയനെ കഥാകഥനത്തിന്നുത്സാഹിപ്പിപ്പാൻ ഒരു കലട ലജ്ജാസ്വഭാവം പ്രതിപാദിക്കുന്നു:

സർവ്വാംഗപ്പെരുമാററ—
ത്തിനുമൊരു തടവായ്‌വരുന്ന കെട്ടനാണം;
എന്നാൽ ശ്രുതിപ്രവൃത്തിയെ
രോധിക്കുന്നീല, ഗുരുസമീപത്തും. 16

''തിരിച്ചെത്തിപ്പോയി, നിന്റെ പ്രിയനെ''ന്നു സമാശ്വസിപ്പിക്കുന്ന സഖിമാരോട്‌ ഒരു പ്രോഷിതഭർത്തൃക സനിർവ്വേദം പറയുന്നു:

തോഴികൾ ചൊൽവു: മരിയാ—
യ്കവനെക്കാണാം നിനക്കു,യിർക്കൊണ്ടാൽ!
ഇതു കാര്യകഥനമത്രേ:
സ്നേഹത്തിൻമാർഗ്ഗമായിവരാ! 17

സ്നേഹം കുറഞ്ഞ നിർദ്ദയനായ നായകനെ ഒരുവൾ അന്യാപദേശേന പഴിക്കുന്നു:

ഒററമൃഗത്തെപ്പിടമാൻ
തൃഷ്ണപെട്ടും കണ്ണുകൊണ്ടു നോക്കിടവേ,
പത്നീസ്നേഹിപുളിന്ദനു
പാണിയിൽനിന്നൂർന്നുവീണുപോയ്‌, ചാപം! 18

ദൂതി നായികയുടെ സൗന്ദര്യാതിശയം പ്രതിപാദിച്ചുകൊണ്ടു്, സ്ഥിരതയില്ലാത്ത നായകനെ അന്യാപദേശേന പഴിക്കുന്നു:

അലയും നളിനിയിൽ നീ; ചെറു—
പിച്ചിയെ ഞെക്കും; വിടില്ല പിച്ചിയെയും;

15. ഞാൻതന്നെ യാതൊന്നിനാൽ സുഖരഹിതയാണോ?, അതു ഞാൻ ചെയ്യുതാകില്ലല്ലോ! തന്നെ അസുഖപ്പെടുത്തുവാൻ ആരെങ്കിലും വല്ലതും ചെയ്തു കളയുമോ?

16. കെട്ടനാണം (ശപിക്കപ്പെട്ട ലജ്ജ) ശ്രുതിപ്രവൃത്തിയെ (ശ്രവണേന്ദ്രിയവ്യാപാരത്തെ) ഗുരുജനസന്നിധിയിലും തടയില്ല; മററവയവങ്ങളുടെയെല്ലാം പെരുമാററത്തിന്നേ പ്രതിബന്ധമാകയുള്ളു. അതിനാൽ അങ്ങ്‌ എന്തെങ്കിലും സംസാരിക്കുക; ഞാൻ കേട്ടു രസിക്കട്ടെ!

17. സ്നേഹത്തിന്റെ മാർഗ്ഗം, പ്രിയവിരഹത്തിൽ മരിക്കാതെന്നെയാണ്‌?

18. മാൻപേടയുടെ നോട്ടം കണ്ടപ്പോൾ പുളിന്ദന്‌ (വേടനു) പത്നിയുടെ നോട്ടം ഓർമ്മയിൽ വന്നു; അതോടെ, സ്നേഹാനുകമ്പകളാൽ വില്ല് കൈയിൽ നിന്നു വീണു. ഇത്രയുണ്ട്‌, പാമരനായ ആ ഹിംസാശീലനുപോലും സ്നേഹകാരുണ്യങ്ങൾ; എന്നാൽ അങ്ങേയ്ക്കില്ല.

Digitized By Kerala Sahitya Akademi

ഹഹ, നിൻചപലത വണ്ടേ,
പാടലയാൽ നീങ്ങിയാലായി! 19

കാമുകന്മാരെ പ്രലോഭിപ്പിപ്പാൻ ദൂതി നായികയുടെ സ്തനങ്ങളെ വൎണ്ണിക്കുന്നു:

ഇരുവിരലളവാം തഴതാൽ–
ബ്ബന്ധിച്ച കറുത്ത റൗക്കകൊണ്ടഴകിൽ
യുവമിഴികൾക്കു മുലത്തട–
മാതൃക കാട്ടുന്നിതോ, തരുണി! 20

ഉപായവും ചിലപ്പോൾ അപായകരമായി വരാമെന്നു് ഒരുവൻ ചങ്ങാതിക്കു കാട്ടിക്കൊടുക്കുന്നു:

ഇറവെള്ളം തൻതലയാ–
ലേററിഹ രക്ഷിപ്പതുണ്ടു നന്ദനനെ;
എന്നാലവനശ്രുവിനാൽ
നനയുന്നതു കാണ്മതില്ല വിരഹിണിയാൾ! 21

സങ്കേതമാക്കപ്പെട്ടിരുന്ന സരസ്തീരത്തു വഴിപോക്കർ വന്നുകൂടിയിരിക്കുന്നു എന്നു ജാരനെ കേൾപ്പിപ്പാൻ ഒരുവൾ ശരൽക്കാലത്തെ വൎണ്ണിക്കുന്നു.

ശരദൃതുവിൽപ്പൊയ്കയിലെ–
കുവലയസുരഭിഗന്ധിയാം സിതാച്ഛജലം
നുകരുന്നു തൃഷിതരധ്വഗർ,
വല്ലഭമോർതൻ മുഖംപോലേ! 22

ചളി പേടിച്ചു വരാതിരിക്കുന്ന നായകനോടു് ദൂതി മാൎഗ്ഗം സുഗമമായിരിക്കുന്നു എന്നു പ്രതിപാദിക്കയാണെന്ന വ്യാജേന നായികയുടെ അനുരാഗാതിശയം പറയുന്നു:

വൻകാററിനാൽച്ചളിയുറ–
ച്ചുകമേ സരസങ്ങളായ പെരുവഴികൾ

---

19. അലയും = ചുററിനടക്കും. ചെറുപിച്ചി = ചെറുപിച്ചകം. ഞെക്കും = മർദ്ദിക്കും. പാടലം = പാതിരിപ്പൂവു്. പാതിരിപ്പൂവുസമത്ഥമായി എന്നു വരാം, നിന്റെ തെണ്ടൽ നിൎത്താൻ; അതിനാൽ പാടലയുടെ(പാടലവൎണ്ണയായ നായികയുടെ) അടുക്കൽത്തന്നെ ചെല്ലുക.

20. തഴതു് = ഒരുതരം റവുക്കക്കെട്ടുക്കു്! ഇതിട്ടാൽ സ്തനങ്ങളുടെ സപ്പഭോഗം കാണാം; അതിനെ മാതൃകാപ്രദൎശനമായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

21. മകൻ മഴവെള്ളം വീഴുന്നില്ലെങ്കിലും, വിരഹിണിയുടെ കണ്ണുനീർ അവന്റെ തലയിൽ വീഴുന്നുണ്ടു്, ഇതു് അവൾ കാണുന്നില്ല.

22. കുവലയസുരഭിഗന്ധി = കരിംകുവളപ്പൂക്കളുടെ സുഗന്ധമുള്ളതു്. സിതാച്ഛജലം = വെളുത്തു നിൎമ്മലമായ ജലം. തൃഷിതർ = ദാഹമുള്ളവർ. ജലവിശേഷണങ്ങളെല്ലാം മുഖത്തിനും ചേരും.

Digitized By Kerala Sahitya Akademi

വീർപ്പിട്ടവിതെന്നു തോന്നും,
ലോകർ നടക്കാൻ തുടങ്ങിയതിൽ! 23

ഒരുവളുടെ അരിപ്പൊടിപുരണ്ട കുചങ്ങളെ സാഭിലാഷനായ ഒരു നാഗരികൻ കൂട്ടുകാരനോടു വർണ്ണിക്കുന്നു:

കാണുക: മുഖാംബുജച്ഛായയി-
ലിരുകളഹംസങ്ങൾപോലെ നില്ക്കുന്നു,
ഉത്സവനാളിലിടിച്ചോ-
രരിയുടെ തരിയാൽ വെളുത്ത പോർമുലകൾ. 24

ഒരു യുവതിയും യുവാവും തമ്മിലുള്ള അനുരാഗത്തെ ഒരു നാഗരികൻ, തന്റെ വൈദഗ്ധ്യത്തെ കാണിപ്പാനായി വെളിപ്പെടുത്തുന്നു:

അവളെ നിരീക്ഷിച്ചാനവ-
ന,വളുമയച്ചാളവങ്കലേക്കു മിഴി;
അങ്ങനെ,യിരുവരുമൊപ്പം-
തന്നേ സംസിദ്ധസുരതരായ്ത്തീർന്നു! 25

ജാരനോട് അഭിസരണതാൽപര്യം സൂചിപ്പിച്ചുകൊണ്ട് ഒരു കുലട ഗ്രീഷ്മത്തെ വർണ്ണിക്കുന്നു:

ചെറുകുഴി വററിച്ചു, ലതാ-
കുഞ്ജങ്ങളിലില വളർത്തു സങ്കേതം
അരുളുന്ന വേനലേ, നീ-
യിടിയായ്ക്കെമ്മട്ടുമഴകുപൊൻകസവേ! 26

ദുർജ്ജനസംസർഗ്ഗം പേടിക്കുന്ന ഒരു ഗുണവാനെ ഒരു വിദഗ്ധ അന്യാപദേശേന കർമ്മകുശലനാക്കുന്നു:

അനിപുണരാം നോട്ടക്കാർ
നിന്നെ,യൊരെളേളാളമായ്‌വരുംവരെയും
ശിലയിങ്കലുരസിനാർ; നിൻ
വിലയുടെ കഥയെന്തു മരകതമേ! 27

---

23. സരസങ്ങൾ = വെള്ളം (നനവ്) ഉള്ളവ. വീർപ്പിട്ടവിതെന്നു തോന്നും. ഉദ്ദേശതീന്നല്ലോ എന്ന്, നെടുവീർപ്പിടുന്നു എന്നു തോന്നും. ഗുരുജനഭയത്താൽ വെളിയിൽ രൂക്ഷയെങ്കിലും അവൾ ഉള്ളിൽ സരസ(അനുരാഗാർദ്ര)യാണെന്നു വ്യഞ്ജിക്കുന്നു.

24. ഛായ = ശോഭ, തണൽ.

25. നോട്ടങ്ങൾകൊണ്ടുതന്നെ അവർ സംഭോഗം സാധിച്ചവർപോലെയായി!

26. കുഴി = വെള്ളമുള്ള കുണ്ട്. അരുളുന്ന = നൽകുന്ന. എമ്മട്ടും (ഒരുപ്രകാരത്തിലും) ഇടിയായ്ക്ക—സർവ്വോൽക്കർഷേണ വർത്തിച്ചാലും!

27. നോട്ടക്കാർ—രത്നപരീക്ഷകന്മാർ. ദുർവ്വിദഗ്ധക്രിയയാമോ, ശ്രേഷ്ഠരത്നങ്ങളുടെ വില!

Digitized By Kerala Sahitya Akademi

കുഗ്രാമത്തിലെ ഒരു വിലാസിനിയുടെ ദൂതി, ആ ഗ്രാമം നശിച്ചുപോയി എന്ന ശങ്കയാൽ ചെല്ലാതിരിക്കുന്ന പ്രിയനെ തത്സമീപത്തേക്കു ചെല്ലുവാൻ ഉത്സാഹിപ്പിക്കുന്നു:

ചിന്തിക്കയായ് പരിജനം:
ശങ്കിക്കുകയാ,യതിന്റെയെതിരാളർ;
കുഞ്ഞെങ്കിലു,മാ ഗ്രാമം
രക്ഷിച്ചാൻ ഗ്രാമനാഥസുതൻ. 28

ഒരു വേടപ്പെണ്ണു് പുള്ളിമാൻതോൽ ചോദിച്ച പഥികനോടു് ഭർത്താവിന്റെ വിക്രമഗുണം വെളിപ്പെടുത്തിക്കൊണ്ടു പറയുന്നു:

മററുകിരാതാത്മജരോടു
ചോദിക്കു പഥിക, പുള്ളിമാനിൻതോൽ
ഞങ്ങളുടെ വേടതരുണൻ
വില്ലു കുലയ്ക്കില്ല, മാനുകളിൽ! 29

സ്നുഷയെക്കുറിച്ചു കുശുമ്പു തോന്നിയ വ്യാധമാതാവു ചാർച്ചക്കാരോടു പറയുന്നു:

പിടിയാനകളെക്കിയററി—
പ്പോന്നു വൈധവ്യമൊററയമ്പെയ്ത്താൽ:
ഇന്നു കണ ഭേസുവോനായ്,
പെണ്ണിൻ നോക്കേല്ക്കുമൂലമെൻചെക്കൻ! 30

ശത്രുവിനെ ജയിച്ചു യുദ്ധത്തിൽനിന്നു പരിക്കോടെ തിരിച്ചുവന്ന ഗ്രാമത്തലവന്റെ ഭാര്യ പരിജനങ്ങൾക്കു താക്കീതുനല്കുന്നു:

വിന്ധ്യാരോഹം മിണ്ടരു—
തൂരിൽ;ജ്ജീവിപ്പതുണ്ടി,തിൻതലവൻ;
ഉണർവാണ്ടിട്ടെ,ങ്ങനെയോ
കേട്ടാൽ പ്രാണൻ വെടിഞ്ഞേക്കും! 31

28. ഈ കുട്ടി എങ്ങനെ ഗ്രാമത്തെ രക്ഷിക്കുമെന്നു പരിജനം ചിന്തിച്ചു; മറുപക്ഷക്കാരോ, ഇവനെ പിടികൂടാമെന്നു സംശയിച്ചു. രക്ഷിച്ചാൻ—ആപത്തൊഴിഞ്ഞതാക്കി. ഗ്രാമം നശിച്ചിട്ടില്ല; അങ്ങോട്ടു ചെല്ലുക.

29. ഞങ്ങളുടെ വേടതരുണൻ (എന്റെ ഭർത്താവു്) കാരുണ്യംമൂലം മാനുകളെ എയ്യില്ല; മത്തഗജങ്ങളെയേ എയ്യുകയുള്ളു.

30. ഒററ അമ്പെയ്ത്തുകൊണ്ടു കൊമ്പനാനയെ കൊല്ലുന്നവനായിരുന്നു, എന്റെ ചെക്കൻ (മകൻ); അവനു് ഈ പെണ്ണിന്റെ കടാക്ഷംമൂലം ശരം കൈയിലെടുക്കാൻ വയ്യാ, ചുമക്കണമെന്നു വന്നിരിക്കുന്നു!

31. ഊരിൽ ആരും പേടിച്ചു് “നമുക്കു വിന്ധ്യന്റെ മുകളിൽ കേറിക്കൂടാ” മെന്നു മിണ്ടരുതു്. ഇതിൻ (ഊരിന്റെ) തലവൻ (എന്റെ ഭർത്താവു്) മരിച്ചിട്ടില്ല, മോഹാലസ്യപ്പെട്ടിട്ടേ ഉള്ളു; ഉണർവാണ്ടിട്ടു് (മോഹാലസ്യം വിട്ടതിനു ശേഷം), ഗ്രാമക്കാർ പേടിച്ചോടാൻ തുടങ്ങി എന്നു് എങ്ങനെയെങ്കിലും കേട്ടാൽ ഇദ്ദേഹം ആ അപമാനംമൂലം പ്രാണത്യാഗംചെയ്യുക്കും! ഗ്രാമത്തലവന്റെ മാനശാലിത്വാദിഗുണങ്ങൾ വ്യഞ്ജിക്കുന്നു.

Digitized By Kerala Sahitya Akademi

സ്നേഹമുള്ളവൻ മരിക്കുമ്പോഴും സ്നേഹഭാജനത്തിന്നു ഹിതം തന്നെ ഉപദേശിക്കുമെന്നു് ഒരാൾ കൂട്ടുകാരനു കാട്ടിക്കൊടുക്കുന്നു:

മൃതിസമയത്തു പണിപ്പെ—
ട്ടുപദേശിക്കുന്നു മകനൊടൂർത്തലവൻ;
എൻപേരുകൊണ്ടു ലജ്ജി—
ക്കാത്തപടിക്കാക, നിൻചെയ്തി! 32

വിധി അനുകൂലിച്ചാൽ അമംഗളവും മംഗളമായി വരുമെന്നു്, ഒരുവൻ സ്നേഹിതനു കാട്ടിക്കൊടുക്കുന്നു:

അനുമരണത്തിനു പോന്നള—
വനുകനു ജീവൻ തിരിച്ചുവന്നതിനാൽ,
വൈധവ്യമണ്ഡനം കല—
മങ്കയ്ക്കു സുമംഗലച്ചാർത്തായു്! 33

ഈർഷ്യാവതിയായ നായികയെ അനുനയിക്കാൻ ഒരുങ്ങാത്ത നായകനെ ദൂതി പ്രസാദനത്തിന്നു പ്രേരിപ്പിക്കുന്നു:

പ്രിയനു കടന്നൽക്കുത്താ—
ലുളവാകിയ ചുണ്ടുവീർപ്പു കാണുകയാൽ
പെരുതീറപൂണ്ടു മറ്റൊരു
തരുവിൻതണൽ പൂകിനാൾ ശബരി! 34

ഒരു കലട ഗിരിഗ്രാമവർണ്ണനവ്യാജേന, സ്വച്ഛന്ദാഭിസരണാഭിലാഷം ജാരനെ അറിയിക്കുന്നു:

കാററിൽച്ചാഞ്ഞ മുളന്തോ—
പ്പി,ലതിങ്ങിയുയർന്ന വേലിയെന്നിവയാൽ
നിശ്ശങ്കരതിക്കുതകിന
ശൈലഗ്രാമത്തിൽ വാഴ്വു, സുകൃതിജനം! 35

---

32. നീ നിർഗ്ഗുണനായിത്തീർന്നാൽ, ആളുകൾ പറയും, 'അച്ഛനും ഇത്തരക്കാരനായിരുന്നു' എന്നു്; അതു നിനക്കു ലജ്ജാകരമാണല്ലോ. അതിനിടവരുത്തരുതു്. ഊർത്തലവൻ = ഗ്രാമാധിപൻ.

33. അനുമരണം = (ഭർത്താവിന്റെ) കൂടെ മരിക്കുക (ഉടന്തടിചാട്ടം). അനുകൻ = പ്രിയൻ.

34. മറ്റൊരുത്തിയുടെ പല്ലു തട്ടിയതിനാലാണു്, പ്രിയന്റെ ചുണ്ടു വീർത്തതെന്നു ശങ്കിച്ചു ശബരി (വേടത്തി) ഈറപിടിച്ചു പൊയ്ക്കളഞ്ഞു. പാമരികൾക്കും സഹിക്കാവുന്നതല്ല, ഭർത്താവിന്റെ പരസ്ത്രീഗമനാപരാധം; അപ്പോൾ പരിഷ്കാരിണിയായ ഇവൾ അപരാധചിഹ്നമുള്ള താങ്കളിൽ എത്ര ഈർഷ്യാവതിയാകയില്ല? അതിനാൽ ഇവളെ പ്രസാദിപ്പിക്കുക. 'അവൾ ഭർത്താവുമായി പിണങ്ങി, ഭവാന്റെ സമാഗമം കാത്തുനില്ക്കുന്നു' എന്നു ദൂതി ജാരനോടു പറയുന്നതായിട്ടാണു്, ഒരാളുടെ വ്യാഖ്യാനം.

35. ഇലതിങ്ങിയുയർന്ന—വൃക്ഷങ്ങളെക്കൊണ്ടുള്ള എന്നർത്ഥം. സുകൃതിജനം= ഭാഗ്യമുള്ള സ്ത്രീപുരുഷന്മാർ നമുക്കും അവിടെ പോകാം.

Digitized By Kerala Sahitya Akademi

നായകനെ ഗിരിഗ്രാമത്തിൽ പോകാനുത്സാഹിപ്പിക്കുന്ന ദൂതി അതിന്നു മഴക്കാലത്തുണ്ടായ മനോജ്ഞതാതിശയത്തെ വർണ്ണിക്കുന്നു:

പൂത്തിടചേർന്ന കടമ്പകം,
മോറിയ പാറപ്പുറങ്ങളും, മയിലാട്ടം,
ചോലയൊഴുക്കൊലിയിവയാ—
ലുന്മേഷകരം, ഗിരിഗ്രാമം! 36

നീരസയേയും സരസയാക്കുന്ന നായകൻെറ സുരതോപചാര ചാതുര്യം ദൂതി കാമിനീജനാനുരഞ്ജനത്തിനായി അന്യാപദേശേന വർണ്ണിക്കുന്നു:

കയ്യിനെ നനയ്ക്കുപോലും
ചെയ്യാതേ നിന്ന പയ്യുതാനിപ്പോൾ
ഇടയൻതന്നിടപെടലാൽ,
നോക്കുകൊ,രുകുടം ചുരത്തുന്നു! 37

ഒരുവൾ ഒരുവളുടെ സൗഭാഗ്യാതിശയം അന്യാപദേശേന പറയുന്നു:

ജീവിക്കുന്നു നിനക്കായ്
വൃഷപതി,യവനെക്കുറിച്ചു ഗൃഷ്ടികളും;
ജീവിക്കുകെങ്ങൾതന്നുയിർ—
കൊണ്ടും നീ;—യാല നിൻവശം പയ്യേ! 38

ആർക്കു യാതൊന്നു പ്രിയമോ, അവന്നു് അതിൻെറ ഛായയുള്ളതിലും പ്രീതിതോന്നുമെന്നു് ഒരുവൻ കൂട്ടുകാരന്നു കാട്ടിക്കൊടുക്കുന്നു:

തടവുന്നു, മണക്കുന്നു,
മുകരുന്നു നെഞ്ചുണപ്പു സപുളകനായ്,
പ്രിയയുടെ കവിൾത്തടത്തിൻ
വടിവൊക്കുമിരിപ്പമലരിനെപ്പഥികൻ! 39

---

36. കടമ്പകംകൊണ്ടു് ഉദ്ദീപനവിഭാവവും, മോറിയ (വർഷജലക്ഷാളിതങ്ങളായ) പാറപ്പുറങ്ങൾകൊണ്ടു ശയനസ്ഥലവും, മയിലാട്ടംകൊണ്ടു വിനോദസാമഗ്രിയും, ചോലയൊലികൊണ്ടു മണിതാദി നിഹ്നവവും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

37. ഒരുകുടം = ഒരു കുടം പാൽ. നോക്കു, ഇടയൻെറ വൈദഗ്ദ്ധ്യമേറിയ ഇടപെടൽ (പെരുമാററം) ഇത്രയും വിദഗ്ദ്ധനാണു്, നായകൻ.

38. വൃഷപതി = മികച്ച കാള. അവനെ(കാളയെ)ക്കുറിച്ചു ഗൃഷ്ടികളും (ഒന്നു പെററ പൈക്കളും) ജീവിക്കുന്നു. യുവതികളായ പൈക്കളൊക്കെ കാമിക്കുന്നുണ്ടെങ്കിലും വൃഷപതി നിന്നിൽമാത്രം സക്തനായിരിക്കുന്നു. ഇത്ര സൗഭാഗ്യവതിയായ നീ ഞങ്ങളുടെ പ്രാണൻകൊണ്ടും ജീവിക്കുക. അല്ലയോ പയ്യേ, തൊഴുത്തിനെ സ്വായത്തമാക്കിയ നിൻെറ ദീർഘായുസ്സിന്നായി ഞങ്ങളുടെ പ്രാണനെത്തന്നെയും നിനക്കു തരാം.

39. തടവുന്നു = തലോടുന്നു. നെഞ്ചുണപ്പു = നെഞ്ചുത്തു വെയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ദുഃഖിതൻ വാസ്തവമാലോചിപ്പാൻ ആളാവില്ലെന്നു കാണിച്ചുകൊണ്ടു് ഒരുവൻ മദ്ധ്യാഹ്നം വർണ്ണിക്കുന്നു:

അചലച്ചെരിവിൽപ്പററിയ
പാമ്പിൻവള ചോലയെന്നു നണ്ണി വൃഥാ,
ഒരു കാട്ടാനയതിന്മേൽ
നനയാൻ വെയ്ക്കുന്നു മസ്തകം; നോക്കൂ! 40

മുമ്പേത്തെ നായികയെ ത്യജിച്ചു്, ഗുണവിശേഷം കൊതിച്ചു് അന്യനായികയുടെ അടുക്കൽ പോകുന്ന നായകനോടു് ഒരുവൾ അന്യാപദേശേന പറയുന്നു:

വണ്ടേ, വിളാർപ്പഴത്തിൻ
മണമിച്ഛിച്ചംബുജത്തെ വിട്ട ഭവാൻ
തൊട്ടാലറിയും, ചിത്രഗ-
ലഡ്ഡുവെയൊരു വിഡ്ഢിയെന്നവിധം! 41

വിവാഹമടുത്ത ഒരുവളുടെ തോഴിമാരോടു് ഒരുത്തി പരിഹസിച്ചു പറയുന്നു:

മങ്കകൾ പാടും മംഗല-
ഗാനത്തിൽ വരന്റെ പേരു വന്നപ്പോൾ
കേൾപ്പാൻപോലെ നിവർന്നു
കാണുക, മണാട്ടിക്കു രോമാഞ്ചം! 42

വിവാഹമടുത്ത ഒരു വ്യഭിചാരിണി സങ്കേതസ്ഥാനമായ നീർവഞ്ഞിക്കുടിൽ പൂത്തതു കണ്ടിട്ടു് ഉൽപ്രേക്ഷിക്കുന്നു.

ഉപഗതവിവാഹമംഗല-
ഗീതം കേട്ടിട്ടു വേതസനികുഞ്ജം
എന്നെക്കൊണ്ടു ചിരിക്കുക-
യാവാം,മത്തരുണരോടൊപ്പം! 43

ആയിടയിൽ വേളി കഴിഞ്ഞ രണ്ടു സ്ത്രീപുരുഷന്മാരുടെ അന്യോന്യാനുരാഗം ബന്ധുജനപ്രീതിക്കായി ഒരുവൾ പറയുന്നു:

വേളിശ്ശ്ലേഷത്തിൽ വരും
വേർപാടു നിനച്ചതീവ ചേർന്നൊട്ടി

---

40. വൃഥാ—പാമ്പിൻവളമേൽ വെച്ചാൽ, ആതപതപ്തമായ മസ്തകം നനയില്ലല്ലോ.

41. വിളാർ = ഒരു മരത്തിന്റെ പേർ. വിട്ട = വെടിഞ്ഞ. ചിത്രഗലഡ്ഡു-ചിത്രത്തിലെഴുതപ്പെട്ട ലഡ്ഡു തിന്നാൻ കിട്ടില്ലല്ലോ.

42. മണാട്ടി = വധു.

43. ഉപഗതം = ആസന്നം. വേതസനികുഞ്ജം = നീർവഞ്ഞിക്കുടിൽ. എന്നെക്കൊണ്ടു—എന്നെക്കുറിച്ചു്. മത്തരുണർ—മുമ്പു് എന്നോടുകൂടി രമിച്ച യുവാക്കന്മാർ. നീർവഞ്ഞിയുടെ വെളുത്ത പൂക്കൾതന്നെ, ചിരി.

Digitized By Kerala Sahitya Akademi

കേണ്വാധ്രുവം, മവളുടെയും,
വരനുടെയും കൈകളം വേർപ്പുകണ്ണീരാൽ! 44

നവവധൂസംഗമത്തിന്റെ അസാധാരണരസകരത്വം ഒരുവൻ കൂട്ടുകാരനോടു പ്രതിപാദിക്കുന്നു:

നേരേ നോക്കുകയില്ലാ,
മിണ്ടില്ലൊന്നും, തൊടാനയയ്ക്കില്ലാ;
എന്നാലുമൊരു രഹസ്യം:
പ്രീതിദമേ, നവവധൂസംഗം! 45

ബാലയുടെ പ്രാതികൂല്യത്താൽ ശുണ്ഠിയെടുത്ത വരനെ പ്രസാദിപ്പിപ്പാൻ ഒരുവൾ, നവവധൂസ്വഭാവം പറയുന്നു:

കള്ളയുറക്കത്തിൽ വരൻ
ചെരികെ, നവോഢാകരം വിറയലോടേ
ചെല്ലുന്നു, ചേർന്ന തുടകളിൽ
മുറുകിയ തുകിലിൻകണക്കത്തിൽ! 46

'മുഗ്ദ്ധാവശീകരണം' അറിഞ്ഞുകൂടാത്ത കാന്തനാൽ കോപിപ്പിക്കപ്പെട്ട ഒരുവളുടെ അവസ്ഥ ഒരുത്തി സഖിയോടു പറയുന്നു:

ചോദിച്ചാലുരിയാടാ,
പിടയുന്നു പിടിക്കിൽ, മുകരുകിൽക്കരയും;
ആ മിണ്ടാത്ത നവോഢയെ
നെറിവിട്ടേ പുല്കിനാൻ കാന്തൻ! 47

ഒരുവനെപ്പറ്റി വീണ്ടും വീണ്ടും സംസാരിക്കുന്ന ഒരുത്തിയെ പരിഹസിച്ചുകൊണ്ടു് ഒരുവൾ ചിറ്റമ്മയോടു പറയുന്നു:

സംസാരമവനിൽനിന്നാ,—
മവനിൽത്താൻ പെരുക,മവനിലേ കഴിയും;
ഊരിതിലൊററയുവാവേ
പാർപ്പുള്ളൂ എന്നു തോന്നുമിളയമ്മേ! 48

44. വേളിശ്ലേഷം = വിവാഹാനന്തരം നാലുനാൾ പിരിഞ്ഞിരിക്കൽ, ഇങ്ങനെ ഒരാചാരമുണ്ടു്. കേണ്വാധ്രുവം = കരഞ്ഞു എന്നു തോന്നും. വേർപ്പുകണ്ണീരാൽ = സാത്ത്വികഭാവമായ വിയർപ്പാകുന്ന കണ്ണീർകൊണ്ടു്.

46. ഉറക്കം നടിച്ച വരൻ ഒന്നു ചെരിഞ്ഞുകിടന്നപ്പോൾ നവോഢയ്ക്കു തോന്നി, അയാൾ വസ്ത്രമഴിപ്പാൻ തുടങ്ങുകയാണെന്നു്. ചേർന്ന = തമ്മിലൊട്ടിപ്പിടിച്ച; അപ്പോൾ കണക്കത്തിനു മുറുക്കം കൂടി. നവോഢമാരുടെ സ്വഭാവമാണിതു്; പ്രാതികൂല്യംകൊണ്ടല്ല.

47. ഉരിയാടുക(മറുപടി പറക)യും മററും ചെയ്യാത്ത നവോഢയെ കാന്തൻ കടന്നു പുല്കിയതു നെറികേടുതന്നെ.

48. അവനിൽനിന്നാം—അവനിൽനിന്നു തുടങ്ങും. കഴിയും = അവസാനിക്കും.

Digitized By Kerala Sahitya Akademi

വിരഹോൽക്കണ്ഠിതയായ ഒരുവൾ, പ്രിയതമൻ സംസാരിക്കുന്നതിന്നു മററുള്ളവർ സംസാരിക്കുന്നതിനെക്കാൾ മെച്ചം കൂടുമെന്നു സ്വാനുഭവം വെളിപ്പെടുത്തുന്നു:

നാം സംസാരിപ്പവതാൻ
സംസാരിക്കുന്നു ബാക്കിയുള്ളവരും;
അവതന്നെയാ മനുഷ്യൻ
ചൊന്നാലു,ള്ളം കുളിർക്കൊള്ളും! 49

ഭർത്താവുമായി കലഹിച്ച നായികയെ ദൂതി ജാരസംഗമത്തിന്നു ത്സാഹിപ്പിക്കുന്നു:

തിരയുവിനാസ്ഥത്തികവൊട്ട,
വേണം സുഖമെങ്കിൽ നിങ്ങൾ വല്ലഭനെ;
ഒരുവനു ഹൃദയപ്രിയമെ–
ന്ത,തിൽനിന്നുദിയാത്ത സുഖമില്ലാ! 50

ആഭരണമണിയാതെ കാന്തനെ കാണ്മാൻ വന്ന മകളുടെനേരേ ശുണ്ഠിയെടുക്കുന്ന ശ്വശ്രുവിനോടു് ഒരുവൻ പറയുന്നു:

കാണപ്പെട്ടാൽക്കണ്ണിന്നു;–
മോക്കപ്പെട്ടാൽ മനസ്സിന്നും ശ്വശ്രു,
ചൊല്ലപ്പെട്ടാൽച്ചെകിടിനു–
മരുംവു സുഖ,മനിശരമ്യമിഷ്ടജനം! 51

ധനം നശിക്കയാൽ മുമ്പു പുറത്താക്കപ്പെട്ടവനും വീണ്ടും ധനം സമ്പാദിച്ചവനുമായ ഒരു വിടൻ, മകളുടെ സ്നേഹം കാണിച്ചു് അനുനയിക്കുന്ന കുട്ടിനിയെ, ആത്മനിന്ദാവ്യാജേന പഴിച്ചുതള്ളുന്നു:

പുഷ്ടി നശിച്ചു,ന്നതി പോയ്,
സ്ഥാനഭ്രംശംപിണഞ്ഞ ഞങ്ങളിനി
വയറിൽത്തന്നെ കിടക്കും,
കിഴവികൾതൻ കൊങ്കകൾക്കൊപ്പം! 52

ഒരു ഖണ്ഡിത സൂര്യനമസ്കാരവ്യാജേന നായകനെ പഴിക്കുന്നു:

നിശ മറെറങ്ങോ പോക്കി–
പ്പുലർകാലേ വന്നണഞ്ഞ രക്താത്മൻ,

50. ആസ്ഥ = ആദരം. സുഖം വേണമെന്നുണ്ടെങ്കിൽ സ്ത്രീകൾ വല്ലഭനെ (ആരെക്കുറിച്ചോ അനുരാഗം, അവനെ) തിരഞ്ഞുപിടിക്കുവിൻ. പ്രിയപ്പെട്ടതിൽ നിന്നത്രേ, സർവ്വസുഖവും ഉണ്ടായിവരിക. ഉദിയാത്ത = ഉണ്ടാകാത്ത.

51. അരുംവു = നല്ലുന്നു. അനിശരമ്യം = സദാരമണീയം; ഏതവസ്ഥയിലും രമ്യം. അതുകൊണ്ടു് ആഭരണമൊന്നും വേണ്ടാ. ഇഷ്ടജനം = പ്രിയജനം.

52. വിശേഷണങ്ങൾ വൃദ്ധാസ്തനങ്ങൾക്കും ചേരും. വയറിൽത്തന്നെ കിടക്കും = വയററിന്റെ കാര്യത്തിൽ മാത്രം മനസ്സിരുത്തും. വീണ കൊങ്കകളും വയററത്താണല്ലോ കിടക്കുക. ഉദരഭരണമാത്രവ്യാപൃതരായ ഞങ്ങളെക്കൊണ്ടു നിങ്ങൾക്കെന്തു പ്രയോജനം? പണക്കാരേ നിങ്ങൾക്കു ചേരൂ.

Digitized By Kerala Sahitya Akademi

ദയിതാലോകേക്ഷണസുഖ—
കര, സൂര്യ, നമോസ്തു തേ ണഹാഭരണ. 53

''നിനക്കു ഗർഭമുണ്ടോ'' എന്നു ചോദിച്ച പ്രിയനോട്ട് ഒരുവളുടെ മറുപടി:

ഉപരിരതലമ്പട, ഭവാൻ
ചോദിക്കവേതെന്തു, ഗർഭസംഗതി മേ?
നിന്നിട്ടുമോ ജലത്തിൻ
ചെറിയോരിററും, കമിഴ്ന്നിയ കുടത്തിൽ? 54

കാമാതുരർ ചാർച്ചയേയും തള്ളിക്കളയുമെന്ന് ഒരുവൻ ചൂണ്ടിക്കാട്ടുന്നു:

വേളിയതീവ സമീപി—
ച്ചുണ്ണിക്കൃഷ്ണൻ വളൎന്നുവന്നിടവേ,
കിമപി യശോദയൊട്ടുള്ളൊരു
ചാർച്ചയൊളിപ്പിക്കയായ് വ്രജാംഗനമാർ! 55

അനുരൂപനായ ഭർത്താവിനെ കിട്ടാത്തതിനാൽ മടുപ്പുവന്ന ഒരുവൾ വിധിയെ പഴിക്കുന്നു:

ആളുകളെന്തെന്താശാ—
തുലികയാലുരംപ്പടത്തിലെഴുതുന്നു,
അതതൊരു കിടാവുപോലേ
മായ്ക്കുന്നു, മെല്ലവേ ചിരിച്ചു വിധി! 56

ഒരു ഖണ്ഡിത കാന്തനോട്ട് അന്യാപദേശേന ഭംഗിയിൽ പറയുന്നു:

പൂർണ്ണിമയിലനുഭവിച്ചേൻ
സകലകലാപൂർണ്ണ, നിൻകരസ്പർശം;

53. നിശ = രാത്രി. രക്താത്മൻ = ചുവന്ന ദേഹത്തോടുകൂടിയവനേ; (അന്യസ്ത്രീയിൽ) അനുരക്തഹൃദയനായുള്ളോവേ; എന്നും. ദയിതാലോകേക്ഷണസുഖകര = പ്രിയദർശനനും നയനസുഖദനുമായുള്ളോവേ; ദയിതാലോക(സ്ത്രീജന)ത്തിന്റെ ഈക്ഷണങ്ങൾക്കു (നേത്രങ്ങൾക്കു) സുഖമുളവാക്കുന്നവനേ എന്നും. ണഹാഭരണ = പ്രാകൃതത്തിൽ ണഹ്ശബ്ദത്തിനു നഭസ്സെന്നും നഖമെന്നും അർത്ഥം വരും; നഭസ്സിന്ന് ആഭരണമായവനേ; നഖ(നഖവ്രണ)ങ്ങളാകുന്ന ആഭരണങ്ങളുള്ളവനേ എന്നും. സൂര്യനെന്നപോലെ ദൂരത്തുനിന്നു വന്ദിക്കപ്പെടേണ്ടവനാണ്, ഭവാൻ; അഭിഗമ്യനല്ല.

54. കമിഴ്ത്തിയ കുടത്തിൽ ഒരിററുവെള്ളംപോലും നില്ക്കുമോ? ഉപരിരതലമ്പടന്റെ ഭാര്യയ്ക്കു ഗർഭോൽപത്തി എങ്ങനെ?

55. ചാർച്ച = വംശസംബന്ധം. അതു കൃഷ്ണനാൽ വേൾക്കപ്പെടാൻ പ്രതിബന്ധമാകുമല്ലോ; അതിനാൽ വ്രജാംഗനമാർ (ഗോപയുവതികൾ) മറച്ചുവെപ്പാൻ തുടങ്ങി.

56. ഉരംപ്പടത്തിൽ = ഹൃദയമാകുന്ന പടത്തിൽ. നിനവു നിറവേറാൻ വിധി സമ്മതിക്കില്ല!

Digitized By Kerala Sahitya Akademi

ഇപ്പോൾ ദ്വിതീയയോടിട-
ചേർന്ന ചടപ്പാർന്ന നിൻ പദം തൊഴുവൻ! 57

ഒരു വിരഹോൽക്കണ്ഠിത ദൂതിയോടു പറയുന്നു:

പ്രിയനകലത്തു മറഞ്ഞ-
പ്പൊഴുതെങ്ങനെയോ മടങ്ങി,യെന്മിഴികൾ;
മനമാകട്ടേ, നില്ലാ-
തലയുകയാണ,വനൊടൊപ്പമിപ്പോഴും! 58

പിണങ്ങിനില്ക്കാൻ ത്രാണിയില്ലാത്ത നായികയുടെനേരേ ദൂതി പ്രണയകോപംകൊള്ളുന്നു:

അവനുടെ കഥയാൽക്കോൾമയി-
രുളവാം തവ; കൂറ്റുകേൾക്കിലരിശമറും;
നേരേ കാൺകിൽ വരും വിറ;
പുല്കപ്പെട്ടാലവസ്ഥയെന്താകും! 59

സന്ധ്യാസമയസൂചനവ്യാജേന ദൂതി ഒരഭിസാരികയെ തിടുക്കപ്പെടുത്തുന്നു:

പച്ചച്ചില്ല കനത്താൽ-
ച്ചാഞ്ഞതിനാൽക്കാലിടർന്ന പക്ഷിഗണം
പകുതിച്ചിറകുകൾ വീശി-
ത്തരുമേൽക്കയറിച്ചിടം പിടിക്കുന്നു! 60

കുലടയെ പ്രശംസിക്കുന്ന ഒരുവനുമായി ചേർന്ന ഒരു കുലട പറയുന്നു:

ഞാനധരത്തേൻകൊതിയാ-
ലാണു, രമിപ്പിച്ചതങ്ങയെസ്സുതരാം;
കുലട വിലജ്ജ, പയറ്റേ-
റിയ പെണ്ണെന്നെണ്ണൊലാ സ്വാമിൻ! 61

അസതികളെ സൂക്ഷിക്കുക എളുപ്പമല്ലെന്നു്, ഒരസതീഭർത്താവു കേൾക്കുമാറു്, ഒരുവൾ അഭിപ്രായപ്പെടുന്നു:

തീനും കുടിയും നല്കി-
പ്പാട്ടിൽ നിറുത്തുന്ന പട്ടിയെക്കുലട:

---

57. കലകൾക്കു വിദ്യകൾ എന്നും, കരത്തിനു രശ്മി എന്നുംകൂടി അർത്ഥമെടുക്കണം. ദ്വിതീയ = ദ്വിതീയാതിഥി; രണ്ടാമത്തൊരുത്തി (അന്യസ്ത്രീ) എന്നും. നായകനു ചന്ദ്രത്വം കല്പിച്ചിരിക്കുന്നു; ചടപ്പാർന്ന ചന്ദ്രനെ (ബാലചന്ദ്രനെ) ആളുകൾ കണ്ടു തൊഴുക ഒരാചാരമാണല്ലോ.

59. അവനുടെ കഥയാൽ—നായകനെക്കുറിച്ചു സംസാരിച്ചാൽ. കൂറ്റ് = ഒച്ച.

61. ഞാൻ അങ്ങയെ സുതരാം (സവിശേഷം) രമിപ്പിച്ചതു്, അങ്ങയുടെ അധരമധു നുകരാനുള്ള കൊതികൊണ്ടാണു്; ലജ്ജയില്ലായ്മകൊണ്ടോ പയറ്റേറിയതു(സുരതശീലനാധിക്യം)കൊണ്ടോ അല്ല! വിലജ്ജ = നിർല്ലജ്ജ.

50

Digitized By Kerala Sahitya Akademi

ജാരനെ മാനിപ്പാനും,
ഗൃഹനാഥൻ വരികെ മോങ്ങാനും! 62

ജാമാതാവു മറെറാരുത്തിയെ സ്നേഹിച്ചുതുടങ്ങിയതിനാൽ മകളെക്കുറിച്ചു വ്യസനിക്കുന്ന വേടത്തിയെ കണ്ടിട്ട് ഒരുവൾ പറയുന്നു:

കംഗ്രാമത്തിലകാണ്ഡേ
കനമേറിയ വില്ലു ചെത്തിടും വേടൻ
കരയിച്ചാൻ ശ്വശ്രുവിനെ,
വരമൃതിയിലുമേറെയാംവണ്ണം! 63

''എന്താണു നീ കരയുന്നതെ''ന്നു ചോദിച്ച തോഴിയോട് ഒരുവൾ പറയുന്നു:

ഞങ്ങൾക്കില്ലടവൊന്നും;
പ്രിയനോ, പ്രിയതോഴി, പുരുവിലാസപരൻ;
ഇല്ലൊരു ശരണം വേറേ;
മിഴിനീരെമ്മട്ടു മാച്ചേണ്ടൂ? 64

''അനുരാഗിണിയായ എങ്കലും അങ്ങയ്ക്കനുരാഗമില്ലെ''ന്ന്, ഒരുവൾ നായകനെ പഴിക്കുന്നു:

ശുഭസുഭഗേ, ധവളനെങ്കിലു-
മാരഞ്ജിപ്പിച്ചിതെന്മനസ്സു ഭവാൻ;
രക്തമനസ്സിലിരുത്ത-
പ്പെട്ടിട്ടും വന്നതില്ല, രാഗം തേ! 65

കുങ്കുമവും മററും പൂശി സുഗന്ധംപിടിപ്പിച്ചു മിന്നിത്തിളങ്ങുന്ന വേഷംപൂണ്ട ഒരു നിർഗ്ഗുണയുടെ പിന്നാലെ നടക്കുന്ന കാമുകന്മാരെ ഒരുവൾ പരിഹസിക്കുന്നു:

കൊത്തുകയാലൊഴുകിയ മാ-
മ്പൂന്തേനാലുടൽ നനഞ്ഞ തത്തയുടെ

---

62. ജാരൻ വന്നാൽ നായ വാലാട്ടി വണങ്ങും; ഗൃഹനാഥൻ (ഭർത്താവ്) വന്നാൽ മോങ്ങും (കരയും); ശ്വാവിനെ ഇങ്ങനെ പരിശീലിപ്പിച്ചുനിർത്തും.

63. അകാണ്ഡേ = പെട്ടെന്ന്. പരസ്ത്രീസേവയാൽ വേടൻ കനത്ത വില്ലെടുക്കാൻ കെല്പില്ലാത്തവനായിരിക്കുന്നു; അതിനാൽ ചെത്തി വില്ലിന്റെ കനം കുറയ്ക്കുകയായി. അതു കണ്ടപ്പോൾ വരമൃതിയിലുമേറെ (ഭർത്തൃമരണത്തെക്കാളധികം) ദുഃഖം ജനിക്കയാൽ ശ്വശ്രു കരഞ്ഞുപോയി!

64. ഞങ്ങൾക്ക് അടവൊന്നുമില്ല; ഹാവഭാവാദികൾ അറിഞ്ഞുകൂടാ. പ്രിയനാകട്ടെ, വളരെ വിലാസങ്ങൾകൊണ്ടേ സന്തോഷിക്കൂ. ഇങ്ങനെയിരിക്കെ കരയുകയല്ലാതെ എനിക്കെന്തു ശരണം?

65. ശുഭസുഭഗേ = സുന്ദരനും സുഭഗനുമായുള്ളോവേ. ധവളൻ = വെളുത്തവൻ; ശ്രേഷ്ഠൻ എന്നും. ആരഞ്ജിപ്പിക്കുക = ചുടുപ്പിക്കുക; അനുരഞ്ജിപ്പിക്കുക എന്നും. എന്റെ രക്ത (= ചുടുത്ത; അനുരാഗമുള്ള) മനസ്സിൽ ഇരുത്തപ്പെട്ടിട്ടും തേ (അങ്ങയ്ക്കു) രാഗം വന്നില്ല. വെളുത്തവൻ ചുടുപ്പിച്ചു; ചുടുത്തതിൽ ഇരുത്തപ്പെട്ടിട്ടും ചുടുത്തില്ലതാനും!

Digitized By Kerala Sahitya Akademi

വഴിയിൽച്ചേന്നു പറക്കുക—
യാണു, മണത്താൽ മയങ്ങിമധുപഗണം! 66

അനുരാഗം ജനിച്ച ഒരു ഗൃഹിണി പഥികന്റെ ഉള്ളറിഞ്ഞു പറയുന്നു:

ഇങ്ങു കിടക്കും ശ്വശ്രൂ—
വിങ്ങി ഞാനി,ങ്ങു സർവപരിജനവും;
മമമെത്തയിൽ വീഴൊല്ലേ,
'മാലക്കണ്ണു'ള്ള പഥിക, ഭവാൻ! 67

ഒരു വിരഹിണി വിരഹാഗ്നിയുടെ ദുസ്സഹത്വം പ്രതിപാദിക്കുന്നു:

ഏവയോ രതിലീലകളിൽ—
ക്കിട്ടിയ പരിതോഷസുന്ദരസുഖങ്ങൾ,
അവതന്നേ തിന്നവയെ—
ച്ചുട്ടിക്കുകയാണു, പേർത്തു വിരഹത്തിൽ! 68

ഒരു പീനോന്നതസ്തനിയുടെ മുത്തുമാലയെ സാഭിലാഷനായ ഒരുവൻ വർണ്ണിക്കുന്നു:

പീനോന്നതസ്തനങ്ങളിൽ
മാർഗ്ഗം കിട്ടാഞ്ഞിടച്ചുപെട്ടുവിധം
മാറിലലയുന്ന ഹാരം,
യമുനാനദിയിങ്കൽ നുരനിരകണക്കേ! 69

''രാജസന്നിധിയിൽ പാർക്കുന്ന ആ എന്റെ സ്നേഹിതൻ എന്തു സമ്പാദിച്ചു'' എന്നു ചോദിച്ച ഒരുവനോടു് ഒരുവൻ അന്യാപദേശേന പറയുന്നു:

ഒററപ്പേരാൽവിത്തിൻ—
മുളയും സകലാടവീനടുത്തട്ടിൽ
പൊങ്ങിവളർന്നു, ബാക്കി
ദ്രുമവൃന്ദമതിൻ ചുവട്ടിലാംവണ്ണം! 70

ഗുണവാന്മാർ പ്രായേണ ദരിദ്രരായിരിക്കുമെന്നു പ്രതിപാദിച്ചുകൊണ്ടു് ഒരുവൻ ദാരിദ്ര്യത്തോടു പറയുന്നു:

---

66. മധുപഗണം (ഭൃംഗസമൂഹം) പോലെ ഈ കാമുകക്കൂട്ടം സുഗന്ധംകൊണ്ടു മതിമറന്നിരിക്കുന്നു; ഇവർക്കു മണമേ ഉള്ളു, ഗുണമില്ല എന്നറിയുന്നില്ല.

67. മാലക്കണ്ണു്—രാത്രിയിൽ കൺകാണായ്ക എന്ന രോഗം. എന്റെ കിടക്കമേൽ വീഴാൻ ഒരു പ്രതിബന്ധവുമില്ല!

68. ഇതു വിരഹദുഃഖമല്ല; മുമ്പു ഭുജിച്ച സുഖം ഛർദ്ദിക്കലാണു്!

69. യമുനാമഘനസാദൃശ്യംകൊണ്ടു മുലക്കണ്ണിന്റെ കറുപ്പും അതുകൊണ്ടു് ഗർഭിണീത്വവും, അതുകൊണ്ടു് അനുപഭോഗ്യതയും വ്യഞ്ജിക്കുന്നു. ഹാരം=മുത്തുമാല.

70. അവൻ ഒററയ്ക്കു് ആ വിശാലമായ സേവകസംഘത്തിൽ, എല്ലാവരെയും താഴെയാക്കി, ഉന്നതി നേടി.

Digitized By Kerala Sahitya Akademi

എവരെവർ ഗുണയുതരെ,വരെവർ
വിജ്ഞാനവിദഗ്ദ്ധരെ,വരെവരുദാരർ,
അവരിലവരിലാണ,യി വിരു-
തേറിയ ദാരിദ്ര്യമേ, തവ സ്നേഹം! 71

അഭിലാഷംപൂണ്ട ഒരുവൻ ഒരുവളുടെ മുഖത്തെ വർണ്ണിക്കുന്നു:

സുന്ദര, മുഴുവെണ്മതിയെ-
ക്കണ്ടു സുഖിപ്പാനൊരിച്ഛയുണ്ടെങ്കിൽ
നോക്കിക്കൊൾകിങ്ങി,വളുടെ
മൂടുപടം നീക്കിയിട്ട മുഗ്ദ്ധവദനം! 72

വേനൽ കഴിഞ്ഞിട്ടും നായകൻ വരാഞ്ഞതിൽ ആശ്വസിപ്പിക്കുന്ന സഖിയോടു് ഉത്സുകയായ നായിക പറയുന്നു:

താഴ്ചയുയർച്ചകളൊന്നാം;
പാടേ നട മെല്ലെ മെല്ലെവേ, വേണം;
ഇങ്ങനെ, മനോരഥത്തിനു-
പോലുമലംഘ്യങ്ങളാ,മുടൻ വഴികൾ! 73

മുളങ്കാടാകുന്ന സങ്കേതത്തിൽ പോയി പ്രിയനൊത്തു രമിച്ചു തിരിച്ചുവന്ന സ്നുഷയുടെ ദേഹത്തിൽ പററിയിരുന്ന മുളയിലയും മററും കണ്ടിട്ടു പരിഹസിക്കുന്ന ശ്വശ്രുവിനോടു് ഒരുവൾ പകരം പറയുന്നു:

അമ്മേ, സ്നുഷയുടെ തലയിൽ-
ക്കാണുന്നുണ്ടേ,റെ നീണ്ട മുളയിലകൾ;
ചൊന്നതിനു ചൊല്ലുയാം ഞാൻ:
വിളറിയിരിക്കുന്നു, നിങ്ങൾതൻ മുതുകും! 74

നായിക ഈർഷ്യാകോപംപൂണ്ടതിൽ, അവൻ അനുരാഗവിഹീനയായിരിക്കുന്നു എന്നു മുഷിഞ്ഞ നായകനെ ദൂതി ഉദ്ബോധിപ്പിക്കുന്നു:

പെട്ടെന്നരിശംകൊള്ളുക,
നിമിഷത്താൽത്തെളിയുക,ന്നിനുണ പറക,

71. ഉദാരർ = ദാനശീലർ. തവ = നിനക്കു്. സ്നേഹം—നീ അവരിലൊക്കെ ചേർന്നിരിക്കും.

72. ഇവളുടെ വദനം പൂർണ്ണചന്ദ്രസദൃശമാണെന്നു സാരം.

73 മഴ തുടങ്ങുന്നതിനുമുമ്പ് അദ്ദേഹം വന്നില്ലെങ്കിൽ, പിന്നെ മാർഗ്ഗങ്ങൾ തെല്ലും സഞ്ചാരയോഗ്യങ്ങളല്ലാതായിത്തീരും. ഒന്നാം—ഒന്നുപോലെയാകും.

74. ചൊന്നതിനു ചൊല്ലുയാം ഞാൻ—സ്നുഷയുടെ തലയിൽ മുളയിലകൾ പററിയിട്ടുണ്ടെന്നു നിങ്ങൾ പറഞ്ഞുവല്ലോ; ശരി, എന്നാൽ, നിങ്ങളുടെ മുതുകത്തുമുണ്ട്, ഒരു വിളപ്പ്. ഇതും വല്ല സങ്കേതസ്ഥാനത്തുനിന്നും പകർന്നതായിരിക്കുമോ!

Digitized By Kerala Sahitya Akademi

എതിർവാക്കാൽ ശ്രുണിപിടി—
പ്പിക്കുക,തെല്ലാം പ്രണയമാർഗ്ഗം! 75

ഒരാൾത്തിരക്കിൽവെച്ചു കണ്ടെത്തപ്പെട്ട നായിക കടാക്ഷവിക്ഷേപവും മററും ചെയ്യാഞ്ഞതിനാൽ, അവളുടെ അനുരാഗത്തിൽ സംശയം തോന്നിയ നായകനെ സഖിയും ദൂതിയും ഉത്സാഹിപ്പിക്കുന്നു:

ചെവിയാൽക്കോരിനുകർന്നാ—
ളാൾച്ചാർത്തൊലിയിൽക്കലർന്ന നിന്മൊഴിയും,
വെള്ളം ചേർന്ന നറുംപാ—
ലന്നപ്പിടപോലെ, ബാലയവൾ! 76

പ്രിയന്റെ ഗുണവിശേഷങ്ങളെ ദൂതിയോടു ചോദിക്കുന്ന നായികയോടു് ഒരു സഖി പറയുന്നു:

സരളേ, ലജ്ജിക്കുന്നീ—
ലയി നീ കാന്തന്റെ കഥകൾ ചോദിപ്പാൻ;
അടിമുടി മണമുററ മല—
ങ്കാരയ്ക്കെന്തിനു മലർവിഭവം? 77

സ്വതേ തുടുത്ത കൈപ്പടങ്ങളെ, ചെമ്മണ്ണു പററിനില്ക്കുന്നു എന്നു തെററിദ്ധരിച്ചു്, കൂടെക്കൂടെ കഴുകുന്ന ഒരു മുഗ്ദ്ധയെ ദൂതി തടുക്കുന്നു:

കഴുകിക്കളഞ്ഞു ചെമ്മ—
ണ്ണെന്നതു തേറാതെ മുഗ്ദ്ധശീലേ, നീ
കഴുകുവതെന്തിനു വീണ്ടും,
പവിഴമുളത്തുടുനിറക്കൈകൾ! 78

വർഷാകാലദുഃഖിതയായ നായികയെ സഖി, ''ശരൽക്കാലമടുത്തതിനാൽ അദ്ദേഹം വേഗത്തിൽ വന്നെത്തു''മെന്നു സമാശ്വസിപ്പിക്കുന്നു:

നോക്കുക: പാറിയ പഞ്ഞി—
ക്കുമ്പാരംപോലെയുപ്പമലപോലേ

---

75. പ്രണയംകൊണ്ടാണു്, വിരക്തികൊണ്ടല്ല നായിക കുപിതയായതു്.

76. ആൾച്ചാർത്തൊലി = ജനക്കൂട്ടത്തിന്റെ ഇരമ്പൽ. ആ കോലാഹലത്തിലും, അങ്ങയുടെ സംസാരം പ്രേമത്താൽ തിരിച്ചറിഞ്ഞു് അവൾ ആസ്വദിച്ചു; അതിനെ ഞങ്ങളോടു വർണ്ണിച്ചു പറയുകയുമുണ്ടായി. അതിനാൽ അവൾ ഭവാങ്കൽ അത്യന്തം അനുരക്തതന്നെ.

77. അയി സരളേ = ഹേ ഋജുസ്വഭാവേ. അടിമുടി = അടിമുതൽ മുടിവരെ. മലർവിഭവം = പുഷ്പസമൃദ്ധി. സഹജസൗന്ദര്യാദിഗുണയുക്തനാണു്, അദ്ദേഹം; പിന്നെ എന്തിനു നീ വിശേഷഗുണങ്ങളെ അന്വേഷിക്കുന്നു? സർവ്വാംഗസുഗന്ധിയായ മലങ്കാരയ്ക്കു പൂവു വേണമോ?

78. പവി...കൾ = പ്രവാളാങ്കുരത്തിനൊത്ത തുടുപ്പുള്ള കൈപ്പടങ്ങൾ.

Digitized By Kerala Sahitya Akademi

വിലസുന്നു തന്വി, വെണ്മയിൽ,
നിർജ്ജലമാം ശാരദാഭ്രഗണം. 79

പോത്തുകൾ വന്നതുകൊണ്ടു സങ്കേതനികുഞ്ജങ്ങളിൽ ചെല്ലുക വയ്യാതായതിനാൽ വിഷാദിക്കുന്ന നായകനെയോ, നായികയെയോ ഒരുവൾ പ്രോത്സാഹിപ്പിക്കുന്നു:

നോക്കുക; വള്ളിക്കുടിലുക-
ളോടി,ടയന്മാർ തെളിച്ച മഹിഷങ്ങൾ
തലകൾ തിരിച്ചു,ന്നിമമാം
നോട്ടത്താൽ യാത്ര ചോദിപ്പൂ! 80

തന്റെ ദാരിദ്ര്യംമൂലം കണ്ണുനീർ വാർക്കുന്ന നായികയെ ദൂതി സമാശ്വസിപ്പിക്കുന്നു:

മകളേ, തുടയ്ക്കു കണ്ണീർ
വാർന്നതിനാലേറെയഴകുചേർന്ന മുഖം;
ഇതുതന്നെ മുഖവിഭൂഷണ-
മെന്നി,നിയും വാക്കൊലാ ബാഷ്പം! 81

''വഴിയിൽ ചളി വളരെയുള്ളതുകൊണ്ടു്, നിന്റെ ഗൃഹത്തിൽ എങ്ങനെ വരും'' എന്നു ചോദിക്കുന്ന നായകനെയോ നായികയെയോ ഒരുവൾ ഉദ്ബോധിപ്പിക്കുന്നു:

നടുവിലൊരിത്തിരി നീർച്ചളി,-
യിരുഭാഗത്തും വരണ്ട ചേറിവയാൽ
ഗ്രാമത്തിൻ സീമന്തം-
പോലായിത്തീർന്നു വെട്ടുവഴി! 82

ഒരുത്തി പിതൃഗൃഹത്തിൽവെച്ചു് ഒരുവങ്കൽ ആസക്തയായി; അവളുടെ ഭർത്താവു വന്നപ്പോൾ അവൻ ദുഃഖിക്കുകയായി. അപ്പോൾ ദൂതി അവനെ സമാശ്വസിപ്പിക്കുന്നു:

അപരാഹ്നേ വന്ന വര-
ന്നിരട്ടിയാക്കും രതോത്സുകത്വത്തെ,

---

79. തന്വി = ഹേ സുന്ദരി. നിർജ്ജലം = വെള്ളമില്ലാത്തതു്. ശാരദാഭ്രഗണം = ശരദൃതുവിലെ മേഘസമൂഹം.

80. വെനലിൽ തണുപ്പു നല്കി സുഖിപ്പിച്ച വള്ളിക്കുടിലുകളോടു മഹിഷങ്ങൾ വിടചോദിക്കുന്നു; നോക്കുക, ആ നാല്ക്കാലികളുടേയും കൃതജ്ഞത. പോത്തുകളെ ഇടയന്മാർ തെളിച്ചുകൊണ്ടുപോയതിനാൽ നികുഞ്ജങ്ങൾ നിർബ്ബാധങ്ങളായിക്കഴിഞ്ഞു; വ്യസനംവിട്ടു് അവിടേക്കു പൊയ്ക്കൊള്ളുക.

81. നിന്റെ നിസർഗ്ഗസുന്ദരമായ മുഖത്തെ കണ്ണീരു് അധികം സുന്ദരമാക്കുന്നുണ്ടു്; എന്നാലും തുടയ്ക്കുക. എന്നു്—എന്നു കരുതി. ഒരു ധനികൻ കണ്ടെത്തിയാൽ, അതോടെ തീർന്നു, നിന്റെ ദാരിദ്ര്യം!

82 സീമന്തം = തലമുടി പകുത്തുവെച്ചാൽ ശിരോമധ്യത്തിലുണ്ടാകുന്ന രേഖ. ചളി നിരത്തുവഴിയുടെ നടുവിലേ ഉള്ളു; അതുതന്നെയും സ്വല്പമാണുതാനും. അതിനാൽ നടക്കാൻ അത്ര തടസ്സമൊന്നുമില്ല.

Digitized By Kerala Sahitya Akademi

പിന്മുറിയിൽ മെല്ലുഴകലിൻ
സൂചകമാം കാന്തതൻ വളകിലുക്കം! 83

വിക്രമം കാണിച്ചുപോന്നവൻ ഒന്നൊതുങ്ങിയാൽ മതി, മററുള്ളവർ പാഞ്ഞുപോകും—വിശേഷിച്ചും പേടിത്തൊണ്ടന്മാർ കുതിച്ചുപായും—അങ്ങനെ പേടിക്കരുത് എന്നു് ഒരുവൻ ഒരുവനുപദേശിക്കുന്നു:

പോരിൽപ്പരത്തുകൈകൊ—
ണ്ടടി പററിച്ചെകിടടഞ്ഞ മുതുമല്ലൻ
കച്ച മുറുക്കവേതേ കഴി
തോണ്ടുന്നൂ, ഭീരു മല്ലഹൃദയത്തിൽ! 84

നിസർഗ്ഗസുന്ദരിയും ഗുണവതിയുമായ ഒരുവൾ കാന്തനാൽ അവമാനിക്കപ്പെട്ടിട്ടും ലജ്ജിച്ചില്ല; ദൗർഭാഗ്യം ഏററെനാൾ നില്ക്കില്ലെന്നു കരുതി സന്തോഷിക്കയേ ചെയ്യുള്ളു, അവളെ സഖി ഉദ്ബോധിപ്പിക്കുന്നു:

എന്തിനെ മല്ലി, മണാളൻ
പറയടിയൊലിയോടയച്ചുവോ നിങ്കൽ;
അബ്ഭാഗ്യക്കേടിതിൽ നീ
ലജ്ജിക്കുന്നീല, നൃത്തമാടുന്നു! 85

മധുരവാക്കുകൾ കേട്ടിട്ടു ദുർജ്ജനങ്ങളെ വിശ്വസിച്ചു പോകരുതെന്നു് ഒരുവൻ പറയുന്നു:

നമ്പായ്ക നിങ്ങൾ ഖലരെ;—
പ്പല നേരമ്പോക്കു കൂട്ടുമടവൊടവർ;
കാര്യം കൈവശമായാൽ—
പ്പിന്തിരിയും, നായ്ക്കളെപ്പോലേ. 86

83. അപരാഹ്നേ (വൈകുന്നേരത്തു) വന്ന വരൻ (ജാമാതാവ്) പൂമുഖത്തു ശ്വശുരാദികളുമായി സംസാരിച്ചുകൊണ്ടിരിക്കെ, പിന്മുറി (ഗൃഹത്തിന്റെ പിൻഭാഗത്തുള്ള മുറി)യിൽനിന്നു വധുവിന്റെ വളകിലുക്കം കേട്ടിട്ട്, അവൾ മെല്ലുഴകയാണെന്നു കരുതി, സുരതൗത്സുക്യം ഇരട്ടിച്ചവനായിത്തീരും. വരൻ പൂമുഖത്തും കാന്ത പിന്മുറിയിലുമായിരിക്കുന്ന ഈ അവസരം അങ്ങയ്ക്കു കിട്ടും; വ്യസനിക്കേണ്ട.

84. പരത്തുകൈ = പരത്തിയ കൈപ്പടം. വൃദ്ധൻ കച്ചമുറുക്കുന്നതുതന്നെ ഭീരുക്കളായ മല്ലന്മാരുടെ മനസ്സിനെ കുത്തിക്കുഴിക്കും. എന്നാൽ ഇയ്യാളുടെ വേഷധാരണം കണ്ടിട്ടു പേടിക്കേണ്ടതില്ല ഇയ്യാൾക്കു പണ്ടത്തെശ്ശക്തി ഇന്നില്ല. അവൾക്കുതന്നെ ഇയ്യാളിൽ താൽപര്യം തോന്നാതായിരിക്കുന്നു. അതിനാൽ, എന്തിനും എതിർചെയ്യാൻ കരുത്തുള്ള ഭവാൻ ഭീരുത്വംവിട്ട് അവളിൽ പെരുമാറിക്കൊള്ളുക.

85. പറയടിയൊലിയോട്—കൊട്ടിഘോഷിച്ച്. നിന്റെ ക്ഷമ അതിരററതുതന്നെ; അവമാനിച്ചവനിൽ—ദൗർഭാഗ്യം വരുത്തിയവനിൽ—ഇത്ര ക്ഷമ പാടില്ല. മല്ലി—നായികയുടെ പേർ.

86. നമ്പായ്ക = വിശ്വസിക്കരുത്.

Digitized By Kerala Sahitya Akademi

മറെറാരു ഗ്രാമത്തിലേക്കു പോകുന്ന ഒരു കുലടയുടെ പിന്നാലെ സൂത്രത്തിൽ പുറപ്പെട്ട വളരെ കാമുകന്മാരെ കണ്ടിട്ടു് ഒരുവൾ പരിഹസിക്കുന്നു:

വളരെ ശ്വാക്കളെയും കൊ–
ണ്ടിതരഗ്രാമം ഗമിക്കുമെൻപട്ടി
അക്ഷയസൗഭാഗ്യത്തൊടു
ജീവിച്ചരുളട്ടെ, നൂറബ്ദം. 87

ഒരുത്തിക്കു ദേവരങ്കൽ ആസക്തിയില്ലായിരുന്നു; അവളെ അവൻ വളരെ വളരെ 'ഭംഗി' പറഞ്ഞു മിരട്ടി പാട്ടിലാക്കി. പിന്നെ എന്തോ കാരണത്താൽ അവൻ മുഷിഞ്ഞപ്പോൾ, അവൾ അവനെ പഴിക്കുന്നു:

ദേവര, നേർചൊല്ലു:—ഞ്ങനെ–
യങ്ങനെ കളിയാടിനിന്ന ശ്ശുനകത്താൻ
കാര്യം കൈവശമായാൽ–
പ്പിന്മാററൽ പഠിച്ചതാരിൽനിന്നാവാം! 88

അവളുടെ ഗൃഹത്തിൽ ചോറും മററും ധാരാളം ഉള്ളതുകൊണ്ടു്, അവളുടെ ഭർത്താവു്, രാത്രിയിൽ പാട്ടുപാടിക്കൊണ്ടിരിക്കും; അയാളരികത്തുള്ളതുകൊണ്ടും, നിലാവുള്ളതുകൊണ്ടും ഇന്നു് അവളെ പ്രാപിക്കുക എളുപ്പമല്ലെന്നു് ഒരുവൾ ഒരുവനെ അറിയിക്കുന്നു:

സസ്യങ്ങൾ വിളഞ്ഞ ശരൽ–
ക്കാലേ കൃഷകൻ സുഖേന പാടുകയായു്,
കുത്തിയ പുതുനെല്ലരിയുടെ
വെണ്മപെടും ചന്ദ്രനുള്ള രാത്രികളിൽ! 89

മഴക്കാലത്തു് ഉഴുതുന്ന വയലിൽ മുന്നാണ്ടിലെ നെല്ലാവല്ലാരിയുടെ കാലടി പതിഞ്ഞതു കണ്ടിട്ടു് ഒരു പാന്ഥൻ പറയുന്നു:

ചളിയിൽപ്പതിഞ്ഞിരിപ്പൂ
നെല്ലാവല്ലാരിതന്റെ മൃദുലപദം
കരികൊണ്ടു വിലങ്ങനെയുഴ–
തൊരു വയലിൻചാലിൽ മുക്കാലും! 90

---

87. ഇതരഗ്രാമം ഗമിക്കും = മറെറാരു ഗ്രാമത്തിലേക്കു പോകുന്ന. പട്ടി = ശ്ശുനകി.

88. ശ്ശുനകത്താൻ = ശ്വാവു്. ആരിൽനിന്നാവാം—നിങ്കൽനിന്നുതന്നേ എന്നു ഹൃദയം.

90. മുൻകൊല്ലത്തിൽ പാടത്തു വെള്ളം വററിത്തുടങ്ങിയപ്പോൾ കാവല്ലാരിക്കു് നെല്ലു വിളഞ്ഞതിനാൽ സങ്കേതം കിട്ടില്ലെന്നായി; അതിൽ വ്യസനം മുഴുത്തതിനാൽ അവളുടെ മൃദുലപദം മുക്കാലുമേ പതിഞ്ഞുള്ളു. ഇക്കൊല്ലത്തിൽ ഉഴുമ്പോൾ അതു കാണപ്പെട്ടു. നെല്ലു വിളയുന്നതുവരെ കാവല്ലാരി ആ പാടത്തു പഥികർക്കും മററും സുലഭയായി സ്ഥിതിചെയ്യും; ആ തക്കം പാന്ഥൻ ഇന്നു സ്മരിക്കുന്നു.

Digitized By Kerala Sahitya Akademi

ഒരു നെല്ലാവല്ലാരിയുടേ ഖേദം കണ്ടിട്ടു് ഒരുവൾ പറയുന്നു:

വരളുന്നു, നാളിൽ നാളിൽ,—
സ്സങ്കേതവിഭംഗശങ്ക വായ്കുകയാൽ
വിളറിച്ചാഞ്ഞ മുഖത്തോടു
നെല്ലാവല്ലാരി നെല്ലിനോടൊപ്പം! 91

.... 92

ഒരെൾക്കൃഷിക്കാരന്റെ അവസ്ഥ ഒരാൾ കൂട്ടുകാരനോടു പറയുന്നു:

മഞ്ഞിൻവെളുപ്പിയലുമെൾ—
പ്പാടത്തസതിനിഗൂഢമാർഗ്ഗത്തിൽ
പച്ചനിറം നീണ്ടതു ക—
ണ്ടധികം മാഴ്കീല കർഷകനുഷസ്സിൽ! 93

വർഷകാലത്തു് ഒരു പഥികൻ ഗൃഹത്തിലേക്കു വെമ്പലോടേ തിരിച്ചുപോകുന്നതു കണ്ടു് ഒരാൾ പറയുന്നു:

ചുരുൾ ചുരുളാക്കിയു,മിട്ടമു—
റിച്ചുമുറിച്ചും, കടിച്ചുമെന്നവിധം
വഴി പിന്നിടുന്നു പാന്ഥൻ,
ഭാവിഗൃഹസുഖം നിനയ്ക്കുകയാൽ! 94

ഒരുത്തമസ്ത്രീ ഒരു ദുഷ്ടന്റെ സമ്പൽപുഷ്ടി കണ്ടിട്ടു സഖിയോടു പറയുന്നു:

സുകൃതികൾ, ചെകിടൻ കുരുടനു;—
മവരേ ജീവിപ്പു, മർത്ത്യലോകത്തിൽ;
കേൾക്കുന്നീലേ,ഷണിമൊഴി;
കാണുന്നീലാ ഖലന്റെ ധനം! 95

---

91. സങ്ക...ശങ്ക = സങ്കേതസ്ഥലം പോകുമെന്ന ശങ്ക. നെല്ലിന്റെയും മുഖം വിളറിച്ചായുമല്ലോ, വിളവെത്തിയാൽ.

92. ഈ ശ്ലോകം, അർത്ഥസാംഗത്യമില്ലായ്കയാൽ ഉപേക്ഷിച്ചു; 'ചിന്ത്യം' എന്നാണു്, ടീകാകാരൻ എഴുതിയിരിക്കുന്നതു്.

93. അസതി (കുലട)യുടെ നിഗൂഢമാർഗ്ഗമായിരുന്നു, എള്ളിൻപാടം; അവിടെ മുഴുവൻ എള്ളു മുളച്ചുപൊന്തിയതിനാൽ അവൾക്കു് ഇനി അതിലൂടെ നടന്നുകൂടാ എന്നായി. ഇതിൽ കർഷകൻ ഏറെ വ്യസനിച്ചില്ല; ആളുകൾക്കു പരക്കെ ഉപകാരമാകുമല്ലോ, എള്ളിൻവിളവു്.

94 ഭാവിഗൃഹസുഖം ഗൃഹത്തിലെത്തിച്ചേർന്നാൽ ഉണ്ടാകാവുന്ന സുഖം വിചാരിച്ചിട്ടു പാന്ഥൻ കഷ്ടപ്പെട്ടും വെമ്പിനടക്കുന്നു.

95. ഏഷണി കേൾക്കില്ലെന്നതുകൊണ്ടു ചെകിടനും, ദുഷ്ടന്റെ സമ്പത്തു കാണില്ലാത്തതുകൊണ്ടു് കുരുടനും ഭാഗ്യവാന്മാർ; അവരുടെ ജീവിതംതന്നെ ജീവിതം!

Digitized By Kerala Sahitya Akademi

അനനുരൂപയായ ഒരുത്തിയിൽ ആസക്തനായിത്തീർന്ന ഒരു സൽപുരുഷൻ അതിനെ വിലക്കുന്ന സഖാവിനോടു കയർത്തു പറയുന്നു:

തടയാനാളുകളുണ്ടി—
ന്നെ;—ന്നൊരു വിഷമെന്നപോലെയനുരാഗം
കയറീ സർവാംഗത്തില്,—
മന്നെവിടെപ്പോയിരുന്നു, വൈദ്യന്മാർ! 96

ഒരുവൾ നായകനുള്ള അനുരാഗാതിശയത്തെ സഖി നായകന്റെ അടുക്കൽ പറയുന്നു:

.... 97

പുലർകാലത്തു കോഴി കൂകിയതു കേട്ടിട്ട് ഒരാൾ ഉൽപ്രേക്ഷിക്കുന്നു:

കാമുക—ചോര—കൃഷീവല—
പാന്ഥരൊടുരചെയ്തിടുന്നു പൂങ്കോഴി:
'പേർത്തു രമിപ്പിനെ,ടുപ്പിൻ,
ഭേസിപ്പിനി;—താ, മെലിഞ്ഞുപോയ് രാത്രി!' 98

പ്രണയകലഹംപൂണ്ടിരുന്ന നായികാനായകന്മാരുടെ ചേഷ്ടിതം ഒരുവൾ മറ്റൊരുത്തിയോടു പറയുന്നു:

തമ്മിൽക്കണ്ട്യേനകളെറി—
ഞ്ഞതിനിടയിൽക്കൺകൾ കൂട്ടിമുട്ടുകയാൽ
കലഹം വിട്ടു ചിരിച്ചാ—
രൊരുമിച്ചേ, രണ്ടുപേരുമവർ! 99

അവസാനത്തിൽ ശിവവന്ദനരൂപമായ മംഗളം:

ഊക്കൊനേന്തിയ തണ്ണീർ—
ക്കുടന്നയിലഗജാമുഖം പതിഞ്ഞതിനാൽ
മന്ത്രം മറന്നു, കളവാ—
യധരമനക്കും ഹരന്നു കുമ്പിടുവിൻ! 100

---

96. അന്നു ചികിത്സിപ്പാൻ ആരും വരികയുണ്ടായില്ല!

97. അർത്ഥസാംഗത്യം കാണുന്നില്ല; ചിന്ത്യം.

98 കാമുകരോടു കുറേക്കൂടി രമിച്ചുകൊള്ളാനും ചോരന്മാരോട് (കട്ടമുതൽ) എടുത്തുകൊള്ളാനും, കൃഷിക്കാരോടു (കരിയും നുകവും) എടുത്തുകൊള്ളുവാനും, പഥികരോടു (പുറപ്പെടാൻ സാമാനങ്ങൾ) ചുമപ്പിച്ചുകൊള്ളാനും പറയുകയാണ് കൂകുന്ന പൂങ്കോഴി ചെയ്യുന്നതെന്നു തോന്നും. മെലിഞ്ഞുപോയ്—അവസാനിക്കുകയായി.

100. കുടന്നയിലെടുത്ത വെള്ളത്തിൽ പ്രതിബിംബിച്ച അഗജാ (പാർവ്വതി) മുഖം കണ്ടതോടെ സന്ധ്യാവന്ദനമന്ത്രമൊക്കെ മറന്നു ശിവൻ ജപംനടിക്കുകമാത്രമായി.

Digitized By Kerala Sahitya Akademi

ഏവം ശ്രീഹാലകൃത—
പ്രാകൃതസൽക്കാവ്യസപ്തശതകത്തിൽ,
ഏഴാമത്തെഗ്ഗാഥാ—
ശതകം തീർന്നു, നിസർഗ്ഗരമണീയം. 1

ഇങ്ങനെ, കവിനാമാങ്കിത—
ഗാഥകളൊന്നിച്ചേർത്തു ശാലിവാഹനനാൽ
വലുതാക്കിക്കപ്പെട്ടതാകിയ
സപ്തശതഗ്രന്ഥമവസിതമായി്. 2

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi